കാളിദാസസർവ്വസ്വ



ഡോ: സുധാംശു ചതുർവേദി

കാളിദാസസർവ്വസ്വം

●

ഡോ: സുധാംശു ചതുർവേദി

ഗ്രന്ഥത്തെപ്പററി

കാളിദാസകൃതികളുടെ നിഷ്കൃഷ്ടപഠനം ഉൾക്കൊള്ളുന്ന നിരൂപണപരവും ആസ്വാദനപരവുമായ ആമുഖങ്ങളോടുകൂടി അവയുടെ മൂലവും (പ്രാകൃതം ഉൾപ്പെടെ) ഗദ്യവിവർത്തനവും ഒന്നിച്ചുചേർത്ത് സമ്പൂർണ്ണമായ ഒരു മഹാഗ്രന്ഥത്തിന്റെ രണ്ടു ഭാഗങ്ങളായി മലയാളത്തിലും ഇംഗ്ലീഷിലും പ്രസിദ്ധീകരിക്കുവാനുള്ള തൃശ്ശിവപേരൂർ സുധാ പബ്ലിക്കേഷൻസിന്റെ സംരംഭം ആ രണ്ടു ഭാഷകളിലെയും സാഹിത്യശാഖയ്ക്ക് അഭൂതപൂർവ്വമായ ഒരു നേട്ടമാണ്. ഡോ. സുധാംശു ചതുർവേദിയുടെ മേൽനോട്ടത്തിൽ നടത്തുന്ന ഈ മഹാസംരംഭത്തിന്നു കാളിദാസപ്രേമികളായ സാഹിത്യകാരന്മാരുടെ നിർല്ലോഭമായ പ്രോത്സാഹനവും സഹകരണവും തീർച്ചയായും പ്രതീക്ഷിക്കാം. ഉത്തരേന്ത്യക്കാരനായ ഡോ. ചതുർവേദി ഹിന്ദിയിലോ സംസ്കൃതത്തിലോ ഇംഗ്ലീഷിലോ ലേഖനങ്ങളും ഗ്രന്ഥങ്ങളും പ്രസിദ്ധീകരിക്കുന്നതിൽ പുതുമയൊന്നുമില്ലെങ്കിലും കേരളത്തിൽവന്നു മലയാളം അക്ഷരമാലമുതൽ പഠിച്ചുണ്ടാക്കി ഉത്തമസാഹിത്യമൂല്യമുള്ള ഇത്തരം കൃതികൾകൊണ്ടു ഭാഷാസാഹിത്യത്തെ പുഷ്ടിപ്പെടുത്തുന്നതിന്നു കേരളീയർ എന്നെന്നും അദ്ദേഹത്തിന്ന് കടപ്പെട്ടവരായിരിക്കും. ധ്വനിപ്രാധാന്യവും സർവ്വതോമുഖമായ ഔചിത്യബോധവുമാണ് കാളിദാസനെ വിശ്വമഹാകവിമൂർദ്ധന്യനാക്കുന്ന രണ്ടു പ്രധാനഘടകങ്ങൾ. അവയുടെ സത്ത തെളിഞ്ഞുകാണാൻ മൂലകൃതികൾ തന്നെ വേണം. സാഹിത്യകൃതികളുടെ നന്മതിന്മകൾ ബുദ്ധിമാന്മാർ സ്വയം പരീക്ഷിച്ചുനോക്കി നിശ്ചയിക്കണമെന്നും പരപ്രത്യയനേയബുദ്ധികൾ മൂഢന്മാരാണെന്നും മാളവികാഗ്നിമിത്രം നാടകത്തിന്റെ പ്രസ്താവനയിലും നന്മതിന്മകൾ തിരിച്ചറിയുന്ന ബുദ്ധിമാന്മാരാണ് തന്റെ മഹാകാവ്യം വായിക്കേണ്ടതെന്നു രഘുവംശത്തിന്റെ ഉപക്രമത്തിലും അർത്ഥഗർഭമായി പ്രസ്താവിക്കുന്ന "ദീപശിഖാകാളിദാസ"ന്റെ കൃതികളുടെ "വിമർദ്ദഹൃദ്യത" പരിമിതമായ തോതിലെങ്കിലും പഠനവിവർത്തനങ്ങളിലൂടെ എല്ലാ കേരളീയർക്കും അഭിഗമ്യമാക്കിത്തീർത്തതു് അവിസ്മരണീയമായ ഭാഷാസാഹിത്യ സേവനമാണെന്നു പറയാം.

—പ്രൊ. സി. കെ. വാരിയർ

यां लगाना
क देर तक
क देर तक
ये।

पुस्तकालय

गुरुकुल कांगडी विश्वविद्यालय हरिद्वार

वर्ग सरव्या -- -- -- आगत सरव्या -----

पुस्तक - वितरण की तिथि नीचे अंकित है। इस तिथि सहित 15वें दिन तक यह पुस्तक पुस्तकालय में वापिस आ जानी चाहिए। अन्यथा 15 पैसे के हिसाब से बिलम्ब - दण्ड लगेगा।

ओ३म्

पुस्तक संख्या……

पञ्जिका संख्या……

पुस्तक पर सर्व प्रकार की निशानियां लगाना वर्जित है। कोई सज्जन पन्द्रह दिन से अधिक देर तक पुस्तक अपने पास नहीं रख सकते। अधिक देर तक रखने के लिये पुनः आज्ञा प्राप्त करनी चाहिये।

गुरुकुल कांगड़ी विश्वविद्यालय
कृपया पुस्तक के ऊपर कोई निशान आदि
न लगायें।

पुस्तकालय

गुरुकुल कंगडी विश्वविधालय हरिद्वार

वर्ग सरव्या -- -- -- आगत सरव्या - ----

पुस्तक - वितरण की तिथि नीचे अंकित है । इस तिथि सहित 15वें दिन तक यह पुस्तक पुस्तकालय में वापिस आ जानी चाहिए । अन्यथा 10 पैसे के हिसाव से बिलम्ब - दण्ड लगेगा ।

31762

Forwarded with compliments:
From the Deparment of Culture
Government of India.

കാളിദാസസർവ്വസ്വം

(ഒന്നാംഭാഗം)

മൂന്നു നാടകങ്ങൾ

ഡോക്ടർ സുധാംശു ചതുർവേദി

സുധാ പബ്ലിക്കേഷൻസ്, തൃശ്ശൂർ–1

വില 50 ക.

കാളിദാസസർവ്വസ്വം

ഗ്രന്ഥകർത്താ

ഡോക്ടർ സുധാംശു ചതുർവേദി

പകപ്പവകാശം

ഡോക്ടർ സുധാ ചതുർവേദിക്ക്

പ്രസാധനം

സുധാ പബ്ലിക്കേഷൻസ്
തൃശ്ശിവപേരൂർ–1

മുദ്രണം

സെൻറ് ജോസഫ്സ് ഐ. എസ്സ്. പ്രസ്സ്
തൃശ്ശിവപേരൂർ–1

ഒന്നാം പതിപ്പ്

1975 ആഗസ്റ്റ് 15

വില 50ക

❖ ❖ ❖

KALIDASASARVASWAM

By

DR. SUDHANSHU CHATURVEDI

Copyright to

DR. SUDHA CHATURVEDI

Published by
SUDHA PUBLICATIONS
Trichur-1

Printed at
St. Joseph's I. S. Press
Trichur-1

First Edition
15th August, 1975

Price Rs. 50

പ്രസ്താവന

കാളിദാസനെക്കുറിച്ചു വിചാരിച്ചാൽ എനിക്കൊരാവേശമാണു്. കാളിദാസകൃതികളെക്കുറിച്ചു വീണ്ടും വീണ്ടും പഠിക്കാനും ചിന്തിക്കാനും എഴുതാനും ആ ആവേശം എനിക്കു പ്രചോദനം നൽകുന്നു. ഏഴു കൊല്ലം മുമ്പു് 'കാളിദാസൻ—ഒരു പഠനം' എന്നൊരു നിരൂപണഗ്രന്ഥം പ്രസിദ്ധപ്പെടുത്തിയതു് ആ ആവേശത്തിന്റെ പ്രഥമഫലമായിട്ടാണു്. ആ മഹാകവിയുടെ എല്ലാ കൃതികളും അവയുടെ പരിഭാഷയോടും സമഗ്രപഠനത്തോടും കൂടി ഭാഷാസാഹിത്യത്തിൽ അവതരിപ്പിക്കണമെന്നു് ഒരു തീവ്രാഭിലാഷം അന്നു തന്നെ എനിക്കുണ്ടായിരുന്നു. ആ അഭിലാഷത്തിന്റെ സൽഫലമത്രേ ഭാഷാസാഹിതിയുടെ മുമ്പിൽ സമർപ്പിക്കുന്ന എന്റെ ഈ പുതിയ പുസ്തകം— 'കാളിദാസസർവ്വസ്വം'.

ഹിന്ദിപ്രദേശത്തു ജനിച്ചു് അവിടെത്തന്നെ വിദ്യാഭ്യാസജീവിതവും നയിച്ച എനിക്കു കേരളത്തിൽ വന്നു തൃശ്ശൂർ ശ്രീകേരളവർമ്മകോളേജിൽ ഹിന്ദിഅദ്ധ്യാപകനായി ജീവിക്കാനിടവന്നതു വലിയൊരു ഭാഗ്യമായി ഞാൻ കരുതുന്നു. ആ കോളേജിൽ അദ്ധ്യാപകന്മാരായിരുന്ന പണ്ഡിതന്മാരും പക്വമതികളുമായ ശ്രീ. കെ. പി. നാരായണപിഷാരോടിയേയും ശ്രീ. എസ്. ഹരിഹരൻ, എം. എ. അവർകളേയും ഉററസുഹൃത്തുക്കളായി ലഭിക്കാനും അവരിൽനിന്നു കാളിദാസനെക്കുറിച്ചു കൂടുതൽ പഠിക്കാനും സംഗതിവന്നതു് അതുകൊണ്ടാണല്ലോ. പുസ്തകത്തിന്റെ എഴുതിത്തീരുന്നഭാഗങ്ങൾ അപ്പപ്പോൾ അവരെക്കാണിക്കാനും അവരുടെ നിർദ്ദേശങ്ങളും ഉപദേശങ്ങളുമനുസരിച്ചു വേണ്ടുന്നപരിഷ്കാരങ്ങൾ വരുത്താനും അവസരം ലഭിച്ചതിൽ എനിക്കുള്ള ചാരിതാർത്ഥ്യം നിസ്സീമമാണു്. കാളിദാസന്റെ ആശയഗാംഭീര്യത്തെക്കുറിച്ചു് ഒട്ടേറെ മനസ്സിലാക്കുവാൻ എനിക്കുസാധിച്ചതു് ഈ സഹൃദയസുഹൃത്തുക്കളുടെ നിരുപാധികമായ സഹകരണം മൂലമാണു്. ഒടുവിൽ ആ ഔദാര്യനിധികൾ അഭിനന്ദനവും അനുമോദനവും എഴുതിത്തന്നു് എന്നെ അനുഗ്രഹിക്കുകയും ചെയ്തിരിക്കുന്നു. അവരോടുള്ള എന്റെ കടപ്പാടു തീർത്താൽത്തീരാത്തതാണു്.

'കാളിദാസസർവ്വസ്വം' മുഴുവനും സശ്രദ്ധം വായിച്ചുനോക്കി കൂടുതൽ മിഴിവു വരുത്തിത്തന്ന മാതൃകല്പയായ ശ്രീമതി രത്നമയീദേവീ ദീക്ഷിത്തിനു് എന്റെ ഭക്തിനിർഭരമായ അഭിനന്ദനം.

ഈ ഗ്രന്ഥത്തിനു പ്രൌഢമായ ഒരവതാരിക എഴുതിത്തന്നു് എന്നെ പ്രോത്സാഹിപ്പിച്ച പണ്ഡിതവരേണ്യനായ ശ്രീ. ശൂരനാട്ടു കുഞ്ഞൻ പിള്ളയെ ഞാൻ കൃതജ്ഞതാപൂർവ്വം സ്മരിക്കുന്നു.

ശ്രീ. കുട്ടികൃഷ്ണ മാരാരെഴുതിയ കാളിദാസകൃതികളുടെ തർജ്ജമകളും എനിക്കു വളരെ സഹായം ചെയ്തിട്ടുണ്ടു് ഹിന്ദിയിലും ഇംഗ്ലീഷിലും മലയാളത്തിലും കാളിദാസകൃതികളെക്കുറിച്ചു പ്രസിദ്ധപ്പെടുത്തിയിട്ടുള്ള എന്റെ അറിവിൽപ്പെട്ട എല്ലാ ഗ്രന്ഥങ്ങളും ഈ പുസ്തകനിർമ്മാണത്തിൽ ഞാൻ ആവുന്നത്ര ഉപയോഗപ്പെടുത്തിയിട്ടുമുണ്ടു്.

—ഡോ. സുധാംശു ചതുർവേദി

അവതാരിക

‘കാളിദാസസർവ്വസ്വം’ എന്ന പേരിൽ മഹത്തായ ഒരു സാഹിത്യപ്രസിദ്ധീകരണത്തിനു് ‘തൃശ്ശൂർ സുധാപബ്ലിക്കേഷൻസ്’ പരിപാടി ആസൂത്രണം ചെയ്തിരിക്കുന്നതറിഞ്ഞു് അത്യന്ത സന്തോഷിക്കുന്നു. ഭാരതീയ സംസ്കാരത്തിന്റേയും വിശ്വസാഹിത്യത്തിന്റേയും ഗൌരീശങ്കരശൃംഗമാണു് കാളിദാസകൃതികൾ. അവയിലുള്ള പാണ്ഡിത്യം അതിമഹത്തായ ഒരു സാംസ്കാരികസമ്പത്താണു്. അവയെപ്പററി ഒരു സാമാന്യബോധമെങ്കിലും കൈവരുത്താതെ സംസ്കാരസമ്പത്തിനെപ്പററി അഭിമാനിക്കാൻ അർഹതയില്ല. സാഹിത്യലോകത്തു് അത്ര സമുന്നതമാണു് ആ കവീശ്വരന്റെ സ്ഥാനം. അത്ര സർവ്വവിസ്മാപകമാണു് ആ പ്രതിഭാപ്രകർഷം.

നൂററാണ്ടുകളുടെ സമാരാധന സമ്പാദിച്ചിട്ടുള്ള കാളിദാസകൃതികൾക്കു മൂലസംസ്കൃതരൂപത്തിലും പരിഭാഷാരൂപത്തിലും പരിഷ്കൃതരാജ്യങ്ങളിൽ എവിടേയും, വിശേഷിച്ചു ഭാരതദേശത്തു് എല്ലാടവും, വലുതായ പ്രചാരം സിദ്ധിച്ചിട്ടുണ്ടു്. കേരളത്തിലെ സ്ഥിതിതന്നെ ഈ വസ്തുതയ്ക്കു് നല്ല തെളിവാണു്; കാളിദാസന്റെ എല്ലാകൃതികളും ഇവിടത്തെ സംസ്കൃതപഠനപാരമ്പര്യത്തിലെ മാർഗ്ഗസ്തംഭങ്ങളാണു്. അവയിൽ ഓരോന്നിനും അനേകം വ്യാഖ്യാനങ്ങളും പരിഭാഷകളുമുണ്ടു്. ശാകുന്തളത്തിനുതന്നെ എത്രയെത്ര തർജ്ജമകളാണു് ഇവിടെ പ്രചരിക്കുന്നതു്! പ്രകാശിപ്പിക്കാതെ വച്ചിരിക്കുന്ന ഭാഷാനുവാദങ്ങളും വളരെ ഉണ്ടു്. ഇതുതന്നെയാണു് കാളിദാസന്റെ മററു കൃതികളെപ്പററി പറയാവുന്നതും. ഇതരഭാരതീയഭാഷകളിലും കാളിദാസകൃതികൾക്കുള്ള പ്രചാരവും പ്രശസ്തിയും ഇതിൽനിന്നു് ഒട്ടും വ്യത്യസ്തമല്ല.

ഇങ്ങനെ സാർവ്വത്രികമായ പ്രചാരവും സർവ്വാരാധനയും നേടിയിട്ടുണ്ടെങ്കിലും, ഈ കൃതികൾ ഇന്നും ഒരു സംഗതിയിൽ പ്രസാധകസാഹായ്യം പ്രതീക്ഷിച്ചു കിടക്കുകയാണു്. കാളിദാസന്റെ പ്രധാനകൃതികൾ മൂന്നുനാടകങ്ങളും (വിക്രമോർവ്വശീയം, മാളവികാഗ്നിമിത്രം, അഭിജ്ഞാനശാകുന്തളം എന്നിവയും) നാലുകാവ്യങ്ങളും (ഋതുസംഹാരം, കുമാരസംഭവം, മേഘസന്ദേശം, രഘുവംശം എന്നിവയും) ആണല്ലോ. ഇവയെ പഠനസൌകര്യത്തിനു് ഉതകതക്കവണ്ണം സമാഹരിച്ചു പ്രവേശകവും പരിഭാഷയും സൂക്തിശ്ലോകാനുക്രമണികകളും ചേർത്തു പ്രകാശിപ്പിച്ചാൽ എത്രമാത്രം ഉപകാരപ്രദമായിരിക്കുമെന്നു പറയണമെന്നില്ലല്ലോ. ആ മഹാപരിശ്രമത്തിനാണു് സുധാപബ്ളിക്കേഷൻസ് മുമ്പോട്ടു വന്നിരിക്കുന്നതെന്നുള്ളതു നമ്മുടെ കൃതജ്ഞതയ്ക്കു വിഷയമാണു്. നാടകങ്ങൾ ഒരു വാല്യമായും കാവ്യങ്ങൾ വേറൊരു വാല്യമായും പ്രസാധനംചെയ്തു പ്രസിദ്ധപ്പെടുത്താനാണു് പദ്ധതി. മൂലവും മലയാളപരിഭാഷയും അനുബന്ധങ്ങളും ചേർത്തുള്ള ഈ പ്രസാധനം എല്ലാവിധത്തിലും മികച്ച ഒരു സംഭാവനയായിരിക്കും. ഇതേ രീതിയിൽ ആംഗലവിവർത്തനത്തോടുകൂടിയ പ്രസാധനവും ഉണ്ടെന്നുള്ളതു കേരളീയരെ സംബന്ധിച്ചു് അമൂല്യമായ ഒരു സമ്പത്താണു്. അതിനാൽ ഈ മഹത്തായ യത്നത്തിനു വിജയം ഉണ്ടാകാൻ ആവശ്യമായ പ്രോത്സാഹനവും പ്രേരണയും നൽകാൻ നമുക്കു ചുമതലയുണ്ടെന്നും അനുസ്മരിക്കേണ്ടിയിരിക്കുന്നു.

ഈ മഹത്തായ ഗ്രന്ഥത്തിന്റെ രചയിതാവായ ഡോ. സുധാംശു ചതുർവേദി, സർവ്വഥാ നമ്മുടെ ആദരവും പ്രോത്സാഹനവും അർഹിക്കുന്ന പ്രശസ്തപണ്ഡിതനാണ്. ബഹുഭാഷാപണ്ഡിതനും സാഹിത്യകാരനുമായ അദ്ദേഹത്തിന്റെ മാതൃഭാഷ ഹിന്ദിയാണ്; ജന്മദേശം ഉത്തരപ്രദേശത്തു ഫെറുക്കാബാദ്; സംസ്കൃതത്തിലും പിന്നെ ഹിന്ദിയിലും മലയാളത്തിലും എം. ഏ. ബിരുദവും, പി എച്ച്. ഡി. യും സമ്പാദിച്ച ഈ ബുദ്ധിസമ്പന്നൻ ഹിന്ദിയിലെന്നപോലെ മലയാളത്തിലും സംസ്കൃതത്തിലും ആംഗലഭാഷയിലും മികച്ച സാഹിത്യസംഭാവനകൾകൊണ്ടു സമുന്നതസ്ഥാനം സമ്പാദിച്ചിട്ടുണ്ടു്. ഡെൽഹി സർവ്വകലാശാലയിൽവെച്ചു മലയാളം പഠിച്ച ചതുർവേദി 1965 മുതൽക്കു കേരളത്തിലാണ് കഴിയുന്നതു്. തൃശ്ശൂർ കേരളവർമ്മകോളേജിൽ ഹിന്ദിലക്ചററായി, വിന്ധ്യൻ കടന്നു ദക്ഷിണദേശത്തു വന്നു ദ്രാവിഡഭാഷാസമാരാധനംചെയ്യുന്ന രണ്ടാം അഗസ്ത്യന്റെ പ്രതീതിയാണ് സുധാംശു ചതുർവേദി ഉളവാക്കുന്നതു്. പല ആഖ്യായികകളും കാളിദാസപഠനമെന്ന നിരൂപണഗ്രന്ഥവും ഹിന്ദിയിൽനിന്നു പല തർജ്ജമകളും അദ്ദേഹം ഇതിനകം മലയാളത്തിനു നൽകിയിട്ടുണ്ടു്. സംസ്കൃതഹിന്ദിഭാഷകളിലെ ചില പ്രൌഢകൃതികൾക്കുള്ള പ്രസാധനങ്ങളും ഒരു മലയാളനിഘണ്ടുവും ഈ പണ്ഡിതൻ നമുക്കു സംഭാവനചെയ്തിട്ടുണ്ടു്. മുപ്പത്തൊന്നു വയസ്സിനകം ഇത്രയും സാധിച്ച ചതുർവേദി യുവലോകത്തിനു് ഒരു മഹനീയ മാതൃകയാണ്. സാഹിത്യജീവിതത്തെ വിജയോജ്ജ്വലമാക്കത്തക്ക കുടുംബജീവിതസൌഭാഗ്യവും അദ്ദേഹത്തിനു സിദ്ധിച്ചിട്ടുണ്ടെന്നും പ്രസ്താവിക്കണം. മഹാകവി അനൂപശർമ്മയുടെ പുത്രിയെന്ന നിലയിൽ മാത്രമല്ല, എം. ഏ., പി- എച്ച്. ഡി. ബിരുദങ്ങൾ നേടിയ വൈദുഷ്യവിലാസിനി എന്ന സ്ഥിതിയിലും ചതുർവേദിയുടെ സഹധർമ്മിണി ഡോ. സുധാ ചതുർവേദി അനുരൂപതമയാണ്. അതിനാൽ ചതുർവേദി സമാരംഭിച്ചിട്ടുള്ള കാളിദാസസാഹിത്യപ്രസാധനയത്നം — പ്രകാശനയജ്ഞം — സകലവിജയസമ്പൂർണ്ണമാകുമെന്നു ഞാൻ വിശ്വസിക്കുന്നു.

ഉത്തരഭാരതീയനായ ഈ യുവപണ്ഡിതൻ കേരളത്തിൽ സമാരംഭിച്ചിരിക്കുന്ന ഈ സാഹിത്യപൂജയ്ക്കു് അർച്ചനാദ്രവ്യസംഭാവനകൊണ്ടു നമുക്കു ധന്യത നേടാം. പാണ്ഡിത്യവും പ്രയത്നവും പോലെ ധനവ്യയവും ആവശ്യകമാണ്, ചതുർവേദിക്കു കാളിദാസഗുരുദക്ഷിണ നടത്താൻ. ആ ഗുരുദക്ഷിണാവിധി സാധിക്കാൻ നമ്മെ സമീപിക്കുന്ന ഈ അഭിനവകൌത്സനോടു നമ്മുടെ ഉത്തരം കാളിദാസൻ രഘുവിനെക്കൊണ്ടു പറയിച്ച മാതൃകയിലായിരിക്കണം. രഘുവംശത്തിലെ പ്രസക്തശ്ലോകത്തിനു കുണ്ടൂർ നാരായണമേനോന്റെ പരിഭാഷ ഉദ്ധരിക്കാം—

മറക്കരകടന്നവൻ ഗുരുവിനേകുവാൻ വിത്തമെ—
ട്ടിരക്കുവതു നൽകുവാൻ രഘുവിനാവതല്ലായ്കയാൽ
മുറയ്ക്കതിനിരന്നു മറ്റൊരു വദാന്യനോടെന്നിതേ—
വരെയ്ക്കുമറിയാത്തതായെഴുമകീർത്തി പറ്റൊല്ല മേ. (രഘുവംശം. 5–24)

അതിനാൽ, കാളിദാസദക്ഷിണയ്ക്കു നമ്മെ സമീപിച്ചിട്ടു ഫലിക്കാതെ ചതുർവ്വേദിക്കു മറ്റു വദാന്യന്മാരെ തിരക്കിപ്പോകേണ്ടിവന്നു എന്ന അപഖ്യാതി നമുക്കു പറ്റാതെയിരിക്കട്ടെ എന്നാണ് എന്റെ ആശ.

ചതുർവ്വേദിക്കു സകലവിജയങ്ങളും ആശംസിച്ചുകൊള്ളുന്നു.

തിരുവനന്തപുരം,
26–10–1974.

ശൂരനാട്ടു കുഞ്ഞൻപിള്ള

അഭിനന്ദനം

ഭാരതീയകവികളിൽ പ്രഥമഗണനീയൻ കാളിദാസനാണ്. ആദികവി വാല്മീകി, പുരാണകവി വേദവ്യാസൻ, കവികുലഗുരു കാളിദാസൻ—ഉച്ചൈശ്ശിരസ്സുകളായ ഈ മൂന്നുപേരാണ് പുണ്യതീർത്ഥങ്ങളായി എണ്ണപ്പെടാവുന്ന നമ്മുടെ കാവ്യസ്രവന്തികളുടെ പ്രഭവസ്ഥാനങ്ങളായ കുലഗിരികൾ. അത്ഭുതപ്രഭാവയായ വാഗ്ദേവതയുടെ അനുഗ്രഹം ലഭിക്കുന്നതിനുവേണ്ടി സഹൃദയന്മാർ ആ അനന്തരത്നപ്രഭവങ്ങളുടെ 'പതിനെട്ടാംപടി' ചവിട്ടിക്കൊണ്ടിരിക്കുന്നു.

രണ്ടായിരം സംവത്സരങ്ങൾക്കുമുമ്പ് ഉജ്ജയിനിയിൽ വിക്രമാദിത്യന്റെ വിദ്വൽസദസ്സിനെ അലങ്കരിച്ചിരുന്ന അനർഘരത്നമാണ് കാളിദാസൻ. അക്കാലംവരെ ഭാരതത്തിൽ ഉണ്ടായിട്ടുള്ള എല്ലാ വിജ്ഞാനശാഖകളിലും നിഷ്ണാതനായിരുന്നു ആ കവിവരേണ്യൻ. വേദശാസ്ത്രപുരാണാദികളുടെ സാരതരോച്ചയമാണ് ആ ഔചിത്യധനന്റെ കൃതികളെല്ലാം. ഹിതവും മിതവും ധ്വന്യാത്മകവുമായ കാവ്യപ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവു കാളിദാസനത്രേ. അനന്തരകവികൾക്കെല്ലാം ആദർശഭൂതങ്ങളായ കൃതികൾ കാളിദാസന്റെ കാവ്യങ്ങളും നാടകങ്ങളുംതന്നെ.

രഘുവംശം, കുമാരസംഭവം, മേഘസന്ദേശം എന്ന മൂന്നു ശ്രവ്യകാവ്യങ്ങളും അഭിജ്ഞാനശാകുന്തളം, മാളവികാഗ്നിമിത്രം, വിക്രമോർവ്വശീയം എന്ന മൂന്നു നാടകങ്ങളുമാണല്ലോ കാളിദാസന്റെ പ്രസിദ്ധകൃതികൾ. ഋതുസംഹാരം അദ്ദേഹത്തിന്റെ ആദ്യകാലകൃതിയാണ്. ഇവയുടെ വ്യാഖ്യാനരൂപത്തിലുള്ള പഠനങ്ങൾ വളരെ വളരെ നടന്നിട്ടുണ്ട്. നിരൂപണാത്മകങ്ങളായ പഠനങ്ങളും ചിലതുണ്ടായിട്ടുണ്ട്. സ്വർഗ്ഗസ്ഥന്മാരായ ഗുരുനാഥൻ പുന്നശ്ശേരിനമ്പി നീലകണ്ഠശർമ്മാവിന്റെയും ആർ. വി. കൃഷ്ണമാചാരിയുടെയും രഘുവംശാദിനിരൂപണങ്ങൾ ഇവിടെ ഓർമ്മയിൽ വരുന്നു. എന്നാൽ കാളിദാസനെക്കുറിച്ചുള്ള സമഗ്രപഠനം കാര്യമായൊന്നും നടന്നതായി അറിവില്ല—വിശേഷിച്ചും മലയാളസാഹിത്യത്തിൽ.

എന്റെ പ്രിയസുഹൃത്തായ സുധാംശു ചതുർവേദി ഏഴു കൊല്ലം മുൻപു മലയാളത്തിൽ 'കാളിദാസൻ—ഒരു പഠനം' എന്നൊരു ചെറുപുസ്തകം പ്രസിദ്ധപ്പെടുത്തുകയുണ്ടായി അതിന്റെ പ്രസ്താവനയിൽ അദ്ദേഹം 'ഞാൻ മലയാളത്തിലെഴുതാൻ ഉദ്ദേശിച്ച പുസ്തകത്തിന്റെ ഒരു ചെറു പീഠികയായിട്ട് ഇതിനെ കരുതിക്കോളൂ' എന്നു് പറഞ്ഞിരുന്നു. അന്നുദ്ദേശിച്ച വിധത്തിൽ കാളിദാസകൃതികളുടെ സമഗ്രപഠനവും കൃതികളും ഉൾക്കൊള്ളുന്ന ബൃഹത്തായ ഒരു പുസ്തകം ഇപ്പോൾ തയ്യാറാക്കിയിരിക്കുന്നു. കാളിദാസന്റെ ജീവചരിത്രം മുതൽ കാളിദാസകൃതികളുടെ ബഹുമുഖമായ പര്യവലോകനമടക്കം ആ മഹാകവിയെക്കുറിച്ച് അറിയേണ്ടുന്ന എല്ലാ വിഷയങ്ങളും ശ്രദ്ധാപൂർവ്വം സമാഹരിച്ച് ഇതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. വിശാലവും അഗാധവുമായ കാളിദാസഹൃദയമഹാസാഗരത്തിൽ നിർഭയം ഇറങ്ങിമുങ്ങി ജാജ്വല്യമാനങ്ങളായ അമൂല്യസൂക്തിരത്നങ്ങൾ വാരിക്കോരിയെടുക്കുവാൻ ഉതകുന്ന ഒരു മുങ്ങിക്കപ്പലാണ് ഈ പുതിയ പ്രസിദ്ധീകരണം. ഇതിന്റെ അവതാരകനായ യുവസുഹൃത്തിന് എന്റെ അകമഴിഞ്ഞ അഭിനന്ദനങ്ങൾ.

തൃശ്ശിവപേരൂർ, സഹൃദയവിധേയൻ

1-8-1975. കെ. പി. നാരായണപ്പിഷാരോടി

അനുമോദനം

മലയാളഭാഷയിൽ ശാകുന്തളം നാടകത്തിന്റെ അനേകം വിവർത്തനങ്ങൾ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ടു്. മലയാളലിപിയിൽ മൂലത്തോടു കൂടി കുട്ടികൃഷ്ണമാരാരുടെ തർജ്ജമയും വന്നിട്ടുണ്ടു്. കുണ്ടൂർ നാരായണമേനോന്റെ ഭാഷാകുമാരസംഭവം, ഭാഷാരഘുവംശം എന്നീ കൃതികളും ഒരുകാലത്തു് വായനക്കാരുടെ ശ്രദ്ധ ആകർഷിച്ചിരുന്നു. എ. ആർ. രാജരാജവർമ്മതമ്പുരാന്റെ മാളവികാഗ്നിമിത്രം, ശാകുന്തളം, കുമാരസംഭവം ഇവയുടെ വിവർത്തനവും ചിലപ്പോൾ പാഠപുസ്തക കമ്മിററിക്കാരുടെ സ്വീകരണത്തിനു വിഷയമായിട്ടുണ്ടു്. എന്നാൽ ഏതൊരനുവാദവും മഹാകവിയുടെ യഥാർത്ഥമഹത്ത്വം മനസ്സിലാക്കുവാൻ പൂർണ്ണമായും സഹായിക്കുന്നില്ല. അഥവാ കവികളുടെ മഹത്ത്വംതന്നെ അവരുടെ കൃതികൾ ഭാഷാന്തരീകരണത്തിന്നു വിധേയമാവുകയില്ല എന്നുള്ളതല്ലേ? പ്രകൃതീജീവചൈതന്യമുള്ളതും പ്രതികൃതി എത്രതന്നെ നന്നായാലും ജഡവുമാണല്ലോ, അതുകൊണ്ടു മഹാകവി കാളിദാസനെ ശരിയായി മനസ്സിലാക്കി അദ്ദേഹത്തിന്റെ കാവ്യങ്ങളും നാടകങ്ങളും ആസ്വദിക്കണമെങ്കിൽ സഹൃദയനായ അനുവാചകനു മൂലകൃതികളുടെ ശ്രീകോവിൽ തുറന്നു ദർശനം നടത്തുകതന്നെ വേണം.

മൂലത്തിന്റെ അർത്ഥവും സ്വാരസ്യവും മനസ്സിലാക്കുവാൻ ഉതകുന്ന രീതിയീൽ, മൂലം, വിവർത്തനം, ആസ്വാദനം, പഠനം, സന്തുലനം ഇവയെല്ലാം ഉൾക്കൊള്ളിച്ചു നിർമ്മിച്ചതത്രേ ഈ കാളിദാസസർവ്വസ്വം. ഇദംപ്രഥമമായ ഈ ഭഗീരഥപ്രയത്നം നടത്തുന്നതോ, വിജ്ഞാനദാഹംകൊണ്ടു പ്രേരിതനായി ഉത്തരഭാരതത്തിൽനിന്നു കേരളത്തിലേക്കു തീർത്ഥാടനാർത്ഥം വന്നിട്ടുള്ള ഒരു യുവസഹൃദയനത്രേ. മററുള്ളവർ പേടിച്ചു പിന്നാക്കം പോകാനിടയുള്ള ഈ മഹാസംരംഭത്തിന്നു മുതിർന്ന ഈ യുവസാഹസികനെ എത്രതന്നെ അനുമോദിച്ചാലും മതിയാവില്ല.

ഈ ഗ്രന്ഥം മലയാളത്തിനു പുറമെ ഇംഗ്ലീഷിലും പ്രസിദ്ധീകരിക്കാൻ തയ്യാറാക്കിയിട്ടുണ്ടു്. രണ്ടിന്റെയും കയ്യെഴുത്തു് അക്ഷരംപോലും വിടാതെ വായിക്കുവാനുള്ള ഭാഗ്യം ഈയുള്ളവനു സിദ്ധിച്ചു. ഗ്രന്ഥത്തിന്റെ ഗുണങ്ങളെ ഇവിടെ പരാമർശിക്കാൻ ഉദ്ദേശിക്കുന്നില്ല. സദ്യയുടെ വിഭവങ്ങളുടെ സ്വാദിനെപ്പററി, ഉണ്ണാനിരുന്നവരോടു നീണ്ട പ്രസംഗം ചെയ്യുന്നതു് ഉചിതമല്ലല്ലോ. കാളിദാസൻ തയ്യാറാക്കിയതും ഡോ. സുധാംശു ചതുർവ്വേദി വിളമ്പുന്നതുമായ സാഹിതീസദ്യയ്ക്കു രസാസ്വാദലുബ്ധന്മാരായ സഹൃദയജനങ്ങളെ ഞാൻ സാദരം ക്ഷണിച്ചുകൊള്ളുന്നു.

തൃശ്ശിവപേരൂർ, —പ്രൊഫ എസ്. ഹരിഹരൻ
10 – 8 – 1975.

ഉള്ളടക്കം

പ്രവേശകം	17
വിക്രമോൎവ്വശീയം	96
മാളവികാഗ്നിമിത്രം	248
അഭിജ്ഞാനശാകുന്തളം	392
കാളിദാസസൂക്തികം	598
ശ്ലോകാനുക്രമണിക	604

പ്രവേശകം

ജയന്തി തേ സുകൃതിനോ രസസിദ്ധാഃ കവീശ്വരാഃ
നാസ്തി യേഷാം യശഃകായേ ജരാമരണജം ഭയം.

പ്രാചീനഭാരതീയപാരമ്പര്യത്തെ അനുസരിക്കുന്ന വിദ്വാന്മാരുടെയും ആധുനികയുഗത്തിലെ ഭാരതീയരും പാശ്ചാത്യരുമായ വിമർശകരുടെയും മാനദണ്ഡങ്ങൾക്കു വ്യത്യാസവും അഭിരുചിക്കു വൈവിധ്യവും പലപ്പോഴും കാണുന്നുണ്ടു്, എങ്കിലും കവികുലചൂഡാമണിയായ കാളിദാസന്റെ മഹത്ത്വത്തെ എല്ലാവരും ഒന്നുപോലെ മാനിക്കുന്നു. പ്രാചീനപരമ്പരയിലെയും ആധുനികപരമ്പരയിലെയും വിമർശകന്മാർ ഏതെങ്കിലും ഒരു കവിയുടെ മഹത്ത്വം തുടർച്ചയായി മാനിക്കുന്നുണ്ടെങ്കിൽ അതു കാളിദാസന്റേതിനെ മാത്രമത്രേ. പ്രതിഭാശാലിയായ കവിയുടെ കഴിവു ദേശത്തെയും കാലത്തെയും അതിജീവിക്കുന്നുവെന്നുള്ളതു് അക്ഷരംപ്രതി സത്യമാണു്. കാളിദാസന്റെ മഹിമ സാർവ്വദേശീയം മാത്രമല്ല, സാർവ്വകാലീനവുമാണെന്നു പറയാം. കലാസൌന്ദര്യത്തിന്റെ സാക്ഷാൽ ആരാധകനായ മാഘൻ—

ക്ഷണേ ക്ഷണേ യന്നവതാമുപൈതി
തദേവ രൂപം രമണീയതായാഃ.

എന്ന പ്രസ്താവത്തിൽ സൂചിപ്പിച്ചതുപോലെ, കാളിദാസന്റെ കാലാശില്പം അപ്പപ്പോൾ മനോഹരമായ നവരൂപം കൈക്കൊണ്ടു് അന്നും ഇന്നും മനുഷ്യഹൃദയങ്ങളിൽ നവോല്ലാസവും പ്രചോദനവും ചൊരിഞ്ഞുകൊണ്ടിരിക്കുന്നു. അതുകൊണ്ടു കാളിദാസന്റെ കലാശില്പം ഭാരതത്തിനു മാതൃകാപരവും മാർഗ്ഗദർശകവുമാണെന്നു നിസ്സംശയം പറയാവുന്നതാണു്.

വില്യം ജോൺസ് ഇംഗ്ലീഷിലേക്കു തർജ്ജമ ചെയ്തശേഷമാണു് അഭിജ്ഞാനശാകുന്തളം എന്ന നാടകം പാശ്ചാത്യരെ ആകർഷിച്ചതു്. തുടർന്നു ലോകത്തിലെ നാനാഭാഷകളിലെല്ലാം അതു തർജ്ജമ ചെയ്യപ്പെട്ടു. ഈ തർജ്ജമകൾ പ്രചാരത്തിൽ വന്നതിൽപ്പിന്നെയാണു് യൂറോപ്യന്മാർക്കു സംസ്കൃത സാഹിത്യത്തിന്റെ മഹത്ത്വം മനസ്സിലായതു്. സംസ്കൃതഭാഷയെ ചില വിദ്വാന്മാർ മൃതഭാഷ എന്നു വിശേഷിപ്പിച്ചിരുന്നു. എന്നാൽ ഈ ശാകുന്തളം കണ്ടതിനുശേഷം പ്രസ്തുതവിശേഷണത്തെ അവർ തിരുത്തി. കാളിദാസനെപ്പോലെയുള്ള ഒരു മഹാകവിയെ സൃഷ്ടിച്ച രാജ്യം സർഗ്ഗശക്തികൊണ്ടും സത്ത്വഗുണംകൊണ്ടും സമ്പന്നമാണെന്നുകൂടി അവർ പറഞ്ഞുതുടങ്ങി. അതെന്തായാലും സംസ്കൃതസാഹിത്യത്തിൽ അമൂല്യങ്ങളായ പല നിധികളും നിക്ഷിപ്തങ്ങളാണെന്നുള്ള വസ്തുത സർവ്വവിദിതമായി. ഈ നിധികളുടെ അന്വേഷണാർത്ഥം നിരവധി പണ്ഡിതന്മാർ, വിശേഷിച്ചും ജർമ്മൻഗവേഷകന്മാർ, തങ്ങളുടെ ജീവിതംതന്നെ അർപ്പണം ചെയ്തിട്ടുണ്ടു്. ഇങ്ങനെ സംസ്കൃതസാഹിത്യത്തെ പുനർജ്ജീവിപ്പിച്ചതി

നുള്ള കീർത്തിമുദ്ര ഇന്നു കാളിദാസകൃതികൾക്കു ലഭിക്കേണ്ടതാണ്. പണ്ഡിത ബലദേവ ഉപാധ്യായ, കാളിദാസന്റെ സന്ദേശം (കാളിദാസ് കാ സന്ദേശ്) എന്ന ലേഖനത്തിൽ ഇങ്ങനെ എഴുതിയിരിക്കുന്നു—

''മഹാകവി കാളിദാസൻ നമ്മുടെ ദേശീയകവിയാണ്. അദ്ദേഹം ഭാരതീയസംസ്കാരത്തിന്റെ പ്രതിരൂപമത്രേ. വിശാലവും മഹനീയവുമായ ഈ ഭാരതദേശത്തിന്റെ സംസ്കാരം കാളിദാസന്റെ ഭാഷയിലൂടെ സംസാരിച്ചുകൊണ്ടും അദ്ദേഹത്തിന്റെ നാടകങ്ങളിലൂടെ മനോഹരമായ സ്വന്തം ദിവ്യരൂപം പ്രദർശിപ്പിച്ചുകൊണ്ടും മനുഷ്യഹൃദയത്തെ ആഹ്ലാദിപ്പിക്കുന്നു.'' (കാളിദാസഗ്രന്ഥാവലി -സീതാരാമ ചതുർവേദി—ഖണ്ഡം 3. സമീക്ഷാനിബന്ധ, പേജ് 43.)

കാളിദാസന്റെ ജനനത്തെയോ മാതാപിതാക്കളെയോ, വിദ്യാഭ്യാസത്തെയോ കുറിച്ചു ശരിയായ ഒരു രൂപവും നമുക്ക് ഇതേവരെ ലഭിച്ചിട്ടില്ല. ആകെയുള്ളതു കുറേ ഐതിഹ്യങ്ങൾ മാത്രം. പുരാതനകാലം മുതൽതന്നെ പ്രചാരത്തിലിരിക്കുന്ന അവയിലൊന്ന് ഇവിടെ പറയാം.

മഹിഷപുരിയിലെ മഹേന്ദ്രരാജാവിനു സുന്ദരിയും, വിവിധശാസ്ത്രങ്ങളിൽ നിപുണയുമായൊരു മകളുണ്ടായിരുന്നു. തന്റെ മകളുമായുള്ള വാദപ്രതിവാദത്തിൽ അനേകം വിദ്വാന്മാർ പരാജയമടഞ്ഞതു കണ്ട രാജാവ്, അവളെ വാദത്തിൽ തോല്പിക്കുന്ന ആൾക്കു മാത്രമേ അവളെ വിവാഹം കഴിച്ചുകൊടുക്കുകയുള്ളുവെന്നു നിശ്ചയിച്ചു.

ഈ വിവരമറിഞ്ഞു പല രാജകുമാരന്മാരും വന്നു വാദം നടത്തിയെങ്കിലും, ഫലം ദയനീയമായ പരാജയമായിരുന്നു. തന്റെ വ്യവസ്ഥ ബുദ്ധിപൂർവ്വമായില്ലെന്നോർത്തു മഹേന്ദ്രൻ വ്യസനിച്ചു. അദ്ദേഹം മന്ത്രിമാരുമായി ആലോചിച്ചു, പല ദിക്കുകളിൽനിന്നും മററു പണ്ഡിതന്മാരേയും രാജധാനിയിലേക്ക് ക്ഷണിച്ചുവരുത്തി. രാജകുമാരന്മാരുടെ അനുഭവം തന്നെ അവർക്കുമുണ്ടായി. വിദ്വാന്മാരുടെ മാനഹാനിയിൽ മനമലിഞ്ഞ മന്ത്രിമാർ അവർക്കു സ്വകാര്യമായി ഒരുപായം ഉപദേശിച്ചുകൊടുത്തു.

മന്ത്രിമാരുടെ ഉപദേശം പ്രയോഗിക്കാൻ തീരുമാനിച്ച വിദ്വാന്മാർ സുന്ദരനായ ഒരു ബ്രാഹ്മണയുവാവിനെ കണ്ടുമുട്ടി. മഹാമൂഢനായ അവന് ആടുകളെ മേയ്ക്കലാണ് പണി. അയാളെ നല്ല സ്ഥിതിയിലെത്തിക്കാമെന്നു വാഗ്ദാനം ചെയ്തു. അതിനു തങ്ങൾ പറയുന്നത് അനുസരിച്ചുകൊള്ളണമെന്നും വിദ്വാന്മാർ നിർബ്ബന്ധിച്ചു. സമ്മതം മൂളിയ യുവാവിനോട് അവർ പറഞ്ഞു—'ഞങ്ങൾ അങ്ങയെ രാജാവിന്റെ കൊട്ടാരത്തിൽ രാജകുമാരിയുടെ മുമ്പിലെത്തിക്കും. രാജകുമാരി എന്തുചോദിച്ചാലും ഒരു വാക്കും പറഞ്ഞുപോകരുതു. പറയേണ്ടതെല്ലാം ഞങ്ങൾ പറഞ്ഞുകൊള്ളാം. അങ്ങയെക്കൊണ്ടു ഞങ്ങൾ രാജകുമാരിയെ വിവാഹംചെയ്യിക്കാം' എന്ന്.

വിദ്വാന്മാർ ആ മൂഢനെ നല്ല വസ്ത്രങ്ങൾ ധരിപ്പിച്ചു പല്ലക്കിലേ

ററി രാജകൊട്ടാരത്തിൽ കൊണ്ടുചെന്നു. ഈ ചെറുപ്പക്കാരൻ തങ്ങളുടെ ഗുരുവാണെന്നും ഇപ്പോൾ മൌനവ്രതമനുഷ്ഠിക്കുന്ന ഇദ്ദേഹത്തിന്റെ വ്രതത്തിനു ഭംഗം വരുത്തുന്നതു ദോഷമാണെന്നും അതിനാൽ ആംഗ്യത്തിൽക്കൂടിയേ വാദം നടത്തുകയുള്ളുവെന്നും അവർ രാജാവിനെ ധരിപ്പിച്ചു. രാജകുമാരി വ്യവസ്ഥ അംഗീകരിച്ചു. വാദം തുടങ്ങിയപ്പോൾ ഈശ്വരൻ ഒന്നേ ഉള്ളു, രണ്ടില്ല എന്ന അർത്ഥത്തിൽ രാജകുമാരി ചൂണ്ടുവിരൽ കാണിച്ചു. ഗുരു സമാധാനമായി തന്റെ രണ്ടുവിരൽ ഉയർത്തിക്കാണിച്ചു. അതുകണ്ടു വിദ്വാന്മാർ അഭിപ്രായപ്പെട്ടതു ഗുരു ദ്വൈതമതത്തെ ഉപന്യസിക്കുന്നുവെന്നാണ്. ഉടനെ രാജകുമാരി മൂന്നു വിരൽ ഉയർത്തി. അതു കാണേണ്ട താമസം ഗുരു നാലുവിരൽ കാണിച്ചു. അപ്പോൾ 'ചതുർവ്വേദസിദ്ധാന്തംതന്നെ സർവ്വസമ്മതം' എന്നു വിദ്വാന്മാർ ഘോഷിച്ചു. പരാജയം സമ്മതിച്ച മകളെ രാജാവു മൌനവ്രതക്കാരനായ ആ ബ്രാഹ്മണനു വിവാഹംകഴിച്ചുകൊടുക്കുകയും ചെയ്തു.

വിവാഹച്ചടങ്ങുകൾ അതിഗംഭീരമായി നടന്നു.. രാത്രിയിൽ രുചികരങ്ങളായ ഭക്ഷണങ്ങൾ ആവോളം കഴിച്ചു മനോഹരമായലങ്കരിച്ച കിടപ്പുമുറിയിലേക്കു് ആ ബ്രാഹ്മണൻ പ്രവേശിച്ചു. അവിടത്തെ കമനീയങ്ങളായ കാഴ്ചകൾ കണ്ടു് അത്ഭുതപ്പെട്ട അയാൾ മെത്തയിൽ കിടന്നു ഉടനെ ഉറങ്ങിപ്പോയി. മുറിയിൽ പ്രവേശിച്ച രാജകുമാരി, ഉറങ്ങുന്ന ഭർത്താവിനെ കണ്ടു് അദ്ദേഹത്തെ വിളിച്ചുണർത്തുന്നതു ധർമ്മമല്ലെന്നു കരുതി വീണവായിക്കാൻ തുടങ്ങി. ഉറക്കത്തിൽആടുകൾ തന്നെ പിൻതുടരുന്നുവെന്നു തോന്നിയ ബ്രാഹ്മണൻ, അവയെ ആട്ടുന്നതുപോലെ പല ശബ്ദങ്ങളും പുറപ്പെടുവിച്ചുകൊണ്ടിരുന്നു.

വിദ്വാന്മാർ തന്നെ ചതിച്ചതാണെന്നു മനസ്സിലാക്കിയ രാജകുമാരി ബ്രാഹ്മണനെ ഉണർത്തി സത്യം തുറന്നുപറയാനാവശ്യപ്പെട്ടു. എല്ലാം കേട്ടുകഴിഞ്ഞപ്പോൾ രാജകുമാരി വളരെ വ്യസനിച്ചു. അവൾ ബ്രാഹ്മണനോടു പറഞ്ഞു— 'ഈ നഗരത്തിന്റെ അററത്തു് ഒരു കാളീക്ഷേത്രമുണ്ടു്. കാളി കൂട്ടുകാരികളോടൊത്തു് ഇപ്പോൾ പുറത്തുപോയിരിക്കും. അങ്ങ് ഇപ്പോൾത്തന്നെ പോയി ശ്രീകോവിലിൽ കയറി വാതിലടയ്ക്കണം. കാളി വന്നാൽ തനിക്കു വിദ്യ ഉപദേശിച്ചല്ലാതെ വാതിൽ തുറക്കുകയില്ലെന്നു പറയണം. അതു കേട്ടാൽ ദേവി അങ്ങേയ്ക്കു വിദ്യ ഉപദേശിക്കും; അങ്ങു വലിയ വിദ്വാനായിത്തീരും.'

ബ്രാഹ്മണൻ രാജകുമാരിയുടെ ഉപദേശംപോലെ ചെയ്തു. വാതിൽപ്പഴുതിലൂടെ പുറത്തേക്കു നീട്ടിയ ബ്രാഹ്മണന്റെ നാവിൽ കാളി തന്റെ പള്ളിവാൾകൊണ്ടു ചിന്താമണിമന്ത്രമെഴുതി. ദേവിയുടെ അനുഗ്രഹത്താൽ തൽക്ഷണം സർവ്വശാസ്ത്രപാരംഗതനായിത്തീർന്ന ആ ബ്രാഹ്മണൻ കാളിദാസനായിട്ടാണു് രാജകുമാരിയുടെ അടുക്കലേയ്ക്കു മടങ്ങിയതു്.

തന്നെക്കണ്ടു് ആശ്ചര്യവും ആനന്ദവുമുണ്ടായ രാജകുമാരിയെ കാളിദാസൻ നടന്ന കാര്യങ്ങൾ ഗ്രഹിപ്പിച്ചു. ഇനി യഥേഷ്ടം ദാമ്പത്യജീവി

തം നയിക്കാമെന്നു രാജകുമാരിയാശിച്ചെങ്കിലും കാളിദാസൻ അതിനനുകൂലിച്ചില്ല. തൻെറ എല്ലാ അഭ്യുന്നതികൾക്കും കാരണക്കാരിയായ രാജകുമാരിയെ ഗുരുവും അമ്മയുമായേ തനിക്കു കണക്കാക്കാനാവൂ എന്നു കാളിദാസൻ ശഠിച്ചു. രാജകുമാരിയുടെ പ്രലോഭനങ്ങളിലൊന്നിലും വീഴാതെ അദ്ദേഹം പിറേറന്നുതന്നെ വിക്രമാദിത്യൻെറ രാജധാനിയിലേക്കു പോവുകയും അവിടത്തെ പ്രമുഖനായ ആസ്ഥാനകവിയായി പ്രസിദ്ധി പ്രാപിക്കയും ചെയ്തു.

കാളിദാസൻ ആദ്യം തികഞ്ഞ ഒരു പണ്ഡിതനായിരുന്നുവെന്നും പാണ്ഡിത്യഗർവ്വം മുഴുത്തു പരിഹസിക്കുകയാൽ ഒരു യോഗീശ്വരൻെറ ശാപത്തിന്നു പാത്രമായി ഭവിച്ചുവെന്നും ആ ശാപം നിമിത്തം മുമ്പുണ്ടായിരുന്ന അറിവെല്ലാം നശിച്ചു സർവ്വവും മറന്നു മഹാമൂഢനായിത്തീർന്നുവെന്നും ഒടുവിൽ കാളിയുടെ അനുഗ്രഹത്താൽ പൂർവ്വാധികം പാണ്ഡിത്യവും പ്രതിഭാവിശേഷവുമുള്ള നല്ലൊരു കവിയായി ഭവിച്ചുവെന്നും മറെറാരു ഐതിഹ്യമുണ്ട്. അതു കൂടുതൽ സംഭാവ്യമാണെന്നു തോന്നുന്നു. മതംഗശാപാദവലേപമൂലാദവാപ്തവാനസ്മി മതംഗജത്വം. (രഘു-5/53) എന്ന രഘുവംശം പഞ്ചമസർഗ്ഗത്തിലെ ശ്ലോകത്തിൽ കാളിദാസൻ ആത്മകഥാംശവുംകൂടി വ്യംഗ്യരീതിയിൽ സൂചിപ്പിച്ചിട്ടുണ്ടെന്നു പറയാവുന്നതുമാണ്. ശാപമൂലകമായ വിസ്മൃതിയും മഹിമഭ്രംശവും മററും ശാകുന്തളം, വിക്രമോർവ്വശീയം, മേഘസന്ദേശം മുതലായ മററു കൃതികളിലും ഉള്ളതുമാണല്ലോ. മഹാവിദുഷിയായ ഒരു രാജകുമാരിയുടെ വിവാഹബന്ധമാണ് കാളിദാസൻെറ ഉൽക്കർഷത്തിനു മൂലകാരണമെന്ന കാര്യത്തിൽ എല്ലാവരും ഏകാഭിപ്രായക്കാരാണ്.

കാളിദാസൻെറ എല്ലാ ശ്രേയസ്സുകൾക്കും കാരണഭൂതയായ രാജകുമാരിയുടെ അസ്തി കശ്ചിദ് വാഗ്‌വിലാസഃ എന്നുള്ള പ്രശ്നത്തെ ആസ്പദമാക്കി വിശ്വവിഖ്യാതങ്ങളായ മൂന്നു കാവ്യങ്ങൾ രചിച്ചു. 'അസ്തി' എന്ന വാക്കുകൊണ്ട് കുമാരസംഭവം ആരംഭിച്ചു. അതിലെ ആദ്യത്തെ ശ്ലോകം ഇപ്രകാരമാണ്—

അസ്ത്യുത്തരസ്യാം ദിശി ദേവതാത്മാ
ഹിമാലയോ നാമ നഗാധിരാജഃ
പൂർവ്വാപരൗ തോയനിധീ വഗാഹ്യ
സ്ഥിതഃ പൃഥിവ്യാ ഇവ മാനദണ്ഡഃ.

ഇതുപോലെതന്നെ മേഘസന്ദേശത്തിലെ ആദ്യപദ്യം 'കശ്ചിത്' എന്ന പദംകൊണ്ടാണ് ആരംഭിക്കുന്നതു്. ആ ശ്ലോകം ഇപ്രകാരമാണ്—

കശ്ചിത് കാന്താവിരഹഗുരുണാ സ്വാധികാരാത് പ്രമത്തഃ
ശാപേനാസ്തംഗമിതമഹിമാ വർഷഭോഗ്യേണ ഭർത്തുഃ
യക്ഷശ്ചക്രേ ജനകതനയാസ്നാനപുണ്യോദകേഷു
സ്നിഗ്ദ്ധച്ഛായാതരുഷു വസതിം രാമഗിര്യാശ്രമേഷു.

3762

ഇനി 'വാഗവിലാസഃ' എന്ന വാക്കാണുള്ളതു്. ഇതിലെ 'വാക്കു്' എന്ന ശബ്ദംകൊണ്ടാണു് മഹത്തായ രഘുവംശകാവ്യം തുടങ്ങുന്നതു്. നോക്കുക-

വാഗർത്ഥാവിവ സംപൃക്തൌ വാഗർത്ഥപ്രതിപത്തയേ
ജഗതഃ പിതരൌ വന്ദേ പാർവ്വതീപരമേശ്വരൌ.

ഇതുപോലെ കാളിദാസൻ ലങ്കയിലെ രാജാവായ കുമാരദാസന്റെ അതിഥിയായി താമസിക്കുമ്പോൾ അവിടത്തെ ഒരു വേശ്യയാൽ കൊല്ലപ്പെട്ടു എന്നുതുടങ്ങി വേറെയുമുണ്ടു് കഥകൾ.

കാളിദാസനെപ്പറ്റിയുള്ള അഭിപ്രായഭിന്നതകൾക്കു പ്രധാനമായി മൂന്നു കാരണങ്ങളുണ്ടു്. ഒന്നാമത്തെ കാരണം, കാളിദാസൻ തന്നെപ്പറ്റി ഒന്നും എഴുതിയിട്ടില്ല എന്നതുതന്നെ. രണ്ടാമത്തേതു്, അദ്ദേഹത്തിന്റെ പേരിൽ അനേകം കൃതികൾ പുറത്തുവന്നു എന്നുള്ളതാണു്. മൂന്നാമത്തേതു സംസ്കൃതസാഹിത്യത്തിൽ കാളിദാസനുശേഷം കാളിദാസൻ എന്ന വാക്കു കേവലം വ്യക്തിയുടെ പേരെന്നതുവിട്ടു പലർക്കും ഇഷ്ടംപോലെ എടുത്തുപയോഗിക്കാവുന്ന ഒരു പേരായി മാറി എന്നതാണു്. എത്ര കാളിദാസന്മാരുണ്ടായാലും ശരി, ഒരു കാളിദാസനെമാത്രമേ നമുക്കു നന്ദിപൂർവ്വം സ്മരിക്കേണ്ടതുള്ളു. രഘുവംശവും ശാകുന്തളവും മറ്റും രചിച്ച ആ കാളിദാസനാണു്, ആ അത്ഭുതപ്രതിഭാശാലിയാണു്, നമ്മെസ്സംബന്ധിച്ചിടത്തോളം, കാളിദാസൻ.

ജന്മസ്ഥലം

കാളിദാസന്റെ കാവ്യങ്ങളിലൂടെയും നാടകങ്ങളിലൂടെയും കണ്ണോടിച്ചാൽ അദ്ദേഹത്തിന്റെ ജന്മസ്ഥലത്തെപ്പറ്റി ചില തെളിവുകൾ ലഭിക്കുമെങ്കിലും അതു സംബന്ധിച്ചു വിദ്വാന്മാർക്കിടയിൽ അഭിപ്രായവ്യത്യാസമുണ്ടു്. ഹിമാലയത്തെപ്പറ്റിയും കുങ്കുമകേസരങ്ങളെപ്പറ്റിയും മനോഹരമായി തന്റെ കൃതികളിൽ വർണ്ണിച്ചിരിക്കുന്നതുകൊണ്ടു കാളിദാസന്റെ ജന്മസ്ഥലം കാശ്മീരാണെന്നു് ഒരു കൂട്ടർ വാദിക്കുന്നു. കുങ്കുമം സാധാരണമായി കാശ്മീരിൽ മാത്രമേ ഉണ്ടാകാറുള്ളു എന്നു ചൂണ്ടിക്കാണിക്കപ്പെടുന്നു. കാളിദാസന്റെ ജന്മഭൂമി ബംഗാളാണെന്നു ബംഗാളികൾ വാദിക്കുന്നുണ്ടു്. കാളിദാസൻ വിദർഭവാസിയായിരുന്നുവെന്നു മറ്റു ചിലർ ശഠിക്കുന്നു. സിംഹളമാണു് അദ്ദേഹത്തിന്റെ ജന്മദേശമെന്ന അഭിപ്രായക്കാരും ഇല്ലാതില്ല. ഇത്രയെല്ലാം അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടെങ്കിലും ഉജ്ജയിനിയോ അതിന്റെ സമീപപ്രദേശമോ ആണു് കാളിദാസന്റെ ജന്മസ്ഥലം എന്ന അഭിപ്രായം കൂടുതൽ യുക്തിസഹമാണെന്നു വളരെ പണ്ഡിതന്മാർ കരുതുന്നു. കാളിദാസൻ തന്റെ കൃതികളിൽ ഉജ്ജയിനീനഗരത്തെക്കുറിച്ചും അവിടെയുള്ള പടുകൂറ്റൻ കെട്ടിടങ്ങളെക്കുറിച്ചും സവിസ്തരം വർണ്ണിച്ചിട്ടുണ്ടെന്നു തന്നെയല്ല, മേഘസന്ദേശത്തിൽ യക്ഷനെക്കൊണ്ടു ഇങ്ങനെ പറയിക്കുകയും ചെയ്തിരിക്കുന്നു- 'കുറച്ചു വഴി വളഞ്ഞാലും ഉജ്ജയിനിവരെ പോകുന്നതു് അത്യാവശ്യമാണു്. കാരണം,

അവിടത്തെ സുന്ദരികളുടെ ലോലാപാംഗവിലാസം കാണാതിരിക്കുക എന്നതു ജീവിതത്തിലെ ഏററവും വലിയ ആനന്ദം അനുഭവിക്കാതിരിക്കുന്നതിനു തുല്യമാണ്.' പൂർവ്വമേഘത്തിലെ ആ ശ്ലോകംതന്നെ ഉദ്ധരിക്കാം—

വക്രഃ പന്ഥാ യദപി ഭവതഃ പ്രസ്ഥിതസ്യോത്തരാശാം
സൌധോത്സംഗപ്രണയവിമുഖോ മാസ്മ ഭൂരുജ്ജയിന്യാഃ
വിദ്യുദ്ദാമസ്ഫുരിതചകിതൈസ്തത്ര പൌരാംഗനാനാം
ലോലാപാംഗൈർയ്യദി ന രമസേ ലോചനൈർവ്വഞ്ചിതോസി.
(മേഘ-1/29)

ഉജ്ജയിനിയോടുള്ള സവിശേഷമായ പക്ഷപാതത്തെയും ആദരത്തെയും പരിഗണിക്കുമ്പോൾ അതുതന്നെയായിരിക്കണം കാളിദാസന്റെ ജന്മഭൂമി എന്ന് അനുമാനിക്കാവുന്നതാണ്.

ഡോ. ഭോലാശങ്കരവ്യാസ തന്റെ സംസ്കൃതകവിദർശന എന്ന പുസ്തകത്തിൽ ഇങ്ങനെ എഴുതിയിരിക്കുന്നു— 'എന്റെ അഭിപ്രായത്തിൽ കാളിദാസൻ മാളവനിവാസിയായിരിക്കണം. കാളിദാസന്റെ ആദ്യകൃതിയായ ഋതുസംഹാരത്തിൽ വർണ്ണിച്ചിരിക്കുന്നതുപോലെയുള്ള താപം കാശ്മീരിലുണ്ടാകാൻ വഴിയില്ലെന്നു മാത്രമല്ല, അതിൽ വിന്ധ്യപർവ്വതത്തെ മാത്രമേ കാളിദാസൻ പരാമർശിച്ചിട്ടുമുള്ളു.'

ചന്ദ്രവലീ പാണ്ഡേ, കാളിദാസന്റെ ജന്മഭൂമി ഉജ്ജയിനിയല്ലെങ്കിൽ അതിന്റെ സമീപപ്രദേശങ്ങളിലെങ്ങാനുമായിരിക്കുമെന്നു വിശ്വസിക്കുന്നു. എന്തുതന്നെയായാലും കാളിദാസന് ഉജ്ജയിനിയോട് ഒരു സവിശേഷപ്രതിപത്തി ഉണ്ട് എന്നുള്ളതു സ്പഷ്ടം. കാളിദാസൻ വളരെയധികം ദേശസഞ്ചാരം ചെയ്തതുകൊണ്ടാവാം, അദ്ദേഹത്തിന്റെ ദിഗ്‌വർണ്ണനകളിൽ ഇത്രയും സ്വാഭാവികത്വം തെളിഞ്ഞുകാണുന്നത്. പല സ്ഥലങ്ങളും നേരിട്ടു കണ്ടിട്ടാവാം, കാളിദാസൻ വർണ്ണിച്ചത്. കാളിദാസന്റെ ജന്മസ്ഥലം മാളവമായിരിക്കാമെങ്കിലും അദ്ദേഹത്തിന്റെ വാസസ്ഥലം ഉജ്ജയിനിയായിരുന്നു എന്നു വാദിച്ചുകൊണ്ടു പ്രശസ്തപണ്ഡിതനായ കല്ല ഇങ്ങനെ എഴുതിയിരിക്കുന്നു—

"His birth-place was probably somewhere in Malwa in Central India, and from his glowing description of the city of Ujjayini, it has been even suggested that he was a resident of that city." (*Birth-place of Kālidāsa-by Lakshmidhara kalla.*)

ജന്മദേശത്തെക്കുറിച്ചു കാര്യമായൊന്നും പറയാതെ വാസസ്ഥലത്തിന്റെ പേരിൽ അധികം പ്രതിപത്തി കാളിദാസൻ കാണിച്ചിട്ടുണ്ടെങ്കിൽ അതിൽ അസ്വാഭാവികമായി ഒന്നുമില്ല. പെററമ്മയെ മറന്നാലും കുഞ്ഞുങ്ങൾ വളർത്തമ്മയെ മറക്കാറില്ലല്ലോ.

കാലനിർണ്ണയം

ഇതിലും സങ്കീർണ്ണമാണ് കാളിദാസന്റെ കാലത്തെക്കുറിച്ചുള്ള പ്രശ്നം. ദൌർഭാഗ്യവശാൽ ഇന്നുവരെ അക്കാര്യത്തിൽ ആരും ഒരൊത്തുതീർപ്പിലായിട്ടില്ല. ചരിത്രപരമായ സാമഗ്രികളുടെ അഭാവംകൊണ്ടും പുരാതനസാഹിത്യത്തിൽ വലിയ ഒരംശത്തിന്റെ നഷ്ടംകൊണ്ടും ഈ പ്രാചീനകവിയുടെ കാലത്തെക്കുറിച്ചുള്ള പരമാർത്ഥങ്ങൾ അന്ധകാരത്തിൽ ആണ്ടുകിടക്കുകയാണ്. എന്നാലും ഗവേഷകന്മാർ കൈയിൽ കിട്ടിയ പ്രമാണങ്ങളെയും കെട്ടുകഥകളെയും അടിസ്ഥാനമാക്കി പല നിഗമനങ്ങളിലും എത്തിച്ചേരായ്കയില്ല. എല്ലാ നിലയ്ക്കും തൃപ്തികരമായ അനുമാനത്തിൽ ആരും ഇന്നേവരെ എത്തിച്ചേർന്നിട്ടില്ലെന്നു മാത്രം.

കാളിദാസൻ ക്രിസ്തുവിനു മുമ്പു ജീവിച്ചിരിക്കണം എന്നു ഹിപോലററ് ഫൌക് വിശ്വസിക്കുന്നു. ലേസൻ, കാളിദാസന്റെ ജീവിതകാലം എ. ഡി മൂന്നാംനൂററാണ്ടിലായിരിക്കണമെന്നു വാദിക്കുന്നു. എന്നാൽ കെ. ബി. പാഠക അഞ്ചാംനൂററാണ്ടിലാണ് കാളിദാസൻ ജീവിച്ചിരുന്നതെന്നു പറയുന്നു. ഫർഗ്യൂസനും മാക്സ്മുള്ളറും ക്രിസ്ത്വബ്ദം ആറാംനൂററാണ്ടിലാണ് കാളിദാസൻ ജീവിച്ചിരുന്നതെന്ന അഭിപ്രായക്കാരാണ്. ഭണ്ഡാർക്കറാകട്ടെ, ക്രിസ്ത്വബ്ദം 587_ൽ കാളിദാസൻ ജീവിച്ചിരുന്നു എന്നു വ്യക്തമായി പറഞ്ഞിരിക്കുന്നു. 'ഭോജപ്രബന്ധ'ത്തിന്റെ രചയിതാവായ ബല്ലാലസേനൻ കാളിദാസനെ ഭോജരാജാവിനോടു കൂട്ടിയിണക്കി അദ്ദേഹത്തിന്റെ ജീവിതകാലം പതിനൊന്നാംനൂററാണ്ടിലാണെന്നു ഭ്രമം ഉണ്ടാക്കുന്നു. ഇപ്രകാരം കാളിദാസന്റെ ജീവിതകാലമായി ക്രിസ്തുവിനു മുൻപ് ഒന്നാംനൂററാണ്ടു മുതൽ (57ക്രി. മു.) ക്രിസ്ത്വബ്ദം പതിനൊന്നാം ശതാബ്ദിവരെയുള്ള ദീർഘകാലങ്ങളിലെ പല ഘട്ടങ്ങളേയും ചൂണ്ടിക്കൊണ്ട് അനേകം അഭിപ്രായങ്ങൾ ഉന്നയിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ 634-ലെ ഐഹോളയിലെ ശിലാലേഖത്തിൽ ഭാരവിയുടെയും കാളിദാസന്റെയും പേരുകൾ കോർത്തിണക്കി സ്തുതിച്ചുകാണുന്നു. 7-ാം ശതാബ്ദത്തിന്റെ പൂർവ്വാർദ്ധത്തിൽ ജീവിച്ചിരുന്ന ഹർഷചരിതകർത്താവായ ബാണഭട്ടൻ കാളിദാസനെ ഇങ്ങിനെ വിലയിരുത്തുന്നു—

നിർഗതാസു ന വാ കസ്യ കാളിദാസസ്യ സൂക്തിഷു
പ്രീതിർമ്മധുരസാർദ്രാസു മഞ്ജരീഷ്വിവ ജായതേ.

അതുകൊണ്ടു കാളിദാസന്റെ ജീവിതകാലം ആറാംനൂററാണ്ടിനുശേഷമായിരിക്കുകയില്ല എന്നു സ്പഷ്ടമാകുന്നു. കാളിദാസന്റെ ജീവിതകാലത്തെസ്സംബന്ധിച്ച് ഇന്നോളം മൂന്നു വിധത്തിലുള്ള അഭിപ്രായങ്ങൾ നിലവിലിരിക്കുന്നതായി കാണാം. അവ താഴെ പറയുന്നവയാണ്-

1. കാളിദാസന്റെ ജീവിതകാലം ആറാംനൂററാണ്ടിലാണ്.
2. ഗുപ്തസമ്രാട്ടായ ചന്ദ്രഗുപ്തന്റെ ഭരണകാലത്തിനിടയ്ക്ക്, അതായതു ക്രിസ്ത്വബ്ദം 400-നുമുമ്പ്, ആയിരിക്കണം കാളിദാസന്റെ ജീവിതകാലം.

3. ഭാരതീയപണ്ഡിതന്മാരായ പലരുടെയും സുചിന്തിതമായ അഭിപ്രായമനുസരിച്ചു ക്രിസ്തുവിനു മുമ്പു ഒന്നാംനൂററാണ്ടോ അതിനുമുമ്പോ ആണ് മഹാകവിയുടെ ജീവിതകാലം.

ആറാംനൂററാണ്ടാണെന്നുള്ള അഭിപ്രായം

ഈ അഭിപ്രായം അപ്രാമാണികമാണെന്നു തെളിഞ്ഞുകഴിഞ്ഞിട്ടുണ്ട്. വിദേശീയരുടെ ആക്രമണഫലമായി ക്രിസ്ത്വബ്ദം ഒന്നാംനൂററാണ്ടിലും രണ്ടാംനൂററാണ്ടിലും സംസ്കൃതസാഹിത്യത്തിന്റെ ഉദ്ഗതി തീരെ നിലച്ചുപോയി എന്നു മാക്സ്മുള്ളർ പറയുന്നു. പിന്നീട് ആറാംനൂററാണ്ടിലാണ് സംസ്കൃതസാഹിത്യത്തിന്റെ പുനരുത്ഥാനമുണ്ടായതു്. ആ കാലത്താണ് കാളിദാസന്റെ ജനനം എന്ന് അദ്ദേഹം അഭിപ്രായപ്പെടുന്നു. വിക്രമാദിത്യനോടു ബന്ധപ്പെടുത്തിക്കൊണ്ടുള്ള ഫെർഗ്യുസന്റെ അഭിപ്രായത്തെ അനുകരിച്ചാണ് മാക്സ്മുള്ളർ ഈ നവോത്ഥാനസിദ്ധാന്തം (Renaissance theory) പുറപ്പെടുവിച്ചതു്. സമ്രാട്ടായ വിക്രമാദിത്യൻ 544-ൽ ശകന്മാരെ തോല്പിച്ചെന്നും അതിന്റെ ഓർമ്മയ്ക്കായി വിക്രമവർഷം നടപ്പിൽ വരുത്തിയെന്നും അതിനു കൂടുതൽ പ്രഭാവം നല്കുവാൻവേണ്ടി വർഷാരംഭം 600 കൊല്ലം പിന്നോട്ടു മാററി ക്രി. മു. 56-57-ാമാണ്ടു മുതല്ക്കു ഗണിപ്പാൻ തുടങ്ങിയെന്നും ഫെർഗ്യുസൺ പറയുന്നു. വിക്രമസദസ്സിലെ ഒമ്പതു കവികളിൽ ഒരാൾ കാളിദാസനായിരുന്നു. അതനുസരിച്ചു മാക്സ്മുള്ളറുടെ അഭിപ്രായപ്രകാരം കാളിദാസന്റെ കാലം 544-നടുത്തു്, അതായതു് ആറാംശതാബ്ദത്തിൽ, ആകുന്നു. ഈ അഭിപ്രായത്തിനു് ഉപോൽബലകമായി കാളിദാസന്റെ കൃതികളിൽ യവനന്മാരുടെയും ഹൂണന്മാരുടെയും പേരുകൾ വരുന്നുവെന്നു മാക്സ്മുള്ളർ വാദിക്കുന്നു. ഹൂണന്മാർ ക്രിസ്ത്വബ്ദം 500-ാമാണ്ടിനോടടുത്ത കാലത്താണ് ഭാരതം ആക്രമിച്ചതു്. അതുകൊണ്ടു് അവരെക്കുറിച്ചെഴുതിയ കാളിദാസന്റെ കാലം അതിനു ശേഷമായിരിക്കണമല്ലോ. അദ്ദേഹം ഹൂണന്മാരെക്കുറിച്ചു രഘുവംശത്തിൽ ഇങ്ങനെ പരാമർശിച്ചിരിക്കുന്നു—

തത്ര ഹൂണാവരോധാനാം ഭർത്തൃഷു വ്യക്തവിക്രമം,
കപോലപാടലാദേശി ബഭൂവ രഘുചേഷ്ടിതം. (രഘു—4/68)

450-ാം ആണ്ടിനോടടുത്തു ജീവിച്ചിരുന്നതായി അനുമാനിക്കപ്പെടുന്ന ദിങ്നാഗനെയും കാളിദാസൻ തന്റെ മേഘസന്ദേശത്തിൽ പരാമർശിക്കുന്നുണ്ടു്. അതുകൊണ്ടു് അതിനുശേഷമാണ്, അതായതു് ആറാം ശതാബ്ദത്തിലാണ്, കാളിദാസന്റെ ജനനം എന്നനുമാനിക്കുന്നതിൽ തെററില്ല. താഴെ പറയുന്ന ശ്ലോകത്തിൽ കാളിദാസൻ ദിങ്നാഗനെക്കുറിച്ചു ചെയ്തിരിക്കുന്ന പരാമർശം ശ്രദ്ധിക്കുക—

അദ്രേഃ ശൃംഗം ഹരതി പവനഃ കിംസ്വിദിത്യുന്മുഖീഭിർ—
ദൃഷ്ടോത്സാഹശ്ചകിതചകിതം മുഗ്ദ്ധസിദ്ധാംഗനാഭിഃ

സ്ഥാനാദസ്മാൽ സരസനിചുളാദുത്പതോദങ്മുഖഃ ഖം
ദിങ്നാഗാനാം പഥി പരിഹരൻ സ്ഥൂലഹസ്താവലേപാൻ.
(മേഘ–1/14)

ന്യൂനതകൾ

1. ഫ്ളിററിന്റെ ഭാരതീയശിലാലേഖഗവേഷണത്തിൽനിന്നു ക്രിസ്ത്വബ്ദം 644–നു് ഏകദേശം നൂറുകൊല്ലം മുൻപുവരെ വിക്രമവർഷം, മാളവവർഷം എന്ന പേരിലാണു് പ്രചരിച്ചിരുന്നതെന്നു തെളിയുന്നു.

2. വിദേശിയർ, അതായതു് ഹൂണന്മാർ 6–ാം ശതാബ്ദത്തിന്റെ ആരംഭത്തിൽ ഭാരതത്തിൽനിന്നു പുറത്താക്കപ്പെട്ടുവെങ്കിലും അതു വിക്രമാദിത്യനാലല്ല, വേറൊരു രാജാവായ യശോവർമ്മവിഷ്ണുവർമ്മനാലാണു്, എന്നു ഇതിഹാസങ്ങളിൽനിന്നു തെളിയുന്നു.

3. ചരിത്രപരമായി നോക്കുമ്പോഴും ഈ കാലത്തു വിക്രമാദിത്യൻ എന്ന പേരായ ഒരു രാജാവുണ്ടായിരുന്നു എന്നുള്ളതിനു് ഒരു തെളിവും കിട്ടുന്നില്ല.

4. ആറാംനൂററാണ്ടിൽ സംസ്കൃതസാഹിത്യം പുനർജീവിച്ചു എന്നുള്ളതിനും മതിയായ തെളിവുകളില്ല. എന്തുകൊണ്ടെന്നാൽ, ഒന്നാമത്തെയും അഞ്ചാമത്തെയും ശിലാലേഖങ്ങളിൽനിന്നു ആ കാലഘട്ടത്തിൽ സംസ്കൃതകാവ്യശൈലികൾ നല്ല പ്രചാരം ഉണ്ടായിരുന്നുവെന്നും ക്രിസ്ത്വബ്ദം ഒന്നാംനൂററാണ്ടിൽ ജീവിച്ചിരുന്ന അശ്വഘോഷൻ ബുദ്ധചരിതം, സൌന്ദരനന്ദം എന്നീ മഹാകാവ്യങ്ങൾ സംസ്കൃതത്തിൽ രചിച്ചുവെന്നും മനസ്സിലാക്കാം.

5. യുദ്ധത്തിൽ ജയിച്ചതിൽ സന്തുഷ്ടനായ വിക്രമാദിത്യൻ വിക്രമവർഷം എന്തുകൊണ്ടു 600 വർഷത്തിനപ്പുറം തൊട്ടു തുടങ്ങി എന്ന പ്രശ്നത്തിനുള്ള സമാധാനം ഫെർഗ്യൂസൻ നല്കുന്നില്ല!

6. രഘുവംശത്തിൽ ഹൂണന്മാരെയൊ മററു ജാതിക്കാരെയൊ വിദേശീയാക്രമണകാരികളായി കരുതുന്നില്ല. രഘു തന്റെ ദിഗ്ജയസമയത്തു് അവരെ ഭാരതാതിർത്തിക്കു പുറത്തുവെച്ചാണു് തോല്പിച്ചതു്. ചൈനയിലെയും ഏഷ്യയിലെയും ഇതിഹാസങ്ങളിൽനിന്നു ക്രിസ്തുവിനു ഒന്നോ രണ്ടോ നൂററാണ്ടു മുൻപാണു് ഹൂണന്മാർ പാമീറിന്റെ ഉത്തരഭാഗത്തു വന്നതു് എന്നു തെളിയുന്നു.

7. മദ്ധ്യഭാരതത്തിലെ മന്ദസോർ എന്ന സ്ഥലത്തെ സൂര്യദേവാലയത്തിലെ ഒരു ശിലാലേഖത്തിൽ (473 A. D.) വത്സഭട്ടി എന്ന കവി, മേഘസന്ദേശത്തിലെയും ഋതുസംഹാരത്തിലെയും പല പദ്യങ്ങളെയും അനുകരിച്ചുകാണുന്നു.

8. കാളിദാസന്റെ ദിങ്നാഗൻ എന്ന വാക്കു ദിങ്നാഗൻ എന്ന ബുദ്ധമതാചാര്യനെ പരാമർശിക്കുന്നതായി പറയണമെന്നില്ല. ദിഗ്ഗജങ്ങളെ സംബന്ധിക്കുന്നതാണ് ആ വാക്ക്. മേഘത്തിന് ഉന്മത്തങ്ങളായ ദിഗ്ഗജങ്ങളിൽനിന്ന് ഒഴിഞ്ഞു മാറിപ്പോയില്ലെങ്കിൽ അവയുമായി ഏററുമുട്ടേണ്ടിവരുമെന്നാണ് കവിയുടെ വിവക്ഷ.

ചുരുക്കിപ്പറഞ്ഞാൽ മേല്പറഞ്ഞ വിവരങ്ങളിൽനിന്നു 6-ാം ശതാബ്ദമാണ് കാളിദാസന്റെ ജീവിതകാലം എന്ന വാദം സ്വീകാര്യമാകുന്നില്ല.

ഗുപ്തകാലീനനാണെന്നുള്ള അഭിപ്രായം

യൂറോപ്പിലെ വിദ്വാന്മാർ ഗുപ്തരാജാക്കന്മാരുടെ സമുജ്ജ്വലമായ ഭരണകാലത്താണ് കാളിദാസന്റെ ജനനം എന്നു വിശ്വസിക്കുന്നു. ശകന്മാരെ ഭാരതത്തിൽനിന്ന് ഓടിച്ചവനും വിക്രമാദിത്യൻ എന്ന പേരു സ്വീകരിച്ചവനും തന്റെ മുമ്പു പ്രചരിച്ചിരുന്ന മാളവവർഷത്തെ വിക്രമവർഷമാക്കി മാററിയവനുമായ ആൾ സമ്രാട്ടായ ചന്ദ്രഗുപ്തവിക്രമാദിത്യനാണ് എന്നു സമർത്ഥിക്കുന്നു. ഇങ്ങനെ സമർത്ഥിക്കുവാൻ താഴെ പറയുന്ന വാദമുഖങ്ങൾ അവർ ഉന്നയിക്കുകയും ചെയ്യുന്നു.

1. മധ്യഭാരതത്തിലെ മന്ദസോർ എന്നു പേരായ ഒരു സ്ഥലത്തു നിന്നു കിട്ടിയിട്ടുള്ള ക്രിസ്ത്വബ്ദം 473–ലെ ശിലാലേഖത്തിൽ വത്സഭട്ടി എന്നു പേരായ കവിയുടെ കൃതിയിൽ ഋതുസംഹാരത്തിലെയും മേഘസന്ദേശത്തിലെയും അനേകം പദ്യഭാഗങ്ങൾ കാണാൻ കഴിയുന്നതാണ്. അതുകൊണ്ട് ആ കാലഘട്ടം 473നു മുമ്പായിരിക്കണം.

2. കാളിദാസന്റെ രചനകളിൽ കാണുന്ന പ്രസന്നവും ഉത്കർഷോന്മുഖവുമായ ജീവിതവീക്ഷണത്തിൽനിന്ന് ഒരു കാര്യം ഊഹിക്കാം— തികച്ചും സമ്പന്നവും സംതൃപ്തവുമായ ഒരു കാലഘട്ടത്തിലാണ് അദ്ദേഹം ജീവിച്ചതു്. സാധാരണശൈലിയിൽ പറഞ്ഞാൽ ഒരു സുവർണ്ണയുഗത്തിൽ. ഇതു ചന്ദ്രഗുപ്തൻ രണ്ടാമന്റെ (380–413 A. D.) ഭരണകാലമായിരിക്കാം.

3. ഇതിനുപുറമെ കാളിദാസൻ മാളവികാഗ്നിമിത്രത്തിൽ ഒരശ്വമേധയാഗം വർണ്ണിച്ചിട്ടുണ്ട്. അതു സമുദ്രഗുപ്തൻ ചെയ്ത അശ്വമേധയാഗത്തിന്റെ ഒരു പ്രതീതിയുളവാക്കുന്നു.

4. രണ്ടാംചന്ദ്രഗുപ്തന്റെ പുത്രനായ കുമാരഗുപ്തന്റെ ജനനത്തെ അനുസ്മരിച്ചുകൊണ്ടാണ് കാളിദാസൻ കുമാരസംഭവത്തിൽ കുമാരശബ്ദം ഉൾക്കൊള്ളിച്ചതു് എന്നും രഘുവംശം മുതലായവയിലും കുമാരശബ്ദം ആവർത്തിച്ചു പ്രയോഗിച്ചിട്ടുണ്ട് എന്നും ചിലർ ചൂണ്ടിക്കാണിക്കുന്നു.

5. രഘുവംശത്തിലെ ഇന്ദുമതീസ്വയംവരവർണ്ണനയിൽ ജ്യോതിഷ്മതീ ചന്ദ്രമസൈവ രാത്രിഃ, ഇന്ദും നവോത്ഥാനമിവേന്ദുമത്യൈ

എന്നു തുടങ്ങിയ പദ്യഭാഗങ്ങളിൽ ചന്ദ്രമസ്സ് എന്നും ഇന്ദു എന്നുമുള്ള പ്രയോഗങ്ങൾ ചന്ദ്രഗുപ്തനെ സൂചിപ്പിക്കുന്നു.

6. കാളിദാസന്റെ രഘുവംശത്തിലും മററു പുസ്തകങ്ങളിലും ഗുപ് ധാതുവിന്റെ പ്രയോഗം വളരെയധികം ഇടങ്ങളിൽ കാണുന്നുണ്ട്. രഘുവംശത്തിൽ ജുഗോപാത്മാനമത്രസ്തഃ (1-21), ഗോപ്ത്രേ ഗുപ്തതമേന്ദ്രിയാഃ (1-55), ജുഗോപ ഗോരൂപധരാമിവോർവ്വീം (2-3), ഗോപ്താ ഗൃഹിണീസഹായഃ (2-24), തസ്യഗോപ്തുർ ഗുണോദയം (4-20), ഗുപ്തമൂലപ്രത്യന്തഃ (4-26) എന്നിങ്ങനെ കാളിദാസൻ വളരെ പ്രാവശ്യം ഗുപ് ധാതു പ്രയോഗിച്ചതു ഗുപ്തരാജാവിനെ സംബന്ധിച്ചതാണെന്നും അതുകൊണ്ടു കാളിദാസൻ ഗുപ്തരാജാവിന്റെ ആശ്രിതനായിരുന്നുവെന്നും തെളിയുന്നു.

വൈകല്യങ്ങൾ

1. ചന്ദ്രഗുപ്തൻ രണ്ടാമനെപ്പോലെ പരാക്രമശാലിയായ ഒരു രാജാവു സ്വമേധയാ ഒരു പ്രത്യേകവർഷം നടപ്പിലാക്കാതെ തനിക്കുമുമ്പു പ്രചരിച്ചിരുന്ന ഒരു വർഷത്തെ തന്റെ പേരിലാക്കി മാററി എന്നുള്ളതും തന്റെ പിതാമഹനായ ചന്ദ്രഗുപ്തൻ ഒന്നാമനാൽ നടപ്പാക്കപ്പെട്ട ഗുപ്തവർഷത്തെ സ്വീകരിക്കാതെ വേറെ ഒരു വർഷം തുടങ്ങി എന്നുള്ളതും തീർച്ചയായും അവിശ്വസനീയമാണ്. പോരെങ്കിൽ, ചന്ദ്രഗുപ്തന്റെ പൌത്രനായ സ്കന്ദഗുപ്തന്റെ കാലത്തുണ്ടായ ഗിരിനാരിലുള്ള ഒരു ശിലാലേഖത്തിൽ വിക്രമവർഷത്തെപ്പററി പറയാതെ ഗുപ്തപ്രകാലേ ഗണനാം വിധായ എന്നിങ്ങനെ ഗുപ്താബ്ദംകൊണ്ടാണ് കാലം കുറിച്ചിട്ടുള്ളതും.

2. സംസ്കൃതത്തിൽ പുത്രനെന്ന അർത്ഥത്തിൽ കുമാരൻ എന്ന പദം വളരെയധികം പ്രയോഗിച്ചിട്ടുള്ളതായി കാണാം. കാദംബരീ, വേണീസംഹാരം, മുദ്രാരാക്ഷസം തുടങ്ങിയ ഗ്രന്ഥങ്ങളിൽപ്പോലും കുമാരശബ്ദത്തിന്റെ പ്രയോഗം വിരളമല്ല. പുത്രൻ എന്നതിന്റെ പര്യായമായിട്ടേ കുമാരശബ്ദം പ്രയോഗിച്ചിട്ടുള്ളു എന്നു പറയുന്നതും ശരിയല്ല. ശിവപുത്രനായ സ്കന്ദൻ എന്ന നാമത്തിനു പകരവും കുമാരശബ്ദം പ്രചരിതമാണ്. ആ കുമാരശബ്ദത്തിന്റെ പ്രയോഗമാണ് കുമാരസംഭവം എന്നതിൽ ഉള്ളതെന്നു തീർച്ചയാണ്.

3. ചന്ദ്രൻ എന്ന വാക്കിനെ ആശ്രയിച്ചുള്ള തർക്കവും യുക്തിസഹമല്ല. സംസ്കൃതത്തിലെ എല്ലാ കാവ്യഗ്രന്ഥങ്ങളിലും ചന്ദ്രൻ എന്നോ ചന്ദ്രമസ്സ് എന്നോ ഉള്ള വാക്കുകൾ കാണാവുന്നതാണ്. കാവ്യങ്ങളിൽ ചന്ദ്രനെ വർണ്ണിക്കുന്നതു സാമാന്യമായിട്ടാണ്. അതുകൊണ്ടു എവിടെയെങ്കിലും ചന്ദ്രൻ എന്ന വാക്കു വരുമ്പോൾ അതു ചന്ദ്രഗുപ്തനെ ഉദ്ദേശിച്ചാണ് എന്നു വിചാരിക്കുന്നതു് അബദ്ധമായിരിക്കും. ഇതുപോലെ സാഗരം എന്ന ശബ്ദത്തിനു പകരം സമുദ്രം എന്ന ശബ്ദവും പ്രയോഗിക്കാറു

ണ്ടു്. ഈ ശബ്ദങ്ങളെ ആസ്പദമാക്കി എന്തെങ്കിലും നിഗമനത്തിലെത്തിച്ചേരുന്നതു് അല്പബുദ്ധിയെ വിളിച്ചറിയിക്കുന്നതിനു സമമാണു്.

4. മാളവികാഗ്നിമിത്രത്തിലെ അശ്വമേധയാഗത്തിന്റെയും യവനന്മാരുടെ പരാജയത്തിന്റെയും വർണ്ണനം ശകവംശപ്രവർത്തകനെസ്സംബന്ധിച്ചുള്ളതാണു് എന്നു് ഊഹിക്കാവുന്നതാണു്. കാളിദാസന്റെ രഘുദിഗ്വിജയവർണ്ണനമാകട്ടെ, വ്യത്യസ്തമാണു്. ഇതിഹാസപരമായേക്കാമെങ്കിലും തികച്ചും കവിതാപൂർണ്ണമാണു് ആ വർണ്ണനം. അതു പുരാണങ്ങളിലെ വർണ്ണനംപോലെ ഇരിക്കുന്നു. അതു ചരിത്രപരമാണെന്നു തെളിയിക്കുവാൻ കുറച്ചുകൂടി പ്രമാണങ്ങൾ ആവശ്യമാണു്. കാളിദാസകൃതികളിൽത്തന്നെ എവിടെയെല്ലാമാണു് ചന്ദ്രഗുപ്തൻ രണ്ടാമനെ ഉദ്ദേശിച്ചുകൊണ്ടുള്ളതാണെന്നു തോന്നിക്കുന്ന ചന്ദ്രപരാമർശം കാണുന്നതു് എന്നുള്ളതിനെസ്സംബന്ധിച്ചുപോലും അഭിപ്രായവ്യത്യാസങ്ങൾ കുറവല്ല.

5. വിക്രമാദിത്യൻ എന്ന പേരു് ഒരു ഗുപ്തരാജാവിനും ഉണ്ടായിട്ടില്ല. ചന്ദ്രഗുപ്തൻ രണ്ടാമന്റെ വിക്രമാദിത്യൻ എന്ന അഭിധ ഒരിക്കലും ഒരു പേരായിരുന്നില്ല, ഒരു ബിരുദനാമം മാത്രമായിരുന്നു. അക്കാലത്തു മുൻഗാമിയായ ഏതെങ്കിലും പ്രശസ്തന്റെ തിരുനാമമാണു് സ്ഥാനപ്പേരായി സ്വീകരിച്ചിരുന്നതു്. ഉദാഹരണമായി, റോമിൽ സീസർ എന്ന സ്ഥാനം വഹിച്ചിരുന്ന രാജാക്കന്മാർക്കു 'സീസർ' എന്ന പേരുള്ള പ്രസിദ്ധനായ ഒരു മുൻഗാമി ഉണ്ടായിരുന്നു. അതുകൊണ്ടു ചന്ദ്രഗുപ്തൻ രണ്ടാമൻ വിക്രമാദിത്യനായിരുന്നില്ലെന്നും കാളിദാസന്റെ കാലം അതല്ലായിരുന്നുവെന്നും തെളിയുന്നു.

6. ഗുപ്തയുഗത്തിലാണു് സംസ്കൃതസാഹിത്യത്തിന്റെ പുനരുത്ഥാനമുണ്ടായതു് എന്നുള്ള വാദവും ശരിയല്ല. സംസ്കൃതസാഹിത്യനിർമ്മാണം ഈ കാലവുമായി ബന്ധപ്പെട്ടതല്ല. കാവ്യരചന അതിനുമുമ്പുതന്നെ പ്രചരിതമായിരുന്നു. ക്രി. മു. ഒന്നാംനൂറ്റാണ്ടിൽ കാളിദാസൻ ജീവിച്ചിരിക്കണം. ക്രിസ്ത്വബ്ദം ഒന്നാംനൂറ്റാണ്ടായിരുന്നു അശ്വഘോഷന്റെ കാലം. സ്മൃതികളുടെയും പുരാണങ്ങളുടെയും രചന ഈ കാലങ്ങളിൽത്തന്നെ നടന്നുകൊണ്ടിരുന്നു. സംസ്കൃതകവികൾക്കു ഗുപ്തരാജാക്കന്മാർ ആശ്രയം നൽകിക്കൊണ്ടിരുന്നുവെന്ന കാര്യം പരിഗണിക്കുകയാണെങ്കിൽ സംസ്കൃതസാഹിത്യത്തിൽ പ്രധാനമായി രണ്ടു രാജാക്കന്മാരുടെ പേരുകളാണു് എടുത്തുപറയേണ്ടിവരിക—ഒന്നു ക്രി. മു. ജീവിച്ച വിക്രമാദിത്യന്റെയും മറ്റേതു പരമാരവംശപരമ്പരയിലെ രാജാവായ ഭോജന്റെയും (997–1052). സംസ്കൃതസാഹിത്യാഭിവൃദ്ധിക്കു നിദാനമായി ഗുപ്തന്മാരുടെ കാര്യം എവിടെയും പറഞ്ഞിട്ടില്ല.

7. (a) ഗുപ് എന്ന ധാതുവിന്റെ പ്രയോഗം കാരണം കാളിദാസൻ ഗുപ്തകാലീനനാണു് എന്നു പറയുന്നതു യുക്തിയുക്തമല്ല. ഏതെങ്കിലും ഒരു കവി പ്രയോഗിക്കുന്ന ചില ശബ്ദങ്ങളെ അടിസ്ഥാനമാക്കി ഏതെങ്കിലും

നിഗമനത്തിൽ എത്തിച്ചേരാൻ സാധിക്കുന്നതു ആ ശബ്ദം പ്രത്യേകാർത്ഥത്തെയൊ പ്രത്യേകവിഷയത്തെയൊ സൂചിപ്പിക്കുമ്പോൾ മാത്രമാണ്. ഗുപ് ധാതുവിനെപ്പോലെ സാധാരണ പ്രയോഗത്തിലിരിക്കുന്ന ഒരു ധാതുവിനെ ആസ്പദമാക്കി ഇപ്രകാരം അഭിപ്രായം പുറപ്പെടുവിക്കുക എന്നതു വിചാരസഹമല്ല.

(b) കാളിദാസൻ സുരക്ഷിതമാക്കുക എന്ന അർത്ഥത്തിലാണ് ഗുപ് ധാതു ഉപയോഗിച്ചിട്ടുള്ളതു്. രാമായണത്തിലും മഹാഭാരതത്തിലും ഗുപ് ധാതുവിന്റെ പ്രയോഗം വളരെ അധികം സ്ഥലങ്ങളിൽ കാണാം. പാരിഭാഷികമായും രാജ്യപരമായുമുള്ള സുരക്ഷ എന്ന അർത്ഥത്തിൽ ഗുപ് ധാതു കൌടില്യന്റെ അർത്ഥശാസ്ത്രത്തിലും മനുസ്മൃതിയിലും ധാരാളം പ്രയോഗിച്ചിട്ടുണ്ടു്. രഘുവംശത്തിലെ ഗുപ്തശബ്ദവും ഈ അർത്ഥത്തിലായിരിക്കണം പ്രയോഗിച്ചിരിക്കുന്നതു്.

(c) ഗുപ് ധാതു ഗുപ്തരാജാക്കന്മാരെ സൂചിപ്പിക്കുന്ന ശബ്ദമാണെങ്കിൽ കാളിദാസന്റെതന്നെ ഗ്രന്ഥത്തിൽ ആവർത്തിച്ചുകാണുന്ന ശക് ധാതു എന്തുകൊണ്ടു ശകരാജാക്കന്മാരെ സൂചിപ്പിക്കുന്ന ശബ്ദമായിക്കൂടാ? അതുകൊണ്ടു ഈ നിഗമനം സ്വീകാര്യമായി തോന്നുന്നില്ല.

മേൽകാണിച്ച ഏഴ് കാരണങ്ങളാൽ കാളിദാസൻ ഗുപ്തകാലീനനാണെന്നുള്ള അഭിപ്രായവും ശരിയാവാൻ വഴിയില്ല.

ക്രിസ്തുവിന്നു മുമ്പാണെന്നുള്ള അഭിപ്രായം

മഹാരാജവിക്രമാദിത്യൻ ഉജ്ജയിനിയിലെ രാജാവായിരുന്നു എന്നും അദ്ദേഹം ശകന്മാരെ തോല്പിച്ച്, അതിന്റെ സ്മാരകമായി ക്രി. മു. 57 മുതൽ വിക്രമവർഷം ആരംഭിച്ചുവെന്നും പ്രസിദ്ധമാണ്. കഥാസരിത്സാഗരത്തിൽ (ക്രിസ്ത്വബ്ദം ഒന്നാംനൂററാണ്ടിൽ ഗുണാഢ്യൻ രചിച്ച ബൃഹത്കഥയെ ആസ്പദമാക്കിയുള്ള കഥകളാണ് അതിലുള്ളതു്. ബൃഹത്കഥ ഇപ്പോൾ ലഭ്യമല്ല.) ഉജ്ജയിനിയിലെ രാജാവായ വിക്രമാദിത്യനെ സവിസ്തരം വർണ്ണിച്ചിട്ടുണ്ടു്. കഥാസരിത്സാഗരത്തിലെ സംഭവങ്ങൾക്കു ചരിത്രപ്രതിഷ്ഠയുണ്ടെന്നും അവ പ്രാമാണികമാണെന്നും നമ്മുടെ ഐതിഹ്യങ്ങൾക്കും അവയ്ക്കും തമ്മിലുള്ള സാദൃശ്യം തെളിയിക്കുന്നു. അതിന്റെ മൂലലേഖകനായ ഗുണാഢ്യൻ വിക്രമാദിത്യന്റെ കാലത്തിനടുത്താണ് ജീവിച്ചിരുന്നതു്. കഥാസരിത്സാഗരപ്രകാരം ഈ വിക്രമാദിത്യൻ പരമാരവംശജനായ മഹേന്ദ്രാദിത്യന്റെ പുത്രനാണ്. (മഹേന്ദ്രാദിത്യൻ മ്ലേച്ഛന്മാരെ ഉന്മൂലനംചെയ്കയും നാസ്തികന്മാരെ ഉച്ഛേദനം ചെയ്കയും വൈദികകർമ്മത്തെ ഉദ്ധരിക്കുകയും ചെയ്തിട്ടുണ്ടു്.) ഈ രാജാവ് ഒരു ശുദ്ധശൈവമതക്കാരനും ഉജ്ജയിനിയിലെ മഹാകാലക്ഷേത്രത്തിന്റെ നിർമ്മാതാവുമാണ്. ഇദ്ദേഹമാണ് ശകന്മാരെ തോല്പിച്ചതിന്റെ സ്മാരകമായി ക്രി. മു. ഒന്നാംനൂററാണ്ടിൽ മാളവസംവത്സരം എന്ന ആണ്ടു തുട

ങ്ങിയതും പ്രചാരത്തിൽ വരുത്തിയതും; ആ വർഷമാണ് പിന്നീടു വിക്രമവർഷമായി മാറിയതു്.

പരമാരവംശക്കാരനായ ഈ വിക്രമാദിത്യൻ വലിയ കാവ്യമർമ്മജ്ഞൻ കൂടിയായിരുന്നതുകൊണ്ടു കാളിദാസനെപ്പോലെയുള്ള മഹാകവികളുടെ ആശ്രയദാതാവാവാൻ വഴിയുണ്ടു്. വൈഷ്ണവരായ ഗുപ്തരാജാക്കന്മാരെ ആശ്രയിച്ചു ആയിരിക്കയില്ല, ശൈവമതക്കാരനായ ഈ വിക്രമാദിത്യന്റെ ആശ്രയത്തിലായിരിക്കണം, കാളിദാസൻ ജീവിച്ചതു്. കാരണം, അദ്ദേഹം തന്റെ കൃതികളിൽ ശിവനെയാണ് വന്ദിച്ചിരിക്കുന്നതു്. ഗുപ്തരാജാക്കന്മാരുടെ തലസ്ഥാനം പാടലീപുത്രമായിരുന്നു. എന്നാൽ കാളിദാസന്റെ ആശ്രയദാതാവു ഉജ്ജയിനിയിലെ രാജാവാണ്. വിക്രമോർവ്വശീയം എന്ന നാടകത്തിലൂടെ കവി തന്റെ ആശ്രയദാതാവിന്റെ പേരു അമരമായിരിക്കണമെന്നു ആഗ്രഹിച്ചിട്ടുണ്ടായിരിക്കും. ദിഷ്ട്യാ മഹേന്ദ്രോപകാരപര്യാപ്തേന വിക്രമമഹിമ്നാ വർധതേ ഭവാൻ (വിക്രമോർവശീയം 1.) അനുത്സേകഃ ഖലു വിക്രമാലങ്കാരഃ (വിക്രമോർവശീയം 1.) എന്നിങ്ങനെ ഇന്ദ്രന്റെ പര്യായമായി കവി മഹേന്ദ്രൻ എന്ന നാമവും പരാക്രമത്തിന്റെ പര്യായമായി വിക്രമശബ്ദവും അനേകം സ്ഥലങ്ങളിൽ പ്രയോഗിച്ചുകാണുന്നു. ഇതിലെ മഹേന്ദ്രശബ്ദം വിക്രമാദിത്യന്റെ പിതാവായ മഹേന്ദ്രനെയാണ് സൂചിപ്പിക്കുന്നതെന്നു് അനുമാനിക്കാം.

കൂടാതെ, മഹേന്ദ്രാദിത്യനും വിക്രമാദിത്യനും സൂര്യവംശക്കാരായിരുന്നതുകൊണ്ടാവണം കാളിദാസൻ രഘുവംശത്തിൽ സൂര്യവംശരാജാക്കന്മാരെ കഥാനായകന്മാരായി ചിത്രീകരിച്ചതു്. ഇതിനു പുറമെ രഘുവംശത്തിൽ ദിലീപനെയും രഘുവിനെയും വർണ്ണിച്ചിട്ടുള്ളതിലും കഥാസരിത്സാഗരത്തിൽ മഹേന്ദ്രാദിത്യനെ വർണ്ണിച്ചിട്ടുള്ളതിലും പല നിലയ്ക്കും സാദൃശ്യം കാണുന്നുമുണ്ടു്.

കാളിദാസന്റെ ഗ്രന്ഥങ്ങൾക്കും ബുദ്ധമതാവലംബിയായ അശ്വഘോഷന്റെ ഗ്രന്ഥങ്ങൾക്കും തമ്മിൽ വളരെ സാമ്യം കാണുന്നുണ്ടു്. രണ്ടു കൃതികളിലും വെച്ചു കാളിദാസന്റെ കൃതിക്കാണ് മേന്മയെങ്കിലും, അശ്വഘോഷന്റെ കൃതികളാണ് മുൻപു ഉണ്ടായതു്. കാളിദാസൻ അദ്ദേഹത്തെ അനുകരിച്ചു സ്വന്തം ശൈലി പരിഷ്കരിക്കുക മാത്രമാണു ചെയ്തതു് എന്നു ചില പാശ്ചാത്യപണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. അശ്വഘോഷൻ കുഷാണസമ്രാട്ടായ കനിഷ്കന്റെ (ക്രി. പി. ഒന്നാംനൂററാണ്ടിൽ) സമകാലീനനായിരുന്നു. ആ സ്ഥിതിക്കു കാളിദാസന്റെ ജീവിതദശ ക്രി. പി. ഒന്നാംനൂററാണ്ടിനു ശേഷമായിരുന്നെന്നു വന്നേക്കും. ആ അഭിപ്രായം അത്രയ്ക്കു ശരിയല്ല. പ്രാഥമികബൌദ്ധസാഹിത്യം പാലിഭാഷയിലാണ് എഴുതപ്പെട്ടിട്ടുള്ളതു്. പിന്നീടു സംസ്കൃതസാഹിത്യത്തിന്റെ പ്രഭാവവും പ്രചാരവും കാരണം ബുദ്ധമതലേഖകന്മാർ സംസ്കൃതഭാഷയിൽ

സാഹിത്യവും തത്ത്വജ്ഞാനവും എഴുതുവാൻ ആരംഭിച്ചു. സംസ്കൃതകാവ്യശൈലിയെ പരിഷ്കരിക്കാതെയാണു് അവർ അതു കൈകാര്യം ചെയ്തതു്. ആ നിലയ്ക്കു് അശ്വഘോഷൻ കാളിദാസന്റെ ശൈലിയെ സ്വീകരിക്കുകയാണു് യഥാർത്ഥത്തിലുണ്ടായതെന്നും കാളിദാസന്റെ ജീവിതകാലം അശ്വഘോഷനു മുൻപായിരുന്നുവെന്നും വിചാരിക്കണം. ബുദ്ധമതപ്രചാരത്തിനു് ഒരുപാധിയായി മഹാകാവ്യങ്ങൾ രചിച്ച അശ്വഘോഷനു ജനങ്ങളുടെ കണ്ണിലുണ്ണിയായ കാളിദാസന്റെ ശൈലിയും ഭാഷയും അനുകരിക്കുന്നതിൽ പ്രത്യേകമായ താൽപര്യത്തിനു കാരണമുണ്ടാവുമല്ലോ.

മാളവികാഗ്നിമിത്രത്തിൽ അഗ്നിമിത്രനെ നായകനായി ചിത്രീകരിച്ചിരിക്കുന്നതിൽനിന്നും ആ നാടകത്തിലെ—

ആശാസ്യമീതിവിഗമപ്രഭൃതി പ്രജാനാം
സമ്പത്സ്യതേ ന ഖലു ഗോപ്തരി നാഗ്നിമിത്രേ. (മാള—5/20)

എന്ന ഭരതവാക്യത്തിൽനിന്നും അക്കാലത്തു പ്രചരിച്ചിരുന്ന പല കാര്യങ്ങളെയും ആ നാടകത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതിൽനിന്നും കാളിദാസൻ അഗ്നിമിത്രന്റെ കാലത്തു (ക്രി. മു. ഏതാണ്ടു് ഒന്നാംനൂററാണ്ടിൽ) ജീവിച്ചിരുന്നു എന്നു വേണമെങ്കിൽ ഊഹിക്കാം. അഗ്നിമിത്രന്റെ പ്രോത്സാഹനത്തിൽ വളർന്ന കവിയാണു് കാളിദാസൻ എന്നു പറയുന്നതിനുള്ള പ്രധാന തടസ്ഥം അഗ്നിമിത്രൻ അച്ഛന്റെ പ്രതിനിധിയായി രാജ്യം ഭരിച്ചതുമാത്രമേ കവി ചിത്രീകരിച്ചിട്ടുള്ളു എന്നതും അദ്ദേഹത്തിനു വിക്രമാദിത്യൻ എന്ന സ്ഥാനപ്പേരുള്ളതായി ആരും പറയാത്തതുമാണു്. പ്രാപ്യാവന്തീനുദയനകഥാകോവിദഗ്രാമവൃദ്ധാൻ. (മേഘ.1/32) എന്ന ശ്ലോകപാദത്തിൽനിന്നു കാളിദാസന്റെ കാലമാകുമ്പോഴേക്കും ഉദയനന്റെ കഥ പ്രചുരപ്രചാരമായിക്കഴിഞ്ഞിട്ടുണ്ടു് എന്നു കാണാം. ഉദയനൻ ബുദ്ധന്റെയും മഹാവീരന്റെയും സമകാലീനനായിരുന്നു. ഉദയനന്റെ ഈ പ്രശസ്തി ക്രി. മു. ആയിരിക്കണം പ്രചരിച്ചിരുന്നതു്. കാളിദാസൻ പരശുരാമനെ ഒരവതാരപുരുഷനെന്ന നിലയ്ക്കല്ല, ഒരു ഋഷിയെന്ന നിലയ്ക്കാണു്, മാനിച്ചിരുന്നതു്. അതു ക്രി. മു. ആയിരിക്കണം. എന്തുകൊണ്ടെന്നാൽ, ക്രിസ്തുവിനുശേഷമുള്ള കാലത്താണു്, പരശുരാമനെ അവതാരപുരുഷനായി ഗണിപ്പാൻ തുടങ്ങിയതു്.

പ്രൊ. ശാരദാനന്ദന റായ, അലഹബാദിൽനിന്നു മാർഷൽ കണ്ടെടുത്ത ഒരു മുദ്രയുടെ അടിസ്ഥാനത്തിൽ, കാളിദാസന്റെ കാലം ക്രി. മു. ഒന്നാംനൂററാണ്ടിലായിരിക്കണമെന്നു അനുമാനിക്കുന്നു. ഈ മുദ്ര കാണുന്ന അവസരത്തിൽ നമ്മുടെ കണ്ണുകൾക്കു മുൻപിൽ അഭിജ്ഞാനശാകുന്തളത്തിൽ വേട്ടയാടിക്കൊണ്ടിരിക്കുന്ന ദുഷ്യന്തന്റെ ചിത്രവും ഋഷികൾ ഭോ ഭോ, രാജൻ ആശ്രമമൃഗോയം ന ഹന്തവ്യോ ന ഹന്തവ്യഃ എന്നു പറഞ്ഞു്, ആശ്രമത്തിലെ മൃഗത്തിന്റെ നേർക്കു് അമ്പെയ്യുന്നതു തടയുന്ന കാഴ്ചയും നൃത്തം ചെയ്തുകൊണ്ടിരിക്കുന്ന ഒരു പ്രതീതിയുളവാകുന്നു. കൂടാതെ, ആശ്രമ

ത്തിലെ കന്യകമാർ ചെടികൾ നനയ്ക്കുന്ന ചിത്രവും കാണാൻ കഴിയും. തന്മൂലം ശാകുന്തളം ഈ മുദ്രയ്ക്കു മുൻപു ഉടലെടുത്തിട്ടുണ്ടെന്നുവേണം വിചാരിക്കുക. ഈ മുദ്ര, ശുംഗവംശത്തിന്റെ (ക്രി. മു. 117 മുതൽ 72വരെ) കാലത്തുള്ളതാണെന്നു് അനുമാനിച്ചിരിക്കുന്നു. അപ്പോൾ കാളിദാസന്റെ രചന അതിനും മുമ്പാണെന്നു വരുന്നു. ഈ അഭിപ്രായത്തെ പ്രൊ. റായ ഇങ്ങനെ വ്യക്തമാക്കീട്ടുണ്ടു്—

> The medallion is supposed to belong to the Sunga period. Now, the Sunga Kings ruled at Pataliputra from 117 B.C to 72 B.C. If any of them knew of Shākuntalam, then the drama and therefore its author Kālidāsa must have existed before Christ. (*Introduction of Shākuntalam by Prof. Roy.*)

കാളിദാസൻ ഉത്തരാധികാരത്തെപ്പററിയും മോഷണംചെയ്തവരെ ശിക്ഷിക്കുന്നതിനെപ്പററിയും തന്റെ കൃതികളിൽ വർണ്ണിക്കുന്നതിൽനിന്നു അന്നു ഒരു വിധവയ്ക്കു തന്റെ ഭർത്താവിന്റെ ഉത്തരാധികാരം വഹിക്കുവാൻ സാധിച്ചിരുന്നില്ല എന്നു തെളിയുന്നു. ഇങ്ങനെയുള്ള ഒരു സ്ഥിതിവിശേഷം ക്രിസ്തുവിന്നുമുമ്പാണു് നിലവിലിരുന്നതു്. രത്നം മോഷ്ടിക്കുന്നതിനു അക്കാലത്തു മരണദണ്ഡം വരെയുള്ള ശിക്ഷകൾ നല്കിയിരുന്നുവെന്നു് അഭിജ്ഞാനശാകുന്തളത്തിലെ ആറാമങ്കത്തിൽനിന്നു തെളിയുന്നു. ഇതുപോലെ തന്നെ വിക്രമോർവ്വശീയത്തിലും മോഷണത്തിനു മരണദണ്ഡം സൂചിപ്പിക്കുന്നുണ്ടു്. മനുവിന്റെയും ആപസ്തംബന്റെയും നിയമപ്രകാരം രത്നം മോഷ്ടിച്ചാലുള്ള ശിക്ഷ മരണദണ്ഡമാണെന്നു കാണുന്നു. ബൃഹസ്പതി മുതലായവരുടെ സ്മൃതികളിൽ സാമ്പത്തികശിക്ഷ മുതലായവ മരണശിക്ഷയോടൊപ്പം ഐച്ഛികമായിരുന്നു.

കാളിദാസൻ തന്റെ കൃതികളിൽ ലുപ്തപ്രചാരങ്ങളും വൈദികങ്ങളുമായ പദങ്ങൾ പ്രയോഗിച്ചിട്ടുണ്ടു്. പരമേഷ്ഠി, ധിഷ്ണ്യം മുതലായവ ദൃഷ്ടാന്തങ്ങളാണു്. ഇത്രയുംകൊണ്ടായില്ല, അദ്ദേഹം അഭിജ്ഞാനശാകുന്തളത്തിൽ **അമീ വേദീം പരിതഃ** (ശാകു–4/8) എന്നു ഋക്ച്ഛന്ദസ്സുതന്നെ പ്രയോഗിച്ചിരിക്കുന്നു. ഇതിൽനിന്നു അദ്ദേഹം വൈദികകാലത്തിനടുത്താണു് ജീവിച്ചിരുന്നതെന്നനുമാനത്തിനു വകയുണ്ടു്. രാമായണത്തിലെയും ഭാഗവതത്തിലെയും ആർഷവും അപ്രചരിതവുമായ എത്രയെത്ര പ്രയോഗങ്ങൾ അദ്ദേഹത്തിന്റെ കൃതികളിൽ കാണുന്നു!

വിശിഷ്യ, കാളിദാസന്റെ ശൈലിയിൽനിന്നു സംസ്കൃതഭാഷ ആ കാലത്തു വ്യവഹാരഭാഷയായിരുന്നുവെന്നു തെളിയുന്നു. പതഞ്ജലിയുടെ (150 ക്രി. മു.) കാലത്തു സംസ്കൃതം വ്യവഹാരഭാഷയായിരുന്നുവെന്നു മഹാഭാഷ്യത്തിൽനിന്നു തെളിയുന്നുണ്ടു്. അതുകൊണ്ടു കാളിദാസൻ ആയിടയ്ക്കാവണം ജീവിച്ചിരുന്നതെന്നു വിചാരിക്കണം.

ഇതിനുപുറമെ, അപാണിനീയങ്ങളായ എത്രയെത്ര പ്രയോഗങ്ങളാണ് കാളിദാസകൃതികളിൽ കാണുന്നതെന്നോ? അക്കാരണത്താലും പാണിനീയവ്യാകരണം പൂൎണ്ണരൂപത്തിൽ പ്രതിഷ്ഠിതമാകാത്ത കാലത്തോ മററു സംസ്കൃതവ്യാകരണങ്ങൾ പാണിനീയവ്യാകരണത്തോടൊപ്പം പ്രചരിച്ചിരുന്ന കാലത്തോ ആയിരിക്കണം, കാളിദാസൻ ജീവിച്ചിരുന്നതെന്നു തെളിയുന്നു. പ്രസ്തുതപരിതഃസ്ഥിതിയിലാവാം, കാളിദാസൻ മേൽപ്രസ്താവിച്ചതുപോലെയുള്ള പ്രയോഗങ്ങൾക്കു മുതിൎന്നത്. ഗുപ്തകാലമാകുമ്പൊഴെല്ലാം പാണിനീയവ്യാകരണം പൂൎണ്ണരൂപത്തിൽ പ്രതിഷ്ഠിതമായിക്കഴിഞ്ഞിരുന്നു. അതുകൊണ്ടു കാളിദാസൻ ക്രി. മുമ്പാണ് ജീവിച്ചിരുന്നതെന്നു തെളിയുന്നു. കാളിദാസൻെറ ഭാഷയെയും ശൈലിയെയും ഗുപ്തകാലത്തെ ശിലാലേഖങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ ആ ഭാഷയും ശൈലിയും ശിലാലേഖങ്ങളിൽ കാണുന്നവയെക്കാൾ എത്രയോ പുരാതനമാണെന്നു സ്പഷ്ടമാകുന്നുണ്ട്. ശിലാലേഖഭാഷയിലെ കൃത്രിമത്വവും സമാസബാഹുല്യവും പാണിനീയവ്യാകരണത്തിൻെറ പ്രഭാവവും കാളിദാസൻെറ ഭാഷയ്ക്കില്ല. ഈ വസ്തുതയും കാളിദാസൻെറ കാലം ക്രി. മുമ്പാണെന്നുള്ള നിഗമനത്തിന്നുപോൽബലകമാണ്.

വിക്രമാദിത്യൻെറ നവരത്നങ്ങളിൽ ഒന്നു കാളിദാസനായിരുന്നു. അതു താഴെ പറയുന്ന ശ്ലോകത്തിൽനിന്നു മനസ്സിലാക്കാം—

ധന്വന്തരിക്ഷപണകാമരസിംഹശങ്കു-
വേതാളഭട്ടഘടകൎപ്പരകാളിദാസാഃ
ഖ്യാതോ വരാഹമിഹിരോ നൃപതേഃ സഭായാം
രത്നാനി വൈ വരരുചിൎന്നവ വിക്രമസ്യ.

ഡോ. പെറേറർസണും ഈ അഭിപ്രായത്തെ മാനിച്ചുകൊണ്ടു് ഇപ്രകാരം എഴുതിക്കാണുന്നു— ''Kālidāsa stands near the beginning of the Christian era, if indeed he does not overtop it.''

ഭാരതീയവും പാശ്ചാത്യവുമായ പ്രസ്തുതാഭിപ്രായങ്ങളുടെ അടിസ്ഥാനത്തിൽ കാളിദാസൻെറ കാലം ക്രി. മു. ഒന്നാംനൂററാണ്ടിലോ അതിനു മുമ്പോ ആയിരിക്കുമെന്നുള്ള നിഗമനത്തിൽ നാം എത്തിച്ചേരുന്നു.

വിപുലമായ വിജ്‌ഞാനം

കാളിദാസൻെറ കൃതികളിലൂടെ കണ്ണോടിച്ചാൽ അദ്ദേഹത്തിൻെറ ശാസ്ത്രീയജ്ഞാനം വിപുലവും അഗാധവുമായിരുന്നുവെന്നു മനസ്സിലാകും. അദ്ദേഹം വേദം, വേദാന്തം, വ്യാകരണം, നിരുക്തം, ജ്യോതിഷം, പുരാണധൎമ്മശാസ്ത്രാദികൾ, രാഷ്ട്രതന്ത്രം, കാവ്യനാടകാലങ്കാരങ്ങൾ മുതലായ വിദ്യാവിഭാഗങ്ങളെല്ലാം വേണ്ടപോലെ മനസ്സിലാക്കിയിരുന്നു. അക്കാ

ഷ്യം വ്യക്തമാക്കുന്ന വളരെയധികം പ്രയോഗങ്ങൾ അദ്ദേഹത്തിന്റെ കൃതികളിൽ കാണാവുന്നതാണ്. സംസ്കൃതസാഹിത്യഭണ്ഡാഗാരത്തെ അദ്ദേഹം പൂർണ്ണമായും ഹൃദിസ്ഥമാക്കിയിരുന്നു.

കാളിദാസനു വേദത്തിന്റെ പേരിൽ എത്ര മഹത്തരമായ ബഹുമാനമുണ്ടായിരുന്നുവെന്നു കാണിക്കുന്ന പല സന്ദർഭങ്ങളും ആ മഹാകവിയുടെ കൃതികളിൽ കാണാം. രഘുവംശത്തിൽ സൂര്യവംശകുലകൂടസ്ഥനായ വൈവസ്വതമനുവിനെ അവതരിപ്പിക്കുന്നതുതന്നെ വേദാദിഭൂതമായ പ്രണവത്തോടുപമിച്ചുകൊണ്ടാണ്. നോക്കുക—

വൈവസ്വതോ മനുർനാമ മാനനീയോ മനീഷിണാം
ആസീന്മഹീക്ഷിതാമാദ്യഃ പ്രണവശ്ഛന്ദസാമിവ.
(രഘു–1/11)

കുമാരസംഭവത്തിൽ ദേവന്മാർ ബ്രഹ്മാവിനെ സ്തുതിക്കുമ്പോൾ വേദങ്ങളെ പരാമർശിക്കുന്നതിങ്ങനെയാണ്—

ഉദ്ഘാതഃ പ്രണവോ യാസാം ന്യായൈസ്ത്രിഭിരുദീരണം
കർമ്മ യജ്ഞഃ ഫലം സ്വർഗ്ഗസ്താസാം ത്വം പ്രഭവോ ഗിരാം.
(കുമാ–2/12)

മാളവികാഗ്നിമിത്രത്തിൽ പരിവ്രാജികയായ പണ്ഡിതകൗശികിയോടു ചേർന്ന മാളവികയെ ഉപമിക്കുന്നതു് ഉപനിഷത്തുകളോടു ചേർന്ന വേദത്രയത്തോടാണ്—

മംഗളാലങ്കൃതാ ഭാതി കൗശിക്യാ യതിവേഷയാ
ത്രയീ വിഗ്രഹവത്യേവ സമമധ്യാത്മവിദ്യയാ. (മാള–1/14)

(ത്രയീ = മൂന്നുവേദങ്ങൾ, അധ്യാത്മവിദ്യ = ഉപനിഷത്തു്.)
അഥർവ്വവേദപ്രതിപത്തിപോലും അദ്ദേഹം യഥാസ്ഥാനം പ്രകാശിപ്പിക്കാൻ വൈമുഖ്യം കാണിച്ചിട്ടില്ല.

അഥാഥർവ്വനിധേസ്തസ്യ വിജിതാരിപുരഃ പുരഃ
അർത്ഥ്യാമർത്ഥപതിർവാചമാദദേ വദതാം വരഃ. (രഘു–1/59)

വേദങ്ങൾക്കും സ്മൃതികൾക്കും തമ്മിലുള്ള ആശ്രയാശ്രയീഭാവവും ഒരു ഉപമയിലൂടെ വ്യക്തമാക്കിയിട്ടുണ്ട്—

തസ്യാഃ ഖുരന്യാസപവിത്രപാംസു–
മപാംസുലാനാം ധുരി കീർത്തനീയാ
മാർഗ്ഗം മനുഷ്യേശ്വരധർമ്മപത്നീ
ശ്രുതേരിവാർത്ഥം സ്മൃതിരന്വഗച്ഛൽ.
(രഘു–2/2)

സർവ്വവിദ്യകളുടെയും മൂലം വേദമാണെന്നത്രേ ഭാരതീയരുടെ ചിരപുരാതനമായ വിശ്വാസം. ആ വിശ്വാസത്തിൽ വളർന്നുവന്ന മഹാകവിയാണ് കാളിദാസൻ എന്നതിലേക്കു മേൽകാണിച്ച ഉദാഹരണങ്ങൾ സാക്ഷ്യം വഹിക്കുന്നു.

ഒരു സംസ്കൃതകാവ്യനിർമ്മാതാവിനു സംസ്കൃതവ്യാകരണത്തിൽ നിഷ്കൃഷ്ടമായ ജ്ഞാനം ഉണ്ടായിരിക്കുമെന്നതു് അനുക്തസിദ്ധമാണ്. എന്നാൽ ആ ശാസ്ത്രത്തിലെ സാങ്കേതികവശങ്ങളെപ്പോലും ചമൽക്കാരത്തോടുകൂടി കാവ്യത്തിലുൾപ്പെടുത്താൻ പലർക്കും കഴിയുകയില്ല. സാമാന്യവിധികളെ വിശേഷവിധികൾ ബാധിക്കുന്നതിനു തുല്യമായി അസുരന്മാർ ദേവന്മാരെ ആക്രമിച്ചതിനെ കാണുകയും ബാലിയുടെ സ്ഥാനത്തു സുഗ്രീവനെ വാഴിച്ചതു് ഒരു ധാതുവിന്റെ സ്ഥാനത്തു മറ്റൊരാദേശം വരുന്നതിനോടു തുല്യമായി കാണുകയും ചെയ്ത കാളിദാസൻ വ്യാകരണശാസ്ത്രത്തിന്റെ സ്വാരസ്യം എത്രമാത്രം ഗ്രഹിച്ചിട്ടുണ്ടെന്നു തെളിയിക്കുന്നുണ്ടല്ലോ—

ലബ്ധപ്രതിഷ്ഠാഃ പ്രഥമം യൂയം കിം ബലവത്തരൈഃ
അപവാദൈരിവോൽസർഗ്ഗാഃ കൃതവ്യാവൃത്തയഃ പരൈഃ.
(കുമാ—2/27)

സ ഹത്വാ ബാലിനം വീരസ്തൽപദേ ചിരകാംക്ഷിതേ
ധാതോഃ സ്ഥാന ഇവാദേശം സുഗ്രീവം സംന്യവേശയൽ.
(രഘു—12/58)

നിരുക്തം എന്ന വേദാംഗം നാമങ്ങളുടെ അർത്ഥം നിർവ്വചിക്കുന്നു. കാളിദാസനെപ്പോലെ നിരുക്തത്തിനു തന്റെ കാവ്യത്തിൽ സാർവ്വത്രികമായ അനുപ്രവേശം നൽകിയിട്ടുള്ള ഒരു കവി വേറെയുണ്ടോ എന്നു സംശയമാണ്. പാർവ്വതി, ഉമ, അപർണ്ണ, രഘു, അജൻ, കുശൻ, ലവൻ തുടങ്ങി നിർവ്വചനമർഹിക്കുന്ന നാമങ്ങൾക്കെല്ലാം വ്യക്തമായും, പല നാമങ്ങൾക്കും അവ്യക്തമായും കാളിദാസൻ നിർവ്വചനം നൽകിയിട്ടുണ്ട്. ചില ഉദാഹരണങ്ങൾ നോക്കുക—

താം പാർവ്വതീത്യാഭിജനേന നാമ്നാ
ബന്ധുപ്രിയാം ബന്ധുജനോ ജുഹാവ,
ഉമേതി മാത്രാ തപസോ നിഷിദ്ധാ
പശ്ചാദുമാഖ്യാം സുമുഖീ ജഗാമ. (കുമാ—1/26)

സ്വയംവിശീർണ്ണദ്രുമപർണ്ണവൃത്തിതാ
പരാ ഹി കാഷ്ഠാ തപസസ്തയാ പുനഃ
തദപ്യപാകീർണ്ണമതഃ പ്രിയംവദാം
വദന്ത്യപർണ്ണേതി ച താം പുരാവിദഃ. (കുമാ—5/28)

ശ്രുതസ്യ യായാദയമന്തമർഭക-
സ്തഥാ പരേഷാം യുധി ചേതി പാർത്ഥിവഃ
അവേക്ഷ്യ ധാതോർഗമനാൎത്ഥമൎത്ഥവി-
ച്ചകാര നാമ്നാ രഘുമാത്മസംഭവം. (രഘു–3/21)

ബ്രാഹ്മേ മുഹൂൎത്തേ കില തസ്യ ദേവീ
കുമാരകല്പം സുഷുവേ കുമാരം
അതഃ പിതാ ബ്രഹ്മണ ഏവ നാമ്നാ
തമാത്മജന്മാനമജം ചകാര. (രഘു–5/36)

സ തൌ കുശലവോന്മൃഷ്ടഗൎഭക്ലേദൌ തദാഖ്യയാ
കവിഃ കുശലവാവേവ ചകാര കില നാമതഃ. (രഘു–15/32)

അതുപോലെ

യദമോഘമപാമന്തരുപ്തം ബീജമജ ത്വയാ
അതശ്ചരാചരം വിശ്വം പ്രഭവസ്തസ്യ ഗീയസേ. (കുമാ–2/5)

എന്നു തുടങ്ങി ദേവന്മാരുടെ ബ്രഹ്മസ്തുതിയിലും രഘുവംശം 10–ാംസൎഗ്ഗത്തിലുള്ള

നമോ വിശ്വസൃജേ പൂൎവ്വം വിശ്വം തദനു ബിഭ്രതേ
അഥ വിശ്വസ്യ സംഹർത്രേ തുഭ്യം ത്രേധാസ്ഥിതാത്മനേ.
(രഘു–10/16)

ഇത്യാദി വിഷ്ണുസ്തുതിയിലും പുരാണങ്ങളിൽ കാണുന്ന പ്രപഞ്ചോൽപത്തിവൎണ്ണനത്തിന്റെയും സാംഖ്യയോഗാദിശാസ്ത്രങ്ങളുടെയും സാരസംഗ്രഹം കാണാം. സാമുദ്രികശാസ്ത്രത്തിൽ വിധിക്കുന്ന ഉത്തമസ്ത്രീലക്ഷണങ്ങളെല്ലാം ഘടിപ്പിച്ചുകൊണ്ടാണ് കുമാരസംഭവത്തിൽ പാൎവ്വതിയുടെ പാദാദികേശവൎണ്ണനം നിൎവ്വഹിച്ചിട്ടുള്ളത്.

സുഗന്ധിനിശ്വാസവിവൃദ്ധതൃഷ്ണം
ബിംബാധരാസന്നചരം ദ്വിരേഫം
പ്രതിക്ഷണം സംഭ്രമലോലദൃഷ്ടിർ-
ലീലാരവിന്ദേന നിവാരയന്തീ. (കുമാ–3/56)

ഇത്യാദി പദ്യങ്ങളിൽ കാമശാസ്ത്രത്തിലെ പത്മിനിയുടെ ലക്ഷണം കടാക്ഷിച്ചിട്ടുള്ളതായി കാണാം.

കാളിദാസന്റെ കലാവിജ്ഞാനവും അത്ഭുതാവഹമാണ്. മാളവികാഗ്നിമിത്രം നാടകത്തിൽ നൃത്തം, ഗീതം വാദ്യം നാട്യം എന്നീ കലകളുടെയെല്ലാം സമുചിതമായ മേളനം ദൃശ്യമാണ്. നാട്യാചാൎയ്യനായ ഗണദാസൻ നാട്യകലയുടെ അനന്യസുലഭമായ മഹത്വത്തെ ശാസ്ത്രീയമായിത്തന്നെ അപഗ്രഥിക്കുന്നുണ്ട്. കാമം ഖലു സൎവ്വസ്യാപി കലവിദ്യാ ബഹുമതാ, ന പുനരസ്മാകം നാട്യം പ്രതി മിഥ്യാഗൌരവം എന്ന മുഖവുരയോടുകൂടി അദ്ദേഹം പറയുകയാണ്—

ദേവാനാമിദമാമനന്തി മുനയഃ ശാന്തം ക്രതും ചാക്ഷുഷം
രുദ്രേണേദമുമാകൃതവ്യതികരേ സ്വാംഗേ വിഭക്തം ദ്വിധാ
ത്രൈഗുണ്യോദ്ഭവമത്ര ലോകചരിതം നാനാരസം ദൃശ്യതേ
നാട്യം ഭിന്നരുചേർജനസ്യ ബഹുധാപ്യേകം സമാരാധനം.
(മാള—1/4)

ദേവന്മാരെസ്സംബന്ധിച്ചിടത്തോളം നാട്യം ശാന്തമായ—ഹിംസാദോഷസ്പർശമില്ലാത്ത — ഒരു യജ്ഞമാണ്, ശ്രീ പരമേശ്വരൻതന്നെ സ്വയം അംഗീകരിച്ച കലയാണ് നാട്യം. നാനാരസഭാവതരംഗിതങ്ങളായ, സാത്വികങ്ങളും രാജസങ്ങളും താമസങ്ങളുമായ—ലോകചരിതം മുഴുവനും നാട്യത്തിൽ പ്രത്യക്ഷമായി കാണാം. ഭിന്നരുചിയായ ലോകത്തിൽ എല്ലാവരെയും തൃപ്തിപ്പെടുത്താൻ കഴിവുള്ളതു നാട്യംമാത്രമാണ് എന്നു ഗണദാസൻ സാഭിമാനം പറയുന്നു. മാത്രമല്ല, അന്നത്തെ അഭിനയസമ്പ്രദായംപോലും കാളിദാസൻ ഒരു ശ്ലോകത്തിൽ വ്യക്തമായി വിവരിക്കുന്നുണ്ട്—

അംഗൈരന്തർന്നിഹിതവചനൈഃ സൂചിതഃ സമ്യഗർത്ഥഃ
പാദന്യാസോ ലയമനുഗതസ്തന്മയത്വം രസേഷു
ശാഖായോനിർമൃദുരഭിനയസ്തദ്വികല്പാനുവൃത്തൗ
ഭാവോ ഭാവം നുദതി വിഷയാദ്രാഗബന്ധഃ സ ഏവ.
(മാള–2/8)

ഈ ശ്ലോകത്തിൽ വിവരിച്ച അഭിനയരീതി ഇപ്പോൾ കേരളത്തിലെ കൂത്തമ്പലങ്ങളിലൊഴികെ മറ്റെങ്ങും നിലവിലില്ല. പണ്ടത്തെ സംസ്കൃതനാടകാഭിനയത്തിന്റെ സ്വഭാവം ഇന്നു കേരളക്ഷേത്രങ്ങളിൽ നടപ്പുള്ളതുതന്നെയായിരുന്നുവെന്നു മനസ്സിലാക്കാൻ കാളിദാസന്റെ ഈ ശ്ലോകം ഒരു നല്ല തെളിവായിട്ട് ഉപകരിക്കുന്നു.

പുഷ്കരവാദ്യത്തിന്റെ പ്രയോഗത്തെക്കുറിച്ചു വിവരിക്കുന്ന ഒരു പദ്യവുമുണ്ട്, മാളവികാഗ്നിമിത്രത്തിൽ—

ജീമൂതസ്തനിതവിശങ്കിഭിർമയൂരൈ-
രുദ്ഗ്രീവൈരനുരസിതസ്യ പുഷ്കരസ്യ
നിർഹ്രാദിന്യുപഹിതമദ്ധ്യമസ്വരോത്ഥാ
മായൂരീ മദയതി മാർജനാ മനാംസി. (മാള–1/21)

എന്ന്. ഇടിമുഴക്കത്തിനു തുല്യമായ, മയിലുകളെ നൃത്തംവെപ്പിക്കുന്ന, ഈ പുഷ്കരവാദ്യധ്വനിയും ഇപ്പോൾ കേരളത്തിലെ കൂത്തമ്പലങ്ങളിൽ കേൾക്കാം.

പുരോപകണ്ഠോപവനാശ്രയാണാം
കലാപിനാമുദ്ധതനൃത്യഹേതൗ

പ്രധ്മാതശംഖേ പരിതോ ദിഗന്താം-
സ്തൂര്യ്യസ്വനേ മൂർച്ഛതി മംഗലാർത്ഥേ. (രഘു-6/9)

എന്നു രഘുവംശത്തിലും മഹാകാളക്ഷേത്രവർണ്ണനത്തിൽ മേഘസന്ദേശത്തിലും കാളിദാസൻ തന്റെ വാദ്യകലാപ്രതിപത്തി വ്യക്തമാക്കീട്ടുണ്ടു്.

നൃത്തകലയ്ക്കുവേണ്ടി ഉഴിഞ്ഞുവെച്ച അങ്കമാണു് വിക്രമോർവ്വശീയത്തിലെ നാലാമങ്കം. ഉർവ്വശീവിരഹത്താൽ ഉന്മാദംപൂണ്ടു പാഞ്ഞുനടക്കുന്ന പുരൂരവസ്സു് പലതരം ഗീതികളും പാടുന്നു, പലതരം നൃത്തങ്ങളും ആവിഷ്കരിക്കുന്നു. നൃത്തകലയ്ക്കു് ഇത്രമാത്രം പ്രാധാന്യം നൽകീട്ടുള്ള ഒരു ഘട്ടം കാളിദാസകൃതികളിൽ വേറെ കാണുകയില്ല.

ശാകുന്തളത്തിലെ പ്രസ്താവനയിലും അഞ്ചാമങ്കത്തിന്റെ ആരംഭത്തിലും ഗീതകലയ്ക്കുള്ള അത്ഭുതപ്രഭാവം മഹാകവി ആവിഷ്കരിച്ചിട്ടുണ്ടു്. കുമാരസംഭവത്തിൽ സമാധിയിലിരിക്കുന്ന പരമേശ്വരനുപോലും അപ്സരസ്സുകളുടെ വസന്തഗാനം കേട്ടപ്പോൾ ചിത്തൈകാഗ്ര്യം നിലനിർത്താൻ പ്രയാസപ്പെടേണ്ടിവന്നുവെന്നു തുറന്നുപറഞ്ഞ കാളിദാസനു ഗീതകലയോടുള്ള മനോഭാവം എന്താണെന്നു വ്യക്തമാണു്.

ശ്രുതാപ്സരോഗീതിരപി ക്ഷണേസ്മിൻ
ഹരഃ പ്രസംഖ്യാനപരോ ബഭൂവ
ആത്മേശ്വരാണാം നഹി ജാതു വിഘ്നാഃ
സമാധിഭേദപ്രഭവോ ഭവന്തി. (കുമാ-3/40)

എന്ന പദ്യമാണു് ഇവിടെ സൂചിപ്പിച്ചതു്.

ചിത്രകലയെക്കുറിച്ചു് കാളിദാസന്റെ പരാമർശം കാണുമ്പോൾ മറ്റേതു കലയിലുമധികം പ്രതിപത്തി കാളിദാസനു ആ കലയിലാണെന്നു തോന്നിപ്പോകും. സന്ദർഭംകിട്ടുന്ന ദിക്കിലെല്ലാം ആ കവി ചിത്രകലയ്ക്കു് അനുപ്രവേശം നൽകുന്നു. ചിത്രങ്ങൾക്കു ചില സൂക്ഷ്മരേഖകൾകൊണ്ടു മിഴിവു വരുത്തുന്നതിലും പശ്ചാത്തലചിത്രണത്തിലും കാളിദാസൻ എത്രമാത്രം ശ്രദ്ധിക്കാറുണ്ടെന്നു ശാകുന്തളത്തിലെ രണ്ടു ശ്ലോകങ്ങൾമാത്രം നോക്കിയാൽ വ്യക്തമാവും. എഴുതിക്കഴിഞ്ഞ ശകുന്തളയുടെ ചിത്രത്തിൽ രണ്ടലങ്കാരവുംകൂടി എഴുതേണ്ടതുണ്ടെന്നു ദുഷ്യന്തൻ പറയുന്നു—

കൃതം ന കർണ്ണാർപ്പിതബന്ധനം സഖേ
ശിരീഷമാഗണ്ഡവിലംബികേസരം
ന വാ ശരച്ചന്ദ്രമരീചികോമളം
മൃണാളസൂത്രം രചിതം സ്തനാന്തരേ. (ശാകു-6/18)

ചെവികളിൽ ഓരോ നെന്മേനിവാകപ്പൂവും സ്തനമദ്ധ്യത്തിൽ നേരിയ ഒരു താമരനൂൽമാലയുംകൂടി എഴുതേണ്ടതുണ്ടെന്നാണു് ആ ചിത്രകലാമർമ്മ

ജ്ഞന്റെ അഭിപ്രായം. ശകുന്തളയുടെ ചിത്രത്തിന്നു പശ്ചാത്തലമൊരുക്കുന്നതു നോക്കുക—

കാര്യാ സൈകതലീനഹംസമിഥുനാ സ്രോതോവഹാ മാലിനീ
പാദാസ്താമഭിതോ നിഷണ്ണഹരിണാ ഗൌരീഗുരോഃ പാവനാഃ
ശാഖാലംബിതവല്ക്കലസ്യ ച തരോർന്നിർമ്മാതുമിച്ഛാമ്യധഃ
ശൃംഗേ കൃഷ്ണമൃഗസ്യ വാമനയനം കണ്ഡൂയമാനാം മൃഗീം.
(ശാകു–6/17)

മാലിനീനദി, അതിന്റെ മണൽത്തിട്ടിൽ അണിയണിയായി നിരന്നിരിക്കുന്ന ഇണചേർന്ന അരയന്നങ്ങൾ, മാലിനിയുടെ രണ്ടു കരയ്ക്കും ഹിമവാന്റെ പാവനങ്ങളായ അടിവാരപ്രദേശങ്ങൾ, അവിടെ അയവിറക്കിക്കൊണ്ടു വിശ്രമിക്കുന്ന മാനുകൾ, അവയുടെ സമീപത്തു മനോഹരമായ ഒരു വൃക്ഷം, അതിന്റെ കൊമ്പുകളിൽ ഉണങ്ങാൻ തോരയിട്ടിരിക്കുന്ന മരവുരികൾ. ആ മരത്തിന്റെ ചുവട്ടിൽ ഒരു കലമാൻ അനങ്ങാതെ കിടക്കുന്നു. ആ കലമാനിന്റെ അടുക്കൽ ഉരുമ്മിനിന്നു് അതിന്റെ കൊമ്പിൻതുമ്പത്തു് ഒരു മാൻപേട തന്റെ ഇടതുകണ്ണു് ഉരസിക്കൊണ്ടിരിക്കുന്നു. എത്ര മനോഹരമായ പശ്ചാത്തലം! തപോവനശാന്തതയും എന്നാൽ ശൃംഗാരാനുകൂലമായ ഉദ്ദീപനശക്തിയും എത്ര ഭംഗിയായി ഇണക്കിച്ചേർത്തിരിക്കുന്നു. മഹാകവിയുടെ ചിത്രകലാപ്രതിപത്തി പ്രകാശിപ്പിക്കുവാൻ ഈ ഒരൊററ ഉദാഹരണംതന്നെ തികച്ചും പര്യാപ്തമാണു്.

ഇങ്ങനെ പറയാൻ തുടങ്ങിയാൽ അവസാനിക്കുകയില്ല. കാളിദാസന്റെ കാലത്തു പ്രചാരത്തിലിരുന്നിരുന്ന വിജ്ഞാനശാഖകളിലെല്ലാം ആ കവിക്കു ഗാഢമായ അവഗാഹം ഉണ്ടായിരുന്നുവെന്നു വിളിച്ചുപറയുന്നവയാണു് കാളിദാസകൃതികളുടെ ഏതു ഭാഗവും. പക്ഷേ ഒന്നുണ്ടു്, ശാസ്ത്രാർത്ഥം ശാസ്ത്രാർത്ഥമായി ഒരിക്കലും അനുഭവപ്പെടുകയില്ല. കാവ്യരസാസ്വാദനത്തിനു ഭംഗം വരുത്തുന്ന യാതൊന്നും കാളിദാസകൃതികളിൽ കാണുകയില്ല. അതാതു ശാസ്ത്രങ്ങൾ നാം നേരിട്ടു വായിക്കുമ്പോഴാണു് കാളിദാസന്റെ വിശാലവും അഗാധവും ബഹുമുഖവുമായ വിജ്ഞാനത്തിൽ നമുക്കു് അത്ഭുതം തോന്നുക.

ഭാവസംക്ഷിപ്തിയും ധ്വന്യാത്മകതയും

ഭാരതീയസാഹിത്യശാസ്ത്രമർമ്മജ്ഞന്മാർ കാവ്യനാടകങ്ങളെ വകതിരിച്ചു് അവയിലടങ്ങിയിരിക്കുന്ന കലയുടെ അലൌകികശക്തിയെ വിവേചനം ചെയ്തിട്ടുണ്ടു്. ആ അലൌകികശക്തിയാണു് വ്യഞ്ജന അഥവാ ധ്വനി. എല്ലാ വാക്യങ്ങളിലും ഒരു സാമാന്യശക്തി, വാചകശക്തി, അഥവാ അഭിധാശക്തി അടങ്ങിയിട്ടുണ്ടു്. അതിൽനിന്നാണു് വാക്യത്തിന്റെ വിശേഷശക്തി പ്രകടമാകുന്നതു്. ഭാരതീയസാഹിത്യശാസ്ത്രകാരന്മാർക്കു് ഈ വ്യഞ്ജനാശക്തിയെക്കുറിച്ചുള്ള അറിവു്, ഒരു പക്ഷേ,

കാളിദാസൻെറ കൃതികളിൽനിന്നായിരിക്കാം കിട്ടിയിട്ടുള്ളത്. അദ്ദേഹത്തിൻെറ കൃതികളിൽ വ്യഞ്ജനാശക്തി അത്രമാത്രം അടങ്ങിയിട്ടുണ്ട്. മററുള്ള കവികൾ ഒന്നോ രണ്ടോ ശ്ലോകങ്ങൾകൊണ്ടു പ്രകടമാക്കുന്ന ഭാവം കാളിദാസൻ ചെറിയ ചെറിയ വാക്യങ്ങളാൽ പ്രകടമാക്കുന്നു—

സ്ഥിതാഃ ക്ഷണം പക്ഷ്മസു താഡിതാധരാഃ
പയോധരോത്സേധനിപാതചൂർണ്ണിതാഃ
വലീഷു തസ്യാഃ സ്ഖലിതാഃ പ്രപേദിരേ
ചിരേണ നാഭിം പ്രഥമോദബിന്ദവഃ. (കുമാ–5/24)

പുതുമഴത്തുള്ളികളുടെ ഗതിയെ മാത്രം വാച്യമായി വർണ്ണിക്കുന്ന ഈ പദ്യത്തിൽ സമാധിക്കുചിതമായ പാർവ്വതിയുടെ ഇരിപ്പിനേയും മനഃസ്ഥൈര്യത്തേയും പക്ഷ്മാധരാദ്യംഗങ്ങളുടെ നൈരന്തര്യസൌകുമാര്യാദി ഗുണങ്ങളെയും എത്ര വിദഗ്ധമായാണ് വ്യംഗ്യരീതിയിൽ പ്രകാശിപ്പിച്ചിട്ടുള്ളത്.

ഇതുപോലെ ശാകുന്തളം നാലാമങ്കത്തിൽ കണ്വൻ, ശകുന്തളയ്ക്കു ഭർതൃഗൃഹഗമനത്തിന് അനുവാദം നൽകണമെന്നു തപോവനവൃക്ഷങ്ങളോടു ആവശ്യപ്പെടുന്ന ഈ പദ്യം നോക്കുക—

പാതും ന പ്രഥമം വ്യവസ്യതി ജലം യുഷ്മാസ്വപീതേഷു യാ
നാദത്തേ പ്രിയമണ്ഡനാപി ഭവതാം സ്നേഹേന യാ പല്ലവം
ആദ്യേ വഃ കുസുമപ്രസൂതിസമയേ യസ്യാ ഭവത്യുത്സവഃ
സേയം യാതി ശകുന്തളാ പതിഗൃഹം സർവ്വൈരനുജ്ഞായതാം.
(ശാകു–4/9)

ഇതിൽ ശകുന്തളയ്ക്കു തൈമരങ്ങളുടെ പേരിലുള്ള സഹോദരസ്നേഹത്തിനുപുറമെ മനുഷ്യബാലികയായ ശകുന്തളയിലും സ്ഥാവരജീവികളായ വൃക്ഷങ്ങളിലും ഒരുപോലെ പതിയുന്ന കണ്വൻെറ ദിവ്യസ്നേഹം എത്ര സ്പഷ്ടമായി വ്യഞ്ജിപ്പിച്ചിരിക്കുന്നു. ഇപ്രകാരമുള്ള പശ്ചാത്തലം ഒരുക്കിയശേഷം കാളിദാസൻ കരുണരസത്തെ അതിൻെറ ഉച്ചകോടിയിൽ എത്തിക്കുന്നു. ശകുന്തളയുടെ വേർപാടുസമയത്തെ ആശ്രമസ്ഥിതി നോക്കുക. ആശ്രമത്തിലെ മൃഗപക്ഷികൾപോലും തങ്ങളുടെ ജോലികൾവിട്ടു ദുഃഖമഗ്നരായി നില്ക്കുന്നു—

ഉദ്ഗളിതദർഭകബളാ മൃഗാഃ പരിത്യക്തനർത്തനാ മയൂരാഃ
അപസൃതപാണ്ഡുപത്രാ മുഞ്ചന്ത്യശ്രൂണീവ ലതാഃ.
(ശാകു–4/12)

ശാകുന്തളം നാലാമങ്കത്തിൽ ശകുന്തള കണ്വനോടു ചോദിക്കുകയാണ്— 'ആരാണ് എൻെറ വസ്ത്രം പിടിച്ചു വലിക്കുന്നത്'' എന്ന്. അതിനു മഹാകവി കാളിദാസൻ കൊടുപ്പിക്കുന്ന ഉത്തരം നോക്കുക—

യസ്യ ത്വയാ വ്രണവിരോപണമിംഗുദീനാം
തൈലം ന്യഷിച്യത മുഖേ കുശസൂചിവിദ്ധേ
ശ്യാമാകമുഷ്ടിപരിവർദ്ധിതകോ ജഹാതി
സോയം ന പുത്രകൃതകഃ പദവീം മൃഗസ്തേ. (ശാകു—4/14)

ഏതൊരു മാൻകുഞ്ഞിന്റെ വായിൽ ദർഭമുന തറച്ചുണ്ടായ മുറിവുണക്കുവാൻ നീ ഓടലെണ്ണ പുരട്ടിയിരുന്നുവോ, ചാമച്ചോററുരുള കൊടുത്തു പോററിയ നിന്റെ ആ വളർത്തുമകൻ ഇതാ, നിന്റെ വഴിയേ വിടാതെ കൂടിയിരിക്കുന്നു എന്നു പറയുന്ന കണ്വൻ, ശകുന്തളയ്ക്കും മാൻകുട്ടിക്കും കണ്വനും തമ്മിലുള്ള അപരിച്ഛേദ്യമായ സ്നേഹബന്ധത്തെ വേണ്ടേടത്തോളം പ്രകാശിപ്പിക്കുന്നില്ലേ?

അഭിജ്ഞാനശാകുന്തളത്തിൽ ഒരൊററ ശ്ലോകംകൊണ്ടു ശകുന്തള തന്റെ പ്രണയം വെളിപ്പെടുത്തുന്നതു നോക്കുക—

തവ ന ജാനേ ഹൃദയം
മമ പുനർമദനോ ദിവാപി രാത്രിമപി
നിർഘൃണ, തപതി ബലീയ-
സ്ത്വയി വൃത്തമനോരഥാന്യംഗാനി. (ശാകു—3/13)

കാളിദാസകൃതികളിലെ ധ്വന്യാത്മകതയും മിതഭാഷിതയും തെളിയിക്കുവാൻ ഉദാഹരണങ്ങൾ ഉദ്ധരിച്ചുതുടങ്ങിയാൽ അവ മുഴുവനും പകർത്തേണ്ടതായി വന്നേക്കും. കാളിദാസനാടകങ്ങളിലെ ആ ഗുണങ്ങൾ ഭവഭൂതിപ്രഭൃതികളുടെ നാടകങ്ങൾ വായിക്കുമ്പോഴേ വ്യക്തമാകയുള്ളു. കാവ്യവർണ്ണനങ്ങളുടെ ഔചിത്യം മനസ്സിലാക്കുവാൻ അതുപോലെ ശ്രീഹർഷമാഘാദികളുടെ മഹാകാവ്യങ്ങളിലെ സമാനവിഷയങ്ങളായ വർണ്ണനങ്ങൾ താരതമ്യപ്പെടുത്തി പഠിക്കേണ്ടിവരും.

ഉപമാ കാളിദാസസ്യ

സാദൃശ്യമൂലകങ്ങളായ അലങ്കാരങ്ങൾ പ്രയോഗിക്കുന്നതിൽ കാളിദാസമഹാകവിക്കുള്ള സാമർത്ഥ്യം വിസ്മയകരമാണു്. കാളിദാസന്റെ ഉപമകൾക്കുള്ള രസപേശലത ഒന്നു വേറെത്തന്നെയാണു്. ഉപമാപ്രയോഗത്തിൽ ഭാരതീയവിമർശകന്മാർ കാളിദാസനു കൊടുത്തിട്ടുള്ള സ്ഥാനം നോക്കുക—

ഉപമാ കാളിദാസസ്യ ഭാരവേരർത്ഥഗൌരവം
ദണ്ഡിനഃ പദലാളിത്യം മാഘേ സന്തി ത്രയോ ഗുണാഃ.

വിശ്വസാഹിത്യശിരോമണിയായ കാളിദാസൻ ഉപമാപ്രധാനനായ കവിയാണ്. ഉപമയുടെ, അതുല്യതയിലും സരസതയിലും അപൂർവ്വതയിലും മാത്രമല്ല അദ്ദേഹത്തിന്റെ വൈശിഷ്ട്യം ദൃശ്യമാകുന്നതു്. ആ മഹാകവിയുടെ പ്രതിഭ സർവ്വതോമുഖമത്രേ. കാളിദാസന്റെ ഉപമയുടെ വിചിത്രതയാലും അനുരൂപതയാലും വസ്തുവിന്റെ സാക്ഷാൽ സ്വരൂപം നമുക്കു പ്രത്യക്ഷപ്പെടുകയാണ്. ഉദാഹരണമായി, യൗവനത്തിൽ തപസ്സു ചെയ്യുവാനായി ആഭരണങ്ങളെല്ലാമുപേക്ഷിച്ച കേവലം വല്ക്കലധാരിണിയായിരിക്കുന്ന പാർവ്വതിയെ ശിവൻ ഉപമിക്കുന്നതു നോക്കുക—

കിമിത്യപാസ്യാഭരണാനി യൗവനേ
ധൃതം ത്വയാ വാർദ്ധകശോഭി വല്ക്കലം
വദ പ്രദോഷേ വിനികീർണ്ണതാരകാ
വിഭാവരീ യദ്യരുണായ കല്പതേ. (കുമാ-5/44)

സന്ധ്യാസമയത്തുതന്നെ രാത്രി നക്ഷത്രങ്ങളെല്ലാം വെടിഞ്ഞു് അരുണോദയത്തിനു മുതിരുന്നതുപോലെയാണത്രേ പാർവ്വതിയുടെ അവസ്ഥ. അതുപോലെതന്നെ ചുവന്ന വസ്ത്രം ധരിച്ച സ്തനഭാരംകൊണ്ടു് അല്പം കുനിഞ്ഞ പാർവ്വതിയെ പൂങ്കുലകളാൽ അല്പം ചാഞ്ഞു മന്ദമായി സഞ്ചരിക്കുന്ന തളിരണിഞ്ഞ ലതയോടു് ഉപമിച്ചിരിക്കുന്നു—

ആവർജ്ജിതാ കിഞ്ചിദിവ സ്തനാഭ്യാം
വാസോ വസാനാ തരുണാർക്കരാഗം -
പര്യാപ്തപുഷ്പസ്തബകാവനമ്രാ
സഞ്ചാരിണീ പല്ലവിനീ ലതേവ. (കുമാ-3/54)

മറ്റൊരു പ്രയോഗം നോക്കുക—

പുരസ്കൃതാ വർത്മനി പാർത്ഥിവേന
പ്രത്യുദ്ഗതാ പാർത്ഥിവധർമ്മപത്ന്യാ
തദന്തരേ സാ വിരരാജ ധേനു-
ർദ്ദിനക്ഷപാമധ്യഗതേവ സന്ധ്യാ. (രഘു—2/20)

വഴിയിൽ രാജാവിനാൽ മുൻനടത്തപ്പെട്ടും രാജപത്നിയാൽ എതിരേല്ക്കപ്പെട്ടും ചെല്ലുന്ന ആ ധേനു—നന്ദിനി-ആ രണ്ടുപേരുടെയും നടുക്കു, പകലിന്റെയും രാവിന്റെയും നടുക്കു സന്ധ്യ എന്നപോലെയത്രേ ശോഭിച്ചതു്.

കാളിദാസന്റെ ഉപമകളിൽ സ്വാഭാവികത തെളിഞ്ഞുകാണാം. ഇന്ദുമതിയെ ദീപശിഖയോടു് ഉപമിച്ചിരിക്കുന്നതു് എത്ര സുന്ദരമായിരിക്കുന്നു! ഏതൊരു രാജാവിനെ ഇന്ദുമതി പിന്നിട്ടു കടന്നുപോകുന്നുവോ, ആ രാജാവിന്റെ മുഖത്തു, രാത്രിസമയത്തു മുമ്പോട്ടു കൊണ്ടുപോകുന്ന ദീപശിഖ പിന്നിലുള്ള കെട്ടിടങ്ങളിൽ ഉളവാക്കുന്ന മങ്ങൽപോലെ, വിവർണ്ണഭാവം ഉണ്ടാക്കിക്കൊണ്ടിരുന്നുപോലും!

സഞ്ചാരിണീ ദീപശിഖേവ രാത്രൌ
യം യം വ്യതീയായ പതിംവരാ സാ
നരേന്ദ്രമാർഗ്ഗാട്ട ഇവ പ്രപേദേ
വിവർണ്ണഭാവം സ സ ഭൂമിപാലഃ. (രഘു-6/67)

ദീപശിഖാപ്രയോഗത്തിന്റെ അനന്യസാധാരണത്വം മൂലം ചില പണ്ഡിതന്മാർ കാളിദാസനു ദീപശിഖാകാളിദാസൻ എന്ന ബിരുദം നല്കിയിരിക്കുന്നതുതന്നെ മതി, അതിന്റെ വൈശിഷ്ട്യം വിളിച്ചോതുവാൻ.

കാളിദാസകാവ്യങ്ങളിൽ ഉപമകളുടെ വൈവിധ്യവും കാണാവുന്നതാണ്. മിക്ക സന്ദർഭങ്ങളിലും ലൌകികങ്ങളായ ഉപമകളാണ് കാണുന്നതെങ്കിലും ചിലേടത്തു ശാസ്ത്രീയങ്ങളായ ഉപമകളും ആ പണ്ഡിതകവി പ്രയോഗിച്ചിരിക്കുന്നതു കാണാം. നന്ദിനിയുടെ മാർഗ്ഗത്തെ പിൻതുടരുന്ന ദിലീപന്റെ പത്നി സുദക്ഷിണയെ, ശ്രുതിയുടെ അർത്ഥത്തെ അനുഗമിക്കുന്ന സ്മൃതിയോടു താരതമ്യം ചെയ്തിരിക്കുന്നു—

തസ്യാഃ ഖുരന്യാസപവിത്രപാംസു-
മപാംസുലാനാം ധുരി കീർത്തനീയാ
മാർഗ്ഗം മനുഷ്യേശ്വരധർമ്മപത്നീ
ശ്രുതേരിവാർത്ഥം സ്മൃതിരന്വഗച്ഛൽ. (രഘു–2/2)

നൈർമ്മല്യമുള്ളവരിൽ അഗ്രഗണ്യയായ രാജപത്നി കുളമ്പിൻചുവടുകൊണ്ടു പൊടിയെല്ലാം വിശുദ്ധമായ അവളുടെ (നന്ദിനിയുടെ) മാർഗ്ഗത്തെ, ധർമ്മശാസ്ത്രം വേദത്തിന്റെ പൊരുളിനെ എന്നപോലെ അനുഗമിച്ചു എന്നർത്ഥം.

കാളിദാസന്റെ സാഹിത്യംമുഴുവനും ഉപമകൾകൊണ്ടു നിറഞ്ഞിരിക്കുന്നു. ചിലപ്പോൾ അദ്ദേഹം പ്രത്യക്ഷത്തെ അപ്രത്യക്ഷത്തോടുപമിച്ചു തന്റെ അതുല്യമായ പ്രതിഭ വെളിവാക്കാറുണ്ട്. കവിതയുടെ മേന്മയെ ദ്വിഗുണീഭവിപ്പിക്കുന്ന അത്തരം ഉപമകൾക്ക് അനേകം ഉദാഹരണങ്ങൾ കാളിദാസന്റെ കൃതികളിൽ കാണാൻ പ്രയാസമില്ല. എപ്രകാരമാണോ ശാസ്ത്രവിധിയോടുചേർന്ന ശ്രദ്ധ ശോഭിക്കുന്നതു്, അപ്രകാരം സജ്ജനസമ്മതനായ രാജാവിനോടുചേർന്ന നന്ദിനി ശോഭിച്ചുവത്രേ—

താം ദേവതാപിത്രതിഥിക്രിയാർത്ഥാ-
മന്വഗ്യയൌ മധ്യമലോകപാലഃ
ബഭൌ ച സാ തേന സതാം മതേന
ശ്രദ്ധേവ സാക്ഷാദ്വിധിനോപപന്നാ. (രഘു_2/16)

ഇവിടെ അമൂർത്തങ്ങളായ വിധിയും ശ്രദ്ധയുമാണല്ലോ ഉപമാനം. ശകുന്തളയിൽ പ്രവേശിച്ചിരിക്കുന്ന ദുഷ്യന്തന്റെ മനസ്സു സദാ ശകുന്തളയുടെ സാഹചര്യം ആഗ്രഹിക്കുന്നുണ്ടെങ്കിലും അദ്ദേഹം അവിടെനിന്നു തിരിച്ചു

പോകുവാൻ നിർബ്ബദ്ധനായിത്തീരുന്നു. അതുകൊണ്ടു് അദ്ദേഹത്തിന്റെ മനോഗതി, വിപരീതവായുവിലൂടെ കൊണ്ടുപോകുന്ന കൊടിയിലെ കൊടിക്കൂറയെന്നപോലെയായിത്തീരുകയാണത്രേ—

ഗച്ഛതി പുരഃ ശരീരം ധാവതി പശ്ചാദസംസ്തുതം ചേതഃ
ചീനാംശുകമിവ കേതോഃ പ്രതിവാതം നീയമാനസ്യ.
(ശാകു–1/32)

കാററിനെതിരെ കൊണ്ടുപോകുന്ന കൊടിയിലെ ചീനപ്പട്ടെന്നപോലെ ശരീരം മുന്നോട്ടു പോകെ മനസ്സു് അവശമായി പിന്നോട്ടു പായുന്നുവെന്നർത്ഥം. കണ്വാശ്രമത്തിലെ ശകുന്തളയുടെ അതുല്യവും അപൂർവ്വവുമായ സൌന്ദര്യത്തെപ്പററി ദുഷ്യന്തൻ തന്റെ മനോവികാരം വെളിപ്പെടുത്തുന്നതു നോക്കുക—

അനാഘ്രാതം പുഷ്പം കിസലയമലൂനം കരരുഹൈ—
രനാവിദ്ധം രത്നം മധു നവമനാസ്വാദിതരസം
അഖണ്ഡം പുണ്യാനാം ഫലമിവ ച തദ്രൂപമനഘം
ന ജാനേ ഭോക്താരം കമിഹ സമുപസ്ഥാസ്യതി വിധിഃ.
(ശാകു–2/10)

മുകരാത്ത പുഷ്പമാണു്, നഖം തട്ടാത്ത നവപല്ലവമാണു്, നുകരാത്ത തേനാണു്, പുണ്യങ്ങളുടെ അഖണ്ഡഫലമെന്നോണമുള്ള അവളുടെ നിഷ്കളങ്കസൌന്ദര്യം. ഇതാസ്വദിക്കുവാൻ ആരെയാണാവോ ദൈവം അടുപ്പിക്കുക എന്നർത്ഥം.

വിരഹകൃശയെങ്കിലും പ്രിയദർശനയായ ശകുന്തളയെ ചുടുകാററേററു വാടിയ മുല്ലവള്ളിയോടാണു് കാളിദാസൻ ഉപമിക്കുന്നതു്. നോക്കുക —

ക്ഷാമക്ഷാമകപോലമാനനമുരഃ കഠിന്യമുക്തസ്തനം
മധ്യഃ ക്ലാന്തതരഃ പ്രകാമവിനതാവംസൌ ഛവിഃ പാണ്ഡുരാ
ശോച്യാ ച പ്രിയദർശനാ ച മദനക്ലിഷ്ടേയമാലക്ഷ്യതേ
പത്രാണാമിവ ശോഷണേന മരുതാ സ്പൃഷ്ടാ ലതാ മാധവീ.
(ശാകു–3/9)

മുഖത്തു കവിളുകൾ ഒട്ടിയും, മാറത്തു മുലകൾ പതുത്തും അര കൂടുതൽ ചടച്ചും ചുമലുകൾ നന്നെ താണും നിറം വിളത്തും കാമക്ലേശമനുഭവിക്കുന്ന ഇവൾ, ഇലയുണക്കുന്ന കാററു തട്ടിയ മുല്ലവള്ളിപോലെ ദയനീയയും ദർശനീയയുമായിരിക്കുന്നു എന്നർത്ഥം.

ദുഷ്യന്തന്റെ ദർബാറിൽ കണ്വശിഷ്യന്മാരാൽ ചുററപ്പെട്ട ശകുന്തളയെ പഴുത്ത ഇലകളാൽ ചുററപ്പെട്ട ഇളന്തളിരിനോടു് ഉപമിച്ചിരിക്കുന്നു. നോക്കുക—

കാസ്വിദവഗുണ്ഠനവതീ നാതിപരിസ്ഫുടശരീരലാവണ്യാ
മധ്യേ തപോധനാനാം കിസലയമിവ പാണ്ഡുപത്രാണാം.
(ശാകു–5/13)

ശകുന്തളയ്ക്കു ലതാസാദൃശ്യം സമൎത്ഥിക്കുന്ന മനോഹരമായ ഒരു ശ്ലോകം നോക്കുക—

അധരഃ കിസലയരാഗഃ കോമളവിടപാനുകാരിണൌ ബാഹൂ
കുസുമമിവ ലോഭനീയം യൌവനമംഗേഷു സന്നദ്ധം.
(ശാകു—1/20)

ഇവളുടെ വായ്മലർ തളിർത്തുടുപ്പുള്ളതാണു്. കൈകൾ ഇളംചില്ലപോലിരിക്കുന്നു. കൊതി തോന്നിക്കുന്ന യൌവനം പൂക്കളെപ്പോലെ ദേഹമാകെ മുറ്റിനിൽക്കുന്നു എന്നൎത്ഥം.

കുമാരസംഭവത്തിലുള്ള ഒരു ഉപമാപ്രയോഗം ശ്രദ്ധിക്കുക. അഞ്ചാം സൎഗ്ഗത്തിൽ പാൎവ്വതിയുടെ സഖി, ബ്രഹ്മചാരിയായി വന്ന ശിവനോടു പറയുന്നു—

സഖീ തദീയാ തമുവാച വൎണ്ണിനം
നിബോധ സാധോ തവ ചേത് കുതൂഹലം
യദൎത്ഥമംഭോജമിവോഷ്ണവാരണം
കൃതം തപസ്സാധനമേതയാ വപുഃ. (കുമാ–5/52)

പാൎവ്വതി തന്റെ ശരീരത്തെ തപസ്സിന് ഉപയോഗപ്പെടുത്തുന്നതും താമരപ്പൂ വെട്ടത്തു വെയിലത്തു കുടപിടിക്കുന്നതും ഒരുപോലെയാണെന്നത്രേ സഖിയുടെ പക്ഷം.

വൎണ്ണ്യവസ്തുവിന്റെ സൌന്ദൎയ്യാതിശയം കൂടുതൽ വെളിപ്പെടുത്തുവാൻ വേണ്ടിയാണല്ലോ കവികൾ ഉപമ പ്രയോഗിക്കുന്നതു്. അക്കാൎയ്യത്തിൽ കാളിദാസനു പല പ്രത്യേകതകളും ഉണ്ടു്. ഒരു ഉപമകൊണ്ടും രണ്ടുപമകൊണ്ടും തൃപ്തിപ്പെടാതെ മൂന്നും നാലും ഉപമകൾ ഒരേ വൎണ്ണ്യവസ്തുവിന്റെ സൌന്ദൎയ്യാതിശയം ആവിഷ്കരിക്കാൻവേണ്ടി പ്രയോഗിച്ചിട്ടുള്ള സന്ദൎഭങ്ങൾ ഒട്ടും കുറവല്ല. അനാഘ്രാതം പുഷ്പം എന്നു മുമ്പുദ്ധരിച്ച ശ്ലോകത്തിൽ ശകുന്തളയുടെ രൂപത്തെ പുഷ്പത്തോടും തളിരിനോടും രത്നത്തോടും തേനിനോടും ഉപമിച്ചതു നാം കണ്ടുവല്ലോ. സൌരഭ്യത്താൽ പുഷ്പത്തോടും സൌകുമാൎയ്യത്താൽ തളിരിനോടും കാന്തിയാൽ രത്നത്തോടും മാധുൎയ്യത്താൽ തേനിനോടും ശകുന്തളയെ ഉപമിച്ചതാണെന്നു സ്ഥൂലമായി നമുക്കു വിശകലനം ചെയ്യാം. എന്നാൽ വേറെയും പല ധൎമ്മങ്ങളേയും പ്രകാശിപ്പിക്കാൻ ആ ഉപമകൾക്കു കെൽപ്പുണ്ടെന്നു സഹൃദയന്മാൎക്കറിയാം.

നവയൌവനാരംഭത്തിൽ പാൎവ്വതിയുടെ ശരീരത്തിൽ തെളിഞ്ഞും വികസിച്ചും വന്ന ലാവണ്യാതിശയത്തെ പ്രകാശിപ്പിക്കുവാൻ കാളിദാസൻ രണ്ടുപമ പ്രയോഗിക്കുന്നു—

ഉന്മീലിതം തൂലികയേവ ചിത്രം
സൂര്യ്യാംശുഭിർഭിന്നമിവാരവിന്ദം
ബഭൂവ തസ്യാശ്ചതുരശ്രശോഭി
വപുർവ്വിഭക്തം നവയൌവനേന. (കുമാ–1/32)

ചായംകൊടുത്ത ചിത്രം നിറംവെപ്പിച്ചതുപോലെ പാർവ്വതിയുടെ ദേഹത്തിനു നിറം വർദ്ധിച്ചു, താമരപ്പൂവു വികസിച്ചുവരുന്നതുപോലെ സ്തനജഘനാദ്യവയവങ്ങൾ പുഷ്ടിപ്പെട്ടുവരുകയും ചെയ്തു, എന്നർത്ഥം. രണ്ടുപമ കൂടാതെ മേൽക്കാണിച്ച രണ്ടു ധർമ്മങ്ങൾ വെളിപ്പെടുകയില്ലെന്നു വ്യക്തമാണ്. ശരീരത്തിനു ചിത്രത്തോടെന്നപോലെ മറെറാന്നിനോടും സർവ്വാംഗസാമ്യമുണ്ടാവുകയില്ലെന്നു സ്പഷ്ടവുമാണല്ലോ.

അസുരന്റെ പിടിയിൽനിന്നു പുരൂരവസ്സിനാൽ രക്ഷപ്പെടുത്തപ്പെട്ട ബോധരഹിതയായ ഉർവ്വശിക്കു ക്രമേണ ബോധം തെളിഞ്ഞുവരുന്നതിനെ മൂന്നുപമകൾകൊണ്ടാണ് കാളിദാസൻ വിശദീകരിക്കുന്നത്—

ആവിർഭൂതേ ശശിനി തമസാ മുച്യമാനേവ രാത്രിർ-
നൈശസ്യാർച്ചിർഹുതഭുജ ഇവ ച്ഛിന്നഭൂയിഷ്ഠധൂമാ
മോഹേനാന്തർവ്വരതനുരിയം ലക്ഷ്യതേ മുക്തകല്പാ
ഗംഗാ രോധഃപതനകലുഷാ ഗൃഹ്ണതീവ പ്രസാദം.
(വിക്ര–1/9)

രാത്രിയിൽ ചന്ദ്രനുദിക്കുമ്പോൾ ഇരുട്ടു വിട്ടുമാറുന്നതുപോലെയും ഹോമാഗ്നി കത്തിജ്വലിക്കുമ്പോൾ പുക അകന്നുപോകുന്നതുപോലെയും കരയിടിഞ്ഞു കലങ്ങിയ ഗംഗ തെളിഞ്ഞുവരുന്നതുപോലെയും ഉർവ്വശിയുടെ മോഹാലസ്യം ക്രമത്തിൽ വിട്ടുമാറുകയും ബോധം തെളിഞ്ഞുവരുകയും ചെയ്യുന്നുവെന്നാണ് കാളിദാസൻ പുരൂരവസ്സിനെക്കൊണ്ടു പറയിക്കുന്നത്. ഇരുണ്ട രാത്രിപോലെയും പുകയുന്ന ഹോമകുണ്ഡംപോലെയും കലങ്ങിയ ഗംഗാപ്രവാഹംപോലെയുമായിരുന്നു ബോധരഹിതയായ ഉർവ്വശി. ചന്ദ്രൻ ഉദിക്കുന്നപോലെയും അഗ്നി ജ്വലിക്കുന്ന പോലെയും ഗംഗ തെളിയുന്ന പോലെയുമാണ് ബോധോദയം. ആദ്യത്തെ ഉപമാനം ദിവ്യമാണെങ്കിൽ രണ്ടാമത്തേതു ഭൌമമാണ്. മൂന്നാമത്തേതു ദിവ്യവും ഭൌമവുമായിട്ടുള്ളതാണ്. ആകാശത്തിൽനിന്നു ഭഗീരഥൻ ഭൂമിയിലേക്കവതരിപ്പിച്ച ദിവ്യനദിയാണല്ലോ ഗംഗ.

ഇങ്ങനെ കാളിദാസന്റെ ഓരോ ഉപമയും ചർച്ചാവിഷയമാക്കേണ്ടതാണ്. അപ്പോഴേ നമുക്കു മനസ്സിലാവുകയുള്ളൂ, ഉപമാ കാളിദാസ്യ എന്ന സൂക്തിയുടെ അന്തസ്സാരം.

പ്രകൃതിചിത്രണം

കവികൾ പൊതുവിൽ വർണ്ണനപ്രിയന്മാരാണു്. തങ്ങളുടെ കണ്ണിലും കരളിലും പെടുന്ന മനോഹരരംഗങ്ങളെ ആകർഷകമാംവണ്ണം വർണ്ണിച്ചു് സഹൃദയന്മാരെ രസിപ്പിക്കുന്നതിൽ ഉൽസുകന്മാരാണു് അവർ. പ്രകൃതിദൃശ്യങ്ങൾ അനന്തങ്ങളും വിചിത്രങ്ങളുമാണല്ലോ. അവയുടെ വർണ്ണനങ്ങളിലൂടെയാണു് കവികൾ തങ്ങളുടെ സർഗ്ഗശക്തി ആവിഷ്കരിക്കുക പതിവു്. നഗരാർണ്ണവശൈലർത്തുചന്ദ്രാർക്കോദയവർണ്ണനൈഃ എന്നു തുടങ്ങുന്ന മഹാകാവ്യലക്ഷണം ശ്രദ്ധിച്ചാൽ കവികളുടെ പ്രകൃതിവർണ്ണനവ്യഗ്രത എത്രമാത്രമെന്നു വ്യക്തമാവുന്നതാണു്. അങ്ങനെ വർണ്ണനങ്ങളിലൂടെ കവിത്വസിദ്ധി കൈവന്ന കവിതന്നെയാണു് കാളിദാസനും.

കാളിദാസൻെറ പ്രകൃതിവർണ്ണനത്തിലുള്ള അഭിനിവേശം, അദ്ദേഹത്തിൻെറ പ്രഥമകൃതിയായ ഋതുസംഹാരകാവ്യത്തിൽത്തന്നെ കാണാം. ഗ്രീഷ്മം മുതൽ വസന്തംകൂടി ആറു ഋതുക്കളെയും വഴിക്കുവഴി വർണ്ണിക്കുകയാണു് അതിൽ ചെയ്തിട്ടുള്ളതു്. ഓരോ ഋതുവിലും പ്രകൃതിക്കു കാർയ്യമായ പല മാററവും വരുമെന്നുള്ളതു തീർച്ചയാണല്ലോ. വെയിൽക്കാലമായ ഗ്രീഷ്മർത്തുവിൽ പ്രകൃതി എങ്ങനെയിരിക്കുന്നു, അതു കഴിഞ്ഞു മഴക്കാലം വന്നപ്പോൾ പ്രകൃതിക്കെന്തു മാററം വന്നു, പിന്നെ നിലാവുകാലമായ ശരദൃതുവിൽ പ്രത്യക്ഷപ്പെടുന്ന സവിശേഷതകളെന്തെല്ലാം എന്നു തുടങ്ങി ഓരോ കാലത്തും മനുഷ്യർ മാത്രമല്ല, പശുപക്ഷ്യാദികൾക്കും വൃക്ഷലതാദികൾക്കുമെന്നുവേണ്ട, പ്രപഞ്ചത്തിനാകെത്തന്നെ വന്നിട്ടുള്ള പരിണാമവിശേഷങ്ങളെയെല്ലാം ഋതുവർണ്ണനങ്ങളിലൂടെ സഹൃദയസമക്ഷം അവതരിപ്പിച്ചിരിക്കുന്നു കാളിദാസൻ.

രഘുവംശം, കുമാരസംഭവം, മേഘസന്ദേശം എന്ന മൂന്നു ശ്രവ്യകാവ്യങ്ങളിലും ഋതുവർണ്ണനങ്ങൾ യഥോചിതം ഉൾക്കൊള്ളിച്ചിട്ടുണ്ടു്. അതൊക്കെ കാലവിശേഷങ്ങളെ അവലംബിച്ചുകൊണ്ടുള്ള പ്രകൃതിവർണ്ണനങ്ങളാണു്. എന്നാൽ ദേശവിശേഷങ്ങളെ ആസ്പദമാക്കിയുള്ള പ്രകൃതിവർണ്ണനങ്ങൾക്കു് വൈചിത്ര്യവും ആകർഷകത്വവും കൂടും. അതുകൊണ്ടു കവികളെല്ലാം നഗരാർണ്ണവശൈലാദിപ്രകൃതിവർണ്ണനങ്ങളിലാണു് അധികം ആസക്തി പ്രദർശിപ്പിക്കാറുള്ളതു്. കാളിദസനും അക്കാർയ്യത്തിൽ പ്രഥമോദാഹരണം അർഹിക്കുന്നു.

ഭാരതഭൂഖണ്ഡത്തിലെ ഓരോ പ്രദേശങ്ങൾക്കുമുള്ള സവിശേഷഭംഗി കാളിദാസൻ സൂക്ഷ്മമായി ആസ്വദിച്ചിട്ടുണ്ടു്. അതെല്ലാം സഹൃദയന്മാരെ ആസ്വദിപ്പിക്കാൻ ശ്രമിച്ചിട്ടുമുണ്ടു്. കാളിദാസൻെറ സകല കൃതികളും അതിന്നു സാക്ഷ്യം വഹിക്കുന്നു. പ്രത്യേകിച്ചും ശ്രവ്യകാവ്യങ്ങളായ മേഘസന്ദേശവും രഘുവംശവും. കുമാരസംഭവം ദിവ്യങ്ങളായ ഹിമാലയപ്രദേശങ്ങളിൽ മാത്രം നടക്കുന്ന കഥയെ അവലംബിച്ചുള്ളതാകയാൽ അതിൽ ആ പ്രദേശങ്ങളെമാത്രം ചിത്രീകരിക്കുന്ന വർണ്ണനങ്ങളേ ഉള്ളൂ.

മേഘസന്ദേശത്തിലെ പൂർവ്വഭാഗത്തിൽ രാമഗിരിമുതൽ കൈലാസത്തിന്റെ മടിത്തട്ടിലുള്ള അളകാപുരിവരെയുള്ള ഭൂപ്രകൃതി മുഴുവൻ വർണ്ണിക്കപ്പെട്ടിട്ടുണ്ട്. സന്ദേശഹരനു പോകുവാനുള്ള മാർഗ്ഗം നിർദ്ദേശിച്ചുകൊടുക്കുക എന്ന വ്യാജേന അതാതു പ്രദേശങ്ങളിലെ വിശേഷദൃശ്യങ്ങളെയെല്ലാം പ്രത്യേകം പ്രത്യേകമായി എടുത്തു വർണ്ണിക്കുന്നുണ്ട് കാളിദാസൻ. കുന്നുകളും കാടുകളും പാടങ്ങളും പറമ്പുകളും തോടുകളും പുഴകളും നാടുകളും നഗരങ്ങളും ക്ഷേത്രങ്ങളും ക്ഷേത്രോത്സവങ്ങളുമെന്നു വേണ്ട, ഭാരതഖണ്ഡത്തിന്റെ ഉത്തരാർദ്ധത്തിലുള്ള എല്ലാ മനോഹരരംഗങ്ങളും മേഘസന്ദേശത്തിൽ വർണ്ണനാവിഷയങ്ങളാക്കീട്ടുണ്ട്. ആകാശയാത്ര ചെയ്യുമ്പോഴേ ഭൂമണ്ഡലത്തിലെ പ്രകൃതിഭംഗി കണ്ടാസ്വദിക്കാൻ കഴികയുള്ളുവെന്നു കണ്ടിട്ടാണ് മേഘസന്ദേശത്തിൽ നായകനായ യക്ഷൻ ആകാശയാത്രികനായ മേഘത്തെത്തന്നെ സന്ദേശഹരനാക്കി കല്പിച്ചതു്. അതുകൊണ്ടും തൃപ്തിപ്പെടാതെ മഹാകവി ആ മേഘത്തെക്കൂടി ദൃശ്യവസ്തുക്കളിൽ ഉൾപ്പെടുത്തി അതിന്റെ ഭംഗി കാണാൻ വൈമാനികന്മാരായ ദേവന്മാരെക്കൂടി കൂട്ടുപിടിക്കുന്നു. ഒന്നുരണ്ടുദാഹരണം ഉദ്ധരിക്കട്ടെ. ആമ്രകൂടപർവ്വതം. അതിന്റെ തടപ്രദേശങ്ങളിൽ മാമ്പഴം നിറഞ്ഞ കാട്ടുമാവുകൾ നിരന്നു നില്ക്കുന്നു. നീലവർണ്ണമായ നമ്മുടെ മേഘം ആമ്രകൂടത്തിന്റെ കൊടുമുടിയിൽ കുറച്ചുനേരം വിശ്രമിക്കാനിടവരുകയാണെങ്കിൽ തടപ്രദേശങ്ങളെല്ലാം വെളുത്തും മുകളിൽ കറുത്തും ശോഭിക്കുന്ന ആ പർവ്വതത്തെ, ആകാശത്തിൽനിന്നു ദേവീദേവന്മാർ നോക്കുമ്പോൾ തോന്നുക, അതു ഭൂമീദേവിയുടെ സ്തനമാണെന്നത്രേ. പരിസരപ്രദേശം വെളുത്തും മുകൾഭാഗം കറുത്തുമാണല്ലൊ സ്തനത്തിന്റെ സന്നിവേശം. ശ്ലോകമിതാണ്—

ഛന്നോപാന്തഃ പരിണതഫലദ്യോതിഭിഃ കാനനാമ്രൈ--
സ്ത്വയ്യാരൂഢേ ശിഖരമചലഃ സ്നിഗ്ദ്ധവേണീസവർണ്ണേ
നൂനം യാസ്യത്യമരമിഥുനപ്രേക്ഷണീയാമവസ്ഥാം
മദ്ധ്യേ ശ്യാമഃ സ്തന ഇവ ഭുവഃ ശേഷവിസ്താരപാണ്ഡുഃ.

(മേഘ–1/18)

ഇവിടെ മേഘമുൾക്കൊള്ളുന്ന പർവ്വതഭംഗി കാണുവാൻ അമരമിഥുനങ്ങളെ അവതരിപ്പിച്ചതു് എത്ര ഉചിതമായിരിക്കുന്നു! അതുപോലെ—

ത്വയ്യാദാതും ജലമവനതേ ശാർങ്ഗിണോ വർണ്ണചൗരേ
തസ്യാഃ സിന്ധോഃ പൃഥുമപി തനും ദൂരഭാവാത്പ്രവാഹം
പ്രേക്ഷിഷ്യന്തേ ഗഗനഗതയോ നൂനമാവർജ്ജ്യ ദൃഷ്ടീ-
രേകം മുക്താഗുണമിവ ഭുവഃ സ്ഥൂലമദ്ധ്യേന്ദ്രനീലം.

(മേഘ–1/50)

ചർമ്മണ്വതീനദി. അതീൽനിന്നു നീരുൾക്കൊള്ളാൻ കൃഷ്ണവർണ്ണമേഘം താണു നദീമദ്ധ്യത്തിലമരുന്നു. വിശാലമായ വെളുത്ത നദിപ്രവാഹത്തിന്റെ നടുവിൽ അമർന്നിരിക്കയാണ് മേഘം. ആകാശചാരികൾ വളരെ ഉയരത്തുനിന്നു് അതു കാണുമ്പോൾ അവർക്കു തോന്നുമത്രേ,

നടുവിൽ വലിയ ഇന്ദ്രനീലരത്നമുള്ള ഭൂമിയുടെ ഒരു മുത്തുമാലയാണെന്നു്, ഇവിടെ കവി ഗഗനചാരികളുമായി തന്മയീഭവിച്ചിട്ടാണു് നദീഭംഗി നോക്കിക്കാണുന്നതു്. ചുരുക്കിപ്പറഞ്ഞാൽ മേഘസന്ദേശത്തിന്റെ പൂർവ്വഭാഗം മുഴുവനും ഒന്നാന്തരം പ്രകൃതിവർണ്ണനങ്ങളുടെ സമാഹാരമാണു്. ഉത്തരഭാഗത്തു് അളകാപുരവർണ്ണനവും യക്ഷപത്നീഗൃഹവർണ്ണനവും മറ്റുമായി മറ്റൊരുതരം പ്രകൃതിവർണ്ണനവും കാണാം. മേഘസന്ദേശം മുഴുവനും പ്രകൃതിചിത്രീകരണമയമാണെന്നു പറഞ്ഞാൽ അതിശയോക്തിയാവില്ല. അതിൽ ഏതോ ഒരു യക്ഷൻ നായകൻ, ഏതോ ഒരു യക്ഷി നായിക. വിപ്രലംഭശൃംഗാരത്തിലെ ഏറ്റവും ചെറിയൊരു കാലഘട്ടത്തിന്റെ ചിത്രീകരണം— ഇത്രയേ ഉള്ളു. ഇതിവൃത്തമായി പറയാൻ കാര്യമായി ഒന്നുമില്ലെന്നർത്ഥം. എന്നാൽ പിന്നെ ആ കാവ്യം ഇത്ര അത്ഭുതപൂർവ്വമായ ഒരു രൂപം കൈക്കൊണ്ടതെങ്ങനെ? പ്രധാനമായ വിപ്രലംഭശൃംഗാരത്തിന്റെ പരിപോഷണത്തിനു സമർത്ഥമായവിധം നിർവ്വഹിച്ചിട്ടുള്ള പ്രകൃതിവർണ്ണനങ്ങളെക്കൊണ്ടുതന്നെ. ഇതാണു് മഹാകവിയുടെ പ്രൌഢി—നിസ്സാരമായ ഒരു വിഷയത്തെ വികസിപ്പിച്ചു കാണിക്കുവാനുള്ള സരസ്വതീവിലാസം.

രഘുവംശം നാലാംസർഗ്ഗത്തിൽ രഘുവിന്റെ ഒരു ജൈത്രയാത്രാവർണ്ണനമുണ്ടല്ലോ. അതു ഭാരതത്തിൽ ഭൂപ്രദക്ഷിണം ചെയ്യുന്ന ഒരു സൌന്ദര്യാസ്വാദകന്റെ ദൃഷ്ടിയിൽപ്പെടുന്ന കാഴ്ചകളെല്ലാം നിറഞ്ഞതാണു്. ഓരോ പ്രദേശത്തുമുള്ള പ്രത്യേകതകളൊന്നും വിടാതെ നാലാംസർഗ്ഗത്തിൽ വർണ്ണിച്ചിട്ടുണ്ടു്. എന്നാൽ രഘുവംശത്തിലെ പതിമൂന്നാം സർഗ്ഗമാണു് വിശേഷപ്പെട്ട പ്രകൃതിവർണ്ണനങ്ങൾ പലതും അന്തർഭവിക്കുന്ന കാവ്യഭാഗം. ലങ്കയിൽനിന്നു ശ്രീരാമൻ സീതയുമൊന്നിച്ചു പുഷ്പകവിമാനത്തിൽ കയറി അയോദ്ധ്യയ്ക്കു പുറപ്പെട്ടപ്പോൾ കവിയും ആ വിമാനത്തിൽ കയറിക്കൂടിയിരിക്കണം. ശ്രീരാമൻ വിമാനത്തിലിരുന്നു കാണുന്ന കാഴ്ചകളെല്ലാം സീതയ്ക്കു വിവരിച്ചുകൊടുക്കുന്നു. സേതുബന്ധനം നടത്തിയ തെക്കെ സമുദ്രത്തിന്റെ വർണ്ണനം മുതൽക്കു തുടങ്ങുന്നു വർണ്ണനം. അതിലെ അറുപത്തേഴു ശ്ലോകവും പ്രകൃതിവർണ്ണനമാണു്. വെളുത്ത ഗംഗയും കറുത്ത കാളിന്ദിയും ഒന്നിച്ചു ചേരുന്ന ഭാഗത്തെ പ്രവാഹഭംഗി വർണ്ണിക്കുന്ന ഒരു ഭാഗം മാത്രം ഉദ്ധരിക്കാം—

ക്വചിത് പ്രഭാലേപിഭിരിന്ദ്രനീലൈർ-
മ്മുക്താമയീ യഷ്ടിരിവാനുവിദ്ധാ,
അന്യത്ര മാലാ സിതപങ്കജാനാ-
മിന്ദീവരൈരുത്ഖചിതാന്തരേവ,
ക്വചിത് ഖഗാനാം പ്രിയമാനസാനാം
കാദംബസംസർഗ്ഗവതീവ പംക്തിഃ,
അന്യത്ര കാളാഗുരുദത്തപത്രാ
ഭക്തിർഭുവശ്ചന്ദനകല്പിതേവ,

ക്വചിത് പ്രഭാ ചാന്ദ്രമസീ തമോഭി–
ശ്ഛായാവിലീനൈഃ ശബളീകൃതേവ,
അന്യത്ര ശുഭ്രാ ശരദഭ്രലേഖാ
രന്ധ്രേഷ്വിവാലക്ഷ്യനഭഃപ്രദേശാ,
ക്വചിച്ച കൃഷ്ണോരഗഭൂഷണേവ
ഭസ്മാംഗരാഗാ തനുരീശ്വരസ്യ,
പശ്യാനവദ്യാംഗി, വിഭാതി ഗംഗാ
ഭിന്നപ്രവാഹാ യമുനാതരംഗൈഃ. (രഘു–13/54, 55, 56,57)

ഇന്ദ്രനീലരത്നങ്ങൾ ഇടയ്ക്കിടയ്ക്ക കോർത്ത മുത്തുമാലപോലെയൊരിടം, കരിങ്കുവളപ്പൂക്കൾ ഇടകലർത്തിക്കെട്ടിയുണ്ടാക്കിയ വെള്ളത്താമരപ്പൂമാലപോലെ മറ്റൊരിടം. അരയന്നങ്ങളും കാരന്നങ്ങളും ഇടകലർന്നതുപോലെ വേറെയൊരിടം, കാരകിൽച്ചാറും വെൺചന്ദനച്ചാറും ഇടകലർത്തി ഭൂമിക്കു പൂശിയതുപോലെ ഇനിയൊരിടം, രാത്രിയിൽ നിലാവും നിഴലും ഇടകലർന്ന ഭൂഭാഗംപോലെ പിന്നെയൊരിടം. നീലാകാശവും വെൺമേഘങ്ങളും കാണുന്നതുപോലുള്ള ചില ഭാഗങ്ങൾ കരിപാമ്പുകളെയും ഭസ്മവുമണിഞ്ഞ ശിവശരീരംപോലെയുള്ള മറ്റു ചില ഭാഗങ്ങൾ. ഇങ്ങനെ ഏഴുപമകളിലൂടെയാണു് ഗംഗായമുനാസങ്കലനഭംഗി കാളിദാസൻ ചിത്രീകരിച്ചിട്ടുള്ളതു്.

ഹിമാലയവർണ്ണനംകൊണ്ടാണു് കുമാരസംഭവം ആരംഭിക്കുന്നതു് എന്ന കാര്യംതന്നെ അതിലും കാളിദാസൻ പ്രകൃതിചിത്രീകരണത്തിൽ ദത്തശ്രദ്ധനായിരുന്നുവെന്നു വ്യക്തമാക്കുന്നു. നാടകങ്ങളിൽ രസപോഷണത്തിനുതകുന്നവിധം സംക്ഷിപ്തങ്ങളായ പ്രകൃതിചിത്രണങ്ങൾക്കു കാളിദാസൻ ശ്രദ്ധിച്ചിട്ടുണ്ടെന്നു മനസ്സിരുത്തി നോക്കിയാൽ കാണാം. ശകുന്തളയുടെ ചിത്രത്തിന്നു നിർദ്ദേശിച്ച പശ്ചാത്തലവർണ്ണനത്തിലൂടെ ചെറിയൊരു പ്രകൃതിവർണ്ണനം നിർവ്വഹിച്ചതു് ഇവിടെ ഓർക്കുന്നതു നന്നു്.

കാളിദാസന്നു പ്രകൃതിയിൽ ജഡങ്ങളായി യാതൊന്നുമില്ല. അചേതനമോ നിർവ്വികാരമോ ആയി ഒരു വസ്തുവിനെയും ആ മഹാകവിക്കു കാണ്മാൻ കഴികയില്ല. പക്ഷിമൃഗാദികളും വൃക്ഷലതാദികളും മാത്രമല്ല, ഗിരിനദീപ്രഭൃതികൾപോലും ചൈതന്യധന്യങ്ങളാണു്. ക്രൌഞ്ചദ്വന്ദ്വവിയോഗജന്യമായ ശോകം ശ്ലോകമായിപ്പരിണമിച്ച ആദികവിയുടെ യഥാർത്ഥശിഷ്യനാണു് കാളിദാസൻ. കാളിദാസൻ മാത്രമല്ല, പ്രകൃതിദാസൻ കൂടിയാണു് ഈ മഹാകവിയെന്നു് ഇത്രയുംകൊണ്ടു വ്യക്തമായിരിക്കുമല്ലോ.

സൌന്ദര്യനിരീക്ഷണം

കാവ്യം ഗ്രാഹ്യമലങ്കാരാത്, സൌന്ദര്യ്യമലങ്കാരഃ, തദ്ദോഷഗുണാലങ്കാരഹാനാദാനാഭ്യം എന്നു കാവ്യാലങ്കാരസൂത്രത്തിൽ വാമനൻ പറഞ്ഞിരിക്കുന്നു. കാവ്യം സഹൃദയഗ്രാഹ്യമായിത്തീരുന്നതു് അലങ്കാരം കൊണ്ടാണു്. അലങ്കാരം എന്ന വാക്കിനു സൌന്ദര്യ്യമെന്നാണു് അർത്ഥം. കാവ്യസൌന്ദര്യ്യം ഉണ്ടാവുന്നതു ദോഷങ്ങളൊഴിവാക്കീട്ടും ഗുണങ്ങളും അലങ്കാരങ്ങളും ഉളവാക്കീട്ടുമാണു് എന്നർത്ഥം. കാളിദാസൻ തന്റെ കാവ്യങ്ങൾക്കു സർവ്വാംഗസൌന്ദര്യ്യം ഉളവാകണമെന്നു് ആഗ്രഹിച്ചിരുന്നു. അതിനുവേണ്ടി വളരെയധികം പ്രയത്നിച്ചിട്ടുമുണ്ടു്. കുമാരസംഭവത്തിലെ ഒരു പ്രസ്താവന അതിനു തെളിവാണു്. ആരൂഢയൌവനയായ പാർവ്വതിയുടെ രൂപം, അടിമുതൽ മുടിവരെ വളരെ നികൃഷ്ടമായി ഉചിതങ്ങളായ ഉപമകളോടുകൂടി വർണ്ണിച്ചതിനുശേഷം ആ വർണ്ണനം ഉപസംഹരിക്കുന്നതു് ഇങ്ങനെയാണു്—

സർവ്വോപമാദ്രവ്യസമുച്ചയേന
യഥാപ്രദേശം വിനിവേശിതേന
സാ നിർമ്മിതാ വിശ്വസൃജാ പ്രയത്നാ-
ദേകസ്ഥസൌന്ദര്യ്യദിദൃക്ഷയേവ. (കുമാ—1/49)

സകല ശരീരാവയവങ്ങളുടെയും ഉപമാനവസ്തുക്കളെല്ലാം സമാഹരിച്ചു് അവ അതാതവയവങ്ങളുടെ സ്ഥാനത്തുവെച്ചു് സൃഷ്ടിക്കപ്പെട്ടവളത്രേ പാർവ്വതി. സൃഷ്ടികർത്താവു് ഇത്രമാത്രം പ്രയത്നപ്പെട്ടു് ആ പാർവ്വതീരൂപം സൃഷ്ടിച്ചതിന്റെ പ്രയോജനം ഏകസ്ഥസൌന്ദര്യ്യദിദൃക്ഷയായിരിക്കണമെന്നു കാളിദാസൻ ഉൽപ്രേക്ഷിക്കുന്നു. പാർവ്വതിയുടെ സൌന്ദര്യ്യത്തോടൊപ്പം തന്റെ കവിതയുടെ സൌന്ദര്യ്യത്തെക്കൂടി കവി ഇവിടെ കടാക്ഷിച്ചിട്ടുണ്ടു്. ഉപമാ കാളിദാസസ്യ എന്ന പ്രസിദ്ധിയെക്കുറിച്ചു് ഇവിടെ അനുസ്മരിക്കുന്നതു നന്നു്. ലോകത്തിലുള്ള സകല ഉപമാനവസ്തുക്കളെയും സമുച്ചയിച്ചു്— ലൌകികങ്ങളും വൈദികങ്ങളും സ്ഥാവരങ്ങളും ജംഗമങ്ങളും മൂർത്തങ്ങളും അമൂർത്തങ്ങളുമായ എല്ലാവിധം സദൃശവസ്തുക്കളെയും സമാഹരിച്ചു്— അവയെ യഥോചിതം വിന്യസിച്ചു നിർമ്മിച്ചവയാണു് കാളിദാസകാവ്യങ്ങളെല്ലാം. അങ്ങനെ ചെയ്തതോ, സൌന്ദര്യ്യമെല്ലാം ഒന്നിച്ചുകണ്ടാസ്വദിക്കുവാനും. മഹാകവികൾ തന്റെ കാവ്യങ്ങളെ നിർദ്ദോഷങ്ങളാക്കുന്നതിലും ശ്ലേഷപ്രസാദമാധുര്യ്യാദി ഗുണങ്ങളിണക്കുന്നതിലും സാമ്യമൂലകങ്ങളായ അലങ്കാരങ്ങൾ അടിക്കടി പ്രയോഗിച്ചു മോടിപിടിപ്പിക്കുന്നതിലും എത്രമാത്രം ശ്രദ്ധയുണ്ടായിരുന്നുവെന്നതിലേക്കു ഈ ശ്ലോകം വേണ്ടത്ര സൂചന നൽകുന്നില്ലേ? അതിരിക്കട്ടെ.

വസ്തുസൌന്ദര്യ്യം രണ്ടു വിധത്തിലുണ്ടാവാം. സഹജസൌന്ദര്യ്യവും അലങ്കാരാദികളെക്കൊണ്ടുളവാകുന്ന കൃത്രിമസൌന്ദര്യ്യവും, സഹജസൌന്ദര്യ്യമുള്ള

വസ്തുവിന്ന് എന്തും അലങ്കാരമാകുമെന്നാണ് കാളിദാസന്റെ പക്ഷം. അതു കാളിദാസൻ ശകുന്തളയെ ഉദാഹരിച്ചു സമർത്ഥിക്കുന്നുമുണ്ട്. യുവതിയായ ശകുന്തളക്കു മരവുരി യോജിപ്പുള്ളതല്ല. എന്നാൽ ദുഷ്യന്തന്റെ കണ്ണിന് അതും സൌന്ദര്യജനകമായിത്തോന്നുന്നു.

കാമമനനുരൂപമസ്യാ വയസോ വല്ക്കലം, ന പുനരലങ്കാരശ്രിയം ന പുഷ്യതി എന്ന മുഖവുരയോടുകൂടി ദുഷ്യന്തൻ പറയുകയാണ്—

സരസിജമനുവിദ്ധം ശൈവലേനാപി രമ്യം
മലിനമപി ഹിമാംശോർലക്ഷ്മ ലക്ഷ്മീം തനോതി
ഇയമധികമനോജ്ഞാ വല്ക്കലേനാപി തന്വീ
കിമിവ ഹി മധുരാണാം മണ്ഡനം നാകൃതീനാം. (ശാകു–1/19)

ചണ്ടിക്കിടയിൽ നില്ക്കുന്നതു താമരപ്പൂവിനു ഭംഗിയാണ്". കറുത്ത കളങ്കം പൂന്തിങ്കളിന് അഴകേറുന്നു. മരവുരി ധരിക്കുന്നതു ശകുന്തളക്കു സൌന്ദര്യം വർദ്ധിപ്പിക്കുന്നു. ആകൃതിക്കു മാധുര്യമുണ്ടെങ്കിൽ അതിന്ന് എന്തും സൌന്ദര്യം വർദ്ധിപ്പിക്കും എന്നർത്ഥം. പാർവ്വതിയുടെ കാര്യത്തിലും കാളിദാസൻ ഇതേ ആശയം പ്രകാശിപ്പിച്ചിട്ടുണ്ട്—

യഥാ പ്രസിദ്ധൈർമ്മധുരം ശിരോരുഹൈ-
ർജ്ജടാഭിരപ്യേവമഭൂത്തദാനനം
ന ഷട്പദശ്രേണിഭിരേവ പങ്കജം
സശൈവലാസംഗമപി പ്രകാശതേ. (കുമാ–5/9)

തപസ്സാരംഭിക്കുന്നതിനുമുമ്പു പാർവ്വതിക്കു നീണ്ടിരുണ്ട് അഗ്രം ചുരുണ്ട കേശപാശമുണ്ടായിരുന്നു. അതു ആ മുഖത്തിനു വളരെ അഴകുമായിരുന്നു. തപസ്സിന്റെ ആരംഭത്തിൽ പാർവ്വതി തന്റെ മുടി ജടയാക്കി മാറ്റി. ആ ജടയും പാർവ്വതിയുടെ മുഖത്തിനു അലങ്കാരമായി ഭവിച്ചു എന്നാണ് കാളിദാസൻ പറയുന്നത്.

ലക്ഷണമൊത്ത സഹജസൌന്ദര്യമുള്ള അലങ്കാര്യവസ്തുക്കൾ അലങ്കാരങ്ങൾക്കു അങ്ങോട്ടും സൌന്ദര്യം വർദ്ധിപ്പിക്കുമെന്നും കാളിദാസൻ പറയുന്നുണ്ട്.

കണ്ഠസ്യ തസ്യാസ്തനബന്ധുരസ്യ
മുക്താകലാപസ്യ ച നിസ്തലസ്യ
അന്യോന്യശോഭാജനനാൽ ബഭൂവ
സാധാരണോ ഭൂഷണഭൂഷ്യഭാവഃ. (കുമാ–1/42)

മുത്തുമാലകൊണ്ടു പാർവ്വതിയുടെ കഴുത്തിനും ഭംഗിയുണ്ടായി. മനോഹരമായ ആ കഴുത്തിൽ ചെന്നുചേർന്നപ്പോൾ അതുകൊണ്ടു മുത്തുമാലക്കും ശോഭ കൂടി എന്നർത്ഥം.

ആഭരണസ്യാഭരണം പ്രസാധനവിധേഃ പ്രസാധനവിശേഷഃ
ഉപമാനസ്യാപി സഖേ പ്രത്യുപമാനം വപുസ്തസ്യാഃ.
(വിക്ര–2/3)

എന്നു വിക്രമോർവ്വശീയത്തിൽ പുരൂരവസ്സ് ഉർവ്വശിയെക്കുറിച്ചു പറയുമ്പോഴും സഹജസൌന്ദർയ്യത്തിൻെറ മഹിമാതിശയം ആവിഷ്കരിച്ചിട്ടുണ്ടു്. ഉർവ്വശിയുടെ പരമസുന്ദരമായ രൂപം ആഭരണത്തിനു് ആഭരണവും അണിക്കു് അണിയും ഉപമാനത്തിനു പ്രത്യുപമാനവുമാണത്രേ. ആ ഉർവ്വശീശരീരത്തിൻെറ സൌന്ദർയ്യം കണ്ടിട്ടു് ഉർവ്വശിയെ സൃഷ്ടിച്ചതു ചന്ദ്രനോ കാമനോ വസന്തനോ ആയിരിക്കുമെന്നുകൂടി കവി ഊഹിക്കുന്നുണ്ടു്.

സൃഷ്ടികർത്താവിൻെറ പ്രയത്നമാണു് സൌന്ദർയ്യാവിർഭാവത്തിനു കാരണം. ആദ്യത്തെ സൃഷ്ടിയിലാണു് സ്വാഭാവികമായും കൂടുതൽ മനസ്സിരുത്തുക. അതുകൊണ്ടു് ആദ്യത്തെ സൃഷ്ടിക്കു സൌന്ദർയ്യം കൂടുമെന്നും കാളിദാസനു അഭിപ്രായമുണ്ടു്. മേഘസന്ദേശത്തിൽ നായികയായ യക്ഷിയുടെ സൌന്ദർയ്യാതിശയം ആവിഷ്കരിക്കുവാൻ വേണ്ടി കവി യക്ഷനെക്കൊണ്ടു പറയിക്കുന്നതു നോക്കുക. യാ തത്ര സ്യാദ്യുവതിവിഷയേ സൃഷ്ടിരാദ്യേവ ധാതുഃ. (മേഘ–2/22) സൃഷ്ടികർത്താവു സ്ത്രീകളിൽ ഏററവുമാദ്യം സൃഷ്ടിച്ചവളെപ്പോലെ അത്രയധികം സൌന്ദർയ്യം ആ യക്ഷിക്കുണ്ടെന്നാണു് പ്രസ്താവന.

എത്രതന്നെ സൌന്ദർയ്യപൂർത്തിവരുത്താൻ ശ്രമിച്ചാലും എന്തെങ്കിലും ചില ന്യൂനത ഉണ്ടായിരിക്കുമെന്നും 'എല്ലാം തികഞ്ഞിട്ടൊരു വസ്തുപോലും തണ്ടാർമകൻ ഹന്ത ചമച്ചതില്ല' എന്നും കാളിദാസൻ വിശ്വസിക്കുന്നു. കൊന്നപ്പൂവിനു മണമില്ലെന്നതിനെ ദൃഷ്ടാന്തപ്പെടുത്തിയാണു് അക്കാർയ്യം കവി തുറന്നുപറയുന്നതു്.

വർണ്ണപ്രകർഷേ സതി കർണ്ണികാരം
ദുനോതി നിർഗ്ഗന്ധതയാ സ്മ ചേതഃ
പ്രായേണ സാമഗ്ര്യവിധൌ ഗുണാനാം
പരാങ്മുഖീ വിശ്വസൃജഃ പ്രവൃത്തിഃ. (കുമാ–3/28)

ബാഹ്യസൌന്ദർയ്യത്തെക്കാൾ ആഭ്യന്തരസൌന്ദർയ്യത്തിനു പ്രാധാന്യം കല്പിക്കുന്ന കവിയാണു് കാളിദാസൻ. ബാഹ്യസൌന്ദർയ്യത്തെ രൂപമെന്നും ആഭ്യന്തരസൌന്ദർയ്യത്തെ ശീലമെന്നും കവി വിളിക്കുന്നു. യത്രാകൃതിസ്തത്ര ഗുണാ ഭവന്തി എന്ന സാമുദ്രികശാസ്ത്രസിദ്ധാന്തത്തിലും കാളിദാസൻ പൂർണ്ണമായി വിശ്വസിക്കുന്നു. കുമാരസംഭവം അഞ്ചാംസർഗ്ഗത്തിൽ ബ്രഹ്മചാരിവേഷത്തിൽ ചെന്ന പരമേശ്വരൻമുഖേനയാണു് കവി ആ അഭിപ്രായം പ്രകാശിപ്പിക്കുന്നതു്.

യദുച്യതേ പാർവ്വതി പാപവൃത്തയേ
ന രൂപമിത്യവ്യഭിചാരി തദ്വചഃ

തഥാഹി തേ ശീലമുദാരദർശനേ
തപസ്വിനാമപ്യുപദേശതാം ഗതം. (കുമാ–5/36)

പാർവ്വതി ഉദാരദർശനയാണ്—രൂപവതിയാണ്. പാർവ്വതിയുടെ ശീലവും ഉൽകൃഷ്ടമാണ്. അതിനാൽ രൂപഗുണമുള്ളേടത്ത് ശീലഗുണമുണ്ടാവുമെന്നുള്ള ശാസ്ത്രസിദ്ധാന്തം യഥാർത്ഥമാണ് എന്നാണല്ലോ ബ്രഹ്മചാരി അവകാശപ്പെടുന്നത്.

പാർവ്വതിക്ക തന്റെ ബാഹ്യസൌന്ദര്യംകൊണ്ടു പരമേശ്വരനെ ആവർജ്ജിക്കാൻ കഴിഞ്ഞില്ല. അവസാനം തപസ്സുചെയ്ത് പർവ്വതി തന്റെ രൂപം സഫലമാക്കി.

ഇയേഷ സാ കർത്തുമവന്ധ്യരൂപതാം
സമാധിമാസ്ഥായ തപോഭിരാത്മനഃ
അവാപ്യതേ വാ കഥമന്യഥാ ദ്വയം
തഥാവിധം പ്രേമ പതിശ്ച താദൃശഃ. (കുമാ–5/2)

എന്ന പ്രസ്താവന നോക്കുക. ബാഹ്യസൌന്ദര്യം പരാജയപ്പെട്ടേടത്ത് ആഭ്യന്തരസൌന്ദര്യം—തപസ്സ്—ശീലം വിജയം നേടുന്നു.

കുമാരസംഭവംപോലെതന്നെ ശീലത്തിന്റെ മഹത്ത്വം വിളിച്ചുപറയുന്ന കാളിദാസന്റെ മറെറാരു കൃതിയാണ് ശാകുന്തളം. അതിലും ബാഹ്യസൌന്ദര്യത്തിൽ ഭ്രമിച്ച നായികാനായകന്മാർ അത്യഗാധമായ ദുഃഖത്തിൽ ആമഗ്നരാകുന്നു. പശ്ചാത്താപംകൊണ്ടും തപശ്ചര്യകൊണ്ടും രണ്ടുപേർക്കും വേണ്ടത്ര ഹൃദയശുദ്ധി വന്നപ്പോൾ എല്ലാം ശുഭമായി പര്യവസാനിക്കുകയും ചെയ്യുന്നു.

ഇങ്ങനെയൊക്കെയാണെങ്കിലും ബാഹ്യസൌന്ദര്യത്തിൽ ഏററവും ഉത്സുകനാണ് കാളിദാസൻ. സൌന്ദര്യദേവതയുടെ ആരാധകനാണ് ആ മഹാകവി. അദ്ദേഹത്തിന്റെ ഏകസ്ഥസൌന്ദര്യദിദൃക്ഷ നാം ആദ്യമേ കണ്ടതാണല്ലോ.

പ്രേമനിരൂപണം

കാളിദാസൻ പൊതുവിൽ ശൃംഗാരകവിയാണ്. ആ മഹാകവിയുടെ ഏഴ് കൃതികളിൽ ആറും ശൃംഗാരപ്രധാനങ്ങളാണ്. രഘുവംശമഹാകാവ്യം മാത്രമേ ശൃംഗാരപ്രധാനമല്ലാതെ കാളിദാസൻ രചിച്ചിട്ടുള്ളു. ഋതുസംഹാരത്തിൽ നായകൻ തന്റെ പ്രിയയ്ക്കു ആറു ഋതുക്കളുടെയും സവിശേഷതകൾ വർണ്ണിച്ചുകേൾപ്പിക്കുന്നു. കാമിനീകാമുകന്മാർക്ക് കാമസുഖാസ്വാദനത്തിൽ ഓരോ ഋതുക്കളും വഹിക്കുന്ന പങ്കെന്തെന്നുള്ള കാര്യം പ്രത്യേകം എടുത്തുപറയുന്നുണ്ടു. അതുകൊണ്ടു ആ കാവ്യം ശൃംഗാരത്തിൽ

ഊന്നിനില്ക്കുന്ന ഒരു ഭാവകാവ്യമാണെന്നു പറയാം. ഏതു യുവാവും അതിലെ നായകനാണെന്നു കരുതാം. ആൎക്കും സ്വവല്ലഭയെ നായികയായിട്ടും സങ്കല്പിക്കാം.

മേഘസന്ദേശത്തിൽ ഏതോ ഒരു യക്ഷനാണു് നായകൻ. ആ യക്ഷന്റെ പത്നി നായികയും. വിപ്രലംഭശൃംഗാരപ്രധാനമാണു് ആ ഖണ്ഡകാവ്യം. പത്നിയോടു വേർപിരിഞ്ഞു് എട്ടുമാസം വിരഹദുഃഖമനുഭവിച്ചു കഴിച്ചുകൂട്ടിയ യക്ഷൻ, നാലുമാസവുംകൂടി അങ്ങനെ കഴിച്ചുകൂട്ടണമെന്നിരിക്കെ, വൎഷാരംഭത്തിൽ ഉന്മാദം പൂണ്ടു മേഘത്തിനോടു സന്ദേശം പറഞ്ഞയയ്ക്കുന്നു എന്നാണു് സങ്കല്പം. വിപ്രലംഭരതിയുടെ അതിതീവ്രമായ ഉദ്ഗാരമാണു് ആ കാവ്യം മുഴുവനും. ആ നിലയ്ക്കു് അതു ശൃംഗാരകാവ്യമാണെന്നു വ്യക്തമാണല്ലോ.

കുമാരസംഭവം പാൎവ്വതീപരമേശ്വരപ്രേമത്തിന്റെ പാരമ്യം വൎണ്ണിക്കുന്ന കാവ്യമായതുകൊണ്ടു് അതു ശൃംഗാരകാവ്യമാണോ എന്ന കാൎയ്യത്തിൽ സന്ദേഹത്തിന്നേ അവസരമില്ല. നാരദന്റെ വാക്കിനെ വിശ്വച്ചു പരമേശ്വരനെ അനുകൂലിപ്പിക്കുവാൻ ചെയ്തിട്ടുള്ള പാൎവ്വതിയുടെ കഠിനപ്രയത്നത്തിന്റെ വിജയമാണു് അതിലെ പ്രതിപാദ്യം. അഭിലാഷവിപ്രലംഭാവസ്ഥയും പ്രവാസവിപ്രലംഭാവസ്ഥയും തികച്ചും അനുഭവിക്കുന്നുണ്ടു് പാൎവ്വതി. നായികാരബ്ധശൃംഗാരമായതുകൊണ്ടു നായികാഗതമായ പ്രവാസവിപ്രലംഭംമാത്രമാണു് അതിൽ വൎണ്ണിക്കപ്പെട്ടിട്ടുള്ളതു്. മേഘസന്ദേശത്തിൽ നായകഗതമായ പ്രവാസവിപ്രലംഭംമാത്രം ചിത്രീകരിച്ചപ്പോൾ കുമാരസംഭവത്തിൽ നായികാഗതമായിമാത്രം പ്രവാസവിപ്രലംഭം ചിത്രീകരിക്കപ്പെടുന്നു.

മൂന്നു നാടകവും ശൃംഗാരരസപ്രധാനമാണെന്നു പ്രസിദ്ധമാണു്. ശൃംഗാരത്തിന്റെ എല്ലാ അവസ്ഥകളേയും അവയിൽ ആവിഷ്കരിക്കുന്നുണ്ടു്. സമാനരാഗരായ നായികാനായകന്മാരെയാണു് അവയിൽ അവതരിപ്പിച്ചിട്ടുള്ളതു്. ഏതായാലും മേൽക്കാണിച്ച ആറു കൃതികളും ശൃംഗാരപ്രധാനമാണെന്നു തീൎച്ച. രഘുവംശം അങ്ങനെയല്ലെന്നുള്ളതും തീൎച്ചയാണു്. അതിൽ നായകസ്ഥാനം വഹിക്കുന്നതു കേവലം ഒരു വ്യക്തിയല്ല, ഒരു വംശത്തിൽ ജനിച്ച മുപ്പതോളം വ്യക്തികളാണു്. ആജന്മശുദ്ധ്യാദികളായ ജീവിതാദൎശങ്ങൾ അവരിലൂടെ ആവിഷ്കരിക്കാൻവേണ്ടിയാണു് ആ കാവ്യം നിൎമ്മിച്ചിട്ടുള്ളതു്.

രഘൂണാമന്വയം വക്ഷ്യേ തനുവാഗ്വിഭവോപി സൻ
തൽഗുണൈഃ കൎണ്ണമാഗത്യ ചാപലായ പ്രചോദിതഃ.
(രഘു–1/9)

എന്ന ഉപക്രമത്തിൽത്തന്നെ അതു മഹാകവി വ്യക്തമാക്കീട്ടും ഉണ്ടു്. അതിനാൽ അതു രസപ്രധാനകൃതിയല്ല, ആദൎശപ്രധാനകൃതിയാണു്. അതാതു കഥാസന്ദൎഭത്തിനനുസരിച്ചു പല രസങ്ങൾക്കും യഥായോഗ്യം പ്രാധാന്യം നൽകീട്ടുണ്ടെന്ന കാൎയ്യം വിസ്മരിക്കുന്നുമില്ല.

നായികാനായകന്മാരുടെ പ്രേമമാണല്ലോ പടിപടിയായുള്ള പരിപോഷംവഴിക്കു ശൃംഗാരമായിത്തീരുന്നതു്. ബന്ധുക്കളുടെ ശ്രമത്തിൽ ഒരു പുരുഷനും സ്ത്രീയും തമ്മിൽ വിവാഹിതരാവുകയാണെങ്കിൽ അവിടെ പ്രേമത്തിന്നോ രതിക്കോ ശൃംഗാരത്തിന്നോ ഒന്നും യാതൊരു സ്ഥാനവുമില്ലെന്നാണ് കാളിദാസന്റെ പക്ഷം. അതുകൊണ്ടു തന്നെയാണ് മൂന്നുനാടകത്തിലും പട്ടമഹിഷിക്കുപുറമേ പുതിയ നായികമാരെ അവതരിപ്പിച്ചിട്ടുള്ളതു്. നായികാനായകന്മാർ തമ്മിൽക്കണ്ടു് അങ്ങോട്ടും ഇങ്ങോട്ടും അനുരാഗം അങ്കുരിച്ചു് ഇടയ്ക്കുവരുന്ന പ്രതിബന്ധങ്ങളെയെല്ലാം തട്ടിനീക്കി സ്വൈരസമാഗമത്തിലെത്തിച്ചേരണം. അതാണ് ശരിയായ പ്രേമത്തിന്റെ അല്ലെങ്കിൽ രതിയുടെ സ്വഭാവം. നായികാനായകന്മാരിൽ ഒരാൾക്കു് അങ്ങോട്ടോ ഇങ്ങോട്ടോ മാത്രം അനുരാഗം ഉണ്ടായാൽ അതിനെ അനുരാഗമെന്നു പറയാൻ കാളിദാസൻ തയാറല്ല. അക്കാര്യം അദ്ദേഹം തുറന്നു പറഞ്ഞിട്ടുണ്ടു്—

അനാതുരോൽക്കണ്ഠിതയോഃ പ്രസിദ്ധ്യതാ
സമാഗമേനാപി രതിന്ന മാം പ്രതി
പരസ്പരപ്രാപ്തിനിരാശയോർവ്വരം
ശരീരനാശോപി സമാനുരാഗയോഃ. (മാള-3/15)

രണ്ടാൾക്കും തമ്മിൽ പ്രേമം ജനിച്ചു സമാഗമം സാധിക്കാതെ മരിച്ചുപോയാലും അവരിലുള്ളതു പ്രേമമാണ്. ഏകമുഖമായ പ്രേമം പ്രേമമല്ല, എന്നാണ് കാളിദാസൻ പറയുന്നതു്. ശാകുന്തളത്തിലും അക്കാര്യം വ്യക്തമാക്കീട്ടുണ്ടു്.

കാമം പ്രിയാ ന സുലഭാ മനസ്തു തദ്‌ഭാവദർശനാശ്വാസി
അകൃതാർത്ഥേപി മനസിജേ രതിമുഭയപ്രാർത്ഥനാ കുരുതേ.
(ശാകു-2/1)

ഉഭയപ്രാർത്ഥനയുണ്ടെങ്കിലേ ശരിയായ ശൃംഗാരമാകയുള്ളുവെന്നു് ഇതിലധികം വ്യക്തമാക്കേണ്ടതില്ലല്ലോ.

നായികയ്ക്കു നായകനെക്കുറിച്ചുള്ള പ്രേമം ദൃഢമായിരിക്കുമെന്നും നായകനു നായികാവിഷയകമായ പ്രേമം അത്രമാത്രം ദൃഢമാവില്ലെന്നും കാളിദാസൻ കരുതുന്നു. പുരുഷന്മാർക്കു ദയിതാപ്രേമത്തെക്കാൾ സ്ഥിരതരമാണ് സുഹൃൽപ്രേമമെന്നു രതിയെക്കൊണ്ടു പറയിക്കുന്നതു നോക്കുക—

ദയിതാസ്വനവസ്ഥിതം നൃണാം
ന ഖലു പ്രേമ ചലം സുഹൃജ്ജനേ. (കുമാ-4/28)

ദയിതമാരിൽ പുരുഷന്മാരുടെ പ്രേമം അനവസ്ഥിതമാണ്—അസ്ഥിരമാണ്. സുഹൃത്തുക്കളിൽ അങ്ങനെയല്ല എന്നാണ് രതിയുടെ ആരോപം. അതു് ഒരു നിലയ്ക്കു ന്യായവുമാണ്. ഏകപത്നീവ്രതക്കാരായ പുരുഷന്മാർ അപൂർവ്വമാണ്. പതിവ്രതകളായ സ്ത്രീകൾ സുലഭവുമാണ്.

കാളിദാസന്റെ നായികമാരെല്ലാം പതിവ്രതമാരായിരിക്കെ നായകന്മാരെല്ലാം ബഹുപത്നീകന്മാരാണല്ലോ.

പാർവ്വതി കാമദഹനത്തിനുശേഷവും തപസ്സു ചെയ്തു പരമേശ്വരനെ തപഃക്രീതദാസനാക്കിയതു സ്ത്രീകളുടെ പ്രേമസ്ഥിരതയ്ക്കുദാഹരണമാണ്.

ഇതി ധ്രുവേച്ഛാമനുശാസതീ സുതാം
ശശാക മേനാ ന നിയന്തുമുദ്യമാൽ
ക ഈപ്സിതാർത്ഥസ്ഥിരനിശ്ചയം മനഃ
പയശ്ച നിമ്നാഭിമുഖം പ്രതീപയേൽ. (കുമാ–5/5)

എന്ന പദ്യത്തിൽ പാർവ്വതി ധ്രുവേച്ഛയാണെന്നും ഈപ്സിതാർത്ഥസ്ഥിരനിശ്ചയമാണ് പാർവ്വതിയുടെ മനസ്സെന്നും കവി പറഞ്ഞതു് ആ അഭിപ്രായത്തിലാണ്.

കാളിദാസന്റെ പ്രേമം കേവലം ശരീരനിബദ്ധമല്ല–കാമകിങ്കരത്വത്തെ അദ്ദേഹം പ്രേമമായി ഒരിക്കലും കരുതുന്നുമില്ല. കാളിദാസൻ തന്റെ കൃതികളിൽ കാമവികാരത്തെയും ദിവ്യമായ പ്രേമത്തെയും വേർതിരിച്ചു കാണിക്കുന്നു. കുമാരസംഭവത്തിലും ശാകുന്തളത്തിലുമായി മഹാകവി പ്രേമവിഷയത്തിൽ തന്റെ ആദർശം പ്രകാശിപ്പിച്ചിട്ടുണ്ട്. ദിവ്യമായ പ്രേമം ബാഹ്യമായ സൗന്ദര്യത്തെ ആശ്രയിച്ചുനില്ക്കുന്നില്ല. തപസ്സുകൊണ്ടുമാത്രം നേടാവുന്നതാണ് ഈ അഭൗമമായ പ്രേമം.

പരമേശ്വരനെ ശുശ്രൂഷിക്കുന്ന പാർവ്വതിക്ക് ഒരു അഹങ്കാരം ഉണ്ടായിരുന്നു. ഇന്നല്ലെങ്കിൽ നാളെ തപസ്വിയായ ശിവൻ തന്റെ ശരീരസൗന്ദര്യത്തിൽ വശീകൃതനാകുമെന്ന്. കുമാരസംഭവം മൂന്നാംസർഗ്ഗത്തിലെ കാമദേവൻ കാമവികാരത്തിന്റെ മൂർത്തിമദ്ഭാവമത്രേ. ഈ കാമനെ ശിവൻ ദഹിപ്പിച്ചപ്പോൾ പാർവ്വതിക്കു ബോധംവന്നു, ആ ധീരനെ തപസ്സുകൊണ്ടേ വശീകരിക്കുക സാധ്യമാകയുള്ളു എന്ന്.

ഇയേഷ സാ കർത്തുമവന്ധ്യരൂപതാം
സമാധിമാസ്ഥായ തപോഭിരാത്മനഃ
അവാപ്യതേ വാ കഥമന്യഥാ ദ്വയം
തഥാവിധം പ്രേമ പതിശ്ച താദൃശഃ. (കുമാ–5/2)

തപസ്സുകൊണ്ടു പരമേശ്വരൻ ക്രീതദാസനും ആയി. ശാകുന്തളത്തിൽ നായികാനായകന്മാർ ബാഹ്യസൗന്ദര്യംകൊണ്ടാണ് ആദ്യം പരസ്പരം ആകൃഷ്ടരാകുന്നതും പരസ്പരസമാഗമത്തിന് അതിരുകവിഞ്ഞു കൊതിക്കുന്നതും. ഗാന്ധർവ്വവിവാഹം ശകുന്തളാദുഷ്യന്തന്മാരുടെ ഒരു വീഴ്ചയെ (അധഃപതനത്തെ) കുറിക്കുന്നു. Paradise lost–സ്വർഗ്ഗം നഷ്ടപ്പെട്ടു– എന്നാണ് ടാഗോർ പറയുന്നതു്. ദുർവ്വാസഃശാപവും വിരഹവും നായികാനായകന്മാ

രെ പരസ്പരം പ്രേമാർഹന്മാരാക്കുവാനാണ്. വിരഹിയായ ദുഷ്യന്തന്റെ കണ്ണീരിൽ കഴുകി ശകുന്തളാവിഷയമായ പ്രേമം സംശുദ്ധമായി. ഈ കണ്ണീർതന്നെയാണ് ദുഷ്യന്തന്റെ തപസ്യ. കാമവികാരത്തിന്റെ ഫലമായ സമാഗമം ഭൂമിയിലാണ് നടന്നതെങ്കിൽ ദിവ്യപ്രേമത്തിന്റെ ഫലമായ സമാഗമം ദേവഭൂമിയായ ഹേമകൂടത്തിൽ നടന്നു. Paradise Regained–സ്വർഗ്ഗംവീണ്ടും കിട്ടി.

ഇതൊക്കെയാണ് കാളിദാസന്റെ പ്രേമസങ്കല്പമെന്നു ചുരുക്കത്തിൽ പറയാം.

രസാവിഷ്ക്കരണം

ശാസ്ത്രീയമായ അടിസ്ഥാനത്തിൽ രസാവിഷ്ക്കാരം നിർവ്വഹിച്ച മഹാകവിയാണ് കാളിദാസൻ. നാട്യശാസ്ത്രകർത്താവായ ഭരതമുനിയാണല്ലോ രസസാമഗ്രികളെ വിശകലനംചെയ്തു രസാവിഷ്ക്കരണകൌശലം ഉപദേശിച്ചുതന്നിട്ടുള്ള ആദ്യത്തെ ആചാര്യൻ. വിഭാവാനുഭാവവ്യഭിചാരിസംയോഗാദ്രസനിഷ്പത്തിഃ എന്ന സൂത്രത്തെ ആസ്പദമാക്കി ഭരതമുനി, ശൃംഗാരാദികളായ ഒമ്പതു രസങ്ങളെയും രത്യാദികളായ ഒമ്പതു സ്ഥായിഭാവങ്ങളെയും നിർവ്വേദാദികളായ മുപ്പത്തിമൂന്നു സഞ്ചാരിഭാവങ്ങളെയും യാതൊരു സംശയത്തിനും ഇടവരാത്തവിധത്തിൽ വ്യക്തമാക്കിത്തന്നിട്ടുണ്ട്. രസാവിഷ്ക്കാരവിഷയത്തിൽ നാട്യകാവ്യങ്ങൾക്കു മാത്രമല്ല ചിത്രശില്പാദികലകൾക്കുപോലും ഭാരതീയരുടെ മൂലപ്രമാണം നാട്യശാസ്ത്രവചനമാണ്.

കാളിദാസൻ തന്റെ കൃതികളിൽ എല്ലാ രസങ്ങൾക്കും യഥോചിതം സ്ഥാനം നല്കിയിട്ടുണ്ട്. എന്നാൽ ശൃംഗാരരസത്തോടാണ് മഹാകവിക്കു കൂടുതൽ ആഭിമുഖ്യമെന്ന് ഋതുസംഹാരം മുതൽ എല്ലാ കൃതികളും വിളിച്ചുപറയുന്നു. മററു രസങ്ങളെല്ലാം മുഖ്യമായ ശൃംഗാരത്തിന്റെ അംഗമെന്ന നിലയിൽമാത്രമേ നിവേശിപ്പിക്കപ്പെട്ടിട്ടുള്ളു.

കവി തന്റെ പ്രിയതമയ്ക്ക് ഗ്രീഷ്മം മുതൽ വസന്തമടക്കം ആറു ഋതുക്കളിലും പ്രപഞ്ചത്തിൽ വരുന്ന പരിണാമവിശേഷങ്ങളും സുഖദുഃഖങ്ങളും വർണ്ണിച്ചുകേൾപ്പിക്കുന്നവിധത്തിലാണ് ഋതുസംഹാരകാവ്യം വിരചിച്ചിട്ടുള്ളത്. നായികാനായകന്മാരുടെ സുഖോപഭോഗത്തിന് ഓരോ ഋതുവും ഏതുവിധം ഉപയോഗപ്പെടുമെന്നു കാണിക്കുന്നതിലാണ് കവിക്കു കൂടുതൽ നിഷ്കർഷ. ആ നിലയ്ക്ക് അക്കാവ്യത്തിൽ ശൃംഗാരത്തിനു മുൻഗണന കൊടുത്തിട്ടുണ്ടെന്നു സമ്മതിക്കാതെ തരമില്ലല്ലോ. വർണ്ണ്യവിഷയം നായികാനായകന്മാരല്ലാത്തതുകൊണ്ടും ഉപക്രമോപസംഹാരങ്ങളോടുകൂടിയ ഒരു ഇതിവൃത്തമില്ലാത്തതുകൊണ്ടും രതിയെന്ന സ്ഥായിഭാവത്തിനു ക്രമാനുഗതമായ പരിപോഷം നിബന്ധിച്ചിട്ടില്ലാത്തതുകൊണ്ടും ശൃംഗാരം ഇതിലെ അംഗിരസമാണെന്നു പറഞ്ഞുകൂടാ. എങ്കിലും കാവ്യം മുഴുവൻ, നായകൻ പ്രേമപൂർവ്വം നായികയുമായി നടത്തുന്ന സംഭാഷണമാ

കയാൽ, സംഭോഗശൃംഗാരത്തിന്റെ ഒരു വകഭേദമാണതെന്നു അംഗീകരിക്കാതെ തരമില്ല.

ശൃംഗാരപ്രധാനമല്ലെന്നു പറയാവുന്ന മറ്റൊരു കാളിദാസകൃതി രഘുവംശമഹാകാവ്യം മാത്രമാണ്. അതിൽ നായകന്മാർ പലരാണ്, അവരുടെ ജീവിതം പലവിധത്തിലുള്ളതാണ്. ധർമ്മപ്രധാനമായും, അർത്ഥപ്രധാനമായും, കാമപ്രധാനമായുമുള്ള കഥകളതിൽ കാണാം. അവയിൽ കാമപ്രാധാന്യമുള്ള ഇതിവൃത്തഭാഗങ്ങളിൽ ശൃംഗാരത്തിനു സമുചിതമായ സ്ഥാനം നല്കിയിട്ടുണ്ട്. ഇന്ദുമതീസ്വയംവരഘട്ടം, അജവിലാപഘട്ടം, സീതാപരിത്യാഗഘട്ടം, അഗ്നിവർണ്ണകഥാഘട്ടം മുതലായവ ഉദാഹരണങ്ങളാണ്.

മേഘസന്ദേശം, കുമാരസംഭവം എന്ന രണ്ടു ശ്രവ്യകാവ്യങ്ങളും മാളവികാഗ്നിമിത്രം, വിക്രമോർവ്വശീയം, അഭിജ്ഞാനശാകുന്തളം എന്ന മൂന്നു ദൃശ്യകാവ്യങ്ങളും ശൃംഗാരപ്രധാനങ്ങളാണ്. സംഭോഗം, വിപ്രലംഭം എന്നു രണ്ടുവിധം ശൃംഗാരത്തിന്റെയും പലപല മുഖങ്ങളും അവയിലാവിഷ്കരിച്ചിട്ടുണ്ട്. നായികാനായകന്മാരുടെ ദിവ്യാദിവ്യഭേദമനുസരിച്ചു ശൃംഗാരരസാവിഷ്കാരത്തിൽ വരുത്തേണ്ടുന്ന സവിശേഷതകളിലും മഹാകവി വേണ്ടുവോളം ശ്രദ്ധിച്ചിട്ടുണ്ട്.

പ്രവാസവിപ്രലംഭശൃംഗാരമാണ് മേഘസന്ദേശത്തിൽ പ്രധാനം. സ്വാമിശാപത്താൽ ഒരു കൊല്ലത്തെ പ്രിയാവിരഹമനുഭവിക്കേണ്ടിവന്ന ഒരു യക്ഷന് എട്ടുമാസം കഴിഞ്ഞു വർഷാരംഭത്തിൽ തീവ്രാവസ്ഥയെ പ്രാപിച്ച വിരഹദുഃഖമാണ് ആ ഭാവകാവ്യത്തിൽ അംഗിയായി നില്ക്കുന്നത്. നായകന്റെ വിപ്രലംഭരതിക്കു ദീപ്തി നല്കുവാനുതകുന്ന ഒരു സന്ദേശകാവ്യപ്രസ്ഥാനം ഇദംപ്രഥമമായി ആവിഷ്കരിച്ചതുതന്നെ കാളിദാസനാണ്.

കുമാരസംഭവത്തിൽ പാർവ്വതിയുടെ ജനനംമുതൽ വിവാഹംകഴിഞ്ഞ് കാമോപഭോഗത്തിൽ മുഴുകിക്കഴിയുന്ന ഘട്ടംവരെയുള്ള ഏകതാനമായ ഒരു ഇതിവൃത്തം വർണ്ണിക്കപ്പെട്ടിരിക്കുന്നു. നായികയായ പാർവ്വതിയുടെ രതിഭാവം ഇതിൽ ക്രമപ്രവൃദ്ധമായി വളർന്ന് ഇടയ്ക്കു പല വിഘ്നങ്ങളും വന്നു തടഞ്ഞ് ഒടുവിൽ പാണിഗ്രഹണവിധിയിൽ എത്തിച്ചേരുന്നു. കാളിദാസന്റെ സംഭോഗശൃംഗാരവർണ്ണനം ആസ്വദിക്കണമെങ്കിൽ കുമാരസംഭവം എട്ടാംസർഗ്ഗം വായിക്കണം. മേഘസന്ദേശത്തിലെയും കുമാരസംഭവത്തിലെയും നായികാനായകന്മാർ ദിവ്യന്മാരാണ്. അവയിലെ ശൃംഗാരവും ദിവ്യംതന്നെ.

മാളവികാഗ്നിമിത്രാദികളായ മൂന്നു നാടകങ്ങളിലും ശൃംഗാരമാണ് പ്രധാനരസമെങ്കിലും മൂന്നിലെയും രസപോഷത്തിനു വളരെ വ്യത്യാസമുണ്ട്. നായികാനായകന്മാരുടെ പരസ്പരാനുരാഗമാണല്ലോ വിഭാവാദിസംയോഗത്താൽ ശൃംഗാരരസമായിത്തീരുന്നത്. നായികയ്ക്കു നായകനിലും നായകനു നായികയിലും തുല്യമായ അനുരാഗം വേണം. അ

ത്തു ചിലരെ സംബന്ധിച്ചിടത്തോളം നായകനിലായിരിക്കും ആദ്യമുണ്ടാകുന്നതു്. മററു ചിലരുടെ കാര്യത്തിൽ നായികയിൽ ആദ്യമായി അനുരാഗം അങ്കുരിച്ചെന്നുവരും. അന്യോന്യദർശനത്തിൽ ഒരേ സമയത്തുതന്നെ നായകനിലും നായികയിലും ഒപ്പം അനുരാഗം ആവിർഭവിക്കുന്നതായും ദുർല്ലഭമായി കണ്ടേക്കും. നായികമാരുടെ അവസ്ഥാഭേദം അക്കാര്യത്തിൽ പ്രത്യേകം പരിഗണിക്കേണ്ടതാണു്. മാളവികാഗ്നിമിത്രത്തിൽ യൌവനാരംഭദശയിലിരിക്കുന്ന മുഗ്ദ്ധയായ മാളവികയുടെ ചിത്രം കണ്ടപ്പോൾ അഗ്നിമിത്രന്റെ ഹൃദയത്തിൽ അനുരാഗം അങ്കുരിതമാകുന്നു. പിന്നീടു് അഗ്നിമിത്രനെ കാണുമ്പോൾ മാളവികയിലും അനുരാഗമുദിക്കുന്നു. പക്ഷേ അവരുടെ സമാഗമത്തിനു ധാരിണി, ഇരാവതി എന്ന രണ്ടു പ്രതിനായികമാരുടെ എതിർപ്പുണ്ടു്. നർമ്മസചിവനായ ഗൌതമന്റെ ബുദ്ധികൌശലവും തന്ത്രവുമാണു് എല്ലാ പ്രതിബന്ധങ്ങളെയും തരണംചെയ്തു് അവരെ യോജിപ്പിക്കുന്നതു്.

വിക്രമോർവ്വശീയത്തിൽ സമ്പൂർണ്ണയൌവ്വനയായ—പ്രൌഢയായ—ഉർവ്വശിയാണു് നായിക. ഉർവ്വശിയെ നായകനായ പുരൂരവസ്സു് അസുരന്മാരിൽനിന്നു രക്ഷിച്ചപ്പോൾ നായികക്കു നായകന്റെ പേരിൽ ആദ്യം അനുരാഗം ജനിക്കുന്നു. തുടർന്നു് പരമസുന്ദരിയായ ഉർവ്വശിയുടെ പേരിൽ പുരൂരവസ്സിനും. അവരുടെ സമാഗമത്തിൽ മുൻകയ്യെടുത്തു പ്രവർത്തിക്കുന്നതെല്ലാം ഉർവ്വശിയാണു്.

അഭിജ്ഞാനശാകുന്തളത്തിൽ നായികയായ ശകുന്തള മാളവികയെപ്പോലെ മുഗ്ദ്ധയോ ഉർവ്വശിയെപ്പോലെ പ്രൌഢയോ അല്ല. യൌവനം പ്രതിക്ഷണം വളർന്നുകൊണ്ടിരിക്കുന്ന പ്രായമാണു് ശാകുന്തളക്കു്. ആ ശകുന്തളയെ ഒളിഞ്ഞുനിന്നു നോക്കിക്കൊണ്ടുന്ന ദുഷ്യന്തനിലാണു് അനുരാഗം ആദ്യം മുളച്ചു വേർപിടിക്കുന്നതു്. ദുഷ്യന്തനെ കണ്ടമാത്രയിൽ ശകുന്തളയുടെ ഹൃദയത്തിലും. അവരുടെ ആ അനുരാഗം ആദ്യം അഭിലാഷവിപ്രലംഭദശയെയും മൂന്നാമങ്കത്തിലെ ക്ഷണികസമാഗമത്തിനുശേഷം വിരഹവിപ്രലംഭദശയെയും ദുർവ്വാസഃശാപാനന്തരം ശാപവിപ്രലംഭദശയെയും ശാപം തീർന്നതിനുശേഷം പ്രവാസവിപ്രലംഭദശയെയും തരണംചെയ്തു ഹേമകൂടപർവ്വതത്തിൽ മാരിചാശ്രമത്തിൽവെച്ചു നായികാനായകന്മാർ ഇണങ്ങിച്ചേരുന്നു. പ്രതിനായികയില്ലാത്ത നാടകമാണു് ശാകുന്തളം.

നായികാനായകന്മാർക്കു് അന്യോന്യം തോന്നുന്ന രതിഭാവങ്ങൾ വളർന്നു ശൃംഗാരരസമായിത്തീരുന്നുവെന്നു മുൻപു പറഞ്ഞുവല്ലോ. രസപോഷത്തിനു വിഭാവാനുഭാവവ്യഭിചാരികൾ വേണ്ടവിധത്തിൽ യോജിക്കണമെന്നും നിർദ്ദേശിക്കുകയുണ്ടായി. അതിൽ വിഭാവം എന്നു പറയുന്നതു രസോൽപത്തികാരണമാണു്. ആലംബനവിഭാവമെന്നും ഉദ്ദീപനവിഭാവമെന്നും വിഭാവം രണ്ടുവിധത്തിലുണ്ടു്. ദുഷ്യന്തനിൽ ശകുന്തളയെ ആലംബിച്ചാണല്ലോ രതിഭാവം ഉദയംചെയ്യുന്നതു്. ആ രതിയുടെ ആലംബനവിഭാവം ശകുന്തളയാണു്. ഉദിതമായ സ്ഥായിഭാവത്തിനു ദീപ്തി

കിട്ടുവാൻ എന്തെല്ലാമാണോ കാരണമായിത്തീരുന്നത് അതിനെയൊക്കെ ഉദ്ദീപനവിഭാവങ്ങൾ എന്നു പറയുന്നു. ആലംബനവിഭാവത്തിലെ ഗുണങ്ങൾ, അലങ്കാരങ്ങൾ, പ്രവൃത്തികൾ ഇവയ്ക്കുപുറമെ സ്ഥലകാലാദികൾ ഇവയെല്ലാം ഉദ്ദീപനവിഭാവങ്ങളാണ്. സൗന്ദര്യം, യൗവനം മുതലായ ശകുന്തളയുടെ ഗുണങ്ങളെ ദുഷ്യന്തന്റെ രതിക്ക് ഉദ്ദീപനവിഭാവങ്ങളായിട്ടാണ് കവി നിബന്ധിക്കുന്നത്.

> അധരഃ കിസലയരാഗഃ കോമളവിടപാനുകാരിണൗ ബാഹൂ
> കുസുമമിവ ലോഭനീയം യൗവനമംഗേഷു സന്നദ്ധം.
>
> (ശാകു–1/18)

എന്ന ശ്ലോകത്തിൽ ശകുന്തളയുടെ സൗന്ദര്യയൗവനങ്ങളെ ദുഷ്യന്തനെടുത്തു പറയുന്നുണ്ടല്ലോ. ശകുന്തള ധരിച്ച മരവുരിപോലും ഒരലങ്കാരമായിട്ടാണ് ദുഷ്യന്തൻ കാണുന്നത്. ദുഷ്യന്തൻ പറയുന്നു—

> കാമമനനുരൂപമസ്യാ വയസോ വല്ക്കലം ന, പുനരലങ്കാര
> ശ്രിയം ന പുഷ്യതി. കുതഃ -
> സരസിജമനുവിദ്ധം ശൈവലേനാപി രമ്യം
> മലിനമപി ഹിമാംശോർലക്ഷ്മ ലക്ഷ്മീം തനോതി
> ഇയമധികമനോജ്ഞാ വല്ക്കലേനാപി തന്വീ
> കിമിവ ഹി മധുരാണാം മണ്ഡനം നാകൃതീനാം.
>
> (ശാകു–1/17)

മുഖത്തിനുനേരേ പറന്നുവരുന്ന വണ്ടിനെ കണ്ടു പേടിച്ച ശകുന്തള അതിനെ തട്ടിമാററുമ്പോൾ ആ പ്രവൃത്തിയും ദുഷ്യന്തന്റെ രതിക്കു പരിപോഷം നല്കുന്നുണ്ട്. ഭ്രമരബാധയേററ ശകുന്തള ഭയപരവശയാകുമ്പോൾ ദുഷ്യന്തൻ കൊതിയോടെ പറയുന്നതു നോക്കുക—

> ചലാപാംഗാം ദൃഷ്ടിം സ്പൃശസി ബഹുശോ വേപഥുമതീം
> രഹസ്യാഖ്യായീവ സ്വനസി മൃദു കർണ്ണാന്തികചരഃ
> കരൗ വ്യാധുന്വത്യാഃ പിബസി രതിസർവ്വസ്വമധരം
> വയം തത്ത്വാന്വേഷാൻമധുകര ഹതാസ്ത്വം ഖലു കൃതീ.
>
> (ശാകു–1/20)

വിജനമായ ഉദ്യാനവും പ്രശാന്തരമണീയമായ കാലവും സഖിമാരുമായി നടത്തുന്ന വിസ്രംഭസംഭാഷണവും മററും ദുഷ്യന്തരതിപോഷകങ്ങളായിട്ടുതന്നെയാണ് കവി നിബന്ധിച്ചിട്ടുള്ളത്. അങ്ങനെ വിഭാവസംയോഗം ശാകുന്തളം ഒന്നാമങ്കത്തിൽ വ്യക്തമായിക്കാണിച്ചിരിക്കുന്നു.

രതിയുടെ ഫലമായി ഉണ്ടാകുന്ന വ്യാപാരവിശേഷങ്ങളാണ് അനുഭാവങ്ങൾ. ശകുന്തള പോവുമ്പോൾ ദർഭാങ്കുരം കാലിൽ തറച്ചതായി നടിച്ചുനിന്നതും തിരിഞ്ഞുനോക്കിയതും മരവുരി ചെടികളിൽനിന്നു വേർപ്പെടുത്തുന്നതായി നടിച്ചതും മററും അനുഭാവങ്ങളാണെന്നു പറയാം. അതാ

ത്തു സന്ദർഭത്തിന്നനുരൂപമായി സഞ്ചാരിഭാവങ്ങളും യഥോചിതം നിബന്ധിച്ചിട്ടുണ്ട്. അതെല്ലാം ശാസ്ത്രീയദൃഷ്ടിയോടെ സൂക്ഷ്മമായി നോക്കി മനസ്സിലാക്കേണ്ടതാണ്. മൂന്നു നാടകങ്ങളിലും ശൃംഗാരരസത്തിന്റെ പരിപോഷം മഹാകവി അത്യന്തം ഔചിത്യദീക്ഷയോടുകൂടി നിർവ്വഹിച്ചിട്ടുണ്ടെന്നുമാത്രം ചുരുക്കിപ്പറയട്ടെ.

ഉത്സാഹമെന്ന സ്ഥായിഭാവം പരിപോഷം പ്രാപിക്കുമ്പോൾ അതു വീരരസമായി പരിണമിക്കുന്നു. ഏതൊരു കാര്യത്തിന്നിറങ്ങി പുറപ്പെട്ടാലും ഇടയ്ക്കുവരുന്ന എല്ലാ പ്രതിബന്ധങ്ങളേയും തട്ടിനീക്കി ഫലോദയംവരെ കർമ്മംചെയ്യുവാനുള്ള ആഭിമുഖ്യമാണ് വീരത്തിന്റെ സ്ഥായിഭാവമായ ഉത്സാഹം. ആ രസത്തിനു യുദ്ധവീരം, ധർമ്മവീരം, ദാനവീരം, ദയാവീരം എന്നു തുടങ്ങി പല വകഭേദങ്ങളുമുണ്ട്. ശൃംഗാരപ്രധാനങ്ങളായ കാളിദാസന്റെ മൂന്നു നാടകങ്ങളിലും യുദ്ധവീരത്തിന്റെ സൂചനയുണ്ട്. രംഗത്തിൽ ആ രസം അവതരിപ്പിക്കുന്നില്ല. മാളവികാഗ്നിമിത്രത്തിൽ സൈന്യങ്ങൾ ചെന്നു വിദർഭരാജാവിനെ കീഴടക്കിയതായി പറയുന്നു. സചിവായത്തസിദ്ധിയായ അഗ്നിമിത്രൻ അതുകൊണ്ടു യുദ്ധവീരനായിത്തീരുന്നു. വിക്രമോർവ്വശീയത്തിൽ പുരൂരവസ്സ് അസുരനെ യുദ്ധംചെയ്തു തോല്പിച്ച് ഉർവ്വശിയെ അസുരനിൽനിന്നു രക്ഷിച്ചതായി ആദ്യത്തിൽത്തന്നെ പ്രസ്താവിക്കുന്നുണ്ട്. ആ നിലയ്ക്കു പുരൂരവസ്സിന്റെ യുദ്ധവീരതയെക്കുറിച്ചു സംശയത്തിനവകാശമില്ല. ശാകുന്തളത്തിൽ വില്ലാളിവീരനായ ദുഷ്യന്തൻ ചെറുഞാണൊലികൊണ്ടുതന്നെ കണ്വാശ്രമത്തിൽനിന്നു രാക്ഷസന്മാരെ ഓടിച്ചതായി മൂന്നാമങ്കത്തിന്റെ ആരംഭത്തിൽ മുനികുമാരൻ പറയുന്നു—

കാ കഥാ ബാണസന്ധാനേ ജ്യാശബ്ദേനൈവ ദൂരതഃ
ഹുങ്കാരേണേവ ധനുഷഃ സ ഹി വിഘ്നാനപോഹതി.

(ശാകു–3/1)

എന്ന്. ആറാമങ്കത്തിന്റെ ഒടുവിലും ഏഴാമങ്കത്തിന്റെ ആരംഭത്തിലുമായി ദുഷ്യന്തൻ ദേവലോകത്തുചെന്ന് അസുരന്മാരെ ജയിച്ചതായും ദേവേന്ദ്രൻ സന്തോഷിച്ചു ദുഷ്യന്തനെ മന്ദാരമാലയണിയിച്ചതായും സൂചിപ്പിച്ചിട്ടുണ്ട്. ആ നിലയ്ക്കു ദുഷ്യന്തന്റെ യുദ്ധവീരത നല്ലപോലെ വ്യക്തമാക്കിയിട്ടുണ്ട്. നാടകങ്ങളിൽ യുദ്ധം രംഗത്തു് അവതരിപ്പിക്കരുതെന്നു നാട്യശാസ്ത്രനിയമമുള്ളതുകൊണ്ടു മൂന്നുനാടകത്തിലും യുദ്ധവീരത്തിന്റെ സൂചനമാത്രമേ ഉള്ളു. കുമാരസംഭവത്തിലും, മേഘസന്ദേശത്തിലും യുദ്ധത്തിന്റെ പ്രസക്തിയേ ഇല്ലാത്തതുകൊണ്ട് അവയെപ്പററി ചിന്തിക്കുകയേ വേണ്ട. രഘുവംശത്തിലാകട്ടെ രഘുവിന്റെയും അജന്റെയും യുദ്ധം വർണ്ണിച്ചിട്ടുണ്ട്. മൂന്നാംസർഗ്ഗത്തിൽ രഘുവും ദേവേന്ദ്രനുമായിട്ടുള്ള യുദ്ധം, നാലാംസർഗ്ഗത്തിൽ ദിഗ്ജയം വർണ്ണിക്കുമ്പോൾ ഏതാനും രാജക്കന്മാരുമായുള്ള യുദ്ധം. അവയിൽ ദേവേന്ദ്രനുമായുള്ള യുദ്ധത്തിലാണ് രഘുവിന്റെ യുദ്ധവീരത കൂടുതൽ വ്യക്തമാക്കിയിട്ടുള്ളതു്. അജന്റെ യുദ്ധവീരത വെളിപ്പെടുത്തിയതു് ഇന്ദു

മതീസ്വയംവരത്തിനുവന്നു നിരശരായി മടങ്ങുന്ന രാജാക്കന്മാരും അജനും തമ്മിൽ നടന്ന ഘോരയുദ്ധം വർണ്ണിച്ചിട്ടുള്ള ഏഴാംസർഗ്ഗത്തിലാണ്. അങ്ങനെ രഘുവംശത്തിൽ യുദ്ധവീരരസത്തിന്റെ ആവിഷ്കാരത്തിലും താൻ ഒട്ടും പിന്നിലല്ലെന്നു കാളിദാസൻ വ്യക്തമാക്കിയിട്ടുണ്ട്. കുമാരസംഭവത്തിൽ കാമദേവനെ നേത്രാഗ്നിയിൽ ദഹിപ്പിച്ച പരമേശ്വരനെ പാട്ടിലാക്കിയേ ഇരിക്കൂ എന്നു വാശിയോടുകൂടി തപസ്സിനു മുതിർന്ന പാർവ്വതിയിൽ ധർമ്മവീരരസം നിബന്ധിച്ചിരിക്കുന്നു. ശാകുന്തളം അഞ്ചാമങ്കത്തിൽ ശകുന്തളാദർശനം മുതൽ ശകുന്തളാപരിത്യാഗംവരെയുള്ള ഭാഗത്തു ദുഷ്യന്തനും ധർമ്മവീരനായി പ്രത്യക്ഷപ്പെടുന്നുണ്ട്. രഘുവംശത്തിൽ വിശ്വജിത്തുയാഗത്തിൽ സർവ്വസ്വവും ദക്ഷിണചെയ്തു ദരിദ്രനായിത്തീർന്ന രഘു കൌത്സനു ഗുരുദക്ഷിണയ്ക്കുവേണ്ടുന്ന പതിനാലുകോടി പണം വൈശ്രവണനിൽനിന്നു വരുത്തിക്കൊടുത്തു കൌത്സനെ തൃപ്തിപ്പെടുത്തുന്ന അഞ്ചാംസർഗ്ഗത്തിൽ ദാനവീരരസത്തിനും അനുപ്രവേശം നൽകിയിട്ടുണ്ടെന്നു പറയാം. രാമനാൽ കാട്ടിൽ പരിത്യജിക്കപ്പെട്ട സീതയുടെ വിലാപം കേട്ടു പാഞ്ഞുചെന്നു ഗർഭിണിയായ ആ സാധ്വിയെ ആശ്രമത്തിലേയ്ക്കു കൂട്ടിക്കൊണ്ടുപോന്നു രക്ഷിക്കുന്ന വാല്മീകിയിൽ ദയാവീരവും കാണാം. ഈ നിലയ്ക്കു വീരരസാവിഷ്ക്കരണത്തിലുള്ള വൈദഗ്ദ്ധ്യവും മഹാകവി യഥോചിതം പ്രദർശിപ്പിച്ചിട്ടുണ്ടെന്നു് അംഗീകരിക്കാവുന്നതാണ്.

കാളിദാസന്റെ കരുണരസവർണ്ണനനൈപുണ്യം കാണണമെങ്കിൽ കുമാരസംഭവത്തിലെ രതിവിലാപഘട്ടവും രഘുവംശത്തിലെ അജവിലാപഘട്ടവും സീതാപരിത്യാഗഘട്ടവും വായിക്കണം. രതിവിലാപത്തിൽ പതിയെ ആലംബനമാക്കിയിട്ടുള്ള രതീദേവിയുടെ ശോകം ഉച്ചകോടിയിൽ എത്തുന്നു. അജവിലാപത്തിൽ പത്നീമരണത്താൽ വിഹ്വലനായിത്തീർന്ന അജന്റെ ശോകം തീവ്രമായി മൂർച്ഛിക്കുന്നു. സീതാപരിത്യാഗഘട്ടത്തിൽ ഭർത്തൃപരിത്യക്തയായ സീതയുടെ ശോകമാണ് ദുസ്സഹാവസ്ഥയെ പ്രാപിക്കുന്നതു്. ശാകുന്തളത്തിൽ ദുഷ്യന്തനാൽ പരിത്യക്തയായ ശകുന്തളയുടെ ശോകരംഗവും കരുണമയമാണ്. ശാകുന്തളം നാലാമങ്കത്തിന്റെ പ്രാധാന്യത്തിനുള്ള കാരണം അതിന്റെ കരുണമയത്വമല്ലാതെ മറെറാന്നുമല്ല.

അസാധാരണങ്ങളായ കാര്യങ്ങൾ സംഭവിക്കുമ്പോഴാണല്ലോ അത്ഭുതമുളവാവുക. അത്തരം സന്ദർഭങ്ങൾ കാളിദാസന്റെ കാവ്യങ്ങളിലും നാടകങ്ങളിലും കാണാം. ദിലീപൻ, നന്ദിനിയെ കടന്നാക്രമിച്ച സിംഹത്തിന്റെനേരെ അമ്പയയ്ക്കാൻ മുതിർന്നപ്പോൾ തന്റെ കയ്യ് പെട്ടെന്നു സ്തംഭിച്ചതു് ഒരത്ഭുതരംഗമാണു. രഘുവിന്റെ ഖജാനയിൽ ഒരു ദിവസം രാത്രി പൊന്മഴയുണ്ടായതു മറെറാരത്ഭുതസംഭവമാണ്. ദുഷ്യന്തനാൽ പരിത്യജിക്കപ്പെട്ട ശകുന്തള ഉറക്കെ കരഞ്ഞുകൊണ്ടു പുരോഹിതന്റെ പിന്നാലെ പോകുമ്പോൾ ഏതോ ഒരു തേജസ്സു വന്നു ശകുന്തളയെ എടുത്തന്തർദ്ധാനംചെയ്തതു വേറൊരത്ഭുതസംഭവമാണ്. ഇതുപോലുള്ള അത്ഭുതസംഭവങ്ങൾ പലതും പല സന്ദർഭങ്ങളിലും കാണാം. നാടകങ്ങളുടെ

യെല്ലാം അവസാനത്തിൽ അത്ഭുതരസം നിബന്ധിച്ചിരിക്കണമെന്നു നിർബ്ബന്ധമുണ്ടു്. ഈ വിധം നോക്കുമ്പോൾ അത്ഭുതരസവിനിവേശത്തിലും ദത്തശ്രദ്ധനായിരുന്നു കാളിദാസനെന്നു കാണാവുന്നതാണു്.

ഹാസ്യരസത്തിൽ കുതുകിയാണു് കാളിദാസനെന്നു മൂന്നു നാടകങ്ങളിലും വ്യക്തമാക്കിയിട്ടുണ്ടു്. അവയിലെ വിദൂഷകൻ ഹാസ്യകഥാപാത്രമാണല്ലോ. ദുഷ്യന്തൻ തേരിൽ പിന്തുടരുന്നതു കണ്ടു പേടിച്ചോടുന്ന ആശ്രമമൃഗത്തിലും നായാട്ടുകാരുടെ കോലാഹലംകേട്ടു് ഭയപ്പെട്ടുപായുന്ന കാട്ടാനയിലും മററും ഭയാനകരസം, താടകാവധസന്ദർഭംപോലുള്ള ചില അപൂർവ്വരംഗങ്ങളിൽ ബീഭത്സരസം, പരശുരാമനും ശ്രീരാമനുമായി ഏററുമുട്ടുന്ന ഘട്ടത്തിൽ രൌദ്രരസം, കുമാരസംഭവം മൂന്നാംസർഗ്ഗത്തിലെ ശിവസമാധിവർണ്ണനത്തിലും അഞ്ചാംസർഗ്ഗത്തിൽ പാർവ്വതീതപോവർണ്ണനത്തിലും ശാകുന്തളം ഏഴാമങ്കത്തിലെ മാരീചാശ്രമവർണ്ണനത്തിലും ശാന്തരസം, ഇങ്ങനെ എല്ലാരസങ്ങൾക്കും അങ്ങിങ്ങു സ്ഥാനം കൊടുത്തിട്ടുള്ളതായി കാണാം. എന്നാൽ ശൃംഗാരത്തിനു നൽകിയിട്ടുള്ള പ്രാധാന്യം മററൊരു രസത്തിനും കൊടുത്തിട്ടില്ലെന്നുള്ളതു് ഉറപ്പിച്ചുപറയാവുന്നതാണു്. ശൃംഗാരകവിയാണു് കാളിദാസൻ.

ജീവിതദർശനം

കവികളുടെ ജീവിതദർശനത്തിനു സാമാന്യജനങ്ങളുടെ ജീവിതദർശനത്തെ അപേക്ഷിച്ചു വളരെ ഭേദമുണ്ടാകും. പൊതുവിൽ ജനങ്ങൾക്കു്, ഇഷ്ടമുള്ളതുമാത്രം കണ്ടാൽമതി എന്നുവെയ്ക്കാം. ഇഷ്ടമില്ലാത്തതൊഴിവാക്കാം. കവികൾക്കങ്ങനെ ചെയ്യാൻ നിവൃത്തിയില്ല. ജീവിതവിമർശനം നടത്തുന്നവരാണവർ. എല്ലാതരം ജീവിതത്തിന്റെയും അനുഭവം അവർക്കു നേടണം. തങ്ങളുടെ അനുഭവം മററുള്ളവർക്കു രസാവഹവും വിജ്ഞാനപ്രദവുമായ രീതിയിൽ കാവ്യങ്ങളിലൂടെ ആവിഷ്കരിക്കണം. അതിൽത്തന്നെ എല്ലാ കവികളുടെയും വീക്ഷണഗതി ഒന്നായിരിക്കയില്ല. ഭാസനും കാളിദാസനും ഭവഭൂതിയും മാഘനും ഹർഷനുമെല്ലാം നല്ലനല്ല കവികളാണെങ്കിലും ഓരോരുത്തരുടെയും വീക്ഷണഗതിക്കു വ്യത്യാസമുണ്ടു്. ആദികവിയായ വാല്മീകിയുടെയും ഇതിഹാസകവിയായ വ്യസന്റെയും ജീവിതദർശനത്തിനു തന്നെ വളരെ വളരെ അന്തരമുണ്ടു്.

ഒരു കവിയുടെ ജീവിതദർശനത്തെക്കുറിച്ചു ചിന്തിക്കുമ്പോൾ അതിൽ രണ്ടുകാര്യം നോക്കേണ്ടതുണ്ടു്. പ്രതിജനഭിന്നവിചിത്രമാർഗ്ഗവും പ്രതിനവരസവുമായ മനുഷ്യജീവിതത്തിലെ ഏതേതു വശങ്ങളിൽ കവിയുടെ ദൃഷ്ടി ആഴത്തിൽ പതിഞ്ഞിട്ടുണ്ടു് എന്നുള്ളതു് ഒന്നു്, എങ്ങനെയുള്ള ജീവിതത്തെയാണു് കവി മാതൃകാപരമായി കാണുന്നതു് എന്നുള്ളതു മററൊന്നു്. കാളിദാസനെ സംബന്ധിച്ചിടത്തോളം ആ രണ്ടു ദർശനത്തിന്റെയും സ്വഭാവം ഇവിടെ തെല്ലൊന്നു വ്യക്തമാക്കാൻ ശ്രമിക്കാം.

ക്രാന്തദർശിയായ കാളിദാസന്റെ കണ്ണെത്താത്ത ഒരു ജീവിതവും ഇല്ലെന്ന് അദ്ദേഹത്തിന്റെ പ്രധാനപ്പെട്ട മൂന്നു കാവ്യങ്ങളും പ്രസിദ്ധങ്ങളായ മൂന്നു നാടകങ്ങളും സാമാന്യമായൊന്നു പരിശോധിച്ചാൽത്തന്നെ കാണാം. നാടും നഗരവും, കാടും മലകളും, മേടും പുഴകളും, കൃഷിസ്ഥലങ്ങളും അങ്ങാടിത്തെരുവുകളും, അരമനകളും തപോവനങ്ങളും അവിടവിടങ്ങളിലുള്ള ജീവിതവൈവിധ്യങ്ങളോടുകൂടി കാളിദാസകൃതികളിൽ ഔചിത്യസുന്ദരമായി വർണ്ണിക്കപ്പെട്ടു കാണാം. അതുപോലെ മനുഷ്യജീവിതത്തോടു ബന്ധപ്പെട്ട നിലയിൽ വൃക്ഷലതാദികളെയും പക്ഷിമൃഗാദികളെയും സിദ്ധകിന്നരാദികളെയും ഉർവ്വശീമേനകാദികളെയും മഹാകവി സന്ദർഭാനുസാരം ചിത്രീകരിച്ചിട്ടുണ്ട്. നാട്ടിലെ മുക്കുവന്മാരും കാട്ടിലെ കാട്ടാളന്മാരും മുതൽ രാജാക്കന്മാരും ചക്രവർത്തിമാരുമുൾപ്പെടെ ദേവലോകത്തിലെ ദേവേന്ദ്രപിതാവായ കാശ്യപപ്രജാപതിയും സപ്തർഷികളും വരെയുള്ളവരുടെ വിവിധജീവിതമണ്ഡലങ്ങളെയും ആ സൂക്ഷ്മദൃഷ്ടി സാക്ഷാല്ക്കരിച്ചിരിക്കുന്നു. കൃഷി, കച്ചവടം, നൃത്തഗീതവാദ്യാദികലകൾ തുടങ്ങിയവയും പരാമർശിക്കപ്പെടാതിരുന്നിട്ടില്ല. ചുരുക്കത്തിൽ ഭൂമിയിലും സ്വർഗ്ഗത്തിലുമുള്ള ജീവിതരംഗങ്ങളെല്ലാം കാളിദാസനിൽ വേണ്ടുവോളം പ്രചോദനം നൽകിയിട്ടുണ്ടെന്നു കാവ്യരസികന്മാർക്കു കാണാൻ വിഷമമില്ല.

കാളിദാസന്റെ കൃതികളിൽ സുഖദുഃഖസമ്മിശ്രമായ മനുഷ്യജീവിതത്തിലെ പലതരം ചിത്രങ്ങളും തെളിഞ്ഞുകാണാം. ശാകുന്തളാദികൃതികളിലെ കഥാപാത്രങ്ങൾ മിക്കവാറും ഓരോവിധത്തിൽ ഹൃദയവേദന അനുഭവിച്ചുകൊണ്ടിരിക്കുന്നവരാണ്. അച്ഛനമ്മമാരില്ലാതെ വല്ലവരുടേയും രക്ഷയിൽ കഴിഞ്ഞുകൂടുന്ന പെൺകിടാങ്ങൾ, പുരുഷന്മാരുടെ വഞ്ചനയിൽപ്പെട്ടു പെരുവഴിയാധാരമായിട്ടുള്ള ഗർഭിണികൾ, ഉയർന്ന കുലത്തിൽ ജനിച്ചവളും കാലദോഷത്താൽ പരദാസ്യത്തിൽ ജീവിക്കേണ്ടിവരുന്ന കുലീനകന്യകകൾ, ഭർത്താവിനാൽ അപവാദം ആരോപിച്ചു പരിത്യജിക്കപ്പെടുന്ന പതിവ്രതകൾ, സപത്നീമാത്സര്യത്താൽ നീറിപ്പുകഞ്ഞു ജീവിക്കുന്ന നിർഭാഗ്യവതികൾ, മുതിർന്ന പെണ്മക്കളുടെ വിവാഹം കഴിയാതെ ഹൃദയം നൊന്തുകഴിയുന്ന പിതാക്കന്മാർ, തറവാടു നിലനിർത്താൻ ഒരു സന്താനത്തിന്റെ ഓമനമുഖം കാണാതെ ഇരുണ്ട ജീവിതം നയിക്കുന്ന കുടുംബികൾ- ഇങ്ങനെ ശോകമൂകങ്ങളായ ജീവിതങ്ങൾ ഏതുകാലത്തും എവിടെയും ഉള്ളതാണല്ലോ. അങ്ങനെയുള്ളവരുടെപേരിൽ തോന്നിയ അനുകമ്പയാണ് അത്തരം കഥാപാത്രങ്ങൾക്കു തന്റെ കൃതികളിൽ പ്രമുഖസ്ഥാനം നൽകുവാൻ കാരുണികനായ കവിയെ പ്രേരിപ്പിച്ചതെന്നു കരുതേണ്ടിയിരിക്കുന്നു. ഇതെല്ലാം മഹാകവിയുടെ ജീവിതദർശനത്തിന്റെ ഒരു വശം.

കാളിദാസജീവിതദർശനത്തിന്റെ മറ്റൊരു വശം അദ്ദേഹം തന്റെ മഹാകാവ്യത്തിൽ വിശദീകരിച്ചിരിക്കുന്നു. കാളിദാസന്റെ ദൃഷ്ടിയിൽ ഉത്തമമായ ജീവിതം എങ്ങനെയുള്ളതാണെന്ന് ആ കവി രഘുവംശത്തിൽ വ്യക്തമായി പറഞ്ഞിട്ടുണ്ട്. രഘുവംശരാജാക്കന്മാരുടെ മാതൃകാജീവിതത്തിലെ ഗുണഗണങ്ങളാണുപോലും ആ കവിക്കു രഘു

വംശനിർമ്മാണത്തിൽ പ്രചോദനം നൽകിയതു്. ജന്മശുദ്ധി, കർമ്മസിദ്ധി, ധർമ്മനിഷ്ഠ, ത്യാഗശീലം, സത്യകഥനം തുടങ്ങി പതിനാറു ഗുണങ്ങൾ രഘുവംശത്തിന്റെ ആദ്യത്തിൽത്തന്നെ നിർദ്ദേശിച്ചിട്ടുണ്ടു്. ആവക ഗുണങ്ങളെ ചിലരുടെ ജീവിതങ്ങളിലൂടെ പ്രകാശിപ്പിക്കുവാൻവേണ്ടി നിർമ്മിച്ച മഹാകാവ്യമാണു് രഘുവംശം. യോഗാഭ്യാസംകൊണ്ടു ദേഹത്യാഗം ചെയ്യുന്നതടക്കം എല്ലാഗുണങ്ങളും ആദ്യം രഘുവിൽ സമന്വയിച്ചിരിക്കുന്നു. രഘുകഴിഞ്ഞാൽപ്പിന്നെ ഈ ഗുണങ്ങൾ തികഞ്ഞുകാണുന്നതു് ശ്രീരാമനിലാണു്. കാളിദാസന്റെ ജീവിതദർശനഗതി മനസ്സിലാക്കുവാൻ രഘുവംശകാവ്യം ഇങ്ങനെയൊരു ഉത്തമനിദർശനമായി കണക്കാക്കേണ്ടിയിരിക്കുന്നു.

മഹാകവിക്കു മററു ചില ജീവിതാദർശങ്ങളും നമ്മെ ഉപദേശിക്കാനുണ്ടു്. പ്രധാനമായും നിസ്വാർത്ഥസ്നേഹത്തിന്റെ മഹത്ത്വം ശാകുന്തളത്തിലൂടെ അദ്ദേഹം ആവിഷ്ക്കരിച്ചിരിക്കുന്നു. പ്രത്യേകിച്ചും മുല്ലവള്ളിയായ വനജ്യോത്സനയേയും വളർത്തുപുത്രിയായ ശകുന്തളയേയും ഒരുപോലെ സ്നേഹിക്കുന്ന കണ്വനെ അവതരിപ്പിച്ച നാലാമങ്കത്തിൽ. ഹൃദയസൌന്ദര്യമാണു് ശരീരസൌന്ദര്യത്തേക്കാൾ അഭിലഷണീയമെന്നു ശാകുന്തളത്തിലും കുമാരസംഭവത്തിലും ജീവിതമർമ്മജ്ഞനായ മഹാകവി വ്യക്തമാക്കുന്നുണ്ടു്. കണ്വമഹർഷിയുടെയും കാശ്യപമഹർഷിയുടെയും ഉപദേശം ലഭിച്ച ശകുന്തളയും, തീവ്രതപസ്സുകൊണ്ടു പരമേശ്വരനെ ദാസനാക്കിത്തീർത്ത പാർവ്വതിയും ഹൃദയസൌന്ദര്യത്തിന്റെ ഉത്തമദൃഷ്ടാന്തങ്ങളാണു്. തപസ്സുകൊണ്ടു നേടാൻ സാധിക്കാത്ത യാതൊരു കാര്യവുമില്ലെന്നുള്ളതാണു് ആ തപോവനപ്രിയന്റെ മറെറാരുപദേശം. ഭവീതവ്യാനാം ദ്വാരാണി ഭവന്തി സർവ്വത്ര– വരാനുള്ളതു വന്നേതീരൂ എന്നുള്ള വിധിയുടെ അലംഘനീയതയിലേക്കാണു് മൂന്നു നാടകവും ഒരുപോലെ വിരൽ ചൂണ്ടുന്നതു്. കാട്ടിൽ കൊള്ളക്കാരുടെ പിടിയിൽപ്പെട്ട മാളവിക തിരിഞ്ഞുമറിഞ്ഞു് അഗ്നിമിത്രന്റെ പത്നീപദത്തിലെത്തിച്ചേർന്നതും ശാപശക്തിയാൽ ഒരു ലതയായിത്തീർന്ന ഉർവ്വശിയെ സംഗമനീയരത്നപ്രഭാവത്താൽ പുരൂരവസ്സിനു തിരിച്ചുകിട്ടിയതും അച്ഛനമ്മമാരാൽ കാട്ടിലുപേക്ഷിക്കപ്പെട്ട ശകുന്തള കണ്വമാരീചതപോവനങ്ങളിലൂടെ ദുഷ്യന്തമഹാരാജാവിന്റെ പട്ടമഹിഷീപദത്തെ സപുത്രയായി അധിരോഹണംചെയ്തതും ഭവിതവ്യതാബലത്താൽ മാത്രമാണല്ലോ. ഇങ്ങനെ കാളിദാസൻ ഉന്മീലനം ചെയ്തിട്ടുള്ള ജീവിതസത്യങ്ങൾ അസംഖ്യങ്ങളാണു്.

ഇത്രയും പറഞ്ഞതുകൊണ്ടു മഹാകവി കാളിദാസൻ പ്രപഞ്ചത്തിലെ സുഖദുഃഖസമ്മിശ്രങ്ങളായ എല്ലാജീവിതരംഗങ്ങളിലേയ്ക്കും ദൃഷ്ടി ആഴത്തിൽ പതിപ്പിച്ചിട്ടുണ്ടെന്നും തന്റെ അനുഭവങ്ങൾ എല്ലാം സഹൃദയന്മാർക്കും ആസ്വാദ്യമായ വിധത്തിൽ സ്വകൃതികളിൽ ചിത്രീകരിച്ചിട്ടുണ്ടെന്നും വ്യക്തമായിരിക്കുമല്ലോ.

വിശ്വാസങ്ങളും ആദർശങ്ങളും

കാളിദാസൻ ആരായിരുന്നു? ഒരു ആട്ടിടയനായിരുന്നു. കാളിപ്രസാദത്താൽ മഹാകവിയായിത്തീർന്നു. ഇതാണ് പലരുടെയും മറുപടി. ആ മഹാകവിയുടെ ജാതിയെക്കുറിച്ചോ അച്ഛനമ്മമാരെക്കുറിച്ചോ നാടിനെക്കുറിച്ചോ വീടിനെക്കുറിച്ചോ കളത്രപുത്രാദികളെക്കുറിച്ചോ ഒന്നും ആർക്കും വ്യക്തമായറിഞ്ഞുകൂടാ. ആ വക വിഷയങ്ങളിൽ വെളിച്ചംവീശുന്ന യാതൊരു തെളിവും ആർക്കും ലഭിച്ചിട്ടില്ല. കുറെ ഐതിഹ്യങ്ങളും അഭ്യൂഹങ്ങളും ഒഴിച്ചാൽപിന്നെ യാതൊന്നും ഇല്ല. എല്ലാം ശൂന്യം.

കാളിദാസന്റെ പുറമെയുള്ള കാര്യങ്ങളെല്ലാം ഇങ്ങനെ അജ്ഞാതങ്ങളാണെങ്കിലും ആ മഹാകവിയുടെ മതം, വിശ്വാസം, ആദർശം മുതലായവയെക്കുറിച്ചു മനസ്സിലാക്കാൻ നമുക്കു വേണ്ടുവോളം തെളിവുകളുണ്ട്. അദ്ദേഹത്തിന്റെ കൃതികളെല്ലാം ആ കവിയുടെ വികാരവിചാരങ്ങളെക്കുറിച്ചു മനസ്സിലാക്കാൻ ഉതകുന്ന പ്രമാണങ്ങളാണ്. ഏതു കവിയും തന്റെ വികാരവിചാരങ്ങളെയും വിജ്ഞാനത്തെയും ഭാവനാവിലാസത്തെയും ആവിഷ്ക്കരിക്കുവാൻ വേണ്ടിയാണല്ലോ കാവ്യരചന നടത്തുന്നത്. മററുള്ളവരുടെ മുമ്പിൽ നിവർത്തിവെച്ച ഹൃദയമത്രേ ഏതു കവിയുടെ കൃതിയും. അതിനാൽ കാളിദാസകൃതിയിലൂടെ കാളിദാസനെ ശരിക്കു മനസ്സിലാക്കാൻ സൂക്ഷ്മഗ്രാഹികൾക്കു സാധിക്കും.

ആഭ്യന്തരങ്ങളായ തെളിവുകൾ കാളിദാസനെക്കുറിച്ചു നമുക്കു നൽകുന്ന അറിവുകൾ എന്തെല്ലാം?

കാളിദാസൻ ഒരു ബ്രാഹ്മണനായിരുന്നു എന്നു വിചാരിക്കാനാണ് ന്യായം. വേദങ്ങൾ, വേദാംഗങ്ങൾ, ഉപനിഷത്തുകൾ, പുരാണങ്ങൾ, ധർമ്മശാസ്ത്രം, അർത്ഥശാസ്ത്രം മുതലായ സകല വിദ്യകളും പഠിക്കുവാനുള്ള അധികാരവും സൌകര്യവും അവർക്കായിരുന്നുവല്ലോ. കാളിദാസനു എല്ലാ വിദ്യാവിഭാഗങ്ങളിലും വ്യക്തവും ശുദ്ധവുമായ അറിവും ആദരവും ഉണ്ടായിരുന്നുവെന്നതിലേക്കു് അദ്ദേഹത്തിന്റെ കൃതികൾ സാക്ഷ്യം വഹിക്കുന്നു.

ഭാരതീയരുടെ സകല വിജ്ഞാനശാഖകളുടെയും മൂലപ്രമാണം വേദമാണ്. വേദത്തിന്റെ മൂലം പ്രണവമെന്ന സംജ്ഞകൊണ്ടറിയപ്പെടുന്ന ഓങ്കാരവുമാണ്. കാളിദാസൻ അതു രഘുവംശത്തിൽ തുറന്നു പറഞ്ഞിട്ടുണ്ട്.

> വൈവസ്വതോ മനുർന്നാമ മാനനീയോ മനീഷിണാം
> ആസീന്മഹീക്ഷിതാമാദ്യഃ പ്രണവശ്ഛന്ദസാമിവ.
>
> (രഘു–1/11)

വേദങ്ങൾക്കെല്ലാം ആദിഭൂതമായിട്ടുള്ളതു പ്രണവം; അതുപോലെ രാജാക്കന്മാരിൽ ആദിഭൂതൻ വൈവസ്വതമനു എന്നർത്ഥം. ഏററവും പുതിയതു്

എന്നാണ് പ്രണവശബ്ദത്തിന്റെ അർത്ഥം: പ്ര + നവം = പ്രണവം.

വേദങ്ങളുടെ ഉൽപ്പത്തിസ്ഥാനം ബ്രഹ്മാവാണെന്നു കുമാരസംഭവം രണ്ടാംസർഗ്ഗത്തിൽ ദേവന്മാരുടെ ബ്രഹ്മസ്തുതിയിൽ പറഞ്ഞിരിക്കുന്നു.

> ഉൽഘാതഃ പ്രണവോ യാസാം ന്യായൈസ്ത്രിഭിരുദീരണം
> കർമ്മ യജ്ഞഃ ഫലം സ്വർഗ്ഗസ്താസാം ത്വം പ്രഭവോ ഗിരാം.
> (കുമാ—2/12)

പ്രണവംകൊണ്ടാണ് വേദവാക്യങ്ങളുടെ തുടക്കം. ഉദാത്തം അനുദാത്തം സ്വരിതം എന്ന മൂന്നു സ്വരങ്ങളോടുകൂടി പശ്യന്തി, മദ്ധ്യമ, വൈഖരി എന്നു മൂന്നു വിധത്തിലാണവയുടെ ഉച്ചാരണം. വേദവിഹിതമായ കർമ്മം യജ്ഞമാണ്. യജ്ഞത്തിന്റെ ഫലം സ്വർഗ്ഗമാണ്. അങ്ങനെ യജ്ഞത്തിലൂടെ സ്വർഗ്ഗസിദ്ധിക്കു കാരണഭൂതങ്ങളായ വേദങ്ങൾ ഉത്ഭവിച്ചതു ബ്രഹ്മാവിൽനിന്നാണ് എന്നർത്ഥം.

യജ്ഞങ്ങൾക്ക് ഉപയോഗപ്പെടുന്ന വേദങ്ങളാണ് ഋഗ്വേദം, യജുർവ്വേദം, സാമവേദം എന്നിവ. ഇവക്കു മൂന്നിനും കൂടി ത്രയി എന്നാണ് പേർ. അഥർവ്വവേദമാണ് നാലാമത്തെ വേദം. അതു സാമാന്യമായി ലോകജീവിതത്തിന് ഉപയോഗപ്പെടുന്നതാണ്. ധനുർവ്വേദമന്ത്രങ്ങളും മററും അഥർവ്വേദത്തിൽ അന്തർഭവിക്കുന്നു. ഉപനിഷത്തുകളും വേദങ്ങൾ തന്നെ. കർമ്മകാണ്ഡമെന്നും ജ്ഞാനകാണ്ഡമെന്നും ഉപാസനാകാണ്ഡമെന്നും വേദത്തിനു മൂന്നു വിഭാഗമുള്ളതിൽ ഉപനിഷത്തുകൾ ജ്ഞാനകാണ്ഡത്തിലാണ് അന്തർഭവിക്കുന്നത്. വേദാന്തങ്ങളാണ് ഉപനിഷത്തുകൾ. വേദങ്ങളുടെ അവസാനഭാഗങ്ങളാണവ. വേദങ്ങളുടെ സംഹിതാഭാഗങ്ങൾ പഠിച്ചുകഴിഞ്ഞതിനുശേഷം ഒടുവിലാണ് ഉപനിഷത്തുകൾ പഠിക്കുക. അതാണ് ഉപനിഷത്തുകളെ വേദാന്തങ്ങളെന്നു പറയാൻ കാരണം. ഉപനിഷത്തുകൾക്കു പൊതുവിലുള്ള സംജ്ഞയാണ് അദ്ധ്യാത്മവിദ്യയെന്നത്. മേൽക്കാണിച്ച വേദഭാഗങ്ങളിലെല്ലാം ശ്രദ്ധാവാനാണ് കാളിദാസൻ. മാത്രമല്ല, അദ്ധ്യാത്മവിദ്യ ചേർന്നാലേ കർമ്മാംഗങ്ങളായ മൂന്നു വേദങ്ങൾക്കും പൂർണ്ണത വരികയുള്ളു എന്നുകൂടി കാളിദാസന്ന് അഭിപ്രായമുണ്ട്. മാളവികാഗ്നിമിത്രത്തിൽ കാളിദാസൻ അഗ്നിമിത്രനെക്കൊണ്ടു പറയിക്കുന്നതു നോക്കുക—

> മംഗലാലങ്കൃതാ ഭാതി കൗശിക്യാ യതിവേഷയാ
> ത്രയീ വിഗ്രഹവത്യേവ സമമദ്ധ്യാത്മവിദ്യയാ. (മാള–1/14)

രാജ്ഞിയായ ധാരിണിക്കു സന്ന്യാസിനിയായ കൗശികിയോടു ചേർന്നപ്പോൾ അദ്ധ്യാത്മവിദ്യചേരുമ്പോൾ വേദത്രയിക്കെന്നപോലെ ശോഭ വർദ്ധിച്ചിരിക്കുന്നുവെന്നാണ് അഗ്നിമിത്രൻ പറയുന്നത്.

വേദമാണ് ധർമ്മത്തിന്റെ മൂലപ്രമാണം. വേദാർത്ഥത്തെ പിൻതുടരുന്നവയാണ് സ്മൃതികൾ. വേദവിരുദ്ധമായ സ്മൃതിവചനത്തിനു പ്രാ

മാണ്യമില്ല. ഈ ആശയം കാളിദാസൻ രഘുവംശം രണ്ടാംസർഗ്ഗത്തിൽ സുദക്ഷിണ നന്ദിനിയെ പിൻതുടരുന്നതു വർണ്ണിക്കുമ്പോൾ വ്യക്തമാക്കീട്ടുണ്ട്.

തസ്യാഃ ഖുരന്യാസപവിത്രപാംസു–
മപാംസുലാനാം ധുരി കീർത്തനീയാ
മാർഗ്ഗം മനുഷ്യേശ്വരധർമ്മപത്നീ
ശ്രുതേരിവാർത്ഥം സ്മൃതിരന്വഗച്ഛൽ. (രഘു–2/2

മന്ത്രശക്തിയിൽ തികച്ചും വിശ്വാസമുള്ള കവിയാണ് കാളിദാസൻ.

അഥാഥർവ്വനിധേസ്തസ്യ വിജിതാരിപുരഃ പുരഃ
അർത്ഥ്യാമർത്ഥപതിർവാചമാദദേ വദതാം വരഃ. (രഘു-1/59)

എന്ന രഘുവംശപദ്യത്തിൽ അഥർവ്വവേദമന്ത്രങ്ങളുടെ നിധിയെന്നു വിശേഷിപ്പിക്കപ്പെട്ട വസിഷ്ഠന്റെ മന്ത്രങ്ങൾക്കു തന്റെ ശരങ്ങളെക്കാൾ ശത്രുനിഗ്രഹണശക്തിയുണ്ടെന്നാണ് ദിലീപൻ പറയുന്നതു്.

തവ മന്ത്രകൃതോ മന്ത്രൈർദൂരാൽ സംശമിതാരിഭിഃ
പ്രത്യാദിശ്യന്ത ഇവ മേ ദൃഷ്ടലക്ഷ്യഭിദഃ ശരാഃ. (രഘു–1/61)

നേരിട്ടുകണ്ടവരെ പിളക്കാൻ മാത്രമേ ശരങ്ങൾക്കു കഴികയുള്ളു. മന്ത്രങ്ങൾക്കു കാണാത്തവരെയുംകൂടി അടക്കിനിർത്താൻ കഴിയുമെന്നാണ് ദിലീപന്റെ വാക്കു്.

വസിഷ്ഠൻ മന്ത്രം ജപിച്ചു തളിച്ചതിന്റെ ഫലമായിട്ടു രഘുവിന്റെ തേരിനു, കാററിന്റെ സഹായത്താൽ മേഘത്തിനെന്നപോലെ സമുദ്രത്തിലും ആകാശത്തിലും പർവ്വതങ്ങളിലും യാതൊരു തടവും കൂടാതെ സഞ്ചരിക്കാൻ കഴിഞ്ഞിരുന്നുവെന്നും കാളിദാസൻ പറഞ്ഞിട്ടുണ്ട്.

വസിഷ്ഠമന്ത്രോക്ഷണജാൽ പ്രഭാവാ–
ദുദന്വദാകാശമഹീധരേഷു
മരുത്സഖസ്യേവ വലാഹകസ്യ
ഗതിർവ്വിജഘ്നേ ന ഹി തദ്രഥസ്യ. (രഘു–5/27)

പ്രിയംവദനെന്ന ഗന്ധർവ്വകുമാരൻ അജനു സമ്മോഹനാസ്ത്രമന്ത്രം ഉപദേശിച്ചതായും അതിന്റെ ഫലമായി ഇന്ദുമതീസ്വയംവരം കഴിഞ്ഞു മടങ്ങിവരുമ്പോൾ മററു രാജാക്കന്മാരെല്ലാം ഒന്നിച്ചെതിർത്തപ്പോൾ സമ്മോഹനാസ്ത്രം പ്രയോഗിച്ച് അവരെയെല്ലാം ഉറക്കിയതായും രഘുവംശം അഞ്ചാംസർഗ്ഗത്തിലും ഏഴാംസർഗ്ഗത്തിലുമായി കാളിദാസൻ വർണ്ണിച്ചിട്ടുണ്ട്. അസ്ത്രം പ്രയോഗിക്കാനും അതു പിൻവലിക്കാനും വെവ്വേറെ മന്ത്രങ്ങളുള്ളതായും അവിടെ സ്പഷ്ടമാക്കീട്ടുണ്ട്.

സമ്മോഹനം നാമ സഖേ മമാസ്ത്രം
പ്രയോഗസംഹാരവിഭക്തമന്ത്രം

ഗാന്ധർവ്വമാദത്സ്വ യതഃ പ്രയോക്തുർ–
ന്ന ചാരിഹിംസാ വിജയശ്ച ഹസ്തേ. (രഘു–5/57)

യുദ്ധം ചെയ്യുകയാണെങ്കിൽപ്പോലും ശത്രുക്കളെ അടക്കുകയേ പാടുള്ളൂ, ഹിംസിച്ചുകൂടാ എന്നു കാളിദാസന്നു് ഉറച്ച അഭിപ്രായമുണ്ടു്. അതാണു് ഇവിടെ നാലാംപാദത്തിൽ ശത്രുഹിംസ കൂടാതെ വിജയം കൈവരുമെന്നു പറഞ്ഞിട്ടുള്ളതു്. മുമ്പു വസിഷ്ഠമന്ത്രപ്രഭാവം വർണ്ണിച്ചപ്പോഴും ദൂരാൽ സംശമിതാരഭിഃ എന്നേ പറഞ്ഞുള്ളൂ. ശത്രുസംഹാരം ചെയ്യുന്നവയാണു് മന്ത്രങ്ങളെന്നു പറഞ്ഞില്ല.

ഇനി സമ്മോഹനാസ്ത്രത്തിൻെറ ശക്തി കാണിക്കുന്ന ശ്ലോകങ്ങൾ നോക്കുക—

പ്രിയംവദാൽ പ്രാപ്തമസൌ കുമാരഃ
പ്രായുങ്ക്ത രാജസ്വധിരാജസൂനുഃ
ഗാന്ധർവ്വമസ്ത്രം കുസുമാസ്ത്രകാന്തഃ
പ്രസ്വാപനം സ്വപ്നനിവൃത്തലൌല്യഃ. (രഘു–7/61)

തതോ ധനുഷ്കർഷണമൂഢഹസ്ത–
മേകാംസപര്യസ്തശിരസ്ത്രജാലം
തസ്ഥൌ ധ്വജസ്തംഭനിഷണ്ണദേഹം
നിദ്രാവിധേയം നരദേവസൈന്യം. (രഘു–7/62)

ഗാന്ധർവ്വാസ്ത്രപ്രഭാവത്താൽ കൊടിമരം ചാരിയിരുന്നുറങ്ങുന്ന രാജകന്മാരുടെ മനോഹരമായ ചിത്രം!

യുദ്ധത്തിൽ ചെറുഞാണൊലികൊണ്ടു ശത്രുക്കളെ അകററാൻ കഴിയണമെന്നാണു് കാളിദാസൻെറ അഭിപ്രായം. ദിലീപന്നു ശത്രുജയത്തിനു വില്ലിലേററിയ ഞാണേ ആവശ്യമുള്ളുവെന്നു പറഞ്ഞതു് അതുകൊണ്ടാണു്. ദുഷ്യന്തൻ ചെറുഞാണൊലികൊണ്ടുതന്നെ രാക്ഷസന്മാരെ അകററിയെന്നു പറഞ്ഞതും ആ അഭിപ്രായം വെച്ചിട്ടാണു്.

സേനാ പരിച്ഛദസ്തസ്യ ദ്വയമേവാർത്ഥസാധനം
ശാസ്ത്രേഷു വ്യാപൃതാ ബുദ്ധിർമ്മൌർവ്വീ ധനുഷി ചാതതാ.
(രഘു–1/19)

കാ കഥാ ബാണസന്ധാനേ, ജ്യാശബ്ദേനൈവ ദൂരതഃ
ഹുങ്കാരേണേവ ധനുഷഃ സ ഹി വിഘ്നാനപോഹതി.
(ശാകു–3/1)

മന്ത്രശക്തിയിലുള്ള വിശ്വാസവും ഹിംസയോടുള്ള വിരോധവും ഇതുപോലെ കാളിദാസൻ സന്ദർഭം കിട്ടുമ്പോഴെല്ലാം പ്രകാശിപ്പിച്ചിട്ടുണ്ടു്.

മഹത്തരങ്ങളായ കാര്യങ്ങൾ സാധിക്കുവാൻ തപസ്സു ചെയ്യണമെന്നാണ് കാളിദാസന്റെ അഭിപ്രായം. തപസ്സിലും തപോധനന്മാരിലും തപോവനങ്ങളിലും അത്യധികം താൽപര്യം കാളിദാസന്നുണ്ട്. കുമാരസംഭവത്തിൽ പാർവ്വതി തപസ്സിന്നു പുറപ്പെടുവാനുറച്ച അവസരത്തിൽ കാളിദാസൻ തപസ്സിന്റെ മഹത്ത്വം തുറന്നു പറഞ്ഞിട്ടുണ്ട്.

ഇയേഷ സാ കർത്തുമവന്ധ്യരൂപതാം
സമാധിമാസ്ഥായ തപോഭിരാത്മനഃ
അവാപ്യതേ വാ കഥമന്യഥാ ദ്വയം
തഥാവിധം പ്രേമ പതിശ്ച താദൃശഃ. (കുമാ–5/2)

അത്ര മഹാനായ ഭർത്താവിനെ ലഭിച്ചതും പരമേശ്വരന്റെ പാതിമെയ്യാവാൻ തക്ക പ്രേമം ജനിച്ചതും പാർവ്വതി ചെയ്ത തപസ്സിന്റെ മഹിമയാലല്ലാതെ മറ്റൊന്നിനാലുമല്ലെന്നാണ് കാളിദാസൻ പറയുന്നത്. രഘുവംശത്തിലും ശാകുന്തളത്തിലും വിക്രമോർവ്വശീയത്തിലും തപോവനത്തിനു വളരെ പ്രാധാന്യം കൊടുത്തിട്ടുണ്ട്. രഘുവംശത്തിൽ ദിലീപനു പുത്രനെ ലഭിച്ചതു വസിഷ്ഠന്റെ തപോവനത്തിൽ പാർത്തു നന്ദിനിയെ ഭക്തിപൂർവ്വം ശുശ്രൂഷിച്ചതിന്റെ ഫലമായിട്ടാണ്. വസിഷ്ഠന്റെ ഉപദേശമാണ് അതിനു കാരണവും. മാത്രമല്ല, രഘുവിന്റെ ജാതകർമ്മാദികളെല്ലാം നിർവ്വഹിക്കുന്നതു തപോവനത്തിൽനിന്നുവന്ന പുരോഹിതനത്രേ.

സ ജാതകർമ്മണ്യഖിലേ തപസ്വിനാ
തപോവനാദേത്യ പുരോധസാ കൃതേ
ദിലീപസൂനുർമ്മണിരാകരോത്ഭവഃ
പ്രയുക്തസംസ്കാര ഇവാധികം ബഭൗ. (രഘു–3/18)

വിശേഷപ്പെട്ട രത്നം ചാണയ്ക്കു വെയ്ക്കുമ്പോൾ അധികം ശോഭിക്കുന്നതുപോലെ ദിലീപപുത്രൻ തപോവനാഗതനായ പുരോഹിതനാൽ ജാതകർമ്മാദിസംസ്കാരങ്ങൾ ചെയ്യപ്പെട്ടപ്പോൾ അധികം ശോഭിച്ചുവെന്നാണ് കവി പറയുന്നത്. ഇതു യാദൃച്ഛികമായി പറഞ്ഞുപോയതല്ലെന്നു ദുഷ്യന്തപുത്രനായ സർവ്വദമനന്റെയും പുരൂരവഃപുത്രനായ ആയുസ്സിന്റെയും ജാതകർമ്മാദികൾ മാരീചാശ്രമത്തിലും ച്യവനാശ്രമത്തിലും വെച്ചു നിർവ്വഹിപ്പിക്കുന്നതിൽനിന്നു വ്യക്തമാവുന്നതാണ്. വാല്മീകിരാമായണത്തിൽ നിന്നാണെന്നു തോന്നുന്നു, കാളിദാസനു ഈ തപോവനപ്രതിപത്തിസംജാതമായത്. സീതാപുത്രന്മാരായ കുശലവന്മാരുടെ ജനനവും ശൈശവസംസ്കാരവുമെല്ലാം നടക്കുന്നതു വാല്മീക്യാശ്രമത്തിൽ വെച്ചാണല്ലോ.

വേദവിഹിതങ്ങളായ യജ്ഞങ്ങളുടെ അനുഷ്ഠാനത്തിലും ശ്രദ്ധാവാനാണ് കാളിദാസൻ. ദിലീപൻ തൊണ്ണൂറ്റൊമ്പതു അശ്വമേധയാഗം ചെയ്തതായി കവി വർണ്ണിക്കുന്നു. രഘുവിനെക്കൊണ്ടു വിശ്വജിദ്യാഗം അനുഷ്ഠി

പ്പിക്കുന്നു. ദുഷ്യന്തനോടു മാരീചൻ യജ്ഞങ്ങളനുഷ്ഠിക്കണമെന്നു ശാസിക്കുന്നുണ്ടു്.

തവ ഭവതു വിഡൌജാഃ പ്രാജ്യവൃഷ്ടിഃ പ്രജാസു
ത്വമപി വിതതയജ്ഞഃ സ്വർഗ്ഗിണോ ഭാവയാലം
യുഗശതപരിവർത്താനേവമന്യോന്യകൃത്യൈർ–
ന്നയതമുഭയലോകാനുഗ്രഹശ്ലാഘനീയൈഃ. (ശാകു–7/34)

യജ്ഞം ചെയ്യുന്നതു ദേവന്മാരുടെ പ്രീതിക്കാണെന്നും ദേവന്മാരുടെ, പ്രത്യേകിച്ചും ദേവേന്ദ്രന്റെ അനുഗ്രഹംകൊണ്ടാണു് ഭൂമിയിൽ മഴ വേണ്ടതു ഉണ്ടാവുന്നതെന്നുമുള്ള ആർഷമതം വിശ്വസിക്കുന്ന യജ്ഞഭക്തനാണു് കാളിദാസൻ. ദേവേന്ദ്രൻ ദുഷ്യന്തനു വേണ്ടുവോളം മഴ നല്കുമെന്നും ദുഷ്യന്തൻ യജ്ഞങ്ങൾ ചെയ്തു ദേവന്മാരെ ആരാധിക്കണമെന്നും. അങ്ങനെ ഭൂമിയും സ്വർഗ്ഗവും പരസ്പരോപകാരം ചെയ്തു സുഖമായി കഴിയണമെന്നുമാണു് മാരീചമുനിയുടെ അനുശാസനം. ഇതേ ആശയം രഘുവംശത്തിൽ ദിലീപവർണ്ണനത്തിലും ആവിഷ്കരിച്ചിട്ടുണ്ടു്.

ദുദോഹ ഗാം സ യജ്ഞായ സസ്യായ മഘവാ ദിവം
സമ്പദ്വിനിമയേനോഭൌ ദധതുർഭുവനദ്വയം. (രഘു–1/26)

ദിലീപൻ യജ്ഞത്തിന്നുവേണ്ടി ഗോവിനെ കറന്നു, ഇന്ദ്രൻ സസ്യസമൃദ്ധിക്കുവേണ്ടി ദ്യോവിനെ കറന്നു. അങ്ങനെ ദിലീപൻ യജ്ഞംകൊണ്ടു സ്വർഗ്ഗഭരണം നിർവ്വഹിച്ചപ്പോൾ ഇന്ദ്രൻ മഴവഴിക്കു സസ്യസമൃദ്ധിയുണ്ടാക്കി ഭൂമിഭരണം നിർവ്വഹിച്ചു എന്നർത്ഥം. ഭഗവൽഗീതയിൽ വ്യാസൻ ശ്രീകൃഷ്ണഭഗവാനിലൂടെ ആവിഷ്കരിച്ച തത്ത്വമാണിതു്. നോക്കുക—

സഹയജ്ഞാഃ പ്രജാഃ സൃഷ്ട്വാ പുരോവാച പ്രജാപതിഃ
അനേന പ്രസവിഷ്യധ്വമേഷ വോസ്ത്വിഷ്ടകാമധുൿ
ദേവാൻ ഭാവയതാനേന തേ ദേവാ ഭാവയന്തു വഃ
പരസ്പരം ഭാവയന്തഃ ശ്രേയഃ പരമവാപ്സ്യഥ.
(ഗീത–3/10–11)

പ്രജാപതി പ്രജകളെയും യജ്ഞങ്ങളെയും സൃഷ്ടിച്ചു. എന്നിട്ടു പ്രജകളോടു പറഞ്ഞു— ഈ യജ്ഞംകൊണ്ടു നിങ്ങൾ അഭീഷ്ടങ്ങളെല്ലാം സാധിച്ചുകൊള്ളുവിൻ. യജ്ഞംകൊണ്ടു നിങ്ങൾ ദേവന്മാരെ സഹായിക്കുക. ദേവന്മാർ നിങ്ങളെ ഇങ്ങോട്ടും (മഴകൊണ്ടു) സഹായിക്കും. അങ്ങനെ പരസ്പരോപകാരം ചെയ്തു പരമശ്രേയസ്സു നേടിക്കൊള്ളുവിൻ.

അന്നാൽ ഭവന്തി ഭൂതാനി പർജ്ജന്യാദന്നസംഭവഃ
യജ്ഞാൽ ഭവതി പർജ്ജന്യോ യജ്ഞഃ കർമ്മസമുത്ഭവഃ.
(ഗീത–3/14)

എന്നിങ്ങനെ യജ്ഞമാണു് അന്നകാരണമെന്നു ഗീതയിൽത്തന്നെ മറ്റൊരിടത്തും പറഞ്ഞിട്ടുണ്ടു്.

വേദവിഹിതങ്ങളായ യജ്ഞങ്ങളുടെ അനുഷ്ഠാനം ആവോളം ധനവും തികച്ചും ശ്രദ്ധയും ഉണ്ടെങ്കിലേ നിർവ്വഹിക്കപ്പെടുകയുള്ളുവെന്നു ശാകുന്തളത്തിലും പറഞ്ഞിട്ടുണ്ടു്. ശകുന്തളയും സർവ്വദമനനും ദുഷ്യന്തനും ഒന്നിച്ചുചേർന്നതു ശ്രദ്ധയും ധനവും വിധിയും ഒത്തുചേർന്നതുപോലെയാണത്രേ. കവിവാക്യമിതാണ്—

ദിഷ്ട്യാ ശകുന്തളാ സാധ്വീ സദപത്യമിദം ഭവാൻ
ശ്രദ്ധാ വിത്തം വിധിശ്ചേതി ത്രിതയം തൽ സമാഗതം.
(ശാക–7/29)

ഏതുവിധത്തിലും തപോയജ്ഞങ്ങളിൽ കാളിദാസനുള്ള ശ്രദ്ധ അനന്യസാധാരണമാണെന്നുമാത്രം ചുരുക്കിപ്പറഞ്ഞുകൊള്ളട്ടെ.

സ്വർഗ്ഗത്തെയും, സ്വർഗ്ഗവാസികളായ ദേവന്മാർ, വിഷ്ണു, ശിവൻ തുടങ്ങിയവരെയും അംഗീകരിക്കുന്ന കവിയാണ് കാളിദാസൻ. ഭൗതികപരിഷ്കാരങ്ങളെല്ലാം തികഞ്ഞ ലോകമാണ് സ്വർഗ്ഗം എന്നത്രേ കാളിദാസൻ കരുതുന്നതു്. ഭൂമിയിൽ പുണ്യംചെയ്തു അതിന്റെ ഫലം അനുഭവിക്കുവാൻ സ്വർഗ്ഗത്തിലേക്കു പോകുന്നു. ആ പുണ്യം, സ്വർഗ്ഗസുഖാനുഭവം കൊണ്ടു ചിലവായിക്കഴിഞ്ഞാൽ വീണ്ടും ഭൂമിയിലേക്കുതന്നെ പോരുന്നു.

തേ തം ഭുക്ത്വാ സ്വർഗ്ഗലോകം വിശാലം
ക്ഷീണേ പുണ്യേ മർത്ത്യലോകം വിശന്തി. (ഗീത–9/21)

എന്ന ആർഷമതം അതേ രീതിയിൽ കാളിദാസൻ സ്വീകരിക്കുന്നു. അതുകൊണ്ടുതന്നെയാണ് മേഘസന്ദേശത്തിൽ ഉജ്ജയിനി വർണ്ണിക്കുമ്പോൾ—

സ്വല്പീഭൂതേ സുചരിതഫലേ സ്വർഗ്ഗിണാം ഗാം ഗതാനാം
ശേഷൈഃ പുണ്യൈർഹൃതമിവ ദിവഃ കാന്തിമൽ ഖണ്ഡമേകം.
(മേഘ–1/32)

എന്നു പറഞ്ഞതു്. പുണ്യഫലം കുറവായപ്പോൾ ശേഷിപ്പുള്ള പുണ്യങ്ങളുടെ ഫലം ഭൂമിയിൽ വന്നനുഭവിക്കാമെന്നു കരുതി, കുറെ സ്വർഗ്ഗവാസികൾ തങ്ങളോടൊപ്പം ഭൂമിയിലേക്കു കൊണ്ടുപോന്ന ഒരു സ്വർഗ്ഗഖണ്ഡമാണെന്നു തോന്നുമത്രേ ഉജ്ജയിനീപുരി കണ്ടാൽ. ഉജ്ജയിനി സ്വർഗ്ഗസദൃശവും അവിടെയുള്ള പൗരന്മാർ ദേവസദൃശന്മാരുമാണെന്ന് എത്ര ഭംഗിയായി അവതരിപ്പിച്ചിരിക്കുന്നു.

പുണ്യം ചെയ്താൽ സ്വർഗ്ഗം പൂകാമെന്നതുപോലെ യുദ്ധംചെയ്തു വീരമൃത്യു വരിച്ചാൽ സ്വർഗ്ഗത്തിൽച്ചെന്നു ദേവസ്ത്രീകളുമായി സുഖിക്കാമെന്നും കാളിദാസൻ വിശ്വസിക്കുന്നുണ്ടു്. രഘുവംശം ഏഴാംസർഗ്ഗത്തിൽ അജനും മററു രാജാക്കന്മാരും തമ്മിലുള്ള യുദ്ധം വർണ്ണിക്കുമ്പോൾ രണ്ടു പടയാളികൾ തമ്മിൽ യുദ്ധം ചെയ്തു് ഒപ്പം മരിച്ചു. രണ്ടാളും സ്വർഗ്ഗത്തിലേക്കുയർന്നു. അവിടെ ചെന്നപ്പോൾ ഒരു ദേവാംഗനയെ രണ്ടുപേരും ആഗ്രഹിച്ചു. ആ ദേവാംഗനയെച്ചൊല്ലി അവിടെവെച്ചും അവർ തമ്മിൽ യുദ്ധം നടന്നുവെന്നു കാളിദാസൻ പറയുന്നു. ശ്ലോകമിതാണ്—

പരസ്പരേണ ക്ഷതയോഃ കയോശ്ചി-
ദുൽക്രാന്തവായ്വോഃ സമകാലമേവ
അമർത്ത്യഭാവേപി കയോശ്ചിദാസീ-
ദേകാപ്സരഃപ്രാർത്ഥിതയോർവ്വിവാദഃ. (രഘു–7/53)

തപോവനപക്ഷപാതംപോലെ ദേവപക്ഷപാതവും കാളിദാസനു സഹജമാണ്. ഋതുസംഹാരവും മാളവികാഗ്നിമിത്രവും മാത്രമേ കാളിദാസൻ ദേവപരാമർശം കൂടാതെ നിർമ്മിച്ചതായിട്ടുള്ളു. രഘുവംശത്തിൽ രഘുവും ദേവന്മാരും തമ്മിൽ ഭയങ്കരയുദ്ധംതന്നെ നടക്കുന്നുണ്ട്. കുമാരസംഭവത്തിൽ നായകൻ പരമേശ്വരനാണല്ലോ. നായികയായ പാർവതിയുടെ അച്ഛനായ ഹിമവാനുപോലും ഒരു ദേവതാരൂപമുണ്ടെന്നു കാളിദാസൻ പറഞ്ഞിരിക്കുന്നു. അസ്ത്യുത്തരസ്യാം ദിശി ദേവതാത്മാ എന്ന് ഒന്നാം ശ്ലോകത്തിൽത്തന്നെ അതു് ഉപക്ഷേപിച്ചിട്ടുണ്ട്. ആറാംസർഗ്ഗത്തിലാകട്ടെ ഹിമവാന്നു സ്ഥാവരമായും ജംഗമമായും രണ്ടു ശരീരമുണ്ടെന്നും സ്ഥാവരരൂപനായ ഹിമവാനെയാണ് മലയുടെ രൂപത്തിൽ കാണുന്നതെന്നും ദേവതാരൂപം ജംഗമാത്മകമാണെന്നും വ്യക്തമാക്കീട്ടുണ്ട്.

കാഠിന്യം സ്ഥാവരേ കായേ ഭവതാ സർവ്വമർപ്പിതം
ഇദം തു തേ ഭക്തിനമ്രം സതാമാരാധനം വപുഃ. (കുമാ–6/73)

അദ്വൈതത്തിൽ വിശ്വസിക്കുന്നവനാണ് കാളിദാസനെങ്കിലും ഏററവും വലിയ ശിവഭക്തനാണ്. മൂന്നു നാടകങ്ങളിലും രഘുവംശത്തിലും കാളിദാസൻ ഗ്രന്ഥാരംഭത്തിൽ വന്ദിക്കുന്നതു് അഷ്ടമൂർത്തിയും വിശ്വമൂർത്തിയുമായ പരമേശ്വരനെയാണ്. പൃഥിവ്യപ്തേജോവായ്വാകാശങ്ങളാകുന്ന പഞ്ചഭൂതങ്ങളും സൂര്യചന്ദ്രന്മാരും യജമാനനുമാണ് പരമേശ്വരന്റെ എട്ടു മൂർത്തികളെന്നു ശാകുന്തളത്തിലെ പ്രഥമശ്ലോകത്തിൽ വിശദീകരിച്ചിട്ടുണ്ട്. മാളവികാഗ്നിമിത്രത്തിലെ പ്രഥമശ്ലോകത്തിലും അഷ്ടാഭിര്യസ്യ കൃത്സ്നം ജഗദപി തനുഭിർബ്ബിഭ്രതോ നാഭിമാനഃ എന്നു ശിവന്റെ എട്ടു മൂർത്തികളെ പരാമർശിച്ചിട്ടുണ്ട്. തത്രാഗ്നിമാധായ സമിത്സമിദ്ധം സ്വമേവ മൂർത്ത്യന്തരമഷ്ടമൂർത്തിഃ എന്നു കുമാരസംഭവത്തിലും അഷ്ടമൂർത്തിപരാമർശമുണ്ട്. ലോകത്തിലുള്ള ഭീഷണവും സുന്ദരവുമായ എല്ലാ രൂപങ്ങളും ശിവന്റെതന്നെയാണെന്നു കുമാരസംഭവം അഞ്ചാം സർഗ്ഗത്തിൽ പാർവതിയുടെ വാക്കിലും വ്യക്തമാക്കീട്ടുണ്ട്.

വിഭൂഷണോത്ഭാസി പിനദ്ധഭോഗി വാ
ഗജാജിനാലംബി ദുകൂലധാരി വാ
കപാലി വാ സ്യാദഥവേന്ദുശേഖരം
ന വിശ്വമൂർത്തേരവധാര്യതേ വപുഃ. (കുമാ_5/78)

പുരുഷന്മാരിൽ വിഷ്ണുവെന്നപോലെ ഈശ്വരന്മാരിൽ ശിവനാണ് സർവ്വോൽകൃഷ്ടനെന്നു തുറന്നു പറഞ്ഞിട്ടുതന്നെ തന്റെ പരമമാഹേശ്വരത്വം കാളിദാസൻ വ്യക്തമാക്കീട്ടുമുണ്ട്.

ഹരിര്യ്യഥൈകഃ പുരുഷോത്തമഃ സ്മൃതോ
മഹേശ്വരസ്ത്ര്യംബക ഏവ നാപരഃ. (രഘു–3/48)

ഇങ്ങനെ കാളിദാസനു ശിവനിൽ അനിതരസാധാരണമായ ഭക്തിയുണ്ടെങ്കിലും ബ്രഹ്മാവിന്റെ പേരിലും വിഷ്ണുവിന്റെ പേരിലും ഭക്തിക്കു കുറവൊന്നുമില്ലെന്നു കുമാരസംഭവം രണ്ടാംസർഗ്ഗത്തിലെ ബ്രഹ്മസ്തുതിയിലും രഘുവംശം പത്താംസർഗ്ഗത്തിലെ വിഷ്ണുസ്തുതിയിലും വ്യക്തമാണ്. ബ്രഹ്മാദികൾ മൂന്നുപേരും ഒരാൾതന്നെയാണെന്നു കാളിദാസനു അഭിപ്രായമുണ്ടെന്നു നമസ്ത്രിമൂർത്തയേ തുഭ്യം പ്രാക് സൃഷ്ടേഃ കേവലാത്മനേ ഗുണത്രയവിഭാഗായ പശ്ചാൽ ഭേദമുപേയുഷേ (കുമാ–2/4) എന്ന ശ്ലോകത്തിൽ വെളിപ്പെടുന്നുണ്ട്. മാത്രമല്ല, ഇവരിൽ ആരാണ് മീതെ, ആരാണ് താഴെ എന്നു പറയുവാൻ സാദ്ധ്യമല്ലെന്നും കുമാരസംഭവത്തിൽത്തന്നെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. ശ്ലോകമുദ്ധരിക്കാം—

ഏകൈവ മൂർത്തിർബ്ബിഭിദേ ത്രിധാ സാ
സമാന്യമേഷാം പ്രഥമാവരത്വം
വിഷ്ണോർഹരസ്തസ്യ ഹരിഃ കദാചി–
ദേധാസ്തയോസ്താവപി ധാതുരാദ്യൌ. (കുമാ–7/44)

ഒരേ മൂർത്തി മൂന്നായി പിരിഞ്ഞു. അവരുടെ ജ്യേഷ്ഠാനുജഭാവം തുല്യമാണ്. ചിലപ്പോൾ വിഷ്ണുവിന്റെ ജ്യേഷ്ഠൻ ശിവൻ, ശിവന്റെ ജ്യേഷ്ഠൻ വിഷ്ണു, അവർ രണ്ടുപേരുടേയും ജ്യേഷ്ഠൻ ബ്രഹ്മാവ്. ബ്രഹ്മാവിന്റെ ജ്യേഷ്ഠന്മാർ അവരുമാവാറുണ്ട് എന്നർത്ഥം. ചുരുക്കത്തിൽ കാളിദാസന്റെ കാലത്തിനു മുമ്പു ഭാരതഭൂമിയിലുണ്ടായിട്ടുള്ള എല്ലാ ആർഷവിശ്വാസങ്ങളെയും കാളിദാസൻ വിവേകപൂർവ്വം സ്വീകരിച്ചിട്ടുണ്ട്. എങ്കിലും പ്രത്യേകപ്രതിപത്തിയും ഭക്തിയും ശിവന്റെ പേരിൽ മഹാകവിക്കുണ്ട് എന്ന നിമഗനത്തിൽ നമുക്കു എത്തിച്ചേരാം.

പുനർജ്ജന്മത്തിലും കർമ്മവിപാകത്തിലും പൂർണ്ണമായും വിശ്വസിക്കുന്ന കവിയാണ് കാളിദാസൻ. കുമാരസംഭവകാവ്യംതന്നെ പുനർജ്ജന്മവിശ്വാസത്തിന്മേലാണ് പടുത്തുയർത്തിയിട്ടുള്ളതു്. അച്ഛനായ ദക്ഷപ്രജാപതി അപമാനിക്കുകയാൽ യോഗാഗ്നിയിൽ ദഹിച്ച സതീദേവിയത്രേ ഹിമാലയപത്നിയായ മേനയിൽവന്നു പാർവ്വതിയായി ജനിച്ചതു്.

അഥാവമാനേന പിതുഃ പ്രയുക്താ
ദക്ഷസ്യ കന്യാ ഭവപൂർവ്വപത്നീ
സതീ സതീ യോഗവിസൃഷ്ടദേഹാ
താം ജന്മനേ ശൈലവധൂം പ്രപേദേ. (കുമാ–1/21)

എന്ന ശ്ലോകത്തിൽ അക്കാര്യം വ്യക്തമാക്കീട്ടുണ്ട്.

യദൈവ പൂർവ്വേ ജനനേ ശരീരം
സാ ദക്ഷരോഷാൽ സുദതീ സസർജ്ജ. (കുമാ–1/53)

എന്ന ശ്ലോകത്തിൽ പാർവ്വതിയുടെ പൂർവ്വജന്മത്തെക്കുറിച്ചു വീണ്ടും അനുസ്മരിക്കുന്നുമുണ്ട്.

രഘുവംശത്തിൽ സ്വയംവരസദസ്സിൽവെച്ച് ഇന്ദുമതി, തനിക്കനുരൂപനായ അജനെ വരിച്ചതിൽ സന്തുഷ്ടരായ പൌരസ്ത്രീകൾ തമ്മിൽത്തമ്മിൽ പറയുകയാണ്—

രതിസ്മരൌ നൂനമിമാവഭൂതാം
രാജ്ഞാം സഹസ്രേഷു തഥാഹി ബാലാ
ഗതേയമാത്മപ്രതിരൂപമേവ
മനോ ഹി ജന്മാന്തരസംഗതിജ്ഞം. (രഘു-7/15)

ഇന്ദുമതിയും അജനും പൂർവ്വജന്മത്തിൽ രതിയും കാമദേവനുമായിരുന്നിരിക്കണം. അതുകൊണ്ടാണ് ബാലികയായ ഇന്ദുമതിക്കു ആയിരക്കണക്കിൽ വന്നുചേർന്നിട്ടുള്ള രാജാക്കന്മാരുടെ ഇടയിൽനിന്നു തനിക്കു തികച്ചും അനുരൂപനായ ഈ അജനെ കണ്ടുപിടിക്കാൻ കഴിഞ്ഞത്. മനസ്സിനു ജന്മാന്തരത്തിലെ സംഗമത്തിന്റെ അബോധപൂർവ്വമായ ഓർമ്മയുണ്ടാവുമല്ലോ എന്നാണ് പൌരസ്ത്രീകളുടെ അനുമാനം.

വിഷ്ണുവിന്റെ അവതാരമാണ് ശ്രീരാമനെന്നു പ്രസിദ്ധമാണല്ലൊ. മഹാബലിയെ നിഗ്രഹിക്കുവാൻ വാമനനായി അവതരിച്ചതും വിഷ്ണുതന്നെയാണ്. ശ്രീരാമൻ വിശ്വാമിത്രനോടുകൂടി യാഗരക്ഷയ്ക്കു പോകുമ്പോൾ വാമനാശ്രമപ്രദേശത്തെത്തി. അതു വാമനമൂർത്തിയുടെ ആശ്രമമായിരുന്നുവെന്നു വിശ്വാമിത്രനിൽനിന്നു ശ്രീരാമൻ മനസ്സിലാക്കുകയും ചെയ്തു. ആ സമയത്തു ശ്രീരാമനു മനസ്സിൽ എന്തോ ഒരു ഉൽക്കണ്ഠയുണ്ടായത്രേ. അതിനു കാരണം ജന്മാന്തരത്തിൽ വാമനാവതാരത്തിൽ താൻ ചെയ്തിട്ടുള്ള പ്രവൃത്തികളുടെ അവ്യക്തസ്മരണമാണെന്നു കാളിദാസൻ രഘുവംശം പതിനൊന്നാംസർഗ്ഗത്തിൽ കാണിച്ചിരിക്കുന്നു—

വാമനാശ്രമപദം തതഃ പരം
പാവനം ശ്രുതമൃഷേരുപേയിവാൻ
ഉന്മനാഃ പ്രഥമജന്മചേഷ്ടിതാ-
ന്യസ്മരന്നപി ബഭൂവ രാഘവഃ. (രഘു-11/22)

പൂർവ്വജന്മചേഷ്ടിതങ്ങളുടെ സ്മൃതിയുണ്ടായില്ലെങ്കിലും ശ്രീരാമനു ഉൽക്കണ്ഠയുണ്ടായി എന്നാണ് കവി പറയുന്നത്. വ്യക്തമായ സ്മരണ, ജന്മം മാറിയതുകൊണ്ടു മാഞ്ഞുപോയെന്നർത്ഥം.

ഇതേ ആശയം ശാകുന്തളത്തിലും കവി അവതരിപ്പിച്ചിട്ടുണ്ട്. ദുർവ്വാസാവിന്റെ ശാപം നിമിത്തം ദുഷ്യന്തനു ശകുന്തളയെക്കുറിച്ചുള്ള സ്മരണ ഇല്ലാതായി. സ്മരിഷ്യതി ത്വാം ന സ ബോധിതോപി സൻ എന്നായിരുന്നുവല്ലോ ശാപം. അങ്ങനെ ശകുന്തളയെ മറന്നുപോയെങ്കിലും ഹംസ

പദികാഗാനം കേട്ടപ്പോൾ ശകുന്തളയെക്കുറിച്ച് ഒരു അവ്യക്തസ്മരണ ദുഷ്യന്തഹൃദയത്തിൽ അങ്കുരിക്കുന്നു. അബോധപൂർവ്വമായ ആ ശകുന്തളാപ്രണയസ്മരണ, ദുർവ്വാസശ്ശാപത്താൽ ജന്മാന്തരപ്രണയസ്മരണയ്ക്കു തുല്യമായെന്നു സാരം. ഹംസപദികാഗാനം കേട്ട് ഉൽക്കണ്ഠിതനായ ദുഷ്യന്തൻ സ്വയം ചിന്തിക്കുകയാണ്—

രമ്യാണി വീക്ഷ്യ മധുരാംശ്ച നിശമ്യ ശബ്ദാൻ
പര്യുൽസുകീഭവതി യൽ സുഖിതോപി ജന്തുഃ
തച്ചേതസാ സ്മരതി നൂനമബോധപൂർവ്വം
ഭാവസ്ഥിരാണി ജനനാന്തരസൌഹൃദാനി. (ശാകു–5/2)

രമണീയവസ്തുദർശനവും മധുരശബ്ദശ്രവണവും ജന്മാന്തരബന്ധങ്ങളെ അവ്യക്തരൂപത്തിൽ സ്മരിപ്പിക്കുമെന്നാണ് കാളിദാസൻ ദുഷ്യന്തന്റെ വാക്കിലൂടെ വ്യക്തമാക്കുന്നത്.

പുണ്യകർമ്മം ചെയ്താലും പാപകർമ്മം ചെയ്താലും അതിന്റെ ഫലം അതാതു ജന്മത്തിലല്ലെങ്കിൽ അടുത്ത ജന്മത്തിലെങ്കിലും അനുഭവിക്കേണ്ടി വരുമെന്നുള്ളതാണ് കർമ്മവിപാക സിദ്ധാന്തം. ചില കർമ്മങ്ങൾ ഫലോന്മുഖമാകാൻ കുറെ അധികം താമസമുണ്ടാവും, ചില കർമ്മങ്ങൾ വേഗത്തിൽത്തന്നെ ഫലം തരും. വാഴ വെച്ചാൽ ഒരു കൊല്ലംകൊണ്ടു ഫലമനുഭവിക്കാറാവും, തെങ്ങു വെച്ചാൽ നാലഞ്ചു കൊല്ലമെങ്കിലും വേണ്ടിവരുമല്ലോ. പൂർവ്വഭാരതീയരുടെ ഈ കർമ്മവിപാകസിദ്ധാന്തത്തിലും കാളിദാസൻ ദൃഢമായി വിശ്വസിക്കുന്നു.

ദിലീപൻ തന്റെ വംശം നിലനിർത്താൻ ഒരു സന്താനമുണ്ടാവാത്തതുകൊണ്ടു ദുഃഖിച്ച് അതിന്റെ കാരണം അന്വേഷിക്കാനും വേണ്ടുന്ന പരിഹാരം ചെയ്യുവാനുമായി വസിഷ്ഠാശ്രമത്തിൽചെന്നു ഗുരുവിനോടു തന്റെ സങ്കടമുണർത്തിച്ചു. അപ്പോൾ വസിഷ്ഠൻ ധ്യാനദൃഷ്ടികൊണ്ടു നോക്കി ദിലീപന്റെ സന്താനാഭാവത്തിന്റെ കാരണം മനസ്സിലാക്കീട്ടു ദിലീപനോടു പറഞ്ഞു– ''പണ്ടു അങ്ങു ദേവേന്ദ്രനെ ചെന്നു കണ്ടു മടങ്ങിപ്പോരുമ്പോൾ കല്പവൃക്ഷത്തിന്റെ തണലിൽ കാമധേനുവുണ്ടായിരുന്നു. ആ കാമധേനുവിനെ പ്രദക്ഷിണംവെച്ചു വന്ദിക്കാതെ പോന്നതു ഒരു തെററായിപ്പോയി. പൂജ്യപൂജാവ്യതിക്രമം– പൂജിക്കേണ്ടവരെ പൂജിക്കാതിരിക്കൽ– ഒരു പാപമാണ്. അതു ശ്രേയസ്സിനെ പ്രതിബന്ധിക്കും. അങ്ങേയ്ക്കു സന്തതിയുണ്ടാവാതിരിക്കാൻ കാരണമതാണ്. ആ കാമധേനുവിനെ പരിചരിച്ചു പ്രസാദിപ്പിക്കുകയാണ് അതിനു പ്രായശ്ചിത്തം. പക്ഷെ, കാമധേനു ഇപ്പോൾ ഇവിടെയൊന്നുമില്ല. പാതാളത്തിൽ വരുണന്റെ യാഗത്തിനു ഹവിസ്സു നല്കുന്നതിനു ചെന്നു പാർക്കുകയാണ്. നീണ്ടൊരു സത്രമാണവിടെ നടക്കുന്നത്. അങ്ങോട്ടു പോകാനുള്ള വഴി സർപ്പങ്ങൾ അടച്ചിരിക്കുന്നു. അതുകൊണ്ട് അവിടെച്ചെന്നു കാമധേനുവിനെ പ്രസാദിപ്പിക്കാനും നിവൃത്തിയില്ല. ഞാനൊരു വഴിയുണ്ടാക്കിത്തരാം. കാമധേനുവിന്റെ

മകൾ നന്ദിനി ഇവിടെയുണ്ട്. നന്ദിനിയും കാമധേനുവിനെപ്പോലെ ഇഷ്ടങ്ങളെല്ലാം നല്കാൻ കഴിവുള്ളവളാണ്. നന്ദിനിയെ ശുശ്രൂഷിച്ചു പ്രസാദിപ്പിച്ചാൽ അങ്ങക്കു സന്താനമുണ്ടാവും'' എന്ന്. വസിഷ്ഠന്റെ ആ ഉപദേശമനുസരിച്ചു ദിലീപൻ നന്ദിനിയെ ഇരുപത്തൊന്നു ദിവസം പരിചരിച്ചു പ്രസാദിപ്പിച്ചു. അതിന്റെ ഫലമായി ജനിച്ച പുത്രനത്രേ രഘുവംശത്തിലെ പ്രഥമനായകനായ രഘു. ഇവിടെ കവി, ദീലീപൻ കാമധേനുവിനെ വന്ദിക്കാതെ പോയതു് ഒരു പാപകർമ്മമായെന്നും അതിന്റെ ഫലമായി അദ്ദേഹത്തിനു സന്താനമുണ്ടായില്ലെന്നും പാപപ്രായശ്ചിത്തമായി നന്ദിനിയെ പരിചരിച്ചു പ്രസാദിപ്പിച്ചപ്പോൾ സന്താനമുണ്ടായെന്നും ഏററവും വ്യക്തമായി പ്രതിപാദിച്ചിരിക്കുന്നു.

ശ്രീരാമൻ സീതയെ ലക്ഷ്മണന്റെ കൂടെ കാട്ടിലേക്കു പറഞ്ഞയച്ചു വാല്മീക്യാശ്രമസമീപത്തിൽ ഉപേക്ഷിക്കുകയുണ്ടായല്ലോ. ലക്ഷ്മണൻ രാമശാസനം അറിയിച്ചപ്പോൾ സീത ബോധംകെട്ടു വീണു. പിന്നെ ബോധം തെളിഞ്ഞപ്പോൾ സീത ലക്ഷ്മണൻ മുഖേന ശ്രീരാമനു് ഒരു സന്ദേശം പറഞ്ഞയയ്ക്കുന്നുണ്ട്. അതിൽ ആദ്യം അല്പം ക്ഷോഭത്തോടുകൂടി ചോദിച്ചു– ''കൺമുന്നിൽ വെച്ചു് അഗ്നിശുദ്ധയായ എന്നെ വല്ലവരുടെയും വാക്കു കേട്ടു ഉപേക്ഷിച്ചതു ന്യായമാണോ'' എന്ന്. ഉടനെ ആലോചിച്ചു, അല്പം ശാന്തതയോടുകൂടി പറഞ്ഞു—

കല്ല്യാണബുദ്ധേരഥവാ തവായം
ന കാമചാരോ മയി ശങ്കനീയഃ
മമൈവ ജന്മാന്തരപാതകാനാം
വിപാകവിസ്ഫൂർജ്ജഥുരപ്രസഹ്യഃ. (രഘു.–14/62)

എന്റെ നേരെ അപമര്യാദ കാണിച്ചതാണെന്നു വിചാരിക്കാൻ വഴിയില്ല. അവിടന്നു കല്ല്യാണബുദ്ധിയാണ്—ശുഭമതിയാണ്, ഞാൻ ജന്മാന്തരത്തിൽ ചെയ്ത പാപങ്ങൾ ഇപ്പോൾ ഫലം കാണിക്കാൻ തുടങ്ങിയതിന്റെ ദുസ്സഹപരിണാമംതന്നെയാണിതു് എന്നത്രേ സീത പറയുന്നതു്. ഇവിടെ ജന്മാന്തരമുണ്ടെന്നും പാപങ്ങളുടെ ഫലം അതാതു ജന്മത്തിലല്ലെങ്കിൽ ഭാവിജന്മത്തിലെങ്കിലും അനുഭവിക്കാതെ കഴിയുകയില്ലെന്നും സീതയിലൂടെ കാളിദാസൻ തുറന്നുപറഞ്ഞിട്ടുണ്ടല്ലോ.

തപോധനന്മാരുടെ ശാപാനുഗ്രഹങ്ങളിലും സിദ്ധാദേശങ്ങളിലും കാളിദാസനുള്ള വിശ്വാസം നിസ്സീമമാണ്. ശാകുന്തളത്തിൽ ദുർവാസാവിന്റെ ശാപമാണ് ദുഷ്യന്തൻ ശകുന്തളയെ വിസ്മരിക്കാൻ കാരണം. മോതിരം കണ്ടപ്പോൾ ശകുന്തളാവൃത്താന്തമെല്ലാം ഓർമ്മവന്നതാകട്ടെ, പ്രിയംവദയുടെ അഭ്യർത്ഥനനിമിത്തം ദുർവ്വാസാവു നല്കിയ അനുഗ്രഹത്താലാണ്. വിക്രമോർവ്വശീയത്തിൽ ഭരതമുനിയുടെ ശാപമാണ് ഉർവ്വശി സ്വർഗ്ഗവാസം വിട്ടു ഭൂമിയിലേക്കു പോരുവാൻ കാരണമായതു്. ഇന്ദ്രന്റെ അനുഗ്രഹത്താൽ പുരൂരവസ്സിനോടുകൂടെ ദാമ്പത്യസുഖത്തിൽ സംതൃപ്തി വരുന്നതു

വരെ ഉർവ്വശിക്കു ഭൂമിയിൽ സുഖമായി കഴിഞ്ഞുകൂടുവാൻ സാധിക്കുകയും ചെയ്തു. രഘുവംശം അഞ്ചാംസർഗ്ഗത്തിൽ മതംഗമഹർഷിയുടെ ശാപത്താൽ പ്രിയംവദനെന്ന ഗന്ധർവ്വൻ ഒരാനയായിത്തീർന്നതും പ്രിയംവദൻ കാലുപിടിച്ചപേക്ഷിച്ചപ്പോൾ 'അജന്റെ ശരമേററാൽ ശാപം തീരു'മെന്നു മതംഗൻ ശാപമോക്ഷം കൊടുത്തതും വിവരിച്ചിട്ടുണ്ടു്. മേഘസന്ദേശത്തിൽ യക്ഷന്റെ പ്രിയാവിരഹത്തിനു കാരണം വൈശ്രവണശാപമാണെന്നു ആദ്യമേ ഉപക്ഷേപിച്ചിരിക്കുന്നു. കുമാരസംഭവത്തിൽ കാമദേവൻ ഹരകോപാഗ്നിയിൽ ദഹിക്കാൻ കാരണം പ്രജാപതിയുടെ ശാപമാണെന്നു നാലാംസർഗ്ഗത്തിന്റെ അവസാനത്തിൽ അശരീരിവാക്കു്—ആകാശവാണി—രതിക്കു വ്യക്തമാക്കിക്കൊടുക്കുന്നുണ്ടു്. ശാകുന്തളത്തിൽത്തന്നെ ദുഷ്യന്തനു പുത്രനുണ്ടാവാൻ കാരണം സന്തുഷ്ടന്മാരായ വൈഖാനസന്മാരുടെ അനുഗ്രഹമാണെന്നും സൂചിപ്പിച്ചിട്ടുണ്ടു്. ഈവക സംഗതി കാളിദാസന്റെ ശാപാനുഗ്രഹവിശ്വാസത്തിന്നു തെളിവാണല്ലോ.

തപസ്സിദ്ധിയുള്ളവർ എന്തെങ്കിലും പറഞ്ഞാൽ അതു് ഒരിക്കലും പിഴയ്ക്കില്ലെന്ന വിശ്വാസവും കാളിദാസനുണ്ടു്. കുമാരസംഭവത്തിൽ പാർവ്വതി ഹരപത്നിയാവുമെന്നു നാരദൻ മുൻകൂട്ടി കണ്ടറിഞ്ഞു പറഞ്ഞുവെന്നും അതിലുള്ള വിശ്വാസം നിമിത്തം ഹിമവാൻ പാർവ്വതിക്കു വിവാഹപ്രായം കഴിഞ്ഞിട്ടും വേറെ വരനെ അന്വേഷിച്ചില്ലെന്നും പറയുന്നുണ്ടു.

താം നാരദഃ കാമചരഃ കദാചിൽ
കന്യാം കില പ്രേക്ഷ്യ പിതുഃ സമീപേ
സമാദിദേശൈകവധൂം ഭവിത്രീം
പ്രേമ്ണാ ശരീരാർദ്ധഹരാം ഹരസ്യ. (കുമാ–1/50)

ഗുരുഃ പ്രഗല്ഭേപി വയസ്യതോസ്യാ–
സ്തസ്ഥൌ നിവൃത്താന്യവരാഭിലാഷഃ
ഋതേ കൃശാനോർന്ന ഹി മന്ത്രപൂത–
മർഹന്തി തേജാംസ്യപരാണി ഹവ്യം. (കുമാ–1/51)

നാരദൻ ഒരിക്കൽ ഹിമവാനെ കാണാൻ ചെന്നു. ഹിമവാന്റെ സമീപത്തിൽ കന്യകയായ പാർവ്വതി ഉണ്ടായിരുന്നു. നാരദൻ പറഞ്ഞു— 'ഈ കന്യക പരമേശ്വരന്റെ ഒരേ ഒരു പത്നിയായി ഭവിക്കും; പ്രേമംകൊണ്ടു ഭർത്താവിന്റെ പകുതി ശരീരം സ്വായത്തമാക്കിത്തീർക്കുകയും ചെയ്യും' എന്നു്. ആ നാരദവചനത്തിലുള്ള ദൃഢവിശ്വാസത്താൽ ഹിമവാൻ, പാർവ്വതിക്കു വിവാഹപ്രായം കഴിഞ്ഞിട്ടും വേറെ വരനെ അന്വേഷിച്ചില്ല. മന്ത്രപാവനമായ ഹവിസ്സു് ഹോമിക്കാൻ അഗ്നിതന്നെ വേണമല്ലോ, സൂർയ്യാദിതേജസ്സുകളൊന്നും പോരല്ലോ എന്നർത്ഥം.

സിദ്ധാദേശത്തിലുള്ള വിശ്വാസം മാളവികാഗ്നിമിത്രം നാടകത്തിലും കാണുന്നുണ്ടു്. മാളവികയ്ക്കു ഒരു കൊല്ലക്കാലം ദാസ്യമനുഭവിക്കേ

ണ്ടിവരുമെന്ന് ഒരു സിദ്ധാദേശമുണ്ടായി. അതുകൊണ്ടാണ് മാളവിക മാധവസേനസഹോദരിയാണെന്ന കാര്യം പണ്ഡിതകൌശികി ധാരിണീദേവിയെ അറിയിക്കാത്തതെന്ന് ഒടുവിൽ പണ്ഡിതകൌശികിതന്നെ വ്യക്തമാക്കുന്നുണ്ട്. ഭാസന്റെ സ്വപ്നവാസവദത്തത്തിലും ഉള്ളതാണ് ഈ സിദ്ധാദേശബഹുമാനം.

നിമിത്തശാസ്ത്രത്തിലുള്ള വിശ്വാസവും കാളിദാസകൃതികളിൽ പലേടത്തും തെളിഞ്ഞുകാണുന്നുണ്ട്. ഏതെങ്കിലും കാര്യത്തിന് ആരംഭിക്കുമ്പോൾ യാദൃച്ഛികമായി അനുഭവപ്പെടുന്ന നിമിത്തങ്ങൾകൊണ്ട് ആ കാര്യം സാധിക്കുമോ ഇല്ലയോ എന്നു തീർച്ചപ്പെടുത്താമെന്നു നിമിത്തശാസ്ത്രം പറയുന്നു. അതനുസരിച്ചുള്ള പ്രസ്താവനകൾ കാളിദാസകൃതികളിൽ ധാരാളം കാണാം. രഘുവംശം പ്രഥമസർഗ്ഗത്തിൽ വസിഷ്ഠൻ ദിലീപനോടു പറഞ്ഞു– ''കാമധേനുവിനെ കണ്ടിട്ടു വന്ദിക്കാതെ പോന്നതുകൊണ്ടാണ് അങ്ങയ്ക്കു സന്തതിയുണ്ടാവാതെ പോയതു്. കാമധേനു ഇപ്പോൾ പാതാളത്തിലാണ്. കാമധേനുവിന്റെ മകൾ നന്ദിനി ഇവിടെയുണ്ട്. ആ നന്ദിനിയെ ശുശ്രൂഷിച്ചു സന്തോഷിപ്പിച്ചാൽ അങ്ങയ്ക്കു സന്തതി ഉണ്ടാവും'' എന്ന്. ഇതു പറഞ്ഞപ്പോഴേക്കും നന്ദിനി കാട്ടിൽനിന്നു മടങ്ങിവരുന്നതു കണ്ടു. അതൊരു നല്ല ലക്ഷണമായി വ്യാഖ്യാനിക്കുന്നു, നിമിത്തജ്ഞനായ വസിഷ്ഠൻ. ആ മഹർഷി പറയുകയാണ്—

അദൂരവർത്തിനീം സിദ്ധിം രാജൻ വിഗണയാത്മനഃ
ഉപസ്ഥിതേയം കല്യാണീ നാമ്നി കീർത്തിത ഏവ യൽ.
(രഘു–1/87)

'അല്ലയോ രാജാവേ, അങ്ങയുടെ അഭിലാഷം അടുത്തുതന്നെ സാധിക്കുമെന്ന് ഉറപ്പിക്കാവുന്നതാണ്. പേർ പറഞ്ഞപ്പോഴേക്കും ശുഭദർശനയായ നന്ദിനി ഇവിടെ വന്നുചേർന്നുവല്ലോ' എന്ന്.

രാവണൻ ചെയ്യുന്ന ഉപദ്രവങ്ങൾ അറിയിക്കാൻ ദേവന്മാർ പാലാഴിയിൽ ചെല്ലലും വിഷ്ണു ഉണരലും ഒരേ സമയത്താണത്രേ സംഭവിച്ചതു്. ദേവന്മാർക്ക് ഒട്ടും കാത്തുനില്ക്കേണ്ടി വന്നില്ല. ദേവന്മാരുടെ കാര്യം സാധിക്കുമെന്നൂഹിക്കാൻ അതു മതിയായൊരു ലക്ഷണമാണെന്നു കാളിദാസൻ പറയുന്നു—

തേ ച പ്രാപുരുദന്വന്തം ബുബുധേ ചാദിപൂരുഷഃ
അവ്യാക്ഷേപോ ഭവിഷ്യന്ത്യാഃ കാര്യസിദ്ധേർഹി ലക്ഷണം.
(രഘു–10/6)

ദേവന്മാർ പാലാഴിയിലെത്തിയതും വിഷ്ണു ഉണർന്നതും ഒരേ സമയത്തായതു, കാലവിളംബം കൂടാതെ കഴിഞ്ഞതു, കാര്യം സാധിക്കുമെന്നതിന്റെ ലക്ഷണമാണ് എന്നർത്ഥം.

ദേഹത്തിൽ വലത്തുഭാഗത്തോ ഇടത്തുഭാഗത്തോ ആകസ്മികമായി ഉണ്ടാവുന്ന സ്പന്ദനം, വരാൻപോകുന്ന സുഖദുഃഖങ്ങളെ സൂചിപ്പിക്കുമെന്നാണ് നിമിത്തശാസ്ത്രം പറയുന്നതു്. പുരുഷന്മാർക്ക് വലത്തുഭാഗം ചലിക്കുന്നതു് നല്ല ഭാവിയെയും ഇടത്തുഭാഗം ചലിക്കുന്നതു ചീത്ത ഭാവിയെയും സൂചിപ്പിക്കുന്നു. ഇതിന്റെ നേരെ വിപരീതമാണ് സ്ത്രീകളുടെ കാര്യം. അവർക്ക് ഇടത്തു നന്ന്, വലത്തു ചീത്ത.

ശാകുന്തളം ഒന്നാമങ്കത്തിൽ ദുഷ്യന്തൻ കണ്വാശ്രമത്തിലേക്കു പ്രവേശിക്കുവാൻ ഭാവിക്കുമ്പോഴും ഏഴാമങ്കത്തിൽ മാരീചാശ്രമത്തിലേക്കു പ്രവേശിക്കാൻ ഭാവിക്കുമ്പോഴും വലത്തുകയ്യു ചലിച്ചതായും അതു പത്നീസമാഗമത്തെ സൂചിപ്പിക്കുന്നതായും കവി വർണ്ണിച്ചിരിക്കുന്നു. അഞ്ചാമങ്കത്തിൽ ഹസ്തിനാപുരത്തിൽ ദുഷ്യന്തന്റെ അടുക്കൽ എത്താറായപ്പോൾ ശകുന്തളയുടെ വലത്തെ കണ്ണിളകി ഭാവിദുഃഖത്തെ സൂചിപ്പിച്ചതായി പ്രസ്താവിച്ചിരിക്കുന്നു. രഘുവംശം പതിന്നാലാംസർഗ്ഗത്തിൽ തപോവനത്തിലേക്കു പുറപ്പെട്ട സീതയുടെയും വലത്തെ കണ്ണിളകി ദുസ്സഹമായ ഭാവിദുഃഖത്തെ സൂചിപ്പിച്ചതായി പറഞ്ഞിട്ടുണ്ട്.

എന്തെങ്കിലും കാര്യത്തിനു പുറപ്പെടുമ്പോൾ അനുകൂലമായി കാറ്റു വീശുന്നതു് ഇഷ്ടസിദ്ധിയെയും പ്രതികൂലമായി കാറ്റടിക്കുന്നതു് അനിഷ്ടാഗമത്തെയും സൂചിപ്പിക്കുമത്രേ. ദിലീപൻ സന്താനലാഭത്തിനു വേണ്ടതു ചെയ്യാൻ തീർച്ചപ്പെടുത്തി വസിഷ്ഠാശ്രമത്തിലേക്കു പുറപ്പെട്ടപ്പോൾ അനുകൂലമായി കാറ്റു വീശിയെന്നും അതു് ഇഷ്ടസിദ്ധിയെ സൂചിപ്പിക്കുന്നുവെന്നും രഘുവംശം ആദ്യസർഗ്ഗത്തിൽ പറഞ്ഞിട്ടുണ്ട്.

പവനസ്യാനുകൂലത്വാൽ പ്രാർത്ഥനാസിദ്ധിശംസിനഃ
രജോഭിസ്തുരഗോൽകീർണ്ണൈരസ്പൃഷ്ടാലകവേഷ്ടനൌ.
(രഘു–1/42)

മേഘസന്ദേശം ആദ്യത്തിലും യക്ഷൻ മേഘത്തോടു പറയുന്നുണ്ട്— 'കാറ്റ് അനുകൂലമായതുകൊണ്ട് അല്ലയോ മേഘമേ, അങ്ങയുടെ യാത്രയ്ക്കു വിഘ്നമൊന്നുമുണ്ടാവില്ല, അവിടെച്ചെന്നു ജീവിച്ചിരിക്കുന്ന എന്റെ പത്നിയെ അങ്ങയ്ക്കു തീർച്ചയായും കാണാൻ സാധിക്കു'മെന്ന്.

രഘുവംശം പതിനൊന്നാംസർഗ്ഗത്തിൽ സീതാസ്വയംവരം കഴിഞ്ഞു ശ്രീരാമാദികൾ മടങ്ങിപ്പോരുമ്പോൾ പ്രതികൂലമായി കാറ്റു വീശുക, സൂര്യനു ചുറ്റും പരിവേഷം കാണുക, പരുന്തുകൾ പറക്കുക, മേഘങ്ങൾക്കു ചെന്നിറം കലരുക, സൂര്യനു നേരെ നോക്കി കുറുനരികൾ ഭയങ്കരമായി ഓരിയിടുക–എന്നീ ദുർന്നിമിത്തങ്ങളെല്ലാം ഉണ്ടായെന്നു കാളിദാസൻ വർണ്ണിച്ചിരിക്കുന്നു. അവിടെ നാലു ശ്ലോകം 'ദുർന്നിമിത്തവർണ്ണനത്തിനുപയോഗിച്ചിട്ടുണ്ട്. നോക്കുക—

തസ്യ ജാതു മരുതഃ പ്രതീപഗാ
വർത്മസു ധ്വജതരുപ്രമാഥിനഃ

ചിക്ലിശുർഭൃശതയാ വരൂഥിനീ–
മുത്തടാ ഇവ നദീരയാഃ സ്ഥലീം.

ലക്ഷ്യതേ സ്മ തദനന്തരം രവിർ–
ബദ്ധഭീമപരിവേഷമണ്ഡലഃ
വൈനതേയശമിതസ്യ ഭോഗിനോ
ഭോഗവേഷ്ടിത ഇവ ച്യുതോ മണിഃ.

ശ്യേനപക്ഷപരിധൂസരാളകാഃ
സാന്ധ്യമേഘരുധിരാർദ്രവാസസഃ
അംഗനാ ഇവ രജസ്വലാ ദിശോ
നോ ബഭൂവുരവലോകനക്ഷമാഃ.

ഭാസ്കരശ്ച ദിശമധ്യുവാസ യാം
താം ശ്രിതാഃ പ്രതിഭയം വവാശിരേ
ക്ഷത്രശോണിതപിതൃക്രിയോചിതം
ചോദയന്ത്യ ഇവ ഭാർഗ്ഗവം ശിവാഃ. (രഘു–11/58, 59, 60, 61)

ഇതുപോലെ കാളിദാസന്നു നിമിത്തശാസ്ത്രത്തിലുള്ള വിശ്വാസം കാണിക്കുന്ന പ്രയോഗങ്ങളും പലതും കാണാം.

ബ്രാഹ്മണൻ, ക്ഷത്രിയൻ, വൈശ്യൻ, ശൂദ്രൻ എന്നു നാലു വർണ്ണങ്ങളുള്ളതിൽ ക്ഷത്രിയന്റെ സ്ഥാനവും ബ്രഹ്മചര്യം ഗാർഹസ്ഥ്യം വാനപ്രസ്ഥം സന്യാസം എന്നു നാലാശ്രമങ്ങളുള്ളതിൽ ഗൃഹസ്ഥാശ്രമത്തിനുള്ള സ്ഥാനവും മഹത്തമമായിട്ടാണ് കാളിദാസൻ കരുതുന്നത്.

രാജ്ഞി ധർമ്മിണി ധർമ്മിഷ്ഠാഃ പാപേ പാപരതാഃ സദാ
രാജാനമനുവർത്തന്തേ യഥാ രാജാ തഥാ പ്രജാഃ.

എന്ന അഭിപ്രായത്തിൽ ഉറച്ചുനില്ക്കുന്ന കവിയാണ് കാളിദാസൻ. ബ്രാഹ്മണാദിവർണ്ണങ്ങളും സ്വധർമ്മങ്ങളിൽനിന്നു വ്യതിചലിക്കാതിരിക്കണമെങ്കിൽ നല്ല രാജാവുണ്ടായിരിക്കണമെന്നാണ് കാളിദാസന്റെ അഭിപ്രായം. ക്ഷത്രശബ്ദത്തിനു ക്ഷതത്തിൽനിന്നു ത്രാണം ചെയ്യുന്നവൻ എന്നത്രേ അർത്ഥം. പ്രജകളെയെല്ലാം ആപത്തുകളിൽനിന്നു രക്ഷിക്കുന്നവനത്രേ ക്ഷത്രിയൻ. അക്കാര്യം രഘുവംശം രണ്ടാംസർഗ്ഗത്തിൽ വ്യക്തമായി പറയുന്നുണ്ട്—

ക്ഷതാൽ കില ത്രായത ഇത്യുദഗ്രഃ
ക്ഷത്രസ്യ ശബ്ദോ ഭുവനേഷു രൂഢഃ
രാജ്യേന കിം തദ്വിപരീതവൃത്തേഃ
പ്രാണൈരുപക്രോശമലീമസൈർവാ. (രഘു–2/53)

ക്ഷത്രിയവൃത്തിക്കു വിപരീതമായി പ്രവൃത്തിക്കുന്ന രാജാവിന്നു രാജ്യവും പ്രാണൻപോലും വ്യർത്ഥമാണെന്നു് കാളിദാസൻ ദിലീപനെക്കൊണ്ടു പറയിച്ചിരിക്കുന്നു.

വർണ്ണാശ്രമസംരക്ഷണമാണു് രാജാവിന്റെ മുഖ്യധർമ്മമെന്നു മനുസ്മൃതിയിൽ മനു പറഞ്ഞിട്ടുണ്ടു്. ആ ആദർശം പാലിക്കുക എന്നതു് ഏതു രാജാവിന്റെയും കടമയാണു് എന്നു രഘുവംശം പതിന്നാലാംസർഗ്ഗത്തിൽ സീതയെക്കൊണ്ടു മഹാകവി പറയിക്കുന്നുണ്ടു്—

നൃപസ്യ വർണ്ണാശ്രമപാലനം യൽ
സ ഏവ ധർമ്മോ മനുനാ പ്രണീതഃ. (രഘു-14/67)

രാജശബ്ദത്തിനു പലരും വിചാരിക്കുന്നതുപോലെ രാജിക്കുന്നവൻ-ദീപിക്കുന്നവൻ-ജ്വലിക്കുന്നവൻ എന്നല്ല കാളിദാസന്റെ അർത്ഥം. പ്രജകളെ രഞ്ജിപ്പിക്കുന്നവനത്രേ രാജാവു്. പ്രജകൾക്കു വേണ്ടുന്ന കാര്യങ്ങൾ കണ്ടറിഞ്ഞു ചെയ്തു അവരെ പ്രീണിപ്പിക്കുന്നവനാവണം രാജാവെന്നാണു് കാളിദാസന്റെ അഭിപ്രായം. ചന്ദനം ചെയ്യുന്നതുകൊണ്ടു—ആഹ്ലാദിപ്പിക്കുന്നതുകൊണ്ടു—ചന്ദ്രനു ചന്ദ്രൻ എന്നു പേരുണ്ടായി. തപിപ്പിക്കുന്നതുകൊണ്ടു—ഉഷ്ണിപ്പിക്കുന്നതുകൊണ്ടു—സൂര്യനു തപനൻ എന്നു പേരുണ്ടായി. അതുപോലെ പ്രജകളെ രഞ്ജിപ്പിക്കുന്നതുകൊണ്ടു രഘുവിനു രാജാവെന്ന പേർ അന്വർത്ഥമായി ഭവിച്ചു എന്നു കാളിദാസൻ രഘുവംശം നാലാംസർഗ്ഗത്തിൽ സ്പഷ്ടമായി പറയുന്നുണ്ടു്—

യഥാ പ്രഹ്ലാദനാച്ചന്ദ്രഃ പ്രതാപാത്തപനോ യഥാ
തഥൈവ സോഭൂദന്വർത്ഥോ രാജാ പ്രകൃതിരഞ്ജനാൽ.
(രഘു-4/12)

രാജശബ്ദത്തിന്റെ ഈ അർത്ഥം ആറാംസർഗ്ഗത്തിൽ പരന്തപനെന്ന മഗധരാജാവിനെ വർണ്ണിക്കുമ്പോൾ ആവർത്തിച്ചുപറയുന്നുമുണ്ടു്—

അസൌ ശരണ്യഃ ശരണോന്മുഖാനാ-
മഗാധസത്ത്വോ മഗധപ്രതിഷ്ഠഃ
രാജാ പ്രജാരഞ്ജനലബ്ധവർണ്ണഃ
പരന്തപോ നാമ യഥാർത്ഥനാമാ. (രഘു-6/21)

ഇത്രയുംകൊണ്ടു പ്രധാനമായ ക്ഷത്രിയധർമ്മത്തെക്കുറിച്ചുള്ള മഹാകവിയുടെ അഭിപ്രായം എന്തെന്നു വ്യക്തമായിരിക്കുമല്ലോ. രഘുവംശം പ്രഥമസർഗ്ഗത്തിൽ ദിലീപനെ വർണ്ണിക്കുമ്പോൾ എല്ലാ രാജധർമ്മങ്ങളും വ്യക്തമായിത്തന്നെ വിവരിച്ചിട്ടുമുണ്ടു്.

ഗൃഹസ്ഥാശ്രമത്തിന്റെ പ്രാധാന്യം രഘുവംശത്തിൽ കാളിദാസൻ എടുത്തു പറഞ്ഞിട്ടുണ്ടു്. രഘുവംശം അഞ്ചാംസർഗ്ഗത്തിൽ രഘു വരതന്തു ശിഷ്യനായ കൌത്സനോടു ചോദിക്കുകയാണു്—

അപി പ്രസന്നേന മഹർഷിണാ ത്വം
സമ്യഗ്വിനീയാനുമതോ ഗൃഹായ
കാലോ ഹ്യയം സംക്രമിതും ദ്വിതീയം
സർവ്വോപകാരക്ഷമമാശ്രമം തേ. (രഘു.-5/10)

ആചാര്യൻ വേണ്ടതെല്ലാം പഠിപ്പിച്ചു സന്തുഷ്ടനായിട്ട് അങ്ങയ്ക്കു വിവാഹത്തിനു അനുമതി നല്കിക്കഴിഞ്ഞുവോ? അങ്ങയ്ക്കു ബ്രഹ്മചര്യാശ്രമം വിട്ടു രണ്ടാമത്തേതായ ഗൃഹസ്ഥാശ്രമത്തിലേക്കു പ്രവേശിക്കേണ്ടുന്ന കാലമാണല്ലോ ഇതു്? എന്നാണ് രഘുവിന്റെ വാക്കു്. അതിൽ ദ്വിതീയാശ്രമത്തിനു സർവ്വോപകാരക്ഷമം എന്നൊരു വിശേഷണം കൊടുത്തിട്ടുണ്ട്, മഹാകവി. ഗൃഹസ്ഥാശ്രമത്തിന്റെ വിശേഷം അതാണ്—അതു് സർവ്വോപകാരക്ഷമമാണ്. ഗൃഹസ്ഥാശ്രമത്തിലേ എല്ലാവർക്കും—സർവ്വവർണ്ണങ്ങൾക്കും സർവ്വാശ്രമങ്ങൾക്കും—ഉപകാരം ചെയ്യാൻ കഴിയുകയുള്ളു. ക്ഷത്രിയൻ, എല്ലാവർക്കും വിനയമുണ്ടാക്കിക്കൊടുത്തും ആപത്തുകൾ അകററി രക്ഷിച്ചും ജീവിതസാഹചര്യങ്ങളെല്ലാമുണ്ടാക്കിക്കൊടുത്തു പോഷിപ്പിച്ചും അച്ഛനെപ്പോലെ മററു മൂന്നു വർണ്ണങ്ങളിലുൾപ്പെട്ടവരെയും പുലർത്തുന്നതുപോലെ ഗൃഹസ്ഥൻ ബ്രഹ്മചാരികൾക്കും വാനപ്രസ്ഥന്മാർക്കും സന്യാസികൾക്കും ആവശ്യങ്ങളായ ഉപകാരങ്ങൾ ചെയ്തുകൊടുത്തു പുണ്യം സമ്പാദിക്കുന്നു. ബ്രഹ്മചര്യാദികളായ മററു മൂന്നാശ്രമങ്ങളിൽ ജീവിക്കുന്നവരും തങ്ങളുടെ കാര്യം മാത്രം നോക്കുന്നവരാണ്—സ്വാർത്ഥികളാണ്. ഗൃഹസ്ഥൻ അങ്ങനെയല്ല. അയാൾ എല്ലാവരെയും രക്ഷിക്കാൻ ചുമതലപ്പെട്ടവനാണ്. ഗൃഹസ്ഥാശ്രമം സർവ്വോപകാരക്ഷമമാണെന്നു പറയാൻ അതാണ് കാരണം.

ശാകുന്തളത്തിൽ ദുഷ്യന്തനെക്കണ്ട് മുനികുമാരൻ പറയുന്നു, ദുഷ്യന്തനും ഒരു ഋഷിയാണ്, രാജർഷിയാണെന്നു മാത്രം എന്നു്. അതിനുശേഷം ദുഷ്യന്തൻ ഋഷിയാണെന്നു സമർത്ഥിക്കാൻ വേണ്ടി അദ്ദേഹത്തിന്റെ ആശ്രമവാസം ഗൃഹസ്ഥാശ്രമവാസമാണെന്നു ശ്ലേഷഭംഗിയിൽ ഉപപാദിക്കുകയും ചെയ്യുന്നു—

അധ്യാക്രാന്താ വസതിരമുനാപ്യാശ്രമേ സർവ്വഭോഗ്യേ. (ശാകു-2/4)

മഹർഷിമാരുടെ ആശ്രമം സർവ്വഭോഗ്യമാണ്—എല്ലാവർക്കും—സ്ത്രീപുരുഷ ഭേദമോ ബാലവൃദ്ധഭേദമോ ധനികദരിദ്രഭേദമോ ഒന്നുംകൂടാതെ എല്ലാവർക്കും—ഭോഗ്യമാണ്—സുഖവാസയോഗ്യമാണ്. ദുഷ്യന്തന്റെ ഗൃഹസ്ഥാശ്രമവും എല്ലാവർക്കും ഭോഗ്യമാണ്—സർവ്വോപകാരക്ഷമമാണ് എന്നു്. അതിനാൽ കാളിദാസനു ഗൃഹസ്ഥാശ്രമത്തിന്റെ പേരിലുള്ള പ്രതിപത്തി വ്യക്തമാണ്. മാത്രമല്ല,

ശൈശവേഭ്യസ്തവിദ്യാനാം യൗവനേ വിഷയൈഷിണാം
വാർദ്ധകേ മുനിവൃത്തീനാം യോഗേനാന്തേ തനുത്യജാം. (രഘു-1/8)

എന്ന ശ്ലോകത്തിൽ നാലാശ്രമങ്ങളുടെയും പ്രധാനധർമ്മങ്ങളെ വ്യക്തമായിത്തന്നെ ഉപക്ഷേപിച്ചിട്ടുമുണ്ട്. ബാല്യത്തിൽ വിദ്യാഭ്യാസം ചെയ്യുക, യൌവനത്തിൽ വിഷയസുഖമനുഭവിക്കുക, വാർദ്ധക്യത്തിൽ തപോവനത്തിൽ ചെന്നു മുനിവൃത്തിയായി കഴിഞ്ഞുകൂടുക, അവസാനത്തിൽ യോഗം ശീലിച്ച് പരമാത്മൈക്യം പ്രാപിക്കുക— ഇവയത്രേ നാലാശ്രമങ്ങളിലെ മുഖ്യധർമ്മങ്ങൾ.

വിദ്യാഭ്യാസത്തെ സംബന്ധിച്ചു കാളിദാസനു ചില അഭിപ്രായങ്ങളുണ്ട്. അതെല്ലാം തന്റെ കൃതികളിൽ അങ്ങിങ്ങായി പ്രസ്താവിക്കുന്നുമുണ്ട്. ഒന്നാമതു്, വിദ്യാഭ്യാസം ബാല്യത്തിൽ കഴിയണമെന്നുള്ളതാണ്. ശൈശവേഭ്യസ്തവിദ്യാനാം എന്നതിൽ സൂചിപ്പിച്ചതതാണ്. വിദ്യാഭ്യാസം എന്ന വാക്കുകൊണ്ടു വിദ്യകളുടെ അധ്യയനം എന്നല്ല കാളിദാസൻ വിവക്ഷിക്കുന്ന അർത്ഥം. അഭ്യാസം എന്ന വാക്കിന് ആവർത്തിച്ചാവർത്തിച്ചുച്ചരിക്കൽ എന്നാണർത്ഥം. വിദ്യകളെല്ലാം ശബ്ദരൂപങ്ങളാണ്. അവ ഉരുവിട്ടുറപ്പിക്കുക എന്നതു ബാല്യകാലത്തിൽ കഴിയണം. യൌവനാദിദശകളിൽ ധാരണാശക്തി വളരെ കുറയും. അതിനാൽ വേദശാസ്ത്രാദിവിദ്യകളെല്ലാം ബാല്യത്തിൽ ഉരുവിട്ടുരുവിട്ടു മുഖസ്ഥമാക്കണം. എങ്കിലേ അവ ഏതു കാലത്തും ഒരുപോലെ ഉപയോഗപ്പെടുകയുള്ളു.

വിദ്യാർത്ഥികൾ പഠിച്ച വിദ്യകൾ പുലരാൻകാലത്തു് ഉറക്കെച്ചൊല്ലി ഉരുക്കഴിക്കണമെന്നാണ് കാളിദാസന്റെ അഭിപ്രായം. രഘുവംശം ഒന്നാം സർഗ്ഗത്തിലെ അവസാനശ്ലോകത്തിൽ അതിന്റെ സൂചനയുണ്ട്.

> നിർദ്ദിഷ്ടാം കുലപതിനാ സ പർണ്ണശാലാ-
> മദ്ധ്യാസ്യ പ്രയതപരിഗ്രഹദ്വിതീയഃ
> തച്ഛിഷ്യാധ്യയനനിവേദിതാവസാനാം
> സംവിഷ്ടഃ കുശശയനേ നിശാം നിനായ. (രഘു–1/59)

വസിഷ്ഠാശ്രമത്തിൽ രാത്രിയുടെ അവസാനം അറിയിച്ചിരുന്നതു് വസിഷ്ഠശിഷ്യന്മാരുടെ വിദ്യാധ്യയനമായിരുന്നുവത്രേ.

ബ്രാഹ്മണരുടെ ഇടയിൽ ഗുരുകുലവിദ്യാഭ്യാസമാണ് നടന്നിരുന്നതെന്നും ഒരേ ഗുരുതന്നെ നാലു വേദങ്ങളും ആറു വേദാംഗങ്ങളും നാലു ഉപാംഗങ്ങളുംകൂടി പതിന്നാലു വിദ്യകളും പഠിപ്പിക്കാൻ സമർത്ഥന്മാരായിരുന്നുവെന്നും വിദ്യാഭ്യാസം കഴിഞ്ഞാൽ ഗുരുവിന്റെ അഭീഷ്ടമനുസരിച്ചു ദക്ഷിണ നൽകിയിരുന്നുവെന്നും രഘുവംശത്തിൽ വ്യക്തമാക്കീട്ടുണ്ട്. രഘുവംശം അഞ്ചാംസർഗ്ഗത്തിൽ കൌത്സൻ പതിനാലു വിദ്യകളും ഒരേ വരതന്തുമഹർഷിയിൽനിന്നു പഠിച്ചതായി പ്രസ്താവിച്ചിട്ടുണ്ട്. ഗുരു പതിന്നാലുകോടിപ്പണം ഗുരുദക്ഷിണയായി ആവശ്യപ്പെട്ടുവെന്നും രഘുവിന്റെ വീര്യാതിശയത്താൽ സമാർജ്ജിച്ച അളവററ ധനം അദ്ദേഹത്തിൽനിന്നു വാങ്ങി വരതന്തു

വിനു ദക്ഷിണ കൊടുക്കാൻ കൊണ്ടുപോയെന്നും രഘുവംശത്തിൽ പറയുന്നുണ്ടല്ലോ.

രാജകുമാരന്മാരെ പഠിപ്പിക്കുവാൻ അതാതു വിഷയത്തിൽ പ്രത്യേകം നൈപുണ്യമുള്ള ഗുരുക്കന്മാരെ നിയമിച്ചിരുന്നുവെന്നു രഘുവിന്റെ വിദ്യാഭ്യാസം വർണ്ണിക്കുമ്പോൾ വ്യക്തമാക്കീട്ടുണ്ട്. ആദ്യം എഴുത്തും വായനയും പഠിക്കുക, പിന്നെ ഉപനയനം കഴിഞ്ഞു വേദാദിവിദ്യകൾ പഠിക്കുക, ഒടുവിൽ ആയുധവിദ്യ പഠിക്കുക ഇതായിരുന്നു വിദ്യാഭ്യാസക്രമം. ബ്രാഹ്മണൻ പതിന്നാലു വിദ്യകൾ പഠിക്കുമ്പോൾ ക്ഷത്രിയർ നാലു വിദ്യകളാണ് പഠിച്ചിരുന്നതു്. ആന്വീക്ഷികി, ത്രയി, വാർത്ത, ദണ്ഡനീതി, എന്നിവയത്രേ നാലു വിദ്യകൾ. സ വൃത്തചൂഡശ്ചലകാകപക്ഷകൈഃ (രഘു–2/28) എന്നതു മുതൽ നാലു ശ്ലോകങ്ങളിൽ സൂചിപ്പിച്ച കാര്യങ്ങളാണിവ. രഘുവിന്റെ വിദ്യാഭ്യാസത്തിലൂടെത്തന്നെയാണ് ഇക്കാര്യങ്ങളെല്ലാം സൂചിപ്പിച്ചതു്.

സ്ത്രീവിദ്യാഭ്യാസത്തിലും ദത്തശ്രദ്ധനായിരുന്നു കാളിദാസൻ. കുമാരസംഭവം ഒന്നാംസർഗ്ഗത്തിൽ പാർവതിയുടെ വിദ്യാഭ്യാസം വർണ്ണിച്ചതിൽ നിന്ന് അതു വ്യക്തമാണ്. എന്നാൽ സ്ത്രീകൾ ഏതെല്ലാം വിദ്യകളാണ് പഠിച്ചിരുന്നതെന്നു വ്യക്തമല്ല. അക്ഷരവിദ്യയും ഇതിഹാസപുരാണാദികളും ചിത്രകലയും നാട്യനൃത്തഗീതാദികലകളും സ്ത്രീകൾ പഠിച്ചിരുന്നുവെന്നു ശകുന്തള പ്രിയംവദ അനസൂയ മാളവിക മുതലായവരിലൂടെ കാളിദാസൻ വെളിപ്പെടുത്തീട്ടുണ്ട്. സ്ത്രീ പുമാനിത്യനാസ്ഥൈഷാ വൃത്തം ഹി മഹിതം സതാം. (കുമാ–6/12) എന്നാണ് കാളിദാസന്റെ മതം. സ്ത്രീയോ പുരുഷനോ എന്നല്ല നോക്കേണ്ടതു്, അവരുടെ പ്രവൃത്തി നല്ലതാണോ എന്നാണ് എന്നു തുറന്നു പറഞ്ഞ് മഹാകവി തന്റെ ഹൃദയവിശാലത വ്യക്തമാക്കിയിരിക്കുന്നു.

നല്ല അധ്യാപകന്മാർ എങ്ങനെയുള്ളവരായിരിക്കണമെന്നും കാളിദാസൻ വിശദമായി പ്രസ്താവിച്ചിട്ടുണ്ട്. ചിലർക്കു നല്ല അറിവുണ്ടാവും, പക്ഷെ പഠിപ്പിക്കുവാൻ കഴിവു കുറവായിരിക്കും. മറ്റു ചിലർക്കു പഠിപ്പിക്കുവാൻ നല്ല സാമർത്ഥ്യമുണ്ടായിരിക്കും, എന്നാൽ അറിവു തീരെ കുറവായിരിക്കും. ശരിയായ പാണ്ഡിത്യവും ഉപദേശസാമർത്ഥ്യവും–രണ്ടും–തികഞ്ഞവരെ വേണം അധ്യാപകനായി നിയമിക്കാനെന്നു കാളിദാസൻ സ്പഷ്ടമായി പറഞ്ഞിരിക്കുന്നു, മാളവികാഗ്നിമിത്രത്തിൽ. നോക്കുക—

ശ്ലിഷ്ടാ ക്രിയാ കസ്യചിദാത്മസംസ്ഥാ
സംക്രാന്തിരന്യസ്യ വിശേഷയുക്താ
യസ്യോഭയം സാധു സ ശിക്ഷകാണാം
ധുരി പ്രതിഷ്ഠാപയിതവ്യ ഏവ. (മാളവികാ–1/16)

വിദ്യാഭ്യാസത്തിന്റെ പ്രയോജനം അറിവുമാത്രമല്ല, വിനയവും കൂടിയാണെന്നും മഹാകവി ഒരു ഉപമയിലൂടെ തെളിയിച്ചിട്ടുണ്ട്. നല്ലപോ

ലെ പഠിച്ച വിദ്യയിൽനിന്നു ഒരേ സമയത്തു പ്രബോധം വിനയം എന്നു രണ്ടു ഫലമുണ്ടാവുന്നതുപോലെ സുമിത്രയിൽനിന്നു ലക്ഷ്മണൻ ശത്രുഘ്നൻ എന്നു രണ്ടു പുത്രന്മാർ ഇരട്ടപെററുണ്ടായെന്നാണു് കാളിദാസവചനം.

സുതൌ ലക്ഷ്മണശത്രുഘ്നൌ സുമിത്രാ സുഷുവേ യമൌ
സമ്യഗാരാധിതാ വിദ്യാ പ്രബോധവിനയാവിവ.
(രഘു–10/71)

ഇങ്ങനെ കാളിദാസന്റെ വിശ്വാസങ്ങളും ആദർശങ്ങളും എണ്ണിയെണ്ണിപ്പറയുവാൻ തുടങ്ങിയാൽ അവസാനിക്കുകയില്ല. ധനം സമ്പാദിക്കുന്നതു് ദാനത്തിനാകണം. വാക്കിൽ അസത്യം വന്നുപെടാതിരിക്കാൻ വേണ്ടി മിതമായി ഒതുക്കി സംസാരിക്കണം. ശത്രുക്കളെ ജയിക്കുന്നതു് ശത്രുക്കളുടെ നാടും സമ്പത്തുകളും കയ്യടക്കാനാവരുതു്, യശസ്സിനുവേണ്ടിയാവണം, വിവാഹം ചെയ്യുന്നതു കാമസുഖോപഭോഗത്തിനാവരുതു്, സന്താനലബ്ധിക്കുവേണ്ടിയാവണം എന്നു തുടങ്ങി പല ആദർശങ്ങളും സോദാഹരണം കാളിദാസൻ സ്വകൃതികളിൽ വ്യക്തമാക്കീട്ടുണ്ടു്. ആർഷഭാരതത്തിൽ പണ്ടുണ്ടായിരുന്ന വിശ്വാസങ്ങളും ആദർശങ്ങളുമെല്ലാം വളരെ സൂക്ഷ്മഗ്രാഹിതയോടുകൂടി കാളിദാസൻ സ്വീകരിച്ചിട്ടുണ്ടെന്നു ചുരുക്കത്തിൽ പറയാവുന്നതാണു്.

ഭാസനും കാളിദാസനും

മഹാകവി കാളിദാസനു നാടകനിർമ്മാണത്തിൽ മാർഗ്ഗദർശനം നൽകിയിട്ടുള്ളതു ഭാസസൌമില്ലകകവിപുത്രാദികളാണു്. അദ്ദേഹത്തിന്റെ മാളവികാഗ്നിമിത്രത്തിലെ പ്രഥിതയശസാം ഭാസസൌമില്ലകകവിപുത്രാദീനാം പ്രബന്ധാനതിക്രമ്യ വർത്തമാനകവേഃ കാളിദാസസ്യ ക്രിയായാം കഥം ബഹുമാനഃ എന്ന പ്രസ്താവനാഭാഗം അക്കാര്യം വ്യക്തമാക്കുന്നുണ്ടു്. എന്നാൽ സൌമില്ലകന്റെയോ, കവിപുത്രന്റെയോ യാതൊരു കൃതികളും ഇന്നു ലഭ്യമല്ല. കേരളമൊഴികെ മററു പ്രദേശങ്ങളെ സംബന്ധിച്ചേടത്തോളം ഭാസകൃതികളുടെ സ്ഥിതിയും അതുതന്നെയായിരുന്നു. ഭാസന്റെ പതിമൂന്നു ദൃശ്യകൃതികൾ കേരളീയർ നശിച്ചുപോകാതെ സംരക്ഷിച്ചിട്ടുണ്ടു്. 1910–ൽ മഹാമഹോപാദ്ധ്യായൻ ടി. ഗണപതി ശാസ്ത്രിയാണു് കേരളത്തിൽനിന്നു അവ കണ്ടെടുത്തു് പ്രസിദ്ധപ്പെടുത്തിയതു്. മാത്രമല്ല, അവയിൽ പലതും കേരളക്ഷേത്രങ്ങളിലെ കൂത്തമ്പലങ്ങളിൽ ചാക്യാന്മാർ പരമ്പരയായി അഭിനയിച്ചുവന്നിരുന്നുവെന്നും പ്രതിജ്ഞായൌഗന്ധരായണത്തിലെ മന്ത്രാങ്കവും, അഭിഷേകനാടകത്തിലെ ബാലിവധാങ്കം തോരണയുദ്ധാങ്കം എന്ന രണ്ടു അങ്കങ്ങളും ഇപ്പോഴും പണ്ടത്തെ രീതിയിൽ അഭിനയിച്ചുവരുന്നുണ്ടെന്നും പ്രത്യേകം എടുത്തു പറയേണ്ടതുമാണു്.

ഭാസന്റെ സ്വപ്നവാസവദത്തം മാളവികാഗ്നിമിത്രനിർമ്മാണത്തിൽ കാളിദാസന്നു് വേണ്ടത്ര പ്രചോദനം നൽകിയിട്ടുണ്ടെന്നു രണ്ടും താരതമ്യപ്പെടുത്തി നോക്കിയാൽ കാണാം. സ്വപ്നവാസവദത്തതത്തിൽ നായികയായ വാസവദത്ത പ്രതിനായികയായ പത്മാവതിയുടെ അടുക്കൽ താനാരെന്നു വ്യക്തമാക്കാതെ അജ്ഞാതവാസം ചെയ്യുകയും ആ പ്രതിനായികയെ—പത്മാവതിയെ–നായകൻ വിവാഹം ചെയ്യുന്നതിൽ സഹകരിക്കുകയും ചെയ്യുമ്പോൾ മാളവികാഗ്നിമിത്രത്തിൽ നായികയായ മാളവിക പ്രതിനായികയായ ധാരണിയുടെ കീഴിൽ നൃത്തഗീതാദികൾ പഠിച്ചുകൊണ്ടു ഒരു കൊല്ലം അജ്ഞാതവാസം ചെയ്യുകയും പ്രതിനായികയായ ധാരണി നായികയായ മാളവികയെ നായകനെക്കൊണ്ടു വിവാഹം ചെയ്യിക്കുവാൻ തയ്യാറാവുകയും ചെയ്യുന്നു. പ്രഥമപത്നി നായകന്റെ രണ്ടാംവിവാഹത്തിനു സഹകരിക്കുക എന്നതു രണ്ടിലുമുണ്ടു്. ഭാസനാടകത്തിൽ പ്രഥമപത്നിയായ വാസവദത്ത രാജകുമാരിയായ പത്മാവതിയുടെ അടുക്കലാണു് അജ്ഞാതവാസം ചെയ്യുന്നതെങ്കിൽ കാളിദാസനാടകത്തിൽ രാജകുമാരിയായ മാളവിക പ്രഥമപത്നിയായ ധാരിണിയുടെ അടുക്കൽ അജ്ഞാതവാസം ചെയ്യുകയാണു്. മഹാഭാരതത്തിൽ പാണ്ഡവന്മാരെന്നപോലെ രണ്ടിലും ഓരോ കൊല്ലത്തെ അജ്ഞാതവാസമാണനുഭവിക്കുന്നതും. സ്വപ്നവാസവദത്തത്തിൽ കർമ്മസചിവനായ യൌഗന്ധരായണന്റെ ബുദ്ധികൌശലംകൊണ്ടാണു് രണ്ടാംവിവാഹം നടക്കുന്നതെങ്കിൽ മാളവികാഗ്നിമിത്രത്തിൽ നർമ്മസചിവനായ ഗൌതമന്റെ ബുദ്ധികൌശലംകൊണ്ടാണു് അതു നടക്കുന്നതു്. ഇങ്ങനെ പരിശോധിച്ചാൽ ഇതിവൃത്തഗുംഭനത്തിൽ കാളിദാസനു മാർഗ്ഗദർശനം ചെയ്തതു ഭാസനാണെന്നു കാണാവുന്നതാണു്. ഉന്മാദം രംഗത്തിലവതരിപ്പിച്ചിട്ടുള്ള രണ്ടു നാടകങ്ങളാണു് സംസ്കൃതസാഹിത്യത്തിൽ പ്രസിദ്ധങ്ങളായിട്ടുള്ളതു്. ഒന്നു് ഭാസന്റെ പ്രതിജ്ഞായൌഗന്ധരായണത്തിൽ യൌഗന്ധരായണൻ ഉദ്ദിഷ്ടകാര്യസിദ്ധിക്കുവേണ്ടി മനഃപൂർവ്വം ഉന്മാദം നടിക്കുകയാണു്. വിക്രമോർവ്വശീയത്തിൽ പുരൂരവസ്സിനെ ഉർവ്വശീവിരഹം ശരിയായ ഉന്മാദിയാക്കിത്തീർക്കുന്നു. രണ്ടിലും ഉന്മാദമുണ്ടു്. ഒന്നിൽ ഉന്മാദനാട്യം, മറേറതിൽ ശരിയായ ഉന്മാദം. തന്റെ ലോകോത്തരമായ നാടകത്തിനു അഭിജ്ഞാനശാകുന്തളം എന്ന പേരിടാൻ മഹാകവി കാളിദാസനെ പ്രേരിപ്പിച്ചതു ഭാസന്റെ ഉത്തമകൃതിയുടെ സംജ്ഞയായ സ്വപ്നവാസവദത്തമല്ലേ? ഇതുപോലെ നോക്കിയാൽ ഇതിവൃത്തഘടനയിലും പാത്രസ്വഭാവരൂപീകരണത്തിലും മററും ഭാസന്റെ പ്രഭാവം വേണ്ടുവോളം കാളിദാസനിൽ പതിഞ്ഞിട്ടുണ്ടെന്നു കാണാം.

വാക്യരചനയിലും പലദിക്കിലും കാളിദാസൻ ഭാസനെ അനുകരിച്ചതായി കാണാം. **യസ്യാം ന പ്രിയമണ്ഡനാപി മഹിഷീ ദേവസ്യ മണ്ഡോദരീ സ്നേഹാല്ലുമ്പതി പല്ലവാൻ** എന്നു തോരണയുദ്ധാങ്കത്തിൽ ഭാസൻ; **നാദത്തേ പ്രിയമണ്ഡനാപി ഭവതാം സ്നേഹേന യാ പല്ലവം** എന്നു ശകുന്തളം നാലാമങ്കത്തിൽ കാളിദാസൻ. ഭാസന്റെ

പ്രിയമണ്ഡനാ അപി പല്ലവാൻ ന ലുമ്പതി എന്നതു ചെറിയ ഭേദത്തോടുകൂടി കാളിദാസൻ പ്രിയമണ്ഡനാ അപി പല്ലവം ന ആദത്തേ എന്നാക്കിയിരിക്കുന്നു. രാവണന്റെ പട്ടമഹിഷിയായ മണ്ഡോദരി അലങ്കാരപ്രിയയാണെങ്കിലും സ്നേഹത്താൽ അശോകവനികയിൽനിന്നു തളിരുകൾ പറിക്കാറില്ല എന്നു ഭാസവാക്യത്തിനും അലങ്കാരപ്രിയയാണെങ്കിലും ശകുന്തള സ്നേഹത്താൽ തപോവനവൃക്ഷങ്ങളിലെ ഒരൊററ തളിർ കൈക്കൊള്ളാറില്ല എന്നു കാളിദാസവാക്യത്തിനും അർത്ഥം. ഇതുപോലെ സർവ്വമലങ്കാരോ ഭവതി സുരൂപാണാം (സുന്ദരാകൃതികൾക്കു എല്ലാം അലങ്കാരമാവും) എന്നു ഭാസൻ; കിമിവ ഹി മധുരാണാം മണ്ഡനം നാകൃതീനാം (മധുരാകൃതികൾക്കു എന്തൊന്നലങ്കാരവുമാകയില്ല) എന്നു കാളിദാസൻ. വാചാനുവൃത്തിഃ ഖലു അതിഥിസൽക്കാരഃ (വാക്കുകൊണ്ടനുസരിക്കുന്നതുതന്നെയാണ് അതിഥിസൽക്കാരം) എന്നു ഭാസൻ; ഭവതീനാം സൂനൃതയൈവ ഗിരാ കൃതമാതിഥ്യം (നിങ്ങളുടെ പ്രിയവചനംതന്നെ ആതിഥ്യം ചെയ്തിരിക്കുന്നു) എന്നു കാളിദാസൻ. അല്പം തുല്യശീലാനി ദ്വന്ദ്വാനി സൃജ്യന്തേ. (തുല്യസ്വഭാവമുള്ള ദമ്പതികളെ ചുരുക്കമായേ സൃഷ്ടിക്കാറുള്ളൂ) എന്നു ഭാസൻ; സമാനയംസ്തുല്യഗുണം വധൂവരം ചിരസ്യ വാച്യം ന ഗതഃ പ്രജാപതിഃ (തുല്യസ്വഭാവമുള്ള വധൂവരന്മാരെ യോജിപ്പിച്ചിട്ടു വളരെക്കാലത്തിനുശേഷം ഇപ്പോഴാണ് സൃഷ്ടികർത്താവ് അപവാദത്തിൽനിന്നു മുക്തനായതു്) എന്നു കാളിദാസൻ. ഇവിടെക്കൊടുത്ത ഭാസന്റെ ഉദാഹരണങ്ങൾ മൂന്നും പ്രതിമാനാടകത്തിൽനിന്നും കാളിദാസന്റെ ഉദാഹരണങ്ങൾ ശാകുന്തളത്തിൽനിന്നുമാണ്. ചക്രാരപങ്ക്തിരിവ ഗച്ഛതി ഭാഗ്യപങ്ക്തിഃ (സ്വപ്ന—1/4) (ചക്രത്തിലെ അഴികളെപ്പോലെയാണ് ഭാഗ്യങ്ങളുടെ ഗതി) എന്നു സ്വപ്നവാസവദത്തത്തിൽ ഭാസൻ; നീചൈർഗച്ഛത്യുപരി ച ദശാ ചക്രനേമിക്രമേണ (മേഘ—2/49) (അവസ്ഥ ചക്രത്തിന്റെ പുറമ്പോളപോലെ താണും ഉയർന്നും പോകുന്നു) എന്നു മേഘസന്ദേശത്തിൽ കാളിദാസൻ. ഇങ്ങനെ പരിശോധിക്കുന്നപക്ഷം ഭാസനെ പല നിലയിലും കാളിദാസൻ അനുകരിക്കുകയും പരിഷ്കരിക്കുകയും ചെയ്തിട്ടുണ്ടെന്നു കാണാം.

ഭാസനാടകങ്ങളിൽനിന്നു കാളിദാസനാടകങ്ങൾക്കു ഒരു വ്യത്യാസം എടുത്തുപറയത്തക്കതൊണ്ട്. ഭാസാപേക്ഷയാ കാളിദാസൻ കലാകുതുകിയാണ്. നൃത്തം, ഗീതം, ചിത്രം എന്നീ കലകൾക്കു കാളിദാസൻ തന്റെ കൃതികളിൽ പ്രമുഖസ്ഥാനം നൽകിയിരിക്കുന്നു. മാളവികാഗ്നിമിത്രത്തിൽ മാളവികയെക്കൊണ്ടു നൃത്തഗീതാഭിനയങ്ങൾ അവതരിപ്പിക്കുന്നുണ്ട്. വിക്രമോർവ്വശീയത്തിൽ ഉർവ്വശീവിരഹത്താൽ ഉന്മാദാവസ്ഥയിലെത്തിയ പുരൂരവസ്സു പലതരം നൃത്തങ്ങളും ഗീതങ്ങളും ആവിഷ്കരിക്കുന്നുണ്ട്. ശാകുന്തളത്തിൽ ആദ്യം നടിയെക്കൊണ്ടും അഞ്ചാമങ്കത്തിന്റെ ആരംഭത്തിൽ ഹംസപദികയെക്കൊണ്ടും ഗാനാലാപം ചെയ്യി

ക്കുന്നു. ചിത്രകലയിലും കാളിദാസനു അഭിനിവേശമുണ്ടെന്നു് അദ്ദേഹത്തിന്റെ നാടകങ്ങളും കാവ്യങ്ങളും വ്യക്തമാക്കുന്നുണ്ടു്. ഭാസകൃതികളിൽ ഇതൊന്നും കാര്യമായി കാണുന്നേ ഇല്ല. ഭാസകൃതികൾക്കു സാഹിത്യകൃതികൾ എന്ന നിലയ്ക്കു വലിയ മേന്മ കാണുകയില്ല. രംഗപുഷ്ടിയുണ്ടാക്കിത്തീർക്കുന്ന ഒന്നാന്തരം നാട്യകൃതികളാണു് അവ. കാളിദാസകൃതികളാകട്ടെ, സാഹിത്യകൃതികൾ എന്ന നിലയ്ക്കും ശോഭിക്കുന്നവയാണു്. ശാകുന്തളാദിനാടകങ്ങൾ ശ്രവ്യകാവ്യങ്ങളുടെ നിലയിലും സഹൃദയന്മാരെ രസിപ്പിക്കുന്നു.

കാളിദാസനും അനന്തരകവികളും

കവികുലഗുരുവാണു് കാളിദാസൻ. കാളിദാസനു ശേഷമുണ്ടായിട്ടുള്ള എല്ലാ കവികളും കാളിദാസനെ ഉത്തമമാതൃകയാക്കിവെച്ചു് ആ മഹാകവിയെ അനുകരിക്കാൻ ശ്രമിച്ചിട്ടുള്ളവരാണു്. കാളിദാസനെപ്പോലെ സർവ്വസമ്മതനായ ഒരു കവി വേറെയുണ്ടോ എന്നു സംശയമാണു്. ഭവഭൂതി, മാഘൻ, ഭാരവി, ശ്രീഹർഷൻ മുതലായ കവികളുടെ കാവ്യങ്ങളിൽ അഭിപ്രായഭേദമുള്ളവരെ പലരേയും കാണാം. എന്നാൽ എല്ലാവർക്കും കാളിദാസനെ ഇഷ്ടമാണു്. ആ മഹാകവിയെ അനുകരിക്കാനാണു് അനന്തരകാലകവികളെല്ലാം ആഗ്രഹിച്ചിട്ടുള്ളതു്.

കാളിദാസൻ ഹിമാലയവർണ്ണനംകൊണ്ടു കുമാരസംഭവമാരംഭിച്ചു. അതിനെ അനുകരിച്ചു സുകുമാരകവി മഹാമേരുവർണ്ണനംകൊണ്ടു ശ്രീകൃഷ്ണവിലാസം ആരംഭിച്ചു. കാളിദാസൻ ദിലീപമഹാരാജാവിനെ വർണ്ണിച്ചുകൊണ്ടു രഘുവംശം തുടങ്ങിയതുപോലെ നളനെ വർണ്ണിച്ചുകൊണ്ടു ശ്രീഹർഷൻ നൈഷധകാവ്യം തുടങ്ങുന്നു. കുമാരസംഭവത്തിലുള്ള പാർവ്വതിയുടെ പാദാദികേശവർണ്ണനത്തിന്റെ അനുകരണമാണു് നൈഷധത്തിലുള്ള ദമയന്തിയുടെ കേശാദിപാദവർണ്ണനം. രഘുവംശത്തിലെ ഇന്ദുമതീസ്വയംവരവർണ്ണനത്തിനും നൈഷധത്തിലെ ദമയന്തീസ്വയംവരവർണ്ണനത്തിനും സാമ്യമുണ്ടു്. ഹർഷദേവന്റെ രത്നാവലീനാടികയിൽ മാളവികാഗ്നിമിത്രം വളരെയേറെ സ്വാധീനശക്തി ചെലുത്തിയിട്ടുണ്ടു്. രഘുവംശം പതിന്നാലാംസർഗ്ഗത്തിൽ—

തയോർയഥാപ്രാർത്ഥിതമിന്ദ്രിയാർത്ഥാ-
നാസേദുഷോഃ സത്മസു ചിത്രവത്സു
പ്രാപ്താനി ദുഃഖാന്യപി ദണ്ഡകേഷു
സഞ്ചിന്ത്യമാനാനി സുഖാന്യഭൂവൻ. (രഘു–14/25)

എന്ന ശ്ലോകത്തിലെ ആശയമാണു് ഭവഭൂതിക്കു് ഉത്തരരാമചരിതത്തിൽ ചിത്രദർശനാങ്കം എന്ന പേരുള്ള ഒന്നാമങ്കം സംവിധാനം ചെയ്യുവാൻ പ്രചോദനം നല്കിയതു്. ഇങ്ങനെ പരിശോധിച്ചു നോക്കിയാൽ സംസ്കൃതസാഹിത്യത്തിലെ അനന്തരകാലകവികളെല്ലാം പല നിലയ്ക്കും കാളിദാസനോടു വളരെയധികം കടപ്പെട്ടവരാണെന്നു കാണാം. അതുകൊണ്ടുത

ന്നെയാണ് കാളിദാസനെ കവികുലഗുരുവായി എല്ലാവരും അംഗീകരിക്കുന്നത്.

സംസ്കൃതസാഹിത്യത്തിൽ നാടകകർത്താക്കളെ പരിഗണിക്കുമ്പോൾ ഭാസനും കാളിദാസനും കഴിഞ്ഞാൽ അടുത്ത സ്ഥാനം ഭവഭൂതിക്കാണ്. കാളിദാസനും ഭവഭൂതിയും ഒരേ കാലത്തു ജീവിച്ചവരായിരുന്നുവെന്നും അവർക്കുതമ്മിൽ മത്സരമുണ്ടായിരുന്നുവെന്നും ഒരു ജനശ്രുതിയുണ്ട്. എന്നാൽ ഈ കവികളുടെ ജീവിതകാലം നോക്കുമ്പോൾ ആ അഭിപ്രായം അടിസ്ഥാനരഹിതമാണെന്നു വ്യക്തമാവുന്നതാണ്. മാത്രമല്ല, ഭവഭൂതി കാളിദാസനാടകങ്ങളെ വളരെ നിഷ്കർഷയോടുകൂടി പഠിച്ച് അവയിലെ മനോഹരങ്ങളായ പല കല്പനകളും ശബ്ദപ്രയോഗങ്ങളും മർമ്മപ്രധാനങ്ങളായ ഘടനകളും തന്റെ നാടകങ്ങളിൽ വേണ്ടുംവണ്ണം ഉപയോഗപ്പെടുത്തിയിട്ടുണ്ട്. മാലതീമാധവത്തിൽ മാലതിയുടെ മനസ്സിനെ വശീകരിക്കാൻവേണ്ടി കാമന്ദകി എന്ന സന്യാസിനി ശകുന്തളയുടെയും ഉർവ്വശിയുടെയും മററും പ്രേമകഥകൾ വിവരിച്ചുകൊടുക്കുന്നതായി പറയുന്നു. ആ കഥകൾ കാളിദാസനാടകങ്ങളിൽനിന്നാവണം ഭവഭൂതി സ്വീകരിച്ചത്. അതേ നാടകത്തിൽ ഒമ്പതാമങ്കത്തിൽ മാലതി പെട്ടെന്ന് അന്തർദ്ധാനം ചെയ്യുമ്പോൾ മാധവൻ ഉന്മാദാവസ്ഥയിലെത്തുകയും തന്റെ പ്രിയതമയുടെ അടുക്കലേയ്ക്കു സന്ദേശം കൊണ്ടുപോകുവാൻ മേഘത്തോടു പ്രാർത്ഥിക്കുകയും ആന, കാററു മുതലായവരോടു മാലതിയുടെ വർത്തമാനം ചോദിക്കുകയും ചെയ്യുന്നുണ്ട്. ഈ കല്പന ഭവഭൂതിക്കു കാളിദാസന്റെ മേഘസന്ദേശത്തിൽനിന്നും വിക്രമോർവ്വശീയനാടകത്തിൽനിന്നും കിട്ടിയതാവണം. ഉത്തരരാമചരിതത്തിന്റെ അവസാനത്തെ അങ്കത്തിൽ പല കാരണങ്ങളെക്കൊണ്ടുമാണ് കുശലവന്മാർ തന്റെ പുത്രന്മാരാണെന്നു ശ്രീരാമൻ മെല്ലെ മെല്ലെ മനസ്സിലാക്കുന്നത്. ഈ സന്ദർഭം ശാകുന്തളത്തിലെ ഏഴാമങ്കത്തിലുള്ള, ദുഷ്യന്തൻ സർവ്വദമനനെ തിരിച്ചറിയുന്ന സന്ദർഭംപോലെ കാണപ്പെടുന്നു. അതിനുംപുറമെ ഗൌരീഗുരോഃ പാവനാഃ എന്നതുപോലെ കാളിദാസന്റെ ചില ശബ്ദപ്രയോഗങ്ങൾതന്നെ ഭവഭൂതി സ്വീകരിച്ചിട്ടുണ്ട്. ഈ സാദൃശ്യങ്ങളെക്കൊണ്ടു കാളിദാസന്റെ കാവ്യനാടകങ്ങളുടെ പ്രഭാവം ഭവഭൂതിയുടെ നാടകങ്ങളിൽ എത്ര മാത്രം പതിഞ്ഞിട്ടുണ്ടെന്ന് ഊഹിക്കാൻ കഴിയുന്നതാണ്. എന്നാൽ ഭവഭൂതിയുടെ നാടകങ്ങൾ കാളിദാസനാടകങ്ങളുടെ തനിപ്പകർപ്പല്ല. ആ നാടകങ്ങളുടെ രചനയിൽ ഒരു സ്വതന്ത്രനാടകകർത്താവിന്റെ വ്യക്തിമുദ്ര കാണാം. ഇതിന്നു വിപരീതമായി ഹർഷന്റെ പ്രിയദർശിക, രത്നാവലി, രാജശേഖരന്റെ കർപ്പൂരമഞ്ജരി, ബിൽഹണന്റെ കർണ്ണസുന്ദരി എന്നീ നാടികകളിൽ മാളവികാഗ്നിമിത്രനാടകത്തിന്റെ പൂർണ്ണമായ അനുകരണംതന്നെ കാണാം. കാളിദാസന്റെ മാളവികാഗ്നിമിത്രം സംസ്കൃതസാഹിത്യത്തിൽ പ്രത്യേകതരത്തിലുള്ള ഒരു നാടകസമ്പ്രദായത്തിന് ജന്മം നല്കിയിട്ടുണ്ടെന്നുതന്നെ പറയാവുന്നതാണ്. കാളിദാസനു മുമ്പുണ്ടായിരുന്ന സ്വപ്നവാസവദത്തത്തോടും ചില ഭാഗങ്ങളിൽ ഈ

നാടികകൾക്കു സാമ്യം കാണാം. എന്നാലും അവയിൽ ഉദയനൻ, വാസവദത്ത, പത്മാവതി തുടങ്ങിയ പ്രധാനകഥാപാത്രങ്ങളെപ്പോലെ ഉദാത്തസ്വഭാവമുള്ള കഥാപാത്രങ്ങൾ ഹർഷാദികവികളുടെ കൃതികളിൽ കാണപ്പെടുന്നില്ല. മാളവികാഗ്നിമിത്രത്തിലെ അഗ്നിമിത്രൻ, ധാരിണി, ഇരാവതി, മാളവിക മുതലായ കഥാപാത്രങ്ങളെയാണ് പിന്നീടുള്ള നാടികാകർത്താക്കൾ തങ്ങളുടെ കൃതികളിൽ ചിത്രീകരിച്ചിട്ടുള്ളത്. ആ നാടികകൾ സ്വപ്നവാസവദത്തത്തെയല്ല, മാളവികാഗ്നിമിത്രത്തെയാണ് അനുസരിക്കുന്നത്. അതുകൊണ്ടു ആ കവികൾ കാളിദാസന്റെ നാടകങ്ങളെയാണ് ആദർശമാക്കി കണക്കാക്കിയിട്ടുള്ളതെന്നു തീരുമാനിക്കാവുന്നതാണ്.

ഈ നാടകങ്ങളെല്ലാം അന്തഃപുരകാര്യങ്ങളെ ആസ്പദമാക്കി നിർമ്മിച്ചിട്ടുള്ളവയാണ്. നായകൻ ഇഷ്ടംപോലെ, അന്തഃപുരത്തിൽ പാർത്തുവരുന്ന രാജകന്യകയിൽ ആസക്തനാവുക, മുൻപു വിവാഹംചെയ്ത രാജ്ഞിയുടെ കോപംനിമിത്തം ആ പ്രേമത്തിനു പ്രതിബന്ധമുണ്ടാവുക, പിന്നീടു യാദൃച്ഛികമായി ആ രാജകന്യകയുടെ പൂർവ്വകഥ വെളിപ്പെടുന്നതോടുകൂടി രാജാവ് ആ കന്യകയെ വിവാഹം ചെയ്യുക മുതലായ സംഭവങ്ങൾ ആ നാടകങ്ങളിലെല്ലാററിലും ഏതെങ്കിലും ഒരു രൂപത്തിൽ ഉള്ളതായി കാണുന്നു. നാടകത്തിന്റെ അവസാനത്തിൽ രാജാവിന്റെ സൈന്യം ശത്രുവിനെ ജയിച്ചുവെന്ന് അദ്ദേഹത്തിനറിവു കിട്ടുന്നു. എന്നാൽ ഈ വക കാര്യങ്ങൾക്കു ഭാസന്റെയും കാളിദാസന്റെയും നാടകങ്ങളിൽ കാണുന്നത്ര ദൃഢബന്ധം മററു നാടകങ്ങളിൽ കാണുന്നില്ല. ബിൽഹണനും രാജശേഖരനും തങ്ങൾ ചെന്നാശ്രയിച്ചിട്ടുള്ള രാജാവിനെത്തന്നെയാണ് നാടകങ്ങളിൽ നായകനാക്കിയിട്ടുള്ളതെന്നു തോന്നിപ്പോകും. ആ രാജാവിന്റെ കല്പനയനുസരിച്ചാണ് അദ്ദേഹത്തിന്റെ ശത്രുവിജയത്തെയും വിവാഹത്തെയും അടിസ്ഥാനപ്പെടുത്തി നാടകമുണ്ടാക്കിയിട്ടുള്ളതെന്നും തോന്നുന്നു. പാത്രസ്വഭാവചിത്രീകരണത്തിലും ഭാഷാസൌന്ദര്യത്തിലും ഈ നാടകങ്ങൾ മാളവികാഗ്നിമിത്രത്തെയപേക്ഷിച്ചു വളരെത്താഴെയാണ്.

കാളിദാസൻ നാടകപ്രസ്ഥാനത്തിലെന്നപോലെ കാവ്യപ്രസ്ഥാനത്തിലും സ്വതന്ത്രമായ ഒരു സമ്പ്രദായം സ്ഥാപിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ അതിമനോഹരമായ മേഘദൂതകാവ്യം ജനങ്ങളെ അതിമാത്രം ആകർഷിച്ചു. അതിന്റെ ഫലമായി കവികൾ അതിനെത്തന്നെ അനുകരിക്കാൻ തുടങ്ങി. ഏതാനും ശതാബ്ദങ്ങൾക്കുള്ളിൽ വായുദൂതം, ഭ്രമരദൂതം, ഹാരീതദൂതം, ചക്രവാകദൂതം മുതലായി അനേകം സന്ദേശകാവ്യങ്ങൾ ഉണ്ടാകാനുമിടയായി. ആ കാവ്യങ്ങളൊന്നും ഇപ്പോൾ കിട്ടാനില്ല. എങ്കിലും ആറാംനൂററാണ്ടിൽ ജീവിച്ചിരുന്ന ഭാമഹൻ എന്ന കാശ്മീരദേശക്കാരനായ അലങ്കാരശാസ്ത്രകാരൻ കാവ്യാലങ്കാരത്തിൽ ഇത്തരം സന്ദേശകാവ്യങ്ങളെക്കുറിച്ചു ശക്തിയായി വിമർശിച്ചിട്ടുണ്ട്. ഭാമഹന്റെകാലത്തു ആ വ

ക സന്ദേശകാവ്യങ്ങൾ നിലവിലുണ്ടായിരുന്നിരിയ്ക്കുന്നു. ഭാമഹന്റെ ആക്ഷേപത്തെ വകവെയ്ക്കാതെ അനന്തരകാലകവികളും സന്ദേശകാവ്യനിർമ്മാണം മുറയ്ക്കു തുടർന്നു. ഇപ്പോൾ ഒരൻപതു സന്ദേശകാവ്യങ്ങളെങ്കിലും കിട്ടാനുണ്ടാവും. ഇല്ലെങ്കിൽ പേരുകൊണ്ടെങ്കിലും പരിചയപ്പെടാനുണ്ടാവും. അവയിൽ പലതും ക്രിസ്തുവർഷം പതിനൊന്നാംനൂററാണ്ടിനുശേഷം ഉണ്ടായിട്ടുള്ളവയാണ്. ആ കാവ്യങ്ങളിൽ ഉദ്ധവനെപ്പോലുള്ള മനുഷ്യർ; ശുകം, കോകിലം, ചാതകം, ചക്രവാകം തുടങ്ങിയ പക്ഷികൾ; ചന്ദ്രൻ, വായു മുതലായ അചേതനപദാർത്ഥങ്ങൾ; മനസ്സ്, ഭക്തി എന്നിവയെപ്പോലുള്ള അമൂർത്തവസ്തുക്കൾ ഇവരെയെല്ലാം ദൂതന്മാരാക്കിയിട്ട് അവർവഴിക്കു നായികാനായകന്മാരിൽ ഒരാൾ മററൊരാൾക്കു സന്ദേശമയച്ചിരിക്കുന്നു. ഇവയിൽ മിക്കവയിലും വിപ്രലംഭശൃംഗാരമാണ് രസം, മന്ദാക്രാന്തയാണ് വൃത്തം. ആ കാവ്യങ്ങളിൽ പലദിക്കിലും മേഘദൂതത്തിലെ ആശയങ്ങളും, പദങ്ങളും പ്രയോഗിച്ചതായികാണുന്നു. ചില കവികളാകട്ടെ മേഘദൂതത്തിലെ ഓരോ ശ്ലോകത്തിന്റേയും നാലാംപാദം ഓരോ സമസ്യയായെടുത്ത് അവയെ പൂരിപ്പിച്ചുകൊണ്ടു കാവ്യങ്ങളുണ്ടാക്കിയിട്ടുണ്ട്. അടുത്ത കാലത്തു മേഘദൂതത്തിനു പൂർത്തിവരുത്തുന്നതായി രണ്ടു കാവ്യങ്ങളുണ്ടായിട്ടുണ്ട് എന്നുകൂടി ഈ അവസരത്തിൽ പറഞ്ഞുകൊള്ളട്ടെ. അവയിൽ മേഘപ്രതിസന്ദേശം എന്ന കാവ്യത്തിൽ യക്ഷപത്നി തന്റെ പ്രിയതമനു മേഘംവഴിക്കു പ്രതിസന്ദേശമയച്ചിരിക്കുന്നു. മേഘദൌത്യമെന്ന രണ്ടാമത്തെ കാവ്യത്തിൽ യക്ഷപത്നി കുബേരന്റെ അടുക്കലേക്കു മേഘത്തെത്തന്നെയയച്ചു അഭ്യർത്ഥന നടത്തി തന്റെ പ്രിയതമനായ യക്ഷനെ ശാപത്തിൽനിന്നു മുക്തനാക്കിയിരിക്കുന്നു.

മേഘദൂതം ജനങ്ങൾക്കേററവും ഇഷ്ടപ്പെട്ട കാവ്യമായതുകൊണ്ടാണെന്നു തോന്നുന്നു, വിഷ്ണുഭക്തന്മാരും ജൈനമതക്കാരുമായ കവികൾ തങ്ങളുടെ ധർമ്മസിദ്ധാന്തങ്ങൾ പ്രചരിപ്പിക്കുവാൻ ആ മേഘദൂതത്തെ തികച്ചും ഉപയോഗപ്പെടുത്തിയിട്ടുണ്ട്. വൈഷ്ണവകവികൾ സീതാരാമന്മാരുടേയും ഗോപീകൃഷ്ണന്മാരുടെയും പ്രേമകഥകളെടുത്തു സന്ദേശകാവ്യങ്ങളുണ്ടാക്കി. മററൊരുഭാഗത്തു ജൈനകവികളുടെ കാവ്യങ്ങളിൽ ശാന്തരസത്തിനാണ് പ്രധാന്യം കാണുന്നത്. ക്രിസ്തുവർഷം എട്ടാംനൂററാണ്ടിൽ ജിനസേനൻ എന്ന ഒരു ജൈനകവി പാർശ്വാഭ്യുദയമെന്ന കാവ്യത്തിൽ മേഘദൂതത്തിലെ ഓരോ പാദവും സമസ്യയായെടുത്തു പൂരിപ്പിച്ചിട്ടുണ്ട്. ശൃംഗാരംനിറഞ്ഞ മേഘദൂതത്തിലെ ഓരോ പാദവും തന്റെ തീർത്ഥങ്കരന്റെ ചരിത്രത്തിൽ ഉപയോഗപ്പെടുത്തുന്നതിനു കവിക്ക് ആശയങ്ങളുടെനേരെ വളരെപ്പിടിയും വലിയും വേണ്ടിവന്നിരിക്കും. എന്നാൽ അതെല്ലാം ആ കവി ഏററവും സന്തോഷത്തോടുകൂടി നിർവ്വഹിച്ചിരിക്കുന്നു. വേറെ ചില ജൈനകവികളും മേഘദൂതത്തിന്റെ വശ്യശക്തികൊണ്ടു സന്ദേശകാവ്യരൂപത്തിൽ ആചാര്യന്മാർക്കു തങ്ങളുടെ വർത്തമാനങ്ങളെക്കുറിച്ചു കത്തയച്ചിട്ടുണ്ട്.

മേഘദൂതത്തിൽ പല ദേശങ്ങളുടെയും നഗരങ്ങളുടെയും പർവ്വതങ്ങളുടെയും നദികളുടെയും മററും മനോഹരവർണ്ണനകൾ ഉള്ളതുകൊണ്ടു അതേററ

വും ഹൃദയംഗമമായിട്ടുണ്ട്. കാളിദാസൻ സ്വയം ദേശാടനം നടത്തിയും ഭിന്നഭിന്നദേശങ്ങളിലെ യാത്രക്കാരിൽനിന്നു പല കാര്യങ്ങളും മനസ്സിലാക്കിയുമാണ് അവയ്ക്കു തന്റെ കാവ്യത്തിൽ സ്ഥാനം കൊടുത്തത്. അതുകൊണ്ട് അതിനു ഭാരതരാമായണാദികളായ ഇതിഹാസങ്ങൾക്കെന്നപോലെ മഹത്ത്വം വർദ്ധിക്കുകയും ചെയ്തു. ആ മഹത്ത്വം മേഘദൂതത്തെ അനുകരിച്ചെഴുതിയ സന്ദേശകാവ്യങ്ങൾക്കു ലഭിച്ചില്ല. കാരണം, കാളിദാസന്റെ സൂക്ഷ്മദൃഷ്ടി അവയ്ക്കില്ലാതെപോയതുതന്നെ. മിക്കകവികളും പ്രാദേശികവർണ്ണനങ്ങൾ വിട്ടുകളഞ്ഞിരിക്കയാണ്. ആരെങ്കിലും പ്രാദേശികവർണ്ണനം ചെയ്തിട്ടുണ്ടെങ്കിൽ അതിനു പ്രാമാണികത്വം ഇല്ലാത്തതുകൊണ്ടു വായനക്കാരെ തെററിദ്ധരിപ്പിക്കുന്നുമുണ്ട്.

കാളിദാസന്റെ കൃതികൾക്കു വിദേശഭാഷകളിൽ വിവർത്തനങ്ങളുണ്ടാവാൻ തുടങ്ങിയതോടുകൂടി വൈദേശികകവികളിലും കാളിദാസകൃതികളുടെ സ്വാധീനശക്തി പ്രത്യക്ഷമായോ അപ്രത്യക്ഷമായോ പതിഞ്ഞുതുടങ്ങിയിട്ടുണ്ട്. ശാകുന്തളത്തിനു ജർമ്മൻഭാഷയിലുള്ള വിവർത്തനം കണ്ടിട്ടുതന്നെയാണ് പ്രസിദ്ധജർമ്മൻകവിയായ ഗേഥേക്കു തന്റെ ഫൌസ്റ്റ് എന്ന ലോകപ്രസിദ്ധനാടകത്തിന്റെ ആരംഭത്തിൽ സംസ്കൃതനാടകങ്ങളിലെന്നപോലെ പ്രസ്താവന ചേർക്കാൻ ഇടയായത്. ശീലരൻ എന്ന മറെറാരു ജർമ്മൻകവി മേഘദൂതം വായിച്ചതിനുശേഷം നിർമ്മിച്ചിട്ടുള്ള മേരിയ സ്റ്റുവാർട്ട് (Maria Stuart) എന്ന കാവ്യത്തിൽ ബന്ധനത്തിൽ കിടക്കുന്ന സ്കോട്ട്ലണ്ടിലെ രാജ്ഞിയെക്കൊണ്ടു മേഘത്തെ ദൂതനാക്കിയിട്ട് അതുവഴിക്കു തന്റെ രാജ്യത്തേക്കു സന്ദേശം അയപ്പിക്കുകയുണ്ടായി.

പ്രസിദ്ധശാസ്ത്രജ്ഞനായ കാർളയിൽ എന്ന ഗ്രന്ഥകാരൻ തന്റെ ഒരു ഗ്രന്ഥത്തിൽ ഒരിടത്തു പറയുകയുണ്ടായി—'എപ്പോഴെങ്കിലും ഷേക്സ്പിയർ, ഭാരതസാമ്രാജ്യം എന്നിവയിൽ ഏതെങ്കിലുമൊന്നിനെ തിരഞ്ഞെടുക്കേണ്ടുന്ന സന്ദർഭം വരുകയാണെങ്കിൽ ഞാൻ ഷേക്സ്പിയറെ തിരഞ്ഞെടുക്കാനാണ് ഇഷ്ടപ്പെടുക' എന്ന്. ദൈവം കാർളയിലിന്റെ അഭിപ്രായം ശരിവെച്ചു. ഇംഗ്ലീഷുകാർക്കു ഭാരതസാമ്രാജ്യം വിട്ടുപോകേണ്ടിവന്നു. എന്നാൽ അവരുടെ ഷേക്സ്പിയറെ അവരിൽനിന്നൊരാൾക്കും വേർപെടുത്താനാവില്ല. ചിന്താശീലന്മാർ തങ്ങളുടെ രാഷ്ട്രത്തിലെ ഗ്രന്ഥകാരന്മാർക്ക് എത്രമാത്രം മഹത്ത്വം കല്പിച്ചുകൊടുക്കുന്നു എന്നു കാർളയിലിന്റെ അഭിപ്രായത്തിൽനിന്നു വ്യക്തമാകുന്നുണ്ട്. ഐശ്വര്യപൂർണ്ണവും ഒരേ മതം മാത്രമുള്ളതുമായ ഇംഗ്ലണ്ട് ഷേക്സ്പിയറെ എത്രമാത്രം സ്നേഹിക്കുന്നുവോ അദ്ദേഹത്തിന് എത്രമാത്രം മഹത്ത്വം നല്കുന്നുവോ അതിനേക്കാൾ നൂറിരട്ടി സ്നേഹമഹത്ത്വങ്ങൾ കാളിദാസനു നല്കേണ്ടതാണ്, അനേകം ജാതികളും മതങ്ങളുമുള്ള, പല പല ഭാഷകളെക്കൊണ്ടും ജീവിതസമ്പ്രദായങ്ങൾകൊണ്ടും വേർതിരിഞ്ഞുകിടക്കുന്ന ഭാരതം. മതവും സംസ്കാരവും ഭാഷയുമെന്നപോലെ ഉൽകൃഷ്ടഗ്രന്ഥകാരനും രാഷ്ട്രത്തിലെ ഐക്യത്തിനും അഭ്യുദയത്തിനും സഹായം നൽകുന്നു എന്നതിലേക്ക് ഉൽകൃഷ്ടമായ ഉദാഹരണം കാളിദാസനാണ്.

വടക്ക ഹിമാലയം മുതൽ തെക്ക കന്യാകുമാരിവരെയും കിഴക്ക ബംഗാൾ ഉൾക്കടൽ മുതൽ പടിഞ്ഞാറ് അറബിക്കടൽവരെയും എല്ലാ പ്രദേശങ്ങളിലുമുള്ള പണ്ഡിതന്മാർ കാളിദാസനെ തങ്ങളുടേതായിക്കരുതി അദ്ദേഹത്തിന്റെ കാലം നിർണ്ണയിക്കുന്നതിനും ജീവചരിത്രത്തിൽ വെളിച്ചം വീശുന്നതിനും അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളിൽ നിറയെ ഉള്ള ഗൂഢാർത്ഥങ്ങളെ വെളിപ്പെടുത്തുന്നതിനും സഹായം നല്കിവരുന്നുണ്ട്.

യൂറോപ്പിലെ പണ്ഡിതന്മാർക്ക് ഭാരതീയസംസ്കാരത്തെക്കുറിച്ചും സംസ്കൃതഭാഷയെക്കുറിച്ചും ആദ്യമായറിവു നല്കിയതു കാളിദാസന്റെ അഭിജ്ഞാനശാകുന്തളമാണ്. ഇപ്പോൾ ഭാരതീയർക്ക് അഭിമാനപൂർവ്വം എടുത്തുപറയാവുന്ന വസ്തുക്കളിൽ കളിദാസന്റെ കൃതികളും ഉൾപ്പെടുന്നു. ഇംഗ്ലണ്ടിലെ ഷേക്സ്പിയർക്കും ജർമ്മനിയിലെ ഗേഥേക്കും ഇററലിയിലെ ഡാണ്ടേയ്ക്കുമെന്നപോലെ ഭാരതത്തിലെ കാളിദാസനു വിശ്വകവികളുടെ കൂട്ടത്തിൽ ഏററവും മാന്യമായ സ്ഥാനം ലഭിച്ചിരിക്കുന്നു. ഈ വിധത്തിൽ അത്യുൽകൃഷ്ടനായ മഹാകവിയുടെ ഗ്രന്ഥങ്ങളെ ഏതൊരു ഭാരതീയനാണ് അഭിമാനത്തോടുകൂടി വായിക്കാതിരിക്കുക.

വിക്രമോർവ്വശീയം

ആമുഖം

സംസ്കൃതനാടകങ്ങളിൽ സൂത്രധാരപ്രധാനമായ ആദ്യത്തെ രംഗത്തിനു പ്രസ്താവനയെന്നു പേർ. മംഗളപ്രാർത്ഥന നടത്തി സദസ്സിനെ ആശീർവ്വദിക്കുക, ഏതു നാടകമാണ് അഭിനയിക്കുവാൻ പോകുന്നതെന്നും അതിന്റെ കർത്താവാരാണെന്നും സദസ്യർക്കു മുന്നറിവു നൽകുക, ആദ്യം പ്രവേശിക്കുന്ന കഥാപാത്രത്തിന്റെ സൂചന നൽകുക ഇത്രയും കാര്യങ്ങളാണ് പ്രസ്താവനയിൽ സൂത്രധാരൻ നിർവ്വഹിക്കേണ്ടതായിട്ടുള്ളതു്.

വിക്രമോർവ്വശീയത്തിലെ പ്രസ്താവനയിൽ, കാളിദാസകൃതമായ വിക്രമോർവ്വശീയമെന്ന ത്രോടകമാണ് അഭിനയിക്കാൻ പോകുന്നതെന്നു സൂത്രധാരൻ പാരിപാർശ്വികനുമായി നടത്തുന്ന സംഭാഷണത്തിൽ വ്യക്തമാകുന്നു, തുടർന്നു സൂത്രധാരൻ 'കവിയെ സ്നേഹിച്ചും കഥാപുരുഷന്റെ മേന്മയോർത്തും കാളിദാസന്റെ ഈ പുതിയ കൃതി നിങ്ങൾ ശ്രദ്ധാപൂർവ്വം കേൾക്കണേ'മെന്നു സദസ്യരോടു അഭ്യർത്ഥിക്കുന്നു, ഉർവ്വശിയെ ദേവവൈരികൾ അപഹരിക്കുകയാൽ നിലവിളിക്കുന്ന അപ്സരസ്സുകളാണ് ആദ്യം പ്രവേശിക്കുന്നതെന്നുസൂചിപ്പിക്കുകയും ചെയ്യുന്നു.

ശൃംഗാരപ്രധാനമായ ഒരു ദൃശ്യകൃതിയാണ് വിക്രമോർവ്വശീയം. ചന്ദ്രവംശരാജാവായ പുരൂരവസ്സാണ് ഇതിലെ നായകൻ. ദിവ്യസുന്ദരിയായ ഉർവ്വശി നായികയും. നായകൻ വിക്രമത്താൽ ദേവശത്രുവിൽനിന്നു രക്ഷിക്കപ്പെട്ട ഉർവ്വശിയെസ്സംബന്ധിക്കുന്ന ഇതിവൃത്തമായതുകൊണ്ടാണ് ഇതിനു വിക്രമോർവ്വശീയമെന്നു പേർ വന്നതു്. നായിക ദിവ്യയും പ്രൌഢയുമാകയാൽ ലജ്ജാദിമുഗ്ധഭാവങ്ങൾക്കൊന്നും ഇതിൽ സ്ഥാനമില്ല. പ്രതിനായികയായ പ്രഥമമഹിഷിയുടെ കോപം ഇതിൽ വലിയ മനശ്ശല്യമുണ്ടാക്കുന്നില്ലെങ്കിലും നായികയായ ഉർവ്വശിയുടെ പ്രണയകലഹം നായികയ്ക്കും നായകനും വളരെയേറെ ക്ലേശങ്ങൾ ഉളവാക്കുന്നുണ്ടു്. അവസാനം വീരപുത്രലാഭത്തോടുകൂടി സർവ്വം ശുഭമായി പര്യവസാനിക്കുകയും ചെയ്യുന്നു. നായകസമാഗമത്തിനു നായികയാണ് മുൻകയ്യെടുത്തു പ്രവർത്തിക്കുന്നതെന്നുള്ളതു് ഇതിലെ ശൃംഗാരത്തിന്റെ പ്രത്യേകതയാണ്, നായിക ദേവവേശ്യയും പ്രൌഢയുമായതാണ് അതിനു കാരണം.

ഇതിവൃത്തം

ഒന്നാമങ്കം

ഉർവ്വശി, മേനക, രംഭ, സഹജന്യ മുതലായ സുരലോകസുന്ദരിമാർ കുബേരഭവനത്തിൽപ്പോയി മടങ്ങുമ്പോൾ വഴിക്കുവെച്ചു കേശിയെന്ന അസുരൻ ഉർവ്വിശിയെയും സഖി ചിത്രലേഖയെയും ബലാൽക്കാരമായി

പിടിച്ച് ആകാശമാർഗ്ഗത്തിലൂടെ യാത്രയായി. സൂൎയ്യനെ സേവിച്ച രഥ (വിമാന) ത്തിൽ മടങ്ങിവരുന്ന ചന്ദ്രവംശരാജാവായ പുരൂരവസ്സ്, ഉൎവ്വശീസഖിമാരായ രംഭാദിദേവാംഗനമാരുടെ നിലവിളി കേട്ടു ചെന്നു് അവരുടെ സങ്കടത്തിന്റെ കാരണം മനസ്സിലാക്കി ആ അസുരാധമനെ പിൻതുടൎന്നു വായവ്യാസ്ത്രം പ്രയോഗിച്ച് ഓടിച്ച് ഉൎവ്വശീയെ തന്റെ രഥത്തിലേററി തിരച്ചു കൊണ്ടുപോന്നു. അദ്ദേഹം രംഭാദികളുടെ അടുക്കലെത്തിയപ്പോഴേക്കും ഗന്ധൎവ്വരാജാവായ ചിത്രരഥനും അവിടെ എത്തിച്ചേർന്നു. ഉൎവ്വശിയെ അസുരൻ അപഹരിച്ച വിവരം നാരദനിൽനിന്നു് മനസ്സിലാക്കിയ ദേവേന്ദ്രൻ ആ ദേവാംഗനയെ രക്ഷിക്കാൻ നിയോഗിച്ചയച്ച ഗന്ധൎവ്വസൈന്യത്തിലെ നായകനായ ചിത്രരഥൻ, അവളെ പുരൂരവസ്സ് രക്ഷിച്ച വിവരം ചാരണന്മാരിൽനിന്നു കേട്ടറിഞ്ഞു പുരൂരവസ്സിനെ തേടിവന്നതാണ്. ഉൎവ്വശിയെ ചിത്രരഥന്റെ കൂടെ ഇന്ദ്രന്റെ അടുക്കലേക്കു പറഞ്ഞയച്ചു പൂരൂരവസ്സു തന്റെ പ്രതിഷ്ഠാനനഗരത്തിലേക്കു മടങ്ങുകയും ചെയ്യുന്നു. ഇതാണ് ഒന്നാമങ്കത്തിലെ കഥ. ഉൎവ്വശിക്കും പുരൂരവസ്സിനും തമ്മിൽ ദൎശനസ്പൎശനങ്ങൾ ലഭിക്കുന്നതും അനുരാഗം അങ്കുരിക്കുന്നതും ഈ അങ്കത്തിലാണ്. തന്നെ രക്ഷിച്ച ലോകൈകവീരനിൽ അനുരക്തയായി, ഉൎവ്വശി. തന്റെ പേരിൽ ആസക്തയായ ആ സ്വൎഗ്ഗസുന്ദരിയിൽ പുരൂരവസ്സിനു അങ്ങോട്ടും പ്രേമം തോന്നി. അത്രമാത്രം.

രണ്ടാമങ്കം

പ്രവേശകം— നൎമ്മസചിവനായ–വിദൂഷകനായ–മാണവകനും പുരൂരവസ്സിന്റെ പട്ടമഹിഷിയുടെ ദാസിയായ നിപുണികയും തമ്മിലുള്ള ഒരു സംഭാഷണരംഗമാണ് രണ്ടാമങ്കത്തിന്റെ ആമുഖമായ പ്രവേശകം. അതിൽ പുരൂരവസ്സ് ഉൎവ്വശിയെക്കുറിച്ചുള്ള വിചാരത്താൽ വളരെയേറെ ഉൽക്കണ്ഠിതനായിരിക്കുന്നുവെന്നും അക്കാൎയ്യം ഒട്ടൊക്കെ അദ്ദേഹത്തിന്റെ പട്ടമഹിഷിക്കും മനസ്സിലായിത്തുടങ്ങിയിരിക്കുന്നുവെന്നും സൂചിപ്പിക്കപ്പെട്ടിരിക്കുന്നു.

അങ്കം— പുരൂരവസ്സ് കൂട്ടുകാരനായ മാണവകനോടുകൂടി ഉൎവ്വശിയെക്കുറിച്ച് എന്തെങ്കിലും പറഞ്ഞിരുന്നു വിനോദിക്കാമെന്നു കരുതി വിജനമായ പ്രമദവനത്തിൽ—അന്തഃപുരസ്ത്രീകളുടെ ഉപയോഗത്തിനുള്ള ഉദ്യാനത്തിൽ—ചെന്നുകൂടുന്നു. അപ്പോഴേയ്ക്കും ഉൎവ്വശിയും തോഴിയായ ചിത്രലേഖയോടുകൂടി പുരൂരവസ്സിനെക്കാണുവാൻ ഉൽക്കണ്ഠപൂണ്ടു് ആകാശമാൎഗ്ഗത്തിലൂടെ തിരസ്കരണിയിൽ മറഞ്ഞുകൊണ്ടു് അതേ പ്രമദവനത്തിൽ വന്നുചേരുന്നു. പുരൂരവസ്സും മാണവകനും തമ്മിൽ നടത്തുന്ന സംഭാഷണത്തിൽനിന്നു് അദ്ദേഹത്തിനു തന്നെക്കുറിച്ചുള്ള കാമതാപം എത്രമാത്രമെന്നു മറഞ്ഞുനിന്നു നേരിട്ടു മനസ്സിലാക്കുകയും തന്റെ അനുരാഗം അദ്ദേഹത്തെ മനസ്സിലാക്കാൻ ഭൂൎജ്ജപത്രത്തിൽ ഒരു കാമലേഖനം എഴുതി മുൻപിലി

ടുകയും ചെയ്യുന്നു. അതു വായിച്ചപ്പോൾ, ഉർവ്വശിക്കു ഇങ്ങോട്ടും അനുരാഗം തോന്നീട്ടുണ്ടല്ലോ എന്നോർത്തു പുരൂരവസ്സിനു തെല്ലൊരാശ്വാസം തോന്നി. ആ എഴുത്തു സൂക്ഷിക്കാൻ മാണവകൻവശം ഏല്പിക്കുകയും ചെയ്തു.

തന്നിൽ ദൃഢാനുരാഗനാണു് പുരൂരവസ്സെന്നു മനസ്സിലായപ്പോൾ ചിത്രലേഖയെ പുരസ്സരിച്ചു് ഉർവ്വശി തിരസ്കരണി മാററി പുരൂരവസ്സിന്റെ മുമ്പിൽ പ്രത്യക്ഷപ്പെട്ടു. പുരൂരവസ്സു് ഉർവ്വശിയെ സ്വീകരിച്ചിരുത്തിയപ്പോഴേക്കും ആ ദേവനടിയെ കൂട്ടിക്കൊണ്ടുപോവാൻ ദേവദൂതൻ എത്തിക്കഴിഞ്ഞു. ഇന്ദ്രസദസ്സിൽ അഷ്ടരസാഭിനയത്തിനു് ഉർവ്വശി ഉടനെ അവിടെ എത്തണമെന്നു് ആചാര്യനായ ഭരതമുനി പറഞ്ഞയച്ചതാണു്. ഉർവ്വശി വൈമനസ്യത്തോടെ പുരൂരവസ്സിനോടു വിടവാങ്ങി ദേവലോകത്തിലേക്കു പോയി. പുരൂരവസ്സു പൂർവ്വാധികം ഉൽക്കണ്ഠിതനായിത്തീരുകയും ചെയ്തു. മാണവകന്റെ കയ്യിൽ സൂക്ഷിക്കാനേല്പിച്ചിരുന്ന ഉർവ്വശിയുടെ കാമലേഖനം ഇതിനിടയിൽ കാററത്തു പറന്നുപോയിരുന്നു.

പുരൂരവസ്സും മാണവകനുംകൂടി പ്രമദവനത്തിൽ പ്രവേശിച്ചിട്ടുണ്ടെന്ന വിവരം മണത്തറിഞ്ഞു പട്ടമഹിഷി, ദാസിയായ നിപുണികയോടുകൂടി പ്രമദവനത്തിലേക്കു ചെന്നു. പോകുംവഴി ഉർവ്വശിയുടെ കാമലേഖനം കാററത്തുപറന്നുവന്നു പട്ടമഹിഷിക്കു കിട്ടി. അവർ നിശബ്ദമായി ഉദ്യാനത്തിൽ ചെന്നു മറഞ്ഞുനിന്നു ശ്രദ്ധിച്ചുനോക്കിയപ്പോൾ പുരൂരവസ്സു്, ആ എഴുത്തു കൈമോശം വന്നതിനെപ്പററി മാണവകനുമായി സംസാരിച്ചുകൊണ്ടിരിക്കുകയാണു്. ഉടനെ പട്ടമഹിഷി ആ എഴുത്തു കൊണ്ടുചെന്നു കൊടുക്കുന്നു. പുരൂരവസ്സു് എന്തു ചെയ്യണമെന്നറിയാതെ അമ്പരന്നുപോയി. പട്ടമഹിഷി കോപിച്ചു പോകാൻ പുറപ്പെട്ടു. പുരൂരവസ്സു കാക്കൽവീണു ക്ഷമാപണം ചെയ്തുവെങ്കിലും അതു വകവെക്കാതെ കടന്നുപോകയും ചെയ്തു. പുരൂരവസ്സിനു് അങ്ങനെ തൽക്കാലം അന്തഃപുരകലഹത്തിൽനിന്നു മോചനം കിട്ടി. എന്നാൽ അദ്ദേഹത്തിന്നു് ഉർവ്വശീപ്രേമത്തോടൊപ്പം മറെറാരു മനശ്ശല്യമായി പട്ടമഹിഷീകോപം. ഇതാണു് രണ്ടാമങ്കത്തിലെ കഥ.

ഉർവ്വശിക്കും പുരൂരവസ്സിനും തമ്മിൽ അങ്കുരിച്ചിരുന്ന അനുരാഗം വേരുറയ്ക്കുന്നതു് ഈ അങ്കത്തിലാണു്. ഇങ്ങോട്ടും അനുരാഗമുണ്ടെന്നറിയുമ്പോഴാണല്ലോ നായികാനായകന്മാർക്കു് അങ്ങോട്ടു തോന്നിയ അനുരാഗത്തിന്നു ശക്തി കൂടുന്നതു്. അതോടൊപ്പം പട്ടമഹിഷിയുടെ ഈർഷ്യാകോപവും ഈ അങ്കത്തിൽ മുളച്ചു വളരുന്നുണ്ടു്.

മൂന്നാമങ്കം

മിശ്രവിഷ്കംഭകം— ഭരതമുനിയുടെ രണ്ടു ശിഷ്യന്മാർ—ഗാലവനും പേലവനും—തമ്മിലുള്ള സംഭാഷണമാണു് ഈ വിഷ്കംഭകം. ദേവസദസ്സിൽ ലക്ഷ്മീസ്വയംവരം നാടകമഭിനയിക്കുമ്പോൾ ലക്ഷ്മീദേവിയുടെ വേഷം

ധരിച്ചിരുന്ന ഉൎവ്വശി പുരൂരവസ്സിൽ ദൃഢാനുരക്തയായിരുന്നതുകൊണ്ടു പുരുഷോത്തമനെന്നു പറയേണ്ടതിനുപകരം പുരൂരവസ്സെന്നു പറഞ്ഞുപോയി. അതുകേട്ടു കോപിച്ചു നാട്യാചാൎയ്യനായ ഭരതമുനി ഉൎവ്വശിയെ, 'നിനക്കു ദേവലോകത്തു സ്ഥാനമില്ലാതെപോകട്ടെ' എന്നു ശപിച്ച വിവരവും അതറിഞ്ഞ ദേവേന്ദ്രൻ, അവൾ പ്രേമിക്കുന്ന പുരൂരവസ്സിനോടുകൂടി സന്താനദൎശനംവരെ സുഖിച്ചുകൊള്ളുവാൻ അനുഗ്രഹിച്ച കാര്യവും അതിൽ സൂചിപ്പിച്ചിരിക്കുന്നു.

അങ്കം– പ്രിയതമന്റെ ക്ഷമാപണം വകവെക്കാതെ കടന്നുപോന്നതിൽ പശ്ചാത്താപംപൂണ്ട പട്ടമഹിഷിയാൽ, തന്റെ ഒരു വ്രതസമാപനത്തിൽ പങ്കുകൊള്ളാൻ പൂനിലാവുള്ള അന്നു രാത്രി നിലാമുററത്തു വന്നുചേരണമെന്നു നിപുണിക മുഖേന ക്ഷണിക്കപ്പെട്ട പുരൂരവസ്സു് മാണവകനോടൊപ്പം മുൻകൂട്ടിത്തന്നെ അവിടെ എത്തിച്ചേരുന്നു. അതേ സമയത്തു അഭിസാരികാവേഷത്തിൽ ഉൎവ്വശിയും ചിത്രലേഖയോടുകൂടി തിരസ്കരണിയിൽ മറഞ്ഞുകൊണ്ടു് അവിടെ വന്നുചേർന്നു. പുരൂരവസ്സും മാണവകനും തമ്മിൽ തന്നെക്കുറിച്ചു പറയുന്ന വിസ്രംഭസംഭാഷണം ഉൎവ്വശി കേട്ടുകൊണ്ടിരിക്കെ പട്ടമഹിഷിയും അവിടെ വന്നുചേർന്നു. അവിടെവെച്ചു പട്ടമഹിഷി പുരൂരവസ്സിനോടു പറഞ്ഞു—''എനിക്കിന്നു പ്രിയാനുപ്രസാദനം എന്ന വ്രതമാണു്. അതിന്റെ ഈ സമാപനസന്ദർഭത്തിൽ ഞാൻ രോഹിണീചന്ദ്രന്മാരെ സാക്ഷി നിൎത്തിക്കൊണ്ടു് അവിടുത്തേക്കു വാക്കു തരുന്നു— ഇന്നുമുതൽ അവിടുന്നു് ഏതു സ്ത്രീയെ ആഗ്രഹിക്കുന്നുവോ അവിടുത്തോടു ചേരാൻ ഏതു സ്ത്രീ ആഗ്രഹിക്കുന്നുവോ ആ സ്ത്രീയുമായി ഞാൻ സന്തോഷപൂൎവ്വം പെരുമാറിക്കൊള്ളാം'' എന്നു്. ഇത്രയും പറഞ്ഞു പട്ടമഹിഷി അവിടെനിന്നു പോയി. തുടർന്നു ഉൎവ്വശി തിരസ്കരണി മാററി പുരൂരവസ്സിന്റെ മുമ്പിൽ പ്രത്യക്ഷപ്പെടുന്നു. രണ്ടുപേരും സന്തുഷ്ടന്മാരായിത്തീരുന്നു. ഇങ്ങനെ പ്രഥമപത്നിയുടെ ആനുകൂല്യത്തോടുകൂടി നായികാനായകന്മാൎക്കു സമാഗമം കൈവരുന്നതു് ഈ മൂന്നാമങ്കത്തിലാണു്. രണ്ടുപേരുടെയും അനുരാഗലത മൊട്ടിടുന്നതു് ഈ അങ്കത്തിലാണു്.

നാലാമങ്കം

പ്രവേശകം– ഉൎവ്വശിയുടെ തോഴിമാരായ സഹജന്യയും ചിത്രലേഖയും തമ്മിലുള്ള ഒരു സംഭാഷണരംഗമാണു് ഈ അങ്കത്തിലെ പ്രവേശകം. അതിൽ സൂചിപ്പിച്ചിട്ടുള്ള കഥാഭാഗം ഇതാണു്— രാജ്യഭാരം മന്ത്രിമാരെ ഏല്പിച്ചു പുരൂരവസ്സു് ഉൎവ്വശിയോടുകൂടി ഗന്ധമാദനവനത്തിലേക്കു കാമസുഖമനുഭവിക്കുവാൻ പോയി. അവിടെ ഗംഗാതീരത്തിൽ ഉദയവതിയെന്ന ഒരു വിദ്യാധരബാലിക ക്രീഡിച്ചിരിക്കുന്നതു കണ്ടു പുരൂരവസ്സു കുറെനേരം കൌതുകത്തോടെ നോക്കിനിന്നു. അപ്പോൾ ഉൎവ്വശി കോപിച്ചു പോകാൻ പുറപ്പെട്ടു. പുരൂരവസ്സു ക്ഷമാപണം ചെയ്തുവെങ്കിലും അതു വകവെയ്ക്കാതെ സ്ത്രീകൾക്കു പ്രവേശിക്കാൻ പാടില്ലാത്ത കുമാരവനത്തിൽ ഓൎക്കാതെ പ്രവേശിച്ചുപോയി. ഉടനെ ഉൎവ്വശി ഒരു

ലതയായി പരിണമിക്കുകയുംചെയ്തു. പുരൂരവസ്സ് ആ കാട്ടിലെല്ലാം ഉർവ്വശിയെ അന്വേഷിച്ചു അലഞ്ഞു നടക്കുന്നു.

അങ്കം— മഴക്കാലം വന്നപ്പോൾ ഉന്മാദംപൂണ്ട പുരൂരവസ്സിന്റെ ഉർവ്വശ്യന്വേഷണമാണ് നാലാമങ്കം മുഴുവൻ. മയിൽ, കുയിൽ, അരയന്നം, ചക്രവാകം, വണ്ട്, ആന, മല, പുഴ, മാൻ, അശോകവൃക്ഷം എന്നിവരോടെല്ലാം ഉർവ്വശിയെപ്പററി ആ കാമാർത്തൻ അന്വേഷിക്കുന്നുണ്ട്. അവസാനം ഭാഗ്യത്താൽ സംഗമനീയരത്നം കിട്ടുന്നു, ആ രത്നം ധരിച്ചുകൊണ്ട് ലതയായി നില്ക്കുന്ന ഉർവ്വശിയെ യാദൃച്ഛികമായി ആലിംഗനംചെയ്യുന്നു. പെട്ടെന്നു ലത ഉർവ്വശിയായി മാറുന്നു. അവർ രണ്ടുപേരും അതേവരെ അനുഭവിച്ച ക്ലേശങ്ങളെക്കുറിച്ച് തമ്മിൽ പറഞ്ഞറിയിക്കുന്നു. പ്രതിഷ്ഠാനനഗരത്തിലേക്ക് മടങ്ങുകയുംചെയ്യുന്നു. നായകന്റെ കാമോന്മാദം ഇത്രമാത്രം ഹൃദയംഗമമായി ചിത്രീകരിച്ചിട്ടുള്ള ഒരു നാടകം സംസ്കൃതസാഹിത്യത്തിൽ വേറെയില്ല. ഉർവ്വശീപുരൂരവസ്സുകളുടെ ദാമ്പത്യം പുഷ്പിതമാകുന്നതു് ഈ അങ്കത്തിലാണ്.

അഞ്ചാമങ്കം

പ്രവേശകം— മാണവകൻമാത്രമുള്ള ചെറിയൊരു രംഗമാണ് ഈ പ്രവേശകം. മാണവകന്റെ ആത്മഗതത്തിലൂടെ, പുരൂരവസ്സിനു സന്താനമുണ്ടായിട്ടില്ലെന്ന ഒരേ ഒരു ദുഃഖമേ ഉള്ളുവെന്നും മററെല്ലാ കാര്യത്തിലും മഹാഭാഗ്യവാനാണ് പുരൂരവസ്സെന്നും ഇതിൽ സൂചിപ്പിക്കപ്പെടുന്നു. തുടർന്നു, സംഗമനീയമണി ഒരു കഴുകൻ റാഞ്ചിക്കൊണ്ടുപോയെന്നു ആരോ വിളിച്ചുപറയുന്നതു കേട്ട മാണവകൻ പുരൂരവസ്സിന്റെ അടുക്കലേക്കു കുതിച്ചുപോവുകയും ചെയ്യുന്നു.

അങ്കം— സംഗമനീയരത്നം കഴുകൻ കൊത്തിക്കൊണ്ടുപോയതറിഞ്ഞു പുരൂരവസ്സു വില്ലു വരുത്തി അമ്പു തൊടുക്കാൻ മുതിർന്നപ്പോഴേക്കും കഴുകൻ എങ്ങോ എത്തിക്കഴിഞ്ഞു. ഉടനെ, പക്ഷികൾ രാത്രി ചേക്കേറുന്ന വൃക്ഷങ്ങളിലെല്ലാം തിരയാൻ രാജാവു കല്പന കൊടുത്തു. അപ്പോഴേക്കും കഞ്ചുകി—അന്തഃപുരഭൃത്യൻ—സംഗമനീയരത്നവും ഒരു ശരവുമായി പുരൂവരസ്സിന്റെ മുമ്പിലെത്തി. ആരോ അയച്ച ആ ശരമേററു പക്ഷി താഴെവീണുവെന്നും അങ്ങനെ രത്നം തിരിച്ചുകിട്ടിയെന്നും അറിയിക്കുകയും ചെയ്തു. ശരത്തിന്മേൽ പേരുണ്ടായിരുന്നു. പുരൂരവസ്സിനു ഉർവ്വശിയിൽ പിറന്ന ആയുസ്സിന്റെയത്രേ ആ ബാണം. തനിക്കു ഉർവ്വശിയിൽ ഒരു പുത്രൻ ജനിച്ച കാര്യം തീരെ പുരൂരവസ്സറിഞ്ഞിരുന്നില്ല. ഗർഭലക്ഷണംപോലും ഉർവ്വശിക്കു ഒരിക്കലും കണ്ടിട്ടില്ല. ഇതെങ്ങനെ സംഭവിച്ചു എന്നു വിചാരിച്ചിരിക്കുമ്പോഴേക്കും ച്യവനമഹർഷിയുടെ ആശ്രമത്തിൽനിന്ന് ആയുസ്സിനെയുംകൂട്ടി ഒരു താപസി അവിടെ എത്തിക്കഴിഞ്ഞു. ജനിച്ച ഉടനെ ഉർവ്വശി എന്തോ ഉദ്ദേശം കരുതി തന്നെ ഏല്പിച്ചുതന്ന കുമാരൻ ആയുസ്സാണ് ഇതെന്നും ജാതകർമ്മം മുതൽ ധനുർവ്വേദപരിശീലനം വരെ

വേണ്ടതെല്ലാം ച്യവനമഹർഷി ചെയ്തിട്ടുണ്ടെന്നും ഇന്നു ഋഷികുമാരകന്മാരുടെകൂടെ പൂവും ചമതയും ദർഭപ്പുല്ലും കൊണ്ടുവരാൻ പോയപ്പോൾ ഒപ്പം പോയിരുന്ന ഈ ഉണ്ണി ഒരു കഴുകന്റെനേരെ അമ്പയച്ച വിവരം അറിഞ്ഞ ഭഗവാൻ ച്യവനൻ, ഇവനെ ഉർവ്വശിക്കുതന്നെ തിരിച്ചേല്പിക്കാൻ തന്നോടു പറഞ്ഞുവെന്നും അതുകൊണ്ടു് ഉർവ്വശിയെ കണ്ടാൽക്കൊള്ളാമെന്നുണ്ടു് എന്നും താപസി പുരൂരവസ്സിനെ അറിയിച്ചു. കുമാരൻ അച്ഛനെയും മാണവകനെയും വന്ദിച്ചു. അപ്പോഴേക്കും ഉർവ്വശി വന്നു. കുമാരൻ അമ്മയെ വന്ദിച്ചു. ഉർവ്വശി പുരൂരസ്സിനോടു പറഞ്ഞു—'അന്നു ദേവേന്ദ്രൻ എന്നോടു പറഞ്ഞിട്ടുള്ളതു്, എന്നിൽ ജനിക്കുന്ന ഉണ്ണിയുടെ മുഖം എന്നാണോ അച്ഛൻ കാണുന്നതു് അന്നു നീ ഇങ്ങോട്ടു പോരണം എന്നാണു്. ഞാൻ അവിടത്തെ വേർപാടു ഭയന്നു ജനിച്ച ഉടനെ ഈ ഉണ്ണിയെ വിദ്യാഭ്യാസത്തിനുവേണ്ടി ച്യവനമഹർഷിയുടെ ആശ്രമത്തിൽ സത്യവതിയെ ഏല്പിക്കുകയാണു് ചെയ്തതു്. ഇപ്പോൾ ഉണ്ണിക്കു് അച്ഛനെ സഹായിക്കാൻ പ്രായം തികഞ്ഞുവെന്നു കരുതി ഉണ്ണിയെ എനിക്കു തിരിച്ചേല്പിക്കാൻ വന്നിരിക്കയാണു്. ഇത്രത്തോളമേ ഉള്ളു, എനിക്കു അവിടുന്നുമായി സഹവസിക്കാനുള്ള യോഗം'. ഇത്രയും പറഞ്ഞു ഉർവ്വശി കരയാൻ തുടങ്ങി. അതറിഞ്ഞപ്പോൾ പുരൂരവസ്സിനു മോഹാലസ്യം പോലുമുണ്ടായി. ബോധം തെളിഞ്ഞപ്പോൾ പുരൂരവസ്സു പുത്രനെ രാജാവാക്കി വാഴിച്ചു മരവുരി ധരിച്ചു തപോവനത്തിലേക്കു പോവാൻ നിശ്ചയിച്ചു. അപ്പോഴേക്കു ദേവേന്ദ്രസന്ദേശവുമായി നാരദൻ അവിടെ എത്തിച്ചേരുന്നു. 'ത്രികാലജ്ഞന്മാരായ മഹർഷിമാർ വലിയൊരു ദേവാസുരയുദ്ധം അടുത്തുണ്ടാവാൻ പോകുന്നുണ്ടെന്നു പ്രവചിച്ചിരിക്കുന്നു. അതിൽ അങ്ങു ഞങ്ങൾക്കു സഹായമായി ഉണ്ടാകണം. അതുകൊണ്ടു് അങ്ങു ആയുധംവെച്ചു സന്യസിക്കരുതു്. ഉർവ്വശി ജീവിതാവസാനംവരെ അങ്ങയുടെ സഹധർമ്മചാരിണിയായി ഇരുന്നുകൊള്ളട്ടെ' എന്നായിരുന്നു ദേവേന്ദ്രസന്ദേശം. രംഭാദികളായ ദേവാംഗനമാർവശം ദേവേന്ദ്രൻ കൊടുത്തയച്ച അഭിഷേകസാമഗ്രികൾകൊണ്ടു നാരദൻതന്നെ ആയുസ്സിന്റെ യൌവരാജ്യാഭിഷേകം നിർവ്വഹിച്ചു. പുരൂരവസ്സിനും സന്തോഷമായി, ഉർവ്വശിക്കും സന്തോഷമായി. ആയുസ്സിന്നും സന്തോഷമായി. അതോടുകൂടി നാടകവും അവസാനിക്കുന്നു. അങ്ങനെ ഉർവ്വശീപുരൂരവസ്സുകളുടെ പരസ്പരപ്രേമം വീരസന്താനലബ്ധികൊണ്ടു സഫലമായിത്തീരുന്നതു ഈ അങ്കത്തിലാണു്.

പാത്രപരിചയഃ

പുരുഷാഃ

സൂത്രധാരഃ	—	നാടകസ്യ പ്രയോക്താ
പാരിപാൎശ്വികഃ	—	സൂത്രധാരസ്യ സഹചരഃ
പുരൂരവാഃ	—	പ്രതിഷ്ഠാനനഗരസ്യ രാജാ, നാടകസ്യ നായകഃ
മാണവകഃ	—	വിദൂഷകഃ
ആയുഃ	—	പുരൂരവസഃ പുത്രഃ
നാരദഃ	—	ദേവൎഷിഃ
ചിത്രരഥഃ	—	ഗന്ധൎവ്വേശ്വരഃ
ലാതവ്യഃ	—	കഞ്ചുകീ, രാജഭൃത്യഃ
പല്ലവഃ ഗാലവശ്ച	—	ഭരതമുനേഃ ശിഷ്യൌ

സ്ത്രിയഃ

ഉൎവ്വശീ	—	അപ്സരാഃ, നാടകസ്യ നായികാ
ചിത്രലേഖാ	—	ഉൎവ്വശ്യാഃ സഖീ
രംഭാ, മേനകാ, സഹജന്യാ	—	അപ്സരസഃ
ദേവീ	—	രാജ്ഞീ, പ്രതിനായികാ
നിപുണികാ	—	രാജ്ഞ്യാഃ പരിചാരികാ
സത്യവതീ	—	താപസീ
പരിജനഃ	—	രാജ്ഞ്യാഃ പരിചാരികാഃ
യവനീ	—	രാജ്ഞഃ പരിചാരികാ

കഥാപാത്രങ്ങൾ

പുരുഷന്മാർ

സൂത്രധാരൻ — നാടകത്തിൻെറ അവതാരകൻ
പാരിപാർശ്വികൻ — സൂത്രധാരൻെറ കൂട്ടുകാരൻ
പുരൂരവസ്സ് — പ്രതിഷ്ഠാനനഗരത്തിലെ രാജാവ്, നാടകത്തിലെ നായകൻ
മാണവകൻ — വിദൂഷകൻ
ആയുസ്സ് — പുരൂരവസ്സിൻെറ പുത്രൻ
നാരദൻ — ദേവർഷി
ചിത്രരഥൻ — ഗന്ധർവ്വരാജാവ്
ലാതവ്യൻ — കഞ്ചുകി, രാജഭൃത്യൻ
പല്ലവനും ഗാലവനും — ഭരമുനിയുടെ ശിഷ്യന്മാർ

സ്ത്രീകൾ

ഉർവ്വശി — ദേവാംഗന, നാടകത്തിലെ നായിക
ചിത്രലേഖ — ഉർവ്വശിയുടെ സഖി
രംഭ, മേനക, സഹജന്യ — ദേവാംഗനമാർ
ദേവി — രാജ്ഞി, പ്രതിനായിക
നിപുണിക — രാജ്ഞിയുടെ ദാസി
സത്യവതി — താപസി
പരിജനങ്ങൾ — രാജ്ഞിയുടെ ദാസിമാർ
യവനി — രാജാവിൻെറ ദാസി

വിക്രമോവ്വശീയം

മൂലം

പ്രഥമോങ്കഃ

പ്രസ്താവനാ

(നാന്ദ്യന്തേ തതഃ പ്രവിശതി സൂത്രധാരഃ)

സൂത്രധാരഃ—

വേദാന്തേഷു യമാഹുരേകപുരുഷം
   വ്യാപ്യ സ്ഥിതം രോദസീ
യസ്മിന്നീശ്വര ഇത്യനന്യവിഷയഃ
   ശബ്ദോ യഥാത്ഥാക്ഷരഃ
അന്തയ്യശ്ച മുമുക്ഷുഭിന്നിയമിത-
   പ്രാണാദിഭിർമ്മൃഗ്യതേ
സ സ്ഥാണുഃ സ്ഥിരഭക്തിയോഗസുലഭോ
   നിഃശ്രേയസായാസ്തു വഃ. 1

അലമതിവിസ്തരേണ. (നേപഥ്യാഭിമുഖമവലോക്യ) മാരിഷ! ഇതസ്താവൽ.

(പ്രവിശ്യ)

പാരിപാശ്വികഃ— ഭാവ! അയമസ്മി.

സൂത്രധാരഃ— മാരിഷ! പരിഷദേഷാ പൂവ്വേഷാം കവീനാം ദൃഷ്ട-രസപ്രബന്ധാ. അഹമസ്യാം കാളിദാസഗ്രഥിതവസ്തുനാ നവേന ത്രോടകേനോപസ്ഥാസ്യേ. തദുച്യതാം പാത്രവഗ്ഗഃ, സ്വേഷു പാഠേഷ്വവഹിതൈർഭവിതവ്യമിതി.

പാരിപാശ്വികഃ— യഥാജ്ഞാപയതി ഭാവഃ. (നിഷ്ക്രാന്തഃ)

സൂത്രധാരഃ— യാവദിദാനീമായ്യമിശ്രാൻ വിജ്ഞാപയാമി— (പ്രണിപത്യ)

പ്രണയിഷു വാ ദാക്ഷിണ്യാ-
ദഥവാ സദ്വസ്തുപുരുഷബഹുമാനാൽ
ശൃണുത ജനാ അവധാനാൽ
ക്രിയാമിമാം കാളിദാസസ്യ. 2

വിക്രമോൎവ്വശീയം

ഗദ്യവിവൎത്തനം

ഒന്നാമങ്കം

പ്രസ്താവന

(നാന്ദിയുടെ അവസാനത്തിൽ സൂത്രധാരൻ പ്രവേശിക്കുന്നു)

സൂത്രധാരൻ—

ഉപനിഷത്തുകളിൽ ആരെയാണോ ഭൂമിയും ആകാശവും നിറഞ്ഞു നില്ക്കുന്ന ഏകപുരുഷനായിപ്പറയുന്നതു്, ഈശ്വരൻ എന്ന ശബ്ദം മററാരിലും ചെല്ലാതെ ആരിലാണോ അക്ഷരാൎത്ഥത്തിൽ ശരിക്കു യോജിക്കുന്നതു്, മോക്ഷകാംക്ഷികൾ പ്രാണായാമാദികൾചെയ്തു് ആരെയാണോ ഉള്ളിൽ തിരഞ്ഞുകൊണ്ടിരിക്കുന്നതു്, ഉറച്ച ഭക്തികൊണ്ടു് എളുപ്പത്തിൽ ലഭിക്കുന്ന ആ പരമശിവൻ നിങ്ങൾക്കു ശ്രേയസ്സു നൽകട്ടെ. 1

അധികം വിസ്തരിച്ചതു മതി. (അണിയറയിലേക്കു നോക്കി) * മാരിഷ! ഇവിടെ വരൂ.

(പ്രവേശിച്ചിട്ടു്)

പാരിപാൎശ്വികൻ— ഭാവ! ഞാനിതാ.

സൂത്രധാരൻ— മാരിഷ! ഈ സദസ്സു പൂൎവ്വകവികളുടെ കൃതികളിലെ രസം കണ്ടാസ്വദിച്ചിട്ടുള്ളവരാണു്. ഞാനീ സദസ്സിൽ കാളിദാസൻ ചമച്ച പുതിയ ത്രോടകം അഭിനയിക്കുവാൻ തുടങ്ങുന്നു. അതുകൊണ്ടു് എല്ലാ കഥാപാത്രങ്ങളോടും അവരവരുടെ ഭാഗങ്ങളിൽ നല്ലപോലെ മനസ്സിരുത്താൻ പറയണം.

പാരിപാൎശ്വികൻ— ഭാവന്റെ കല്പനപോലെ. (പോകുന്നു)

സൂത്രധാരൻ— ഇനിയിപ്പോൾ ഞാൻ മാന്യസദസ്യരെ അറിയിച്ചേക്കാം— (നമസ്കരിച്ചിട്ടു്)

അല്പയോ മഹാജനങ്ങളേ! നിങ്ങൾ അഭ്യൎത്ഥന ചെയ്യുന്നവരുടെ പേരിലുള്ള സ്നേഹംകൊണ്ടോ അല്ലെങ്കിൽ നല്ല കഥാനായകനെക്കുറിച്ചുള്ള ബഹുമാനംകൊണ്ടോ കാളിദാസന്റെ ഈ കൃതി മനസ്സിരുത്തി കേൾക്കുമാറാകണം. 2

---

* സൂത്രധാരൻ പാരിപാൎശ്വികനെ 'മാരിഷ!' എന്നും പാരിപാൎശ്വികൻ സൂത്രധാരനെ 'ഭാവ!' എന്നും വിളിക്കുന്നു.

(നേപഥ്യേ)

അജ്ജാ! പരിത്താഅധ പരിത്താഅധ, ജോ സുരപക്ഖവാദീ, ജസ്സ വാ അംബരഅലേ ഗദീ അത്ഥി [ആര്യാഃ! പരിത്രായധ്വം പരിത്രായധ്വം, യഃ സുരപക്ഷപാതീ, യസ്യ വാംബരതലേ ഗതിരസ്തി]

സൂത്രധാരഃ— (കർണ്ണം ദത്വാ) അയേ! കിം നു ഖലു മദ്വിജ്ഞാപനാനന്തരമാർത്താനാം കുരരീണാമിവാകാശേ ശബ്ദഃ ശ്രൂയതേ?

മത്താനാം കുസുമരസേന ഷട്പദാനാം
ശബ്ദോഽയം, പരഭൃതനാദ ഏഷ ധീരഃ
ആകാശേ സുരഗണസേവിതേ സമന്താൽ
കിം നാര്യഃ കളമധുരാക്ഷരം പ്രഗീതാഃ,
(വിചിന്ത്യ) ഭവതു ജ്ഞാതം. 3
ഊരുത്ഭവാ നരസഖ്യ മുനേഃ സുരസ്ത്രീ
കൈലാസനാഥമുപസൃത്യ നിവർത്തമാനാ
ബന്ദീകൃതാ വിബുധശത്രുഭിരർദ്ധമാർഗ്ഗേ
ക്രന്ദത്യതഃ കരുണമപ്സരസാം ഗണോഽയം. 4

(നിഷ്ക്രാന്തഃ)

പ്രസ്താവനാ

(തതഃ പ്രവിശന്ത്യപ്സരസഃ)

അപ്സരസഃ— അജ്ജാ! പരിത്താഅധ പരിത്താഅധ, ജോ സുരപക്ഖവാദീ, ജസ്സ വാ അംബരഅലേ ഗദീ അത്ഥി. [ആര്യാഃ! പരിത്രായധ്വം പരിത്രായധ്വം, യഃ സുരപക്ഷപാതീ, യസ്യ വാംബരതലേ ഗതിരസ്തി]

(തതഃ പ്രവിശത്യപടീക്ഷേപേണ രാജാ, രഥേന സൂതശ്ച)

രാജാ— അലമാക്രന്ദിതേന. സൂര്യോപസ്ഥാനനിവൃത്തം പുരൂരവസം മാമേത്യ കഥ്യതാം, കുതോ ഭവത്യഃ പരിത്രാതവ്യാ ഇതി.

രംഭാ— അസുരാവലേവാദോ. [അസുരാവലേപാൽ]

രാജാ— കിം പുനരസുരാവലേപേന ഭവതീനാമപരാദ്ധം?

രംഭാ— സുണാദു മഹാരാഓ. ജാ തവോവിസേസസംകിദസ്സ സുഉമാരം പഹരണം മഹിന്ദസ്സ, പച്ചാദേസോ രൂവഗവ്വിദാഏ സിരിഗോരിയേ, അലങ്കാരോ സഗ്ഗസ്സ, സാ ണോ പിയസഹീ ഉവ്വസീ കുബേരഭവണാദോ ണിവത്തമാണാ കേണ വി ദാണവേണ ചിത്തലേഹാദുദീയാ അദ്ധപഥേ ജ്ജേവ ബന്ദിഗ്ഗാഹം ഗഹീദാ. [ശൃണോതു മഹാരാജഃ, യാ തപോവിശേഷ

3762

(അണിയറയിൽ)

ആൎയ്യന്മാരേ! രക്ഷിക്കണേ, രക്ഷിക്കണേ. ദേവന്മാരുടെ ഗുണകാംക്ഷയോ ആകാശസഞ്ചാരത്തിനു കഴിവോ ഉള്ള ആരെങ്കിലും ഉണ്ടെങ്കിൽ,

സൂത്രധാരൻ— (ചെവിയോൎത്തിട്ടു്) ഏയ്, എന്താണിതു്, എന്റെ അറിയിപ്പു കഴിഞ്ഞപ്പോഴേക്കും സങ്കടപ്പെട്ട അഴകുരൽപ്പിടകളുടേതുപോലുള്ള ശബ്ദം ആകാശത്തു കേൾക്കുന്നതു്?

പൂന്തേനുണ്ടു മദിച്ച വണ്ടുകളുടെ ശബ്ദമാണോ ഇതു? അതോ ആൺകുയിലുകളുടെ ധീരനാദമാണോ? അതോ എങ്ങും ദേവന്മാർ വന്നുനിറഞ്ഞ ആകാശത്തിൽ സ്ത്രീകൾ മധുരമനോഹരമായി പാടാൻ തുടങ്ങിയതാണോ? (ആലോചിച്ചിട്ടു്) ശരി, മനസ്സിലായി. 3

നാരായണമുനിയുടെ തുടയിൽനിന്നു ജനിച്ച ദേവാംഗന കൈലാസനാഥനായ കുബേരന്റെ അടുക്കൽച്ചെന്നു മടങ്ങുമ്പോൾ വഴിയ്ക്കുവെച്ചു ദേവവൈരികൾ അവളെ ബലമായി പിടിച്ചുകൊണ്ടുപോയി. അതുകൊണ്ടു ദേവാംഗനമാർ സങ്കടപ്പെട്ടു നിലവിളിക്കുകയാണു്. 4

(പോകുന്നു)

പ്രസ്താവന കഴിഞ്ഞു.

(അനന്തരം ദേവാംഗനമാർ പ്രവേശിക്കുന്നു)

ദേവാംഗനമാർ— ആൎയ്യന്മാരേ! രക്ഷിയ്ക്കണേ രക്ഷിയ്ക്കണേ, ദേവന്മാരുടെ ഗുണകാംക്ഷയോ ആകാശസഞ്ചാരത്തിനു കഴിവോ ഉള്ള ആരെങ്കിലും ഉണ്ടെങ്കിൽ.

(അനന്തരം തിരിശ്ശീല പിടിക്കാതെ തേരിൽ രാജാവും സൂതനും പ്രവേശിക്കുന്നു)

രാജാവു്— മതി, നിലവിളിച്ചതു്. സൂര്യനെ സേവിച്ചു മടങ്ങുന്ന പുരൂരവസ്സായ എന്നോടു വന്നു പറയുക, ആരിൽനിന്നാണു് നിങ്ങളെ രക്ഷിക്കേണ്ടതെന്നു്.

രംഭ— അസുരന്മാരുടെ അഹങ്കാരത്തിൽനിന്നു്.

രാജാവു്— അസുരന്മാരുടെ അഹങ്കാരം നിങ്ങൾക്കെന്തു തെറ്റു ചെയ്തു?

രംഭ— മഹാരാജാവു കേൾക്കണം. കഠിനതപസ്സിൽ ശങ്ക തോന്നുന്ന ദേവേന്ദ്രന്റെ സുകുമാരായുധമായ, സൌന്ദൎയ്യഗൎവ്വിതയായ ശ്രീപാൎവ്വതിയെ വക വയ്ക്കാത്ത, സ്വൎഗ്ഗത്തിന്നലങ്കാരമായ, ഞങ്ങളുടെ ആ പ്രിയസഖി ഉൎവ്വശി കുബേരഗൃഹത്തിൽനിന്നു മടങ്ങിപ്പോരുമ്പോൾ

ശങ്കിതസ്യ സുകുമാരം പ്രഹരണം മഹേന്ദ്രസ്യ, പ്രത്യാദേശോ രൂപഗർവ്വിതായോഃ ശ്രീഗൌര്യാഃ, അലംകാരഃ സ്വർഗ്ഗസ്യ, സാ നഃ പ്രിയസഖ്യുർവ്വശീ കുബേരഭവനാന്നിവർത്തമാനാ **കേനാപി** ദാനവേന ചിത്രലേഖാദ്വിതീയാ അർദ്ധപഥ ഏവ ബന്ദിഗ്രാഹം ഗൃഹീതാ]

രാജാ— അപി ജ്ഞായതേ, കതമേന ദിഗ്വിഭാഗേന ഗതഃ സ ജാല്മ ഇതി?

അപ്സരസഃ— ഈസാണീഏ ദിസാഏ. [ഐശാന്യാ ദിശാ]

രാജാ— തേന ഹി, മുച്യതാം വിഷാദഃ. യതിഷ്യേ വഃ സഖീപ്രത്യാനയനായ.

അപ്സരസഃ— സരിസം ഏദം സോമവംസസംഭവസ്സ. [സദൃശമേതൽ സോമവംശസംഭവസ്യ]

രാജാ— ക്വ പുനർമാം ഭവത്യഃ പ്രതിപാലയിഷ്യന്തി?

അപ്സരസഃ— ഏദസ്സിം ഹേമകൂഡസിഹരേ. [ഏതസ്മിൻ ഹേമകൂടശിഖരേ]

രാജാ— സൂത! ഐശാനീം ദിശം പ്രതി ചോദയാശ്വാനാശുഗമനായ.

സൂതഃ— യദാജ്ഞാപയത്യായുഷ്മാൻ. (ഇതി യഥോക്തം കരോതി)

രാജാ— (രഥവേഗം രൂപയിത്വാ) സാധു സാധു. അനേന രഥവേഗേന പൂർവ്വപ്രസ്ഥിതം വൈനതേയമപ്യാസാദയേയം, കിം പുനസ്തമപകാരിണം മഘോനഃ. മമ—

അഗ്രേ യാന്തി രഥസ്യ രേണുപദവീം ചൂർണ്ണീഭവന്തോ ഘനാ-
ശ്ചക്രഭ്രാന്തിരരാന്തരേഷു വിതനോത്യന്യാമിവാരാവലീം
ചിത്രാരംഭവിനിശ്ചലം ഹരിശിരസ്യായാമവച്ചാമരം
യഷ്ട്യഗ്രേ ച സമം സ്ഥിതോ ധ്വജപടഃ, പ്രാന്തേ ച വേഗാനിലാൽ. 5

(നിഷ്ക്രാന്തോ രഥേന രാജാ സൂതശ്ച)

സഹജന്യാ— ഹളാ! ഗദോ രാഏസീ. താ അംഹേ വി ജധാസംദിട്ഠം പദേസം ഗച്ഛംഹ. [ഹളാ! ഗതോ രാജർഷിഃ, തദ്വയമചി യഥാസന്ദിഷ്ടം പ്രദേശം ഗച്ഛാമഃ]

മേനകാ— സഹി! ഏവ്വം കരേംഹ [സഖി! ഏവം കുർമ്മഃ]

(ഇതി ഹേമകൂടശിഖരേ നാട്യേനാധിരോഹന്തി)

രംഭാ— അവി ണാമ സോ രാഏസീ ഉദ്ധരദി ണോ ഹിഅഅസല്ലം? [അപി നാമ സ രാജർഷിരുദ്ധരതി നോ ഹൃദയശല്യം]

മേനകാ— സഹി! മാ ദേ സംസഓ ഭോദു. [സഖി! മാ തേ സംശയോ ഭവതു]

രംഭാ— ണം ദുജ്ജആ ദാണവാ. [നനു ദുർജ്ജയാ ദാനവാഃ]

അവളെ ഏതോ ഒരസുരൻ ചിത്രലേഖയോടൊപ്പം വഴിക്കുവെച്ചു ബലമായി പിടിച്ചുകൊണ്ടുപോയിരിക്കുന്നു.

രാജാവ്— ആ തെമ്മാടി ഏതു ദിക്കിലേയ്ക്കാണ് പോയതെന്നറിയാമോ?

ദേവാംഗനമാർ— കിഴക്കുവടക്കേ ദിക്കിലേയ്ക്ക്,

രാജാവ്— എന്നാൽ നിങ്ങൾ ദുഃഖിയ്ക്കേണ്ട. നിങ്ങളുടെ തോഴിയെ തിരിച്ചു കൊണ്ടുവരാൻ ഞാൻ പരിശ്രമിച്ചുകൊള്ളാം.

ദേവാംഗനമാർ— ചന്ദ്രവംശത്തിൽ ജനിച്ച രാജാവിനു ചേർന്നതാണിത്.

രാജാവ്— എന്നാൽ നിങ്ങൾ എവിടെയാണെന്നെ കാത്തുനില്ക്കുക?

ദേവാംഗനമാർ— ഈ ഹേമകൂടപർവ്വതത്തിന്റെ കൊടുമുടിയിന്മേൽ.

രാജാവ്— സൂത, കിഴക്കുവടക്കേ ദിക്കിലേയ്ക്കു വേഗത്തിൽ കുതിരകളെ തെളിക്കൂ.

സൂതൻ— തമ്പുരാന്റെ കല്പനപോലെ. (പറഞ്ഞതുപോലെ ചെയ്യുന്നു)

രാജാവ്— (രഥവേഗം നടിച്ചിട്ടു) നല്ലതു നല്ലത്. ഈ രഥവേഗംകൊണ്ടു മുൻപിൽ പറക്കുന്ന ഗരുഡനെപ്പോലും പിടിക്കാം. ആ ഇന്ദ്രദ്രോഹിയെ പിടിക്കാനുണ്ടോ പിന്നെ പ്രയാസം? എന്റെ—

തേരിന്റെ മുൻപിൽ മേഘങ്ങൾ പൊടിഞ്ഞു ധൂളിയായിപ്പോകുന്നു. ചക്രത്തിന്റെ തിരിച്ചിൽ അഴികളുടെ ഇടയിൽ വേറെ അഴികൾ ഉണ്ടാകുന്നതുപോലെ തോന്നുന്നു. കാററിന്റെ ശക്തികൊണ്ടു കുതിരകളുടെ തലയിലുള്ള നീണ്ട വെൺചാമരം ചിത്രമെഴുതിയതുപോലെ അനങ്ങാതെ നിൽക്കുന്നു. കൊടിമരത്തിന്റെ മുകളിലുള്ള കൊടിക്കൂറ രണ്ടുഭാഗത്തേയ്ക്കും പാറുന്നു. 5

(തേരിൽ രാജാവും സൂതനും പോകുന്നു)

സഹജന്യ— രാജർഷി പോയി. ഇനി നമുക്കും പറഞ്ഞ സ്ഥലത്തേയ്ക്കു പോവുക.

മേനക— സഖി! അങ്ങനെയാവാം.

(ഹേമകൂടത്തിന്റെ കൊടുമുടിയിലേയ്ക്കു കയറുന്നതായി നടിക്കുന്നു)

രംഭ— ആ രാജർഷി നമ്മുടെ മനഃശല്യം ഉന്മൂലനംചെയ്യുമോ?

മേനക— സഖി! നീ സംശയിക്കേണ്ട.

രംഭ— അസുരന്മാരെ ജയിയ്ക്കാൻ പ്രയാസമാണല്ലോ.

മേനകാ— ഉവട്ഠിദസംപരാഓ മഹിന്ദോ വി മജ്ഝമലോആദോ സബഹുമാണം ആണാവിഅ തം എവ്വ വിബുധവിജആഅ സേണാമുഹേ ണിഓജേദി. [ഉപസ്ഥിതസമ്പരായോ മഹേന്ദ്രോഽപി മധ്യമലോകാൽ സബഹുമാനമാനായ്യ തമേവ വിബുധവിജയായ സേനാമുഖേ നിയുങ്ക്തേ]

രംഭാ— സവ്വഹാ വിഅഈ ഭോദു [സർവ്വധാ വിജയീ ഭവതു.]

മേനകാ— (ക്ഷണമാത്രം സ്ഥിത്വാ) ഹളാ! സമസ്സസധ സമസ്സസധ. ഏസ ഉല്ലസിദഹരിണകേദണോ തസ്സ രാഏസിണോ സോമദത്തോ രഹോ ദീസദി. ണ ഏസോ അകിദത്ഥോ പഡിണിവത്തിസ്സദി ത്തി തക്കേമി. [സഖ്യഃ! സമാശ്വസിത സമാശ്വസിത. ഏഷ ഉല്ലസിതഹരിണകേതനസ്തസ്യ രാജർഷേഃ സോമദത്തോ രഥോ ദൃശ്യതേ. നൈഷോഽകൃതാർത്ഥഃ പ്രതിനിവർത്തിഷ്യത ഇതി തർക്കയാമി]

(നിമിത്തം സൂചയിത്വാവലോകയന്ത്യഃ സ്ഥിതാഃ)

(തതഃ പ്രവിശതി രഥാരൂഢോ രാജാ സൂതശ്ച. ഭയനിമീലിതാക്ഷീ ചിത്രലേഖാദക്ഷിണഹസ്താവലംബിതാ ഉർവ്വശീ ച)

ചിത്രലേഖാ— സഹി! സമസ്സസ സമസ്സസ. [സഖി! സമാശ്വസിഹി സമാശ്വസിഹി]

രാജാ— സുന്ദരി! സമാശ്വസിഹി.

ഗതം ഭയം ഭീരു! സുരാരിസംഭവം
ത്രിലോകരക്ഷീ മഹിമാ ഹി വജ്രിണഃ
തദേതദുന്മീലയ ചക്ഷുരായതം
നിശാവസാനേ നളിനീവ പങ്കജം. 6

ചിത്രലേഖാ— അമ്മഹേ! കഹം ഉസ്സസിദമേത്തസംഭാവിദജീവിദാ അജ്ജ വി ഏസാ സണ്ണം ണ പഡിവജ്ജദി. [അഹോ! കഥമുച്ഛ്വസിതമാത്രസംഭാവിതജീവിതാ അദ്യാപ്യേഷാ സംജ്ഞാം ന പ്രതിപദ്യതേ]

രാജാ— ബലവദത്രഭവതീ പരിത്രസ്താ. തഥാഹി—

മന്ദാരകുസുമദാമ്നാ ഗുരുരസ്യാഃ സൂച്യതേ ഹൃദയകമ്പഃ
മുഹുരുച്ഛ്വസതാ മദ്ധ്യേ പരിണാഹവതോഃ പയോധരയോഃ. 7

ചിത്രലേഖാ— (സകരുണം) ഹളാ ഉവ്വസി! പജ്ജവത്ഥാവേഹി അത്താണം. അണച്ഛരാ വിഅ പഡിഭാസി. [സഖി ഉർവ്വശി! പര്യവസ്ഥാപയാത്മാനം. അനപ്സരാ ഇവ പ്രതിഭാസി]

മേനക— യുദ്ധമട്ടത്താൽ ദേവേന്ദ്രൻപോലും ഭൂലോകത്തിൽനിന്നു ബഹുമാനപൂൎവ്വം കൂട്ടിക്കൊണ്ടുവന്നു ദേവന്മാരുടെ ജയത്തിന്നു് അദ്ദേഹത്തെത്തന്നെയാണല്ലോ സേനാപതിയായി സൈന്യത്തിന്റെ മുൻഭാഗത്തു നിയോഗിക്കാറുള്ളതു്.

രംഭ— എങ്ങിനെയായാലും ജയിക്കാൻ ഇടവരട്ടെ.

മേനക— (കുറച്ചുനേരം നിന്നിട്ടു) സഖിമാരേ! ആശ്വസിക്കുവിൻ ആശ്വസിക്കുവിൻ. ഇതാ മാൻകൊടിയടയാളമുള്ള ആ രാജൎഷിയുടെ സോമദത്തമെന്ന രഥം കാണുന്നു. അദ്ദേഹം കാൎയ്യം സാധിക്കാതെ മടങ്ങി വരില്ലെന്നാണു് ഞാൻ വിചാരിക്കുന്നതു്.

(ശുഭനിമിത്തസൂചന നടിച്ചു നോക്കി നില്ക്കുന്നു)

(അനന്തരം തേരിലേറിയ രാജാവും സൂതനും പ്രവേശിക്കുന്നു. ഭയപ്പെട്ടു കണ്ണടച്ചും ചിത്രലേഖ വലത്തുകൈകൊണ്ടു് താങ്ങിയും ഉൎവ്വശിയും)

ചിത്രലേഖ— സഖീ! ആശ്വസിക്കൂ ആശ്വസിക്കൂ.

രാജാവു്— സുന്ദരീ! ആശ്വസിക്കൂ.

അല്ലയോ ഭയശീലേ! അസുരഭയം നീങ്ങിപ്പോയിരിക്കുന്നു. മൂന്നു ലോകവും രക്ഷിക്കുവാനുള്ള മഹത്ത്വം വജ്രായുധനായ ദേവേന്ദ്രനുണ്ടല്ലോ. അതുകൊണ്ടു രാത്രിയുടെ അവസാനത്തിൽ താമരപ്പൊയ്ക താമരപ്പൂവിനെ വികസിപ്പിക്കുന്നതുപോലെ നീ ഈ നീണ്ട കണ്ണൊന്നു മിഴിക്കൂ. 6

ചിത്രലേഖ— അയ്യോ! ഇനിയും ഇവൾക്കു ബോധം വന്നില്ലല്ലോ. ജീവനുണ്ടെന്നൂഹിക്കാൻ ശ്വാസമുണ്ടെന്നുമാത്രം.

രാജാവു്— ശ്രീമതി വല്ലാതെ ഭയപ്പെട്ടിരിക്കുന്നു. കാരണം—

ഇവളുടെ ശക്തിയായ ഹൃദയസ്പന്ദം മുഴപ്പുള്ള സ്തനങ്ങളുടെ മദ്ധ്യത്തിൽ വീണ്ടും വിണ്ടും ഉയൎന്നുകൊണ്ടിരിക്കുന്ന മന്ദാരമാല സൂചിപ്പിക്കുന്നു. 7

ചിത്രലേഖ— (സങ്കടത്തോടുകൂടി) സഖീ ഉൎവ്വശി! മനസ്സിനെ ധൈൎയ്യപ്പെടുത്തുക. നീയൊരു ദേവാംഗനയല്ലെന്നു തോന്നിപ്പോകുന്നു.

രാജാ— മുഞ്ചതി ന താവദസ്യാ
ഭയകമ്പഃ കുസുമകോമളം ഹൃദയം
സിചയാന്തേന കഥഞ്ചിൽ
സ്തനമദ്ധ്യോച്ഛ്വാസിനാ കഥിതഃ. 8

[ഉർവ്വശീ പ്രത്യാഗച്ഛതി]

രാജാ— (സഹർഷം) ചിത്രലേഖേ! ദിഷ്ട്യാ വർദ്ധസേ. പ്രകൃതിമാപന്നാ തേ പ്രിയസഖീ. പശ്യ—

ആവിർഭൂതേ ശശിനി തമസാ മുച്യമാനേവ രാത്രിർ-
നൈശസ്യാർച്ചിർഹുതഭുജ ഇവ ച്ഛിന്നഭൂയിഷ്ഠധൂമാ
മോഹേനാന്തർവരതനുരിയം ലക്ഷ്യതേ മുക്തകല്പാ
ഗംഗാ രോധഃപതനകലുഷാ ഗൃഹ്ണതീവ പ്രസാദം. 9

ചിത്രലേഖാ— സഹി ഉവ്വസി! വീസത്ഥാ ഭവ. പരാഭൂദാ ക്ഖു തിദസപരിപന്ഥിണോ ഹദാസാ. [സഖി ഉർവ്വശി! വിസ്രബ്ധാ ഭവ. പരാഭൂതാഃ ഖലു ത്രിദശപരിപന്ഥിനോ ഹതാശാഃ]

ഉർവ്വശീ— (ചക്ഷുഷീ ഉന്മീല്യ) കിം പഹാവദംസിണാ മഹിന്ദേണ അബ്ഭുവപണ്ണംഹി? [കിം പ്രഭാവദർശിനാ മഹേന്ദ്രേണാഭ്യുപപന്നാസ്മി?]

ചിത്രലേഖാ— ണ മഹിന്ദേണ. മഹിന്ദസരിസാണുഭാവേണ ഇമിണാ രായേസിണാ പുരൂരവസേണ. [ന മഹേന്ദ്രേണ. മഹേന്ദ്രസദൃശാനുഭാവേന അനേന രാജർഷിണാ പുരൂരവസാ]

ഉർവ്വശീ— (രാജാനമവലോക്യ ആത്മഗതം) ഉവകിദം ക്ഖു ദാണവേഹിം. [ഉപകൃതം ഖലു ദാനവൈഃ]

രാജാ— (ഉർവ്വശീം വിലോക്യ ആത്മഗതം) സ്ഥാനേ ഖലു നാരായണമൃഷിം വിലോഭയന്ത്യസ്തദൂരുസംഭവാമിമാം ദൃഷ്ട്വാ വ്രീഡിതാഃ സർവ്വാ അപ്സരസ ഇതി. അഥവാ, നേയം തപസ്വിനഃ സൃഷ്ടിർഭവിതുമർഹതി. കുതഃ—

അസ്യാഃ സർഗ്ഗവിധൌ പ്രജാപതിരഭൂച്ചന്ദ്രോ നു കാന്തിപ്രദഃ
ശൃംഗാരൈകരസഃ സ്വയം നു മദനോ, മാസോ നു പുഷ്പാകരഃ
വേദാഭ്യാസ ജഡഃ കഥം നു വിഷയവ്യാവൃത്തകൌതുഹലോ
നിർമ്മാതും പ്രഭവേന്മനോഹരമിദം രൂപം പുരാണോ മുനിഃ. 10

ഉർവ്വശീ— ഹളാ ചിത്തലേഹേ! സഹിഅണോ കഹിം ക്ഖു ഭവേ? [സഖി ചിത്രലേഖേ! സഖിജനഃ കുത്ര ഖലു ഭവേൽ?]

രാജാവ്— ഇവളുടെ ഭയംകൊണ്ടുള്ള വിറ, പൂപോലെ കോമളമായ ഹൃദയത്തെ വിട്ടുമാറുന്നില്ല. സ്തനമദ്ധ്യത്തിൽ തെള്ളിക്കൊണ്ടിരിക്കുന്ന പുടവത്തുമ്പ് അക്കാര്യം വിളിച്ചുപറയുന്നുണ്ട്. 8

(ഉർവ്വശിക്കു ബോധം തെളിയുന്നു)

രാജാവ്— (സന്തോഷത്തോടുകൂടി) ചിത്രലേഖേ! നിനക്കു ഭാഗ്യമുണ്ട്. നിന്റെ പ്രിയസഖി സാധാരണ മട്ടായിരിക്കുന്നു. നോക്കൂ—

ചന്ദ്രനുദിക്കുമ്പോൾ ഇരുട്ടു രാത്രിയെ വിട്ടുമാറുന്നതുപോലെയും രാത്രിയിൽ ഹോമാഗ്നി ജ്വലിക്കുമ്പോൾ പുക മിക്കവാറും തീജ്വാലയിൽനിന്ന് അകന്നുപോകുന്നതുപോലെയും കരയിടിഞ്ഞു കലങ്ങിയ ഗംഗ, ക്രമത്തിൽ തെളിഞ്ഞുവരുന്നതുപോലെയും ഈ സുന്ദരിയുടെ മോഹാലസ്യം തീർന്ന ലക്ഷണമുണ്ട്. 9

ചിത്രലേഖ— സഖീ ഉർവ്വശി! നീ സമാധാനിക്കു, ദേവദ്രോഹികളായ ആ ദുഷ്ടന്മാരെ ആട്ടിപ്പായിച്ചുകഴിഞ്ഞു.

ഉർവ്വശി— (കണ്ണു മിഴിച്ചിട്ട്) പ്രഭാവത്താൽ എല്ലാം കാണുന്ന ദേവേന്ദ്രനാണോ എന്നെ രക്ഷിച്ചനുഗ്രഹിച്ചത്?

ചിത്രലേഖ— ദേവേന്ദ്രനല്ല; ദേവേന്ദ്രനെപ്പോലെ പ്രതാപശാലിയായ രാജർഷി പുരൂരവസ്സാണ്.

ഉർവ്വശി— (രാജാവിനെ നോക്കി വിചാരം) അസുരന്മാർ ഉപകാരംതന്നെയാണ് ചെയ്തത്.

രാജാവ്— (ഉർവ്വശിയെ നോക്കി വിചാരം) നാരായണമഹർഷിയെ ഭ്രമിപ്പിക്കാൻ ചെന്ന എല്ലാ ദേവാംഗനമാരും അദ്ദേഹത്തിന്റെ തുടയിൽനിന്നുണ്ടായ ഇവളെ കണ്ടപ്പോൾ ലജ്ജിച്ചുപോയതു യുക്തംതന്നെ. അല്ലെങ്കിൽ, ഇവളെ സൃഷ്ടിച്ചത് മഹർഷിയായിരിക്കയില്ല.

ഇവളെ സൃഷ്ടിച്ചതു കാന്തി നല്കുന്ന ചന്ദ്രനോ, തനി ശൃംഗാരരസം മാത്രമുള്ള കാമദേവൻതന്നെയോ, പൂമാസമായ വസന്തമോ ആയിരിക്കും. വേദം ഉരുവിട്ടുരുവിട്ടു ബുദ്ധികെട്ടു വിഷയസുഖങ്ങളിലൊന്നും താൽപര്യമില്ലാതായിത്തീർന്നിട്ടുള്ള ആ പഴഞ്ചൻമഹർഷി മനോഹരമായ ഈ രൂപം സൃഷ്ടിക്കാൻ എങ്ങനെ ശക്തനാകും? 10

ഉർവ്വശി— സഖി ചിത്രലേഖേ! സഖികളെവിടെയായിരിക്കും?

ചിത്രലേഖാ— സഹി! അഭഅപ്പദായീ മഹാരാഓ ജാണാദി. [സഖി! അഭയപ്രദായീ മഹാരാജോ ജാനാതി]

രാജാ— [ഉർവ്വശീം വിലോക്യ] മഹതി വിഷാദേ വർത്തതേ സഖീജനഃ. പശ്യതു ഭവതീ—

യദൃച്ഛയാ ത്വം സകൃദപ്യവന്ധ്യയോഃ
പഥി സ്ഥിതാ സുന്ദരി! യസ്യ നേത്രയോഃ
ത്വയാ വിനാ സോऽപി സമുൽസുകോ ഭവേൽ
സഖീജനസ്തേ കിമുതാർദ്രസൌഹൃദഃ. 11

ഉർവ്വശീ— (ആത്മഗതം) അഭിജാതം ക്ഖു സേ വഅണം. അഹവാ, ചന്ദാദോ അമിഅം ത്തി കിം അച്ചരിഅം? (പ്രകാശം) അദോ ഏവ്വ മേ പേക്ഖിദും തുവരദി ഹിഅഅം. [അഭിജാതം ഖല്വസ്യ വചനം. അഥവാ, ചന്ദ്രാദമൃതമിതി കിമാശ്ചര്യം? അത ഏവ മേ പ്രേക്ഷിതും ത്വരതേ ഹൃദയം]

രാജാ— (ഹസ്തേന ദർശയൻ)

ഏതാഃ സുതനു! മുഖം തേ സഖ്യഃ പശ്യന്തി ഹേമക്കുടഗതാഃ
ഉത്സുകനയനാ ലോകാശ്ചന്ദ്രമിവോപപ്ലവാന്മുക്തം. 12

ചിത്രലേഖാ— ഹളാ! പേക്ഖ. [ഹളാ! പ്രേക്ഷസ്വ]

ഉർവ്വശീ— (രാജാനം സസ്പൃഹം പശ്യന്തീ) സമദുക്ഖോ പിവഇ വ്വ മം ണഅണേഹിം. [സമദുഃഖഃ പിബതീവ മാം നയനാഭ്യാം]

ചിത്രലേഖാ— (സാകൂതം) അയി! കോ? [അയി! കഃ?]

ഉർവ്വശീ— ണം സഹീഅണോ. [നനു സഖീജനഃ]

രംഭാ— (സഹർഷമവലോക്യ) ഹളാ! ചിത്തലേഹാദുദീയം ഉവ്വസീം ഗേൺഹിഅ വിസാഹാസഹിദോ വിഅ ചന്ദോ സമുവട്ഠിദോ രാഏസീ. [ഹളാ! ചിത്രലേഖാദ്വിതീയാമുർവ്വശീം ഗൃഹീത്വാ വിശാഖാസഹിത ഇവ ചന്ദ്രഃ സമുപസ്ഥിതോ രാജർഷിഃ]

മേനകാ— (നിർവ്വർണ്യ) ഹളാ! ദുവേ വി ണോ ഏത്ഥ പിആ ഉവണദാ. ഇഅം പച്ചാണീദാ പിഅസഹീ. അഅം അഅപരിക്ഖദസരീരോ രാഏസീ. [ഹളാ! ദ്വേ അപി നോऽത്ര പ്രിയേ ഉപനതേ. ഇയം പ്രത്യാനീതാ പ്രിയസഖീ. അയം ചാപരിക്ഷതശരീരോ രാജർഷിഃ]

സഹജന്യാ— സഹി! സുട്ഠും ഭണാസി, ദുജ്ജആ ദാണവാ ത്തി. [സഖി! സുഷ്ഠു ഭണസി, ദുർജ്ജയാ ദാനവാ ഇതി]

ചിത്രലേഖ— സഖി! അഭയം തന്ന മഹാരാജാവിനേ അറിയുകയുള്ളു.

രാജാവ്— (ഉൎവ്വശിയെ നോക്കി) വലിയ സങ്കടത്തിലാണ് സഖികൾ. ഭവതി നോക്കു—

അല്ലയോ സുന്ദരി! ആരുടെ സഫലങ്ങളായ കണ്ണുകളിലാണോ ഭവതി യാദൃച്ഛികമായി ഒരിക്കലെങ്കിലും പെടുന്നതു്, അവൎക്കുപോലും നിന്നോടു പിരിഞ്ഞാൽ വലിയ ഉൽക്കണ്ഠയുണ്ടാകും. കുളുത്ത സൌഹാൎദ്ദമുള്ള ഭവതിയുടെ സഖികളുടെ കാര്യം പിന്നെ പറയാനുണ്ടോ? 11

ഉൎവ്വശി— (സ്വകാര്യമായി) ഇദ്ദേഹത്തിന്റെ വാക്കു തറവാടിത്തമുള്ളതു തന്നെ. അല്ലെങ്കിൽ, ചന്ദ്രനിൽനിന്നു് അമൃതം ഉണ്ടാകുന്നതിലെന്താണാശ്ചര്യം? (വെളിവായി) അതുകൊണ്ടുതന്നെയാണ് എന്റെ ഹൃദയം കാണാൻ വെമ്പുന്നതു്.

രാജാവ്— (ചൂണ്ടികാണിച്ചുകൊണ്ടു്)

അല്ലയോ സുന്ദരി! ഇതാ സഖികൾ, ഹേമകൂടത്തിൽനിന്നു ഉൽക്കണ്ഠപൂണ്ട കണ്ണുകളുമായി നിന്റെ മുഖത്തേക്കു, ഗ്രഹണത്തിൽനിന്നു മോചനം കഴിഞ്ഞ ചന്ദ്രനെ ജനങ്ങളെന്നപോലെ നോക്കിനില്ക്കുന്നു. 12

ചിത്രലേഖ— സഖീ! നോക്കൂ.

ഉൎവ്വശി— (രാജാവിനെ കൊതിയോടെ നോക്കിക്കൊണ്ടു്) തുല്യദുഃഖമുള്ളതുകൊണ്ടു കണ്ണുകളെക്കൊണ്ടു് എന്നെ നുകരുകയാണ്.

ചിത്രലേഖ— (അഭിപ്രായഗർഭമായി) ഏ! ആരു്?

ഉൎവ്വശി— . സഖികൾതന്നെ.

രംഭ— (സന്തോഷത്തോടുകൂടി നോക്കി) സഖീ! ചിത്രലേഖയോടുകൂടെ ഉൎവ്വശിയേയുംകൂട്ടി വിശാഖനക്ഷത്രങ്ങളോടുകൂടെ ചന്ദ്രനെപ്പോലെ രാജർഷി അടുത്തെത്തിക്കഴിഞ്ഞു.

മേനക— (നോക്കിയിട്ടു്) സഖീ! രണ്ടുകാൎയ്യവും നമുക്കു സന്തോഷമായിട്ടുള്ളതാണ്, ഈ സഖിയെ വീണ്ടെടുത്തു, ഈ മഹാരാജാവിനു പരിക്കൊന്നും പററിയിട്ടുമില്ല.

സഹജന്യ— സഖി! ശരിയാണ് നീ പറഞ്ഞതു്. അസുരന്മാരെ ജയിക്കാൻ വളരെ പ്രയാസമാണല്ലോ.

രാജാ— സൂത! ഇദം തച്ഛൈലശിഖരം. അവതാരയ രഥം.

സൂതഃ— യദാജ്ഞാപയത്യായുഷ്മാൻ. (ഇതി തഥാ കരോതി)

രാജാ— (ചക്രോദ്ഘാതം രൂപയിത്വാ സ്വഗതം) ഹന്ത! സഫലോ മേ വിഷമാവതാരഃ—

യദയം രഥസംക്ഷോഭാദംസേനാംസോ രഥോപമശ്രോണ്യാഃ
സ്പൃഷ്ടഃ സരോമവിക്രിയമങ്കുരിതം മനസിജേനേവ. 13

ഉർവ്വശീ— (സവ്രീഡം) ഹളാ! കിം വി പരദോ ഓസര. [ഹളാ! കിമപി പരതോഽപസര]

ചിത്രലേഖാ— (സസ്മിതം) ണാഹം സക്കുണോമി. [നാഹം ശക്നോമി]

രംഭാ— ഏത്ഥ പിഅആരിണം സംഭാവേംഹ രാഏസിം. [അത്ര പ്രിയകാരിണം സംഭാവയാമോ രജാർഷിം]

(സർവ്വാ ഉപസർപ്പന്തി)

രാജാ— സൂത! ഉപശ്ലേഷയ രഥം.

യാവൽപുനരിയം സുഭ്രൂരുത്സുകാഭിഃ സമുത്സുകാ
സഖീഭിർയാതി സമ്പർക്കം ലതാഭിഃ ശ്രീരിവാർത്തവീ. 14

(സൂതോ രഥം സ്ഥാപയതി)

അപ്സരസഃ— ദിട്ഠിആ മഹാരാഓ വിഅഏണ വഡ്ഢദി. [ദിഷ്ട്യാ മഹാരാജോ വിജയേന വർദ്ധതെ]

രാജാ— ഭവത്യശ്ച സഖീസമാഗമേന.

ഉർവ്വശീ— (ചിത്രലേഖാദത്തഹസ്താവലംബാ രഥാദവതീർയ്യ) ഹളാ! ഏധ. പീഡിദം മം പരിസ്സജഹ. ണ ക്ഖു മേ ആസീ ആസാ, ജഹാ ഭൂഓവി സഹിഅണം പേക്ഖിസ്സം ത്തി. [ഹളാ! ഏത. പീഡിതം മാം പരിഷ്വജധ്വം. ന ഖലു മേ ആസീദാശാ യഥാ ഭൂയോ പി സഖിജനം പ്രേക്ഷിഷ്യ ഇതി]

(സഖ്യഃ പരിഷ്വജന്തേ)

രംഭാ— (സാശംസം) സവ്വഹാ കപ്പസദം മഹാരാഓ പുഹവിം പാലഅന്തോ ഹോദു. (സർവ്വഥാ കല്പശതം മഹാരാജഃ പൃഥിവീം പാലയൻ ഭവതു)

സൂതഃ— ആയുഷ്മൻ, പൂർവ്വസ്യാം ദിശി മഹതാ രഥവേഗേനോപദർശിതഃ ശബ്ദഃ.

അയം ച ഗഗനാൽ കോഽപി തപ്തചാമീകരാംഗദഃ
അവരോഹതി ശൈലാഗ്രം തഡിത്വാനിവ തോയദഃ. 15

അപ്സരസഃ— (പശ്യന്ത്യഃ) അമ്മോ! ചിത്തരഥോ [അഹോ! ചിത്രരഥഃ]

(തതഃ പ്രവിശതി ചിത്രരഥഃ)

രാജാവു്— സൂത! ഇതാണു് ആ കൊടുമുടി. തേരിറക്കൂ.

സൂതൻ— തമ്പുരാന്റെ കല്പനപോലെ. (പറഞ്ഞതുപോലെ ചെയ്യുന്നു)

രാജാവു്— (ചക്രം തെള്ളിച്ചാടിയതായി നടിച്ചു വിചാരം) അയ്യു! ഞാനീ നിരപ്പില്ലാത്ത ദിക്കിൽ ഇറങ്ങിയതു സഫലമായി—

തേർ കലുങ്ങിയപ്പോൾ തേർത്തടംപോലുള്ള നിതംബത്തോടു കൂടിയ ഇവളുടെ തോൾ എന്റെ തോളിന്മേൽ കോൾമയിർക്കൊണ്ടു കൊണ്ടു സ്പർശിച്ചു. അപ്പോൾ കാമൻ മുളച്ചതുപോലായി. 13

ഉർവ്വശി— (ലജ്ജയോടുകൂടി) സഖി! കുറച്ചൊന്നു നീങ്ങിയിരിക്കൂ.

ചിത്രലേഖ— (പുഞ്ചിരിയോടുകൂടി) എനിക്കാവില്ല.

രംഭ— ഇവിടെ നമ്മുടെ ഇഷ്ടം സാധിപ്പിച്ച രാജർഷിയെ മാനിയ്ക്കുക.

(എല്ലാവരും അടുത്തു ചെല്ലുന്നു)

രാജാവു്— സൂത! തേർ ചേർത്തുനിർത്തൂ.

ഉൽക്കണ്ഠപൂണ്ട ഈ സുന്ദരി ഉൽക്കണ്ഠിതകളായ സഖികളോടു വസന്തലക്ഷ്മി ലതകളോടെന്നപോലെ ചേർന്നുകൊള്ളട്ടെ. 14

(സൂതൻ തേർ നിർത്തുന്നു)

ദേവാംഗനമാർ— ഭാഗ്യം. മഹാരാജാവു വിജയംകൊണ്ടു വർദ്ധിക്കുന്നു.

രാജാവു്— സഖീസമാഗമംകൊണ്ടു നിങ്ങളും.

ഉർവ്വശി— (ചിത്രലേഖയുടെ കൈപിടിച്ചു തേരിൽനിന്നിറങ്ങിയിട്ടു്) സഖിമാരേ! വരുവിൻ. ഗാഢമായെന്നെ ആലിംഗനം ചെയ്യുവിൻ. വീണ്ടും സഖികളെ കാണുമെന്ന ആശ ഉണ്ടായിരുന്നില്ല.

(സഖിമാർ ആലിംഗനം ചെയ്യുന്നു)

രംഭ— എല്ലാ പ്രകാരത്തിലും മഹാരാജാവു വളരെക്കാലം ഭൂമിയെ പാലിച്ചു വാണരുളട്ടെ.

സൂതൻ— തമ്പുരാനേ! കിഴക്കുദിക്കിൽ വളരെ വേഗത്തിൽ തേരോടുന്ന ശബ്ദം കേൾക്കുന്നു.

ആകാശത്തുനിന്നിതാ തങ്കത്തോൾവളയണിഞ്ഞ ഏതോ ഒരാൾ മിന്നലെഴുന്ന കാർകൊണ്ടൽപോലെ പർവ്വതത്തിന്റെ മുകളിലേക്ക് ഇറങ്ങിവരികയും ചെയ്യുന്നു. 15

ദേവാംഗനമാർ— (നോക്കിക്കൊണ്ടു്) ഓഹോ, ചിത്രരഥനാണു്.

(അനന്തരം ചിത്രരഥൻ പ്രവേശിക്കുന്നു)

ചിത്രരഥഃ— (രാജാനം ദൃഷ്ട്വാ സബഹുമാനം) ദിഷ്ട്യാ മഹേന്ദ്രോപകാരപര്യാപ്തേന വിക്രമമഹിമ്നാ വർധതേ ഭവാൻ.

രാജാ— അയേ! ഗന്ധർവ്വരാജഃ! (രഥാദവതീര്യ) സ്വാഗതം പ്രിയസുഹൃദേ. (പരസ്പരം ഹസ്തൌ സ്പൃശതഃ)

ചിത്രരഥഃ— വയസ്യ! കേശിനാ ഹൃതാമുർവ്വശീം നാരദാദുപശ്രുത്യ പ്രത്യാഹരണാർത്ഥമസ്യാഃ ശതക്രതുനാ ഗന്ധർവ്വസേനാ സമാദിഷ്ടാ. തതോ വയമന്തരാ ചാരണേഭ്യസ്ത്വദീയം ജയോദാഹരണം ശ്രുത്വാ ത്വാമിഹസ്ഥമുപാഗതാഃ. സ ഭവാനിമാം പുരസ്കൃത്യ സഹാസ്മാഭിർമഘവന്തം ദ്രഷ്ടുമർഹതി. മഹൽ ഖലു തത്രഭവതോ മഘോനഃ പ്രിയമനുഷ്ഠിതം ഭവതാ. പശ്യ–

പുരാ നാരായണേനേയമതിസൃഷ്ടാ മരുത്വതേ
ദൈത്യഹസ്താദപാച്ഛിദ്യ സുഹൃദാ സംപ്രതി ത്വയാ. 16

രാജാ— സഖേ! മൈവം.

നനു വജ്രിണ ഏവ വീര്യമേത–
ദ്വിജയന്തേ ദ്വിഷതോ യദസ്യ പക്ഷ്യാഃ
വസുധാധരകന്ദരാവിസർപ്പീ
പ്രതിശബ്ദോഽപി ഹരേർഹിനസ്തി നാഗാൻ. 17

ചിത്രരഥഃ— യുക്തമേതൽ. അനുത്സേകഃ ഖലു വിക്രമാലങ്കാരഃ.

രാജാ— സഖേ, നായമവസരോ മമ ശതക്രതും ദ്രഷ്ടും. അതസ്ത്വമേവാത്രഭവതീം പ്രഭോരന്തികം പ്രാപയ.

ചിത്രരഥഃ— യഥാ ഭവാൻ മന്യതേ. ഇത ഇതോ ഭവത്യഃ.

(അപ്സരസഃ പ്രസ്ഥിതാഃ)

ഉർവ്വശീ— [ജനാന്തികം] ഹലാ ചിത്തലേഹേ! ഉവആരിണം രാഏസിം ണ സക്കുണോമി ആമന്തേദും. താ തുമം ഏവ്വ മേ മുഹം ഹോഹി [ഹലാ ചിത്രലേഖേ! ഉപകാരിണം രാജർഷിം ന ശക്നോമ്യാമന്ത്രയിതും. തൽ ത്വമേവ മേ മുഖം ഭവ]

ചിത്രലേഖാ— (രാജാനമുപേത്യ) മഹാരാഅ! ഉവ്വസീ വിണ്ണവേദി–'മഹാരാഏണ അബ്ഭണുണ്ണാദാ ഇച്ഛാമി പിഅസഹിം വിഅ മഹാരാഅസ്സ കിത്തിം സുരലോഅം ണേദും.' [മഹാജ! ഉർവ്വശീ വിജ്ഞാപയതി–'മഹാരാജേനാഭ്യനുജ്ഞാതേച്ഛാമി പ്രിയസഖീമിവ മഹാരാജസ്യ കീർത്തിം സുരലോകം നേതും.']

ചിത്രരഥൻ— (രാജാവിനെ നോക്കി ബഹുമാനത്തോടുകൂടി) ഭാഗ്യം. ദേവേന്ദ്രനുപകാരം ചെയ്യത്തക്കതായ വിക്രമമഹത്ത്വത്താൽ ഭവാൻ വർദ്ധിക്കുന്നു.

രാജാവ്— ഏ! ഗന്ധർവ്വരാജാവോ! (തേരിൽ നിന്നിറങ്ങിയിട്ട്) പ്രിയസുഹൃത്തിനു സ്വാഗതം.

(തമ്മിൽ കൈ കൊടുക്കുന്നു)

ചിത്രരഥൻ— സുഹൃത്തേ! ഉർവ്വശിയെ കേശി അപഹരിച്ചുവെന്നു നാരദനിൽനിന്നറിഞ്ഞപ്പോൾ അവളെ വീണ്ടെടുക്കുവാൻവേണ്ടി ദേവേന്ദ്രൻ ഗന്ധർവ്വസൈന്യത്തിനു കല്പന നൽകി. എന്നിട്ടു ഞങ്ങൾ ഇടയ്ക്കുവെച്ചു ചാരണന്മാർ അങ്ങയുടെ വിജയഗീതം പാടുന്നതുകേട്ട് ഇവിടെ അങ്ങയുടെ അടുക്കലേയ്ക്കു പോന്നതാണ്. അങ്ങയിവളെ മുൻനിർത്തി ഞങ്ങളോടുകൂടെ ദേവേന്ദ്രനെ കാണാൻ പോരണം. മഹാനായ ദേവേന്ദ്രനു വളരെ വലിയ ഗുണമാണങ്ങു ചെയ്തതു്. നോക്കൂ—

പണ്ടു ദേവേന്ദ്രനു ഇവളെ നാരായണമഹർഷി കൊടുത്തു, അസു
രന്റെ കയ്യിൽനിന്നു വീണ്ടെടുത്തു ഇപ്പോൾ അങ്ങുന്നും. 16

രാജാവ്— ഏയ്, അങ്ങനെയല്ല.

വജ്രഹസ്തനായ ദേവേന്ദ്രന്റെതന്നെ വീര്യംകൊണ്ടാണ് അദ്ദേഹ
ത്തിന്റെ ആളുകൾ ശത്രുക്കളെ ജയിക്കുന്നതു്. പർവ്വതഗുഹയിൽനിന്നു
വരുന്ന സിംഹത്തിന്റെ പ്രതിധ്വനിപോലും ആനകളെ കൊല്ലുന്നു. 17

ചിത്രരഥൻ— ഇതു യുക്തംതന്നെ. അഹങ്കാരമില്ലായ്മയാണല്ലോ വിക്രമത്തിന്നലങ്കാരം.

രാജാവ്— സഖേ! എനിയ്ക്കിപ്പോൾ ദേവേന്ദ്രനെ ചെന്നു കാണാൻ സൗകര്യം പോരാ. അതുകൊണ്ടങ്ങുതന്നെ ശ്രീമതിയെ പ്രഭുവിന്റെ അടുക്കലേയ്ക്കു കൂട്ടികൊണ്ടുപോവുക.

ചിത്രരഥൻ— താങ്കളുടെ ഇഷ്ടംപോലെ. നിങ്ങളിങ്ങോട്ടു പോരുവിൻ.

(ദേവാംഗനമാർ പുറപ്പെടുന്നു)

ഉർവ്വശി— (സ്വകാര്യം) സഖി ചിത്രലേഖേ! ഉപകാരംചെയ്ത രാജർഷിയോടു യാത്രപറയാൻ ഞാൻ ശക്തയല്ല. അതുകൊണ്ടു നീതന്നെ എന്റെ മുഖമാവണം.

ചിത്രലേഖ— (രാജാവിന്റെ അടുത്തുചെന്നു്) മഹാരാജാവേ! ഉർവ്വശി അറിയിയ്ക്കുന്നു— 'മഹാരാജാവിന്റെ അനുവാദത്തോടുകൂടി പ്രിയസഖിയെയെന്നപോലെ' മഹാരാജാവിന്റെ കീർത്തിയേ ദേവലോകത്തിലേയ്ക്കു കൊണ്ടുപോയാൽ കൊള്ളാമെന്നുണ്ടു' എന്നു്.

രാജാ— ഗമ്യതാം പുനർദർശനായ.

(സർവ്വാഃ സഗന്ധർവ്വാ ആകാശോൽപതനം രൂപയന്തി)

ഉർവ്വശീ— (ഉൽപതനഭംഗം രൂപയിത്വാ) അമ്മോ! ലദാവിഡവേ ഏസാ ഏആവലീ വൈഅഅന്തിആ മേ ലഗ്ഗാ. [സവ്യാജം പരിവൃത്യ രാജാനം പശ്യന്തീ] സഹി ചിത്തലേഹേ! മോആവേഹി ദാവ ണം. [അഹോ! ലതാവിടപ ഏഷൈകാവലീ വൈജയന്തികാ മേ ലഗ്നാ. സഖി ചിത്രലേഖേ! മോചയ താവദേനാം]

ചിത്രലേഖാ— (വിലോക്യ വിഹസ്യ ച) ആം ദിഢം ക്ഖു ലഗ്ഗാ സാ. അസക്കാ മോആവിദും. [ആം ദൃഢം ഖലു ലഗ്നാ സാ; അശക്യാ മോചയിതും]

ഉർവ്വശീ— അലം പഢിഹാസേണ. മോആവേഹി ദാവ ണം. [അലം പരിഹാസേന. മോചയ താവദേനാം]

ചിത്രലേഖാ— ആം. ദുമ്മോആ വിഅ മേ പഢിഹാദി. ഹോദു, ജദിസ്സം ദാവ. [ആം. ദുർമോചേവ മേ പ്രതിഭാതി. ഭവതു. യതിഷ്യേ താവൽ]

ഉർവ്വശീ— (സ്മിതം കൃത്വാ) പിഅസഹി! സുമരേഹി ദാവ ഏദം അത്തണോ വഅണം. [പ്രിയസഖി! സ്മര താവദേതദാത്മനോ വചനം]

(ചിത്രലേഖാ നാട്യേന മോചയതി)

രാജാ— (സ്വഗതം)

പ്രിയമാചരിതം ലതേ! ത്വയാ മേ
ഗമനേഽസ്യാഃ ക്ഷണവിഘ്നമാചരന്ത്യാ
യദിയം പുനരപ്യപാംഗനേത്രാ
പരിവൃത്താർധമുഖീ മയാദ്യ ദൃഷ്ടാ. 18

സൂതഃ— ആയുഷ്മൻ!

അദഃ സുരേന്ദ്രസ്യ കൃതാപരാധാൻ
പ്രക്ഷിപ്യ ദൈത്യാൻ ലവണാംബുരാശൗ
വായവ്യമസ്ത്രം ശരധിം പുനസ്തേ
മഹോരഗഃ ശ്വഭ്രമിവ പ്രവിഷ്ടം. 19

രാജാ— തേന ഹ്യുപശ്ലേഷയ രഥം. യാവദാരോഹാമി.

(സൂതസ്തഥാ കരോതി. രാജാ നാട്യേന രഥമാരോഹതി).

രാജാവ്— പോയ്ക്കൊള്ളൂ. വീണ്ടും കാണണം.

(എല്ലാവരും ഗന്ധർവ്വനോടൊപ്പം ആകാശത്തേക്കുയരുന്നതായി നടിക്കുന്നു)

ഉർവ്വശി— (പൊങ്ങുന്നതിനു തടസ്സം വന്നതായി നടിച്ചിട്ട്) അയ്യോ! വള്ളിയുടെ ചില്ലയിൽ എന്റെ ഒററയിഴമുത്തുമാലയായ വൈജയന്തിക കുടുങ്ങിപ്പോയി. (കാരണമുണ്ടാക്കിത്തിരിഞ്ഞു രാജാവിനെ നോക്കിയിട്ട്) ചിത്രലേഖേ! ഇതൊന്നു വിടുവിച്ചു തരൂ.

ചിത്രലേഖ— (നോക്കി പുഞ്ചിരിയോടുകൂടി) ഓ, വല്ലാതെ കുടുങ്ങിയിരിക്കുന്നു. വിടുവിക്കാൻ ആവില്ല.

ഉർവ്വശി— കളിയാക്കാതിരിക്കൂ. ഇതൊന്നു വിടുവിക്കൂ.

ചിത്രലേഖ— ശരി. വിടുവിക്കാൻ പ്രയാസമാണെന്നെനിക്കു തോന്നുന്നു. ആവട്ടെ, ശ്രമിച്ചുനോക്കാം.

ഉർവ്വശി— (മന്ദഹസിച്ചുകൊണ്ട്) സഖി! നിന്റെ ഈ വാക്ക് ഓർമ്മയിരിക്കട്ടെ.

(ചിത്രലേഖ വിടുവിക്കുന്നതായി നടിക്കുന്നു)

രാജാവ്— (വിചാരം)

അല്ലയോ ലതേ! നീ ഇവളുടെ പോക്കിനു കുറച്ചുനേരം വിഘ്നമുണ്ടാക്കിയതു് എനിക്കു ഗുണമായിത്തീർന്നു. കാരണം, ഇവളൊരിക്കൽക്കൂടി മുഖം പകുതി തിരിച്ച് എന്നെ കടാക്ഷിക്കുന്നതു് എനിക്കിപ്പോൾ കാണാൻ കഴിഞ്ഞല്ലോ. 18

സൂതൻ— തമ്പുരാനേ!

ദേവേന്ദ്രന്റെ നേരെ തെററുചെയ്തിട്ടുള്ള അസുരന്മാരെ ഉപ്പുകടലിൽ തള്ളിയിട്ട് ഇതാ അവിടുത്തെ വായവ്യാസ്ത്രം, പാമ്പു മാളത്തിലെന്നപോലെ അങ്ങയുടെ ആവനാഴിയിൽ വീണ്ടും കടന്നുകൂടിയിരിക്കുന്നു. 19

രാജാവ്— എന്നാൽ തേരടുപ്പിച്ചുനിർത്തൂ. ഞാൻ കയറിയേക്കാം.

(സൂതനങ്ങനെ ചെയ്യുന്നു. രാജാവു തേരിൽ കയറുന്നതായി നടിക്കുന്നു)

ഉർവ്വശീ— (സസ്പൃഹം രാജാനമവലോകയന്തീ) അവി ണാമ പുണോവി ഉഅആരിണം ഏദം പേക്ഖിസ്സം? [അപി നാമ പുനരപ്യുപകാരിണമേതം പ്രേക്ഷിഷ്യേ?]

(ഇതി സഗന്ധർവ്വാ സഹ സഖീഭിർനിഷ്ക്രാന്താ)

രാജാ— (ഉർവ്വശീവർത്മോന്മുഖഃ) അഹോ! ദുർല്ലഭാഭിലാഷീ മദനഃ.

ഏഷാ മനോ മേ പ്രസഭം ശരീരാൽ
പിതുഃ പദം മധ്യമമുൽപതന്തീ
സുരാംഗനാ കർഷതി ഖണ്ഡിതാഗ്രാൽ
സൂത്രം മൃണാളാദിവ രാജഹംസീ. 20

(നിഷ്ക്രാന്തൌ)

ഇതി പ്രഥമോഽങ്കഃ

ദ്വിതീയോഽങ്കഃ

പ്രവേശകഃ

(തതഃ പ്രവിശതി വിദൂഷകഃ)

വിദൂഷകഃ— ഹീ ഹീ ഭോ! ണിമന്തണിഓ പരമണ്ണേണ വിഅ രാഅരഹസ്സേണ ഫുട്ടമാണോ ണ സക്കുണോമി ജണാഇണ്ണേ അത്തണോ ജീഹം ധാരിദും. താ ജാവ സോ രാആ ധമ്മാസണഗദോ ഇദോ ആഅച്ഛഇ, ദാവ ഇമസ്സിം വിരളജണസംവാദേ ദേവച്ഛന്ദഅപ്പാസാദേ ആരുഹിഅ ചിട്ഠിസ്സം. (പരിക്രമ്യോപവിശ്യ പാണിഭ്യാം മുഖം പിധായ സ്ഥിതഃ) [ഹീ ഹീ ഭോഃ! നിമന്ത്രണികഃ പരമാന്നേനേവ രാജരഹസ്യേന സ്ഫുടൻ നശക്നോമി ജനാകീർണ്ണേ ആത്മനോ ജിഹ്വാം ധാരയിതും. തദ്യാവൽ സ രാജാ ധർമ്മാസനഗത ഇത ആയാതി, താവദേതസ്മിൻ വിരളജനസംപാതേ ദേവച്ഛന്ദകപ്രാസാദ ആരുഹ്യ സ്ഥാസ്യാമി]

(തതഃ പ്രവിശതി ചേടീ)

ഉൎവ്വശി— (കൊതിയോടെ രാജാവിനെ നോക്കിക്കൊണ്ടു്) ഈ ഉപകാരിയെ വീണ്ടും കാണാൻ പററുമോ?

(ഗന്ധൎവ്വനോടും സഖികളോടും കൂടെ പോകുന്നു)

രാജാവു്— (ഉൎവ്വശി പോയ വഴിയിലേയ്ക്കു മുഖമുയൎത്തിനോക്കീട്ടു്) കഷ്ടം! കിട്ടാത്തതിൽ ആശ വെപ്പിക്കുന്നവനാണു് കാമദേവൻ.

ഈ ദേവസുന്ദരി അച്ഛന്റെ* നടുവിലത്തെ പാദവിന്യാസസ്ഥാനമായ ആകാശത്തിലേക്കു ഉയരുമ്പോൾ രാജഹംസി താമരവളയത്തിൽ നിന്നു അതിന്റെ നൂലിനെയെന്നപോലെ എന്റെ ശരീരത്തിൽനിന്നു മനസ്സിനെ ബലമായി വലിച്ചുകൊണ്ടുപോകുന്നു. 20

(എല്ലാവരും പോകുന്നു)

ഒന്നാമങ്കം കഴിഞ്ഞു

രണ്ടാമങ്കം

പ്രവേശകം

(അനന്തരം വിദൂഷകൻ പ്രവേശിക്കുന്നു)

വിദൂഷകൻ— അയ്യയ്യോ! സദ്യയുണ്ടവൻ പായസം കൊണ്ടെന്നപോലെ രാജരഹസ്യംകൊണ്ടു വീൎപ്പുമുട്ടിയിട്ടു് എനിക്കു നാവടക്കിനിൎത്താൻ ആവുന്നില്ല. അതുകൊണ്ടു തോഴൻ ആസ്ഥാനമണ്ഡപത്തിൽനിന്നു എഴുന്നേല്ക്കുന്നതുവരെ ആൾത്തിരക്കില്ലാത്ത ഈ ദേവച്ഛന്ദകപ്രാസാദത്തിൽ കയറിയിരിക്കാം.

(ചുററിനടന്നു കൈകളെക്കൊണ്ടു വായ പൊത്തി ഇരിക്കുന്നു)

(അനന്തരം ചേടി പ്രവേശിക്കുന്നു)

---

* ഉൎവ്വശിയുടെ അച്ഛനായ നാരായണമുനിയും മഹാബലിയോടു ലോകങ്ങളെല്ലാം മൂന്നടിയായി അളന്നെടുത്ത വാമനമൂൎത്തിയും ഒരേ വിഷ്ണുവിന്റെ അവതാരങ്ങളാകയാൽ ആ വാമനനും നാരായണനും ഒന്നാണെന്നു കല്പിച്ചിരിക്കുന്നു. ആകാശം വിഷ്ണുവിന്റെ രണ്ടാമത്തെ പാദവിന്യാസസ്ഥാനമാണെന്നു കാളിദാസൻ ശാകുന്തളത്തിലും പറഞ്ഞിട്ടുണ്ടു്.

തസ്യ ദ്വിതീയഹരിവിക്രമനിസ്തമസ്കം
വായോരിദം പരിവഹസ്യവദന്തിമാൎഗ്ഗം. (ശാകു—7/6)

ചേടീ— ആണത്തംഹി ദേവീഏ കാസിരാഅദുഹിദാഏ, ജധാ-‘ഹഞ്ജേ ണിഉണിഏ! ജദോ പഹുദി ഭഅവദോ സുജ്ജസ്സ ഉഅത്ഥാണം കദുഅ പഡിണിഉത്തോ മഹാരാഓ, തദോ പഹുദി സുണ്ണഹിഅഓ വിഅ ലക്ഖീഅദി. താ തുമം വിദാവ പിഅവഅസ്സാദോ അജ്ജമാണവആദോ ജാണാഹി സേ ഉക്കണ്ഠാകാലണം’ത്തി. താ കഹം സോ ബംഹബന്ധു അദിസംധാദവ്വോ? അഹവാ, തണഗ്ഗലഗ്ഗം വിഅ അവസ്സാഅസലിലം ണ തസ്സിം രാഅരഹസ്സം ചിരം ചിട്ഠദിത്തി തക്കേമി. താ ജാവ ണം അണ്ണേസാമി. (പരിക്രമ്യാവലോക്യ ച) അമ്മോ! ആലേക്ഖവാണരോ വിഅ ണിഹുദോ അജ്ജമാണവഓ ചിട്ഠദി. താ ജാവ ണം ഉവസപ്പാമി. (ഉപസൃത്യ) അജ്ജ! വന്ദാമി. [ആജ്ഞപ്താസ്മി ദേവ്യാ കാശിരാജദുഹിത്രാ, യഥാ-‘ഹഞ്ജേ നിപുണികേ! യതഃ പ്രഭൃതി ഭഗവതഃ സൂര്യ്യസ്യോപസ്ഥാനം കൃത്വാ പ്രതിനിവൃത്തോ മഹാരാജസ്തതഃ പ്രഭൃതി ശൂന്യഹൃദയ ഇവ ലക്ഷ്യതേ. തൽ ത്വമപി താവൽ പ്രിയവയസ്യാദാര്യ്യമാണവകാജ്ജാനീഹ്യസ്യോൽകണ്ഠാകാരണ’മിതി. തൽ കഥം സ ബ്രഹ്മബന്ധുരതിസന്ധാതവ്യഃ? അഥവാ, തൃണാഗ്രലഗ്നമിവാവശ്യായസലിലം ന തസ്മിൻ രാജരഹസ്യം ചിരം തിഷ്ഠതീതി തർക്കയാമി. തദ്യാവദേനമന്വേഷയാമി. അഹോ! ആലേഖ്യവാനര ഇവ നിഭൃത ആര്യ്യമാണവകസ്തിഷ്ഠതി. തദ്യാവദേനമുപസർപ്പാമി. ആര്യ്യ! വന്ദേ]

വിദൂഷകഃ— സോത്ഥി ഭോദീഏ. (ആത്മഗതം) ഏദം ദുട്ഠചേടിഅം പേക്ഖിഅ തം രാഅരഹസ്സം ഹിഅഅം ഭിന്ദിഅ ണിക്കമെദി വിഅ. (പ്രകാശം) ഭോദി ണിഉണിഏ! സംഗീദവാവാരം ഉജ്ഝിഅ കഹിം പത്ഥിദാസി? [സ്വസ്തി ഭവത്യൈ. ഏതാം ദുഷ്ടചേടികാം പ്രേക്ഷ്യ തദ്രാജരഹസ്യം ഹൃദയം ഭിത്ത്വാ നിഷ്ക്രാമതീവ. ഭവതി നിപുണികേ! സംഗീതവ്യാപാരമുജ്ഝിത്വാ കുത്ര പ്രസ്ഥിതാസി?]

ചേടീ— ദേവീഏ വഅണേണ അജ്ജം ഏവ്വ പേക്ഖിദും. [ദേവ്യാ വചനേനാര്യ്യമേവ പ്രേക്ഷിതും]

വിദൂഷകഃ— കിം തത്തഭോദീ ആണവേദി? [കിം തത്രഭവത്യാജ്ഞാപയതി?]

ചേടീ— ദേവീ ഭണാദി, ജധാ— ‘അജ്ജസ്സ മമ ഉഅരി അദക്ഖിണ്ണം. ണ മം അണുഇദവേഅണാദുക്ഖിദം അവലോഅദി’ത്തി [ദേവീ ഭണതി, യഥാ—‘ആര്യ്യസ്യ മമോപരി അദാക്ഷിണ്യം. ന മാമനുചിതവേദനാദുഃഖിതാമവലോകയതീ’തി]

വിദൂഷകഃ— ണിഉണിഏ! കിം വാ പിഅവഅസ്സേണ തത്തഭോദീഏ പഡിഊലം കിംപി സമാചരിദം? [നിപുണികേ! കിം വാ പ്രിയവയസ്യേന തത്രഭവത്യാഃ പ്രതികൂലം കിമപി സമാചരിതം?]

ചേടി— തമ്പുരാട്ടി കാശിരാജപുത്രി എന്നോടു കല്പിച്ചു— എടീ, നിപുണികേ! 'സൂര്യനെ സേവിച്ചു മടങ്ങിവന്നതു മുതല്ക്കു് ആര്യപുത്രനു ഒന്നിലും ശ്രദ്ധയില്ലാത്തപോലെ കാണുന്നു. അതുകൊണ്ടു് അദ്ദേഹത്തിന്റെ ഇഷ്ടതോഴനായ മാണവകനെക്കണ്ടു് അദ്ദേഹത്തിന്റെ മനോവിചാരത്തിനു കാരണമെന്തെന്നു് അറിഞ്ഞുവരു' എന്നു്. എങ്ങിനെയാണു് ആ പൂണൂൽക്കാരനെ പററിക്കുക? അല്ലെങ്കിൽ, പുല്ലിൻതുമ്പത്തു മഞ്ഞുനീർത്തുള്ളിപോലെ അയാളിൽ രാജരഹസ്യം അധികനേരം തങ്ങിനില്ക്കില്ല എന്നു ഞാൻ ഊഹിക്കുന്നു. അയാളെവിടെയാണെന്നു് അന്വേഷിക്കട്ടെ. (ചുററിനടന്നു നോക്കിയിട്ടു്) ഇതാ ചിത്രത്തിലെഴുതിയ വാനരനെപ്പോലെ ആര്യമാണവകൻ ഒന്നും മിണ്ടാതെ ഇരിക്കുന്നു. അടുത്തു ചെല്ലുകതന്നെ. (അടുത്തുചെന്നു്) ആര്യ്യ! വന്ദനം.

വിദൂഷകൻ— നിനക്കു നന്നായി വരട്ടെ. (വിചാരം) ഈ ഏട്ഠ ചേടിയെ കണ്ടിട്ടു് ആ രാജരഹസ്യം ഹൃദയത്തിൽനിന്നു പൊട്ടിപ്പുറപ്പെടുന്നതുപോലെ തോന്നുന്നു. (വെളിവായി) നിപുണികേ! പാട്ടുവിട്ടെവിടേയ്ക്കാണു് പുറപ്പെട്ടിരിക്കുന്നതു്?

ചേടി— തമ്പുരാട്ടി പറഞ്ഞിട്ടു ആര്യ്യനെക്കാണാൻതന്നെ.

വിദൂഷകൻ— ശ്രീമതിയെന്താണു് കല്പിക്കുന്നതു്?

ചേടി— തമ്പുരാട്ടി പറയുന്നു— 'ആര്യ്യനു് എന്റെ പേരിൽ സ്നേഹമില്ല. അനുചിതമായ വേദനകൊണ്ടു ദുഃഖിക്കുന്ന എന്നെ വന്നു കാണുന്നില്ലല്ലോ' എന്നു്.

വിദൂഷകൻ— നിപുണികേ! തോഴർ ശ്രീമതിക്കു് എന്തെങ്കിലും അനിഷ്ടം ചെയ്തുവോ?

ചേടീ— ജണ്ണിമിത്തം ഉണ ഭട്ടാ ഉക്കണ്ഠിദോ, താഏ ഇത്ഥിആഏ ണാമേണ ഭട്ടിണാ ദേവീ ആലവിദാ. [യന്നിമിത്തം പുനർഭർത്താ ഉൽക്കണ്ഠിതഃ, തസ്യാഃ സ്ത്രിയാ നാമ്നാ ഭർത്രാ ദേവീ ആലപിതാ]

വിദൂഷകഃ— (സ്വഗതം) കഹം സഅം ഏവ്വ തത്തഭോദാ രഹസ്സഭേദോ കിദോ? കിം ദാണിം അഹം ബംഹണോ ജീഹം രക്ഖിദും സമത്ഥോംഹി? (പ്രകാശം) കിം തത്തഭോദാ ഉവ്വസീണാമധേഏണ ആമന്തിദാ? [കഥം സ്വയമേവ തത്രഭവതാ വയസ്യേന രഹസ്യഭേദഃ കൃതഃ? കിമിദാനീമഹം ബ്രാഹ്മണോ ജിഹ്വാം രക്ഷിതും സമർത്ഥോ/സ്മി? കിം തത്രഭവതാ ഉർവ്വശീനാമധേയേനാമന്ത്രിതാ?]

ചേടീ— അജ്ജ! കാ സാ ഉവ്വസീ? [ആര്യ കാ സാ ഉർവ്വശീ?]

വിദൂഷകഃ— അത്ഥി ഉവ്വസി ത്തി അച്ഛരാ. താഏ ദംസണേണ ഉമ്മാദിദോ, ണ കേവലം തം ആആസേദി; മം വി ബംഹണം അസിദവ്വവിമുഹം ദിഢം പീഡേദി. [അസ്ത്യുർവ്വശീത്യപ്സരാഃ. തസ്യാ ദർശനേനോന്മാദിതോ, ന കേവലം താമായാസയതി; മാമപി ബ്രാഹ്മണമശിതവ്യവിമുഖം ദൃഢം പീഡയതി]

ചേടീ— (സ്വഗതം) ഉപ്പാദിദോ മഏ ഭേദോ ഭട്ടിണോ രഹസ്സദുഗ്ഗസ്സ. (പ്രകാശം) അജ്ജ! കിം ദാവ ദേവീഏ ണിവേദേമി? [ഉൽപാദിതോ മയാ ഭേദോ ഭർത്തു രഹസ്യദുർഗസ്യ. ആര്യ! കിം താവദ്ദേവ്യൈ നിവേദയാമി?]

വിദൂഷകഃ— ണിഉണിഏ! വിണ്ണാവേഹി കാസിരാഅദുഹിദരം–'ജദാമി ദാവ ഇമാഏ മിഅതിൺഹിആഏ വസസ്സം ണിവത്താവേദും. തദോ ദേവീഏ മുഹകമലം പേക്ഖിസ്സം' ത്തി. (നിപുണികേ! വിജ്ഞാപയ കാശിരാജദുഹിതരം– 'യതേ താവദേതസ്യാ മൃഗതൃഷ്ണികായാ വയസ്യം നിവർത്തയിതും. തതോ ദേവ്യാ മുഖകമലം പ്രേക്ഷിഷ്യേ' ഇതി)

ചേടീ— ജം അജ്ജോ ആണവേദി. [യദാര്യ ആജ്ഞാപയതി]

(ഇതി നിഷ്ക്രാന്താ)

(നേപഥ്യേ വൈതാളികഃ)

ജയതു ജയതു ദേവഃ.

ആ ലോകാന്താൽ പ്രതിഹതതമോവൃത്തിരാസാം പ്രജാനാം
തുല്യോദ്യോഗസ്തവ ച സവിതുശ്ചാധികാരോ മതോ നഃ
തിഷ്ഠത്യേകഃ ക്ഷണമധിപതിർജ്യോതിഷാം വ്യോമമധ്യേ
ഷഷ്ഠേ കാലേ ത്വമപി ലഭസേ ദേവ! വിശ്രാന്തിമഹ്നഃ. 1

വിദൂഷകഃ— (കണ്ണം ദത്വാ) ഏസോ ഉണ പിഅവഅസ്സോ ധമ്മാസണസമുത്ഥിദോ ഇദോ ഏവ്വ ആഅച്ഛദി. താ ജാവ പാസപഢിവത്തീ ഹോമി. (നിഷ്ക്രാന്തഃ) [ഏഷ പുനഃ പ്രിയവയസ്യോ ധർമ്മാസനസമുത്ഥിത ഇത ഏവാഗച്ഛതി. തദ്യാവൽ പാർശ്വപരിവർത്തീ ഭവാമി]

ഇതി പ്രവേശകഃ

ചേടി— ആരെക്കുറിച്ചാണോ തമ്പുരാൻ വിചാരപ്പെട്ടുകൊണ്ടിരിക്കുന്നതു്, ആ സ്ത്രീയുടെ പേരുകൊണ്ടു തമ്പുരാട്ടിയെ വിളിച്ചു.

വിദൂഷകൻ— (വിചാരം) എന്തു്? അവിടന്നു തന്നത്താൻ രഹസ്യം പൊളിച്ചുവോ? ബ്രാഹ്മണനായ എനിക്കുണ്ടോ പിന്നെ നാവിനെ അടക്കിനിൎത്താനാവുന്നു? (വെളിവായി) എന്താ, അവിടന്നു് ഉൎവ്വശി! എന്നു വിളിച്ചുവോ?

ചേടി— ആൎയ്യ! ഏതാണു് ആ ഉൎവ്വശി?

വിദൂഷകൻ— ഉൎവ്വശി എന്നൊരു ദേവാംഗനയുണ്ടു്. അവളെക്കണ്ടു ഭ്രാന്തു പിടിച്ചിട്ടു തോഴർ ദേവിയെ മാത്രമല്ല വിഷമിപ്പിക്കുന്നുള്ളു. ഭക്ഷണത്തിനു താൽപര്യമില്ലാതെ ബ്രാഹ്മണനായ എന്നെയും ക്ലേശീപ്പിക്കുന്നുണ്ടു്.

ചേടി— (വിചാരം) തമ്പുരാന്റെ രഹസ്യക്കോട്ട ഞാൻ പൊളിച്ചു. (വെളിവായി) ആൎയ്യ! എന്താണു് ഞാൻ തമ്പുരാട്ടിയെ അറിയിക്കേണ്ടതു്?

വിദൂഷകൻ— നിപുണികേ! ശ്രീമതിയെ അറിയിക്കൂ— 'ഞാൻ തോഴരെ ആ മൃഗതൃഷ്ണയിൽനിന്നു പിന്തിരിക്കാൻ നോക്കുന്നുണ്ടു്. അതിനു ശേഷം ദേവിയെ വന്നു കണ്ടുകൊള്ളാം' എന്നു്.

ചേടി— ആൎയ്യന്റെ കല്പനപോലെ.

(പോകുന്നു)

(അണിയറയിൽ സ്തുതിപാഠകൻ)

ജയിക്കട്ടെ, മഹാരാജാവു ജയിക്കട്ടെ.

ഞങ്ങളുടെ അഭിപ്രായത്തിൽ അവിടുന്നും സൂര്യനും ഒരുപോലെ തന്റെ കൎമ്മം നിൎവ്വഹിക്കുന്നു. ലോകത്തിന്റെ അറ്റംവരെ അവിടുന്നു പ്രജകളുടെ (അകത്തുള്ള) ഇരുട്ടു —ദുഃഖം— അകറ്റുന്നതുപോലെ സൂര്യൻ (പുറത്തുള്ള) ഇരുട്ടു അകറ്റുന്നു. ഗ്രഹനക്ഷത്രാദികളുടെയെല്ലാം അധിപതിയായ ഒരാൾ കുറച്ചുനേരം ആകാശമദ്ധ്യത്തിൽ വിശ്രമിക്കുന്നതുപോലെ അങ്ങും പകലിന്റെ ആറിലൊന്നുവരുന്ന സമയം വിശ്രമം കൊള്ളുന്നു. 1

വിദൂഷകൻ— (ചെവികൊടുത്തിട്ടു്) ഇതാ പ്രിയവയസ്യൻ ആസ്ഥാനമണ്ഡപത്തിൽ നിന്നെഴുന്നേറ്റു ഇങ്ങോട്ടു വരുന്നു. അടുക്കൽ ചെന്നുകൂടുക തന്നെ. (പോകുന്നു)

പ്രവേശകം കഴിഞ്ഞു

(തതഃ പ്രവിശത്യുൽക്കണ്ഠിതോ രാജാ വിദൂഷകശ്ച)

രാജാ—

ആദർശനാൽ പ്രവിഷ്ടാ സാ മേ സുരലോകസുന്ദരീഹൃദയം
ബാണേന മകരകേതോഃ കൃതമാർഗ്ഗമവന്ധ്യപാതേന. 2

വിദൂഷകഃ— (ആത്മഗതം) സപീഡാ ക്ഖു ജാദാ തത്തഭോദീ കാസിരാഅദുഹിദാ. [സപീഡാ ഖലു ജാതാ തത്രഭവതീ കാശിരാജദുഹിതാ]

രാജാ— (നിരീക്ഷ്യ) അപിരക്ഷ്യതേ ഭവതാ രഹസ്യനിക്ഷേപഃ?

വിദൂഷകഃ— (ആത്മഗതം) ഹദ്ധീ ഹദ്ധീ! വഞ്ചിദോംഹി ദുട്ഠദാസീ എ ണിഉണിആഏ. അണ്ണധാ കധം ഏവ്വം പുച്ഛദി വഅസ്സോ? [ഹാ ധിക് ഹാ ധിക്! വഞ്ചിതോഽസ്മി ദുഷ്ടദാസ്യാ നിപുണികയാ. അന്യഥാ കഥമേവം പൃച്ഛതി വയസ്യഃ?]

രാജാ— കിം ഭവാംസ്തുഷ്ണീമാസ്തേ?

വിദൂഷകഃ— ഭോ! ഏവ്വം മഏ ജീഹാ സംജന്തിദാ, ജേണ ഭവദോ വി ണത്ഥി പദിവഅണം. [ഭോഃ! ഏവം മയാ ജിഹ്വാ സംയന്ത്രിതാ, യേന ഭവതോഽപി നാസ്തി പ്രതിവചനം]

രാജാ— യുക്തം. അഥ കേനേദാനീമാത്മാനം വിനോദയാമി?

വിദൂഷകഃ— ഭോ! മഹാണസം ഗച്ഛംഹ. [ഭോഃ! മഹാനസം ഗച്ഛാവഃ]

രാജാ— കിം തത്ര?

വിദൂഷകഃ— തഹിം പഞ്ജവിഹസ്സ അബ്ഭവഹാരസ്സ ഉവണദസംഭാരസ്സ ജോഅണം പേക്ഖമാണേഹിം സക്കം ഉക്കണ്ഠം വിണോദേദും. [തത്ര പഞ്ചവിധസ്യാഭ്യവഹാരസ്യോപനതസംഭാരസ്യ യോജനാം പ്രേക്ഷമാണാഭ്യാം ശക്യമുൽക്കണ്ഠാം വിനോദയിതും]

രാജാ— തത്രേപ്സിതസംനിധാനാൽ ഭവാൻ രംസ്യതേ. മയാ ഖലു ദുർല്ലഭപ്രാർത്ഥനഃ കഥമാത്മാ വിനോദയിതവ്യഃ?

വിദൂഷകഃ— ണം ഭവം വി തത്തഭോദീഏ ഉവ്വസീഏ ദംസണപഹം ഗദോ. [നനു ഭവാനപി തത്രഭവത്യാ ഉർവ്വശ്യാ ദർശനപഥം ഗതഃ]

രാജാ— തതഃ കിം?

വിദൂഷകഃ— ണ ക്ഖു ദേ ദുല്ലഹ ത്തി തക്കേമി. [ന ഖലു തേ ദുർല്ലഭേതി തർക്കയാമി]

രാജാ— പക്ഷപാതോഽയമവധാര്യ്യതാം.

വിദൂഷകഃ— ഏവ്വം മന്തഅന്തേണ മേ വഢ്ഢിതം കോദൂഹലം. കിം തത്തഭോദീ ഉവ്വസീ അദ്ദുദീആ രൂവേണ? അഹം വിഅ വിരൂവദാഏ. [ഏവം മന്ത്രയതാ മമ വർധിതം കൌതൂഹലം. കിം തത്രഭവത്യുർവ്വശ്യ ദ്വിതീയാ രൂപേണ? അഹമിവ വിരൂപതയാ]

(അനന്തരം ഉൽക്കണ്ഠിതനായ രാജാവും വിദൂഷകനും പ്രവേശിക്കുന്നു)

രാജാവ്— കണ്ട ഉടനെ ആ ദേവലോകസുന്ദരി, പാഴാകാത്ത കാമദേവൻെറ അമ്പേററിട്ടുണ്ടായ വഴിയിലൂടെ എൻെറ ഹൃദയത്തിൽ കടന്നുകൂടിയിരിക്കുന്നു. 2

വിദൂഷകൻ— (വിചാരം) പാവം കാശിരാജപുത്രിക്കു മനസ്സിനു തീരെ സുഖമില്ലാതായിരിക്കുന്നു.

രാജാവ്— (നോക്കിയിട്ട്) നമ്മുടെ രഹസ്യം താൻ നിധിപോലെ സൂക്ഷിക്കുന്നുണ്ടല്ലോ.

വിദൂഷകൻ— (വിചാരം) കഷ്ടം കഷ്ടം! ദുഷ്ടദാസി നിപുണിക എന്നെ ചതിച്ചു. അല്ലെങ്കിൽ തോഴർ ഇങ്ങനെ ചോദിക്കുമോ?

രാജാവ്— എന്താണ് താൻ മിണ്ടാതിരിക്കുന്നത്?

വിദൂഷകൻ— തോഴരേ! ഇങ്ങിനെയാണ് ഞാൻ നാവടക്കിവെച്ചിരിക്കുന്നത്. അതാണവിടുത്തോടുപോലും മറുപടി പറയാത്തത്.

രാജാവ്— ശരി. ഇനി എങ്ങനെയാണ് മനസ്സിനെ വിനോദിപ്പിക്കേണ്ടത്?

വിദൂഷകൻ— അടുക്കളയിലേക്കു പോകാം.

രാജാവ്— അവിടെയെന്തുണ്ട്?

വിദൂഷകൻ— അവിടെ അഞ്ചുവിധം ഭക്ഷണസാധനങ്ങൾ കൂട്ടുകൂട്ടി തയ്യാറാകുന്നതു കണ്ടുകൊണ്ടിരുന്നാൽ മനസ്സിലെ ഉൽക്കണ്ഠയ്ക്കു കുറച്ചൊരാശ്വാസമുണ്ടാവും.

രാജാവ്— അവിടെ ഇഷ്ടപ്പെട്ടവയുള്ളതുകൊണ്ടു തനിക്കു രസിക്കാം. എൻെറ ആഗ്രഹം സാധിക്കാൻ പ്രയാസമാണ്. അങ്ങിനെയുള്ള എൻെറ മനസ്സിനെ എങ്ങിനെ വിനോദിപ്പിക്കാം?

വിദൂഷകൻ— ശ്രീമതി ഉർവ്വശി അവിടത്തെ കണ്ടിട്ടുണ്ടല്ലോ.

രാജാവ്— അതുകൊണ്ടെന്താണ്?

വിദൂഷകൻ— അവളെ ലഭിക്കാൻ പ്രയാസമുണ്ടാവില്ലെന്നാണ് ഞാൻ കരുതുന്നത്.

രാജാവ്— ഇതു എൻെറ പേരിലുള്ള പക്ഷപാതംകൊണ്ടു തോന്നുന്നതാണ്.

വിദൂഷകൻ— ഇങ്ങനെ പറയുന്നതു കേൾക്കുമ്പോൾ എനിക്കും വല്ലാത്ത കൌതുകം തോന്നുന്നു. സൌന്ദര്യത്തിൽ ശ്രീമതി ഉർവ്വശി എതിരില്ലാത്തവളാണോ? വൈരൂപ്യത്തിൽ ഞാനെന്നപോലെ.

രാജാ— മാണവക! പ്രത്യവയവമശക്യവർണ്ണനാം താമവേഹി. തേനഹി സമാസതഃ ശ്രൂയതാം.

വിദൂഷകഃ— ഭോ! അവഹിദോമ്ഹി. [ഭോഃ! അവഹിതോഽസ്മി]

രാജാ—

ആഭരണസ്യാഭരണം. പ്രസാധനവിധേഃ പ്രസാധനവിശേഷഃ
ഉപമാനസ്യാപി സഖേ! പ്രത്യുപമാനം, വപുസ്തസ്യാഃ. 3

വിദൂഷകഃ— അദോ ക്ഖു ഭവദാ ദിവ്വരസാഹിലാസിണാ ചാദഅവ്വദം ഗഹീദം. താ ദാവ തുമം കഹിം പത്ഥിദോ? [അതഃ ഖലു ഭവതാ ദിവ്യരസാഭിലാഷിണാ ചാതകവ്രതം ഗൃഹീതം. തത്താവൽ ത്വം കുത്ര പ്രസ്ഥിതഃ?]

രാജാ— വിവിക്താദൃതേ നാന്യദുത്സുകസ്യ ശരണമസ്തി. തൽ ഭവാൻ പ്രമദവനമാർഗ്ഗമാദേശയതു.

വിദൂഷകഃ— (ആത്മഗതം) കാ ഗദീ? (പ്രകാശം) ഇദോ ഇദോ ഭവം. [കാ ഗതിഃ? ഇത ഇതോ ഭവാൻ]

(ഇതി പരിക്രാമതഃ)

വിദൂഷകഃ— ഏദേണ പമദവണണോദിദേണ വിഅ പച്ചുഗ്ഗദോ ഭവം ആഅന്തുഓ ദക്ഖിണമാരുദേണ. [ഏതേന പ്രമദവനനോദിതേനേവ. പ്രത്യുൽഗ്ഗതോ ഭവാനാഗന്തുകോ ദക്ഷിണമാരുതേന]

രാജാ— (വിലോക്യ) ഉപപന്നം വിശേഷണമസ്യ വായോഃ. അയം ഹി—

നിഷിഞ്ചൻ മാധവീമേതാം ലതാം കൌന്ദീം ച ലാസയൻ
സ്നേഹദാക്ഷിണ്യയോർയ്യോഗാൽ കാമീവ പ്രതിഭാതി മേ. 4

വിദൂഷകഃ— ഈരിസോ ഏവ്വ ദേ അഹിണിവേസോ. (ഇതി പരിക്രാമൻ) ഏദം പമദവണം. പവിസദു ഭവം. [ഈദൃശ ഏവ തേഽഭിനിവേശഃ! ഏതൽ പ്രമദവനം. പ്രവിശതു ഭവാൻ]

രാജാ— വയസ്യ. പ്രവിശാഗ്രതഃ.

(ഉഭൌ പ്രവേശം നാടയതഃ)

രാജാ— (അഗ്രതോ വിലോക്യ) വയസ്യ! ന മയാ സാധു സമർത്ഥിതമാപൽപ്രതികാരഃ കില മമോദ്യാനപ്രവേശ ഇതി.

വിദൂഷകഃ— കഹം വിഅ? (കഥമിവ?)

രാജാ—

ഇദമസുലഭവസ്തുപ്രാർത്ഥനാദുർന്നിവാരം
പ്രഥമമപി മനോ മേ പഞ്ചബാണഃ ക്ഷിണോതി
കിമുത, മലയവാതോന്മൂലിതാപാണ്ഡുപത്രൈ-
രുപവനസഹകാരൈർദർശിതേഷ്വങ്കുരേഷു. 5

രാജാവ്— മാണവക! അവളുടെ ഓരോ അവയവവും വർണ്ണിക്കാൻ പ്രയാസമാണ്. അതുകൊണ്ടു ചുരുക്കിപ്പറയാം. കേട്ടുകൊള്ളു.

വിദൂഷകൻ— ഓ, ശ്രദ്ധിച്ചു കേൾക്കാം.

രാജാവ്— സഖേ! അവളുടെ ശരീരം ആഭരണത്തിന്നാഭരണമാണ്, തൊടുകുറിക്കു തൊടുകുറിയാണ്, ഉപമാനത്തിനു പ്രത്യുപമാനമാണ്. 3

വിദൂഷകൻ— അതുകൊണ്ടുതന്നെയാണവിടന്നു ദിവ്യരസം കൊതിച്ചു വേഴാമ്പലിന്റെ വ്രതമെടുത്തിട്ടുള്ളത്. എന്നിട്ട് അവിടന്ന് ഇപ്പോൾ എവിടേക്കാണ് പുറപ്പെടുന്നത്?

രാജാവ്— തോഴരേ! ഉൽക്കണ്ഠിതമായ മനസ്സിനു വിജനസ്ഥലമല്ലാതെ വേറെ രക്ഷയില്ല. അതുകൊണ്ടു താൻ പൂന്തോട്ടത്തിലേയ്ക്കു വഴി കാണിക്കു.

വിദൂഷകൻ— (വിചാരം) എന്തു നിവൃത്തി? (വെളിവായി) അവിടുന്നു ഇതിലേ ഇതിലേ.

(രണ്ടുപേരും ചുററിനടക്കുന്നു)

വിദൂഷകൻ— ഉദ്യാനം പ്രേരിപ്പിച്ചിട്ടെന്നപോലെ ഇതാ ദക്ഷിണമാരുതൻ അതിഥിയായ അവിടുത്തെ എതിരേല്ക്കുന്നു.

രാജാവ്— (നോക്കിയിട്ട്) ഈ കാററിനു ദക്ഷിണൻ എന്ന വിശേഷണം യോജിച്ചതുതന്നെ. ഇവൻ—

ഈ നറുമല്ലയെ കുളിർപ്പിച്ചും കുരുക്കുത്തിമുല്ലയെ നൃത്തം വെപ്പിച്ചും സ്നേഹദാക്ഷിണ്യങ്ങൾ കാണിക്കുകയാൽ ഒരു കാമിയെന്നപോലെ എനിക്കു തോന്നുന്നു. 4

വിദൂഷകൻ— ഇതുപോലെതന്നെയാണ് അവിടത്തെ ആഗ്രഹം. (ചുററിനടക്കുന്നു) ഇതാ ഉദ്യാനം. അവിടുന്നു പ്രവേശിച്ചാലും.

രാജാവ്— തോഴരേ! താൻ മുമ്പിൽ നടക്കു.

(രണ്ടുപേരും പ്രവേശിക്കുന്നതായി നടിക്കുന്നു)

രാജാവ്— [മുന്നോട്ടു നോക്കീട്ടു] തോഴരേ! ഉദ്യാനത്തിൽ പ്രവേശിച്ചാൽ എനിക്ക് മനോവിഷമത്തിനു പരിഹാരമുണ്ടാകുമെന്നു കരുതിയതു ശരിയായില്ല.

വിദൂഷകൻ— എന്തുകൊണ്ട്?

രാജാവ്— കിട്ടാത്തവസ്തു ആശിച്ചു കുതിക്കുന്ന മനസ്സിനെ അഞ്ചമ്പൻ ആദ്യമേ ദുർബ്ബലമാക്കിക്കൊണ്ടിരിക്കുന്നു. തെക്കൻകാറേററ് പഴുത്ത ഇലകൾ കൊഴിഞ്ഞിട്ടുള്ള ഉദ്യാനത്തിലെ തേന്മാവുകൾ കുരുന്നുകൾ കാണിച്ചാൽ പിന്നെ പറയാനുണ്ടോ? 5

വിദൂഷകഃ— അലം പരിദേവിദേണ. അഇരേണ ഇട്ഠസമ്പാദണേണ അണംഗോ എവ്വ ദേ സഹാഓ ഭവിസ്സദി. [അലം പരിദേവിതേന. അചിരേണേഷ്ടസമ്പാദനേനാനംഗ ഏവ തേ സഹായോ ഭവിഷ്യതി]

രാജാ— പ്രതിഗൃഹീതം ബ്രാഹ്മണവചനം.

(ഇതി പരിക്രാമതഃ)

വിദൂഷകഃ— പേക്ഖദു ഭവം വസന്താവദാരസൂഅഅം അഹിരാമത്തണം പമദവണസ്യ. [പ്രേക്ഷതാം ഭവാൻ വസന്താവതാരസൂചകമഭിരാമത്വം പ്രമദവനസ്യ]

രാജാ— നനു പ്രതിപാദപമേവാവലോകയാമി. അത്ര ഹി—

അഗ്രേ സ്ത്രീനഖപാടലം കുരവകം ശ്യാമം ദ്വയോർഭാഗയോ
രക്താശോകമുപോഢരാഗസുഭഗം ഭേദോന്മുഖം തിഷ്ഠതി
ഈഷദ്ബദ്ധരജഃകണാഗ്രകപിശാ ചൂതേ നവാ മഞ്ജരീ
മുഗ്ദ്ധത്വസ്യ ച യൌവ്വനസ്യ ച സഖേ! മദ്ധ്യേ മധുശ്രീഃസ്ഥിതാ. 6

വിദൂഷകഃ— ഭോ! ഏസോ ക്ഖു മണിസിലാപട്ടഅസണാഹോ അദിമുത്തലദാമണ്ഡവോ ഭമരസംഘട്ടപഡിദേഹിം കുസുമേഹിം സഅം വിഅ കിദോവആരോ ഭവന്തം പഡിച്ഛദി. താ അണഗേൺഹിഅദു ദാവ ഏസോ. [ഭോഃ! ഏഷ ഖലു മണിശിലാപട്ടകസനാഥോഽതിമുക്തലതാമണ്ഡപോ ഭ്രമരസംഘട്ടപതിതൈഃ കുസുമൈഃ സ്വയമിവ കൃതോപചാരോ ഭവന്തം പ്രതീച്ഛതി. തദനുഗൃഹ്യതാം താവദേഷഃ]

രാജാ— യഥാ ഭവതേ രോചതേ.

(പരിക്രമ്യോപവിശതഃ)

വിദൂഷകഃ— ദാണിം ഇഹ സുഹാസീണോ ഭവം ലളിദലദാവിലോഹിഅമാണണഅണോ ഉവ്വസീഗദം ഉക്കണ്ഠം വിണോദേദു. [ഇദാനീമിഹ സുഖാസീനോ ഭവാംല്ലളിതലതാവിലോക്യമാനനയന ഉർവ്വശീഗതാമുൽക്കണ്ഠാം വിനോദയതു]

രാജാ— (നിഃശ്വസ്യ)

മമ കുസുമിതാസ്വപി സഖേ! നോപവനലതാസു നമ്രവിടപാസു
ചക്ഷുർബധ്നാതി ധൃതിം തദ്രൂപാലോകദുർല്ലളിതം. 7

തദുപായശ്ചിന്ത്യതാം, യഥാ സഫലപ്രാർത്ഥനോ ഭവേയം.

വിദൂഷകൻ— വിലപിക്കാതിരിക്കു. അധികം താമസം കൂടാതെ കാമദേവൻതന്നെ ആഗ്രഹം സാധിപ്പിച്ചുതന്നു് അവിടത്തെ സഹായിയ്ക്കും.

രാജാവു്— ബ്രാഹ്മണന്റെ വാക്കു ഞാൻ സ്വീകരിച്ചു.

(രണ്ടുപേരും ചുററിനടക്കുന്നു)

വിദൂഷകൻ— അവിടുന്നു നോക്കു, വസന്തം വന്നതിനെ സൂചിപ്പിക്കുന്ന ഉദ്യാനത്തിന്റെ ഭംഗി.

രാജാവു്— ഓരോ മരത്തിലും ഞാൻ കാണുന്നുണ്ടു്. ഇവിടെ—

അററത്തു സ്ത്രീകളുടെ നഖംപോലെ, ഇളംതുടുപ്പുള്ള ചെങ്കുറുഞ്ഞിപ്പൂവിന്റെ രണ്ടുഭാഗത്തും പച്ചനിറം വിട്ടിട്ടില്ല. തുടുത്തു അഴകേന്തിയ അശോകത്തിന്റെ മൊട്ടു വിരിയാറായിരിയ്ക്കുന്നു. മാവിന്മേൽ പുതുപൂങ്കല അല്ലും പൂമ്പൊടി പൂണ്ടു തവിട്ടുനിറം കലർന്നിരിക്കുന്നു. സഖേ! വസന്തലക്ഷ്മിയിപ്പോൾ ബാല്യയൗവനങ്ങളുടെ മദ്ധ്യത്തിലാണു് സ്ഥിതിചെയ്യുന്നതു്. 6

വിദൂഷകൻ— ഇതാ മണിത്തറയോടുകൂടിയ മുല്ലപ്പന്തൽ, വണ്ടുകൾ വന്നിരുന്നു കൊഴിഞ്ഞ പൂക്കൾകൊണ്ടു് അലങ്കരിച്ചിട്ടെന്നപോലെ അവിടത്തെ കാത്തിരിയ്ക്കുന്നു. അതുകൊണ്ടു് അവിടുന്നു് അതിനെ അനുഗ്രഹിക്കു.

രാജാവു്— താങ്കളുടെ ഇഷ്ടംപോലെ.

(രണ്ടാളും ചുററിനടന്നു് ഇരിയ്ക്കുന്നു)

വിദൂഷകൻ— ഇപ്പോൾ ഇവിടെ സുഖമായിരുന്നു കോമളലതകളിൽ കണ്ണയച്ചു രസിച്ചു് ഉർവ്വശിയെക്കുറിച്ചുള്ള ഉൽക്കണ്ഠയ്ക്കാശ്വാസമുണ്ടാക്കു.

രാജാവു്— (നെടുവീർപ്പിട്ടു്)

സഖേ! അവളുടെ രൂപം കാണുന്നതിൽ കൗതുകം കൊള്ളുന്ന എന്റെ കണ്ണിനു പൂക്കൾ നിറഞ്ഞ ചില്ലകൾ ചാഞ്ഞുനില്ക്കുന്ന ഉദ്യാനലതകൾ കാണുമ്പോൾ സന്തോഷമുണ്ടാവുന്നില്ല. 7

അതുകൊണ്ടു് എന്റെ ആഗ്രഹം ഫലിക്കാനുള്ള വഴിയാലോചിക്കു.

വിദൂഷകഃ— [വിഹസ്യ] ഭോ! അഹല്ലാകാമുഅസ്സ മഹിന്ദസ്സ വജ്ജോ സചിവോ, ഉവ്വസീപജ്ജുസ്സുഅസ്സ അ ഭവദോ അഹം. ദ്ദവേവി ഏത്ഥ ഉമ്മത്തആ. [ഭോഃ! അഹല്യാകാമുകസ്യ മഹേന്ദ്രസ്യ വജ്രഃ സചിവഃ. ഉർവ്വശീപർയ്യുത്സുകസ്യ ച ഭവതോഽഹം. ദാവപ്യത്രോന്മത്തൌ]

രാജാ— മാ മൈവം. അതിസ്നേഹഃ ഖലു കാർയ്യദർശീ, തദുപായശ്ചിന്ത്യതാം.

വിദൂഷകഃ— ഏസോ ചിന്തേമി. മാ ഉണ പരിദേവിദേണ മമ സമാധിം ഭിന്ധി. [ഏഷ ചിന്തയാമി. മാ പുനഃ പരിദേവിതേന മമ സമാധിം ഭിന്ധി.] (ഇതി ചിന്താം നാടയതി)

രാജാ— (നിമിത്തം സൂചയിത്വാ സ്വഗതം)

ന സുലഭാ സകലേന്ദുമുഖീ ച സാ
കിമപി ചേദമനംഗവിചേഷ്ടിതം
അഭിമുഖീഷ്വിവ കാംക്ഷിതസിദ്ധിഷു
വ്രജതി നിർവ്വൃതിമേകപദേ മനഃ. 8

(ഇതി ജാതാശസ്തിഷ്ഠതി)

(തതഃ പ്രവിശത്യാകാശയാനേനോർവ്വശീ ചിത്രലേഖാ ച)

ചിത്രലേഖാ— ഹളാ! കഹിം ദാണിം അണിദ്ദിട്ഠകാലണം ഗച്ഛീഅദി? [ഹളാ! ക്വേദാനീമനിർദ്ദിഷ്ടകാരണം ഗമ്യതേ?]

ഉർവ്വശീ— (മദനവേദനാമഭിനീയ സലജ്ജം) സഹി! തദാ ഹേമഊഡസിഹരേ ലദാവിഡവേണ ഖണവിഗ്ഘിദാആസഗമണം മം ഓഹസിഅ കിം ദാണിം പുച്ഛസി? കഹിം ഗച്ഛീഅദി? ത്തി. [സഖി! തദാ ഹേമക്കൂടശിഖരേ ലതാവിടപേന ക്ഷണവിഘ്നിതാകാശഗമനാം മാമുപഹസ്യ കിമിദാനീം പൃച്ഛസി? ക്വ ഗമ്യതേ? ഇതി]

ചിത്രലേഖാ— കിം ണ ക്ഖു തസ്സ രാഏസിണോ പുരൂരവസ്സ സആസം പത്ഥിദാസി? [കിം ന ഖലു തസ്യ രാജർഷേഃ പുരൂരവസഃ സകാശം പ്രസ്ഥിതാസി?]

ഉർവ്വശീ— അഹ ഇം. അഅം മേ അവഹത്ഥിദലജ്ജോ വവസാഓ. [അഥ കിം. അയം മേഽപഹസ്തിതലജ്ജോ വ്യവസായഃ]

ചിത്രലേഖാ— കോ ഉണ സഹീഏ തഹിം പുഢമം പേസിദോ? [കഃ പുനഃ സഖ്യാ തത്ര പ്രഥമം പ്രേഷിതഃ?]

ഉർവ്വശീ— ണം .ഹിഅഅം. [നനു ഹൃദയം]

ചിത്രലേഖാ— തഹ വി സഅം ഏവ്വ സാഹു സംപധാരിഅദു ദാവ. [തഥാപി സ്വയമേവ സാധു സമ്പ്രധാർയ്യതാം താവൽ

വിദൂഷകൻ— (പൊട്ടിച്ചിരിച്ച്) അവിടുന്നേ! അഹല്യയെ കാമിക്കുന്ന ദേവേന്ദ്രനു സഹായം വജ്രമാണ്. ഉർവ്വശിയെ കാമിയ്ക്കുന്ന അവിടുത്തേയ്ക്കു് ഞാനും. രണ്ടാൾക്കുമില്ല തന്റേടം.

രാജാവ്— ഏയ്, അങ്ങനെയല്ല. അതിസ്നേഹമുണ്ടെങ്കിൽ കാര്യം കണ്ടെത്തും. അതുകൊണ്ട് ഉപായം ആലോചിച്ചുനോക്കൂ.

വിദൂഷകൻ— ഞാൻ ആലോചിക്കുന്നുണ്ട്. എന്നാൽ ആവലാതി പറഞ്ഞിട്ട് എന്റെ ഏകാഗ്രതയ്ക്കു തടസ്സമുണ്ടാക്കരുത്.

(ആലോചന നടിയ്ക്കുന്നു)

രാജാവ്— (ശുഭനിമിത്തമുണ്ടായതായി നടിച്ചു വിചാരം)

ആ പൂർണ്ണചന്ദ്രമുഖിയെ ലഭിക്കാൻ പ്രയാസം. എന്നാലീ കാമൻ എന്തോ പ്രവൃത്തിക്കുകയും ചെയ്യുന്നു. ഇഷ്ടസിദ്ധി അടുത്തെത്തിയതു പോലെ മനസ്സിനു പെട്ടെന്നു സുഖം തോന്നുന്നുണ്ട്. 8

(പ്രത്യാശയോടെ നില്ക്കുന്നു)

(അനന്തരം ആകാശഗതിയായി ഉർവ്വശിയും ചിത്രലേഖയും പ്രവേശിക്കുന്നു)

ചിത്രലേഖ— തോഴി! കാരണം പറയാതെ എങ്ങോട്ടാണ് പോവുന്നതു്?

ഉർവ്വശി— (കാമപാരവശ്യം നടിച്ച് ലജ്ജയോടുകൂടി.) സഖി! അന്നു ഹേമകൂടക്കൊടുമുടിയിൽവെച്ചു വള്ളിയുടെ ചില്ല എന്റെ ആകാശഗമനത്തിനു തെല്ലിട വിഘ്നമുണ്ടാക്കിയപ്പോൾ എന്നെ കളിയാക്കിയിട്ട് ഇപ്പോൾ നീ ചോദിക്കുകയാണോ? എങ്ങോട്ടാണ് പോകുന്നതു്? എന്ന്.

ചിത്രലേഖ— എന്ത്, ആ രാജർഷിയായ പുരൂരവസ്സിന്റെ അടുക്കലേക്കു പുറപ്പെട്ടിരിക്കയാണോ?

ഉർവ്വശി— അതേ, ലജ്ജ വെടിഞ്ഞുകൊണ്ടുള്ള എന്റെ പുറപ്പാടാണിതു്.

ചിത്രലേഖ— സഖി! ആരെയാണ് ആദ്യം അങ്ങോട്ടു പറഞ്ഞയച്ചിട്ടുള്ളതു്?

ഉർവ്വശി— ഹൃദയത്തെത്തന്നെ.

ചിത്രലേഖ— എന്നാലും തന്നത്താൻ നന്നായൊന്നാലോചിച്ചുറച്ചിട്ടാവാം.

ഉവ്വശീ— സഹി! മഅണോ ക്ഖു മം ണിഓഏദി. കിം എത്ഥ സംപധാരീഅദി? [സഖി! മദനഃ ഖലു മാം നിയോജയതി. കിമത്ര സമ്പ്രധാര്യ്യതേ?]

ചിത്രലേഖാ— അദോ വരം ണത്ഥി മേ വഅണം. [അതഃ പരം നാസ്തി മേ വചനം]

ഉവ്വശീ— തേണ ഹി ആദിസീഅദു മഗ്ഗോ, ജേണ തഹിം ഗച്ഛന്തീണം അന്തരാഓ ണ ഭവേ. [തേന ഹ്യാദിശ്യതാം മാർഗ്ഗോ, യേന തത്ര ഗച്ഛന്ത്യോരന്തരായോ ന ഭവേൽ]

ചിത്രലേഖാ— സഹി! വീസദ്ധാ ഹോഹി. ണം ഭഅവദാ ദേവഗുരുണാ അവരാഇദം ണാമ സിഹാബന്ധണവിജ്ജം ഉവദിസന്തേണ തിദസപഡിവക്ഖസ്സ അലംഘണിജ്ജാ കദംഹ. [സഖി! വിസ്രബ്ധാ ദവ. നനു ഭഗവതാ ദേവഗുരുണാ അപരാജിതാം നാമ ശിഖാബന്ധനവിദ്യാമുപദിശതാ ത്രിദശപ്രതിപക്ഷസ്യാലംഘനീയേ കൃതേ സ്വഃ]

ഉവ്വശീ— (സലജ്ജം) അഹോ! വിസുമരിദം മേ ഹിഅഅം. [അഹോ! വിസ്മൃതം മേ ഹൃദയം]

(ഉഭേ ഭ്രമണം രൂപയതഃ)

ചിത്രലേഖാ— സഹി! പേക്ഖ പേക്ഖ. ഏദം ഭഅവദീഏ ഭാഈരഹീഏ ജമുണാസംഗമവിസേസപാവണേസു സലിലേസു അത്താണഅം ഓലോഅംതസ്സ വിഅ പഇട്ഠാണസ്സ സിഹാഭരണഭൂദം തസ്സ രാഏസിണോ ഭവണം ഉവട്ഠിദംഹ. [സഖി! പ്രേക്ഷസ്വ പ്രേക്ഷസ്വ. ഏതൽ ഭാഗവത്യാ ഭാഗീരഥ്യാ യമുനാസംഗമവിശേഷപാവനേഷു സലിലേഷ്വാത്മാനമവലോകയത ഇവ പ്രതിഷ്ഠാനസ്യ ശിഖാഭരണഭൂതം തസ്യ രാജർഷേർ ഭവനമുപസ്ഥിതേ സ്വഃ]

ഉവ്വശീ— (സസ്പൃഹമവലോക്യ) ണം വത്തവ്വം, 'ഠാണന്തരഗദോ സഗ്ഗോ' ത്തി. (വിമൃശ്യ) സഹി! കഹിം ണു ക്ഖു സോ ആവണ്ണാണുകമ്പീ ഭവേ? [നനു വക്തവ്യം, 'സ്ഥാനാന്തരഗതഃ സ്വർഗ്ഗ' ഇതി. സഖി! ക്വ നു ഖലു സ ആപന്നാനുകമ്പീ ഭവേൽ?]

ചിത്രലേഖാ— ഹളാ! ഏദസ്സിം ണന്ദണവണേക്കദേസേ വിഅ പമദവണേ അവദരിഅ ജാണിസ്സാമോ. [ഹളാ! ഏതസ്മിന്നന്ദനവനൈകദേശ ഇവ പ്രമദവനേഽവതീര്യ്യ ജ്ഞാസ്യാവഃ]

(ഉഭേ അവതരതഃ)

ചിത്രലേഖാ— (രാജാനം ദൃഷ്ട്വാ സഹർഷം) സഹി! ഏസോ ക്ഖു പ്പഢമോദിദോ വിഅ ചന്ദോ കോമുദിം വിഅ തുമം പഡിച്ഛദി. [സഖി! ഏഷ ഖലു പ്രഥമോദിത ഇവ ചന്ദ്രഃ കൌമുദീമിവ ത്വാം പ്രതീച്ഛതി]

ഉർവ്വശി— സഖി! കാമദേവനാണെന്നോടു കല്പിക്കുന്നതു്. പിന്നെയെന്താണിവിടെ ആലോചിച്ചുറയ്ക്കാനുള്ളതു്?

ചിത്രലേഖ— ശരി. എനിക്കൊന്നും പറയാനില്ല.

ഉർവ്വശി— എന്നാൽ നമുക്കു വിഘ്നം കൂടാതെ അങ്ങോട്ടു പോവാനുള്ള വഴി കാണിച്ചുതരു.

ചിത്രലേഖ— സഖി! ഒട്ടും പേടിക്കേണ്ട. ഭഗവാൻ ദേവാചാര്യ്യൻ അപരാജിതയെന്ന മുടികെട്ടുന്ന വിദ്യ പഠിപ്പിച്ചു തന്നിട്ടു ദേവവിരോധികൾക്കു് നമ്മെ ആക്രമിക്കാൻ വയ്യാതാക്കിയിട്ടുണ്ടല്ലോ.

ഉർവ്വശി— (ലജ്ജയോടെ) ഓഹോ. അതു ഞാൻ മറന്നുപോയി.

(രണ്ടുപേരും തിരിഞ്ഞുതിരിഞ്ഞിറങ്ങുന്നതായി നടിക്കുന്നു)

ചിത്രലേഖ— സഖി! നോക്കുനോക്കു. കാളിന്ദി ചേർന്നതുകൊണ്ടു വിശേഷിച്ചും പരിപാവനമായിത്തീർന്നിട്ടുള്ള ഗംഗാജലത്തിൽ തന്റെ പ്രതിബിംബം നോക്കുകയാണോ എന്നു തോന്നുമാറു നില്ക്കുന്ന പ്രതിഷ്ഠാനനഗരത്തിന്റെ ശിരോലങ്കാരംപോലിരിക്കുന്ന ആ രാജർഷിയുടെ ഭവനത്തിനടുത്തു നാമെത്തിക്കഴിഞ്ഞു.

ഉർവ്വശി— (കൌതുകത്തോടുകൂടി നോക്കിയിട്ടു്) 'മറെറാരു സ്ഥാനത്തുള്ള സ്വർഗ്ഗ'മെന്നാണു് പറയേണ്ടതു്. (ആലോചിച്ചിട്ടു്) സഖി! എവിടെയായിരിക്കും ആ ദീനദയാലു?

ചിത്രലേഖ— തോഴി! നന്ദനോദ്യാനത്തിന്റെ ഒരു ഭാഗംപോലിരിക്കുന്ന ഈ ഉദ്യാനത്തിലിറങ്ങിച്ചെന്നു മനസ്സിലാക്കാം.

(രണ്ടുപേരും ഇറങ്ങുന്നു)

ചിത്രലേഖ— (രാജാവിനെക്കണ്ടു സന്തോഷത്തോടുകൂടി) സഖി! ഇതാ അദ്ദേഹം, പ്രതിപദത്തിന്നാളുദിച്ച ചന്ദ്രൻ ചന്ദ്രികയെയെന്നപോലെ സഖിയെ കാത്തിരിയ്ക്കുന്നു.

ഉവ്വശീ— (വിലോക്യ) ഹളാ! ദാണിം പഢമദംസണാദോ സവിസേസം പിഅദംസണോ മഹാരാഓ പഡിഹാദി. [ഹളാ! ഇദാനീം പ്രഥമദർശനാൽ സവിശേഷം പ്രിയദർശനോ മഹാരാജഃ പ്രതിഭാതി]

ചിത്രലേഖാ— ജുജ്ജദി. താ ഏഹി. ഉവസപ്പംഹ. [യുജ്യതേ, തദേഹി. ഉപസപ്പാവഃ]

ഉവ്വശീ— ണ ദാവ ഉവസപ്പിസ്സം. തിരക്ഖരിണീപഡിച്ഛണ്ണാ പാസഗദാ സേ ഭവിഅ സുണിസ്സം ദാവ, പാസവത്തിണാ വഅസ്സേണ സഹ വിഅണേ കിം മന്തഅന്തൊ ചിട്ഠദിത്തി. [ന താവദുപസപ്പിഷ്യേ. തിരസ്ക്കരിണീപ്രതിച്ഛന്നാ പാശ്വഗതാസ്യ ഭൂത്വാ ശ്രോഷാമി താവൽ, പാശ്വവത്തിനാ വയസ്യേന സഹ വിജനേ കിം മന്ത്രയമാണസ്തിഷ്ഠതീതി]

ചിത്രലേഖാ— ജം ദേ രോഅദി. [യത്തേ രോചതേ]

(ഉഭേ യഥോക്തമനുതിഷ്ഠതഃ)

വിദൂഷകഃ— ഭോ! ചിന്തിദോ മഏ ദുല്ലഹപ്പണഇണീസമാഅമോവാഓ. [ഭോഃ! ചിന്തിതോ മയാ ദുർല്ലഭപ്രണയിനീസമാഗമോപായഃ]

(രാജാ തൂഷ്ണീമാസ്തേ)

ഉവ്വശീ— (സേഷ്യം) കാ ണു ക്ഖു ധണ്ണാ ഇത്ഥിആ? ജാ ഇമിണാ പത്ഥിഅമാണാ അത്താണഅം കിദത്ഥേഇ. [കാ നു ഖലു ധന്യാ സ്ത്രീ? യാ അനേന പ്രാത്ഥ്യമാനാത്മാനം കൃതാത്ഥയതി]

ചിത്രലേഖാ— കിം ഉണ മാണുസ്സഅം വിഡംബീഅദി? [കിം പുനർമാനുഷ്യം വിഡംബ്യതേ?]

ഉവ്വശീ— സഹി! ഭീആമി സഹസാ പഭാവാദോ വിണ്ണാദും. [സഖി! ബിഭേമി സഹസാ പ്രഭാവാദ് വിജ്ഞാതും]

വിദൂഷകഃ— ഭോ! ണം ഭണാമി ചിന്തിദോ മഏ ഉവാഓത്തി. (ഭോഃ! നനു ഭണാമി, ചിന്തിതോ മയാ ഉപായ ഇതി]

രാജാ— തേന ഹി കഥ്യതാം.

വിദൂഷകഃ— സിവിണഅസമാഅമആരിണിം ണിദ്ദം സേവദു ഭവം. അഹവാ തത്തഭോദീഏ ഉവ്വസീഏ പഡികിദിം ആലിഹിഅ ഓലോഅന്തോ ചിട്ഠദു. [സ്വപ്നസമാഗമകാരിണീം നിദ്രാം സേവതാം ഭവാൻ. അഥവാ, തത്രഭവത്യാ ഉവ്വശ്യാഃ പ്രതികൃതിമാലിഖ്യാവലോകയംസ്തിഷ്ഠതു]

ഉവ്വശീ— (സഹഷ്മാത്മഗതം) ഹീണസത്ത ഹിഅഅ! സമസ്സസ സമസ്സസ. [ഹീനസത്ത്വ ഹൃദയ! സമാശ്വസിഹി സമാശ്വസിഹി]

ഉർവ്വശി— (നോക്കിയിട്ട്) സഖി! ഇപ്പോൾ ആദ്യം കണ്ടതിനേക്കാളധികം പ്രിയദർശനനായിതോന്നുന്നു, മഹാരാജാവ്.

ചിത്രലേഖ— ശരിയാണ്. വരൂ നമുക്ക് അടുത്തേയ്ക്കു ചെല്ലാം.

ഉർവ്വശി— ഞാനിപ്പോൾ അടുക്കലേക്കില്ല. തിരസ്കരിണീവിദ്യകൊണ്ടു മറഞ്ഞ് ഒരു ഭാഗത്തു നിന്നു കേൾക്കട്ടെ, അടുത്തുള്ള തോഴരോടു വിജനസ്ഥലത്തുവെച്ച് എന്താണ് പറഞ്ഞുകൊണ്ടിരിക്കുന്നതെന്ന്.

ചിത്രലേഖ— സഖിയുടെ ഇഷ്ടം പോലെ.

(രണ്ടുപേരും പറഞ്ഞതുപോലെ ചെയ്യുന്നു)

വിദൂഷകൻ— തോഴരേ! ഞാൻ ആലോചിച്ചു കണ്ടുപിടിച്ചു, ദുർല്ലഭയായ പ്രിയതമയുമായി സംഗമിക്കാനുള്ള ഉപായം.

(രാജാവു മിണ്ടാതിരിക്കുന്നു)

ഉർവ്വശി— ആരാണ് ഇദ്ദേഹത്തിന്റെ അഭിലാഷത്തിനു പാത്രമായി ബ്ഭവിച്ച ആ ഭാഗ്യവതി?

ചിത്രലേഖ— നീ മനുഷ്യസ്വഭാവം അനുകരിക്കുകയാണോ?

ഉർവ്വശി— സഖി! പെട്ടെന്നു ദിവ്യദൃഷ്ടികൊണ്ടു മനസ്സിലാക്കാൻ എനിക്കൊരു പേടി.

വിദൂഷകൻ— ഞാൻ പറയുന്നു, സംഗമോപായം ആലോചിച്ചു കണ്ടുപിടിച്ചു.

രാജാവ്— എന്നാൽ പറയൂ.

വിദൂഷകൻ— അവിടുന്നു സ്വപ്നസമാഗമം സാധിപ്പിച്ചു തരുന്ന ഉറക്കം തുടങ്ങിക്കൊള്ളൂ, അല്ലെങ്കിൽ ശ്രീമതി ഉർവ്വശിയുടെ ചിത്രമെഴുതി അതു നോക്കിയിരുന്നുകൊള്ളൂ.

ഉർവ്വശി— (സന്തോഷത്തോടുകൂടി വിചാരം) ധൈര്യമില്ലാത്ത ഹൃദയമേ! ആശ്വസിക്കൂ ആശ്വസിക്കൂ.

രാജാ— ഉഭയമപ്യനുപപന്നം. പശ്യ—

ഹൃദയമിഷുഭിഃ കാമസ്യാന്തഃ സശല്യമിദം സദാ
കഥമുപലഭേ നിദ്രാം സ്വപ്നേ സമാഗമകാരിണീം
ന ച സുവദനാമാലേഖ്യേഽപി പ്രിയാമസമാപ്യ താം
മമ നയനയോരുൽബാഷ്പത്വം സഖേ! ന ഭവിഷ്യതി. 9

ചിത്രലേഖാ— സുദം തുഏ വഅണം. [ശ്രുതം ത്വയാ വചനം]

ഉർവ്വശീ— സഹി! സുദം. ണ ഉണ പജ്ജത്തം ഹിഅഅസ്സ.
[സഖി! ശ്രുതം. ന പുനഃ പര്യാപ്തം ഹൃദയസ്യ]

വിദൂഷകഃ— ഏത്തിഓ ഏവ്വ മേ മദിവിഹഓ. [ഏതാവാനേവ മേ മതിവിഭവഃ]

രാജാ— (നിഃശ്വസ്യ)

നിതാന്തകഠിനാം രുജം മമ ന വേദ സാ മാനസീം
പ്രഭാവവിദിതാനുരാഗമവമന്യതേ വാപി മാം.
അലബ്ധഫലനീരസം മമ വിധായ തസ്മിൻ ജനേ
സമാഗമമനോരഥം, ഭവതു പഞ്ചബാണഃ കൃതീ. 10

ചിത്രലേഖാ— സഹി! സുദം തുഏ. [സഖി! ശ്രുതം ത്വയാ]

ഉർവ്വശീ— ഹദ്ധി ഹദ്ധി! മം ഏവ്വം അവഗച്ഛദി. (സഖീമവലോക്യ) സഹി! അസമത്ഥംഹി അഗ്ഗദോ ഭവിഅ സേ പഡിവഅണസ്സ. താ പഹാവണിമ്മിദേണ ഭുജ്ജവത്തേണ സംപാദിദഉത്തരാ ഹോദും ഇച്ഛാമി. [ഹാ ധിക് ഹാ ധിക്! മാമേവമവഗച്ഛതി. സഖി! അസമർത്ഥാസ്മ്യഗ്രതോ ഭൂത്വാസ്യ പ്രതിവചനസ്യ. തൽ പ്രഭാവനിർമിതേന ഭൂർജ്ജപത്രേണ സമ്പാദിതോത്തരാ ഭവിതുമിച്ഛാമി]

ചിത്രലേഖാ— ഹളാ! അണുമദം മേ. [ഹളാ! അനുമതം മേ]

(ഉർവ്വശീ നാട്യേന സസംഭ്രമമഭിലിഖ്യാന്തരാ ക്ഷിപതി)

വിദൂഷകഃ— (ദൃഷ്ട്വാ സസംഭ്രമം) അവിഹാ അവിഹാ! ഭോ! കിം ണ ക്ഖു ഏദം? ഭുഅംഗണിമ്മോഅം കിം മം ഖാദിദും ണിവഡിദം? [അവിധാ അവിധാ! ഭോഃ! കിം നു ഖലു ഏതൽ? ഭുജംഗനിർമ്മോകഃ കിം മാം ഖാദിതും നിപതിതഃ?]

രാജാ— (വിഭാവ്യ വിഹസ്യ ച) വയസ്യ! നായം ഭുജംഗനിർമ്മോകഃ. ഭൂർജ്ജപത്രഗതോഽയമക്ഷരവിന്യാസഃ.

വിദൂഷകഃ— ണം അദിട്ഠാഏ ഉവ്വസീഏ ഭവദോ പരിദേവിദം സുണിഅ സമാണാണുരാഅസൂഅആഇം അക്ഖരാഇം വിസജ്ജിആഇം ഹോന്തി. [നനു അദൃഷ്ടയോർവ്വശ്യാ ഭവതഃ പരിദേവിതം ശ്രുത്വാ സമാനാനുരാഗസൂചകാന്യക്ഷരാണി വിസൃഷ്ടാനി ഭവന്തി]

രാജാ— നാസ്ത്യഗതിർമനോരഥാനാം. (ഗൃഹീത്വാനുവാച്യ ച സഹർഷം) സഖേ! പ്രസന്നസ്തേ തർക്കഃ.

രാജാവ്— രണ്ടും പററില്ല. നോക്കു—

ഈ ഹൃദയം കാമൻെറ അമ്പുകൾകൊണ്ട് എപ്പോഴും ശല്യമനുഭവിച്ചുകൊണ്ടിരിക്കുന്നു. സ്വപ്നസമാഗമം സാധിപ്പിച്ചുതരുന്ന ഉറക്കം എനിക്കെങ്ങിനെ കിട്ടും? സുമുഖിയായ ആ പ്രിയയേ ചിത്രത്തിലെഴുതിക്കഴിയുന്നതിനു മുമ്പുതന്നെ, അല്ലയോ, തോഴരേ! എൻെറ കണ്ണുകളിൽ കണ്ണീരേന്തിത്തുളുമ്പാതിരിക്കയില്ല. 9

ചിത്രലേഖ— നീ കേട്ടുവല്ലോ വാക്ക്.

ഉർവ്വശി— സഖി! കേട്ടു. എന്നാൽ ഹൃദയത്തിനു തൃപ്തിയായില്ല.

വിദൂഷകൻ— ഇത്രസ്ലേയുള്ളു, എനിക്കു ബുദ്ധിസാമർത്ഥ്യം.

രാജാവ്— (നെടുവീർപ്പിട്ട്)

അതികഠിനമായ എൻെറ മനോവേദന അവളറിയുന്നില്ല. അല്ലെങ്കിൽ ദിവ്യദൃഷ്ടികൊണ്ട് എൻെറ അനുരാഗം മനസ്സിലാക്കിയിട്ടും അവളെന്നെ അവഗണിക്കയാണെന്നും വരാം. അവളുടെ പേരിൽ എനിക്കു നിഷ്ഫലവും നീരസവുമായ സംഗമാഭിലാഷം ജനിപ്പിച്ച അഞ്ചമ്പൻ കൃതാൎത്ഥനായിത്തീരട്ടെ.

ചിത്രലേഖ— സഖി! നീ കേട്ടുവല്ലോ. 10

ഉർവ്വശി— കഷ്ടം കഷ്ടം! എന്നെ ഇങ്ങനെയാണ് മനസ്സിലാക്കുന്നതു്. (സഖിയെ നോക്കി) സഖി! മുമ്പിൽച്ചെന്നു് അദ്ദേഹത്തോടു മറുപടി പറയാൻ എനിക്കു ശക്തിയല്ല. അതുകൊണ്ടു ദിവ്യശക്തികൊണ്ട് ഒരു ഭൂർജ്ജപത്രം നിർമ്മിച്ചു അതിലൂടെ ഉത്തരം നൽകാൻ ഞാനാഗ്രഹിക്കുന്നു.

ചിത്രലേഖ— സഖി! എനിക്കു സമ്മതമാണ്.

(ഉർവ്വശി എഴുതുന്നതായി നടിച്ചു പരിഭ്രമത്തോടുകൂടി ഇടയിൽക്കൊണ്ടുപോയിടുന്നു)

വിദൂഷകൻ— (കണ്ടിട്ടു പരിഭ്രമത്തോടുകൂടി) അയ്യയ്യോ! എന്താണിതു്? പാമ്പിൻെറ വള എന്നെ കടിക്കാൻ ചാടി വീണതായിരിക്കുമോ?

രാജാവ്— (നോക്കി ചിരിച്ചിട്ട്) തോഴരേ! ഇതു പാമ്പിൻെറ വളയല്ല. ഭൂർജ്ജപത്രത്തിൽ എഴുതിയ എഴുത്താണ്.

വിദൂഷകൻ— ഉർവ്വശി മറഞ്ഞു നിന്നു് അവിടത്തെ വിലാപം കേട്ടിട്ടു തനിക്കും അനുരാഗമുണ്ടെന്നു കാണിക്കുന്ന പ്രേമലേഖനം എഴുതിയിട്ടതായിരിക്കും.

രാജാവ്— ആഗ്രഹങ്ങൾക്ക് അതിരില്ല. (എടുത്തു വായിച്ചിട്ടു സന്തോഷത്തോടുകൂടി) അങ്ങയുടെ ഊഹം ശരിയാണ്.

വിദൂഷകഃ— ഹീ ഹീ ഭോ! കിം ബംഹണവഅണാണി അണ്ണധാ ഹോന്തി? ദാണിം പസീദദു ഭവം. ജം എത്ഥ ലിഹിദം തം സുണിദും ഇച്ഛാമി. [ഹീ ഹീ ഭോഃ! കിം ബ്രാഹ്മണവചനാന്യന്യഥാ ഭവന്തി? തദിദാനീം പ്രസീദതു ഭവാൻ. യദത്ര ലിഖിതം തൽ ശ്രോതുമിച്ഛാമി]

ഉർവ്വശീ— സാഹു. അജ്ജ! ണാഅരിഓസി [സാധു ആര്യ്യ! നാഗരീകോഽസി]

രാജാ— വയസ്യ! ശ്രൂയതാം.

വിദൂഷകഃ— അവഹിദോംഹി. [അവഹിതോഽസ്മി]

രാജാ— (വാചയതി)

സാമിഅ സംഭാവിഅ ജഹ അഹം തുഏ അണമിഅ്യ
തഹ അണുരത്തസ്യ ജഇ ണാമ തുഹ ഉവരി
കിം മേ ലളിഅപാരിജാഅസഅണിജ്ജമ്മി ഹോന്തി
ണന്ദണവണവാദാ വി അച്ചുൺഹആ സരീരഏ. 11

[സ്വാമിൻ! സംഭാവിതാ യഥാഹം ത്വയാജ്ഞാതാ
തഥാനുരക്തസ്യ യദി നാമ തവോപരി
കിം മേ ലളിതപാരിജയതശയനീയേ ഭവന്തി
നന്ദനവനവാതാ അപ്യത്യുഷ്ണകാഃ ശരീരകേ]

ഉർവ്വശീ— കിം ണു ക്ഖു സംപദം ഭണിസ്സദി? [കിം നു ഖലു സാമ്പ്രതം ഭണിഷ്യതി?]

ചിത്രലേഖാ— ണം ഭണിദം എവ്വ മിലാണകമലണാളാഅമാണേഹിം അംഗേഹിം. [നനു ഭണിതമേവ മ്ലാനകമലനാളായമാനൈരംഗൈഃ]

വിദൂഷകഃ— ദിട്ഠിആ മഏ ബുഭുക്ഖിദേണ സോത്ഥിവാഅണം വിഅ ഉവലദ്ധം ഭവദാ ഉക്കണ്ഠിദേണ സമാസാസണം. [ദിഷ്ട്യാ മയാ ബുഭുക്ഷിതേന സ്വസ്തിവാചനമിവോപലബ്ധം ഭവതോൽക്കണ്ഠിതേന സമാശ്വാസനം]

രാജാ— സമാശ്വാസനമിതി കിമുച്യതേ?

തുല്യാനുരാഗപിശുനം ലളിതാർത്ഥബന്ധം
പത്രേ നിവേശിതമുദാഹരണം പ്രിയായാഃ
ഉൽപക്ഷ്മണാ മമ സഖേ! മദിരേക്ഷണായാ-
സ്തസ്യാഃ സമാഗതമിവാനനമാനനേന. 12

ഉർവ്വശീ— എത്ഥ ണോ സമവിഭാആ പീദീ. [അത്രാവയോഃ സമവിഭാഗാ പ്രീതിഃ]

രാജാ— വയസ്യ! അംഗുലിസ്വേദേന ദൂഷ്യേരന്നക്ഷരാണി. ധാര്യതാമയം മമ പ്രിയായാഃ സ്വഹസ്തലേഖഃ.

വിദൂഷകൻ— അങ്ങനെ വരട്ടെ. ബ്രാഹ്മണൻെറ വാക്കിനു മാററം വരുമോ? ഇനിയവിടുത്തെ ദയവുണ്ടായിട്ടു് അതിലെഴുതിയതു് ഒന്നു വായിച്ചു കേട്ടാൽ കൊള്ളാമായിരുന്നു.

ഉൎവ്വശി— നന്നായി. അങ്ങു നാഗരികനാണു്.

രാജാവു്— തോഴരേ! കേട്ടുകൊള്ളൂ.

വിദൂഷകൻ— ഞാൻ ശ്രദ്ധിക്കുന്നുണ്ടു്.

രാജാവു്— (വായിക്കുന്നു)

സ്വാമി! അങ്ങു് എന്നെ എങ്ങനെ വിചാരിക്കുന്നുവോ അങ്ങിനെയാണു് ഞാൻ അനുരക്തനായ അങ്ങയുടെ പേരിലെങ്കിൽ കോമളമായ പാരിജാതപ്പൂമെത്തയിൽ എനിക്കു ശരീരത്തിൽ നന്ദനോദ്യാനത്തിൽ നിന്നു വീശുന്ന തെന്നൽപോലും അത്യുഷ്ണങ്ങളാകുമോ? 11

ഉൎവ്വശി— എന്തായിരിക്കും ഇപ്പോൾ പറയുക?

ചിത്രലേഖ— അതു പറഞ്ഞു കഴിഞ്ഞുവല്ലോ, വാടിയ താമരവളയം പോലെയുള്ള അവയവങ്ങൾതന്നെ.

വിദൂഷകൻ— ഭാഗ്യംകൊണ്ടു വിശന്നിരിക്കുമ്പോൾ എനിക്കു് ഒരു സദ്യക്ഷണം കിട്ടുന്നതുപോലെ ഉൽകണ്ഠ പൂണ്ടിരിക്കുന്ന അവിടുത്തേക്കു് ആശ്വസിക്കാൻ വക കിട്ടിയല്ലോ.

രാജാവു്— ആശ്വസിക്കാനുള്ള വക എന്നു പറയേണ്ടതുണ്ടോ?

സമമായ അനുരാഗത്തെ സൂചിപ്പിക്കുന്നതും മനോഹരമായ അൎത്ഥം ഉൾക്കൊള്ളുന്നതുമായ പ്രിയതമയുടെ എഴുത്തു് ആ മദിരാക്ഷിയുടെ മുഖമെന്നപോലെയാണു് ഇമ നിവർന്നിട്ടുള്ള എൻെറ മുഖത്തിനു മുന്നിൽ വന്നു ചേർന്നതു്. 12

ഉൎവ്വശി— ഇതിൽ നമുക്കു രണ്ടുപേൎക്കും ഒരുപോലെയാണു് സന്തോഷം.

രാജാവു്— തോഴരേ! വിരലിന്മേലുള്ള വിയൎപ്പു തട്ടി അക്ഷരങ്ങൾ പരന്നു കേടുവന്നേക്കും. അതുകൊണ്ടു പ്രിയതമയുടെ ഈ സ്വന്തം കയ്യെഴുത്തു് അങ്ങു സൂക്ഷിയ്ക്കുക.

വിദൂഷകഃ— (ഗൃഹീത്വാ) കിം ദാണിം തത്തഭോദീ ഉവ്വസി ഭവദോ മണോരഹാണം കുസുമം ദംസിഅ ഫലേ വിസംവദദി? [കിമിദാനീം തത്രഭവത്യുർവ്വശീ ഭവതോ മനോരഥാനാം കുസുമം ദർശയിത്വാ ഫലേ വിസംവദതി?]

ഉർവ്വശീ— സഹി! ജാവ ഉവഗമണകാദരം ഹിഅഅം പജ്ജവത്ഥാവേമി, ദാവ തുമം സേ അത്താണം ദംസിഅ ജം മേ ഖമം, തം ഭണാഹി. [സഖി! യാവദുപഗമനകാതരം ഹൃദയം പര്യവസ്ഥാപയാമി, താവൽ ത്വമസ്യാത്മാനം ദർശയിത്വാ യന്മമ ക്ഷമം, തൽ ഭണ]

ചിത്രലേഖാ— തഹ. (തിരസ്കരിണീമപനീയ രാജാനമുപേത്യ) ജേദു ജേദു മഹാരാഓ. [തഥാ. ജയതു ജയതു മഹാരാജഃ]

രാജാ— (ദൃഷ്ട്വാ സഹർഷം) സ്വാഗതം ഭവത്യൈ. (പാർശ്വമവലോക്യ) ഭദ്രേ!

ന തഥാ നന്ദയസി മാം സഖ്യാ വിരഹിതാ തയാ
സംഗമേ ദൃഷ്ടപൂർവ്വേവ യമുനാ ഗംഗയാ വിനാ. 13

ചിത്രലേഖാ— ണം പഢമം മേഹരാഈ ദിസദി, പച്ഛാ വിജ്ജുലദാ. [നനു പ്രഥമം മേഘരാജിർദൃശ്യതേ, പശ്ചാദ്വിദ്യുല്ലതാ]

വിദൂഷക:— (അപവാര്യ) കഹം ണ ഏസാ ഉവ്വസീ? താഏ തത്തഹോദീഏ അഹിമദാ സഹഅരീ? [കഥം നൈഷോർവ്വശീ? തസ്യാസ്തത്രഭവത്യാ അഭിമതാ സഹചരീ?]

രാജാ— ഏതദാസനമാസ്യതാം.

ചിത്രലേഖാ— ഉവ്വസീ മഹാരാഅം സിരസാ പണമിഅ വിണ്ണവേദി. [ഉർവ്വശീ മഹാരാജം ശിരസാ പ്രണമ്യ വിജ്ഞാപയതി]

രാജാ— കിമാജ്ഞാപയതി?

ചിത്രലേഖാ— 'തസ്സിം സുരാരിസംഭവേ ദുജ്ജാദേ മഹാരാഓ ഏവ്വ സരണം ആസി. സാ അഹം സമ്പദം തുഹ ദംസണസമുത്ഥേണ മഅണേണ ബലിഅം ബാഹിഅമാണാ ഭൂഓവി മഹാരാഏണ അണുകമ്പണീഅ'ത്തി. ['തസ്മിൻ സുരാരിസംഭവേ ദുർജാതേ മഹാരാജ ഏവ മമ ശരണമാസീൽ. സാഹം സാമ്പ്രതം തവ ദർശനസമുത്ഥേന മദനേന ബലവൽ ബാധ്യമാനാ ഭൂയോഽപി മഹാരാജേനാനുകമ്പനീയാ' ഇതി]

വിദൂഷകൻ— (വാങ്ങിയിട്ട്) എന്താണ് ശ്രീമതി ഉർവ്വശി അവിടത്തെ ആഗ്രഹങ്ങൾക്കൊത്ത പുഷ്പം കാണിച്ചിട്ടു ഫലത്തിന്റെ കാര്യത്തിൽ അമാന്തിക്കുന്നത്?

ഉർവ്വശി— സഖി! അടുത്തേക്കു ചെല്ലാൻ മടിക്കുന്ന മനസ്സിനെ ഞാൻ ധൈര്യപ്പെടുത്തുമ്പോഴേക്കും നീ മുൻപിൽ പ്രത്യക്ഷപ്പെട്ടു ഞാൻ പറയേണ്ടതു പറയൂ.

ചിത്രലേഖ— അങ്ങനെതന്നെ. (തിരസ്കരിണി നീക്കി രാജാവിന്റെ മുൻമ്പിൽ ചെന്ന്) മഹാരാജാവിനു വിജയമുണ്ടാകട്ടെ.

രാജാവ്— (കണ്ടിട്ടു സന്തോഷത്തോടുകൂടി) ഭവതിക്കു സ്വാഗതം, (സമീപത്തു നോക്കിയിട്ട്) ഭദ്രേ!

പ്രയാഗയിലെ ഗംഗായമുനാസംഗമത്തിൽ ഗംഗയോടു കൂടാതെ കാണപ്പെടുന്ന യമുനയെന്നപോലെ ആ തോഴിയോടു കൂടാത്ത നീ മുൻപേ കണ്ടതുപോലെ എന്നെ സന്തോഷിപ്പിക്കുന്നില്ല. 13

ചിത്രലേഖ— ആദ്യം മേഘനിരയാണല്ലോ കാണുക. പിന്നെയല്ലേ മിന്നൽക്കൊടി?

വിദൂഷകൻ— (സ്വകാര്യമായി) ഇത് ഉർവ്വശി അല്ലേ? ആ ശ്രീമതിക്കിഷ്ടപ്പെട്ട കൂട്ടുകാരിയാണോ?

രാജാവ്— അവിടെയിരിക്കൂ.

ചിത്രലേഖ— ഉർവ്വശി മഹാരാജാവിനെ തലകുനിച്ചു നമസ്കരിച്ച് അറിയിക്കുന്നു,

രാജാവ്— എന്താണ് കല്പിക്കുന്നത്?

ചിത്രലേഖ— 'ആ അസുരന്മാരുടെ കുഴപ്പത്തിൽ മഹാരാജാവുമാത്രമേ രക്ഷയ്ക്കുണ്ടായുള്ളൂ. ആ ഞാനിപ്പോൾ അവിടത്തെ കണ്ടതുകൊണ്ടുണ്ടായ കാമവൈവശ്യം ശക്തിയായി ബാധിച്ചു വീണ്ടും മഹാരാജാവിന്റെ അനുകമ്പയ്ക്കു പാത്രമാകേണ്ടിവന്നിരിക്കുന്നു' എന്ന്.

രാജാ— അയി ഭദ്രമുഖി!

പർയ്യുത്സുകാം കഥയസി പ്രിയദർശനാം താ-
മാർത്തിം ന പശ്യസി പുരൂരവസം തദർത്ഥേ
സാധാരണോഽയമുഭയോഃ പ്രണയോ യതസ്വ
തപ്തേന തപ്തമയസാ ഘടനായ യോഗ്യം. 14

ചിത്രലേഖാ— (ഉർവ്വശീമുപേത്യ) സഹി! ഏഹി. തുവത്തോ വിണിദ്ദഅദരം മഅണം പേക്ഖിഅ പിഅഅമസ്സ ദേ ദൂദിംഹി സംവുത്താ. [സഖി! ഏഹി. ത്വത്തോഽപി നിർദയതരം മദനം പ്രേക്ഷ്യ പ്രിയതമസ്യ തേ ദൂത്യസ്മി സംവൃത്താ]

ഉർവ്വശീ— (തിരസ്കരിണീമപനീയ) അയി അണവത്ഥിദേ! ലഹുഅം തുഏ ഉജ്ഝിദംഹി. [അയി അനവസ്ഥിതേ! ലഘു ത്വയോജ്ഝിതാസ്മി]

ചിത്രലേഖാ— (സസ്മിതം) സഹി! ഇദോ മുഹുത്താദോ ജാണിസ്സം, കാ കം ഉജ്ഝിസ്സദിത്തി. ആആരം ദാവ പഡിവജ്ജ. [സഖി! ഇതോ മുഹൂർത്താൽ ജ്ഞാസ്യാമി, കാ കാമുജ്ഝിഷ്യതീതി. ആചാരം താവൽ പ്രതിപദ്യസ്വ]

ഉർവ്വശീ— (സസാധ്വസാ രാജാനമുപേത്യ പ്രണമ്യ ച സവ്രീഡം) ജേദു ജേദു മഹാരാഓ. [ജയതു ജയതു മഹാരാജഃ]

രാജാ— (സഹർഷം) സുന്ദരി!

മയാ നാമ ജിതം യസ്യ ത്വയായം സമുദീര്യതേ
ജയശബ്ദഃ സഹസ്രാക്ഷാദഗതഃ പുരുഷാന്തരം. 15

(ഹസ്തേ ഗൃഹീത്വൈനാമുപവേശയതി)

വിദൂഷകഃ— ഭോദി! രണ്ണോ പിഅവഅസ്സോ ബഹ്മണോ കിം ണ വന്ദീഅദി? [ഭവതി! രാജ്ഞഃ പ്രിയവയസ്യോ ബ്രാഹ്മണഃ കിം ന വന്ദ്യതേ?]

(ഉർവ്വശീ സസ്മിതം പ്രണമതി)

വിദൂഷകഃ— സോത്ഥി ഭോദീഏ. [സ്വസ്തി ഭവത്യൈ]

(നേപഥ്യേ ദേവദൂതഃ)

ചിത്രലേഖേ! ത്വരയ ത്വരയോർവ്വശീം.
മുനിനാ ഭരതേന യഃ പ്രയോഗോ
ഭവതീഷ്വഷ്ടരസാശ്രയോ നിയുക്തഃ
ലളിതാഭിനയം തമദ്യ ഭർത്താ
മരുതാം ദ്രഷ്ടുമനാഃ സലോകപാലഃ. 16

(സർവ്വേ കർണ്ണം ദദതി. ഉർവ്വശീ വിഷാദം രൂപയതി)

രാജാവു്— അല്ലയോ സുമുഖി!

നീ ആ സുന്ദരിയുടെ കാമപാരവശ്യത്തെക്കുറിച്ചു പറഞ്ഞു. അവൾക്കു വേണ്ടി സങ്കടപ്പെടുന്ന പുരൂരവസ്സിനെ നീ കാണുന്നില്ല. രണ്ടാളുടെയും പ്രണയം സമമാണു്. യത്നിച്ചു നോക്കൂ. പഴുപ്പിച്ച ഇരുമ്പിനോടു പഴുപ്പിച്ച ഇരുമ്പു ചേർക്കാൻ യോഗ്യമാണു്. 14

ചിത്രലേഖ— (ഉർവ്വശിയുടെ അടുത്തുചെന്നു്) സഖി! വരൂ, നിന്നേക്കാൾ അധികം നിർദ്ദയമായി കാമനദ്ദേഹത്തെ ദ്രോഹിക്കുന്നതു കണ്ടിട്ടു ഞാൻ നിന്റെ പ്രിയതമന്റെ ദൂതിയായിത്തീർന്നിരിക്കുന്നു.

ഉർവ്വശി— (തിരസ്കരിണി നീക്കി) കഷ്ടം! സ്ഥിരതയില്ലാത്തവളേ! പെട്ടെന്നു നീ എന്നെ ഉപേക്ഷിച്ചു അല്ലേ?

ചിത്രലേഖ— (മന്ദഹസിച്ചുകൊണ്ടു്) സഖി! കുറച്ചുനേരത്തിനുള്ളിൽ അറിയാറാവും, ആർ ആരെ ഉപേക്ഷിക്കുമെന്നു്. ഇപ്പോൾ ആചാരം അനുഷ്ഠിക്കൂ.

ഉർവ്വശി— (പരിഭ്രമത്തോടുകൂടി അടുത്തുചെന്നു നമസ്കരിച്ചു ലജ്ജയോടുകൂടി) മഹാരാജാവിനു വിജയമുണ്ടാകട്ടെ.

രാജാവു്— (സന്തോഷത്തോടുകൂടി) സുന്ദരി!

ഞാൻ ജയിച്ചു. നീ പറയുന്നഈ ജയശബ്ദം ദേവേന്ദ്രനെ വിട്ടു ആദ്യമായി മറ്റൊരാളിൽ വന്നുചേർന്നിട്ടുള്ളതാണല്ലോ. 15

(അവളെ കൈപിടിച്ചിരുത്തുന്നു)

വിദൂഷകൻ— ഭവതി, രാജാവിന്റെ പ്രിയവയസ്യനായ ബ്രാഹ്മണനെയെന്താ നമസ്കരിക്കാത്തതു്?

(ഉർവ്വശി പുഞ്ചിരി തൂകികൊണ്ടു നമസ്കരിക്കുന്നു.)

വിദൂഷകൻ— ഭവതിക്കു നന്മ വരട്ടെ.

(അണിയറയിൽ ദേവദൂതൻ)

ചിത്രലേഖേ! ഉർവ്വശിയെ വേഗം പുറപ്പെടുവിക്കൂ.

ഭരതമുനി എട്ടു രസങ്ങളുടേയും പ്രയോഗം നിങ്ങൾക്കുപദേശിച്ചുതന്നിട്ടുണ്ടല്ലോ. അതു മനോഹരമായി അഭിനയിച്ചു കാണുവാൻ ഇന്ദ്രനും മറ്റു ദിക്പാലകന്മാരും ആഗ്രഹിക്കുന്നു. 16

(എല്ലാവരും ചെവികൊടുത്തു കേൾക്കുന്നു. ഉർവ്വശി വിഷാദം നടിക്കുന്നു)

ചിത്രലേഖാ — സുദം പിഅസഹീഏ ദേവദൂദസ്യ വഅണം? താ അണുമാണിഅദു മഹാരാഓ. [ശ്രുതം പ്രിയസഖ്യാ ദേവദൂതസ്യ വചനം? തദനുമാന്യതാം മഹാരാജഃ]

ഉർവ്വശീ — ണത്ഥി മേ വാആ. [നാസ്തി മേ വാചാ]

ചിത്രലേഖാ — മഹാരാഅ! ഉർവ്വസീ വിണ്ണവേദി— 'പരവസോ അഅം ജണോ. താ മഹാരാഏണ അബ്ഭണുണ്ണാദാ ഇച്ഛാമി ദേവേസു അണവരദ്ധം അത്താണഅം കാദും' ത്തി. [മഹാരാജ! ഉർവ്വശീ വിജ്ഞാപയതി—'പരവശോഽയം ജനഃ. തന്മഹാരാജേനാഭ്യനുജ്ഞാതാ ഇച്ഛാമി ദേവേഷ്വനപരാദ്ധമാത്മാനം കർത്തും' ഇതി]

രാജാ — (കഥംകഥമപി വാചം വ്യവസ്ഥാപ്യ) നാസ്തി ഭവത്യോരീശ്വരനിയോഗപ്രത്യർത്ഥീ. സ്മർത്തവ്യസ്ത്വയം ജനഃ.

(ഉർവ്വശീ വിയോഗദുഃഖം രൂപയിത്വാ രാജാനം പശ്യന്തീ സഹ സഖ്യാ നിഷ്ക്രാന്താ)

രാജാ — (നിഃശ്വസ്യ) സഖേ! വൈയർത്ഥ്യമിവ മേ ചക്ഷുഷോഃ സംപ്രതി.

വിദൂഷകഃ — (പത്രം ദർശയിതുകാമഃ) ണം ഏദം (ഇതി അർദ്ധോക്തേ സവിഷാദമാത്മഗതം) ഹദ്ധി ഹദ്ധി! ഉർവ്വസീദംസണവിംഹിദേണ മഏ തം ഭുജ്ജവത്തഅം പബ്ഭട്ടം വി ഹത്ഥാദോ പമാദേണ ണ വിണ്ണാദം. [നനു ഏതൽ. ഹാ ധിൿ ഹാധിൿ! ഉർവ്വശീദർശനവിസ്മിതേന മയാ തൽ ഭൂർജ്ജപത്രം പ്രഭ്രഷ്ടമപി ഹസ്താൽ പ്രമാദേന ന വിജ്ഞാതം]

രാജാ — ഭദ്ര! കിമസി വക്തുകാമ ഇവ.

വിദൂഷകഃ — ഏവ്വം വത്തുകാമോംഹി—'ദിഢം ക്ഖു തുജ്ജ ബദ്ധഭാവാ ഉർവ്വസീ. ണ സാ ഇദോഗദം അണുരാഅം സിഢിലേദി'—ത്തി. [ഏവം വക്തുകാമോഽസ്മി—'ദൃഢം ഖലു ത്വയി ബദ്ധഭാവാ ഉർവ്വശീ. ന സാ ഇതോഗതമനുരാഗം ശിഥിലയതി' ഇതി]

രാജാ — മമാപ്യേതദാശംസി മനഃ. തയാ ഖലു പ്രസ്ഥാനേ
അനീശയാ ശരീരസ്യ സ്വവശം ഹൃദയം മയി
സ്തനകമ്പക്രിയാലക്ഷ്യൈർന്യസ്തം നിഃശ്വസിതൈരിവ. 17

വിദൂഷകഃ — (സ്വഗതം) വേവദി മേ ഹിഅഅം, ഇമം വേലം അത്തഭവദാ തസ്സ ഭുജ്ജവത്തസ്സ ണാമ ഗേൺഹിദവ്വം ത്തി. [വേപതേ മേ ഹൃദയം, ഇമാം വേലാമത്രഭവതാ തസ്യ ഭൂർജ്ജപത്രസ്യ നാമ ഗ്രഹീതവ്യമിതി]

ചിത്രലേഖ— പ്രിയസഖി! കേട്ടില്ലേ, ദേവദൂതൻ പറഞ്ഞതു്? അതുകൊണ്ടു മഹാരാജാവിനോടു വിട ചോദിക്കൂ.

ഉർവ്വശി— എനിക്കു കഴിവില്ല, വാക്കു പറയാൻ.

ചിത്രലേഖ— മഹാരാജാവേ! ഉർവ്വശി അറിയിക്കുന്നു— 'ഈയുള്ളവൾ അസ്വതന്ത്രയാണു്. മഹാരാജാവിനനുവാദമുണ്ടെങ്കിൽ ദേവന്മാരുടെ നേരെ ഞാൻ ഒരു തെററുകാരിയാവാതിരുന്നാൽക്കൊള്ളാമെന്നുണ്ടു്' എന്നു്.

രാജാവ്— (പ്രയാസപ്പെട്ടു വാക്കുകളെ നിയന്ത്രിച്ചുകൊണ്ടു്) സ്വാമി കല്പിക്കുമ്പോൾ എതിരായി നില്ക്കുന്നവനല്ല ഞാൻ. ഈയുള്ളവനെ ഓർമ്മിക്കുമല്ലോ.

(ഉർവ്വശി വിയോഗദുഃഖം നടിച്ചു രാജാവിനെ നോക്കിക്കൊണ്ടു ചിത്രലേഖയോടുകൂടെ പോകുന്നു)

രാജാവ്— (നെടുവീർപ്പിട്ടുകൊണ്ടു്) തോഴരേ! ഇപ്പോൾ എനിക്കു കണ്ണുകൾ വെറുതെയായതുപോലെ തോന്നുന്നു.

വിദൂഷകൻ— (എഴുത്തു കാണിക്കാൻ ആഗ്രഹിച്ചുകൊണ്ടു്) ഇതാ. (എന്നു പകുതി പറഞ്ഞു വിഷാദത്തോടുകൂടി വിചാരം) കഷ്ടം കഷ്ടം! ഉർവ്വശിയെക്കണ്ടിട്ടുള്ള അത്ഭുതംകൊണ്ടു ഭൂർജ്ജപത്രം കൈയിൽനിന്നു് വീണുപോയിട്ടും ഞാൻ അറിഞ്ഞില്ല.

രാജാവ്— ഭദ്ര! അങ്ങെന്താണു് പറയാൻ ഭാവിച്ചതു?

വിദൂഷകൻ— ഇങ്ങനെ പറയാനാണു് ഞാൻ വിചാരിച്ചതു്— 'അവിടത്തെ പേരിൽ തികച്ചും അനുരക്തയാണു് ഉർവ്വശി. അവൾ ഇങ്ങോട്ടുള്ള അനുരാഗത്തിനു ശൈഥില്യം വരുത്തില്ല' എന്നു്.

രാജാവ്— ആ പ്രതീക്ഷ എന്റെ മനസ്സിലുമുണ്ടു്. അവൾ പുറപ്പെടുമ്പോൾ—

തന്റെ ശരീരത്തെ സംബന്ധിച്ചു സ്വാതന്ത്ര്യമില്ലാത്ത സ്ഥിതിയോർത്തു സ്വാധീനമായ മനസ്സിനെ, സ്തനങ്ങളുടെ ഇളക്കംകൊണ്ടു കാണപ്പെടാവുന്ന നെടുവീർപ്പുകളിലൂടെ എന്നിൽ സമർപ്പിച്ചതുപോലെ തോന്നി. 17

വിദൂഷകൻ— (വിചാരം) ഇപ്പോൾ തമ്പുരാൻ ആ ഭൂർജ്ജപത്രത്തെപ്പററി ചോദിക്കുമോ എന്നു വിചാരിച്ചു് എന്റെ ഹൃദയം വിറയ്ക്കുന്നു.

രാജാ— വയസ്യ! കേനേദാനീം ദൃഷ്ടിം വിലോഭയാമി? (സ്മൃത്വാ) ആഃ! ഉപനയതു ഭവാൻ ഭൂർജ്ജപത്രം.

വിദൂഷകഃ— (സർവ്വതോ ദൃഷ്ട്വാ വിഷാദം നാടയതി) ഹന്ത! ണദിസ്സദി. ഭോ! ദിവ്വം ക്ഖു തം ഭുജ്ജവത്തം ഗദം ഉവ്വസീഏ മഗ്ഗേണ. [ഹന്ത! ന ദൃശ്യതേ. ഭോഃ! ദിവ്യം ഖലു തൽ ഭൂർജ്ജപത്രം ഗതമുർവ്വശ്യാ മാർഗ്ഗേണ]

രാജാ— (സാസൂയം) അഹോ! സർവ്വത്ര പ്രമാദീ വൈധേയഃ. നനു വിചിനോതു ഭവാൻ.

വിദൂഷകഃ— (ഉത്ഥായ) ണം ഇദോ ഭവേ. ഇഹ വാ ഭവേ. ഇഹ വാ ഭവേ. (ഇതി വിചേതവ്യം നാടയതി) [നനു ഇതോ ഭവേൽ. ഇഹ വാ ഭവേൽ. ഇഹ വാ ഭവേൽ]

(തതഃ പ്രവിശ്യതി സപരിവാരാ കാശിരാജപുത്രീ ദേവീ ചേടീ ച)

ദേവീ— ഹംജേ ണിഉണിഏ! സച്ചം തുഏ ഭണിദം, 'ഇദം ലദാഗേഹം പവിസംന്തോ അജ്ജമാണവഅസഹാഓ അജ്ജഉത്തോ ദിട്ഠോ' ത്തി? [ഹഞ്ജേ നിപുണികെ! സത്യം ത്വയാ ഭണിതം, 'ഇമം ലതാഗൃഹം പ്രവിശന്നാര്യ്യമാണവകസഹായ ആര്യ്യപുത്രോ ദൃഷ്ട' ഇതി?]

നിപുണികാ— കിം അണ്ണഹാ ഭട്ടിണീ മഏ കദാവി വിണ്ണവിദപുവ്വാ? [കിമന്യഥാ ഭട്ടിനീ മയാ കദാപി വിജ്ഞാപിതപൂർവ്വാ?]

ദേവീ— തേണ ഹി ലദാവിഡവന്തരിദാ സുണിസ്സം ദാവ സേ വീസദ്ധാമന്തിദാണി, ജം തുഏ കഹിദം തം സച്ചം ണ വത്തി [തേന ഹി ലതാവിടപാന്തരിതാ ശ്രോഷ്യാമി താവദസ്യ വിസ്രബ്ധാമന്ത്രിതാനി യത്ത്വയാ കഥിതം, തത്സത്യം ന വേതി]

നിപുണികാ— ജം ഭട്ടിണിഏ രുച്ചദി, [യൽ ഭട്ടിന്യൈ രോചതെ]

ദേവീ— (പരിക്രമ്യ പുരരസ്താദവലോക്യ ച) ഹഞ്ജേ ണിഉണിഏ! കിം ണു ക്ഖു ഏദം ജിണ്ണചീഅരം വിഅ ഇദോമുഹം ദക്ഖിണമാരുദേണ ആണീഅദി? [ഹഞ്ജേ നിപുണികേ! കിം നു ഖലേതൽ ജീർണ്ണചീവരമിവേതോമുഖം ദക്ഷിണമാരുതേനാനീയതേ?]

നിപുണികാ— (വിഭാവ്യ) ഭട്ടിണീ! പഢിവത്തണവിഭാവിദക്ഖരം ഭുജ്ജവത്തം ക്ഖു ഏദം. ഹന്ത ഭട്ടിണീഏ എവ്വ ണേഉരകോഡിഏ ലഗ്ഗം (ഗൃഹീത്വാ) ണം വാഇഈഅദു ഏദം. [ഭട്ടിനി! പരിവർത്തനവിഭാവിതാക്ഷരം ഭൂർജ്ജപത്രം ഖലേതൽ. ഹന്ത! ഭട്ടിന്യാ ഏവ നൂപുരകോട്യാം ലഗ്നം. നനു വാച്യതാമേതൽ]

രാജാവ്— എന്തുകൊണ്ടാണിനി കണ്ണിനു വിനോദമുണ്ടാക്കുക? (ഓമ്മ ന ടിച്ച്) ആ! അങ്ങു ആ ഭൂർജ്ജപത്രം ഇങ്ങോട്ടു തരൂ.

വിദൂഷകൻ— (എല്ലായിടത്തും നോക്കി വിഷാദത്തോടുകൂടി) അയ്യോ! അതു കാണാനില്ലല്ലോ! ദിവ്യമാണല്ലോ ആ ഭൂജ്ജപത്രം. അതു ഉവ്വശി പോയ വഴിയേ പോയി.

രാജാവ്— (കോപത്തോടുകൂടി) കഷ്ടം! കൊള്ളരുതാത്തവൻ! സകല കാര്യത്തിലും അശ്രദ്ധയാണ്. താൻ ഒന്നു തിരഞ്ഞുനോക്കൂ.

വിദൂഷകൻ— (എഴുന്നേററ്) ഇവിടെയുണ്ടാവുമോ? അതോ, ഇവിടെയുണ്ടാവുമോ? അതോ ഇവിടെയുണ്ടാവുമോ? (തിരയുന്നതായി നടിക്കുന്നു)

(അനന്തരം രാജ്ഞി കാശിരാജപുത്രിയും ദാസിയും പരിവാരങ്ങളും പ്രവേശിക്കുന്നു)

രാജ്ഞി— നിപുണികേ! വാസ്തവമാണോ നീ പറഞ്ഞതു്? 'മഹാരാജാവ് ആര്യമാണവകനോടുകൂടെ ഈ വള്ളിക്കുടിലിലേക്കു കടക്കുന്നതു കണ്ടു' എന്നു്?

നിപുണിക— അല്ലാതെ എപ്പോഴെങ്കിലും ഞാൻ തമ്പുരാട്ടിയോടുണർത്തിച്ചിട്ടുണ്ടോ?

രാജ്ഞി— എന്നാൽ വള്ളികളുടെ മറവിൽനിന്നു, അദ്ദേഹം ശങ്ക കൂടാതെ പറയുന്നതു കേട്ടുനോക്കട്ടെ, നീ പറഞ്ഞതു വാസ്തവമാണോ അല്ലയോ എന്നു്.

നിപുണിക— തമ്പുരാട്ടിയുടെ ഇഷ്ടംപോലെ.

രാജ്ഞി— [ചാററിനടന്നു മന്നിലേക്കു നോക്കി] എടി നിപുണികേ! എന്താണിതു? ജീർണ്ണിച്ച മരവുരിപോലൊന്നു തെന്നലിൽ പറന്നു വരുന്നു.

നിപുണിക— (നോക്കിയിട്ടു്) തമ്പുരാട്ടി! ഭൂർജ്ജപത്രമാണിതു്. മറിയുമ്പോൾ അക്ഷരം കാണുന്നുണ്ടു്. അല്ല, തമ്പുരാട്ടിയുടെ കാൽച്ചില കയിൽത്തന്നെ വന്നു പററിയല്ലോ. (എടുത്തിട്ടു്) ഇതു വായിച്ചു നോക്കിയാലും.

ദേവീ— അണവാഏഹി ദാവ ഏദം. ജദി അവിരുദ്ധം, തദോ സുണിസ്സം [അനുവാചയ താവതേദൽ. യദ്യവിരുദ്ധം, തതഃ ശ്രോഷ്യാമി]

നിപുണികാ — (തഥാ കൃത്വാ) ഭട്ടിണി! തം എവ്വ കോലീണം വിഅ പഡിഹാദി. ഭട്ടാരഅം ഉദ്ദിസിഅ ഉവ്വസീഏ കവ്വബന്ധോ ത്തി തക്കേമി. അജ്ജമാണവഅപ്പമാദേണ അ അംഹാണം ഹത്ഥം ആഗദോ ത്തി. [ഭട്ടിനി! തദേവ കൌലീനമിവ പ്രതിഭാതി. ഭൎത്താരമുദ്ദിശ്യോൎവ്വശ്യാഃ കാവ്യബന്ധ ഇതി തക്കയാമി. ആൎയ്യമാണവകപ്രമാദേന ചാവയോർഹസ്തമാഗതഃ ഇതി]

ദേവീ— തേണ ഹി സേ ഗഹീദത്ഥാ ഹോമി. [തേന ഹ്യസ്യ ഗൃഹീതാൎത്ഥാ ഭവാമി]

(നിപുണികാ വാചയതി)

ദേവീ— (ശ്രുത്വാ) ഏത്ഥ ഇമിണാ എവ്വ ഉവാഅണേണ തം അച്ഛരാകാമുഅം പേക്ഖാമി. [അത്രാനേനൈവോപായനേന തമപ്സരഃകാമുകം പ്രേക്ഷേ]

നിപുണികാ— തഹ. [തഥാ]

(ഇതി പരിജനസഹിതേ ലതാഗൃഹം പരിക്രാമതഃ)

വിദൂഷകഃ — (വിലോക്യ) ഭോ വഅസ്സ! കിം ഏദം പവണവസഗാമി പമദവണസമീവഗദകീലാപവ്വദപജ്ജന്തേ ദീസദി? [ഭോ വയസ്യ! കിമേതൽ പവനവശഗാമി പ്രമദവനസമീപഗതക്രീഡാപൎവ്വതപൎയ്യന്തേ ദൃശ്യതേ?]

രാജാ— (ഉത്ഥായ) ഭഗവൻ വസന്തപ്രിയ ദക്ഷിണവായോ!

വാസാൎത്ഥം ഹര സംഭൃതം സുരഭിണാ പൌഷ്പം രജോ വീരുധാം
കിം കാൎയ്യം ഭവതോ ഹൃതേന ദയിതാസ്നേഹസ്വഹസ്തേന മേ
ജാനീതേ ഹി മനോവിനോദനശതൈരേവംവിധൈർധാരിതം
കാമാൎത്തം ജനമഞ്ജനാം പ്രതി ഭവാനാലക്ഷിതപ്രാൎത്ഥനഃ. 18

നിപുണികാ— ഭട്ടിണി! പേക്ഖ പേക്ഖ. ഏദസ്സ എവ്വ അണ്ണേസണാ വട്ടദി. [ഭട്ടിനീ! പ്രേക്ഷസ്വ പ്രേക്ഷസ്വ. ഏതസ്യൈവാന്വേഷണാ വൎത്തതേ]

ദേവീ— ണം പേക്ഖാമി ദാവ. തുൺഹിം ചിട്ഠം. [നനു പശ്യാമി താവൽ. തൂഷ്ണീം തിഷ്ഠ]

രാജ്ഞി— നീ ഇതു വായിച്ചുനോക്കു് എനിക്കു വിരുദ്ധമായിട്ടുള്ളതല്ലെങ്കിൽ ഞാൻ കേൾക്കാം.

നിപുണിക— (അങ്ങിനെ ചെയ്തിട്ടു്) തമ്പുരാട്ടീ! ആ ലോകാപവാദം തന്നെയാണിതെന്നു തോന്നുന്നു. തമ്പുരാനെക്കുറിച്ചു ഉൎവ്വശിയെഴുതിയ കവിതയാണിതു് എന്നാണു് എന്റെ ഊഹം. ആര്യമാണവകന്റെ അശ്രദ്ധ നിമിത്തം നമ്മുടെ കയ്യിൽ വന്നുചേൎന്നതുമാവണം.

രാജ്ഞി— എന്നാൽ അതിലെ കാര്യം മനസ്സിലാക്കിയേക്കാം.

(നിപുണിക വായിക്കുന്നു)

രാജ്ഞി— (കേട്ടിട്ടു്) ഇവിടെ ഇതുതന്നെ തിരുമുൽക്കാഴ്ചവെച്ചിട്ടുവേണം ആ ദേവാംഗനാകാമുകനെ കാണാൻ.

നിപുണിക— ശരി.

(പരിജനങ്ങളോടുകൂടെ രണ്ടുപേരും വള്ളിക്കുടിലിലേക്കു ചുററിനടക്കുന്നു)

വിദൂഷകൻ— (നോക്കീട്ടു്) തോഴരേ! അതാണോ കാററത്തു പറന്നുപോയി ഉദ്യാനത്തിന്റെ സമീപത്തിലുള്ള കളിക്കുന്നിന്റെ അരികിൽ കാണുന്നതു്?

രാജാവു്— (എഴുന്നേററു്) ഭഗവാനേ! വസന്തസുഹൃത്തേ തെക്കൻകാററേ! അങ്ങുന്നു, വസന്തം സംഭരിച്ചുവെച്ചിട്ടുള്ള വല്ലീകളുടെ പൂമ്പൊടി സൌരഭ്യത്തിനുവേണ്ടി കൊണ്ടുപോയ്ക്കൊള്ളു. എന്റെ പ്രിയതമ സ്വന്തം കൈകൊണ്ടു എഴുതിയിട്ടുള്ള എഴുത്തു കൊണ്ടുപോയിട്ടെന്താണു് അങ്ങയ്ക്കു കാര്യം? അഞ്ജനയെക്കുറിച്ചു അഭിലാഷം പൂണ്ട അങ്ങയ്ക്കറിയാമല്ലോ, കാമാൎത്തന്മാരുടെ ജീവൻ നിലനില്ക്കുന്നതു് മനോവിനോദമുണ്ടാക്കുന്ന ഇത്തരം വസ്തുക്കളെക്കൊണ്ടാണു് എന്നു്. 18

നിപുണിക— തമ്പുരാട്ടീ! നോക്കു നോക്കു. ഇതിന്റെ തന്നെ അന്വേഷണമാണു് നടക്കുന്നതു്.

രാജ്ഞി— ഞാൻ കാണുന്നുണ്ടു്. മിണ്ടാതെ നില്ക്കു്.

വിദൂഷകഃ— (സവിഷാദം) ഹദ്ധി ഹദ്ധി! ഭോ! മിലാഅമാണ കേസരച്ഛവിണാ മോരപിച്ഛേണ വിപ്പലദ്ധോംഹി. [ഹാ ധിക് ഹാ ധിക്! ഭോഃ! മ്ലായമാനകേസരച്ഛവിനാ മയൂരപിഞ്ഛേന വിപ്രലബ്ധോഽസ്മി]

രാജാ— സർവ്വഥാ ഹതോഽസ്മി.

ദേവീ— (സഹസോപസൃത്യ) അജ്ജഉത്ത! അലം ആവേഏണ. ഏദം തം ഭുജ്ജവത്തം. [ആര്യ്യപുത്ര! അലമാവേഗേന. ഏതത്തൽ ഭൂർജ്ജപത്രം]

രാജാ— (സസംഭ്രമം) അയേ! ദേവീ? സ്വാഗതം ദേവ്യൈ.

വിദൂഷകഃ— (അപവാര്യ്യ) ദുരാഗതം ദാണിം സംവുത്തം. [ദുരാഗതമിദാനീം സംവൃത്തം]

രാജാ— (ജനാന്തികം) വയസ്യ! കിമത്ര പ്രതിവിധേയം?

വിദൂഷകഃ – (അപവാര്യ്യ) ലോത്തേണ ഗഹീദസ്സ കുംഭീലഅസ്സ അത്ഥി വാ പഡിവഅണം? [ലോപ്ത്രേണ ഗൃഹീതസ്യ കുംഭീരകസ്യാസ്തി വാ പ്രതിവചനം?]

രാജാ— (ജനാന്തികം) മൂഢ! നായം പരിഹാസകാലഃ. (പ്രകാശം) ദേവി! നേദം മയാ മൃഗ്യതേ. അയം ഖലു പരാന്വേഷണാർത്ഥമാരംഭഃ.

ദേവീ— ജുജ്ജദി, അത്തണോ സോഹഗ്ഗം പച്ഛാദേദും.
[യുജ്യതേ, ആത്മനഃ സൌഭാഗ്യം പ്രച്ഛാദയിതും]

വിദൂഷകഃ— ഭോദി! തുവേരേഹി സേ ഭോഅണം, ജം പിത്തോവസമണസമത്ഥം ഹോദി. [ഭവതി! ത്വരയാസ്യ ഭോജനം, യൽ പിത്തോപശമനസമർത്ഥം ഭവതി]

ദേവീ— ണിഉണിഏ! സോഹണം ക്ഖു ബംഹണേണ ആസാസിദോ വഅസ്സോ. [നിപുണികേ! ശോഭനം ഖലു ബ്രാഹ്മണേനാശ്വാസിതോ വയസ്യഃ]

വിദൂഷകഃ — ഭോദി! ണം പേക്ഖ. ആസാസിദോ പിസാചോ വി ഭോഅണേണ. [ഭവതി! നനു പശ്യ, ആശ്വാസിതഃ പിശാചോഽപി ഭോജനേന]

രാജാ— മൂർഖ! ബലാദപരാധിനം മാം പ്രതിപാദയസി?

ദേവീ— ണത്ഥി ക്ഖു ഭവദോ അവരാഹോ. അഹം എവ്വ ഏത്ഥ അവരദ്ധാ, ജാ പഡിഊലദംസണാ ഭവിഅ അഗ്ഗദോ ദേ ചിട്ഠാമി. ഇദോ അഹം ഗമിസ്സം. ണിഉണിഏ! ഏഹി, ഗച്ഛംഹ. (ഇതി കോപം നാടയിത്വാ പ്രസ്ഥിതാ)
[നാസ്തി ഖലു ഭവതോഽപരാധഃ. അഹമേവാത്രാപരാദ്ധാ, യാ പ്രതീകൂലദർശനാ ഭൂത്വാഗ്രതസ്തേതിഷ്ഠാമി. ഇതോഽഹം ഗമിഷ്യാമി. നിപുണികേ! ഏഹി, ഗച്ഛാവഃ]

വിദൂഷകൻ— കഷ്ടം കഷ്ടം! തോഴരേ! വാടിയ താമരയല്ലിയുടെ നിറമുള്ള മയിൽപ്പീലി കണ്ടു് എനിക്കു ചതി പിണഞ്ഞുപോയി.

രാജാവു്— എല്ലാംകൊണ്ടും ഞാൻ കഷ്ടത്തിലായി.

രാജ്ഞി— (പെട്ടെന്നു അടുത്തുചെന്നു്) ആര്യ്യപുത്ര! വിഷമിക്കേണ്ട. ഇതാ ആ ഭൂർജ്ജപത്രം.

രാജാവു്— (പരിഭ്രമത്തോടുകൂടി) ഏ! ദേവിയോ? ദേവിക്കു് സ്വാഗതം.

വിദൂഷകൻ— (സ്വകാര്യമായി) ഇപ്പോൾ ദുരാഗതമായിട്ടാണു് പരിണമിച്ചതു്.

രാജാവു്— (സ്വകാര്യം) തോഴരേ! എന്താണിവിടെ ചെയ്യേണ്ടതു്?

വിദൂഷകൻ— (സ്വകാര്യം) കട്ട മുതലോടുകൂടി പിടികൂടിയ കള്ളന്നുണ്ടോ മറുപടി?

രാജാവു്— (സ്വകാര്യം) മൂർഖ! ഇതു നേരമ്പോക്കു പറയാനുള്ള സമയമല്ല. (വെളിവായി) ദേവി! ഇതല്ല ഞാൻ തിരയുന്നതു്. മററൊന്നു തിരയാൻ തുടങ്ങുകയായിരുന്നു.

ദേവി— കൊള്ളാം, തന്റെ സൌഭാഗ്യം മറയ്ക്കാനുള്ള സൂത്രം.

വിദൂഷകൻ— അവിടുന്നു്, ഇദ്ദേഹത്തിന്നു പിത്തം മാറുവാൻ പററിയ ഭക്ഷണം വേഗം തയ്യാറാക്കാൻ നോക്കു.

ദേവി— നിപുണികേ! ബ്രാഹ്മണൻ തോഴരെ ആശ്വസിപ്പിച്ചതു നന്നായിട്ടുണ്ടു്.

വിദൂഷകൻ— അവിടുന്നു നോക്കു, പിശാചായാലും ഭക്ഷണംകൊണ്ടു് ആശ്വസിക്കും.

രാജാവു— മൂർഖ! അങ്ങു എന്നെപ്പിടിച്ചു് തെററുകാരനാക്കുകയാണോ?

ദേവി— അവിടുത്തേക്കു തെറെറാന്നുമില്ല. ഞാനാണു് ഇവിടെ തെററു ചെയ്തതു്. കാണാൻ ഇഷ്ടമില്ലാത്തവളായിട്ടു അവിടുത്തെ മുമ്പിൽ നില്ക്കുന്നുണ്ടല്ലോ. ഞാനിവിടെനിന്നു പോയേക്കാം. നിപുണികേ! വരൂ. നമുക്കു പോവുക. (കോപം നടിച്ചു പുറപ്പെടുന്നു)

രാജാ— (അനുസൃത്യ)

അപരാധീ നാമാഹം, പ്രസീദ രംഭോരു, വിരമ സംരംഭാൽ
സേവ്യോ ജനശ്ച കുപിതഃ, കഥം നു ദാസോ നിരപരാധഃ? 19

(ഇതി പാദയോഃ പതതി)

ദേവീ— (സ്വഗതം) മാ ക്ഖു ലഹുഹിഅആ അഹം അണുണഅം ബഹു മണ്ണേ. കിം ദു അദക്ഖിണ്ണകിദസ്സ പച്ഛാദാവസ്സ ഭാഏമി. [മാ ഖലു ലഘുഹൃദയാഹമനുനയം ബഹു മന്യേ. കിം ത്വദാക്ഷിണ്യകൃതാൽ പശ്ചാത്താപാൽ ബിഭേമി]

(ഇതി രാജാനമപഹായ സപരിവാരാ നിഷ്ക്രാന്താ)

വിദൂഷകഃ— പാഉസണദീ വിഅ അപ്പസണ്ണാ ഗദാ ദേവീ. താ ഉട്ഠേഹി ഉട്ഠേഹി. [പ്രാവൃൺനദീവാപ്രസന്നാ ഗതാ ദേവീ. തദുത്തിഷ്ഠ ഉത്തിഷ്ഠ]

രാജാ— (ഉത്ഥായ) വയസ്യ! നേദമനുപപന്നം. പശ്യ—

പ്രിയവചനകൃതോഽപി യോഷിതാം
ദയിതജനാനുനയോ രസാദൃതേ
പ്രവിശതി ഹൃദയം ന തദ്വിദാം
മണിരിവ കൃത്രിമരാഗയോജിതഃ. 20

വിദൂഷകഃ— അണുഊലം എവ്വ എത്ഥഭവദോ ഏദം. ണ ക്ഖു അക്ഖിദുക്ഖിദോ അഹിമുഹേ ദീവസിഹം സഹേദി. [അനുകൂലമേവാത്രഭവത ഏതൽ. ന ഖല്വക്ഷിദുഃഖിതോഽഭിമുഖേ ദീപശിഖാം സഹതേ]

രാജാ— മാ മൈവം. ഉർവ്വശീഗതമനസോഽപി മേ സ ഏവ ദേവ്യാം ബഹുമാനഃ. കിന്തു പ്രണിപാതലംഘനാദഹമസ്യാം ധൈര്യമവലംബിഷ്യേ.

വിദൂഷകഃ— ഭോ! ചിട്ഠദു ദാവ ഭവദോ ധീരദാ. ബുഭുക്ഖിദസ്സ ബംഹണസ്സ ജീവിതം അവലംബദു ഭവം. സമഓ ക്ഖു ണ്ഹാണഭോഅണം സേവിദും. [ഭോഃ! തിഷ്ഠതു താവൽ ഭവതോ ധീരതാ. ബുഭുക്ഷിതസ്യ ബ്രാഹ്മണസ്യ ജീവിതമവലംബതാം ഭവാൻ. സമയഃ ഖലു സ്നാനഭോജനം സേവിതും]

രാജാ— (ഊർദ്ധ്വമവലോക്യ) ഗതമർദ്ധം ദിവസസ്യ. അതഃ ഖലു—

ഉഷ്ണാലുഃ ശിശിരേ നിഷീദതി തരോർമ്മൂലാലവാലേ ശിഖീ
നിർഭിദ്യോപരി കർണ്ണികാരമുകുളാന്യാലീയതേ ഷട്പദഃ
തപ്തം വാരി വിഹായ തീരനളിനീം കാരണ്ഡവഃ സേവതേ
ക്രീഡാവേശ്മനി ചൈഷ പഞ്ജരശുകഃ ക്ലാന്തോ ജലം യാചതേ 21

(നിഷ്ക്രാന്തൌ)

ഇതി ദ്വിതീയോഽങ്കഃ

രാജാവ്— (പിന്നാലെ ചെന്നു്)

ഞാൻതന്നെയാണു് തെററുകാരൻ. സുന്ദരി! ക്ഷമിക്കൂ. കോപമടക്കൂ. ആരെ സേവിക്കണമോ, ആ ആൾ കോപിച്ചിരിക്കുന്നു. ദാസജനം തെററുകാരനല്ലാതാവുന്നതെങ്ങനെ? 19

(കാല്ക്കൽ വീഴുന്നു)

ദേവി— (വിചാരം) അത്രയ്ക്കു വിഡ്ഢിയല്ല ഞാൻ, മാപ്പുചോദിക്കുമ്പോഴേക്കും വകവെച്ചുകൊടുക്കുവാൻ. എന്നാൽ, ദാക്ഷിണ്യം കാണിക്കാത്തതിൽ പശ്ചാത്താപമുണ്ടാകുമോ എന്നാണു് ഭയം.

(രാജാവിനെ വിട്ടു പരിജനത്തോടുകൂടി പോകുന്നു)

വിദൂഷകൻ— മഴക്കാലത്തെ പുഴപോലെ തെളിയാതെ പോയി, ദേവി. അതുകൊണ്ടു എഴുന്നേറെറാളൂ എഴുന്നേറെറാളൂ.

രാജാവ്— (എഴുന്നേററ്) തോഴരേ! ഇതിൽ തെററില്ല. നോക്കൂ–

രസമില്ലാതെ പ്രിയതമൻ നൂറു നൂറു ഇഷ്ടവാക്കുകൾ പറഞ്ഞു് ആശ്വസിപ്പിച്ചാലും സ്ത്രീകളുടെ ഹൃദയത്തിലേക്കു അതു കടക്കില്ല, കൃത്രിമമായി നിറം പിടിപ്പിച്ച രത്നം നോട്ടക്കാരുടെ ഹൃദയത്തിലേക്കെന്നപോലെ. 20

വിദൂഷകൻ— അവിടുത്തേക്കിതു് ഗുണംതന്നെയാണു്, നേത്രരോഗിക്കു മുമ്പിൽ വിളക്കുണ്ടായാൽ അതു് പൊറുക്കാനാവില്ലല്ലോ.

രാജാവ്— അങ്ങനെയല്ല. എൻെറ മനസ്സ് ഉർവ്വശിയിലാണെങ്കിലും ദേവിയെക്കുറിച്ചു് എനിക്കു മുമ്പത്തെപ്പോലെതന്നെ ബഹുമാനമുണ്ടു്. എന്നാൽ, കാല്ക്കൽ വീണിട്ടും വക വെക്കാതെപോയതുകൊണ്ടു കുറച്ചു ധൈര്യം തോന്നുന്നുണ്ടു്.

വിദൂഷകൻ— അവിടുത്തെ ധൈര്യം അവിടെ ഇരിക്കട്ടെ. അവിടുന്നു വിശന്നു വലഞ്ഞ ബ്രാഹ്മണൻെറ ജീവനെ രക്ഷിക്കൂ, കുളിക്കാനും ഉണ്ണാനും സമയമായല്ലോ.

രാജാവ്— (മേല്പോട്ടു നോക്കി) നേരം ഉച്ചയായി. അതുകൊണ്ടുതന്നെയാണു്—

മയിൽ, ചൂടു കൂടുകയാൽ മരത്തിൻെറ കടയ്ക്കുള്ള തണുത്ത തടത്തിൽ വന്നിരിക്കുന്നു, വണ്ടു് കൊന്നപ്പൂമൊട്ടു വിടർത്തി അതിനുള്ളിൽക്കടന്നൊളിക്കുന്നു, കാരന്നം, ചുട്ട വെള്ളം വിട്ടു കരയ്ക്കു മുളച്ചുനിൽക്കുന്ന താമരയുടെ തണലിൽ വന്നുകൂടുന്നു. ക്രീഡാഗൃഹത്തിലുള്ള കൂട്ടിലെ കിളി ഇതാ തളർന്നു വെള്ളം ചോദിക്കുന്നു. 21

(രണ്ടുപേരും പോകുന്നു)

രണ്ടാമങ്കം കഴിഞ്ഞു.

തൃതീയോഽങ്കഃ

മിശ്രവിഷ്കംഭകഃ

(തതഃ പ്രവിശതോ ഭരതശിഷ്യൗ)

ഗാലവഃ— സഖേ പല്ലവ! മഹേന്ദ്രഭവനം ഗച്ഛതാ ഭഗവതോപാധ്യായേന ത്വമാസനം പ്രതിഗ്രാഹിതഃ. അഗ്നിശരണസംരക്ഷണായ സ്ഥാപിതോഽഹം. അതഃ ഖലു പൃച്ഛാമി—അപി ഗുരോഃ പ്രയോഗേണ ദിവ്യാ പരിഷദാരാധിതാ?

പല്ലവഃ— ഗാലവ! ണ ജാണേ ആരാഹിദാ ണ വാ ത്തി. തസ്സിം ഉണ സരസ്സഈകിദകവ്വബന്ധേ ലച്ഛീസഅംവരേ തേസു തേസു രസന്തരേസു തമ്മഈ ആസി. കിന്തു— [ഗാലവ! ന ജാനേ, ആരാധിതാ ന വാ ഇതി. തസ്മിൻ പുനഃ സരസ്വതീകൃതകാവ്യബന്ധേ ലക്ഷ്മീസ്വയംവരേ തേഷു തേഷു രസാന്തരേഷു തന്മയീ ആസിൽ കിന്തു—]

ഗാലവഃ—സദോഷാവകാശ ഇവ തേ വാക്യശേഷഃ.

പല്ലവഃ ആം തസ്സിം ഉവ്വസീഏ വഅണം പമാദക്ഖലിദം ആസി [ആം തസ്മിന്നുർവ്വശ്യാ വചനം പ്രമാദസ്ഖലിതമാസീൽ]

ഗാലവഃ— കഥമിവ?

പല്ലവഃ ലച്ഛീഭൂമിആഏ വട്ടമാണാഏ മേണആഏ പുച്ഛിദാ— 'സഹി! സമാഗദാ ഏദേ തേലോക്കസുപുരിസാ സകേശവാ അലോഅവാലാ. കദമസ്സിം ദേ ഭാവാഹിണിവേസോ' ത്തി. [ലക്ഷ്മീഭൂമികായാം വർത്തമാനയാ മേനകയാ പൃഷ്ടാ 'സഖി! സമാഗതാ ഏതേ ത്രൈലോക്യസുപുരുഷാഃ സകേശവാശ്ച ലോകപാലാഃ. കതമസ്മിംസ്തേ ഭാവാഭിനിവേശ' ഇതി]

ഗാലവഃ— തതസ്തതഃ

പല്ലവഃ— തദോ താഏ പുരുഷോത്തമേ ത്തി ഭണിതവ്വേ പുരൂരവസി ത്തി താഏ നിഗ്ഗദാ വാണീ [തതസ്തയാ പുരുഷോത്തമേ ഇതി ഭണിതവ്യേ പുരൂരവസീതി തസ്യാ നിർഗ്ഗതാ വാണീ]

ഗാലവഃ— ഭവിതവ്യതാനുവിധായീനി ഇന്ദ്രിയാണി. ന ഖലു താമഭിക്രുദ്ധോ ഗുരുഃ?

പല്ലവഃ— സാ ക്ഖു, സത്താ ഉവജ്ഝാഏണ. മഹിന്ദേണ ഉണ അണുഗഹീദാ. [സാ ഖലു ശപ്തോപാധ്യായേന, മഹേന്ദ്രേണ പുനരനുഗൃഹീതാ]

ഗാലവഃ— കഥമിവ?

മൂന്നാമങ്കം

മിശ്രവിഷ്കംഭകം

(അനന്തരം രണ്ടു ഭരതശിഷ്യന്മാർ പ്രവേശിക്കുന്നു)

ഗാലവൻ— സഖേ പൈലവ! ഇന്ദ്രഭവനത്തിലേക്കു പോകുമ്പോൾ ആചാർയ്യൻ പീഠമെടുക്കാൻ താങ്കളെയാണല്ലോ കൊണ്ടുപോയതു്. അഗ്നിശാല സൂക്ഷിക്കുവാൻ എന്നെ ഇവിടെ പാർപ്പിക്കുകയുംചെയ്തു. അതുകൊണ്ടു് ചോദിക്കുകയാണു്— ആചാര്യന്റെ നാട്യപ്രയോഗത്തിനു ദേവസദസ്സിനെ തൃപ്തിപ്പെടുത്തുവാൻ കഴിഞ്ഞുവോ?

പല്ലവൻ— ഗാലവ! തൃപ്തിപ്പെടുത്തുവാൻ കഴിഞ്ഞുവോ ഇല്ലയോ എന്നു് എനിക്കു് അറിഞ്ഞുകൂടാ. സരസ്വതിയുടെ കാവ്യരചനയുൾക്കൊള്ളുന്ന ആ ലക്ഷ്മീസ്വയംവരത്തിൽ അതാതു രസവിശേഷങ്ങളിൽ സദസ്സു തന്മയീഭവിച്ചിരുന്നു. പക്ഷെ—

ഗാലവൻ— താങ്കളുടെ 'പക്ഷെ' കേൾക്കുമ്പോൾ എന്തോ അബദ്ധം പറ്റിയെന്നു തോന്നുന്നു.

പല്ലവൻ— ഉവ്വു്. അതിൽ ഉർവ്വശിയുടെ വാക്കു്, അശ്രദ്ധനിമിത്തം തെറ്റിപ്പോയി.

ഗാലവൻ— അതെങ്ങനെ?

പല്ലവൻ— ലക്ഷ്മിയുടെ വേഷം ധരിച്ചിരുന്ന ഉർവ്വശിയോടു വാരുണിയുടെ വേഷം ധരിച്ചിരുന്ന മേനക ചോദിച്ചു— 'സഖി! ദിക്പാലകന്മാരും വിഷ്ണുവുമടക്കം മൂന്നുലോകത്തിലെ സൽപുരുഷന്മാരെല്ലാം ഇതാ വന്നുചേർന്നിരിക്കുന്നു. ഇവരിൽ ആരുടെ നേരെയാണു് നിനക്കു് ഇഷ്ടം തോന്നുന്നതു്', എന്നു്.

ഗാലവൻ— എന്നിട്ടപ്പോൾ?

പല്ലവൻ— അപ്പോൾ അവൾ 'പുരുഷോത്തമന്റെ നേരെ' എന്നു പറയേണ്ടതിനു പകരം പുരൂരവസ്സിന്റെ നേരേ, എന്ന വാക്കാണു് പുറപ്പെട്ടതു്!

ഗാലവൻ— വരാനുള്ളതിനനുസരിച്ചാണു് ഇന്ദ്രിയങ്ങൾ പ്രവർത്തിക്കുക. അവളുടെ നേരെ ആചാർയ്യൻ കോപിച്ചില്ലല്ലോ?

പല്ലവൻ— അവളെ ശപിച്ചു, ആചാർയ്യൻ! മഹേന്ദ്രൻ പിന്നീടനുഗ്രഹിച്ചു.

ഗാലവൻ— എങ്ങനെയാണതു്?

പല്ലവഃ— 'ജേണ മമ ഉവദേസോ തുഏ ലംഘിദോ തേണ ണ ദേ ദിവ്വം ഠാണം ഹവിസ്സദി' ത്തി ഉവജ്ഝാഅസ്സ സാവോ. മഹിന്ദേണ ഉണ പേക്ഖണാവസാണേ ലജ്ജാവണദമുഹീ സാ ഏവ്വം ഭണിദാ—'ജസ്സിം തുമം ബദ്ധഭാവാസി, തസ്സ മേ രണസഹാഅസ്സ രാഏസിണോ പിഅം ഏത്ഥ കരണിജ്ജം. താ ദാവ തുമം ജഹാകാമം പുരൂരവസം ഉവചിട്ഠ, ജാവ സോ തുഇ ദിട്ഠസന്താണോ ഭോദി' ത്തി ['യേന മമോപദേശസ്ത്വയാ ലംഘിതസ്തേന ന തേ ദിവ്യം സ്ഥാനം ഭവിഷ്യതി' ഇതി ഉപാധ്യായസ്യ ശാപഃ. മഹേന്ദ്രേണ പുനഃ പ്രേക്ഷണാവസാനേ ലജ്ജാവനതമുഖീ സാ ഏവം ഭണിതാ—'യസ്മിംസ്ത്വം ബദ്ധഭാവാസി, തസ്യ മേ രണസഹായസ്യ രാജർഷേഃ പ്രിയമത്ര കരണീയം. തത്താവൽ ത്വം യഥാകാമം പുരൂരവസമുപതിഷ്ഠസ്വ, യാവൽ സ ത്വയി ദൃഷ്ടസന്താനോ ഭവേ', ദിതി]

ഗാലവഃ— സദൃശമേതൽ പുരുഷാന്തരവിദോ മഹേന്ദ്രസ്യ.

പല്ലവഃ— (സൂര്യമവലോക്യ) കധാപസംഗേണ അംഹേഹിം അവരദ്ധാ അഹിസേഅവേലാ ക്ഖു ഉവജ്ഝായസ്സ. താ ഏഹി. സേ പാസവത്തിണോ ഹോമ. [കഥാപ്രസംഗേനാസ്മാഭിരപരാദ്ധാഭിഷേകവേലാ ഖലു ഉപാധ്യായസ്യ. തദേഹി. അസ്യ പാർശ്വവർത്തിനൌ ഭവാവഃ]

ഗാലവഃ— തഥാ.

(നിഷ്ക്രാന്തൌ)

ഇതി മിശ്രവിഷ്കംഭകഃ

(തതഃ പ്രവിശതി കഞ്ചുകീ)

കഞ്ചുകീ— (വിനിഃശ്വസ്യ)

സർവ്വഃ കല്യേ വയസി യതതേ ലബ്ധുമർത്ഥാൻ കുടുംബീ
പശ്ചാൽ പുത്രൈരപഹൃതഭരഃ കല്പതേ വിശ്രമായ
അസ്മാകം തു പ്രതിദിനമിയം സാദയന്തീ ശരീരം
സേവാ കാരാപരിണതിരഹോ! സ്ത്രീഷു കഷ്ടോഽധികാരഃ. 1

(പരിക്രമ്യ) ആദിഷ്ടോഽസ്മി സനിയമയാ കാശിരാജപുത്ര്യാ–വ്രതസമ്പാദനാർത്ഥം മയാ മാനമുത്സൃജ്യ നിപുണികാമുഖേന പൂർവ്വം യാചിതോ മഹാരാജഃ തദേവ ത്വം മദ്വചനാദ്വിജ്ഞാപയ, ഇതി. യാവദഹമിദാനീമവസിതസന്ധ്യാജാപ്യം മഹാരാജം പശ്യാമി. (പരിക്രമ്യാവലോക്യ ച) രമണീയഃ ഖലു ദിവസാവസാനവൃത്താന്തോ രാജവേശ്മനഃ. ഇഹഹി–

പല്ലവൻ— 'ഞാൻ പഠിപ്പിച്ചതു നീ തെററിച്ചില്ലേ? നിനക്കിനി ദേവലോകത്തിൽ സ്ഥാനമുണ്ടാവില്ല' എന്നാണ് ആചാൎയ്യന്റെ ശാപം. മഹേന്ദ്രൻ പിന്നെ കളി കഴിഞ്ഞപ്പോൾ നാണിച്ചു തല താഴ്ത്തി നില്ക്കുന്ന അവളോടു പറഞ്ഞു — 'നിന്റെ പ്രേമത്തിനു ഭാജനമായ രാജൎഷി എനിക്കു യുദ്ധത്തിൽ സഹായിക്കുന്ന ആളാണ്. അദ്ദേഹത്തിന്റെ ഇഷ്ടം സാധിപ്പിച്ചുകൊടുക്കണം. നീ ഇഷ്ടംപോലെ പുരൂരവസ്സിനെ സേവിച്ചുകൊള്ളുക, അദ്ദേഹം നിന്നിൽ സന്താനമുണ്ടായിക്കാണുന്നതുവരെ'. എന്ന്.

ഗാലവൻ— ഇതു് ആളുകളെ ശരിക്കറിയുന്ന മഹേന്ദ്രനു ചേൎന്നതുതന്നെ.

പല്ലവൻ— (സൂര്യനെ നോക്കീട്ടു്) പറഞ്ഞുപറഞ്ഞു നമ്മൾ ആചാൎയ്യന്റെ കുളിക്കു സമയം തെററിച്ചു. വരൂ അദ്ദേഹത്തിന്റെ അടുക്കലേക്കു പോവുക.

[രണ്ടുപേരും പോകുന്നു]

മിശ്രവിഷ്കംഭകം കഴിഞ്ഞു

(അനന്തരം കഞ്ചുകി പ്രവേശിക്കുന്നു.)

കഞ്ചുകി— (നെടുവീൎപ്പിട്ടു്)

കുഡുംബഭാരമുള്ള എല്ലാവരും നല്ല കാലത്തു സമ്പത്തു സമ്പാദിക്കാൻ നോക്കുന്നു. പിന്നെ മക്കൾ ചുമതലയേററാൽ വിശ്രമിക്കുന്നു. നമ്മുടെ ദാസ്യവൃത്തിയാകട്ടെ നാൾതോറും ദേഹത്തെ ക്ഷീണിപ്പിക്കുന്നു. വാൎദ്ധക്യം കാരാഗൃഹവാസം തന്നെ. സ്ത്രീകളുടെ ഇടയിൽ ജോലിനോക്കുക എന്നതു മഹാ കഷ്ടമാണു്. 1

(ചുററിനടന്നിട്ടു്)

വ്രതത്തിലിരിക്കുന്ന കാശിരാജപുത്രി എന്നോടു കല്പിച്ചു— “ഞാൻ കോപം വെടിഞ്ഞു നിപുണികവഴിക്കു മുമ്പു മഹാരാജാവിനോടു വ്രതം നടത്തിത്തരുവാൻ അഭ്യൎത്ഥിച്ചിട്ടുണ്ടായിരുന്നു. അതുതന്നെ ഞാൻ പറഞ്ഞതായി ചെന്നറിയിക്കു' എന്നു്. ഇപ്പോളിനി സന്ധ്യാവന്ദനം കഴിഞ്ഞിട്ടുള്ള മഹാരാജാവിനെ ചെന്നുകണ്ടേക്കാം. (ചുററിനടന്നു നോക്കീട്ടു്) രാജഗൃഹത്തിലെ സന്ധ്യാസമയത്തെ സ്ഥിതി രമണീയംതന്നെ. ഇവിടെ—

ഉൽകീർണ്ണാ ഇവ വാസയഷ്ടിഷു നിശാനിദ്രാലസാ ബർഹിണോ
ധൂപൈർജാലവിനിഃസൃതൈർവലഭയഃ സന്ദിഗ്ദ്ധപാരാവതാഃ
ആചാരപ്രയതഃ സപുഷ്പബലിഷു സ്ഥാനേഷു ചാർച്ചിഷ്മതീഃ
സന്ധ്യാമംഗളദീപികാ വിഭജതേ ശുദ്ധാന്തവൃദ്ധോ ജനഃ. 2

(നേപഥ്യാഭിമുഖമവലോക്യ) അയേ! ഇത ഏവ പ്രസ്ഥിതോ ദേവഃ.

പരിജനവനിതാകരാർപ്പിതാഭിഃ
പരിവൃത ഏഷ വിഭാതി ദീപികാഭിഃ
ഗിരിരിവ ഗതിമാനപക്ഷലോപാ-
ദനുതടപുഷ്പിതകർണ്ണികാരയഷ്ടിഃ. 3

യാവദേനമവലോകനമാർഗേ സ്ഥിതഃ പ്രതിപാലയാമി.
(പരിക്രമ്യ സ്ഥിതഃ)

(തതഃ പ്രവിശതി യഥാനിർദിഷ്ടോ രാജാ വിദൂഷകശ്ച)

രാജാ— (സ്വഗതം) ആഃ!
കാര്യ്യാന്തരിതോൽക്കണ്ഠം ദിനം മയാ നീതമനതികൃച്ഛ്രേണ
അവിനോദദീർഘയാമാ കഥം നു രാത്രിർഗമയിതവ്യാ? 4

കഞ്ചുകീ— (ഉപസൃത്യ) ജയതു ജയതു ദേവഃ. ദേവ! ദേവീ വിജ്ഞാപയതി 'മണിഹർമ്മ്യപൃഷ്ഠേ സുദർശനശ്ചന്ദ്രഃ. തത്ര സന്നിഹിതേന ദേവേന പ്രതിപാലയിതുമിച്ഛാമി, യാവദ്രോഹിണീസംയോഗ' ഇതി.

രാജാ— ആര്യ്യ ലാതവ്യ! വിജ്ഞാപ്യതാം ദേവീ, 'യസ്തേ ഛന്ദ' ഇതി.

കഞ്ചുകീ— യദാജ്ഞാപയതി ദേവഃ. (ഇതി നിഷ്ക്രാന്തഃ)

രാജാ— വയസ്യ! കിം പരമാർത്ഥത ഏവ ദേവ്യാ വ്രതനിമിത്തോഽയമാരംഭഃ സ്യാൽ?

വിദൂഷകഃ— ഭോ! തക്കേമി സംജാതപച്ഛാദാവാ തത്തഭോദീ വദാവദേസേണ ഭവദോ പണിപാദലംഘണം പമജ്ജിദുകാമാ ത്തി. [ഭോഃ! തർക്കയാമി സഞ്ജാതപശ്ചാത്താപാ തത്രഭവതീ വ്രതാപദേശേന ഭവതഃ പ്രണിപാതലംഘനം പ്രമാർഷ്ടുകാമേതി]

രാജാ— ഉപപന്നം ഭവാനാഹ.
അവധൂതപ്രണിപാതാഃ പശ്ചാൽ സന്തപ്യമാനമനസോഽപി
നിഭൃതൈർവ്യപത്രപന്തേ ദയിതാനുനയൈർമനസ്വിന്യഃ. 5
തദാദേശയ മണിഹർമ്മ്യപൃഷ്ഠമാർഗ്ഗം.

മയിലുകൾ ഇരിപ്പുപടികളിൽ ഉറക്കംതൂങ്ങി കൊത്തിവെച്ചപോലെ ഇരിക്കുന്നു. ജനലുകളിലൂടെ പുറത്തുവരുന്ന പുകച്ചുരുളുകൾ പ്രാപ്പലകകളിൽ പ്രാവുകളുണ്ടോ എന്ന സംശയം ജനിപ്പിക്കുന്നു. ആചാരശുദ്ധിയുള്ള അന്തഃപുരത്തിലെ പ്രായംചെന്ന സ്ത്രീകൾ ഉചിതസ്ഥാനങ്ങളിൽ പൂവാരാധിച്ച് അന്തിത്തിരി വെക്കുന്നു. 2

(അണിയറയിലേക്കു നോക്കി)

ഏ! മഹാരാജാവ് ഇങ്ങോട്ടുതന്നെ പുറപ്പെട്ടിരിക്കുന്നു.

വിളക്കുകളെടുത്തുകൊണ്ടു ദാസീജനങ്ങൾ ചുററുമുള്ള ഇദ്ദേഹം, തടപ്രദേശങ്ങളിൽ പൂത്തുനിൽക്കുന്ന കണിക്കൊന്നകളുമായി, ചിറകു പോകായ്കയാൽ നടന്നുവരുന്ന ഒരു മലപോലെ ശോഭിക്കുന്നു. 3

കാണത്തക്കവിധം വഴിയരികിൽ കാത്തുനില്ക്കാം.

(ചുററിനടന്നു നില്ക്കുന്നു)

(അനന്തരം പറഞ്ഞപോലെ രാജാവും വിദൂഷകനും പ്രവേശിക്കുന്നു)

രാജാവ്— (വിചാരം) ഓരോ കാൎയ്യങ്ങൾ നിമിത്തം ഉൽക്കണ്ഠയറിയാതെ പകൽ വലിയ പ്രയാസംകൂടാതെതന്നെ കഴിച്ചുകൂട്ടി. വിനോദമൊന്നും ഇല്ലായ്കയാൽ യാമങ്ങൾക്കു നീളം കൂടിയതായിത്തോന്നുന്ന രാത്രി എങ്ങനെയാണ് കഴിച്ചുകൂട്ടുക? 4

കഞ്ചുകി— (അടുത്തുചെന്നു്) മഹാരാജാവു ജയിക്കട്ടെ ജയിക്കട്ടെ, മഹാരാജാവേ! രാജ്ഞി അറിയിക്കുന്നു— 'മണിമാളികയുടെ മുകളിൽ ചന്ദ്രനെ നല്ലപോലെ കാണാം. എനിക്കു് അവിടെ എത്തിയ മഹാരാജാവിനോടുകൂടെ രോഹിണി ചേരുന്നതുവരെ കാത്തുനിന്നാൽക്കൊള്ളാമെന്നുണ്ടു്'— എന്നു്.

രാജാവ്— ആൎയ്യലാതവ്യ! ദേവിയെ അറിയിക്കൂ— 'നിന്റെ ഇഷ്ടംപോലെ' എന്നു്.

കഞ്ചുകി— മഹാരാജാവിന്റെ കല്പനപോലെ.

(പോകുന്നു)

രാജാവ്— തോഴരേ! പരമാൎത്ഥത്തിൽ ദേവിയുടെ ഈ ഒരുക്കം വ്രതത്തിന്റെ അടിസ്ഥാനത്തിലുള്ളതുതന്നെയാണോ?

വിദൂഷകൻ— ഞാൻ വിചാരിക്കുന്നതു്, അങ്ങു നമസ്കരിച്ചിട്ടും വകവെക്കാതെ പോയതിൽ പശ്ചാത്താപം തോന്നിയിട്ടു വ്രതത്തിന്റെ പേരിൽ അതില്ലാതാക്കാൻ ആഗ്രഹിച്ചിട്ടാണെന്നാണ്.

രാജാവ്— അങ്ങു പറയുന്നതു ശരിയാണ്. എന്തെന്നാൽ—

നമസ്കരിച്ചതു വകവെയ്ക്കാതെ കടന്നുപോയതിനുശേഷം മനസ്സിൽ പശ്ചാത്താപം തോന്നിയാലും വെറുതെ വന്നു ഭൎത്താവിന്റെ അടുക്കൽ ക്ഷമാപണം ചെയ്യുന്നതിന്നു, മനസ്സുറപ്പുള്ള സ്ത്രീകൾ മടിക്കുന്നു. 5

അതുകൊണ്ടു മണിമാളികയുടെ മുകളിലേക്കു വഴി കാണിക്കൂ.

വിദൂഷകഃ— ഇദോ ഇദോ ഭവം. ഇമിണാ ഗംഗാതരംഗസസ്സിരീഏണ ഫളിഅമണിസോവാണേണ ആരോഹദു ഭവം പദോസാവസരരമണിജ്ജം മണിഹമ്മിഅപിട്ഠം. [ഇത ഇതോ ഭവാൻ. ഏതേന ഗംഗാതരംഗസശ്രീകേണ സ്ഫടികമണിസോപാനേനാരോഹതു ഭവാൻ പ്രദോഷാവസരരമണീയം മണിഹർമ്മ്യപൃഷ്ഠം]

രാജാ— ആരോഹാഗ്രതഃ.

(സർവ്വേ സോപാനാരോഹണം നാടയന്തി)

വിദൂഷകഃ— (നിരൂപ്യ) ഭോ! പച്ചാസണ്ണേണ ചന്ദോദയേണ ഹോദവ്വം, ജഹ തിമിരരേഈഅമാണം പുവ്വദിസാമുഹം ആലോഅസുഹഅം ദീസദി [ഭോഃ! പ്രത്യാസന്നേന ചന്ദ്രോദയേന ഭവിതവ്യം. യഥാ തിമിരരിച്യമാനം പൂർവ്വദിശാമുഖമാലോകസുഭഗം ദൃശ്യതേ]

രാജാ— സമ്യഗ്ഭവാൻ മന്യതേ.

ഉദയഗൂഢശശാങ്കമരീചിഭിസ്തമസി ദൂരതരം പ്രതിസാരിതേ
അളകസംയമനാദിവ ലോചനേ ഹരതി മേ ഹരിവാഹനദിങ്മുഖം. 6

വിദൂഷകഃ— (വിലോക്യ) ഹീ ഹീ ഭോ! ഏസോ ക്ഖു ഖണ്ഡമോദഅസസ്സിരീഓ ഉദിദോ രാആ ദുആദീണം. [ഹീ ഹീ ഭോഃ! ഏഷ ഖലു ഖണ്ഡമോദകസശ്രീക ഉദിതോ രാജാ ദ്വിജാതീനാം]

രാജാ— (സസ്മിതം) സർവ്വത്രൗദരികസ്യാഭ്യവഹാര്യമേവ വിഷയഃ. (പ്രാഞ്ജലിഃ പ്രണമ്യ) ഭഗവൻ ക്ഷപാനാഥ!

രവിമാവസതേ സതാം ക്രിയായൈ
സുധയാ തർപ്പയതേ സുരാൻ പിതൄംശ്ച
തമസാം നിശി മൂർച്ഛതാം നിഹന്ത്രേ
ഹരചൂഡാനിഹിതാത്മനേ നമസ്തേ. 7

(ഇതി ഉപതിഷ്ഠതേ)

വിദൂഷകഃ— ഭോ! ബംഹണസങ്കാമിദക്ഖരേണ ദേ പിതാമഹേണ അബ്ഭണുണ്ണാദോസി. താ ആസണട്ഠിദോ ഹോഹി, ജാവ അഹം വി സുഹാസീണോ ഹോമി. [ഭോഃ! ബ്രാഹ്മണസംക്രാമിതാക്ഷരേണ തേ പിതാമഹേനാഭ്യനുജ്ഞാതോഽസി. തദാസനസ്ഥിതോ ഭവ. യാവദഹമപി സുഖാസീനോ ഭവാമി]

രാജാ (വിദൂഷകവചനം പരിഗൃഹ്യോപവിഷ്ടഃ പരിജനം വിലോക്യ) അഭിവ്യക്തായാം ചന്ദ്രികായാം കിം ദീപികാപൗനരുക്ത്യേന? തദ്വിശ്രാമ്യന്തു ഭവത്യഃ.

പരിജനഃ— ജം ദേവോ ആണവേദി. [യദ്ദേവ ആജ്ഞാപയതി]

(ഇതി നിഷ്ക്രാന്തഃ)

വിദൂഷകൻ— അവിടുന്ന് ഇതിലേ ഇതിലേ, ഗംഗാതരംഗങ്ങളെപ്പോലെ ശോഭിക്കുന്ന ഈ സ്ഫടികമണിക്കോണിയിലൂടെ, സന്ധ്യാസമയത്തു സവിശേഷം മനോഹരമായിരിക്കുന്ന മണിമാളികയുടെ മുകളിലേക്ക് അവിടുന്നു കയറിയാലും.

രാജാവ്— അങ്ങു മുമ്പിൽ കയറൂ.

(എല്ലാവരും കോണി കയറുന്നതായി നടിക്കുന്നു)

വിദൂഷകൻ— (നോക്കീട്ട്) തോഴരേ! ചന്ദ്രോദയം അടുത്തുവെന്നു തോന്നുന്നു. കിഴക്കേദിക്ക് ഇരുട്ടൊഴിഞ്ഞു വെളിച്ചം പരന്നു അഴകാർന്നതായിക്കാണുന്നു.

രാജാവ്— അങ്ങു വിചാരിക്കുന്നതു ശരിയാണ്.

ഉദയപൎവ്വതംകൊണ്ടു മറഞ്ഞ ചന്ദ്രന്റെ രശ്മികൾ ഇരുട്ടിനെ ദൂരദൂരം അകററിയപ്പോൾ കുറുനിരകൾ മാടിയൊതുക്കിയ യുവതിമുഖമെന്നപോലെ ഇന്ദ്രദിങ്മുഖം എന്റെ കണ്ണുകളെ കവരുന്നു. 6

വദൂഷകൻ— (നോക്കീട്ട്) അയ്യയ്യോ! ഇതാ മോദകഖണ്ഡംപോലെ ദ്വിജരാജൻ ചന്ദ്രൻ ഉദിച്ചിരിക്കുന്നു.

രാജാവ്— (പുഞ്ചിരി തൂകിക്കൊണ്ട്) ഏതിലും പെരുവയറന്നു ഭക്ഷണകാൎയ്യമേ ഉള്ളൂ. (തൊഴുതു നമസ്കരിച്ച്) ഭഗവാനേ നിശാനാഥ!

സജ്ജനങ്ങൾക്കു കൎമ്മങ്ങൾ ചെയ്യുവാൻ സൂൎയ്യനിൽ വസിക്കുന്നവനും ദേവകൾക്കും പിതൃക്കൾക്കും അമൃതംകൊണ്ടു തൎപ്പണം ചെയ്യുന്നവനും രാത്രിയിൽ വൎദ്ധിച്ചുവരുന്ന ഇരുട്ടുകളെ നശിപ്പിക്കുന്നവനും മഹേശ്വരന്റെ ശിരസ്സിൽ അണിയുന്ന രത്നവുമായ നിന്തിരുവടിക്കു നമസ്കാരം. 7

(പൂജിക്കുന്നു)

വിദൂഷകൻ— ബ്രാഹ്മണനിലേക്കു പകൎന്ന വാക്കുകൊണ്ട് അവിടുത്തെ മുത്തച്ഛൻ സമ്മതം തന്നിരിക്കുന്നു. ഇരുന്നുകൊള്ളൂ. ഞാനും സുഖമായി ഇരിക്കട്ടെ.

രാജാവ്— (വിദൂഷകന്റെ വാക്കു സ്വീകരിച്ച് ഇരുന്നു പരിജനങ്ങളെ നോക്കീട്ട്) നിലാവ് തെളിഞ്ഞിരിക്കെ എന്തിനാണീ വിളക്കുകൾ? നിങ്ങൾ പോയി വിശ്രമിച്ചുകൊള്ളുവിൻ.

പരിജനങ്ങൾ— മഹാരാജാവിന്റെ കല്പനപോലെ.

(പോകുന്നു)

രാജാ— (ചന്ദ്രമസമവലോക്യ വിദൂഷകം പ്രതി) വയസ്യ! പരം മുഹൂർത്താദാഗമനം ദേവ്യാഃ. തദവിവിക്തേ കഥയിഷ്യാമി സ്വാമവസ്ഥാം.

വിദൂഷകഃ— ണം ദീസദി ഏവ്വ സാ. കിംദു താരിസം അണുരാഅം പേക്ഖിഅ സക്കം ക്ഖു ആസാബന്ധേണ അത്താണം ധാരേദും. [നനു ദൃശ്യത ഏവ സാ. കിന്തു താദൃശമനുരാഗം പ്രേക്ഷ്യ ശക്യം ഖല്വാശാബന്ധേനാത്മാനം ധാരയിതും]

രാജാ— ഏവമേതൽ. ബലവാൻ പുനർമ്മേ മനസോഽഭിതാപഃ.

നദ്യാ ഇവ പ്രവാഹോ വിഷമശിലാസങ്കടസ്ഖലിതവേഗഃ
വിഘ്നിതസമാഗമസുഖോ മനസിശയഃ ശതഗുണീഭവതി. 8

വിദൂഷകഃ— ഭോ! ജഹാ പരിഹീഅമാണേഹിം അംഗേഹിം അഹിഅം സോഹസി, തഹാ അദൂരേ പിആസമാഗമം ദേ പേക്ഖാമി. [ഭോഃ! യഥാ പരിഹീയമാണൈരംഗൈരധികം ശോഭസേ, തഥാദൂരേ പ്രിയാസമാഗമം തേ പ്രേക്ഷേ]

രാജാ— (നിമിത്തം സൂചയൻ) വയസ്യ!

വചോഭിരാശാജനനൈർഭവാനിവ ഗുരുവ്യഥം
അയം മാം സ്പന്ദിതൈർബാഹുരാശ്വാസയതി ദക്ഷിണഃ. 9

വിദൂഷകഃ— ണ ക്ഖു അണ്ണഹാ ബംഹണസ്സ വഅണം. [ന ഖല്വന്യഥാ ബ്രാഹ്മണസ്യ വചനം]

(രാജാ സപ്രത്യാശസ്തിഷ്ഠതി)

(തതഃ പ്രവിശതി ആകാശയാനേനാഭിസാരികാവേഷാ ഉർവ്വശീ ചിത്രലേഖാ ച.)

ഉർവ്വശീ— (ആത്മാനമവലോക്യ) ഹളാ ചിത്തലേഹേ! അവി രോഅദി ദേ അഅം മമ അപ്പാഭരണഭൂസിദോ ണീലംസുഅപരിഗ്ഗഹോ അഹിസാരിആവേസോ? [ഹളാ ചിത്രലേഖേ! അപി രോചതേ തേഽയം മമാല്പഭരണഭൂഷിതോ നീലാംശുകപരിഗ്രഹോഽഭിസാരികാവേഷഃ?]

ചിത്രലേഖാ— സഹി! ണത്ഥി മേ വാആവിഹവോ പസംസിദും. ഇദം തു ചിന്തേമി—'അവി ണാമ അഹം പുരൂരവാ ഭവേഅം' ത്തി. [സഖി! നാസ്തി മേ വാഗ്വിഭവഃ പ്രശംസിതും. ഇദം തു ചിന്തയാമി—'അപി നാമാഹം പുരൂരവാ ഭവേയ'മിതി]

ഉർവ്വശീ—സഹി! മദണോ ക്ഖു തുമം ആണവേദി. താ സിഗ്ഘം ണേഹി മം തസ്സ സുഹഅസ്സ വസദിം. [സഖി! മദനഃ ഖലു ത്വാമാജ്ഞാപയതി. തച്ഛീഘ്രം നയ മാം തസ്യ സുഭഗസ്യ വസതിം]

രാജാവ്— (ചന്ദ്രനെനോക്കി വിദൂഷകനോട്) തോഴരേ! രണ്ടു നാഴിക കഴിഞ്ഞേ ദേവി വരികയുള്ളു. അതുകൊണ്ട് ഈ വിജനസ്ഥലത്തുവെച്ച് എന്റെ അവസ്ഥ ഞാൻ പറയാം.

വിദൂഷകൻ— അതു പ്രത്യക്ഷമാണല്ലോ. എന്നാൽ അത്തരം അനുരാഗം കണ്ടതുകൊണ്ടു ആശിക്കാൻ വകയുള്ളതിനാൽ ജീവിതം നിലനിൎത്താൻ കഴിയും.

രാജാവ്— ശരിയാണ്. എന്നാൽ എന്റെ മനസ്സിനു വല്ലാത്ത ചുട്ടുനീററം.

ഉയൎന്നും താണുമുള്ള പാറകളിൽത്തട്ടി വേഗത്തിന്നിടച്ചു പററിയ നദീപ്രവാഹത്തിന്നെന്നപോലെ സമാഗമസുഖത്തിനു വിഘ്നം നേരിട്ടാൽ കാമനു നൂറുമടങ്ങു ശക്തികൂടും. 8

വിദൂഷകൻ— ദേഹം ചടയ്ക്കുന്നതിനോടൊപ്പം അവിടുത്തേക്കു ശോഭ വൎദ്ധിച്ചു കാണുന്നതുകൊണ്ട് ഏറെത്താമസിയാതെ പ്രിയാസമാഗമമുണ്ടാകുമെന്നു ഞാൻ കരുതുന്നു.

രാജാവ്— (നിമിത്തസൂചന നടിച്ചിട്ട്) തോഴരേ!

വല്ലാതെ മനോദുഃഖമനുഭവിക്കുന്ന എന്നെ, പ്രത്യാശ ജനിപ്പിക്കുന്ന വാക്കുകളെക്കൊണ്ടു അങ്ങെന്നപോലെ ഈ വലങ്കയ്യു തുടിപ്പുകൾകൊണ്ട് ആശ്വസിപ്പിക്കുന്നു. 9

വിദൂഷകൻ— ബ്രാഹ്മണന്റെ വാക്കു തെററില്ല.

(രാജവു പ്രത്യാശയോടുകൂടി നില്ക്കുന്നു)

(അനന്തരം ആകാശം വഴി അഭിസാരികാവേഷത്തിൽ ഉൎവ്വശിയും ചിത്രലേഖയും പ്രവേശിക്കുന്നു)

ഉൎവ്വശി— (തന്നെ നോക്കി) സഖി ചിത്രലേഖേ! നിനക്കിഷ്ടപ്പെട്ടുവോ, എന്റെ ഈ അല്പംമാത്രം ആഭരണമണിഞ്ഞു നീലപ്പട്ടു ധരിച്ചുകൊണ്ടുള്ള അഭിസാരികാവേഷം?

ചിത്രലേഖ— ഇതു വൎണ്ണിക്കാൻ തക്ക വാഗ്വൈഭവം എനിക്കില്ല. ഞാൻ വിചാരിക്കുകയാണ്, 'ഞാൻ പുരൂരവസ്സായിരുന്നെങ്കിൽ' എന്നു.

ഉൎവ്വശി— സഖി! കാമദേവനാണ് നിന്നോടു കല്പിക്കുന്നതു്, അതുകൊണ്ടു വേഗത്തിലെന്നെ ആ സുഭഗന്റെ ഗൃഹത്തിലെത്തിക്കണം.

ചിത്രലേഖാ— (വിലോക്യ) ണം ഏദം പരിവത്തിദം വിഅ കേലാസസിഹരം പിഅദമസ്സ ദേ ഭവണം ഉവഗദംഹ. [നന്വേതൽ പരിവൎത്തിതമിവ കൈലാസശിഖരം പ്രിയതമസ്യ തേ ഭവനമുപഗതേ സ്വഃ]

ഉൎവ്വശീ— തേണ ഹി പഹാവാദോ ജാണാഹി ദാവ, കഹിം സോ മമ ഹിഅഅചോരോ, കിം വാ അണുചിട്ഠദി ത്തി. [തേന ഹി പ്രഭാവാജ്ജാനീഹി താവൽ ക്വ മമ ഹൃദയചോരഃ, കിം വാനുതിഷ്ഠതീതി]

ചിത്രലേഖാ— (ധ്യാത്വാ വിഹസ്യാത്മഗതം) ഭോദു, കീലിസ്സം ദാവ ഏദാഏ. (പ്രകാശം) ഹളാ! ദിട്ഠോ മഏ ഏസോ മണോരഹലദ്ധപിആസമാഅമസുഹം അണുഹവന്തോ ഉവഹോഅക്ഖമേ ഓആസേ ചിട്ഠദിത്തി. [ഭവതു ക്രീഡിഷ്യാമി താവദേതയാ. ഹളാ! ദൃഷ്ടോ മയാ ഏഷ മനോരഥലബ്ധപ്രിയാസമാഗമസുഖമനുഭവന്നുപഭോഗക്ഷമേഽവകാശേ തിഷ്ഠതീതി]

(ഉൎവ്വശീ വിഷാദം നാടയതി)

ചിത്രലേഖാ— മുദ്ധേ! കാ ഉണ അണ്ണാ പിആ സമാഅമസ്സ? [മുഗ്ധേ! കാ പുനരന്യാ പ്രിയാ സമാഗമായ?]

ഉൎവ്വശീ— (സോച്ഛ്വാസം) സഹി! അദക്ഖിണം സംദേഹദി മേ ഹിഅഅം. [സഖി! അദക്ഷിണം സംദിഗ്ധേ മേ ഹൃദയം]

ചിത്രലേഖാ— (വിലോക്യ) ഏസോ മണിഹമ്മിഅപ്പാസാദപിട്ഠഗദോ വഅസ്സമേത്തസഹാഓ രാഏസി. താ ഏഹി. ഉവസപ്പാമ ണം. [ഏഷ മണിഹൎമ്മ്യപ്രാസാദപൃഷ്ഠഗതോ വയസ്യമാത്രസഹായോ രാജൎഷിഃ. തദേഹി. ഉപസൎപ്പാവ ഏനം]

(ഉഭേ അവതരതഃ)

രാജാ— വയസ്യ! രജന്യാ സഹ വിജൃംഭതേ മദനബാധാ.

ഉൎവ്വശീ— അണിബ്ഭിണ്ണത്ഥേണ ഇമിണാ വഅണേണ ആകംപിദം മേ ഹിഅഅം. താ അന്തരിദാ എവ്വ സുണാമ സേ സേരാലാപം, ജാവ ണോ സംസഅച്ഛേദോ ഹോദി. [അനിർഭിന്നാൎത്ഥേനാനേന വചനേനാകമ്പിതം മേ ഹൃദയം. തദന്തർഹിതേ ശൃണുവോഽസ്യ സ്വൈരാലാപം, യാവദാവയോഃ സംശയച്ഛേദോ ഭവതി]

ചിത്രലേഖാ— ജം ദേ രോഅദി. [യത്തേ രോചതേ]

വിദൂഷകഃ— ണം ഇമേ അമിഅഗബ്ഭാ സേവിഅന്ദു ചന്ദവാദാ. [നന്വേതേഽമൃതഗൎഭാഃ സേവ്യന്താം ചന്ദ്രപാദാഃ]

ചിത്രലേഖ— (നോക്കീട്ട്) ഇതാ കൈലാസശിഖരം മാററിപ്പണിതതുപോലുള്ള നിന്റെ പ്രിയതമന്റെ ഭവനത്തിൽ നാമെത്തിക്കഴിഞ്ഞുവല്ലോ.

ഉർവ്വശി— എന്നാൽ ദിവ്യദൃഷ്ടികൊണ്ടൊന്നറിയാൻ നോക്കൂ, എന്റെ ഹൃദയം കട്ടെടുത്ത അദ്ദേഹം എവിടെ, എന്തുചെയ്യുന്നു എന്ന്.

ചിത്രലേഖ— (ധ്യാനദൃഷ്ടികൊണ്ടുനോക്കി, പുഞ്ചിരിതൂകിക്കൊണ്ടു വിചാരം) ആവട്ടെ ഇവളെക്കൊണ്ടു നേരംപോക്കുണ്ടാക്കാം. (വെളിവായി) സഖി! അദ്ദേഹം സങ്കല്പത്തിൽ പ്രിയാസമാഗമസുഖം അനുഭവിച്ചുകൊണ്ട് അനുഭവയോഗ്യമായ സ്ഥലത്തിരിക്കുന്നതായി ഞാൻ കണ്ടു.

(ഉർവ്വശി വിഷാദം നടിക്കുന്നു)

ചിത്രലേഖ— വിഡ്ഢി! വേറെ ഏതു പ്രിയയാണ്, സമാഗമിക്കാനുള്ളത്?

ഉർവ്വശി— (ആശ്വസിച്ചുകൊണ്ട്) ദാക്ഷിണ്യമില്ലാത്ത എന്റെ ഹൃദയം സംശയിക്കുകയാണ്.

ചിത്രലേഖ— (നോക്കീട്ട്) ഇതാ മണിമാളികമുകളിൽ തോഴരോടൊപ്പം രാജർഷി. വരൂ, നമുക്കു ഇദ്ദേഹത്തിന്റെ അടുത്തേക്കു ചെല്ലുക.

(രണ്ടുപേരും ഇറങ്ങുന്നു)

രാജാവ്— തോഴരേ! രാത്രിയോടൊപ്പം കാമബാധ മുഴുത്തു മുഴുത്തു വരുന്നു,

ഉർവ്വശി— അർത്ഥം വ്യക്തമാവാത്ത ഈ വാക്കുകേട്ട് എന്റെ ഹൃദയത്തിന് ആട്ടം തട്ടിപ്പോകുന്നു. സംശയം തീരുന്നതുവരെ നമുക്കു മറഞ്ഞുനിന്ന് ഇവരുടെ സ്വൈരസംഭാഷണം കേൾക്കാം.

ചിത്രലേഖ— നിന്റെ ഇഷ്ടംപോലെ.

വിദൂഷകൻ— അമൃതമയംക്കൊള്ളുന്ന ഈ ചന്ദ്രരശ്മികളെ ആസ്വദിച്ചുകൊള്ളൂ.

രാജാ— വയസ്യ! ഏവമാദിഭിരനപക്രമ്യോഽയമാതങ്കഃ. പശ്യ-

കുസുമശയനം ന പ്രത്യഗ്രം, ന ചന്ദ്രമരീചയോ
ന ച മലയജം സൎവ്വാംഗീണം, ന വാ മണിയഷ്ടയഃ
മനസിജരുജം സാ വാ ദിവ്യാ മമാലമപോഹിതും

ഉൎവ്വശീ— (ഉരസി ഹസ്തം ദത്വാ) കാ വാ അവരാ? [കാ വാ അപരാ?]

രാജാ—

രഹസി ലഘയേദാരബ്ധാ വാ തദാശ്രയിണീ കഥാ. 10

ഉൎവ്വശീ— ഹിഅഅ! മം ഉജ്ഝിഅ ഇദോ സങ്കന്തേണ തുഏ ദാണിം ഫലം ഉവലദ്ധം. [ഹൃദയ! മാമുജ്ഝിത്വാ ഇതഃ സംക്രാന്തേന ത്വയേദാനീം ഫലമുപലബ്ധം]

വിദൂഷകഃ— ആംഅഹം വി പത്ഥയന്തോ ജദാ സിഹരിണിം രസാളം അ ണ ലഹേ, തദാ ണം സങ്കിത്തഅന്തോ ആസാസേമി അത്താണം. [ആം. അഹമപി പ്രാൎത്ഥയമാനോ യദാ ശിഖരിണീം രസാളാം വാ ന ലഭേ, തദൈതൽ സംകീൎത്തയന്നാശ്വാസയാമ്യാത്മാനം]

രാജാ— സമ്പദ്യതേ പുനരിദം ഭവതഃ.

വിദൂഷകഃ— ഭവം വി തം അഇരേണ പാവിസ്സദി. [ഭവാനപി താമചിരേണ പ്രാപ്സ്യതി]

രാജാ— സഖേ! ഏവം മന്യേ.

ചിത്രലേഖാ— സുണു അസംതുട്ഠേ! സുണു. [ശൃണു അസന്തുഷ്ടേ! ശൃണു]

വിദൂഷകഃ— കഹം വിഅ? [കഥമിവ?]

രാജാ—

അയം തസ്യാ രഥക്ഷോഭാദംസേനാംസോ നിപീഡിതഃ
ഏകഃ കൃതീ ശരീരേഽസ്മിൻ ശേഷമംഗം ഭുവോ ഭരഃ. 11

ചിത്രലേഖാ— സഹി! കിം ദാണിം വിലംബീഅദി. [സഖി! കിമിദാനീം വിളംബ്യതേ?]

ഉൎവ്വശീ— (സഹസോപസൃത്യ) ഹളാ! അഗ്ഗദോ വി മമ ട്ഠിദാഏ ഉദാസീണോ വിഅ മഹാരാഓ. [ഹളാ! അഗ്രതോഽപി മമ സ്ഥിതായാ ഉദാസീന ഇവ മഹാരാജഃ]

ചിത്രലേഖാ— (സസ്മിതം) അഇ അദിതുവരിദേ! അണക്ഖിത്തതിരക്ഖരിണീ അസി. [അയി അതിത്വരിതേ! അനാക്ഷിപ്തതിരസ്കരണീകാസി]

(നേപഥ്യേ)

ഇദോ ഇദോ ഭട്ടിണീ. [ഇത ഇതോ ഭട്ടിനീ]

(സൎവ്വേ കൎണ്ണം ദദതി. ഉൎവ്വശീ സഹ സഖ്യാ വിഷണ്ണാ)

രാജാവ്— ഈ വകകൊണ്ടൊന്നും ഈ രോഗത്തിനു ചികിത്സ തുടങ്ങിക്കൂട. നോക്കൂ—

പുതിയ പൂമെത്തയോ തുനിലാവോ ചന്ദനച്ചാറോ മണിമാലകളോ ഒന്നും എന്റെ കാമതാപം അകററുവാൻ മതിയാവില്ല. ദിവ്യയായ അവൾക്കു എന്റെ കാമതാപം തീർക്കുവാൻ സാധിച്ചേക്കും അല്ലെങ്കിൽ,

ഉർവ്വശി— (നെഞ്ഞത്തു കൈ വച്ചുകൊണ്ടു്) അല്ലെങ്കിൽ പിന്നെ എന്തു?

രാജാവ്— അല്ലെങ്കിൽ വിജനസ്ഥലത്തുവെച്ച് അവളെക്കുറിച്ചു എന്തെങ്കിലും പറഞ്ഞുകൊണ്ടിരുന്നാൽ അല്പം ആശ്വാസമുണ്ടായേക്കും. 10

ഉർവ്വശി— ഹൃദയമേ! ഇപ്പോൾ എന്നെ വിട്ടു് ഇദ്ദേഹത്തിൽ കടന്നുകൂടിയതിന്റെ ഫലം നിനക്കു ലഭിച്ചു.

വിദൂഷകൻ— ശരിയാണ്. ഞാൻ (1) ശിഖരിണിയോ രസാളയോ ആഗ്രഹിച്ചു കിട്ടാതിരുന്നാൽ അവയെക്കുറിച്ചു സങ്കീർത്തനംചെയ്തു് ആശ്വസിക്കാറുണ്ടു്.

രാജാവ്— അങ്ങേയ്ക്കു് ഇതു ധാരാളം കിട്ടാറുണ്ടല്ലോ.

വിദൂഷകൻ— അവിടുത്തേക്കും അവളെ ഏറെ താമസിയാതെ പ്രാപിക്കാനിടവരും.

രാജാവ്— ഞാനിങ്ങനെ വിചാരിക്കുന്നു.

ചിത്രലേഖ— കേട്ടോളൂ, സന്തോഷിക്കാത്തവളേ! കേട്ടോളൂ.

വിദൂഷകൻ— എങ്ങനെ?

രാജാവ്— തേർ കലുങ്ങിയപ്പോൾ അവളുടെ തോൾ മുട്ടിയ എന്റെ ഈ തോൾ മാത്രമേ ഈ ശരീരത്തിൽ പുണ്യം ചെയ്തതായിട്ടുള്ളു. ബാക്കി അവയവമെല്ലാം ഭൂമിക്കു ഭാരത്തിനു മാത്രമാണ്. 11

ചിത്രലേഖ— എന്തിനാണിനി അമാന്തിക്കുന്നതു?

ഉർവ്വശി— (വേഗത്തിലടുത്തുചെന്നു്) ഞാൻ മുമ്പിൽ ചെന്നിട്ടും മഹാരാജാവ് ഉദാസീനനെന്നപോലെ കാണപ്പെടുന്നു.

ചിത്രലേഖ— (പുഞ്ചിരി തൂകിക്കൊണ്ടു്) എന്തൊരു ബദ്ധപ്പാടാണിതു്, തിരസ്കരിണി നീക്കിയിട്ടില്ലല്ലോ.

(അണിയറയിൽ)

തമ്പുരാട്ടി, ഇതിലേ ഇതിലേ.

(എല്ലാവരും ചെവികൊടുക്കുന്നു. ഉർവ്വശി സഖിയോടുകൂടെ ദുഃഖിക്കുന്നു)

---

(1) ശിഖരിണി = തയിരും പഞ്ചസാരയും ചേർത്തുണ്ടാക്കുന്ന ഒരു ഭക്ഷ്യപദാർത്ഥം, രസാള = ഒരു പേയപദാർത്ഥം.

വിദൂഷകഃ— അഇ ഭോ! ഉവട്ഠിദാ ദേവീ. താ വാചംജമോഹോഹി. [അയി ഭോഃ! ഉപസ്ഥിതാ ദേവീ. തദ്വാചംയമോ ഭവ]

രാജാ— ഭവാനപി സംവൃതാകാരമാസ്താം.

ഉവ്വ്ശീ— സഹി! കിം എത്ഥ കരണിജ്ജം? [സഖി! കിമത്ര കരണീയം?]

ചിത്രലേഖാ— അലം ആവേഏണ. അന്തരിദാ ദാണിം വയം. വിഹിദണിഅമവേസാ രാഏസിമഹിസീ ദീസദി. താ ണ ഏസാ ഇഹ ചിരം ചിട്ഠിസ്സദി. [അലമാവേഗേന. അന്തഹിതേ ഇദാനീമാവാം. വിഹിതനിയമവേഷാ രാജഷിമഹിഷീ ദൃശ്യതേ. തന്നൈഷേഹ ചിരം സ്ഥാസ്യതി]

(തതഃ പ്രവിശതി ഔപഹാരികഹസ്തപരിജനാ ദേവീ ചേടീ ച)

ദേവീ— (പരിക്രമ്യ ചന്ദ്രമസമവലോക്യ) ഹഞ്ജേ ണിഉണിഏ! ഏസോ രോഹിണീസഞ്ജോഏണ അഹിഅം സോഹദി ഭഅവംമിഅലംഛണോ. [ഹഞ്ജേ നിപുണികേ! ഏഷ രോഹിണീസംയോഗേനാധികം ശോഭതേ ഭഗവാൻ മൃഗലാഞ്ഛനഃ]

നിപുണികാ— ണം ഭട്ടിണീസഹിദോ ഭട്ടാ വിസേസരമണിജ്ജോ. [നനു ഭട്ടിനീസഹിതോ ഭർത്താ വിശേഷരമണീയഃ]

(ഇതി പരിക്രാമതഃ)

വിദൂഷകഃ— (ദൃഷ്ട്വാ) ഭോ! ണ ജാണാമി, സോത്ഥിവാഅണം മേ ദേഇത്തി, ആദു വദവ്വവദേസേണ മുക്കരോസാ ഭവദോപണിപാദലംഘണം പമജ്ജിദുകാമാത്തി. അജ്ജ മേ അൿഖീണം സുഹദംസണാ ദേവീ. [ഭോഃ! ന ജാനാമി, സ്വസ്തി വാചനം മേ ദദാതീതി, അഥവാ, വ്രതവ്യപദേശേന മുക്തരോഷാ ഭവതഃ പ്രണിപാതലംഘനം പ്രമാർഷ്ടുകാമേതി. അദ്യ മേഽക്ഷ്ണോഃ ശുഭദശ്നാ ദേവീ]

രാജാ— (സസ്മിതം) ഉഭയമപി ഘടതേ. തഥാപി ഭവതാ യൽ പശ്ചാദഭിഹിതം, തന്മാം പ്രതിഭാതി. യദത്രഭവതീ–

സിതാംശുകാ മംഗളമാത്രഭൂഷണാ
പവിത്രദൂവ്വാങ്കുരലാഞ്ഛിതാളകാ
വ്രതാപദേശോജ്ഝിതഗവ്വവൃത്തിനാ
മയി പ്രസന്നാ വപുഷൈവ ലക്ഷ്യതേ. 12

ദേവീ— (ഉപസൃത്യ) ജേദു ജേദു അജ്ജഉത്തോ. [ജയതു ജയതു ആയ്യപുത്രഃ]

പരിജനഃ— ജേദു ജേദു ഭട്ടാരഓ. [ജയതു ജയതു ഭട്ടാരകഃ]

വിദൂഷകഃ— സോത്ഥി ഭോദീഏ. [സ്വസ്തി ഭവത്യൈ]

രാജാ— സ്വാഗതം ദേവ്യൈ. [താം ഹസ്തേന ഗൃഹീത്വോപവേശയതി]

വിദൂഷകൻ— അയ്യോ! ദേവി അടുക്കലെത്തിക്കഴിഞ്ഞു. മിണ്ടാതിരുന്നുകൊള്ളു.

രാജാവ്— അങ്ങും മുഖഭാവം മറച്ചിരിക്കു.

ഉർവ്വശി— സഖി! എന്താണിവിടെ ചെയ്യേണ്ടതു?

ചിത്രലേഖ— പരിഭ്രമിക്കേണ്ട. നമ്മൾ മറവിലാണല്ലോ, വ്രതത്തിനു ചേർന്ന വേഷത്തിലാണ് രാജർഷിപത്നി കാണപ്പെടുന്നതു്. അതുകൊണ്ടു് ഇവൾ ഇവിടെ അധികനേരം നില്ക്കില്ല,

(അനന്തരം രാജ്ഞി പൂജാസാധനങ്ങൾ കയ്യിലെടുത്തിട്ടുള്ള പരിജനങ്ങളോടുകൂടെ പ്രവേശിക്കുന്നു)

ദേവി— (ചുററിനടന്നു ചന്ദ്രനെ നോക്കീട്ടു്) പെണ്ണേ നിപുണികേ, രോഹിണിയോടു ചേർന്നപ്പോൾ ഈ ചന്ദ്രനു് അധികം ശോഭയുണ്ടു്.

നിപുണിക— ദേവിയോടു ചേർന്നാൽ തമ്പുരാനു അധികം അഴകുണ്ടാകാറുണ്ടല്ലോ. (രണ്ടുപേരും ചുററിനടക്കുന്നു)

വിദൂഷകൻ— (കണ്ടിട്ടു്) എനിക്കു മനസ്സിലാകുന്നില്ല— എനിക്കു ദക്ഷിണ തരാനാണോ അതോ വ്രതത്തിൻെറ പേരിൽ, അവിടുന്നു നമസ്കരിച്ചതു വകവെക്കാതെപോയ കുററം മറച്ചുകളയാനാണോ എന്നു്. എന്തായാലും ദേവിയെക്കണ്ടാൽ സുഖമാണു തോന്നുന്നതു്.

രാജാവ്— (പുഞ്ചിരി തൂകിക്കൊണ്ടു്) രണ്ടും വരാം. എന്നാലും അങ്ങു് ഒടുവിൽ പറഞ്ഞില്ലേ? അതാണു് എനിക്കു തോന്നുന്നതു്. കാരണം, ശ്രീമതി,

വെളുത്ത വസ്ത്രമുടുത്തു മംഗളാലങ്കാരംമാത്രം ധരിച്ചു പരിശുദ്ധമായ
കറുകനാക്കു ചൂടി വ്രതത്തിനു വിധിച്ചവിധം ഗർവ്വം വെടിഞ്ഞ ഈ
ഉടൽകൊണ്ടുതന്നെ എന്നിൽ പ്രസാദിച്ച ലക്ഷണമുണ്ടു്. 12

രാജ്ഞി— (അടുത്തുചെന്നിട്ടു്) ആര്യ്യപുത്രനു വിജയമുണ്ടാകട്ടെ.

പരിജനം— തമ്പുരാനു വിജയമുണ്ടാകട്ടെ.

വിദൂഷകൻ— ഭവതിക്കു നന്മ വരട്ടെ.

രാജാവ്— ദേവിക്കു സ്വാഗതം. (അവളെ കൈ പിടിച്ചിരുത്തുന്നു)

ഉൎവ്വശീ— ഹളാ! ഠാണേ ക്ഖു ഇഅം ദേവീസദ്ദേണ ഉവഅരീഅദി. ണ കിം വി പരിഹീഅദി സചീഏ ഓജസ്സിദാഏ. [ഹളാ! സ്ഥാനേ ഖലു ഇയം ദേവീശബ്ദേനോപചൎയ്യതേ. ന കിമപി പരിഹീയതേ ശച്യാ ഓജസ്വിതയാ]

ചിത്രലേഖാ— സാഹു. അസൂആപരമ്മുഹം മന്തിദം തുഏ. [സാധു അസൂയാപരാങ്മുഖം മന്ത്രിതം ത്വയാ]

ദേവീ— അജ്ജഉത്തം പുരോകരിഅ കോവി വദവിസേസോ മഏ സമ്പാദണീഓ. താ മുഹുത്തം ഉവരോധോ സഹീഅദു. [ആൎയ്യപുത്രം പുരസ്കൃത്യ കോഽപി വ്രതവിശേഷോ മയാ സമ്പാദനീയഃ. തന്മുഹൂൎത്തമുപരോധഃ സഹ്യതാം]

രാജാ— മാ മൈവം. അനുഗ്രഹഃ ഖല്വയം, നോപരോധഃ.

വിദൂഷകഃ— ഈരിസോ സോത്ഥിവാഅണവന്തോ ഉവരോഹോ ബഹുസോ ഹോദു. [ഈദൃശഃ സ്വസ്തിവാചനവാനുപരോധോ ബഹുശോ ഭവതു]

രാജാ— കിംനാമധേയമേതദ്ദേവ്യാ വ്രതം?

(ദേവീ നിപുണികാമുഖമവേക്ഷതേ)

നിപുണികാ— ഭട്ടാ! പിആണുപ്പസാദണം ണാമ. [ഭൎത്തഃ! പ്രിയാനുപ്രസാദനം നാമ]

രാജാ — (ദേവീം വിലോക്യ) യദ്യേവം,

അനേന കല്യാണി! മൃണാളകോമളം
വ്രതേന ഗാത്രം ഗ്ലപയസ്യകാരണം.
പ്രസാദമാകാംക്ഷതി യസ്തവോത്സുകഃ
സ കിം ത്വയാ ദാസജനഃ പ്രസാദ്യതേ? 13

ഉൎവ്വശീ— മഹന്തോ ക്ഖു സേ ഇമസ്സിം ബഹുമാണോ. [മഹാൻ ഖലു അസ്യ ഏതസ്യാം ബഹുമാനഃ]

ചിത്രലേഖാ— അഇ മുദ്ധേ! അണ്ണസങ്കന്തപ്പേമാണോ ണാഅരിആ അഹിഅം ദക്ഖിണാ ഹോന്തി. [അയി മുഗ്ധേ! അന്യസക്രാന്തപ്രേമാണോ നാഗരികാ അഹികം ദക്ഷിണാ ഭവന്തി]

ദേവീ— (സസ്മിതം) ണം ഇമസ്സ വദപരിഗ്ഗഹസ്സ അഅം പഹാവോ, ജം എത്തിഅം മന്താവിദോ അജ്ജഉത്തോ. [നന്വേതസ്യ വ്രതപരിഗ്രഹസ്യായം പ്രഭാവോ, യദേതാവന്മന്ത്രിത ആൎയ്യപുത്രഃ]

വിദൂഷകഃ— വിരമദു ഭവം. ണജുത്തം സുഹാസിദം പച്ചാചരിദും. [വിരമതു ഭവാൻ. ന യുക്തം സുഭാഷിതം പ്രത്യാചരിതും]

ഉർവ്വശി— തോഴി! ഇവളെ ദേവിയെന്നു വിളിക്കുന്നതു ഉചിതം തന്നെ. തേജസ്സുകൊണ്ടു് ഇന്ദ്രാണിയിൽനിന്നു ഒരു കുറവുമില്ല.

ചിത്രലേഖ— നന്നായി അസൂയ വിട്ട വാക്കാണു് നീ പറഞ്ഞതു്.

രാജ്ഞി— ആർയ്യപുത്രനെ മുൻനിറുത്തി എനിക്കു നല്ലൊരു വ്രതം അനുഷ്ഠിക്കേണ്ടതുണ്ടു്. കുറച്ചുനേരം ബുദ്ധിമുട്ടു സഹിക്കണം.

രാജാവു്— എയ്, അങ്ങനെയല്ല. അനുഗ്രഹംതന്നെയാണു് ഇതു, ബുദ്ധിമുട്ടല്ല.

വിദൂഷകൻ— ദക്ഷിണയുള്ള ഇത്തരം ബുദ്ധിമുട്ടു് പലതവണ ഉണ്ടാവട്ടെ.

രാജാവു്— ദേവിയുടെ ഈ വ്രതത്തിനു എന്താണു് പേർ?

(രാജ്ഞി നിപുണികയെ നോക്കുന്നു)

നിപുണിക— തമ്പുരാനേ! 'പ്രിയാനുപ്രസാദനം' എന്നാണു്.

രാജാവു്— (രാജ്ഞിയെ നോക്കീട്ടു്) ഇങ്ങനെയാണെങ്കിൽ

അല്ലയോ കല്യാണി! ഈ വ്രതംകൊണ്ടു്. താമരവളയംപോലെ കോമളമായ ശരീരം ക്ഷീണിപ്പിക്കുന്നതു വെറുതെയാണു്. ഔത്സുക്യത്തോടുകൂടി നിന്റെ പ്രസാദം കൊതിച്ചിരിക്കുന്ന ദാസജനത്തെ നീ എന്തിനു പ്രസാദിപ്പിക്കുന്നു? 13

ഉർവ്വശി— ഇദ്ദേഹത്തിനു ഇവളിലുള്ള ബഹുമാനം വലുതുതന്നെ.

ചിത്രലേഖ— വിഡ്ഢി! പ്രേമം മറ്റൊരാളിലായാൽ നാഗരികന്മാർ അധികം ദാക്ഷിണ്യം കാണിക്കുക പതിവാണു്.

രാജ്ഞി— (പുഞ്ചിരിയോടെ) ഇതാണു് ഈ വ്രതത്തിന്റെ മഹിമ, ആർയ്യപുത്രനെക്കൊണ്ടു് ഇത്രയും പറയിച്ചുവല്ലോ.

വിദൂഷകൻ— അങ്ങു മിണ്ടാതിരിക്കു. നല്ലവാക്കിന്നെതിരായി പ്രവർത്തിക്കുന്നതു യുക്തമല്ല.

ദേവീ— ദാരിആഓ! ആണേധ ഓവഹാരിഅം, ദാവ മണിഹമ്മിഅപിട്ഠഗതേ ചന്ദപാദേ അച്ചേമി. [ദാരികാഃ! ആനയതൌപഹാരികം, യാവന്മണിഹർമ്മ്യപൃഷ്ഠഗതാംശ്ചന്ദ്രപാദാനർച്ചാമി]

പരിജനഃ— ജം ഭട്ടിണീ ആണവേദി- ഏസോ ഗന്ധകുസുമാദി ഉവഹാരോ. [യൽ ഭട്ടിന്യാജ്ഞാപയതി. ഏഷ ഗന്ധകുസുമാദ്യുപഹാരഃ]

ദേവീ— ഉവണേധ (നാട്യേന ഗന്ധപുഷ്പാദിഭിശ്ചന്ദ്രപാദാനഭ്യർച്ച്യ) ഹഞ്ജേ ണിഉണിഏ! ഇമേ ഓഹാരിഅമോദഏ അജ്ജമാണവഅം ലംഭാവേഹി. [ഉപനയത. ഹഞ്ജേ നിപുണികേ! ഏതാനൌപഹാരികമോദകാനാര്യ്യമാണവകം ലംഭയ]

നിപുണികാ— ജം ഭട്ടിണീ ആണവേദി. അജ്ജമാണവഅ! ഏദം ദാവ ദേ. [യൽ ഭട്ടിന്യാജ്ഞാപയതി. ആര്യ്യമാണവക! ഇദം താവത്തേ]

വിദൂഷകഃ— (മോദകശരാവം ഗൃഹീത്വാ) സോത്ഥി ഭോദീഏ. ബഹുഫലോ ദേ ഏസോ വദോ ഭോദു. [സ്വസ്തി ഭവത്യൈ. ബഹുഫലം തവൈതദ്വ്രതം ഭവതു]

ദേവീ— അജ്ജഉത്ത! ഇദോ ദാവ. [ആര്യ്യപുത്ര! ഇതസ്താവൽ]

രാജാ— അയമസ്മി.

ദേവീ— (രാജ്ഞഃ പൂജാമഭിനീയ പ്രാഞ്ജലിഃ പ്രണമ്യ) ഏസാ അഹം ദേവദാമിഹുണം രോഹിണീമിഅലഞ്ഛണം സക്ഖീകരിഅ അജ്ജഉത്തം അണുപ്പസാദേമി— 'അജ്ജപ്പഹുദി ജം ഇത്ഥിഅം അജ്ജഉത്തോ പത്ഥേദി, ജാ അ അജ്ജഉത്തസ്സ സമാഅമപ്പണയിണീ, താഏ സഹ മഏ പീദിബന്ധേണ വത്തിദവ്വം' ത്തി. [ഏഷാഹം ദേവതാമിഥുനം രോഹിണീമൃഗലാഞ്ഛനം സാക്ഷീകൃത്യാര്യ്യപുത്രമനുപ്രസാദയാമി— 'അദ്യപ്രഭൃതി യാം സ്ത്രീയമാര്യ്യപുത്രഃ പ്രാർത്ഥയതേ, യാ ചാര്യ്യപുത്രസ്യ സമാഗമപ്രണയിനീ, തയാ സഹ മയാ പ്രീതിബന്ധേന വർത്തിതവ്യം' ഇതി]

ഉർവ്വശീ— അമ്മഹേ! ണ ആണേ കിംപരം സേ വഅണംത്തി. മമ ഉണ വിസ്സാസവിസദം ഹിഅഅം സംവുത്തം. [അഹോ! ന ജാനേ കിംപരമസ്യാ വചനമിതി. മമ പുനർവ്വിശ്വാസവിശദം ഹൃദയം സംവൃത്തം]

ചിത്രമലഖാ— സഹി! മഹാണുഹാവാഏ പദിവ്വദാഏ അബ്ഭണുണ്ണാദോ അണന്തരാഓ ദേ പിഅസമാഅമോ ഹവിസ്സദി. (സഖി! മഹാനുഭവയാ പതിവ്രതയാഭ്യനുജ്ഞാതഃ അനന്തരായിസ്തേ പ്രിയസമാഗമോ ഭവിഷ്യതി)

രാജ്ഞി— കുട്ടികളേ! പൂജാദ്രവ്യങ്ങൾ കൊണ്ടുവരുവിൻ. ഞാൻ മണിമാളികയിലുള്ള ചന്ദ്രപാദങ്ങളെ പൂജിക്കട്ടെ.

പരിജനങ്ങൾ— തമ്പുരാട്ടിയുടെ കല്പനപോലെ. ഇതാ ചന്ദനം പുഷ്പം മുതലായ പൂജാദ്രവ്യങ്ങൾ.

രാജ്ഞി— കൊണ്ടുവരുവിൻ. (ചന്ദനം പുഷ്പം മുതലായവകൊണ്ടു ചന്ദ്രരശ്മികളെ പൂജിച്ചിട്ടു്) പെണ്ണേ നിപുണികേ! ഈ നിവേദിച്ച അടയെല്ലാം ആര്യമാണവകനു കൊടുക്കു.

നിപുണിക— തമ്പുരാട്ടിയുടെ കല്പനപോലെ. ആര്യമാണവക! ഇതു് അങ്ങയ്ക്കുള്ളതാണു്.

വിദൂഷകൻ— (അടപ്പാത്രം വാങ്ങീട്ടു്) ഭവതിക്കു നന്മ വരട്ടെ. അവിടുത്തെ ഉപവാസത്തിനു വളരെ ഫലമുണ്ടാകട്ടെ.

രാജ്ഞി— ആര്യപുത്ര! ഇങ്ങോട്ടൊന്നു വരൂ.

രാജാവു്— ഇതാ, ഞാൻ.

രാജ്ഞി— (രാജാവിനെ പൂജിക്കുന്നതായഭിനയിച്ചു തൊഴുതു നമസ്കരിച്ചിട്ടു്) ഞാനിതാ രോഹിണിയും ചന്ദ്രനുമാകുന്ന ദേവദമ്പതികളെ സാക്ഷിയാക്കി ആര്യപുത്രനെ പ്രസാദിപ്പിക്കുന്നു. ഇന്നുമുതൽ ആര്യപുത്രൻ ഏതൊരു സ്ത്രീയെ ആഗ്രഹിക്കുന്നുവോ ഏതൊരു സ്ത്രീ, ആര്യപുത്രന്റെ സമാഗമം ഇച്ഛിക്കുന്നുവോ ആ സ്ത്രീയുമായി ഞാൻ സന്തോഷത്തോടുകൂടി പെരുമാറുന്നതാണു്.

ഉർവ്വശി— അമ്പോ! ആരെക്കുറിച്ചാണു് ഇവളുടെ വാക്കെന്നു എനിക്കു മനസ്സിലാകുന്നില്ല. എന്റെ ഹൃദയമാകട്ടെ, വിശ്വാസംകൊണ്ടു തെളിവുററതായിത്തീർന്നിരിക്കുന്നു.

ചിത്രലേഖ— സഖി! അന്തസ്സുററ പതിവ്രതയുടെ സമ്മതത്തോടുകൂടി നിർവ്വിഘ്നമായി നിനക്കു പ്രിയസമാഗമം സാധിക്കും.

വിദൂഷകഃ— (അപവാര്യ്യ) ഭിണ്ണഹത്ഥേ മച്ഛേ പലായിദേ ണിവ്വിണ്ണോ ധീവരോ ഭണാദി - 'ഗച്ഛ, ധമ്മോ മേ ഹവിസ്സദി' ത്തി. (പ്രകാശം) ഭോദി! കിം താരിസോ ദേ പിഓ തത്തഭവം? [ഭിന്നഹസ്തേ മത്സ്യേ പലായിതേ നിർവ്വിണ്ണോ ധീവരോ ഭണതി— 'ഗച്ഛ, ധർമ്മോ മേ ഭവിഷ്യതീ'തി. ഭവതി! കിം താദൃശസ്തേ പ്രിയസ്തത്രഭവാൻ?]

ദേവീ— മൂഢ! അഹം ക്ഖു അത്തണോ സുഹാവസാണേണ അജ്ജഉത്തം ണിവ്വുദസരീരം കാദും ഇച്ഛാമി. എത്തിഏണ ചിന്തേഹി ദാവ, പിഓ ണ വാ ത്തി. [മൂഢ! അഹം ഖലു ആത്മനഃ സുഖാവസാനേനാര്യ്യപുത്രം നിർവൃതശരീരം കർത്തുമിച്ഛാമി. ഏതാവതാ ചിന്തയ താവൽ, പ്രിയോ ന വേതി]

രാജാ—

ദാതും വാ പ്രഭവസി മാമന്യസ്യൈ കർത്തുമേവ വാ ദാസം
നാഹം പുനസ്തഥാ ത്വയി യഥാ ഹി മാം ശങ്കസേ ഭീരു! 14

ദേവീ— ഹോഹി വാ മാ വാ. ജധാണിദ്ദിട്ഠം സംപാദിദം മഏ പിഅ്ആണപ്പസാദണം ണാമ വദം. ദാരിആഓ! എധ, ഗച്ഛംഹ. [ഭവ വാ മാ വാ. യഥാനിർദിഷ്ടം സമ്പാദിതം മയാ പ്രിയാനുപ്രസാദനം നാമ വ്രതം. ദാരികാഃ! ഏത, ഗച്ഛാമഃ]

(ഇതി പ്രസ്ഥിതാ)

രാജാ— പ്രിയേ! ന ഖലു പ്രസാദിതോഽസ്മി, യദി സമ്പ്രതി വിഹായ ഗമ്യതേ.

ദേവീ— അജ്ജഉത്ത! അലംഘിദപുവ്വോ മഏ ണിഅമോ. [ആര്യ്യപുത്ര! അലംഘിതപൂർവ്വോ മയാ നിയമഃ]

(ഇതി സപരിവാരാ നിഷ്ക്രാന്താ)

ഉർവ്വശീ— സഹി! പിഅകളത്തോ രാഏസി. ണ ഉണ ഹിഅഅം ണിവത്തേദും സക്കേമി. [സഖി! പ്രിയകളത്രോ രാജർഷിഃ. ന പുനർഹൃദയം നിവർത്തയിതും ശക്നോമി.]

ചിത്രലേഖാ— കിം ഉണ തുഏ ണിരാസാഏ ണിവത്തിഅദി. [കിം പുനസ്ത്വയാ നിരാശയാ നിവർത്ത്യതേ?]

രാജാ— (ആസനമുപേത്യ) വയസ്യ! ന ഖലു ദൂരം ഗതാ ദേവീ.

വിദൂഷകഃ— ഭണ വീസദ്ധം ജം സി വത്തുകാമോ. അസജ്ഝോ ത്തി വേജ്ജേണ ആദുരോ വിഅ സേരം മുത്തോ ഭവം തത്തഹോദീഏ. [ഭണ വിസ്രബ്ധം, യദസി വക്തുകാമഃ. അസാധ്യ ഇതി വൈദ്യേനാതുര ഇവ സ്വൈരം മുക്തോ ഭവാംസ്തത്രഭവത്യാ]

രാജാ— അപി നാമോർവ്വശീ

വിദൂഷകൻ— (സ്വകാര്യമായി) കൈമുറിച്ച മത്സ്യം പാഞ്ഞുപോയാൽ നിവ്വേദം പൂണ്ട മുക്കുവൻ പറയും, 'പോകു, എനിക്കു പുണ്യമുണ്ടാക'മെന്നു്. (വെളിവായി) ഭവതി! അവിടുന്നു അത്രമാത്രം പ്രിയനാണോ?

രാജ്ഞി— മൂഢ! ഞാൻ എന്റെ സുഖം അവസാനിച്ചാലും ആയ്യപുത്രന്റെ ശരീരത്തിനു സുഖമുണ്ടാകുവാൻ ആഗ്രഹിക്കുന്നു. ഇത്രയും കൊണ്ടു് ആലോചിച്ചുകൊള്ളു, പ്രിയനാണോ അല്ലയോ എന്നു്.

രാജാവു്— എന്നെ മറെറാരുത്തിക്കു കൊടുക്കുവാനും സ്വന്തം ദാസനായി എടുക്കുവാനും നിനക്കധികാരമുണ്ടു്. ഭയശീലേ! എന്നാൽ ഞാൻ നിന്റെ പേരിൽ നീ ശങ്കിക്കുന്നതുപോലുള്ള ആളല്ല. 14

രാജ്ഞി— ആയാലും വേണ്ടില്ല. അല്ലെങ്കിലും വേണ്ടില്ല. വിധിച്ചതു പോലെ പ്രിയാനുപ്രസാദനവ്രതം ഞാനനുഷ്ഠിച്ചുകഴിഞ്ഞു. കുട്ടികളേ! വരുവിൻ. പോവുക.

(രാജ്ഞി പുറപ്പെടുന്നു)

രാജാവു്— പ്രിയേ! എന്നെ തീരെ പ്രസാദിപ്പിട്ടില്ല; ഇപ്പോഴും ഉപേക്ഷിച്ചു പോവുകയാണെങ്കിൽ.

രാജ്ഞി— ആയ്യപുത്ര! ഇതിനുമുമ്പു ഞാനൊരിക്കലും വ്രതം ലംഘിച്ചിട്ടില്ല. (പരിജനങ്ങളോടുകൂടെ പോകുന്നു)

ഉവ്വശി— തോഴി! ഭായ്യയെക്കുറിച്ചു രാജർഷിക്കു നല്ല പ്രേമമുണ്ടു്, എന്നാൽ എനിക്കു് എന്റെ ഹൃദയം പിൻവലിക്കുവാൻ ശക്തിയില്ല.

ചിത്രലേഖ— അപ്പോഴും നീ ഇച്ഛാഭംഗം പൂണ്ടു ഹൃദയം പിൻവലിക്കയാണോ?

രാജാവു്— (പീഠത്തിൽ വന്നിരുന്നിട്ടു്) തോഴരേ! ദേവി ദൂരത്തെത്തിയിട്ടില്ലല്ലോ?

വിദൂഷകൻ— പറയാൻ വിചാരിച്ചതു ശങ്കിക്കാതെ പറഞ്ഞുകൊള്ളൂ. രോഗം മാറില്ലെന്നുവെച്ചു വൈദ്യൻ രോഗിയെയെന്നപോലെ ശ്രീമതി അവിടുത്തെ കൈവെടിഞ്ഞിരിക്കുന്നു.

രാജാവു്— ഉവ്വശി

ഉൎവ്വശീ— അജ്ജ കിദത്ഥാ ഭവേ? [അദ്യ കൃതാൎത്ഥാ ഭവേൽ?]

രാജാ—

ഗൂഢാ നൂപുരശബ്ദമാത്രമപി മേ കാന്താ, ശ്രുതൌ പാതയേൽ
പശ്ചാദേത്യ ശനൈഃ കരാംബുജവൃതേ കുൎവ്വീത വാ ലോചനേ
ഹൎമ്മ്യേഽസ്മിന്നവതീൎയ്യ സാധ്വസവശാന്മന്ദായമാനാ ബലാ-
ദാനീയേത പദാൽപദം ചതുരയാ സഖ്യാ മമോപാന്തികം. 15

ചിത്രലേഖാ— സഹി ഉവ്വസി! ഇമം ദാവ സേ മണോരഹം സമ്പാദേഹി. [സഖി ഉൎവ്വശി! ഇമം താവദസ്യ മനോരഥം സമ്പാദയ]

ഉൎവ്വശീ— [സസാധ്വസം] ഭോദു. കീലിസ്സം ദാവ. [ഭവതു. ക്രീഡിഷ്യാമി താവൽ] (ഇതി തിരസ്കരിണീമപനീയ പൃഷ്ഠതോ ഗത്വാ രാജ്ഞോ നയനേ സംവൃണോതി)

(ചിത്രലേഖാ തിരസ്കരണീമപനീയ വിദൂഷകം സംജ്ഞാപയതി)

വിദൂഷകഃ— ഭോ വഅസ്സ! കാ ഉണ ഏസാ? [ഭോ വയസ്യ! കാ പുനരേഷാ?]

രാജാ— (സ്പൎശം രൂപയിത്വാ) സഖേ! നാരായണോരുസംഭവാ സേയം വരോരൂഃ.

വിദൂഷകഃ— കഹം ഭവം അവഗച്ഛദി? [കഥം ഭവാനവഗച്ഛതി?]

രാജാ— കിമത്ര ജ്ഞേയം?

അംഗമനംഗക്ലിഷ്ടം സുഖയേദന്യാ ന മേ കരസ്പൎശാൽ
നോച്ഛ്വസിതി തപനകിരണൈശ്ചന്ദ്രസ്യൈവാം ശുഭിഃ കുമുദം. 16

ഉൎവ്വശീ— (ഹസ്താവപനീയ കിഞ്ചിദപസൃത്യ) ജേദു ജേദു മഹാരാഓ. [ജയതു ജയതു മഹാരാജഃ]

രാജാ— സുന്ദരി! സ്വാഗതം. (ഇത്യേകാസന ഉപവേശയതി)

ചിത്രലേഖാ— അവി സുഹം വഅസ്സസ്സ. [അപി സുഖം വയസ്യസ്യ?]

രാജാ— നന്വേതദുപപന്നം.

ഉൎവ്വശീ— ഹളാ! ദേവീഏ ദിണ്ണോ മഹാരാഓ. അദോ സേ പണഅവദീ വിഅ സരീരസമ്പക്കം ഗദംഹി. മാ ക്ഖു മം പുരോഭാഇണിം സമത്ഥേഹി. [ഹളാ! ദേവ്യാ ദത്തോ മഹാരാജഃ. അതോഽസ്യ പ്രണയവതീവ ശരീരസമ്പൎക്കം ഗതാസ്മി. മാ ഖലു മാം പുരോഭാഗിനീം സമൎത്ഥയസ്വ]

വിദൂഷകഃ— കഹം ഇഹ ജ്ജേവ തുംഹാണം അത്ഥമിദോ സൂജ്ജോ? [കഥം ഇഹൈവ യുവയോരസ്തമിതഃ സൂൎയ്യഃ?]

ഉർവ്വശി— ഇന്നു കൃതാർത്ഥയാകുമോ?

രാജാവു്— മറഞ്ഞുനിന്നു ചിലങ്കയുടെ ശബ്ദം മാത്രമെങ്കിലും എന്റെ ചെവിയിൽ കേൾക്കമാറാക്കിത്തരുമോ? അല്ലെങ്കിൽ മെല്ലെ പിന്നിൽ വന്നു് കൈത്താരുകളെക്കൊണ്ടു് എന്റെ കണ്ണുകൾ പൊത്തുമോ? അല്ലെങ്കിൽ ഈ മാളികയിൽ ഇറങ്ങിവന്നു ഭയംനിമിത്തം അമാന്തിക്കുമ്പോൾ സമർത്ഥമായ സഖി ബലമായി പിടിച്ചു് എന്റെ അടുക്കലേക്കു കൂട്ടിക്കൊണ്ടുവരുമോ? 15

ചിത്രലേഖ— തോഴി! ഇദ്ദേഹത്തിന്റെ ഈ ആഗ്രഹം സാധിപ്പിച്ചുകൊടുക്കു.

ഉർവ്വശി— (പരിഭ്രമത്തോടുകൂടി) നേരംപോക്കുണ്ടാക്കാം.

(തിരസ്കരിണി മാററി പിന്നിൽച്ചെന്നു രാജാവിന്റെ കണ്ണുകൾ പൊത്തുന്നു)

(ചിത്രലേഖ തിരസ്കരിണി നീക്കി വിദൂഷകനു നേരെ ആംഗ്യം കാണിക്കുന്നു)

വിദൂഷകൻ— തോഴരേ! ആരാണിതു?

രാജാവു്— (തൊട്ടതറിഞ്ഞതായി നടിച്ചിട്ടു്) സഖേ! നാരായണന്റെ ഊരുവിൽനിന്നു പിറന്ന ആ വരാംഗിയാണിതു്.

വിദൂഷകൻ— അങ്ങെങ്ങനെ മനസ്സിലായി?

രാജാവു്— എന്താണിതിൽ മനസ്സിലാക്കാനുള്ളതു്?
കാമതാപംപൂണ്ട എന്റെ ശരീരത്തിനു മറെറാരുത്തി തൊട്ടാൽ സുഖമുണ്ടാവില്ല. ആമ്പൽപ്പൂവു വെയിലേററാൽ വിരിയുകയില്ല, നിലാവേററാൽമാത്രമേ വിരിയൂ. 16

ഉർവ്വശി— (കൈകൾ മാററി അല്പം മാറി നിന്നിട്ടു്) മഹാരാജാവു ജയിച്ചാലും ജയിച്ചാലും.

രാജാവു്— സുന്ദരി! സ്വാഗതം (തന്റെ പീഠത്തിൽ ഒപ്പമിരുത്തുന്നു)

ചിത്രലേഖ— തോഴക്കു സുഖമാണല്ലോ?

രാജാവു്— ഇതാ ഇപ്പോൾ സുഖമായി.

ഉർവ്വശി— തോഴി! രാജ്ഞി മഹാരാജാവിനെ തന്നു. അതുനിമിത്തമാണു് പ്രേയസിയെന്നപോലെ ഞാൻ മഹാരാജാവിനെ തൊട്ടതു്. നീ എന്നെ കുററക്കാരിയായി കരുതരുതു്.

വിദൂഷകൻ— നിങ്ങളിവിടെ സൂര്യ്യാസ്തമയത്തിനു മുമ്പുതന്നെ എത്തിയിരിക്കുന്നുവോ?

രജാ— (ഉർവ്വശീമവലോകയൻ)

ദേവ്യാ ദത്ത ഇതി യദി വ്യാപാരം വ്രജസി മേ ശരീരേഽസ്മിൻ
പ്രഥമം കസ്യാനുമതേ ചോരിതമയി! മേ ത്വയാ ഹൃദയം? 17

ചിത്രലേഖാ— വഅസ്സ! ണിരുത്തരാ ഏസാ. സമ്പദം മഹ വിണ്ണാവണാ സുണിഅദു. [വയസ്യ! നിരുത്തരാ ഏഷാ. സാമ്പ്രതം മമ വിജ്ഞാപനാ ശ്രൂയതാം]

രാജാ— അവഹിതോഽസ്മി.

ചിത്രലേഖാ— വസന്താണന്തരം ഉൺഹസമഏ ഭഅവം സുജ്ജോ മഏ ഉവചരിദവ്വോ. താ ജഹാ ഇഅം മേ പ്രിയസഹീ സഗ്ഗസ്സ ണ ഉക്കണ്ഠേദി, തഹ വഅസ്സേണ കാദവ്വം. [വസന്താനന്തരമുഷ്ണസമയേ ഭഗവാൻ സൂര്യ്യോ മയോപചരിതവ്യഃ. തദ്യഥേയം മേ പ്രിയസഖീ സ്വർഗ്ഗായ നോൽകണ്ഠതേ, തഥാ വയസ്യേന കർത്തവ്യം]

വിദൂഷകഃ— കിം വാ സഗ്ഗേ സുമരിദവ്വം. ണ വാ തത്ഥ അൺഹീഅദി, ണ വാ പീഅദി. കേവലം അണിമിസേഹിം ണഅണേഹിം മീണാ വിഡംബീഅന്തി. [കിം വാ സ്വർഗ്ഗേ സ്മർത്തവ്യം? നവാ തത്രാശ്യതേ, ന വാ പീയതേ. കേവലമനിമിഷൈർ നയനൈർമീനാ വിഡംബ്യന്തേ]

രാജാ ഭദ്രേ! .

അനിർദേശ്യസുഖഃ സ്വർഗ്ഗഃ കസ്തം വിസ്മാരയിഷ്യതി.
അനന്യനാരീസാമാന്യോ ദാസസ്ത്വസ്യാഃ പുരൂരവാഃ. 18

ചിത്രലേഖാ— അണുഗഹീദംഹി. ഹലാ ഉവ്വസി! അകാദരാ ഭവിഅ വിസജ്ജേഹി മം. [അനുഗൃഹീതാസ്മി. ഹലാ ഉർവ്വശി! അകാതരാ ഭൂത്വാ വിസർജ്ജയ മാം]

ഉർവ്വശീ— (ചിത്രലേഖാം പരിഷ്വജ്യ സകരുണം) സഹി! മാ ക്ഖു മം വിസുമരേഹി [സഖി! മാ ഖലു മാം വിസ്മര]

ചിത്രലേഖാ— (സസ്മിതം) വഅസ്സേണ സംഗദാ തുമം എവ്വ ഏദം മഏ ജാചിദവ്വാ. [വയസ്യേന സംഗതാ ത്വമേവൈതന്മയാ യാചിതവ്യാ]

(ഇതി രാജാനം പ്രണമ്യ നിഷ്ക്രാന്താ)

വിദൂഷകഃ— ദിട്ഠിആ മണോരഹസംപത്തീഏ വഡ്ഢദി ഭവം. [ദിഷ്ട്യാ മനോരഥസമ്പത്ത്യാ വർദ്ധതേ ഭവാൻ]

രാജാവ്— (ഉർവ്വശിയെ നോക്കി) ദേവി തന്നു എന്നുവെച്ചാണു് നീ ഈ ശരീരം തൊട്ടതെങ്കിൽ, ആദ്യം ആരുടെ സമ്മതത്തോടുകൂടിയാണു് നീ ഈ ഹൃദയം കട്ടെടുത്തതു്? 17

ചിത്രലേഖ— തോഴരേ! ഇവൾക്കു മറുപടിയില്ല. ഇനി എനിക്കൊന്നു അറിയിക്കാനുണ്ടു്. അതു കേൾക്കുമാറാകണം.

രാജാവ് ശ്രദ്ധിച്ചു കേൾക്കാം.

ചിത്രലേഖ— വസന്തം കഴിഞ്ഞാൽ വേനൽക്കാലത്തു എനിക്കു സൂർയ്യഭഗവാനെ സേവിക്കാൻ പോകേണ്ടതുണ്ടു്. എന്റെ പ്രിയസഖിക്കു സ്വർഗ്ഗത്തെക്കുറിച്ചു വിചാരപ്പെടാനിടവരാത്തവിധം തോഴർ വേണ്ടതു ചെയ്യണം.

വിദൂഷകൻ— ഭവതി! സ്വർഗ്ഗത്തിൽ എന്താണു് വിചാരപ്പെടുവാനുള്ളതു്? അവിടെ ഉണ്ണാറില്ല, കുടിക്കാറില്ല. മിഴിച്ച കണ്ണുകൾകൊണ്ടു മത്സ്യങ്ങളെ അനുകരിക്കുകമാത്രം ചെയ്യുന്നു.

രാജാവ്— ഭദ്രേ! അവർണ്ണനീയസുഖമുള്ള സ്വർഗ്ഗത്തെ മറപ്പിക്കുവാൻ ആർക്കു കഴിയും? പുരൂരവസ്സു്, മറ്റൊരു സ്ത്രീക്കും പങ്കിടാതെ ഇവളുടെ മാത്രം ദാസനായിരിക്കുന്നതാണു്. 18

ചിത്രലേഖ— എനിക്കനുഗ്രഹമായി. തോഴി ഉർവ്വശി! പേടിക്കാതെ എനിക്കു വിട തരൂ.

ഉർവ്വശി— (ചിത്രലേഖയെ കെട്ടിപ്പിടിച്ചു സങ്കടത്തോടുകൂടി) സഖി! എന്നെ മറക്കരുതേ.

ചിത്രലേഖ— (പുഞ്ചിരിയോടെ) തോഴരോടു ചേർന്നു നിന്നോടാണു് ഇതു ഞാൻ അഭ്യർത്ഥിക്കേണ്ടതു്. (രാജാവിനെ നമസ്കരിച്ചു പോകുന്നു)

വിദൂഷകൻ— ഭാഗ്യം. അഭീഷ്ടം സാധിച്ചതുകൊണ്ടു് അവിടുത്തേക്കു വളരെ നല്ല അഭ്യുദയകാലമാണു്.

രാജാ— ഇയം താവദ്വൃദ്ധിർമമ. പശ്യ–

സാമന്തമൌലിമണിരഞ്ജിതപാദപീഠ–
മേകാതപത്രമവനേർന തഥാ പ്രഭുത്വം
അസ്യാഃ സഖേ! ചരണയോരഹമദ്യ കാന്ത–
മാജ്ഞാകരത്വമധിഗമ്യ യഥാ കൃതാർത്ഥഃ. 19

ഉർവ്വശീ— ണത്ഥി മേ വാആവിഹവോ, അദോ പിഅദരം മന്തിദും. [നാസ്തി മേ വാഗ്വിഭവോഽതഃ പ്രിയതരം മന്ത്രയിതും]

രാജാ— (ഉർവ്വശീം ഹസ്തേനാവലംബ്യ) അഹോ! വിരുദ്ധസംവർദ്ധന ഈപ്സിതലാഭോ നാമ. യതഃ–

പാദാസ്ത ഏവ ശശിനഃ സുഖയന്തി ഗാത്രം
ബാണാസ്ത ഏവ മദനസ്യ മനോനുകൂലാഃ
സംരംഭരൂക്ഷമിവ സുന്ദരി! യദ്യദാസീൽ
ത്വത്സംഗമേന മമ തത്തദിവാനുനീതം. 20

ഉർവ്വശീ— അവരദ്ധം ഹി ചിരകാരിആ അജ്ജഉത്തസ്സ. [അപരാദ്ധാസ്മി ചിരകാരികാര്യ്യപുത്രസ്യ]

രാജാ— സുന്ദരി! മാ മൈവം.

യദേവോപനതം ദുഃഖാൽ സുഖം തദ്രസവത്തരം
നിർവ്വാണായ തരുച്ഛായാ തപ്തസ്യ ഹി വിശേഷതഃ. 21

വിദൂഷകഃ— ഭോ! സേവിദാ പദോസരമണീആ ചന്ദവാദാ. സമഓ ക്ഖു ദേ വാസഘരപ്പവേസസ്സ. [ഭോഃ സേവിതാഃ പ്രദോഷരമണീയാശ്ചന്ദ്രപാദാഃ. സമയഃ ഖലു തേ വാസഗൃഹപ്രവേശസ്യ]

രാജാ— തേന ഹി, സഖ്യാസ്തേ മാർഗ്ഗമാദേശയ.

വിദൂഷകഃ— ഇദോ ഇദോ ഭവദീ. [ഇത ഇതോ ഭവതീ]

(സർവ്വേ പരിക്രാമന്തി)

രാജാ— സുന്ദരി! ഇയമീദാനീം മേഽഭ്യർത്ഥനാ.

ഉർവ്വശീ— കീരിസീ സാ? [കീദൃശീ സാ?]

രാജാ—

അനുപനതമനോരഥസ്യ പൂർവ്വം
ശതഗുണിതേവ ഗതാ മമ ത്രിയാമാ
യദി തു തവ സമാഗമേ തഥൈവ
പ്രസരതി സുഭ്രു!, തതഃ കൃതീ ഭവേയം. 22

(നിഷ്ക്രാന്താഃ സർവ്വേ)

ഇതി തൃതീയോഽങ്കഃ

രാജാവ്— എന്റെ അഭ്യുദയത്തിന്റെ സ്ഥിതി ഇതാണ്. നോക്കു—

സഖേ! സാമന്തരാജാക്കന്മാരുടെ കിരീടങ്ങളിലെ രത്നങ്ങൾ പാദപീഠത്തെ പ്രകാശിപ്പിച്ചുകൊണ്ടിരിക്കുന്ന, ഒററക്കുടയ്ക്കു കീഴിലുള്ള ഭൂമണ്ഡലാധിപത്യം കിട്ടിയാലുണ്ടാവുന്നതിലധികം കൃതാർത്ഥത, ഇവളുടെ കാൽക്കൽ കിങ്കരഭാവം ലഭിച്ചതിൽ എനിക്കുണ്ട്. 19

ഉർവ്വശി— ഇതിലുമധികം ഇഷ്ടപ്പെട്ട വാക്കു പറയുവാനുള്ള കഴിവ് എനിക്കില്ല.

രാജാവ്— (ഉർവ്വശിയുടെ കൈ പിടിച്ച്) അത്ഭുതംതന്നെ. അഭീഷ്ടസിദ്ധി എന്നതു വിപരീതാനുഭവമുണ്ടാക്കിത്തീർക്കുന്നു. കാരണം,

ആ ചന്ദ്രരശ്മികൾതന്നെ എന്റെ ശരീരത്തിനു സുഖം ജനിപ്പിക്കുന്നു. ആ കാമശരങ്ങൾതന്നെ എനിക്കു മനസ്സിനു സുഖകരങ്ങളായിത്തീർന്നിരിക്കുന്നു. സുന്ദരി! ഏതേതു വസ്തുക്കൾ എന്റെ നേരെ കോപിച്ചെതിർക്കുന്നതുപോലെ കാണപ്പെട്ടിരുന്നുവോ അതിനെയെല്ലാം നിന്റെ സമാഗമം ശാന്തമാക്കിയതുപോലെ തോന്നുന്നു. 20

ഉർവ്വശി— ഞാൻ കാലതാമസം വരുത്തി മഹാരാജാവിനു നേരെ തെററു ചെയ്തവളാണ്.

രാജാവ്— സുന്ദരി! ഏയ് അങ്ങനെയല്ല.

ദുഖത്തിനുശേഷം വരുന്ന സുഖത്തിനു രസം കൂടും. മരത്തണൽ സുഖകരമാണ്. വെയിൽകൊണ്ടവനു പ്രത്യേകിച്ചും. 21

വിദൂഷകൻ— തോഴരേ! രാത്രിയിലെ മനോഹരമായ നിലാവ് അനുഭവിച്ചു കഴിഞ്ഞുവല്ലോ. അങ്ങയ്ക്കു വാസഗൃഹത്തിലേക്കു പോവാൻ സമയമായി.

രാജാവ്— എന്നാൽ താങ്കളുടെ തോഴിക്കു വഴി കാണിച്ചുകൊടുക്കു.

വിദൂഷകൻ— ഭവതി ഇതിലേ ഇതിലേ.

(ചുററിനടക്കുന്നു)

രാജാവ്— സുന്ദരി! ഈ ഒരു അഭ്യർത്ഥനയുണ്ട്.

ഉർവ്വശി— എന്താണത്?

രാജാവ്— അഭീഷ്ടം സാധിക്കാത്തപ്പോൾ എനിക്കു മൂന്നു യാമമുള്ള രാത്രി നൂറിരട്ടിയായി മുന്നൂറു യാമമുള്ളതുപോലെ തോന്നിയിരുന്നു. നീയുമായി ചേർന്നതിനുശേഷവും അതുപോലെതന്നെ നീളുകയാണെങ്കിൽ, അല്ലേ സുന്ദരി! ഞാൻ കൃതാർത്ഥനായി. 22

(എല്ലാവരും പോകുന്നു)

മൂന്നാമങ്കം കഴിഞ്ഞു.

ചതുർത്ഥോ/ങ്കഃ

പ്രവേശകഃ

(സഹജന്യാചിത്രലേഖയോഃ പ്രാവേശിക്യാക്ഷിപ്തികാ)

പിഅസഹിവിഓഅവിമണാ
സഹിസഹിആ വാഉലാ സമുല്ലവഇ
സൂരകരഫംസവിഅസിഅ-
താമരസേ സരവരുച്ഛംഗേ. 1

[പ്രിയസഖീവിയോഗവിമനാഃ സഖീസഹിതാ വ്യാകുലാ സമുല്ലപതി
സൂർയ്യകരസ്പർശവികസിതതാമരസേ സരോവരോത്സംഗേ]

(തതഃ പ്രവിശതി വിമനസ്കാ ചിത്രലേഖാ സഹജന്യാ ച)

(ചിത്രലേഖാ ദ്വിപദികയാ ദിശോ/വലോകയതി)

സഹഅരിദുക്ഖാലിദ്ധഅം സരവരഅമ്മി സിണിദ്ധഅം
വാഹോവഗ്ഗിഅണഅണഅം തമ്മഇ ഹംസീജുഅളഅം. 2

[സഹചരീദുഃഖാലീഢം സരോവരേ സ്നിഗ്ധം
ബാഷ്പാപവല്ഗിതനയനം താമ്യതി ഹംസീയുഗളം]

സഹജന്യാ— (ചിത്രലേഖാം വിലോക്യ) സഹി ചിത്രലേഹേ! മിളാഅമാണസദവത്തസ്സ വിഅ ദേ മുഹസ്സ ഛാആ ഹിഅഅസ്സ അസ്സത്ഥദം സൂഏദി. താ കഹേഹി മേ ണിവ്വേദകാരണം. ജേണ ദേ സമദുക്ഖാ ഭവിദും ഇച്ഛാമി. [സഖി ചിത്രലേഖേ! മ്ലായമാനശതപത്രസ്യേവ തേ മുഖസ്യ ഛായാ ഹൃദയസ്യാസ്വസ്ഥതാം സൂചയതി. തൽ കഥയ മേ നിർവ്വേദകാരണം. യേന തേ സമദുഃഖാ ഭവിതുമിച്ഛാമി]

ചിത്രലേഖാ— (സകരുണം) സഹി! അച്ഛരോവാരപജ്ജാഏണ ഇഹ ഭഅവദോ സുജ്ജസ്സ പാദമൂലോവട്ഠാണേ വട്ടദി ത്തി വലിഅം ക്ഖു ഉവ്വസിഏ ഉക്കണ്ഠിദംഹി. [സഖി! അപ്സരോവാരപര്യായേണേഹ ഭഗവതഃ സൂർയ്യസ്യ പാദമൂലോപസ്ഥാനേ വർത്തത ഇതി ബലവൽ ഖലു ഉർവ്വശ്യാ ഉൽക്കണ്ഠിതാസ്മി]

സഹജന്യാ— സഹി! ജാണേ വോ അണ്ണോണ്ണസിണേഹം. തദോ തദോ. [സഖി! ജാനേ യുവയോരന്യോന്യസ്നേഹം. തതസ്തതഃ]

ചിത്രലേഖാ— തദോ ഇമാഇം ദിവസാഇം കോ ണു ക്ഖു വുത്തന്തോത്തി പണിധാണട്ഠിദാഏ മഏ അച്ചാഹിദം ഉവലദ്ധം. [തത ഏതേഷു ദിവസേഷു കോ നു ഖലു വൃത്താന്ത ഇതി പ്രണിധാനസ്ഥിതയാ മയാത്യാഹിതമുപലബ്ധം]

സഹജന്യാ— (സാവേഗം) സഹി! കീരിസം തം? [സഖി! കീദൃശം തൽ?]

നാലാമങ്കം

പ്രവേശകം

(സഹജന്യാചിത്രലേഖമാരുടെ പ്രവേശനം സൂചിപ്പിക്കുന്ന ആക്ഷിപ്പികയെന്ന ധ്രുവാഗീതി)

പ്രിയ സഖിയുടെ വിരഹത്താൽ മനസ്സുഖമില്ലാതായ അരയന്നപ്പിട, സൂൎയ്യരശ്മി തട്ടി വിടർന്ന താമരപ്പൂക്കളോടുകൂടിയ പൊയ്കയിലിരുന്നു തോഴിയോടു സങ്കടത്തോടെ സംഭാഷണം ചെയ്യുന്നു. 1

(അനന്തരം മനസ്സുഖമില്ലാത്ത ചിത്രലേഖയും സഹജന്യയും പ്രവേശിക്കുന്നു)

(ചിത്രലേഖ ദ്വിപദികകൊണ്ടു ദിക്കുകൾ നോക്കിക്കാണുന്നു)

പ്രിയസഖിയെക്കുറിച്ചുള്ള ദുഃഖം നിമിത്തം പൊയ്കയിൽ സ്നേഹമുള്ള രണ്ടു അരയന്നപ്പിടകൾ കണ്ണീർ തുളുമ്പുന്ന കണ്ണുകളുമായി മാഴ്കിത്തളരുന്നു. 2

സഹജന്യ— (ചിത്രലേഖയെ നോക്കി സങ്കടത്തോടുകൂടി) സഖി ചിത്രലേഖേ! വാടിക്കുഴയുന്ന താമരപ്പൂവിന്റെ എന്നപോലെ നിന്റെ മുഖത്തിന്റെ നിറംമാററം ഹൃദയത്തിന്റെ അസ്വാസ്ഥതയെ സൂചിപ്പിക്കുന്നു. ദുഃഖത്തിന്റെ കാരണമെന്തെന്നു പറയൂ. എനിക്കു നിന്റെ ദുഃഖത്തിൽ പങ്കുകൊള്ളാൻ മോഹമുണ്ടു്.

ചിത്രലേഖ— (സങ്കടത്തോടുകൂടി) സഖി! അപ്സരസ്സുകളുടെ ഊഴമനുസരിച്ചു സൂൎയ്യഭഗവാന്റെ തൃക്കാക്കൽ സേവിച്ചിരിക്കയായതുകൊണ്ടു ഞാൻ ഉൎവ്വശിയെക്കുറിച്ചു വല്ലാതെ വിചാരപ്പെട്ടിരിക്കയാണു്.

സഹജന്യ— സഖി! നിങ്ങൾ തമ്മിലുള്ള സ്നേഹം എനിക്കറിവുള്ളതാണു്. എന്നിട്ടു പിന്നെ?

ചിത്രലേഖ— എന്നിട്ടു ഈയിടെയുള്ള വത്തമാനമെന്തെന്നറിയുവാൻ ഞാൻ ധ്യാനദൃഷ്ടികൊണ്ടു നോക്കിയപ്പോൾ എനിക്കു വലിയൊരാപത്താണു് അറിവാനിടയായതു്?

സഹജന്യ— (നടുക്കത്തോടെ) സഖീ! എന്താണതു്?

ചിത്രലേഖാ— (സകരുണം) ഉവ്വസീ കില തം രദിസഹാഅം രാഏസിം അമച്ചേസു ണിവേസിദരജ്ജധുരം ഗേൺഹിഅ ഗന്ധമാദണവണം വിഹരിദും ഗദാ. [ഉർവ്വശീ കില തം രതിസസായം രാജർഷിമമാത്യേഷു നിവേശിതരാജ്യധുരം ഗൃഹീത്വാ ഗന്ധമാദനവനം വിഹർത്തും ഗതാ]

സഹജന്യാ — (സശ്ലാഘം) സോ ണാമ സംഭോഓ, ജോ താരിസേസു പദേസേസു. തദോ തദോ. [സ നാമ സംഭോഗോ, യസ്താദൃശേഷു പ്രദേശേഷു. തതസ്തതഃ]

ചിത്രലേഖാ— തഹിം ക്ഖു മന്ദാഇണീഏ പുളിണേസു ഗദാ സിഅദാപവ്വദകേളീഹിം കീളമാണാ വിജ്ജാഹരദാരിആ ഉദയവദീ ണാമ ദേണ രാഏസിണാ ചിരം ണിജ്ഝാഇദാത്തി കുവിദാ ഉവ്വസീ. [തത്ര ഖലു മന്ദാകിന്യാഃ പുളിനേഷു ഗതാ സികതാപർവ്വതകേളീഭിഃ ക്രീഡന്തീ വിദ്യാധരദാരികോദയവതീ നാമ തേന രാജർഷിണാ ചിരം നിധ്യാതേതി കുപിതാ ഉർവ്വശീ]

സഹജന്യാ— ഹോദവ്വം. ദൂരാരൂഢോ ക്ഖു പണഓ അസഹണോ. തദോ തദോ. [ഭവിതവ്യം. ദൂരാരൂഢഃ ഖലു പ്രണയോഽസഹനഃ. തതസ്തതഃ]

ചിത്രലേഖാ— തദോ സാ ഭട്ടിണോ അണുണഅം അപ്പഡിവജ്ജമാണാ ഗുരുസാവസംമൂഢഹിഅആ വിസുമരിദദേവദാണിഅമാ ഇത്ഥിആജണപരിഹരണിജ്ജം കുമാരവണം പവിട്ഠാ. പവേസാണന്തരം അ കാണണോവന്തവത്തിലദാഭാവേണ പരിണദം സേ രൂവം. [തതഃ സാ ഭർത്തുരനുനയമപ്രതിപദ്യമാനാ ഗുരുശാപസംമൂഢഹൃദയാ വിസ്മൃതദേവതാനിയമാ സ്ത്രീജനപരിഹരണീയം കുമാരവനം പ്രവിഷ്ടാ. പ്രവേശാനന്തരം ച കാനനോപാന്തവർത്തിലതാഭാവേന പരിണതമസ്യാ രൂപം]

സഹജന്യാ— (സശോകം) സവ്വധാ ണത്ഥി വിഹിണോ അലംഘണിജ്ജം ണാമ, ജേണ താരിസസ്സ അണുരാഅസ്സ അഅം എവ്വ എക്കവെദേ അണ്ണാരിസോ പലിണാമോ സംവുത്തോ. അഹ കിമവത്ഥോ സോ രാഏസീ? [സർവ്വഥാ നാസ്തി വീധേരലംഘനീയം നാമ. യേന താദൃശസ്യാനുരാഗസ്യായമേവൈകപദേഽന്യാദൃശഃ പരിണാമഃ സംവൃത്തഃ. അഥ കിമവസ്ഥഃ സ രാജർഷിഃ?]

ചിത്രലേഖാ— സോ വി തസ്സിം എവ്വ കാണണേ പിഅദമം അണ്ണേസന്തോ ഉമ്മത്തീഭൂദോ 'ഇദോ ഉവ്വസി തദോ ഉവ്വസി' ത്തി. അഹോരത്താഇം അദിവാഹേദി. (നഭോഽവലോക്യ) ഇമിണാ ഉണ ണിവ്വുദാണം വി ഉക്കണ്ഠാകാരിണാ മേഹോദഏണ അണത്ഥാഹീണോ ഹവിസ്സദി.

(അനന്തരേ ജംഭളികാ)

സഹഅരിദുക്ഖാലിദ്ധഅം സരവരഅമ്മി സിണിദ്ധഅം
അവിരളവാഹജലോല്ലഅം തമ്മഇ ഹംസീജുഅളഅം 3

ചിത്രലേഖ— (സങ്കടത്തോടെ) ഉർവ്വശി, രമിക്കുവാനുള്ള ഇച്ഛയാൽ രാജ്യഭാരം മന്ത്രിമാരെ ഏല്പിച്ച രാജർഷിയെയുംകൂട്ടി വിനോദിക്കുവാൻ ഗന്ധമാദനപർവ്വതത്തിലെ വനത്തിലേക്കു പോയി.

സഹജന്യ— (പുകഴ്ത്തിക്കൊണ്ട്) അത്തരം പ്രദേശങ്ങളിലെ സുഖഭോഗമാണ് ശരിയായ സുഖഭോഗം. എന്നിട്ടവിടെ?

ചിത്രലേഖ— അവിടെ ഗംഗയുടെ മണൽത്തിട്ടകളിൽ മണൽക്കുന്നുകളുണ്ടാക്കിക്കളിക്കുന്ന ഉദയതിയെന്ന വിദ്യാധരബാലികയെ ആ രാജർഷി കുറെ നേരം നോക്കിനിന്നതുകണ്ട് ഉർവ്വശി കോപിച്ചു.

സഹജന്യ— അങ്ങനെ വരാം. പ്രേമം മൂത്താൽ സഹനശക്തിയില്ലാതാവും. എന്നിട്ട് അപ്പോൾ?

ചിത്രലേഖ— അപ്പോൾ ഭർത്താവിന്റെ അനുനയം വകവെക്കാതെ ഗുരുവിന്റെ ശാപത്താൽ തന്റേടംവിട്ട ദേവന്മാരുടെ വ്യവസ്ഥ മറന്നു സ്ത്രീകൾക്കു ചെല്ലാൻ പാടില്ലാത്ത കുമാരവനത്തിലേക്കു കടന്നു. കടന്ന ഉടനെ കാട്ടിന്നരികിൽ നില്ക്കുന്ന ഒരു ലതയായിത്തീരുകയും ചെയ്തു, അവളുടെ ശരീരം.

സഹജന്യ— (ദുഃഖത്തോടുകൂടി) എന്തായാലും ദൈവത്തിനു ചെയ്യാൻ വയ്യാത്ത അക്രമമില്ല. അതുകൊണ്ടാണ് അത്തരം അനുരാഗത്തിനു പെട്ടെന്ന് ഈ വിധം പരിണാമം സംഭവിച്ചത്. പിന്നെ ആ രാജർഷിയുടെ സ്ഥിതിയെന്താണ്?

ചിത്രലേഖ— അദ്ദേഹവും അതേ കാട്ടിൽ പ്രിയതമയെ അന്വേഷിച്ചുകൊണ്ടു ഭ്രാന്തുപിടിച്ച് 'ഇതാ ഉർവ്വശി, അതാ ഉർവ്വശി' എന്നു പറഞ്ഞു രാപ്പകലുകൾ തള്ളിനീക്കുന്നു. (ആകാശത്തേക്കു നോക്കി) സുഖിതന്മാർക്കും ഉൽക്കണ്ഠയുണ്ടാക്കുന്ന ഈ മഴക്കാർ പൊങ്ങിയതുകൊണ്ടു അദ്ദേഹത്തിനു അനർത്ഥം വന്നുചേരും. (തുടർന്നു ജംഭളികയെന്ന പാരീനൃത്തം)

കൂട്ടുകാരിയെക്കുറിച്ചുള്ള ദുഃഖംനിമിത്തം താമരപ്പൊയ്കയിൽ രണ്ടരയന്നപ്പിടകൾ കണ്ണീർ തുളുമ്പുന്ന കണ്ണുകളുമായി മാഴ്കിത്തളരുന്നു. 3

[സോഽപി തസ്മിന്നേവ കാനനേ പ്രിയതമാം അന്വേഷയന്നുന്മത്തീഭൂതഃ 'ഇത ഉർവ്വശീ' തത ഇതി അഹോരാത്രാനതിവാഹയതി. ഏതേന പുനർനിർവൃതാനാമപ്യുൽക്കണ്ഠാകാരിണാ മേഘോദയേനാനത്മാധീനോ ഭവിഷ്യതി ഉർവ്വശീ]

സഹചരീദുഃഖാലീഢം സരോവരേ സ്നിഗ്ദ്ധം
അവിരള ബാഷ്പജലാർദ്ര താമ്യതി ഹംസീയുഗളകം]

സഹജന്യാ— സഹി! ണ ക്ഖു താരിസാ ആകിദിവിസേസാ ചിരം ദുക്ഖഭാഇണോ ഹോന്തി. താ അവസ്സം കിംപി അണുഗ്ഗഹണിമിത്തം ഭൂഓ വി സമാഅമകാരണം ഹവിസ്സദി. (പ്രാചീം ദിശം വിലോക്യ) താ ഏഹി. ഉദഅമ്മുഹസ്സ ഭഅവദോ സൂജ്ജസ്സ ഉവട്ഠാണം കരേംഹ.

(അനന്തരേ ഖണ്ഡധാരാ)

ചിന്താദുമ്മിഅമാണസിആസഹഅരിദംസണലാലസിആ
വിഅസിഅകമലമണോഹരഏ വിഹരഇ ഹംസീ സരവരഏ 4

[സഖി! ന ഖലു താദൃശാ ആകൃതിവിശേഷാശ്ചിരം ദുഃഖഭാഗിനോ ഭവന്തി. തദവശ്യം കിമപ്യനുഗ്രഹനിമിത്തം ഭൂയോഽപി സമാഗമകാരണം ഭവിഷ്യതി. തദേഹി. ഉദയോന്മുഖസ്യ ഭഗവതഃ സൂര്യ്യസ്യോപസ്ഥാനം കുർവ്വഃ.

ചിന്താദൂനമാനസികാ സഹചരീദർശനലാലസികാ
വികസിതകമലമനോഹരേ വിഹരതി ഹംസീ സരോവരേ]

(നിഷ്ക്രാന്തേ)

ഇതി പ്രവേശകഃ

(പുരൂരവസഃ പ്രാവേശിക്യാക്ഷിപ്തികാ)

ഗഹണം ഗഇന്ദണാഹോ പിയവിരഹുമ്മാഅപഅലിഅവിആരോ
വിസഇ തരുകുസുമകിസലഅഭൂസിഅണിഅദേഹപബ്ഭാരോ 5

[ഗഹനം ഗജേന്ദ്രനാഥഃ പ്രിയാവിരഹോന്മാദപ്രകടിതവികാരഃ
വിശതി തരുകുസുമകിസലയഭൂഷിതനിജദേഹപ്രാഗ്ഭാരഃ]

(തതഃ പ്രവിശതി ആകാശബദ്ധലക്ഷ്യ ഉന്മത്തവേഷോ രാജാ)

രാജാ— (സക്രോധം) ആഃ ദുരാത്മൻ രക്ഷഃ! തിഷ്ഠ തിഷ്ഠ. ക്വ മേ പ്രിയതമാമാദായ ഗച്ഛസി? (വിലോക്യ) ഹന്ത! ശൈലശിഖരാൽ ഗഗനമുൽപത്യ ബാണൈർമ്മാമഭിവർഷതി.

(നേപഥ്യേ)

ഹിഅആഹിഅപിഅദുക്ഖഓ സരവരഏ ധുദപക്ഖഓ
വാഹോവഗ്ഗിഅണഅണഓ തമ്മഇ ഹംസജുആണഓ. 6

(അനന്തരേ ദ്വിപദികയാ ദിശോഽവലോകയതി)

സഹജന്യ— സഖ! ആ വിധം നല്ല ആകൃതിയുള്ളവരുടെ ദുഃഖം അധികം നീണ്ടുനിൽക്കില്ല. അതുകൊണ്ട് തീർച്ചയായും എന്തെങ്കിലും അനുഗ്രഹം നിമിത്തം വീണ്ടും സമാഗമത്തിനു വഴിയുണ്ടാവും. (കിഴക്കോട്ടു നോക്കി) വരൂ. നമുക്കു ഉദിച്ചുപൊങ്ങുന്ന സൂർയ്യഭഗവാനെ സേവിക്കുക.

(തുടർന്നു ഖണ്ഡാധാരയെന്ന ചാരി)

ചിന്തകൊണ്ടു മനസ്സിൽ ദുഃഖം പൂണ്ടു കൂട്ടുകാരിയെ കാണാൻ കൊതിച്ചു വിടർന്ന താമരപ്പൂക്കളെക്കൊണ്ടു മനോഹരമായ പൊയ്കയിൽ അരയന്നപ്പിട അലഞ്ഞുനടക്കുന്നു. 4

(രണ്ടുപേരും പോകുന്നു)

പ്രവേശകം കഴിഞ്ഞു.

(പുരൂരവസ്സിന്റെ പ്രവവേശം സൂചിപ്പിക്കുന്ന ആക്ഷിപ്പിക)

കൊമ്പനാന പ്രിയാവിരഹത്താൽ ഉന്മാദം പൂണ്ട് ഉന്മാദവികാരങ്ങൾ പ്രകടിപ്പിച്ചുകൊണ്ടു തന്റെ ശരീരത്തിലെല്ലാം മരങ്ങളുടെ പൂക്കളും തളിരുകളുമണിഞ്ഞു കാട്ടിലേക്കു കടന്നുവരുന്നു. 5

(അനന്തരം ആകാശത്തിലേക്കു നോക്കിക്കൊണ്ടു ഭ്രാന്തവേഷത്തിൽ രാജാവ് പ്രവേശിക്കുന്നു)

രാജാവ്— (ക്രോധത്തോടെ) എടാ, ദുഷ്ട രാക്ഷസ! നിൽക്ക്, നിൽക്ക്. എവിടേക്കാണ് എന്റെ പ്രിയതമയെ എടുത്തു കൊണ്ടുപോകുന്നത്? (നോക്കി) എന്ത്! പർവ്വതത്തിന്റെ കൊടുമുടിയിൽനിന്നു ആകാശത്തേക്കു പൊങ്ങീട്ടു എന്റെ നേരെ അമ്പുകൾ പൊഴിക്കുന്നുവോ?

(അണിയറയിൽ)

ഹൃദയത്തിൽ പ്രിയയെക്കുറിച്ചുള്ള ദുഃഖംപൂണ്ടും ചിറകുകൾ കുടഞ്ഞും കണ്ണുകളിൽ കണ്ണീർ നിറഞ്ഞും പൊയ്കയിൽ അരയന്നയുവാവു മാഴ്കിത്തളരുന്നു. 6

(ദ്വിപദികകൊണ്ടു ദിക്കുകൾ നോക്കിക്കാണുന്നു)

[ഹൃദയാഹിതപ്രിയാദുഃഖഃ സരോവരേ ധുതപക്ഷഃ
ബാഷ്പാപവല്ഗിതനയനസ്താമ്യതി ഹംസയുവാ]
(ലോഷ്ടം ഗൃഹീത്വാഹന്തും ധാവൻ വിഭാവ്യ സകരുണം) കഥം?
നവജലധരഃ സന്നദ്ധോഽയം, ന ദൃപ്തനിശാചരഃ
സുരധനുരിദം, ദൂരാകൃഷ്ടം ന നാമ ശരാസനം
അയമപി പടുർധാരാസാരോ, ന ബാണപരമ്പരാ
കനകനികഷസ്നിഗ്ധാ വിദ്യുൽ, പ്രിയാ ന മമോർവ്വശീ.
(ഇതി മൂർച്ഛിതഃ പതതി. ദ്വിപദികയോത്ഥായ നിഃശ്വസ്യ)
മഇ ജാണിഅം മിഅലോഅണിം ണിസഅരു കോഇ ഹരേഇ
ജാവ ണ ണവതഡിസാമലു ധാരാധരു വരിസേഇ. 8
[മയാ ജ്ഞാതം, മൃഗലോചനാം നിശാചരഃ? കോഽപി ഹരതി
യാവന്ന നവതടിച്ഛ്യാമളോ ധാരാധരോ വർഷതി]
(വിചിന്ത്യ സകരുണം) കച്ചിന്നു ഖലു സാ രംഭോരൂർഗ്ഗതാ സ്യാൽ.
തിഷ്ഠേൽ കോപവശാൽ പ്രഭാവപിഹിതാ, ദീർഘം ന സാ കുപ്യതി
സ്വർഗ്ഗായോൽപതിതാ ഭവേന്മയി പുനർഭാവാർദ്രമസ്യാ മനഃ
താം ഹർത്തും വിബുധദ്വിഷോഽപി ന ച മേ ശക്താഃ പുരോവർത്തിനീം
സാ ചാത്യന്തമദർശനം നയനയോർയ്യാതേതി, കോയം വിധിഃ? 9
[ദ്വിപദികയാ ദിശോഽവലോക്യ നിഃശ്വസ്യ സാസ്രം] അയേ! പരാവൃത്തഭാഗധേയാനാം ദുഃഖം ദുഃഖാനുബന്ധി. കുതഃ—
അയമേകപദേ തയാ വിയോഗഃ
പ്രിയയാ ചോപനതഃ സുദുസ്സഹോ മേ
നവവാരിധരോദയാദഹോഭിർ—
ഭവിതവ്യം ച നിരാതപത്വരമ്യൈഃ. 10
(അനന്തരേ ചർച്ചരീ)
ജലഹര സംഹര ഏഹു കോവം മഇ ആഢത്തഓ
അവിരളധാരാസാരദിസാമുഹകന്തഓ
ഏ മഈ പുഹവീം ഭമന്തോ ജഇ പിഅം പേക്ഖിമി
തവ്വേ ജം ജു കരീഹിസി തം തു സഹീഹിമി. 11
[ജലധര! സംഹരൈതം കോപം മയാജ്ഞപ്തഃ
അവിരളധാരാസാരദിശാമുഖകാന്തഃ
ഏ അഹം പൃഥിവീം ഭ്രമന്യദി പ്രിയാം പ്രേക്ഷേ
തദാ യദ്യൽ കരിഷ്യസി തത്തൽ സഹിഷ്യേ]
(ചർച്ചരികയാ വിചിന്ത്യ വിഹസ്യ) മുധൈവ ഖലു മയാ മനസഃ പരിതാപവൃദ്ധിരുപേക്ഷ്യതേ. യദാ മുനയോഽപി വ്യാഹരന്തി, രാജാ കാലസ്യ കാരണമിതി. തൽ കിമഹം ജലദസമയം നപ്രത്യാദിശാമി? (വിഹസ്യോത്ഥായ, യദാ മുനയോഽപി വ്യാഹരന്തീതി പഠിത്വാ) ഭവതു പ്രത്യാദിശാമി.
ഗന്ധുമ്മാഇഅമഹുഅരഗീഏഹിം
വജ്ജംതേഹിം പരഹുഅത്തുരേഹിം.
പസരിഅപവണുവ്വേല്ലിഅപല്ലവണിഅരു
സുലലിഅവിവിഹപആരേ ണച്ചഇ കപ്പതരു. 12

(മണ്ണാങ്കട്ടയെടുത്തു് എറിയാനോടിച്ചെന്നു ശ്രദ്ധിച്ചുനോക്കി സങ്കടത്തോടുകൂടി) എന്തു്?

മഴയ്ക്കൊരുങ്ങിപ്പുറപ്പെട്ട പുതുമഴക്കാറാണിതു്, കുറുമ്പൻ രാക്ഷസനല്ല. മഴവില്ലാണിതു്, അമ്പുതൊടുത്തു വലിച്ച വില്ലല്ല. ശക്തിയേറിയ ധാരാവർഷമാണിതു്, അമ്പിൻ നിരയല്ല. പൊന്നിൻരേഖപോലെ മിന്നുന്ന മിന്നൽക്കൊടിയാണിതു്, എന്റെ പ്രിയയായ ഉർവ്വശിയല്ല. 7

(മോഹാലസ്യപ്പെട്ടു വീഴുന്നു. ദ്വിപദികകൊണ്ടെഴുന്നേററു നെടുവീർപ്പിട്ടു്)

ഞാൻ വിചാരിച്ചു, മൃഗാക്ഷിയെ ഒരു രാക്ഷസൻ അപഹരിക്കുകയാണെന്നു്. പുതുമിന്നലേന്തിയ നീലമേഘം മഴ പൊഴിക്കുകയാണോ? 8

(വിചാരിച്ചു് സങ്കടത്തോടുകൂടി) എന്നാൽ ആ രംഭോരു എവിടെപ്പോയിരിക്കും?

കോപിച്ചു ദിവ്യശക്തിയാൽ മറഞ്ഞു മേവുകയായിരിക്കുമോ? അവളുടെ കോപം അധികം നീണ്ടുനിൽക്കില്ല. സ്വർഗ്ഗത്തിലേക്കു ഉയർന്നുപോയിരിക്കുമോ? അവളുടെ മനസ്സു് എന്നിൽ സ്നേഹംകൊണ്ടു കുതിർന്നതാണു്. ദേവശത്രുക്കളിലാരും എന്റെ മുമ്പിൽ നിന്നു അവളെ പിടിച്ചുകൊണ്ടുപോകുവാൻ ശക്തന്മാരാവില്ല. അവളെ എന്റെ കൺമുമ്പിൽ തീരെ കാണുന്നുമില്ല. എന്തൊരു യോഗമാണിതു്? 9

(ദ്വിപദികകൊണ്ടു ദിക്കുകൾ നോക്കിക്കണ്ടു നെടുവീർപ്പിട്ടു കണ്ണീരോടെ)

കഷ്ടം! ഭാഗ്യംകെട്ടവർക്കു ദുഃഖത്തിന്റെ പിന്നാലെ ദുഃഖം. കാരണം— ഇതാ പെട്ടെന്നു ആ പ്രിയയുടെ അതിദുഃസഹമായ വേർപാടും വന്നുചേർന്നു. പുതുമഴക്കാറു പൊങ്ങി വെയിലകന്നു പകലുകൾ രമണീയങ്ങളായി ഭവിക്കുകയും വേണം! 10

(തുടർന്നു ചർച്ചരി)

മേഘമേ! ഇതു നിർത്തു. ദിങ്മുഖങ്ങളെല്ലാം ആക്രമിച്ചുകൊണ്ടു് എന്തൊരു പെരുമഴയാണു് ഈ തുടങ്ങീട്ടുള്ളതു്? ഞാൻ ഭൂമിയിൽ അലഞ്ഞു നടക്കുമ്പോൾ പ്രിയയെ കാണുന്നപക്ഷം നീ എന്തെന്തു ചെയ്യുമോ അതൊക്കെ ഞാൻ സഹിച്ചുകൊള്ളാം. 11

(ചർച്ചരികകൊണ്ടു് ചിന്തിച്ചു പൊട്ടിച്ചിരിച്ചു്) വെറുതെയാണു് ഞാൻ മനസ്സിൽ വർദ്ധിച്ചുവരുന്ന സന്താപത്തെ വകവെക്കാതിരിക്കുന്നതു്. മഹർഷിമാരുംകൂടി പറയാറുണ്ടു്— രാജാവാണു് കാലത്തിന്റെ കാരണമെന്നു്. എന്നാൽ ഞാൻ ഈ മഴക്കാലം വേണ്ടെന്നുവെച്ചാലെന്താണു്.

(പൊട്ടിച്ചിരിച്ചെഴുന്നേററു് ''മഹർഷിമാരുംകൂടി ഇങ്ങനെ പറയാറുണ്ടു്'' എന്നു പറഞ്ഞു്) ആവട്ടെ വേണ്ടെന്നു വെച്ചേക്കാം.

(തുടർന്നു ചർച്ചരി)

ഗന്ധംകൊണ്ടു ഉന്മാദംപൂണ്ട വണ്ടിൻപാട്ടുകളോടും വാദനംചെയ്യപ്പെടുന്ന കുയിൽവാദ്യങ്ങളോടുംകൂടി കാററത്തിളകുന്ന തളിരുകളാകുന്ന കൈകൾ നീട്ടി മനോഹരങ്ങളായ പല പ്രകാരങ്ങളിലും കല്പവൃക്ഷം നൃത്തം ചെയ്യുന്നു. 12

[ഗന്ധോന്മാദിതമധുകരഗീതൈർ-
വാദ്യമാനൈഃ പരഭൃതതൂര്യൈഃ
പ്രസൃതപവനോദ്വേല്ലിതപല്ലവനികരഃ
സുലളിതവിവിധപ്രകാരം നൃത്യതി കല്പതരുഃ]

(തേന നർത്തിത്വാ) അഥവാ ന പ്രത്യാദിശാമി ജലദസമയം, യൽ പ്രാവൃഷേണ്യൈരേവ ലിംഗൈർമമ രാജോപചാരഃ സമ്പ്രതി.

(വിഹസ്യ പുനർഗന്ധുമ്മാഇഅ ഇതി നർത്തിത്വാ) കഥമിവ?—

വിദ്യുല്ലേഖാ കനകരുചിരം ശ്രീവിതാനം മമാഭ്രം
വ്യാധൂയന്തേ നിചുലതരുഭിർമഞ്ജരീചാമരാണി
ഘർമ്മച്ഛേദാൽ പടുതരഗിരോ വന്ദിനോ നീലകണ്ഠാ
ധാരാഹാരോപനയനപരാ നൈഗമാഃ സാനുമന്തഃ. 13

ഭവതു കിമേവം പരിച്ഛദശ്ലാഘയാ? യാവദസ്മിൻ കാനനേ താം പ്രിയാമന്വേഷയാമി. (പുനശ്ചർച്ചരീ. പാഠസ്യാന്തേ ഭിന്നകഃ)

ദയിആരഹിഓ അഹിഅം ദുഹിഓ വിരഹാണുഗഓ പരിമന്ഥരഓ
ഗിരികാണണഏ കുസുമുജ്ജലഏ ഗജജൂഹവഈ ബഹുഝീണഗഈ. 14

[ദയിതാരഹിതോഽധികം ദുഃഖിതോ വിരഹാനുഗതഃ പരിമന്ഥരഃ
ഗിരികാനനേ കുസുമോജ്ജ്വലേ ഗജയൂഥപതിർബഹുക്ഷീണഗതിഃ]

(അനന്തരേ ദ്വിപദികയാ പരിക്രമ്യാവലോക്യ ച സഹർഷം) ഹന്ത ഹന്ത! വ്യവസിതസ്യ മേ സന്ദീപനമിവ സംവൃത്തം. കുതഃ—

ആരക്തരാജിഭിരിയം കുസുമൈർന്നവകന്ദളീ സലിലഗർഭൈഃ
കോപാദന്തർബാഷ്പേ സ്മരയതി മാം ലോചനേ തസ്യാഃ. 15

ഇതോ ഗതേതി കഥം നു തത്രഭവതീ മയാ സൂചയിതവ്യാ?

പദ്ഭ്യാം സ്പൃശേദ്വസുമതീം യദി സാ സുഗാത്രീ
മേഘാഭിവൃഷ്ടസികതാസു വനസ്ഥലീഷു
പശ്ചാന്നതാ ഗുരുനിതംബതയാ തതോഽസ്യാ
ദൃശ്യേത ചാരുപദപങ്ക്തിരലക്തകാങ്കാ. 16

(ദ്വിപദികയാ പരിക്രമ്യാവലോക്യ ച സഹർഷം) ഹന്ത ഹന്ത! ഉപലബ്ധമുപലക്ഷണം, യേന തസ്യാഃ കോപനായാ മാർഗ്ഗോഽനുമീയതേ.

ഹൃതോഷ്ഠരാഗൈർനയനോദബിന്ദുഭിർ-
നിമഗ്നനാഭേർനിപതദ്ഭിരങ്കിതം
ച്യുതം രുഷാ ഭിന്നഗതേരസംശയം
ശുകോദരശ്യാമമിദം സ്തനാംശുകം. 17

(നൃത്തം ചെയ്തിട്ട്) അല്ലെങ്കിൽ, ഞാൻ മഴക്കാലം വേണ്ടെന്നു വെക്കുന്നില്ല. കാരണം, വർഷചിഹ്നങ്ങളെക്കൊണ്ടുതന്നെ എനിക്കിപ്പോൾ രാജോപചാരമാവുന്നുണ്ട്.

(പൊട്ടിച്ചിരിച്ച ഗന്ധംകൊണ്ടുന്മാദം പൂണ്ട എന്നു ചൊല്ലി വീണ്ടും നൃത്തം ചെയ്യ്)

എങ്ങനെയാണെന്നോ?

മിന്നൽക്കൊടികളാകുന്ന പൊന്നലുക്കുകൾ ചേർന്ന മേഘം എനിക്കുള്ള വിതാനമാണ്. നിചുളമരങ്ങൾ പൂങ്കുലകളാകുന്ന വെഞ്ചാമരങ്ങൾ വീശുന്നു. വേനൽക്കാലം കഴിഞ്ഞതുകൊണ്ടു മധുരമായി കൂകുന്ന മയിലുകൾ സ്തുതിപാഠകന്മാരാരാണ്. പർവ്വതങ്ങളാകുന്ന കച്ചവടക്കാർ ജലധാരകളാകുന്ന മുത്തുമാലകൾ കൊണ്ടുവന്നു കാണിക്ക വെക്കുന്നു. 13

ആവട്ടെ. ആഡംബരങ്ങളെ ഇങ്ങനെ പുകഴ്ത്തിപ്പറഞ്ഞിട്ടെന്തു വേണം? ഈ കാട്ടിൽ ആ പ്രിയയെ അന്വേഷിക്കുകതന്നെ.

(പിന്നെ ചർച്ചരി. ചൊല്ലിക്കഴിഞ്ഞാൽ ഭിന്നകം)

പ്രിയതമയോടു വേർപെട്ട് ഏററവും ദുഃഖിച്ച വിരഹംമൂലം ഉത്സാഹംകെട്ട പൂത്തുതഴച്ചുനിൽക്കുന്ന മലങ്കാട്ടിൽ ആനത്തലവൻ വളരെ മന്ദഗതിയായി നടക്കുന്നു. 14

(അനന്തരം ദ്വിപദികകൊണ്ടു ചുററിനടന്നു നോക്കി സന്തോഷത്തോടുകൂടി)

സന്തോഷം സന്തോഷം! അന്വേഷിക്കാൻ പുറപ്പെട്ടപ്പോഴേക്കും എനിക്കു പ്രോത്സാഹനം കിട്ടിയിരിക്കുന്നു. എന്തെന്നാൽ—

ഇതാ നിലവാഴ, ചുവന്ന രേഖകളോടുകൂടിയതും വെള്ളമുൾക്കൊള്ളുന്നതുമായ പൂക്കളെക്കൊണ്ട്, കോപിച്ചു തുടുത്ത് ഉള്ളിൽ കണ്ണീർ നിറഞ്ഞ അവളുടെ കണ്ണുകളെ ഓർമ്മിപ്പിക്കുന്നു. 15

ശ്രീമതി ഈ വഴിക്കു പോയിട്ടുണ്ടോ എന്ന് എനിക്ക് എങ്ങനെ കണ്ടുപിടിക്കാം?

ആ സുഗാത്രി, മഴപെയ്തു നനഞ്ഞ മണലുള്ള ഈ വനപ്രദേശത്തിലൂടെ നടന്നുപോയിട്ടുണ്ടെങ്കിൽ നിതംബഭാരത്താൽ പിൻഭാഗം താണിട്ടുള്ള, അരക്കുചാറോടുകൂടിയ, അഴകാർന്ന കാലടിപ്പാടുകൾ കാണേണ്ടതാണ്. 16

(ദ്വിപതികകൊണ്ടു ചുററിനടന്നു നോക്കി സന്തോഷത്തോടുകൂടി) ബലേ ബലേ! ആ ശുണ്ഠിക്കാരിപോയ വഴി കണ്ടുപിടിക്കാനുള്ള ലക്ഷണം കണ്ടുകിട്ടി.

ചുണ്ടിലെ ചെഞ്ചാറു കളഞ്ഞ കണ്ണീർ വീണു നിറം മാറിയതും തത്തയുടെ വയറുപോലെ പച്ചനിറമുള്ളതും അവൾ കോപിച്ചു കുതിച്ചുപോകുമ്പോൾ വീണതുമായ നതനാഭിയാളുടെ മുലക്കച്ചയാണിത്, സംശയമില്ല. 17

ഭവതു. ആദാസ്യേ താവൽ. (പരിക്രമ്യ-വിഭാവ്യ ച സാസ്രം) കഥം സേന്ദ്രഗോപം നവശാദ്വലമിദം? കുതോനു ഖലു നിർജ്ജനേ വനേ പ്രിയാപ്രവൃത്തിരവഗമയിതവ്യാ? (ശിഖിനം ദൃഷ്ട്വാ) അയേ! അയമാസാരോച്ഛ്വസിതശൈലേയസ്ഥലീപാഷാണമാത്രൂഢഃ—

ആലോകയതി പയോദാൻ
പ്രബലപുരോവാതതാഡിതശിഖണ്ഡഃ
കേകാഗർഭേണ ശിഖീ
ദൂരോന്നമിതേന കണ്ഠേന. 18

[ഉപേത്യ] ഭവതു. യാവദേനം പൃച്ഛാമി.

(അനന്തരേ ഖണ്ഡകഃ)

സമ്പത്തവിസൂരണഓ തുരിഅം പരവാരണഓ
പിഅദമദംസണലാലസഓ ഗഅവരു വിംഹിഅമാണസഓ. 19
[സംപ്രാപ്തവിസൂരണസ്ത്വരിതം പരവാരണഃ
പ്രിയതമാദർശനലാലസോ ഗജവരോ വിസ്മിതമാനസഃ]

(തേന ഖണ്ഡകാന്തരേ ചർച്ചരീ)

ബംഹിണ! പഞം ഇഅ അബ്ഭത്ഥേമി ആഅക്ഖഹി മം താ
എത്ഥ വണേ ഭമന്തേ ജഇ പഇ ദിട്ഠീ സാ മഹ കന്താ
ണിസമാഹി മിഅങ്കസരിസവഅണാ ഹംസഗഈ
എ ചിൺഹേ ജാണീഹിസി ആഅക്ഖിഉ തുജ്ഝ മഈ. 20
[ബർഹിണ! ത്വാമിത്യഭ്യർത്ഥയേ ആചക്ഷ്വ മേ ത-
ദത്ര വനേ ഭ്രമതാ യദി ത്വയാ ദൃഷ്ടാ സാ മമ കാന്താ
നിശാമയ മൃഗാങ്കസദൃശവദനാ ഹംസഗതി-
രനേന ചിഹ്നേന ജ്ഞാസ്യസ്യാഖ്യാതം തവ മയാ]

(ചർച്ചരികയോപവിശ്യാഞ്ജലിം ബദ്ധ്വാ)

നീലകണ്ഠ മമോൽക്കണ്ഠാ വനേഽസ്മിൻ വനിതാ ത്വയാ
ദീർഘാപാങ്ഗാ സിതാപാങ്ഗ! ദൃഷ്ടാ ദൃഷ്ടിക്ഷമാ ഭവേൽ. 21

(ചർച്ചരികയാവലോക്യ) കഥമദത്തൈവ പ്രതിവചനം നർത്തിതും പ്രവൃത്തഃ. (പുനശ്ചർച്ചരീ) കിം നു ഖലു ഹർഷകാരണമസ്യ? (വിചിന്ത്യ) ആം ജ്ഞാതം.

മൃദുപവനവിഭിന്നോ മൽപ്രിയായാ വിനാശാൽ
ഘനരുചിരകലാപോ നിഃസപത്നോഽസ്യ ജാതഃ
രതിവിഗളിതബന്ധേ കേശപാശേ സുകേശ്യാഃ
സതി കുസുമസനാഥേ കിം കരോത്യേഷ ബർഹീ? 22

ആവട്ടെ. എടുക്കുകതന്നെ. (ചുററിനടന്നു ശ്രദ്ധിച്ചുനോക്കി കണ്ണീരോടെ) എന്തു്? ഇന്ദ്രഗോപക്കുറകളുള്ള പുതുപച്ചപ്പുൽത്തകിടിയാണോ ഇതു്? എന്നാൽ ആരുടെ അടുക്കൽനിന്നാണു് ഈ ആളൊഴിഞ്ഞ കാട്ടിൽ പ്രിയതമയുടെ വർത്തമാനം അറിയുക? (മയിലിനെ കണ്ടിട്ടു്) ഏയു്, ഇതാ

മഴകൊണ്ടു കതിർന്ന കന്മദത്തോടുകൂടിയ പാറയിന്മേൽ കയറിനിന്നു്, ശക്തിയേറിയ കിഴക്കൻ കാററടിച്ചിളകുന്ന പീലികളുമായി മയിൽ കേകാശബ്ദമുൾക്കൊള്ളുന്ന കഴുത്തുയർത്തി മേഘങ്ങളെ നോക്കുന്നു. 18

(അടുത്തു ചെന്നു്) ആവട്ടെ. ഇതിനോടു ചോദിച്ചുനോക്കാം.

(അനന്തരം ഖണ്ഡകം)

എതിരാളിയെ തടഞ്ഞുനിർത്തുന്ന ആനത്തലവൻ ദുഃഖംപൂണ്ടു പ്രിയതമയെ കാണാൻ കൊതിച്ചുകൊണ്ടിരിക്കെ അത്ഭുതപ്പെട്ടുപോയി. 19

(അതോടുകൂടി ഖണ്ഡകത്തിന്നിടയിൽ ചർച്ചരി)

മയിലേ! ഞാൻ നിന്നോടു് അപേക്ഷിക്കുന്നു. എനിക്കതു പറഞ്ഞുതരു. ഈ കാട്ടിൽ അലഞ്ഞുനടക്കുമ്പോൾ നീ എന്റെ പ്രിയതമയെ കാണുകയുണ്ടായോ? കേൾക്കു. അവളുടെ മുഖം ചന്ദ്രനെപ്പോലെയാണു്. നടത്തം അരയന്നത്തെപ്പോലെയാണു്. ഈ അടയാളംകൊണ്ടു നിനക്കു മനസ്സിലാക്കാം. ഞാൻ നിന്നോടെല്ലാം പറഞ്ഞുകഴിഞ്ഞു 20

(ചർച്ചരികകൊണ്ടിരുന്നു തൊഴുതു്)

വെൺക്കടക്കണ്ണുള്ള മയിലേ! ഞാൻ ദുഃഖിതനാണു്. നീ ഈ കാട്ടിൽ, കാണാൻ പററിയ, നീൾക്കണ്ണൊളായ ഒരു സുന്ദരിയെ കാണുകയുണ്ടായോ? 21

(ചർച്ചരികകൊണ്ടു നോക്കി)

എന്തു്? മറുപടി തരാതെതന്നെ നൃത്തംവെക്കാൻ തുടങ്ങിയോ?

(വീണ്ടും ചർച്ചരി)

എന്തായിരിക്കും ഇവന്റെ സന്തോഷകാരണം? (ആലോചിച്ചിട്ടു്) ആ! മനസ്സിലായി.

ഇളംകാറേററുലയുന്ന, ഉൾത്തുർമ്മയുള്ള, അഴകാർന്ന മയിൽപ്പീലി, എന്റെ പ്രിയതമ നശിക്കുകയാൽ ഇന്നു എതിരില്ലാത്തതായിത്തീർന്നിരിക്കുന്നു. രമിക്കുന്ന സമയത്തു അഴിഞ്ഞതും പൂക്കൾ ചൂടിയതുമായ പുഞ്ചായലാളുടെ വാർക്കുന്തലുണ്ടെങ്കിൽ ഈ മയിലിനു എന്തുചെയ്യാൻ കഴിയും? 22

ഭവതു. പരവ്യസനനിർവൃതം ന ഖലു ഏനം പൃച്ഛാമി. (ദ്വിപദികയാ ദിശോഽവലോക്യ) അയേ! ഇയമാതപാന്തസന്ധുക്ഷിതമദാ ജംബൂവിടപമധ്യാസ്തേ പരഭൃതാ. വിഹംഗമേഷു പണ്ഡിതാ ജാതിരേഷാ. യാവദേനാമഭ്യർത്ഥയേ.

(അനന്തരേ ഖുരകഃ)

വിജ്ജജ്ഝരകാണണലീണഓ
ദുക്ഖവിണിഗ്ഗഅവാഹുപ്പീഡഓ
ദൂരോസാരിഅഹിഅആണന്ദഓ
അംബരമാണോ ഭമഇ ഗഇന്ദഓ, 23

[വിദ്യാധരകാനനലീനോ ദുഃഖവിനിർഗതബാഷ്പോൽപീഡഃ
ദൂരോത്സാരിതഹൃദയാനന്ദോഽബരമാനോ ഭ്രമതി ഗജേന്ദ്രഃ]

[ഖുരകാന്തേ ചർച്ചരി)

ഹേലേ ഹേലേ!
പരഹുഅ! മഹുരപലാവിണി കംതീ
ണംദണവണ സച്ഛന്ദ ഭമംതീ
ജഇ പഈം പിഅഅമ സാ മഹു ദിട്ഠാ
താ ആഅക്ഖഹി മഹു പരപുട്ഠീ! 24

[പരഭൃതേ! മധുരപ്രലായിനീ കാന്താ, നന്ദനവനേ സ്വച്ഛന്ദം ഭ്രമന്തീ
യദി ത്വയാ പ്രിയതമാ സാ മമ ദൃഷ്ടാ തർഹ്യാചക്ഷ്വ മേ പരപുഷ്ടേ!]

(ഏതദേവ നർത്തിത്വാ വലന്തികയോപസൃത്യ ജാനുഭ്യാം സ്ഥിത്വാ)
ഭവതി!

ത്വാം കാമിനോ മദനദൂതിമുദാഹരന്തി
മാനാവഭംഗനിപുണം ത്വമമോഘമസ്ത്രം.
താമാനയ പ്രിയതമാം മമ വാ സമീപം
മാം വാ നയാശു കളഭാഷിണി! യത്ര കാന്താ. 25

(വാമകേന കിഞ്ചിദ്വലിത്വാ, ആകാശേ)

കിമാഹ ഭവതീ? കഥം ത്വാമേവമനുരക്തം വിഹായ ഗതാ ഇതി. ശൃണോതു ഭവതീ-
കുപിതാ, ന തു കോപകാരണം
സകൃദപ്യാത്മഗതം സ്മരാമ്യഹം
പ്രഭുതാ രമണേഷു യോഷിതാം
ന ഹി ഭാവസ്ഖലിതാന്യപേക്ഷതേ. 26

ആവട്ടെ. അന്യന്റെ ആപത്തിൽ സന്തോഷിക്കുന്ന ഇവനോടു ഞാൻ ചോദിക്കുന്നില്ല. (ദ്വിപദികകൊണ്ടു ദിക്കുകളെ നോക്കി) ഇതാ വേനൽക്കാലം കഴിയുകയാൽ മദം വർദ്ധിച്ച കുയിൽപ്പേട ഞാവലിന്റെ കൊമ്പത്തിരിക്കുന്നു. പക്ഷികളിൽ പാണ്ഡിത്യമുള്ള വർഗ്ഗമാണിതു്. ഇവളോടു് അപേക്ഷിക്കുകതന്നെ.

(അനന്തരം ഖുരകം)

വിദ്യാധരവനത്തിൽക്കടെന്നു ദുഃഖത്താൽ ഏന്തിത്തുളുമ്പുന്ന കണ്ണീരുമായി ഹൃദയത്തിൽ തീരെ ആനന്ദമില്ലാതെ വിണ്ണോളം പൊക്കമുള്ള ആനത്തലവൻ അലഞ്ഞു നടക്കുന്നു. 23

(ഖുരകം കഴിഞ്ഞു ചർച്ചരി)

ഹേലേ ഹേലേ

കുയിലേ മധുരാലാപേ! എന്റെ പ്രിയതമ നന്ദനവനത്തിൽ ഇഷ്ടംപോലെ നടന്നിരുന്നു. അവളെ നീ എവിടെയെങ്കിലും കാണുകയുണ്ടായോ? ഉണ്ടായെങ്കിൽ എന്നോടു പറയണേ. 24

(ഇതുതന്നെ നൃത്തംകൊണ്ടു കാണിച്ച് വലന്തികകൊണ്ടടുത്തുചെന്നു കാൽമുട്ടുകളിൽ നിന്നിട്ടു്) ഭവതി!

കാമികൾ നിന്നെ കാമദേവന്റെ ദൂതിയാണെന്നു പറയുന്നു. കോപം തീർക്കാൻ നൈപുണ്യമുള്ള സഫലമായ ആയുധമാണു് നീ. നീ ആപ്രിയതമയെ എന്റെ അടുക്കലേക്കു കൂട്ടിക്കൊണ്ടുവരൂ. അല്ലെങ്കിൽ എന്നെ, അല്ലയോ കളഭാഷിഷി, നീ അവളുള്ള ദിക്കിലേക്കു കൂട്ടിക്കൊണ്ടു പോവൂ. 25

(ഇടത്തോട്ടു തെല്ലൊന്നു വളഞ്ഞു ആകാശത്തിൽ)

ഭവതി എന്തു ചോദിക്കുന്നു? ഈ വിധം അനുരാഗമുള്ള അങ്ങയെ എങ്ങനെ വിട്ടുപോയി എന്നോ? ഭവതി കേട്ടുകൊള്ളൂ—

കോപിച്ചിട്ടാണു്. കോപിക്കാനുള്ള കാരണം ഒരിക്കലും എന്നിലുളവായതായി ഞാനോർക്കുന്നില്ല. സ്ത്രീകൾക്കു കാമുകന്മാരിൽ അധികാരമുണ്ടല്ലോ. സ്നേഹക്കുറവൊന്നും വേണമെന്നില്ല. 26

(സസംഭ്രമമുപവിശ്യ, അനന്തരം ജാനുഭ്യാം സ്ഥിത്വാ 'കുപിതാ' ഇതി പഠിത്വാ വിലോക്യ ച) കഥം കഥാവിച്ഛേദകാരിണീ സ്വകാൎയ്യ ഏവ വ്യാസക്താ?

അഥവാ സുഷ്ഠു ഖല്വിദമുച്യതേ—
മഹദപി പരദുഃഖം ശീതളം സമ്യഗാഹുഃ
പ്രണയമഗണയിത്വാ യന്മമാപൽഗ്ഗതസ്യ
അധരമിവ മദാന്ധാ പാതുമേഷാ പ്രവൃത്താ
ഫലമഭിമുഖപാകം രാജജംബൂദ്രുമസ്യ. 27

ഏവംഗതേഽപി പ്രിയേവ മേ മഞ്ജുസ്വനേതി ന മേ കോപോഽസ്യാം. സുഖമാസ്താം ഭവതീ. ഇതോ വയം സാധയാമസ്താവൽ. (ഉത്ഥായ ദ്വിപദികയാ പരിക്രമ്യാവലോക്യ ച) അയേ! ദക്ഷിണേന വനധാരാം പ്രിയാചരണനിക്ഷേപശംസീ നൂപുരരവഃ. യാവദേനമനുഗച്ഛാമി.

(പരിക്രമ്യ)

പിഅഅമവിരഹകിളാമിഅവഅണഓ
അവിരലവാഹജലാഉലണഅണഓ
ദൂസഹദുക്ഖവിസംഠുലഗമണഓ
പസരിഅഗുരുതാവദീവിഅഅംഗഓ
അഹിഅം ദുമ്മിഅ മാണസഓ
കാണ്ണണം ഭമഇ ഗഇന്ദഓ. 28

[പ്രിയതമാ വിരഹക്ലാന്തവദനോഽവിരളബാഷ്പജലാകുലനയനഃ
ദുഃസഹദുഃഖവിസംഷ്ഠുലഗമനഃ പ്രസൃതഗുരുതാപദീപ്താംഗഃ
അധികം ദൂനമാനസഃ കാനനം ഭ്രമതി ഗജേന്ദ്രഃ]

(കകുഭേന ഷഡുപഭംഗാഃ. അനന്തരേ ദ്വിപദികയാ ദിശോഽവലോക്യ)

പിഅകരിണീവിച്ഛോഇഅഓ
ഗുരുസോആണലദീവിഅഓ
ബാഹജലാഉലലോഅണഓ
കരിവരു ഭമഇ സമാഉലഓ. 29

[പ്രിയകരിണീവിയുക്തോ ഗുരുശോകാനലദീപ്തഃ
ബാഷ്പജലാകുലലോചനഃ കരിവരോ ഭ്രമതി സമാകുലഃ]

(സകരുണം) ഹാ ധിക് കഷ്ടം!

മേഘശ്യാമാ ദിശോ ദൃഷ്ട്വാ മാനസോത്സുകചേതസാം
കൂജിതം രാജഹംസാനാം നേദം നൂപുരശിഞ്ജിതം. 30

(പരിഭ്രമിച്ചു് ഇരുന്ന കാൽമുട്ടുകളിൽ നിന്നു 'കോപിച്ചിട്ടാണു്'' എന്നു തുടങ്ങുന്ന വാക്കുകൾ പറഞ്ഞു നോക്കി) എന്തു്? സംഭാഷണത്തിനു വിഘ്നം വരുത്തി സ്വന്തം കാര്യത്തിൽത്തന്നെ ഏർപ്പെട്ടുവോ? അല്ലെങ്കിൽ—

'വല്ലതെങ്കിലും അന്യന്റെ ദുഃഖം തണുത്തതാണു്'' എന്നു പറയാറുള്ളതു ശരിയാണു്. ആപത്തിൽപ്പെട്ട എന്റെ ആവശ്യം വകവെക്കാതെ, മദാന്ധയായ ഈ കുയിൽപ്പേട അധരമെന്നപോലെ ഞാവൽമരത്തിന്റെ പാകം വന്നു തുടങ്ങിയ പഴം നുകരാൻ തുടങ്ങിയിരിക്കുന്നു. 27

ഇങ്ങനെയാണെങ്കിലും എന്റെ പ്രിയതമയെപ്പോലെ ശബ്ദമാധുര്യമുള്ളതുകൊണ്ടു് എനിക്കു ഇതിന്റെ നേരെ കോപമില്ല. ഭവതി സുഖമായിരിക്കുക. നാം പോകുന്നു. (എഴുന്നേററു ദ്വിപദികകൊണ്ടു ചുററി നടന്നു നോക്കീട്ടു്) ഏ! കാടിന്റെ തെക്കുഭാഗത്തു പ്രിയതമ നടന്നുവരുന്നതിനെ സൂചിപ്പിക്കുന്ന ചിലങ്കയുടെ കിലുക്കം! ഞാനതിനെ പിൻതുടരട്ടെ. (ചുററി നടന്നു്)

പ്രിയതമയുടെ വിരഹത്താൽ മുഖം വാടി കണ്ണീരേന്തി കണ്ണുകൾ കലങ്ങി ദുസ്സഹദുഃഖത്താൽ കാലുറയ്ക്കാതെ നടന്നു വർദ്ധിച്ച സന്താപത്താൽ ചുട്ടുനീറുന്ന ശരീരവുമായി വല്ലാതെ മനസ്സു പുകഞ്ഞു ആനത്തലവനിതാ കാട്ടിൽ അലയുന്നു. 28

(കകുഭംകൊണ്ടു ആറു ഉപഭംഗങ്ങൾ. തുടർന്നു ദ്വിപദികകൊണ്ടു ദിക്കുകൾ നോക്കീട്ടു്)

പ്രിയപ്പെട്ട പിടിയാനയോടു വേർപെട്ടു ദുസ്സഹദുഃഖാഗ്നിയാൽ ജ്വലിച്ചു കണ്ണീരാൽ കണ്ണുകൾ കലങ്ങി കൊമ്പനാന ഉഴന്നുനടക്കുന്നു. 29

(സങ്കടത്തോടുകൂടി) അയ്യോ! കഷ്ടം കഷ്ടം.

മഴക്കാറുകൊണ്ടു ദിക്കുകളെല്ലാം ഇരുണ്ടതായിക്കണ്ടിട്ടു് മാനസസരസ്സിലേക്കു പോകാൻ വെമ്പുന്ന അരയന്നങ്ങളുടെ കൂകലാണിതു്. ചിലങ്കക്കിലുക്കമല്ല. 30

ഭവതു. യാവദേതേ മാനസോത്സുകാഃ പതത്രിണഃ സരസോഽസ്മാന്നോൽപതന്തി, താവദേതേഭ്യഃ പ്രിയാപ്രവൃത്തിരവഗമയിതവ്യാ. (വലന്തികയോപസൃത്യ ജാനുഭ്യാം സ്ഥിത്വാ) ഭോ ഭോ ജലവിഹംഗമരാജ!

പശ്ചാൽ സരഃ പ്രതി ഗമിഷ്യസി മാനസം തൽ
പാഥേയമുത്സൃജ ബിസം ഗ്രഹണായ ഭൂയഃ
മാം താവദുദ്ധര ശുചോ ദയിതാപ്രവൃത്ത്യാ
സ്വാർത്ഥാൽ സതാം ഗുരുതരാ പ്രണയിക്രിയൈവ. 31

(തിര്യഗവലോക്യ) അയേ! യഥോന്മുഖോ വിലോകയതി, തഥാ വ്യക്തം, പ്രവാസോത്സുകമനസാ മയാ ന ദൃഷ്ടേത്യാ ഹ.

(ഉപവിശ്യ ചർച്ചരീ)

രേ രേ ഹംസാ! കിം ഗോഇജ്ജഇ? [രേ രേ ഹംസ! കിം ഗോപ്യതേ?]

(ഇതി നർത്തിത്വോത്ഥായ)

യദി ഹംസ! ഗതാ ന തേ നതഭ്രൂഃ
സരസോ രോധസി ദർശനം പ്രിയാ മേ
മദഖേലപദം കഥം നു തസ്യാഃ
സകലം ചോര! ഗതം ത്വയാ ഗൃഹീതം? 32

(പുനശ്ചർച്ചരീ)

ഗഇഅണുസാരേ മഇ ലക്ഖിജ്ജഇ
[ഗത്യനുസാരേണ മയാ ലക്ഷ്യതേ]

(ചർച്ചരികയോപസൃത്യ അഞ്ജലിം ബദ്ധ്വാ)

ഹംസ! പ്രയച്ഛ മേ കാന്താം ഗതിരസ്യാസ്ത്വയാ ഹൃതാ
വിഭാവിതൈകദേശേന ദേയം യദഭിയുജ്യതേ. 33

(പുനശ്ചർച്ചരീ)

കഇ പഇം സിക്ഖിഉ എ ഗഇലാലസ
സാ പഇം ദിട്ഠി ജഹണഭരാലസ. 34
[കദാ ത്വയാ ശിക്ഷിതേയം ഗതിർല്ലാലസാ
സാ ത്വയാ ദൃഷ്ടാ ജഘനഭരാലസാ]

(പുനശ്ചർച്ചരീ. ഹംസ പ്രയച്ഛേത്യാദി പഠിത്വാ ദ്വിപദികയാ നിരൂപ്യ വിഹസ്യ ച)

ഏഷ ചോരാനുശാസീ രാജേതി ഭയാദുല്പതിതഃ. യാവദന്യമവകാശമവഗാഹിഷ്യേ. (ദ്വിപദികയാ പരിക്രമ്യാവലോക്യ ച) അയേ! പ്രിയാസഹായശ്ചക്രവാക സ്തിഷ്ഠതി. യാവദേനം പൃച്ഛാമി.

(അനന്തരേ കുടിലികാ)

മമ്മരരണിഅമണോഹരഏ

(മല്ലഘടീ)

കുസുമിഅതരുവരപല്ലവഏ

(ചർച്ചരീ)

ദഇആവിരഹുമ്മാഇഅഓ
കാണണേ ഭമഇ ഗഇന്ദഓ. 35

ആവട്ടെ. മാനസസരസ്സിലേക്കു പോകാനൊരുങ്ങിയ ഈ പക്ഷികൾ ഈ പൊയ്കയിൽനിന്നു പറക്കുന്നതിനുമുമ്പു അവയോടു ചോദിച്ചു പ്രിയതമാവൃത്താന്തം മനസ്സിലാക്കാൻ നോക്കട്ടെ.

(വലന്തികകൊണ്ടു അടുത്തുചെന്നു കാൽമുട്ടുകളിൽ നിന്നിട്ടു്)

അല്ലയോ ജലപക്ഷിരാജാവേ!

മാനസസരസ്സിലേക്കു പിന്നെ പോകാം. വഴിക്കു ഭക്ഷണത്തിന്നെടുത്തിട്ടുള്ള താമരവളയം താഴെ വെക്കൂ. പിന്നെയെടുക്കാം. പ്രിയതമയുടെ വൎത്തമാനം പറഞ്ഞുതന്നു് എന്നെ സങ്കടത്തിൽനിന്നു കരകയറ്റൂ. നല്ലവർ സ്വന്തം കാൎയ്യത്തേക്കാൾ വലിയതായി കരുതുന്നതു്, അൎത്ഥികളുടെ കാൎയ്യം നിർവഹിക്കുന്നതിനെത്തന്നെയത്രേ. 31

(തിരിഞ്ഞു നോക്കീട്ടു) ഏ! മേൽപോട്ടു നോക്കുന്നതു കാണുമ്പോൾ 'സ്ഥലം വിട്ടു പോകുവാനുള്ള ഒരുക്കമൊകയാൽ ഞാൻ കാണുകയുണ്ടായില്ല' എന്നു് പറയുകയാണെന്നു വ്യക്തമാവുന്നുണ്ടു്.

(ഇരുന്നിട്ടു ചർച്ചരി)

അല്ലേ ഹംസം! മൂടുവതെന്തിനു് (എന്നു ചൊല്ലി നൃത്തം ചെയ്തു് എഴുന്നേററു്)

അല്ലയോ അരയന്നമേ! പുരികം വളഞ്ഞ എൻെറ പ്രിയതമയെ പൊയ്കയുടെ കരയ്ക്കു അങ്ങു കാണുകയുണ്ടായില്ലെങ്കിൽ മദത്താൽ കാലിടറിക്കൊണ്ടുള്ള അവളുടെ നടത്തം മുഴുവനും, കള്ള! നീ എങ്ങനെ പിടിച്ചെടുത്തു? 32

(വീണ്ടും ചൎച്ചരി)

നടകൊണ്ടീ ഞാൻ കണ്ടുപിടിച്ചു.

(ചർച്ചരികൊണ്ടടുത്തുചെന്നു കൈകൂപ്പീട്ടു)

അരയന്നമേ! പ്രിയതമയെ ഇങ്ങു തന്നേക്കൂ. അവളുടെ നടത്തം നീ കട്ടെടുത്തിരിക്കുന്നു. ഒരംശം കണ്ടുപിടിച്ചു ചോദിച്ചാൽ മുഴുവനും തരേണ്ടിവരുമല്ലോ. 33

(വീണ്ടും ചർച്ചരി)

കൊതി തോന്നിക്കുന്ന ഈ നടത്തം നീ എപ്പോൾ പഠിച്ചെടുത്തു? നിതംബഭാരത്താൽ മന്ദഗമനായ അവളെ നീ കണ്ടുവെന്നു തീർച്ച. 34

(വീണ്ടും ചർച്ചരി. 'അരയന്നമേ, പ്രിയതമയെ' എന്നു തുടങ്ങുന്നതു ചൊല്ലി ദ്വിപദികകൊണ്ടു നോക്കിക്കണ്ടു പൊട്ടിച്ചിരിച്ചു്) 'ഇതാ കള്ളനെ ശിക്ഷിക്കുന്ന രാജാവു്' എന്നു വിചാരിച്ചു പറന്നുപോയി. ഇനി മററൊരു സ്ഥലത്തേക്കു ചെന്നു നോക്കട്ടെ.

(ദ്വിപദികകൊണ്ടു ചുററിനടന്നു നോക്കീട്ടു)

ഏ! ഇതാ ചക്രവാകം പ്രിയതമയുമൊന്നിച്ചിരിക്കുന്നു. ഇതിനോടു ചോദിച്ചുനോക്കട്ടെ.

(തുടന്നു കുടിലിക)

ഇലകളുടെ ശബ്ദംകൊണ്ടു മനോഹരമായ

(മല്ലഘടി)

താരും തളിരുമണിഞ്ഞ മരങ്ങളോടുകൂടിയ

(ചർച്ചരി)

കാട്ടിൽ പ്രിയാവിരഹത്താൽ ഉന്മാദം പൂണ്ടു കൊമ്പനാന അലഞ്ഞു നടക്കുന്നു. 35

[മൎമ്മരരണിതമനോഹരേ കുസുമിതതരുവരപല്ലവേ
ദയിതാവിരഹോന്മാദിതഃ കാനനേ ഭ്രമതി ഗജേന്ദ്രഃ.]

(ദ്വിലയാന്തേ ചർച്ചരീ)

ഗോരേഅണ മവണ്ണാ ചക്കാ ഭണഇ മഈം
മഹ്ഹ സര കീളന്തീ ധണിആ ണ ദിട്ഠി പഈം. 36
[ഗോരോചനാവൎണ്ണ ചക്ര! ഭണ മാം
മമ സരസി ക്രീഡന്തീ ധന്യാ ന ദൃഷ്ടാ ത്വയാ]

(ചർച്ചരികയോപസൃത്യ ജാനുഭ്യാം സ്ഥിത്വാ)

രഥാംഗനാമൻ! വിയുക്തോ രഥാംഗശ്രോണിബിംബയാ
അയം ത്വാം പൃച്ഛതി രഥീ മനോരഥശതൈർവൃതഃ. 37

കഥം കഃ ക ഇത്യാഹ? മാ താവൽ. ന ഖലു വിദിതോഽഹമസ്യ.

സൂൎയ്യാചന്ദ്രമസൌ യസ്യ മാതാമഹപിതാമഹൌ
സ്വയം വൃതഃ പതിർദ്വാഭ്യാമുൎവ്വശ്യാ ച ഭുവാ ച യഃ. 38

കഥം തുഷ്ണീം സ്ഥിതഃ? ഭവതു, ഉപാലപ്സ്യേ താവദേനം തദ്യുക്തം താവദാത്മാനുമാനേന വൎത്തിതും. കുതഃ—

(ജാനുഭ്യാം സ്ഥിത്വാ)

സരസി നളിനീപത്രേണാപി ത്വമാവൃതവിഗ്രഹാം
നനു സഹചരീം ദൂരേ മത്വാ വിരൌഷി സമുൽസുകഃ
ഇതി ച ഭവതോ ജായാസ്നേഹൽ പൃഥക്സ്ഥിതിഭീരുതാ
മയി ച വിധുരേ ഭാവഃ കോഽയം പ്രവൃത്തിപരാങ്മുഖഃ? 39

[ഉപവിശ്യ]

സൎവ്വഥാ മദീയാനാം ഭാഗ്യവിപൎയ്യയാണാമയം പ്രഭാവഃ. യാവദന്യമവകാശമവഗാഹിഷ്യേ. (പദാന്തരേ സ്ഥിത്വാ) ഭവതു. ന താവൽ ഗച്ഛാമി. (ദ്വിപദികയാ പരിക്രമ്യാവലോക്യ ച) അയേ!

ഇദം രുണദ്ധി മാം പത്മമന്തഃക്കൂജിതഷട്പദം
മയാ ദഷ്ടാധരം തസ്യാഃ സസീൽക്കാരമിവാനനം. 40

ഭവതു. ഇതോ ഗതസ്യ മേഽനുശയോ മാ ഭൂദിത്യസ്മിന്നപി കമലസേവിനി മധുകരേ പ്രണയിത്വം കരിഷ്യേ.

(അസ്യാന്തരേ അൎദ്ധദ്വിചതുരസ്രകഃ)

എക്കക്കമെവഡ്ഢിഅഗുരുഅരപേമ്മരസേ
സരഏ ഹംസജ്ജുആണഓ കീളഇ കാമരസേ. 41

– (രണ്ടു താളവട്ടത്തിനുശേഷം ചർച്ചരി)

ചക്രവാകമേ! എന്നോടു പറയൂ. ഗോരോചനത്തിന്റെ നിറമുള്ള ഒരു പുണ്യവതി പൊയ്കയിൽ കളിക്കുന്നതു നീ കാണുകയുണ്ടയോ? 36

(ചർച്ചരികകൊണ്ടു അടുത്തുചെന്നു കാൽമുട്ടുകളിൽ നിന്നിട്ടു)

അല്ലയോ ചക്രവാകമേ! ചക്രംപോലുള്ള നിതംബബിംബത്തോടുകൂടിയ പ്രിയതമയാൽ ഉപേക്ഷിക്കപ്പെട്ട അനേകം മനോരഥങ്ങളുള്ള ഒരു തേരാളി, അങ്ങയോടു ചോദിക്കുന്നു— 37

ഇവൻ ‘ആർ ആർ’ എന്നു ചോദിക്കുന്നുവോ? അത്രയ്ക്കു വേണ്ട. ഇവൻ എന്നെ അറിയില്ലേ?

സൂര്യ്യനും ചന്ദ്രനും ആരുടെ അമ്മയുടെ അച്ഛനും അച്ഛന്റെ അച്ഛനുമാണോ, ആരെയാണോ ഉർവ്വശി ഭൂമി എന്ന രണ്ടു പേർ സ്വയം വരിച്ചിട്ടുള്ളതു്, ആ ആളാണു്. 38

എന്തു്? മിണ്ടാതെ നിൽക്കുന്നുവോ? ആവട്ടെ. ഇവനെ ഞാൻ കുറച്ചു അധിക്ഷേപിക്കാനുറച്ചു (കാൽമുട്ടുകളിൽ നിന്നിട്ടു്) സ്വന്തം നിലയോർത്തു പെരുമാറുന്നതാണു് ഭംഗി. എന്തെന്നാൽ—

പൊയ്കയിൽ താമരയിലകൊണ്ടുള്ള മറവു മാത്രമേ ഉള്ളുവെങ്കിലും കൂട്ടുകാരി ദൂരെയാണെന്നോർത്തു ഉൽക്കണ്ഠ പൂണ്ടു നീ നിലവിളിക്കുന്നു. ഈവിധം നിനക്കു ഭാര്യ്യാസ്നേഹംകൊണ്ടു വിട്ടിരിക്കാൻ ഭയമാണു്. ഞാനിങ്ങനെ വിരഹദുഃഖിതനായിരിക്കുമ്പോൾ പ്രിയാവൃത്താന്തമറിയിക്കുന്നതിൽ വൈമുഖ്യം കാണിക്കുകയും ചെയ്യുന്നു. 39

(ഇരുന്നിട്ടു്)

എല്ലാവിധത്തിലും എന്റെ ഭാഗ്യക്കേടിന്റെ ശക്തിയാണിതു്. ഇനി മറ്റൊരു ഭാഗത്തുപോയി നോക്കട്ടെ. (മറ്റൊരു സ്ഥലത്തേക്കു മാറിനിന്നിട്ടു്) ആവട്ടെ. ഞാനിപ്പോൾ പോകുന്നില്ല.

(ദ്വിപദികകൊണ്ടു് ചുറ്റിനടന്നു നോക്കീട്ടു്)

ഞാൻ ചുണ്ടു കടിക്കുമ്പോൾ സീൽക്കാരംചെയ്യുന്ന അവളുടെ മുഖംപോലെ അകത്തു വണ്ടു മുരണ്ടുകൊണ്ടിരിക്കുന്ന ഈ താമരപ്പൂവു് എന്നെത്തടയുന്നു. 40

ഇവിടെനിന്നു പോയിട്ടു പിന്നെ പശ്ചാത്താപം തോന്നാനിടവരേണ്ട. താമരപ്പൂവു നുകർന്നുകൊണ്ടിരിക്കുന്ന ഇതിനോടും ചോദിച്ചേക്കാം.

(ഇതിനിടയിൽ രണ്ടര ചതുരശ്രകം)

ഒരേ തരത്തിൽ പ്രേമരസം വർദ്ധിച്ചിട്ടുള്ള കാമരസത്തോടുകൂടി പൊയ്കയിൽ ഹംസയുവാവു് ക്രീഡിക്കുന്നു. 41

[ഏകക്രമവർദ്ധിതഗുരുതരപ്രേമരസേ
സരസി ഹംസയുവാ ക്രീഡതി കാമരസേ]

(ചതുരസ്രകേണ ഉപവിശ്യാഞ്ജലിം ബദ്ധ്വാ)

മധുകര! മദിരാക്ഷ്യാഃ ശംസ തസ്യാഃ പ്രവൃത്തിം

(വിഭാവ്യ)

വരതനുരഥവാസൌ നൈവ ദൃഷ്ടാ ത്വയാ മേ
യദി സുരഭിമവാപ്സ്യസ്തന്മുഖോച്ഛ്വാസഗന്ധം
തവ രതിരഭവിഷ്യൽ പുണ്ഡരീകേ കിമസ്മിൻ? 42

(ദ്വിപദികയാ പരിക്രാമ്യാവലൊക്യ ച) അയേ! ഏഷ നീപസ്കന്ധനിഷണ്ണഹസ്തഃ കരിണീസഹായോ നാഗരാജസ്തിഷ്ഠതി. അസ്മാൽ പ്രിയോദന്തമുപലപ്സ്യേ. യാവദേനമുപസർപ്പാമി.

(കുടിലികാ)

കരിണീവിരഹേ സംതാവിഅഓ

(മല്ലഘടീ)

കാണണേ ഗണ്ഡുദ്ധുഅമഹുഅഓ. 43

[കരിണീവിരഹേ സന്താപിതഃ
കാനനേ ഗണ്ഡോദ്ധൂതമധുകരഃ]

(അതോഽന്തരേ അവലോക്യ) ന താവദയമുപസർപ്പണകാലഃ.

അയമചിരോൽഗതപല്ലവമുപനീതം പ്രിയതമാഗ്രഹസ്തേന
അഭിലഷതു താവദാസവസുരഭിരസം സല്ലകീഭംഗം. 44

(സ്ഥാനകേനാവലോക്യ) അയേ! കൃതാഹാരകഃ സംവൃത്തഃ. ഭവതു. സമീപമസ്യ ഗത്വാ പൃച്ഛാമി.

(അനന്തരേ ചർച്ചരീ)

ഹഉം പഇം പുച്ഛിമി ആഅക്ഖഹി ഗഅവരു
ലളിഅപഹാരേ ണാസിഅതരുവരു
ദൂരവിണിജ്ജിഅസസഹരകന്തീ
ദിട്ഠീ പിഅ പഇം സമ്മുഹ ജന്തീ. 45

[അഹം ത്വാം പൃച്ഛാമി ആചക്ഷ്വ ഗജവര!
ലളിതപ്രഹാരേണ നാശിതതരുവര!
ദൂരവിനിർജ്ജിതശശധരകാന്തിർ–
ദൃഷ്ടാ പ്രിയാ ത്വയാ സമ്മുഖം യാന്തീ]

(പദദ്വയം പുരത ഉപസൃത്യ)

മദകള! യുവതിശശികലാ ഗജയൂഥപ! യൂഥികാശബളകേശീ
സ്ഥിരയൌവനാ സ്ഥിതാ തേ ദൂരാലോകേ സുഖാലോകാ? 46

(ചതുരശ്രകംകൊണ്ടിരുന്നു കൂപ്പുകയ്യുമായി)

വണ്ടേ! ആ സുന്ദരിയുടെ വൎത്തമാനം പറഞ്ഞുതരൂ. (ആലോചിച്ചിട്ട്) അല്ലെങ്കിൽ നീ എൻെറ പ്രിയതമയെ കണ്ടിട്ടേ ഉണ്ടാവില്ല. സൌരഭ്യമുള്ള അവളുടെ ഉച്ഛ്വാസവായുവിനെ നീ പാനംചെയ്തിരുന്നുവെങ്കിൽ നിനക്ക് ഈ താമരപ്പൂവിൽ താൽപ്പര്യമുണ്ടാവാനിടയില്ല. 42

(ദ്വിപദികകൊണ്ടു ചുററിനടന്നു നോക്കീട്ട്)

ഏ! ഇതാ കടമ്പിൻതടിമേൽ തുമ്പിക്കൈ വെച്ചു പിടിയാനയോടുകൂടി കൊമ്പനാന നില്ക്കുന്നു. ഇവനോട് ചോദിച്ചാൽ പ്രിയതമയുടെ വൎത്തമാനമറിയാം. അടുത്തേയ്ക്കു ചെല്ലുകതന്നെ.

(കുടിലിക)

പിടിയാനയുമായി വേർപെട്ടു ദുഃഖിതനായി (മല്ലഘടി) കവിൾത്തടത്തിൽ നിന്നു വണ്ടുകൾ പറന്നുകൊണ്ടിരിക്കുന്ന ആനയിതാ കാട്ടിൽ. 43

(അതിനിടയിൽ നോക്കീട്ട്)

അല്ലെങ്കിൽ ഇത് അടുത്തുചെല്ലാൻ പററിയ സമയമല്ല.

അടുത്തദിവസം തളിർത്തതും പ്രിയതമ തുമ്പിക്കയ്യിൻെറ അററംകൊണ്ടു് കൊടുക്കുന്നതുമായ മദ്യത്തിൻെറ ഗന്ധവും സ്വാദുമുള്ള ഈന്തൽക്കൂമ്പ് ഇയാൾ തിന്നുകൊള്ളട്ടെ. 44

(സ്ഥാനകംകൊണ്ടു നോക്കീട്ട്)

ഏ! തിന്നുകഴിഞ്ഞു. ആവട്ടെ. അതിൻെറ അടുത്തുചെന്നു ചോദിക്കുകതന്നെ.

(തുടർന്നു ചർച്ചരി)

മെല്ലെയടിച്ചു മരം മറിച്ചിട്ട ആനത്തലവ! ഞാൻ നിന്നോടു ചോദിക്കുന്നു. പറഞ്ഞുതരൂ. ചന്ദ്രകാന്തിയെ തീരെ ജയിച്ച എൻെറ പ്രിയയെ മുന്നിലെങ്ങാനും കാണുകയുണ്ടായോ? 45

(രണ്ടടി മുന്നോട്ടുചെന്നു്)

മദിച്ച ഗജസംഘത്തലവ! മുല്ലപ്പൂ ചൂടി വൎണ്ണവൈചിത്ര്യംപൂണ്ട വാർകുന്തലോടുകൂടിയവളും സ്ഥിരമായ യൌവ്വനത്തോടുകൂടിയവളും കാണ്മാൻ സുഖമുള്ളവളുമായ ചന്ദ്രികയെപ്പോലുള്ളൊരു യുവതിയെ ദൂരത്തെങ്ങാനും നില്ക്കുന്നതു നീ കാണുകയുണ്ടായോ? 46

(ആകർണ്യ സഹർഷം) അഹഹ! അനേന ഭവതഃ സ്നിഗ്ധമന്ദ്രേണ ഗർജ്ജിതേന പ്രിയോപലംഭശംസിനാ സമാശ്വാസിതോഽസ്മി. സാധർമ്മ്യാച്ച ത്വയി മേ ഭൂയസീ പ്രീതിഃ.

മാമാഹുഃ പൃഥിവീഭൃതാമധിപതിം, നാഗാധിരാജോ ഭവാ-
നവ്യുച്ഛിന്നപൃഥുപ്രവൃത്തി ഭവതോ ദാനം, മമാപ്യർത്ഥിഷു
സ്ത്രീരത്നേഷു മമോർവ്വശീ പ്രിയതമാ, യൂഥേ തവേയം വശാ
സർവ്വം മാമനു തേ, പ്രിയാവിരഹജാം ത്വം തു വ്യഥാം മാനുഭൂഃ. 47

സുഖമാസ്താം ഭവാൻ. സാധയാമസ്താവൽ. (ദ്വിപദികയാ പരിക്രമ്യാവാലാക്യ ച) അയേ! അയമസൌ സുരഭികന്ദരോ **നാമ** വിശേഷരമണീയഃ സാനുമാൻ. പ്രിയശ്ചായമപ്സരസാം. അപി നാമ സാ സുതനുരസ്യോപത്യകായാമുപലഭ്യേത. [പരിക്രമ്യാവലോക്യ ച] കഥമന്ധകാരഃ? ഭവതു. വിദ്യുൽപ്രകാശേനാവലോകയാമി. ഹന്ത! മദീയൈർദ്ദുരിതപരിണാമൈർമേഘോദയോഽപി ശതഹ്രദാശ്ശൂന്യഃ സംവൃത്തഃ. തഥാപി ശിലോച്ചയമേനമപൃഷ്ട്വാ ന നിവർത്തിഷ്യേ.

(അനന്തരേ ഖണ്ഡികാ)

പസരിഅഖരഖുരദാരിഅമേഇണി വണഗഹണേ അവിചലു
പരിസപ്പഇ പേച്ഛഹ ലീണോ ണിഅകജ്ജുജ്ജുഅ കോലു. 48
[പ്രസൃതഖരഖുരദാരിതമേദിനിർവന ഗഹനേഽവിചലഃ
പരിസർപ്പതി പശ്യത ലീനോ നിജകാര്യ്യോദ്യുക്തഃ കോലഃ]

അപി വനാന്തരമല്പകുചാന്തരാ ശ്രയതി പർവ്വത! പർവ്വസു സംനതാ
ഇദമനംഗപരിഗ്രഹമംഗനാ പൃഥുനിതംബ! നിതംബവതീ തവ. 49

കഥം തൂഷ്ണീമേവാസ്തേ? ശങ്കേ വിപ്രകർഷാന്ന ശൃണോതീതി. ഭവതു. സമീപഽമസ്യ ഗത്വാ പൃച്ഛാമി.

(അനന്തരേ ചർച്ചരീ)

ഫലിഹസിലാഅലണിമ്മലണിജ്ഝരു!
ബഹുവിഹകുസുമേ വിരഇഅസേഹരു!
കിംണരമഹുരുഗ്ഗീഅമണോഹരു
ദേക്ഖാവഹി മഹു പിഅഅമ മഹിഹരു! 50

[സ്ഫടികശിലാതലനിർമ്മലനിർഝര!
ബഹുവിധകുസുമൈർവിരചിതശേഖര!
കിന്നരമധുരോൽഗീതമനോഹര!
ദർശയ മമ പ്രിയതമാം മഹീധര!]

(ചർച്ചരികയോപസൃത്യ അഞ്ജലിം ബദ്ധ്വാ)

സർവ്വക്ഷിതിഭൃതാം നാഥ! ദൃഷ്ടാ സർവ്വാംഗസുന്ദരീ
രാമാ രമ്യേ വനാന്തേഽസ്മിൻ മയാ വിരഹിതാ ത്വയാ. 51

(കേട്ടിട്ട് സന്തോഷത്തോടെ) ഹ ഹ ഹ. പ്രിയതമയെ കണ്ടതായി സൂചിപ്പിക്കുന്ന സ്നിഗ്ദ്ധഗംഭീരമായ അങ്ങയുടെ ചിന്നംവിളി എന്നെ ആശ്വസിപ്പിച്ചിരിക്കുന്നു– നാം രണ്ടുപേരും ഒരുപോലെ ഉള്ളവരാകയാൽ അങ്ങയുടെ പേരിൽ എനിക്കു വളരെ സന്തോഷമുണ്ട്.

എന്നെ രാജാക്കന്മാരുടെ അധിപതിയെന്നു പറയുന്നു. അങ്ങു ഗജങ്ങളുടെ അധിപതിയാണ്. അങ്ങയ്ക്കു ഇടമുറിയാതെ പുഷ്ടിയോടുകൂടിയ മദജലമാകുന്ന ദാനമുണ്ട്. ഞാനും അർത്ഥികൾക്കു ദാനംചെയ്യുന്നവനാണ്. സ്ത്രീരത്നങ്ങളിൽവച്ച് ഉർവ്വശിയാണ് എന്റെ പ്രിയതമ. ഈ പിടിയാന അങ്ങയുടെ പ്രിയതമയാണ്. അങ്ങേയ്ക്കു എന്നെപ്പോലെ എല്ലാമുണ്ട്. പ്രിയാവിരഹംകൊണ്ടുള്ള സങ്കടംമാത്രം അനുഭവിക്കാൻ അങ്ങയ്ക്കിടവരാതിരിക്കട്ടെ. 47

അങ്ങു സുഖമായിരിക്കു. നാം പോകട്ടെ. (ദ്വിപദികകൊണ്ടു ചുറ്റിനടന്നു നോക്കീട്ട്) ഏ! അതാ സുരഭികന്ദരമെന്ന അതിമനോഹരമായ പർവ്വതം. ദേവാംഗനമാർക്കു ഇതിനെക്കുറിച്ചു വലിയ പ്രീതിയാണ്. ആ സുന്ദരിയെ ഇതിന്റെ അടിവാരത്തിൽ കണ്ടുകിട്ടുമോ?

(ചുറ്റിനടന്നു നോക്കീട്ട്)

എന്ത്, ഇരുട്ടോ? ആവട്ടെ. മിന്നൽവെളിച്ചത്തിൽ കാണാൻ നോക്കട്ടെ. കഷ്ടം! എന്റെ പാപങ്ങളുടെ ശക്തിയാൽ, പൊങ്ങിവരുന്ന മഴക്കാറിൽ മിന്നലില്ലാതായിരിക്കുന്നു. എന്നാലും ഈ മലയോടു ചോദിക്കാതെ ഞാൻ മടങ്ങില്ല.

(തുടർന്നു ഖണ്ഡിക)

കടുത്ത കുളമ്പുകൊണ്ടു ഭൂമിയിൽ ചുരമാന്തിക്കൊണ്ടു നിർഭയനും സ്വാർത്ഥിയുമായ പന്നിത്തടിയനിതാ കൊടുങ്കാട്ടിൽ പാളിപ്പതുങ്ങി വരുന്നു. നോക്കുവിൻ. 48

തിങ്ങിവിങ്ങിയ കൊങ്കകളും കനത്ത നിതംബവുമുള്ള, താണ അംഗസന്ധികളോടുകൂടിയ ഒരു യുവതി, വിശാലമായ കടകപ്രദേശമുള്ള പർവ്വതമേ! അങ്ങയിലുള്ള കാമോദ്ദീപകമായ ഈ കാട്ടിൽ വരികയുണ്ടായോ? 49

എന്ത്, മിണ്ടാതിരിക്കുകയാണോ? ദൂരംനിമിത്തം കേൾക്കാഞ്ഞിട്ടാണെന്നു തോന്നുന്നു. ആവട്ടെ അതിന്റെ അടുക്കൽചെന്നു ചോദിക്കാം.

(തുടർന്നു ചർച്ചരി)

സ്ഫടികശിലാതലംപോലെ തെളിഞ്ഞ വെള്ളച്ചാട്ടം, പലതരം പൂക്കൾകൊണ്ട് നിർമ്മിച്ച ശിരോലങ്കാരം, കിന്നരന്മാരുടെ മധുരമനോഹര ഗീതം. ഇതെല്ലാമുള്ള പർവ്വതമേ! എന്റെ പ്രിയതമയെ കാണിച്ചു തരൂ. 50

(ചർച്ചരികകൊണ്ടു അടുത്തുചെന്നു കൈക്കൂപ്പീട്ട്)

അല്ലയോ സർവ്വക്ഷിതിധരനാഥ! എന്നോടു വേർപ്പെട്ട സർവ്വാംഗസുന്ദരിയായ ഒരു കാമിനിയെ അങ്ങു ഈ കാട്ടിലെങ്ങാനും കാണുകയുണ്ടായോ? 51

(തഥൈവ പ്രതിശബ്ദം ശൃണോതി. ആകർണ്ണ്യ സഹർഷം) കഥം യഥാക്രമം 'ദൃഷ്ടാ' ഇത്യാഹ? ഭവതു, അവലോകയാമി. (ദിശോഽവലോക്യ സഖേദം) ഹാ ധിക്. മമൈവായം കന്ദരമുഖവിസർപ്പീ പ്രതിശബ്ദഃ. (ഇതി മൂർച്ഛിതഃ പതതി. ഉത്ഥായ സവിഷാദം) അഹഹ! ശ്രാന്തോഽസ്മി. അസ്യാസ്താവൽ ഗിരിനദ്യാസ്തീരേ സ്ഥിതസ്തരംഗവാതമാസേവിഷ്യേ. (ദ്വിപദികയാ പരിക്രമ്യാവലോക്യ ച) ഇമാം നവാംബുകലുഷാമപി സ്രോതോവഹാം പശ്യതാ മയാ രതിരുപലഭ്യതേ. കുതഃ-

തരംഗഭ്രൂ ഭംഗാ ക്ഷുഭിതവിഹഗശ്രേണിരശനാ
വികർഷന്തീ ഫേനം വസനമിവ സംരംഭശിഥിലം
യഥാവിദ്ധം യാതി സ്ഖലിതമഭിസന്ധായ ബഹുശോ
നദീഭാവേനേയം ധ്രുവമസഹനാ സാ പരിണതാ. 52

ഭവതു. പ്രസാദയാമി താവദേനാം.

(അനന്തരേ കുടിലികാ)

പസീഅ പിഅഅമ! സുന്ദരിഏ! ണഏ
ഖുഹിആകരുണവിഹംഗമഏ! ണഏ
സുരസരിതീരസമൂസുഅഏ ണഏ
അളിഉലരവഝംകാരിഅഏ ണഏ. 53

[പ്രസീദ പ്രിയതമേ! സുന്ദരികേ! നദി!
ക്ഷുഭിതാകരുണവിഹംഗമകേ! നത്യാ
സുരസരിത്തീരസമുത്സുകൈണകേ!
അളികുലരവഝംകാരിതേ! ഏതയാ]

(തേന കുടിലികാന്തരേ ചർച്ചരി)

പുവ്വദിസാപവണാഹഅകല്ലോലുഗ്ഗഅവാഹഓ
മേഹഅഅംഗേ ണച്ചഇ സലളിഅ ജലണിഹിണാഹഓ
ഹംസരഹംഗസംഖകുംകുമകആഭരണൊ
കരിമഅരാഉലകസണലകമലകആവരണൊ
വേലാസലിലുവ്വേല്ലിഅഹത്ഥദിണ്ണതാലു
ഓത്ഥരഇ ദസ ദിസ രുന്ധേവിണു ണവമേഹആലു. 54

[പൂർവ്വദിശാപവനാഹതകല്ലോലോൽഗതബാഹു-
ർമ്മേഘാംഗൈർന്നൃത്യതി സലളിതം ജലനിധിനാഥഃ
ഹംസരഥാംഗശംഖകുങ്കുമകൃതാഭരണഃ
കരിമകരാകുലകൃഷ്ണകമലകൃതാവരണഃ
വേലാസലിലോദ്വേല്ലിതഹസ്തദത്തതാളോഽ
വസ്തൃണാതി ദശ ദിശോ രുദ്ധ്വാ നവമേഘകാലഃ]

(ചർച്ചരികയോപസൃത്യ ജാനുഭ്യാം സ്ഥിത്വാ)

ത്വയി നിബദ്ധരതൌ പ്രിയവാദിനി
പ്രണയഭംഗപരാങ്മുഖചേതസി
കമപരാധലവം മയി പശ്യസി
ത്യജസി മാനിനി! ദാസജനം യതഃ. 55

(അങ്ങനെതന്നെപ്രതിധ്വനി കേൾക്കുന്നു. കേട്ടിട്ടു് സന്തോഷത്തോടെ) എന്തു്? ഞാൻ ചോദിച്ച ക്രമത്തിൽത്തന്നെ, കണ്ടുവെന്നു പറയുന്നുവോ? (പ്രതിധ്വനിയിൽ നിന്നു്— 'മഹാരാജാവേ! നിന്നോടു വേർപെട്ട കാമിനിയെ ഞാൻ കണ്ടു' എന്നർത്ഥം ഗ്രഹിക്കുന്നു) ആവട്ടെ. നോക്കട്ടെ.

(ദിക്കുകൾനോക്കി സങ്കടത്തോടെ)

കഷ്ടം കഷ്ടം! എന്റെ വാക്കിന്റെതന്നെ ഗുഹാമുഖത്തുനിന്നു വരുന്ന പ്രതിധ്വനിയാണിതു്. (ബോധംകെട്ടു വീഴുന്നു. എഴുന്നേറ്റിരുന്നു സങ്കടത്തോടെ) അയ്യയ്യോ! ഞാൻ വലഞ്ഞുവല്ലോ. ഈ അരുവിയുടെ തീരത്തിലിരുന്നു്, അലകളിൽ തട്ടിവരുന്ന കാറ്റേല്ക്കട്ടെ.

(ദ്വിപദികകൊണ്ടു ചുറ്റിനടന്നു നോക്കീട്ടു്)

പുതുവെള്ളംകൊണ്ടു കലങ്ങീട്ടുണ്ടെങ്കിലും ഈ നദി കാണുമ്പോൾ എനിക്കു അനുരാഗം തോന്നുന്നു.

തിരമാലകളാകുന്ന പുരികങ്ങൾ വളച്ചു, പക്ഷിനിരയാകുന്ന അരഞ്ഞാണിന്റെ ശബ്ദത്തോടുകൂടി, കോപത്താൽ അഴിഞ്ഞ വസ്ത്രംപോലുള്ള നുരയുമേന്തിക്കൊണ്ടു പല പ്രാവശ്യം ഉണ്ടായ തെറ്റുകൾ ഓർത്തു് ഇടറി ഇടറി ഗമിക്കുന്നതു കാണുമ്പോൾ എനിക്കു തോന്നുന്നു, കോപശീലയായ അവൾ നദിയായി പരിണമിച്ചതാണെന്നു്. 52

ആവട്ടെ. ഇവളെ സന്തോഷിപ്പിക്കാൻ നോക്കട്ടെ.

(തുടർന്നു കുടിലിക)

പ്രിയതമേ! സുന്ദരി! ഗംഗാനദി! ക്ഷോഭിച്ച നിട്ട്യപക്ഷികളോടുകൂടിയവളേ! തീരത്തിൽ ഉൽക്കണ്ഠപൂണ്ടു നില്ക്കുന്ന മാനുകളോടുകൂടിയവളേ! വണ്ടിൻചാർത്തിന്റെ ഝങ്കാരത്തോടുകൂടിയവളേ! ഈ നമസ്കാരംകൊണ്ടു പ്രസാദിക്കൂ. 53

(അതുകൊണ്ടുള്ള കുടിലികയ്ക്കിടയ്ക്കു ചർച്ചരി)

കിഴക്കൻ കാറ്റടിച്ചു പൊങ്ങിയ തിരകളാകുന്ന കൈകൾ പൊക്കിയും അരയന്നങ്ങളും ചക്രവാകങ്ങളും ശംഖങ്ങളും കുങ്കുമവുമണിഞ്ഞും നീരാനകളും മകരമത്സ്യങ്ങളും നിറഞ്ഞ നീലജലംകൊണ്ടു പുതച്ചും കരയ്ക്കടിച്ചുകയറിയ വെള്ളകയ്യുകൊണ്ടു താളംപിടിച്ചും സമുദ്രമിതാ മേഘാവയവംകൊണ്ടു നൃത്തംവെക്കുന്നു. പുതുമഴക്കാലം പത്തുദിക്കും മറയ്ക്കുന്നു 54

(ചർച്ചരികൊണ്ടടുത്തുചെന്നു കാൽമുട്ടുകളിൽ നിന്നിട്ടു്)

നിന്നിൽ ഏറ്റവും അനുരാഗമുള്ളവനും ഇഷ്ടമായ വാക്കുമാത്രം പറയുന്നവനും നിന്റെ ഇഷ്ടം സാധിച്ചുതരുന്നതിൽ ഒരിക്കലും വൈമുഖ്യം കാണിക്കാത്തവനുമായ എന്റെ പേരിൽ എന്തൊരു തെറ്റാണു് നീ കാണുന്നതു്? അല്ലയോ മാനിനി! അതുകൊണ്ടാണല്ലോ ഈ ദാസനെ വെടിയുന്നതു്. 55

കഥം തൂഷ്ണീമേവാസ്തേ. അഥവാ പരമാൎത്ഥസരിദേവൈഷാ. ന ഖലൂൎവ്വശീ, അന്യഥാ കഥം പുരൂരവസമപഹായ സമുദ്രാഭിസാരിണീ ഭവിഷ്യതി? ഭവതു. അനിൎവ്വേദപ്രാപ്യാണി ശ്രേയാംസി. യാവത്തമേവ പ്രദേശം ഗച്ഛാമി, യത്ര മേ നയനയോഃ സാ സുനയനാ തിരോഹിതാ. (പരിക്രമ്യാ വലോക്യ ച) ഇമം താവൽ പ്രിയാപ്രവൃത്തയേ സാരംഗമാസീനമഭ്യൎത്ഥയേ.

അഭിനവകുസുമസ്തബകിതതരുവരസ്യ പരിസരേ
മദകളകോകിലകൂജിതരവഝംകാരമനോഹരേ
നന്ദനവിപിനേ നിജകരിണീവിരഹാനലേന സന്തപ്തോ
വിചരതി ഗജാധിപതിരൈരാവതനാമാ. 56

(ഗളിതകഃ. ജാനുഭ്യാം സ്ഥിത്വാ)

കൃഷ്ണസാരച്ഛവിർയോഽസൌ ദൃശ്യതേ കാനനശ്രിയാ
വനശോഭാവലോകായ കടാക്ഷ ഇവ പാതിതഃ. 67

(വിലോക്യ)

അയമന്തികമായാന്തീം ശിശുനാ സ്തനപായിനാ
അനന്യദൃഷ്ടിസ്താമേവ മൃഗീം രുദ്ധാം നിരീക്ഷതേ. 58

(ഇതി നൎത്തിത്വാ ചർച്ചരീ)

സുരസുന്ദരി ജഹണഭരാലസ പീണുത്തുംഗഘണത്ഥണീ
ഥിരജോവ്വണ തണുസരീരി ഹംസഗഈ
ഗഅണുജ്ജലകാണണേ മിഅലൊഅണി ഭമന്തീ
ദിട്ഠി പഇം വിരഹസമുദ്ദന്തരേ ഉത്താരഹി മഇം. 59

[സുരസുന്ദരീ ജഘനഭരാലസാ പീനോത്തുംഗഘനസ്തനീ
സ്ഥിരയൌവനാ തനുശരീരാ ഹംസഗതിഃ
ഗഗനോജ്ജ്വലകാനനേ മൃഗലോചനാ ഭ്രമന്തീ
ദൃഷ്ടാ ത്വയാ തർഹി വിരഹസമുദ്രാന്തരാദുത്താരയ മാം]

(ഉപസൃത്യ അഞ്ജലിം ബദ്ധ്വാ) ഹംഹോ ഹരിണീപതേ!
അപി ദൃഷ്ടവാനസി മമ പ്രിയാം വനേ
കഥയാമി തേ തദുപലക്ഷണം ശൃണു
പൃഥുലോചനാ സഹചരീ യഥൈവ തേ
സുഭഗാ തഥൈവ ഖലു സാപി വീക്ഷ്യതേ. 60

(വിലോക്യ)

കഥമനാദൃത്യ മദ്വചനം കളത്രാഭിമുഖം സ്ഥിതഃ. ഉപപദ്യതേ. പരിഭവാസ്പദം ദശാവിപൎയ്യയഃ. യാവദിതോഽഹമന്യമവകാശമവഗാഹിഷ്യേ. (പരിക്രമ്യാവലോക്യ ച) ഹന്ത! ദൃഷ്ടമുപലക്ഷണം തസ്യാ മാൎഗ്ഗസ്യ.

രക്തകദംബഃ സോഽയം പ്രിയയാ ഘൎമ്മാന്തശംസി യസ്യേദം
കുസുമമസമഗ്രകേസരവിഷമമപി കൃതം ശിഖാഭരണം. 61

എന്തു്? മിണ്ടാതിരിക്കുകയാണോ? അല്ലെങ്കിൽ ഇതു ശരിയായ പുഴ തന്നെയായിരിക്കും. ഉർവ്വശിയാവില്ല. അല്ലെങ്കിലെങ്ങനെ പുരൂരവസ്സിനെവിട്ടു സമുദ്രം തേടിപ്പോകും? മട്ടുപ്പുകൂടാതിരുന്നാലേ നന്മകൾ വന്നു ചേരുകയുള്ളു. ആവട്ടെ. ആ സുന്ദരി എന്റെ കണ്ണുകളിൽനിന്നു മറഞ്ഞ ദിക്കിലേക്കുതന്നെ പോയേക്കാം.

(ചുററിനടന്നു നോക്കീട്ടു്)

ഈ കിടക്കുന്ന മാനിനോടു ചോദിച്ചു പ്രിയതമയുടെ വർത്തമാനം അറിയുമോ എന്നു നോക്കട്ടെ.

പുതിയ പൂക്കളണിഞ്ഞുനില്ക്കുന്ന മരത്തിന്നരികിൽ മദിച്ച കുയിലിന്റെ കൂകൽകൊണ്ടു മനോഹരമായ നന്ദനോദ്യാനത്തിൽ തന്റെ പിടിയാനയുടെ വേർപാടു നിമിത്തം സങ്കടപ്പെട്ടു് ഐരാവതമെന്ന കൊമ്പനാനയിതാ ഉഴന്നുനടക്കുന്നു. 56

(ഗളിതകം. കാൽമുട്ടുകളിൽ നിന്നു്)

കറുപ്പും ശബലവർണ്ണവും ചേർന്ന ഈ മാനിനെക്കണ്ടാൽ വനശോഭ നോക്കിക്കാണുവാൻവേണ്ടി വനലക്ഷ്മി അയച്ച കടാക്ഷമാണെന്നു തോന്നും. 57

(നോക്കീട്ടു്)

അടുത്തേക്കു വരുമ്പോൾ മുലകുടിക്കുന്ന കുട്ടി തടഞ്ഞ മാൻപേടയെത്തന്നെ ഈ മാൻ കണ്ണെടുക്കാതെ നോക്കുന്നു. 58

(നൃത്തംചെയ്തു ചർച്ചരി)

ജഘനഭാരത്താൽ മന്ദഗതിയായി തടിച്ചുയർന്ന കനത്ത കൊങ്കകളേന്തി സ്ഥിരയൗവനമിയന്ന ദേഹം മെലിഞ്ഞു് അന്നനട പൂണ്ടു മാൻകണ്ണാളായ ഒരു ദേവസുന്ദരിയെ, ആകാശംപോലുള്ള കാട്ടിൽ അലഞ്ഞു നടക്കുമ്പോൾ നീ കാണുകയുണ്ടായോ? അങ്ങനെ കണ്ടുവെങ്കിൽ (പറഞ്ഞുതന്നു്) വിരഹസമുദ്രത്തിൽനിന്നു എന്നെ കരയ്ക്കു കയററിയാലും. 59

(അടുത്തുചെന്നു കൈക്കൂപ്പീട്ടു്)

അല്ലയോ മാൻപേടയുടെ പ്രിയതമ, എന്റെ പ്രിയതമയെ അങ്ങു കാട്ടിലെങ്ങാനും കണ്ടുവോ? അവളുടെ ലക്ഷണം ഞാൻ പറഞ്ഞുതരാം. കേട്ടോളൂ. അങ്ങയുടെ കൂട്ടുകാരിയെപ്പോലെത്തന്നെ നീണ്ട കണ്ണുകൾ അവൾക്കുണ്ടു്. കണ്ടാൽ അവളെപ്പോലെ സുന്ദരിയുമാണു്. 60

(നോക്കീട്ടു്)

എന്തു്! എന്റെ ചോദ്യം വകവെക്കാതെ ഭാര്യയുടെ നേരെ തിരിഞ്ഞുനിന്നുവോ? യുക്തംതന്നെ. ഭാഗ്യംകെട്ടവരെ ആരും അനാദരിക്കുകയേ ഉള്ളു. മറെറാരുസ്ഥലത്തു പോയി നോക്കട്ടെ.

(ചുററിനടന്നു നോക്കീട്ടു്)

സന്തോഷം! അവൾ പോയ വഴിയുടെ ലക്ഷണം കണ്ടെത്തി.

ആ ചെങ്കടമ്പാണിതു്; വേനല്ക്കാലം തീർന്നുവെന്നു കാണിക്കുന്ന ഇതിന്റെ പൂവാണല്ലോ, അല്ലികൾ തികച്ചും നിവർന്നിട്ടില്ലെങ്കിലും, പ്രിയതമ മുടിയിൽ ചൂടിയതു്. 61

(പരിക്രമ്യാവലോക്യ ച) കിം നു ഖല്വേതച്ഛിലാഭേദാന്തരഗതം നിതാന്തരക്തമവലോക്യതേ?

പ്രഭാലേപീ നായം ഹരിഹതഗജസ്യാമിഷലവഃ
സ്ഫുലിംഗോ വാ നാഗ്നേർഗഹനമഭിവൃഷ്ടം യത ഇദം.

(വിഭാവ്യ)

അയേ! രക്താശോകപ്രസവസമരാഗോ മണിരയം
യമുദ്ധർത്തും പൂഷാ വ്യവസിത ഇവാലംബിതകരഃ. 62

ഭവതു. ആദാസ്യേ താവൽ.

(ഇതി ഗ്രഹണം നാടയതി)

പണയിണിബദ്ധാസാഅഓ
വാഹാഉലണിഅണഅണഓ
ഗഅവഇ ഗഹണേ ദൂഹിഅഓ
ഭമഇ ക്ഖാമിഅവഅണഓ. 63

[പ്രണയിനീബദ്ധാശാകോ
ബാഷ്പാകുലനിജനയനഃ
ഗജപതിർഗഹനേ ദുഃഖിതോ
ഭ്രമതി ക്ഷാമവദനഃ]

(ദ്വിപദികയോപസൃത്യ ഗൃഹീത്വാ)

മന്ദാരപുഷ്പൈരധിവാസിതായാം
യസ്യാഃ ശിഖായാമയമർപ്പണീയഃ
സൈവ പ്രിയാ സമ്പ്രതി ദുർല്ലഭാ മേ
നൈവൈനമസ്രോപഹതം കരോമി. 64

(ഇത്യുത്സൃജതി)

(നേപത്ഥ്യേ) വത്സ, ഗൃഹ്യതാം ഗൃഹ്യതാം.

സംഗമനീയോ മണിരിഹ
ശൈലസുതാ ചരണരാഗയോനിരയം
ആവഹതി ധാര്യ്യമാണഃ
സംഗമമചിരാൽ പ്രിയജനേന. 65

രാജാ— (കർണ്ണം ദത്വാ) കോ നു ഖലു മാമേവമനുശാസ്തി? (ദിശോഽവലോക്യ) അയേ! അനുകമ്പതേ മാം കശ്ചിന്മൃഗചാരീ മുനിർഭഗവാൻ. ഭഗവൻ! അനുഗൃഹീതോസ്മ്യ ഹമുപദേശാൽ ഭവതഃ. (മണിമാദായ) ഹംഹോ സംഗമനീയ!

തയാ വിയുക്തസ്യ വിലഗ്നമധ്യയാ
ഭവിഷ്യസി ത്വം യദി സംഗമായ മേ
തതഃ കരിഷ്യാമി ഭവന്തമാത്മനഃ
ശിഖാമണിം ബാലമിവേന്ദുമീശ്വരഃ. 66

(ചുററിനടന്നു നോക്കീട്ടു്)

ഈ പാറപ്പിളർപ്പിന്നിടയിൽ ഏററവും തുടുത്തു കാണുന്ന ഇതു എന്തായിരിക്കും?

മിന്നലുള്ള ഇതു്, സിഹംകൊന്ന ആനയുടെ ചോരത്തുള്ളിയാവില്ല. തീപ്പൊരിയാണോ? അല്ല. ഈ കാട്ടിൽ മഴ പെയ്തിട്ടുണ്ടല്ലോ (ശ്രദ്ധിച്ചു നോക്കീട്ടു്) ഓഹോ. രക്താശോകത്തിന്റെ മൊട്ടുപോലെ തുടുപ്പുള്ള ഇതു രത്നമാണു്. ഇതു പെറുക്കിയെടുക്കാനാണെന്നു തോന്നുന്നു, സൂര്യൻ കരം നീട്ടിട്ടുള്ളതു്. 62

ആവട്ടെ. എടുത്തേക്കാം.

(എടുക്കുന്നതായി നടിക്കുന്നു)

പ്രിയതമയിൽ ആശ പൂണ്ടു് കണ്ണീർ നിറഞ്ഞു കണ്ണുകൾ കലങ്ങി കവിളൊട്ടി ദുഃഖിതനായ ഒരു ഗജപതി കാട്ടിൽ അലഞ്ഞു നടക്കുന്നു. 63

(ദ്വിപദികകൊണ്ടടുത്തുചെന്നു വിചാരം)

മന്ദാരപുഷ്പങ്ങളാൽ മണമാർന്ന ആരുടെ വാർകുന്തലിലാണോ ഇതു ചാർത്തേണ്ടതു് ആ പ്രിയതമ ഇപ്പോൾ എനിക്കു ദുർല്ലഭയാണല്ലോ. ഞാൻ ഇതിനെ കണ്ണീർകൊണ്ടു ദുഷിപ്പിക്കുന്നില്ല. 64

(അണിയറയിൽ ഉപേക്ഷിക്കുന്നു)

ഉണ്ണീ! എടുത്തോളൂ എടുത്തോളൂ.

ഇതു സംഗമനീയരത്നമാണു്. പാർവ്വതിയുടെ കാലിന്മേൽ പുരട്ടിയ ചെമ്പഞ്ഞിച്ചാറിൽനിന്നുണ്ടായതാണു്. ഇതു ധരിച്ചാൽ അധികം താമസം കൂടാതെ പ്രിയജനവുമായി ചേരുന്നതാണു്. 65

രാജാവു്— (ചെവി കൊടുത്തിട്ടു്) ആരാണു് എന്നോടിങ്ങനെ ഉപദേശിക്കുന്നതു്? (നാലുപുറവും നോക്കീട്ടു്) ഏ! മൃഗത്തിൽ സഞ്ചരിക്കുന്ന ഒരു മഹർഷി എന്റെ നേരെ ദയ കാണിക്കയാണോ? ഭഗവാനേ! അവിടുത്തെ ഈ ഉപദേശംകൊണ്ടു ഞാൻ അനുഗ്രഹീതനായി.

(രത്നമെടുത്തു്)

അല്ലയോ സംഗമനീയരത്നമേ!

ആ കൃശഗാത്രിയോടു വേർപെട്ട എനിക്കു അവളോടു ചേരുവാൻ നീ കാരണമാകുന്നപക്ഷം മഹേശ്വരൻ ബാലചന്ദ്രനെയെന്നപോലെ നിന്നെ ഞാൻ എന്റെ മുടിയിൽ ചൂടുന്നതാണു്. 66

(പരിക്രമ്യാവലോക്യ ച) അയേ! കിം നു ഖലു കുസുമരഹിതാമപി ലതാമിമാം പശ്യതാ മയാ രതിരുപലഭ്യതേ? അഥവാ, സ്ഥാനേ മമ മനോ രമതേ. ഇയം ഹി–

തന്വീ മേഘജലാർദ്രപല്ലവതയാ ധൌതാധരേവാശ്രുഭിഃ
ശൂന്യേവാഭരണൈഃ സ്വകാലവിരഹാദ്വിശ്രാന്തപുഷ്പോൽഗമാ
ചിന്താമൌനമിവാസ്ഥിതാ മധുലിഹാം ശബ്ദൈർവിനാ ലക്ഷ്യതേ
ചണ്ഡീ മാമവധൂയ പാദപതിതം ജാതാനുതാപേവ സാ. 67

യാവദസ്യാം പ്രിയാനുകാരിണ്യാം ലതായാം പരിഷ്വംഗപ്രണയീ ഭവാമി.

ലഏ! പേക്ഖ വിണു ഹിഅഏണ ഭമാമി
ജഇ വിഹിജോഏണ പുണി തഹി പാവിമി
താ രണ്ണേ വിണു കരിമി ണിഭന്തീ
പുണ ണഇ മേല്ലഇ താഹ കഅന്തീ. 68

[ലതേ! പ്രേക്ഷസ്വ വിനാ ഹൃദയേന ഭ്രമാമി
യദി വിധിയോഗേന പുനസ്താം പ്രാപ്നോമി
തദാരണ്യേന വിനാ കരോമി നിർഭ്രാന്തിം
പുനർന പ്രവേശയാമി താം കൃതാന്താം.]

(ഇതി ഉപസൃത്യ ലതാം ആലിംഗതി. തതഃ പ്രവിശതി തൽസ്ഥാന ഏവ ഉർവ്വശീ)

രാജാ— (നിമീലിതാക്ഷഃ സ്പർശം രൂപയിത്വാ) അയേ! ഉർവ്വശീഗാത്രസംസ്പർശാദിവ നിർവൃതം മേ ശരീരം. തഥാപി നാസ്തി വിശ്വാസഃ. കുതഃ—

സമർത്ഥയേ യൽപ്രഥമം പ്രിയാം പ്രതി
ക്ഷണേന തന്മേ പരിവർത്തതേഽന്യഥാ
അതോ വിനിദ്രേ സഹസാ വീലോചനേ
കരോമി ന സ്പർശവിഭാവിതപ്രിയഃ. 69

(ശനൈരുന്മീല്യ ചക്ഷുഷീ) കഥം സത്യമേവ പ്രിയതമാ? (ഇതി മൂർച്ഛിതഃ. പതതി)

ഉർവ്വശീ— (ബാഷ്പം വിസൃജ്യ) സമസ്സസദു സമസ്സസദു മഹാരാഓ.
[സമാശ്വസിതു സമാശ്വസിതു മഹാരാജഃ]

രാജാ— (സംജ്ഞാം ലബ്ധ്വാ) പ്രിയേ! അദ്യ ജീവിതം.

ത്വദ്വിയോഗോത്ഭവേ ചണ്ഡി! മയാ തമസി മജ്ജതാ
ദിഷ്ട്യാ പ്രത്യുപലബ്ധാസി, ചേതനേവ ഗതാസുനാ. 70

(ചുററിനടന്നു നോക്കീട്ടു്)

പൂവില്ലെങ്കിലും ഈ ലത കാണുമ്പോൾ എന്താണെനിക്കു അനുരാഗം തോന്നുന്നതു്? അല്ലെങ്കിൽ ഉചിതസ്ഥാനത്തുതന്നെയാണു് എന്റെ മനസ്സിനു രതി തോന്നുന്നതു്. ഇതു്—

നന്നെ ചടച്ചിരിക്കുന്നു, മഴകൊണ്ടു തളിർ നനഞ്ഞിട്ടുള്ളതുകൊണ്ടു കണ്ണീർവീണു ചുണ്ടു നനഞ്ഞതുപോലിരിക്കുന്നു. കാലം കഴിഞ്ഞു പൂക്കളുണ്ടാകാതായിട്ടുള്ളതിനാൽ ആഭരണമില്ലാത്തതുപോലായിട്ടുണ്ടു്. വണ്ടുകളുടെ ശബ്ദമില്ലാത്തതു നിമിത്തം ചിന്തയിൽ മുഴുകി മിണ്ടാതിരിക്കുകയാണെന്നു തോന്നും. ശുണ്ഠിക്കാരിക്കു, കാൽക്കൽ വീണ എന്നെ തിരസ്കരിച്ചു പോയതിനുശേഷം പശ്ചാത്താപം ജനിച്ചതായി തോന്നിപ്പോകുന്നു. 67

പ്രിയതമയെപ്പോലുള്ള ഈ ലതയെ ആലിംഗനം ചെയ്യുവാൻ തോന്നിപ്പോകുന്നു.

അല്ലയോ ലതേ! നിന്നെക്കാണുമ്പോൾ ഞാൻ മനസ്സിൽ വിചാരിക്കുകയാണു്. ദൈവാനുകൂല്യത്താൽ വീണ്ടും അവളെ പ്രാപിച്ചെങ്കിൽ! പിന്നെ ഞാൻ അവളെ കാട്ടിലേക്കു കൊണ്ടുവരുകയില്ല. ഇനി അവിടെ ഞാൻ അവളെ വിട്ടുപോവുകയില്ല. 68

(അടുത്തുചെന്നു് ലതയെ ആലിംഗനം ചെയ്യുന്ന ആ സ്ഥാനത്തു് ഉൎവ്വശി പ്രവേശിക്കുന്നു)

രാജാവു്— [കണ്ണടച്ചു സ്പർശം നടിച്ചിട്ടു്] ഹ ഹ! ഉൎവ്വശിയുടെ ശരീരം തൊടുന്നതുപോലെ എന്റെ ശരീരത്തിനു സുഖം തോന്നുന്നു. എന്നാലും എനിക്കു വിശ്വാസം തോന്നുന്നില്ല. കാരണം—

ഞാൻ എന്തിനെയെങ്കിലും പ്രിയതമയാണെന്നു ആദ്യം വിചാരിച്ചാൽ ഉടനെ അതു മറെറാന്നായി മാറുന്നു. അതുകൊണ്ടു സ്പർശനത്താൽ പ്രിയയുടെ അനുഭൂതി ഉണ്ടായിട്ടുള്ള ഞാൻ പെട്ടെന്നു കണ്ണു മിഴിക്കാൻ വിചാരിക്കുന്നില്ല. 69

(മെല്ലെ കണ്ണുകൾ മിഴിച്ചിട്ടു്) എന്തു്! സത്യമായിട്ടും ഉൎവ്വശിതന്നെയോ!

(ബോധംകെട്ടു വീഴുന്നു)

ഉൎവ്വശി—(കണ്ണീർ വാൎത്തുകൊണ്ടു്) മഹാരാജാവു സമാശ്വസിക്കു സമാശ്വസിക്കു.

രാജാവു്— (ബോധം തെളിഞ്ഞിട്ടു്) പ്രിയേ! ഇന്നു ഞാൻ ജീവിച്ചു.

അല്ലയോ കോപശീലേ! നിന്റെ വേർപാടിലുണ്ടായ കൂരിരുട്ടിൽ ആണ്ടുപോയ എനിക്കു നിന്നെ തിരിച്ചുകിട്ടിയതു മരിച്ച ആൾക്കു ജീവനെ തിരിച്ചുകിട്ടിയതുപോലെയാണു്. എന്റെ ഭാഗ്യം തന്നെ. 70

ഉവ്വശീ— മരിസദു മരിസദു മഹാരാഓ. ജം മഏ കോവവസം ഗദാഏ ഏദം അവത്ഥന്തരം പാപിദോ മഹാരാഓ. [മഷ്യതു മഷ്യതു മഹാരാജോ, യന്മയാ കോപ വശം ഗതയാ ഏതദവസ്ഥാന്തരം പ്രാപിതോ മഹാരാജഃ]

രാജാ— കല്ല്യാണി! നാഹം പ്രസാദനീയസ്ത്യയാ. തവദർശനാദേവ പ്രസന്നബാഹ്യാന്തഃകരണോഽന്തരാത്മാ. തൽകഥയ, കഥമിയന്തം കാലമവസ്ഥിതാ മയാ വിനാ ഭവതീ?

(അനന്തരേ ചർച്ചരീ)

മോരാ പരഹുഅ ഹംസ രഹംഗാ
അളിഗഅ പവ്വഅ സരിഅ കുരംഗാ
തുജ്ഝഹ കാരണേ രണ്ണ ഭമന്തേ
കോ ണ ഹു പുച്ഛിഅ മഇം രോഅന്തേ. 71
[മയൂരഃ പരഭൃതോ ഹംസോ രഥാംഗഃ
അളിർഗജഃ പവ്വതഃ സരിൽകുരംഗഃ
തവ കാരണേനാരണ്യേ ഭ്രമതാ
കോ ന ഖലു പൃഷ്ടോ മയാ രുദതാ]

ഉവ്വശീ— എവ്വം. അന്തക്കരണപച്ചക്ഖീകിദവുത്തന്തോ മഹാരാഓ. [ഏവമന്തഃകരണപ്രത്യക്ഷീകൃതവൃത്താന്തോ മഹാരാജഃ]

രാജാ— പ്രിയേ! അന്തഃകരണമിതി, ന ഖലവഗച്ഛാമി.

ഉവ്വശീ— സുണാദു മഹാരാഓ. പുരാ ഭഅവദാ കുമാരേണ സാസദം കുമാരവ്വദം ഗേണ്ഹിഅ അകലുസോ ണാമ ഗന്ധമാദണകച്ഛോ അജ്ഝാസിദോ. കിദോ അ ഏസ വിഹീ. [ശൃണോതു മഹാരാജഃ. പുരാ ഭഗവതാ കുമാരേണ ശാശ്വതം കുമാരവ്രതം ഗൃഹീത്വാകലുഷോ നാമ ഗന്ധമാദനകച്ഛോഽധ്യാസീതഃ. കൃതശ്ചൈഷ വിധിഃ]

രജാ— ക ഇവ?

ഉവ്വശീ— ജാ കില ഇത്ഥിആ ഇമം പദേസം പവിസദി, സാ ലദാഭാവേണ പരിണമിസ്സദി ത്തി. കിദോ അ അഅം സാവാന്തോ, ഗോരീചരണരാഅസംഭവം മണിം വിണാ തദോ ണ മുച്ചിസ്സദിത്തി, തദോ അഹം ഗുരുസാവസംമൂഢഹിഅആ ദേവദാസമഅം വിസുമരിഅ അഗഹിദാണുണആ ഇത്ഥിആജണപരിഹരണീയം കുമാരവണം പവിട്ഠാ. പവേസാണന്തരം എവ്വ അ കാണണോവന്തവത്തിവാസംതീലദാഭാഏണ പരിണദം മേ രൂവം. [യാ കില സ്ത്രീ ഇമം പ്രദേശം പ്രവിശതി, സാ ലതാഭാവേന പരിണംസ്യതീതി. കൃതശ്ചായം ശാപാന്തഃ, ഗൌരിചരണരാഗസംഭവംമണിം വിനാ തതോ ന മോക്ഷ്യത ഇതി. തതോഽഹം ഗുരുശാപസംമൂഢഹൃദയാ സ്ത്രീജനപരിഹരണീയം കുമാരവനം പ്രവിഷ്ടാ. പ്രവേശനന്തരമേവ ച കാനനോപാന്തവർത്തിവാസന്തീലതാഭാവേന പരിണതം മേ രൂപം]

ഉർവ്വശി— ക്ഷമിക്കണേ, മഹാരാജാവു ക്ഷമിക്കണേ. ഞാൻ കോപത്തിന്നടിമപ്പെട്ടതുകൊണ്ടാണല്ലോ മഹാരാജാവിന്നു് ഈ അവസ്ഥ വന്നുചേർന്നതു്.

രാജാവു്— കല്യാണി! നീ എന്നെ സമാധാനിപ്പിക്കേണ്ടതില്ല. നിന്നെ കണ്ടതുകൊണ്ടുതന്നെ എൻെറ ആത്മാവിന്നു് അകത്തും പുറത്തും തെളിവു വന്നിരിക്കുന്നു. പറയൂ, നീ ഇത്രയുംകാലം എന്നോടുകൂടാതെ എങ്ങനെ കഴിച്ചുകൂട്ടി?

(തുടർന്നു ചർച്ചരി)

മയിൽ, കുയിൽ, അരയന്നം, ചക്രവാകം, വണ്ടു്, ആന, പർവ്വതം, പുഴ, മാൻ ഇങ്ങനെ ആരോടൊക്കെ നിന്നെക്കാണാതെ കരഞ്ഞുകൊണ്ടു കാട്ടിൽ ചുററിത്തിരിയുന്ന ഞാൻ ചോദിച്ചില്ല? 71

ഉർവ്വശി-- ശരിയാണു്. മഹാരാജാവിൻെറ വർത്തമാനമെല്ലാം ഞാൻ ഉൾക്കണ്ണുകൊണ്ടു നേരിട്ടുകണ്ടിരിക്കുന്നു.

രാജാവു്-- പ്രിയേ! ഉൾക്കണ്ണെന്നോ. മനസ്സിലാവുന്നില്ലല്ലോ.

ഉർവ്വശി— മഹാരാജാവു കേൾക്കണം. പണ്ടു ഭഗവാൻ സുബ്രഹ്മണ്യൻ എന്നെന്നേക്കുമായി കുമാരവ്രതമെടുത്തു ഈ അകലുഷമെന്ന ഗന്ധമാദനപ്രദേശത്തു വന്നു താമസിക്കയുണ്ടായി. ഒരു വ്യവസ്ഥയുംചെയ്തു.

രാജാവു്— എന്താണതു്?

ഉർവ്വശി— 'ഏതു സ്ത്രീയായാലും ഈ പ്രദേശത്തു വന്നാൽ ലതയായിത്തീരും. പാർവ്വതിയുടെ കാലിനുമേലണിയുന്ന ചെമ്പഞ്ഞിച്ചാറിൽ നിന്നുണ്ടായ രത്നമൊഴികെ ഒന്നുകൊണ്ടും ആ ലതയുടെ നില വിട്ടുമാറില്ല'. എന്നിട്ടും ഞാൻ ഗുരുവിൻെറ ശാപത്താൽ വിവേകം നശിച്ചു ദേവതമാക്കുള്ള വ്യവസ്ഥ മറന്നു സ്ത്രീകൾക്കു വരാൻ പാടില്ലാത്ത കുമാരവനത്തിൽ പ്രവേശിച്ചു. പ്രവേശിച്ചു ഉടനെ കാട്ടിൻെറ അടുക്കൽ നില്ക്കുന്ന ഒരു ലതയായി പരിണമിക്കയുംചെയ്തു എൻെറ രൂപം.

രാജാ— പ്രിയേ സർവ്വമുപപന്നം.

ശ്രമഖേദസുപ്തമപി മാം ശയനേ യാ മന്യസേ പ്രവാസഗതം
സാ ത്വം പ്രിയേ! സഹേഥാഃ കഥം മദീയം ചിരവിയോഗം. 72

ഇദം തദ്വ്യഥാകഥിതം സംഗമനിമിത്തം പുനരുപലബ്ധപ്രഭാവമാസാദിതമസ്മാഭിഃ. (ഇതി മണിം ദർശയതി)

ഉർവ്വശീ— അമ്മഹേ! സംഗമണീഓ അഅം മണീ? അദോ ക്ഖു മഹാരാഏണ ആലിംഗിദമേത്ത ജ്ജേവ്വ പകിദിത്ഥംഹി സംവുത്താ. [അഹോ! സംഗമനീയോഽയം മണീഃ? അതഃ ഖലു മഹാരാജേനാലിംഗിതമാത്രൈവ പ്രകൃതിസ്ഥാസ്മി സംവൃത്താ]

രാജാ— (ലലാടേ മണിം നിവേശ്യ)

സ്ഫുരതാ വിച്ഛുരിതമിദം രാഗേണ മണേർലലാടനിഹിതസ്യ
ശ്രിയമുദ്വഹതി മുഖം തേ ബാലാത പരക്തകമലസ്യ. 73

ഉർവ്വശീ— പിഅംവദ! മഹന്തോ ക്ഖു കാലോ തുഏ പഇട്ഠാണാദോ ണിഗ്ഗദസ്സ. കദാഇ അസൂഇസ്സന്തി മം പകിദിഓ. താ ഏഹി ണിവുത്തംഹ. [പ്രിയംവദ! മഹാൻ ഖലു കാലസ്തവ പ്രതിഷ്ഠാനാന്നിർഗ്ഗതസ്യ. കദാചിദസൂയിഷ്യന്തി പ്രകൃതയഃ. തദേഹി നിവർത്താവഹൈ]

രാജാ— യദാഹ ഭവതീ.

(ഇതി ഉത്തിഷ്ഠതഃ)

ഉർവ്വശീ— അധ കധം മഹാരാഓ ഗന്തും ഇച്ഛദി. [അഥ കഥം മഹാരാജോ ഗന്തുമിച്ഛതി?]

രാജാ—

അചിരപ്രഭാവിലസിതൈഃ പതാകിനാ
സുരകാർമുകാഭിനവചിത്രശോഭിനാ
ഗമിതേന ഖേലഗമനേ വിമാനതാം
നയ മാം നവേന വസതിം പയോമുചാ. 74

(ചർച്ചരീ)

പാവിഅസഹഅരിസംഗമഓ പുലഅപസാഹിഅഅംഗഅഓ
സേച്ഛാപത്തവിമാണഓ വിഹരഇ ഹംസജ്ജുആണഓ. 75
[പ്രാപ്തസഹചരീസംഗമഃ പുലകപ്രസാധിതാംഗഃ
സ്വേച്ഛാപ്രാപ്തവിമാനോ വിഹരതി ഹംസയുവാ]

(ഇതി ഖണ്ഡധാരയാ നിഷ്ക്രാന്തൗ)

ഇതി ചതുർത്ഥാങ്കം

രാജാവ്— പ്രിയേ! ഇതെല്ലാം യുക്തംതന്നെ.

രമിച്ചു തളർന്നു ഞാൻ മെത്തയിൽക്കിടന്നു ഉറങ്ങിയാൽപ്പോലും നീയെന്നെ നാടു വിട്ടുപോയതായി വിചാരിക്കുന്നു. അങ്ങിനെയുള്ള നീ ഇവിടെ ഈ വിധത്തിൽ വളരെ നാൾ അനുഭവിക്കേണ്ടിവന്ന വിരഹം എങ്ങനെ സഹിക്കും? 72

പറഞ്ഞതുപോലെ നമ്മുടെ സംഗമത്തിനും നിമിത്തമായ ഈ രത്‌നം പിന്നെ എനിക്കു കിട്ടുകയും ചെയ്തു. അതിന്റെ ശക്‌തി അനുഭവപ്പെടുകയുംചെയ്തു.

(രത്‌നം കാണിച്ചുകൊടുക്കുന്നു)

ഉർവ്വശി— എന്ത്? സംഗമനീയമാണോ ഈ രത്നം? അതുകൊണ്ടുതന്നെയാണ് മഹാരാജാവു ആലിംഗനംചെയ്തപ്പോൾ ഞാൻ മുമ്പത്തെപ്പോലെയായത്.

രാജാവ്— (നെററിത്തടത്തിൽ രത്നം വെച്ചിട്ട്) നെററിയിൽവെച്ച രത്നത്തിൽനിന്നു പുറപ്പെടുന്ന ചുവപ്പു നിറം പരന്ന ഈ മുഖം, ഇളംവെയിൽ തട്ടിച്ചുവന്ന ചെന്താമരപ്പൂവിന്റെ ശോഭയെ വഹിക്കുന്നു. 73

ഉർവ്വശി— പ്രിയം പറയുന്ന മഹാരാജാവേ! വളരെക്കാലമായി നാം പ്രതിഷ്ഠാന നഗരത്തിൽനിന്നു പോന്നിട്ട്. ഒരുപക്ഷെ മന്ത്രിമാരും മററും എന്റെ നേരെ കോപിച്ചിരിക്കും. അതുകൊണ്ടു നമുക്കു തിരിച്ചു പോവുക.

രാജാവ്— ഭവതി പറയുന്നതുപോലെ.

(രണ്ടുപേരും എഴുന്നേല്ക്കുന്നു)

ഉർവ്വശി— എന്നാൽ മഹാരാജാവ് എങ്ങനെയാണ് പോവാൻ വിചാരിക്കുന്നത്?

രാജാവ്— മിന്നൽക്കൊടിക്കുറ പാറുന്നതും മഴവില്ലാകുന്ന ചിത്രപ്പണികളുള്ളതുമായ ഈ പുതിയ കാറിനെ വിമാനമാക്കീട്ട്, അല്ലയോ സവിലാസഗമനേ! നീ എന്നെ വാസസ്ഥലത്തേക്കു കൊണ്ടുപോയാലും. 74

(ചർച്ചരി)

കൂട്ടുകാരിയോടു ചേർന്നു മെയ്യിലാകെ കോൾമയിൽകൊണ്ട അരയന്ന യുവാവു തന്റെ ഇച്ഛയ്ക്കൊത്തു വന്നുചേർന്ന വിമാനത്തിൽ വിഹരിക്കുന്നു. 75

(ഖണ്ഡധാരകൊണ്ടു രണ്ടുപേരും പോയി)

നാലാമങ്കം കഴിഞ്ഞു

പഞ്ചമോഽങ്കഃ

പ്രവേശകഃ

(തതഃ പ്രവിശതി ഹൃഷ്ടോ വിദൂഷകഃ)

വിദൂഷകഃ— ഹീ ഹീ ഭോ, ദിട്ഠിആ ചിരസ്സ കാലസ്സ ഉവ്വസീസഹാഓ ണന്ദണവണപ്പമുഹേസു പദേസേസു വിഹരിഅ പഡിണിവുത്തോ പിഅവഅസ്സോ. ദാണിം സകജ്ജാണുസാസണേണ പകിദിമണ്ഡലം അണുരജ്ജന്തോ രജ്ജം കരേദി. അസന്താണത്തണം വജ്ജിഅ സേ ണ കിംപി സോഅണീഅം. അജ്ജ തിഹിവിസേസോ ത്തി ഭഅവദീണം ഗംഗാജഉണാണം സംഗമേ ദേവീഹിം സഹ കിദാഹിസേഓ സപദം ഉവആരിഅം പവിട്ഠോ. താ ജാവ തത്തഭവദോ അലംകരിഅമാണസ്സ അണുലേവണമല്ലേ അഗ്ഗഭാഗീ ഹോമി. [ഹീ ഹീ ഭോഃ, ദിഷ്ട്യാ ചിരസ്യ കാലസ്യോർവ്വശീസഹായോ നന്ദനവനപ്രമുഖേഷു പ്രദേശേഷു വിഹൃത്യ പ്രതിനിവൃത്തഃ പ്രിയവയസ്യഃ. ഇദാനീം സ്വകാര്യ്യാനുശാസനേന പ്രകൃതിമണ്ഡലമനുരഞ്ജയൻ രാജ്യം കരോതി. അസന്താനത്വം വർജ്ജയിത്വാസ്യ ന കിമപി ശോചനീയം. അദ്യ തിഥിവിശേഷ ഇതി ഭഗവത്യോർഗംഗായമുനയോഃ സംഗമേ ദേവീഭിഃ സഹ കൃതാഭിഷേകഃ സാമ്പ്രതമുപകാര്യ്യാം പ്രവിഷ്ടഃ. തദ്യാവത്തത്രഭവതോഽലംക്രിയമാണസ്യാനുലേപനമാല്യേഽഗ്രഭാഗീ ഭവാമി] (ഇതി പരിക്രാമതി)

(നേപഥ്യേ)

ഹദ്ധി ഹദ്ധി! ദുഊലുത്തരച്ഛദേ താലവേണ്ടപിഹാണേ ണിക്ഖിവിഅ ണീഅമാണോ മഏ ഭട്ടിണോ അച്ഛരാവിലാസിണോ മോലിരഅണജോഗ്ഗോ മണി ആമിസസംകിണാ ഗിദ്ധേണ അക്ഖിത്തോ, ഹാധിൿ ഹാധിൿ! ദുകൂലോത്തരച്ഛദേ താലവൃന്തപിധാനേ നിക്ഷിപ്യ നീയമാനോ മയാ ഭർത്തുരപ്സരോവിലാസിനോ മൌലിരത്നയോഗ്യോ മണിരാമിഷശങ്കിനാ ഗൃധ്രേണാക്ഷിപ്തഃ]

വിദൂഷകഃ— കർണ്ണം ദത്വാ) അച്ചാഹിദം അച്ചാഹിദം. പരമബഹുമദോ ക്ഖു സോ വഅസ്സസ്സ സംഗമണീഓ ണാമ ചൂഡാമണീ. അദോ ക്ഖു അസമത്തണേവച്ഛോ എവ്വ തത്തഭവം ആസണാദോ ഉട്ഠിഅ ഇദോ ആഅച്ഛദി. ജാവ ണം ഉവസപ്പാമി. [അത്യാഹിതമത്യാഹിതം! പരമബഹുമതഃ ഖലു സ വയസ്യസ്യ സംഗമനീയോ നാമ ചൂഡാമണിഃ. അതഃ ഖല്വസമാപ്തനേപഥ്യ ഏവ തത്രഭവാനാസനാദുത്ഥായേത ആഗച്ഛതി. യാവദേനമുപസപ്പാമി]

(ഇതി നിഷ്ക്രാന്തഃ)

ഇതി പ്രവേശകഃ

അഞ്ചാമങ്കം

പ്രവേശകം

(അനന്തരം സന്തുഷ്ടനായ വിദൂഷകൻ പ്രവേശിക്കുന്നു)

വിദൂഷകൻ— ഹ ഹ ഹ ഹ! ഭാഗ്യംതന്നെ. വളരെക്കാലത്തിനുശേഷം ഉർവ്വശിയോടുകൂടി നന്ദനോദ്യാനാദികളിൽ വിഹരിച്ചു പ്രിയവയസ്യൻ മടങ്ങിവന്നിരിക്കുന്നു. ഇനി സ്വന്തംകാര്യങ്ങളെല്ലാം നോക്കി പ്രജകളെ പ്രീതിപ്പെടുത്തിക്കൊണ്ടു രാജ്യഭാരം ചെയ്തുകൊള്ളും. സന്താനമില്ലെന്നതൊഴികെ മറ്റു യാതൊരു കുറവും ഇദ്ദേഹത്തിന്നില്ല. ഇന്നു വിശേഷദിവസമാണെന്നു കരുതി ദേവിമാരോടുകൂടി ഗംഗായമുനാസംഗമസ്ഥലത്തു സ്നാനംചെയ്തു ഇപ്പോൾ കൊട്ടാരത്തിലെത്തിയിരിക്കയാണ്. അലങ്കാരങ്ങളണിഞ്ഞുകൊണ്ടിരിക്കുന്ന അദ്ദേഹത്തിന്റെ കുറിക്കൂട്ടിലും മാലയിലും ഒന്നാംപങ്കുകാരനായേക്കാം.

(ചുറ്റിനടക്കുന്നു)

(അണിയറയിൽ)

അയ്യോ! കഷ്ടം കഷ്ടം! ദേവാംഗനയുമായി വിനോദിക്കുന്ന മഹാരാജാവിനു മുടിയിലണിയുവാനുള്ള രത്നം പട്ടിൽപൊതിഞ്ഞു വിശറി കൊണ്ടു മറച്ചുപിടിച്ചുകൊണ്ടു പോവുമ്പോൾ മാംസമാണെന്നു ശങ്കിച്ചു ഒരു കഴുകൻ കൊത്തിക്കൊണ്ടുപോയല്ലോ.

വിദൂഷകൻ— (ചെവികൊടുത്തു്) വലിയ ആപത്തായല്ലോ തോഴർക്കു ഏറ്റവും ഇഷ്ടപ്പെട്ട സംഗമനീയമെന്ന ചൂഡാരത്നമാണതു്. അതുകൊണ്ടു തന്നെയാണ് അലങ്കരിക്കൽ മുഴുവനാക്കാതെ അദ്ദേഹം പീഠത്തിൽ നിന്നു എഴുന്നേറ്റ് ഇങ്ങോട്ടു വരുന്നതു്, അദ്ദേഹത്തിന്റെ അടുത്തേക്കു ചെന്നേക്കാം.

(പോയി)

പ്രവേശകം കഴിഞ്ഞു

(തതഃ പ്രവിശതി രാജാ സൂതശ്ച, കഞ്ചുകിരേപകൌ പരിജനശ്ച)

രാജാ— രേചക! രേചക!

ആത്മനോ വധമഹാർത്താ ക്വാസൌ വിഹഗതസ്കരഃ
യേന തൽപ്രഥമം സ്തേയം ഗോപ്ത്തുരേവ ഗൃഹേ കൃതം. 1

കിരാതഃ— ഏസോ ഏസോ ക്ഖു മുഹകോഡിലഗ്ഗഹേമസുത്തേണ മണിണാ ആലിഹന്തോ വിഅ ആആസം പഡിബ്ഭമദി. [ഏഷ ഏഷ ഖലു മുഖകോടിലഗ്നഹേമസൂത്രേണ മണിനാലിഖന്നിവാകാശം പരിഭ്രമതി]

രാജാ— പശ്യാമ്യേനം.

അസൌ മുഖാലംബിത ഹേമസൂത്രം
ബിഭ്രന്മണിം മണ്ഡലചാരശീഘ്രഃ
അലാതചക്രപ്രതിമം വിഹംഗ—
സ്തദ്രാഗലേഖാവലയം തനോതി. 2

കിം നു ഖല്വത്ര കർത്തവ്യം?

വിദൂഷകഃ— (ഉപേത്യ) ഭോ, അലം എത്ഥ ഘിണാഏ. അവരാഹി സാസണീഓ. [ഭോഃ. അലമത്ര ഘൃണയാ. അപരാധീ ശാസനീയഃ]

രാജാ— സമ്യഗാഹ ഭവാൻ. ധനുർധനുസ്താവൽ.

പരിജനഃ— ജം ഭട്ടാ ആണവേദി. [യൽ ഭർത്താ ആജ്ഞാപയതി] (നിഷ്ക്രാന്തഃ)

രാജാ— വയസ്യ! ന ദൃശ്യതേ സ വിഹഗാധമഃ. ക്വ നു ഖലു ഗതഃ?

വിദൂഷകഃ— ഭോ!. ഇതോ ദക്ഖിണന്തേണ അവഗദോ സോ സഉണിഹദാസോ. [ഭോഃ! ഇതോ ദക്ഷിണാന്തേനാപഗതഃ സ ശകുനിഹതാശഃ]

രാജാ— (പരിവൃത്യാവലോക്യ ച) ദൃഷ്ട ഇദാനീം.

പ്രഭാപല്ലവിതേനാസൌ കരോതി മണിനാ ഖഗഃ
അശോകസ്തബകേനേവ ദിങ്മുഖസ്യാവതംസകം. 3

യവനീ— (ചാപഹസ്താ പ്രവിശ്യ) ഭട്ടാ ഏദം ഹത്ഥാവാവസഹിദം സരാസണം. [ഭർത്തഃ! ഏതദ്ധസ്താവാപസഹിതം ശരാസിനം]

(അനന്തരം രാജാവും സാരഥിയും കഞ്ചുകിയും രേചകനും പരിജനങ്ങളും പ്രവേശിക്കുന്നു)

രാജാവു്— രേചക! രേചക!

സ്വന്തം വധം വിളിച്ചുവരുത്തുന്ന ആ കള്ളപ്പക്ഷി എവിടെപ്പോയി? അവൻ ആദ്യമായി കട്ടതു രാജാവിന്റെതന്നെ ഗൃഹത്തിൽനിന്നാണു്. 1

കിരാതൻ— ഇതാ കൊക്കിൽത്തൂങ്ങുന്ന പൊൻനൂലിന്മേലുള്ള രത്നം കൊണ്ടു ആകാശം ചുവപ്പിച്ചു ചുററിപ്പറക്കുന്നു.

രാജാവു്— ഞാനതു കാണുന്നുണ്ടു്.

അതാ പക്ഷി കൊക്കിൽത്തൂങ്ങുന്ന പൊൻനൂലിൽ രത്നം വഹിച്ചു കൊണ്ടു വേഗത്തിൽ വട്ടമിട്ടു പറന്നു തീച്ചക്രംപോലെ വട്ടത്തിൽ ചുവന്നൊരു രേഖയുണ്ടാക്കുന്നു. 2

എന്താണിവിടെ ചെയ്യേണ്ടതു്?

വിദൂഷകൻ— (അടുത്തു ചെന്നിട്ടു്) ഇവിടെ ദയ കാണിക്കേണ്ടതില്ല. തെററു ചെയ്തവനെ ശിക്ഷിക്കണം.

രാജാവു്— അങ്ങു പറയുന്നതു ശരിയാണു്. വില്ലു്, വില്ലു്.

പരിജനം— കല്പനപോലെ. (പോയി)

രാജാവു്— തോഴരേ! ആ ദുഷ്ടപ്പക്ഷിയെ കാണുന്നില്ലല്ലോ, എവിടെപ്പോയി?

വിദൂഷകൻ— ഏ! ഇതാ തെക്കോട്ടു പോയീ ആ ദുഷ്ടപ്പക്ഷി.

രാജാവു്— (തിരിഞ്ഞുനോക്കീട്ടു്) ഇപ്പോൾ കണ്ടു.

അതാ പക്ഷി, കാന്തിത്തളിരണിഞ്ഞ രത്നംകൊണ്ടു അശോകപ്പൂങ്കുല കൊണ്ടെന്നപോലെ ദിങ്‌മുഖത്തിനു കൎണ്ണഭൂഷണം ചേൎക്കുന്നു. 3

(വില്ലുമായി പ്രവേശിച്ചിട്ടു്)

യവനി— തമ്പുരാനേ! ഇതാ വില്ലും കയ്യുറയും.

രാജാ— കിമിദാനീം ശരാസനേന? ബാണപഥമതീതഃ സ ക്രവ്യഭോജനഃ. തഥാഹി-

ആഭാതി മണിവിശേഷോ ദൂരമിദാനീം പതത്രിണാ നീതഃ
നക്തമിവ ലോഹിതാംഗഃ പരുഷഘനച്ഛേദസംയുക്തഃ. 4

(കഞ്ചുകിനം വിലോക്യ) ആര്യ ലാതവ്യ!

കഞ്ചുകീ— ആജ്ഞാപയതു ദേവഃ.

രാജാ— മദ്വചനാദുച്യതാം നാഗരികഃ—സായം നിവാസവൃക്ഷാശ്രയോ വിചീയതാം സ വിഹഗദസ്യുരിതി.

കഞ്ചുകീ— യദാജ്ഞാപയതി ദേവഃ. (ഇതി നിഷ്ക്രാന്തഃ)

വിദൂഷകഃ— ഭോ! ഉവവിസദു ഭവം സമ്പദം. കഹിം ഗദോ സോ രഅണകംഭീലഓ ഭവദോ സാസണാദോ മുച്ചിസ്സദി? [ഭോഃ! ഉപവിശതു ഭവാൻ സാമ്പ്രതം. ക്വ ഗതഃ സ രത്നകുംഭീലകോ ഭവതഃ ശാസനാന്മോക്ഷ്യതേ?]

രാജാ .. (വിദൂഷകേണ സഹോപവിശ്യ) വയസ്യ!

രത്നമിതി ന മേ തസ്മിന്മണൌ പ്രിയത്വം വിഹംഗമാക്ഷിപ്തേ
പ്രിയയാ തേനാസ്മി സഖേ! സംഗമനീയേന സംഗമിതഃ. 5

വിദൂഷകഃ— ണം പരിഗദത്ഥോംഹി കിദോ ഭവദാ. [നനു പരിഗതാർത്ഥോഽസ്മി കൃതോ ഭവതാ]

(തതഃ പ്രവിശതി സശരം മണിമാദായ കഞ്ചുകീ)

കഞ്ചുകീ— ജയതു ജയതു ദേവഃ.

അനേന നിർഭിന്നതനുഃ സ വധ്യോ
രോഷേണ തേ മാർഗ്ഗണതാം ഗതേന
പ്രാപ്യാപരാധോചിതമന്തരിക്ഷാൽ
സമൌലിരത്നഃ പതിതഃ പതത്രീ. 6

(സർവ്വേ വിസ്മയം രൂപയന്തി)

കഞ്ചുകീ— അത്ഭിഃ പ്രക്ഷാളിതോഽയം മണിഃ കസ്മൈ പ്രദീയതാം.

രാജാ— കിരാത! ഗച്ഛ. അഗ്നിശുദ്ധമേനം കൃത്വാ പേടകം പ്രവേശയ.

കിരാതഃ— ജം ഭട്ടാ ആണവേദി. [യൽ ഭർത്താജ്ഞാപയതി]

(ഇതി മണിം ഗൃഹീത്വാ നിഷ്ക്രാന്തഃ)

രാജാ— ആര്യ ലാതവ്യ! അപി ജാനീതേ ഭവാൻ? കസ്യായം ബാണ ഇതി.

കഞ്ചുകീ— നാമാങ്കിതോഽയം ദൃശ്യതേ. ന തു മേ വർണ്ണവിചാരക്ഷമാ ദൃഷ്ടിഃ.

രാജാവു്— എന്താണിനി വില്ലുകൊണ്ടുകാൎയ്യം? ശരമാൎഗ്ഗത്തിൽനിന്നു കടന്നു കഴിഞ്ഞു ആ മാംസംതീനി. അതുകൊണ്ടു്—

ആ പക്ഷി ദൂരത്തേക്കു കൊണ്ടുപോയ രത്നം, രാത്രിയിൽ മേഘശകലത്തോടു ചേർന്ന ചൊവ്വനക്ഷത്രംപോലെ ശോഭിക്കുന്നു. 4

(കഞ്ചുകിയെ നോക്കീട്ടു്) ആൎയ്യ ലാതവ്യ!

കഞ്ചുകി— മഹാരാജാവു കല്പിച്ചാലും.

രാജാവു്— ഞാൻ പറഞ്ഞതായി നഗരാധികാരിയോടു പറയൂ–രാത്രിയിൽ ചേക്കേറുന്ന മരത്തിന്മേൽ ആ കള്ളപ്പക്ഷിയെ തിരയണമെന്നു്.

കഞ്ചുകി— മഹാരാജാവിന്റെ കല്പനപോലെ. (പോയി)

വിദൂഷകൻ— ഏ! അങ്ങു അവിടെ ഇരുന്നോളൂ. എവിടെപ്പോയാലും ആ രത്നക്കള്ളനു അങ്ങയുടെ ശിക്ഷയിൽനിന്നു മോചനം കിട്ടുമോ?

രാജാവു്— (വിദൂഷകനോടൊപ്പം ഇരുന്നിട്ടു്) തോഴരേ! ആ പക്ഷി കൊണ്ടുപോയ രത്നത്തിൽ എനിക്കു രത്നമെന്നതുകൊണ്ടുള്ള ഇഷ്ടമല്ല. ആ സംഗമനീയരത്നമാണു് എന്നെ പ്രിയതമയുമായി യോജിപ്പിച്ചതു്. 5

വദൂഷകൻ— അങ്ങു് അതു് എന്നോടു പറഞ്ഞിട്ടുണ്ടല്ലോ.

(അനന്തരം ശരവും രത്നവുമെടുത്തുകൊണ്ടു കഞ്ചുകി പ്രവേശിക്കുന്നു)

കഞ്ചുകി— മഹാരാജാവു ജയിച്ചാലും ജയിച്ചാലും.

അവിടുത്തെ കോപം ഈ ശരമായി പരിണമിച്ചു ചെന്നു ശരീരം പിളർന്ന ആ പക്ഷി, അപരാധത്തിനു തക്കതായ ശിക്ഷയനുഭവിച്ചു ചൂഡാരത്നത്തോടുകൂടി ആകാശത്തുനിന്നു വീണിരിക്കുന്നു. 6

(എല്ലാവരും അത്ഭുതം നടിക്കുന്നു)

കഞ്ചുകി— വെള്ളംകൊണ്ടു കഴുകിയ ഈ രത്നം ആൎക്കാണു് കൊടുക്കേണ്ടതു്?

രാജാവു്— കിരാത! ചെല്ലൂ. ഇതു് അഗ്നിശുദ്ധിചെയ്തു പെട്ടിയിൽ കൊണ്ടുപോയി വെക്കു.

കിരാതൻ— തമ്പുരാന്റെ കല്പനപോലെ. (രത്നം വാങ്ങി പോയി)

രാജാവു്— ലാതവ്യ! ഇതു ആരുടെ ശരമാണെന്നു അങ്ങയ്ക്കു മനസ്സിലായോ?

കഞ്ചുകി— പേർ കാണുന്നുണ്ടു്. എഴുത്തുവായിക്കാൻ കണ്ണു കാണുന്നില്ല.

രാജാ— തേന ഹി, ഉപനയ ശരം; യാവദഹം നിരൂപയാമി.

(കഞ്ചുകീ തഥാ കരോതി)

(രാജാ നാമാക്ഷരാണ്യനുവാച്യ വിചാരയതി)

കഞ്ചുകീ— യാവദഹം നിയോഗമശൂന്യം കരോമി. (ഇതി നിഷ്ക്രാന്തഃ)

വിദൂഷകഃ— കിം ഭവം വിആരേദി? [കിം ഭവാൻ വിചാരയതി?]

രാജാ— ശൃണു താവൽ പ്രഹർത്തുർനാമാക്ഷരാണി.

വിദൂഷകഃ— അവഹിദോംഹി. [അവഹിതോഽസ്മി]

രാജാ— ശ്രൂയതാം. (ഇതി വാചയതി)

ഉർവ്വശീസംഭവസ്യായമൈളസൂനോർധനുഷ്മതഃ
കുമാരസ്യായുഷോ ബാണഃ പ്രഹർത്തുർദ്വിഷദായുഷാം. 7

വിദൂഷകഃ— (സപരിതോഷം) ദിട്ഠിആ സന്താണേണ വഡ്ഢദി ഭവം. [ദിഷ്ട്യാ സന്താനേന വർദ്ധതേ ഭവാൻ]

രാജാ— സഖേ! കഥമേതൽ? അന്യത്ര നൈമിഷേയസത്രാദവിയുക്തോഽഹമുർവ്വശ്യാ. ന ച മയാ കദാചിദപി ഗർഭവ്യക്തിരാലക്ഷിതാ. കുത ഏവ പ്രസൂതിഃ? കിന്തു—

ആവിലപയോധരാഗ്രം ലവലീദളപാണ്ഡുരാനനച്ഛായം
താനി ദിനാനി വപുരഭൂൽ കേവലമലസേക്ഷണം തസ്യാഃ. 8

വിദൂഷകഃ— മാ ഭവം സവ്വം മാണുസീധമ്മം ദിവ്വാസു സംഭാവേദു. പഹാവണിഗ്ഗൂഢാഇം താണം ചരിദാഇം. [മാ ഭവാൻ സർവ്വം മാനുഷീധർമ്മം ദിവ്യാസു സംഭാവയതു. പ്രഭാവനിഗൂഢാനി താസാം ചരിതാനി]

രാജാ— അസ്തു താവദേവം, യഥാ ഭവാനാഹ. പുത്രസംവരണേ തു കിമിവ കാരണം തത്രഭവത്യാഃ?

വിദൂഷകഃ— മാ വുഡ്ഢിം മം രാആ പരിഹരിസ്സദി ത്തി. [മാ വൃദ്ധാം മാം രാജാ പരിഹരിഷ്യതീതി]

രാജാ— കൃതം പരിഹാസേന. ചിന്ത്യതാം.

വിദൂഷകഃ— കോ ദേവദാരഹസ്സാഇം തക്കഇസ്സദി? [കോ ദേവതാരഹസ്യാനി തർക്കയിഷ്യതി?]

(പ്രവിശ്യ)

കഞ്ചുകീ— ജയതു ജയതു ദേവഃ. ദേവ! ച്യവനാശ്രമാൽ കുമാരം ഗൃഹീത്വാ സമ്പ്രാപ്താ താപസീ ദേവം ദ്രഷ്ടുമിച്ഛതി.

രാജാ— ഉഭയമപ്യവിലംബിതം പ്രവേശയ.

കഞ്ചുകീ— യദാജ്ഞാപയതി ദേവഃ. (ഇതി നിർഗമ്യ ചാപഹസ്തേന കുമാരേണ താപസ്യാ ച സഹ പ്രവിഷ്ടഃ)

രാജാവ്— എന്നാൽ ശരമിങ്ങു തരൂ. ഞാൻ നോക്കാം.

(കഞ്ചുകി കൊടുക്കുന്നു)

(രാജാവു പേരിലെ അക്ഷരങ്ങൾ വായിച്ചിട്ടു വിചാരിക്കുന്നു)

കഞ്ചുകി— ഞാൻ ജോലിക്കു പോകട്ടെ.

(പോയി)

വിദൂഷകൻ— അങ്ങ് എന്താണ് വിചാരിക്കുന്നത്?

രാജാവ്— കേൾക്കൂ, ശരം പ്രയോഗിച്ച ആളുടെ പേരിലെ അക്ഷരങ്ങൾ.

വിദൂഷകൻ— ശ്രദ്ധിക്കുന്നുണ്ട്.

രാജാവ്— കേട്ടുകൊള്ളൂ. (വായിക്കുന്നു)

ഉർവ്വശിയുടെ മകനും ഇളയുടെ മകന്റെ മകനും വില്ലാളിയും ശത്രുക്കളുടെ ആയുസ്സിനുനേരെ അമ്പെയ്യുന്നവനുമായ ആയുഃകുമാരന്റെയാണ് ഈ ശരം. 7

വിദൂഷകൻ— (സന്തോഷത്തോടെ) ഭാഗ്യം. അങ്ങയ്ക്കു സന്താനഭാഗ്യം ലഭിച്ചിരിക്കുന്നു.

രാജാവ്— സഖേ! എങ്ങനെയാണിത്? നൈമിഷാരണ്യത്തിലെ സത്രത്തിലല്ലാതെ ഞാൻ ഉർവ്വശിയുമായി പിരിഞ്ഞിരിക്കയുണ്ടായിട്ടില്ല. ഗർഭലക്ഷണമൊന്നും ഞാൻ കണ്ടിട്ടുമില്ല. പ്രസവത്തിന്റെ കാര്യം പറകയുംവേണ്ട. എന്നാൽ—

അന്നു കുറച്ചുദിവസം അവളുടെ മുലക്കണ്ണു കറുത്തിരുന്നു. വെള്ളിലപോലെ മുഖം വിളർത്തിരുന്നു. കണ്ണുകൾ തളർന്നുമിരുന്നു. 8

വിദൂഷകൻ— മനുഷ്യസ്ത്രീകളിലുണ്ടാവുന്നതെല്ലാം ദിവ്യസ്ത്രീകളിലുമുണ്ടാവുമെന്നു അങ്ങു വിചാരിക്കേണ്ട. അവരുടെ കാര്യങ്ങളെല്ലാം പ്രഭാവവിശേഷത്താൽ മറഞ്ഞിരിക്കും.

രാജാവ്— അങ്ങു പറയുന്നതുപോലെത്തന്നെയാവട്ടെ. എന്നാൽ അവൾ പുത്രനെ മറച്ചുവെച്ചതിന്റെ കാരണമെന്തായിരിക്കും?

വിദൂഷകൻ— പ്രായംകൂടിയെന്നുവെച്ചു രാജാവു എന്നെ ഒഴിവാക്കാതിരിക്കട്ടെ എന്നു വിചാരിച്ചിട്ട്.

രാജാവ്— നേരമ്പോക്കു മതിയാക്കൂ. ആലോചിച്ചുനോക്കൂ.

വിദൂഷകൻ— ദേവകളുടെ രഹസ്യങ്ങളെ ആർക്കു ഊഹിച്ചറിയാൻ കഴിയും?

(പ്രവേശിച്ചിട്ട്)

കഞ്ചുകി— മഹാരാജാവ് ജയിച്ചാലും ജയിച്ചാലും. മഹാരാജാവേ! ച്യവനമഹർഷിയുടെ ആശ്രമത്തിൽനിന്നു കുമാരനെയുംകൂട്ടി ഒരു താപസി വന്നിട്ടുണ്ട്. മഹാരാജാവിനെ കാണാനാഗ്രഹിക്കുന്നു.

രാജാവ്— രണ്ടാളെയും വേഗം കൂട്ടിക്കൊണ്ടുവരൂ.

കഞ്ചുകി— മഹാരാജാവിന്റെ കല്പനപോലെ.

(പോയി കയ്യിൽ വില്ലേന്തിയ കുമാരനും താപസിയുമായി പ്രവേശിച്ചിട്ട്)

കഞ്ചുകീ— ഇത ഇതോ ഭഗവതീ. (സർവ്വേ പരിക്രാമന്തി)

വിദൂഷകഃ— (വിലോക്യ) കിം ണു ക്ഖു ഏസോ തത്തഭവം ഖത്തിഅകുമാരഓ, ജസ്സ ണാമങ്കിദോ ഗിദ്ധലക്ഖവേധീ ണാരാഓ. തഹ ഹി, ബഹുഅരം ഭവദോ അണുകരേദി. [കിം നു ഖലു ഏഷ തത്രഭവാൻ ക്ഷത്രിയകുമാരകോ, യസ്യ നാമാങ്കിതോ ഗൃദ്ധ്രലക്ഷവേധീ നാരാചഃ. തഥാ ഹി, ബഹുതരം ഭവതോഽനുകരോതി]

രാജാ— സ്യാദേവം. അതഃ ഖലു-

ബാഷ്പായതേ നിപതിതാ മമ ദൃഷ്ടിരസ്മിൻ
വാത്സല്യബന്ധി ഹൃദയം, മനസഃ പ്രസാദഃ
സംജാതവേപഥുഭിരുജ്ഝിതധൈര്യ്യവൃത്തി–
രിച്ഛാമി ചൈനമദയം പരിരബ്ധു മംഗൈഃ. 9

കഞ്ചുകീ— ഭഗവതി! ഏവം സ്ഥീയതാം.

(താപസീകുമാരൗ സ്ഥിതൗ)

രാജാ— (ഉപസൃത്യ) ഭഗവതി! അഭിവാദയേ.

താപസീ— മഹാഭാഗ! സോമവംസവിത്ഥാരഇത്തഓ ഹോഹി. (ആത്മഗതം) അംഹോ! അണാചക്ഖിദോ വി വിണ്ണാദോ ഏവ്വ ഇമസ്സ രാഏസിണോ അ ഓരസോ സംബന്ധോ (പ്രകാശം) ജാദ പണമ ദേ ഗുരും. [മഹാഭാഗ! സോമവംശവിസ്താരയിതാ ഭവ. അഹോ! അനാഖ്യാതോഽപി വിജ്ഞാത ഏവാസ്യ രാജർഷേരായുഷശ്ച ഔരസഃ സംബന്ധഃ. ജാത! പ്രണമ തേ ഗുരും]

(കുമാരശ്ചാപഗർഭമഞ്ജലിം ബദ്ധ്വാ പ്രണമതി)

രാജാ— വത്സ! ആയുഷ്മാൻ ഭവ.

കുമാരഃ— (സ്വഗതം)

യദി ഹാർദ്ദമിദം ശ്രുത്വാ പിതാ മമായം സുതോഽഹമസ്യേതി
ഉത്സംഗവർദ്ധിതാനാം ഗുരുഷു ഭവേൽ കീദൃശഃ സ്നേഹഃ? 10

രാജാ— ഭഗവതി! കിമാഗമനപ്രയോജനം?

താപസീ— സുണാദു മഹാരാഓ. ഏസോ ദീഹാഊ ആഉ ജാദമേത്തോ എവ്വ ഉവ്വസീഏ കിംവി ണിമിത്തം അവേക്ഖിഅ മമ ഹത്ഥേ ണാസീകിദോ. ജം ഖത്തിഅകുമാരഅസ്സ ജാദകമ്മാദിവിഹാണം, തം സേ ഭഅവദാ ചവണേണ അസേസം അണുചിട്ഠിദം. ഗഹീദവിജ്ജോ ധണുവ്വേദേ അഹിവിണീദോ. [ശൃണോതു മഹാരാജഃ. ഏഷ ദീർഘായുരായുർജാതമാത്ര ഏവ ഉർവ്വശ്യാ കിമപി നിമിത്തമവേക്ഷ്യ മമ ഹസ്തേ ന്യാസീകൃതഃ. യൽ ക്ഷത്രിയകുമാരസ്യ ജാതകർമ്മാദിവിധാനം തദസ്യ ഭഗവതാ ച്യവനേനാശേഷമനുഷ്ഠിതം. ഗൃഹീതവിദ്യോ ധനുർവേദേഽഭിവിനീതഃ]

രാജാ— സനാഥഃ ഖലു സംവൃത്തഃ.

കഞ്ചുകി— ഭഗവതി ഇതിലേ ഇതിലേ.

(എല്ലാവരും ചുററിനടക്കുന്നു)

വിദൂഷൻ— (കണ്ടിട്ടു്) ഇതായിരിക്കുമോ ആ ക്ഷത്രിയകുമാരൻ? കഴുകനെ എയ്തുവീഴ്ത്തിയ പേരുള്ള അമ്പു കിട്ടിയതു ഈ കുമാരന്റെ ആയിരിക്കുമോ? അവിടത്തെ ഛായ ധാരാളമുണ്ടു്.

രാജാവു്— അങ്ങനെയായിരിക്കാം. അതുകൊണ്ടുതന്നെയാണു്

ഇയ്യാളെ കണ്ടപ്പോഴേക്കും എനിക്കു കണ്ണിൽ വെള്ളം വരുന്നതു്, ഹൃദയത്തിൽ വാത്സല്യം തോന്നുന്നതു്, മനസ്സിനു തെളിവു് അനുഭവപ്പെടുന്നതു്. വിറയൽ പൂണ്ട അവയവങ്ങളെക്കൊണ്ടു ധൈര്യം വെടിഞ്ഞു ഇയ്യാളെ മുറുകെ പുണരാൻ തോന്നിപ്പോകുന്നു. 9

കഞ്ചുകി— ഭഗവതി! നില്ക്കു.

(താപസിയും കുമാരനും നിന്നു)

രാജാവു്— (അടുത്തുചെന്നിട്ടു്) ഭഗവതി! ഞാൻ അഭിവാദ്യംചെയ്യുന്നു.

താപസി— മഹാരാജാവേ! അങ്ങു ചന്ദ്രവംശത്തിനു പെരുമയുണ്ടാക്കുന്നവനായി ഭവിക്കട്ടെ. (വിചാരം) ആശ്ചര്യം! ഈ രാജർഷിക്കും ആയുസ്സിനുമുള്ള ശരീരബന്ധം പറയാതെതന്നെ മനസ്സിലാവുന്നുണ്ടു്. (വെളിവായി) ഉണ്ണീ! നിന്റെ അച്ഛനെ നമസ്കരിക്കു.

(കുമാരൻ വില്ലോടുകൂടി കൈകൂപ്പുന്നു)

രാജാവു്— ഉണ്ണീ! ആയുഷ്മാനായി ഭവിക്കുക.

കുമാരൻ— (വിചാരം)

ഇതു എന്റെ അച്ഛനാണെന്നും ഞാൻ ഇദ്ദേഹത്തിന്റെ മകനാണെന്നും കേട്ടിട്ടു ഇത്രയും സന്തോഷം തോന്നുന്നുവെങ്കിൽ മടിയിൽ കിടന്നു വളർന്നിട്ടുള്ളവർക്കു അച്ഛനമ്മമാരിൽ എത്രമാത്രം സ്നേഹമുണ്ടാകും? 10

രാജാവു്— ഭഗവതി! വന്നതിന്റെ കാര്യമെന്താണു്?

താപസി— മഹാരാജാവു കേൾക്കണം. ഈ ദീർഘായുസ്സായ ആയുസ്സു് ജനിച്ച ഉടനെ ഉർവ്വശി എന്തോ കാര്യം കരുതി എന്റെ കയ്യിൽ ഏല്പിച്ചതാണു്. ക്ഷത്രിയകുമാരനു വേണ്ടുന്ന ജാതകർമ്മാദികളെല്ലാം ഭഗവാൻ ച്യവനൻ ചെയ്തിരിക്കുന്നു. വിദ്യാഭ്യാസം കഴിഞ്ഞതിനുശേഷം ധനുർവ്വേദവും പഠിപ്പിച്ചിട്ടുണ്ടു്.

രാജാവു്— സനാഥൻ തന്നെയായി.

താപസീ— അജ്ജ പുപ്ഫസമിധകുസണിമിത്തം ഇസികുമാരഏഹിം സഹ ഗദേണ ഇമിണാ അസ്സമവിരുദ്ധം ആഅരിദം. [അദ്യ പുഷ്പസമിൽകുശനിമിത്തം ഋഷികുമാരകൈഃ സഹ ഗതേനാനേനാശ്രമവിരുദ്ധമാചരിതം]

വിദൂഷകഃ— (സാവേഗം) കിം വിഅ? [കിമിവ?]

താപസീ— ഗഹീദാമിസോ കില ഗിദ്ധോ പാദവസിഹരേ ണിലീഅമാണോ അണേണ ലക്ഖീകിദോ ബാണസ്സ. [ഗൃഹീതാമിഷഃ കില ഗൃദ്ധ്രഃ പാദപശിഖരേ നീലീയമാനോഽനേന ലക്ഷീകൃതോ ബാണസ്യ]

(വിദൂഷകോ രാജാനമവലോകയതി)

രാജാ— തതസ്തതഃ?

താപസീ— തദോ ഉവലബ്ധവുത്തന്തേണ ഭഅവദാ ചവണേണ അഹം സമാദിട്ഠാ— 'ണിജ്ജാദേഹി ണാസം' ത്തി. താ ഇച്ഛാമി ദേവിം ഉവ്വസിം പേക്ഖിദും. [തത ഉപലബ്ധവൃത്താന്തേന ഭഗവതാ ച്യവനേനാഹം സമാദിഷ്ടാ—'നിര്യ്യാതയ ന്യാസ'മിതി. തദിച്ഛാമി ദേവീമുർവ്വശീം പ്രേക്ഷിതും]

രാജാ— തേന ഹ്യാസനമനുഗൃഹ്ണാതു ഭഗവതീ.

(താപസീ ഉപനീത ആസന ഉപവിശതി)

രാജാ— ആര്യ്യ ലാതവ്യ! ആഹൂയതാമുർവ്വശീ.

കഞ്ചുകീ— യദാജ്ഞാപയതി ദേവഃ. (ഇതി നിഷ്ക്രാന്തഃ)

രാജാ— (കുമാരമവലോക്യ) ഏഹ്യേഹി വത്സ!

സർവ്വാംഗീണഃ സ്പർശഃ സുതസ്യ കില, തേന മാമുപഗതേന
ആഹ്ലാദയസ്വ താവച്ചന്ദ്രകരശ്ചന്ദ്രകാന്തമിവ. 11

താപസീ— ജാദ! ണന്ദേഹി പിദരം [ജാത! നന്ദയ പിതരം]

(കുമാരോ രാജാനമുപഗമ്യ പാദഗ്രഹണം കരോതി)

രാജാ— (കുമാരമാലിംഗ്യ പാദപീഠേ ചോപവേശ്യ) വത്സ! ഇതസ്തവ പിതുഃ പ്രിയസഖം ബ്രാഹ്മണമശങ്കിതോ വന്ദസ്വ.

വിദൂഷകഃ— കിം ത്തി സങ്കിസ്സദി? ണം അസ്സമവാസപരിചിദോ എവ്വ സാഹാമിഓ. [കിമിതി ശങ്കിഷ്യതേ? നന്വാശ്രമവാസപരിചിത ഏവ ശാഖാമൃഗഃ]

കുമാരഃ— (സസ്മിതം) താത! വന്ദേ.

വിദൂഷകഃ— സോത്ഥി ഭവദോ. [സ്വസ്തി ഭവതേ]

(തതഃ പ്രവിശത്യുർവ്വശീ കഞ്ചുകീ ച)

കഞ്ചുകീ— ഇത ഇതോ ദേവീ.

താപസി— ഇന്നു പൂവും ചമതയും ദർഭപ്പുല്ലും കൊണ്ടുവരുവാൻ മുനികുമാരകന്മാരോടുകൂടെ പോയ ഇവൻ ആശ്രമത്തിനു നിരക്കാത്ത പ്രവൃത്തി ചെയ്തു.

വിദൂഷകൻ— എന്താണതു്?

താപസി— ഭക്ഷണത്തിനു മാംസവും കൊത്തിയെടുത്തു മരത്തിന്മേൽ വന്നിരിക്കുന്ന ഒരു കഴുകന്റെ നേരെ ഇവൻ അമ്പയച്ചു.

(വിദൂഷകൻ രാജാവിനെ നോക്കുന്നു)

രാജാവു്— എന്നിട്ടു്?

താപസി— എന്നിട്ടു വൎത്തമാനം അറിഞ്ഞ ഭഗവാൻ ച്യവനൻ എന്നെ വിളിച്ചു പറഞ്ഞു— 'സൂക്ഷിക്കാൻ ഏല്പിച്ചതന്നതു തിരിച്ചേല്പിച്ചേക്കു' എന്നു്. അതുകൊണ്ടു ഉൎവ്വശിയെ കണ്ടാൽക്കൊള്ളാമെന്നുണ്ടു്.

രാജാവു്— എന്നാൽ ഭഗവതി ഇരിക്കു.

(താപസി, ഭൃത്യൻ കൊണ്ടുവന്ന പീഠത്തിലിരിക്കുന്നു)

രാജാവു്— ലാതവ്യ! ഉൎവ്വശിയെ വിളിക്കു.

കഞ്ചുകി— മഹാരാജാവിന്റെ കല്പനപോലെ.

(പോയി)

രാജാവു്— (കുമാരനെ നോക്കീട്ടു്) വരൂ വരൂ ഉണ്ണീ!

സൎവ്വാംഗസൌഖ്യം നൽകുന്ന സ്പർശം പുത്രന്റേതത്രേ. നീ ആ പുത്രസ്പർശമണച്ചു ചന്ദ്രരശ്മി ചന്ദ്രകാന്തത്തെയെന്നപോലെ എന്നെ ആഹ്ലാദിപ്പിക്കു. 11

താപസി— ഉണ്ണീ! അച്ഛനെ ആനന്ദിപ്പിക്കു.

(കുമാരൻ രാജാവിന്റെ അടുക്കൽച്ചെന്നു പാദം തൊട്ടു വന്ദിക്കുന്നു)

രാജാവു്— (കുമാരനെ ആലിംഗനംചെയ്തു പാദപീഠത്തിൽ ഇരുത്തീട്ടു്) ഉണ്ണീ! ഇവിടെ നിന്റെ അച്ഛന്റെ പ്രിയസുഹൃത്തായ ബ്രാഹ്മണനെ. ശങ്കിക്കാതെ വന്ദിക്കു.

വിദൂഷകൻ— എന്തിനു സംശയിക്കുന്നു? ആശ്രമത്തിൽ താമസിച്ചിരുന്നതുകൊണ്ടു മരഞ്ചാടിയെ പരിചയമുണ്ടാവുമല്ലോ.

കുമാരൻ— (പുഞ്ചിരിയോടെ) വല്ല്യച്ഛാ! ഞാൻ വന്ദിക്കുന്നു.

വിദൂഷകൻ— ഉണ്ണിക്കു നന്മ വരട്ടെ.

(അനന്തരം ഉൎവ്വശിയും കഞ്ചുകിയും പ്രവേശിക്കുന്നു)

കഞ്ചുകി— ഭവതി ഇതിലേ ഇതിലേ.

ഉൎവ്വശീ— (കുമാരമവലോക്യ) കോ ണു ക്ഖു ഏസോ സബാണാസണോ പാദപീഠേ സഅം മഹാരാഏണ സംജമീഅമാണസിഹണ്ഡഓ ചിട്ഠദി? (താപസീം ദൃഷ്ട്വാ) അമ്മോ! സച്ചവദീസൂഇദോ അയംമേ പുത്തഓ ആഊ. മഹന്തോ ക്ഖു സംവുത്തോ. [കോ നു ഖല്വേഷ സബാണാസനഃ പാദപീഠേ സ്വയം മഹാരാജേന സംയമ്യമാനശിഖണ്ഡകസ്തിഷ്ഠതി? അഹോ! സത്യവതീസൂചിതോഽയം മേ പുത്രക ആയുഃ. മഹാൻ ഖലു സംവൃത്തഃ]

(ഇതി സഹൎഷം പരിക്രാമതി)

രാജാ— (ഉൎവ്വശീം ദൃഷ്ട്വാ) വത്സ!

ഇയം തേ ജനനീ പ്രാപ്താ ത്വദാലോകനതൽപരാ
സ്നേഹപ്രസ്നവനിർഭിന്നമുദ്വഹന്തീ സ്തനാംശുകം. 12

താപസീ— ജാദ! ഏഹി. പച്ചുഗ്ഗച്ഛ മാദരം. [ജാത! ഏഹി. പ്രത്യുൽഗ്ഗച്ഛ മാതരം]

(കുമാരഃ ഉൎവ്വസീം പ്രത്യുൽഗച്ഛതി)

ഉൎവ്വശീ— അംബ! പാദവന്ദണം കരേമി. [അംബ! പാദവന്ദനം കരോമി]

താപസീ— വച്ഛേ! ഭത്തുണോ ബഹുമദാ ഹോഹി. [വത്സേ! ഭർത്തുർബഹുമതാ ഭവ]

കുമാരഃ— അംബ! അഭിവാദയേ.

ഉൎവ്വശീ— (കുമാരമുന്നമിതമുഖം പരിഷ്വജ്യ) വച്ഛ! പിദരം ആരാധഇത്തഓ ഹോഹി. (രാജാനമുപേത്യ) ജേദു ജേദു മഹാരാഓ. [വത്സ! പിതരമാരാധയിതാ ഭവ. ജയതു ജയതു മഹാരാജഃ]

രാജാ— സ്വാഗതം പുത്രവത്യൈ. ഇത ആസ്യതാം. (ഇത്യൎദ്ധാസനം ദദാതി)

(ഉൎവ്വശീ ഉപവിശതി. സൎവ്വേ യഥോചിതമുപവിശന്തി)

താപസീ— വച്ഛേ! ഏസോ ഗഹീദവിജ്ജോ ആഊ സംപദം കവഅഹരോ സംവുത്തോ. താ ഏദസ്സ ദേ ഭത്തുണോ സമക്ഖം ണിജ്ജാദിദോ ഹത്ഥണിക്ഖേവോ. താ വിസജ്ജേദും ഇച്ഛാമി. ഉവരുജ്ഝഇ മഹ അസ്സമധമ്മോ. [വത്സേ! ഏഷ ഗൃഹീതവിദ്യ ആയുഃ സാമ്പ്രതം കവചഹരഃ സംവൃത്തഃ. തദേതസ്യ ഭൎത്തുഃ സമക്ഷം നിൎയ്യാതിതോ ഹസ്തനിക്ഷേപഃ. തദ്വിസൎജ്ജയിതുമിച്ഛാമി. ഉപരുദ്ധ്യതേ മമാശ്രമധൎമ്മഃ]

ഉൎവ്വശീ— കാമം, ചിരസ്സ പേക്ഖിഅ വിരഹുക്കണ്ഠിദംഹി. ണ ഉണ ജുജ്ജദി ധമ്മാവരോധേ വട്ടിദും. താ ഗച്ഛദു അജ്ജാപുണോ ദംസണാഅ. [കാമം, ചിരസ്യ പ്രേക്ഷ്യ വിരഹോൽക്കണ്ഠിതാസ്മി. ന പുനൎയ്യുജ്യതേ ധൎമ്മാവരോധേ വൎത്തിതും. തൽ ഗച്ഛത്വാൎയ്യാ പുനൎദ്ദശനായ]

രാജാ— അംബ! ഭഗവതേ ച്യവനായ മാം പ്രണിപാതയ.

ഉൎവ്വശി— (കുമാരനെ കണ്ടിട്ട്) ആരാണിതു്? മഹാരാജാവുതന്നെ മുടിയൊതുക്കിക്കൊടുത്തുകൊണ്ടു വില്ലോടുകൂടി പാദപീഠത്തിൽ ഇരിക്കുന്നു! (താപസിയെ കണ്ടിട്ട്) ഓഹോ! സത്യവതി ഒന്നിച്ചുള്ളതുകൊണ്ടു എന്റെ മകൻ ആയുസ്സാണു്. വലുതായിരിക്കുന്നു.

(സന്തോഷത്തോടുകൂടി ചുററി നടക്കുന്നു)

രാജാവ്— (ഉൎവ്വശിയെ കണ്ടിട്ട്) ഉണ്ണി!

ഇതാ നിന്നെക്കാണാൻ നിന്റെ അമ്മ വന്നിരിക്കുന്നു. സ്നേഹം
നിമിത്തം മുല ചുരന്നിട്ടു മുലക്കച്ച നനഞ്ഞിരിക്കുന്നു. 12

താപസി— ഉണ്ണി! വരൂ, അമ്മയെ എതിരേല്ക്കൂ.

(കുമാരൻ ഉൎവ്വശിയെ എതിരേല്ക്കുന്നു)

ഉൎവ്വശി— അമ്മേ! ഞാൻ പാദങ്ങൾ വന്ദിക്കുന്നു.

താപസി— മകളേ! നിന്റെപേരിൽ ഭൎത്താവിനു ബഹുമാനമുണ്ടാകട്ടെ.

കുമാരൻ— അമ്മേ! ഞാൻ അഭിവാദ്യം ചെയ്യുന്നു.

ഉൎവ്വശി— (മുഖമുയൎത്തി ആലിംഗനം ചെയ്തിട്ട്) ഉണ്ണീ! നീ അച്ഛനെ പ്രീതിപ്പെടുത്തുന്നവനായി ഭവിക്കട്ടെ. (രാജാവിന്റെ അടുക്കൽച്ചെന്നിട്ട്) മഹാരാജാവ് ജയിച്ചാലും. ജയിച്ചാലും.

രാജാവ്— പുത്രവതിക്കു സ്വാഗതം. ഇവിടെ ഇരിക്കൂ. (പീഠത്തിൽ പാതി കൊടുക്കുന്നു)

(ഉൎവ്വശി ഇരിക്കുന്നു. എല്ലാവരും ഉചിതസ്ഥാനത്തു ഇരിക്കുന്നു)

താപസി— മകളേ! വിദ്യാഭ്യാസം കഴിഞ്ഞ ആയുസ്സിന്നു ഇപ്പോൾ കവചം ധരിക്കത്തക്കതായ യൌവനാരംഭമായിരിക്കുന്നു. അതുകൊണ്ടു നിന്റെ ഈ ഭൎത്താവിന്റെ മുമ്പാകെ എന്നെ ഏല്പിച്ച തന്നതു മടക്കിത്തന്നിരിക്കുന്നു. അതുകൊണ്ടു് എനിക്കു വിടതന്നാൽക്കൊള്ളാം. എന്റെ ആശ്രമധൎമ്മങ്ങൾക്കു മുടക്കം വരുന്നു.

ഉൎവ്വശി— വളരെക്കാലം കഴിഞ്ഞിട്ടു കാണുകയായതുകൊണ്ടു് എനിക്കു വേർപാടിൽ വേദനയുണ്ടു്. ശരിതന്നെ. എന്നാൽ ധൎമ്മത്തിനു തടസ്സമായി നില്ക്കുന്നതു യുക്തമല്ലല്ലോ. ആൎയ്യ ഇപ്പോൾ പോയ്ക്കോളൂ. പിന്നെ കാണുമല്ലോ.

രാജാവ്— അമ്മേ! ഭഗവാൻ ച്യവനനെ എന്റെ നമസ്കാരം അറിയിക്കണേ.

താപസീ— എവ്വം ഭോദു. [ഏവം ഭവതു]

കുമാരഃ— ആര്യേ! സത്യം യദി നിവർത്തസേ, മാമപ്യാശ്രമം നേതുമർഹസി.

രാജാ— അയി വത്സ! ഉഷിതം ത്വയാ പൂർവ്വസ്മിന്നാശ്രമേ. ദ്വിതീയമധ്യാസിതും തവ സമയഃ!

താപസീ— ജാദ! ഗുരുണോ വഅണം അണുചിട്ഠ. [ജാത! ഗുരോർവ്വചനമനുതിഷ്ഠ]

കുമാരഃ— തേന ഹി-

യഃ സുപ്തവാൻ മദങ്കേ ശിഖണ്ഡകണ്ഡൂയനോപലബ്ധസുഖഃ
തം മേ ജാതകലാപം പ്രേഷയ മണികണ്ഠകം ശിഖിനം. 13

താപസീ— (വിഹസ്യ) എവ്വം കരേമി. [ഏവം കരോമി]

ഉർവ്വശീ— ഭഅവദി! പാദവന്ദണം കരേമി. [ഭഗവതി! പാദവന്ദനം കരോമി]

രാജാ— ഭഗവതി! പ്രണമാമി.

താപസീ— സോത്ഥി ഭോദു തുംഹാണം. [സ്വസ്തി ഭവതു യുഷ്മഭ്യം]

(ഇതി നിഷ്ക്രാന്താ)

രാജാ— (ഉർവ്വശീം പ്രതി) കല്യാണി!

അദ്യാഹം പുത്രിണാമഗ്ര്യഃ സൽപുത്രേണാമുനാ തവ
പൗലോമീസംഭവേനേവ ജയന്തേന പുരന്ദരഃ. 14

(ഉർവ്വശീ സ്മൃത്വാ രോദിതി)

വിദൂഷകഃ— (വിലോക്യ സാവേഗം) ഭോ! കിം ണു ക്ഖു സംപദം അത്തഹോദീ എക്കപദേ അസ്സുമുഹീ സംവുത്താ? [ഭോഃ! കിം നു ഖലു സാമ്പ്രതമത്രഭവതീ ഏകപദേ അശ്രുമുഖീ സംവൃത്താ?]

രാജാ— (സാവേഗം)

കിം സുന്ദരി! പ്രരുദിതാസി മമോപനീതേ
വംശസ്ഥിതേരധിഗമാന്മഹതി പ്രമോദേ
പീനസ്തനോപരി നിപാതിഭിരാനയന്തീ
മുക്താവലീവിരചനാം പുനരുക്തിമസ്രൈഃ. 15

(ഇതി അസ്യാ ബാഷ്പം പ്രമാർഷ്ടി)

ഉർവ്വശീ— സുണാദു മഹാരാഓ. പഢമം ഉണ പുത്തദംസണസമുത്ഥേണ ആണന്ദേന വിസുമരിദംഹി. ദാണിം മഹിന്ദസംകിത്തണേണ സുമരിഓ സമഓ മഹ ഹിഅഅം ആആസേദി. [ശൃണോതു മഹാരാജഃ. പ്രഥമം പുനഃ പുത്രദർശനസമുത്ഥേനാനന്ദേന വിസ്മൃതാസ്മി. ഇദാനീം മഹേന്ദ്രസങ്കീർത്തനേന സ്മൃതഃ സമയോ മമ ഹൃദയമായാസയതി]

താപസി— അങ്ങനെയാവാം.

കുമാരൻ— അമ്മേ! സത്യമായും മടങ്ങിപ്പോവുകയാണെങ്കിൽ എന്നേയും ആശ്രമത്തിലേക്കു കൊണ്ടുപോകണം.

രാജാവ്— ഉണ്ണീ! നീ ആദ്യത്തെ ആശ്രമത്തിൽ പാർത്തു കഴിഞ്ഞുവല്ലോ. രണ്ടാമത്തേതിൽ പ്രവേശിക്കേണ്ടുന്ന കാലമായി.

താപസി— മകനേ! അച്ഛൻ പറയുന്നതു കേൾക്കൂ.

കുമാരൻ— എന്നാൽ

തൂവൽ തലോടിക്കൊടുക്കുമ്പോൾ സുഖം പൂണ്ടു എന്റെ മടിയിൽക്കിടന്നുറങ്ങിയിരുന്ന ആ മണികണ്ഠനെന്ന മയിലിനെ പീലി മുളച്ചാൽ എനിക്കു് ഇങ്ങോട്ടു കൊടുത്തയക്കണേ. 13

താപസി— (ചിരിച്ചു്) അങ്ങനെ ചെയ്യാം.

ഉർവ്വശി— ഭഗവതി! ഞാൻ പാദങ്ങൾ വന്ദിക്കുന്നു.

രാജാവ്— ഭഗവതി! ഞാൻ നമസ്കരിക്കുന്നു.

താപസി— നിങ്ങൾക്കു നന്മ വരട്ടെ. (പോയി)

രാജാവ്— (ഉർവ്വശിയോടു്) കല്യാണി!

ഇന്നു ഞാൻ നിന്റെ പുത്രനെക്കൊണ്ടു പുത്രവാന്മാരിൽവെച്ചു അഗ്രേസരനായിരിക്കുന്നു. ഇന്ദ്രാണിയിൽ പിറന്ന ജയന്തനെക്കൊണ്ടു ഇന്ദ്രനെന്നപോലെ. 14

(ഉർവ്വശി ഓർമ്മ നടിച്ചു കരയുന്നു)

വിദൂഷകൻ— (കണ്ടിട്ടു പരിഭ്രമത്തോടുകൂടി) എന്താണു് ശ്രീമതി പെട്ടെന്നു കണ്ണീർ വാക്കുന്നതു്?

രാജാവ്— (പരിഭ്രമത്തോടുകൂടി)

അല്ലയോ സുന്ദരി! എനിക്കു കുലപ്രതിഷ്ഠ ലഭിച്ചതുനിമിത്തം വലിയ സന്തോഷം വന്നിട്ടുള്ള ഈ സമയത്തു നീ എന്താണു് കരയാൻ തുടങ്ങുന്നതു്? തടിച്ചുയർന്ന സ്തനങ്ങളിൽ കണ്ണീർക്കണങ്ങൾ വീണു് മുത്തുമാല ഇരട്ടിച്ചിരിക്കുന്നു. 15

(അവളുടെ കണ്ണീർ തുടയ്ക്കുന്നു)

ഉർവ്വശി— മഹാരാജാവു കേൾക്കണം. ആദ്യം ഞാൻ പുത്രനെക്കണ്ട സന്തോഷത്താൽ മറന്നുപോയി. ഇപ്പോൾ ഇന്ദ്രന്റെ പേർ കേട്ടപ്പോൾ ഓർമ്മവന്ന വ്യവസ്ഥ എന്റെ ഹൃദയത്തെ വിഷമിപ്പിക്കുന്നു.

രാജാ— കഥ്യതാം സമയഃ.

ഉർവ്വശീ— അഹം പുരാ മഹാരാഅഗഹീദഹിഅആ മഹിന്ദേണ ആണത്താ. [അഹം പുരാ മഹാരാജഗൃഹീതഹൃദയാ മഹേന്ദ്രേണ ആജ്ഞാപിതാ]

രാജാ— കിമിതി?

ഉർവ്വശീ— 'ജദാ സോ മേ പിഅസഹോ രാഏസീ തുഇ സമുപ്പണ്ണസ്സ വംസകരസ്സ മുഹം പേക്ഖിസ്സദി തദാ തുഏ ഭൂഓവി മമ സമീവം ആഅന്തവ്വം' ത്തി. തദോ മഏ മഹാരാഅവിഓഅഭീരുദാഏ ജാദമേത്തോ എവ്വ വിജ്ജാഗമണിമിത്തം ഭഅവദോ ചവണസ്സ അസ്സമേ ഏസോ പുത്രഓ അജ്ജാഏ സച്ചവദീഏ ഹത്ഥേ അപ്പആസം ണിക്ഖിത്തോ. അജ്ജ പിദുണോ ആരാഹണസമത്ഥോ ത്തി കലഅന്തീഏ താഏ ണിജ്ജാദിദോ ഏസോ മേ ദീഹാഊ. താ എത്തിഓ മേ മഹാരാഏണ സഹ സംവാസോ. ['യദാ സ മേ പ്രിയസഖോ രാജർഷിസ്ത്വയി സമുൽപന്നസ്യ വംശകരസ്യ മുഖം പ്രേക്ഷിഷ്യതേ, തദാ ത്വയാ ഭൂയോഽപി മമ സമീപമാഗന്തവ്യമി'തി. തതോ മയാ മഹാരാജവിയോഗഭീരുതയാ ജാതമാത്ര ഏവ വിദ്യാഗമനിമിത്തം ഭഗവതശ്ച്യവനസ്യാശ്രമേ ഏഷ പുത്ര ആര്യ്യായാഃ സത്യവത്യാ ഹസ്തേഽപ്രകാശം നിക്ഷിപ്തഃ. അദ്യ പിതുരാരാധനസമർത്ഥഃ സംവൃത്ത ഇതി കലയന്ത്യാ തയാ നിര്യ്യാതിത ഏഷ മേ ദീർഘായുരായുഃ. തദേതാവന്മേ മഹാരാജേന സഹ സംവാസഃ]

(സർവ്വേ വിഷാദം നാടയന്തി. രാജാ മോഹമുപഗച്ഛതി)

വിദൂഷകഃ— അബ്ബമംഹണ്ണം അബ്ബംഹണ്ണം! [അബ്രഹ്മണ്യമബ്രഹ്മണ്യം!]

കഞ്ചുകീ— സമാശ്വസിതു സമാശ്വസിതു മഹാരാജഃ.

രാജാ— (സമാശ്വസ്യ സനിശ്വാസം) അഹോ! സുഖപ്രത്യർത്ഥിതാ ദൈവസ്യ.

ആശ്വാസിതസ്യ മമ നാമ സുതോപലബ്ധ്യാ
സദ്യസ്ത്വയാ സഹ കൃശോദരി വിപ്രയോഗഃ
വ്യാവർത്തിതാതപരുജഃ പ്രഥമാഭ്രവൃഷ്ട്യാ
വൃക്ഷസ്യ വൈദ്യുത ഇവാഗ്നിരുപസ്ഥിതോഽയം. 16

വിദൂഷകഃ— അഅം സോ അത്ഥോ അണത്ഥാണബന്ധോ സംവുത്തോ. സംപദം തക്കേമി അത്തഭവദാ വക്കലം ഗേൺഹിഅ തവോവണം ഗന്ദവ്വം ത്തി. [അയം സോഽർത്ഥോഽനർത്ഥാനുബന്ധഃ സംവൃത്തഃ. സാമ്പ്രതം തർക്കയാമ്യത്രഭവതാ വല്ക്കലം ഗൃഹീത്വാ തപോവനം ഗന്തവ്യമിതി]

രാജാവു്— വ്യവസ്ഥയെന്താണു്? പറയൂ.

ഉർവ്വശി— പണ്ടു മഹാരാജാവു് എന്റെ ഹൃദയത്തെ വശീകരിച്ചപ്പോൾ ഇന്ദ്രൻ എന്നോടു കല്പിച്ചു—

രാജാവു്— എന്തു്?

ഉർവ്വശി— 'എന്നാണോ എന്റെ പ്രിയസുഹൃത്തായ ആ രാജർഷി നിന്നിൽ ജനിച്ചു, വംശം നിലനിർത്തുന്ന പുത്രനെ കാണുന്നതു' അന്നു വീണ്ടും നീ എന്റെ അടുക്കലേക്കു വരണം, എന്നു. അതുനിമിത്തം ഞാൻ മഹാരാജാവിനോടു വേർപെടുന്നതു പേടിച്ചു, ജനിച്ച ഉടനെ വിദ്യാഭ്യാസത്തിനുവേണ്ടി ഭഗവാൻ ച്യവനന്റെ ആശ്രമത്തിൽ ഈ മകനെ ആര്യ്യ സത്യവതിയുടെ പക്കൽ, ഇവിടെ അറിയാതെ ഏല്പിച്ചു കൊടുത്തു. ഇപ്പോൾ അച്ഛനെ സഹായിക്കാൻ പ്രാപ്തിയായി എന്നു കണ്ടു എന്റെ ദീർഘായുസ്സായ ആയുസ്സിനെ മടക്കി ഏല്പിച്ചുകഴിഞ്ഞു. അതുകൊണ്ടു ഇത്രത്തോളമേ ഉള്ളു എനിക്കു മഹാരാജാവിനോടു കൂടെയുള്ള സഹവാസം.

(എല്ലാവരും വിഷാദം നടിക്കുന്നു. രാജാവു മോഹാലസ്യപ്പെടുന്നു)

വിദൂഷകൻ— കഷ്ടമേ കഷ്ടം!

കഞ്ചുകി— മഹാരാജാവു് ആശ്വസിച്ചാലും. ആശ്വസിച്ചാലും.

രാജാവു്— (ആശ്വസിച്ചു നെടുവീർപ്പിട്ടിട്ടു്) അമ്പോ! സുഖത്തിനുനേരെ ദൈവത്തിനുള്ള വിരോധം.

പുത്രനെ ലഭിച്ചതുകൊണ്ടു് ആശ്വാസം കൈവന്ന എനിക്കിതാ പെട്ടെന്നു്, അല്ലയോ സുന്ദരി! നിന്നോടു വേർപിരിയേണ്ടിവന്നിരിക്കുന്നു. പുതുമഴ പെയ്തു ചൂടു മാറിയപ്പോഴേക്കും മരത്തിൽ ഇടിത്തീ വീഴുന്നതുപോലെ. 16

വിദൂഷകൻ— നല്ല കാര്യ്യത്തിന്റെ പിന്നാലെയുള്ള അനർത്ഥത്തിന്റെ വരവാണിതു്. എനിക്കു തോന്നുന്നു, അവിടുത്തേക്കിനിയിപ്പോൾ മരവുരിയുടുത്തു തപോവനത്തിലേക്കു പോകേണ്ടിവരുമെന്നു്.

ഉൎവ്വശീ— മം വി മന്ദഭാഇണിം കിദവിണഅസ പുത്തസ്സ ലാഭാണന്തരം സഗ്ഗാരോഹണേണ അവസിദകജ്ജം വിപ്പഓഅമുഹിം മഹാരാഓ സമത്ഥഇസ്സദി. [മാമപി മന്ദഭാഗിനീം കൃതവിനയസ്യ പുത്രസ്യ ലാഭാനന്തരം സ്വൎഗ്ഗാരോഹണേനാവസിതകാൎയ്യാം വിപ്രയോഗമുഖീം മഹാരാജഃ സമൎത്ഥയിഷ്യതി]

രാജാ— സുന്ദരി! മാ മൈവം.

ന ഹി സുലഭവിയോഗാ കൎത്തുമാത്മപ്രിയാണി
പ്രഭവതി പരവത്താ, ശാസനേ തിഷ്ഠ ഭൎത്തുഃ
അഹമപി തവ സൂനാവദ്യ വിന്യസ്യ രാജ്യം
വിചരിതമൃഗയൂഥാന്യാശ്രയിഷ്യേ വനാനി. 17

കുമാരഃ— നാൎഹതി താതഃ പുംഗവധാരിതായാം ധുരി ദമ്യം നിയോജയിതും.

രാജാ— അയി വത്സ! മാ മൈവം.

ശമയതി ഗജാനന്യാൻ ഗന്ധദ്വിപഃ കളഭോഽപി സൻ
ഭവതി സുതരാം വേഗോദഗ്രം ഭുജംഗശിശോൎവിഷം
ഭുവമധിപതിൎബ്ബാലാവസ്ഥോഽപ്യലം പരിരക്ഷിതും
ന ഖലു വയസാ ജാത്യൈവായം സ്വകാൎയ്യസഹോ ഭരഃ. 18

ആൎയ്യ ലാതവ്യ!

കഞ്ചുകീ— ആജ്ഞാപയതു ദേവഃ.

രാജാ— മദ്വചനാദമാത്യപരിഷദം ബ്രൂഹി, സംഭ്രിയതാമായുഷോ രാജ്യാഭിഷേക, ഇതി.

കഞ്ചുകീ— യദാജ്ഞാപയതി ദേവഃ. (ഇതി ദുഃഖിതോ നിഷ്ക്രാന്തഃ)

(സൎവ്വേ ദൃഷ്ടിവിഘാതം രൂപയന്തി)

രാജാ— (ആകാശമവലോക്യ) കിം നു ഖലു നിരഭ്രേ വിദ്യുത്സംപാതഃ?

ഉൎവ്വശീ— (വിലോക്യ) അമ്മോ! ഭഅവം ണാരദോ. [അഹോ! ഭഗവാൻ നാരദഃ]

രാജാ— (നിപുണമവലോക്യ) അയേ! ഭഗവാൻ നാരദഃ. യ ഏഷഃ—

ഗോരോചനാനികഷപിംഗജടാകലാപഃ
സംലക്ഷ്യതേ ശശികലാമലവീതസൂത്രഃ
മുക്താഗുണാതിശയസംഭൃതമണ്ഡനശ്രീ—
ഹേമപ്രരോഹ ഇവ ജംഗമകല്പവൃക്ഷഃ. 19

അൎഘ്യം താവദസ്മൈ.

ഉൎവ്വശീ— (യഥോക്തമദായ) ഇഅം ഭഅവദേ അരിഹണാ. [ഇയം ഭഗവതേഽൎഹണാ]

ഉർവ്വശി— കഷ്ടം! ഭാഗ്യംകെട്ട എന്റെ ഗ്രഹപ്പിഴ. വിദ്യാഭ്യാസം കഴിഞ്ഞ പുത്രനെ ലഭിച്ച ഉടനെ ഞാൻ എന്റെ കാൎയ്യം അവസാനിപ്പിച്ചു സ്വൎഗ്ഗത്തിലേക്കു കയറിപ്പോകുന്നതായി മഹാരാജാവു കരുതുമല്ലോ.

രാജാവു്— സുന്ദരി! അല്ല, അങ്ങനെയല്ല.

പരാധീനതയുള്ളവൎക്കു വേർപാടു ധാരാളം വന്നുചേരും. തനിക്കിഷ്ടമായ കാൎയ്യങ്ങൾ ചെയ്വാൻ കഴിഞ്ഞുവെന്നു വരില്ല. നീ സ്വാമിയുടെ കല്പന അനുസരിക്കുക. ഞാനും നിന്റെ പുത്രനായ ആയുസ്സിനു രാജ്യം ഏല്പിച്ചുകൊടുത്തിട്ടു മാൻനിരകൾ സുഖമായിക്കഴിഞ്ഞുകൂടുന്ന കാടുകളിലേക്കു പോകാൻ തീർച്ചയാക്കിക്കഴിഞ്ഞു. 17

കുമാരൻ— അച്ഛൻ, കാള വലിച്ചിരുന്ന ഭാരം വലിക്കാൻ ഒരു മൂരിക്കുട്ടനെ ആക്കാനൊരുങ്ങരുതു്.

രാജാവു്— ഉണ്ണി! അങ്ങനെയല്ല.

ഗന്ധഗജവിഭാഗത്തിൽപ്പെട്ട ആനക്കുട്ടികൾപോലും മറ്റുള്ള ആനകളെ അടക്കിനിൎത്താൻ കഴിയുന്നു. പാമ്പിൻകുഞ്ഞിന്റെയാണെങ്കിലും വിഷം വളരെ ശക്തിയുള്ളതാണു്. ഭരണാധികാരം ലഭിച്ചാൽ ചെറുപ്പമാണെങ്കിലും ഭൂമിയെ രക്ഷിക്കാൻ ശക്തനായിത്തീരും. പ്രായമല്ല, ജാതിമഹിമയാണു്, തന്റെ കാൎയ്യം നിൎവ്വഹിക്കുവാനുള്ള കരുത്തുണ്ടാക്കുന്നതു്. 18

ആൎയ്യലാതവ്യ!

കഞ്ചുകി— മഹാരാജാവു കല്പിച്ചാലും.

രാജാവു്— ഞാൻ പറഞ്ഞതായി മന്ത്രിസഭയോടു പറയൂ, ആയുസ്സിന്റെ രാജ്യാഭിഷേകത്തിനു വേണ്ടതെല്ലാം ഒരുക്കുവാൻ.

കഞ്ചുകി— മഹാരാജാവിന്റെ കല്പനപോലെ.

(സങ്കടത്തോടെ പോയി)

(എല്ലാവരും എന്തോ തേജസ്സ് കണ്ണിൽത്തറയ്ക്കുന്നതായി നടിക്കുന്നു)

രാജാവു്— (മേല്പോട്ടു നോക്കീട്ടു്) എന്താണു് മഴക്കാറില്ലാതെ മിന്നൽ വന്നു വീഴുന്നതു്.

ഉർവ്വശി— (നോക്കീട്ടു്) ഓ ഭഗവാൻ നാരദൻ!

രാജാവു്—, (മനസ്സിരുത്തി നോക്കീട്ടു്) ഏ! ഭഗവാൻ നാരദനോ? ഇദ്ദേഹം—

ഗോരോചനാരേഖപോലെ തെളിഞ്ഞ പൂണൂലും മുത്തുമാലകൾ കൊണ്ടുള്ള അലങ്കാരങ്ങളും ധരിച്ചു പൊന്നിൻ തളിരുകളേന്തിയ സഞ്ചരിക്കുന്ന കല്പവൃക്ഷംപോലെയാണു് കാണപ്പെടുന്നതു്. 19

ഇദ്ദേഹത്തിന്നു് അൎഘ്യം.

ഉർവ്വശി— (അൎഘ്യമെടുത്തിട്ടു്) ഇതാ ഭഗവാന്നു് അൎഘ്യം.

(തതഃ പ്രവിശതി നാരദഃ. സർവ്വ ഉത്തിഷ്ഠന്തി)

നാരദഃ— വിജയതാം വിജയതാം മധ്യമലോകപാലഃ.

രാജാ— (ഉർവ്വശീഹസ്താദർഘ്യമാദായാവർജ്ജ്യച) ഭഗവൻ! അഭിവാദയേ.

ഉർവ്വശീ— ഭഅവം! പണമാമി. [ഭഗവൻ! പ്രണമാമി]

നാരദഃ— അവിരഹിതൌ ദമ്പതീ ഭൂയാസ്താം.

രാജാ— (ആത്മഗതം) അപി നാമൈവം സ്യാൽ? (കുമാരമാശ്ലിഷ്യ പ്രകാശം) വത്സ! ഭഗവന്തമഭിവാദയസ്വ.

കുമാരഃ— ഭഗവൻ! ഔർവ്വശേയ ആയുഃ പ്രണമതി.

നാരദഃ— ആയുഷ്മാനേധി.

രാജാ— അയം വിഷ്ടരോഽനുഗൃഹ്യതാം.

നാരദഃ— തഥാ. (ഇത്യുപവിഷ്ടഃ)

(സർവ്വേ നാരദമനൂപവിശന്തി)

രാജാ— (സവിനയം) ഭഗവൻ! കിമാഗമനപ്രയോജനം.

നാരദഃ— രാജൻ! ശ്രൂയതാം മഹേന്ദ്രസന്ദേശഃ.

രാജാ— അവഹിതോസ്മി.

നാരദഃ— പ്രഭാവദർശീ മഘവാ വനഗമനായ കൃതബുദ്ധിം ഭവന്തമനുശാസ്തി.

രാജാ— കിമാജ്ഞാപയതി.

നാരദഃ— ത്രികാലദർശിഭിർമ്മുനിഭിരാദിഷ്ടോ മഹാൻ സുരാസുരസംഗരോ ഭാവീ. ഭവാംശ്ച സാംയുഗീനഃ സഹായോ നഃ. തേന ന ത്വയാ ശസ്ത്രം സംന്യസ്തവ്യം. ഇയം ചോർവ്വശീ യാവദായുസ്തവ സഹധർമ്മചാരിണീ ഭവത്വിതി.

ഉർവ്വശീ— (അപവാര്യ) അമ്മഹേ! സല്ലം വിഅ മേ ഹിഅആദോ അവണീദം. [അഹോ! ശല്യമിവ മേ ഹൃദയാദപനീതം]

രാജാ— പരവാനസ്മി ദേവേശ്വരേണ.

നാരദഃ— യുക്തം.

ത്വൽകാർയ്യം വാസവഃ കുർയ്യാൽ ത്വം ച തസ്യേഷ്ടമാചരേഃ
സൂർയ്യഃ സമേധയത്യഗ്നിമഗ്നിഃ സൂർയ്യം ച തേജസാ. 20

(ആകാശമവലോക്യ)

രംഭേ! ഉപനീയതാം സ്വയം മഹേന്ദ്രേണ സംഭൃതഃ കുമാരസ്യായുഷോ യൌവരാജ്യാഭിഷേകഃ.

(പ്രവിശ്യ)

രംഭാ— ഭഅവം ഇമേ അഭിസേഅസംഭാരാ. [ഭഗവന്നേതേഽഭിഷേകസംഭാരാഃ]

Forwarded with compliments.
From the Department of Culture
Government of India.

(അനന്തരം നാരദൻ പ്രവേശിക്കുന്നു. എല്ലാവരും എഴുന്നേൽക്കുന്നു)

നാരദൻ— ഭൂലോകപാലൻ വെൽവുതാക വെൽവുതാക.

രാജാവ്— (ഉൎവ്വശിയുടെ കയ്യിൽനിന്നു അൎഘ്യം വാങ്ങി ഒഴിച്ചുകൊടുത്തു്) ഭഗവാനേ! ഞാൻ അഭിവാദ്യം ചെയ്യുന്നു.

ഉൎവ്വശി— ഭഗവാനേ! ഞാൻ നമസ്കരിക്കുന്നു.

നാരദൻ— നിങ്ങൾ വേർപിരിയാത്ത ഭാൎയ്യാഭൎത്താക്കന്മാരായി ഭവിക്കട്ടെ.

രാജാവ്— (വിചാരം) ഇങ്ങനെ സംഭവിക്കുമോ? (കുമാരനെ ആലിംഗനം ചെയ്തിട്ടു വെളിവായി) ഉണ്ണീ! ഭഗവാനെ അഭിവാദ്യം ചെയ്യൂ.

കുമാരൻ— ഭഗവാനേ! ഉൎവ്വശീപുത്രൻ ആയുസ്സു നമസ്കരിക്കുന്നു.

നാരദൻ— നീ ആയുഷ്മാനായി ഭവിക്കട്ടെ.

രാജാവ്— ഈ പീഠത്തെ അനുഗ്രഹിക്കുമാറാകണം.

നാരദൻ— അങ്ങനെതന്നെ. (ഇരിക്കുന്നു)

(നാരദനെത്തുടർന്നു എല്ലാവരും ഇരിക്കുന്നു)

രാജാവ്— (വിനയത്തോടെ) ഭഗവാനേ! എന്താണു് വന്നതിന്റെ കാൎയ്യം?

നാരദൻ— രാജാവേ! മഹേന്ദ്രന്റെ സന്ദേശം കേൾക്കുക.

രാജാവ്— ഞാൻ ശ്രദ്ധിക്കുന്നുണ്ടു്.

നാരദൻ— ദിവ്യദൃഷ്ടികൊണ്ടു കണ്ടറിഞ്ഞ മഹേന്ദ്രൻ കാട്ടിലേക്കു പോവാനുറച്ച അങ്ങയോടു് ഉപദേശിക്കുന്നു—

രാജാവ്— എന്താണു് കല്പന?

നാരദൻ— ഭൂതഭാവിവൎത്തമാനങ്ങളറിയുന്ന മഹൎഷിമാർ ഒരു ദേവാസുരയുദ്ധം വരുന്നുണ്ടെന്നു് അരുൾചെയ്തിരിക്കുന്നു. അങ്ങാണു് യുദ്ധത്തിൽ ഞങ്ങൾക്കു സഹായമായിട്ടുള്ളതു്. അതുകൊണ്ടു് അങ്ങു് ആയുധം വെക്കരുതു്. ഈ ഉൎവ്വശിയും ആയുസ്സുള്ളേടത്തോളം കാലം അങ്ങയുടെ സഹധൎമ്മചാരിണിയായിരുന്നുകൊള്ളട്ടെ.

ഉൎവ്വശി— (സ്വകാര്യമായി) ആവൂ! എന്റെ മനസ്സിലെ ശല്യം പോയപോലെയായി.

രാജാവ്— ദേവരാജാവിന്റെ കല്പന ഞാൻ അനുസരിക്കുന്നതാണു്.

നാരദൻ— നല്ലതു്.

അങ്ങയുടെ കാൎയ്യം ഇന്ദ്രൻ ചെയ്തുതരും. അങ്ങു അദ്ദേഹത്തിന്റെ ഇഷ്ടം ചെയ്തുകൊടുക്കുക. സൂൎയ്യൻ അഗ്നിയെ സ്വതേജസ്സുകൊണ്ടു വൎദ്ധിപ്പിക്കുന്നു. അഗ്നി സൂൎയ്യനെയും. 20

(മേല്പോട്ടു് നോക്കീട്ടു്)

രംഭേ! കുമാരൻ ആയുസ്സിനെ യുവരാജാവായി അഭിഷേകം ചെയ്യുന്നതിനു മഹേന്ദ്രൻ സ്വയം ഒരുക്കീട്ടുള്ള ഒരുക്കങ്ങൾ കൊണ്ടുവരൂ.

(പ്രവേശിച്ചിട്ടു്)

രംഭ— ഭഗവാനേ! ഇതാ ആ അഭിഷേകത്തിനുള്ള ഒരുക്കങ്ങൾ.

നാരദഃ— ഉപവേശ്യതാമയമായുഷ്മാൻ ഭദ്രപീഠേ.

രംഭാ— ഇദോ വച്ഛ! [ഇതോ വത്സ!]

(ഇതി കുമാരം ഭദ്രപീഠ ഉപവേശയതി)

നാരദഃ— (കുമാരസ്യ ശിരസി കലശമാവർജ്യ) രംഭേ! നിർവർത്യതാം ശേഷോ വിധിഃ.

രംഭാ— (യഥോക്തം നിർവർത്യ) വച്ഛ! പണമ ഭഅവന്തം പിദരോ അ. [വത്സ! പ്രണമ ഭഗവന്തം പിതരൌ ച]

(കുമാരോ യഥാക്രമം പ്രണമതി)

നാരദഃ— സ്വസ്തി ഭവതേ.

രാജാ— കുലധുരന്ധരോ ഭവ.

ഉർവ്വശീ— പിദുണോ ആരാഹഓ ഹോഹി [പിതുരാരാധകോ ഭവ]

(നേപഥ്യേ വൈതാലികദ്വയം)

പ്രഥമഃ— വിജയതാം യുവരാജഃ.

അമരമുനിരിവാത്രിർബ്രഹ്മണോഽത്രേരിവേന്ദുർ-
ബുധ ഇവ ശിശിരാംശോർബോധനസ്യേവ ദേവഃ
ഭവ പിതുരനുരൂപസ്ത്വം ഗുണൈർലോകകാന്തൈ-
രതിശയിനി സമസ്താ വംശ ഏവാശിഷസ്തേ. 21

ദ്വിതീയഃ—

തവ പിതരി പുരസ്താദുന്നതാനാം സ്ഥിതേഽസ്മിൻ
സ്ഥിതിമതി ച വിഭക്താ ത്വയ്യനാകമ്പ്യധൈര്യേ
അധികതരമിദാനീം രാജതേ രാജലക്ഷ്മീർ-
ഹിമവതി ജലധൌ ച വ്യസ്തതോയേവ ഗംഗാ. 22

രംഭാ— (ഉർവ്വശീമുപേത്യ) ദിട്ഠിആ പിഅസഹീ പുത്തസ്സ ജുവരാഅസിരീഏ ഭത്തുണോ അവിരഹേണ അ വഡ്ഢദി. [ദിഷ്ട്യാ പ്രിയസഖീ പുത്രസ്യ യുവരാജശ്രിയാ ഭർത്തുരവിരഹേണ ച വർദ്ധതേ]

ഉർവ്വശീ — ണം സാഹാരണോ ഏസോ അബ്ഭുദയോ. (കുമാരം ഹസ്തേ ഗൃഹീത്വാ) ഏഹി വച്ഛ! ജേട്ഠമാദരം അഭിവന്ദേഹി. [നനു സാധാരണ ഏഷോഽഭ്യുദയഃ. ഏഹി വത്സ! ജ്യേഷ്ഠമാതരമഭിവന്ദസ്വ]

(കുമാരഃ പ്രതിഷ്ഠതേ)

രാജാ— തിഷ്ഠ. സമമേവ തത്രഭവത്യാഃ സമീപം യാസ്യാമസ്താവൽ.

നാരദഃ—

ആയുഷോ യൌവരാജ്യശ്രീഃ സ്മാരയത്യാത്മജസ്യ തേ
അഭിഷിക്തം മഹാസേനം സൈനാപത്യേ മരുത്വതാ. 23

നാരദൻ— ഈ ആയുഷ്മാനെ ഭദ്രപീഠത്തിലിരുത്തു.

രംഭ— ഉണ്ണീ! ഇങ്ങോട്ടു വരു.

(കുമാരനെ ഭദ്രപീഠത്തിൽ ഇരുത്തുന്നു)

നാരദൻ— (കുമാരൻെറ ശിരസ്സിൽ കലശം ഒഴിച്ചിട്ടു്) രംഭേ! ഇയാളുടെ ബാക്കി ക്രിയകളും നിവ്വഹിക്കു.

രംഭ— (പറഞ്ഞതുപോലെ ചെയ്തിട്ടു്) ഉണ്ണീ! നമസ്കരിക്കു ഭഗവാനേയും മാതാപിതാക്കന്മാരേയും.

(കുമാരൻ ക്രമപ്രകാരം നമസ്കരിക്കുന്നു)

നാരദൻ— അങ്ങേയ്ക്കു സ്വസ്തി.

രാജാവു്— വംശത്തിൻെറ ഭാരം വഹിക്കുക.

ഉവ്വശി— അച്ഛനെ പ്രീതിപ്പെടുത്തുക.

(അണിയറയിൽ സ്തുതിപാഠകന്മാർ)

ഒന്നാമൻ— യുവരാജാവിനു വിജയമുണ്ടാകട്ടെ.

ബ്രഹ്മാവിന്നു ദേവർഷിയായ അത്രിയെന്നപോലെയും അത്രിക്കു ചന്ദ്രനെന്നപോലെയും ചന്ദ്രന്നു ബുധനെന്നപോലെയും ബുധന്നു മഹാരാജാവെന്നപോലെയും അവിടുന്നു ലോകമനോഹരങ്ങളായ ഗുണങ്ങളെക്കൊണ്ടു അച്ഛന്നു് അനുരൂപനായി ഭവിക്കുക. അവിടുത്തേക്കുള്ള ആശീവ്വാദങ്ങളെല്ലാം സവ്വോൽകൃഷ്ടമായ വംശത്തിൽത്തന്നെ പയ്യവസാനിക്കുന്നു. 21

രണ്ടാമൻ— ഉന്നതന്മാരിൽ അഗ്രേസരനായി സ്ഥിതിചെയ്യുന്ന അങ്ങയുടെ ഈ അച്ഛനിലും ധൈയ്യത്താൽ ഇളക്കം തട്ടാത്തവനും ഉറച്ച നിലയുള്ളവനുമായ അങ്ങയിലും കായ്യങ്ങ ൾ പങ്കിട്ടിട്ടു രാജലക്ഷ്മി ഇനി വളരെയേറെ ശോഭിക്കുന്നതാണു്: ഹിമവാനിലും സമുദ്രത്തിലും ജലം പങ്കിട്ടിട്ടു് ഗംഗയെന്നപോലെ. 22

രംഭ— (ഉവ്വശിയുടെ അടുക്കൽ ചെന്നിട്ടു്) ഭാഗ്യം! പ്രിയസഖിക്കു നല്ല കാലം വന്നു. പുത്രനെ യുവരാജാവായിക്കാണുകയും ഭത്താവിൻെറ വേർപാടു കൂടാതെകഴിയുകയും ചെയ്തുവല്ലോ.

ഉവ്വശി— ഈ അഭ്യുദയം നമുക്കു ഒരുപോലെയാണു്. (കുമാരൻെറ കൈ പിടിച്ചിട്ടു്) വരു ഉണ്ണീ! വലിയമ്മയെപ്പോയി വന്ദിക്കുക.

(കുമാരൻ പുറപ്പെടുന്നു)

രാജാവു്— നില്ക്കു. നമുക്കു് ഒപ്പം തത്രഭവതിയുടെ അടുക്കലേക്കു പോകാം.

നാരദൻ— അങ്ങയുടെ മകനായ ആയുസ്സിൻെറ ഈ യൌവരാജ്യാഭിഷേകം സുബ്രഹ്മണ്യനെ ദേവേന്ദ്രൻ സേനാപതിയായി അഭിഷേകം ചെയ്തതിനെ ഓമ്മിപ്പിക്കുന്നു. 23

രാജാ— ഏവമനുഗൃഹീതോ ഭഗവതാ കഥം ന യോഗ്യോ ഭവിഷ്യതി?

നാരദഃ— ഭോ രാജൻ! കിം തേ ഭൂയഃ പ്രിയമുപകരോതു പാകശാസനഃ.

രാജാ— യദി മേ മഘവാ പ്രസന്നഃ, കിമതഃ പരമിച്ഛാമി? തഥാപീദമസ്തു.

(ഭരതവാക്യം)

പരസ്പരവിരോധിന്യോരേകസംശ്രയദുർല്ലഭം
സംഗതം ശ്രീസരസ്വത്യോർഭൂതയേഽസ്തു സദാ സതാം. 24

അപി ച.

സർവ്വസ്തരതു ദുർഗ്ഗാണി സർവ്വോ ഭദ്രാണി പശ്യതു
സർവ്വഃ കാമാനവാപ്നോതു സർവ്വഃ സർവ്വത്ര നന്ദതു. 25

(ഇതി നിഷ്ക്രാന്താഃ സർവ്വേ)

ഇതി പഞ്ചമോഽങ്കഃ.

സമാപ്തമിദം വിക്രമോർവ്വശീയം നാമ നാടകം.

രാജാവു്— ഭഗവാൻ ഇങ്ങനെ അനുഗ്രഹിച്ചാൽ പിന്നെ എങ്ങനെ യോഗ്യനാവാതിരിക്കും?

നാരദൻ— അല്ലയോ രാജാവേ! അങ്ങയ്ക്കിനി മഹേന്ദ്രൻ എന്തൊരു പ്രിയമാണു് ചെയ്തുതരേണ്ടതു്?

രാജാവു്— മഹേന്ദ്രൻ എന്റെ പേരിൽ പ്രസാദിച്ചിട്ടുണ്ടെങ്കിൽ അതിലപ്പുറം എന്തൊന്നാണു് ആഗ്രഹിക്കാനുള്ളതു്? എന്നാലും ഇതിരിക്കട്ടെ.

(ഭരതവാക്യം)

ലക്ഷ്മീദേവിയും സരസ്വതിയും തമ്മിൽ വിരോധമാണു്. ഒരാളിൽ രണ്ടുപേരും ചേർന്നിരിക്കാറില്ല. അവരുടെ ഇണക്കം സജ്ജനങ്ങൾക്കു എന്നും ഐശ്വര്യത്തിനു കാരണമായി ഭവിക്കട്ടെ. 24

മാത്രമല്ല,

എല്ലാവരും ദുർഘടങ്ങളെ തരണം ചെയ്യട്ടെ.
എല്ലാവരും നന്മകൾ കാണട്ടെ.
എല്ലാവർക്കും അഭീഷ്ടസിദ്ധിയുണ്ടാകട്ടെ.
എല്ലാവരും എല്ലായിടത്തും ആനന്ദിക്കട്ടെ. 25

(എല്ലാവരും പോയി)

അഞ്ചാമങ്കം കഴിഞ്ഞു.

വിക്രമോർവ്വശീയം നാടകം അവസാനിച്ചു.

മാളവികാഗ്നിമിത്രം

ആമുഖം

കാളിദാസന്റെ രണ്ടാമത്തെ നാടകമാണ് മാളവികാഗ്നിമിത്രം. ആദ്യത്തെ ദൃശ്യകൃതിയായ വിക്രമോർവ്വശീയത്തിൽ സൂത്രധാരൻ, കാളിദാസന്റെ ഈ പുതിയ കൃതി നിങ്ങൾ ശ്രദ്ധിച്ചു കേട്ടാൽക്കൊള്ളാമെന്നു സദസ്യരോട് പ്രണാമപൂർവ്വം അഭ്യർത്ഥിക്കുന്നു ഇതിലാകട്ടെ, പ്രാചീനകൃതികളെക്കാൾ ഒട്ടും താഴെയല്ല കാളിദാസകൃതിയെന്നു പാരിപാർശ്വികനുമായുള്ള സംഭാഷണത്തിൽ സൂത്രധാരൻ സൂചിപ്പിക്കുന്നുണ്ട്. മൂന്നാമത്തേതായ ശാകുന്തളത്തിന്റെ പ്രസ്താവനയിൽ കാളിദാസനെ സ്ഥിരപ്രതിഷ്ഠ ലഭിച്ച ഒരു കവിയായിട്ടാണ് പ്രസ്താവിക്കുന്നതു്.

ദേവലോകവുമായി ദൃഢബന്ധം പുലർത്തുന്ന ഒരു നാടകമാണല്ലോ വിക്രമോർവ്വശീയം. എന്നാൽ ദേവലോകത്തോടു യാതൊരു ബന്ധവുമില്ലാത്ത, കേവലം ഭൂമിയിൽ നടക്കുന്ന കഥയാണ് ഇതിലെ ഇതിവൃത്തം. രാജ്യഭരണവിഷയത്തിലായാലും നായികാവശീകരണവിഷയത്തിലായാലും സ്വശക്തി തീരെ കുറഞ്ഞ, സചിവായത്തസിദ്ധിയായ രാജാവാണ് നായകനായ അഗ്നിമിത്രൻ. പ്രധാന നായിക മുഗ്ദ്ധയായ—യൗവനാരംഭദശയിലിരിക്കുന്ന—മാളവികയാണ്. ധാരിണി ഇരാവതി എന്ന പൂർവ്വപത്നിമാർ മാളവികാശൃംഗാരത്തിന്റെ പരിപോഷത്തിനുവേണ്ടി നിബന്ധിച്ച പ്രതിനായികമാരാണ്. എങ്കിലും അവർക്കു രണ്ടുപേർക്കും തമ്മിൽ സ്വഭാവംകൊണ്ടു വളരെ അന്തരമുണ്ട്. കോപശീലയാണ് ഇരാവതി. ഭൂമിയെപ്പോലെ ക്ഷമാവതിയാണ് ധാരിണീദേവി. ധാരിണീദേവിയുടെ സ്വഭാവഗുണമാണ് ഈ നാടകത്തിൽ നായകസ്വഭാവത്തെക്കാൾ മികച്ചു നിൽക്കുന്നത്. ഈ മൂന്നു നായികമാരുടെ ചിത്രീകരണത്തിൽ കാളിദാസനു് ആദികവിയോടു് അത്യന്തം കടപ്പാടുള്ളതായിത്തോന്നും. ധാരിണി കൗസല്യയേയും ഇരാവതി കൈകേകിയേയും മാളവിക സുമിത്രയേയും പ്രതിനിധാനം ചെയ്യുന്നു. നർമ്മസചിവനായ ഗൗതമനും നായകനെ ആത്മാർത്ഥമായി സ്നേഹിക്കുന്ന മിഴിവുററ ഒരു കഥാപാത്രമാണ്. നാടകരചനയിൽ കാളിദാസനു് മാർഗ്ഗദർശനം ചെയ്തിട്ടുള്ള ഭാസകവിയുടെ സ്വപ്നവാസവദത്തത്തിന്റെ സ്വാധീനശക്തി ഇതിലുടനീളം പ്രവർത്തിച്ചിട്ടുള്ളതായി അഭിജ്ഞന്മാർക്കു കാണാവുന്നതാണ്.

ഇതിവൃത്തം

ഒന്നാമങ്കം

മിശ്രവിഷ്കംഭകം— നാടകനായികയായ മാളവികയെ പ്രേക്ഷകർക്കു പരിജയപ്പെടുത്തിക്കൊടുക്കുന്ന മിശ്രവിഷ്കംഭകംകൊണ്ടാണ് മാളവികാഗ്നിമിത്രം ആരംഭിക്കുന്നതു്. അതിൽ ആദ്യം നാട്യാചാര്യനെ കാണാൻ

പുറപ്പെട്ട മാളവികാസഖിയായ ബകുളാവലികയും നായകനായ അഗ്നിമിത്രന്റെ പട്ടമഹിഷിയായ ധാരിണീദേവിയ്ക്കുള്ള നാഗമുദ്രാംഗുലീയകം തട്ടാന്റെ അടുക്കൽനിന്നു വാങ്ങിക്കൊണ്ടുവരുന്ന കൌമുദികയെന്ന ദാസിയും തമ്മിൽ വഴിക്കുവെച്ചു കണ്ടുമുട്ടിയപ്പോൾ നടത്തുന്ന ഒരു സംഭാഷണമാണു്. ഒടുവിൽ നാട്യാചാര്യനായ ഗണദാസനും ബകുളാവലികയും തമ്മിൽ നടത്തുന്ന സംഭാഷണവും.

ധാരിണീദേവിക്കു വിജാതീയനായ ഒരു സഹോദരനുണ്ടു്, വീരസേനൻ. അദ്ദേഹം രാജ്യത്തിന്റെ അതിർത്തി സംരക്ഷിക്കുന്ന സൈന്യത്തിന്റെ നായകനാണു്. അദ്ദേഹത്തിന്റെ അടുക്കൽ അനാഥയായ മാളവികയെന്ന ഒരു ബാലിക വന്നുചേർന്നു. കലകൾ പഠിപ്പിക്കുവാൻ പററിയ ബാലികയാണെന്നുകണ്ടു് അവളെ വീരസേനൻ സഹോദരിയായ ധാരിണിയുടെ അടുക്കലേക്കു് അയച്ചു. ധാരിണി മാളവികയെ തനിക്കു് ഏററവും ഇഷ്ടപ്പെട്ട നാട്യാചാര്യനായ ഗണദാസന്റെ അടുക്കൽ അഭിനയം പഠിക്കുവാൻ ഏർപ്പാടുചെയ്തു. ഇപ്പോൾ അവിടെ മാളവിക നാട്യം പഠിച്ചുവരുന്നു. മാളവികയുടെ പഠിപ്പിനെപ്പററി അന്വേഷിക്കുവാൻ ധാരിണീദേവി ഗണദാസന്റെ അടുക്കലേക്കയച്ചു ബകുളാവലികയെ വഴിക്കുവെച്ചു, തട്ടാന്റെ അടുക്കൽനിന്നു ധാരിണീദേവിക്കുള്ള നാഗമുദ്രാംഗുലിയകം വാങ്ങിവരുന്ന കൌമുദിക കാണുന്നു. രാജാവു് അഗ്നിമിത്രൻ എവിടെവെച്ചോ മാളവികയെ കാണുകയുണ്ടായെന്ന വിവരം എങ്ങനെയോ മനസ്സിലാക്കിയ കൊമുദിക അതിനെപ്പററി ബകുളാവലികയോടു ചോദിക്കുന്നു. അതിനു മറുപടിയായി ബകുളാവലിക പറഞ്ഞു— ചിത്രശാലയിൽ ദേവിയുടെ ഒരു ചിത്രം പുതുതായെഴുതിയിരുന്നു. അതിൽ ദേവിയുടെ അടുത്തുതന്നെ പരിജനങ്ങളുടെ കൂട്ടത്തിൽ മാളവികയെയും എഴുതിയിരുന്നു. ആ പുതിയ മുഖം കണ്ടപ്പോൾ കൌതുകം തോന്നിയ അഗ്നിമിത്രൻ ആ ബാലികയെക്കുറിച്ചു അന്വേഷിച്ചു മനസ്സിലാക്കുകയും, നേരിട്ടൊന്നു കാണാൻ ആഗ്രഹിക്കുകയുംചെയ്തു. എന്നാൽ അദ്ദേഹത്തിന്റെ കാമചാപല്യത്തെക്കുറിച്ചു നന്നായറിയുന്ന ധാരിണീദേവി, ആ ബാലിക അഗ്നിമിത്രന്റെ കണ്ണിൽപെടാതിരിക്കാൻ നല്ലപോലെ ശ്രദ്ധിക്കുന്നുണ്ടു്.

ഗണദാസൻ ബകുളാവലികയോടു പറഞ്ഞ വാക്കിൽനിന്നു മാളവിക നാട്യഗ്രഹണത്തിൽ അതിനിപുണയാണെന്ന കാര്യവും വ്യക്തമാവുന്നുണ്ടു്.

അങ്കം— വിദർഭരാജ്യത്തെ രാജാവു യജ്ഞസേനനാണു്. അദ്ദേഹത്തിന്റെ ഇളയച്ഛന്റെ മകനായ മാധവസേനനു മാളവികയെന്ന ഒരു സഹോദരിയുണ്ടു്. തന്റെ സഹോദരിയെ വിദിശാധിപതിയായ അഗ്നിമിത്രനെക്കൊണ്ടു വിവാഹംചെയ്യിച്ചു് അദ്ദേഹത്തിന്റെ ബന്ധുത്വം സമ്പാദിക്കണമെന്നു മാധവസേനൻ ആഗ്രഹിച്ചു. തന്റെ ഭാര്യയേയും അനുജത്തിയെയുംകൂട്ടി വിദിശയിലേക്കു പുറപ്പെട്ടു. അതറിഞ്ഞ യജ്ഞസേനൻ മാധവസേനനെ ബലാൽക്കരമായി പിടിച്ചു ബന്ധനത്തിലാക്കി. ആ കോലാഹലത്തിനിടയിൽ മാളവിക സ്വയം രക്ഷപ്പെട്ടു. അ

പ്പോൾ മാധവസേനന്റെ മന്ത്രിയായ സുമതി കൗശികിയെന്നു പേരുള്ള വിധവയായ തന്റെ സഹോദരിയോടൊപ്പം മാളവികയെയുംകൂട്ടി കച്ചവടക്കാരായ യാത്രക്കാരോടുകൂടി വിദിശയിലേക്കു കാൽനടയായി പുറപ്പെട്ടു. കുറെവഴി ചെന്നപ്പോൾ ഒരു കാട്ടിൽ കച്ചവടക്കാർ താവളമടിച്ചു. അപ്പോഴേക്കും കൊള്ളക്കാരുടെ ഒരു സംഘം വില്ലും അമ്പുമായി ആർത്തുവിളിച്ചു പാഞ്ഞുവന്നു. യുദ്ധം തുടങ്ങി കുറച്ചു കഴിയുന്നതിനു മുമ്പു കച്ചവടക്കാർ തിരിച്ചോടി മാളവികയെ രക്ഷിക്കാൻവേണ്ടി സുമതി കൊള്ളക്കാരുമായി ഏറ്റുമുട്ടി യുദ്ധത്തിൽ മരിച്ചു. കൗശികി ബോധംകെട്ടു വീണു. മാളവികയെ കാടന്മാർ വീരസേനനു കൊണ്ടുപോയിക്കൊടുത്തു. വീരസേനൻ തന്റെ സഹോദരിയായ ധാരിണീദേവിയുടെ അടുക്കലേക്കു പറഞ്ഞയയ്ക്കുകയുംചെയ്തു. ഇതാണ് മാളവികയുടെ പൂർവ്വകഥ. അനാഥയായ മാളവിക തന്റെ സത്യാവസ്ഥ വീരസേനനെയോ ധാരിണിയെയോ അറിയിച്ചില്ല.

സുമതിയുടെ സഹോദരി കൗശികി കാട്ടിൽ ബോധംകെട്ടുവീണുവെന്നു പറഞ്ഞുവല്ലോ. ബോധം തെളിഞ്ഞു നോക്കിയപ്പോൾ മാളവികയെ കണ്ടില്ല. നിരാശ പൂണ്ട് അഗ്നിമിത്രന്റെ രാജ്യത്തു വന്നു കാവിവസ്ത്രം ധരിച്ചു സന്ന്യാസജീവിതം സ്വീകരിച്ചു. യാദൃച്ഛികമായി വിദിശാരാജധാനിയിൽ ചെല്ലാനും ധാരിണിയെ കാണാനും ഇടവന്നപ്പോൾ അവിടെ മാളവികയെയും കണ്ടു. എങ്കിലും മാളവികയുടെ യഥാർത്ഥസ്ഥിതി ധാരിണിയെ അറിയിച്ചില്ല. മാളവികയ്ക്കു ഒരു കൊല്ലത്തെ ദാസ്യമനുഭവിക്കുവാനുള്ള യോഗമുണ്ടെന്നു ഒരു സിദ്ധൻ മുമ്പൊരിക്കൽ പറഞ്ഞിട്ടുള്ളതു് കൗശികിക്ക് അറിയാമായിരുന്നു. ആ ദാസ്യം നാട്യാഭ്യാസവുമായി ധാരിണിയുടെ അടുക്കൽ കഴിഞ്ഞുകൊള്ളട്ടെ എന്നു കരുതിയാണ് കൗശികി മിണ്ടാതിരുന്നതു്. കൗശികിയുടെ താമസം വിദിശയിൽത്തന്നെ തുടരുകയും ചെയ്തു.

മാധവസേനൻ സഹോദരിയായ മാളവികയെ തനിക്കു നൽകുവാൻ വേണ്ടി പുറപ്പെട്ടുപോരുമ്പോൾ യജ്ഞസേനൻ മാധവസേനനെ ഭാർയ്യയോടും സഹോദരിയോടുംകൂടെ ബന്ധനത്തിലാക്കിയിരിക്കുന്നുവെന്നാണ് അഗ്നിമിത്രൻ കേട്ടതു്. ഉടനെ അദ്ദേഹം യജ്ഞസേനനു് ഒരെഴുത്തയച്ചു— മാധവസേനനെ സകുടുംബം ബന്ധനത്തിൽനിന്നു വിടണമെന്നു കാണിച്ചുകൊണ്ടു്.

യജ്ഞസേനൻ അതിനു മറുപടി അയച്ചതു് അനുകൂലമായിട്ടല്ല. മാധവസേനന്റെ കാർയ്യത്തിൽ അങ്ങിടപെടരുതു്. ഞാൻ മാധവസേനനെ വിട്ടേ കഴിയൂ എന്നു അങ്ങയ്ക്കു നിർബ്ബന്ധമുണ്ടെങ്കിൽ, എന്റെ ഭാർയ്യയുടെ സഹോദരനായ മൗർയ്യസചിവനെ അങ്ങു ബന്ധനത്തിലാക്കീട്ടുണ്ടല്ലോ. അദ്ദേഹത്തെ ആദ്യം വിട്ടയക്കണം.' എന്നായിരുന്നു മറുപടി. ഈ മറുപടി കിട്ടിയ സന്ദർഭം തൊട്ടാണ് ഒന്നാമങ്കം തുടങ്ങുന്നതു്. മറുപടി കേട്ട ഉടനെ യജ്ഞസേനന്റെ നേരെ യുദ്ധത്തിനു വീരസേനന്റെ നേതൃത്വത്തിൽ സൈന്യമയയ്ക്കാൻ അഗ്നിമിത്രൻ കല്പന പുറപ്പെടുവിക്കുന്നു.

അഗ്നിമിത്രൻ തൻെറ കണ്ണിൽപ്പെടാതെ ധാരിണീദേവി സംരക്ഷിച്ചുപോരുന്ന മാളവികയെ നേരിട്ടൊന്നു കാണുവാനുപായം കണ്ടുപിടിക്കുന്നതിനു നിയോഗിച്ചിരുന്ന നൎമ്മസചിവനായ ഗൌതമൻ ഒരു കൌശലം കണ്ടുപിടിച്ചു. അഗ്നിമിത്രൻെറ കൊട്ടാരത്തിൽ രണ്ടു നാട്യാചാൎയ്യന്മാരുണ്ടു്, ഗണദാസനും ഹരദത്തനും. ധാരിണീദേവിക്കു ഗണദാസൻെറ പേരിൽ ബഹുമാനം കൂടും. അഗ്നിമിത്രൻ ഹരദത്തപക്ഷപാതിയാണു്. ആ നാട്യാചാര്യന്മാൎക്കു തമ്മിൽ ഒരു കലഹമുണ്ടാക്കിയാൽ മാളവികയെ അരങ്ങത്തു കൊണ്ടുവരാമെന്നു ഗൌതമൻ തീൎച്ചപ്പെടുത്തി, ഏഷണി പ്രയോഗിച്ചു. ഗണദാസനും ഹരദത്തനും തമ്മിൽ വാഗ്‌വിവാദമായി. തങ്ങളിലാരാണു് ഉൽകൃഷ്ടനെന്നു് മഹാരാജാവുതന്നെ തീൎച്ചപ്പെടുത്തണമെന്നു പറഞ്ഞുകൊണ്ടു അവർ അഗ്നിമിത്രനെ സമീപിച്ചു. അഗ്നിമിത്രനാകട്ടെ, താൻ ഹരദത്തപക്ഷപാതിയാകയാൽ താനെന്തെങ്കിലും ഒററയ്ക്കു തീരുമാനിക്കുന്നതു ധാരിണീദേവിക്കു സമ്മതമാകാത്തതുകൊണ്ടു ധാരിണീദേവിയും പണ്ഡിതകൌശികിയെന്ന സന്ന്യാസിനിയും താനും കൂടി കാൎയ്യം തീരുമാനിക്കാമെന്നേററു. ധാരിണിയെയും പണ്ഡിതകൌശികിയെയും വരുത്തി. തീൎപ്പു് കല്പിക്കേണ്ടുന്ന ചുമതല അഗ്നിമിത്രൻ പണ്ഡിതകൌശികിക്കു വിട്ടുകൊടുത്തു. അവരാകട്ടെ, പ്രയോഗപ്രധാനമാണു് നാട്യകലയെന്നും നാട്യാചാൎയ്യന്മാർ എന്ന നിലയ്ക്കു രണ്ടുപേരുടെയും ശിഷ്യരുടെ നാട്യപ്രയോഗം കണ്ടാലേ തീരുമാനിക്കാൻ കഴിയുകയുള്ളുവെന്നും തുറന്നു പറഞ്ഞു. ആചാൎയ്യന്മാർ സമ്മതിച്ചു. എന്നാൽ പുതിയ ശിഷ്യയെ രംഗത്തിലവതരിപ്പിക്കുന്നതിൽ ധാരിണിക്കു വളരെ വൈമുഖ്യമുണ്ടു്. ഗണദാസനു് ആ പുതിയ ശിഷ്യയെക്കൊണ്ടുതന്നെ നാട്യപ്രയോഗം നടത്തിക്കണമെന്നുമുണ്ടു്. ഒടുവിൽ ഗണദാസൻെറ നിൎബ്ബന്ധത്തിനു ധാരിണി വഴങ്ങുന്നു. ശൎമ്മിഷ്ഠയെ സംബന്ധിച്ചുള്ള ഒരേ പദം തന്നെ രണ്ടുപേരുടെ ശിഷ്യകളും പാടി അഭിനയിക്കണമെന്നും സൎവ്വാംഗസൌഷ്ഠവം വ്യക്തമാവുന്നതിനുവേണ്ടി വേഷവിധാനമൊന്നും കൂടാതെ അഭിനയിച്ചാൽ മതിയെന്നും സന്ന്യാസിനി നാട്യാചൎയ്യന്മാൎക്കു നിൎദ്ദേശം നൽകുകയും ചെയ്തു.

ദേവയാനിയുടെ ദാസ്യത്തിൽ കഴിഞ്ഞുകൂടിയിരുന്ന ശൎമ്മിഷ്ഠയ്ക്കും ധാരിണീദേവിയുടെ ദാസ്യത്തിൽ കഴിഞ്ഞുകൂടുന്ന മാളവികയ്ക്കും തമ്മിലുള്ള സാദൃശ്യമാവണം, ശൎമ്മിഷ്ഠയെ സംബന്ധിച്ച പദം ചൊല്ലിയാടണമെന്നു പണ്ഡിതകൌശികി നിൎദ്ദേശം നൽകുവാൻ കാരണം. മാളവികയുടെ സത്യാവസ്ഥ പണ്ഡിതകൌശികിക്കറിയാമല്ലോ.

ഇങ്ങനെ നായകനു് നായികയായ മാളവികയുടെ പേരിൽ അനുരാഗം അങ്കുരിച്ച കാൎയ്യം കവി ഒന്നാമങ്കത്തിൽ വ്യക്തമാക്കുന്നു.

രണ്ടാമങ്കം

മാളവികയുടെ അഭിനയമാണു് രണ്ടാമങ്കം. ശൎമ്മിഷ്ഠയുടെ ഭാവത്തിൽ രംഗപ്രവേശം ചെയ്ത മാളവിക, അഭിനയത്തിലൂടെ തനിക്കു് അ

ഗ്നിമിത്രനെക്കുറിച്ചുള്ള അനുരാഗം പ്രകാശിപ്പിക്കുന്നു. അഗ്നിമിത്രന് അതു മനസ്സിലാവുകയും ചെയ്യുന്നു. ചിത്രദർശനത്താൽ അഗ്നിമിത്രനിൽ അങ്കുരിച്ച അനുരാഗം, മാളവികയ്ക്കു തന്നിൽ ഇങ്ങോട്ടും അനുരാഗമുണ്ടെന്നറിഞ്ഞതോടുകൂടി ദൃഢമൂലമാവുകയും ചെയ്യുന്നു.

ഗണദാസന്റെ മാത്രം പ്രയോഗദർശനമേ രണ്ടാമങ്കത്തിലുള്ളു. അതു കഴിഞ്ഞപ്പോഴേക്കും സമയം ഉച്ചയായതുകൊണ്ടു് ഹരദത്തന്റെ പ്രയോഗം പിറേറ ദിവസത്തേക്കു മാററിവെച്ചു.

മൂന്നാമങ്കം

പ്രവേശകം — പണ്ഡിതകൌശികിയുടെ ദാസിയായ സമാഹിതികയും ഉദ്യാനപാലികയായ മധുകരികയും തമ്മിലുള്ള സംഭാഷണമാണു് മൂന്നാമങ്കത്തിലെ പ്രവേശകത്തിൽ നടക്കുന്നതു്.

നാട്യപ്രയോഗത്തിൽ ശിഷ്യാഗുണം കൊണ്ടു് ഗണദാസന്റെ ഭാഗമാണു് കൂടുതൽ മെച്ചപ്പെട്ടതെന്ന കാര്യവും അഗ്നിമിത്രനും മാളവികയ്ക്കും പരസ്പരാനുരാഗം വളരെ ശക്തിപ്പെട്ടിട്ടുണ്ടെങ്കിലും ധാരിണീദേവിക്കു് അസുഖം വരാതിരിക്കാൻ വേണ്ടിമാത്രം അഗ്നിമിത്രൻ അതു പുറത്തുകാണിക്കാതിരിക്കയാണെന്ന കാര്യവും ഉദ്യാനത്തിൽ പൊന്നശോകം പൂക്കാൻ കാലതാമസം വന്നുകാണുന്നുണ്ടെന്ന കാര്യവും ആ പ്രവേശകത്തിൽ സൂചിപ്പിക്കുന്നു.

അങ്കം — അഗ്നിമിത്രനു മാളവികയെ അനുകൂലിപ്പിക്കുന്ന കാര്യത്തിൽ തുണനിൽക്കണമെന്നു ഗൌതമൻ, മാളവികയുടെ സഖിയായ ബകുളാവലികയോടു ആവശ്യപ്പെട്ടു. ധാരിണി മാളവികയെ പുറത്തുവിടാതെ സൂക്ഷിക്കുന്നതുകൊണ്ടു കാര്യം സാധിപ്പിക്കാൻ പ്രയാസമുണ്ടെന്നും എന്നാൽ തന്നാൽ കഴിയുന്നതെല്ലാം ചെയ്തുകൊള്ളാമെന്നും ബകുളാവലിക മറുപടിയും പറഞ്ഞു.

ഉദ്യാനത്തിലെ പൊന്നശോകം പൂക്കാൻ സുന്ദരിയായ ഒരു സ്ത്രീ അണിഞ്ഞൊരുങ്ങിച്ചെന്നു് അതിന്മേൽ ചവിട്ടേണ്ടതുണ്ടു്. ഗൌതമന്റെ ഏതോ കുസൃതി നിമിത്തം ധാരിണി ഊഞ്ഞാലിന്മേൽനിന്നു വീണിട്ടു നടക്കാൻ വയ്യാതെ ഇരിപ്പാണു്. അതിനാൽ മാളവികയെ അശോകശുശ്രൂഷണത്തിനു ധാരിണീദേവി നിയോഗിക്കുന്നു. അഞ്ചുദിവസത്തിനുള്ളിൽ അശോകം പൂക്കുന്നപക്ഷം നിന്റെ ആഗ്രഹം സാധിപ്പിച്ചു തരുന്നതാണെന്നു ധാരിണി മാളവികയ്ക്കു പ്രോത്സാഹനവും നൽകുന്നു.

വസന്തകാലമായതുകൊണ്ടു പ്രിയതമനോടൊപ്പം ഉദ്യാനത്തിൽ ചെന്നു ഊഞ്ഞാലാടിയാൽക്കൊള്ളാമെന്നു അഗ്നിമിത്രന്റെ ദ്വിതീയപത്നിയായ ഇരാവതിക്കൊരു മോഹം. നിപുണികവഴിക്കു തന്റെ ആഗ്രഹം ഇരാവതി അഗ്നിമിത്രനെ അറിയിച്ചു. മാളവികയെക്കുറിച്ചുള്ള

വിചാരംനിമിത്തം ഇരാവതിയുമായി വിനോദിക്കുന്നതിൽ അഗ്നിമിത്രനു വൈമുഖ്യമുണ്ടു്. എങ്കിലും ഗൌതമന്റെ നിർബന്ധം നിമിത്തം അദ്ദേഹം നേരത്തെത്തന്നെ ഗൌതമനോടൊപ്പം ഉദ്യാനത്തിൽച്ചെന്നു ചേരുന്നു. കുറച്ചു കഴിയുമ്പോഴേക്കും അശോകശുശ്രൂഷയ്ക്കു മാളവികയും ആ പൊന്നശോകത്തിന്റെ തണലിൽ എത്തിച്ചേരുന്നു. കാലിലണിയാനുള്ള അലങ്കാരങ്ങളുമായി ബകുളാവലിക പിന്നാലെ വരുന്നേ ഉള്ളു. അതു കണ്ടപ്പോൾ അഗ്നിമിത്രനും ഗൌതമനും വള്ളിപ്പടപ്പുകളിൽ മറഞ്ഞു മാളവികയെത്തന്നെ ഉററുനോക്കി നില്ക്കുന്നു. അപ്പോഴേക്കും ബകുളാവലിക അലങ്കാരങ്ങളുമായി മാളവികയുടെ അടുക്കലെത്തിച്ചേരുന്നു. ബകുളാവലിക മാളവികയുടെ കാലിന്മേൽ ചെമ്പഞ്ഞിച്ചാറണിയുന്നു. ആ സമയത്താണു് നിപുണികയോടുകൂടി ഇരാവതി അവിടെ ഊഞ്ഞാൽമണ്ഡപത്തിൽ വന്നുചേരുന്നതു്. അഗ്നിമിത്രനെ അവിടെ കാണായ്കയാൽ അശോകത്തറയിലേക്കു പുറപ്പെട്ടു. അപ്പോൾ മാളവികയുണ്ടു് അശോകത്തറയിലിരിക്കുന്നു. ബകുളാവലിക മാളവികയുടെ കാലിന്മേൽ ചെമ്പഞ്ഞിച്ചാറണിയുന്നു. ഇരാവതിക്കു് എന്തോ ശങ്കതോന്നി. അശോകശുശ്രൂഷണത്തിന്നു ധാരിണി, തന്നെ നിയോഗിക്കാതെ മാളവികയെ നിയോഗിച്ചതിൽ അല്പം അസൂയയും തോന്നി. നിപുണികയും ഇരാവതിയും മാളവികയെ ഉററുനോക്കി മറഞ്ഞുനിന്നു. ബകുളാവലിക സന്ദർഭമുണ്ടാക്കി മാളവികയോടു രാജാവിന്റെ അനുരാഗത്തെക്കുറിച്ചറിയിച്ചു. തുടന്നു മാളവിക അശോകത്തിന്മേൽ ഇടത്തുകാലെടുത്തുവെച്ചു. പെട്ടെന്നു അഗ്നിമിത്രനും ഗൌതമനും അവിടെ കടന്നുചെല്ലുന്നു ബകുളാവലിക മാളവികയെക്കൊണ്ടു അഗ്നിമിത്രനെ നമസ്കരിപ്പിച്ചു. മാളവിക പരിഭ്രമിച്ചു പോകാൻ പുറപ്പെട്ടു. 'എന്റെ അഭിലാഷവും സാധിച്ചുതത്ര്' എന്നായി അഗ്നിമിത്രൻ. പെട്ടെന്നു ഇരാവതി കടന്നുചെന്നു. എല്ലാവരും പരിഭ്രമത്തിലായി. മാളവികയും ബകുളാവലികയും പോയി. അഗ്നിമിത്രൻ ഇരാവതിയെ സമാധാനിപ്പിച്ചുനോക്കി. അതൊന്നും വകവെക്കാതെ ഇരാവതി കടന്നുപോകുകയുംചെയ്തു. അങ്ങനെ തൽക്കാലം അഗ്നിമിത്രനു് ഇരാവതീകോപത്തിൽനിന്നു മോചനം കിട്ടുന്നു.

നാലാമങ്കം

ധാരിണീദേവി കാലിന്മേൽ വേദനയായിട്ടിരിപ്പാണെന്നു പറഞ്ഞുവല്ലോ? ഇരാവതി ധാരിണിയെ കാണാൻ ചെന്നു. അപ്പോൾ താൻ തലേദിവസം ഉദ്യാനത്തിൽവെച്ചു കണ്ട മാളവികയുടെ കഥ ധാരിണിയെ അറിയിച്ചു. ഇരാവതിയെ പ്രീതിപ്പെടുത്താൻവേണ്ടി ധാരിണി മാളവികയെയും ബകുളാവലികയെയും നിലവറക്കുണ്ടിൽ ചങ്ങലയ്ക്കിട്ടു് ബന്ധനത്തിലാക്കി. തന്റെ നാഗമുദ്രയുള്ള മോതിരം കണ്ടാലല്ലാതെ അവരെ വിട്ടയയ്ക്കരുതെന്നു കാവൽക്കാരിയെ ഏല്പിക്കുകയുംചെയ്തു. ഈ വിവരം പണ്ഡിതകൌശികിയിൽനിന്നു ഗൌതമൻ മനസ്സിലാക്കി. അഗ്നിമിത്രന്റെ കാമതാപമൂർച്ഛ കണ്ടപ്പോൾ ഗൌതമൻ മാളവികയെ ഏതെങ്കിലും വിധത്തിൽ നിലവറക്കുണ്ടിൽനിന്നു വിടുവിക്കണമെന്നു തീർച്ചയാക്കി. അതിനൊരു ഉപായവും കണ്ടുപിടിച്ചു.

അഗ്നിമിത്രൻ ധാരിണിയുടെ കാലിലെ അസുഖത്തെക്കുറിച്ചന്വേഷിക്കാൻ അവിടെച്ചെല്ലുക. അപ്പോഴേക്കും ഗൌതമൻ, കൈതമുള്ളുകൊണ്ടു കയ്യിന്മേൽ ഒരു മുറിവുണ്ടാക്കി പാമ്പുകടിച്ചുവെന്നും പറഞ്ഞു ധാരിണിയുടെ അടുക്കലേക്കു പാഞ്ഞുചെല്ലുക, വിഷവേഗം നടിക്കുക, ഉടനെ ഗൌതമനെ താങ്ങിയെടുത്തു വിഷവൈദ്യന്റെ അടുക്കലേക്കു കൊണ്ടുപോവുക, വിഷമിറക്കാൻ ഒരു നാഗമുദ്രയുടെ ആവശ്യമുണ്ടെന്നു വിഷവൈദ്യൻ പറഞ്ഞതായി ആളെ അയച്ചു ധാരണിയുടെ കയ്യിന്മേലുള്ള നാഗമുദ്രമോതിരം കൈവശപ്പെടുത്തുക. ഗൌതമൻ തന്നെചെന്നു ചില തന്ത്രങ്ങളും പറഞ്ഞു വിശ്വസിപ്പിച്ചു നാഗമുദ്രകാണിച്ചു മാളവികയെ ബന്ധനത്തിൽനിന്നു വിടുവിക്കുക ഇതാണുപായം. അതുപ്രകാരമെല്ലാം നിർവ്വഹിച്ചു മാളവികയെ ഉദ്യാനത്തിലെ സമുദ്രഗൃഹത്തിൽ കൊണ്ടുപോയാക്കി. എന്നിട്ടു ചെന്നു് അഗ്നിമിത്രനെയും കൂട്ടിക്കൊണ്ടുപോന്നു സമുദ്രഗൃഹത്തിലെത്തിച്ചു. ആ ഗൃഹത്തിന്റെ പുറന്തിണ്ണയിൽ ഗൌതമൻ കാവലിരിക്കുകയും ചെയ്തു.

സമുദ്രഗൃഹത്തിന്റെ തിണ്ണയിൽ ഗൌതമനിരുന്നു് ഉറങ്ങുന്നതു കണ്ടുവെന്നു ചന്ദ്രികയെന്ന ദാസി പറഞ്ഞറിഞ്ഞ ഇരാവതി വിഷമിറങ്ങിയതിനെപ്പററി നേരിട്ടുകണ്ടന്വേഷിക്കാമെന്നു കരുതി സമുദ്രഗൃഹത്തിലേക്കു പുറപ്പെട്ടു. അവിടെച്ചെന്നപ്പോൾ സമുദ്രഗൃഹത്തിൽ മാളവികയും ബകുളാവലികയും അഗ്നിമിത്രനും ഗൌതമനും ഒക്കെയുണ്ടു്. ഇരാവതിയെ കണ്ടതോടുകൂടി എല്ലാവരും പരിഭ്രാന്തരായി. ഗൌതമന്റെ തന്ത്രമാണു് അവിടെ നടന്നിട്ടുള്ളതെന്നു് ഇരാവതിക്കു തീർച്ചപ്പെട്ടു. അഗ്നിമിത്രൻ എന്തുചെയ്യണമെന്നറിയാതെ പരുങ്ങുമ്പോഴേക്കും അഗ്നിമിത്രന്റെ മകൾ വസുലക്ഷ്മിയെ പന്തുകളിക്കുന്നതിന്നിടയിൽ മൊച്ച പിടിച്ചു ഭയപ്പെടുത്തിയെന്നും ധാരിണിയുടെ മടിയിൽകിടന്നു കിടുകിട വിറയ്ക്കുന്നുവെന്നും കേട്ടു് എല്ലാവരും അങ്ങോട്ടുപോകയുംചെയ്തു. ഇരാവതിയുടെ കോപത്തിന്നു രസാന്തരംകൊണ്ടു തൽക്കാലം അങ്ങനെയൊരു ശമനവും കിട്ടി. അഞ്ചു ദിവസം തികയുന്നതിന്നു മുമ്പുതന്നെ പൊന്നശോകം പൂത്തുവെന്നുള്ള വാർത്ത മാളവികയ്ക്കു തെല്ലൊരു മനസ്സമാധാനവും നൽകി.

അഞ്ചാമങ്കം

പ്രവേശകം— ഉദ്യാനപാലികയായ മധുകരികയും അന്തഃപുരഭൃത്യരിൽപ്പെട്ട സാരസികനും തമ്മിൽ വഴിക്കുവെച്ചു നടക്കുന്ന ഒരു സംഭാഷണമാണു് അഞ്ചാമങ്കത്തിലെ പ്രവേശകം. വീരസേനനും സൈന്യവും ചെന്നു വിദർഭരാജാവായ യജ്ഞസേനനെ കീഴടക്കി മാളവികയുടെ ജ്യേഷ്ഠനായ മാധവസേനനെ ബന്ധനത്തിൽ നിന്നു മോചിപ്പിച്ചുവെന്നും വിലപിടിച്ച പല സാധനങ്ങളും വാഹനങ്ങളും ശില്പവൈദഗ്ദ്ധ്യമുള്ള പരിജനങ്ങളുമായി ഒരു ദൂതൻ അവിടെനിന്നു വന്നിട്ടുണ്ടെന്നുമുള്ള ശത്രുവിജയ വൃത്താന്തം ഈ പ്രവേശകത്തിൽ സൂചിപ്പിക്കപ്പെട്ടിരിക്കുന്നു.

അങ്കം— ധാരിണീദേവി പണ്ഡിതകൌശികിയെക്കൊണ്ടു മാളവികയെ വിവാഹോചിതമായ വിധത്തിൽ അലങ്കരിപ്പിച്ചു അവരോടുകൂടി പൊന്നശോകത്തിന്റെ അടുക്കൽച്ചെന്നു് അഗ്നിമിത്രന്നു് ആളെ അയച്ചു, അശോകം പൂത്തതു കാണാൻ അങ്ങോട്ടു ചെല്ലാൻ ക്ഷണിച്ചുകൊണ്ടു്. ഗൌതമനും അഗ്നിമിത്രനും ചെന്നപ്പോൾ ധാരിണിയും മാളവികയും പണ്ഡിത കൌശികിയും അവിടെയുണ്ടു്. അവിടെച്ചെന്നു അശോകപുഷ്പശോഭ നോക്കിക്കണ്ടുകൊണ്ടിരിക്കെ വിദർഭരാജ്യത്തുനിന്നു വന്ന രണ്ടു ശില്പകാരിണികൾ— മദനികയും ജ്യോൽസ്നികയും— അഗ്നിമിത്രനെ കാണാൻ അവിടെയെത്തി. അവരും മാളവികയും പണ്ഡിതകൌശികിയും തമ്മിൽ കണ്ടതോടുകൂടി സത്യമെല്ലാം വെളിപ്പെട്ടു. മാളവികയുടെയും പണ്ഡിതകൌശികിയുടെയും പൂർവ്വകഥയെല്ലാം മനസ്സിലായതോടെ എല്ലാവരും അത്ഭുതപ്പെട്ടു. മാളവികക്കു് ഒരു കൊല്ലം ദാസ്യമനുഭവിക്കേണ്ടിവരുമെന്നുള്ള സിദ്ധാദേശമാണു് താൻ മാളവികയുടെ സത്യാവസ്ഥവെളിപ്പെടുത്താതിരിക്കാൻ കാരണമെന്നു പണ്ഡിതകൌശികി അറിയിച്ചു. അപ്പോഴേക്കും വിദർഭരാജ്യത്തെക്കാര്യവും ആലോചനയിൽ വന്നു.

വിദർഭരാജ്യത്തിൽ പകുതി മാധവസേനന്നും പകുതി യജ്ഞസേനന്നുമായി പങ്കിട്ടുകൊടുക്കാൻ അഗ്നിമിത്രൻ കല്പന പുറപ്പെടുവിച്ചു. ആ സമയത്താണു് അച്ഛൻ പുഷ്യമിത്രന്റെ എഴുത്തുമായി ആൾ വന്നതു്. അഗ്നിമിത്രന്റെ പുത്രനായ വസുമിത്രന്റെ നേതൃത്വത്തിൽ അയച്ചിരുന്ന യജ്ഞാശ്വത്തെ സിന്ധുനദീതീരത്തിൽവെച്ചു യവനസൈന്യം തടഞ്ഞുവെന്നും അവരെ യുദ്ധത്തിൽ ജയിച്ചു കുതിരയുമായി വസുമിത്രൻ മടങ്ങി വന്നിരിക്കുന്നുവെന്നും യാഗത്തിനു അഗ്നിമിത്രൻ കുടുംബസമേതം ചെല്ലണമെന്നുമാണു് എഴുത്തിലെ ഉള്ളടക്കം. ഉടനെ പുത്രന്റെ ജയവൃത്താന്തം അറിഞ്ഞതിന്റെ പാരിതോഷികമെന്ന നിലയിൽ ഇരാവതിയടക്കം എല്ലാവരുടെയും പരിപൂർണ്ണസമ്മതത്തോടുകൂടി ധാരിണീദേവി മാളവികയെ അഗ്നിമിത്രന്നു വിവാഹം ചെയ്തുകൊടുക്കുന്നു. എല്ലാവരും കൃതാർത്ഥരാവുന്നു.

പാത്രപരിചയഃ

പുരുഷാഃ

സൂത്രധാരഃ — നാടകസ്യ പൂർവ്വരംഗകർത്താ
പാരിപാർശ്വികഃ — സൂത്രധാരസ്യ സഹചരഃ
രാജാ — അഗ്നിമിത്രാഖ്യോ വിദിശാധീശഃ
വാഹതകഃ — പ്രാചീനമന്ത്രീ
വിദൂഷകഃ — ഗൌതമോ നാമ രാജ്ഞോ മിത്രം
കഞ്ചുകീ — അന്തഃപുരാദ്ധ്യക്ഷോ വൃദ്ധബ്രഹ്മണഃ
ഗണദാസോ
ഹരദത്തശ്ച — നാട്യാചാർയ്യൌ
സാരസികഃ — കുബ്ജഃ കിങ്കരവിശേഷഃ
വൈതാളികഃ — സ്തുതിപാഠകഃ

സ്ത്രിയഃ

മാളവികാ — മാളവാധീശമാധവസേനസ്യ ഭഗിനീ
ധാരിണീ — അഗ്നിമിത്രസ്യ ജ്യേഷ്ഠാ മഹിഷീ
ഇരാവതീ — അഗ്നിമിത്രസ്യ ദ്വിതീയാ പത്നീ
പരിവ്രാജികാ — കൌശികീനാമ്നീ മാധവസേനസചിവസ്യ സുമതേർവിധവാ ഭഗിനീ
ബകുളാവലികാ — ധാരിണ്യാഃ പരിചാരികാ മാളവികായാഃ സഖീ
മധുകരികാ — ഉദ്യാനപാലികാ
കൌമുദികാ — ദാസീ
സമാഹിതികാ — പരിവ്രാജികായാഃ പരിചാരികാ
നിപുണികാ — ഇരാവത്യാഃ പരിചാരികാ
ജയസേനാ — പ്രതീഹാരീ
ചേടീ — അപരാ ദാസീ
മദനികാ,
ജ്യോൽസ്നികാ ച — വിദർഭദേശാഗത ശില്പിന്യൌ

കഥാപാത്രങ്ങൾ

പുരുഷന്മാർ

സൂത്രധാരൻ — നാടകത്തിൻെറ അവതാരകൻ
പാരിപാർശ്വികൻ — സൂത്രധാരൻെറ കൂട്ടുകാരൻ
രാജാവ് — അഗ്നിമിത്രൻ വിദിശാധിപതി
വാഹതകൻ — പഴയ മന്ത്രി
വിദൂഷകൻ — രാജാവിൻെറ ഗൌതമൻ എന്ന തോഴൻ
കഞ്ചുകി — അന്തഃപുരാദ്ധ്യക്ഷൻ വൃദ്ധബ്രാഹ്മണൻ
ഗണദാസനും ഹരദത്തനും — നാട്യാചാര്യന്മാർ
സാരസികൻ — ഒരു ഭൃത്യൻ
വൈതാളികൻ — സ്തുതിപാഠകൻ

സ്ത്രീകൾ

മാളവിക — മാളവാധിപതിയായ മാധവസേനൻെറ സഹോദരി
ധാരിണി — അഗ്നിമിത്രൻെറ പട്ടമഹിഷി
ഇരാവതി — അഗ്നിമിത്രൻെറ രണ്ടാമത്തെ പത്നി
പരിവ്രാജിക — കൌശികി എന്ന സന്യാസിനി, മാധവസേനമന്ത്രിയായ സുമതിയുടെ വിധവയായ സഹോദരി
ബകുളാവലിക — ധാരണിയുടെ ദാസി, മാളവികയുടെ സഖി
മധുകരിക — ഉദ്യാനംകാവൽക്കാരി
കൌമുദിക — ഒരു ദാസി
സമാഹിതിക — പരിവ്രാജികയുടെ ദാസി
നിപുണിക — ഇരാവതിയുടെ ദാസി
ജയസേന — കാവൽക്കാരി
ചേടി — മറെറാരു ദാസി
മദനികയുംജ്യോത്സ്നികയും — വിദർഭദേശക്കാരികളായ ശില്പിനികൾ

മാളവികാഗ്നിമിത്രം

മൂലം

പ്രഥമോഽങ്കഃ

പ്രസ്താവനാ

(നാന്ദ്യന്തേ തതഃ പ്രവിശതി സൂത്രധാരഃ)

സൂത്രധാരഃ—

ഏകൈശ്വര്യേ സ്ഥിതോഽപി പ്രണതബഹുഫലേ।
യഃ സ്വയം കൃത്തിവാസാഃ
കാന്താസംമിശ്രദേഹോഽപ്യവിഷയമനസാം
യഃ പരസ്താദ്യതീനാം
അഷ്ടാഭിര്യസ്യ കൃൽസ്നം ജഗദപി തനുഭിർ—
ബിഭ്രതോ നാഭിമാനഃ
സന്മാർഗ്ഗാലോകനായ വ്യപനയതു സ വ—
സ്താമസീം വൃത്തിമീശഃ. 1

(നേപഥ്യാഭിമുഖമവലോക്യ) മാരിഷ! ഇതസ്താവൽ.

(പ്രവിശ്യ)

പാരിപാർശ്വികഃ— ഭാവ! അയമസ്മി.

സൂത്രധാരഃ — അഭിഹിതോഽസ്മി വിദ്വൽപരിഷദാ—'കാളിദാസഗ്രഥിതവസ്തു മാളവികാഗ്നിമിത്രം നാമ നാടകമസ്മിൻ വസന്തോത്സവേ പ്രയോക്തവ്യം' ഇതി. തദാരഭ്യതാം സംഗീതം.

പാരിപാർശ്വികഃ— മാ താവൽ. പ്രഥിതയശസാം ഭാസസൌമില്ലകകവിപുത്രാദീനാം പ്രബന്ധാനതിക്രമ്യ വർത്തമാനകവേഃ കാളിദാസസ്യ ക്രിയായാം കഥം ബഹുമാനഃ?

സൂത്രധാരഃ— അയി! വിവേകവിശ്രാന്തമഭിഹിതം. പശ്യ—

പുരാണമിത്യേവ ന സാധു സർവ്വം
ന ചാപി കാവ്യം നവമിത്യവദ്യം
സന്തഃ പരീക്ഷ്യാന്യതരൽ ഭജന്തേ
മൂഢഃ പരപ്രത്യയനേയബുദ്ധിഃ. 2

പാരിപാർശ്വികഃ— ആര്യമിശ്രാഃ പ്രമാണം.

സൂത്രധാര:— തേന ഹി ത്വരതാം ഭവാൻ.

ശിരസാ പ്രഥമഗൃഹീതാമാജ്ഞാമിച്ഛാമി പരിഷദഃ കർത്തും,
ദേവ്യാ ഇവ ധാരിണ്യാഃ സേവാദക്ഷഃ പരിജനോഽയം. 3

(ഇതി നിഷ്ക്രാന്തൌ)

ഇതി പ്രസ്താവനാ

മാളവികാഗ്നിമിത്രം

ഗദ്യവിവത്തനം

ഒന്നാമങ്കം

പ്രസ്താവന

(നാന്ദിയുടെ അവസാനത്തിൽ സൂത്രധാരൻ പ്രവേശിക്കുന്നു)

സൂത്രധാരൻ—

ഭക്തന്മാക്കു വേണ്ടുവോളം സമ്പത്തു നൽകുവാൻവേണ്ടി ഏററവുമധികം ഐശ്വയ്യം ഉള്ളവനായിരുന്നിട്ടും ആരാണോ വെറും തോൽമാത്രം ഉടുത്തു കഴിഞ്ഞുകൂടുന്നതു്, ഭായ്യയോടൊട്ടിച്ചേർന്ന ദേഹത്തോടുകൂടിയവനായിരുന്നിട്ടും ആരാണോ വിഷയവിരക്തി വന്ന യോഗീന്ദ്രന്മാരിൽ അഗ്രേസരനായിരിക്കുന്നതു്, എട്ടു ശരീരങ്ങളെക്കൊണ്ടു ലോകം മുഴുവനും ഭരിക്കുന്നവനായിരുന്നിട്ടുപോലും ആക്കാണോ അഹങ്കാരം തീരെയില്ലാത്തതു്, ആ പരമേശ്വരൻ നല്ല ജീവിതമാഗ്ഗം തെളിഞ്ഞുകാണുവാൻവേണ്ടി നിങ്ങളുടെ ഇരുട്ടകററുമാറാകട്ടെ. 1

(അണിയറയിലേക്കു നോക്കി) മാരിഷ! * ഇവിടെ ഒന്നു വരൂ.

(പ്രവേശിച്ചിട്ടു്)

പാരിപാശ്വികൻ— ഭാവ! † ഞാനിതാ വന്നിരിക്കുന്നു.

സൂത്രധാരൻ— പണ്ഡിതസദസ്സു എന്നോടു പറഞ്ഞിരിക്കുന്നു— 'ഈ വസന്തോത്സവത്തിൽ കാളിദാസൻ ഉണ്ടാക്കിയ മാളവികാഗ്നിമിത്രം എന്ന നാടകം അഭിനയിക്കണം' എന്നു്. അതുകൊണ്ടു് സംഗീതം ആരംഭിച്ചുകൊള്ളൂ.

പാരിപാശ്വികൻ— വരട്ടെ. ഭാസൻ, സൌമില്ലകൻ, കവിപുത്രൻ തുടങ്ങിയ പേരുകേട്ട കവികളുടെ കൃതികളേക്കാൾ ഇന്നുള്ള കാളിദാസകവിയുടെ കൃതിയുടെ പേരിൽ ബഹുമാനമോ?

സൂത്രധാരൻ— ഏയ്! ഈ പറഞ്ഞതു വിവേകമില്ലാഞ്ഞിട്ടാണു്. നോക്കൂ—

പഴയതാണെന്നുവെച്ചു് എല്ലാം നല്ലതായിക്കൊള്ളണമെന്നില്ല. പുതിയതാണെന്നുവെച്ചു് കാവ്യം മോശമാവുന്നുമില്ല. വിവേകികൾ പരിശോധിച്ചു് നല്ലതു തിരഞ്ഞെടുക്കുന്നു. വിഡ്ഢി മററുള്ളവർ പറയുന്നതു് വിശ്വസിക്കുന്നു. 2

പാരിപാശ്വികൻ— മാന്യസദസ്യരുടെ ഇഷ്ടംപോലെയാവാം.

സൂത്രധാരൻ— എന്നാൽ താൻ വേഗം ശ്രമിക്കൂ.

ആദ്യമേ തലകുനിച്ചു സ്വീകരിച്ച സദസ്സിന്റെ നിയോഗമനുഷ്ഠിക്കുവാൻ ഞാനാഗ്രഹിക്കുന്നു; ധാരിണീദേവിയുടെ നിയോഗത്തെ, അനുസരണമുള്ള ഈ പരിജനമെന്നപോലെ. 3

(രണ്ടുപേരും പോകുന്നു)

പ്രസ്താവന കഴിഞ്ഞു.

---

* സൂത്രധാരൻ പാരിപാർശ്വികനെ മാരിഷനെന്നു വിളിക്കുന്നു.

† പാരിപാർശ്വികൻ സൂത്രധാരനെ ഭാവൻ എന്നു വിളിക്കുന്നു.

മിശ്രവിഷ്കംഭകഃ

(തതഃ പ്രവിശതി ചേടീ)

ചേടീ— ആണത്തംഹി ദേവീഎ ധാരിണീഏ, അഇരപ്പഉത്തോവദേസം ഛലിഅം ണാമ ണട്ടഅം അന്തരേണ കീരിസീ മാളവിഅത്തി ണട്ടാഅരിഅം അജ്ജഗണദാസം പുച്ഛിദും. താ ജാവ സംഗീദസാലം ഗച്ഛംഹി. (ഇതി പരിക്രാമതി) [ആജ്ഞപ്താസ്മി ദേവ്യാ ധാരിണ്യാ, അചിരപ്രവൃത്തോപദേശം ഛലികം നാമ നാട്യമന്തരേണ കീദൃശീ മാളവികേതി നാട്യാചാര്യമാര്യഗണദാസം പ്രഷ്ടും. തദ്യാവൽസംഗീതശാലാം ഗച്ഛാമി.]

(തതഃ പ്രവിശത്യാഭരണഹസ്താ ദ്വിതീയാ ചേടീ)

പ്രഥമാ— (ദ്വിതീയാം ദൃഷ്ട്വാ) ഹളാ കോമുദീഏ! കുദോ ദേ ഇഅം ധീരദാ? ജം സമീവേണ വി മം അദിക്കമെന്ദീ ഇദോ ദിട്ഠിം ണ ദേസി. [ഹളാ കൌമുദികേ! കുതസ്ത ഇയം ധീരതാ? യൽ സമീപേനാപി മാമതിക്രാമന്തീ ഇതോ ദൃഷ്ടിം ന ദദാസി.]

കൌമുദികാ— അഹ്മോ ബഉളാവലിആ! സഹി! ഇദം ദേവീഏ സിപ്പിസആസാദോ ആണീദം ണാഅമുദ്ദാസണാഹം അംഗുലീഅഅം സിണിദ്ധം ണിജ്ഝാഅന്തീ തുഹ ഉവാലംഭേ പഡിദംഹി. [അഹോ ബകുളാവലികാ! സഖി! ഇദം ദേവ്യാഃ ശില്പിസകാശാദാനീതം നാഗമുദ്രാസനാഥമംഗുലീയകം സ്നിഗ്ധം നിധ്യായന്തീ തവോപാലംഭേ പതിതാസ്മി.]

ബകുളാവലികാ— (അംഗുലീയകം വിലോക്യ) ഠാണേ ഖു സജ്ജദി ദിട്ഠീ. ഇമിണാ അംഗുലീഅഏണ ഉബ്ഭിണ്ണകിരണകേസരേണ കുസുമിദോ വിഅ ദേ അഗ്ഗഹത്ഥോ പഡിഭാദി. [സ്ഥാനേ ഖലു സജ്ജതി ദൃഷ്ടിഃ.' അനേനാംഗുലീയകേനോൽഭിന്നകിരണകേസരേണ കുസുമിത ഇവ തേഽഗ്രഹസ്തഃ പ്രതിഭാതി.]

കൌമുദികാ— ഹളാ! കഹിം പത്ഥിദാ സി? [ഹളാ, കുത്ര പ്രസ്ഥിതാസി?]

ബകുളാവലികാ— ദേവീഏ എവ്വ വഅണേണ ണട്ടാഅരിഅം അജ്ജഗണദാസം പുച്ഛിദും–ഉവദേസഗ്ഗഹണേ കീരിസീ മാളവിഏത്തി. [ദേവ്യാ ഏവ വചനേന നാട്യാചാര്യമാര്യഗണദാസം പ്രഷ്ടും—ഉപദേശഗ്രഹണേ കീദൃശീ മാളവികേതി.]

കൌമുദികാ— ഹളാ! ഈരിസേണ വാവാരേണ അസംണിഹിദാ വി ദിട്ഠാ കില സാ ഭട്ടുണാ. [ഹളാ! ഈദൃശേന വ്യാപാരേണാസന്നിഹിതാപി ദൃഷ്ടാ കില സാ ഭർത്രാ.]

മിശ്രവിഷ്കംഭകം

(അനന്തരം ചേടി പ്രവേശിക്കുന്നു)

ചേടി— ധാരിണീദേവി എന്നോടു കല്പിച്ചു, അടുത്തു പഠിപ്പിക്കാൻ തുടങ്ങിയ ഛലികനാട്യത്തിൽ എങ്ങനെയുണ്ട് മാളവിക- എന്ന് നാട്യാചാര്യനായ ആര്യ്യഗണദാസനോടു ചോദിക്കാൻ. അതുകൊണ്ടു സംഗീതശാലയിലേക്കു പോകുകതന്നെ.

(ചുററിനടക്കുന്നു)

(അനന്തരം ആഭരണം കയ്യിലെടുത്തുകൊണ്ടു രണ്ടാംചേടി പ്രവേശിക്കുന്നു)

ഒന്നാംചേടി— (രണ്ടാംചേടിയെക്കണ്ടിട്ട്) സഖി കൌമുദികേ! നിനക്ക് എവിടെ നിന്നുണ്ടായി ഈ ധൈര്യം? എൻെറ അരികിലൂടെ കടന്നു പോകുമ്പോഴും നീ ഇങ്ങോട്ടൊന്നു നോക്കുന്നില്ല.

കൌമുദിക— ഓ ബകുളാവലികയോ! സഖി! തട്ടാൻെറയടുക്കൽനിന്നു കൊണ്ടുവന്ന നാഗമുദ്രയുള്ള ഈ മോതിരം കൌതുകത്തോടുകൂടി നോക്കുകയായിരുന്നു. അതുകൊണ്ടാണ് ഞാൻ നിൻെറ ശകാരത്തിനു പാത്രമായത്.

ബകുളാവലിക— (മോതിരം നോക്കിയിട്ട്) കണ്ണ് ഒട്ടിപ്പിടിക്കുന്നതു യുക്തം തന്നെ. രശ്മികളാകുന്ന കേസരങ്ങൾ അങ്കുരിക്കുന്ന ഈ മോതിരം കൊണ്ട് നിൻെറ ഉള്ളങ്കൈ പൂവണിഞ്ഞപോലെ തോന്നുന്നു.

കൌമുദിക— സഖി! എവിടേയ്ക്കാണ് പുറപ്പെട്ടിരിക്കുന്നത്?

ബകുളാവലിക— ദേവിതന്നെ പറഞ്ഞിട്ട് നാട്യാചാര്യനായ ആര്യ്യഗണദാസനോട്, പഠിക്കുന്നതിൽ എങ്ങനെയുണ്ട് മാളവികയെന്നു ചോദിക്കാൻ.

കൌമുദിക— സഖി! ഇങ്ങിനെയുള്ള പ്രവൃത്തികൊണ്ടു അടുത്തു ഉണ്ടാവാറില്ലെങ്കിലും അവളെക്കണ്ടുവത്രേ മഹാരാജാവ്.

ബകുളാവലികാ— ആമ. സോ ജണോ ദേവീഏ പസ്സഗദോ ചിത്തേ ദിട്ഠോ. [ആമ. സ ജനോ ദേവ്യാഃ പാൎശ്വഗതശ്ചിത്രേ ദൃഷ്ടഃ]

കൌമുദികാ— കഹം വിഅ? [കഥമിവ?]

ബകുളാവലികാ— സുണ. ചിത്തസാലം ഗദാ ദേവീ പച്ചഗ്ഗവണ്ണരാഅം ചിത്തലേഹം ആആരിഅസ്സ ആലോഅന്ദീ ചിട്ഠദി. ഭട്ടാ ദാവ ഉവട്ഠിദോ. [ശൃണു. ചിത്രശാലാം ഗതാ ദേവീ പ്രത്യഗ്രവൎണ്ണരാഗാം ചിത്രലേഖാമാചാൎയ്യസ്യാവലോകയന്തീ തിഷ്ഠതി. ഭൎത്താ താവദുപസ്ഥിതഃ]

കൌമുദികാ— തദോ തദോ? [തതസ്തതഃ?]

ബകുളാവലികാ— ഉവആരാണന്ദരം എക്കാസണോവവിട്ഠേണ ഭട്ടുണാ ചിത്തഗദാഏ ദേവീഏ പരിഅണമജ്ഝഗദം ആസണ്ണദാരിഅം ദേക്ഖിഅ ദേവീ പുച്ഛിദാ. [ഉപചാരാനന്തരമേകാസനോപവിഷ്ടേന ഭൎത്രാ ചിത്രഗതായാ ദേവ്യാഃ പരിജനമധ്യഗതാമാസന്നദാരികാം ദൃഷ്ട്വാ ദേവീ പൃഷ്ടാ]

കൌമുദികാ കിംത്തി? [കിമിതി?]

ബകുളാവലികാ – 'ദേവി! അപുവ്വാ ഇഅം ദാരിആ, തുഹ ആസണ്ണാ ആലിഹിദാ, കിംണാമഹേഏ'ത്തി. ['ദേവി! അപൂൎവ്വേയം ദാരികാ, തവാസന്നാ ആലിഖിതാ, കിംനാമധേയാ' ഇതി]

കൌമുദികാ— ണം ആകിദിവിസേസേ ആഅരോ പദം കരേദി. തദോ തദോ? [നന്വാകൃതിവിശേഷേ ആദരഃ പദം കരോതി. തതസ്തതഃ?]

ബകുളാവലികാ— തദോ അവഹീരിഅവഅണോ ഭട്ടാ സംകിദോ ദേവീം പുണോ പുണോ അണുബന്ധിദും പഉത്തോ. ജാവ ദേവീ ണ കഹേഇ, ദാവ കുമാരീഏ വസുലച്ഛീഏ ആചക്ഖിദം— 'ആഉത്ത! ഏസാ മാളവിഏ'ത്തി. [തതോഽവധീരിതവചനോ ഭൎത്താ ശങ്കിതോ ദേവീം പുനഃ പുനരനുബന്ധും പ്രവൃത്തഃ. യാവദ്ദേവീ ന കഥയതി, താവൽ കുമാൎയ്യാ വസുലക്ഷ്മ്യാഖ്യാതം— 'ആവൃത്ത! ഏഷാ മാളവികാ' ഇതി]

കൌമുദികാ— (സസ്മിതം) സരിസം ഖു ബാലഭാവസ്സ, അദോ വരം കഹേഹി. [സദൃശം ഖലു ബാലഭാവസ്യ. അതഃപരം കഥയ]

ബകുളാവലികാ— കിം അണ്ണം? സംപദം മാളവിആ സവിസേസം ഭട്ടുണോ ദംസണപഹാദോ രക്ഖീഅദി. [കിമന്യൽ!? സാംപ്രതം മാളവികാ സവിശേഷം ഭൎത്തുൎദ്ദശനപഥാദ്രക്ഷ്യതേ]

ബകുളാവലിക— ശരിയാണ്. ആ കുട്ടിയെ ദേവിയുടെ അരികിലായി ചിത്രത്തിലാണ് കണ്ടത്.

കൗമുദിക— അതെങ്ങനെ?

ബകുളാവലിക— കേൾക്കൂ, ദേവി ചിത്രശാലയിൽച്ചെന്നു ആചാര്യൻ പുതുതായെഴുതിയ ചിത്രം നോക്കിനില്ക്കുന്നു. മഹാരാജാവു അപ്പോൾ അവിടെ വന്നു.

കൗമുദിക— എന്നിട്ട്?

ബകുളാവലിക— ഉപചാരത്തിന്നുശേഷം ഒരേ പീഠത്തിൽ ഇരുന്നു മഹാരാജാവ് ചിത്രത്തിലുള്ള ദേവിയുടെ പരിജനങ്ങളുടെയിടയിൽ അടുത്തിരിക്കുന്ന കുട്ടിയെക്കണ്ടു ദേവിയോടു ചോദിച്ചു.

കൗമുദിക— എന്ത്?

ബകുളാവലിക— 'ദേവി! ഈ കുട്ടിയെ മുൻപു കണ്ടിട്ടില്ല, നിന്റെ അരികിലായി എഴുതിയിരിക്കുന്ന, എന്താണ് പേര്?' എന്ന്.

കൗമുദിക— നല്ല ആകൃതി കണ്ടാൽ കൗതുകം തോന്നുമല്ലോ. എന്നിട്ടോ?

ബകുളാവലിക— അപ്പോൾ തന്റെ ചോദ്യം വകവെയ്ക്കായ്കയാൽ മഹാരാജാവു ശങ്കിച്ചു വീണ്ടും വീണ്ടും നിർബ്ബന്ധിക്കാൻ തുടങ്ങി. ദേവി പറയുന്നില്ലെന്നു കണ്ടപ്പോൾ കുമാരി വസുലക്ഷ്മി പറഞ്ഞു, 'അച്ഛാ! ഇതു മാളവികയാണ്' എന്ന്.

കൗമുദിക— (ചിരിച്ച്) കുട്ടിത്തത്തിന്നു ചേർന്നതുതന്നെ. അതിനുശേഷം പറയൂ.

ബകുളാവലിക— മറ്റെന്ത്? ഇപ്പോൾ മാളവികയെ ശ്രദ്ധാപൂർവ്വം മഹാരാജാവിന്റെ കണ്ണിൽപ്പെടാതെ നോക്കുന്നു.

കൌമുദികാ— ഹലാ! അണുചിട്ഠം അത്തണോ ണിഓഅം. അഹം വി ഏദം അംഗുലീഅഅം ദേവീഏ ഉവണഇസ്സം. (ഇതി നിഷ്ക്രാന്താ) [ഹലാ! അനുതിഷ്ഠാത്മനോ നിയോഗം. അഹമപ്യേതദംഗുലീയകം ദേവ്യൈ ഉപനേഷ്യാമി]

ബകുളാവലികാ— (പരിക്രമ്യാവലോക്യ) ഏസോ ണട്ടാഅരിഓ അജ്ജഗണദാസോ സംഗീദസാലാദോ ദാണിം ണിക്കമെഇ. ജാവ സേ അത്താണം ദംസേമി. (ഇതി പരിക്രാമതി) [ഏഷ നാട്യാചാര്യ ആര്യഗണദാസഃ സംഗീതശാലാത ഇദാനീം നിഷ്ക്രാമതി. യാവദസ്യ ആത്മാനം ദർശയാമി]

(പ്രവിശ്യ)

ഗണദാസഃ— കാമം ഖലു സർവ്വസ്യാപി കുലവിദ്യാ ബഹുമതാ. ന പുനരസ്മാകം നാട്യം പ്രതി മിഥ്യാഗൌരവം. കുതഃ—

ദേവാനാമിദമാമനന്തി മുനയഃ ശാന്തം ക്രതും ചാക്ഷുഷം
രുദ്രേണേദമുമാകൃതവ്യതികരേ സ്വാംഗേ വിഭക്തം ദ്വിധാ
ത്രൈഗുണ്യോൽഭവമത്ര ലോകചരിതം നാനാരസം ദൃശ്യതേ
നാട്യം ഭിന്നരുചേർജനസ്യ ബഹുധാപ്യേകം സമാരാധനം. 4

ബകുളാവലികാ— (ഉപസൃത്യ) അജ്ജ! വന്ദാമി. [ആര്യ! വന്ദേ]

ഗണദാസഃ— ഭദ്രേ! ചിരം ജീവ.

ബകുളാവലികാ അജ്ജ! ദേവീ പുച്ഛദി— 'അവി ഉവദേസഗ്ഗഹണേ ണാദികിലിസ്സദി വോ സിസ്സാ മാളവിഅ'ത്തി. [ആര്യ! ദേവീ പൃച്ഛതി— 'അപ്യുപദേശഗ്രഹണേ നാതിക്ലിശ്നാതി വഃ ശിഷ്യാ മാളവികാ' ഇതി]

ഗണദാസഃ— ഭദ്രേ! വിജ്ഞാപ്യതാം ദേവീ— 'പരമനിപുണാ മേധാവിനീ ച' ഇതി. കിം ബഹുനാ—

യദ്യൽ പ്രയോഗവിഷയേ ഭാവികമുപദിശ്യതേ മയാ തസ്യൈ
തത്തദ്വിശേഷകരണാൽ പ്രത്യുപദിശതീവ മേ ബാലാ. 5

ബകുളാവലികാ— (ആത്മഗതം) ഇരാവദിം അദിക്കമന്ദിം വിഅ പേക്ഖാമി. (പ്രകാശം) കിദത്ഥാ ദാണിം വോ സിസ്സാ, ജസ്സിം ഗുരുഅണോ ഏവ്വം തുസ്സദി. [ഇരാവതീം അതിക്രാമന്തീമിവ പശ്യാമി. കൃതാർത്ഥേദാനീം വഃ ശിഷ്യാ, യസ്യാം ഗുരുജന ഏവം തുഷ്യതി]

ഗണദാസഃ— ഭദ്രേ! തദ്വിധാനാമസുലഭത്വാൽ പൃച്ഛാമി— കുതസ്ത്വൽ പാത്രമാനീതം.

കൌമുദിക— സഖി! സ്വന്തം ജോലിനോക്കു. ഞാനും ഈ മോതിരം ദേവിക്കു കൊണ്ടുപോയി കൊടുത്തേക്കാം. (പോകുന്നു)

ബകുളാവലിക— (ചുററിനടന്നു നോക്കി) ഇതാ നാട്യാചാൎയ്യൻ ഗണദാസൻ സംഗീതശാലയിൽനിന്നു് ഇപ്പോൾ പുറത്തുവരുന്നു. ഞാൻ ചെന്നു കണ്ടേക്കാം. (ചുററിനടക്കുന്നു)

(പ്രവേശിച്ചു്)

ഗണദാസൻ— എല്ലാവൎക്കും കുലവിദ്യ എന്നു വന്നാൽ വളരെ ബഹുമാനമാണു്. എന്നാൽ നമ്മുടെ നാട്യത്തെക്കുറിച്ചാകട്ടെ, ഇല്ലാത്ത അഭിമാനം നടിക്കലല്ല. കാരണം—

ദേവന്മാൎക്കു് ഈ നാട്യം കണ്ണുകൊണ്ടനുഭവിക്കാവുന്ന ശാന്തമായ ഒരു യജ്ഞമാണെന്നു മഹൎഷിമാർ പറയുന്നു. പരമേശ്വരൻ ഈ നാട്യത്തെ പാൎവ്വതിയോടു ചേൎന്ന തന്റെ ശരീരത്തിൽ രണ്ടായി പങ്കിട്ടിരിക്കുന്നു. മൂന്നു ഗുണങ്ങളിൽ നിന്നുത്ഭവിക്കുന്ന പല രസങ്ങളുമുള്ള ലോകചരിത്രം ഈ നാട്യത്തിൽ പ്രത്യക്ഷമായി കാണപ്പെടുന്നു. നാട്യം പല പ്രകാരത്തിലും പല രുചിക്കാരായ ജനങ്ങളെ ഒററയ്ക്കു പ്രീതിപ്പെടുത്തുന്നു. 4

ബകുളാവലിക— (അടുത്തു ചെന്നു്) ആൎയ്യ! ഞാൻ വന്ദിക്കുന്നു.

ഗണദാസൻ— ഭദ്രേ! നീണാൾ ജീവിക്കു.

ബകുളാവലിക— ആൎയ്യ! ദേവി ചോദിക്കുന്നു— 'പഠിക്കാൻ വളരെ പ്രയാസപ്പെടുന്നില്ലല്ലോ, നിങ്ങളുടെ ശിഷ്യ മാളവിക' എന്നു്.

ഗണദാസൻ— ഭദ്രേ! ദേവിയെ അറിയിച്ചേക്കു— 'മിടുമിടുക്കിയാണു്. അതിബുദ്ധിയുമുണ്ടു്' എന്നു്. എന്തിനധികം—

ഞാൻ അവൾക്കു അഭിനയിക്കാൻ എന്തെന്തു ഭാവങ്ങളാണോ ഉപദേശിക്കുന്നതു് അതെല്ലാം അധികം ഭംഗിയിൽ അഭിനയിച്ചു് ആ കുട്ടി എനിക്കു ഇങ്ങോട്ടുപദേശിക്കുന്നതുപോലെയാണിരിക്കുന്നതു്. 5

ബകുളാവലിക— (വിചാരം) ഇരാവതിയേയും കവിഞ്ഞുപോകുമെന്നാണു് തോന്നുന്നതു്. (വെളിവായി) നിങ്ങളുടെ ശിഷ്യ ഇപ്പോൾ കൃതാൎത്ഥയായി. അവളിൽ ഗുരുജനം ഇങ്ങനെ സന്തോഷിക്കുന്നുണ്ടല്ലോ.

ഗണദാസൻ— ഭദ്രേ! അത്തരക്കാരെ അധികം കിട്ടാറില്ലാത്തതുകൊണ്ടു ചോദിക്കുകയാണു്— ഈ സൽപാത്രം എവിടെനിന്നു കൊണ്ടുവന്നതാണു്?

ബകുളാവലികാ— അത്ഥി ദേവീഏ വണ്ണാവരോ ഭാദാ വീരസേണോ ണാമ, ഭട്ടുണാ ണമ്മദാതീരേ അന്ദവാലദുഗ്ഗേ ഠാവിദോ. തേണ 'സിപ്പാഹിആരേ ജോഗ്ഗാ ഇഅം ദാരിആ', ത്തി ഭണിഅ ഭഇണീഏ ദേവീഏ ഉവാഅണം പേസിദാ. [അസ്തി ദേവ്യാ വർണ്ണാവരോ ഭ്രാതാ വീരസേനോ നാമ, ഭർത്രാ നർമ്മദാതീരേഽന്തപാലദുർഗ്ഗേ സ്ഥാപിതഃ. തേന, 'ശില്പാധികാരേ യോഗ്യേയം ദാരികേ'തി ഭണിത്വാ ഭഗിന്യൈ ദേവ്യൈ ഉപായനം പ്രേഷിതാ.]

ഗണദാസഃ— (സ്വഗതം) ആകൃതിവിശേഷപ്രത്യയാദേനാമനൂനവസ്തുകാം സംഭാവയാമി. (പ്രകാശം) ഭദ്രേ! മയാപി യശസ്വിനാ ഭവിതവ്യം. പശ്യ—

പാത്രവിശേഷേ ന്യസ്തം ഗുണാന്തരം വ്രജതി ശില്പമാധാതുഃ
ജലമിവ സമുദ്രശുക്തൌ മുക്താഫലതാം പയോദസ്യ. 6

ബകുളാവലികാ— അഹ കഹിം വോ സിസ്സാ? [അഥ കുത്ര വഃ ശിഷ്യാ?]

ഗണദാസഃ— ഇദാനീമേവ പഞ്ചാംഗാഭിനയമുപദിശ്യ മയാ വിശ്രമ്യതാമിത്യഭിഹിതാ ദീർഘികാവലോകനഗവാക്ഷഗതാ പ്രവാതമാസേവമാനാ തിഷ്ഠതി.

ബകുളാവലികാ— തേണ ഹി അണുജാണാദു ആആരിഓ, ജാവ സേ അജ്ജസ്സ പരിതോസണിവേദണേണ ഊസാഹം വഡ്ഢേമി. [തേന ഹ്യനുജാനാതു മാമാചാര്യഃ. യാവദസ്യാ ആര്യസ്യ പരിതോഷനിവേദനേനോത്സാഹം വർദ്ധയാമി]

ഗണദാസഃ— ദൃശ്യതാം സഖീ. അഹമപി ലബ്ധക്ഷണഃ സ്വഗൃഹം ഗച്ഛാമി.

(ഇതി നിഷ്ക്രാന്തൌ)

ഇതി മിശ്രവിഷ്കംഭകഃ

(തതഃ പ്രവിശത്യേകാന്തസ്ഥിതപരിജനോ മന്ത്രിണാ ലേഖഹസ്തേനാന്വാസ്യമാനോ രാജാ)

രാജാ— (അനുവാചിതലേഖമമാത്യം വിലോക്യ) വാഹതക! കിം സ പ്രതിപദ്യതേ വൈദർഭഃ?

അമാത്യഃ— ദേവ! ആത്മവിനാശം.

രാജാ— നിദേശമിദാനീം ശ്രോതുമിച്ഛാമി.

3763

ബകുളാവലിക— ദേവിക്കു താണ ജാതിയിൽ വീരസേനനെന്നൊരു സഹോദരനുണ്ട്. അദ്ദേഹത്തെ മഹാരാജാവു നർമ്മദാനദീതീരത്തു രാജ്യാതിർത്തിയുടെ രക്ഷയ്ക്കാക്കിയിരിക്കുകയാണ്. അദ്ദേഹം, 'കല പഠിപ്പിക്കുവാൻ പററിയവളാണ് ഈ കുട്ടി'യെന്നു പറഞ്ഞു സഹോദരിയായ ദേവിക്കു കാഴ്ചയായി കൊടുത്തയച്ചതാണ്.

ഗണദാസൻ— (വിചാരം) ആകൃതിഗുണത്തിലുള്ള വിശ്വാസംകൊണ്ട് ഇവൾ മോശമല്ലാത്ത വർഗ്ഗത്തിൽപ്പെട്ടവളാണെന്നു ഞാൻ കരുതുന്നു. (വെളിവായി) ഭദ്രേ! എനിക്കു സൽപേരുണ്ടായേക്കും. നോക്കൂ—

നല്ല ശിഷ്യക്കുപദേശിച്ചാൽ ആശാന്റെ കല അധികം ഗുണമുള്ളതായിത്തീരും. സമുദ്രത്തിലെ മുത്തുച്ചിപ്പിയിൽ വീണാൽ മേഘത്തിലെ ജലം മുത്തായിത്തീരുന്നതുപോലെ 6

ബകുളാവലിക— പിന്നെ, എവിടെയാണ് അവിടുത്തെ ശിഷ്യ?

ഗണദാസൻ— ഇപ്പോൾത്തന്നെ ഞാൻ പഞ്ചാംഗാഭിനയം ഉപദേശിച്ചു വിശ്രമിക്കൂ എന്നു പറഞ്ഞതനുസരിച്ചു, കുളത്തിന്റെ നേരെയുള്ള ജനലിന്നരികിൽച്ചെന്നു സുഖമായ കാററുകൊണ്ടിരിക്കുന്നു.

ബകുളാവലിക— എന്നാൽ ആചാര്യൻ വിട തരൂ. ഞാൻ ആ കുട്ടിക്കു അവിടുത്തെ സന്തോഷമറിയിച്ചു ഉത്സാഹം വർദ്ധിപ്പിക്കട്ടെ.

ഗണദാസൻ— സഖിയെച്ചെന്നു കാണൂ. ഞാനും ഒഴിവുസമയമായതുകൊണ്ടു ഗൃഹത്തിലേക്കു പോകട്ടെ.

(രണ്ടുപേരും പോകുന്നു)

മിശ്രവിഷ്കംഭകം കഴിഞ്ഞു

(അനന്തരം രാജാവു പ്രവേശിക്കുന്നു. മന്ത്രി കയ്യിൽ എഴുത്തുമായി അടുക്കൽ നില്ക്കുന്നു. പരിജനങ്ങൾ അല്പം അകലെയുണ്ട്)

രാജാവ്— (എഴുത്തു വായിച്ചുകഴിഞ്ഞ മന്ത്രിയെ നോക്കി) വാഹതക! എന്തു പറയുന്നു ആ വൈദർഭൻ?

മന്ത്രി— മഹാരാജാവേ! തന്റെ വിനാശം.

രാജാവ്— അദ്ദേഹത്തിന്റെ നിർദ്ദേശം ഇപ്പോൾ കേൾക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

അമാത്യഃ— ഇദമിദാനീമനേന പ്രതിലിഖിതം— "പൂജ്യേനാഹമാദിഷ്ടഃ— 'പിതൃവ്യപുത്രോ ഭവതഃ കുമാരോ മാധവസേനഃ പ്രതിശ്രുതസംബന്ധോ മമോപാന്തികമുപസർപ്പന്നന്തരാ ത്വദീയേനാന്തപാലേനാവസ്കന്ദ്യ ഗൃഹീതഃ, സ ത്വയാ മദപേക്ഷയാ സകളത്രസോദര്യോ മോക്തവ്യഃ' ഇതി. തന്ന വോ ന വിദിതം, യത്തുല്യാഭിജനേഷു ഭൂമിധരേഷു രാജ്ഞാം വൃത്തിഃ. അതോഽത്ര മധ്യസ്ഥഃ പൂജ്യോ ഭവിതുമർഹതി. സോദര്യാ പുനരസ്യ ഗ്രഹണവിപ്ലവേ വിനഷ്ടാ. തദന്വേഷണായ പ്രയതിഷ്യേ. അഥ അവശ്യമേവ മാധവസേനോ മയാ പൂജ്യേന മോചയിതവ്യഃ, ശ്രൂയതാമഭിസന്ധിഃ—

മൌര്യസചിവം വിമുഞ്ചതി യദി പൂജ്യഃ സംയതം മമ സ്യാലം
മോക്താ മാധവസേനസ്തതോ മയാ ബന്ധനാൽ സദ്യഃ." 7

ഇതി.

രാജാ— (സരോഷം) കഥം കാര്യവിനിമയേന മയി വ്യവഹരത്യനാത്മജ്ഞഃ? വാഹതക! പ്രകൃത്യമിത്രഃ പ്രതികൂലകാരീ ച മേ വൈദർഭഃ. തദ്യാതവ്യപക്ഷേ സ്ഥിതസ്യ പൂർവ്വസങ്കല്പിതസമുന്മൂലനായ വീരസേനപ്രമുഖം ദണ്ഡചക്രമാജ്ഞാപയ.

അമാത്യഃ— യദാദിശതി ദേവഃ.

രാജാ— അഥവാ! കിം ഭവാൻ മന്യതേ?

അമാത്യഃ— ശാസ്ത്രദൃഷ്ടമാഹ ദേവഃ. കുതഃ—

അചിരാധിഷ്ഠിതരാജ്യഃ ശത്രുഃ പ്രകൃതിഷ്വരൂഢമൂലത്വാൽ
നവസംരോപണശിഥിലസ്തരുരിവ സുകരഃ സമുദ്ധർത്തും. 8

രാജാ— തേന ഹ്യവിതഥം തന്ത്രകാരവചനം. ഇദമേവ നിമിത്തമാദായ സമുദ്യോജ്യതാം സേനാ.

അമാത്യഃ— തഥാ. (ഇതി നിഷ്ക്രാന്തഃ)

(പരിജനശ്ച യഥാവ്യാപാരം രാജാനമഭിതഃ സ്ഥിതഃ)

(തതഃ പ്രവിശതി വിദൂഷകഃ)

വിദൂഷകഃ— ആണത്തോംഹി തത്തഹോദാ രണ്ണാ 'ഗോദമ! ചിന്തേഹി ദാവ ഉവാഅം, ജഹ മേ ജദിച്ഛാദിട്ഠപഡികിദീ മാളവിആ പച്ചക്ഖദംസണാ ഹോദി'ത്തി. മഏ വി തം തഹ കിദം. ജാവ സേ ണിവേദേമി. (ഇതി പരിക്രാമതി) [ആജ്ഞപ്തോസ്മി തത്രഭവതാ രാജ്ഞാ—'ഗൌതമ! ചിന്തയ താവദുപായം, യഥാ മേ യദൃച്ഛാദൃഷ്ടപ്രതികൃതിർമാളവികാ പ്രത്യക്ഷദർശനാ ഭവതി' ഇതി. മയാ ച തത്തഥാ കൃതം. യാവദസ്മൈ നിവേദയാമി]

രാജാ— (വിദൂഷകം ദൃഷ്ട്വാ) അയമപരഃ കാര്യാന്തരസചിവോഽസ്മാനുപസ്ഥിതഃ.

മന്ത്രി— ഇതാണിപ്പോൾ അയാൾ മറുപടി എഴുതിയിട്ടുള്ളത്— "താങ്കളെന്നോടു കല്പിച്ചുവല്ലോ— 'താങ്കളുടെ ഇളയച്ഛൻെറ മകനായ കുമാരൻ മാധവസേനൻ ഞാനുമായി ചാർച്ചയ്ക്കു തീൎമാനിച്ച് എൻെറ അടുക്കലേക്കു വരുമ്പോൾ വഴിക്കുവെച്ച് അങ്ങയുടെ അതിർത്തിരക്ഷകൻ ബലം പ്രയോഗിച്ചു പിടിച്ചുവെച്ചിട്ടുണ്ടല്ലോ. അദ്ദേഹത്തെ അങ്ങ് എൻെറ ആവശ്യമായി ഭാര്യയോടും സോദരിയോടുംകൂടി വിട്ടയയ്ക്കണം' എന്ന്. നിങ്ങൾക്കറിയാത്തതല്ലല്ലോ, ഒരേ കുലത്തിൽ ജനിച്ച ഭൂപന്മാരോടുള്ള രാജാക്കന്മാരുടെ പെരുമാറ്റം. അതുകൊണ്ട് ഇക്കാര്യത്തിൽ താങ്കൾ മദ്ധ്യസ്ഥനായിരുന്നാൽ കൊള്ളാം. അയാളുടെ സഹോദരിയാകട്ടെ, പിടികൂടുന്ന തിരക്കിൽ കാണാതായിരിക്കുന്നു. അവളെ അന്വേഷിക്കാൻ ശ്രമിക്കുന്നുണ്ട്. ഇനി, തീർച്ചയായും മാധവസേനനെ എന്നെക്കൊണ്ടു താങ്കൾക്കു വിടുവിക്കണമെന്നുണ്ടെങ്കിൽ എൻെറ ആവശ്യവും കേൾക്കുക—

എൻെറ ഭാര്യയുടെ സഹോദരനായ മൌര്യസചിവനെ താങ്കൾ ബന്ധനത്തിലാക്കിയിട്ടുണ്ടല്ലോ. അദ്ദേഹത്തെ വിട്ടയക്കുന്നതായാൽ ഞാനും ഉടനെ മാധവസേനനെ ബന്ധനത്തിൽനിന്നു വിട്ടയയ്ക്കാം." 7

രാജാവ്— (കോപത്തോടുകൂടി) എന്ത്? പകരം കാര്യമാവശ്യപ്പെട്ടുകൊണ്ടാണോ എന്നോടു പെരുമാറുന്നത് തൻേറടംകെട്ടവൻ! വാഹതക! പ്രകൃത്യാ ശത്രുവും എനിക്കു വിരോധമായി പ്രവർത്തിക്കുന്നവനുമാണ് വൈദർഭൻ. അതുകൊണ്ടു മുന്നോട്ടു ചെന്നു യുദ്ധം ചെയ്യേണ്ടതായ അയാളെ നാം മുൻപുദ്ദേശിച്ചതുപോലെ ഉന്മൂലനം ചെയ്യുവാൻ വീരസേനൻെറ നേതൃത്വത്തിൽ സൈന്യങ്ങൾ പോകട്ടെ. കല്പന കൊടുക്കൂ.

മന്ത്രി— മഹാരാജാവിൻെറ കല്പനപോലെ.

രാജാവ്— അല്ലെങ്കിൽ, അങ്ങയുടെ അഭിപ്രായം എന്താണ്?

മന്ത്രി— ശാസ്ത്രത്തിൽ ഉള്ളതാണ് മഹാരാജാവു പറയുന്നത്. എന്തെന്നാൽ—

രാജ്യാധിപത്യം കിട്ടി ഏറെക്കഴിയുന്നതിനു മുൻപാണെങ്കിൽ, പുതുതായി പറിച്ചുനട്ട വേരുറയ്ക്കാത്ത വൃക്ഷത്തെ എന്നപോലെ, ശത്രുവിനെ ഉന്മൂലനം ചെയ്യാൻ എളുപ്പമുണ്ട്. പൌരജനങ്ങളുടെ ഇടയിൽ വേരുറച്ചിട്ടുണ്ടാവില്ലല്ലോ. 8

രാജാവ്— എന്നാൽ ശാസ്ത്രവചനം ഒരിക്കലും പിഴയ്ക്കില്ല. ഇതേ കാരണം പറഞ്ഞു സൈന്യം പുറപ്പെടുവിക്കൂ.

മന്ത്രി— അങ്ങനെതന്നെ. (പോകുന്നു)

(പരിജനങ്ങൾ അവരുടെ പ്രവൃത്തികളവസാനിപ്പിച്ചു രാജാവിനു ചുറ്റും വന്നുകൂടി)

(അനന്തരം വിദൂഷകൻ പ്രവേശിക്കുന്നു)

വിദൂഷകൻ— മഹാരാജാവെന്നോടു കല്പിച്ചു— "ഗൌതമ! ചിത്രത്തിൽ യദൃച്ഛയാ കാണാനിടവന്ന മാളവികയെ നേരിട്ടുകാണുവാനുള്ള ഉപായം ആലോചിച്ചു കണ്ടുപിടിക്കൂ" എന്ന്. ഞാൻ അതുചെയ്തു. ഇനി അദ്ദേഹത്തെ അറിയിച്ചേക്കാം.

(ചുറ്റിനടക്കുന്നു)

രാജാവ്— (വിദൂഷകനെക്കണ്ടിട്ട്) ഇതാ മറെറാരു കാര്യത്തിൻെറ മന്ത്രി അടുക്കൽ വന്നിരിക്കുന്നു.

വിദൂഷകഃ— (ഉപസൃത്യ) വഡ്ഢദു ഭവം. [വർദ്ധതാം ഭവാൻ]

രാജാ— (സശിരഃകമ്പം) ഇത ആസ്യതാം.

(വിദൂഷകഃ ഉപവിഷ്ടഃ)

രാജാ— വയസ്യ! കച്ചിദുപേയോപായദർശനേ വ്യാപൃതം തേ പ്രജ്ഞാചക്ഷുഃ?

വിദൂഷകഃ— പഓഅസിദ്ധിം പുച്ഛ. [പ്രയോഗസിദ്ധിം പൃച്ഛ]

രാജാ— കഥമിവ?

വിദൂഷകഃ— (കർണ്ണേ) എവ്വം വിഅ. [ഏവമിവ]

രാജാ— സാധു വയസ്യ! നിപുണമുപക്രാന്തം. ദുരധിഗമസിദ്ധാവപ്യസ്മിന്നാരംഭേ വയമാശംസാമഹേ. കുതഃ—

അർത്ഥം സപ്രതിബന്ധം പ്രഭുരധിഗന്തും സഹായവാനേവ
ദൃശ്യം തമസി ന പശ്യതി ദീപേന വിനാ സചക്ഷുരപി. 9

(നേപഥ്യേ)

അലം ബഹു വികത്ഥ്യ. രാജ്ഞഃ സമക്ഷമേവാവയോരധരോത്തരയോർവ്യക്തിർഭവിഷ്യതി.

രാജാ— (ആകർണ്യ) വയസ്യ! ത്വൽസുനീതിപാദപസ്യ ഇദം കുസുമമുൽഭിന്നം.

വിദൂഷകഃ— ഫലം വി അഇരേണ ദക്ഖിസ്സസി. [ഫലമപി അചിരേണ ദ്രക്ഷ്യസി]

(തതഃ പ്രവിശതി കഞ്ചുകീ)

കഞ്ചുകീ— ദേവ! അമാത്യോ വിജ്ഞാപയതി, അനുഷ്ഠിതാ പ്രഭോരാജ്ഞേതി. ഏതൌ പുനർഹരദത്തഗണദാസൌ—

ഉഭാവഭിനയാചാര്യൌ പരസ്പരജയൈഷിണൌ
ത്വാം ദ്രഷ്ടുമിച്ഛതഃ സാക്ഷാൽ ഭാവാവിവ ശരീരിണൌ. 10

രാജാ— പ്രവേശയ തൌ.

കഞ്ചുകീ— യദാജ്ഞാപയതി ദേവഃ. (ഇതി നിഷ്ക്രമ്യ പുനസ്താഭ്യാം സഹ പ്രവിശ്യ) ഇത ഇതോ ഭവന്തൌ.

ഹരദത്തഃ— (രാജാനമവലോക്യ) അഹോ! ദുരാസദോ രാജമഹിമാ.

ന ച ന പരിചിതോ, ന ചാപ്യരമ്യ—
ശ്ചകിതമുപൈമി തഥാപി പാർശ്വമസ്യ
സലിലനിധിരിവ പ്രതിക്ഷണം മേ
ഭവതി സ ഏവ നവോ നവോഽയമക്ഷ്ണോഃ. 11

ഗണദാസഃ— മഹൽ ഖലു പുരുഷാകാരമിദം ജ്യോതിഃ. തഥാഹി—

ദ്വാരേ നിയുക്തപുരുഷാനുമതപ്രവേശഃ
സിംഹാസനാന്തികചരേണ സഹോപസർപ്പൻ
തേജോഭിരസ്യ വിനിവർത്തിതദൃഷ്ടിപാതൈർ—
വാക്യാദൃതേ പുനരിവ പ്രതിവാരിതോഽസ്മി. 12

വിദൂഷകൻ— (അടുത്തുചെന്നു്) അവിടുത്തേക്കു് അഭിവൃദ്ധി ഉണ്ടാകട്ടെ.

രാജാവു്— (തല കുലുക്കിക്കൊണ്ടു്) ഇവിടെയിരിക്കൂ.

(വിദൂഷകൻ ഇരിക്കുന്നു)

രാജാവു്— തോഴരേ! കാര്യസാദ്ധ്യത്തിനുള്ള ഉപായം കണ്ടുപിടിക്കുന്നതിനു താങ്കളുടെ ബുദ്ധിക്കണ്ണു് പ്രവർത്തിപ്പിച്ചുവോ?

വിദൂഷകൻ— ഫലസിദ്ധിയെക്കുറിച്ചു ചോദിക്കൂ.

രാജാവു്— അതെങ്ങനെ?

വിദൂഷകൻ— (ചെവിയിൽ) ഇങ്ങനെ.

രാജാവു്— നന്നായി തോഴരേ! തുടക്കം വിശേഷമായി. സാധിക്കാൻ പ്രയാസമെന്നു വിചാരിച്ച ഇക്കാര്യത്തിൽ നമുക്കു് ആശയുണ്ടായിരിക്കുന്നു. കാരണം—

പ്രതിബന്ധമുള്ള കാര്യം നേടുവാൻ സഹായമുള്ളവർക്കേ സാധിക്കൂ.
കണ്ണുണ്ടായാലും വിളക്കു കൂടാതെ ഇരുട്ടിലുള്ള വസ്തു കാണുകയില്ലല്ലോ. 9

(അണിയറയിൽ)

അത്ര വളരെ ആത്മപ്രശംസയൊന്നും പറയണ്ട. മഹാരാജാവിന്റെ മുമ്പിൽവെച്ചുതന്നെ നമ്മളിൽ ആരാണു് താഴെ, ആരാണു് മേലെ എന്നു തീർച്ചപ്പെടുത്താം.

രാജാവു്— (കേട്ടിട്ടു്) തോഴരേ! താങ്കളുടെ വിശേഷപ്പെട്ട ഉപായവൃക്ഷം പൂത്തുകഴിഞ്ഞു.

വിദൂഷകൻ— ഫലവും താമസിക്കാതെ കാണാം.

(അനന്തരം കഞ്ചുകി പ്രവേശിക്കുന്നു)

കഞ്ചുകി— മഹാരാജാവേ! മന്ത്രി അറിയിക്കുന്നു, സ്വാമി കല്പിച്ചതു ചെയ്തു എന്നു്. ഇതാ പിന്നെ ഹരദത്തനും ഗണദാസനും—

രണ്ടു നാട്യാചാര്യന്മാരും തമ്മിൽ ജയിക്കാനാഗ്രഹിച്ചു ശരീരം ധരിച്ച പ്രത്യക്ഷഭാവങ്ങളെന്നപോലെ അവിടുത്തെ കാണാൻ വന്നിരിക്കുന്നു. 10

രാജാവു്— അവരെ കൂട്ടിക്കൊണ്ടുവരൂ.

കഞ്ചുകി— മഹാരാജാവു കല്പിക്കുന്നതുപോലെ (പോയി അവരോടുകൂടെ പ്രവേശിച്ചു്) ഭവാന്മാർക്കിതിലെ വരാം.

ഹരദത്തൻ— (രാജാവിനെക്കണ്ടിട്ടു്) അമ്പോ! അടുത്തുകൂടാത്ത രാജപ്രഭാവം!

എനിക്കു പരിചയമില്ലായ്കയില്ല. അദ്ദേഹം സൌമ്യനല്ലായ്കയുമില്ല. എന്നാലും അദ്ദേഹത്തിന്റെ അടുക്കൽ ചെല്ലുമ്പോൾ എനിക്കു നടുക്കം തോന്നുന്നു. സമുദ്രമെന്നപോലെ നിമിഷംതോറും ഇദ്ദേഹം എന്റെ കണ്ണുകൾക്കു പുത്തൻപുത്തനായിത്തീരുന്നു. 11

ഗണദാസൻ— പുരുഷാകൃതിപൂണ്ട ഈ തേജസ്സു മഹത്വമുള്ളതുതന്നെ.

കാവൽക്കാരന്റെ സമ്മതത്തോടുകൂടിയാണു് വരുന്നതു്. സിംഹാസനത്തിന്റെ അടുക്കൽ ചെല്ലാവുന്ന കഞ്ചുകിയോടുകൂടെയാണു് ചെല്ലുന്നതു്. എന്നിട്ടും നോക്കാൻ പററാത്ത ഇദ്ദേഹത്തിന്റെ തേജസ്സുകൾ വാക്കുകൂടാതെതന്നെ വീണ്ടും വീണ്ടും എന്നെ തടയുന്നതുപോലെ തോന്നുന്നു. 12

കഞ്ചുകീ— ഏഷ ദേവഃ. ഉപസർപ്പതാം ഭവന്തൌ.

ഉഭൌ— (ഉപസൃത്യ) വിജയതാം ദേവഃ.

രാജാ— സ്വാഗതം ഭവദ്ഭ്യാം. (പരിജനം വിലോക്യ) ആസനേ താവദത്രഭവതോഃ.

(ഉഭൌ പരിജനോപനീതയോരാസനയോരുപവിഷ്ടൌ)

രാജാ— കിമിദം ശിഷ്യോപദേശകാലേ യുഗപദാചാര്യയോരുപസ്ഥാനം?

ഗണദാസഃ— ദേവ! ശ്രൂയതാം. സുതീർത്ഥാദഭിനയവിദ്യാ ശിക്ഷിതാ. ദത്തപ്രയോഗശ്ചാസ്മി. ദേവേന ദേവ്യാ ച പരിഗൃഹീതഃ.

രാജാ— ബാഢം ജാനേ. തതഃ കിം?

ഗണദാസഃ— സോഽഹമനേന ഹരദത്തേന പ്രധാനപുരുഷസമക്ഷം 'അയം മേ ന പാദരജസാപി തുല്യ' ഇത്യധിക്ഷിപ്തഃ.

ഹരദത്തഃ— ദേവ! അയമേവ മയി പ്രഥമം പരിവാദകരഃ, 'അത്ര ഭവതഃ കില മമ ച സമുദ്രപല്വലയോരിവാന്തര'മിതി. തദത്ര— ഭവാനിമം മാം ച ശാസ്ത്രേ പ്രയോഗേ ച വിമൃശതു. ദേവ ഏവ നൌ വിശേഷജ്ഞഃ പ്രാശ്നികഃ.

വിദൂഷകഃ— സമത്ഥം പഡിണ്ണാദം. [സമർത്ഥം പ്രതിജ്ഞാതം]

ഗണദാസഃ— പ്രഥമഃ കല്പഃ. അവഹിതോ ദേവഃ ശ്രോതുമർഹതി

രാജാ— തിഷ്ഠതു താവത്. പക്ഷപാതമത്ര ദേവീ മന്യേത. തദസ്യാഃ പണ്ഡിതകൌശികീസഹിതായാഃ സമക്ഷമേവ ന്യായ്യോ വ്യവഹാരഃ.

വിദൂഷകഃ— സുട്ഠു ഭവം ഭണാദി [സുഷ്ഠു ഭവാൻ ഭണതി]

ആചാര്യൌ— യദ്ദേവായ രോചതേ.

രാജാ— മൌദ്ഗല്യ! അമും പ്രസ്താവം നിവേദ്യ പണ്ഡിതകൌശിക്യാ സാർദ്ധമാഹൂയതാം ദേവീ.

കഞ്ചുകീ— യദാജ്ഞാപയതി ദേവഃ. (ഇതി നിഷ്ക്രമ്യ സപരിവ്രാജികയാ ദേവ്യാ സഹ പ്രവിശ്യ) ഇത ഇതോ ഭവതീ.

ദേവീ— (പരിവ്രാജികാം വിലോക്യ) ഭഅവദി, ഹരദത്തസ്സ ഗണദാസസ്സ അ സംരംഭേ കഹം പേക്ഖസി? [ഭഗവതി! ഹരദത്തസ്യ ഗണദാസസ്യ ച സംരംഭേ കഥം പശ്യസി?]

പരിവ്രാജികാ— അലം സ്വപക്ഷാവസാദശങ്കയാ. ന പരിഹീയതേ പ്രതിവാദിനോ ഗണദാസഃ.

ദേവീ— ജഇ വി ഏവ്വം, രാഅപരിഗ്ഗഹോ സേ പഹാണത്തണം ഉവഹരഇ [യദ്യപ്യേവം, രാജപരിഗ്രഹോഽസ്യ പ്രധാനത്വമുപഹരതി]

കഞ്ചുകി— ഇതാ മഹാരാജാവു്. ഭവാന്മാർക്കടുത്തു ചെല്ലാം.

രണ്ടുപേരും— (അടുത്തു ചെന്നു്) മഹാരാജാവിനു വിജയം വരട്ടെ.

രാജാവു്— ഭവാന്മാർക്കു സ്വാഗതം. (പരിജനത്തെ നോക്കി) ഈ ബഹുമാന്യന്മാർക്കു പീഠങ്ങൾ.

(രണ്ടുപേരും പരിജനം കൊണ്ടുവന്ന പീഠങ്ങളിൽ ഇരിക്കുന്നു)

രാജാവു്— എന്താണിതു്, ശിഷ്യരെ പഠിപ്പിക്കുന്ന സമയത്തു രണ്ടുപേരും ഒന്നിച്ചു വന്നിട്ടുള്ളതു്?

ഗണദാസൻ— മഹാരാജാവേ! കേൾക്കണം. നല്ല ഗുരുവിന്റെയടുക്കൽ നിന്നാണു് ഞാൻ നാട്യവിദ്യ അഭ്യസിച്ചതു്. അഭ്യസിപ്പിച്ചിട്ടുമുണ്ടു്. മഹാരാജാവും ദേവിയും എന്നെ സ്വീകരിച്ചിട്ടുമുണ്ടു്.

രാജാവു്— ശരിയാണു്. എനിക്കറിയാമല്ലോ. എന്നിട്ടെന്തേ?

ഗണദാസൻ— അങ്ങനെയുള്ള എന്നെ ഈ ഹരദത്തൻ മാന്യജനങ്ങളുടെ മുമ്പിൽവെച്ചു് 'ഇവൻ എന്റെ കാൽപ്പൊടിയോടുപോലും തുല്യനല്ല' എന്നു പറഞ്ഞധിക്ഷേപിച്ചു.

ഹരദത്തൻ— മഹാരാജാവേ! ഇയാൾതന്നെയാണു് ആദ്യം എന്നെ ആക്ഷേപിച്ചതു്, 'ഇദ്ദേഹത്തിനും എനിക്കും തമ്മിൽ സമുദ്രത്തിനും ചെറുപോയ്ക്കയ്ക്കും തമ്മിലുള്ള വ്യത്യാസമുണ്ടു്'' എന്നു്. അതുകൊണ്ടു് അവിടുന്നു് ഇയാളെയും എന്നേയും ശാസ്ത്രത്തിലും പ്രയോഗത്തിലും പരീക്ഷിക്കണം. മഹാരാജാവുതന്നെ വേണം ഞങ്ങളുടെ വ്യത്യാസം മനസ്സിലാക്കി വിധി കല്പിക്കാൻ.

വിദൂഷകൻ— വളരെ ശരിയാണു് പറഞ്ഞതു്.

ഗണദാസൻ— പൂർണ്ണസമ്മതം. മനസ്സിരുത്തി മഹാരാജാവു കേൾക്കുമാറാകണം.

രാജാവു്— വരട്ടെ. ഇക്കാര്യത്തിൽ ദേവി പക്ഷപാതം വിചാരിച്ചേക്കും. അതുകൊണ്ടു് ദേവിയുടേയും പണ്ഡിതകൗശികിയുടേയും മുമ്പിൽ വെച്ചായാലേ ചർച്ച വേണ്ടതുപോലെയാകയുള്ളു.

വിദൂഷകൻ— ശരിയാണവിടുന്നു പറയുന്നതു്.

ആചാര്യന്മാർ— മഹാരാജാവിന്റെ ഇഷ്ടംപോലെ.

രാജാവു്— മൌൽഗല്യ! ഈ വിവരം അറിയിച്ചു പണ്ഡിതകൗശികിയോടുകൂടെ ദേവിയെ വിളിക്കു.

കഞ്ചുകി— മഹാരാജാവിന്റെ കല്പനപോലെ. (പോയി, പരിവ്രാജികയോടും ദേവിയോടുംകൂടി പ്രവേശിച്ചു്) ഭവതി ഇതിലേ, ഇതിലേ.

ദേവി— (പരിവ്രാജികയെ നോക്കി) ഭഗവതി! ഹരദത്തന്റെയും ഗണദാസന്റെയും മത്സരത്തെ സംബന്ധിച്ചു് എന്താണഭിപ്രായം?

പരിവ്രാജിക— സ്വന്തം പക്ഷത്തിനു ക്ഷീണം പററുമെന്നു പേടിക്കേണ്ട. ഗണദാസൻ എതിരാളിയേക്കാൾ ഒട്ടും താഴെയല്ല.

ദേവി— ഇങ്ങനെയാണെങ്കിലും രാജാവിന്റെ പക്ഷത്തിനു പ്രാധാന്യം കൂടുമല്ലോ.

പരിവ്രാജികാ— അധിരാജ്ഞീശബ്ദഭാജനമാത്മാനമപി താവച്ചിന്തയതു ഭവതീ. പശ്യ—

അതിമാത്രഭാസുരത്വം പുഷ്യതി ഭാനോഃ പരിഗ്രഹാദനലഃ
അധിഗച്ഛതി മഹിമാനം ചന്ദ്രോഽപി നിശാപരിഗൃഹീതഃ. 13

വിദൂഷകഃ— അവിഹ അവിഹ! ഉവട്ഠിദാ പീഠമദ്ദിഅം പണ്ഡിഅകോസിഇം പുരോകദുഅ ദേവീ. [അവിധ അവിധ! ഉപസ്ഥിതാ പീഠമർദികാം പണ്ഡിതകൗശികീം പുരസ്കൃത്യ ദേവീ]

രാജാ— പശ്യാമ്യേനാം. യൈഷാ—

മംഗളാലംകൃതാ ഭാതി കൌശിക്യാ യതിവേഷയാ,
ത്രയീ വിഗ്രഹവത്യേവ സമമധ്യാത്മവിദ്യയാ. 14

പരിവ്രാജികാ— (ഉപേത്യ) വിജയതാം ദേവഃ.

രാജാ— ഭഗവതി! അഭിവാദയേ.

പരിവ്രാജികാ—

മഹാസാരപ്രസവയോഃ സദൃശക്ഷമയോർദ്വയോഃ
ധാരിണീഭൂതധാരിണ്യോർഭവ ഭർത്താ ശരച്ഛതം. 15

ധാരിന്നീ— ജേദു അജ്ജഉത്തോ. [ജയത്വാര്യപുത്രഃ]

രാജാ— സ്വാഗതം ദേവ്യൈ. (പരിവ്രാജികാം വിലോക്യ) ഭഗവതി! ക്രിയതാമാസനപരിഗ്രഹഃ.

(സർവ്വേ ഉപവിശന്തി)

രാജാ— ഭഗവതി! അത്രഭവതോർഹരദത്തഗണദാസയോഃ പരസ്പരം വിജ്ഞാനസംഘർഷോ ജാതഃ. തദത്ര ഭഗവത്യാ പ്രാശ്നികപദമധ്യാസിതവ്യം.

പരിവ്രാജികാ— (സസ്മിതം) അലമുപാലംഭേന. പത്തനേ സതി ഗ്രാമേ രത്നപരീക്ഷാ?

രാജാ— മാ മൈവം. പണ്ഡിതകൌശികീ ഖലു ഭഗവതീ. പക്ഷപാതിനാവനയോരഹം ച ദേവീ ച.

ആചാര്യൗ— സമ്യഗാഹ ദേവഃ. മദ്ധ്യസ്ഥാ ഭഗവതീ നൌ ഗുണദോഷതഃ പരിച്ഛേത്തുമർഹതി.

രാജാ— തേന ഹി പ്രസ്തൂയതാം വിവാദവസ്തു.

പരിവ്രാജികാ— ദേവ! പ്രയോഗപ്രധാനം ഹി നാട്യശാസ്ത്രം. കിമത്ര വാഗ്വ്യവഹാരേണ? കഥം വാ ദേവീ മന്യതേ?

ദേവീ— ജഇ മം പുച്ഛസി, തദാ ഏദാണം വിവാദോ എവ്വ ണ മേ രോഅദി. [യദി മാം പൃച്ഛസി, തദൈതയോർവിവാദ ഏവ ന മേ രോചതേ]

പരിവ്രാജിക— മഹാരാജ്ഞിയെന്ന സ്ഥാനം തനിക്കുമുണ്ടെന്നു ദേവി ചിന്തിക്കണം. നോക്കു—

സൂര്യൻ സ്വീകരിക്കുകയാൽ അഗ്നിക്കേററവും ദീപ്തിയുണ്ട്. രാത്രി
സ്വീകരിച്ചതുകൊണ്ടു ചന്ദ്രനും ലഭിച്ചിട്ടുണ്ടല്ലോ മഹത്ത്വം. 13

വിദൂഷകൻ— ഓഹോ! കൂട്ടുകാരിയായ പണ്ഡിതകൌശികിയുമൊന്നിച്ചു ദേവി എത്തിക്കഴിഞ്ഞു.

രാജാവ്— ഞാൻ ഇവളെ കാണുന്നുണ്ട്—

മംഗളാലങ്കാരങ്ങൾ അണിഞ്ഞ ഈ ദേവി യോഗിനിയുടെ വേഷ
ത്തിലുള്ള കൌശികിയുമായി ചേർന്നപ്പോൾ ഉടലെടുത്ത അധ്യാത്മവി
ദ്യയോടുകൂടിച്ചേർന്ന വേദത്രയിപോലെ ശോഭിക്കുന്നു. 14

പരിവ്രാജിക— (അടുത്തുചെന്ന്) മഹാരാജാവിനു വിജയമുണ്ടാകട്ടെ.

രാജാവ്— ഭഗവതി! ഞാൻ അഭിവാദ്യംചെയ്യുന്നു.

പരിവ്രാജിക— അവിടുന്നു, ഏററവും സാരമായിട്ടുള്ള സന്താനങ്ങളുള്ള
വരും ഒരുപോലെ ക്ഷമയുള്ളവരുമായ ധാരിണി ധരണി എന്ന രണ്ടു
പേരുടേയും ഭർത്താവായി നൂററാണ്ടുകാലം വാഴുമാറാകട്ടെ. 15

ധാരിണി— ആര്യപുത്രനു വിജയമുണ്ടാകട്ടെ.

രാജാവ്— ദേവിക്കു സ്വാഗതം. (പരിവ്രാജികയെ നോക്കി) ഭഗവതി! ഇരിക്കു.

(എല്ലാവരും ഇരിക്കുന്നു)

രാജാവ്— ഭഗവതി! ബഹുമാന്യന്മാരായ ഹരദത്തഗണദാസന്മാർക്കു തമ്മിൽ വിജ്ഞാനത്തിന്റെ കാര്യത്തിൽ തിരക്കുണ്ടായിരിക്കുന്നു. അതുകൊണ്ടു ഇവിടെ ഭഗവതി വിധി കല്പിക്കാനുള്ള ചുമതല ഏല്ക്കണം.

പരിവ്രാജിക— (ചിരിച്ചുകൊണ്ട്) കളിയാക്കാതിരിക്കു. നഗരമുള്ളപ്പോൾ ഉൾനാട്ടിൽവേണോ രത്നപരിശോധന?

രാജാവ്— അല്ല അങ്ങനെയല്ല. പണ്ഡിതകൌശികിയാണല്ലോ ഭഗവതി. ഞാനും ദേവിയും ഇവരിൽ പക്ഷപാതമുള്ളവരാണ്.

ആചാര്യന്മാർ— ശരിയാണ് മഹാരാജാവു പറഞ്ഞത്. പക്ഷഭേദമില്ലാത്ത ഭഗവതി ഞങ്ങളുടെ ഗുണദോഷങ്ങൾ തീർച്ചപ്പെടുത്തുമാറാകണം.

രാജാവ്— എന്നാൽ വാദവിഷയം അവതരിപ്പിക്കാം.

പരിവ്രാജിക— മഹാരാജാവേ! പ്രദർശനമാണ് നാട്യശാസ്ത്രത്തിൽ പ്രധാനം. ഇവിടെ വാക്കുകൊണ്ടു ചർച്ചചെയ്തിട്ടെന്താണ്? ദേവി എന്തു വിചാരിക്കുന്നു?

ദേവി— എന്നോടു ചോദിക്കുകയാണെങ്കിൽ എനിക്കിവരുടെ വാദം തന്നെ ഇഷ്ടപ്പെടുന്നില്ല.

ഗണദാസഃ— ദേവി! ന മാം സമാനവിദ്യതഃ പരിഭവനീയമവഗന്തുമർഹസി.

വിദൂഷകഃ— ഭോദി! ദേക്ഖാമോ ഉരബ്ഭസംവാദം. കിം മുഹാ വേഅണദാണേണ? [ഭവതി! പശ്യാമ ഉരഭ്രസംപാതം. കിം മുധാ വേതനദാനേന?]

ദേവീ— ണം കലഹപ്പിഓസി. [നനു കലഹപ്രിയോഽസി]

വിദൂഷകഃ— മാ എവ്വം, അണ്ണോണ്ണകലഹപ്പിആണം മത്തഹത്ഥീണം എക്കദരസ്സിം അണിജ്ജിദേ കുദോ ഉവസമോ? [മൈവം. അന്യോന്യകലഹപ്രിയയോർമത്തഹസ്തിനോരേകതരസ്മിന്ന നിർജിതേ കുത ഉപശമഃ?]

രാജാ— നനു സ്വാംഗസൌഷ്ഠവാതിശയമുഭയോർദൃഷ്ടവതീ ഭഗവതീ?

പരിവ്രാജികാ— അഥ കിം.

രാജാ— തദിദാനീമതഃ പരം കിമാഭ്യാം പ്രത്യായയിതവ്യം?

പരിവ്രാജികാ— (സസ്മിതം) തദേവ വക്തുകാമാസ്മി.

ശിഷ്ടാ ക്രിയാ കസ്യചിദാത്മസംസ്ഥാ
സംക്രാന്തിരന്യസ്യ വിശേഷയുക്താ
യസ്യോഭയം സാധു, സ ശിക്ഷകാണാം
ധുരി പ്രതിഷ്ഠാപയിതവ്യ എവ. 16

വിദൂഷകഃ— സുദം അജ്ജേഹിം ഭഅവദീഏ വഅണം? ഏസോ പിണ്ഡിദത്ഥോ, ഉവദേസദംസണേണ ണിണ്ണഓ ത്തി. [ശ്രുതമാര്യ്യാഭ്യാം ഭഗവത്യാ വചനം. ഏഷ പിണ്ഡിതാർത്ഥഃ, ഉപദേശദർശനേന നിർണ്ണയ ഇതി]

ഹരദത്തഃ— പരമരുചിതം നഃ.

ഗണദാസഃ— ദേവി! ഏവമവസ്ഥിതം.

ദേവീ— ജദാ ഉണ അമേഹാവിണീ സിസ്സാ ഉവദേസം മലിണേദി, തദാ ആആരിഅസ്സ ദോസോ ണു. [യദാ പുനരമേധാവിനീ ശിഷ്യാ ഉപദേശം മലിനയതി, തദാ ആചാര്യ്യസ്യ ദോഷോ നു]

രാജാ— ദേവി! ഏവമാപാദ്യതേ—വിനേതുരദ്രവ്യപരിഗ്രഹോഽപി ബുദ്ധിലാഘവം പ്രകാശയതി.

ദേവീ— (സ്വഗതം) കഹം ദാണിം? (ഗണദാസം വിലോക്യ പ്രകാശം) അലം അജ്ജഉത്തസ്സ ഊസാഹകാരണം മണോരഹം പൂരിഅ. വിരമ ണിരത്ഥആദോ ആരംഭാദോ. [കഥമിദാനീം? അലമാര്യ്യപുത്രസ്യോത്സാഹകാരണം മനോരഥം പൂരയിത്വാ. വിരമ നിരർത്ഥകാദാരംഭാൽ]

ഗണദാസൻ— തുല്യവിദ്യയുള്ള ഒരുത്തൻ എന്നെ തോല്പിക്കുമെന്നു ദേവി വിചാരിക്കേണ്ട.

വിദൂഷകൻ— അവിടുന്നേ! മുട്ടാടുകൾ തമ്മിൽ ബലപരീക്ഷ നടത്തുന്നതു് നമുക്കൊന്നു കാണാം. വെറുതെ ശമ്പളം കൊടുത്തിട്ടെന്തു കാര്യം?

ദേവി— കലഹമാണല്ലോ അങ്ങയ്ക്കിഷ്ടം.

വിദൂഷകൻ— അങ്ങനെയല്ല. രണ്ടു മത്തഗജങ്ങൾ തമ്മിൽ കലഹിക്കാൻ തുടങ്ങിയാൽ ഏതെങ്കിലും ഒന്നു തോൽക്കാതെ എവിടെ അടങ്ങാനാണു്?

രാജാവു്— രണ്ടുപേരുടേയും അഭിനയത്തിലെ അതിയായ അംഗസൌഷ്ഠവം ഭഗവതി കണ്ടിട്ടുണ്ടല്ലോ.

പരിവ്രാജിക— ഉണ്ടു്.

രാജാവു്— എന്നാലിനി എന്താണിവർ ബോദ്ധ്യപ്പെടുത്തേണ്ടതു്?

പരിവ്രാജിക— (ചിരിച്ചുകൊണ്ടു്) അതുതന്നെയാണു് ഞാൻ പറയണമെന്നു വിചാരിച്ചതു്—

ഒരാൾക്കു സ്വയം ഭംഗിയായി അഭിനയിക്കാൻ കഴിയുന്നു. മറെറാരാൾക്കു് അതു് അധികം നന്നായി പഠിപ്പിക്കാൻ സാധിക്കുന്നു. അതു രണ്ടും ആർക്കാണോ വേണ്ടവിധത്തിലുള്ളതു് ആ ആളെത്തന്നെയാണു് ആചാര്യന്മാരുടെ തലവനാക്കിവെക്കേണ്ടതു്. 16

വിദൂഷകൻ— നിങ്ങൾ കേട്ടില്ലേ, ഭഗവതി പറഞ്ഞതു്? ചുരുക്കമിതാണു്— പഠിപ്പിച്ചതു പ്രദർശിപ്പിച്ചാലേ തീരുമാനമാവൂ.

ഹരദത്തൻ— തികച്ചും സമ്മതമാണു് ഞങ്ങൾക്കു്.

ഗണദാസൻ— ദേവി! ഇതാണവസ്ഥ.

ദേവി— ഗ്രഹണശക്തിയില്ലാത്ത ശിഷ്യ പഠിപ്പിച്ചതു മലിനപ്പെടുത്തുകയാണെങ്കിൽ ആചാര്യനു ദോഷമാവില്ലേ?

രാജാവു്— ദേവി! ഇങ്ങനെ പറയാറുണ്ടു്— കൊള്ളരുതാത്ത ശിഷ്യരെ സ്വീകരിക്കുന്നതുതന്നെ ബുദ്ധിക്കുറവു തെളിയിക്കുന്നു.

ദേവി— (വിചാരം) എന്താണിപ്പോൾ വേണ്ടതു്? (ഗണദാസനെ നോക്കി വെളിവായി) ആര്യപുത്രന്നുത്സാഹമുണ്ടാക്കുന്ന ആഗ്രഹം സാധിപ്പിക്കാൻ പുറപ്പെടേണ്ട. ആവശ്യമില്ലാത്ത ഈ പുറപ്പാടിൽനിന്നു പിൻമാറൂ.

വിദൂഷകഃ— സുട്ഠു ഭോദീ ഭണാദി. ഭോ ഗണദാസ! സംഗീദപദം ലംഭിഅ സരസ്സഈഉവാഅണമോദആഇ ഖാദമാണസ്സ കിം ദേ സുലഹണിഗ്ഗഹേണ വിവാദേണ? [സുഷ്ഠു ഭവതീ ഭണതി. ഭോ ഗണദാസ! സംഗീതപദം ലബ്ധ്വാ സരസ്വത്യുപായനമോദകാനി ഖാദതഃ കിം തേ സുലഭനിഗ്രഹേണ വിവാദേന?]

ഗണദാസഃ— സത്യമയമേവാൎത്ഥോ ദേവീവചനസ്യ. ശ്രൂയതാമവസരപ്രാപ്തമിദം—

ലബ്ധാസ്പദോഽസ്മീതി വിവാദഭീരോ—
സ്തിതിക്ഷമാണസ്യ പരേണ നിന്ദാം
യസ്യാഗമഃ കേവലജീവികായൈ
തം ജ്ഞാനപണ്യം വണിജം വദന്തി. 17

ദേവീ— അഇരോവണീദാ ദേ സിസ്സാ. താ അവരിണിട്ഠിദസ്സ ഉവദേസസ്സ അണ്ണാഅം പദംസണം. [അചിരോപനീതാ തേ ശിഷ്യാ. തദപരിനിഷ്ഠിതസ്യാപദേശസ്യാന്യായം പ്രദൎശനം]

ഗണദാസഃ— അത ഏവ മേ നിൎബ്ബന്ധഃ.

ദേവീ തേണ ഹി ദുവേ വി ഭഅവദീഏ ഉവദേസം ദംസേഹ. [തേന ഹി ദ്വാവപി ഭഗവത്യൈ ഉപദേശം ദൎശയതം]

പരിവ്രാജികാ— ദേവി! നൈതന്ന്യായ്യം. സൎവ്വജ്ഞസ്യാപ്യേകാകിനോ നിൎണ്ണയാഭ്യുപഗമോ ദോഷായ.

ദേവീ— (അപവാര്യ) മുദ്ധേ! പരിവ്വജ്ജിഏ കിം മം ജാഗ്ഗദിം വി പസുത്തം വിഅ കരേസി? (ഇതി സാസൂയം പരാവൎത്തതേ) [മൂഢേ പരിവ്രാജികേ! കിം മാം ജാഗ്രതീമപി പ്രസുപ്താമിവ കരോഷി?]

(രാജാ ദേവീം പരിവ്രാജികായൈ ദൎശയതി)

പരിവ്രാജികാ— (വിലോക്യ)

അനിമിത്തമിന്ദുവദനേ! കിമത്രഭവതഃ പരാങ്മുഖീ ഭവസി
പ്രഭവന്ത്യോഽപി ഹി ഭൎത്തൃഷു കാരണകോപാഃ കുടുംബിന്യഃ. 18

വിദൂഷകഃ— ണം സകാരണം എവ്വ. അത്തണോ പക്ഖോ രക്ഖിദവ്വോ. (ഗണദാസം വിലോക്യ) ദിട്ഠിആ കോവവ്വാജേണ ദേവീഏ പരിത്താദോ ഭവം. ണ ഖു സുസിക്ഖിദോ വി സവ്വോ ഉവദേസദംസണേ ണിഉണോ ഹോദി. [നനു സകാരണമേവ. ആത്മനഃ പക്ഷോ രക്ഷിതവ്യഃ. ദിഷ്ട്യാ കോപവ്യാജേന ദേവ്യാ പരിത്രാതോ ഭവാൻ. ന ഖലു സുശിക്ഷിതോഽപി സൎവ്വ ഉപദേശദൎശനേ നിപുണോ ഭവതി.]

ഗണദാസഃ— ദേവി! ശ്രൂയതാം. ഏവം ജാനന്തി. തദിദാനീം —

വിവാദേ ദൎശയിഷ്യാമി ക്രിയാസംക്രാന്തിമാത്മനഃ
യദി മാം നാനുജാനാസി പരിത്യക്തോഽസ്മ്യഹം ത്വയാ. 19

(ആസനാദുത്ഥാതുമിച്ഛതി)

വിദൂഷകൻ— അവിടുന്നു പറയുന്നതു ശരിയാണു്. ഹേ ഗണദാസ! സംഗീതത്തിനുള്ള സ്ഥാനം കിട്ടീയിട്ടു സരസ്വതിക്കു നിവേദിച്ച ലഡ്ഡു തിന്നു കഴിഞ്ഞുകൂടുന്ന അങ്ങേയ്ക്കു് എളുപ്പത്തിൽ തോൽവി പററിയേക്കാവുന്നവാദം കൊണ്ടെന്താണു് കാര്യം?

ഗണദാസൻ— ശരിയാണു്. ഇതുതന്നെയാണു് ദേവി പറഞ്ഞതിന്റെ അർത്ഥം. എന്നാൽ ഈ അവസരത്തിൽ ഇതൊന്നു കേൾക്കുക—

തന്റെ സ്ഥാനം ഉറച്ചു എന്നു കരുതി വാദത്തിനു പേടിച്ചു് എതിരാളിയുടെ നിന്ദയും സഹിച്ചുകൊണ്ടു് ഏതൊരാളുടെ ശാസ്ത്രജ്ഞാനം വെറും ജീവിതവൃത്തിക്കു മാത്രമായിത്തീരുന്നുവോ അയാളെ ജ്ഞാനം വില്ക്കുന്ന കച്ചവടക്കാരനാണെന്നത്രേ അറിവുള്ളവർ പറയുന്നതു്. 17

ദേവി— അങ്ങയുടെ ശിഷ്യയെ അടുക്കൽ കൊണ്ടുവന്നാക്കിയിട്ടു് ഏറെ നാളായില്ലല്ലോ. പഠിപ്പിച്ചതുറയ്ക്കാതെ പ്രദർശനം നടത്തുന്നതു ന്യായമല്ല.

ഗണദാസൻ— അതുകൊണ്ടുതന്നെയാണെനിക്കു നിർബ്ബന്ധം.

ദേവി— എന്നാൽ രണ്ടുപേരും പഠിപ്പിച്ചതു ഭഗവതിക്കു കാണിച്ചുകൊടുത്തുകൊള്ളുക.

പരിവ്രാജിക— ദേവി! അതു ന്യായമല്ല. എല്ലാമറിയുന്ന ആളായാൽപ്പോലും ഒററയ്ക്കു തീരുമാനമെടുക്കുന്നതിൽ വൈഷമ്യമുണ്ടു്.

ദേവി— (സ്വകാര്യമായി) വിഡ്ഢി പരിവ്രാജികേ! ഉണർന്നിരിക്കുന്ന എന്നെ ഉറങ്ങിയവളെപ്പോലെയാക്കുന്നുവോ? (എന്നു പറഞ്ഞു കോപിച്ചു തിരിഞ്ഞിരിക്കുന്നു).

(രാജാവു ദേവിയെ പരിവ്രാജികയ്ക്കു കാണിച്ചുകൊടുക്കുന്നു)

പരിവ്രാജിക— (നോക്കിയിട്ടു്)

ചന്ദ്രമുഖീ! അകാരണമായി എന്താണു് അവിടുന്നു മഹാരാജാവിൽനിന്നു പിന്തിരിഞ്ഞിരിക്കുന്നതു്. കുടുംബിനിമാർ അധികാരമുള്ളവരാണെങ്കിലും ഭർത്താക്കന്മാരുടെ നേരെ കാരണം ഉണ്ടായാലേ കോപിക്കാറുള്ളല്ലോ? 18

വിദൂഷകൻ— കാരണം ഉണ്ടായിട്ടുതന്നെയാണു്. തന്റെ പക്ഷം രക്ഷിക്കണമല്ലോ. (ഗണദാസനെനോക്കി) ഭാഗ്യമായി, കോപം നടിച്ചു ദേവി അങ്ങയെ രക്ഷിച്ചു. നല്ല പഠിപ്പുള്ളവരായാലും എല്ലാവരും പഠിപ്പിച്ചതു പ്രദർശിപ്പിക്കുന്നതിനു് കഴിവുള്ളവരാവില്ല.

ഗണദാസൻ— ദേവി! കേട്ടോളൂ. ഇങ്ങനെയാണു് വിചാരിക്കുക. അതുകൊണ്ടു് ഇപ്പോൾ—

ഈ മത്സരത്തിൽ ഞാൻ, പഠിപ്പിക്കുവാനുള്ള എന്റെ കഴിവു് കാണിച്ചുകൊടുക്കട്ടെ. അതിനെന്നെ അനുവദിക്കുന്നില്ലെങ്കിൽ അവിടുന്നെന്നെ ഉപേക്ഷിച്ചതായി ഞാൻ കരുതുന്നു, 19

(പീഠത്തിൽ നിന്നെഴുന്നേല്ക്കാൻ തുടങ്ങുന്നു)

ദേവീ— (സ്വഗതം) കാ ഗഈ? (പ്രകാശം) പഹവദി ആആരിഓ സിസ്സജണസ്സ. [കാ ഗതിഃ? പ്രഭവത്യാചാൎയ്യഃ ശിഷ്യജനസ്യ]

ഗണദാസഃ— ചിരമപദേ ശങ്കിതോഽസ്മി. (രാജാനമവലോക്യ) അനുജ്ഞാതം ദേവ്യാ. തദാജ്ഞാപയതു ദേവഃ— കസ്മിന്നഭിനേയവസ്തുന്യുപദേശം ദൎശയിഷ്യാമി?

രാജാ— യത്രാദിശതി ഭഗവതീ.

പരിവ്രാജികാ— കിമപി ദേവ്യാ മനസി വൎത്തതേ. തതഃ ശങ്കിതാസ്മി.

ദേവീ— ഭണ വീസദ്ധം. ണം പഹവിസ്സം അത്തണോ പരിഅണസ്സ. [ഭണ വിസ്രബ്ധം. നനു പ്രഭവിഷ്യാമ്യാത്മനഃ പരിജനസ്യ]

രാജാ— മമ ച ഇതി ബ്രൂഹി.

ദേവീ— ഭഅവദി! ഭണ ദാണിം. [ഭഗവതി! ഭണേദാനീം]

പരിവ്രാജികാ— ദേവ! ചതുഷ്പാദോദ്ഭവം ഛലികം ദുഷ്പ്രയോജമുദാഹരന്തി. തത്രൈകാൎത്ഥസംശ്രയമുഭയോഃ പ്രയോഗം പശ്യാമഃ. താവതാ ജ്ഞായത ഏവാത്രഭവതോരുപദേശാന്തരം.

ആചാൎയ്യൌ— യദാജ്ഞാപയതി ഭഗവതീ.

വിദൂഷകഃ— തേണ ഹി ദുവേ വി വഗ്ഗാ പേക്ഖാഘരേ സംഗീദരഅണം കരിഅ അത്തഹോദോ ദൂദം പേസഅന്തു. അഹവാ മിഅംഗസദ്ദോ ഏവ്വ ണോ ഉട്ഠാവഇസ്സദി. [തേന ഹി ദ്വാവപി വൎഗ്ഗൌ പ്രേക്ഷാഗൃഹേ സംഗീതരചനാം കൃത്വാ അത്രഭവതോ ദൂതം പ്രേഷയതം. അഥവാ മൃദംഗശബ്ദ ഏവ നഃ ഉത്ഥാപയിഷ്യതി]

ഹരദത്തഃ— തഥാ (ഇത്യുത്തിഷ്ഠതി)

(ഗണദാസോ ദേവീം വിലോകയതി)

ദേവീ— (ഗണദാസം വിലോക്യ) ണ ഹി വിഅഅപച്ചത്ഥിണീ അഹം അജ്ജസ്സ. വിഅഈ ഹോഹി. [ന ഹി വിജയപ്രത്യൎത്ഥിന്യഹമാൎയ്യസ്യ. വിജയീ ഭവ]

(ആചാൎയ്യൌ പ്രസ്ഥിതൌ)

പരിവ്രാജിങ്കാ— ഇതസ്താവദാചാൎയ്യൌ.

ആചാൎയ്യൌ— (പരിവൃത്യ) ഇമൌ സ്വഃ.

പരിവ്രാജികാ— നിൎണ്ണയാധികരേ ബ്രവീമി. സൎവ്വാംഗസൌഷ്ഠവാഭിവ്യക്തയേ വിഗതനേപത്ഥ്യയോഃ പാത്രയോഃ പ്രവേശോഽസ്തു.

ദേവി— (വിചാരം) എന്താണ് വഴി? (വെളിവായി) ശിഷ്യജനങ്ങളുടെ കാര്യത്തിൽ ആചാര്യ്യന്നാണധികാരം.

ഗണദാസൻ— കുറെനേരം വെറുതെ സംശയിച്ചു. (രാജാവിനെ നോക്കി) ദേവി സമ്മതിച്ചുകഴിഞ്ഞു. അതുകൊണ്ടു മഹാരാജാവു കല്പിക്കണം. നാട്യത്തിൽ ഏതു ഭാഗം ഉപദേശിച്ചതാണ് ഞാൻ പ്രദർശിപ്പിക്കേണ്ടതു്?

രാജാവ്— ഭഗവതി പറയുന്നതെന്തോ അതു്.

പരിവ്രാജിക— എന്തോ ദേവിയുടെ മനസ്സിലുണ്ടു്. അതുകൊണ്ടു ശങ്ക തോന്നുന്നു.

ദേവി— ധൈര്യമായി പറഞ്ഞുകൊള്ളു. എന്റെ പരിജനങ്ങളുടെ പേരിലല്ലേ എനിക്കു് അധികാരമുള്ളു?

രാജാവ്— എന്റെയും എന്നു പറയു.

ദേവി— ഭഗവതി! ഇനി പറഞ്ഞുകൊള്ളു.

പരിവ്രാജിക— മഹാരാജാവേ! നാലു പാദങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള ഛലികം അഭിനയിക്കാൻ പ്രയാസമുള്ളതാണെന്നു പറയാറുണ്ടു്. അതിലേതെങ്കിലും ഒരു ഭാഗത്തെക്കുറിച്ചുള്ള രണ്ടുപേരുടേയും അഭിനയം നമുക്കു കാണാം. അതുകൊണ്ടു മനസ്സിലാക്കാം ഇവരുടെ ഉപദേശരീതിയുടെ ഭേദം.

ആചാര്യന്മാർ— ഭഗവതിയുടെ കല്പനപോലെ.

വിദൂഷകൻ— എന്നാൽ രണ്ടു സംഘങ്ങളും പ്രദശ്നശാലയിൽ സംഗീതം തുടങ്ങിയാൽ അവിടുത്തെ അടുക്കലേക്കു് ആളെ പറഞ്ഞയക്കുക. അല്ലെങ്കിൽ വേണ്ട, മൃദംഗശബ്ദംതന്നെ ഞങ്ങളെ എഴുന്നേല്പിച്ചുകൊള്ളും.

ഹരദത്തൻ— അങ്ങിനെതന്നെ. (എഴുന്നേൽക്കുന്നു)

(ഗണദാസൻ ദേവിയെ നോക്കുന്നു)

ദേവി— (ഗണദാസനെ നോക്കി) അങ്ങു ജയിക്കുന്നതിൽ ഞാനെതിരല്ല. അങ്ങയ്ക്കു വിജയം ഉണ്ടാകട്ടെ.

(ആചാര്യന്മാർ പുറപ്പെടുന്നു)

പരിവ്രാജിക— ആചാര്യന്മാർ ഇങ്ങോട്ടൊന്നു വരണം.

ആചാര്യന്മാർ— (തിരിഞ്ഞു്) ഇതാ ഞങ്ങൾ.

പരിവ്രാജിക— തീരുമാനിക്കാനുള്ള അധികാരം എനിയ്ക്കായതുകൊണ്ടു പറയുകയാണു്. എല്ലാ അവയവങ്ങളുടേയും അഴകു വെളിവാകുവാൻ വേണ്ടി രണ്ടു കഥാപാത്രവും വേഷവിധാനമൊന്നും കൂടാതെ പ്രവേശിക്കണം.

ഉഭൗ— നേദമാവയോരുപദേശ്യം. (ഇതി നിഷ്ക്രാന്തൗ)

ദേവീ— (രാജാനമവലോക്യ) ജഇ രാഅകജ്ജേസു ഈരിസീ ഉവാഅണിഉണദാ അജ്ജഉത്തസ്സ, തദോ സോഹണം ഹവേ. [യദി രാജകാര്യ്യേഷ്വീദൃശ്യുപായനിപുണതാര്യ്യപുത്രസ്യ, തതഃ ശോഭനം ഭവേൽ]

രാജാ— ദേവി!

അലമന്യഥാ ഗൃഹീത്വാ ന ഖലു മനസ്വിനി! മയാ പ്രയുക്തമിദം
പ്രായഃ സമാനവിദ്യാഃ പരസ്പരയശഃപുരോഭാഗാഃ. 20

(നേപഥ്യേ മൃദംഗധ്വനിഃ. സര്വ്വേ കര്ണ്ണം ദദതി)

പരിവ്രാജികാ— ഹന്ത! പ്രവൃത്തം സംഗീതം. തഥാ ഹ്യേഷാ—

ജീമൂതസ്തനിതവിശങ്കിഭിർമയൂരൈ—
രുൽഗ്രീവൈരനുരസിതസ്യ പുഷ്കരസ്യ
നിർഹ്രാദിന്യുപഹിതമധ്യമസ്വരോത്ഥാ
മായൂരീ മദയതി മാർജനാ മനാംസി. 21

രാജാ— ദേവി! സാമവായികാ ഭവാമഃ.

ദേവീ— (സ്വഗതം) അഹോ! അവിണഓ അജ്ജഉത്തസ്സ. [അഹോ! അവിനയ ആര്യ്യപുത്രസ്യ]

(സര്വ്വേ ഉത്തിഷ്ഠന്തി)

വിദൂഷകഃ— (അപവാര്യ്യ) ഭോ വഅസ്സ! ധീരം ഗച്ഛ. മാ തത്തഹോദിം ധാരിണിം വിസംവാദഇസ്സസി. [ഭോ വയസ്യ! ധീരം ഗച്ഛ. മാ തത്രഭവതീം ധാരിണീം വിസംവാദയിഷ്യസി]

രാജാ—

ധൈര്യാവലംബിനമപി ത്വരയതി മാം മുരജവാദ്യരാവോഽയം
അവതരതഃ സിദ്ധിപഥം ശബ്ദഃ സ്വമനോരഥസ്യേവ. 22

(ഇതി നിഷ്ക്രാന്താഃ സര്വ്വേ)

ഇതി പ്രഥമോഽങ്കഃ

ദ്വിതീയോഽങ്കഃ

(തതഃ പ്രവിശതി സംഗീതരചനായാം കൃതായാമാസനസ്ഥഃ സവയസ്യോ രാജാ, ധാരിണീ, പരിവ്രാജികാ, വിഭവതശ്ച പരിവാരഃ)

രാജാ— ഭഗവതി! അത്രഭവതോരാചാര്യ്യയോഃ കതരസ്യ പ്രഥമമുപദേശം ദ്രക്ഷ്യാമഃ?

രണ്ടുപേരും— ഇതു ഞങ്ങളോടു പറഞ്ഞിട്ടു വേണ്ട (രണ്ടുപേരും പോകുന്നു)

ദേവി— (രാജാവിനെ നോക്കി) രാജ്യകാര്യങ്ങളിൽ ആര്യപുത്രന് ഈവിധം ഉപായനൈപുണ്യം ഉണ്ടെങ്കിൽ നന്നായിരുന്നു.

രാജാവ്— ദേവി!

തെറ്റിദ്ധരിക്കരുതു്. വിശാലഹൃദയേ! ഇതു ഞാനുണ്ടാക്കിത്തീർത്തതല്ല. ഒരേ വിദ്യ പഠിച്ചിട്ടുള്ളവർ മിക്കവാറും തമ്മിൽത്തമ്മിൽ കീർത്തിക്കു കുറ്റം കാണുന്നവരാണു്. 20

(അണിയറയിൽ മൃദംഗശബ്ദം. എല്ലാവരും ചെവി കൊടുക്കുന്നു)

പരിവ്രാജിക— ഏ! സംഗീതം തുടങ്ങിപ്പോയി. ഇതാ—

മൃദംഗമുഖത്തിന്റെ (മിഴാവിന്റെ) മധ്യമസ്വരപ്രധാനമായ, മുഴക്കമുള്ള, മയിലുകൾക്കിഷ്ടമാകയാൽ മായൂരി എന്നു പറയുന്ന മാർജ്ജന (മിഴാവൊച്ചപ്പെടുത്തൽ) മനസ്സുകൾക്കു മദം ജനിപ്പിക്കുന്നു. (അതു കേൾക്കുമ്പോൾ) മേഘലത്തിന്റെ മുഴക്കമാണെന്നു് ശങ്കിച്ചു് മയിലുകൾ കഴുത്തുയർത്തി ഒപ്പം ശബ്ദിക്കുന്നുണ്ടു്. 21

രാജാവ്— ദേവി! നമുക്കു കാഴ്ചക്കാരാവുക.

ദവി— (വിചാരം) കഷ്ടം! ആര്യപുത്രന്റെ ഒരു അടക്കമില്ലായ്മ.

(എല്ലാവരും എഴുന്നേല്ക്കുന്നു)

വിദൂഷകൻ— (സ്വകാര്യമായി) തോഴരേ! പതുക്കെ നടക്കു. ധാരിണീദേവിക്കു് തെറ്റിദ്ധരിക്കാൻ ഇടം കൊടുക്കരുതു്.

രാജാവ്— ധൈര്യം പിടിക്കുന്നുണ്ടെങ്കിലും എനിക്കു് ഈ മൃദംഗശബ്ദം സിദ്ധിമാർഗ്ഗത്തിലേക്കിറങ്ങിവരുന്ന മനോരഥത്തിന്റെ ശബ്ദമെന്നപോലെ വേഗം കൂട്ടുന്നു. 22

(എല്ലാവരും പോകുന്നു)

ഒന്നാമങ്കം കഴിഞ്ഞു

രണ്ടാമങ്കം

(അനന്തരം സംഗീതം തുടങ്ങിയപ്പോൾ ഇരിക്കുന്ന വിധത്തിൽ രാജാവും വിദൂഷകനും ധാരിണിയും പരിവ്രാജികയും അവസ്ഥയ്ക്കൊത്ത പരിജനങ്ങളും പ്രവേശിക്കുന്നു.)

രാജാവ്— ഭഗവതി! ബഹുമാന്യന്മാരായ ആചാര്യന്മാരിൽ ആരുടെ ഉപദേശമാണു് നമുക്കാദ്യം കാണേണ്ടതു്?

പരിവ്രാജികാ— നനു സമാനേഽപി ജ്ഞാനവൃദ്ധഭാവേ വയോധികത്വാൽ ഗണദാസഃ പുരസ്കാരമർഹതി.

രാജാ— മൌൽഗല്യ! ഏവമത്രഭവതോരാവേദ്യ നിയോഗമശൂന്യം കുരു.

കഞ്ചുകീ— യദാജ്ഞാപയതി ദേവഃ. (ഇതി നിഷ്ക്രാന്തഃ)

(പ്രവിശ്യ)

ഗണദാസഃ— ദേവ! ശർമ്മിഷ്ഠായാഃ കൃതിർലയമധ്യാ ചതുഷ്പദാ. തസ്യാസ്തു ഛലികപ്രയോഗമേകമനാഃ ശ്രോതുമർഹതി ദേവഃ.

രാജാ— ആചാര്യ്യബഹുമാനാദവഹിതോഽസ്മി.

(നിഷ്ക്രാന്തോ ഗണദാസഃ)

രാജാ— (ജനാന്തികം) വയസ്യ!

നേപഥ്യഗൃഹഗതായാശ്ചക്ഷുർദർശനസമുൽസുകം തസ്യാഃ
സംഹർത്തുമധീരതയാ വ്യവസിതമിവ മേ തിരസ്കരിണീം. 1

വിദൂഷകഃ— (അപവാര്യ) ഉവട്ഠിദം ണഅണമഹു സണ്ണിഹിദമക്ഖിഅം അ. താ അപ്പമത്തോ ദാണിം പേഹി. [ഉപസ്ഥിതം നയനമധു, സന്നിഹിതമക്ഷികം ച. തദപ്രമത്ത ഇദാനീം പിബ]

(തതഃ പ്രവിശത്യാചാര്യ്യപ്രത്യവേക്ഷ്യമാണാംഗസൌഷ്ഠവാ മാളവികാ)

വിദൂഷകഃ— (ജനാന്തികം) പേക്ഖദു ഭവം. ണ ഖു സേ പഡിച്ഛന്ദാദോ പരിഹീഅദി മഹുരദാ? [പ്രേക്ഷതാം ഭവാൻ. ന ഖല്വസ്യാഃ പ്രതിച്ഛന്ദാൽ പരിഹീയതേ മധുരതാ?]

രാജാ— (അപവാര്യ) വയസ്യ!

ചിത്രഗതായാമസ്യാം കാന്തിവിസംവാദശങ്കി മേ ഹൃദയം
സമ്പ്രതി ശിഥിലസമാധിം മന്യേ, യേനേയമാലിഖിതാ. 2

ഗണദാസഃ— വത്സേ! മുക്തസാധ്വസാ സത്ത്വസ്ഥാ ഭവ.

രാജാ— (ആത്മഗതം) അഹോ! സർവ്വസ്ഥാനാനവദ്യതാ രൂപസ്യ. തഥാഹി—

ദീർഘാക്ഷം ശരദിന്ദുകാന്തി വദനം, ബാഹൂ നതാവംസയോഃ
സംക്ഷിപ്തം നിബിഡോന്നതസ്തനമുരഃ, പാർശ്വേ പ്രമൃഷ്ടേ ഇവ
മധ്യഃ പാണിമിതോഽമിതം ച ജഘനം, പാദാവരാളാംഗുലീ
ഛന്ദോ നർത്തയിതുര്യഥൈവ മനസി, ശ്ലിഷ്ടം തഥാസ്യാ വപുഃ. 3

പരിവ്രാജിക— ജ്ഞാനവൃദ്ധത തുല്യമാണെങ്കിലും വയസ്സുകൊണ്ടു മീതെയായതിനാൽ ഗണദാസന്നാണ് പ്രഥമസ്ഥാനം നൽകേണ്ടത്.

രാജാവ്— മൌൽഗല്യ! ഇങ്ങനെ അവരെ അറിയിച്ചു സ്വന്തം കാര്യം നോക്കിക്കൊള്ളൂ.

കഞ്ചുകി— കല്പനപോലെ. (പോകുന്നു)

(പ്രവേശിച്ച്)

ഗണദാസൻ— മഹാരാജാവേ! ശർമ്മിഷ്ഠയെസ്സംബന്ധിച്ച കൃതിയാണ് മധ്യലയംചേർന്ന നാലുപാദമുള്ള ഗീതി. അതിനെ അടിസ്ഥാനപ്പെടുത്തി ഛലികരൂപത്തിലുള്ള അഭിനയം മഹാരാജാവു മനസ്സിരുത്തി കേൾക്കുകയും കാണുകയും വേണം.

രാജാവ്— ആചാര്യനിലുള്ള ബഹുമാനംകൊണ്ടു ഞാൻ നല്ലപോലെ ശ്രദ്ധിക്കുന്നുണ്ട്.

(ഗണദാസൻ പോകുന്നു)

രാജാവ്— (സ്വകാര്യമായി) തോഴരേ!

അണിയറയിലുള്ള അവളെക്കാണാൻ കൊതിക്കുന്ന കണ്ണ്, ക്ഷമ വെടിഞ്ഞു യവനിക മാററാൻ മുതിർന്നതുപോലിരിക്കുന്നു. 1

വിദൂഷകൻ— (സ്വകാര്യമായി) കണ്ണുകൾക്കുള്ള തേൻ അട്ടത്തെത്തിക്കഴിഞ്ഞു. തേനീച്ചകളും അരികിലുണ്ട്. അതുകൊണ്ട് അബദ്ധം പററാതെ കുടിക്കണം.

(അനന്തരം മാളവിക പ്രവേശിക്കുന്നു. മാളവികയുടെ അംഗഭംഗി ആചാര്യൻ ശ്രദ്ധാപൂർവ്വം നോക്കുന്നുണ്ട്)

വിദൂഷകൻ— (സ്വകാര്യമായി) നോക്കു അവിടന്ന്. ചിത്രത്തിലുള്ളതിനേക്കാൾ ഒട്ടും കുറവില്ലല്ലോ മാധുര്യത്തിന്?

രാജാവ്— (സ്വകാര്യമായി) തോഴരേ!

ഇവളെ ചിത്രത്തിൽ കണ്ടപ്പോൾ ഇത്ര സൌന്ദര്യമുണ്ടാകുമോ എന്നു മനസ്സിൽ ശങ്ക തോന്നി. ഇപ്പോൾ തോന്നുന്നു, ചിത്രമെഴുതിയ ആൾക്കു മനസ്സിന്റെ ഏകാഗ്രത മതിയായിട്ടില്ലെന്ന്. 2

ഗണദാസൻ— കുട്ടി! പരിഭ്രമംവിട്ടു ധൈര്യം കൈക്കൊള്ളൂ.

രാജാവ്— (വിചാരം) ആശ്ചര്യം! സൌന്ദര്യത്തിനു യാതൊരു ന്യൂനതയുമില്ല, ഏതു ഭാഗത്തും. എന്തെന്നാൽ—

നീണ്ട കണ്ണുകൾ, ശരച്ചന്ദ്രനെപ്പോലെ കാന്തിയേന്തുന്ന മുഖം, തോളിലമർന്ന കൈകൾ, തിങ്ങിപ്പൊങ്ങിയ സ്തനങ്ങളുള്ള മാറിടം, തുടച്ചു മിനുസപ്പെടുത്തിയതുപോലുള്ള വാരികൾ, പിടിയിടലങ്ങുന്ന അരക്കെട്ട്, കനത്ത നിതംബം, കുനിഞ്ഞ വിരലുകളുള്ള കാലടികൾ. ആചാര്യന്റെ മനസ്സിൽ എങ്ങിനെ വേണമെന്നാണോ അഭിപ്രായം, അങ്ങിനെ ഭംഗിയുള്ളതാണ് ഇവളുടെ രൂപം! 3

മാളവികാ— (ഉപഗാനം കൃത്വാ ചതുഷ്പദവസ്തു ഗായതി)

ദുല്ലഹോ പിഓ മേ! തസ്സിം ഭവ ഹിഅഅ! ണിരാസം
അംഹോ അപംഗഓ മേ പപ്ഫുരഇ കിം വി വാമഓ
എസോ സോ ചിരദിട്ഠോ കഹം ഉവണഇദവ്വോ
ണാഹ! മം പരാഹീണം തുഇ ഗണഅ സതിണ്ഹം.

[ദുർല്ലഭഃ പ്രിയോ മേ! തസ്മിൻ ഭവ ഹൃദയ! നിരാശം
അഹോ! അപാംഗകോ മേ പ്രസ്ഫുരതി കിമപി വാമകഃ
ഏഷ സ ചിരദൃഷ്ടഃ കഥമുപനേതവ്യോ
നാഥ! മാം പരാധീനാം ത്വയി ഗണയ സതൃഷ്ണാം] 4

(ഇതി യഥാരസമഭിനയതി)

വിദൂഷകഃ— (ജനാന്തികം) ഭോ വഅസ്സ! ചഉപ്പദവത്ഥുഅം ദുവാരീകദുഅ തുഇ ഉവക്ഖിത്തോ വിഅ അപ്പാ തത്തഹോദീഏ. [ഭോ വയസ്യ! ചതുഷ്പദവസ്തുകം ദ്വാരീകൃത്യ ത്വയ്യുപക്ഷിപ്ത ഇവാത്മാ തത്രഭവത്യാ]

രാജാ— (ജനാന്തികം) സഖേ! ഏവമേവ മമാപി ഹൃദയം. അനയാ ഖലു—

ജനമിമമനുരക്തം വിദ്ധി നാഥേതി ഗേയേ
വചനമഭിനയന്ത്യാ സ്വാംഗനിർദ്ദേശപൂർവ്വം
പ്രണയഗതിമദൃഷ്ട്വാ ധാരിണീസന്നികഷാ—
ദഹമിവ സുകുമാരപ്രാർത്ഥനാവ്യാജമുക്തഃ. 5

(മാളവികാ ഗീതാന്തേ നിഷ്ക്രമിതുമാരബ്ധാ)

വിദൂഷകഃ— ഭോദി! ചിട്ഠ. കിംവി വോ വിസുമരിദോ കമ്മഭേദോ. [ഭവതി! തിഷ്ഠ. കിമപി വോ വിസ്മൃതഃ കർമ്മഭേദഃ]

ഗണദാസഃ— വത്സേ! ഉപദേശവിശുദ്ധാ യാതുമർഹസി.

(മാളവികാ നിവൃത്യ സ്ഥിതാ)

രാജാ— (ആത്മഗതം) അഹോ! സർവ്വാസ്വവസ്ഥാസു ചാരുതാ ശോഭാന്തരം പുഷ്യതി. തഥാ ഹി—

വാമം സന്ധിസ്തിമിതവലയം ന്യസ്യ ഹസ്തം നിതംബേ
കൃത്വാ ശ്യാമാവിടപസദൃശം സ്രസ്തമുക്തം ദ്വിതീയം
പാദാംഗുഷ്ഠാലുളിതകുസുമേ കുട്ടിമേ പാതിതാക്ഷം
നൃത്താദസ്യാഃ സ്ഥിതമതിതരാം കാന്തമൃജ്വായതാർധം. 6

ദേവീ— ണം ഗോദമവഅണം വി അജ്ജോ ഹിഅഏ കരേദി? [നനു ഗൌതമവചനമപ്യാര്യോ ഹൃദയേ കരോതി?]

മാളവിക— (രാഗാലാപംചെയ്തു നാലു പാദമുള്ള ഗീതി പാടുന്നു)

എനിക്കു പ്രിയനേ ലഭിക്കാൻ പ്രയാസമാണു്. ഹൃദയമേ! അദ്ദേഹത്തിലുള്ള ആശ വെടിഞ്ഞേക്കൂ. അമ്പോ! എന്റെ ഇടത്തെ കടക്കണ്ണു മെല്ലെ തുടിക്കുന്നുവല്ലോ. വളരെക്കാലത്തിനുശേഷം കണ്ടുകിട്ടിയ ഇദ്ദേഹത്തെ എങ്ങനെയാണടുക്കൽ വരുത്തുക. നാഥ! പരാധീനയായ ഞാൻ അങ്ങയ്ക്കുവേണ്ടി ദാഹിച്ചിരിക്കുന്നവളാണെന്നു കണക്കാക്കണേ. 4

(രസത്തിനു തക്കവണ്ണമഭിനയിക്കുന്നു)

വിദൂഷകൻ— (സ്വകാര്യമായി) ഏ തോഴരേ! നാലു പാദമുള്ള ഈ ഗീതിവഴിക്കു് ഈ കുമാരി ആത്മാവിനെ അങ്ങയിൽ സമർപ്പിച്ചതുപോലെ തോന്നുന്നു:

രാജാവു്— (സ്വകാര്യമായി) സഖേ! ഇങ്ങനെതന്നെയാണു് എന്റേയും പക്ഷം. ഇവൾ—

'നാഥാ! ഇവൾ അങ്ങയിൽ അനുരക്തയാണെന്നു കരുതണമേ' എന്ന പാട്ടിലെ വാക്കു തന്റെ ശരീരത്തെ ചൂണ്ടിക്കാണിച്ചുകൊണ്ടഭിനയിക്കുമ്പോൾ, എന്നിൽ പ്രേമം കാണാത്തതുകൊണ്ടു ധാരിണി അടുത്തുണ്ടല്ലോ എന്നു കരുതി എന്നോടും എളിയൊരു അപേക്ഷ ചെയ്യുന്നു എന്ന നാട്യത്തിൽ പറഞ്ഞുവോ എന്നു തോന്നും. 5

(മാളവിക ഗീതം കഴിഞ്ഞപ്പോൾ പോകാൻ തുടങ്ങി)

വിദൂഷകൻ— കുട്ടി! നിൽക്കൂ. നീങ്ങൾ ഒരു കാര്യം മറന്നുപോയി.

ഗണദാസൻ— വത്സേ! ഉപദേശം കേട്ടു മനസ്സിലാക്കി പോയാൽ മതി.

(മാളവിക തിരിഞ്ഞുനിന്നു)

രാജാവു്— (വിചാരം) അമ്പോ! എല്ലാ അവസ്ഥകളിലും സൌന്ദര്യം പ്രത്യേകം ശോഭ വർദ്ധിപ്പിക്കുന്നു എന്തെന്നാൽ—

കണിപ്പിൽ അനങ്ങാതിരിക്കുന്ന വളയോടുകൂടിയ ഇടത്തുകൈ ഒക്കത്തു വെച്ചു മറേറ കൈ ഞാഴൽച്ചില്ലപോലെ അയച്ചു തൂക്കിയിട്ടും നിലത്തേക്കു നോക്കി അവിടെയുള്ള പൂവു കാലിന്റെ പെരുവിരൽകൊണ്ടു മെല്ലെ അങ്ങിങ്ങു നീക്കിയും പാതിയും നിവന്നു നീണ്ട ഇവളുടെ നിൽപു നൃത്തത്തേക്കാൾ ഏററവും മനോഹരമായിരിക്കുന്നു. 6

ദേവി— ഗൌതമന്റെ വാക്കും ആചാര്യൻ ശ്രദ്ധിക്കുന്നുവോ?

ഗണദാസഃ— ദേവി! മാ മൈവം. ദേവപ്രത്യയാൽ സംഭാവ്യതേ സൂക്ഷ്മദൎശിതാ ഗൌതമസ്യ.

മന്ദോഽപ്യമന്ദതാമേതി സംസൎഗ്ഗേണ വിപശ്ചിതഃ
പങ്കച്ഛിദഃ ഫലസ്യേവ നികഷേണാവിലം പയഃ. 7

(വിദൂഷകം വിലോക്യ) ശൃണുമോ വിവക്ഷിതമാൎയ്യസ്യ.

വിദൂഷകഃ— (ഗണദാസം വിലോക്യ) കോസിഇം ദാവ പുച്ഛ. പച്ഛാ ജോ മഏ കമ്മഭേദോ ലക്ഖിദോ തം, ഭണിസ്സം. [കൌശികീം താവൽ പൃച്ഛ. പശ്ചാദ്യോ മയാ കൎമ്മഭേദോ ലക്ഷിതസ്തം ഭണിഷ്യാമി]

ഗണദാസഃ— ഭഗവതി! യഥാദൃഷ്ടമഭിധീയതാം. ഗുണോ വാ ദോഷോ വാ.

പരിവ്രാജികാ— യഥാദൎശനം സൎവ്വമനവദ്യം. കുതഃ—

അംഗൈരന്തർനിഹിതവചനൈഃ സൂചിതഃ സമ്യഗർത്ഥഃ
പാദന്യാസോ ലയമനുഗത, സ്തന്മയത്വം രസേഷു
ശാഖായോനിർമൃദുരഭിനയ, സ്തദ്വികല്പാനുവൃത്തൌ
ഭാവോ ഭാവം നുദതി വിഷയാ, ദ്രാഗബന്ധഃ സ ഏവ. 8

ഗണദാസഃ— ദേവഃ കഥം വാ മന്യതേ?

രാജാ — വയം സ്വപക്ഷേ ശിഥിലാഭിമാനാഃ സംവൃത്താഃ.

ഗണദാസഃ— അദ്യ നൎത്തയിതാസ്മി.

ഉപദേശം വിദുഃ ശുദ്ധം സന്തസ്തമുപദേശിനഃ
ശ്യാമായതേ ന യുഷ്മാസു യഃ കാഞ്ചനമിവാഗ്നിഷു. 9

ദേവീ— ദിട്ഠിആ പരിക്ഖആരാഹണേണ അഹിഅം വഡ്ഢഇ അജ്ജോ. [ദിഷ്ട്യാ പരീക്ഷകാരാധനേനാധികം വൎദ്ധത ആൎയ്യഃ]

ഗണദാസഃ— ദേവീപരിഗ്രഹ ഏവ മേ വൃദ്ധിഹേതുഃ. (വിദൂഷകം വിലോക്യ) ഗൌതമ! വദേദാനീം, യത്തേ മനസി വൎത്തതേ.

വിദൂഷകഃ— പുഢമോപദേസദംസണേ പുഢമം ബംഹണസ്സ പൂആ കാദവ്വാ. സാ ണം വോ വിസുമരിദാ. [പ്രഥമോപദേശദൎശനേ പ്രഥമം ബ്രാഹ്മണസ്യ പൂജാ കൎത്തവ്യാ. സാ നനു വോ വിസ്മൃതാ]

പരിവ്രാജികാ – അഹോ പ്രയോഗാഭ്യന്തരഃ പ്രശ്നഃ!

[സൎവ്വേ പ്രഹസിതാഃ. മാളവികാ സ്മിതം കരോതി]

രാജാ— (ആത്മഗതം) ഉപാത്തസാരശ്ചക്ഷുഷാ മേ സ്വവിഷയഃ. യദനേന—

സ്മയമാനമായതാക്ഷ്യാഃ കിഞ്ചിദഭിവ്യക്തദശനശോഭി മുഖം
അസമഗ്രലക്ഷ്യകേസരമുച്ഛ്വസദിവ പങ്കജം, ദൃഷ്ടം. 10

ഗണദാസൻ— ദേവി! അങ്ങനെ പറയരുതു്. മഹാരാജാവിന്റെ വിശ്വസ്തസുഹൃത്തായതുകൊണ്ടു ഗൌതമന്നു സൂക്ഷ്മം കണ്ടെത്താൻ കഴിഞ്ഞേക്കും.

അറിവില്ലാത്ത ആൾക്കും പണ്ഡിതന്റെ സംസർഗ്ഗംകൊണ്ടു് അറിവുണ്ടാകുന്നു. ചളി വേർതിരിക്കുന്ന തേററാംപരൽക്കുരു ചേർന്നാൽ കലങ്ങിയ വെള്ളം തെളിയുന്നതുപോലെ. 7

(വിദൂഷകനെ നോക്കി) ആര്യൻ പറയാൻ വിചാരിച്ചതു കേട്ടാൽ കൊള്ളാം.

വിദൂഷകൻ— (ഗണദാസനെ നോക്കി) പണ്ഡിതകൌശികിയോടാദ്യം ചോദിക്കൂ. പിന്നെ ഞാൻ കണ്ട പ്രവൃത്തിഭേദം പറയാം.

ഗണദാസൻ— ഭഗവതി കണ്ടതു പറയൂ, ഗുണമായാലും ദോഷമായാലും.

പരിവ്രാജിക— കണ്ടതനുസരിച്ചു പറയുകയാണെങ്കിൽ എല്ലാം ഭംഗിയായിട്ടുണ്ടു്. കാരണം—

വാക്കുകളെ ഉള്ളിലടക്കിയ അംഗങ്ങളെക്കൊണ്ടു് അർത്ഥം വേണ്ടതുപോലെ സൂചിപ്പിച്ചു. ചുവടുവെപ്പു താളലയത്തിനു ചേർന്നിരുന്നു. രസങ്ങളിൽ തന്മയത്വം വന്നിരുന്നു. കൈമുദ്രകളെക്കൊണ്ടുള്ള അഭിനയം മാർദ്ദവമുള്ളതായിരുന്നു. അവയുടെ വകഭേദങ്ങൾ തുടർന്നുകൊണ്ടിരിക്കെ പുതിയ ഭാവം പഴയ ഭാവത്തെ അതിന്റെ വിഷയത്തിൽനിന്നു തള്ളിമാററുന്നു. എന്നാൽ ഒരേ സ്ഥായിഭാവം മാറാതെ നിൽക്കുകയും ചെയ്യുന്നു. 8

ഗണദാസൻ— മഹാരാജാവു് എന്താണു് വിചാരിക്കുന്നതു്?

രാജാവു്— നമുക്കു നമ്മുടെ പക്ഷത്തെക്കുറിച്ചുള്ള അഭിമാനം കുറഞ്ഞുപോയിരിക്കുന്നു.

ഗണദാസൻ— ഇന്നു ഞാൻ നാട്യാചാര്യനായി.

അഗ്നിയിൽ സ്വർണ്ണമെന്നപോലെ നിങ്ങളുടെ ദൃഷ്ടിയിൽ മങ്ങലേല്ക്കാത്ത ആചാര്യന്റെ ഉപദേശത്തെയാണു് പണ്ഡിതന്മാർ പരിശുദ്ധമായി കരുതുന്നതു്. 9

ദേവി— ഭാഗ്യംകൊണ്ടു പരീക്ഷകന്മാരെ തൃപ്തിപ്പെടുത്തിയ ആചാര്യൻ അധികം ആദരണീയനായിരിക്കുന്നു.

ഗണദാസൻ— എന്റെ അഭ്യുദയത്തിന്നു കാരണം, ദേവി സ്വീകരിച്ചതു തന്നെയാണു്. (വിദൂഷകനെ നോക്കി) ഗൌതമ! ഇനി അങ്ങയുടെ മനസ്സിലുള്ളതു പറയൂ.

വിദൂഷകൻ— ഒന്നാമതു് അഭിനയം പ്രദർശിപ്പിക്കുമ്പോൾ ആദ്യം ബ്രാഹ്മണപൂജ ചെയ്യേണ്ടതുണ്ടു്. അതു നിങ്ങൾ മറന്നില്ലേ?

പരിവ്രാജിക— ഓ അഭിനയത്തിന്റെ ഉള്ളിൽത്തട്ടിയ ചോദ്യംതന്നെ.

(എല്ലാവരും പൊട്ടിച്ചിരിക്കുന്നു. മാളവിക പുഞ്ചിരി തൂകുന്നു)

രാജാവു്— (വിചാരം) എന്റെ കണ്ണു കാണേണ്ടതിന്റെ സത്തു നുകർന്നു.

അതിന്നു്—

അല്പം തെളിഞ്ഞ പല്ലുകൾകൊണ്ടു ശോഭിക്കുന്നതും പുഞ്ചിരി തൂകുന്നതുമായ സുന്ദരിയുടെ മുഖം, അല്ലികൾ അല്പാല്പം കാണുംവിധത്തിൽ വിടരുന്ന താമരപ്പൂവെന്നപോലെ കാണുവാൻ കഴിഞ്ഞുവല്ലോ. 10

ഗണദാസഃ— മഹാബ്രാഹ്മണ! ന ഖലു പ്രഥമം നേപഥ്യപ്രദർശനമിദം. അന്യഥാ കഥം ത്വാം ദക്ഷിണീയം ന തർപ്പയിഷ്യാമഃ.

വിദൂഷകഃ— മഏ ണാമ മുദ്ധചാദഏണ വിഅ സുക്ഖഘലണഗജ്ജിദേ അന്ദരിക്ഖേ ജലപാണം ഇച്ഛിദം. [മയാ നാമ മുഗ്ധചാതകേനേവ ശുഷ്കഘനഗർജ്ജിതേഽന്തരിക്ഷേ ജലപാനമിഷ്ടം]

പരിവ്രാജികാ— ഏവമേവ.

വിദൂഷകഃ— ഭഅവദി! പണ്ഡിദപരിതോസപച്ചആ ണം മൂഢാ ജാദീ. ജഇ ഭഅവദീഏ സോഹണം ഭണിദം, തദോ ഇമം സേ പാരിതോസിഅം പഅച്ഛാമി. (ഇതി രാജ്ഞോ ഹസ്താൽ കടകമാകർഷതി) [ഭഗവതി! പണ്ഡിതപരിതോഷപ്രത്യയാ നനു മൂഢാ ജാതിഃ. യദി ഭഗവത്യാ ശോഭനം ഭണിതം, തത ഇദമസ്യൈ പാരിതോഷികം പ്രയച്ഛാമി]

ദേവീ— ചിട്ഠ ദാവ. ഗുണന്ദരം അആണന്തോ കിംത്തി തുമം ആഹരണം ദേസി? [തിഷ്ഠ താവൽ. ഗുണാന്തരമജാനൻ കിമിതി ത്വമാഭരണം ദദാസി?]

വിദൂഷകഃ— പരകേരഅം ത്തി കദുഅ. [പരകീയമിതി കൃത്വാ]

ദേവീ— (ആചാര്യം വിലോക്യ) അജ്ജ ഗണദാസ! ണം ദംസിദോവദേസാ ദേ സിസ്സാ. [ആര്യ ഗണദാസ! നനു ദർശിതോപദേശാ തേ ശിഷ്യാ]

ഗണദാസഃ— വത്സേ! പ്രതിഷ്ഠസ്വേദാനീം.

(മാളവികാ സഹാചാര്യേണ നിഷ്ക്രാന്താ)

വിദൂഷകഃ— (രാജാനം വിലോക്യ ജനാന്തികം) എത്തിഓ ഏവ്വ മേ മദിവിഹവോ ഭവന്ദം സേവിദും. [ഏതാവാനേവ മേ മതിവിഭവോ ഭവന്തം സേവിതും]

രാജാ— (ജനാന്തികം) അലമലം പരിച്ഛേദേന. അഹം ഹി—

ഭാഗ്യാസ്തമയമിവാക്ഷ്ണോർ—
ഹൃദയസ്യ മഹോത്സവാവസാനമിവ
ദ്വാരപിധാനമിവ ധൃതേർ—
മന്യേ തസ്യാസ്തിരസ്കരണം. 11

വിദൂഷകഃ— (ജനാന്തികം) സാഹു. തുമം ദരിദ്ദോ ആദുരോ വിഅ വേജ്ജണ ഉവണിജ്ജമാണം ഓസദം ഇച്ഛസി. [സാധു. ത്വം ദരിദ്ര ആതുര ഇവ വൈദ്യേനോപനീയമാനമൗഷധമിച്ഛസി]

(പ്രവിശ്യ)

ഹരദത്തഃ— ദേവ! മദീയമിദാനീമുപദേശമവലോകയിതും ക്രിയതാം പ്രസാദഃ.

ഗണദാസൻ— മഹാബ്രാഹ്മണ! വേഷംകെട്ടിയിട്ടുള്ള അരങ്ങേററമല്ലല്ലോ ഇതു്. അല്ലെങ്കിൽ ദക്ഷിണയ്ക്കർഹനായ അങ്ങയെ തൃപ്തിപ്പെടുത്താതിരിക്കുമോ?

വിദൂഷകൻ— പാവപ്പെട്ട ചാതകത്തെപ്പോലെ ഞാൻ ആകാശത്തു നീരററ മേഘം മുഴങ്ങിയപ്പോൾ വെള്ളം കുടിക്കാനാഗ്രഹിച്ചുപോയി.

പരിവ്രാജിക— ശരിയാണു്.

വിദൂഷകൻ— ഭഗവതി! പണ്ഡിതന്മാരുടെ സന്തോഷംകണ്ടു വിശ്വസിക്കുന്നവരാണല്ലോ മൂഢവർഗ്ഗം. ഭഗവതി നന്നായി എന്നു പറഞ്ഞതുകൊണ്ടു ഇവൾക്കു ഈ സമ്മാനം കൊടുത്തേക്കാം. (രാജാവിന്റെ കൈയിന്മേൽനിന്നു വള ഊരുന്നു)

ദേവി— വരട്ടെ. മററാളുടെ ഗുണമറിയാതെ അങ്ങെന്താണു് ആഭരണം സമ്മാനിക്കുന്നതു്?

വിദൂഷകൻ— അന്യന്റെയാണല്ലോ എന്നു വെച്ചിട്ടു്.

ദേവി— (ആചാര്യനെ നോക്കി) ആര്യഗണദാസ! അങ്ങയുടെ ശിഷ്യ ഉപദേശം പ്രദർശിപ്പിച്ചുകഴിഞ്ഞുവല്ലോ.

ഗണദാസൻ— വത്സേ! ഇനി പുറപ്പെട്ടോളൂ.

(മാളവിക ആചാര്യനോടുകൂടെ പോകുന്നു)

വിദൂഷകൻ— (രാജാവിനെ നോക്കി സ്വകാര്യം) അവിടത്തെ സേവിക്കാൻ എനിക്കിത്രയൊക്കെയേ ബുദ്ധിസാമർത്ഥ്യമുള്ളു.

രാജാവു്— (സ്വകാര്യം) അങ്ങനെ വെക്കാൻ വരട്ടെ. എനിക്കിപ്പോൾ—

അവൾ പോയതോടുകൂടി എന്റെ കണ്ണുകളുടെ ഭാഗ്യം അസ്തമിച്ചതു
പോലെയും ഹൃദയത്തിലെ മഹോത്സവം അവസാനിച്ചതുപോലെയും
ധൈര്യത്തിന്റെ വാതിൽ അടഞ്ഞതുപോലെയും തോന്നുന്നു. 11

വിദൂഷകൻ— (സ്വകാര്യം) നന്നായി. ദരിദ്രനായ രോഗിയെപ്പോലെ വൈദ്യൻ മരുന്നുകൊണ്ടുവന്നുതരണമെന്നാണു് അങ്ങു് ആഗ്രഹിക്കുന്നതു്.

(പ്രവേശിച്ചിട്ടു്)

ഹരദത്തൻ— മഹാരാജാവേ! ഇനി ഞാൻ ഉപദേശിച്ചിട്ടുള്ളതും കാണുവാൻ കനിവുണ്ടാകണം.

രാജാ— (ആത്മഗതം) അവസിതോ ദർശനാർത്ഥഃ. (ദാക്ഷിണ്യമവലംബ്യ പ്രകാശം) നനു പർയ്യുൽസുകാ ഏവ വയം.

ഹരദത്തഃ— അനുഗൃഹീതോഽസ്മി.

(നേപഥ്യേ)

വൈതാളികഃ— ജയതു ജയതു ദേവഃ. ഉപാരൂഢോ മദ്ധ്യമഹ്നഃ സവിതാ. തഥാ ഹി—

പത്രച്ഛായാസു ഹംസാ മുകുളിതനയനാ
ദീർഘികാപത്മിനീനാം
സൌധാന്യത്യർത്ഥതാപാദ്വലഭിപരിചയ-
ദ്വേഷിപാരാവതാനി
ബിന്ദുക്ഷേപാൻ പിപാസുഃ പരിസരതി ശിഖീ
ഭ്രാന്തിമദ്വാരിയന്ത്രം
സർവ്വൈരുസ്രൈഃ സമഗ്രസ്ത്വമിവ നൃപഗുണൈർ-
ദീപ്യതേ സപ്തസപ്തിഃ. 12

വിദൂഷകഃ— അവിഹ അവിഹ! അംഹാണം ഭോഅണവേലാ ഉവട്ഠിദാ, അത്തഹോദോ വി. ഉഇദവേലാദിക്കമാദോ ചികിസ്സആ ദോസം ഉദാഹരന്ദി. ഹരദത്ത! കിം ദാണിം ഭണസി. [അവിധാ അവിധാ! അസ്മാകം ഭോജനവേലോപസ്ഥിതാ, അത്രഭവതോഽപി. ഉചിതവേലാതിക്രമാച്ചികിത്സകാ ദോഷമുദാഹരന്തി. ഹരദത്ത! കിമിദാനീം ഭണസി?]

ഹരദത്തഃ— നാസ്തി വചനസ്യാന്യസ്യാവകാശോഽത്ര.

രാജാ— തേന ഹി ത്വദീയമുപദേശം ശ്വോ വയം ദ്രക്ഷ്യാമഃ. വിരമതു ഭവാൻ.

ഹരദത്തഃ— യദാജ്ഞാപയതി ദേവഃ. (ഇതി നിഷ്ക്രാന്തഃ)

ദേവീ— ണിവ്വട്ടേദു അജ്ജഉത്തോ മജ്ജണവിഹിം. [നിവർത്തയത്വാര്യപുത്രോ മജ്ജനവിധിം]

വിദൂഷകഃ— ഭോദി! വിസേസേണ ഭോഅണമ്മി തുവരാവേഹി. [ഭവതി! വിശേഷേണ ഭോജനേ ത്വരയ]

പരിവ്രാജികാ— (ഉത്ഥായ) സ്വസ്തി ഭവതേ.

(ഇതി സപരിജനയാ ദേവ്യാ സഹ നിഷ്ക്രാന്താ)

വിദൂഷകഃ— ഭോ! ണ കേവലം രൂവേ, സിപ്പേവി അദ്ദുദീആ മാളവിആ. [ഭോഃ! ന കേവലം രൂപേ, ശില്പേഽപ്യദ്വിതീയാ മാളവികാ]

രാജാ— വയസ്യ!

അവ്യാജസുന്ദരീം താം വിജ്ഞാനേന ലളിതേന യോജയതാ
ഉപകല്പിതോ വിധാത്രാ ബാണഃ കാമസ്യ വിഷദിഗ്ധഃ. 13

കിം ബഹുനാ? ചിന്തയിതവ്യോഽസ്മി തേ.

രാജാവ്— (വിചാരം) കാണേണ്ടതു കണ്ടുകഴിഞ്ഞു. (മര്യാദ കരുതി വെളിവായി) ഞാൻ കാണുവാൻ ഔത്സുക്യത്തോടുകൂടിയാണിരിക്കുന്നതു്.

ഹരദത്തൻ— അനുഗ്രഹമായി.

(അണിയറയിൽ)

സ്തുതിപാഠകൻ— മഹാരാജാവിനു ജയം ജയം. സമയം നട്ടുച്ചയായിക്കഴിഞ്ഞു—

താമരക്കുളങ്ങളിൽ താമരയിലകളുടെ തണലിൽ അരയന്നങ്ങൾ കണ്ണു ചിമ്മിയിരിക്കുന്നു. ചൂടിന്റെ ശക്തികൊണ്ടു് അരമനകളിലെ പ്രാപ്പലകകളിൽ ഇരിക്കുവാൻ പ്രാവുകൾ വെറുപ്പു കാണിക്കുന്നു. നീർത്തുള്ളികൾ കുടിക്കാൻവേണ്ടി മയിൽ, ചുറ്റിത്തിരിയുന്ന ജലധാരായന്ത്രത്തിന്റെ ചുറ്റും സഞ്ചരിക്കുന്നു. എല്ലാ രാജഗുണങ്ങളോടുംകൂടി അവിടുന്നെന്നപോലെ സകല രശ്മികളോടുകൂടി സൂര്യൻ ജ്വലിക്കുന്നു. 12

വിദൂഷകൻ— ഓഹോ! നമുക്കു ഭക്ഷണത്തിനു സമയമായി. അവിടുത്തേക്കും. സമയം തെറ്റിയാൽ വൈഷമ്യമുണ്ടെന്നാണു് വൈദ്യന്മാർ പറയുന്നതു്. ഹരദത്ത! അങ്ങിപ്പോൾ എന്തു പറയുന്നു?

ഹരദത്തൻ— ഇവിടെ മറ്റൊരാൾക്കും ഒന്നും പറയാനവകാശമില്ലല്ലോ.

രാജാവ്— എന്നാൽ അങ്ങയുടെ ഉപദേശം നാളെ നാം കണ്ടുകൊള്ളാം. അങ്ങു പോയി വിശ്രമിക്കൂ.

ഹരദത്തൻ— മഹാരാജാവിന്റെ കല്പനപോലെ. (പോകുന്നു)

ദേവി— ആര്യപുത്രൻ കുളി കഴിക്കൂ.

വിദൂഷകൻ— ദേവി! ഭക്ഷണത്തിനു വേഗം ഉത്സാഹിപ്പിക്കൂ.

പരിവ്രാജിക— (എഴുന്നേറ്റു്) അവിടുത്തേക്കു നന്മ വരട്ടെ.

(ദേവിയും പരിജനങ്ങളുമൊന്നിച്ചു പോകുന്നു)

വിദൂഷകൻ— തോഴരേ! സൌന്ദര്യത്തിൽ മാത്രമല്ല കലാപ്രയോഗത്തിലും അദ്വിതീയയാണു് മാളവിക.

രാജാവ്— തോഴരേ!

അകൃതിസൌന്ദര്യമുള്ള അവൾക്കു കലാജ്ഞാനവുംകൂടി നൽകുന്ന സൃഷ്ടികർത്താവു്, കാമദേവനു വിഷത്തിലൂട്ടിയ ഒരു ശരം തയ്യാറാക്കുകയാണു് ചെയ്തതു്. 13

എന്തിനേറെ പറയുന്നു. എന്റെ കാര്യം അങ്ങു ചിന്തിക്കേണ്ടതായിട്ടാണിരിക്കുന്നതു്.

വിദൂഷകഃ— ഭവദാ വി അഹം. ദിഢം വിപണികന്ദൂ വിഅ മേ ഉഅരബ്ഭന്ദരം ദജ്ഝഇ. [ഭവതാപ്യഹം. ദൃഢം വിപണികന്ദുരിവ മേ ഉദരാഭ്യന്തരം ദഹ്യതേ]

രാജാ— ഏവമേവ ഭവാൻ സുഹൃദർത്ഥേ ത്വരതാം.

വിദൂഷകഃ— ഗഹീദം വഅണം. കിംദു, മേഹാവലീണിരുദ്ധാ ജോൺഹാ വിഅ പരാഹീണദംസണാ തത്തഹോദീ മാളവിആ. ഭവം വി സൂണോവരിഅരോ ഗിദ്ധോ വിഅ ആമിസലോലുഓ ഭീരുഓ അ. താ അണാദുരോ ഭവിഅ കജ്ജസിദ്ധിം പത്ഥഅന്ദോ മേ രോഅസി. [ഗൃഹീതം വചനം. കിന്തു മേഘാവലീനിരുദ്ധാ ജ്യോൽസ്നേവ പരാധീനദർശനാ തത്രഭവതീ മാളവികാ. ഭവാനപി സൂനോപരിചരോ ഗൃദ്ധ്ര ഇവ ആമിഷലോലുപോ ഭീരുകശ്ച. തസ്മാദനാതുരോ ഭൂത്വാ കാര്യ്യസിദ്ധിം പ്രാർത്ഥയമാനോ മേ രോചസേ]

രാജാ— സഖേ! കഥമനാതുരോ ഭവിഷ്യാമി?

സർവ്വാന്തഃപുരവനിതാവ്യാപാരപ്രതിനിവൃത്തഹൃദയസ്യ
സാ വാമലോചനാ മേ സ്നേഹസ്യൈകായനീഭൂതാ. 14

(ഇതി നിഷ്ക്രാന്താഃ സർവ്വേ)

ഇതി ദ്വിതീയോഽങ്കഃ

തൃതീയോഽങ്കഃ

പ്രവേശകഃ

(തതഃ പ്രവിശതി പരിവ്രാജികായാഃ പരിചാരികാ സമാഹിതികാ)

സമാഹിതികാ— ആണത്തംഹി ഭഅവദീഏ-'ദേവീഏ ഉവാഅണത്ഥം ബീജാപൂരഅം ഗേണ്ഹിഅ ആഅച്ഛ'ത്തി. താ ജാവ പമദവണപാലിഅം മഹുഅരിഅം അണ്ണേസാമി. (പരിക്രമ്യാവലോക്യ ച) ഏസാ തവണീആസോഅം ഓലോഅന്ദീ ചിട്ഠദി. ജാവ ണം ഉവസപ്പാമി. [ആജ്ഞപ്താസ്മി ഭഗവത്യാ—'ദേവ്യാ ഉപായനാർത്ഥം ബീജപൂരകം ഗൃഹീത്വാഗച്ഛ' ഇതി. തദ്യാവൽ പ്രമദവനപാലികാം മധുകരികാമന്വിഷ്യാമി. ഏഷാ തപനീയാശോകമവലോകയന്തീ തിഷ്ഠതി. യാവദേനാമുപസർപ്പാമി]

(തതഃ പ്രവിശത്യുദ്യാനപാലികാ)

സമാഹിതികാ— (ഉപസൃത്യ) മഹുഅരിഏ! അവി സുഹോ ദേ ഉജ്ജാണവ്വാവാരോ? [മധുകരികേ, അപി സുഖസ്ഥ ഉദ്യാനവ്യാപാരഃ?]

വിദൂഷകൻ— എന്റെ കാര്യം അവിടുന്നും. അങ്ങാടിയിലെ കാടിക്കുണ്ടലിപോലെ എന്റെ വയറു കത്തുന്നു.

രാജാവു്— ഇതുപോലെതന്നെ അങ്ങു് ഈ സുഹൃത്തിന്റെ കാര്യത്തിൽ ജാഗ്രത ചെയ്യണം.

വിദൂഷകൻ— വാക്കു സ്വീകരിച്ചു. പക്ഷെ, കാർമേഘം മറച്ച പൂനിലാവിനെപ്പോലെ മാളവികയെ കാണാൻ പരാധീനതയുണ്ടു്. അവിടുന്നു കശാപ്പുശാലയുടെ മീതെ പറക്കുന്ന കഴുകനെപ്പോലെ മാംസത്തിനു കൊതിയുമുണ്ടു, പേടിത്തൊണ്ടനുമാണു്. അതുകൊണ്ടു പരിഭ്രമിക്കാതെ കാര്യസിദ്ധി പ്രാർത്ഥിച്ചുകൊണ്ടിരുന്നാൽ മതിയെന്നാണു് എനിക്കു തോന്നുന്നതു്.

രാജാവു്— സഖേ! ഞാനെങ്ങിനെ പരിഭ്രമിക്കാതിരിക്കും?

എല്ലാ അന്തഃപുരസ്ത്രീകളിൽനിന്നും പിന്തിരിഞ്ഞ ഹൃദയത്തോടുകൂടിയ എന്റെ സ്നേഹത്തിനു ആ സുന്ദരിമാത്രം ഏകലക്ഷ്യമായിത്തീർന്നിരിക്കുന്നു. 14

(എല്ലാവരും പോകുന്നു)

രണ്ടാമങ്കം കഴിഞ്ഞു

മൂന്നാമങ്കം

പ്രവേശകം

(അനന്തരം പരിവ്രാജികയുടെ ദാസി സമാഹിതിക പ്രവേശിക്കുന്നു)

സമാഹിതിക— ഭഗവതി എന്നോടു കല്പിച്ചിരിക്കുന്നു— 'ദേവിക്കു കാഴ്ചവെക്കുവാൻ മാതളനാരങ്ങ വാങ്ങിക്കൊണ്ടുവരൂ' എന്നു്. അതുകൊണ്ടു ഉദ്യാനപാലികയായ മധുകരികയെ അന്വേഷിക്കുകതന്നെ. [ചുററിനടന്നു നോക്കീട്ടു്] ഇതാ മധുകരിക പൊന്നശോകം ശ്രദ്ധിച്ചുനോക്കിക്കൊണ്ടു് നില്ക്കുന്നു. ഞാൻ അവളുടെ അടുത്തുചെല്ലട്ടെ.

(അനന്തരം ഉദ്യാനപാലിക പ്രവേശിക്കുന്നു)

സമാഹിതിക— (അടുത്തുചെന്നിട്ടു്) മധുകരികേ! നിന്റെ ഉദ്യാനത്തിലെ ജോലി സുഖമാണോ?

മധുകരികാ— അംഹോ സമാഹിദിആ! സഹി! സാഗദം ദേ. [അഹോ സമാഹിതികാ! സഖി! സ്വാഗതം തേ]

സമാഹിതികാ— ഹളാ! ഭഅവദീ ആണവേദി— അരിത്തപാണിണാ അംഹാരിസജണേണ തത്തഹോദീ ദേവീ ദക്ഖിദവ്വാ. താ ബീജപൂരഏണ സുസ്സൂസിദും ഇച്ഛാമി ത്തി. [ഹളാ! ഭഗവത്യാജ്ഞാപയതി— അരിക്തപാണിനാമസ്മാദൃശജനേന തത്രഭവതീ ദേവീ ദ്രഷ്ടവ്യാ. തൽബീജപൂരകേണ ശുശ്രൂഷിതുമിച്ഛാമീതി]

മധുകരികാ— ണം സണ്ണിഹിദം എവ്വ ബീജപൂരഅം. കഹേഹി ദാവ, അണ്ണോണ്ണസംഘരിസിദാണം ണട്ടാഅരിആണം ഉവദേസം ദക്ഖിഅ കദരോ ഭഅവദീഏ പസംസിദോ? [നനു സന്നിഹിതമേവ ബീജപൂരകം. കഥയ താവൽ, അന്യോന്യസംഘർഷിതയോർനാട്യാചാര്യയോരുപദേശം ദൃഷ്ട്വാ കതരോ ഭഗവത്യാ പ്രശംസിതഃ?]

സമാഹിതികാ— ദുവേ വി കില ആഅമിണാ പഓഅണിഉണാ അ. കിംദു സിസ്സാഗുണവിസേസേണ ഉണ്ണമിദോ ഗണദാസോ. [ദ്വാവപി കിലാഗമിനൌ പ്രയോഗനിപുണൌ ച. കിന്തു ശിഷ്യാഗുണവിശേഷേണോന്നമിതോ ഗണദാസഃ]

മധുകരികാ— അഹ മാളവിആഗദം കോലീണം കഹം സുണീഅദി? [അഥ മാളവികാഗതം കൌലീനം കഥം ശ്രൂയതേ?]

സമാഹിതികാ— ബലിഅം ഖു സാഹിലാസോ ഭട്ടാ തസ്സിം. കേവലം ദേവീഏ ധാരിണീഏ ചിത്തം രക്ഖന്ദോ അത്തണോ പഹുത്തണം ണ ദംസേദി. മാളവിആ വി ഇമേസു ദിഅഹേസു അണുഹൂദമുത്താ വിഅ മാലദീമാലാ മിലാഅമാണാ ലക്ഖിഅദി. അദോ വരം ണ ജാണേ. വിസജ്ജേഹി മം. [ബലവൽ ഖലു സാഭിലാഷോ ഭർത്താ തസ്യാം. കേവലം ദേവ്യാ ധാരിണ്യാശ്ചിത്തം രക്ഷന്നാത്മനഃ പ്രഭുത്വം ന ദർശയതി. മാളവികാപ്യേഷു ദിവസേഷ്വനുഭൂതമുക്തേവ മാലതീമാലാ മ്ലായമാനാ ലക്ഷ്യതേ. അതഃ പരം ന ജാനേ. വിസർജ്ജയ മാം]

മധുകരികാ— എദം സാഹാവലംബി ബീജപൂരഅം ഗേണ്ഹ. [ഏതച്ഛാഖാവലംബി ബീജപൂരകം ഗൃഹാണ]

സമാഹിതികാ— തഹ (ഗൃഹീത്വാ) ഹളാ! തുമം വി ഇദോ വരം പേസലദരം സാഹുജണസുസ്സൂസാഏ ഫലം അണുഹോഹി. (ഇതി പ്രസ്ഥിതാ) [തഥാ. ഹളാ! ത്വമപീതഃ പരം പേശലതരം സാധുജനശുശ്രൂഷായാഃ ഫലമനുഭവ]

മധുകരിക— ഓ സമാഹിതികയോ! സഖി! നിനക്കു സ്വാഗതം.

സമാഹിതിക— സഖി! ഭഗവതി പറഞ്ഞയച്ചിട്ടുണ്ടു് ''എന്നെപ്പോലുള്ളവർ ദേവിയെക്കാണാൻ ചെല്ലുമ്പോൾ കയ്യിലെന്തെങ്കിലും കൊണ്ടുപോകേണ്ടതാണു്. ഞാൻ മാതളനാരങ്ങ കൊണ്ടുപോയികൊടുക്കാൻ ആഗ്രഹിക്കുന്നു'' എന്നു്.

മധുകരിക— മാതളനാരങ്ങ അടുത്തുതന്നെയുണ്ടല്ലോ. പറയൂ, തമ്മിൽത്തിരക്കുള്ള നാട്യാചാര്യന്മാർ പഠിപ്പിച്ചതു കണ്ടിട്ടു് ആരെയാണു് ഭഗവതി പുകഴ്ത്തിയതു്?

സമാഹിതിക— രണ്ടുപേരും ശാസ്ത്രജ്ഞന്മാരാണു്, പ്രയോഗനിപുണന്മാരുമാണു്. എന്നാൽ ശിഷ്യയുടെ ഗുണവിശേഷം ഗണദാസനെ മീതെയാക്കി.

മധുകരിക— പിന്നെ മാളവികയെക്കുറിച്ചു കേൾക്കുന്ന അപവാദം എങ്ങനെയുണ്ടു്?

സമാഹിതിക— തമ്പുരാനു് ആ മാളവികയുടെ പേരിൽ വല്ലാത്ത ആഗ്രഹമുണ്ടു്. ധാരിണീദേവിയുടെ മനസ്സിനസുഖം തോന്നാതിരിക്കാൻ വേണ്ടിമാത്രം തന്റെ പ്രഭുത്വം കാണിക്കാതിരിക്കുകയാണു്. മാളവികയും കുറച്ചുദിവസമായിട്ടു്, ഉപയോഗിച്ചുപേക്ഷിച്ച പിച്ചകമാലപോലെ വാടിവരുന്നതായും കാണുന്നു. ഇതിലധികമൊന്നും എനിക്കറിഞ്ഞുകൂടാ. എനിക്കു വിട തരൂ.

മധുകരിക— ഈ കൊമ്പത്തുള്ള മാതളനാരങ്ങ പറിച്ചുകൊള്ളു.

സമാഹിതിക— അങ്ങനെതന്നെ. (പറിച്ചു്) സഖി! നിനക്കു് ഈ സജ്ജനസേവനംകൊണ്ടു് ഇതിലേറെ നല്ല ഫലമുണ്ടാകുമാറാകട്ടെ. (പുറപ്പെടുന്നു)

മധുകരികാ— സഹി! സമം എവ്വ ഗച്ഛംഹ. അഹം വി ഇമസ്സ ചിരാഅമാണകുസുമോഗ്ഗമസ്സ തവണീആസോഅസ്സ ദോഹദണിമിത്തം ദേവീഏ വിണ്ണവേമി. [സഖി! സമമേവ ഗച്ഛാവഃ. അഹമപ്യസ്യ ചിരായമാണകുസുമോൽഗമസ്യ തപനീയാശോകസ്യ ദോഹദനിമിത്തം ദേവ്യൈ വിജ്ഞാപയാമി]

സമാഹിതികാ— ജുജ്ജഇ. അഹിആരോ ക്ഖു തുഹ. [യുജ്യതേ. അധികാരഃ ഖലു തവ]

(ഇതി നിഷ്ക്രാന്തേ)

ഇതി പ്രവേശകഃ

(തതഃ പ്രവിശതി കാമയമാനാവസ്ഥോ രാജാ വിദൂഷകശ്ച)

രാജാ— (ആത്മാനം വിലോക്യ)

ശരീരം ക്ഷാമം സ്യാദസതി ദയിതാലിംഗനസുഖേ
ഭവേൽ സാസ്രം ചക്ഷുഃ ക്ഷണമപി ന സാ ദൃശ്യത ഇതി
തയാ സാരംഗാക്ഷ്യാ ത്വമസി ന കദാചിദ്വിരഹിതം
പ്രസക്തേ നിർവ്വാണേ ഹൃദയ! പരിതാപം വ്രജസി കിം? 1

വിദൂഷകഃ— അലം ഭവദോ ധീരദം ഉജ്ഝിഅ പരിദേവിദേണ. ദിട്ഠാ മഏ തത്തഹോദീഏ മാളവിആഏ പിഅസഹീ ബഉളാവലിആ. സുണാവിദാ അ മഏ, ജം ഭവദാ സംദിട്ഠം. [അലം ഭവതോ ധീരതാമുജ്ഝിത്വാ പരിദേവിതേന. ദൃഷ്ടാ മയാ തത്രഭവത്യാ മാളവികയാഃ പ്രിയസഖീ ബകുളാവലികാ. ശ്രാവിതാ ച മയാ, യൽ ഭവതാ സന്ദിഷ്ടം]

രാജാ— തതഃ കിമുക്തവതീ?

വിദൂഷകഃ— വിണ്ണവേഹി ഭട്ടാരം. 'അണുഗഹീദംഹി ഇമിണാ ണിഓഏണ. കിംദു, സാ തവസ്സിണീ ദേവീഏ അഹിഅദരം രക്ഖിഅമാണാ ണാഅരക്ഖിദോ വിഅ മണീ ണ സുഹം സമാസാദഇദവ്വാ. തഹ വി യതിസ്സം' ത്തി. [വിജ്ഞാപയ ഭർത്താരം—'അനുഗൃഹീതാസ്മ്യതേന നിയോഗേന. കിന്തു, സാ തപസ്വിനീ ദേവ്യാധികതരം രക്ഷ്യമാണാ നാഗരക്ഷിത ഇവ മണിർന്ന സുഖം സമാസാദയിതവ്യാ. തഥാപി യതിഷ്യേ' ഇതി]

രാജാ— ഭഗവൻ സങ്കല്പയോനേ! പ്രതിബന്ധവത്സു ചാപി വിഷയേഷ്വഭിനിവേശ്യ തഥാ പ്രഹരസി, യഥാ ജനോഽയം കാലാന്തരക്ഷമോ ന ഭവതി. (സവിസ്മയം)

ക്വ രുജാ ഹൃദയപ്രമാഥിനീ ക്വ ച തേ വിശ്വസനീയമായുധം
മൃദു തീക്ഷ്ണതരം യദുച്യതേ തദിദം മന്മഥ! ദൃശ്യതേ ത്വയി. 2

മധുകരിക— സഖി! നമുക്കു് ഒപ്പം പോവാം. ഞാനും പൂകുന്നതിനു കാലതാമസം വരുന്ന ഈ പൊന്നശോകത്തിനു വളം ചേർക്കേണ്ടതിനെപ്പററി ദേവിയെ അറിയിച്ചേക്കാം.

സമാഹിതിക— ശരി. ചുമതലയുണ്ടല്ലോ നിനക്കു്.

(രണ്ടുപേരും പോകുന്നു)

പ്രവേശകം കഴിഞ്ഞു

(അനന്തരം കാമപാരവശ്യത്തോടുകൂടിയ രാജാവും വിദൂഷകനും പ്രവേശിക്കുന്നു)

രാജാവു്— (തന്നെ നോക്കി)

പ്രിയയെ ആലിംഗനം ചെയ്യുന്ന സുഖം ഇല്ലെന്നു വരുമ്പോൾ ദേഹം ചടച്ചുപോയേക്കും. ഹൃദയമേ! നീ കേഴമാൻകണ്ണാളോടു് ഒരു സമയത്തും വേർപിരിഞ്ഞിരിക്കുന്നില്ലല്ലോ. പരമാനന്ദം അനുഭവിക്കേണ്ടുന്ന സമയത്തു നീ എന്താണു് വലിയ സങ്കടമനുഭവിച്ചുകൊണ്ടിരിക്കുന്നതു്? 1

വിദൂഷകൻ— അവിടുന്നു ധൈര്യംവിട്ടു് ഇങ്ങനെ വിലപിക്കരുതു്. ആ മാളവികയുടെ ഇഷ്ടതോഴിയായ ബകുളാവലികയെ ഞാൻ കണ്ടു. അവിടുത്തെ സന്ദേശം അറിയിക്കുകയുംചെയ്തു.

രാജാവു്— അപ്പോൾ അവൾ എന്തു പറഞ്ഞു?

വിദൂഷകൻ— ''തമ്പുരാനെ അറിയിക്കൂ—ഈ കല്പന ഞാൻ ഒരു അനുഗ്രഹമായി കരുതുന്നു. പക്ഷേ, ആ പാവത്തെ ദേവി അത്യധികം ശ്രദ്ധയോടുകൂടി കാത്തു പോരികയാണു്. നാഗത്താൽ കാത്തുരക്ഷിക്കപ്പെടുന്ന മണിയെ എന്നപോലെ ആ കുഞ്ഞിനെ ലഭിക്കുന്ന കാര്യം എളുപ്പമല്ല. എന്നാലും ശ്രമിക്കാം'' എന്നു്.

രാജാവു്— ഭഗവാനേ കാമദേവ! പ്രതിബന്ധങ്ങളുള്ള കാര്യങ്ങളിൽ അഭിനിവേശം ജനിപ്പിച്ചു് അങ്ങു ഇങ്ങനെ പ്രഹരിക്കുന്നുവല്ലോ. ഈയുള്ളവനു് ഇനി തെല്ലുപോലും താമസിക്കുന്നതു ദുസ്സഹമായിത്തീർന്നിരിക്കുന്നു. (ആശ്ചര്യത്തോടുകൂടി)

ഹൃദയം മഥിക്കുന്ന വേദനയെവിടെ? വിശ്വാസയോഗ്യമായ അങ്ങയുടെ ആയുധം എവിടെ? മൃദുവായ വസ്തുവിനു കടുപ്പം കൂടുമെന്നു പറഞ്ഞുകേട്ടിട്ടുണ്ടു്. അല്ലയോ മന്മഥ! അങ്ങയിലാണതു ശരിക്കു കാണുന്നതു്. 2

വിദൂഷകഃ— ണം ഭണാമി, തസ്സിം സാഹണിജ്ജേ കജ്ജേ കിദോ മഏ ഉവാഓവക്ഖേവോ. താ പജ്ജവത്ഥാവേദു ഭവം അത്താണം. [നനു ഭണാമി, തസ്മിൻ സാധനീയേ കാര്യ്യേ കൃതോ മയോപായോപക്ഷേപഃ. തൽ പര്യ്യവസ്ഥാപയതു ഭവാനാത്മാനം]

രാജാ— അഥേമം ദിവസശേഷമുചിതവ്യാപാരവിമുഖേന ചേതസാ ക്വ നു ഖലു യാപയാമി?

വിദൂഷകഃ— ണം ഭവം അജ്ജ പുഢമാവദാരസുഹആണി രത്താസോഅകുരവആണി ഉവാഅണം പേസിഅ ണവവസന്ദൂസവാവദേസേണ ഇരാവദീഏ ണിഉണിആമുഹേണ പത്ഥിദോ— 'ഇച്ഛാമി അജ്ജഉത്തേണ സഹ ദോളാഹിരോഹണം അണുഹോദും' ത്തി. ഭവദാ വി സേ പഡിണ്ണാദം. താ പമദവണം എവ്വ ഗച്ഛംഹ. [നനു ഭവാനദ്യ പ്രഥമാവതാരസുഭഗാനി രക്താശോകകുരവകാണ്യുപായനം പ്രേഷ്യ നവവസന്തോത്സവാപദേശേനേരാവത്യാ നിപുണികാമുഖേന പ്രാർത്ഥിതഃ 'ഇച്ഛാമ്യാര്യ്യപുത്രേണ സഹ ദോളാധിരോഹണമനുഭവിതു'മിതി. ഭവതാപ്യസ്യൈ പ്രതിജ്ഞാതം. തൽ പ്രമദവനമേവ ഗച്ഛാവഃ]

രാജാ— ന ക്ഷമമിദം.

വിദൂഷകഃ— കഹം വിഅ? [കഥമിവ?]

രാജാ— വയസ്യ! നിസർഗ്ഗനിപുണാഃ സ്ത്രീയഃ. കഥം മാമന്യസംക്രാന്തഹൃദയമുപലാളയന്തമപി തേ സഖീ ന ലക്ഷയിഷ്യതി? അതഃ പശ്യാമി—

ഉചിതഃ പ്രണയോ വരം വിഹന്തും
ബഹവഃ ഖണ്ഡനഹേതവോ ഹി ദൃഷ്ടാഃ
ഉപചാരവിധിർമനസ്വിനീനാം
ന തു പൂർവ്വാഭ്യധികോഽപി ഭാവശൂന്യഃ. 3

വിദൂഷകഃ— ണാരിഹദി ഭവം അന്ദേഉരപഡിട്ഠിദം ദക്ഖിണ്ണം എക്കപദേ പിട്ഠദോ കാദും. [നാർഹതി ഭവാനന്തഃപുരപ്രതിഷ്ഠിതം ദാക്ഷിണ്യമേകപദേ പൃഷ്ഠതഃ കർത്തും]

രാജാ— (വിചിന്ത്യ) തേന ഹി പ്രമദവനമാർഗ്ഗമാദേശയ.

വിദൂഷകഃ— ഇദോ ഇദോ ഭവം. [ഇത ഇതോ ഭവാൻ]

(ഉഭൌ പരിക്രാമതഃ)

വിദൂഷകഃ— ണം ഏദം പമദവണം പവണദരചലാഹിം പല്ലവംഗുലീഹിം തുവരേദി വിഅ ഭവന്തം പവേസിദും. [നന്വേതൽ പ്രമദവനം പവനദരചലാഭിഃ പല്ലവാംഗുലീഭിസ്ത്വരയതീവ ഭവന്തം പ്രവേഷ്ടും]

വിദൂഷകൻ— ഞാൻ പറഞ്ഞില്ലേ, ആ കാര്യം സാധിക്കാൻ വേണ്ടുന്ന ഉപായം ഞാൻ ചെയ്തുവെച്ചിട്ടുണ്ടെന്നു്. അതുകൊണ്ടങ്ങു് സമാധാനമായിരിക്കു.

രാജാവു്— ഇനി ബാക്കിസമയം എവിടെയാണു് കഴിച്ചുകൂട്ടേണ്ടതു്. വേണ്ട കാര്യങ്ങളിലൊന്നും മനസ്സിരിക്കുന്നില്ല.

വിദൂഷകൻ— ഇന്നു്, ആദ്യമുണ്ടായതാകയാൽ ഭംഗികൂടിയ രക്താശോകപ്പൂക്കളും; ചെങ്കുറിഞ്ഞിപൂക്കളും കാഴ്ചയായി കൊടുത്തയച്ചു പുതുവസന്തോത്സവമെന്നപേരിൽ ഇരാവതി നിപുണിക മുഖേന അവിടത്തോടപേക്ഷിച്ചിട്ടുണ്ടല്ലോ— ''ഞാൻ ആര്യപുത്രനോടുകൂടി ഊഞ്ഞാലാടുവാൻ ആഗ്രഹിക്കുന്നു'' എന്നു്. അവിടുന്നവളോടു് അതിനു സമ്മതിക്കുകയും ചെയ്തു. അതുകൊണ്ടു നമുക്കു അന്തഃപുരം വക ഉദ്യാനത്തിലേക്കുതന്നെ പോകാം.

രാജാവു്— അതു സാധ്യമല്ല.

വിദൂഷകൻ— എന്തുകൊണ്ടു്?

രാജാവു്— തോഴരേ! സ്ത്രീകൾ സ്വതവേതന്നെ സാമർത്ഥ്യമുള്ളവരാണു്. മറെറാരാളിൽ ഹൃദയം പതിഞ്ഞിട്ടുള്ള ഞാൻ എത്രതന്നെ സ്നേഹപൂർവ്വം പെരുമാറിയാലും താങ്കളുടെ കൂട്ടുകാരി (ഇരാവതി) കാര്യം മനസ്സിലാക്കാതിരിക്കുമോ? അതുകൊണ്ടു് എനിക്കു തോന്നുന്നതു്—

പലപ്പോഴും പതിവുള്ളതുപോലെ അപേക്ഷ തള്ളിക്കളയുകയാണു് ഭേദം എന്നാണു്. അതിനു കാരണങ്ങളും പറയാൻ കണ്ടേക്കും. സ്നേഹം കൂടാതെ സ്ത്രീകളെ മുൻപത്തേക്കാളധികം ഉപചരിച്ചിട്ടും കാര്യമില്ല. 3

വിദൂഷകൻ— അവിടുന്നു് അന്തഃപുരത്തിലുറച്ചിട്ടുള്ള ദാക്ഷിണ്യസ്വഭാവം ഒരടിക്കു പിൻതള്ളുന്നതു ശരിയല്ല.

രാജാവു്— (ആലോചിച്ചു്) എന്നാൽ ആ ഉദ്യാനത്തിലേക്കു വഴി കാണിക്കു.

വിദൂഷകൻ— അവിടുന്നു ഇതിലേ ഇതിലേ.

(രണ്ടുപേരും ചുററിനടക്കുന്നു)

വിദൂഷകൻ— ഇതാ ഉദ്യാനം കാററത്തു മെല്ലെയിളകുന്ന തളിരുകളാകുന്ന വിരലുകൾകൊണ്ടു്, അങ്ങോട്ടു ചെല്ലുവാൻ അവിടത്തെ മാടിവിളിക്കുന്നതുപോലെ തോന്നുന്നു.

രാജാ— (സ്പർശം രൂപയിത്വാ) അഭിജാതഃ ഖലു വസന്തഃ. സഖേ! പശ്യ—

ആമത്താനാം ശ്രവണസുഭഗൈഃ കൂജിതൈഃ കോകിലാനാം
സാനുക്രോശം മനസിജരുജഃ സഹ്യതാം പൃച്ഛതേവ
അംഗേ ചൂതപ്രസവസുരഭിർദക്ഷിണോ മാരുതോ മേ
സാന്ദ്രസ്പർശഃ കരതല ഇവ വ്യാപൃതോ മാധവേന. 4

വിദൂഷകഃ— പവിസ ണിവ്വുദിലാഹാഅ. [പ്രവിശ നിർവൃതിലാഭായ]

(ഉഭൌ പ്രവിശതഃ)

വിദൂഷകഃ— ഭോ വഅസ്സ! അവഹാണേണ ദിട്ഠിം ധേഹി. ഏദം ഖു ഭവന്ദം വിലോഹഇദുകാമാഏ പമദവണലച്ഛീഏ ജുവഇവേസലജ്ജാപഇത്തഅം വസന്ദകുസുമണേവത്ഥം ഗഹീദം. [ഭോ വയസ്യ! അവധാനേന ദൃഷ്ടിം ധേഹി. ഏതൽ ഖലു ഭവന്തം വിലോഭയിതുകാമയാ പ്രമദവനലക്ഷ്മ്യാ യുവതിവേഷലജ്ജാപയിതൃകം വസന്തകുസുമനേപഥ്യം ഗൃഹീതം]

രാജാ— നനു വിസ്മയാദവലോകയാമി—

രക്താശോകരുചാ വിശേഷിതഗുണോ ബിംബാധരാലക്തകഃ
പ്രത്യാഖ്യാതവിശേഷകം കുരവകം ശ്യാമാവദാതാരുണം
ആക്രാന്താ തിലകക്രിയാപി തിലകൈർലഗ്നദ്വിരേഫാഞ്ജനൈഃ
സാവജ്ഞേവ മുഖപ്രസാധനവിധൌ ശ്രീർമാധവീ യോഷിതാം 5

(ഉഭൌ ഉദ്യാനശോഭാം നിരൂപയതഃ)
(തതഃ പ്രവിശതി പര്യുത്സുകാ മാളവികാ)

മാളവികാ— അവിണ്ണാദഹിഅഅം ഭട്ടാരം അഹിലസന്ദീ അത്തണോ വി ദാവ ലജ്ജേമി. കുദോ വിഹവോ സിണിദ്ധസ്സ സഹീജണസ്സ ഇമം വുത്തന്തം ആചക്ഖിദും. ണ ജാണേ അപ്പഡീആരഗുരുഅം വേഅണം കേത്തിഅം കാലം മഅണോ മം ണഇസ്സദി. (കതിചിൽ പദാനി ഗത്വാ) കഹിം ഖു പത്ഥിദംഹി? (സ്മൃതിമഭിനീയ) ആഃ! സംദിട്ഠംഹി ദേവീഏ— 'ഗോദമചാവലാദോ ദോളാപരിബ്ഭട്ടാഏ സരുജോ മഹ ചലണോ. തുമം ദാവ ഗദുഅ തവണീആസോഅസ്സ ദോഹദം ണിവ്വട്ടേഹി. ജദി സോ പഞ്ചരത്തബ്ഭന്ദരേ കുസുമം ദംസേദി, തദോ അഹം തുഹ (അന്തരാ നിശ്വസ്യ) അഹിലാസപൂരഇത്തഅം പസാദം ദാവഇസ്സം' ത്തി. താ ജാവ ണിഓഅഭൂമിം പുഢമം ഗദാ ഹോമി. ജാവ അണുപദം മഹ ചലണാലങ്കാരഹത്ഥാഏ ബഉളാവലിആഏ ആഅന്ദവ്വം, പരിദേവഇസ്സം ദാവ വീസദ്ധം

രാജാവ്— (കാററു സ്പർശിക്കുന്നതായി നടിച്ച്) നല്ല കുലത്തിൽ പിറന്നവനാണ് വസന്തൻ. സഖേ! നോക്കൂ—

മദിച്ച കുയിലുകളുടെ ശ്രവണസുഭഗങ്ങളായ കൂകലുകൾകൊണ്ടു ദയയോടുകൂടി ''കാമവേദനയ്ക്കു് ആശ്വാസമുണ്ടോ'' എന്നു ചോദിച്ചുകൊണ്ടെന്നപോലെ വസന്തൻ, മാമ്പൂവിൻ മണംപൂണ്ട തെന്നൽകൊണ്ടു, കൈത്തലംകൊണ്ടെന്നപോലെ എന്റെ ശരീരത്തിൽ മെല്ലെമെല്ലെ തൊട്ടു തലോടുന്നു. 4

വിദൂഷകൻ— പ്രവേശിച്ചുകൊള്ളൂ. ആശ്വാസം കിട്ടും.

(രണ്ടുപേരും പ്രവേശിക്കുന്നു)

വിദൂഷകൻ— തോഴരേ! മനസ്സിരുത്തി നോക്കിക്കാണൂ. ഇതാ അവിടത്തെ ഭ്രമിപ്പിക്കാനെന്നപോലെ ഉദ്യാനലക്ഷ്മി യുവതികളുടെ വേഷത്തിനു ലജ്ജതോന്നത്തക്കവിധം വസന്തപുഷ്പങ്ങളണിഞ്ഞിരിക്കുന്നു.

രാജാവ്— കാണുമ്പോൾ അത്ഭുതം തോന്നുന്നു—

ചുവന്ന അശോകപുഷ്പത്തിന്റെ കാന്തിയേക്കാൾ ഒട്ടും മെച്ചപ്പെട്ടതല്ല ചെഞ്ചൊടിയിൽ പുരട്ടുന്ന അരക്കുചാറു്, കറുത്തും വെളുത്തും ചുമന്നുമുള്ള ചെങ്കുറിഞ്ഞിപ്പൂവു പത്തിക്കീററിനെ അധഃകരിച്ചിരിക്കുന്നു. അഞ്ജനത്തിന്റെ നിറമുള്ള വണ്ടുകൾ പററിയിരിക്കുന്ന മയിലെള്ളിൻ പൂക്കൾ (തിലകപുഷ്പങ്ങൾ) തൊടുകുറികളെ ആക്രമിച്ചിരിക്കുന്നു. വസന്തലക്ഷ്മിക്കു സ്ത്രീകളുടെ മുഖാലങ്കരണങ്ങളിൽ നിന്ദയുള്ളതുപോലെ തോന്നും. 5

(രണ്ടുപേരും ഉദ്യാനശോഭ നോക്കിക്കാണുന്നു)

(അനന്തരം ഉൽക്കണ്ഠം പൂണ്ട മാളവിക പ്രവേശിക്കുന്നു)

മാളവിക— ഹൃദയഗതിയറിയാത്ത തമ്പുരാനെ ആഗ്രഹിക്കുന്നതോർത്തു ഞാൻ തന്നത്താൻ ലജ്ജിക്കുന്നു. അങ്ങനെയുള്ള എനിക്കുണ്ടോ സ്നേഹമുള്ള തോഴിമാരോടു് ഈ കാര്യം പറയുവാൻ കഴിവുണ്ടാകുന്നു? എനിക്കറിഞ്ഞുകൂടാ, പ്രതിവിധിയില്ലാത്ത ഈ ദുസ്സഹവേദന കാമദേവൻ എത്രകാലം നീട്ടിക്കൊണ്ടുപോകുമെന്നു്. (കുറച്ചടി നടന്നു്) ഞാൻ പുറപ്പെട്ടതെവിടേക്കാണു്? (ഓർമ്മ നടിച്ചു്) ആ! ദേവി പറഞ്ഞയച്ചതാണല്ലോ, ''ഗൌതമന്റെ കുസൃതിനിമിത്തം ഊഞ്ഞാലിൽനിന്നു വീണു് എന്റെ കാലുളുക്കിയിരിക്കുന്നു. നീ പോയി പൊന്നശോകം പൂക്കാൻ വളംചെയ്യൂ. അഞ്ചുദിവസത്തിനുള്ളിൽ അതു പൂക്കുന്നതായാൽ ഞാൻ സന്തോ

മുഹുത്തഅം. (ഇതി പരിക്രാമതി) [അവിജ്ഞാതഹൃദയം ഭർത്താരമഭിലഷന്ത്യാത്മനോഽപി താവല്ലജ്ജേ. കുതോ വിഭവഃ സ്നിഗ്ധസ്യ സഖീജനസ്യേമം വൃത്താന്തമാഖ്യാതും? ന ജാനേഽപ്രതീകാരഗുരുകാം വേദനാം കിയന്തം കാലം മദനോ മാം നേഷ്യതി. കുത്ര ഖലു പ്രസ്ഥിതാസ്മി? ആഃ! സന്ദിഷ്ടാസ്മി ദേവ്യാ—'ഗൌതമചാപലാദ്ദോളാപരിഭ്രഷ്ടായാഃ സരുജോ മമ ചരണഃ. ത്വം താവൽ ഗത്വാ തപനീയാശോകസ്യ ദോഹദം നിർവർത്തയ. യദി സ പഞ്ചരാത്രാഭ്യന്തരേ കുസുമം ദർശയതി, തതോഽഹം തവാഭിലാഷപൂരയിതൃകം പ്രസാദം ദാപയിഷ്യാമി' ഇതി. തദ്യാവന്നിയോഗഭൂമിം പ്രഥമം ഗതാ ഭവാമി. യാവദനുപദം മമ ചരണാലങ്കാരഹസ്തയാ ബകുളാവലികയാഗന്തവ്യം, പരിദേവയിഷ്യേ താവദവിസ്രബ്ധം മുഹൂർത്തകം]

വിദൂഷകഃ— (ദൃഷ്ട്വാ) ഹീ ഹീ! ഇഅം ഖു സീഹുപാണുവ്വേജിദസ്സ മച്ഛണ്ഡിആ ഉവണദാ. [ഹീ ഹീ! ഇയം ഖലു സീധുപാനോദ്വേജിതസ്യ മത്സ്യണ്ഡികോപനതാ]

രാജാ— അയേ! കിമേതൽ.

വിദൂഷകഃ— എസാ ഖു ണാദിപരിക്ഖിദവേസാ ഊസുആ വിഅ ഏആഇണീ മാളവിആ അദൂരേ വട്ടദി. [ഏഷാ ഖലു നാതിപരിഷ്കൃതവേഷോത്സുകേവൈകാകിനീ മാളവികാഽദൂരേ വർത്തതേ]

രാജാ— (സഹർഷം) കഥം മാളവികാ?

വിദൂഷകഃ— അഹ ഇം. [അഥ കിം]

രാജാ— ശക്യമിദാനീം ജീവിതമവലംബിതും.

ത്വദുപലഭ്യ സമീപഗതാം പ്രിയാം
ഹൃദയമുച്ഛ്വസിതം മമ വിക്ലബം
തരുവൃതാം പഥികസ്യ പിപാസതഃ
സരിതമാരസിതാദിവ സാരസാൽ. 6

അഥ ക്വ തത്രഭവതീ?

വിദൂഷകഃ— ഏസാ തരുരാഇമജ്ഝാദോ ണിക്കന്ദാ ഇദോ ഏവ്വ ആഅച്ഛദി. [ഏഷാ തരുരാജിമധ്യാന്നിഷ്ക്രാന്തേത ഏവാഗച്ഛതി]

രാജാ— (വിലോക്യ സഹർഷം) വയസ്യ! പശ്യാമ്യേനാം.

വിപുലം നിതംബബിംബേ മദ്ധ്യേക്ഷാമം സമുന്നതം കുചയോഃ
അത്യായതം നയനോർമ്മമ ജീവിതമേതദായാതി. 7

സഖേ! പൂർവ്വസ്മാദവസ്ഥാന്തരമുപാരൂഢാ തത്രഭവതീ. തഥാ ഹി—

ശരകാണ്ഡപാണ്ഡുഗണ്ഡസ്ഥലേയമാഭാതി പരിമിതാഭരണാ
മാധവപരിണതപത്രാ കതിപയകുസുമേവ കുന്ദലതാ. 8

ഷിച്ചു നിനക്കു് (ഇടയ്ക്കു നെടുവീർപ്പിട്ടു്) ആഗ്രഹപൂർത്തി വരുത്തുന്ന പാരിതോഷികം തരുവിക്കുന്നതാണു്'' എന്നു്. അതുകൊണ്ടിപ്പോൾ കല്പന അനുഷ്ഠിക്കേണ്ട സ്ഥലത്തു ഞാനാദ്യം എത്തിയേക്കാം. ബകുളാവലിക കാലിന്മേൽ അണിയുവാനുള്ള അലങ്കാരങ്ങളുമെടുത്തു പിന്നാലെ വരട്ടെ. അതുവരെ കുറച്ചുനേരമെങ്കിലും ഒററയ്ക്കിരുന്നു കരയാമല്ലോ.

വിദൂഷകൻ— (കണ്ടിട്ടു്) അയ്യയ്യാ! പുളിങ്കുരു കടിച്ചു മടുത്തിരിക്കുന്ന ആൾക്കു കൽക്കണ്ടം കിട്ടിയിരിക്കുന്നു.

രാജാവു്— ഏ! എന്താണിതു്?

വിദൂഷകൻ— ഇതാ അധികം വേഷഭൂഷണാദികളൊന്നുമില്ലാതെ എന്തിനോ ഉൽക്കണ്ഠപൂണ്ടവളെപ്പോലെ മാളവിക ഒററയ്ക്കു സമീപത്തായിരിക്കുന്നു.

രാജാവു്— (സന്തോഷത്തോടുകൂടി) എന്തു്, മാളവികയോ?

വിദൂഷകൻ— അതെ.

രാജാവു്— ഇനി ജീവനെ നിലനിർത്താൻ കഴിയും.

വണ്ടാരങ്കോഴിയുടെ ശബ്ദംകേട്ടു മരങ്ങളുടെ മറവിൽ തണ്ണീർക്കുളമുണ്ടെന്നറിയുമ്പോൾ ദാഹിച്ചുവലയുന്ന വഴിപോക്കന്നെന്നപോലെ എനിക്കു്, പ്രിയ അടുക്കലുണ്ടെന്നു അങ്ങു പറഞ്ഞറിഞ്ഞതോടുകൂടി, സങ്കടംകൊണ്ടു ദുർബ്ബലമായിത്തീർന്ന ഹൃദയത്തിൽ തെല്ലൊരാശ്വാസമുണ്ടായി. 6

എന്നാൽ പ്രിയതമയെവിടെ?

വിദൂഷകൻ— ഇതാ മരനിരകളുടെ ഇടയിൽനിന്നു പുറപ്പെട്ടു് ഇങ്ങോട്ടുതന്നെ വരുന്നു.

രാജാവു്— (നോക്കി സന്തോഷത്തോടുകൂടി) തോഴരേ! ഞാനവളെ കാണുന്നു.

നിതംബഭാഗം കനത്തും അരക്കെട്ടു കുടുങ്ങിയും സ്തനങ്ങളുയർന്നും കണ്ണുകൾ നീണ്ടുമുള്ള എൻെറ ജീവനാണു് ഈ വരുന്നതു്. 7

സഖേ! മുൻപു കണ്ടതിൽനിന്നു വളരെ മാററം വന്നിരിക്കുന്നു—

ശരപ്പുല്ലിൻതണ്ടുപോലെ വിളത്ത കവിൾത്തടത്തോടുകൂടിയും അല്പം ചില ആഭരണങ്ങളണിഞ്ഞുമുള്ള ഇവൾ വസന്തത്തിൽ ഇലപഴുത്തും ഏതാനും പൂക്കൾ വിരിഞ്ഞും നിൽക്കുന്ന മുല്ലവള്ളിപോലെ ശോഭിക്കുന്നു. 8

വിദൂഷകഃ— ഏസാവി ഭവം വിഅ മഅണവ്വാഹിണാ പരാമിട്ഠാ ദീസഇ. [ഏഷാപി ഭവാനിവ മദനവ്യാധിനാ പരാമൃഷ്ടാ ദൃശ്യതേ]

രാജാ— സൌഹാൎദ്ദമേവം പശ്യതി.

മാളവികാ — അഅം സോ ലളിഅദോഹളാവേക്ഖീ അഗഹീദകുസുമണേവച്ഛോ ഉക്കണ്ഠിദാഏ മഹ അണുകരേദി അസോഓ. ജാവ സേ പച്ഛാആസീദളേ സിലാപട്ടഏ ണിസണ്ണാ അത്താണം വിണോദേമി. [അയം സ ലളിതദോഹദാപേക്ഷീ അഗൃഹീതകുസുമനേപഥ്യ ഉൽക്കണ്ഠിതായാ മമാനുകരോത്യശോകഃ. യാവദസ്യ പ്രച്ഛായശീതളേ ശിലാപട്ടകേ നിഷണ്ണാത്മാനം വിനോദയാമി]

വിദൂഷകഃ— സുദം ഭവദാ— 'ഉൽക്കണ്ഠിദംഹി' ത്തി തത്തഹോദീഏ മന്തിദം? [ശ്രുതം ഭവതാ— 'ഉൽക്കണ്ഠിതാസ്മി' ഇതി തത്രഭവത്യാ മന്ത്രിതം?]

രാജാ— നൈതാവതാ ഭവന്തം പ്രസന്നതൎക്കം മന്യേ. കുതഃ—

വോഢാ കുരവകരജസാം കിസലയപുടഭേദശീകരാനുഗതഃ
അനിമിത്തോൽക്കണ്ഠാമപി ജനയതി മനസോ മലയവാതഃ. 9

(മാളവികോപവിഷ്ടാ)

രാജാ— വയസ്യ! ഇതസ്താവൽ. ആവാം ലതാന്തരിതൌ ഭവാവഃ.

വിദൂഷകഃ— ഇരാവദിം വിഅ അദൂരേ പേക്ഖാമി. [ഇരാവതീമിവാദൂരേ പ്രേക്ഷേ]

രാജാ— നഹി കമലിനീം ദൃഷ്ട്വാ ഗ്രാഹമവേക്ഷതേ മതംഗജഃ.

(ഇതി വിലോകയൻ സ്ഥിതഃ)

മാളവികാ— ഹിഅഅ! ണിരവലംബാദോ മണോരഹാദോ വിരമ. കിം മം ആആസേസി? [ഹൃദയ! നിരവലംബാന്മനോരഥാദ്വിരമ. കിം മാമായാസയസി?]

(വിദൂഷകോ രാജാനം വീക്ഷതേ)

രാജാ— പ്രിയേ! പശ്യ വാമത്വം സ്നേഹസ്യ.

ഔത്സുക്യഹേതും വിവൃണോഷി ന ത്വം
തത്ത്വാവബോധൈകഫലോ ന തൎക്കഃ
തഥാപി രംഭോരു കരോമി ലക്ഷ്യ—
മാത്മാനമേഷാം പരിദേവിതാനാം. 10

വിദൂഷകഃ— സമ്പദം ഭവദോ ണിസ്സംസഅം ഭവിസ്സദി. ഏസാ അപ്പിദമഅണസന്ദേസാ വിവിത്തേ ണം ബഉളാവലിആ ഉവട്ഠിദാ. [സാമ്പ്രതം ഭവതോ നിസ്സംശയം ഭവിഷ്യതി. ഏഷാപ്പിതമദനസന്ദേശാ വിവിക്തേ ഏനാം ബകുളാവലികോപസ്ഥിതാ]

വിദൂഷകൻ— ഇവളും ഇവിടുത്തെപ്പോലെ കാമരോഗം പിടിപ്പെട്ടവളായിട്ടാണു് കാണുന്നതു്.

രാജാവു്— സ്നേഹംകൊണ്ടങ്ങനെ തോന്നുകയാണു്.

മാളവിക— ഇതാ ആ അശോകം ലളിതമായ പരിചരണം കൊതിച്ചു പൂക്കളണിയാതെ ഉൽക്കണ്ഠിതയായ എന്നെപ്പോലിരിക്കുന്നു. അതിന്റെ തണുത്ത തണലുള്ള കൽത്തറയിന്മേൽ ഇരുന്നു മനസ്സിനാശ്വാസം നൽകാം.

വിദൂഷകൻ— കേട്ടുവല്ലോ, അവിടുന്നു്— 'ഞാൻ ഉൽക്കണ്ഠിതയാണു്' എന്നു പറയുന്നതു്?

രാജാവു്— അതുകൊണ്ടുമാത്രം താങ്കളുടെ ഊഹം ശരിയാണെന്നു ഞാൻ കരുതുന്നില്ല.

ചെങ്കുറിഞ്ഞിപ്പൂമ്പൊടികൾ വഹിച്ചും തളിർത്തൊത്തുകളെ വേർപെടുത്തി നീർത്തുള്ളികൾ കലർന്നും വരുന്ന ഈ മലയത്തെന്നൽ യാതൊരു കാരണവും കൂടാതെതന്നെ ഉൽക്കണ്ഠയുളവാക്കുന്നതാണു്. 9

(മാളവിക ഇരിക്കുന്നു)

രാജാവു്— തോഴരേ! ഇങ്ങോട്ടു വരൂ. നമുക്കു് ഈ വള്ളികളുടെ പിന്നിൽ മറഞ്ഞു നില്ക്കാം.

വിദൂഷകൻ— ഇരാവതി വരാറായെന്നു തോന്നുന്നു.

രാജാവു്— താമരവള്ളി കണ്ടാൽ ആന മുതലയെ നോക്കാറില്ല. (നോക്കിക്കൊണ്ടു നില്ക്കുന്നു)

മാളവിക— ഹൃദയമേ! അവലംബമില്ലാത്ത ഈ ആഗ്രഹം വെടിഞ്ഞേക്കൂ. നീ എന്തിനെന്നെ ക്ലേശിപ്പിക്കുന്നു?

(വിദൂഷകൻ രാജാവിനെ നോക്കുന്നു)

രാജാവു്— പ്രിയേ! സ്നേഹത്തിന്റെ ആപകടം നോക്കൂ—

ഉൽക്കണ്ഠയ്ക്കു കാരണമെന്തെന്നു നീ വെളിവായി പറയുന്നില്ല. വാസ്തവം ശരിക്കു മനസ്സിലാക്കുവാൻ എന്റെ ഊഹത്തിനും സാധിക്കുന്നില്ല. എന്നിരുന്നാലും അല്ലയോ സുന്ദരി! നിന്റെ ഈ വിലാപങ്ങളെല്ലാം എന്നെക്കുറിച്ചാണെന്നു ഞാൻ കരുതുന്നു. 10

വിദൂഷകൻ— ഇപ്പോൾ അങ്ങയുടെ സംശയം തീരും. ഇതാ കാമദൂത്യത്തിന്നേല്പിച്ചിട്ടുള്ള ബകുളാവലിക സമീപത്തിലെത്തിയിരിക്കുന്നു. അവിടെ ആരുമില്ലതാനും.

രാജാ— അപി സ്മരേദസ്മദഭ്യർത്ഥനാം?

വിദൂഷകഃ— കിം ദാണിം ഏസാ ദാസീഏ ദുഹിദാ തുഹ ഗുരുഅം സന്ദേസം വിസുമരേദി? അഹം വി ദാവ ണ വിസുമരേമി. [കിമിദാനീമേഷാ ദാസ്യാ ദുഹിതാ തവ ഗുരുകം സന്ദേശം വിസ്മരതി? അഹമപി താവന്ന വിസ്മരാമി]

(പ്രവിശ്യ ചരണാലങ്കാരഹസ്താ)

ബകുളാവലികാ— അവി സുഹം സഹീഏ? [അപി സുഖം സഖ്യാഃ?]

മാളവികാ— അമ്മോ ബഉളാവലിആ! സഹി! സാഅദം ദേ. ഉവവിസ. [അഹോ ബകുളാവലികാ! സഖി! സ്വാഗതം തേ. ഉപവിശ]

ബകുളാവലികാ— (ഉപവിശ്യ) ഹളാ! തുമം ദാവ ദാണിം ദേവീഏ ജോഗ്ഗാ ദാരിഏ ത്തി ണിഉത്താ. താ ഏക്കം ദേ ചലണം ഉവണേഹി. ജാവ സാലത്തഅം സണേഉരം കരേമി. [ഹളാ! ത്വം താവദിദാനീം ദേവ്യാ യോഗ്യാ ദാരികേതി നിയുക്താ. തസ്മാദേകം തേ ചരണമുപനയ. യാവൽ സാലക്തകം സനൂപുരം കരോമി]

മാളവികാ— (ആത്മഗതം) ഹിഅഅ! അലം സുഹിദദാഏ, അഅം വിഹവോ ഉവട്ഠിദോത്തി. കഹം ദാണിം അത്താണം മോചേഅം. അഹവാ ഏദം ഏവ്വ മിച്ഛുമണ്ഡണം മേ ഭവിസ്സദി. [ഹൃദയ! അലം സുഖിതതയാ, അയം വിഭവ ഉപസ്ഥിത ഇതി. കഥമിദാനീമാത്മാനം മോചയേയം. അഥവൈതദേവ മൃത്യുമണ്ഡനം മേ ഭവിഷ്യതി]

ബകുളാവലികാ— കിം വിആരേസി? ഊസുആ ഖു ഇമസ്സ തവണീആസോഅസ്സ മുഉളുഗ്ഗമേ ദേവീ. [കിം വിചാരയസി? ഉത്സുകാ ഖല്വസ്യ തപനീയാശോകസ്യ മുകുളോൽഗമേ ദേവീ]

രാജാ— കഥമശോകദോഹദനിമിത്തോഽയമാരംഭഃ?

വിദൂഷകഃ— കിംണ ഖു ണ ജാണാസി, അകാലണാദോ ദേവീ ഇമം അന്തേഉരണേവച്ഛേണ സംജോഅഇസ്സദി ത്തി. [കിം നു ഖലു ന ജാനാസി! അകാരണാദ്ദേവീമാമന്തഃപുരനേപഥ്യേന ന സംയോജയിഷ്യതീതി]

മാളവികാ— ഹളാ! മരിസേഹി ദാവ ണം. [ഹളാ! മർഷയ താവദേനാം] (ഇതി പാദമുപഹരതി)

ബകുളാവലികാ— അഇ! സരീരം സി മേ. [അയി! ശരീരമസി മേ]

(ഇതി നാട്യേന ചരണാലങ്കാരമാരഭതേ)

രാജാവു്— നാം അപേക്ഷിച്ചതു് അവൾക്കോർമ്മയുണ്ടാകുമോ?

വിദൂഷകൻ— ഈ ദാസിയുടെ മകൾ അങ്ങയുടെ ഗൌരവമേറിയ സന്ദേശം മറക്കുകയോ? ഞാൻപോലും മറക്കുകയില്ല.

(കാലിലണിയുവാനുള്ള അലങ്കാരങ്ങളുമായി പ്രവേശിച്ചു്)

ബകുളാവലിക— സഖിക്കു സുഖമാണല്ലോ?

മാളവിക— ഓ ബകുളാവലികയോ! സഖി! നിനക്കു സ്വാഗതം. ഇരിക്കൂ.

ബകുളാവലിക— (ഇരുന്നിട്ടു്) തോഴി! തോഴിയാണു് ഇപ്പോൾ യോഗ്യയായ പെൺകിടാവെന്നു കരുതി ദേവി നിയോഗിച്ചതാണു്. അതുകൊണ്ടു നിന്റെ ഒരു കാൽ ഇങ്ങോട്ടു നീട്ടൂ. അരക്കുചാറണിഞ്ഞു കാൽച്ചിലങ്കയിടുവിക്കട്ടെ.

മാളവിക— (വിചാരം) ഹൃദയമേ! വലിയ നില വന്നുചേർന്നിരിക്കുന്നു എന്നു കരുതി നീ സന്തോഷിക്കേണ്ട. എങ്ങിനെ ഞാൻ ഇതിൽനിന്നൊഴിവാകും? അല്ലെങ്കിൽ ഇതുതന്നെ എനിക്കു മരണാലങ്കാരമായിക്കൊള്ളട്ടെ.

ബകുളാവലിക— തോഴി! എന്താണാലോചിച്ചുകൊണ്ടിരിക്കുന്നതു്? ഈ പൊന്നശോകം മൊട്ടിട്ടുകാണുവാൻ ദേവിക്കു വലിയ ഉൽക്കണ്ഠയുണ്ടു്.

രാജാവു്— എന്തു്? അശോകത്തിനുപചാരം ചെയ്യുവാൻ തുടങ്ങുകയാണോ?

വിദൂഷകൻ— കാരണംകൂടാതെ ദേവി ഇവളെ, അന്തഃപുരസ്ത്രീകൾക്കുള്ള അലങ്കാരം അണിയിക്കയില്ലന്നു അറിഞ്ഞുകൂടേ?

മാളവിക— തോഴി! ക്ഷമിക്കൂ, ഈയുള്ളവളുടെ പേരിൽ. (കാൽ നീട്ടിക്കാണിക്കുന്നു)

ബകുളാവലിക— സഖി! നീ എന്റെ ഉടലാണല്ലോ.

(കാലിന്മേൽ അരക്കുചാറണിയാൻ തുടങ്ങുന്നതായി നടിക്കുന്നു)

രാജാ—

ചരണാന്തനിവേശിതാം പ്രിയായാഃ
സരസാം പശ്യ വയസ്യ! രാഗരേഖാം
പ്രഥമാമിവ പല്ലവപ്രസൂതിം
ഹരദഗ്ധസ്യ മനോഭവദ്രുമസ്യ. 11

വിദൂഷകഃ— ചലണാണുരൂവോ ക്ഖു തത്തഹോദീഏ അഹിആരോ ഉവക്ഖിത്തോ. [ചരണാനുരൂപഃ ഖലു തത്രഭവത്യാ അധികാര ഉപക്ഷിപ്തഃ]

രാജാ— സമ്യഗാഹ ഭവാൻ.

നവകിസലയരാഗേണാഗ്രപാദേന ബാലാ
സ്ഫുരിതനഖരുചാ ദ്വൌ ഹന്തുമർഹത്യനേന
അകുസുമിതമശോകം ദോഹദാപേക്ഷയാ വാ
പ്രണമിതശിരസം വാ കാന്തമാർദ്രാപരാധം. 12

വിദൂഷകഃ— പഹരിസ്സദി തത്തഹോദീ തുമം അവരദ്ധം. [പ്രഹരിഷ്യതി തത്രഭവതീ ത്വാമപരാദ്ധം]

രാജാ— മൂർദ്ധ്നാ പ്രതിഗൃഹീതം വചഃ സിദ്ധിദർശിനോ ബ്രാഹ്മണസ്യ.

[തതഃ പ്രവിശതി യുക്തമദാ ഇരാവതീ ചേടീ ച]

ഇരാവതീ— ഹഞ്ജേ ണിഉണിഏ! സുണോമി ബഹുസോ, 'മദോ കില ഇത്ഥിആജണസ്സ വിസേസമണ്ഡണം'തി. അവി സച്ചോ ലോഅവാദോ അഅം? [ഹഞ്ജേ നിപുണികേ! ശൃണോമി ബഹുശോ, 'മദഃ കില സ്ത്രീജനസ്യ വിശേഷമണ്ഡന'മിതി. അപി സത്യോ ലോകവാദോഽയം?]

നിപുണികാ— പുഢമം ലോഅവാദോ ഏവ്വ. അജ്ജ ഉണ സച്ചോ സംവുത്തോ. [പ്രഥമം ലോകവാദ ഏവ. അദ്യ പുനഃ സത്യഃ സംവൃത്തഃ]

ഇരാവതീ— അലം മഇ സിണേഹേണ. കുദോ ദാണിം അവഗദം—'ഡോളാഘരം പുഢമം ഗദോ ഭട്ടേ'ത്തി? [അലം മയി സ്നേഹേന. കുത ഇദാനീമവഗതം— 'ഡോളാഗൃഹം പ്രഥമം ഗതോ ഭർത്താ' ഇതി?]

നിപുണികാ— ഭട്ടിണീഏ അഖണ്ഡിദാദോ പണആദോ. [ഭട്ടിന്യാ അഖണ്ഡിതാൽ പ്രണയാൽ]

ഇരാവതീ— അലം സേവാഏ. മജ്ഝത്ഥദം ഗഹ്ണിഅ ഭണാഹി. [അലം സേവയാ. മധ്യസ്ഥതാം ഗൃഹീത്വാ ഭണ]

നിപുണികാ— വസന്ദോവാഅണലോലുവേണ അജ്ജഗോദമേണ കഹിദം. തുവരദു ഭട്ടിണീ. [വസന്തോപായനലോലുപേനാര്യഗൌതമേന കഥിതം. ത്വരതാം ഭട്ടിനീ]

രാജാവ്—

തോഴരേ! പ്രിയയുടെ കാലിന്റെ പുറവടിമേൽ പുരട്ടിയിട്ടുള്ള നീർ വലിഞ്ഞിട്ടില്ലാത്ത ചെമ്പഞ്ഞിച്ചാറിൻകുറി നോക്കൂ. അതുകണ്ടാൽ പരമശിവൻ ദഹിപ്പിച്ച കാമവൃക്ഷത്തിന്റെ ആദ്യത്തെ തളിർ നാമ്പെടുക്കുകയാണെന്നു തോന്നും. 11

വിദൂഷകൻ— കാലിന്നുയോജിച്ച അധികാരമാണു് ദേവി കൊടുത്തതു്.

രാജാവ്— ശരിയാണങ്ങു പറയുന്നതു്—

പുതിയ തളിർപോലെ ചുവന്നതും നഖകാന്തി ചിതറുന്നതുമായ ഈ കാൽകൊണ്ടു് ഈ ബാലികക്കു ചവിട്ടാൻ പററിയതായി രണ്ടു പേരാണുള്ളതു്— ഉപചാരം കൊതിച്ചു പൂക്കാതെ നിൽക്കുന്ന അശോകമോ. നിസ്സാരമായ തെററുചെയ്തു തലകുനിച്ച കാന്തനോ. 12

വിദൂഷകൻ— അങ്ങയെയും തത്രഭഗവതി ചവിട്ടും, തെററു ചെയ്താൽ.

രാജാവ്— ഭാവി കണ്ടറിയുന്ന ബ്രാഹ്മണന്റെ വാക്കു ഞാൻ തലകുനിച്ചു സ്വീകരിച്ചിരിക്കുന്നു.

(അനന്തരം മദംപൂണ്ട ഇരാവതിയും ചേടിയും പ്രവേശിക്കുന്നു)

ഇരാവതി— എടി നിപുണികേ! ഞാൻ പലപ്പോഴും പറയുന്നതു കേട്ടിട്ടുണ്ടു്. 'മദമെന്നതു സ്ത്രീകൾക്കു വിശേഷപ്പെട്ട അലങ്കാമാണെ'ന്നു്. സത്യമാണോ ആ ബഹുജനവാക്കു്.

നിപുണിക— മുൻപതു ബഹുജനവാക്കു മാത്രമായിരുന്നു, ഇപ്പോഴാകട്ടെ, സത്യമായി ഭവിച്ചിരിക്കുന്നു.

ഇരാവതി— എന്റെ നേരെ അത്രയ്ക്കൊന്നും സ്നേഹം കാണിക്കേണ്ട. എവിടെനിന്നാണു് നിനക്കു മനസ്സിലായതു്— ഊഞ്ഞാൽമണ്ഡപത്തിലേക്കു് ആദ്യംതന്നെ പോയിരിക്കുന്നു തമ്പുരാനെന്നു്?

നിപുണിക— തമ്പുരാട്ടിയുടെ അഭ്യർത്ഥനയ്ക്കു് ഒരിക്കലും ഭംഗം നേരിട്ടിട്ടില്ലല്ലോ, അതിൽനിന്നുതന്നെ.

ഇരാവതി— മതി സേവപറഞ്ഞതു്. പക്ഷപാതംകൂടാതെ പറയൂ.

നിപുണിക— വസന്തസൽക്കാരക്കൊതിയനായ ആര്യഗൌതമനാണു് പറഞ്ഞതു്. വേഗം നടക്കൂ തമ്പുരാട്ടി.

ഇരാവതീ— (അവസ്ഥാസദൃശം പരിക്രമ്യ) ഹഞ്ജേ! മദേണ കിലാമിഅമാണം മം അജ്ജഉത്തദംസണേ ഹിഅഅം തുവരേദി. ചലണാ උണ മഗ്ഗേ ണ പ്പസരന്ദി. [ഹഞ്ജേ! മദേന ക്ലാമ്യന്തീം മാമാര്യ്യപുത്രദർശനേ ഹൃദയം ത്വരയതി. ചരണൌ പുനർമാർഗ്ഗേ ന പ്രസരതഃ]

നിപുണികാ— ണം സമ്പാത്തംഹ ഡോളാഘരം. [നനു സമ്പ്രാപ്തേ സ്വോ ദോളാഗൃഹം]

ഇരാവതീ— ണിഉണിഏ! ഏത്ഥ ണ അജ്ജഉത്തോ ദീസഇ. [നിപുണികേ! നാത്രാര്യ്യപുത്രോ ദൃശ്യതേ]

നിപുണികാ— ആലോഏദു ഭട്ടിണീ. പരിഹാസണിമിത്തം കഹിം വി ഗൂഢേണ ഭട്ടിണാ ഹോദവ്വം. അംഹേ വി ഇമം പിഅംഗുലദാപരിക്ഖിത്തം അസോഅസിലാപട്ടഅം പവിസാമോ. [അവലോകയതു ഭട്ടിനീ. പരിഹാസനിമിത്തം കത്രാപി ഗൂഢേന ഭർത്രാ ഭവിതവ്യം. ആവാമപീമം പ്രിയംഗുലതാപരിക്ഷിപ്തമശോകശിലാപട്ടകം പ്രവിശാവഃ]

ഇരാവതീ— തഹ. [തഥാ]

നിപുണികാ— (പരിക്രമ്യ വിലോക്യ) ഓലോഏദു ഭട്ടിണീ. ചൂദങ്കരം വിചിണ്ണന്ദീണം അംഹാണം പിപീലിആഹിം ദംസിദം. [അവലോകയതു ഭട്ടിനീ. ചൂതാങ്കുരം വിചിന്വന്ത്യോരാവയോഃ പിപീലികാഭിർദഷ്ടം]

ഇരാവതീ— കിം വിഅ ഏദം? [കിമിവൈതൽ?]

നിപുണികാ— ഏസാ ബഉളാവലിആ അസോഅപാഅവച്ഛരാആഏ മാളവിആഏ ചരണാലംകാരം ണിവ്വട്ടേദി. [ഏഷാ ബകുളാവലികാശോകപാദപച്ഛായായാം മാളവികായാശ്ചരണാലങ്കാരം നിർവത്തയതി]

ഇരാവതീ— (ശങ്കാം രൂപയിത്വാ) അഭൂമീ ഇഅം മാളവിആഏ. കഹം ഏത്ഥ തക്കേസി? [അഭൂമിരിയം മാളവികായാഃ. കഥമത്ര തർക്കയസി?]

നിപുണികാ— തക്കേമി! ഡോളാപരിബ്ഭംസിദാഏ സരുഅചല ണാഏ ദേവീഏ അസോഅദോഹളാഹിആരേ മാളവിആ ണിഉത്തേത്തി. അണ്ണഹാ കഹം ദേവീ സഅം ധാരിഅം ണൂഉരജ്ജുഅളം പരിഅണസ്സ അബ്ഭണുജാണിസ്സദി. [തർക്കയാമി, ദോളാപരിഭ്രഷ്ടയാ സരുജചരണയാ ദേവ്യാശോകദോഹദാധികാരേ മാളവികാ നിയുക്തേതി. അന്യഥാ കഥം ദേവീ സ്വയം ധാരിതം നൂപുരയുഗളം പരിജനസ്യാഭ്യനുജ്ഞാസ്യതി?]

ഇരാവതി— (അവസ്ഥയ്ക്കൊത്തവിധം ചുററിനടന്ന്) എടീ! മദംകൊണ്ടു തളർന്ന എൻെറ ഹൃദയം ആര്യപുത്രനെക്കാണാൻ വെമ്പൽകൊള്ളുന്നു. എന്നാൽ വഴിയിൽ കാലുകൾ മുന്നോട്ടു നീങ്ങുന്നില്ല.

നിപുണിക— നാം ഊഞ്ഞാൽമണ്ഡപത്തിലെത്തിക്കഴിഞ്ഞുവല്ലോ.

ഇരാവതി— നിപുണികേ! ഇവിടെ ആൎയ്യപുത്രനെക്കാണ്മാനില്ല.

നിപുണിക— നോക്കൂ തമ്പുരാട്ടി. കളിയാക്കാൻവേണ്ടി എവിടെയെങ്കിലും ഒളിഞ്ഞിരിക്കുന്നുണ്ടാവും, തമ്പുരാൻ. നമുക്ക്, ചുററും ഞാഴൽച്ചില്ലുകൾ തിങ്ങുന്ന ഈ അശോകത്തറയിൽ കയറിനോക്കാം.

ഇരാവതി— അങ്ങനെതന്നെ.

നിപുണിക— (ചുററിനടന്നു നോക്കിയിട്ട്) നോക്കൂ തമ്പുരാട്ടി, മാവിൻതളിരു തേടിവന്നപ്പോൾ നമ്മെ പുളിയെറുമ്പു കടിച്ചു.

ഇരാവതി— എന്താണത്?

നിപുണിക— ഇതാ ബകുളാവലിക അശോകമരത്തണലിൽ ഇരുന്നു മാളവികയുടെ കാലുകൾ അലങ്കരിക്കുന്നു.

ഇരാവതി— (സംശയം നടിച്ച്) മാളവിക ഇവിടെ വരാൻ വഴിയില്ലല്ലോ. നിനക്കെന്തു തോന്നുന്നു?

നിപുണിക— ഞാനൂഹിക്കുന്നത്, ഊഞ്ഞാലിൽനിന്നു വീണു കാലുളുക്കിയ ദേവി അശോകത്തെ പരിചരിക്കേണ്ടുന്ന ചുമതല മാളവികയെ ഏല്പിച്ചതാവുമെന്നാണ്. അല്ലെങ്കിൽ എങ്ങിനെയാണ് ദേവി, താൻ ധരിച്ചിരുന്ന ചിലങ്ക, പരിജനത്തിനു സമ്മാനിച്ചുകൊടുക്കുക?

ഇരാവതീ— മഹദീ ക്ഖു സേ സംഭാവണാ. [മഹതീ ഖലു സ്യാഃ സംഭാവനാ]

നിപുണികാ— കിം ണ അണ്ണേസീഅദി ഭട്ടാ? [കിം നാന്വിഷ്യതേ ഭർത്താ?]

ഇരാവതീ— ഹഞ്ജേ! ണ മേ ചലണാ അണ്ണദോ പവട്ടന്ദി. മണോ വി കിംവി വിആരേദി. ആസങ്കിദസ്സ ദാവ അന്തം ഗമിസ്സം. (മാളവികാം നിർവർണ്ണ്യ ആത്മഗതം) ഠാണേ ക്ഖു കാദരം മേ ഹിഅഅം. [ഹഞ്ജേ! ന മേ ചരണാവന്യതഃ പ്രവർത്തേതേ. മനോഽപി കിമപി വികാരയതി. ആശങ്കിതസ്യ താവദന്തം ഗമിഷ്യാമി. സ്ഥാനേ ഖലു കാതരം മേ ഹൃദയം]

ബകുളാവലികാ— (മാളവികായെ ചരണം ദർശയന്തീ) അവി രോഅദി ദേ അഅം രാഅരേഹാവിണ്ണാസോ? [അപി രോചതേ തേഽയം രാഗരേഖാവിന്യാസഃ?]

മാളവികാ— അത്തണോ ചലണം ത്തി ലജ്ജേമി ണം പസംസിദും. കഹേഹി, കേണ പസാഹണകലാഏ അഹിവിണീദാസി? [ആത്മനശ്ചരണ ഇതി ലജ്ജേ ഏനം പ്രശംസിതും. കഥയ, കേന പ്രസാധനകലായാമഭിവിനീതാസി?]

ബകുളാവലികാ— എത്ഥ ഭത്തുണോ സീസംഹി. [അത്ര ഭർത്തുഃ ശിഷ്യാസ്മി]

വിദൂഷകഃ— തുവരേഹി ദാണിം ഗുരുദക്ഖിണാഏ. [ത്വരസ്വേദാനീം ഗുരുദക്ഷിണായൈ]

മാളവികാ— ദിട്ഠിആ ണ ഗവ്വിദാസി. [ദിഷ്ട്യാ ന ഗർവ്വിതാസി]

ബകുളാവലികാ— ഉവദേസാണുരൂവേ ചലണേ ലംഭിഅ ദാണിം ഗവ്വിദാ ഭവിസ്സം. (ആത്മഗതം) ഹന്ത! സിദ്ധം മേ ദൂച്ചം. (പ്രകാശം രാഗം വിലോക്യ) സഹി! എക്കസ്സ ദേ ചലണസ്സ അവസിദോ രാഅണിക്ഖേവോ. കേവലം മുഹമാരുദോ ലംഭഇദവ്വോ. അഹവാ പവാദം എദം ഠാണം. [ഉപദേശാനുരൂപേ ചരണേ ലബ്ധ്വേദാനീം ഗർവ്വിതാ ഭവിഷ്യാമി. ഹന്ത! സിദ്ധം മേ ദൂത്യം. സഖി! ഏകസ്യ തേ ചരണസ്യാവസിതോ രാഗനിക്ഷേപഃ. കേവലം മുഖമാരുതോ ലംഭയിതവ്യഃ. അഥവാ പ്രവാതമേതൽ സ്ഥാനം]

രാജാ— സഖേ! പശ്യ പശ്യ-

ആർദ്രാലക്തകമസ്യാശ്ചരണം മുഖമാരുതേന വീജയിതും
പ്രതിപന്നഃ പ്രഥമതരഃ സമ്പ്രതി സേവാവകാശോ മേ. 13

ഇരാവതി— ഇവർക്കു നൽകിയ മാന്യത വളരെ വലുതാണല്ലോ.

നിപുണിക— തമ്പുരാനെ അന്വേഷിക്കണ്ടേ?

ഇരാവതി— എടീ! എൻെറ കാലുകൾ മറെറാരിടത്തേക്കു നീങ്ങുന്നില്ല. മനസ്സിലും എന്തോ വിഷമം തോന്നുന്നു. സംശയം തോന്നിയതു് ആദ്യം തീർക്കട്ടെ. (മാളവികയെ നോക്കിക്കണ്ടു വിചാരം) എൻെറ ഹൃദയത്തിനു നടുക്കം തോന്നിയതു് അസ്ഥാനത്തല്ല.

ബകുളാവലിക— (മാളവികയ്ക്കു കാൽ കാണിച്ചുകൊടുത്തുകൊണ്ടു്) ഈ ചെമ്പഞ്ഞിച്ചാറെഴുതിയതു നിനക്കിഷ്ടപ്പെട്ടുവോ?

മാളവിക— എൻെറ കാലാണല്ലോ എന്നുവിചാരിച്ചു പുകഴ്ത്താൻ ലജ്ജ തോന്നുന്നു. പറയൂ, ഈ അലങ്കരണകല ആരാണു് നിന്നെ പഠിപ്പിച്ചതു്?

ബകുളാവലിക— ഈ കലയിൽ തമ്പുരാൻെറ ശിഷ്യത്തിയാണു് ഞാൻ.

വിദൂഷകൻ— എന്നാൽ ഇനി വേഗം ഗുരുദക്ഷിണ കൊടുക്കുക.

മാളവിക— നീ അഹങ്കരിക്കാത്തതു ഭാഗ്യം തന്നെ.

ബകുളാവലിക— ഉപദേശത്തിനു യോജിച്ച കാലുകൾ കിട്ടിയതുകൊണ്ടു് ഇനി എനിക്കഹങ്കരിക്കാം. (വിചാരം) ഭാഗ്യം! എൻെറ ദൂത്യം സാധിച്ച മട്ടായി. (വെളിവായി ചെമ്പഞ്ഞിച്ചാറണിഞ്ഞതു നോക്കിയിട്ടു്) സഖി! നിൻെറ ഒരു കാലിന്മേൽ ചെമ്പഞ്ഞിച്ചാറണിഞ്ഞു കഴിഞ്ഞു. ഇനി ഊതി ഉണക്കുകയേ വേണ്ടൂ. അല്ലെങ്കിൽ വേണ്ട, ഇവിടെ നല്ല കാററുണ്ടു്.

രാജാവു്— തോഴരേ! നോക്കൂ നോക്കൂ—

ഇവളുടെ കാലിന്മേൽ അണിഞ്ഞിട്ടുള്ള നീർവററാത്ത അരക്കുചാർ ഊതിയുണക്കുവാൻ എനിക്കിപ്പോൾ ഒന്നാമതായി സേവനസന്ദർഭം വന്നുചേർന്നിരിക്കുന്നു.

വിദൂഷകഃ— കുദോ ദേ അണുസഓ? ചിരം ഭവദാ ഏദം കമേണ അണുഹോദവ്വം. [കുതസ്തേഽനുശയഃ? ചിരം ഭവതാ ഏതൽ ക്രമേണാനുഭവിതവ്യം]

ബകുളാവലികാ— സഹി! അരുണസദപത്തം വിഅ സോഹദി ദേ ചലണം. സവ്വഹാ ഭത്തുണോ അങ്കപരിവട്ടിണീ ഹോഹി. [സഖി! അരുണശതപത്രമിവ ശോഭതേ തേ ചരണം. സർവ്വഥാ ഭർത്തുരങ്കപരിവർത്തിനീ ഭവ]

(ഇരാവതീ നിപുണികാമുഖമവേക്ഷതേ)

രാജാ— മമേയമാശീഃ.

മാളവികാ— ഹളാ! അവഅണീഅം മന്തേസി. [ഹളാ! അവചനീയം മന്ത്രയസേ]

ബകുളാവലികാ— മന്തിദവ്വം എവ്വ മഏ മന്തിദം. [മന്ത്രയിതവ്യമേവ മയാ മന്ത്രിതം]

മാളവികാ— പിആ ഖു അഹം തുഹ. [പ്രിയാ ഖല്വഹം തവ]

ബകുളാവലികാ— ണ കേവലം മഹ. [ന കേവലം മമ]

മാളവികാ— കസ്സ വാ അണ്ണസ്സ? [കസ്യ വാന്യസ്യ?]

ബകുളാവലികാ— ഗുണേസു അഹിണിവേസിണോ ഭത്തുണോ വി. [ഗുണേഷ്വഭിനിവേശിനോ ഭർത്തുരപി]

മാളവികാ— അലീഅം മന്തേസി. ഏദം ഏവ്വ മഇ ണത്തി. [അലീകം മന്ത്രയസേ. ഏതദേവ മയി നാസ്തി]

ബകുളാവലികാ— സച്ചം തുഇ ണത്ഥി. ഭത്തുണോ കിസേസു വരപണ്ഡുരേസു ദീസഇ അംഗേസു. [സത്യം ത്വയി നാസ്തി. ഭർത്തുഃ കൃശേഷു വരപാണ്ഡുരേഷു ദൃശ്യതേഽംഗേഷു]

നിപുണികാ— പുഢമഗണിദം വിഅ ഹദാസാഏ ഉത്തരം. [പ്രഥമഗണിതമിവ ഹതാശയാ ഉത്തരം]

ബകുളാവലികാ— അണുരാഓ അണുരാഏണ പരിക്ഖിദവ്വോ ത്തി സുഅണവഅണം പമാണീകരേഹി. [അനുരാഗോഽനുരാഗേണ പരീക്ഷിതവ്യ ഇതി സുജനവചനം പ്രമാണീകുരു]

മാളവികാ— കിം അത്തണോ ഛന്ദേണ മന്തേസി? [കിമാത്മനശ്ഛന്ദേന മന്ത്രയസേ?]

ബകുളാവലികാ— ണഹി ണഹി. ഭത്തുണോ ഖു ഏദാഇ പണഅമിദുആഇ അക്ഖരാഇ വത്തന്തരിദാഇ. [നഹി നഹി. ഭർത്തുഃ ഖല്വേതാനി പ്രണയമൃദുകാന്യക്ഷരാണി വക്ത്രാന്തരിതാനി]

മാളവികാ— ഹളാ! ദേവിം ചിന്തിഅ ണ മേ ഹിഅഅസ്സ പഹവിസ്സം. [സഖി! ദേവീം ചിന്തയിത്വാ ന മേ ഹൃദയസ്യ പ്രഭവിഷ്യാമി]

വിദൂഷകൻ— അങ്ങെന്തിനു സങ്കടപ്പെടുന്നു? ക്രമത്തിൽ അങ്ങയ്ക്കിതു വളരെക്കാലം ചെയ്യാനിടവരും.

ബകുളാവലിക— സഖി! ചെന്താമരപ്പൂവുപോലെ ശോഭിക്കുന്നു, നിന്റെ ചേവടി. എല്ലാംകൊണ്ടും നിനക്കു തമ്പുരാന്റെ മടിയിൽ കയറിയിരിക്കുവാൻ സംഗതി വരട്ടെ.

(ഇരാവതി നിപുണികയുടെ മുഖത്തേക്കു നോക്കുന്നു)

രാജാവ്— എനിക്കിതു് ആശീർവാദമാണു്.

മാളവിക— തോഴി! നീ പറയാൻ പാടില്ലാത്തതു പറയുന്നു.

ബകുളാവലിക— പറയേണ്ടതുതന്നെയാണു് ഞാൻ പറഞ്ഞതു്.

മാളവിക— നിനക്കിഷ്ടപ്പെട്ടവളാണല്ലോ ഞാൻ.

ബകുളാവലിക— എനിക്കു മാത്രമല്ല.

മാളവിക— വേറെ ആൎക്കാണു്?

ബകുളാവലിക— ഗുണങ്ങളിൽ പ്രതിപത്തിയുള്ള തമ്പുരാനും.

മാളവിക— ഇല്ലാത്തതാണു് നീ പറയുന്നതു്. എനിക്കതു തീരെയില്ല.

ബകുളാവലിക— നിനക്കില്ലെന്നതു ശരിതന്നെ. തമ്പുരാന്റെ ചടച്ചു വിളത്ത ശരീരാവയവങ്ങളിൽ കാണുന്നുണ്ടു്.

നിപുണിക— മുൻകൂട്ടി കണക്കാക്കിവെച്ചതുപോലെയാണു് ഏട്ായുടെ ഉത്തരം.

ബകുളാവലിക— അനുരാഗത്തെ അനുരാഗംകൊണ്ടു പരിക്ഷിക്കണമെന്ന സജ്ജനവചനം വിശ്വസിക്കു.

മാളവിക— നീ സ്വന്തം അഭിപ്രായംവെച്ചു പറയുകയാണോ?

ബകുളാവലിക— അല്ലല്ല. തമ്പുരാന്റെതന്നെയാണു് പ്രണയകോമളങ്ങളായ ഈ അക്ഷരങ്ങൾ. അവ എന്റെ മുഖത്തിലൂടെ പുറപ്പെട്ടുവെന്നു മാത്രം.

മാളവിക— തോഴി! ദേവിയെ വിചാരിക്കുമ്പോൾ എനിക്കെന്റെ ഹൃദയത്തിന്റെപേരിൽ അധികാരമില്ല.

ബകുളാവലികാ— മുദ്ധേ! ഭമരസംബാധോ ഭവിസ്സദി ത്തി വസന്താവദാരസവ്വസ്സം കിം ണ ചൂദപ്പസവോ ഓദംസിദവ്വോ? [മുഗ്ധേ! ഭ്രമരസംബാധോ ഭവിഷ്യതീതി വസന്താവതാരസവ്വസ്വം കിം ന ചൂതപ്രസവോഽവതംസയിതവ്യഃ?]

മാളവികാ— തുമം ദാവ ദുജ്ജാദേ മഹ അച്ചന്ദസഹാഇണീ ഹോഹി. [ത്വം താവദ്ദുജ്ജാതേ മമാത്യന്തസഹായിനീ ഭവ]

ബകുളാവലികാ— വിമദ്ദസുരഹീ ബഉളാവലിആ ഖു അഹം. [വിമർദസുരഭിർബകുളാവലികാ ഖല്വഹം]

രാജാ— സാധു ബകുളാവലികേ! സാധു.

ഭാവജ്ഞാനാനന്തരം പ്രസ്തുതേന
പ്രത്യാഖ്യാനേ ദത്തയുക്‌തോത്തരേണ
വാക്യേനേയം സ്ഥാപിതാ സ്വേ നിദേശേ
സ്ഥാനേ പ്രാണാഃ കാമിനാം ദൂത്യധീനാഃ. 14

ഇരാവതീ— ഹഞ്ജേ! പേക്‌ഖ പേക്‌ഖ. കാരിദാ ഏവ്വ എദസ്സിം ബഉളാവലിആഏ പദം മാളവിആ. [ഹഞ്ജേ! പശ്യ പശ്യ. കാരിതൈവൈതസ്മിൻ ബകുളാവലികയാ പദം മാളവികാ]

നിപുണികാ— ഭട്ടിണി! ണിവ്വിആരസ്സ വി ഊസുഅദാജണഓ ഉവദേസോ. [ഭട്ടിനി! നിർവ്വികാരസ്യാപ്യൗത്സുക്യതാജനക ഉപദേശഃ]

ഇരാവതീ— ഠാണേ ക്‌ഖു സങ്കിദം മേ ഹിഅഅം. ഗഹീദത്ഥാ അണന്തരം ചിന്തഇസ്സം. [സ്ഥാനേ ഖലു ശങ്കിതം മേ ഹൃദയം. ഗൃഹീതാർത്ഥാനന്തരം ചിന്തയിഷ്യാമി]

ബകുളാവലികാ— എസോ ദുദീഓ വി ദേ ണിവ്വുത്തപരികമ്മോ ചലണോ. ജാവ ദുവേ വി സണ്ഠഉരേ കരേമി. (ഇതി നാട്യേന നൂപുരയുഗളമാമുച്യ) ഹളാ! ഉട്‌ഠേഹി. അണുചിട്‌ഠ ദേവീഏ അസോഅവിആസഇത്തഅം ണിഓഅം. [ഏഷ ദ്വിതീയോഽപി തേ നിർവൃത്തപരികർമ്മാ ചരണഃ. യാവൽ ദ്വാപി സനൂപുരൌ കരോമി. ഹളാ! ഉത്തിഷ്ഠ. അനുതിഷ്ഠ ദേവ്യാ അശോകവികാസയിതൃകം നിയോഗം.]

(ഉഭേ ഉത്തിഷ്ഠതഃ)

ഇരാവതീ— സുദം ദേവീഏ ണിഓഓ ത്തി. ഹോദു ദാണിം. [ശ്രുതം ദേവ്യാ നിയോഗ ഇതി. ഭവത്വിദാനീം]

ബകുളാവലികാ— എസോ ഉവാരൂഢരാഓ ഉവഭോഅക്‌ഖമോ പുരദോ ദേ വട്ടഇ. [ഏഷ ഉപാരൂഢരാഗ ഉപഭോഗക്ഷമഃ പുരതസ്തേ വർത്തതേ]

മാളവികാ— (സഹർഷം) കിം ഭട്ടാ? [കിം ഭർത്താ?]

ബകുളാവലിക— വിഡ്ഢി! വണ്ടു വന്നുകൂട്ടമെന്നു കരുതി പുതുവസന്തത്തിലെ പ്രധാനസമ്പത്തായ തേന്മാവിൻപൂങ്കുല ആരെങ്കിലും ചൂടാതിരിക്കാറുണ്ടോ?

മാളവിക— വല്ല ആപത്തും സംഭവിച്ചാൽ നീയെനിക്കേററവും സഹായമായുണ്ടാവണേ.

ബകുളാവലിക— മദ്ദനമേല്ക്കുമ്പോഴും പരിമളം പരത്തുന്ന ബകുളാവലികയാണു്—ഇലഞ്ഞിപ്പൂമാലയാണു്— ഞാൻ.

രാജാവു്— നന്നായി ബകുളാവലികെ! നന്നായി.

അഭിപ്രായമറിഞ്ഞതിനുശേഷം കാര്യം പറഞ്ഞു. എതിർത്തപ്പോഴം തക്കതായ മറുപടി നൽകി. അങ്ങിനെ താൻ നിർദ്ദേശിച്ച കാര്യത്തിൽ ഇവളെ ഉറപ്പിച്ചുനിർത്തി. ശരിയാണു്, കാമുകന്മാരുടെ ജീവൻ ദൂതികഠംക്കു് അധീനമാണു്. 14

ഇരാവതി— എടീ നോക്കു്. ഇക്കാര്യത്തിൽ ബകുളാവലികയാണു് മാളവികയ്ക്കു പ്രേരണ നൽകിയതു്.

നിപുണിക— തമ്പുരാട്ടി! വികാരമില്ലാത്തവർക്കുപോലും ഉൽക്കണ്ഠയുളവാക്കുന്നതാണു് ഉപദേശം.

ഇരാവതി— എനിക്കു ഹൃദയത്തിൽ ശങ്ക തോന്നിയതു യുക്തംതന്നെ. കാര്യം മനസ്സിലായല്ലോ. ഇനി വേണ്ടതാലോചിക്കാം.

ബകുളാവലിക— ഇതാ മറേറക്കാലിന്മേലും ചെമ്പഞ്ഞിച്ചാറണിഞ്ഞുകഴിഞ്ഞു. ഇനി രണ്ടിലും ചിലങ്കയിടുവിക്കട്ടെ. (ചിലങ്കയിടുവിക്കുന്നതായി നടിച്ചു്) തോഴി! എഴുന്നേല്ക്കൂ. ദേവി! നിയോഗിച്ചതനുസരിച്ചു് അശോകം പൂക്കുവാൻ വേണ്ടിയുള്ള ദേവിയുടെ കല്പന നിർവ്വഹിക്കു

(രണ്ടുപേരും എഴുന്നേല്ക്കുന്നു)

ഇരാവതി— കേട്ടുവോ! ദേവിയുടെ നിയോഗമാണെന്നു്. തൽക്കാലം ഇരിക്കട്ടെ.

ബകുളാവലിക— ഇതാ രാഗം വദ്ധിച്ചു് അനുഭവയോഗ്യമായ വിധത്തിൽ നിന്റെ മുമ്പിൽ നില്ക്കുന്നു.

മാളവിക— (സന്തോഷത്തോടുകൂടി) ഏ! തമ്പുരാനോ?

ബകുളാവലികാ— (സസ്മിതം) ണ ദാവ ഭട്ടാ. ഏസോ അസോഅസാഹാവലമ്പീ പല്ലവഗ്ഗുച്ഛോ. ഓദംസേഹി ദാവ ണം. [ന താവൽ ഭർത്താ. ഏഷോഽശോകശാഖാവലംബീ പല്ലവഗുച്ഛഃ. അവതംസയ താവദേനം]

വിദൂഷകഃ— സുദം ഭവദാ? [ശ്രുതം ഭവതാ?]

രാജാ— സഖേ! പര്യാപ്തമേതാവതാ കാമിനാം.

അനാതുരോൽകണ്ഠിതയോഃ പ്രസിദ്ധ്യതാ
സമാഗമേനാപി രതിർന മാം പ്രതി
പരസ്പരപ്രാപ്തിനിരാശയോർവരം
ശരീരനാശോഽപി സമാനരാഗയോഃ. 15

(മാളവികാ രചിതപല്ലവാവതംസാ സലീലമശോകായ പാദം പ്രഹിണോതി)

രാജാ— വയസ്യ! പശ്യ—

ആദായ കർണ്ണകിസലയമസ്മാദീയമത്ര ചരണമർപ്പയതി
ഉഭയോഃ സദൃശവിനിമയാദാത്മാനം വഞ്ചിതം മന്യേ. 16

മാളവികാ— വാമോ ക്ഖു ഏസോ അസോഓ, ജോ വഞ്ജഅം പമാണികദുഅ കുസുമുഗ്ഗമം ണ ദംസേഇ അവിണാമ അംഹാണം സംഭാവണാ സഫലാ ഹവേ. [വാമഃ ഖല്വേഷോഽശോകഃ, യോ വ്യഞ്ജകം പ്രമാണീകൃത്യ കുസുമോൽഗമം ന ദശ്യതി. അപി നാമ അസ്മാകം സംഭാവനാ സഫലാ ഭവേൽ?]

ബകുളാവലികാ— ഹളാ! ണത്ഥി ദേ ദോസോ, ണിഗ്ഗുണോ അഅം അസോഓ ജഇ കുസുമോബ്ഭേദമന്ഥരോ ഹവേ! ജോ ഈരിസം ചലണസക്കാരം ലംഭിഓ. [ഹളാ! നാസ്തി തേ ദോഷഃ. നിർഗ്ഗുണോഽയമശോകോ യദി കുസുമോദ്ഭേദമന്ഥരോ ഭവേദ്യ ഈദൃശം ചരണസൽക്കാരം ലംഭിതഃ]

രാജാ—

അനേന തനുമദ്ധ്യയാ മുഖരനൂപുരാരാവിണാ
നവാംബുരുഹകോമളേന ചരണേന സംഭാവിതഃ
അശോക യദി സദ്യ ഏവ മുകുളൈർന സംപത്സ്യസേ
വൃഥാ വഹസി ദോഹദം ലളിതകാമിസാധാരണം. 17

സഖേ! വചനാവസരപൂർവ്വകം പ്രവേഷ്ടുമിച്ഛാമി.

വിദൂഷകഃ— ഏഹി ണം പരിഹാസഇസ്സം. [ഏഹ്യേനാം പരിഹാസയിഷ്യാമി]

(ഉഭൌ പ്രവേശം കുരുതഃ)

നിപുണികാ— ഭട്ടിണി! ഭട്ടാ ഏത്ഥ ഏവ്വ പവിസദി. [ഭട്ടിനി! ഭർത്താത്രൈവ പ്രവിശതി]

ബകുളാവലിക— (പുഞ്ചിരി തൂകിക്കൊണ്ടു്) തമ്പുരാനല്ല. ഈ അശോകക്കൊമ്പിന്മേൽ തൂങ്ങിനിൽക്കുന്ന തളിർക്കുല. അതു ചെവിയിലണിയൂ.

വിദൂഷകൻ— കേട്ടുവോ അങ്ങുന്നു്?

രാജാവു്— തോഴരേ! കാമുകന്മാർക്കു് ഇത്രയുംകൊണ്ടു തികച്ചും തൃപ്തിപ്പെടാം—

ഒരാൾക്കു തീരെ കാമവികാരമില്ല. മററാൾക്കു് ഏററവും കാമാത്തിയുണ്ടു്. ഇങ്ങനെയുള്ള സ്ത്രീപുരുഷന്മാർക്കു പരസ്പരസമാഗമം വേണ്ടതുപോലെ സിദ്ധിച്ചാൽപോലും എന്റെ അഭിപ്രായത്തിൽ അവിടെ രതിസുഖം ഇല്ല. അങ്ങോട്ടുമിങ്ങോട്ടും ഒരുപോലെ അനുരാഗമുള്ള സ്ത്രീപുരുഷന്മാർക്കാകട്ടെ, പരസ്പരസമാഗമം സാധിക്കാതെ നിരാശപൂണ്ടു ശരീരനാശം സംഭവിച്ചാൽപ്പോലും അതു് ആദ്യം കാണിച്ച സമാഗമത്തേക്കാൾ ഭേദമാണു്. 15

(മാളവിക ചെവികളിൽ തളിർ പറിച്ചണിഞ്ഞു് അഴകോടെ അശോകത്തിന്മേൽ കാൽ വെയ്ക്കുന്നു)

രാജാവു്— തോഴരേ! നോക്കൂ—

ഇവളിതാ ഈ അശോകത്തിൽനിന്നു ചെവികളിലണിയാൻ തളിർ പറിച്ചെടുത്തു് അതിന്മേൽ ചേവടി ചേർത്തുവെക്കുന്നു. രണ്ടുപേരും തുല്യവസ്തുക്കൾ കൈമാറിയതുകൊണ്ടു് എനിക്കമളി പിണഞ്ഞതായി ഞാൻ കരുതുന്നു. 16

മാളവിക— കുറുമ്പനാണു് ഈ അശോകം. അതു വസന്തത്തെ മാനിച്ചു പൂക്കൾ പുറത്തു കാണിച്ചില്ലല്ലോ. നമ്മുടെ സൽക്കാരം സഫലമാകുമോ ആവോ!

ബകുളാവലിക— തോഴീ! ഇത്തരം പാദസൽക്കാരം ലഭിച്ചിട്ടും ഗുണമറിയാത്ത ഈ അശോകം പൂക്കുവാൻ അമാന്തിക്കുകയാണെങ്കിൽ അതു നിന്റെ കുററമാവില്ല.

രാജാവു്—

അല്ലയോ അശോകമേ! ഈ കൃശോദരി ചിലങ്ക കിലുങ്ങുന്ന, പുതുചെന്താമരപ്പൂപോലെ കോമളമായ ചെങ്കഴൽകൊണ്ടു സംഭാവനംചെയ്തിട്ടും നീയുടനെത്തന്നെ നിറയെ പൂവണിയുന്നില്ലെങ്കിൽ വിലാസശീലന്മാരായ കാമുകന്മാർ കൊതിക്കുന്നതുപോലെയുള്ള പരിചരണമാഗ്രഹിക്കുന്നതു പാഴിലാണു്. 17

തോഴരേ! എന്തെങ്കിലും പറയാനവസരമുണ്ടാക്കി അങ്ങോട്ടു കടന്നുചെല്ലാൻ തോന്നുന്നു.

വിദൂഷകൻ— വരൂ, നമുക്കിവളെ കളിയാക്കാം.

(രണ്ടുപേരും കടന്നുചെല്ലുന്നു)

നിപുണിക— തമ്പുരാട്ടി! തമ്പുരാനിവിടേക്കുതന്നെ എഴുന്നുള്ളുന്നു.

ഇരാവതീ— ഏവ്വം പുഢമം മമ ചിന്തിദം ഹിഅഏണ. [ഏവം പ്രഥമം മമ ചിന്തിതം ഹൃദയേന]

വിദൂഷകഃ— (ഉപസൃത്യ) ഹോദി! ജുത്തം ണാമ, അത്തഹോദോ പിഅവഅസ്സോ അഅം അസോഓ വാമപാദേണ താഡിദും? [ഭവതി! യുക്തം നാമ, അത്രഭവതഃ പ്രിയവയസ്യോഽയമശോകോ വാമപാദേന താഡയിതും]

ഉഭേ— (സസംഭ്രമം) അംഹോ! ഭട്ടാ. [അഹോ! ഭൎത്താ]

വിദൂഷകഃ— ബഉളാവലിഏ! ഗഹീദത്ഥാഏ തുഏ അത്തഹോദീ ഈരിസം അവിണഅം കരന്തീ കീസ ണ ണിവാരിദാ? [ബകുളാവലികേ! ഗൃഹീതാൎത്ഥയാ ത്വയാത്രഭവതീദൃശമവിനയം കുൎവ്വതീ കസ്മാന്ന നിവാരിതാ?]

(മാളവികാ ഭയം രൂപയതി)

നിപുണികാ— ഭട്ടിണി! പേക്ഖ. കിം പഉത്തം അജ്ജഗോദമേണ? [ഭട്ടിനി! പശ്യ. കിം പ്രവൃത്തമാൎയ്യഗൌതമേന?]

ഇരാവതീ— കഹം ബഹ്മബന്ധൂ അണ്ണഹാ ജീവിസ്സദി? [കഥം ബ്രഹ്മബന്ധുരന്യഥാ ജീവിഷ്യതി?]

ബകുളാവലികാ— അജ്ജ! ഏസാ ദേവീഏ ണിഓഅം അണചിട്ഠദി. ഏദസ്സിം അദിക്കമേ പരവദീ ഇഅം. പസീദദു ഭട്ടാ. [ആൎയ്യ! ഏഷാ ദേവ്യാ നിയോഗമനുതിഷ്ഠതി. ഏതസ്മിന്നതിക്രമേ പരവതീയം. പ്രസീദതു ഭൎത്താ]

(ആത്മനാ സമമേനാം പ്രണിപാതയതി)

രാജാ— യദ്യേവമനപരാദ്ധാസി. ഉത്തിഷ്ഠ ഭദ്രേ!

(ഹസ്തേ ഗൃഹീത്വൈനാമുത്ഥാപയതി)

വിദൂഷകഃ— ജുജ്ജഇ. ദേവീ ഏത്ഥ മാണഇദവ്വാ. [യുജ്യതേ. ദേവ്യത്ര മാനയിതവ്യാ]

രാജാ—

കിസലയമൃദോൎവിലാസിനി! കഠിനേ നിഹിതസ്യ പാദപസ്കന്ധേ
ചരണസ്യ ന തേ ബാധാ സംപ്രതി വാമോരു! വാമസ്യ. 18

(മാളവികാ ലജ്ജാം രൂപയതി)

ഇരാവതീ— അംഹോ! ണവണീദകപ്പഹിഅഓ അജ്ജഉത്തോ. [അഹോ! നവനീതകല്പഹൃദയ ആൎയ്യപുത്രഃ]

മാളവികാ— ബഉളാവലിഏ! ഏഹി. അണുട്ഠിദം അത്തണോ ണിഓഅം ദേവീഏ ണിവേദേംഹ. [ബകുളാവലികേ! ഏഹി. അനുഷ്ഠിതമാത്മനോ നിയോഗം ദേവ്യൈ നിവേദയാവഃ]

ബകുളാവലികാ— തേണ ഹി വിണ്ണാവേഹി ഭട്ടാരം, 'വിസജ്ജേഹി'ത്തി. [തേന ഹി വിജ്ഞാപയ ഭൎത്താരം, 'വിസൎജ്ജയേ'തി]

ഇരാവതി— ഇതു ഞാനാദ്യംതന്നെ മനസ്സിൽക്കരുതിയതാണു്.

വിദൂഷകൻ— (അടുത്തുചെന്നു്) ഇവിടുത്തെ പ്രിയസുഹൃത്തായ ഈ അശോകത്തെ ഭവതി ഇടത്തുകാൽകൊണ്ടു ചവിട്ടിയതു നന്നായോ?

രണ്ടുപേരും— (പരിഭ്രമിച്ചു്) ഓ! തമ്പുരാൻ.

വിദൂഷകൻ— ബകുളാവലികേ! ഇവൾ ഇത്തരം അക്രമം ചെയ്യുന്നതു, കാര്യമറിയാവുന്ന നീ എന്തുകൊണ്ടു തടഞ്ഞില്ല?

(മാളവിക ഭയം നടിക്കുന്നു)

നിപുണിക— തമ്പുരാട്ടി! നോക്കു. ആര്യഗൌതമൻ എന്താണു് കാണിച്ചതു്?

ഇരാവതി— ബ്രാഹ്മണൻ എന്നുപറഞ്ഞു നടക്കുന്ന ഇയാൾ, അല്ലെങ്കിൽ എങ്ങിനെയാണു് ജീവിക്കുക?

ബകുളാവലിക— ആര്യ! ഇവൾ ദേവിയുടെ കല്പന നിർവ്വഹിച്ചതാണു്. ഈ പിഴ ഇവൾ മനഃപൂർവ്വം ചെയ്തതല്ല. തമ്പുരാനു തിരുവുള്ളക്കേടുണ്ടാകരുതു്.

(താൻ നമസ്കരിച്ചു മാളവികയേയും നമസ്കരിപ്പിക്കുന്നു)

രാജാവു്— അങ്ങിനെയാണെങ്കിൽ നിനക്കു തെററില്ല. ഭദ്രേ! എഴുന്നേൽക്കു.

(കൈപിടിച്ചവളെ എഴുന്നേല്പിക്കുന്നു)

വിദൂഷകൻ— ശരി, ദേവിയെ ബഹുമാനിക്കണമല്ലോ.

രാജാവു്—

അല്ലയോ സുന്ദരി! കടുപ്പംകൂടിയ മരത്തടിയിന്മേൽവെച്ചപ്പോൾ തളിരുപോലെ മൃദുവായ നിന്റെ ഇടത്തുകാലിനു വേദന തോന്നിയില്ലല്ലോ.

(മാളവിക ലജ്ജനടിക്കുന്നു)

ഇരാവതി— അമ്പോ! വെണ്ണപോലെയാണു് ആര്യപുത്രന്റെ ഹൃദയം.

മാളവിക— ബകുളാവലികേ! വരൂ. ഏല്പിച്ചയച്ചതു ചെയ്തുവെന്നു നമുക്കു ദേവിയെ ചെന്നറിയിക്കുക.

ബകുളാവലിക— എന്നാൽ തമ്പുരാനോടു വിട തരുവാൻ പറയൂ.

രാജാ— ഭദ്രേ! യാസ്യസി. മമ താവദുൽപന്നാവസരമർത്ഥിത്വം ശ്രൂയതാം.

ബകുളാവലികാ— അവഹിദാ സുണാഹി. ആണാവേദു ഭട്ടാ. [അവഹിതാ ശൃണു. ആജ്ഞാപയതു ഭർത്താ]

രാജാ—

ധൃതിപുഷ്പമയമപി ജനോ ബധ്‌നാതി ന താദൃശം ചിരാൽപ്രഭൃതി
സ്പർശാമൃതേന പൂരയ ദോഹദമസ്യാപ്യനന്യരുചേഃ. 19

ഇരാവതീ— (സഹസോപസൃത്യ) പൂരേഹി പൂരേഹി. അസോഓ കുസുമം ദംസേദി ണ വാ. അഅം ഉണ പുപ്ഫദി ഏവ്വ. [പൂരയ പൂരയ. അശോകഃ കുസുമം ദർശയതി, ന വാ. അയം പുനഃ പുഷ്പ്യത്യേവ]

(സർവ്വേ ഇരാവതീം ദൃഷ്ട്വാ സംഭ്രാന്താഃ)

രാജാ— (അപവാര്യ) വയസ്യ! കാ പ്രതിപത്തിരത്ര?

വിദൂഷകഃ— കിം അണ്ണം. ജംഘാബലം ഏവ്വ. [കിമന്യൽ. ജംഘാബലമേവ]

ഇരാവതീ— ബഉളാവലിഏ! സാഹു തുഏ ഉവക്കന്ദം. മാളവിഏ തുമം ദാവ കരേഹി സഫലപ്പത്ഥണം അജ്ജഉത്തം. [ബകുളാവലികേ! സാധു ത്വയോപക്രാന്തം. മാളവികേ! ത്വം താവൽ കുരു സഫലപ്രാർത്ഥനമാര്യപുത്രം]

ഉഭേ— പസീദദു ഭട്ടിണീ. കാ വഅം ഭട്ടിണോ പണഅപരിഗ്ഗഹസ്സ? [പ്രസീദതു ഭട്ടിനീ. കാ വയം ഭർത്തുഃ പ്രണയപരിഗ്രഹസ്യ?]

(ഇതി നിഷ്ക്രാന്തേ)

ഇരാവതീ— അഹോ! അവിസ്സസണീആ പുരിസാ. മഏ ക്ഖു അത്തണോ വഞ്ചണാ വാഹജണഗീദിരത്താഏ ഹരിണീഏ വിഅ അസംകിദാഏ ണ വിണ്ണാദാ. [അഹോ! അവിശ്വസനീയാഃ പുരുഷാഃ. മയാ ഖല്വാത്മനോ വഞ്ചനാ വ്യാധജനഗീതിരക്തയാ ഹരിണ്യേവാശങ്കിതയാ ന വിജ്ഞാതാ]

വിദൂഷകഃ— (ജനാന്തികം) ഭോ പഡിവജ്ജേഹി കിംവി ഉത്തരം കമ്മഗഹീദേണ വി കുംഭീലഏണ സന്ധിച്ഛേഅണേ സിക്ഖിദോംഹിത്തി വത്തവ്വം ഹോദി. [ഭോ പ്രതിപദ്യസ്വ കിമപ്യുത്തരം. കർമ്മഗൃഹീതേനാപി കുംഭീലകേന സന്ധിച്ഛേദനേ ശിക്ഷിതോഽസ്മീതി വക്തവ്യം ഭവതി]

രാജാ— സുന്ദരി! ന മേ മാളവികയാ കശ്ചിദർത്ഥഃ. മയാ ത്വം ചിരയസീതി യഥാകഥഞ്ചിദാത്മാ വിനോദിതഃ.

രാജാവ്— ഭദ്രേ! പോകാം. അതിന്നുമുൻപ് എനിയ്ക്കീസന്ദർഭത്തിൽ ഒരപേക്ഷ ചെയ്യേണ്ടതായിട്ടുണ്ട്. അതൊന്നു കേൾക്കണം.

ബകളാവലിക— ശ്രദ്ധിച്ചു കേൾക്കു. തമ്പുരാൻ അരുളിച്ചെയ്താലും.

രാജാവ്—

കുറച്ചുകാലമായിട്ട് ഈയുള്ളവനും മുൻപത്തെപ്പോലെ സന്തോഷപുഷ്പമണിയുന്നില്ല. സ്പർശസുഖമാകുന്ന അമൃതംകൊണ്ടു മററൊന്നിലും രുചിയില്ലാത്ത ഇവനെയും പരിചരിച്ചു സുഖിപ്പിക്കു. 19

ഇരാവതി— (പെട്ടെന്നടുത്തുചെന്നിട്ട്) സുഖിപ്പിക്കു സുഖിപ്പിക്കു. അശോകം പൂക്കുമോ, ആവോ. ഇദ്ദേഹമാകട്ടെ പൂക്കാതിരിക്കില്ല.

(എല്ലാവരും ഇരാവതിയെകണ്ടു പരിഭ്രമിക്കുന്നു)

രാജാവ്— (സ്വകാര്യമായി) തോഴരേ! എന്താണിവിടെ പെട്ടെന്നു ചെയ്യേണ്ടതു്?

വിദൂഷകൻ— മററെന്തു? ഓട്ടംതന്നെ.

ഇരാവതി— ബകുളാവലികേ! നന്നായി നീ ചെയ്തതു്. മാളവികേ, ആര്യപുത്രന്റെ അഭ്യർത്ഥന സഫലമാക്കിത്തീർക്കുക.

രണ്ടുപേരും— തമ്പുരാട്ടി കോപിക്കരുതു്. തമ്പുരാന്റെ അഭ്യർത്ഥന സ്വീകരിക്കുവാൻ ഞങ്ങളാരാണു്?

(രണ്ടുപേരും പോകുന്നു)

ഇരാവതി— കഷ്ടം! പുരുഷന്മാരെ വിശ്വസിച്ചുകൂടാ. വേടന്റെ പാട്ടുകേട്ടു മയങ്ങിയ മാൻപേടയെന്നപോലെ ശങ്കയില്ലാത്ത ഞാൻ, എന്നെ ചതിക്കുകയാണെന്നു മനസ്സിലാക്കിയില്ല.

വിദൂഷകൻ— (സ്വകാര്യമായി) ഹേ! എന്തെങ്കിലും ഒരു മറുപടി പറയൂ. തുരങ്കംവെയ്ക്കുമ്പോൾ പിടികൂടിയാൽപോലും കള്ളൻ പറയണം, തുരങ്കംവെക്കുവാൻ പരിശീലിക്കുകയായിരുന്നുവെന്നു്.

രാജാവ്— സുന്ദരി! എനിയ്ക്കു മാളവികയെക്കൊണ്ടു് ഒരു കാര്യവുമില്ല. നീ വരാൻ താമസിക്കുന്നെന്നു കണ്ടപ്പോൾ എന്തെങ്കിലും ഒരു നേരമ്പോക്കാകട്ടെ എന്നു വിചാരിച്ചതാണു്.

ഇരാവതീ— വിസ്സസണീഓസി. മഏ ണ വിണ്ണാദം, ഈരിസം വിണോദവത്ഥുഅം അജ്ജഉത്തേണ ഉവലദ്ധം ത്തി. അണ്ണഹാ മന്ദഭാഇണീഏ ഏവ്വം ണ കരീഅദി. [വിശ്വസനീയോഽസി. മയാ ന വിജ്ഞാതമീദൃശം വിനോദവസ്തുകമാര്യപുത്രേണോപലബ്ധമിതി. അന്യഥാ മന്ദഭാഗിന്യൈവം ന ക്രിയതേ]

വിദൂഷകഃ— മാ ദാവ തത്തഹോദോ ദക്ഖിണ്ണസ്സ ഉവരോഹം ഭണദു. സമാവത്തിദിട്ഠേണ ദേവീഏ പരിഅണേണ സംകഹാവി ജഇ അവരാഹോ ഠാവിഅദി, ഏത്ഥ തുമം ഏവ്വ പമാണം. [മാ താവത്തത്രഭവതോ ദാക്ഷിണ്യസ്യോപരോധം ഭണതു. സമാപത്തിദൃഷ്ടേന ദേവ്യാഃ. പരിജനേന സംകഥാപി യദ്യപരാധഃ സ്ഥാപ്യതേ, അത്ര ത്വമേവ പ്രമാണം]

ഇരാവതീ— ണം സംകഹാ ണാമ ഹോദു. കിം ത്തി അത്താണം ആആസഇസ്സം. [നനു സംകഥാ നാമ ഭവതു. കിമിത്യാത്മാനമായാസയിഷ്യാമി]

(ഇതി രുഷാ പ്രസ്ഥിതാ)

രാജാ— (അനുസരൻ) പ്രസീദതു ഭവതീ.

(ഇരാവതീ രശനാസംദാനിതചരണാ വ്രജത്യേവ)

രാജാ— സുന്ദരി! ന ശോഭതേ പ്രണയിനി ജനേ നിരപേക്ഷതാ.

ഇരാവതീ— സഠ! അവിസ്സസണീഅഹിഅഓസി. [ശഠ! അവിശ്വസനീയഹൃദയോഽസി]

രാജാ—

ശഠ ഇതി മയി താവദസ്തു തേ
പരിചയവത്യവധീരണാ പ്രിയേ!
ചരണപതിയാ ന ചണ്ഡി! താം
വിസൃജസി മേഖലയാപി യാചിതാ. 20

ഇരാവതീ— ഇഅം പി ഹദാസാ തുമം ഏവ്വ അണുകരേദി. [ഇയമപി ഹതാശാ ത്വാമേവാനുകരോതി]

(ഇതി രശനാമാദായ രാജാനം താഡയിതുമിച്ഛതി)

രാജാ— ഇയമിരാവതീ—

ബാഷ്പാസാരാ ഹേമകാഞ്ചീഗുണേന
ശ്രോണീബിംബാദവ്യപേക്ഷാച്യുതേന
ചണ്ഡീ ചണ്ഡം ഹന്തുമഭ്യുദ്യതാം മാം
വിദ്യുദ്ദാമ്നാ മേഘരാജീവ വിന്ധ്യം. 21

ഇരാവതീ— കിം മം ഏവ്വ ഭൂഓ വി അവരദ്ധം കരേസി. [കിം മാമേവ ഭൂയോപ്യപരാദ്ധാം കരോഷി]

(ഇതി രശനാം ഹസ്തേനാവലംബതേ)

ഇരാവതി— എനിയ്ക്കു വിശ്വാസമായി. ഇത്തരം ഒരു നേരംപോക്കിന്റെ വട്ടം ആര്യ്യപുത്രനു കിട്ടിയിട്ടുണ്ടെന്നു എനിക്കു മനസ്സിലായില്ല. അല്ലെങ്കിൽ ഈ ഭാഗ്യംകെട്ടവൾ ഇങ്ങനെ ചെയ്യുമായിരുന്നില്ല.

വിദൂഷകൻ — മഹാരാജാവിന്റെ ദാക്ഷിണ്യസ്വഭാവത്തിൽ ആക്ഷേപം പറയരുതു്. ഓർക്കാതെ കണ്ടുമുട്ടിയ ദേവിയുടെ പരിജനങ്ങളോടു സംഭാഷണം ചെയ്യുന്നതുപോലും തെറ്റാണോ? ഭവതിതന്നെ തീർച്ചപ്പെടുത്തിയാൽ മതി.

ഇരാവതി— സംഭാഷണമാണത്രേ, ആയിക്കൊള്ളട്ടെ. ഞാനെന്തിനു വെറുതെ ക്ലേശിക്കുന്നു.

(കോപിച്ചു പുറപ്പെടുന്നു)

രാജാവു്— (പിന്നാലെ ചെന്നു്) ഭവതി പ്രസാദിക്കു.

(ഇരാവതി അരഞ്ഞാൺ കിഴിഞ്ഞുവീണ കാൽ കുടുങ്ങിയിട്ടും വകവെയ്ക്കാതെ നടക്കുന്നു)

രാജാവു്— സുന്ദരി! അപേക്ഷിയ്ക്കുന്നവരെ ഉപേക്ഷിക്കുന്നതു ഭംഗിയല്ല.

ഇരാവതി— ശഠ! അങ്ങയുടെ ഹൃദയത്തെ വിശ്വസിച്ചുകൂടാ.

രാജാവു്—

പ്രിയേ! ചിരപരിചയമുള്ള എന്നെ 'ശഠ' എന്നു വിളിച്ചതുകൊണ്ടു
യാതൊരു വിരോധവുമില്ല. കോപശീലേ! കാൽക്കൽ വീണപേക്ഷിച്ച
അരഞ്ഞാണിനെപ്പോലും നീ കൈവെടിയുന്നുവല്ലോ. 20

ഇരാവതി— ഈ ചേട്ടയും അങ്ങയെത്തന്നെ പിൻതുടരുന്നു.

(അരഞ്ഞാണെടുത്തു രാജാവിനെ അടിക്കാൻ ഭാവിക്കുന്നു)

രാജാവു്— ഇതാ ഇരാവതി—

ഏറ്റവും അരിശംപൂണ്ടു കണ്ണുനീർ വാർത്തുകൊണ്ടു നിതംബത്തിൽ
നിന്നു കിഴിഞ്ഞുവീണ പൊന്നരഞ്ഞാണുകൊണ്ടു്, മേഘനിര മിന്നൽ
ക്കൊടികൊണ്ടു വിന്ധ്യപർവ്വതത്തെയെന്നപോലെ എന്നെ ഊക്കിലടി
ക്കാൻ മുതിർന്നിരിക്കുന്നു. 21

ഇരാവതി— എന്തു്! എന്നെത്തന്നെയാണോ വീണ്ടും തെറ്റുകാരിയാക്കുന്നതു്?

(അരഞ്ഞാൺ കയ്യിൽ തൂക്കിപ്പിടിക്കുന്നു)

രാജാ—

അപരാധിനി മയി ദണ്ഡം സംഹരസി കിമുദ്യതം കുടിലകേശി!
വദ്ധ്യയസി വിലസിതം ത്വം, ദാസജനായാത്ര കുപ്യസി ച.22
നൂനമിദമനുജ്ഞാതം. (ഇതി പാദയോഃ പതതി)

ഇരാവതീ— ണ ഖു ഇമേ മാളവിആചലണാ, ജാ ദേ ഹരിസദോഹലം പൂരഇസ്സന്ദി. (ഇതി നിഷ്ക്രാന്താ സഹ ചേട്യാ) [ന ഖലിമൌ മാളവികാചരണൌ, യൌ തേ ഹൎഷദോഹദം പൂരയിഷ്യതഃ]

വിദൂഷകഃ— ഉട്ഠേഹി. കിദപ്പസാദോഽസി. [ഉത്തിഷ്ഠ. കൃതപ്രസാദോഽസി]

രാജാ— (ഉത്ഥായ ഇരാവതീമപശ്യൽ) കഥം ഗതൈവ പ്രിയാ?

വിദൂഷകഃ— വഅസ്സ! ദിട്ഠിആ ഇമസ്സ അവിണഅസ്സ അപ്പസണ്ണാ ഗദാ ഏസാ. ദാവ വഅം സിഗ്ഘം ഓസരാമ, ജാവ അംഗാരഓ വിഅ സാ അണുവക്കം ണ കരേദി. [വയസ്യ! ദിഷ്ട്യാ അസ്യാ വിനയസ്യാപ്രസന്നാ ഗതൈഷാ. താവദാവാം ശീഘ്രമേവാപസരാവോ യാവദംഗാരക ഇവ സാനുവക്രം ന കരോതി]

രാജാ— അഹോ മനസിജവൈഷമ്യം!

മന്യേ പ്രിയാഹൃതമനാസ്തസ്യാഃ പ്രണിപാതലംഘനം സേവാം
ഏവം ഹി പ്രണയവതീ സാ ശക്യമുപേക്ഷിതും കുപിതാ. 23

(ഇതി പരിക്രമ്യ നിഷ്ക്രാന്താഃ സൎവ്വേ)

ഇതി തൃതീയോഽങ്കഃ

ചതുർത്ഥോഽങ്കഃ

[തതഃ പ്രവിശതി പൎയ്യുത്സുകോ രാജാ പ്രതീഹാരീ ച]

രാജാ— (ആത്മഗതം)

താമാശ്രിത്യ ശ്രുതിപഥഗതാമാശയാ ബദ്ധമൂലഃ
സംപ്രാപ്തായാം നയനവിഷയം രൂഢരാഗപ്രവാളഃ
ഹസ്തസ്പർശൈർമുകുളിത ഇവ വ്യക്തരോമോൽഗമത്വാൽ
കുൎയ്യാൽ കാന്തം മനസിജതരുർമാം രസജ്ഞം ഫലസ്യ. 1

(പ്രകാശം) സഖേ! ഗൌതമ!

പ്രതീഹാരീ— ജേദു ജേദു ഭട്ടാ. അസംണിഹിദോ ഗോദമോ. [ജയതു ജയതു ഭത്താ. അസന്നിഹിതോ ഗൌതമഃ]

രാജാവ്— അല്ലയോ ചുരുണ്ട മുടിയുള്ള ഇരാവതി! തെററു ചെയ്ത എനിക്കു നൽകുവാൻ തുടങ്ങിയ ശിക്ഷ എന്താണ് നീ പിൻവലിക്കുന്നത്? നീ അഴകു വർദ്ധിപ്പിക്കുന്നു. അസ്ഥാനസമയത്ത് ഈ ദാസജനത്തിന്റെ പേരിൽ കോപിക്കുകയും ചെയ്യുന്നു. 22

ഇതെങ്കിലും അനുവദിക്കുമല്ലോ. (കാൽക്കൽ വീഴുന്നു)

ഇരാവതി— ഇതു മാളവികയുടെ കാലുകളല്ല. അവയാണല്ലോ സ്പർശപരിചരണംകൊണ്ട് അങ്ങയെ സുഖിപ്പിക്കുക.

(ദാസിയോടുകൂടെ പോകുന്നു)

വിദൂഷകൻ— എഴുന്നേൽക്കു. പ്രസാദം കിട്ടിക്കഴിഞ്ഞു.

രാജാവ്— (എഴുന്നേററ് ഇരാവതിയെക്കാണാഞ്ഞിട്ട്) പ്രിയ പോയ്ക്കളഞ്ഞുവോ?

വിദൂഷകൻ— തോഴരേ! ഭാഗ്യംകൊണ്ട് ഈ അവിനയംനിമിത്തം തെളിയാതെയാണ് അവർ പോയിട്ടുള്ളത്. ചൊവ്വാഗ്രഹമെന്നപോലെ വക്രഗതിയായി തിരിച്ചുവരുന്നതിനുമുൻപു നമുക്കു വേഗം ഇവിടെനിന്നു മാറിപ്പോവുക.

രാജാവ്— അമ്പോ! കാമന്റെ വൈഷമ്യം.

മാളവികയിൽ മനസ്സു മുഴുകിയ ഞാൻ നമസ്കരിച്ചതു വകവെയ്ക്കാതെ അവൾ പോയതു നന്നായെന്നു തോന്നുന്നു. ഇങ്ങനെ കോപിച്ചുപോയതുകൊണ്ട് അവളെ ഉപേക്ഷിയ്ക്കുവാൻ കഴിഞ്ഞു. 23

(ചുററിനടന്ന് എല്ലാവരും പോകുന്നു)

മൂന്നാമങ്കം കഴിഞ്ഞു

നാലാമങ്കം

(അനന്തരം വിരഹദുഃഖംപൂണ്ട രാജാവും പ്രതീഹാരിയും പ്രവേശിക്കുന്നു)

രാജാവ്— (വിചാരം)

ആ മാളവികയെപ്പററി കേൾക്കാൻ സംഗതിവന്നപ്പോൾ ആഗ്രഹത്താൽ വേർപിടിക്കുകയും കാണുവാനിടവന്നപ്പോൾ അനുരാഗത്തളിർ തെഴുക്കുകയും കൈകൊണ്ടു തൊടുവാൻ അവസരം കിട്ടിയപ്പോൾ കോൾമയിർകൊണ്ടു മൊട്ടിടുകയും ചെയ്ത കാമവൃക്ഷം എന്നെ അതിന്റെ ഫലരസമാസ്വദിക്കുന്ന പ്രിയതമനാക്കിത്തീർക്കുമോ? 1

(വെളിവായി) സഖേ ഗൌതമ!

പ്രതീഹാരി— തമ്പുരാനു വിജയം. ഗൌതമൻ ഇവിടെയില്ല.

രാജാ— (ആത്മഗതം) ആഃ! മാളവികാവൃത്താന്തജ്ഞാനായ മയാ പ്രേഷിതഃ.

(പ്രവിശ്യ)

വിദൂഷകഃ— വഡ്ഢദു ഭവം. [വർദ്ധതാം ഭവാൻ]

രാജാ— ജയസേനേ! ജാനീഹി താവൽ, ക്വ ദേവീ ധാരിണീ, കഥം വാ സരുജചരണത്വാദ്വിനോദ്യത ഇതി.

പ്രതീഹാരീ— ജം ദേവോ ആണവേദി. [യദ്ദേവ ആജ്ഞാപയതി]

(ഇതി നിഷ്ക്രാന്താ)

രാജാ— ഗൌതമ! കോ വൃത്താന്തസ്തത്രഭവത്യാസ്തേ സഖ്യാഃ?

വിദൂഷകഃ— ജോ ബിർഡാലഗഹീദാഏ പരഹുദിആഏ. [യോ ബിഡാലഗൃഹീതായാഃ പരഭൃതികായാഃ]

രാജാ— (സവിഷാദം) കഥമിവ?

വിദൂഷകഃ— സാ ഖു തവസ്സിണീ താഏ പിംഗലച്ഛീഏ സാരഭണ്ഡഭൂമിഗേഹേ മിച്ചുമുഹേ വിഅ ണിക്ഖിത്താ. [സാ ഖലു തപസ്വിനീ തയാ പിംഗലാക്ഷ്യാ സാരഭാണ്ഡഭൂമിഗൃഹേ മൃത്യുമുഖ ഇവ നിക്ഷിപ്താ]

രാജാ— നനു മത്സമ്പർക്കമുപലഭ്യ?

വിദൂഷകഃ— അഹ ഇം. [അഥ കിം]

രാജാ— ക ഏവം വിമുഖോഽസ്മാകം? യേന ചണ്ഡീകൃതാ ദേവീ.

വിദൂഷകഃ— സുണാദു ഭവം. പരിവ്വാജിആഏ മേ കഹിദം— ഹിഓ കില തത്തഹോദീ ഇരാവദീ രുജാവിഹത്ഥചലണം ദേവിം സുഹപുച്ഛരിആ ആഅദാ. [ശൃണോതു ഭവാൻ. പരിവ്രാജികയാ മേ കഥിതം—ഹ്യഃ കില തത്രഭവതീരാവതീ രുജാവിഹസ്തചരണാം ദേവീം സുഖപൃച്ഛരികാഗതാ]

രാജാ— തതസ്തതഃ?

വിദൂഷകഃ — തദോ സാ ദേവീഏ പുച്ഛരിദാ— 'കിംണ ണ ഓലോഇദോ വല്ലഹജണോ' ത്തി. തദോ താഏ ഉത്തം— 'കദോ വാ ദേ ഉവആരോ? ജം ദേ പരിഅണസ്സ വല്ലഹത്തണം ജാണന്തീ വി പുച്ഛരസി' ത്തി. [തതഃ സാ ദേവ്യാ പൃഷ്ടാ—'കിം ന നാവലോകിതോ വല്ലഭജന' ഇതി. തതസ്തയോക്തം—'കുതോ വാത ഉപചാരഃ? യത്തേ പരിജനസ്യ വല്ലഭത്വം ജാനത്യപി പൃച്ഛസി' ഇതി]

രാജാ— നിർഭേദോദ്ഗതേഽപി മാളവികായാമയമുപന്യാസഃ ശങ്കയതി. തതസ്തതഃ?

വിദൂഷകഃ— തദോ താഏ അണുബന്ധിജ്ജമാണാഏ ഭവദോ അവിണഅം അന്ദരേണ പരിഗഹീദത്ഥാ കിദാ ദേവീ. [തതസ്തയാനുബധ്യമാനയാ ഭവതോഽവിനയമന്തരേണ പരിഗൃഹീതാർത്ഥാ കൃതാ ദേവീ]

രാജാവു്— (വിചാരം) ആ! മാളവികയുടെ വൎത്തമാനം അറിയാൻ ഞാൻ പറഞ്ഞയച്ചിരിക്കയാണല്ലോ.

(പ്രവേശിച്ചിട്ടു്)

വിദൂഷകൻ— അവിടുത്തേക്കു മേന്മയുണ്ടാകട്ടെ.

രാജാവു്— ജയസേനേ! ചെന്നറിഞ്ഞു വരൂ, ധാരിണീദേവി എവിടെയാണെന്നും കാലിനു വേദനയാകയാൽ എങ്ങിനെയാണു് സമയം കഴിച്ചുകൂട്ടുന്നതെന്നും.

പ്രതീഹാരി— മഹാരാജാവിന്റെ കല്പനപോലെ.

(പോകുന്നു)

രാജാവു് — ഗൌതമ! എന്താണു് അങ്ങയുടെ തോഴിയുടെ വൎത്തമാനം?

വിദൂഷകൻ— പൂച്ചപിടിച്ച പെൺകുയിലിന്റേതുതന്നെ.

രാജാവു്— (ദുഃഖത്തോടുകൂടി) എന്താണതു്?

വിദൂഷകൻ— ആ പാവത്തിനെ ആ ചെങ്കണ്ണി യമന്റെ വായിലെന്നപോലെ നിലവറക്കുണ്ടിലിട്ടടച്ചിരിക്കുന്നു.

രാജാവു്— ഞാനുമായിട്ടുള്ള ബന്ധം മനസ്സിലാക്കിയിട്ടോ?

വിദൂഷകൻ— അതെ.

രാജാവു്— ആരാണിങ്ങനെ നമുക്കെതിരായി ദേവിക്കു അരിശം പിടിപ്പിച്ചതു്?

വിദൂഷകൻ— അങ്ങുന്നു കേൾക്കണം. പരിവ്രാജികയാണെന്നോടു പറഞ്ഞതു്—ഇന്നലെ ശ്രീമതി ഇരാവതി കാലിലെ വേദനയ്ക്കു ഭേദമുണ്ടോ എന്നു് അന്വേഷിക്കാൻ ദേവിയുടെ അടുക്കൽ വന്നുവത്രേ.

രാജാവു്— എന്നിട്ടോ?

വിദൂഷകൻ— അപ്പോൾ ദേവി ഇരാവതിയോടു ചോദിച്ചു— 'പ്രിയതമനെ കണ്ടില്ലേ?' എന്നു്. അപ്പോൾ ഇരാവതി പറഞ്ഞു— 'എന്തിനാണു് ഈ ഉപചാരം? അവിടുത്തെ പരിജനത്തിന്റെ പ്രിയതമനായിത്തീർന്നിരിക്കുന്നു എന്ന കാര്യം അറിഞ്ഞിട്ടും ചോദിക്കുന്നുവല്ലോ' എന്നു്.

രാജാവു്— വെളിവായി പറഞ്ഞിട്ടില്ലെങ്കിലും ഈ വാക്കു മാളവികയുടെ പേരിൽ സംശയം ജിനപ്പിക്കുന്നതാണു്. എന്നിട്ടു പിന്നെ?

വിദൂഷകൻ— പിന്നെ നിൎബ്ബന്ധിച്ചുചോദിച്ചപ്പോൾ ഇരാവതി, അങ്ങയുടെ അടക്കമില്ലായ്മയെപ്പറ്റി ദേവിയെ പറഞ്ഞുധരിപ്പിച്ചു.

രാജാ— അഹോ! ദീർഘരോഷതാ തത്രഭവത്യാഃ. അതഃപരം കഥയ.

വിദൂഷകഃ— കിം അദോ വരം? മാളവിആ ബഉളാവലിആ അ ണിഅളപദീഓ അദിട്ഠസുജ്ജപാദം പാദാളവാസം ണാഅകണ്ണആഓ വിഅ അണുഹോന്തി. [കിമതഃപരം? മാളവികാ ബകുളാവലികാ ച നിഗളപദ്യാവദൃഷ്ടസൂര്യ്യപാദം പാതാളവാസം നാഗകന്യകേ ഇവാനുഭവതഃ]

രാജാ— കഷ്ടം കഷ്ടം!

മധുരസ്വരാ പരഭൃതാ ഭ്രമരീ ച വിബുദ്ധചൂതസംഗിന്യൗ
കോടരമകാലവൃഷ്ട്യാ പ്രബലപുരോവാതയാ ഗമിതേ. 2

വയസ്യ! അപ്യത്ര കസ്യചിദുപക്രമസ്യ ഗതിഃ സ്യാൽ?

വിദൂഷകഃ— കഹം ഭവിസ്സദി? ജം സാരഭണ്ഡഘരഏ വാഉദാ മാഹവിആ ദേവീഏ സംദിട്ഠാ—മഹ അംഗുലീഅഅമുദ്ദം അദേക്ഖിഅ ണ മോത്തവ്വാ തുഏ ഇഅം ഹദാസാ മാളവിആ ബഉളാവലിആ അ ത്തി. [കഥം ഭവിഷ്യതി? യൽ സാരഭാണ്ഡഗൃഹേ വ്യാപൃതാ മാധവികാ ദേവ്യാ സന്ദിഷ്ടാ—മമാംഗുലീയകമുദ്രാമദൃഷ്ട്വാ ന മോക്തവ്യാ ത്വയേയം ഹതാശാ മാളവികാ ബകുളാവലികാ ചേതി]

രാജാ— (നിഃശ്വസ്യ, സപരാമർശം) സഖേ! കിമത്ര കർത്തവ്യം?

വിദൂഷകഃ— (വിചിന്ത്യ) അത്ഥി ഏത്ഥ ഉവാഓ. [അസ്ത്യത്രോപായഃ]

രാജാ— ക ഇവ?

വിദൂഷകഃ— (സദൃഷ്ടിക്ഷേപം) കോ വി അദിട്ഠോ സുണോദി. കണ്ണേ ദേ കഹേമി. (ഇത്യുപശ്ലിഷ്യ കർണ്ണേ) ഏവ്വം വിഅ. [കോഽപ്യദൃഷ്ടഃ ശൃണോതി. കർണ്ണേ തേ കഥയാമി. ഏവമിവ]

രാജാ— (സഹർഷം) സാധു! പ്രയുജ്യതാം സിദ്ധയേ.

(പ്രവിശ്യ)

പ്രതീഹാരീ— ദേവ! പവാദസഅണമ്മി ദേവീ ണിസണ്ണാ രത്തചന്ദണധാരിണാ പരിഅണഹത്ഥഗദേണ ചലണേണ ഭഅവദീഏ കഹാഹിം വിണോദിജ്ജമാണാ ചിട്ഠദി. [ദേവ! പ്രവാതശയനേ ദേവീ നിഷണ്ണാ രക്തചന്ദനധാരിണാ പരിജനഹസ്തഗതേന ചരണേന ഭഗവത്യാ കഥാഭിർവിനോദ്യമാനാ തിഷ്ഠതി]

രാജാ— അസ്മൽപ്രവേശയോഗ്യോഽയമവസരഃ.

വിദൂഷകഃ— താ ഗച്ഛദു ഭവം. അഹം വി ദേവീം പേക്ഖിദും അരിത്തപാണീ ഭവിസ്സം. [തൽ ഗച്ഛതു ഭവാൻ. അഹമപി ദേവീം ദ്രഷ്ടുമരിക്തപാണിർഭവിഷ്യാമി]

രാജാവു്— അമ്പോ! ശ്രീമതിയുടെ കോപത്തിന്റെ ശക്തി. പിന്നെ ബാക്കിയും പറയൂ.

വിദൂഷകൻ— പിന്നെ മറ്റെന്താണു്. മാളവികയും ബകുളാവലികയും കാലുകളിൽ ചങ്ങലയുമായി നാഗകന്യകകളെപ്പോലെ സൂര്യരശ്മികാണാതെ പാതാളവാസമനുഭവിക്കുകയാണു്.

രാജാവു്— കഷ്ടം കഷ്ടം!

മധുരമായി കൂകുന്ന പെൺകുയിലും പെൺവണ്ടും പൂത്തുനിൽക്കുന്ന തേന്മാവിൽ മേവുമ്പോൾ ശക്തിയേറിയ കിഴക്കൻകാറ്റോടുകൂടി അസമയത്തു വന്നുചേന്ന മഴ അവരെ പൊത്തിനകത്തെത്തിച്ചു. 2

തോഴരേ! ഇവിടെയെന്തെങ്കിലും ഉപായത്തിനു വഴിയുണ്ടോ?

വിദൂഷകൻ— എങ്ങിനെയുണ്ടാകാനാണു്? നിലവറക്കുണ്ടിന്റെ ചുമതല വഹിക്കുന്ന മാധവികയോടു ദേവി പറഞ്ഞയച്ചിരിക്കുന്നു– 'എന്റെ മുദ്രമോതിരം കാണാതെ ഈ ഏട്ഠയായ മാളവികയേയും ബകുളാവലികയേയും വിട്ടയയ്ക്കരുതു'' എന്നു''.

രാജാവു്— (നെടുവീപ്പിട്ടു് ആലോചനയോടുകൂടി) സഖേ! എന്താണിവിടെ ചെയ്യേണ്ടതു്?

വിദൂഷകൻ— (ആലോചിച്ചിട്ടു്) ഇവിടെ ഒരു ഉപായമുണ്ടു്.

രാജാവു്— എന്താണതു്?

വിദൂഷകൻ— (നാലുപുറവും നോക്കി) ആരെങ്കിലും കാണാതെനിന്നു കേൾക്കും. അവിടുത്തെ ചെവിയിൽ പറയാം (പിടിച്ചടുപ്പിച്ചു ചെവിയിൽ പറയുന്നു) ഇതാണു് വഴി.

രാജാവു്— (സന്തോഷത്തോടുകൂടി) ശരി. പ്രയോഗിച്ചുകൊള്ളൂ. ഫലസിദ്ധിയുണ്ടാകട്ടെ.

(പ്രവേശിച്ചിട്ടു്)

പ്രതീഹാരി— മഹാരാജാവേ! വലിയതമ്പുരാട്ടി കാറ്റു കൊണ്ടുകൊണ്ടു മെത്തയിലിരിക്കുന്നു. രക്തചന്ദനം പുരട്ടിയ കാൽ പരിജനങ്ങൾ കൈകൊണ്ടു താങ്ങിയിരിക്കയാണു് ഭഗവതി അടുത്തിരുന്നു കഥകൾ പറഞ്ഞു രസിപ്പിന്നു.

രാജാവു്— നമുക്കു കടന്നുചെല്ലാൻ പറ്റിയ അവസരമാണിതു്.

വിദൂഷകൻ— എന്നാൽ അവിടുന്നു പോയിക്കൊള്ളൂ. ഞാനും ദേവിയെ കാണാൻ എന്തെങ്കിലും തിരുമുൽക്കാഴ്ച സമ്പാദിക്കട്ടെ.

രാജാ— ജയസേനായാസ്താവൽ സംവേദ്യ ഗച്ഛ.

വിദൂഷകഃ— തഹ. (കണ്ഠേ) ഭോദി! ഏവ്വം വിഅ. [തഥാ. ഭവതി! ഏവമിവ] (ഇതി നിഷ്ക്രാന്തഃ)

രാജാ— ജയസേനേ! തേന ഹി പ്രവാതശയനമാർഗ്ഗമാദേശയ.

പ്രതീഹാരീ— ഇദോ ഇദോ ദേവോ. [ഇത ഇതോ ദേവഃ]

(തതഃ പ്രവിശതി ശയനസ്ഥാ ദേവീ പരിവ്രാജികാ വിഭവതശ്ച പരിവാരഃ)

ദേവീ— ഭഅവദി! രമണിജ്ജം കഹാവത്ഥു. തദോ തദോ? [ഭഗവതി! രമണീയം കഥാവസ്തു, തതസ്തതഃ]

പരിവ്രാജികാ— (സദൃഷ്ടിക്ഷേപം) അതഃപരം പുനഃ കഥയിഷ്യാമി. അത്രഭവാൻ വിദിശേശ്വരഃ സംപ്രാപ്തഃ.

ദേവീ— അംഹോ! ഭട്ടാ. [അഹോ! ഭർത്താ] (അഭ്യുത്ഥാതുമിച്ഛതി]

രാജാ— അലമലമുപചാരയന്ത്രണയാ.

അനുചിതനൂപുരവിരഹം
നാർഹസി തപനീയപീഠികാലംബം
ചരണം രുജാപരീതം
കളഭാഷിണി! മാം ച പീഡയിതും. 3

ദേവീ— ജേദു അജ്ജഉത്തോ. [ജയത്വാര്യ്യപുത്രഃ]

പരിവ്രാജികാ— വിജയതാം ദേവഃ.

രാജാ— (പരിവ്രാജികാം പ്രണമ്യോപവിശ്യ) ദേവി! അപി സഹ്യാ തേ വേദനാ?

ദേവീ— അജ്ജ അത്ഥി മേ വിസേസോ. [അദ്യാസ്തി മേ വിശേഷഃ]

[തതഃ പ്രവിശതി യജ്ഞോപവീതസംവീതാംഗുഷ്ഠഃ സംഭ്രാന്തോ വിദൂഷകഃ]

വിദൂഷകഃ— പരിത്താഅദു പരിത്താഅദു. സപ്പേണംഹി ദട്ഠോ.

[പരിത്രായതാം പരിത്രായതാം. സർപ്പേണാസ്മി ദഷ്ടഃ]

(സർവ്വേ വിഷണ്ണാഃ)

രാജാ— കഷ്ടം കഷ്ടം! ക്വ ഭവാൻ പരിഭ്രാന്തഃ?

വിദൂഷകഃ— ദേവീം ദേക്ഖിസ്സം ത്തി ആആരപുപ്ഫഗ്ഗഹണകാലണാദോ പമദവണം ഗദോംഹി. [ദേവീം ദ്രക്ഷ്യാമീത്യാചാരപുഷ്പഗ്രഹണകാരണാൽ പ്രമദവനം ഗതോഽസ്മി]

ദേവീ— ഹദ്ധി ഹദ്ധി! ണം അഹം ഏവ്വ ബംഹണസ്സ ജീവിദസംസഅണിമിത്തം ജാദംഹി. [ഹാ ധിക് ഹാ ധിക്! നന്വഹമേവ ബ്രാഹ്മണസ്യ ജീവിതസംശയനിമിത്തം ജാതാസ്മി?]

രാജാവ്— ജയസേനയെ കാൎയ്യം മനസ്സിലാക്കി പോയ്ക്കൊള്ളു.

വിദൂഷകൻ— അങ്ങിനെതന്നെ. (ചെവിയിൽ) ഇങ്ങിനെയൊക്കെയാണ്. (പോകുന്നു)

രാജാവ്— ജയസേനേ! എന്നാൽ മെത്തയിൽ കാററുകൊണ്ടിരിക്കുന്ന സ്ഥലത്തേക്കു വഴികാണിക്കു,

പ്രതീഹാരി— മഹാരാജാവ് ഇതിലെ ഇതിലെ.

(അനന്തരം മെത്തയിലിരുന്നുകൊണ്ടു ദേവിയും പരിവ്രാജികയും അവസ്ഥാനുസരണം പരിജനങ്ങളും പ്രവേശിക്കുന്നു)

ദേവി— ഭഗവതി! നല്ല കഥ. എന്നിട്ടു പിന്നെ?

പരിവ്രാജിക— (രാജാവിനുനേരെ കണ്ണയച്ചിട്ടു്) ഇനി പിന്നെ പറയാം. സമ്പൂജ്യനായ വിദിശാധിപതി വന്നിരിക്കുന്നു.

ദേവി— ഓ! ആൎയ്യപുത്രൻ. (എഴുന്നേൽക്കാൻ ഭാവിക്കുന്നു)

രാജാവ്— അരുതു് അരുത്. ഉപചാരത്തിനു ശ്രമിക്കരുതു്.

അല്ലയോ മധുരഭാഷിണി! കാൽച്ചിലങ്കയണിയാതെ പൊൻപീഠത്തിൽ വച്ചുകൊണ്ടിരിക്കുന്ന വേദനയുള്ള കാലിനും എനിക്കും ഒരുപോലെ ക്ലേശമുണ്ടാക്കാതിരിക്കു. 3

ദേവി— ആൎയ്യപുത്രനു വിജയമുണ്ടാകട്ടെ.

പരിവ്രാജിക— മഹാരാജാവു വിജയിച്ചരുളുമാറാകട്ടെ.

രാജാവ്— (പരിവ്രാജികയെ വന്ദിച്ചതിനുശേഷം ഇരുന്നിട്ടു്) ദേവി! വേദനയ്ക്കു കുറവുണ്ടോ?

ദേവി— ഇന്നു കുറച്ചു ഭേദമുണ്ടു്.

[അനന്തരം പൂണനൂൽകൊണ്ടു പെരുവിരൽ ചുററിക്കെട്ടി പരിഭ്രമിച്ച ഭാവത്തിൽ വിദൂഷകൻ പ്രവേശിക്കുന്നു]

വിദൂഷകൻ— രക്ഷിയ്ക്കണേ, രക്ഷിയ്ക്കണേ. എന്നെ പാമ്പുകടിച്ചു.

(എല്ലാവരും സങ്കടപ്പെടുന്നു)

രാജാവ്— കഷ്ടം കഷ്ടം! അങ്ങെവിടെപ്പോയിരുന്നു?

വിദൂഷകൻ— ദേവിയെ കാണുവാൻവേണ്ടി തിരുമുൽക്കാഴ്ചക്കു പൂപറിക്കുവാൻ-പൂങ്കാവിലേക്കു പോയതായിരുന്നു.

ദേവി— ശിവശിവ! ഞാൻ തന്നെയോ ബ്രാഹ്മണൻെറ പ്രാണസംശയത്തിനു കാരണമായതു്?

വിദൂഷകഃ— തഹിം അസോഅത്ഥവഅകാലണാദോ പസാരിദേ മേ ഹത്ഥേ കോഡരണിഗ്ഗദേണ സപ്പ്രുവേണ കാലേണ ദട്ഠോംഹി. ണം എദേ ദുവേ ദംസണപദാണി. [തസ്മിന്നശോകസ്തബകകാരണാൽ പ്രസാരിതേ മേ ഹസ്തേ കോടരനിർഗ്ഗതേന സർപ്പരൂപിണാ കാലേന ദഷ്ടോഽസ്മി. നന്വേതേ ദ്വേ ദംശപദേ]

(ഇതി ദംശം ദർശയതി)

പരിവ്രാജികാ— തേന ഹി ദംശച്ഛേദഃ പൂർവ്വകർമ്മേതി ശ്രൂയതേ. സ താവദസ്യ ക്രിയതാം.

ഛേദോ ദംശസ്യ ദാഹോ വാ ക്ഷതേർവാ രക്തമോക്ഷണം
ഏതാനി ദഷ്ടമാത്രാണാമായുഷ്യാഃ പ്രതിപത്തയഃ. 4

രാജാ— സംപ്രതി വിഷവൈദ്യാനാം കർമ്മ. ജയസേനേ! ക്ഷിപ്രമാഹൂയതാം ധ്രുവസിദ്ധിഃ.

പ്രതീഹാരീ— ജം ദേവോ ആണവേദി. [യദ്ദേവ ആജ്ഞാപയതി]

(ഇതി നിഷ്ക്രാന്താ)

വിദൂഷകഃ— അഹോ! പാവേണ മിച്ചുണാ ഗഹീദോംഹി. [അഹോ! പാപേന മൃത്യുനാ ഗൃഹീതോഽസ്മി]

രാജാ— മാ കാതരോ ഭൂഃ. അവിഷോഽപി കദാചിദ്ദംശോ ഭവേൽ.

വിദൂഷകഃ— കഹം ണ ഭാഇസ്സം? സിമസിമാഅന്തി മേ അംഗാഇം. [കഥം ന ഭേഷ്യാമി? സിമസിമായന്തി മേഽംഗാനി]

(ഇതി വിഷവേഗം രൂപയതി)

ദേവീ— ഹാ! ദംസിദം അസുഹം വിആരേണ. ഹളാ! ഓലംബഹ ണം. [ഹാ! ദർശിതമശുഭം വികാരേണ. ഹളാ! അവലംബധ്വമേനം]

(പരിജനഃ സസംഭ്രമമവലംബതേ)

വിദൂഷകഃ— (രാജാനം വിലോക്യ) ഭോ! ഭവദോ ബാല്ലാദോ വി പിഅവഅസ്സോംഹി. തം വിആരിഅ അവുത്താഏ മേ ജണണീഏ ജോഗക്ഖേമം വഹേഹി. [ഭോഃ! ഭവതോ ബാല്യാദപി പ്രിയവയസ്യോഽസ്മി. തദ്വിചാര്യാപുത്രായാ മേ ജനന്യാ യോഗക്ഷേമം വഹ]

രാജാ— മാ ഭൈഷീഃ. അചിരാൽ ത്വാം വിഷവൈദ്യശ്ചികിത്സിഷ്യതേ. സ്ഥിരോ ഭവ.

(പ്രവിശ്യ)

പ്രതീഹാരീ— ദേവ! ആണാവിദോ ധുവസിദ്ധീ വിണ്ണാവേദി— 'ഇഹ എവ്വ ആണീഅദു സോ ഗോദമോ' ത്തി. [ദേവ! ആജ്ഞാപിതോ ധ്രുവസിദ്ധിർവിജ്ഞാപയതി— 'ഇഹൈവാനീയതാം സ ഗൗതമ' ഇതി]

വിദൂഷകൻ— അവിടെ അശോകപ്പൂങ്കുലയ്ക്കുവേണ്ടി ഞാൻ കൈ നീട്ടിയപ്പോൾ പൊത്തിൽനിന്നു പാമ്പിന്റെ രൂപത്തിൽ കടന്നുവന്ന കാലൻ എന്നെ കൊത്തി. ഇതാ രണ്ടു പല്ലിന്റെ പാടു്.

(കടിച്ച പാടു കാണിച്ചു കൊടുക്കുന്നു)

പരിവ്രാജിക— എന്നാൽ കൊത്തേററ ഭാഗം മുറിച്ചുകളയുകയാണു് ആദ്യം വേണ്ടതെന്നു കേട്ടിട്ടുണ്ടു്. ഇദ്ദേഹത്തിന്നതു ചെയ്യുക.

കടിച്ചുഭാഗം മുറിച്ചുകളയുക, തീപ്പൊള്ളിക്കുക, മുറിപ്പാടിൽനിന്നു ചോര ചോർത്തിക്കളയുക, ഇതു മൂന്നുമാണു് പാമ്പു കടിച്ച ഉടനെ ആയുസ്സുകിട്ടാൻ ചെയ്യേണ്ടുന്ന പ്രവൃത്തികൾ. 4

രാജാവു്— ഇപ്പോൾ വേണ്ടതു വിഷവൈദ്യന്മാരുടെ പ്രവൃത്തിയാണു്. ജയസേനേ! വേഗത്തിൽ ധ്രുവസിദ്ധിയെ വിളിച്ചുകൊണ്ടുവരൂ.

പ്രതീഹാരി— മഹാരാജാവിന്റെ കല്പനപോലെ.

(പോകുന്നു)

വിദൂഷകൻ— അയ്യോ! പാപിയായ കാലൻ എന്നെ പിടികൂടിയല്ലോ.

രാജാവു്— ഭയപ്പെടാതിരിക്കു. വിഷമില്ലാതെയും ചിലപ്പോൾ കടി പററാം.

വിദൂഷകൻ— എങ്ങനെ ഭയപ്പെടാതിരിക്കും? ചുട്ടുനീറുന്നു, എന്റെ ശരീരം മുഴുവനും.

(വിഷം കയറുന്നതായി നടിക്കുന്നു)

ദേവി— അയ്യോ! വിഷവികാരം അശുഭമായിക്കാണുന്നുവല്ലോ. ഇദ്ദേഹത്തെ താങ്ങുവിൻ.

(പരിജനങ്ങൾ പരിഭ്രമിച്ചു വിദൂഷകനെ താങ്ങിപ്പിടിക്കുന്നു)

വിദൂഷകൻ— (രാജാവിനെ നോക്കി) അങ്ങുന്നേ! കുട്ടിക്കാലം മുതല്ക്കേ ഞാൻ അവിടുത്തെ ഇഷ്ടതോഴനാണേ. അതു വിചാരിച്ചു പുത്രനില്ലാത്ത എന്റെ അമ്മയെ അവിടുന്നു നോക്കിരക്ഷിക്കണേ.

രാജാവു്— പേടിക്കണ്ട. ഉടനെ അങ്ങയെ വിഷവൈദ്യൻ ചികത്സിക്കും. ധൈര്യമായിരിക്കു.

(പ്രവേശിച്ചിട്ടു്)

പ്രതീഹാരി— മഹാരാജാവേ! ധ്രുവസിദ്ധിയോടു പറഞ്ഞപ്പോൾ അദ്ദേഹം അറിയിക്കുന്നു—'ആ ഗൌതമനെ ഇങ്ങോട്ടുതന്നെ കൊണ്ടുവരൂ' എന്നു്.

രാജാ— തേന ഹി വർഷവരപരിഗൃഹീതമേനം തത്രഭവതഃ സകാശം പ്രാപയ.

പ്രതീഹാരീ— തഹ. [തഥാ]

വിദൂഷകഃ— (ദേവീം വിലോക്യ) ഭോദി! ജീവേഅം വാ ണ വാ. ജം മഏ അത്തഭവന്ദം സേവമാണേണ ദേ അവരദ്ധം, തം മരിസേഹി. [ഭവതി! ജീവേയം വാ ന വാ. യന്മയാത്രഭവന്തം സേവമാനേന തേഽപരാദ്ധം, തന്മൃഷ്യസ്വ]

ദേവീ— ദീഹാഊ ഹോഹി. [ദീർഘായുർഭവ]

(നിഷ്ക്രാന്തോ വിദൂഷകഃ പ്രതീഹാരീ ച)

രാജാ— പ്രകൃതിഭീരുസ്തപസ്വീ ധ്രുവസിദ്ധിമപി യഥാർത്ഥനാമാനം സിദ്ധിമന്തം ന മന്യതേ.

(പ്രവിശ്യ)

പ്രതീഹാരീ— ജേദു ഭട്ടാ. ധുവസിദ്ധീ വിണ്ണവേദി. ഉദകുംഭവിഹാണേണ സപ്പമുദ്ദിഅം കിംവി കപ്പിദവ്വം. തം അണ്ണേസീഅദുത്തി. [ജയതു ഭർത്താ. ധ്രുവസിദ്ധിർവിജ്ഞാപയതി— ഉദകുംഭവിധാനേന സപ്പമുദ്രിതം കിമപി കല്പയിതവ്യം. തദന്വിഷ്യതാമിതി]

ദേവീ— ഇദം സപ്പമുദ്ദിഅം അംഗുലീഅഅം. പച്ഛാ മമ ഹത്ഥേ ദേഹി ണം, (ഇത്യംഗുലീയകം ദദാതി) [ഇദം സപ്പമുദ്രിതമംഗുലീയകം. പശ്ചാന്മമ ഹസ്തേ ദേഹ്യേതൽ] (പ്രതിഹാരീ നാട്യേന ഗൃഹ്ണാതി)

രാജാ— ജയസേനേ! കർമ്മസിദ്ധാവാശു മാം പ്രതിപത്തിം നയ.

പ്രതീഹാരീ— ജം ദേവോ ആണവേദി. [യദ്ദേവ ആജ്ഞാപയതി] (ഇതി നിഷ്ക്രാന്താ)

പരിവ്രാജികാ— ദേവ! യഥാ മേ ഹൃദയമാചഷ്ടേ! തഥാ നിർവ്വിഷോ ഗൌതമഃ.

രാജാ— ഭൂയാദേവം.

(പ്രവിശ്യ)

പ്രതീഹാരീ— ദേവ! ണിവുത്തവിസവേഗോ ഗോദമോ മുഹുത്തേണ പകിദിത്ഥോ സംവുത്തോ. [ദേവ! നിവൃത്തവിഷവേഗോ ഗൌതമോ മുഹൂർത്തേന പ്രകൃതിസ്ഥഃ സംവൃത്തഃ]

ദേവീ— ദിട്ഠിആ വഅണീആദോ മുത്തംഹി. [ദിഷ്ട്യാ വചനീയാന്മുക്താസ്മി]

പ്രതിഹാരീ— ഏസോ ഉണ അമച്ചോ വാഹതഓ വിണ്ണവേദി— 'രാഅകജ്ജം ബഹു മന്തിദവ്വം. ദംസണേണ അണുഗ്ഗഹം ഇച്ഛാമി'ത്തി. [ഏഷ പുനരമാത്യോ വാഹതകോ വിജ്ഞാപയതി— 'രാജകാര്യം ബഹു മന്ത്രയിതവ്യം. ദർശനേനാനുഗ്രഹമിച്ഛാമി' ഇതി]

രാജാവ്— എന്നാൽ അന്തഃപുരത്തിലെ പരിചാരകന്മാർ ഈയാളെ കൂട്ടി അദ്ദേഹത്തിന്റെ അടുക്കലെത്തിക്കട്ടെ.

പ്രതീഹാരി— അങ്ങനെതന്നെ.

വിദൂഷകൻ— (ദേവിയെ നോക്കി) അവിടുന്നേ! ഞാൻ ജീവിക്കുമോ അവോ. മഹാരാജാവു തിരുമനസ്സിലെ ഇഷ്ടത്തിനുവേണ്ടി ഞാൻ എന്തെങ്കിലും തെറ്റുചെയ്തിട്ടുണ്ടെങ്കിൽ അതു ക്ഷമിക്കണേ.

ദേവി— അങ്ങു ദീർഘായുസ്സായി വരട്ടെ.

(വിദൂഷകനും പ്രതീഹാരിയും പോകുന്നു)

രാജാവ്— വലിയ പേടിത്തൊണ്ടനാണ് ഈ പാവം. ധ്രുവസിദ്ധിയുടെ പേരു് അർത്ഥമുള്ളതാണ്. (തീർച്ചയായും കാര്യസിദ്ധി വരുത്തുന്നവൻ എന്നാണ് ആ പേരിന്റെ അർത്ഥം) അദ്ദേഹത്തിന്നുപോലും വിഷമിറക്കാൻ സാധിക്കുമെന്ന് ഈയാടം വിശ്വസിക്കുന്നില്ല.

(പ്രവേശിച്ചിട്ട്)

പ്രതീഹാരി— തമ്പുരാനു വിജയമുണ്ടാകട്ടെ. ധ്രുവസിദ്ധി അറിയിക്കുന്നു— ജലകുംഭത്തിൽ ഒരു കർമ്മം ചെയ്യുന്നതിനു നാഗമുദ്രയുള്ള എന്തെങ്കിലും ഒന്നു വേണം. അതന്വേഷിച്ച് എത്തിച്ചുകൊടുക്കണമെന്ന്.

ദേവി— ഇതാ നാഗമുദ്രയുള്ള മോതിരം. ആവശ്യം കഴിഞ്ഞതിനുശേഷം എന്റെ കയ്യിൽ കൊണ്ടുവന്നു തന്നേക്കു.

(മോതിരം കൊടുക്കുന്നു. പ്രതീഹാരി വാങ്ങുന്നതായി നടിക്കുന്നു)

രാജാവ്— ജയസേനേ! കാര്യം ഫലിച്ചാൽ ഉടനെ എന്നെ അറിയിക്കു.

ജയസേന— കല്പനപോലെ. (പോകുന്നു)

പരിവ്രാജിക— മഹാരാജാവേ! എന്റെ ഹൃദയത്തിലെ തോന്നലനുസരിച്ചു ഗൌതമനു വിഷമുണ്ടാവില്ല.

രാജാവ്— അങ്ങനെതന്നെ സംഭവിക്കട്ടെ.

(പ്രവേശിച്ചിട്ട്)

പ്രതീഹാരി— മഹാരാജാവേ! ഗൌതമന്റെ വിഷമിറങ്ങി. കുറച്ചുനേരംകൊണ്ടു പഴയമട്ടായി.

ദേവി— ഭാഗ്യം! എനിക്കു ചീത്തപ്പേരുകൂടാതെ കഴിഞ്ഞുവല്ലോ.

പ്രതീഹാരി— ഇതാ പിന്നെ മന്ത്രി വാഹതകൻ അറിയിക്കുന്നു— 'രാജകാര്യം പലതും ആലോചിക്കാനുണ്ട്. ദർശനം തന്നനുഗ്രഹിക്കണം' എന്ന്.

ദേവീ— ഗച്ഛദു അജ്ജഉത്തോ കജ്ജസിദ്ധീഏ. [ഗച്ഛത്വാര്യ്യപുത്രഃ കാര്യ്യസിദ്ധയേ.

രാജാ— (ഉത്ഥായ) ദേവി! ആതപാക്രാന്തോഽയമുദ്ദേശഃ. ശീതക്രിയാ ചാസ്യ പ്രശസ്താ. തദന്യത്ര നീയതാം ശയനം.

ദേവീ— ബാലിആഓ! അജ്ജഉത്തവഅണം അണുചിട്ഠഹ. [ബാലികാഃ! ആര്യ്യപുത്രവചനമനുതിഷ്ഠത]

പരിജനഃ— തഹ. [തഥാ]

(നിഷ്ക്രാന്താ ദേവീ പരിവ്രാജികാ പരിജനശ്ച)

രാജാ— ജയസേനേ! ഗൂഢപഥേന മാം പ്രമദവനം പ്രാപയ.

പ്രതീഹാരീ— ഇദോ ഇദോ ദേവോ. [ഇത ഇതോ ദേവഃ]

രാജാ— (പരിക്രമ്യ) ജയസേനേ! നനു സമാപ്തകൃത്യോ ഗൌതമഃ?

പ്രതിഹാരീ— അഹ ഇം. [അഥ കിം]

രാജാ—

ഇഷ്ടാധിഗമനിമിത്തം പ്രയോഗമേകാന്തസാധുമപി മത്വാ
സംദിഗ്ധമേവ സിദ്ധൗ കാതരമാശങ്കതേ ചേതഃ. 5

(പ്രവിശ്യ)

വിദൂഷകഃ— ജേദു ഭവം. സിദ്ധാഇ ദേ സവ്വമംഗലകമ്മാഇ. [ജയതു ഭവാൻ. സിദ്ധാനി തേ സർവ്വമംഗലകർമ്മാണി]

രാജാ— ജയസേനേ! ത്വമപി നിയോഗമശൂന്യം കുരു.

പ്രതീഹാരീ— ജം ദേവോ ആണവേദി. [യദ്ദേവ ആജ്ഞാപയതി]

(ഇതി നിഷ്ക്രാന്താ)

രാജാ— വയസ്യ! ക്ഷുദ്രാ മാധവികാ. ന ഖലു കിഞ്ചിദ്വിചാരിതമനയാ?

വിദൂഷകഃ— ദേവീഏ അംഗുലീഅഅമുദ്ദിഅം ദേക്ഖിഅ കഹം വിആരേദി? [ദേവ്യാ അംഗുലീയകമുദ്രാം ദൃഷ്ട്വാ കഥം വിചാരയതി?]

രാജാ— ന ഖലു മുദ്രാമധികൃത്യ ബ്രവീമി. തയോർബദ്ധയോഃ കിംനിമിത്തോഽയം മോക്ഷഃ? കിം വാ ദേവ്യാഃ പരിജനമതിക്രമ്യ ഭവാൻ സംദിഷ്ടഃ? ഇത്യേവം തയാ പ്രഷ്ടവ്യം.

വിദൂഷകഃ— ണം പുച്ഛിദോംഹി. പച്ചുപ്പണ്ണബുദ്ധിണാ മഏ കഹിദം. [നനു പൃഷ്ടോഽസ്മി. പ്രത്യുൽപന്നബുദ്ധിനാ മയാ കഥിതം]

രാജാ— കഥ്യതാം.

ദേവി— ആൎയ്യപുത്രൻ പോയ്ക്കൊള്ളൂ. കാൎയ്യസിദ്ധിയുണ്ടാവട്ടെ.

രാജാവ്— (എഴുന്നേററ്) ദേവി! ഇവിടെ വെയിൽ വല്ലാതെയായിരിക്കുന്നു. തണുപ്പാണിതിനു വേണ്ടത്. അതുകൊണ്ടു മെത്ത മററൊരു ഭാഗത്തേക്കു മാററണം.

ദേവി— പെൺകിടാങ്ങളേ! ആര്യപുത്രൻ പറഞ്ഞതുപോലെ ചെയ്യുവിൻ.

പരിജനങ്ങൾ— അങ്ങിനെതന്നെ.

(ദേവിയും പരിവ്രാജികയും പരിജനങ്ങളും പോകുന്നു)

രാജാവ്— ജയസേനേ! ഗൂഢമാൎഗ്ഗത്തിലൂടെ എന്നെ പൂങ്കാവിൽ എത്തിക്കൂ.

പ്രതീഹാരി— മഹാരാജാവു ഇതിലെ ഇതിലെ.

രാജാവ്— (ചുററിനടന്ന്) ജയസേനേ! ഗൌതമൻ കാൎയ്യം സാധിച്ചുവോ?

പ്രതീഹാരി— ഉവ്വ്.

രാജാവ്—

ഇഷ്ടം സാധിക്കാൻവേണ്ടി ചെയ്ത ഉപായം തികച്ചും സഫലമാകുമെന്നുറപ്പുണ്ടെങ്കിലും കാൎയ്യം ഫലിക്കുമോ എന്ന സംശയം എൻെറ മനസ്സിനു നടുക്കമുണ്ടാക്കുന്നു. 5

(പ്രവേശിച്ചിട്ട്)

വിദൂഷകൻ— അവിടുത്തേക്കു വിജയം ഉണ്ടാകട്ടെ. അങ്ങയുടെ എല്ലാ മംഗല കൎമ്മങ്ങളും ഫലിച്ചുകഴിഞ്ഞു.

രാജാവ്— ജയസേനേ! നീ പോയി നിൻെറ ജോലി നോക്കൂ.

പ്രതീഹാരി— മഹാരാജാവിൻെറ കല്പനപോലെ.

(പോകുന്നു)

രാജാവ്— തോഴരേ! ബുദ്ധികുറഞ്ഞവളാണ് മാധവിക. അവളൊന്നും ആലോചിച്ചില്ലല്ലോ?

വിദൂഷകൻ— ദേവിയുടെ മുദ്രമോതിരം കണ്ടാൽ പിന്നെ എന്ത് ആലോചിക്കാനാണ്?

രാജാവ്— മുദ്രമോതിരത്തെക്കുറിച്ചല്ലാ ഞാൻ പറയുന്നത്. ബന്ധനത്തിലാക്കിയ അവരെ വിടുവിക്കാൻ എന്താണ് കാരണം എന്നും ദേവിയുടെ പരിജനങ്ങളിലാരെങ്കിലുമല്ലാതെ എന്താന്നങ്ങയെ പറഞ്ഞയച്ചത് എന്നും അവൾക്കു ചോദിക്കാമല്ലോ.

വിദൂഷകൻ— എന്നോടു ചോദിച്ചു. എനിക്കപ്പോൾ പെട്ടെന്ന് ഒരുപായം പറയാൻ തോന്നി.

രാജാവ്— പറയൂ.

വിദൂഷകഃ— ഭണിദം മഏ— ''ദേവ്വചിന്തഏഹിം വിണ്ണാവിദോ രാആ—'സോവസഗ്ഗം വോ ണക്ഖത്തം. സവ്വബന്ധണമോക്ഖോ കരീഅദു'ത്തി. തം സുണിഅ ദേവീഏ, ഇരാവദീഏ ചിത്തം രക്ഖന്ദീഏ 'രാആ കില മോഏദി ത്തി തുമം ഏവ്വ ണം മോഏഹി'ത്തി അഹം സംദിട്ഠോംഹി''ത്തി. തദോ 'ജുജ്ജദി'ത്തി താഏ സമ്പാദിദോ അത്ഥോ. [ഭണിതം മയാ—''ദൈവചിന്തകൈർവിജ്ഞാപിതോ രാജാ—'സോപസർഗ്ഗം വോ നക്ഷത്രം. സർവ്വബന്ധനമോക്ഷഃ ക്രിയതാ'മിതി. തച്ഛ്രുത്വാ ദേവ്യേരാവത്യാശ്ചിത്തം രക്ഷന്ത്യാ 'രാജാ കില മോചയതീതി ത്വമേവൈനാം മോചയേ'ത്യഹം സന്ദിഷ്ടോഽസ്മീ''തി. തതോ 'യുജ്യത' ഇതി തയാ സമ്പാദിതോഽർത്ഥഃ]

രാജാ— (വിദൂഷകം പരിഷ്വജ്യ) സഖേ! പ്രിയോഽഹം തവ.

നഹി ബുദ്ധിഗുണേനൈവ സുഹൃദാമർത്ഥദർശനം
കാര്യസിദ്ധിപഥഃ സൂക്ഷ്മഃ സ്നേഹേനാപ്യുപലഭ്യതേ. 6

വിദൂഷകഃ— തുവരദു ഭവം. സമുദ്ദഘരഏ സഹീസഹിദം മാളവിഅം ഠാവിഅ ഭവന്ദം പച്ചുഗ്ഗദോംഹി. [ത്വരതാം ഭവാൻ. സമുദ്രഗൃഹേ സഖീസഹിതാം മാളവികാം സ്ഥാപയിത്വാ ഭവന്തം പ്രത്യുൽഗതോഽസ്മി]

രാജാ— അഹമേനാം സംഭാവയാമി. ഗച്ഛാഗ്രതഃ.

വിദൂഷകഃ— ഏദു ഭവം. (പരിക്രമ്യ) ഇദം സമുദ്ദഘരഅം. [ഏതു ഭവാൻ. ഇദം സമുദ്രഗൃഹകം]

രാജാ— (സാശങ്കം) വയസ്യ! ഏഷാ കുസുമാപചയവ്യഗ്രഹസ്താ സഖ്യാസ്തേ ഇരാവത്യാഃ പരിചാരികാ ചന്ദ്രികാ സമാഗച്ഛതി, ഇതസ്താവദാവാം ഭിത്തിഗൂഢൌ ഭവാവഃ.

വിദൂഷകഃ— അഹോ! കുംഭീലഏഹിം കാമുഏഹിം വി പരിഹരണിജ്ജാ ഖു ചന്ദിആ. [അഹോ! കുംഭീലകൈഃ കാമുകൈരപി പരിഹരണീയാ ഖലു ചന്ദ്രികാ]

(ഉഭൌ യഥോക്തം കുരുതഃ)

രാജാ— ഗൌതമ! കഥം നു തേ സഖീ മാം പ്രതിപാലയതി? ഏഹ്യേനാം ഗവാക്ഷമാശ്രിത്യാവലോകയാവഃ.

വിദൂഷകഃ— തഹ. [തഥാ]

(ഉഭൌ വിലോകയന്തൌ തിഷ്ഠതഃ)

(തതഃ പ്രവിശതി മാളവികാ ബകുളാവലികാ ച)

ബകുളാവലികാ— ഹളാ! പണമ ഭട്ടാരം. [ഹളാ! പ്രണമ ഭർത്താരം]

മാളവികാ— (സഹർഷം) ണമോ ദേ. കഹിം ഭട്ടാ? [നമസ്തേ. കുത്ര ഭർത്താ?]

വിദൂഷകൻ— ഞാൻ പറഞ്ഞു— ''മഹാരാജാവിനോടു ജ്യോത്സ്യന്മാർ അറിയിച്ചു—'അവിടുത്തെ നക്ഷത്രത്തിന്ന് ഇപ്പോൾ ദോഷകാലമാണ്. അതുകൊണ്ടു ബന്ധനത്തിലുള്ളവരെയെല്ലാം വിട്ടയയ്ക്കണം' എന്ന്. അതു കേട്ടപ്പോൾ ദേവി ഇരാവതിയ്ക്കു മുഷിയാതിരിക്കാൻവേണ്ടി 'മഹാരാജാവു വിടുവിക്കുന്നു എന്ന നിലയിൽ അങ്ങുതന്നെ അവളെ വിടുവിക്കു' എന്നും പറഞ്ഞ് എന്നെ അയച്ചതാണ്.'' അപ്പോൾ 'അതു ശരിയാ'ണെന്നു കരുതി അവൾ കാര്യം സാധിപ്പിക്കുകയും ചെയ്തു.

രാജാവ്— (വിദൂഷകനെ കെട്ടിപ്പിടിച്ച്) അങ്ങെന്റെ പ്രാണസ്നേഹിതനാണ്.

ബുദ്ധിഗുണംകൊണ്ടുമാത്രം സുഹൃത്തുക്കളുടെ കാര്യം കണ്ടെത്തുകയില്ല.
കാര്യം സാധിക്കാനുള്ള സൂക്ഷ്മമാർഗ്ഗം സ്നേഹംകൊണ്ടും കണ്ടെത്താം. 6

വിദൂഷകൻ— അങ്ങു വേഗം നടക്കു. മാളവികയെ സഖിയോടൊപ്പം സമുദ്രഗൃഹത്തിൽ കൊണ്ടുപോയാക്കിയിട്ട് അവിടുത്തെ കൂട്ടിക്കൊണ്ടു പോവാൻ പോന്നതാണ് ഞാൻ.

രാജാവ്— ഞാനവളെ ചെന്നുകണ്ടു മാനിച്ചേക്കാം. മുമ്പിൽ നടക്കു.

വിദൂഷകൻ— അവിടുന്നു പോരൂ. (ചുററിനടന്ന്) ഇതാ സമുദ്രഗൃഹം.

രാജാവ്— (ശങ്കയോടുകൂടി) ഇതാ അങ്ങയുടെ കൂട്ടുകാരിയായ ഇരാവതിയുടെ ദാസി—ചന്ദ്രിക—പൂവറുത്തുകൊണ്ടുവരുന്നു. നമുക്കീ ചുമരിന്റെ പിൻവശത്തു മറഞ്ഞുനില്ക്കാം.

വിദൂഷകൻ— ഓ! കള്ളന്മാരും കാമുകന്മാരും ചന്ദ്രികയിൽനിന്ന് അകന്നുനില്ക്കേണ്ടവരാണല്ലോ.

(രണ്ടുപേരും പറഞ്ഞപോലെ ചെയ്യുന്നു)

രാജാവ്— ഗൌതമ! അങ്ങയുടെ കൂട്ടുകാരി എന്നെ ഏതുവിധത്തിലാണ് കാത്തിരിക്കുന്നത്? വരൂ, നമുക്കവളെ ജന്നലിലൂടെ നോക്കിക്കാണുക.

വിദൂഷകൻ— അങ്ങിനെയാവട്ടെ.

(രണ്ടുപേരും നോക്കിനില്ക്കുന്നു)

(അനന്തരം മാളവികയും ബകുളാവലികയും പ്രവേശിക്കുന്നു)

ബകുളാവലിക— സഖി! തമ്പുരാനെ നമസ്കരിക്കു.

മാളവിക— (സന്തോഷത്തോടുകൂടി) അവിടുത്തേക്കു നമസ്കാരം. തമ്പുരാനെവിടെ?

രാജാ— മന്യേ പ്രതികൃതിം മേ ദശ്യതീതി.

മാളവികാ— (ദ്വാരമവലോക്യ സവിഷാദം) ഹളാ! വിപ്പലംഭേസി മം? [ഹളാ! വിപ്രലംഭയസി മാം?]

രാജാ— സഖേ! ഹഷ്വിഷാദാഭ്യാമത്രഭവത്യാഃ പ്രീതോഽസ്മി.

സൂര്യ്യോദയേ ഭവതി യാ സൂര്യ്യാസ്തമയേ ച പുണ്ഡരീകസ്യ
വദനേന സുവദനായാസ്തേ സമവസ്ഥേ ക്ഷണാദൂഢേ. 7

ബകുളാവലികാ— ണം ഏസോ ചിത്തഗദോ ഭട്ടാ. [നന്വേഷ ചിത്രഗതോ ഭർത്താ]

ഉഭേ— (പ്രണിപത്യ) ജേദു ഭട്ടാ. [ജയതു ഭർത്താ]

മാളവികാ— ഹളാ! തദാ സസംഭമദിട്ഠേ ഭട്ടിണോ രൂവേ അഹം സംമുഹട്ഠിദാ തഹ ണ വിതിണ്ഹംഹി, ജഹ അജ്ജ മഏ വിഭാവിദോ ചിത്തഗദോ ഭട്ടാ. [ഹളാ! തദാ സസംഭ്രമദൃഷ്ടേ ഭർത്തു രൂപേ അഹം സംമുഖസ്ഥിതാ തഥാ ന വിതൃഷ്ണാസ്മി! യഥാദ്യ മയാ വിഭാവിതശ്ചിത്രഗതോ ഭർത്താ]

വിദൂഷകഃ— സുദം ഭവദാ? അത്തഹോദീഏ ജഹ ദിട്ഠോ ചിത്തേ, ണ തഹ ദിട്ഠോ ഭവം ത്തി മന്തിദം. മുഹാ ദാണിം മഞ്ജൂസാ വിഅ രഅണഭണ്ഡം ജോവ്വണഗവ്വം വഹേസി. [ശ്രുതം ഭവതാ? അത്രഭവത്യാ യഥാ ദൃഷ്ടശ്ചിത്രേ, ന തഥാ ദൃഷ്ടോ ഭവാനിതി മന്ത്രിതം. മുധദാനീം മഞ്ജൂഷേവ രത്നഭാണ്ഡം യൌവ്വനഗർവ്വം വഹസി]

രാജാ— സഖേ! കുതൂഹലവാനപി. നിസർഗ്ഗശാലീനഃ സ്ത്രീജനഃ. പശ്യ—

കാർത്സ്ന്യേന നിർവർണ്ണയിതും ച രൂപ—
മിച്ഛന്തി തൽപൂർവ്വസമാഗമാനാം
ന ച പ്രിയേഷ്വായതലോചനാനാം
സമഗ്രപാതീനി വിലോചനാനി. 8

മാളവികാ— ഹളാ! കാ ഏസാ പാസപരിഉത്തവഅണേണ ഭട്ടിണാ സിണിദ്ധാഏ ദിട്ഠീഏ ണിജ്ഝാഇഅദി? [ഹളാ! കൈഷാ പാർശ്വപരിവൃത്തവദനേന ഭർത്ത്രാ സ്നിഗ്ധയാ ദൃഷ്ട്യാ നിധ്യായതേ?]

ബകുളാവലികാ— ണം ഇഅം ഭട്ടിണോ പാസഗദാ ഇരാവദീ. [നന്വിയം ഭർത്തുഃ പാർശ്വഗതേരാവതീ]

മാളവികാ— സഹി! അദക്ഖിണോ വിഅ ഭട്ടാ മേ പഡിഭാദി. ജോ സവ്വം ദേവീജണം ഉജ്ഝിഅ എക്കാഏ മുഹേ ബദ്ധലക്ഖോ. [സഖി! അദക്ഷിണ ഇവ ഭർത്താ മേ പ്രതിഭാതി. യഃ സർവ്വം ദേവീജനമുജ്ഝിത്വൈകസ്യാ മുഖേ ബദ്ധലക്ഷഃ]

രാജാവ്— എന്റെ ചിത്രം കാണിച്ചുകൊടുക്കുകയാണെന്നു തോന്നുന്നു.

മാളവിക— (വാതിൽക്കലേക്കു നോക്കി സങ്കടത്തോടുകൂടി) സഖി! നീ എന്നെ പറ്റിക്കുകയാണോ?

രാജാവ്— സഖേ! ശ്രീമതിയുടെ സന്തോഷവും സങ്കടവുംകണ്ടു് എനിക്കു രസം തോന്നുന്നു.

സൂര്യ്യോദയത്തിലും സൂര്യ്യാസ്തമയത്തിലും താമരപ്പൂവിനുണ്ടാകുന്ന അവസ്ഥകൾ രണ്ടും ഈ സുമുഖിയുടെ മുഖത്തിനു വളരെ വേഗത്തിലുണ്ടായി. 7

ബകുളാവലിക— ഇതാ ചിത്രത്തിൽ തമ്പുരാനുണ്ടല്ലോ.

രണ്ടുപേരും— (നമസ്കരിച്ചു്) തമ്പുരാനു വിജയം ഉണ്ടാകട്ടെ.

മാളവിക— സഖി! അപ്പോൾ പരിഭ്രമത്തിൽ തമ്പുരാന്റെ രൂപം നേരിട്ടു കണ്ടിട്ടു് ഇപ്പോൾ ചിത്രത്തിൽ നോക്കിക്കണ്ടിട്ടെന്നപോലെ എനിക്കു തൃപ്തിവന്നില്ല.

വിദൂഷകൻ— അവിടുന്നു കേട്ടുവോ? ശ്രീമതി ചിത്രത്തിൽ നോക്കിക്കണ്ടതുപോലെ അങ്ങയെ നോക്കിക്കണ്ടില്ലെന്നാണു് മന്ത്രിക്കുന്നതു്. ഇനി അവിടുന്നു്, പെട്ടി രത്നച്ചെപ്പിനെയെന്നപോലെ യൌവ്വനഗർവ്വത്തെ വഹിക്കുന്നതു വെറുതെയാണു്.

രാജാവ്— സഖേ! കൌതുകം തോന്നിയാലും ലജ്ജാശീലകളാണു് സ്ത്രീകൾ. നോക്കൂ—

ആദ്യമായി കണ്ടുമുട്ടുമ്പോൾ രൂപം മുഴുവനും നോക്കിക്കാണുവാൻ ആയതാക്ഷികളുടെ കണ്ണുകൾ കൊതിക്കുന്നു. എന്നാൽ പ്രിയജനങ്ങളിൽ അവ സമഗ്രമായി പതിയുന്നില്ല. 8

മാളവിക— തോഴി! ആരെയാണു് തമ്പുരാൻ സ്നേഹത്തോടുകൂടി ചെരിഞ്ഞുനോക്കുന്നതു്?

ബകുളാവലിക— തമ്പുരാന്റെ അടുത്തുള്ള ഈ ഇരാവതിയെത്തന്നെ.

മാളവിക— സഖി! എല്ലാവരെയും ഒരുപോലെ സ്നേഹിക്കുന്ന ആളല്ല തമ്പുരാൻ എന്നെനിക്കുതോന്നുന്നു. ദേവിയുടെ എല്ലാ ആളുകളേയും വിട്ടു് ഒരുത്തിയുടെ മുഖത്തേക്കുതന്നെ നോക്കിയിരിക്കുന്നുണ്ടല്ലോ.

ബകുളാവലികാ— (ആത്മഗതം) ചിത്തഗദം ഭട്ടാരം പരമത്ഥദോ സങ്കപ്പിഅ അസൂഅദി. ഹോദു. കീഡിസ്സം ദാവ ഏദാഏ. (പ്രകാശം) ഹളാ! ഭട്ടിണോ വല്ലഹാ എസാ. [ചിത്രഗതാ ഭർത്താരം പരമാർത്ഥതഃ സങ്കല്പ്യാസൂയതി. ഭവതു. ക്രീഡിഷ്യാമി താവദേതയാ. ഹളാ! ഭർത്തുർവല്ലഭൈഷാ]

മാളവികാ— തദോ കിം ദാണിം അത്താണം ആആസേമി. [തതഃ കിമിദാനീമാത്മാനമായാസയാമി]

(ഇതി സാസൂയം പരാവർത്തതേ)

രാജാ— സഖേ! പശ്യ—

ഭ്രൂഭംഗഭിന്നതിലകം സ്ഫുരിതാധരോഷ്ഠം
സാസൂയമാനനമിതഃ പരിവർത്തയന്ത്യാ
കാന്താപരാധകുപിതേഷ്വനയാ വിനേതുഃ
സന്ദർശിതേവ ലളിതാഭിനയസ്യ ശിക്ഷാ. 9

വിദൂഷകഃ— അണുണഅസജ്ജോ ദാണിം ഹോഹി. [അനുനയസജ്ജ ഇദാനീം ഭവ]

മാളവികാ— അജ്ജഗോദമോ വി ഏത്ഥ എവ്വ സേവദി ണം. [ആര്യ്യഗൌതമോഽപ്യത്രൈവ സേവത ഏനം]

(പുനഃസ്ഥാനാന്തരാഭിമുഖീഭവിതുമിച്ഛതി)

ബകുളാവലികാ— (മാളവികാം രുദ്ധ്വാ) ണ ഖു കുവിദാ ദാണിം തുമം? [ന ഖലു കുപിതേദാനീം ത്വം?]

മാളവികാ— ജഇ ചിരം കുവിദം ഏവ്വ മം മണ്ണേസി, ഏസോ പച്ചാണീഅദി കോവോ. [യദി ചിരം കുപിതാമേവ മാം മന്യസേ, ഏഷ പ്രത്യാനീയതേ കോപഃ]

രാജാ— (ഉപേത്യ)

കുപ്യസി കുവലയനയനേ!
ചിത്രാർപ്പിതചേഷ്ടയാ കിമേതന്മേ
നനു തവ സാക്ഷാദയമഹ-
മനന്യസാധാരണോ ദാസഃ. 10

ബകുളാവലികാ— ജേദു ഭട്ടാ. [ജയതു ഭർത്താ]

മാളവികാ— (ആത്മഗതം) കഹം ചിത്തഗദോ ഭട്ടാ മഏ അസൂഇദോ? [കഥം ചിത്രഗതോ ഭർത്താ മയാസൂയിതഃ?] (സവ്രീഡവദനാ അഞ്ജലിം കരോതി)

(രാജാ മദനകാതർയ്യം രൂപയതി)

വിദൂഷകഃ— കിം ഭവം ഉദാസീണോ വിഅ? [കിം ഭവാനുദാസീന ഇവ?]

ബകുളാവലിക— (വിചാരം) ചിത്രത്തിലുള്ള തമ്പുരാനെ വാസ്തവമായി കരുതി അസൂയപ്പെടുകയാണു്. ആവട്ടെ, ഇവളെയൊന്നു കളിയാക്കാം. (വെളിവായി) തോഴി! തമ്പുരാനേററവും ഇഷ്ടപ്പെട്ടവവളാണവൾ.

മാളവിക— എന്നാൽപ്പിന്നെ ഞാനെന്തിനു ക്ലേശിക്കുന്നു.

(കോപിച്ചു തിരിഞ്ഞിരിക്കുന്നു)

രാജാവു്— സഖേ! നോക്കൂ—

പുരികം ചുളിച്ചു തൊടുകുറിക്കു വിള്ളലേല്പിച്ചും ചെംചൊടിവിറച്ചും കോപത്തോടുകൂടി മുഖം തിരിച്ചപ്പോൾ ഇവൾ പ്രിയതമന്റെ അപരാധം കണ്ടു കോപിക്കുമ്പോഴത്തെ ശൃംഗാരഭാവാഭിനയം, ആചാര്യനോടു പഠിച്ചതു്, കാണിച്ചതുപോലെ തോന്നി. 9

വിദൂഷകൻ— ഇനിയവിടുന്നു പറഞ്ഞുസമാധാനിപ്പിക്കാൻ തയ്യാറായിക്കൊള്ളൂ.

മാളവിക— ആര്യഗൌതമനും ഇവിടെ സേവകനായി കൂടിയിട്ടുണ്ടു്.

(മറെറാരു ഭാഗത്തേക്കു തിരിഞ്ഞിരിക്കാൻ ഭാവിക്കുന്നു)

ബകുളാവലിക— (മാളവികയെത്തടഞ്ഞു്)നീ ഇപ്പോൾ കോപിച്ചിട്ടില്ലല്ലോ?

മാളവിക— ഇത്രനേരമായിട്ടും നീ എന്നെ കോപിച്ചതായിട്ടുതന്നെയാണു് കരുതുന്നതെങ്കിൽ, ഇതാ ഞാൻ കോപം തിരിച്ചെടുത്തേക്കാം.

രാജാവു്— (അടുത്തുചെന്നു്)

അല്ലയോ കുവലയാക്ഷി! ചിത്രത്തിലെഴുതിയ ചേഷ്ട കണ്ടു നീ എന്നോടു കോപിക്കുന്നു. ഇതെന്താണു്? ഞാനിതാ മററാരുടെയുമല്ലാത്ത, നിന്റെ മാത്രമായ ദാസനായിട്ടു നേരിട്ടു വന്നിരിക്കുന്നു. 10

ബകുളാവലിക— തമ്പുരാനു വിജയം ഉണ്ടാകട്ടെ.

മാളവിക— (വിചാരം) ചിത്രത്തിലെ തമ്പുരാനോടാണോ ഞാൻ കോപിച്ചതു്? (ലജ്ജിച്ചു തലതാഴ്ത്തി കൈകൂപ്പുന്നു)

(രാജാവു കാമപാരവശ്യം നടിക്കുന്നു)

വിദൂഷകൻ— അങ്ങെന്താണു് പരുങ്ങുന്നതു്?

രാജാ— അവിശ്വസനീയത്വാൽ സഖ്യാസ്സേ.

വിദൂഷകഃ— മാ ദാവ അത്തഹോദീഏ തുഹ അവിസ്സാസോ. [മാ താവദത്രഭവത്യാം തവാവിശ്വാസഃ]

രാജാ— ശ്രൂയതാം—

പഥി നയനയോഃ സ്ഥിത്വാ സ്വപ്നേ തിരോഭവതി ക്ഷണാൽ
സരതി സഹസാ ബാഹ്വോർമദ്ധ്യം ഗതാപി സഖീ തവ
മനസിജരുജാ ക്ലിഷ്ടസ്യൈവം സമാഗമമായയാ
കഥമിവ സഖേ! വിസ്രബ്ധം സ്യാദിമാം പ്രതി മേ മനഃ. 11

ബകുളാവലികാ— സഹി! ബഹുസോ കില തുഏ വിപ്പലദ്ധോ ഭട്ടാ. താ ദാവ അത്താ വിസ്സസണിജ്ജോ കരീഅദു. [സഖി! ബഹുശഃ കില ത്വയാ വിപ്രലബ്ധോ ഭർത്താ. തത്താവദാത്മാ വിശ്വസനീയഃ ക്രിയതാം]

മാളവികാ— സഹി! മഹ ഉണ മന്ദഭഗ്ഗാഏ സിവിണസമാഅമോ വി ഭട്ടിണോ ദുല്ലഹോ ആസി. [സഖി! മമ പുനർമന്ദഭാഗ്യായാഃ സ്വപ്നസമാഗമോഽപി ഭർത്തുർദുർല്ലഭ ആസീൽ]

ബകുളാവലികാ— ഭട്ടാ ദേഉ സേ ഉത്തരം. [ഭർത്താ ദദാത്വസ്യാ ഉത്തരം]

രാജാ—

ഉത്തരേണ കിമാത്മൈവ പഞ്ചബാണാഗ്നിസാക്ഷികം
തവ സഖ്യൈ മയാ ദത്തോ, ന സേവ്യഃ സേവിതാ രഹഃ 12

ബകുളാവലികാ— അണുഗഹിദംഹ. [അനുഗൃഹീതേ സ്വഃ]

വിദൂഷകഃ— (പരിക്രമ്യ സസംഭ്രമം) ബഉളാവലിഏ! ഏസോ ബാലാസോഅരുക്ഖസ്സ പല്ലവാഇ ഹരിണോ ലംഘിദും ആഅച്ഛദി. ഏഹി, ണിവാരേമ ണം. [ബകുളാവലികേ! ഏഷ ബാലാശോകവൃക്ഷസ്യ പല്ലവാനി ഹരിണോ ലംഘിതുമാഗച്ഛതി. ഏഹി, നിവാരയാവ ഏനം]

ബകുളാവലികാ— തഹ. [തഥാ] (ഇതി പ്രസ്ഥിതാ)

രാജാ— ഏവമസ്മദ്രക്ഷണേ വയസ്യേനാവഹിതേന ഭവിതവ്യം,

വിദൂഷകഃ— ഏദം വി ഗോദമോ ണം സംദിസ്സഇ? [ഏതദപി ഗൌതമോ നനു സന്ദിശ്യതേ?]

ബകുളാവലികാ— (പരിക്രമ്യ) അജ്ജ ഗോദമ! അഹം അപ്പആസേ ചിട്ഠാമി. തുമം ദുവാരരക്ഖഓ ഹോഹി. [ആര്യ്യഗൌതമ! അഹമപ്രകാശേ തിഷ്ഠാമി ത്വം ദ്വാരരക്ഷകോ ഭവ]

വിദൂഷകഃ— ജുജ്ജഇ [യുജ്യതേ]

(നിഷ്ക്രാന്താ ബകുളാവലികാ)

രാജാവ്— താങ്കളുടെ കൂട്ടുകാരിയെക്കുറിച്ചു വിശ്വാസം തോന്നാത്തതുകൊണ്ട്.

വിദൂഷകൻ— ശ്രീമതിയിൽ അങ്ങു് തീരെ അവിശ്വാസം കരുതേണ്ടതില്ല.

രാജാവ്— കേൾക്കൂ—

അങ്ങയുടെ സഖി സ്വപ്നത്തിൽ കണ്ണുകൾക്കു നേരെ നിൽക്കുന്നു, ഉടനെ മറയുന്നു. കൈകൾക്കിടയിൽ വന്നുചേർന്നാലും പെട്ടെന്നു മാറിപ്പോകുന്നു. ഈ വിധത്തിൽ സമാഗമം ക്ഷണികമാകുന്നതുകൊണ്ടു കാമവേദനയാൽ വിഷമിക്കുന്ന എന്റെ മനസ്സ്, സുഹൃത്തേ! ഇവളുടെ പേരിൽ എങ്ങിനെയാണു വിശ്വാസം കൈക്കൊള്ളുക? 11

ബകുളാവലിക— സഖി! നീ തമ്പുരാനെ പലതവണ വഞ്ചിച്ചിട്ടുണ്ടത്രേ. വേഗത്തിൽ വിശ്വാസം വരുത്തിക്കൊടുക്കൂ.

മാളവിക— സഖി! ഭാഗ്യംകെട്ട എനിക്കു സ്വപ്നത്തിൽപ്പോലും തമ്പുരാന്റെ സമാഗമം ലഭിക്കാനിടവന്നിട്ടില്ല.

ബകുളാവലിക— ഇതിനുത്തരം പറയേണ്ടതു തമ്പുരാനാണ്.

രാജാവ്—

ഉത്തരം പറഞ്ഞിട്ടെന്താണ്? ഞാൻ എന്നെത്തന്നെ കാമാഗ്നിയെ സാക്ഷിനിർത്തി കൂട്ടുകാരിക്കു ദാനം ചെയ്തിരിക്കുന്നു. ഇങ്ങോട്ടു സേവനം ചെയ്യപ്പെടേണ്ടതില്ല. വിജനസ്ഥലത്തു ഞാൻ അങ്ങോട്ടു സേവനം ചെയ്തുകൊള്ളാം. 12

ബകുളാവലിക— ഞങ്ങൾക്കനുഗ്രഹമായി.

വിദൂഷകൻ— (ചുററിനടന്നു പരിഭ്രമത്തോടുകൂടി) ബകുളാവലികേ! ഇതാ അശോകത്തയ്യിന്റെ തളിർ തിന്നുവാൻ മാൻകുട്ടി കടന്നുവരുന്നു. വരൂ, നനമുക്കതിനെച്ചെന്നുമാററുക.

ബകുളാവലിക— അങ്ങിനെതന്നെ. (പുറപ്പെടുന്നു)

രാജാവ്— ഇതുപോലെ നമ്മെ രക്ഷിക്കുന്നതിൽ തോഴർ ശ്രദ്ധിച്ചുകൊള്ളണം.

വിദൂഷകൻ— ഇതും ഗൌതമനോടു പറഞ്ഞിട്ടുവേണോ?

ബകുളാവലിക— (ചുററിനടന്നു്) ആര്യഗൌതമ! ഞാൻ മറവിൽ നില്ക്കാം. അങ്ങു വാതിൽക്കൽ കാവൽ നിൽക്കൂ.

വിദൂഷകൻ— ശരി.

(ബകുളാവലിക പോകുന്നു)

വിദൂഷകഃ— (പരിക്രമ്യാവലോക്യ ച) ഇമം ദാവ ഫലിഹക്ഖംഭം അസ്സിദോ ഹോമി. (ഇതി തഥാ കൃത്വാ) അഹോ! സുഹപ്ഫരിസദാ സിലാവിസേസസ്സ. [ഇമം താവൽ സ്ഫടികസ്തംഭമാശ്രിതോ ഭവാമി. അഹോ! സുഖസ്പർശതാ ശിലാവിശേഷസ്യ] (ഇതി നിദ്രായതേ)

(മാളവികാ സസാധ്വസാ തിഷ്ഠതി)

രാജാ—

വിസൃജ സുന്ദരി! സംഗമസാധ്വസം
തവ ചിരാൽപ്രഭൃതി പ്രണയോന്മുഖേ
പരിഗൃഹാണ ഗതേ സഹകാരതാം
ത്വമതിമുക്തലതാചരിതം മയി. 13

മാളവികാ— ദേവീഏ ഭഏണ അത്തണോ വി പിഅം കാദും ണ പാരേമി. [ദേവ്യാ ഭയേനാത്മനോഽപി പ്രിയം കർത്തും ന പാരയാമി]

രാജാ— അയി! ന ഭേതവ്യം.

മാളവികാ— (സോപഹാസം) ജോ ണ ഭാഏദി, സോ മഏ ഭട്ടിണീദംസണേ ദിട്ഠസാമത്ഥോ ഭട്ടാ. [യോ ന ബിഭേതി, സ മയാ ഭട്ടിനീദർശനേ ദൃഷ്ടസാമർത്ഥ്യോ ഭർത്താ]

രാജാ—

ദാക്ഷിണ്യം നാമ ബിംബോഷ്ഠി, ബൈംബികാനാം കുലവ്രതം
തന്മേ ദീർഘാക്ഷി! യേ പ്രാണാസ്തേ ത്വദാശാനിബന്ധനാഃ. 14

തദനുഗൃഹ്യതാം ചിരാനുരക്തോഽയം ജനഃ. [ഇതി സംശ്ലേഷമഭിനയതി]

(മാളവികാ നാട്യേന പരിഹരതി)

രാജാ— (ആത്മഗതം) രമണീയഃ ഖലു നവാംഗനാനാം മദനവിഷയാവതാരഃ. ഏഷാ ഹി—

ഹസ്തം കമ്പവതീ രുണദ്ധി രശനാവ്യാപാരലോലാംഗുലിം
ഹസ്തൗ സ്വൗ നയതി സ്തനാവരണതാമാലിംഗ്യമാനാ ബലാൽ
പാതും പക്ഷ്മലനേത്രമുന്നമയതഃ സാചീകരോത്യാനനം
വ്യാജേനാപ്യഭിലാഷപൂരണസുഖം നിർവർത്തയത്യേവ മേ. 15

(തതഃ പ്രവിശതി ഇരാവതീ നിപുണികാ ച)

ഇരാവതീ— ഹഞ്ജേ ണിഉണിഏ! സച്ചം തുമം പരിഗദത്ഥാ ചന്ദിആഏ, 'സമുദ്ദഘരഅലിന്ദപ്പകിദിത്ഥോ അജ്ജഗോദമോ ദിട്ഠോ'ത്തി. [ഹഞ്ജേ നിപുണികേ! സത്യം ത്വം പരിഗതാർത്ഥാ ചന്ദ്രികയാ, 'സമുദ്രഗൃഹാളിന്ദേ പ്രകൃതിസ്ഥ ആര്യഗൗതമഏകാകീ ദൃഷ്ട' ഇതി]

വിദൂഷകൻ— (ചുററിനടന്നു നോക്കിയിട്ട്) ഞാനീ പളുങ്കുതൂണിന്മേൽ ചാരിയിരിക്കട്ടെ. (അങ്ങിനെ ചെയ്തിട്ട്) ഏയ്, നല്ല സുഖമുണ്ട് ഈ പളുങ്കുതൂണിന്മേൽ ചാരിയിരിക്കാൻ. (ഇരുന്നുറങ്ങുന്നു)

(മാളവിക പരിഭ്രമിച്ചു നിൽക്കുന്നു)

രാജാവ്—

സുന്ദരി! വളരെ നാളായിട്ട് നിൻെറ പ്രേമം കൊതിച്ചുകൊണ്ടിരിക്കുന്ന ഈയുള്ളവനുമായി ചേരുന്നതിൽ പേടി വെടിഞ്ഞേക്കൂ. തേന്മാവിൻെറ അവസ്ഥയിൽ നിൽക്കുന്ന എന്നിൽ നീ മുല്ലവള്ളിയുടെ രീതി കൈക്കൊള്ളൂ. 13

മാളവിക— ദേവിയെപ്പററിയുള്ള ഭയംനിമിത്തം എനിയ്ക്കിഷ്ടമായിട്ടുള്ള കാര്യ്വം ചെയ്യാൻ കഴിയുന്നില്ല.

രാജാവ്— എയ്! പേടിക്കണ്ട.

മാളവിക— പരിഹാസത്തോടുകൂടി) പേടിയില്ലാത്ത ആളുടെ സാമത്ഥ്യം അന്നു ഭട്ടിനിയുടെ മുമ്പിൽവെച്ചു ഞാൻ കണ്ടുവല്ലോ.

രാജാവ്—

തൊണ്ടിച്ചെംചൊടിയാളേ! പക്ഷപാതംകൂടാതെ ഒരുപോലെ പെരുമാറുകയെന്നതു ബിംബികവംശത്തിൽ ജനിച്ചവരുടെ കുലപാരമ്പര്യമാണ്. എങ്കിലും അല്ലയോ ആയതാക്ഷി! എൻെറ പ്രാണൻ നിന്നെക്കുറിച്ചുള്ള ആശകൊണ്ടുമാത്രം നിലനിൽക്കുന്നതാണ്. 14

അതുകൊണ്ട് ഏറെനാളായി അനുരക്തനായ ഈയുള്ളവനെ നീ അനുഗ്രഹിക്കണം. (ആലിംഗനം ചെയ്യുന്നതായി നടിക്കുന്നു)

(മാളവിക ഒഴിഞ്ഞുമാറുന്നതായി നടിക്കുന്നു)

രാജാവ്— (വിചാരം) പുതുപ്പെൺകിടാങ്ങളുടെ കാമലീലകളിലേക്കുള്ള അനുപ്രവേശം രസമുള്ളതുതന്നെ. ഇവൾ—

അരഞ്ഞാണിൽ വിരലുകൾകൊണ്ടു തിരുപ്പിടിക്കുന്ന കൈ, വിറയലോടെ തടയുന്നു. ബലമായാലിംഗനം ചെയ്യുമ്പോൾ തൻെറ കൈകകളെക്കൊണ്ട് സ്തനങ്ങളെ മറയ്ക്കുന്നു. ഇടതൂർന്ന ഇമകളുള്ള കണ്ണുകളോടുകൂടിയ മുഖം ചുംബിക്കുവാൻ പിടിച്ചുപൊക്കുമ്പോൾ തിരിക്കുന്നു. ഇങ്ങനെ വിസമ്മതം നടിക്കുന്നുണ്ടെങ്കിലും എനിക്ക് അഭിലാഷപൂർത്തി വരുത്തിയ സുഖംതന്നെ നൽകുന്നുണ്ട്. 15

(അനന്തരം ഇരാവതിയും നിപുണികയും പ്രവേശിക്കുന്നു)

ഇരാവതി— എടി! നിപുണികേ! സത്യമായും ചന്ദ്രിക നിന്നോടു പറഞ്ഞുവോ? 'വിഷമിറങ്ങിയ ആര്യഗൌതമനെ ഒററയ്ക്കു സമുദ്രഗൃഹത്തിൻെറ തിണ്ണയിൽ കണ്ടു' എന്നു്.

നിപുണികാ— അണ്ണഹാ കഹം ഭട്ടിണീഏ വിണ്ണവേമി? [അന്യഥാ കഥം ഭട്ടിന്യൈ വിജ്ഞാപയാമി?]

ഇരാവതീ— തേണ ഹി തഹിം ഏവ്വ ഗച്ഛംഹ. സംസആദോ മുത്തം ഭട്ടിണോ പിഅവഅസ്സം പേക്ഖിദും അ. [തേന ഹി തത്രൈവ ഗച്ഛാവഃ. സംശയാന്മുക്തം ഭർത്തുഃ പ്രിയവയസ്യം പ്രേക്ഷിതും ച)

നിപുണികാ— സാവസേസം വിഅ ഭട്ടിണീഏ വഅണം. [സാവശേഷമിവ ഭട്ടിന്യാ വചനം]

ഇരാവതീ— അണ്ണംഅ, ചിത്തഗദം ഭട്ടാരം പസാദേദും. [അന്യച്ച, ചിത്രഗതം ഭർത്താരം പ്രസാദയിതും]

നിപുണികാ— അഹ ദാണിം ഭട്ടാ എവ്വ കിം ണ പജ്ജണണീഅദി? [അഥേദാനീം ഭർത്തൈവ കിം ന പ്രത്യനുനീയതേ?]

ഇരാവതീ— മുദ്ധേ! ജാരിസോ ചിത്തഗദോ ണം താരിസോ ഏവ്വ അണ്ണസംകന്ദഹിഅഓ അജ്ജഉത്തോ. കേവലം ഉവആരാദിക്കമം പമജ്ജിദും അഅം ആരംഭോ. [മുഗ്ധേ! യാദൃശശ്ചിത്രഗതോ, നനു താദൃശ ഏവ അന്യസംക്രാന്തഹൃദയ ആര്യപുത്രഃ. കേവലമുപചാരാതിക്രമം പ്രമാർഷ്ടുമയമാരംഭഃ]

നിപുണികാ— ഇദോ ഇദോ ഭട്ടിണീ. [ഇത ഇതോ ഭട്ടിനീ]

(ഉഭേ പരിക്രാമതഃ)

(പ്രവിശ്യ)

ചേടീ— ജേദു ഭട്ടിണീ. ദേവീ ഭണാദി— 'ണ മേ ഏസോ മച്ഛരസ്സ കാലോ. കേവലം തുഹ ഖു ബഹുമാണം വഡ്ഢേദും വഅസ്സാഏ സഹ ണിഅലബന്ധണേ കിദാ മാളവിആ. ജഇ അണുമണ്ണേസി അജ്ജഉത്തസ്സ പിഅം കാദും ഇച്ഛാമി. ജം തുഹ ഇച്ഛിഅം തം മേ ഭണാഹി' ത്തി. [ജയതു ഭട്ടിനീ. ദേവീ ഭണതി— 'ന മേ ഏഷ മത്സരസ്യ കാലഃ. കേവലം തവ ഖലു ബഹുമാനം വർദ്ധയിതും വയസ്യയാ സഹ നിഗളബന്ധനേ കൃതാ മാളവികാ. യദ്യനുമന്യസേ, ആര്യപുത്രസ്യ പ്രിയം കർത്തുമിച്ഛാമി. യത്തവേഷ്ടം തന്മേ ഭണേതി' ഇതി]

ഇരാവതീ— ണാഅരിഏ! വിണ്ണവേഹി ദേവിം— 'കാ വഅം ഭട്ടിണിം ണിഓജേദും. പരിഅണണിഗ്ഗഹേണ മഇ ദംസിദോ സിണേഹോ. കസ്സ വാ അണ്ണസ്സ പസാദേണ അഅം ജണോ വഡ്ഢദി' ത്തി. [നാഗരികേ! വിജ്ഞാപയ ദേവീം— 'കാ വയം ഭട്ടിനീം നിയോജയിതും? പരിജനനിഗ്രഹേണ മയി ദർശിതഃ സ്നേഹഃ. കസ്യ വാന്യസ്യ പ്രസാദേനായം ജനോ വർദ്ധത' ഇതി]

നിപുണിക— ഇല്ലെങ്കിൽ ഞാൻ തമ്പുരാട്ടിയോടു അറിയിക്കുമോ?

ഇരാവതി— എന്നാൽ നമുക്കങ്ങോട്ടുതന്നെ പോവുക. പ്രാണസംശയത്തിൽനിന്നു് രക്ഷപ്പെട്ട തമ്പുരാന്റെ പ്രിയ സുഹൃത്തിനെ കാണാനും...

നിപുണിക— തമ്പുരാട്ടിയുടെ വാക്കു് മുഴുവനായില്ലെന്നു തോന്നുന്നു.

ഇരാവതി— ശരിയാണു്. ചിത്രത്തിലുള്ള തമ്പുരാന്റെ അടുക്കൽച്ചെന്നു് ക്ഷമായാചനം ചെയ്യാനും.

നിപുണിക— എന്നാൽ ഇപ്പോൾ നേരിട്ടുചെന്നിട്ടുതന്നെ തമ്പുരാന്റെ കോപം തീൎത്തുകൂടേ?

ഇരാവതി— മഠയി! ചിത്രത്തിലുള്ളതുപോലെത്തന്നെയാണല്ലോ മററൊരുത്തിയിൽ അഭിലാഷംപൂണ്ട ആൎയ്യപുത്രൻ. അവിടുത്തെ സാന്ത്വനവാക്കു് വകവെയ്ക്കാതെ പോന്നതിനു് പ്രായശ്ചിത്തം ചെയ്യേക്കാമെന്നു മാത്രമേ വിചാരിച്ചുള്ളു.

നിപുണിക— തമ്പുരാട്ടി ഇതിലേ ഇതിലേ.

(രണ്ടാളും ചുററിനടക്കുന്നു)

(പ്രവേശിച്ചിട്ടു)

ദാസി— തമ്പുരാട്ടിക്കു വിജയമുണ്ടാകട്ടെ. ദേവി അരുളിച്ചെയ്യുന്നു—'എനിക്കിപ്പോൾ മത്സരിക്കാനുള്ള കാലമല്ല. ഭവതിയുടെ അന്തസ്സു വദ്ധിപ്പിക്കാൻവേണ്ടി മാത്രമാണു് മാളവികയെ തോഴിയോടുകൂടി വിലങ്ങിട്ടു ബന്ധനത്തിലാക്കിയിട്ടുള്ളതു്. ഭവതിക്കു സമ്മതമാണെങ്കിൽ ആൎയ്യപുത്രന്റെ ഇഷ്ടം സാധിപ്പിച്ചാൽക്കൊള്ളാമെന്നുണ്ടു്. എന്താണഭിപ്രായമെന്നു പറഞ്ഞയക്കണം' എന്നു്.

ഇരാവതി— നാഗരികേ! ദേവിയെ അറിയിക്കു—'നാമാരാണു് അങ്ങോട്ടു കല്പിക്കാൻ. പരിജനങ്ങളെ ശിക്ഷിച്ചതുകൊണ്ടു എന്റെ പേരിൽ സ്നേഹം പ്രകാശിപ്പിച്ചിരിക്കുന്നു. മററാരുടെ അനുഗ്രഹംകൊണ്ടാണു് ഈയുള്ളവൾക്കു മേന്മയുണ്ടാകുന്നതു്?' എന്നു്.

ചേടീ— തഹ. [തഥാ] (ഇതി നിഷ്ക്രാന്താ)

നിപുണികാ— (പരിക്രമ്യാവലോക്യ ച) ഭട്ടിണി! എസോ ദുവാരുദ്ദേസേ സമുദ്ദഘരഅസ്സ വിപണിഗദോ വിഅ ബലീവദ്ദോ അജ്ജഗോദമോ ആസീണോ ഏവ്വ ണിദ്ദാഅദി. [ഭട്ടിനി! ഏഷ ദ്വാരോദ്ദേശേ സമുദ്രഗൃഹസ്യ വിപണിഗത ഇവ ബലീവർദ ആര്യഗൌതമ ആസീന ഏവ നിദ്രായതേ]

ഇരാവതീ— അച്ചാഹിദം! ണ ഖു സാവസേസവിസവിആരോ ഹവേ? [അത്യാഹിതം! ന ഖലു സാവശേഷവിഷവികാരോ ഭവേൽ?]

നിപുണികാ— പസണ്ണമുഹവണ്ണോ ദീസഇ. അവി അ ധുവസിദ്ധിണാ ചിഇച്ഛിദോ. താ സേ അസങ്കണിജ്ജം പാവം. [പ്രസന്നമുഖവർണ്ണോ ദൃശ്യതേ. അപി ച ധ്രുവസിദ്ധിനാ ചികിത്സിതഃ. തദസ്യാശങ്കനീയം പാപം]

വിദൂഷകഃ— (ഉൽസ്വപ്നായതേ) ഭോദി മാളവിഏ! (ഭവതി മാളവികേ!)

നിപുണികാ— സുദം ഭട്ടിണീഏ? കസ്സ എസോ അത്തണിഓഅസമ്പാദണേ വിസ്സസണിജ്ജോ ഹദാസോ? സവ്വകാലം ഇദോ എവ്വ സോത്ഥിവാഅണമോദഏഹിം കുച്ഛിം പൂരിഅ സമ്പദം മാളവിഅം ഊസിവിണാഅദി. [ശ്രുതം ഭട്ടിന്യാ? കസ്യൈഷ ആത്മനിയോഗസമ്പാദനേ വിശ്വസനീയോ ഹതാശഃ? സർവ്വകാലമിത ഏവ സ്വസ്തിവാചനമോദകൈഃ കുക്ഷിം പൂരയിത്വാ സാമ്പ്രതം മാളവികാമുൽസ്വപ്നായതേ]

വിദൂഷകഃ— . ഇരാവദിം അദിക്കമന്ദീ ഹോഹി. [ഇരാവതീമതിക്രാമന്തീ ഭവ]

നിപുണികാ— സുദം ഏദം അച്ചാഹിദം? ഇമം ഭുഅംഗഭീരുഅം ബംഹബന്ധും ഇമിണാ ഭുഅംഗകുഡിലേണ ദണ്ഡകട്ഠേണ തംഭന്ദരിദാ ഭാഅഇസ്സം. [ശ്രുതമേതദത്യഹിതം? ഇമം ഭുജംഗഭീരും ബ്രഹ്മബന്ധുമനേന ഭുജംഗകുടിലേന ദണ്ഡകാഷ്ഠേന സ്തംഭാന്തരിതാ ഭീഷയിഷ്യാമി]

ഇരാവതീ— അരുഹദി ഏവ്വ കിദഗ്ഘോ ഉവദ്ദവസ്സ. [അർഹത്യേവ കൃതഘ്ന ഉപദ്രവസ്യ]

(നിപുണികാ വിദൂഷകസ്യോപരി ദണ്ഡകാഷ്ഠം പാതയതി)

വിദൂഷകഃ— (സഹസാ പ്രബുദ്ധ്യ) അവിഹ അവിഹ ഭോ! ദവ്വീഅരോ മേ ഉവരി പഡിദോ. [അവിധാ അവിധാ ഭോഃ! ദർവ്വീകരോ മ ഉപരി പതിതഃ]

രാജാ— (സഹസോപസൃത്യ) സഖേ! ന ഭേതവ്യം ന ഭേതവ്യം.

മാളവികാ— (അനുസൃത്യ) ഭട്ടാ! മാ ദാവ സഹസാ ണിക്കമ. സപ്പോ ത്തി ഭണാദി. [ഭർത്തഃ! മാ താവൽ സഹസാ നിഷ്ക്രാമ. സർപ്പ ഇതി ഭണതി]

ദാസി— അങ്ങിനെതന്നെ. (പോകുന്നു)

നിപുണിക— (ചുററിനടന്നു നോക്കിയിട്ടു്) തമ്പുരാട്ടി! ഇതാ സമുദ്രഗൃഹത്തിന്റെ ഉമ്മറത്തു് അങ്ങാടിത്തെരുവിലെ കാളപോലെ ആര്യഗൌതമൻ ഇരുന്നുകൊണ്ടേ ഉറങ്ങുന്നു.

ഇരാവതി— കഷ്ടമേ! വിഷം മുഴുവനും ഇറങ്ങിയിട്ടില്ലെന്നുവരുമോ?

നിപുണിക— മുഖത്തിനു തെളിവു കാണുന്നുണ്ടു്. ധ്രുവസിദ്ധിയാണു് ചികിത്സിച്ചിട്ടുള്ളതും. അതുകൊണ്ടു് ആപത്തൊന്നും ശങ്കിക്കേണ്ടതില്ല.

വിദൂഷകൻ— (ഉറക്കപ്പിച്ചു പറയുന്നു) ശ്രീമതി മാളവികേ!

നിപുണിക— കേട്ടോ തമ്പുരാട്ടി? ആർക്കെങ്കിലും ഈ പാപിയെ വിശ്വസിച്ചു ഒരു കാര്യം ഏല്പിക്കാൻ പററുമോ? എന്നുമിവിടെ ദക്ഷിണയായി കിട്ടുന്ന അട തിന്നു വയറുനിറച്ചിട്ടു് ഇപ്പോൾ ഉറക്കത്തിൽ മാളവികയെ വിളിക്കുന്നു.

വിദൂഷകൻ— ഭവതി ഇരാവതിയേക്കാൾ മീതെയാവണം.

നിപുണിക— കേട്ടുവോ ആപൽക്കരമായ വാക്കു്? പാമ്പിന്റെ പേരു കേട്ടാൽ പേടിക്കുന്ന ഈ ദുഷ്ടബ്രാഹ്മണനെ പാമ്പിനെപ്പോലെ വളഞ്ഞ ഈ വടികൊണ്ടു തൂണു മറഞ്ഞുനിന്നു പേടിപ്പിക്കട്ടെ.

ഇരാവതി— കൃതഘ്നനായ ഇയാൾ ഈ ദ്രോഹത്തിന്നർഹനാണു്.

(നിപുണിക വിദൂഷകന്റെമേൽ വടിയെടുത്തിടുന്നു)

വിദൂഷകൻ— (ഞെട്ടിയുണർന്നു്) അയ്യയ്യോ! പാമ്പു് എന്റെമേൽ വീണു.

രാജാവു്— (പാഞ്ഞുവന്നു്) സഖേ! പേടിക്കേണ്ട പേടിക്കേണ്ട.

മാളവിക— (പിന്നാലെവന്നു്) തമ്പുരാനേ! പെട്ടെന്നു പോവല്ലേ. പാമ്പു് എന്നാണു് പറയുന്നതു്.

ഇരാവതീ— ഹദ്ധി ഹദ്ധി! ഭട്ടാ ഇദോ ഏവ്വ ധാവദി. [ഹാ ധിക് ഹാ ധിക്! ഭർത്താ ഇത ഏവ ധാവതി]

വിദൂഷകഃ— (സപ്രഹാസം) കഹം ദണ്ഡകട്ഠം ഏദം? അഹം ഉണ ജാണേ, ജം മഏ കേദഈകണ്ടഏഹിം ദംസം കരിഅ സപ്പസ്സ വിഅ ദംസോകിദോ, തം ഫലിദം ത്തി. [കഥം ദണ്ഡകാഷ്ഠമേതൽ? അഹം പുനർജാനേ, യന്മയാ കേതകീകണ്ടകൈർദംശം കൃത്വാ സപ്പസ്യേവ ദംശഃ കൃതഃ, തൽ ഫലിതമിതി]

(പ്രവിശ്യ പടാക്ഷേപേണ)

ബകുളാവലികാ— മാ ദാവ ഭട്ടാ പവിസദു. ഇഹ കുഡിലഗഈ സപ്പോ വിഅ ദീസഇ. [മാ താവൽ ഭർത്താ പ്രവിശതു. ഇഹ കടിലഗതിഃ സപ്പ ഇവ ദൃശ്യതേ]

ഇരാവതീ— (രാജാനം സഹസോപസൃത്യ) അവി ണിവ്വിഗ്ഘമണോരഹോ ദിവാസംകേദോ മിഹുണസ്സ? [അപി നിർവ്വിഘ്നമനോരഥോ ദിവാസങ്കേതോ മിഥുനസ്യ?]

(സർവ്വേ ഇരാവതീം ദൃഷ്ട്വാ സംഭ്രാന്താഃ)

രാജാ— പ്രിയേ! അപൂർവ്വോഽയമുപചാരഃ.

ഇരാവതീ— ബഉളാവലിഏ! ദിട്ഠിആ ഭൃച്ചാഹിആരവിസആ സംപുണ്ണാ ദേ പഡിണ്ണാ. [ബകുളാവലികേ! ദിഷ്ട്യാ ഭൃത്യാധികാരവിഷയാ സമ്പൂർണ്ണാ തേ പ്രതിജ്ഞാ]

ബകുളാവലികാ— പസീദദു ഭട്ടിണീ. കിം ണു ഖു ദദ്ദുരാ വാഹരന്ദി ത്തി ദേവ്വോ പുഢവീഏ വരിസിദും സുമരദി? [പ്രസീദതു ഭട്ടിനീ. കിം നു ഖലു ദർദ്ദുരാ വ്യാഹരന്തീതി ദേവഃ പൃഥിവ്യാം വർഷിതും സ്മരതി?]

വിദൂഷകഃ— മാ ദാവ. ഹോദീഏ ദംസണമത്തേണ അത്തഭവം പണിവാദലംഘണം വിസുമരിദോ. ഹോദീ ഉണ അജ്ജവി പസാദം ണ ഗേണ്ഹഇ. [മാ താവൽ. ഭവത്യാ ദർശനമാത്രേണാത്രഭവാൻ പ്രണിപാതലംഘനം വിസ്മൃതഃ. ഭവതീ പുനരദ്യാപി പ്രസാദം ന ഗൃഹ്ണാതി।]

ഇരാവതീ— കുവിദാ വി ദാണിം കിം കരിസ്സം? [കുപിതാപീദാനീം കിം കരിഷ്യാമി?]

രാജാ— അസ്ഥാനേ കോപ ഇത്യനുപപന്നം ത്വയി.

കദാ മുഖം വരതനു! കാരണാദൃതേ
തവാഗതം ക്ഷണമപി കോപപാത്രതാം?
അപർവണി ഗ്രഹകലുഷേന്ദുമണ്ഡലാ
വിഭാവരീ, കഥയ, കഥം ഭവിഷ്യതി? 16

ഇരാവതി— ഛെ ഛെ! തമ്പുരാനിങ്ങോട്ടു തന്നെ ഓടിവരുന്നു.

വിദൂഷകൻ— (പൊട്ടിച്ചിരിച്ചുകൊണ്ടു്) എന്തു്! വടിയാണോ ഇതു്? ഞാൻ വിചാരിച്ചു കൈതമുള്ളുകൊണ്ടു കീറി പാമ്പുകടിച്ചതുപോലെ പാടുണ്ടാക്കിയല്ലോ, അതു ശരിക്കും ഫലിച്ചുവെന്നു്.

(യവനിക പിടിക്കാതെ പ്രവേശിച്ചു്)

ബകുളാവലിക— തമ്പുരാൻ ഇങ്ങോട്ടെഴുന്നള്ളരുതേ. പാമ്പിഴഞ്ഞുവരുന്നുണ്ടെന്നു തോന്നുന്നു.

ഇരാവതി— (പെട്ടെന്നു രാജാവിന്റെ അടുക്കൽച്ചെന്നു്) പകൽ ഈ സങ്കേതസ്ഥലത്തുവെച്ചു് നിങ്ങളുടെ രണ്ടാളുകളുടേയും ആഗ്രഹം തടസ്സമൊന്നും കൂടാതെ സാധിച്ചുവല്ലോ?

(എല്ലാവരും ഇരാവതിയെകണ്ടു പരിഭ്രമിക്കുന്നു)

രാജാവു്— പ്രിയേ! പുതുമയുള്ളതാണല്ലോ ഈ ഉപചാരവാക്കു്.

ഇരാവതി— ബകുളാവലികേ! ഭാഗ്യംകൊണ്ടു നീ ഏററിരുന്ന ദൂതിയുടെ കൃത്യം നിറവേററിയല്ലോ.

ബകുളാവലിക— തമ്പുരാട്ടി! തിരുവുള്ളമുണ്ടാകണം. തവള പറയുന്നതുകൊണ്ടാണോ ദേവേന്ദ്രൻ ഭൂമിയിൽ മഴപൊഴിക്കാൻ വിചാരിക്കുന്നതു്?

വിദൂഷകൻ— അങ്ങനെ പറയരുതു്. ഭവതിയെ കണ്ടതോടുകൂടിത്തന്നെ തമ്പുരാൻ, നമസ്കാരം സ്വീകരിക്കാതെ കടന്നുപോയ അപരാധം മറന്നുകഴിഞ്ഞു. ഭവതിയ്ക്കാകട്ടെ ഇപ്പോഴും തെളിവു വന്നിട്ടില്ല.

ഇരാവതി— കോപിച്ചാൽത്തന്നെ ഇപ്പോൾ ഞാനെന്തുചെയ്യാനാണു്?

രാജാവു്— കാരണം കൂടാതെ കോപിക്കുന്നതു് ഭവതിക്കു യോജിച്ചതല്ല. സുന്ദരി! നിന്റെ മുഖം എന്നാണു് കാരണംകൂടാതെ അല്പസമയംപോലും കോപത്തിനു് പാത്രമായിട്ടുള്ളതു്? വാവിൻനാളല്ലാതെ രാത്രിയിൽ ചന്ദ്രബിംബത്തിനു് ഗ്രഹണംകൊണ്ടു മങ്ങൽ വരുന്നതെങ്ങനെ? പറയൂ.

ഇരാവതീ— അട്ഠാണേ ത്തി സൂട്ഠു വാഹരിദം അജ്ജഉത്തേണ. അണ്ണസങ്കന്ദേസു അംഹാണം ഭാഅഹേഏസു ജദി ഉണ കുപ്പേഅം, തദോ ഹസ്സാ ഭവേഅം. [അസ്ഥാന ഇതി സുഷ്ഠു വ്യാഹൃതമാര്യപുത്രേണ. അന്യസംക്രാന്തേഷ്വസ്മാകം ഭാഗധേയഷു യദി പുനഃ കുപ്യേയം, തതോ ഹാസ്യാ ഭവേയം]

രാജാ— ത്വമന്യഥാ കല്പയസി. അഹം പുനഃ സത്യമേവാത്ര കോപസ്ഥാനം ന പശ്യാമി.

നാർഹതി കൃതാപരാധോഽപ്യുത്സവദിവസേഷു പരിജനോ ദണ്ഡം
ഇതി മോചിതേ മയൈതേ പ്രണിപതിതും മാമുപഗതേ ച. 17

ഇരാവതീ— ണിഉണിഏ! ഗച്ഛ. ദേവിം വിണ്ണവേഹി. ദിട്ഠം ദേവീഏ പക്ഖവാഇത്തണം അജ്ജ ത്തി. [നിപുണികേ! ഗച്ഛ, ദേവീം വിജ്ഞാപയ ദൃഷ്ടം ദേവ്യാഃ പക്ഷപാതിത്വമദ്യേതി.

നിപുണികാ— തഹ. [തഥാ] (ഇതി നിഷ്ക്രാന്താ)

വിദൂഷകഃ— (ആത്മഗതം) അംഹോ! അണത്ഥോ സംവുത്തോ. ബന്ധണബ്ഭട്ടോ ഘരകവോദഓ ബിഡാലിആലോഏ പഡിദോ. [അഹോ! അനർത്ഥഃ സംവൃത്തഃ. ബന്ധനഭ്രഷ്ടോ ഗൃഹകപോതകോ ബിഡാലികാലോകേ പതിതഃ]

(പ്രവിശ്യ)

നിപുണികാ— (അപവാര്യ) ഭട്ടിണി! ജദിച്ഛാദിട്ഠാഏ മാഹവിആഏ ആചക്ഖിദം—'ഏവ്വം ഖു ഏദം ണിവ്വുത്തം' ത്തി. (കണ്ണേ കഥയതി) [ഭട്ടിനി! യദൃച്ഛാദൃഷ്ടയാ മാധവികയാഖ്യാതം—'ഏവം ഖല്വേതന്നിർവൃത്തമം' ഇതി]

ഇരാവതീ— (ആത്മഗതം) ഉവവണ്ണം. സച്ചം അഅം ഏത്ഥ ബംഹബന്ധുണാ ഉബ്ഭിണ്ണോ ദുപ്പഓഓ. (വിദൂഷകം വിലോക്യ പ്രകാശം) ഇഅം ഇമസ്സ കാമതന്തസചിവസ്സ ണീദി. [ഉപപന്നം. സത്യമയമത്ര ബ്രംഹബന്ധുനോൽഭിന്നോ ദുഷ്പ്രയോഗഃ. ഇയമസ്യ കാമതന്ത്രസചിവസ്യ നീതിഃ]

വിദൂഷകഃ— ഹോദി! ജഇ ണീദിഏ ഏക്കം വി അക്ഖരം പഢേഅം തദോ ണം മഏഅത്തഭവം പേസിദോ ഹവേ. [ഭവതി! യദി നീത്യാ ഏകമപ്യക്ഷരം പഠേയം, തതോ നനു മയാ അത്രഭവാൻ പ്രേഷിതോ ഭവേൽ]

ഇരാവതി— അസ്ഥാനത്തെന്ന് ആര്യപുത്രൻ പറഞ്ഞതു വളരെ ശരിയാണ്. ഞങ്ങളുടെ ഭാഗ്യങ്ങൾ മററൊരുത്തിയിലേക്കു പകർന്നതിനുശേഷവും കോപിക്കയാണെങ്കിൽ ഞാൻ പരിഹാസപാത്രമായിത്തീരുകയേ ഉള്ളൂ.

രാജാവ്— ഭവതി അർത്ഥം മാററി കല്പിക്കുകയാണ്. ഞാനാകട്ടെ സത്യമായിട്ടും ഇവിടെ കോപത്തിനു അവസരം കാണുന്നില്ല.

അപരാധം ചെയ്താലും ഉത്സവദിവസങ്ങളിൽ പരിജനങ്ങൾ ശിക്ഷയനുഭവിക്കുന്നതു ശരിയല്ല എന്നുകരുതി ഞാനിവരെ രണ്ടാളെയും വിട്ടുവിച്ചു. ഇവർ നമസ്കരിക്കുവാൻ എന്റെ അടുക്കലേക്കു വരുകയും ചെയ്തു. 17

ഇരാവതി— നിപുണികേ! ചെന്നു ദേവിയെ അറിയിക്കൂ— ദേവിയുടെ പക്ഷപാതം ഇന്നു കണ്ടുവെന്ന്.

നിപുണിക— അങ്ങിനെതന്നെ.

(പോകുന്നു)

വിദൂഷകൻ— (വിചാരം) അയ്യോ! അനർത്ഥം വന്നുചേർന്നുവല്ലോ. കൂടു വിട്ടു മാടപ്രാവു പൂച്ചയുടെ മുൻപിലാണല്ലോ വന്നുവീണതു്.

(പ്രവേശിച്ചിട്ട്)

നിപുണിക— (സ്വകാര്യമായി) തമ്പുരാട്ടി! യദൃച്ഛയാ കണ്ടുമുട്ടിയ മാധവിക പറഞ്ഞു—ഇങ്ങിനെയാണിതുണ്ടായതെന്ന്. (ചെവിയിൽ പറയുന്നു)

ഇരാവതി— (വിചാരം) അതു ശരി. യഥാർത്ഥത്തിൽ ഈ ദുഷ്ട ബ്രാഹ്മണന്റെ കപടതന്ത്രമാണിതെല്ലാം. (വിദൂഷകനെനോക്കി വെളിവായി) ഈ കാമകലാമന്ത്രിയുടെ നീതിപ്രയോഗമാണിതു്.

വിദൂഷകൻ— ശ്രീമതി! ഞാൻ നീതിശാസ്ത്രത്തിലെ ഒരക്ഷരമെങ്കിലും പഠിച്ചിരുന്നുവെങ്കിൽ ഞാൻ തിരുമേനിയെ ഇവിടുന്നു പറഞ്ഞയയ്ക്കുമായിരുന്നു.

രാജാ— (ആത്മഗതം) കഥം നു ഖലു അസ്മാൽ സങ്കടാദാത്മാനം മോചയിഷ്യാമി?

(പ്രവിശ്യ)

പ്രതീഹാരീ— (സാവേഗം) ദേവ! കുമാരീ വസുലച്ഛരീ കന്ദുഅം അണുധാവന്ദീ പിംഗലവാണരേണ ബലിഅം താസിദാ അങ്കണിസണ്ണാ ദേവീഏ പവാദകിസലഅം വിഅ വേവമാണാ ദാണിം വി പകിദിം ണ പഡിവജ്ജഇ. [ദേവ! കുമാരീ വസുലക്ഷ്മീഃ കന്ദുകമനുധാവന്തീ പിംഗലവാനരേണ ബലവത്ത്രാസിതാങ്കനിഷണ്ണാ ദേവ്യാഃ പ്രവാതകിസലയമിവ വേപമാനേദാനീമപി പ്രകൃതിം ന പ്രതിപദ്യതേ]

രാജാ— കഷ്ടം! കാതരോ ബാലഭാവഃ.

ഇരാവതീ— (സാവേഗം) തുവരദു തുവരദു അജ്ജഉത്തോ ണം സമാസാസിദും. മാ ദാവ സേ സന്താസജണിദോ വിആരോ വഡ്ഢദു. [ത്വരതാം ത്വരതാമാര്യ്യപുത്ര ഏനാം സമാശ്വാസയിതും. മാ താവദസ്യാഃ സന്ത്രാസജനിതോ വികാരോ വർദ്ധതാം]

രാജാ— അഹമേനാം സംജ്ഞാപയാമി. (ഇതി സത്വരം പരിക്രാമതി)

വിദൂഷകഃ— (ആത്മഗതം) സാഹു രേ പിംഗലവാണര! സാഹു! പരിത്താദോ തുഏ സപക്ഖോ. [സാധു രേ പിംഗലവാനര! സാധു! പരിത്രാതസ്ത്വയാ സ്വപക്ഷഃ]

[നിഷ്ക്രാന്തോ രാജാ വിദൂഷകശ്ച, ഇരാവതീ നിപുണികാ പ്രതീഹാരി ച]

മാളവികാ— ഹളാ! ദേവിം ചിന്തിഅ വേവദി മേ ഹിഅഅം. ണ ജാണേ അദോ വരം കിം വാ അണുഹവിദവ്വം ഹവിസ്സദിത്തി. [ഹളാ! ദേവീം ചിന്തയിത്വാ വേപതേ മേ ഹൃദയം. ന ജാനേഽതഃ പരം കിം വാനുഭവിതവ്യം ഭവിഷ്യതീതി]

(നേപഥ്യേ)

അച്ചരിഅം അച്ചരിഅം! അപുണ്ണേ എവ്വ പഞ്ജരത്തേ ദോഹലസ്സ മുഉളേഹിം സംണദ്ധോ തവണീആസോഓ. ജാവ ദേവീഏ ണിവേദേമി. [ആശ്ചര്യ്യമാശ്ചര്യ്യം! അപൂർണ്ണ ഏവ പഞ്ചരാത്രേ ദോഹദസ്യ മുകുളൈഃ സന്നദ്ധസ്തപനീയാശോകഃ. യാവദ്ദേവ്യൈ നിവേദയാമി]

(ഉഭേ ശ്രുത്വാ പ്രഹൃഷ്ടേ ഭവതഃ)

ബകുളാവലികാ— ആസസിദു സഹീ. സച്ചപ്പഇണ്ണാ ദേവീ. [ആശ്വസിതു സഖീ. സത്യപ്രതിജ്ഞാ ദേവീ]

രാജാവു്— (വിചാരം) ഈ ധർമ്മസങ്കടത്തിൽനിന്നു് എങ്ങിനെയാണു് തടി ഊരേണ്ടതു്.

(പ്രവേശിച്ചിട്ടു്)

പ്രതീഹാരി— (പരിഭ്രമത്തോടുകൂടി) മഹാരാജാവേ! രാജകുമാരി വസുലക്ഷ്മി പന്തിന്റെ പിന്നാലെ ഓടുമ്പോൾ മൊച്ചക്കുരങ്ങു വല്ലാതെ ഭയപ്പെടുത്തുകയാൽ ദേവിയുടെ മടിയിൽകിടന്നു് കാററത്തു തളിരുപോലെ കിടുകിടെ വറയ്ക്കുന്നു. ഇപ്പോഴും ബോധം വന്നിട്ടില്ല.

രാജാവു്— കഷ്ടം! പെട്ടെന്നു ഭയപ്പെടുന്നവരാണു് കുട്ടികൾ.

ഇരാവതി— (പരിഭ്രമത്തോടുകൂടി) വേഗം ചെല്ലൂ ആര്യപുത്രൻ, അവളെ ആശ്വസിപ്പിക്കുവാൻ. പേടിനിമിത്തമുണ്ടായിട്ടുള്ള അസുഖം വദ്ധിക്കാൻ ഇടവരരുതു്.

രാജാവു്— ഞാൻ ചെന്നു സമാധാനിപ്പിക്കാം.

(വേഗത്തിൽ ചുററി നടക്കുന്നു)

വിദൂഷകൻ— (വിചാരം) നന്നായെടോ മൊച്ചക്കുരങ്ങേ നന്നായി. താൻ കൂട്ടുകാരനെ രക്ഷിച്ചുവല്ലോ.

(രാജാവും വിദൂഷകനും ഇരാവതിയും നിപുണികയും പ്രതീഹാരിയും പോകുന്നു)

മാളവിക— തോഴി! ദേവിയെ വിചാരിച്ചിട്ടു് എന്റെ ഹൃദയം പിടയ്ക്കുന്നു. എനിക്കു നിശ്ചയമില്ല, ഇനി എന്തൊക്കെയാണു് അനുഭവിക്കേണ്ടിവരിക എന്നു്.

(അണിയറയിൽ)

അത്ഭുതമത്ഭുതം! പരിചരണം കഴിഞ്ഞിട്ടു് അഞ്ചുദിവസമാകുന്നതിനുമുൻപുതന്നെ പൊന്നശോകം നിറയെ മൊട്ടിട്ടിരിക്കുന്നു. വലിയ തമ്പുരാട്ടിയെ ചെന്നറിയിക്കുകതന്നെ.

(രണ്ടുപേരും കേട്ടു സന്തോഷിക്കുന്നു)

ബകുളാവലിക— സഖി! ആസ്വസിക്കൂ. ദേവി വാക്കു പാലിക്കാതിരിക്കുകയില്ല.

മാളവികാ— തേണ ഹി പമദവണപാലിആഏ പിട്ഠദോ ഹോമ്മ. [തേന ഹി പ്രമദവനപാലികായാഃ പൃഷ്ഠതോ ഭവാവഃ]

ബകുളാവലികാ— തഹ. [തഥാ]

(ഇതി നിഷ്ക്രാന്താഃ സർവ്വേ)

ഇതി ചതുർത്ഥോഽങ്കഃ

പഞ്ചമോഽങ്കഃ

പ്രവേശകഃ

(തതഃ പ്രവിശത്യുദ്യാനപാലികാ)

ഉദ്യാനപാലികാ— ഉവക്ഖിത്തോ മഏ കിദസക്കാരവിഹിണോ തവണീആസോഅസ്സ വേദിആബന്ധോ. ജാവ അണട്ഠിദണിഓഅം അത്താണം ദേവീഏ ണിവേദേമി. (പരിക്രമ്യ) അഹോ! ദേവ്വസ്സ അണുകംപണീആ മാളവിആ. ജം തസ്സിം തഹ ചണ്ഡീകിദാ ദേവീ ഇമിണാ അസോഅകുസുമവുത്തന്തേണ പസാദസുമുഹീ ഹവിസ്സദി. കഹിം ണു ഖു ദേവീ ഹവേ? (വിലോക്യ) അംഹോ! എസോ ദേവീഏ പരിഅണബ്ഭന്തരോ കിംവി ജദുമുദ്ദാലംച്ഛിദം മഞ്ചൂസിഅം ഗേണ്ഹിഅ ചദുസ്സാലാദോ കുജ്ജോ സാരസഓ ണിക്കാമദി. പുച്ഛിസ്സം ദാവ ണം. [ഉപക്ഷിപ്തോ മയാ കൃതസല്ക്കാരവിധേസ്നപനീയാശോകസ്യ വേദികാബന്ധഃ. യാവദനുഷ്ഠിതനിയോഗമാത്മാനം ദേവ്യൈ നിവേദയാമി. അഹോ! ദൈവസ്യാനുകമ്പനീയാ മാളവികാ, യത്തസ്യാം തഥാ ചണ്ഡീകൃതാ ദേവ്യനേനാശോകകുസുമവൃത്താന്തേന പ്രസാദസുമുഖീ ഭവിഷ്യതി. കത്ര നു ഖലു ദേവീ ഭവേൽ? അഹോ! ഏഷ ദേവ്യാഃ പരിജനാഭ്യന്തരഃ കിമപി ജതുമുദ്രാലാഞ്ഛിതാം മഞ്ജൂഷികാം ഗൃഹീത്വാ ചതുഃശാലാൽ കുബ്ജഃ സാരസകോ നിഷ്ക്രാമതി. പ്രക്ഷ്യാമി താവദേനം]

(തതഃ പ്രവിശതി യഥാനിർദ്ദിഷ്ടഃ കുബ്ജഃ)

ഉദ്യാനപാലികാ— (ഉപസൃത്യ) സാരസഅ! കഹിം പത്ഥിദോസി? [സാരസക! കത്ര പ്രസ്ഥിതോഽസി?]

സാരസകഃ— മഹുഅരിഏ! വേഅപാരആണം ബംഹണാണം ണിച്ചദക്ഖിണാ ദാദവ്വാ. താ അജ്ജപുരോഹിദസ്സ ഹത്ഥം പാവഇസ്സം. [മധുകരികേ! വേദപാരഗേഭ്യോ ബ്രാഹ്മണേഭ്യോ നിത്യദക്ഷിണാ ദാതവ്യാ. തദാര്യപുരോഹതസ്യ ഹസ്തം പ്രാപയിഷ്യാമി]

മാളവിക— എന്നാൽ നമുക്കു് ഉദ്യാനപാലികയുടെ പിന്നാലെ കൂടാം.

ബകുളാവലിക— അങ്ങിനെതന്നെ.

(എല്ലാവരും പോകുന്നു)

നാലാമങ്കം കഴിഞ്ഞു

അഞ്ചാമങ്കം

പ്രവേശകം

(അനന്തരം ഉദ്യാനപാലിക പ്രവേശിക്കുന്നു)

ഉദ്യാനപാലിക— വേണ്ടവിധം സല്ക്കാരം ചെയ്തിട്ടുള്ള പൊന്നശോകത്തിന്റെ തറ വൃത്തിയാക്കിക്കഴിഞ്ഞു. ഇനി കല്പന ചെയ്തുതീൎത്ത വിവരം ദേവിയെച്ചെന്നറിയിച്ചേക്കാം. അത്ഭുതം! ദൈവകാരുണ്യമുണ്ടു് മാളവികയ്ക്കു്. ആ കുട്ടിയുടെപേരിൽ അത്രമാത്രം കോപിപ്പിക്കപ്പെട്ട വലിയ തമ്പുരാട്ടിക്കു് ഈ അശോകം പൂത്ത വൎത്തമാനം കേട്ടാൽ സന്തോഷിച്ചു് മുഖം തെളിയാതിരിക്കയില്ല. എവിടെയായിരിക്കും വലിയ തമ്പുരാട്ടി? (നോക്കിയിട്ടു്) ഓഹോ! ഇതാ ദേവിയുടെ പരിജനങ്ങളിൽപ്പെട്ട കൂനൻ സാരസകൻ അരക്കിട്ടു മുദ്രവെച്ചിട്ടുള്ള ഒരു പെട്ടിയുമായി നാലുകെട്ടിൽ നിന്നു കടന്നുവരുന്നു. ഇയാളോടു ചോദിക്കാം.

(അനന്തരം ആ വിധത്തിലുള്ള സാരസകൻ പ്രവേശിക്കുന്നു)

ഉദ്യാനപാലിക— (അടുത്തുചെന്നു്) സാരസക! എവിടേയ്ക്കാണു് പുറപ്പെട്ടിരിക്കുന്നതു്?

സാരസകൻ— മധുകരികേ! വേദപണ്ഡിതന്മാരായ ബ്രാഹ്മണൎക്കു നിത്യദക്ഷിണ കൊടുക്കേണ്ടതുണ്ടു്. അതു പുരോഹിതന്റെ കയ്യിൽ എത്തിച്ചുകൊടുക്കാൻ പോകയാണു്.

മധുകരികാ— കിം ണിമിത്തം? [കിം നിമിത്തം?]

സാരസകഃ— ജദാ പഹുദി സുദം സേണാവഇണാ ജണ്ണതുരഗരക്ഖണേ ണിഉത്തോ ഭട്ടിദാരഓ വസുമിത്തോ ത്തി, തദാ പഹുദി തസ്സ ആഉസോ ണിമിത്തം അട്ടാദസസുവണ്ണപമാണം ദക്ഖിണം ദേവീ ദക്ഖിണീഎഹിം പഡിഗ്ഗാഹേദി. [യദാപ്രഭൃതി ശ്രുതം, സേനാപതിനാ യജ്ഞതുരഗരക്ഷണേ നിയുക്തോ ഭർത്തൃദാരകോ വസുമിത്ര ഇതി, തദാപ്രഭൃതി തസ്യായുഷോനിമിത്തമഷ്ടാദശസുവർണ്ണപ്രമാണാം ദക്ഷിണാം ദേവീ ദക്ഷിണീയൈഃ പ്രതിഗ്രാഹയതി.]

മധുകരികാ— ജുജ്ജഇ. അഹ കഹിം ദേവീ? കിം വാ അണചിട്ഠദി? [യുജ്യതേ. അഥ കുത്ര ദേവീ? കിം വാനുതിഷ്ഠതി?]

സാരസകഃ— മംഗളഘരേ ആസണത്ഥാ ഭവിഅ വിദബ്ഭവിസഅദോ ഭാദുണാ വീരസേണേണ പേസിദം ലേഹം ലേഹകരേഹിം വാഇഅമാണം സുണാദി. [മംഗളഗൃഹ ആസനസ്ഥാ ഭൂത്വാ വിദർഭവിഷയാൽഭ്രാത്രാ വീരസേനേന പ്രേഷിതം ലേഖം ലേഖകരൈർവാച്യമാനം ശൃണോതി]

മധുകരികാ— കോ ഉണ വിദബ്ഭരാഅവുത്തന്തോ സുണീഅദി? [കഃ പുനർവിദർഭരാജവൃത്താന്തഃ ശ്രൂയതേ?]

സാരസകഃ— വസീകിദോ കില വീരസേണപ്പമുഹേഹിം ഭത്തുണോ വിജഅദണ്ഡേഹിം വിദബ്ഭണാഹോ. മോഇദോ സേ ദാആദോ മാഹവസേണോ. തേണ മഹാസാരാഇ രഅണാഇ വാഹണാഇ സിപ്പആരിആഭൂഇട്ഠം പരിഅണം അഉവാഅണീകരിഅ ഭട്ടിണോ സആസം പേസിദോ ദൂദോ സുവോ കില ഭട്ടാരം പേക്ഖിസ്സദി, [വശീകൃതഃ കില വീരസേനപ്രമുഖൈർഭർത്തുർവിജയദണ്ഡൈർവിദർഭനാഥഃ മോചിതോഽസ്യ ദായാദോ മാധവസേനഃ. തേന മഹാസാരാണി രത്താനി വാഹനാനി ശില്പകാരികാഭൂയിഷ്ഠം പരിജനം ചോപായനീകൃത്യ ഭർത്തുഃ സകാശം പ്രേഷിതോ ദൂതഃ ശ്വഃ കില ഭർത്താരം ദ്രക്ഷ്യതി]

മധുകരികാ— ഗച്ഛ, അണചിട്ഠ അത്തണോ ണിഓഅം. അഹം വി ദേവിം പേക്ഖിസ്സം. [ഗച്ഛ, അനുതിഷ്ഠാത്മനോ നിയോഗം. അഹമപി ദേവീം ദ്രക്ഷ്യാമി]

(ഇതി നിഷ്ക്രാന്തൗ)

ഇതി പ്രവേശകഃ

മധുകരിക— എന്തു വകയാണീ ദക്ഷിണ?

സാരസകൻ— സേനാപതി യാഗക്കുതിരയെ രക്ഷിക്കാൻ രാജകുമാരൻ വസുമിത്രനെ നിയോഗിച്ചുവെന്നു കേട്ടന്നുമുതൽ ആ കുമാരൻെറ ആയുസ്സിനുവേണ്ടി പതിനെട്ടു പവൻവീതം ദക്ഷിണസ്സൂർഹതയുള്ള ബ്രാഹ്മണക്കു ദേവി ദാനംചെയ്യാറുണ്ടു്.

മധുകരിക— ശരി. അപ്പോൾ വലിയ തമ്പുരാട്ടി എവിടെയാണു്? എന്താണു് ചെയ്യുന്നതു്?

സാരസകൻ— മംഗളഗൃഹത്തിൽ പീഠത്തിലിരുന്നു വിദൎഭരാജ്യത്തുനിന്നു സഹോദരൻ വീരസേനൻ അയച്ചിട്ടുള്ള എഴുത്തു് എഴുത്തുകാരെക്കൊണ്ടു വായിപ്പിച്ചു കേൾക്കുകയാണു്.

മധുകരിക— എന്താണു് പിന്നെ വിദൎഭരാജാവിൻെറ വത്തമാനം?

സാരസകൻ— വീരസേനൻ മുതലായ തമ്പുരാൻെറ വിജയപ്പടയാളികൾ വിദൎഭരാജാവിനെ കീഴടക്കിയത്രേ, ഇവിടത്തെ ബന്ധുവായ മാധവസേനനെ മോചിപ്പിക്കുകയും ചെയ്തു. ആ മാധവസേനൻ വളരെ വിലപിടിച്ച രത്നങ്ങളേയും വാഹനങ്ങളേയും ഒട്ടേറെ കലാകുശലകളോടുകൂടിയ പരിജനങ്ങളേയും തിരുമുൽക്കാഴ്ചയായിക്കൊടുത്തു തമ്പുരാൻെറ അടുക്കലേക്കു് ഒരു ദൂതനെ അയച്ചിട്ടുണ്ടു്. ആ ദൂതൻ നാളെ തമ്പുരാനെ കാണുമത്രേ.

മധുകരിക— പോയി സ്വന്തം ജോലിനോക്കൂ. ഞാനും ദേവിയെ കാണട്ടേ.

(രണ്ടുപേരും പോകുന്നു)

പ്രവേശകം കഴിഞ്ഞു

(തതഃ പ്രവിശതി പ്രതീഹാരീ)

പ്രതീഹാരീ— ആണത്തംഹി അസോഅസക്കാരവ്വാവുദാഏ ദേവീഏ വിണ്ണവേഹി അജ്ജഉത്തം—'ഇച്ഛാമി അജ്ജഉത്തേണ സഹ അസോഅരുക്ഖസ്സ പസൂണലച്ഛിം പച്ചക്ഖീകാദും' ത്തി. താ ജാവ് ധമ്മാസണഗദം ദേവം പഡിവാലേമി. [ആജ്ഞപ്താസ്മ്യശോകസൽക്കാരവ്യാപൃതയാ ദേവ്യാ വിജ്ഞാപയ ആര്യ്യപുത്രം—'ഇച്ഛാമ്യാര്യ്യപുത്രേണ സഹാശോകവൃക്ഷസ്യ പ്രസൂനലക്ഷ്മീം പ്രത്യക്ഷീകർത്തും' ഇതി. തദ്യാവൽധർമ്മാസനഗതം ദേവം പ്രതിപാലയാമി]

(ഇതി പരിക്രാമതി)

(നേപഥ്യേ)

വൈതാളികൌ— ദിഷ്ട്യാ ദണ്ഡേനൈവാരിശിരഃസു വർത്തതേ ദേവഃ.

പ്രഥമഃ—

പരഭൃതകളവ്യാഹാരേഷു ത്വമാത്തരതിർമധും
നയസി വിദിശാതീരോദ്യാനേഷ്വനംഗ ഇവാംഗവാൻ
വിജയകരിണാമാളാനത്വം ഗതൈഃ പ്രബലസ്യ തേ
വരദ! വരദാരോധോവൃക്ഷൈഃ സഹാവനതോ രിപുഃ. 1

ദ്വിതീയഃ—

വിരചിതപദം വീരപ്രത്യാ സുരോപമ! സൂരിഭി—
ശ്ചരിതമുഭയോർമദ്ധ്യേകൃത്യ സ്ഥിതം ക്രഥകൈശികാൻ
തവ ഹൃതവതോ ദണ്ഡാനീകൈർവിദർഭപതേഃ ശ്രിയം
പരിഘഗുരുഭിർദോർഭിഃ ശൌരേഃ പ്രസഹ്യ ച രുക്മിണിം. 2

പ്രതീഹാരീ— എസോ ജഅസദ്ദസൂഇദപ്പത്ഥാണോ ഭട്ടാ ഇദോ എവ്വ ആഅച്ഛദി. അഹം വി ദാവ ഇമസ്സ പമുഹാദോ കിംവി ഓസരിഅ ഏദം മുഹാളിന്ദതോരണം സമസ്സിദാ ഹോമി. [ഏഷ ജയശബ്ദസൂചിതപ്രസ്ഥാനോ ഭർത്തേത ഏവാഗച്ഛതി. അഹമപി താവദസ്യ പ്രമുഖാൽ കിമപ്യപസൃത്യ ഏതന്മുഖാളിന്ദതോരണം സമാശ്രിതാ ഭവാമി.] (ഇത്യേകാന്തേ സ്ഥിതാ)

(തതഃ പ്രവിശതി സവയസ്യോ രാജാ)

രാജാ—

കാന്താം വിചിന്ത്യ സുലഭേതരസംപ്രയോഗാം
ശ്രുത്വാ വിദർഭപതിമാനമിതം ബലൈശ്ച
ധാരാഭിരാതപ ഇവാഭിഹതം സരോജം
ദുഃഖായതേ മമ മനഃ സുഖമശ്നുതേ ച. 3

വിദൂഷകഃ— ജഹ അഹം പേക്ഖാമി തഹ ഏക്കന്തസുഹിദോ ഭവം ഹവിസ്സദി. [യഥാഹം പശ്യാമി, തഥാ ഏകാന്തസുഖിതോ ഭവാൻ ഭവിഷ്യതി]

(അനന്തരം ദ്വാരപാലിക പ്രവേശിക്കുന്നു)

ദ്വാരപാലിക— അശോകത്തെ സൽക്കരിക്കുന്നതിൽ ഏല്പ്പെട്ടിട്ടുള്ള വലിയ തമ്പുരാട്ടി കല്പിച്ചിരിക്കുന്നു— 'ആര്യ്യപുത്രനെ ചെന്നറിയിക്കൂ. എനിക്ക് ആര്യ്യപുത്രനോടുകൂടി അശോകമരത്തിന്മേൽ സമൃദ്ധിയായുണ്ടായ പൂക്കളുടെ ഭംഗി കാണുവാൻ ആഗ്രഹമുണ്ടു'' എന്ന്. അതുകൊണ്ടു ഞാൻ ആസ്ഥാനമണ്ഡപത്തിലെഴുന്നെള്ളിയിരിക്കുന്ന മഹാരാജാവിനെ കാത്തുനിൽക്കുകതന്നെ.

(ചുററിനടക്കുന്നു)

(അണിയറയിൽ)

വൈതാളികന്മാർ— ഭാഗ്യംകൊണ്ടു സൈന്യബലത്താൽത്തന്നെ മഹാരാജാവു ശത്രുക്കളെ കീഴടക്കിയിരിക്കുന്നു.

ഒന്നാമൻ—

അവിടുന്ന് ഉടലെടുത്ത കാമദേവനെപ്പോലെ വിദിശാനദിയുടെ കരയ്ക്കുള്ള പൂങ്കാവുകളിൽ ആൺകുയിലുകളുടെ മധുരശബ്ദങ്ങളിൽ കൌതുകം പൂണ്ടുകൊണ്ടു വസന്തസുഖമനുഭവിക്കുന്നു. കീഴടങ്ങുന്നവർക്ക് അഭീഷ്ടങ്ങളെല്ലാം നൽകുന്ന മഹാരാജാവേ! മഹാശക്തനായ അവിടുത്തെ വിജയഗജങ്ങളെ തളച്ചിട്ടുള്ള വരദാതീരവൃക്ഷങ്ങളോടൊപ്പം ശത്രു തല കുനിച്ചിരിക്കുന്നു. 1

രണ്ടാമൻ—

അല്ലയോ ദേവതുല്ല്യപ്രതാപനായ മഹാരാജാവേ! കവികൾ വീരന്മാരുടെ പേരിലുള്ള ബഹുമാനത്താൽ വിദർഭരാജ്യത്തു നടന്നിട്ടുള്ള രണ്ടുപേരുടെ ചരിത്രത്തെക്കുറിച്ചു പ്രബന്ധങ്ങൾ നിർമ്മിച്ചിരിക്കുന്നു. ഒന്ന്, സൈന്യങ്ങളെ അയച്ചു വിദർഭരാജാവിന്റെ രാജ്യലക്ഷ്മിയെ കൈവശപ്പെടുത്തിയ അവിടുത്തെ ചരിത്രത്തെക്കുറിച്ചും, മറ്റൊന്ന്, ഇരുമ്പിൻതണ്ടുകൾപോലെ കരുത്തുറ്റ കൈകളെക്കൊണ്ടു രുഗ്മിണിയെ ബലമായി അപഹരിച്ച ശ്രീകൃഷ്ണന്റെ ചരിത്രത്തെക്കുറിച്ചും. 2

പ്രതീഹാരി— ഇതാ തമ്പുരാൻ ഈ വഴിക്കുതന്നെ വരുന്നുണ്ടെന്ന് ഈ ജയശബ്ദം സൂചിപ്പിക്കുന്നു. അതുകൊണ്ടു ഞാനും മുൻപിൽനിന്നല്പം മാറി ഉമ്മറത്തൊരു ഭാഗത്തേക്ക് ഒതുങ്ങിനിന്നേക്കാം.

(ഒരുകിലേക്കു വിട്ടുമാറിനിൽക്കുന്നു)

(അനന്തരം തോഴനോടുകൂടി രാജാവു പ്രവേശിക്കുന്നു)

രാജാവ്—

പ്രിയയുടെ സമാഗമം ദുർല്ലഭമാണെന്നു വിചാരിച്ചും വിദർഭരാജാവിനെ സൈന്യങ്ങൾ കീഴടക്കിയെന്നു കേട്ടും എന്റെ മനസ്സിനു വെയിലത്തുനിൽക്കുന്ന താമരപ്പൂവിനു മഴയേറ്റിട്ടെന്നപോലെ ദുഃഖത്തോടൊപ്പം സുഖവുമുണ്ടാകുന്നു. 3

വിദൂഷകൻ— എനിക്കു തോന്നുന്നതു്, അവിടുത്തേക്കടുത്തുതന്നെ പരിപൂർണ്ണസുഖം വരുമെന്നാണ്.

രാജാ— കഥമിവ?

വിദൂഷകഃ— അജ്ജ കില ദേവീഏ ധാരിണീഏ പണ്ഡിദകോസിഈ ഭണിദാ—'ഭഅവദി! ജഇ തുമം പസാഹണഗവ്വം വഹേസി, താ ദംസേഹി മാളവിആഏ സരീരേ വൈദബ്ഭം വിവാഹണേവച്ഛം' ത്തി. താഏ വി സവിസേസാലംകിദാ മാളവിആ. തത്തഹോദീ കദാ വി പൂരഏ ഭവദോ മണോരഹം. [അദ്യ കില ദേവ്യാ ധാരിണ്യാ പണ്ഡിതകൌശികീ ഭണിതാ—'ഭഗവതി! യദിത്വം പ്രസാധനഗർവ്വം വഹസി, തദ്ദർശയ മാളവികായാഃ ശരീരേ വൈദർഭം വിവാഹനേപഥ്യ'മിതി. തയാപി സവിശേഷാലംകൃതാ മാളവികാ. തത്രഭവതീ കദാപി പൂരയേൽഭവതോ മനോരഥം]

രാജാ— സഖേ! മദപേക്ഷാനുവൃത്ത്യാ നിവൃത്തേർഷ്യായാ ധാരിണ്യാഃ പൂർവ്വചരിതൈഃ സംഭാവ്യമേതൽ.

പ്രതീഹാരീ— (ഉപഗമ്യ) ജേദു ഭട്ടാ. ദേവീ വിണ്ണവേദി—'തവണീആസോഅസ്സ കുസുമസോഹാദംസണേണ മഹ ആരംഭോ സഫലീകരീഅദു' ത്തി. [ജയതു ഭർത്താ. ദേവീ വിജ്ഞാപയതി—'തപനീയാശോകസ്യ കുസുമശോഭാദർശനേന മമാരംഭഃ സഫലീക്രിയതാ'മിതി]

രാജാ— നനു തത്രൈവ ദേവീം?

പ്രതീഹാരീ— അഹഇം. ജഹാരുഹസംമാണസുഹിദം അന്തേഉരം വിസജ്ജിഅ മാളവിആപുരോഏണ അത്തണോ പരിഅണേണ സഹ ദേവം പഡിവാലേദി. [അഥ കിം. യഥാർഹസമ്മാനസുഖിതമന്തഃപുരം വിസൃജ്യ മാളവികാപുരോഗേണാത്മനഃ പരിജനേന സഹ ദേവം പ്രതിപാലയതി]

രാജാ— (സഹർഷം വിദൂഷകം വിലോക്യ) ജയസേനേ! ഗച്ഛാഗ്രതഃ.

പ്രതീഹാരീ— ഇദോ ഇദോ ദേവോ. [ഇത ഇതോ ദേവഃ]

(ഇതി പരിക്രാമതി)

വിദൂഷകഃ— (വിലോക്യ) ഭോ വഅസ്സ! കിംചി പരിവുത്തജോവ്വണോ വിഅ വസന്തോ പമദവണേ ലക്ഖീഅദി. [ഭോ വയസ്യ! കിംചിൽപരിവൃത്തയൌവ്വന ഇവ വസന്തഃ പ്രമദവനേ ലക്ഷ്യതേ]

രാജാ— യഥാഹ ഭവാൻ.

അഗ്രേ വികീർണ്ണകുരവകഫലജാലകഭിദ്യമാനസഹകാരം
പരിണാമാഭിമുഖമൃതോരുത്സുകയതി യൌവനം ചേതഃ. 4

രാജാവ്— എങ്ങിനെയാണതു്?

വിദൂഷകൻ— ഇന്നു ധാരിണീദേവി പണ്ഡിതകൌശികിയോടു പറഞ്ഞുവത്രേ— 'ഭഗവതി! അവിടുത്തേയ്ക്കു് അണിഞ്ഞൊരുക്കുന്ന കാര്യത്തിൽ താൻ വളരെ നിപുണയാണെന്നു് അഹങ്കാരമുണ്ടെങ്കിൽ ഇന്നു മാളവികയുടെ ശരീരത്തിൽ വിദർഭരാജ്യത്തെ പതിവനുസരിച്ചു വിവാഹവേഷസംവിധാനം നിർവ്വഹിക്കു' എന്നു്. അവർ മാളവികയെ വളരെ ഭംഗിയായി അലങ്കരിച്ചിട്ടുമുണ്ടു്. ശ്രീമതി ധാരിണീദേവി ഒരുപക്ഷേ അവിടുത്തെ ആഗ്രഹം നിറവേററിയേക്കും.

രാജാവ്— സഖേ! എന്നെ സന്തോഷിപ്പിക്കുവാൻ ധാരിണീദേവി ഈഷ്യ വെടിഞ്ഞു മുൻപു ചെയ്തിട്ടുള്ള കാര്യങ്ങൾ നോക്കുകയാണെങ്കിൽ ഇതു സംഭവിക്കാവുന്നതാണു്.

പ്രതീഹാരി— (അടുത്തുചെന്നു്) മഹാരാജാവിനു വിജയമുണ്ടാകട്ടെ. വലിയതമ്പുരാട്ടി അറിയിക്കുന്നു— 'പൊന്നശോകത്തിൻെറ പൂക്കളുടെ ഭംഗി ഒന്നു വന്നുകണ്ടു് എൻെറ പ്രയത്നം സഫലമാക്കിത്തരണം' എന്നു്.

രാജാവ്— ദേവി അവിടെത്തന്നെയുണ്ടോ?

പ്രതീഹാരി— അന്തഃപുരത്തിലുള്ളവരെ യഥോചിതങ്ങളായ സമ്മാനങ്ങങ്ങൾ കൊടുത്തു സന്തോഷിപ്പിച്ചു പറഞ്ഞയച്ചിട്ടു മാളവിക തുടങ്ങിയ തൻെറ പരിജനങ്ങളോടുകൂടെ മഹാരാജാവിനെ കാത്തിരിക്കുകയാണു്.

രാജാവ്— (സന്തോഷത്തോടുകൂടി വിദൂഷകനെ നോക്കി) ജയസേനേ! മുൻപിൽ നടക്കു.

പ്രതീഹാരി— മഹാരാജാവു് ഇതിലെ ഇതിലെ.

(ചുററിനടക്കുന്നു)

വിദൂഷകൻ— (നോക്കിയിട്ടു്) തോഴരേ! പൂങ്കാവിൽ വസന്തത്തിനു യൌവനം കുറച്ചൊന്നു തിരിച്ചുവന്നതുപോലെ തോന്നുന്നു.

രാജാവ്— താങ്കൾ പറയുന്നതു ശരിയാണു്.

ചെങ്കുറുഞ്ഞിപ്പൂവു മുന്നിൽ കൊഴിഞ്ഞുകിടക്കുന്നു. തേന്മാവിൽ നിറയെ കണ്ണിമാങ്ങക്കുലകൾ കാണുന്നുണ്ടു്. വസന്തത്തിൻെറ അവസാനിക്കാൻ തുടങ്ങുന്ന ഈ യൌവനം മനസ്സിൽ ഉൽക്കണ്ഠയുളവാക്കുന്നു. 4

വിദൂഷകഃ— (പരിക്രമ്യ) അഹോ! അഅം സോ ദിണ്ണണേവച്ഛോ വിഅ കുസുമത്ഥവഏഹിം തവണീആസോഓ. ഓലോഏദു ഭവം. [അഹോ! അയം സ ദത്തനേപഥ്യ ഇവ കുസുമസ്തബകൈസ്തപനീയാശോകഃ. അവലോകയതു ഭവാൻ]

രാജാ— സ്ഥാനേ ഖല്വയം പ്രസവമന്ഥരോഽഭൂൽ. യദയമിദാനീമനന്യസാധാരണീം ശോഭാമുദ്വഹതി. പശ്യ—

സർവ്വാശോകതരൂണാം പ്രഥമം സൂചിതവസന്തവിഭവാനാം
നിർവ്വൃത്തദോഹദേഽസ്മിൻ സംക്രാന്താനീവ കുസുമാനി. 5

വിദൂഷകഃ— ഭോ! വീസദ്ധോ ഹോഹി. അംഹേസു സംണിഹിദേസു വി ധാരിണീ പാസപരിവട്ടിണിം മാളവിഅം അണുമണ്ണേദി. [ഭോഃ! വിസ്രബ്ധോ ഭവ. അസ്മാസു സന്നിഹിതേഷ്വപി ധാരിണീ പാർശ്വപരിവർത്തിനീം മാളവികാമനുമന്യതേ]

രാജാ— (സഹർഷം) സഖേ! പശ്യ—

മാമിയമഭ്യുത്തിഷ്ഠതി ദേവീ വിനയാദന്വുത്ഥിതാ പ്രിയയാ
വിസ്തൃതഹസ്തകമലയാ നരേന്ദ്രലക്ഷ്മ്യാ വസുമതീവ. 6

(തതഃ പ്രവിശതി ധാരിണീ മാളവികാ പരിവ്രാജികാ വിഭവതശ്ച പരിവാരഃ)

മാളവികാ— (ആത്മഗതം) ജാണാമി ണിമിത്തം കോദുആലങ്കാരസ്സ. തഹ വി ബിസിണീപത്തഗദം വിഅ സലിലം വേവദി മേ ഹിഅഅം. അവിഅ, ദക്ഖിണേദരം വി ണഅണം ബഹുസോ ഫുരദി. [ജാനാമി നിമിത്തം കൗതുകാലങ്കാരസ്യ. തഥാപി ബിസിനീപത്രഗതമിവ സലിലം വേപതേ മേ ഹൃദയം. അപി ച, ദക്ഷിണേതരദപി മേ നയനം ബഹുശഃ സ്ഫുരതി]

വിദൂഷകഃ— ഭോ വഅസ്സ! വിവാഹണേവച്ഛേണ സവിസേസം ഖു സോഹദി മാളവിആ. [ഭോ വയസ്യ! വിവാഹനേപഥ്യേന സവിശേഷം ഖലു ശോഭതേ മാളവികാ]

രാജാ— പശ്യാമ്യേനാം. യൈഷാ—

അനതിലംബിദുകൂലനിവാസിനീ
ബഹുഭിരാഭരണൈഃ പ്രതിഭാതി മേ
ഉഡുഗണൈരുദയോന്മുഖചന്ദ്രികാ
ഗതഹിമൈരിവ ചൈത്രവിഭാവരീ. 7

ദേവീ— (ഉപേത്യ) ജേദു അജ്ജഉത്തോ. [ജയത്വാര്യപുത്രഃ]

വിദൂഷകഃ— വഡ്ഢദു ഭോദീ. [വർദ്ധതാം ഭവതീ]

പരിവ്രാജികാ— വിജയതാം ദേവഃ.

രാജാ— ഭഗവതി! അഭിവാദയേ.

വിദൂഷകൻ— (ചുററിനടന്നു്) അമ്പോ! ഇതാ പൂങ്കുലകളെക്കൊണ്ടു് അലങ്കരിച്ചുനിൎത്തിയതുപോലുള്ള ആ പൊന്നശോകം അവിടന്നു നോക്കൂ.

രാജാവ്— ഇതു പൂക്കാൻ അമാന്തം കാണിച്ചതു നന്നായി. ഇപ്പോളിതു മറെറല്ലാററിനേക്കാളും അഴകുള്ളതായിത്തീൎന്നിരിക്കുന്നു. നോക്കൂ—

ആദ്യം വസന്തത്തിന്റെ വൈഭവം കാണിച്ച എല്ലാ അശോകവൃക്ഷങ്ങളിലേയും പൂക്കളും വേണ്ടുംവണ്ണം പരിചരണം സിദ്ധിച്ച ഇതിന്മേൽ സംക്രമിച്ചതുപോലെ തോന്നുന്നു. 5

വിദൂഷകൻ— തോഴരേ! സമാധാനിച്ചുകൊള്ളൂ. നാം അടുത്തെത്തിയിട്ടും ധാരിണി മാളവികയെ അടുത്തു നിൽക്കാൻ സമ്മതിക്കുന്നുണ്ടു്.

രാജാവ്— (സന്തോഷത്തോടുകൂടി) സഖേ! നോക്കൂ—

വിടൎന്ന കരപത്മങ്ങളോടുകൂടിയ രാജലക്ഷ്മിയോടൊപ്പം ഭൂമിദേവി എന്നപോലെ ഇതാ ദേവി എഴുന്നേററു വിനയത്താൽ ഒപ്പം എഴുന്നേററ പ്രിയതമയോടുകൂടി, എന്നെ എതിരേല്ക്കാൻ വരുന്നു. 6

(അനന്തരം ധാരിണിയും മാളവികയും പരിവ്രാജികയും അവസ്ഥയ്ക്കൊത്ത പരിജനങ്ങളും പ്രവേശിക്കുന്നു)

മാളവിക— (വിചാരം) വിവാഹവേഷം അണിയിച്ചതിന്റെ കാരണം എനിയ്ക്കറിയാം. എന്നാലും താമരയിലയിലെ നീൎത്തുള്ളിപോലെ എന്റെ ഹൃദയം വിറയ്ക്കുന്നു. മാത്രമല്ല! ഇടത്തേക്കണ്ണും പലവട്ടം തുടിയ്ക്കുന്നു.

വിദൂഷകൻ— അല്ലയൊ തോഴരെ! വിവാഹവേഷംകൊണ്ടു നന്നായി ശോഭിക്കുന്നുണ്ടു് മാളവിക.

രാജാവ്— ഇവളെ ഞാൻ കാണുന്നുണ്ടു്—

അധികം ഇറക്കാതെ വെൺപട്ടുടുത്തു നിറയെ ആഭരണങ്ങളണിഞ്ഞിട്ടുള്ള ഇവളും നിലാവുദിക്കാൻ തുടങ്ങുന്ന വസന്തരാത്രി മഞ്ഞകന്ന നക്ഷത്രങ്ങളെക്കൊണ്ടെന്നപോലെയാണെന്നെനിക്കു തോന്നുന്നു.. 7

ദേവി— (അടുത്തുചെന്നു്) ആൎയ്യപുത്രനു വിജയമുണ്ടാകട്ടെ.

വിദൂഷകൻ— അവിടുത്തേയ്ക്കു് അഭിവൃദ്ധി വരട്ടെ.

പരിവ്രാജിക— മഹാരാജാവു വിജയിപ്പൂതാക.

രാജാവ്— ഭഗവതി! ഞാൻ അഭിവാദ്യംചെയ്യുന്നു.

പരിവ്രാജികാ— അഭിമതസിദ്ധിരസ്തു.

ദേവീ— (സസ്മിതം) അജ്ജഉത്ത! ഏസോ ദേ അംഹേഹിം തരുണീജണസഹാഅസ്സ അസോഓ സങ്കേദഘരഅം സങ്കപ്പിദോ. [ആര്യ്യപുത്ര! ഏഷ തേഽസ്മാഭിസ്തരുണീജനസഹായസ്യാശോകഃ സങ്കേതഗൃഹം സങ്കല്പിതഃ]

വാദൂഷകഃ— ഭോ! ആരാഹിഓസി. [ഭോഃ! ആരാധിതോഽസി]

രാജാ— (സവ്രീഡമശോകമഭിതഃ പരിക്രാമൻ)

നായം ദേവ്യാ ഭാജനത്വം ന നേയഃ
സൽക്കാരാണാമീദൃശാനാമശോകഃ
യഃ സാവജ്ഞോ മാധവശ്രീനിയോഗേ
പുഷ്പൈഃ ശംസത്യാദരം ത്വൽപ്രയത്നേ. 8

വിദൂഷകഃ— ഭോ! വീസദ്ധോ ഭവിഅ തുമം ജോവ്വണവദിം ഇമം പേക്ഖ. [ഭോഃ! വിസ്രബ്ധോ ഭൂത്വാ ത്വം യൌവനവതീമിമാം പശ്യ.]

ദേവീ— കം? [കാം?]

വിദൂഷകഃ— തവണീആസോഅസ്സ കുസുമസോഹം. [തപനീയാശോകസ്യ കുസുമശോഭാം.]

(സർവ്വ ഉപവിശന്തി)

രാജാ— (മാളവികാം വിലോക്യ ആത്മഗതം) കഷ്ടഃ ഖലു സന്നിധിവിപ്രയോഗഃ.

അഹം രഥാംഗനാമേവ പ്രിയാ സഹചരീവ മേ
അനനുജ്ഞാതസമ്പർക്കാ ധാരിണീ രജനീവ നൌ. 9

(പ്രവിശ്യ)

കഞ്ചുകീ— ജയതു ദേവഃ. അമാത്യോ വിജ്ഞാപയതി—'തസ്മിൻ വിദർഭരാജോപായനേ ദ്വേ ശില്പകാരികേ മാർഗ്ഗപരിശ്രമാദലസശരീരേ ഇതി പൂർവ്വം ന പ്രവേശിതേ. സംപ്രതി ദേവോപസ്ഥാനയോഗ്യേ. തത്രാജ്ഞാം ദേവോ ദാതുമർഹതി' ഇതി.

രാജാ— പ്രവേശയ തേ.

കഞ്ചുകീ— യദാജ്ഞാപയതി ദേവഃ. (ഇതി നിഷ്ക്രമ്യ താഭ്യാം സഹ പ്രവിശ്യ) ഇത ഇതോ ഭവത്യൌ.

പ്രഥമാ— (ജനാന്തികം) ഹലാ രഅണിഏ! അപുവ്വം ഏദം രാഅഉലം പവിസന്തീഏ പസീദഇ മേ അബ്ഭന്ദരഗദോ അപ്പാ. [ഹലാ രജനികേ! അപൂർവ്വമപ്യേതദ്രാജകുലം പ്രവിശന്ത്യാഃ പ്രസീദതി മമാഭ്യന്തരഗത ആത്മാ]

പരിവ്രാജിക— അഭീഷ്ടം സാധിക്കുമാറാകട്ടെ.

ദേവി— (പുഞ്ചിരിയോടുകൂടി) ആര്യപുത്ര! നാം ഈ അശോകത്തെ യുവതീജനങ്ങളോടുകൂടെ അങ്ങേയ്ക്കു് വിഹരിക്കുവാനുള്ള സങ്കേതസ്ഥലമായി നിശ്ചയിച്ചിരിക്കുന്നു.

വിദൂഷകൻ— തോഴരേ! അങ്ങയെ സന്തോഷിപ്പിച്ചിരിക്കുന്നു.

രാജാവു്— (ലജ്ജയോടുകൂടി അശോകത്തിനു ചുറ്റും നടന്നുകൊണ്ടു്)

ദേവി! ഈ അശോകത്തെ ഇത്തരം സല്ക്കാരങ്ങൾക്കു പാത്രമാക്കാതിരിക്കാൻ പാടില്ല. വസന്തലക്ഷ്മിയുടെ നിയോഗം വകവെയ്ക്കാത്ത ഈ അശോകം ദേവിയുടെ പ്രയത്നത്തോടുള്ള ബഹുമാനം പൂക്കളെക്കൊണ്ടു പ്രകാശിപ്പിച്ചുവല്ലോ. 8

വിദൂഷകൻ— തോഴരേ! ശങ്കവിട്ടു് ഈ യൌവനഭംഗി നോക്കു.

ദേവി— ആരുടെ?

വിദൂഷകൻ— പൂത്ത പൊന്നശോകത്തിന്റെ.

(എല്ലാവരും ഇരിയ്ക്കുന്നു)

രാജാവു്— (മാളവികയെ നോക്കി വിചാരം) അടുത്തിരുന്നുകൊണ്ടുള്ള ഈ വിരഹം ദുസ്സഹംതന്നെ.

ഞാൻ ചക്രവാകത്തിനെപ്പോലെ, പ്രിയതമ ചക്രവാകപ്പിടയെപ്പോലെ, ഞങ്ങൾക്കന്യോന്യം ചേരുവാൻ സമ്മതം മൂളാത്ത ധാരിണി രാത്രിപോലെ. 9

(പ്രവേശിച്ചിട്ടു്)

കഞ്ചുകി— മഹാരാജാവിനു വിജയമുണ്ടാകട്ടെ. മന്ത്രി അറിയിയ്ക്കുന്നു— 'വിദർഭരാജാവിന്റെ തിരുമുൽക്കാഴ്ചയിൽ രണ്ടു കലാകാരികൾ ഉണ്ടായിരുന്നവരെ വഴിനടന്നു ക്ഷീണിച്ചതുകൊണ്ടു് മുമ്പു അവിടുത്തെ തിരുമുമ്പിൽ പ്രവേശിപ്പിച്ചില്ല. ഇപ്പോൾ മഹാരാജാവിനെ സേവിക്കുവാൻ അവർക്കു കഴിവു കൈവന്നിരിക്കുന്നു. അക്കാര്യത്തിൽ മഹാരാജാവിന്റെ കല്പനയുണ്ടാകണം' എന്നു്.

രാജാവു്— അവരെ കൂട്ടിക്കൊണ്ടുവരു.

കഞ്ചുകി— മഹാരാജാവിന്റെ കല്പനപോലെ. (പോയി അവരോടുകൂടി പ്രവേശിച്ചിട്ടു്) നിങ്ങൾ ഇതിലെ ഇതിലെ.

ഒന്നാമത്തേവൾ— (സ്വകാര്യമായി) അല്ലയോ രജനികേ! ഈ അരമനയിൽ ഞാൻ മുൻപു വന്നിട്ടില്ലെങ്കിലും ഇവിടേയ്ക്കു കടക്കുമ്പോൾ എന്റെ ഹൃദയത്തിൽ ഉന്മേഷം തോന്നുന്നു.

ദ്വിതീയാ— ജോസിണിഏ! മഹ വി ഏവ്വം. അത്ഥി ക്ഖു ലോഅവാഓ, 'ആആമി സുഹം വാ ദുക്ഖം വാ ഹിഅഅസമവത്ഥാ കഹേദി' ത്തി. [ജ്യോത്സ്നികേ! മമാപ്യേവം. അസ്തി ഖലു ലോകവാദഃ, 'ആഗാമി സുഖം വാ ദുഃഖം വാ ഹൃദയസമവസ്ഥാ കഥയതി' ഇതി]

പ്രഥമാ— സോ ദാണിം സച്ചോ ഹോദു. [സ ഇദാനീം സത്യോ ഭവതു]

കഞ്ചുകീ— ഏഷ ദേവ്യാ സഹ ദേവസ്തിഷ്ഠതി. ഉപസർപ്പതാം ഭവത്യൌ.

(ഉഭേ ഉപസർപ്പതഃ)

(മാളവികാ പരിവ്രാജികാ ച ചേട്യൌ ദൃഷ്ട്വാ പരസ്പരമവലോകയതഃ)

ഉഭേ— (പ്രണിപത്യ) ജേദു ഭട്ടാ. ജേദു ഭട്ടിണീ. [ജയതു ഭർത്താ. ജയതു ഭട്ടിനീ]

രാജാ— നിഷീദതം.

(ഉഭേ ഉപവിഷ്ടേ)

രാജാ— കസ്യാം കലായാമഭിവിനീതേ ഭവത്യൌ?

ഉഭേ— ഭട്ടാ! സംഗീദേ അബ്ഭന്തരംഹ. [ഭർത്തഃ! സംഗീതേഽഭ്യന്തരേ സ്വഃ]

രാജാ— ദേവി! ഗൃഹ്യതാമനയോരന്യതരാ.

ദേവീ— മാളവിഏ! ഇദോ പേക്ഖ. കദരാ ദേ സംഗീദസഹാഇണീ രുച്ചഇ. [മാളവികേ! ഇതഃ പശ്യ. കതരാ തേ സംഗീതസഹായിനീ രോചതേ]

ഉഭേ— (മാളവികാം ദൃഷ്ട്വാ) അംഹോ! ഭട്ടിദാരിആ! (ഇതി പ്രണമ്യ) ജേദു ജേദു ഭട്ടിദാരിആ. (തയാ സഹ ബാഷ്പം വിസൃജതഃ) [അഹോ! ഭർത്തൃദാരികാ! ജയതു ജയതു ഭർത്തൃദാരികാ]

(സർവ്വേ സവിസ്മയമവലോകയന്തി)

രാജാ— കേ ഭവത്യൌ? കാ വേയം?

ഉഭേ— ഭട്ടാ! ഏസാ അംഹാണം ഭട്ടിദാരിആ. [ഭർത്തഃ! ഏഷാസ്മാകം ഭർത്തൃദാരികാ]

രാജാ— കഥമിവ?

ഉഭേ— സുണാദു ഭട്ടാ. ജോ സോ ഭട്ടിണാ വിജഅദണ്ഡേഹിം വിദബ്ഭണാഹം വസീകരിഅ ബന്ധണാദോ മോഇഓ കുമാരോ മാഹവസേണോ ണാമ, തസ്സ ഇഅം കണീഅസീ ഭഇണീ മാളവിആ ണാമ. [ശൃണോതു ഭർത്താ. യഃ സ ഭർത്രാ വിജയദണ്ഡൈർവിദർഭനാഥം വശീകൃത്യ ബന്ധനാന്മോചിതഃ കുമാരോ മാധവസേനോ നാമ, തസ്യേയം കനീയസീ ഭഗിനീ മാളവികാ നാമ]

രണ്ടാമത്തേവൾ— ജ്യോത്സ്നികേ! എനിക്കും അങ്ങിനെതന്നെയാണ്. ഒരു ചൊല്ലുണ്ട്, 'വരാനിരിക്കുന്നതു സുഖമായാലും ദുഃഖമായാലും ഹൃദയാവസ്ഥ പറയുമെന്ന്.'

ഒന്നാമത്തേവൾ— അതു സത്യമായിത്തീരട്ടെ.

കഞ്ചുകി— ഇതാ വലിയ തമ്പുരാട്ടിയോടുകൂടെ മഹാരാജാവിരിക്കുന്നു. നിങ്ങൾക്കടുത്തുചെല്ലാം.

(രണ്ടുപേരും അടുത്തുചെല്ലുന്നു.)

(മാളവികയും പരിവ്രാജികയും ദാസിമാരെക്കണ്ടിട്ട് അന്യോന്യം നോക്കുന്നു)

രണ്ടുപേരും— (നമസ്കരിച്ചിട്ട്) തമ്പുരാനു വിജയമുണ്ടാകട്ടെ. തമ്പുരാട്ടിക്കു വിജയമുണ്ടാകട്ടെ.

രാജാവ്— ഇരിക്കുവിൻ.

(രണ്ടുപേരും ഇരിക്കുന്നു)

രാജാവ്— ഏതു കലയിലാണ് നിങ്ങൾക്കു പരിചയം?

രണ്ടുപേരും— തമ്പുരാനേ! സംഗീതത്തിൽ കുറച്ചൊക്കെ അറിയാം.

രാജാവ്— ദേവി! ഈ രണ്ടുപേരിൽ ഒരാളെ ദേവിയെടുത്തോളൂ.

ദേവി— മാളവികേ! ഇങ്ങോട്ടു നോക്കൂ. ആരെയാണ് നിനക്ക് സംഗീതത്തിൽ കൂട്ടുകാരിയായി വേണ്ടത്.

രണ്ടുപേരും— (മാളവികയെക്കണ്ടിട്ട്) അ ആ! രാജകുമാരിയോ! (നമസ്കരിച്ചിട്ട്) രാജകുമാരിക്കു വിജയമുണ്ടാകട്ടെ. (മാളവികയോടുകൂടി രണ്ടുപേരും കരയുന്നു)

(എല്ലാവരും അത്ഭുതത്തോടുകൂടി നോക്കുന്നു)

രാജാവ്— നിങ്ങൾ ആരാണ്? ഇവളേതാണ്?

രണ്ടുപേരും— തമ്പുരാനെ! ഇതു ഞങ്ങളുടെ രാജകുമാരിയാണ്.

രാജാവ്— അതെങ്ങനെ?

രണ്ടുപേരും— തമ്പുരാൻ കേൾക്കണം. തമ്പുരാൻ സൈന്യങ്ങളെ അയച്ചു വിദർഭരാജാവിനെ കീഴടക്കി ബന്ധനത്തിൽനിന്നു വിടുവിച്ച രാജകുമാരൻ മാധവസേനനുണ്ടല്ലോ, അദ്ദേഹത്തിന്റെ ഇളയ സോദരിയാണ് ഇതു്. മാളവികയെന്നാണ് പേര്.

ദേവീ— കഹം രാഅദാരിആ ഇഅം? ചന്ദണം ക്ഖു മഏ പാദുഓവഓഏണ ദൂസിദം. [കഥം രാജദാരികേയം? ചന്ദനം ഖലു മയാ പാദുകോപയോഗേന ദൂഷിതം]

രാജാ— അഥാത്രഭവതീ കഥമിത്ഥംഭൂതാ?

മാളവികാ— (നിശ്വസ്യ ആത്മഗതം) വിഹിണോ ണിഓഏണ [വിധേർനിയോഗേന]

ദ്വിതീയാ— സുണാദു ഭട്ടാ. ദാആദവസംഗദേ അംഹാണം ഭട്ടിദാരഏ മാഹവസേണേ തസ്സ അമച്ചേണ അജ്ജസുമദിണാ അംഹാരിസം പരിഅണം ഉജ്ഝിഅ ഗൂഢം അവണീദാ ഏസാ. [ശൃണോതു ഭർത്താ. ദായാദവശംഗതേഽസ്മാകം ഭർത്തൃദാരകേ മാധവസേനേ തസ്യാമാത്യേനാര്യ്യസുമതിനാസ്മാദൃശം പരിജനമുജ്ഝിത്വാ ഗൂഢമപനീതൈഷാ]

രാജാ— ശ്രുതപൂർവ്വം മയൈതാവൽ. തതസ്തതഃ?

ഉഭേ— അദോ വരം ണ ആണീമോ. [അതഃപരം ന ജാനീവഃ]

പരിവ്രാജികാ— തതഃപരമഹം മന്ദഭാഗിനീ കഥയിഷ്യാമി.

ഉഭേ— അജ്ജകോസിഈഏ വിഅ സരസംജോഓ. [ആര്യ്യകൗശിക്യാ ഇവ സ്വരസംയോഗഃ]

മാളവികാ— അഹ ഇം. [അഥ കിം]

ഉഭേ— ജദിവേസധാരിണീ അജ്ജകോസിഈ ദുക്ഖേണ വിഭാവീഅദി. ഭഅവദി! വന്ദാമോ. [യതിവേഷധാരിണ്യാര്യ്യകൗശികീ ദുഃഖേന വിഭാവ്യതേ. ഭഗവതി! വന്ദാവഹേ]

പരിവ്രാജികാ— സ്വസ്തി ഭവതീഭ്യാം.

രാജാ— കഥമാപ്തവർഗ്ഗോഽയം ഭഗവത്യാഃ?

പരിവ്രാജികാ— ഏവമേതൽ.

വിദൂഷകഃ— തേണ ഹി കഹേദു ഭഅവദീ അത്തഹോദീഏ ഉത്തന്ദസേസം. [തേന ഹി കഥയതു ഭഗവത്യത്രഭവത്യാ വൃത്താന്തശേഷം]

പരിവ്രാജികാ— (സവൈക്ലബ്യം) താവച്ഛ്രൂയതാം. മാധവസേനസചിവം സുമതിം മമാഗ്രജമവഗച്ഛ.

രാജാ— ഉപലബ്ധം. തതസ്തതഃ?

പരിവ്രാജികാ— സ ഇമാം തഥാഗതഭ്രാതൃകാം മയാ സാർദ്ധമപവാഹ്യ ഭവൽസംബന്ധാകാങ്ക്ഷയാ പഥികസാർഥം വിദിശാഗാമിനമനുപ്രവിഷ്ടഃ.

രാജാ— തതസ്തതഃ?

പരിവ്രാജികാ— സ ചാടവ്യന്തരേ നിവിഷ്ടോ ഗതാധ്വാ വണിഗ്ജനഃ.

ദേവി— എന്തു്! രാജകന്യകയാണോ ഇവൾ? ചന്ദനമുട്ടിയാണല്ലോ ഞാൻ മെതിയടിക്കുപയോഗിച്ചു കെടുത്തതു്.

രാജാവു്— അപ്പോൾ ശ്രീമതി എങ്ങിനെയാണു് ഈ അവസ്ഥയിലായതു്?

മാളവിക— (നെടുവീർപ്പിട്ടു് വിചാരം) ദൈവത്തിന്റെ കല്പനകൊണ്ടു്.

രണ്ടാമത്തേവൾ— മഹാരാജാവു കേട്ടാലും. ഞങ്ങളുടെ രാജകുമാരൻ മാധവസേനൻ ബന്ധുവിന്റെ അധീനത്തിലായപ്പോൾ അദ്ദേഹത്തിന്റെ മന്ത്രിയായ സുമതിയങ്ങുന്നു ഞങ്ങളെപ്പോലുള്ള പരിജനങ്ങളെവിട്ടു് ഇവളെ ഗൂഢമായി കൊണ്ടുപോന്നു.

രാജാവു്— ഇത്രത്തോളം ഞാൻ മുൻപു കേട്ടിട്ടുണ്ടു്. അതിനുശേഷം?

രണ്ടുപേരും— അതിനുശേഷം ഞങ്ങൾക്കറിഞ്ഞുകൂടാ.

പരിവ്രാജിക— അതിനു ശേഷം ഭാഗ്യംകെട്ട ഞാൻ പറയാം.

രണ്ടുപേരും— കൌശികിയമ്മയുടെ ശബ്ദംപോലിരിക്കുന്നു.

മാളവിക— അതെ, അതുതന്നെ.

രണ്ടുപേരും— യോഗിനിയുടെ വേഷത്തിലായപ്പോൾ കൌശികിയമ്മയെ അറിയാൻ പ്രയാസമായി. ഭഗവതി! ഞങ്ങൾ വന്ദിക്കുന്നു.

പരിവ്രാജിക— നിങ്ങൾക്കു നന്മ വരട്ടെ.

രാജാവു്— ഇവരൊക്കെ ഭഗവതിയുടെ വിശ്വസ്തവർഗ്ഗമാണോ?

പരിവ്രാജിക— അതെ.

വിദൂഷകൻ— എന്നാൽ ഭഗവതി പറയൂ, ശ്രീമതിയുടെ ബാക്കി വർത്തമാനം.

പരിവ്രാജിക— (സങ്കടത്തോടുകൂടി) എന്നാൽ കേൾക്കുക. മാധവസേനന്റെ മന്ത്രിയായ സുമതി എന്റെ ജ്യേഷ്ഠനാണെന്നു മനസ്സിലാക്കുക.

രാജാവു്— മനസ്സിലായി. എന്നിട്ടുപിന്നെ?

പരിവ്രാജിക— ഈ രാജകുമാരിയുടെ ജ്യേഷ്ഠൻ ആ വിധത്തിലായപ്പോൾ എന്റെ ജ്യേഷ്ഠൻ ഈ കുമാരിയെ എന്നോടുകൂടെ ഒളിച്ചുകൊണ്ടുപോന്നു് അവിടുന്നുമായിട്ടുള്ള വിവാഹബന്ധം ആഗ്രഹിച്ചു് ഈ വിദിശയിലേക്കു കാൽനടയായി പോരുന്ന കച്ചവടക്കാരുടെ കൂട്ടത്തിൽക്കൂടി.

രാജാവു്— എന്നിട്ടുപിന്നെ?

പരിവ്രാജിക— കുറെ വഴി പോന്നപ്പോൾ കാട്ടിലൊരിടത്തു് ആ കച്ചവടക്കാർ താവളമടിച്ചു.

രാജാ— തതസ്തതഃ?

പരിവ്രാജികാ— തതശ്ച—

തൂണീരപട്ടപരിണദ്ധഭുജാന്തരാള—
മാപാർഷ്ണിലംബിശിഖിബർഹകലാപധാരി
കോദണ്ഡപാണി നിനദൽ പ്രതിരോധകാനാ—
മാപാതദുഷ്പ്രസഹമാവിരഭൂദനീകം. 10

(മളാവികാ ഭയം രൂപയതി)

വിദൂഷകഃ— ഭോദി! മാ ഭാആഹി. അദിക്കന്തം ക്ഖു തത്തഹോദീ കഹേദി. [ഭവതി! മാ ബിഭേഹി. അതിക്രാന്തം ഖലു തത്രഭവതീ കഥയതി]

രാജാ— തതസ്തതഃ?

പരിവ്രാജികാ— തതോ മുഹൂർത്തം ബദ്ധയുദ്ധാസ്തേ പരാങ്മുഖീകൃതാഃ സാർത്ഥവാഹയോദ്ധാരസ്തസ്കരൈഃ.

രാജാ— ഭഗവതി! അതഃ പരമിദാനീം കഷ്ടം ശ്രോതവ്യം.

പരിവ്രാജികാ— തതഃ സ മത്സോദര്യ്യഃ—

ഇമാം പരീപ്സുർദ്ദുർജ്ജാതേ പരാഭിഭവകാതരാം
ഭർത്തൃപ്രിയഃ പ്രിയൈർഭർത്തുരാനൃണ്യമസുഭിർഗതഃ. 11

പ്രഥമാ— ഹാ! ഹദോ സുമദീ? [ഹാ! ഹതഃ സുമതിഃ?]

ദ്വിതീയാ— അദോ ക്ഖു ഭട്ടിദാരിആഏ ഇഅം സമവത്ഥാ സംവുത്താ. [അതഃ ഖലു ഭർത്തൃദാരികായാ ഇയം സമവസ്ഥാ സംവൃത്താ]

(പരിവ്രാജികാ ബാഷ്പം വിസൃജതി)

രാജാ— ഭഗവതി! തനുത്യജാമീദൃശീ ലോകയാത്രാ. ന ശോച്യസ്തത്രഭവാൻ സഫലീകൃതഭർത്തൃപിണ്ഡഃ. തതസ്തതഃ?

പരിവ്രാജികാ— തതോഽഹം മോഹമുപഗതാ യാവൽ സംജ്ഞാം ലഭേ, താവദിയം ദുർല്ലഭദർശനാ സംവൃത്താ.

രാജാ— മഹൽ ഖലു കൃച്ഛ്രമനുഭൂതം ഭഗവത്യാ.

പരിവ്രാജികാ— തതോ ഭ്രാതുഃ ശരീരമഗ്നിസാൽകൃത്യ പുനർന്നവീകൃതവൈധവ്യദുഃഖയാ മയാ ത്വദീയം ദേശമവതീര്യ ഇമേ കാഷായേ ഗൃഹീതേ.

രാജാ— യുക്തം. സജ്ജനസ്യൈഷ പന്ഥാഃ. തതസ്തതഃ.

പരിവ്രാജികാ— സേയമാടവികേഭ്യോ വീരസേനം, വീരസേനാച്ച ദേവീം ഗതാ, ദേവീഗൃഹേ ലബ്ധപ്രവേശയാ മയാ പുനർദൃഷ്ടേത്യേതദവസാനം കഥായാഃ.

മാളവികാ— (ആത്മഗതം) കിം ണ ക്ഖു സമ്പദം ഭട്ടാ ഭണാദി? [കിം ന ഖലു സാമ്പ്രതം ഭർത്താ ഭണതി?]

രാജാവു്— അതിനുശേഷം?

പരിവ്രാജിക— അപ്പോൾ—

ആവനാഴിയുടെ നാടകൾ മാറിടത്തോടുചേർത്തു കെട്ടിയും, മടമ്പുവരെ തൂങ്ങിക്കിടക്കുന്ന കണ്ണുള്ള മയിൽപ്പീലിച്ചാർത്തണിഞ്ഞും, കയ്യിൽ കുലവില്ലേന്തിയും കൊള്ളക്കാരുടെ ഒരു സംഘം എതിരിടാനാവാത്തവിധം ആർത്തുവിളിച്ചുകൊണ്ടു് അവിടെ പ്രത്യക്ഷപ്പെട്ടു. 10

(മാളവിക ഭയം നടിക്കുന്നു)

വിദൂഷകൻ— ഭവതി! പേടിക്കേണ്ട. കഴിഞ്ഞ കഥയാണല്ലോ ഭഗവതി പറയുന്നതു്.

രാജാവു്— എന്നിട്ടപ്പോൾ?

പരിവ്രാജിക— അപ്പോൾ കുറച്ചുനേരം എതിർത്തുയുദ്ധംചെയ്ത കച്ചവടക്കാരുടെ പടയാളികളെ കൊള്ളക്കാർ തോല്പിച്ചോടിച്ചു.

രാജാവു്— ഭഗവതി! ഇനിയിപ്പോൾ സങ്കടവർത്തമാനമാണു് കേൾക്കേണ്ടതു്.

പരിവ്രാജിക— അപ്പോൾ ഏററവും സ്വാമിഭക്തിയുള്ള എന്റെ ആ ജ്യേഷ്ഠൻ—

ആ വിഷമഘട്ടത്തിൽ. ശത്രുക്കളുടെ ആക്രമണത്താൽ നടുക്കംപൂണ്ട ഇവളെ വീണ്ടെടുക്കുന്നതിനുവേണ്ടി പ്രിയപ്പെട്ട തന്റെ ജീവനെ കൊടുത്തു സ്വാമിക്കു കടംവീട്ടി. 11

ഒന്നാമത്തേവൾ— അയ്യോ! മരിച്ചുവോ സുമതി?

രണ്ടാമത്തേവൾ— അതുകൊണ്ടാണു് രാജകുമാരിക്കു് ഈയവസ്ഥ വന്നുചേർന്നതു്.

(പരിവ്രാജിക കണ്ണീർ വാക്കുന്നു)

രാജാവു്— ഭഗവതി! ഇതാണു് ഉടൽ വെടിയേണ്ടവരുടെയെല്ലാം ഗതി: സ്വാമി കൊടുത്ത ചോറിനു കൂറു കാണിച്ച അദ്ദേഹത്തെക്കുറിച്ചു സങ്കടപ്പെടേണ്ടതില്ല. എന്നിട്ടോ?

പരിവ്രാജിക— അപ്പോൾ ബോധംകെട്ടുവീണ ഞാൻ ബോധംതെളിഞ്ഞു നോക്കിയപ്പോൾ ഈ കുമാരിയെ കണ്ടില്ല.

രാജാവു്— വലിയ സങ്കടമാണു് ഭഗവതിയനുഭവിച്ചതു്.

പരിവ്രാജിക— പിന്നീടു് സഹോദരന്റെ മൃതദേഹം ദഹിപ്പിച്ചു വീണ്ടും പുതുക്കിയ വൈധവ്യദുഃഖത്തോടുകൂടി അവിടുത്തെ രാജ്യത്തിലേക്കു പോന്നു് കാവിവസ്ത്രം ധരിച്ചു.

രാജാവു്— നന്നായി. ഇതാണു് സജ്ജനങ്ങളുടെ മാർഗ്ഗം. അതിനുശേഷം?

പരിവ്രാജിക— ആവിധം ഈ കുമാരി കാടന്മാരിൽനിന്നു വീരസേനന്റെയടുക്കലും, വീരസേനന്റെയടുക്കൽനിന്നു ദേവിയുടെ അടുക്കലും വന്നുചേർന്നു. ദേവിയുടെ ഗൃഹത്തിൽ വരാനിടയായപ്പോഴാണു് ഞാൻ പിന്നെ കുമാരിയെ കണ്ടതു്. ഇതോടെ കഥയവസാനിക്കുന്നു.

മാളവിക— (വിചാരം) എന്താണിപ്പോൾ തമ്പുരാൻ പറയുന്നതു്?

രാജാ— അഹോ! പരിഭവോപഹാരിണോ വിനിപാതാഃ. കുതഃ—

പ്രേഷ്യഭാവേന നാമേയം ദേവീശബ്ദക്ഷമാ സതീ
സ്നാനീയവസ്ത്രക്രിയയാ പത്രോർണ്ണംവോപയുജ്യതേ. 12

ദേവീ— ഭഅവദി! തുഏ അദിജണവദിം മാളവിഅം അണാചക്ഖന്ദീഏ അസംപദം കിദം. [ഭഗവതി! ത്വയാഭിജനവതീം മാളവികാമനാചക്ഷാണയാഽസാംപ്രതം കൃതം]

പരിവ്രാജികാ— ശാന്തം പാപം. കാരണേനൈവ ഖലു മയാ നൈഭൃത്യമവലംബിതം.

ദേവീ— കിം വിഅ തം കാരണം? [കിമിവ തൽകാരണം?]

പരിവ്രാജികാ— ശ്രൂയതാം. ഇയം പിതരി ജീവതി കേനാപി ദേവയാത്രാഗതേന സിദ്ധാദേശേന സാധുനാ മൽസമക്ഷം സമാദിഷ്ടാ—'സംവത്സരമാത്രമിയം പ്രേഷ്യഭാവമനുഭൂയ തതഃ സദൃശഭർത്തൃഗാമിനീ ഭവിഷ്യതി' ഇതി. തമേനമവശ്യംഭാവിനമാദേശമസ്യാ ദേവീപാദശുശ്രൂഷയാ പരിണമന്തമവേക്ഷ്യ കാലപ്രതീക്ഷയാ മയാ സാധു കൃതമിതി പശ്യാമി.

രാജാ— യുക്താ പ്രതീക്ഷാ.

(പ്രവിശ്യ)

കഞ്ചുകീ— ദേവ! കഥാന്തരേണാന്തരിതമിദമമാത്യോ വിജ്ഞാപയതി—'വിദർഭഗതമനുഷ്ഠേയമവധാരിതമസ്മാഭിഃ. ദേവസ്യ താവദഭിപ്രായം ശ്രോതുമിച്ഛാമി' ഇതി.

രാജാ— മൌൽഗല്യ! തത്രഭവതോർഭ്രാത്രോർയജ്ഞസേനമാധവസേനയോർദ്വൈരാജ്യമിദാനീമവസ്ഥാപയിതുകാമോഽസ്മി.

തൌ പൃഥഗ്വരദാകൂലേ ശിഷ്ടാമുത്തരദക്ഷിണേ
നക്തംദിവം വിഭജ്യോഭൌ ശീതോഷ്ണകിരണാവിവ. 13

കഞ്ചുകീ— ദേവ! ഏവമമാത്യപരിഷദേ നിവേദയാമി.

(രാജാംഗുല്യാനുമന്യതേ. നിഷ്ക്രാന്തഃ കഞ്ചുകീ)

പ്രഥമാ— (ജനാന്തികം) ഭട്ടിദാരിഏ! ദിട്ഠിആ ഭട്ടിദാരഓ അദ്ധരജ്ജേ പദിട്ഠം ഗമിസ്സദി. [ഭർത്തൃദാരികേ! ദിഷ്ട്യാ ഭർത്തൃദാരകോഽർദ്ധരാജ്യേ പ്രതിഷ്ഠാം ഗമിഷ്യതി]

മാളവികാ— ഏത്തിഅം ദാവ ബഹുമന്ദവ്വം, ജം ജീവിദസംസആദോ മുത്തോ. [ഏതാവത്താവൽബഹുമന്തവ്യം, യജ്ജീവിതസംശയാന്മുക്തഃ]

രാജാവ്— കഷ്ടം. സ്ഥാനഭ്രംശങ്ങൾ മാനഹാനിക്കിടവരുത്തുന്നു. എന്തെന്നാൽ—

പട്ടെടുത്തു തോർത്താനുപയോഗിക്കുന്നതുപോലെ രാജ്ഞിയാക്കേണ്ടുന്ന
ഇവളെ ദാസിയായിട്ടാണ് ഉപയോഗപ്പെടുത്തുന്നതു്. 12

ദേവി— ഭഗവതി! അവിടുന്ന്, കുലീനയാണ് മാളവിക എന്നുപറയാത്തതു നന്നായില്ല.

പരിവ്രാജിക— അങ്ങിനെ പറയുന്നതു കഷ്ടമാണ്. ഞാൻ മിണ്ടാതിരുന്നതു കാരണമുണ്ടായിട്ടുതന്നെയാണ്.

ദേവി— എന്താണ് ആ കാരണം?

പരിവ്രാജിക— കേൾക്കു. അച്ഛൻ ജീവിച്ചിരിക്കുമ്പോൾ ഭാവിഫലങ്ങളെല്ലാം ശരിക്കുപറയുന്ന ലോകസഞ്ചാരിയായ ഒരു സന്യാസി എൻെറ മുൻപിൽവെച്ച് ഈ കുമാരിയെപ്പററി പറയുകയുണ്ടായി— 'ഒരു കൊല്ലം കാലം ദാസ്യം അനുഭവിച്ചതിനുശേഷം ഇവൾ അനുരൂപനായ ഭർത്താവിനോടുചേരും' എന്ന്. തീർച്ചയായിട്ടും അനുഭവിക്കേണ്ടുന്ന ആ സിദ്ധാദേശം ഇവൾക്കു ദേവിയുടെ പാദശുശ്രൂഷകൊണ്ടു തീരുന്നതായി കണ്ടിട്ട് ആ കാലം കഴിയുന്നതുവരെ ഞാൻ കാത്തിരുന്നതു നന്നായി എന്നാണ് എനിക്കു തോന്നുന്നതു്.

രാജാവ്— കാത്തിരുന്നതു നന്നായി.

(പ്രവേശിച്ചിട്ട്)

കഞ്ചുകി— മഹാരാജാവേ! പറയാൻ വിട്ടുപോയ ഒരു കാര്യം മന്ത്രി അറിയിക്കുന്നു— 'വിദർഭരാജ്യത്തു ചെയ്യേണ്ടതെന്തെല്ലാമെന്നു ഞങ്ങൾ ആലോചിച്ചുറച്ചുകഴിഞ്ഞു. മഹാരാജാവിൻെറ അഭിപ്രായം കേട്ടാൽ കൊള്ളാമെന്നുണ്ട്.'

രാജാവ്— മൗൽഗല്യ! ബഹുമാന്യസഹോദരന്മാരായ യജ്ഞസേനമാധവസേനന്മാർക്കു രാജ്യം രണ്ടായി പങ്കിട്ടുകൊടുക്കാൻ ആലോചിക്കുകയാണ് ഞാൻ.

അവർ വരദാനദിയുടെ വടക്കേക്കരയും തെക്കേക്കരയും വെവ്വേറെ ഭരിക്കട്ടെ,
ചന്ദ്രനും സൂര്യനും രാവും പകലും പങ്കിട്ടു ഭരിക്കുന്നതുപോലെ. 13

കഞ്ചുകി— മഹാരാജാവേ! അങ്ങിനെ മന്ത്രിസഭയെ അറിയിക്കാം.

(രാജാവ് കൈകാട്ടി അനുമതി നൽകുന്നു. കഞ്ചുകി പോകുന്നു.)

ഒന്നാമത്തേവൾ— (സ്വകാര്യമായി) രാജകുമാരി! ദൈവാധീനംകൊണ്ടു രാജകുമാരൻ പകുതി രാജ്യത്തെ രാജാവാകുമല്ലോ.

മാളവിക— പ്രാണസംശയത്തിൽനിന്നൊഴിവായി എന്നതുതന്നെ വലിയ കാര്യമാണ്.

(പ്രവിശ്യ)

കഞ്ചുകീ— വിജയതാം ദേവഃ. അമാത്യോ വിജ്ഞാപയതി— 'അഹോ! കല്യാണീ ദേവസ്യബുദ്ധിഃ. മന്ത്രിപരിഷദോഽപ്യേവമേവ ദർശനം. കുതഃ—

ദ്വിധാ വിഭക്താം ശ്രിയമുദ്വഹന്തൗ
ധുരം രഥാശ്വാവിവ സംഗ്രഹീതുഃ
തൗ സ്ഥാസ്യതസ്തേ നൃപതേർനിദേശേ
പരസ്പരോപഗ്രഹ നിർവ്വികാരൗ.' 14

രാജാ— തേന ഹി മന്ത്രിപരിഷദം ബ്രൂഹി—'സേനാന്യേ വീരസേനായ ലിഖ്യതാമേവം ക്രിയതാം' ഇതി.

കഞ്ചുകീ— യദാജ്ഞാപയതി ദേവഃ. (ഇതി നിഷ്ക്രമ്യ സപ്രാഭൃതകം ലേഖം ഗൃഹീത്വാ പുനഃപ്രവിശ്യ) അനുഷ്ഠിതാ പ്രഭോരാജ്ഞാ. അയം പുനരിദാനീം ദേവസ്യ സേനാപതേഃ പുഷ്പമിത്രസ്യ സകാശാൽ സപ്രാഭൃതകോ ലേഖഃ പ്രാപ്തഃ. പ്രത്യക്ഷീകരോത്വേനം ദേവഃ.

(രാജാ സഹസോത്ഥായ പ്രാഭൃതകം സോപചാരം പരിഗൃഹ്യ ശിരസീകൃത്വാ പരിജനായാർപ്പയതി. ലേഖം ച നാട്യേനോദ്വേഷ്ടയതി)

ദേവീ— (ആത്മഗതം) അംഹോ! തദോമുഹം ഏവ്വ മേ ഹിഅഅം. സുണിസ്സം ദാവ ഗുരുഅണകുസലാണന്ദരം പുത്തസ്സ വസുമിത്തസ്സ ഉത്തന്ദം. അദിഭാരേ ഖു സേണാവഇണാ ണിഉത്തോ മേ പുത്തഓ. [അഹോ! തതോ മുഖമേവ മേ ഹൃദയം. ശ്രോഷ്യാമി താവൽ ഗുരുജനസ്യ കുശലാനന്തരം പുത്രസ്യ വസുമിത്രസ്യ വൃത്താന്തം. അതിഭാരേ ഖലു സേനാപതിനാ നിയുക്തോ മേ പുത്രകഃ]

രാജാ— (ഉപവിശ്യ വാചയതി) 'സ്വസ്തി. യജ്ഞശരണാൽ സേനാപതിഃ പഷ്പമിത്രോ വൈദിശസ്ഥം പുത്രമായുഷ്മന്തമഗ്നിമിത്രം സ്നേഹാൽ പരിഷ്വജ്യാനുദർശയതി. വിദിതമസ്തു. യോഽസൗ രാജയജ്ഞദീക്ഷിതേന മയാ രാജപുത്രശതപരിവൃതം വസുമിത്രം ഗോപ്താരമാദിശ്യ സംവത്സരോപാവർത്തനീയോ നിരർഗളസ്തുരഗോ വിസൃഷ്ടഃ, സ സിന്ധോർദക്ഷിണേ രോധസി ചരന്നശ്വാനീകേന യവനാനാം നിഷിദ്ധഃ. തത ഉഭയോഃ സേനയോർമഹാനാസീൽ സംമർദഃ.'

(ദേവീ വിഷാദം നാടയതി)

രാജാ— കഥമീദൃശം സംവൃത്തം. (ശേഷം പുനർവാചയതി)

'തതഃ പരാൻ പരാജിത്യ വസുമിത്രേണ ധന്വിനാ
പ്രസഹ്യ ഹ്രിയമാണോ മേ വാജിരാജോ നിവർത്തിതഃ.' 15

(പ്രവേശിച്ചിട്ട്)

കഞ്ചുകി— മഹാരാജാവിനു വിജയമുണ്ടാകട്ടെ. മന്ത്രി അറിയിക്കുന്നു— 'ആശ്ചര്യം തന്നെ! മഹാരാജാവിന്റെ ആലോചന വളരെ നന്നായിട്ടുണ്ട്. മന്ത്രിസഭയുടെ അഭിപ്രായവും ഇതുതന്നെയാണ്. എന്തെന്നാൽ—

രാജ്യം രണ്ടായി പങ്കിട്ട് അവയുടെ ഭരണം നടത്തുകയാണെങ്കിൽ ആ രണ്ടുരാജാക്കന്മാരും തമ്മിലുപദ്രവിക്കാൻ നോക്കാതെ തേർ വലിക്കുന്ന രണ്ടു തേർക്കുതിരകൾ സാരഥിയുടെ നിയന്ത്രണത്തിലെന്നപോലെ അവിടത്തെ നിയന്ത്രണത്തിൽ നിന്നുകൊള്ളും.' 14

രാജാവ്— എന്നാൽ ഇങ്ങനെ ചെയ്യാനായിട്ടു സേനാപതിയായ വീരസേനന്നെഴുതാൻ മന്ത്രിസഭയോടു പറയൂ.

കഞ്ചുകി— മഹാരാജാവിന്റെ കല്പനപോലെ. (പോയി തിരുമുൽക്കാഴ്ചയും എഴുത്തുമെടുത്തു വീണ്ടും പ്രവേശിച്ചിട്ട്) മഹാരാജാവു കല്പിച്ചതുപോലെ ചെയ്തു. ഇതാ പിന്നെയിപ്പോൾ മഹാരാജാവിന്റെ സേനാപതിയായ പുഷ്പമിത്രന്റെ അടുക്കൽനിന്നു് തിരുമുൽക്കാഴ്ചയോടുകൂടി ഒരെഴുത്തു വന്നിരിക്കുന്നു. മഹാരാജാവതു നോക്കുമാറാകണം.

(മഹാരാജാവ് ഉടനെയെഴുന്നേറ്റു തിരുമുൽക്കാഴ്ച ആദരത്തോടുകൂടി സ്വീകരിച്ചു ശിരസ്സിൽവെച്ചു പരിജനത്തിന്റെ കയ്യിൽകൊടുക്കുന്നു. എഴുത്തു തുറക്കുന്നതായി നടിക്കുന്നു)

ദേവി— (വിചാരം) അമ്പോ! എന്റെ മനസ്സങ്ങോട്ടുതന്നെ കുതിക്കുന്നു. ഗുരുജനങ്ങളുടെ കുശലവൃത്താന്തത്തിനുശേഷം മകൻ വസുമിത്രന്റെ വർത്തമാനം കേൾക്കാമല്ലോ. വലിയ ചുമതലയാണ് സേനാപതി എന്റെ മകനെ ഏല്പിച്ചിട്ടുള്ളത്.

രാജാവ്— (ഇരുന്നു വായിക്കുന്നു) 'ക്ഷേമം. യാഗശാലയിൽനിന്നു സേനാപതി പുഷ്പമിത്രൻ വിദിശയിലിരിക്കുന്ന ആയുഷ്മാനായ പുത്രൻ അഗ്നിമിത്രനെ സ്നേഹപൂർവ്വം ആലിംഗനം ചെയ്തറിയിക്കുന്നു. അശ്വമേധയാഗത്തിനു ദീക്ഷയെടുത്തിരിക്കുന്ന ഞാൻ ഒട്ടേറെ രാജകുമാരന്മാരോടുകൂടി വസുമിത്രനെ രക്ഷയ്ക്കായി ചുമതലപ്പെടുത്തി ഒരു സംവത്സരക്കാലം രാജ്യസഞ്ചാരംചെയ്തു മടങ്ങിവരുവാൻ കുതിരയെ 'വിട്ടിരുന്നുവല്ലോ. ആ കുതിര സിന്ധുനദിയുടെ തീരത്തിൽ സഞ്ചരിക്കുമ്പോൾ യവനന്മാരുടെ കുതിരപ്പട തടഞ്ഞുനിർത്തി. എന്നിട്ടവിടെ രണ്ടുസൈന്യങ്ങളും തമ്മിൽ പോരാട്ടമുണ്ടായി.'

(ദേവി സങ്കടം നടിക്കുന്നു)

രാജാവ്— എങ്ങനെ ഇത്തരത്തിൽ സംഭവിച്ചു? (ബാക്കി വീണ്ടും വായിക്കുന്നു)

'അപ്പോൾ വില്ലാളിയായ വസുമിത്രൻ ശത്രുക്കളെ തോല്പിച്ചിട്ട് അവർ ബലമായി പിടിച്ചുകൊണ്ടുപോകുന്ന കുതിരയെ പിന്തിരിപ്പിച്ചിരിക്കുന്നു.' 15

ദേവീ— ഇമിണാ ദാണിം അസ്സസഇ മേ ഹിഅഅം. [അനേനേദാനീമാശ്വസിതി മേ ഹൃദയം]

രാജാ— (ലേഖശേഷം വാചയതി) 'സോഽഹമിദാനീമംശുമതേവ സഗരഃ പൌത്രേണ പ്രത്യാഹൃതാശ്വോ യക്ഷ്യേ. തദിദാനീമകാലഹീനം വിഗതരോഷചേതസാ ഭവതാ വധൂജനേന സഹ യജ്ഞസേവനായാഗന്തവ്യം'ഇതി.

രാജാ— അനുഗൃഹീതോഽസ്മി.

പരിവ്രാജികാ— ദിഷ്ട്യാ പുത്രവിജയേന ദമ്പതീ വർദ്ധേതേ. (ദേവീം വിലോക്യ)

ഭർത്രാസി വീരപത്നീനാം ശ്ലാഘ്യാനാം സ്ഥാപിതാ ധുരി
വീരസൂരിതി ശബ്ദോഽയം തനയാൽ ത്വാമുപസ്ഥിതഃ. 16

ദേവീ— ഭഅവദി! പരിതുട്ഠംഹി, ജം പിദരം അണുജാദോ മേ വച്ഛഓ. [ഭഗവതി! പരിതുഷ്ടാഽസ്മി യൽപിതരമനുജാതോ മേ വത്സകഃ]

രാജാ— മൌൽഗല്യ! നനു കളഭേന യൂഥപതിരനുകൃതഃ.

കഞ്ചുകീ—

നൈതാവതാ വീരവിജൃംഭിതേന
ചിത്തസ്യനോ വിസ്മയമാദധാതി
യസ്യാപ്രധൃഷ്യഃ പ്രഭവസ്ത്വമുച്ചൈ-
രഗ്നേരപാംദഗ്ധുരിവോരുജന്മാ. 17

രാജാ— മൌൽഗല്യ! യജ്ഞസേനസ്യാലമുരരീകൃത്യ മുച്യന്താം സർവ്വേ ബന്ധനസ്ഥാഃ.

കഞ്ചുകീ— യദാജ്ഞാപയതി ദേവഃ. (ഇതി നിഷ്ക്രാന്തഃ)

ദേവീ— ജഅസേണേ! ഗച്ഛ. ഇരാവദിപ്പമുഹാണം അന്തേഉരാണം പുത്തസ്സ വിഅഅഉത്തന്തം ണിവേദേഹി. [ജയസേനേ! ഗച്ഛ. ഇരാവതീപ്രമുഖേഭ്യോഽന്തഃപുരേഭ്യഃ പുത്രസ്യ വിജയവൃത്താന്തം നിവേദയ]

പ്രതീഹാരീ— തഹ. [തഥാ] (ഇതി പ്രസ്ഥിതാ)

ദേവീ— ഏഹി ദാവ. [ഏഹി താവൽ]

പ്രതീഹാരീ— (പ്രതിനിവൃത്ത്യ) ഇഅമ്ഹി. [ഇയമസ്മി]

ദേവീ— (ജനാന്തികം) ജം മഏ അസോഅദോഹളണിഓഏ മാളവിആഏ പഡിണ്ണാദം, തം സേ അഹിജണം അ ണിവേദിഅ മഹ വഅണേണ ഇരാവദിം അണുണേഹി. തുഏ അഹം സച്ചാദോ ണ വിബ്ഭംസിദവ്വേത്തി. [യന്മയാശോകദോഹദനിയോഗേ മാളവികായൈ പ്രതിജ്ഞാതം, തദസ്യാ അഭിജനം ച നിവേദ്യ മമ വചനേനേരാവതീമനുനയ. ത്വയാഹം സത്യാന്ന വിഭ്രംശയിതവ്യേതി]

ദേവി— ഇതുകൊണ്ടിപ്പോൾ എൻെറ ഹൃദയത്തിനാശ്വാസമായി.

രാജാവ്— (എഴുത്തിൻെറ ബാക്കി വായിക്കുന്നു) 'ഞാനിപ്പോൾ കുതിരയെ തിരിച്ചുകൊണ്ടുപോന്നിട്ട് അംശുമാനെക്കൊണ്ടു സഗരനെന്നപോലെ പൌത്രനെക്കൊണ്ടു കുതിരയെ തിരിച്ചുകൊണ്ടുവന്നു യാഗം ചെയ്വാൻ ഭാവിക്കുകയാണ്. അതുകൊണ്ടങ്ങു മനസ്സിലെ കോപംവെടിഞ്ഞ് ഒട്ടും താമസിക്കാതെ കുടുംബസമേതം വന്നിരുന്നു യാഗം നടത്തിത്തരേണ്ടിയിരിക്കുന്നു' എന്ന്.

രാജാവ്— എനിക്കനുഗ്രഹമായി.

പരിവ്രാജിക— ഭാഗ്യംതന്നെ. പുത്രൻെറ വിജയംകൊണ്ടു ദമ്പതികൾക്കു മേന്മ വന്നിരിക്കുന്നു. (ദേവിയെ നോക്കിയിട്ട്)

ഭർത്താവ്, പ്രശംസയർഹിക്കുന്ന വീരപത്നിമാരുടെ മുൻപന്തിയിൽ
അവിടത്തെ ഇരുത്തി. ഇപ്പോഴിതാ വീരമാതാവെന്ന പേർ മകനിൽ
നിന്ന് അവിടത്തേക്കു വന്നുചേർന്നിരിക്കുന്നു. 16

ദേവി— ഭഗവതി! അച്ഛനു യോജിച്ച മകനായി എന്നതിൽ എനിക്കു വലിയ സന്തോഷമുണ്ട്.

രാജാവ്— മൌൽഗല്യ! കൊമ്പൻകുട്ടി ആനത്തലവനെ പിന്തുടർന്നു

.

കഞ്ചുകി—

ഇത്രമാത്രമുള്ള ഈ പരാക്രമാതിശയംകൊണ്ടു നമുക്കു മനസ്സിൽ അ
ത്ഭുതം തോന്നുന്നില്ല. ഊരുജന്മാവെന്ന മഹർഷിയിൽനിന്നു സമുദ്രജ
ലം കത്തിക്കുന്ന ഏററവും ശക്തിയുള്ള വഡവാഗ്നിയുടെയെന്നപോലെ
മഹാനായ അവിടുന്നിൽനിന്നാണല്ലോ ആ വസുമിത്രൻെറ ഉത്ഭവം. 17

രാജാവ്— മൌൽഗല്യ! യജ്ഞസേനൻെറ ഭാര്യാസഹോദരനെ സ്വീകരിച്ചു ബാക്കിയുള്ള ബന്ധനസ്ഥന്മാരെയെല്ലാം വിട്ടയപ്പിക്കുക.

കഞ്ചുകി— മഹാരാജാവിൻെറ കല്പനപോലെ. (പോകുന്നു)

ദേവി— ജയസേനേ! ചെല്ലൂ. ഇരാവതി മുതലായ അന്തഃപുരസ്ത്രീകളോടു മകൻെറ വിജയവൃത്താന്തം അറിയിക്കൂ.

പ്രതീഹാരി— അങ്ങിനെതന്നെ. (പുറപ്പെടുന്നു)

ദേവി— ഇങ്ങോട്ടു വരൂ.

പ്രതീഹാരി— (മടങ്ങിയിട്ട്) ഞാനിതാ.

ദേവി— (സ്വകാര്യമായി) ഞാൻ അശോകശുശ്രൂഷയ്ക്കു നിയോഗിച്ചപ്പോൾ മാളവികയോടേററിരുന്നതും അവളുടെ കലീനതയും അറിയിച്ചു — 'നീ എനിക്കു സത്യഭംഗം വരുവാൻ ഇടയാക്കരുത്' എന്നു ഞാൻ പറഞ്ഞയച്ചതായി പറഞ്ഞ് ഇരാവതിയെ സമാധാനിപ്പിക്കൂ.

പ്രതീഹാരീ— ജം ദേവീ ആണവേദി. (ഇതി നിഷ്ക്രമ്യ പുനഃ പ്രവിശ്യ) ദേവി! പുത്തവിജഅണിമിത്തേണ പരിതോസേണ അന്തേഉരാണം ആഹരണാണം മഞ്ജൂസംഹി സംവുത്താ. [യൽ ദേവ്യാജ്ഞാപയതി. ദേവി! പുത്രവിജയനിമിത്തേന പരിതോഷേണാന്തഃപുരാണാമാഭരണാനാം മഞ്ജൂഷാസ്മി സംവൃത്താ]

ദേവീ— കിം എത്ഥ അച്ചരിഅം? സാഹാരണോ ക്ഖു താണം മഹ അ അഅം അബ്ഭുദഓ. [കിമത്രാശ്ചര്യം? സാധാരണഃ ഖലു താസാം മമ ചായമഭ്യുദയഃ]

പ്രതീഹാരീ— (ജനാന്തികം) ദേവി! ഇരാവദീ വിണ്ണവേദി—'സരിസം ക്ഖു ദേവീഏ പഹവന്ദീഏ വഅണം. പുഢമസംകപ്പിദം ണ ജുജ്ജദി അണ്ണഹാ കാദും'ത്തി. [ദേവി! ഇരാവതീ വിജ്ഞാപയതി—'സദൃശം ഖലു ദേവ്യാഃ പ്രഭവന്ത്യാ വചനം. പ്രഥമസങ്കല്പിതം ന യുജ്യതേഽന്യഥാകർത്തും' ഇതി]

ദേവീ— ഭഅവദി! തുഏ അണുമദാ ഇച്ഛാമി അജ്ജസുമദിണാ പുഢമസംകപ്പിദം മാളവിഅം അജ്ജഉത്തസ്സ പഡിവാദേദും. [ഭഗവതി! ത്വയാനുമതേച്ഛാമ്യാര്യസുമതിനാ പ്രഥമസങ്കല്പിതാം മാളവികാമാര്യപുത്രായ പ്രതിപാദയിതും]

പരിവ്രാജികാ— ഇദാനീമപി ത്വമേവാസ്യാഃ പ്രഭവസി.

ദേവീ— (മാളവികാം ഹസ്തേ ഗൃഹീത്വാ) ഇദം അജ്ജഉത്തോ പിഅണവേദിണാണുരൂവം പാരിതോസിഅം പഡിച്ഛദു. [ഇദമാര്യപുത്രഃ പ്രിയനിവേദനാനുരൂപം പാരിതോഷികം പ്രതീച്ഛതു]

(രാജാ സവ്രീഡം ജോഷമാസ്തേ)

ദേവീ— (സസ്മിതം) കിം അവധീരേദി മം അജ്ജഉത്തോ? [കിമവധീരയതി മാമാര്യപുത്രഃ?]

വിദൂഷകഃ— ഭോദി! ഏസോ ലോഅവ്വവഹാരോ—'സവ്വോ വി ണവവരോ ലജ്ജാദുരോ ഹോദി'ത്തി. [ഭവതി! ഏഷ ലോകവ്യവഹാരഃ—'സർവ്വോഽപി നവവരോ ലജ്ജാതുരോ ഭവതി' ഇതി]

(രാജാ വിദൂഷകമവേക്ഷതേ)

വിദൂഷകഃ— അഹവാ, ദേവീഏ എവ്വ കിദപ്പണഅവിസേസം ദിണ്ണദേവീസദ്ദം മാളവിഅം അത്തഭവം പഡിഗ്ഗഹീദും ഇച്ഛദി. [അഥവാ ദേവ്യൈവ കൃതപ്രണയവിശേഷാം ദത്തദേവീശബ്ദാം മാളവികാമത്രഭവാൻ പ്രതിഗ്രഹീതുമിച്ഛതി]

ദേവീ— ഏദാഏ രാഅദാരിആഏ അഹിജണേണ എവ്വ ദിണ്ണോ ദേവീസദ്ദോ. കിം പുണരുത്തേണ? [ഏതസ്യാ രാജദാരികായാ അഭിജനേനൈവ ദത്തോ ദേവീശബ്ദഃ. കിം പുനരുക്തേന?]

പ്രതീഹാരി— തമ്പുരാട്ടിയുടെ കല്പനപോലെ. (പോയി വീണ്ടും വന്നിട്ടു്) തമ്പുരാട്ടി! പുത്രൻ ജയിച്ച സന്തോഷംകൊണ്ടു ഞാൻ അന്തഃപുരസ്ത്രീകളുടെ ആഭരണപ്പെട്ടിയായിത്തീർന്നു.

ദേവി— ഇതിലെന്താണാശ്ചര്യം? ഈ അഭ്യുദയം അവൾക്കും എനിക്കും ഒരുപോലെയാണു്.

പ്രതീഹാരി— (സ്വകാര്യമായി) തമ്പുരാട്ടി! ഇരാവതി അറിയിയ്ക്കുന്നു—'ദേവിയുടെ മഹത്ത്വത്തിനു യോജിച്ചതുതന്നെയാണു് ഈ വക്കു്. ആദ്യത്തെ നിശ്ചയം മാററുന്നതു ഭംഗിയല്ല' എന്നു്.

ദേവി— ഭഗവതി! അവിടുത്തെ സമ്മതത്തോടുകൂടി ആര്യനായ സുമതി ആദ്യമുദ്ദേശിച്ചതുപോലെ മാളവികയെ ആര്യപുത്രനു നൽകുവാൻ ഞാനാഗ്രഹിക്കുന്നു.

പരിവ്രാജിക— ഇനിയും ഇവളുടെ കാര്യത്തിൽ അവിടുത്തേക്കുതന്നെയാണധികാരം.

ദേവി— (മാളവികയെ കൈയ്ക്കു പിടിച്ചു്) ഇതാ, ആര്യപുത്രൻ സന്തോഷവർത്തമാനമറിയിച്ചതിനു തക്കതായ ഒരു പാരിതോഷികം. സ്വീകരിക്കു.

(രാജാവു ലജ്ജിച്ചു മിണ്ടാതിരിക്കുന്നു)

ദേവി— (പുഞ്ചിരിയോടുകൂടി) ആര്യപുത്രൻ എന്റെ അപേക്ഷ നിരസിക്കുകയാണോ?

വിദൂഷകൻ— ദേവി! ഏതു നവവരനും ലജ്ജിക്കുന്നതു ലോകത്തിൽ പതിവാണല്ലോ.

(രാജാവു വിദൂഷകനെ നോക്കുന്നു)

വിദൂഷകൻ— അല്ലെങ്കിൽ, ദേവിതന്നെ സ്നേഹപൂർവ്വം ദേവീസ്ഥാനവുംകൂടി നൽകിയിട്ടുവേണം മാളവികയെ സ്വീകരിക്കാൻ എന്നവിടുന്നു് ആഗ്രഹിക്കുന്നുണ്ടാവാം.

ദേവി— ഈ രാജകുമാരിക്കു കുലമഹിമതന്നെ ദേവീസ്ഥാനം നൽകിയിരിക്കുന്നു. പിന്നെയെന്തിനു രണ്ടാമതു പറയുന്നു?

പരിവ്രാജികാ— മാ മൈവം.

അപ്യാകരസമുൽപന്നാ മണിജാതിരസംസ്കൃതാ
ജാതരൂപേണ കല്യാണി! ന ഹി സംയോഗമർഹതി. 18

ദേവീ— (സ്മൃത്വാ) മരിസേദു ഭഅവദീ. അബ്ഭുദഅകഹാഏ ഉഇദം ണ ലക്ഖിദം. ജഅസേണേ! ഗച്ഛ ദാവ. കോസേഅപത്തോണ്ണജുഅളം ഉവണേഹി. [മർഷയതു ഭഗവതീ അഭ്യുദയകഥയോചിതം ന ലക്ഷിതം. ജയസേനേ! ഗച്ഛ താവൽ. കൌശേയപത്രോർണ്ണയുഗളമുപനയ]

പ്രതീഹാരീ— ജം ദേവീ ആണവേദി. (ഇതി നിഷ്ക്രമ്യ പത്രോർണ്ണ ഗൃഹീത്വാ പുനഃ പ്രവിശ്യ) ദേവി! ഏദം. [യദ്ദേവ്യാജ്ഞാപയതി. ദേവി! ഏതൽ]

ദേവീ— (മാളവികാമവകൺസ്യ) ദാണിം അജ്ജഉത്തോ പഡിച്ഛദു. [ഇദാനീമാര്യപുത്രഃ പ്രതീച്ഛതു]

രാജാ— ദേവി! ത്വച്ഛരാസനാദപ്രത്യുത്തരാ വയം.

പരിവ്രാജികാ— ഹന്ത! പ്രതിഗൃഹീതാ.

വിദൂഷകഃ— അംഹോ! ദേവീഏ അണുഊലദാ! [അഹോ! ദേവ്യാ അനുകൂലതാ!]

(ദേവീ പരിജനമവലോകയതി)

പരിജനഃ— (മാളവികാമുപേത്യ) ജേദു ഭട്ടിണീ. [ജയതു ഭട്ടിനീ]

(ദേവീ പരിവ്രാജികാം നിർവർണ്ണയതി)

പരിവ്രാജികാ— നൈതച്ചിത്രം ത്വയി. കുതഃ—

പ്രതിപക്ഷേണാപി പതിം സേവന്തേ ഭർത്തൃവത്സലാഃ സാധ്വ്യഃ
അന്യസരിതാം ശതാനി ഹി സമുദ്രഗാഃ പ്രാപയന്ത്യബ്ധിം. 19

(പ്രവിശ്യ)

നിപുണികാ— ജേദു ഭട്ടാ. ഇരാവദീ വിണ്ണവേദി— 'ജം ഉവആരാദിക്കമേണ തദാ ഭത്തുണോ അവരദ്ധം, തം സഅം ഏവ്വ ഭത്തുണോ അണുഊലം ണാമ മഏ ആഅരിദം. സമ്പദം പുണ്ണമണോരഹേണ ഭത്തുണാ പസാദമേത്തേണ സംഭാവഇദവ്വ'ത്തി. [ജയതു ഭർത്താ. ഇരാവതീ വിജ്ഞാപയതി— 'യദുപചാരാതിക്രമേണ തദാ ഭർത്രേ അപരാദ്ധം, തൽ സ്വയമേവ ഭർത്തുരനുകൂലം നാമ മയാചരിതം. സാംപ്രതം പൂർണ്ണമനോരഥേന ഭർത്രാ പ്രസാദമാത്രേണ സംഭാവയിതവ്യാ' ഇതി]

ദേവീ— ണിഉണിഏ! അവസ്സം സേ സേവിദം അജ്ജഉത്തോ ജാണിസ്സദി. [നിപുണികേ! അവശ്യമസ്യാഃ സേവിതമാര്യപുത്രോ ജ്ഞാസ്യതി]

പരിവ്രാജിക— ഏയ്, അങ്ങനെയല്ല.

അല്ലയോ മംഗളശീലേ! നല്ല രത്നഖനിയിലുണ്ടായതായാലും രത്നം
ചാണയ്ക്കുവെയ്ക്കാതെ സ്വൎണ്ണത്തോടു ചേൎത്തുകൂടാ. 18

ദേവി— (ആലോചിച്ച്) ഭഗവതി! ക്ഷമിയ്ക്കണം. സന്തോഷകാര്യത്തിന്റെയിടയിൽ ഒരു കാൎയ്യം വിട്ടുപോയി. ജയസേനേ! വേഗത്തിൽ ച്ചെന്ന് ഇണപ്പട്ടുപുടവ കൊണ്ടുവരൂ.

പ്രതീഹാരി— തമ്പുരാട്ടിയുടെ കല്പനപോലെ. (പോയി ഇണപ്പട്ടുപുടവയെടുത്തു വീണ്ടും വന്നിട്ടു്) തമ്പുരാട്ടി! ഇതാ.

ദേവി— (മാളവികയെ മൂടിപ്പുതപ്പിച്ച്) ഇനി ആൎയ്യപുത്രൻ സ്വീകരിക്കൂ.

രാജാവ്— ദേവി! നീ കല്പിച്ചാൽപിന്നെ നമുക്കു മറുപടിയൊന്നും പറയാനില്ല.

പരിവ്രാജിക— ആവൂ! സ്വീകരിച്ചുവല്ലോ.

വിദൂഷകൻ— അമ്പോ! ദേവിയുടെ അനുകൂലത!

(ദേവി പരിജനങ്ങളെ നോക്കുന്നു)

പരിജനങ്ങൾ— (മാളവികയുടെ അടുത്തുചെന്ന്) തമ്പുരാട്ടിക്കു വിജയമുണ്ടാകട്ടെ.

(ദേവി പരിവ്രാജികയെ ഉററുനോക്കുന്നു)

പരിവ്രാജിക— അവിടത്തെ സംബന്ധിച്ചിടത്തോളം ഇതിൽ അത്ഭുതമില്ല. എന്തെന്നാൽ—

ഭൎത്താവിനെ സ്നേഹിക്കുന്ന പതിവ്രതമാർ വേറെ സ്ത്രീയെ കൊടുത്തും
ഭൎത്താവിനെ സന്തോഷിപ്പിയ്ക്കുന്നു. സമുദ്രത്തിലേയ്ക്കൊഴുകികൊണ്ടി
രിയ്ക്കുന്ന നദികൾ മററുനദികളെയും സമുദ്രത്തിലെത്തിയ്ക്കാറുണ്ടല്ലോ. 19

(പ്രവേശിച്ചിട്ടു്)

നിപുണിക— തമ്പുരാനു വിജയമുണ്ടാകട്ടെ. ഇരാവതി അറിയിയ്ക്കുന്നു—'അന്നു ഞാൻ തമ്പുരാന്റെ ഉപചാരം വകവെയ്ക്കാതെ കടന്നുപോന്നതു തമ്പുരാനുപകരമായിട്ടാണല്ലോ പരിണമിച്ചതു്. ആഗ്രഹം പൂൎണ്ണമായും സാധിച്ചിട്ടുള്ള തമ്പുരാൻ ഈയുള്ളവളുടെപേരിൽ സന്തോഷം കാണിച്ചാൽത്തന്നെ വലിയ അനുഗ്രഹമായി' എന്ന്.

ദേവി— നിപുണികേ! തീൎച്ചയായും അവളുപചരിച്ചതായി ആൎയ്യപുത്രൻ മനസ്സിലാകും.

നിപുണികാ— ജം ദേവീ ആണവേദി. [യദ്ദേവ്യാജ്ഞാപയതി]

(ഇതി നിഷ്ക്രാന്താ)

പരിവ്രാജികാ— ദേവ! അഹമമുനാ യുക്തസംബന്ധേന ചരിതാർത്ഥം മാധവസേനം സഭാജയിതുമിച്ഛാമി, യദി മേ തവ പ്രസാദഃ.

ദേവീ— ഭഅവദി! ണ ജുത്തം അമ്ഹേ പരിച്ചത്തും. [ഭഗവതി! ന യുക്തമസ്മാൻ പരിത്യക്തും]

രാജാ— ഭഗവതി! മദീയേഷു ലേഖേഷു തത്രഭവതസ്ത്വാമുദ്ദിശ്യ സഭാജനാക്ഷരാണി പാതയിഷ്യാമി.

പരിവ്രാജികാ— യുവയോഃ സ്നേഹേന പരവാനയം ജനഃ.

ദേവീ— ആണവേദു അജ്ജഉത്തോ, കിം ഭൂഓ വി പിഅം അണുചിട്ഠാമി? [ആജ്ഞാപയത്വാര്യപുത്രഃ, കിം ഭൂയോഽപി പ്രിയമനുതിഷ്ഠാമി?]

രാജാ— കിമതഃപരമപി പ്രിയമസ്തി? തഥാപീദമസ്തു.

ത്വം മേ പ്രസാദസുമുഖീ ഭവ ദേവി! നിത്യ—
മേതാവദേവ ഹൃദയേ പ്രതിപാലനീയം.

(ഭരതവാക്യം)

ആശാസ്യമീതിവിഗമപ്രഭൃതി പ്രജാനാം
സമ്പത്സ്യതേ ന ഖലു ഗോപ്തരി നാഗ്നിമിത്രേ. 20

(ഇതി നിഷ്ക്രാന്താഃ സർവ്വേ)

ഇതി പഞ്ചമോഽങ്കഃ.

നാടകമിദം സമ്പൂർണ്ണം

നിപുണിക— തമ്പുരാട്ടിയുടെ കല്പനപോലെ.

(പോകുന്നു)

പരിവ്രാജിക— മഹാരാജാവേ! അവിടത്തെ അനുവാദമുണ്ടെങ്കിൽ എനിക്കു യുക്തമായ ഈ വിവാഹബന്ധംകൊണ്ടു കൃതാൎത്ഥനായ മാധവസേനനെ ചെന്നു കണ്ടു് അനുമോദിച്ചാൽ കൊള്ളാമെന്നുണ്ടു്.

ദേവി— ഭഗവതി! ഞങ്ങളെ വിട്ടുപോകരുതു്.

രാജാവു്— ഭഗവതി! ഞാൻ അദ്ദേഹത്തിനെഴുതുന്ന എഴുത്തുകളിൽ അവിടത്തേക്കു വേണ്ടിയും പ്രത്യേകം ഉപചാരവാക്കുകൾ എഴുതിക്കൊള്ളാം.

പരിവ്രാജിക— നിങ്ങളുടെ രണ്ടുപേരുടേയും സ്നേഹത്തിന്നടിമപ്പെട്ടവളാണു് ഈയുള്ളവൾ.

ദേവി— ആര്യപുത്രൻ കല്പിക്കു— ഇനിയും എന്തൊരു ഇഷ്ടമാണു് ഞാൻ സാധിപ്പിച്ചുതരേണ്ടതു്?

രാജാവു്— ഇതിലുംമീതെ എന്തൊരിഷ്ടമാണുള്ളതു്? എന്നാലും ഇതിരിക്കട്ടെ—

ദേവി! നീയെപ്പോഴും എന്റെ പേരിൽ തെളിഞ്ഞ മുഖത്തോടുകൂടി പെരുമാറണം. ഇതുമാത്രമേ മനസ്സിൽ കരുതേണ്ടതുള്ളു.

(ഭരതവാക്യം)

അഗ്നിമിത്രൻ രാജ്യം ഭരിച്ചുകൊണ്ടിരിക്കുമ്പോൾ ജനങ്ങൾക്കു് അതിവൃഷ്ട്യാദിവിപത്തുകൾ ഇല്ലാതിരിക്കുക മുതലായ ഗുണങ്ങൾ ഉണ്ടാവാതിരിക്കില്ല. 20

(എല്ലാവരും പോകുന്നു)

അഞ്ചാമങ്കം കഴിഞ്ഞു

നാടകം പൂൎത്തിയായി

അഭിജ്ഞാനശാകുന്തളം

ആമുഖം

കാളിദാസൻെറ അഭിജ്ഞാനശാകുന്തളമാണ് സംസ്കൃതനാടകങ്ങളിൽ അതിപ്രസിദ്ധമായ നാടകം. മഹാഭാരതപ്രസിദ്ധമായ ദുഷ്യന്തൻെറയും ശകുന്തളയുടെയും പരസ്പരാനുരാഗം അങ്കുരിതവും പല്ലവിതവും പുഷ്പിതവും ഫലിതവുമായിത്തീർന്ന കഥയാണ് ഇതിലെ ഇതിവൃത്തം. ദിവ്യമായ സ്നേഹത്തിൻെറ പാരമ്യത്തിൽ അനുഭവഗോചരമാകുന്ന വൈക്ലബ്യഭാവം ഇത്രമാത്രം ഹൃദയംഗമമായി ചിത്രീകരിച്ചിട്ടുള്ള ഒരു നാടകം വേറെയില്ല. അച്ഛനു മകളോടുള്ള സ്നേഹം, മകൾക്ക് അച്ഛനോടുള്ള സ്നേഹം, നായികയ്ക്കു സഖിമാരോടുള്ള സ്നേഹം, സഖിമാർക്കു നായികയോടുള്ള സ്നേഹം, താപസകന്യകയ്ക്കു പക്ഷിമൃഗാദികളോടും വൃക്ഷലതാദികളോടും അവർക്കു സ്നേഹമയിയായ ആ നായികയോടുമുള്ള സ്നേഹം ഇങ്ങനെ ഏതെല്ലാം വിധത്തിലുള്ള സ്നേഹബന്ധങ്ങളാണ് ശാകുന്തളം നാലാമങ്കത്തിൽ ചിത്രീകരിച്ചിട്ടുള്ളത്. 'ശാകുന്തളേ ചതുർത്ഥോങ്കഃ' എന്ന അഭിജ്ഞവചനത്തിൻെറ അടിസ്ഥാനം ഈ സ്നേഹഭാവാവിഷ്കരണമല്ലാതെ മറെറാന്നുമല്ല. അർദ്ധദിവ്യതയുള്ള നായികാനായകന്മാരുടെ, തപോവനത്തിൽ പാകിയ രതിഭാവം ക്രമത്തിൽ വളർന്നുയർന്നു പശ്ചാത്താപത്തിലും തപോനുഷ്ഠാനങ്ങളിലും സംശുദ്ധമായി ദിവ്യലോകത്തു മധുരഫലം നൽകിയതായി വർണ്ണിച്ചിട്ടുള്ള ഈ നാടകം ഭൂമിയുടെയും സ്വർഗ്ഗത്തിൻെറയും കഥയാണ്, ഗ്രീഷ്മത്തിൻെറയും വസന്തത്തിൻെറയും കഥയാണ്, സ്നേഹത്തിൻെറയും മോഹത്തിൻെറയും കഥയാണ്, കോപത്തിൻെറയും താപത്തിൻെറയും കഥയാണ്.

ഇതിവൃത്തം

ഒന്നാമങ്കം

പ്രസ്താവന— ശാകുന്തളത്തിലെ പ്രസ്താവനയ്ക്കു, മുമ്പത്തെ രണ്ടുനാടകങ്ങളെ അപേക്ഷിച്ച് ഒരു വിശേഷമുണ്ട്, ഋതുവർണ്ണനം. സൂത്രധാരനും നടിയും തമ്മിലുള്ള സംഭാഷണത്തിൽ കാളിദാസഗ്രഥിതമായ ശാകുന്തളമാണ് അഭിനയിക്കാൻ പോകുന്നതെന്നു സൂചിപ്പിച്ചതിനുശേഷം ഗ്രീഷ്മസമയത്തിൻെറ സവിശേഷതയെക്കുറിച്ച് ഒരു പാട്ടുപാടുവാൻ സൂത്രധാരൻ നടിയോട് ആവശ്യപ്പെടുകയും അതനുസരിച്ചു നടി ആ ഗ്രീഷ്മത്തെ അധികരിച്ച് ഒരു പാട്ടുപാടുകയും ചെയ്യുന്നു. അവസാനം ദുഷ്യന്തൻെറ പ്രവേശം സൂചിപ്പിച്ചു അവർ രംഗം വിടുന്നു.

അങ്കം— ഹസ്തിനാപുരത്തിലെ രാജാവായ ദുഷ്യന്തൻ നായാട്ടിൽ ഒരു മാനിനെപ്പിൻതുടർന്നു കണ്വാശ്രമപരിസരത്തിൽ എത്തിച്ചേരുന്നു. അവിടെവെച്ച് മഹർഷിമാർ ദുഷ്യന്തനെ ആതിഥ്യസ്വീകരണത്തിനു ആ

ശ്രമത്തിലേക്കു ക്ഷണിച്ചു. തേർ പുറമെ നിർത്തി ദുഷ്യന്തൻ ഒററയ്ക്കു് ആശ്രമത്തിലേക്കു പ്രവേശിച്ചു. അവിടെ ഉദ്യാനത്തിൽനിന്നു സംഭാഷണം കേട്ടു ചെന്നുനോക്കിയപ്പോൾ മൂന്നു കന്യകമാർ തൈമരങ്ങൾക്കു വെള്ളം കൊണ്ടുവന്നു നനയ്ക്കുന്നതാണു് കണ്ടതു്. ഒരു മരം മറഞ്ഞുനിന്നു് അവരുടെ വാക്കുകളും പ്രവൃത്തിയും ശ്രദ്ധിച്ചു. അവരുടെ— പ്രത്യേകിച്ചും ശകുന്തളയുടെ— സൌന്ദര്യ്യയൌവനാദികളും വികാരവിചാരാദികളും ദുഷ്യന്തൻെറ ശ്രദ്ധയിൽപ്പെട്ടു. ശകുന്തളയെ പരിഗ്രഹിക്കുവാൻ ആ ക്ഷത്രിയന്നു് ആഗ്രഹം ജനിച്ചു. എന്നാൽ അതു്, തനിക്കു സ്വീകരിക്കാൻ പാടില്ലാത്ത ബ്രാഹ്മണകന്യകയായിരിക്കുമോ എന്ന സംശയം അദ്ദേഹത്തെ വിഷമിപ്പിച്ചു. പെട്ടന്നു് ഒരു വണ്ടു പറന്നുചെന്നു ശകുന്തളയെ പരിഭ്രമിപ്പിച്ചപ്പോൾ ദുഷ്യന്തൻ സന്ദർഭമുണ്ടാക്കി കടന്നുചെന്നു. കുശലപ്രശ്നാദികൾക്കുശേഷം അവിടെ ഒരു പാലമരത്തിൻെറ തണലിലിരുന്നു വിശ്രമിക്കെ അവർ പരസ്പരം മനസ്സിലാക്കാൻ ശ്രമിച്ചു. താൻ ദുഷ്യന്തനാണെന്നു അദ്ദേഹം വ്യക്തമാക്കാതെയാണു് സംസാരിച്ചതു്. എന്നാൽ സഖിമാരായ പ്രിയംവദാനസൂയമാർ, ശകുന്തളയുടെ കുലശീലാദികളെല്ലാം വിശദീകരിച്ചുകൊടുത്തു. വിശ്വാമിത്രനെന്ന രാജർഷിക്കു മേനകയിൽ ജനിച്ച കന്യകയാണു് ശകുന്തള. അവർ ഉപേക്ഷിച്ചുപോയപ്പോൾ കണ്വമഹർഷി എടുത്തുവളർത്തിയതാണു്. അനുരൂപനായ ഒരു വരനു വിവാഹംചെയ്തു കൊടുക്കണമെന്നാണു് കണ്വൻെറ ആഗ്രഹം. ഇത്രയും സംഗതികൾ അറിഞ്ഞപ്പോൾ ദുഷ്യന്തനു സമാധാനമായി. തനിക്കു ശകുന്തളയെ വിവാഹം ചെയ്യുന്നതിൽ തെററില്ലെന്നായല്ലോ. അവർ തമ്മിൽ ഇങ്ങനെ ഓരോന്നു പറഞ്ഞിരിക്കുമ്പോൾ ദുഷ്യന്തൻ കാട്ടിൽ നായാട്ടിനെത്തിയിട്ടുണ്ടെന്നും ഒരു കാട്ടാന ആശ്രമത്തിലേക്കു പാഞ്ഞു വരുന്നുണ്ടെന്നുമുള്ള കോലാഹലം കേട്ടു. താപസകന്യകകൾ പരിഭ്രമിച്ചു. ആശ്രമത്തിനു് ഉപദ്രവം വരാതെ നോക്കിക്കൊള്ളാമെന്നു പറഞ്ഞു് അവരെ സമാധാനിപ്പിച്ചയച്ചതിന്നുശേഷം ദുഷ്യന്തൻ അവിടെനിന്നു മടങ്ങി. ശകുന്തള പോവുമ്പോൾ ദുഷ്യന്തനെ ഒന്നു തിരിഞ്ഞു നോക്കുകയുണ്ടായി. ആ നോട്ടം ദുഷ്യന്തനിൽ ആഞ്ഞുതറയ്ക്കുകയും ചെയ്തു. തന്മൂലം ദുഷ്യന്തൻെറ മനസ്സു് ആശ്രമത്തിൽനിന്നു മടങ്ങിപ്പോരാൻ കൂട്ടാക്കിയില്ല.

രണ്ടാമങ്കം

ആശ്രമത്തിൽനിന്നു മടങ്ങിയ ദുഷ്യന്തൻ അന്നു തപോവനത്തിൻെറ ഏറെദ്ദൂരെയല്ലാതെ ഒരിടത്തു താവളമടിച്ചു താമസിച്ചു. നായാട്ടുസൈന്യങ്ങളെല്ലാം അവിടെ വന്നുകൂടി. ദുഷ്യന്തൻെറ നർമ്മസചിവനായ മാഢവ്യനും നായാട്ടിനു കൂടെപ്പോന്നിരുന്നു. അയാൾക്കു പൊരിവെയിലത്തു കാട്ടിലോടിനടന്നിട്ടും ശരിക്കു ഭക്ഷണം കിട്ടാഞ്ഞിട്ടും ദേഹമാസകലം വേദനിച്ചു ഉറക്കം വരാഞ്ഞിട്ടും നായാട്ടിൻെറ നേരെ സാമാന്യത്തിലധികം വെറുപ്പായിരിക്കുന്നു. രാവിലെ നേരത്തെ ദുഷ്യന്തൻ നിത്യകൃത്യങ്ങളെല്ലാം നിർവ്വഹിച്ചു നായാട്ടിനൊരുങ്ങിപ്പുറപ്പെട്ടപ്പോൾ മാഢവ്യൻ ചെന്നു

തനിക്കു് ഒരു ദിവസമെങ്കിലും വിശ്രമം തരണമെന്നായി. ദുഷ്യന്തനുമുണ്ടു്, ശകുന്തളയെക്കുറിച്ചുള്ള ചിന്തമൂലം നായാട്ടിനുപോവാൻ മടുപ്പു്. മാഢവ്യന്റെ അപേക്ഷയുംകൂടിയായപ്പോൾ, ആശ്രമപരിസരത്തിലാണു് എത്തിച്ചേർന്നിട്ടുള്ളതെന്ന കാരണവും പറഞ്ഞു് അന്നു നായാട്ടു വേണ്ടെന്നുവെച്ചു. സേനാപതിയെ വിളിച്ചുവരുത്തി ആ വിവരം അറിയിക്കുകയും ചെയ്തു.

ദുഷ്യന്തൻ മാഢവ്യനോടു തലേദിവസംതന്നെ, താൻ ആശ്രമത്തിൽ പോയതും ശകുന്തളയെക്കണ്ടതും മററും പറഞ്ഞിട്ടുണ്ടായിരുന്നു. അന്നു നായാട്ടുവേണ്ടെന്നു വെച്ചതുകൊണ്ടു പകൽ സമയം മുഴുവനും ശകുന്തളയുടെ സൌന്ദര്യാതിശയത്തെക്കുറിച്ചും തന്റെ നേരെ തലേന്നാൾ ശകുന്തള അനുവർത്തിച്ച പെരുമാററത്തെക്കുറിച്ചും മററും പറഞ്ഞിരുന്നു കഴിച്ചുകൂട്ടി. ആശ്രമത്തിൽ ഒരിക്കൽക്കൂടി ചെന്നു കൂടാനെന്താണു് വഴി എന്നായി ആലോചന. അപ്പോഴേക്കും രണ്ടു കണ്വശിഷ്യന്മാർ ദുഷ്യന്തനെ അന്വേഷിച്ചു വന്നു. കണ്വൻ അവിടെ ഇല്ലെന്നറിഞ്ഞു രാക്ഷസന്മാർ യജ്ഞക്രിയാവിഘ്നമുണ്ടാക്കാൻ തുടങ്ങിയിരിക്കുന്നുവെന്നും അതിനാൽ കുറച്ചു ദിവസം ദുഷ്യന്തൻ രഥവും സാരഥിയുമൊന്നിച്ചു് അവിടെ താമസിക്കണമെന്നുമാണു് ആ കണ്വശിഷ്യന്മാരുടെ ആവശ്യം. അങ്ങനെയാവാമെന്നു സമ്മതിച്ചു് അവരെ അയച്ചപ്പോഴേക്കും ഹസ്തിനാപുരത്തിൽനിന്നു് അമ്മയുടെ ഒരു ദൂതൻ വന്നു ചേർന്നു. അടുത്തദിവസം അമ്മയുടെ ഒരു വ്രതം അവസാനിക്കുകയാണു്. അന്നേക്കു് അവിടെ എത്തണം. ഇതാണു് അമ്മയുടെ ആവശ്യം. ദുഷ്യന്തൻ വിഷമത്തിലായി. ഒടുവിൽ മഹർഷികാര്യത്തിന്റെ ഗൌരവത്തെ കാരണമാക്കിവെച്ചു് അമ്മയുടെ അടുക്കലേക്കു മാഢവ്യനെ സൈന്യങ്ങളോടുകൂടി തിരിച്ചയച്ചു. ദുഷ്യന്തൻ സാരഥിയോടുകൂടി കണ്വാശ്രമത്തിൽ താമസിക്കാനും നിശ്ചയിച്ചു.

മാഢവ്യൻ പുറപ്പെട്ടപ്പോൾ, രാജധാനിയിൽച്ചെന്നു് അയാൾ ശകുന്തളയുടെ കാര്യം വല്ലതും അന്തഃപുരസ്ത്രീകളോടു പറഞ്ഞേക്കുമോ എന്നു ശങ്കിച്ചു്, ദുഷ്യന്തൻ അയാളോടു പറഞ്ഞു — ‘ഞാൻ ശകുന്തളയെക്കുറിച്ചു പറഞ്ഞതെല്ലാം നേരം പോക്കാണു്. താനതു പരമാർത്ഥമാണെന്നു ധരിച്ചുപോകരുതു്’’ എന്നു്. ആ വാക്കു മാഢവ്യൻ വിശ്വസിക്കുകയും ചെയ്തു.

മൂന്നാമങ്കം

വിഷ്കംഭകം—അതിൽ ഒരു മുനിശിഷ്യൻ മാത്രമേ പ്രവേശം ചെയ്യുന്നുള്ളു. ദുഷ്യന്തൻ ആശ്രമത്തിലെത്തിയതോടുകൂടി നിർവ്വിഘ്നമായി കർമ്മങ്ങൾ നടക്കാൻ തുടങ്ങിയെന്നു് ആ മുനിശിഷ്യൻ ആദ്യം സൂചിപ്പിക്കുന്നു. ശകുന്തളയ്ക്കു വെയിലേററതു നിമിത്തം തീരെ സുഖമില്ലാതായകാര്യം പ്രിയംവദയോടു വിളിച്ചു ചോദിച്ചു മനസ്സിലാക്കുകയും യാഗകർമ്മം കഴിഞ്ഞാൽ ഗൌതമിയുടെ കയ്യിൽ ശാന്തിതീർത്ഥം കൊടുത്തയയ്ക്കാമെന്നു പറഞ്ഞയയ്ക്കുകയും ചെയ്യുന്നു.

അങ്കം— ദുഷ്യന്തൻ യജ്ഞരക്ഷയ്ക്കുവേണ്ടി കണ്വാശ്രമത്തിൽ താമസം തുടങ്ങിയിട്ടു് ഏതാനും ദിവസമായി. ശകുന്തളയെക്കുറിച്ചുള്ള കാമതാപ

ത്താൽ ഊണും ഉറക്കവുമില്ലാതായിട്ടു് അദ്ദേഹം നന്നെ മെലിഞ്ഞിരിക്കുന്നു. ഒരു ദിവസം ഉച്ചയ്ക്കുള്ള വിശ്രമവേളയിൽ ശകുന്തള മാലിനീതീരത്തിലുള്ള വള്ളിക്കുടിലിൽ സഖികളോടുകൂടി എത്തിയിട്ടുണ്ടാവാമെന്നു കരുതി ദുഷ്യന്തൻ അങ്ങോട്ടു ചെന്നു. അവർ അവിടെ ഉണ്ടായിരുന്നു. അവരുടെ സംഭാഷണത്തിൽ ശ്രദ്ധിച്ചുകൊണ്ടു് അദ്ദേഹം മരം മറഞ്ഞു നോക്കിനിന്നു.

ശകുന്തള അവിടെ നിരപ്പുള്ള ഒരു പാറമേൽ പൂക്കൾ വിരിച്ചുകിടക്കുകയാണു്. സ്തനങ്ങളിൽ രാമച്ചം അരച്ചുപൂശിയിട്ടുണ്ടു്. കൈകളിൽ താമരവളയം വളപോലെ ചുററിയിട്ടിട്ടുണ്ടു്. താമരയിലകൊണ്ടു പ്രിയംവദയും അനസൂയയും വീശിക്കൊടുക്കുന്നുണ്ടു്. ദേഹം വല്ലാതെ ചടച്ചിരിക്കുന്നു. സഖികൾ ചെയ്യുന്ന ശീതോപചാരങ്ങളൊന്നും ശകുന്തളയിൽ ഏശുന്നില്ല. ഒടുവിൽ അവർ ശകുന്തളയോടു തുറന്നു ചോദിക്കുന്നു–'നിന്റെ ഈ സന്താപത്തിനു കാരണമെന്താണു്? കാമതാപത്തിന്റെ ലക്ഷണങ്ങൾ നിന്നിൽ കാണുന്നുണ്ടു്. അതു ശരിയാണോ?' എന്നു്. ശകുന്തള കാര്യം തെല്ലു സങ്കോചത്തോടെ തുറന്നു പറഞ്ഞു— 'അന്നു് ആ രാജർഷിയെക്കണ്ടതു മുതൽ അദ്ദേഹത്തെക്കുറിച്ചുള്ള അഭിനിവേശമാണു് എന്നെ ഈ നിലയിലാക്കിയതു്. അതു നിങ്ങൾക്കു സമ്മതമാണെങ്കിൽ അദ്ദേഹത്തിന്നു് ഈയുള്ളവളിൽ അനുകമ്പയുളവാക്കാൻ ശ്രമിക്കുവിൻ. അല്ലെങ്കിൽ എന്റെ ജീവിതം ഇനി അധികം നീണ്ടുനില്ക്കുകയില്ല' എന്നു്. ഇതെല്ലാം കേട്ടുനിൽക്കുന്ന ദുഷ്യന്തനു വളരെ മനസ്സമാധാനമുണ്ടായി. ശകുന്തളയ്ക്കു് ഇങ്ങോട്ടും അനുരാഗമുണ്ടല്ലോ.

സഖിമാർ ശകുന്തളയെ അനുകൂലിക്കാൻതന്നെ തീർച്ചയാക്കി. ഒരു കാമലേഖനം എഴുതിത്തരുന്നപക്ഷം അതു ദേവപ്രസാദമെന്നപേരിൽ ദുഷ്യന്തനു് എത്തിച്ചുകൊടുക്കാമെന്നു് അവർ ഏററു. ശകുന്തള ചെറിയൊരു പദ്യമുണ്ടാക്കി താമരയിലയിൽ നഖങ്ങൾകൊണ്ടെഴുതി. അതു ശരിയായിട്ടുണ്ടോ എന്നറിയാൻ സഖിമാർക്കു വായിച്ചുകേൾപ്പിച്ചു. 'അങ്ങയുടെ ഹൃദയമെന്തെന്നെനിക്കറിഞ്ഞുകൂടാ. അങ്ങയിൽ ആസക്തയായ എന്റെ ദേഹത്തിലാകമാനം കാമൻ രാവും പകലും ചുട്ടുനീററമുണ്ടാക്കിക്കൊണ്ടിരിക്കുന്നു' എന്നായിരുന്നു പദ്യത്തിലെ ഉള്ളടക്കം. അതിനുള്ള മറുപടി പറഞ്ഞുകൊണ്ടു ദുഷ്യന്തൻ വള്ളിക്കുടിലിലേക്കു കടന്നുചെന്നു. 'കാമൻ നിനക്കു ചുട്ടുനീററമുണ്ടാക്കുമ്പോൾ എന്നെ ദഹിപ്പിക്കുകയാണു് ചെയ്യുന്നതു്'' എന്നാണു് ദുഷ്യന്തന്റെ മറുപടി. സഖികൾ സ്വാഗതംചെയ്തു. ശകുന്തള പിടഞ്ഞെഴുന്നേൽക്കാൻ ഭാവിച്ചു. ഉപചാരത്തിനുവേണ്ടി ക്ലേശിക്കേണ്ടെന്നു പറഞ്ഞു ദുഷ്യന്തൻ തടഞ്ഞു, എല്ലാവരും ഇരിക്കുന്നു. 'മഹാരാജാവു ഞങ്ങളുടെ ഈ പ്രിയസഖിയെ രക്ഷിക്കണം' എന്നായി പ്രിയംവദ. 'ഇതു തന്നെയാണു് എനിക്കങ്ങോട്ടും പറയാനുള്ളതു്'' എന്നു ദുഷ്യന്തൻ മറുപടി പറയുന്നു. 'അന്തഃപുരസ്ത്രീകളുടെ വിരഹത്താൽ ക്ലേശിക്കുന്ന ഇദ്ദേഹത്തെ നിർബ്ബന്ധിക്കേണ്ട' എന്നു ശകുന്തള ഇടയ്ക്കുകയറിപ്പറഞ്ഞു. 'നീ ഇങ്ങനെ കരു

ത്തുന്നതായാൽ ഞാൻ കഷ്ടത്തിലായി' എന്നു ദുഷ്യന്തൻ. 'രാജാക്കന്മാർക്കു ഒട്ടേറെപ്പത്നിമാരുണ്ടാവുമെന്നു കേട്ടിട്ടുണ്ടു്. ഇവളെക്കുറിച്ചു ബന്ധുജനങ്ങൾക്കു സങ്കടപ്പെടാൻ ഇടവരുത്താതിരുന്നാൽമതി' എന്നു് അനസൂയ. 'എനിക്കു് എത്രഭാര്യമാരുണ്ടെങ്കിലും എന്റെ വംശപ്രതിഷ്ഠ ശകുന്തളയാണു്' എന്നു ദുഷ്യന്തൻ. സഖികൾക്കു സമാധാനമായി. അവർ എന്തോ കാരണമുണ്ടാക്കി അവിടെനിന്നുമാറുന്നു. ശകുന്തള അവരെ പിന്തുടരുവാൻ ഭാവിക്കുന്നു. 'നിന്നെ ശുശ്രൂഷിക്കാൻ ഞാനുണ്ടു്' എന്നു പറഞ്ഞു ദുഷ്യന്തൻ ശകുന്തളയെ സമീപിക്കുന്നു. 'അച്ഛനമ്മമാരോടു ചോദിക്കണം' എന്നായി ശകുന്തള. 'ഗാന്ധർവ്വവിവാഹം രാജർഷികന്യകമാർക്കു വിധിച്ചിട്ടുള്ളതാണു്. അച്ഛൻ കുറ്റം പറയില്ല' എന്നു ദുഷ്യന്തൻ. ഇത്രയുമായപ്പോഴേക്കും ഗൌതമി തീർത്ഥവുമായി വരുന്നതു സഖിമാർ കണ്ടു. അവർ ചക്രവാകപ്പിടയോടു പറയുന്ന ഭാവത്തിൽ 'ഇണയോടു വിടവാങ്ങിക്കൊള്ളൂ. രാത്രി അടുത്തു' എന്നു വിളിച്ചുപറഞ്ഞു ശകുന്തളയ്ക്കു ഗൌതമി വരുന്നതിന്റെ സൂചന നൽകി. ദുഷ്യന്തൻ അവിടെനിന്നു മാറി മറഞ്ഞുനിന്നു. സഖിമാരോടൊപ്പം ഗൌതമിവന്നു തീർത്ഥം തളിച്ചാശ്വസിപ്പിച്ചു ശകുന്തളയെയുംകൂട്ടി ആശ്രമത്തിലേക്കു മടങ്ങി. പോവുമ്പോൾ ശകുന്തള, വള്ളിക്കുടിലിനോടെന്നഭാവത്തിൽ ദുഷ്യന്തനോടു്, താൻ വീണ്ടും വന്നുകൊള്ളാമെന്നു പറഞ്ഞു വിട വാങ്ങി. ശകുന്തള പോയപ്പോൾ ശകുന്തള കിടന്നിരുന്ന പൂമെത്തയും കാമലേഖനമെഴുതിയ താമരയിലയും കൈകളിൽനിന്നൂരിവീണ താമരവളയവും മറ്റും നോക്കിക്കൊണ്ടു് ദുഷ്യന്തൻ കുറെനേരം ആ വള്ളിക്കുടിലിൽത്തന്നെ കഴിച്ചുകൂട്ടി. അപ്പോഴേക്കും സന്ധ്യയ്ക്കുള്ള കർമ്മങ്ങൾ തുടങ്ങാറായി. ദുഷ്യന്തൻ അങ്ങോട്ടു കുതിച്ചുപോവുകയും ചെയ്തു.

നാലാമങ്കം

വിഷ്കംഭകം— ശകുന്തളാസഖിമാരായ പ്രിയംവദയും അനസൂയയും തമ്മിലുള്ള ഒരു സംഭാഷണമാണു് നാലാമങ്കത്തിലെ വിഷ്കംഭകം.

കണ്വാശ്രമത്തിലെ കർമ്മങ്ങൾകഴിഞ്ഞു ദുഷ്യന്തൻ ഹസ്തിനാപുരത്തിലേക്കു മടങ്ങിയതിന്റെ മൂന്നാംദിവസം രാവിലെ പ്രിയംവദയും അനസൂയയും ശകുന്തളയെപ്പറ്റി സംഭാഷണംചെയ്തുകൊണ്ടു പൂന്തോട്ടത്തിൽ പൂജാപുഷ്പമറുത്തുകൊണ്ടിരിക്കുന്നു. 'രാജധാനിയിലെത്തിയ ദുഷ്യന്തനു ശകുന്തളയുടെകാര്യം ഓർമ്മയുണ്ടാവുമോ ആവോ' എന്നാണു് അനസൂയയുടെ ശങ്ക. 'ശകുന്തളയുടെ വിവാഹകാര്യം കേട്ടാൽ അച്ഛൻ എന്താണാവോ ചെയ്യുക' എന്നാണു് പ്രിയംവദയുടെ ഭയം. അങ്ങനെ ഓരോന്നു പറഞ്ഞുകൊണ്ടിരിക്കെ ഏതോ ഒരതിഥി വന്നു അറിവുകൊടുക്കുന്നതു കേട്ടു. ശകുന്തള പർണ്ണശാലയിലുണ്ടല്ലോ എന്നു കരുതി അവർ പൂവറുക്കൽതന്നെ തുടർന്നു. തുടർന്നു ഉച്ചത്തിൽ ഒരു ശാപവചനവും കേൾക്കുമാറായി— 'നീ ആരെ ചിന്തിച്ചിരുന്നതുകൊണ്ടാണോ തപോധനനായ ഞാൻ വന്നതു് അറിയാതിരുന്നതു്, ആ ആൾക്കു നിന്നെ ചെന്നോർമ്മപ്പെടുത്തിയാലും ഓർമ്മയുണ്ടാകാതെ പോകട്ടെ'. എന്നാണു് ശാപം. അങ്ങനെ ശപിച്ചു കുതിച്ചുപോകുന്ന

ത്തു പ്രിയംവദ കണ്ടു. മഹാകോപിയായ ദുർവ്വാസാവാണതെന്നു മനസ്സിലായി. ഓടിച്ചെന്നു കാൽക്കൽവീണു ക്ഷമായാചനം ചെയ്തു. ആശ്രമത്തിലേക്കു മടങ്ങിപ്പോരുവാൻ അഭ്യർത്ഥിച്ചു. താൻ മടങ്ങുകയില്ലെന്നായി ദുർവ്വാസാവ്. 'തപസ്സിന്റെ പ്രഭാവത്തെപ്പററി അറിഞ്ഞുകൂടാത്ത ഈ മകളുടെ ആദ്യത്തേതായ ഈ അപരാധം ക്ഷമിക്കുമാറാകണം' എന്നു പ്രിയംവദ അറിയിച്ചു. 'എന്റെ വാക്കിനു മാററം വരുന്നതല്ല. എന്തെങ്കിലും അടയാളം കണ്ടാൽ ശാപം നീങ്ങിക്കൊള്ളും' എന്നു പറഞ്ഞുകൊണ്ടു ദുർവ്വാസാവു പോകയും ചെയ്തു.

ദുഷ്യന്തൻ രാജധാനിയിലേക്കു മടങ്ങുമ്പോൾ തന്റെ പേർകൊത്തിയ ഒരു മോതിരം ശകുന്തളയുടെ വിരലിന്മേൽ ഇടുവിച്ചിരുന്നു. അങ്ങനെ ഒരു അടയാളമുണ്ടല്ലോ എന്നു സഖിമാർ ആശ്വസിച്ചു. അവർ പർണ്ണശാലയിൽ ചെന്നപ്പോൾ ശകുന്തള ഇടത്തുകയ്യിൽ മുഖം ചാച്ചുവെച്ചു ചിന്തയിൽ മുഴുകി ഒന്നുമറിയാതെ അനങ്ങാതിരിക്കുന്നു. ദുർവ്വാസാവു വന്നതോ പോയതോ ഒന്നും ആ പാവം അറിഞ്ഞിട്ടില്ല. സുകുമാരഹൃദയയായ ആ തോഴിയെ വേദനിപ്പിക്കരുതെന്നു കരുതി അവർ അതൊന്നും ശകുന്തളയോടു പറയേണ്ടെന്നു നിശ്ചയിച്ചു.

അങ്കം— ദുഷ്യന്തൻ പോയിട്ടു രണ്ടുമൂന്നു മാസമായി. ഒരെഴുത്തുപോലും കൊടുത്തയച്ചിട്ടില്ല. ശകുന്തളയ്ക്കു ഗർഭലക്ഷണം വ്യക്തമായിരിക്കുന്നു. കണ്വൻ സോമതീർത്ഥത്തിൽ നിന്നു മടങ്ങിയെത്തിയതിന്റെ പിറേറ ദിവസം രാവിലെ അനസൂയ വിചാരപ്പെട്ടിരിക്കയാണ്. അങ്ങനെയൊക്കെ പറഞ്ഞുപോയിട്ടു ദുഷ്യന്തൻ ഒരെഴുത്തുപോലും അയച്ചില്ലല്ലോ എന്നൊരു വിചാരം. ദുർവ്വാസാവിന്റെ ശാപമാണ് ദുഷ്യന്തൻ ആളെ അയച്ചു ശകുന്തളയെ കൊണ്ടുപോകാതിരിക്കാൻ കാരണമെന്നൊരു നിഗമനം. ആ അടയാളമോതിരം ഏതെങ്കിലും ഒരു താപസന്റെ കയ്യിൽ ദുഷ്യന്തനു കൊടുത്തയച്ചാലോ എന്നൊരാലോചന. ദുഷ്യന്തൻ വിവാഹം ചെയ്തു ഗർഭിണിയായിരിക്കുന്ന ശകുന്തളയെന്നു കണ്വനെ അറിയിക്കാനുള്ള പ്രയാസം. ഇങ്ങനെ പല ചിന്തകളും നിമിത്തം അനസൂയ വിഷമിച്ചിരിക്കുമ്പോൾ പ്രിയംവദ ആഹ്ലാദത്തോടുകൂടി പാഞ്ഞുവന്നു പറഞ്ഞു– 'ശകുന്തളയെ ഇന്നുതന്നെ അച്ഛൻ ഭർത്തൃഗൃഹത്തിലേക്കു പറഞ്ഞയക്കുകയായി' എന്ന്.

ഒരശരീരിവാക്കിൽനിന്നു കണ്വന്, ദുഷ്യന്തനാൽ ശകുന്തള ഗർഭിണിയായ കാര്യം മനസ്സിലായി. രാവിലെ നേരത്തെ അച്ഛൻ ശകുന്തളയെ വിളിച്ച് അനുമോദിക്കുകയും അന്നുതന്നെ മഹർഷിമാരെ കൂട്ടി ഭർത്തൃഗൃഹത്തിലേക്ക് അയയ്ക്കാമെന്നു പറയുകയും ചെയ്തു. ആ വർത്തമാനം അറിഞ്ഞു വരികയാണ് പ്രിയംവദ. രണ്ടുതോഴിമാർക്കും വളരെ സമാധാനവും സന്തോഷവുമായി.

ശകുന്തള കുളിച്ചുവന്നു. താപസിമാരെയെല്ലാം വന്ദിച്ചു. അവർ അക്ഷതമിട്ടാശിർവ്വദിച്ചുപോയി. ഗൌതമിമാത്രം ശകുന്തളയുടെകൂടെ നിന്നു.

അപ്പോഴേക്കും സഖിമാർ മംഗളാലങ്കാരങ്ങളണിയിക്കുവാൻ വന്നുകഴിഞ്ഞു. ആശ്രമത്തിൽ കിട്ടുന്ന അലങ്കാര സാമഗ്രികൾകൊണ്ടു് അലങ്കരിപ്പിക്കുവാൻ തുടങ്ങി. അപ്പോഴേക്കും രണ്ടുമുനികുമാരന്മാർ വെള്ളപ്പട്ടും ചെമ്പഞ്ഞിച്ചാറും പല ആഭരണങ്ങളും കൊണ്ടുവന്നുകൊടുത്തു. അവർ കണ്വന്റെ നിയോഗപ്രകാരം ശകുന്തളയ്ക്കു വേണ്ടി പൂവറുക്കുവാൻ ചെന്നപ്പോൾ വനദേവതകൾ കൊടുത്തതാണത്രേ അതെല്ലാം. സഖിമാർ ശകുന്തളയെ വേണ്ടുംവണ്ണം എല്ലാം അണിയിച്ചു.

അച്ഛൻ കണ്വൻ യാത്രയയക്കാൻ വന്നു. മകളെ ചക്രവർത്തിപുത്രലാഭത്തിനാശീർവ്വദിച്ചു. ഹോമാഗ്നികളെ പ്രദക്ഷിണം ചെയ്യിച്ചു ശാർങ്ഗരവാദിശിഷ്യന്മാരെ വിളിച്ചു ശകുന്തളയുടെ ഒപ്പം പോവാൻ നിയോഗിച്ചു. തപോവനവൃക്ഷങ്ങളോടും വനദേവതകളോടും യാത്രാനുവാദം വാങ്ങിക്കൊടുത്തു. ശകുന്തള പോകുന്നതിൽ പക്ഷിമൃഗാദികളും വൃക്ഷലതാദികളുമടക്കം മുഴുവനും ഉൽക്കണ്ഠിതമാണു്. ശകുന്തളയ്ക്കാണെങ്കിൽ കണ്വാശ്രമത്തിൽനിന്നു പോവാനും വയ്യ, ദുഷ്യന്തന്റെ അടുക്കൽ എത്താനും വൈകി എന്ന നിലയാണു്.

ശകുന്തള വനജ്യോത്സ്നയോടു വിടവാങ്ങി, അതിനെ സഖിമാരുടെ കയ്യിൽ ഏല്പിച്ചുകൊടുത്തു. ഗർഭിണിയായ മാൻപേട വൈഷമ്യമൊന്നും കൂടാതെ പെററാൽ വിവരം അറിയിക്കണമെന്നു് അച്ഛനെ ഏല്പിച്ചു. അമ്മയെക്കൂടാതെ താൻ വളർത്തിയ ദീർഘാപാംഗനെന്ന മാൻകിടാവിനെ പറഞ്ഞാശ്വസിപ്പിച്ചു.

ഒരു പൊയ്കയുടെ തീരത്തിലെത്തിയപ്പോൾ അവിടെയുള്ള പാലയുടെ തണലിൽനിന്നു ശാർങ്ഗരവനെ വിളിച്ചു ദുഷ്യന്തനോടു പറയാനുള്ള സന്ദേശം പറഞ്ഞുകൊടുത്തു. ശകുന്തളയെ വിളിച്ചു ഗൃഹിണിധർമ്മങ്ങൾ ഉപദേശിച്ചു. തന്നെ പിരിഞ്ഞുപോകുന്നതിൽ സങ്കടപ്പെടുന്ന മകളെ നല്ല വാക്കുകൾ പറഞ്ഞു് ആശ്വസിപ്പിച്ചു.

ശകുന്തള സഖിമാരെ ആലിംഗനം ചെയ്തു വിടവാങ്ങുമ്പോൾ അവർ പറഞ്ഞു—'അവിടെ ചെന്നിട്ടു ഭർത്താവിനു് ഓർമ്മവരാൻ താമസം വരുന്നപക്ഷം അദ്ദേഹത്തിന്റെ പേരുള്ള ആ മോതിരം കാണിച്ചുകൊടുത്തേക്കു' എന്നു്. അതുകേട്ടപ്പോൾ ശകുന്തളയ്ക്കു പരിഭ്രമമായി. അതിസ്നേഹംകൊണ്ടു പറഞ്ഞുപോയതാണെന്നു പറഞ്ഞു സഖികൾ ശകുന്തളയെ സമാധാനിപ്പിക്കുകയും ചെയ്തു.

കണ്വൻ ശകുന്തളയെ ആശീർവ്വദിച്ചു ശിഷ്യന്മാരുടെകൂടെ പറഞ്ഞയച്ചു. ഉൽക്കണ്ഠിതകളായ പ്രിയംവദാനസൂയമാരോടുകൂടി സ്വസ്ഥഹൃദയനായി പർണ്ണശാലയിലേക്കു മടങ്ങുകയും ചെയ്തു.

അഞ്ചാമങ്കം

ശകുന്തള ഗൌതമിയോടും മുനികുമാരന്മാരോടുംകൂടി ഹസ്തിനാപുരത്തിലേക്കു പുറപ്പെട്ടതിന്റെ പിറേറ ദിവസം ഉച്ചതിരിഞ്ഞ സമയം രാജധാനിയിൽ ദുഷ്യന്തൻ അന്നത്തെ പൌരകാൎയ്യങ്ങളെല്ലാം നോക്കിക്കഴിഞ്ഞതിന്നുശേഷം സ്വന്തം വാസസ്ഥലത്തുവന്നു വിശ്രമിക്കുകയാണു്. ആ സമയത്തു് ഒരു പാട്ടു കേട്ടു. ഒരു വിസ്മരണ കഥയുംകൊള്ളുന്ന ആ പാട്ടു കേട്ടപ്പോൾ ദുഷ്യന്തനു മനസ്സിൽ വല്ലാത്തൊരു ഉൽക്കണ്ഠ തോന്നി. തന്നും ഏതോ സ്നേഹബന്ധം മറന്നപോലെ ഒരു തോന്നൽ. അങ്ങനെ വിചാരപ്പെട്ടിരിക്കുമ്പോൾ വൃദ്ധനായ ഒരു അന്തഃപുരഭൃത്യൻ വന്നറിയിച്ചു—'ഹിമാലയത്തിന്റെ അടിവാരത്തിൽനിന്നു കണ്വമഹൎഷിയുടെ സന്ദേശവുമായി സ്ത്രീകളോടുകൂടി ചില മഹൎഷിമാർ കാണാൻ വന്നിട്ടുണ്ടു്'' എന്നു്. അവരെ വിധിപ്രകാരം സ്വീകരിച്ചു് അഗ്നിശാലയിലേക്കു കൂട്ടിക്കൊണ്ടു വരുവാൻ ഉപാദ്ധ്യായനെ അറിയിച്ചു ദുഷ്യന്തനും അങ്ങോട്ടു പുറപ്പെട്ടു. എന്തിനാണാവോ ഭഗവാൻ കണ്വൻ മഹൎഷിമാരെ അയച്ചിട്ടുള്ളതെന്ന വിചാരത്തോടുകൂടെ അഗ്നിശാലയിൽചെന്നു കാത്തുനില്പായി. അപ്പോഴേക്കും പുരോഹിതൻ അവരെ കൂട്ടിക്കൊണ്ടുവന്നു. ശാർങ്ഗരവൻ ശാരദ്വതൻ മുതലായ കണ്വശിഷ്യന്മാർ, ഗൌതമി, ശകുന്തള ഇവരെല്ലാം അവിടെ എത്തി. ശകുന്തളയ്ക്കു് എന്തോ ദുൎന്നിമിത്തങ്ങൾ അനുഭവപ്പെട്ടു ഭയം തോന്നി. ഗൌതമി ആശ്വസിപ്പിച്ചു. ശകുന്തള മൂടിപ്പുതച്ചുകൊണ്ടാണു് വന്നിട്ടുള്ളതു്. അവൾ ആരായിരിക്കുമെന്നു ദുഷ്യന്തനു ജിജ്ഞാസ തോന്നിയെങ്കിലും അന്യഭാൎയ്യയാണെന്നു കരുതി ശ്രദ്ധിച്ചു നോക്കിയില്ല. പുരോഹിതൻ അവരെ പരിചയപ്പെടുത്തി. ദുഷ്യന്തൻ അഭിവാദ്യം ചെയ്തു. കുശലപ്രശ്നാദികൾ നിൎവ്വഹിച്ചു. അതിന്നുശേഷം ശാർങ്ഗരവൻ കണ്വസന്ദേശം അറിയിച്ചു.

'അങ്ങു് എന്റെ മകളെ തമ്മിൽ പറഞ്ഞുറച്ചു വിവാഹം ചെയ്തതു് എനിക്കു സമ്മതമാണു്. രണ്ടാൾക്കും തമ്മിൽ തികച്ചും ഗുണസാമ്യമുണ്ടു്. അതുകൊണ്ടു് അങ്ങു് ഇവളെ സഹധൎമ്മിണിയായി സ്വീകരിച്ചുകൊള്ളുക' എന്നതാണു് കണ്വസന്ദേശം.

രാജാവു്— എന്താണിപ്പറഞ്ഞതു്?

ശാർങ്ഗരവൻ— എന്താണെന്നോ? നിങ്ങൾക്കു ലോകസ്വഭാവം അറിയാമല്ലോ. പതിവ്രതയാണെങ്കിലും ഭൎത്തൃമതിയായ ഒരു സ്ത്രീ അച്ഛനമ്മമാരുടെ ഗൃഹത്തിൽത്തന്നെ താമസിക്കയാണെങ്കിൽ ജനങ്ങൾ തെററിദ്ധരിച്ചേക്കും. അതുകൊണ്ടു് ഇഷ്ടമാണെങ്കിലും അല്ലെങ്കിലും ഭൎത്താവിന്റെ അടുക്കൽ താമസിക്കുന്നതാണു് അച്ഛനമ്മമാർ ഇഷ്ടപ്പെടുക.

രാജാവു്— അല്ല, ഞാൻ ഇവളെ മുമ്പു വിവാഹം ചെയ്തിട്ടുണ്ടെന്നാണോ പറയുന്നതു്?

ഇതുകേട്ടു ശകുന്തള നടുങ്ങിപ്പോയി. ശാർങ്ഗരവനും ദുഷ്യന്തനും തമ്മിൽ അല്പം ക്ഷോഭിച്ചു സംസാരിക്കാൻ തുടങ്ങി. ഗൌതമി ശകുന്തളയുടെ മൂടുപടം മാററി. ദുഷ്യന്തനു ഓർമ്മവരുന്നില്ല. ശാർങ്ഗരവൻ കുറച്ചൊന്നു തട്ടിക്കേറാൻ ഭാവിച്ചു. ശാരദ്വതൻ ശാർങ്ഗരവനെത്തടഞ്ഞു്, ശകുന്തളയോടു തെളിവു നൽകാൻ ആവശ്യപ്പെട്ടു. ശകുന്തള മോതിരം നോക്കിയപ്പോൾ വിരലിന്മേൽ കാണുന്നില്ല. അതു വഴിക്കെങ്ങാനും കൊഴിഞ്ഞുപോയിരിക്കുമെന്നു ഗൌതമി സമാധാനിപ്പിച്ചു. പിന്നെ ശകുന്തള, ദീർഘാപാംഗനെന്ന മാൻകുഞ്ഞിനു താമരയിലക്കുമ്പിളിൽ ദുഷ്യന്തൻ വെള്ളം കാണിച്ചുകൊടുത്തപ്പോൾ അടുത്തു വരാതിരുന്നതും അതുതന്നെ താൻ വാങ്ങി കാണിച്ചുകൊടുത്തപ്പോൾ വന്നു കുടിച്ചതും അപ്പോൾ ദുഷ്യന്തൻ തന്നെ പരിഹസിച്ചതും മററും ഓർമ്മിപ്പിച്ചുനോക്കി. ഫലമുണ്ടായില്ല. ശകുന്തള കോപിച്ചു രണ്ടു വാക്കു പറഞ്ഞപ്പോൾ ദുഷ്യന്തനു സംശയം തുടങ്ങി. അന്തരീക്ഷം ആകെ കലങ്ങി. ശാർങ്ഗരവൻ ശകുന്തളയെ താക്കീതു ചെയ്തു. ദുഷ്യന്തനെ ആക്ഷേപിച്ചു. ഒടുവിൽ, 'ഇവൾ അങ്ങയുടെ ഭാർയ്യയാണു്. തള്ളാം അല്ലെങ്കിൽ കൊള്ളാം. രണ്ടിനും അങ്ങയ്ക്കധികാരമുണ്ടു്'' എന്നു പറഞ്ഞു ശാർങ്ഗരവാദികൾ പുറപ്പെടാറായി. ശകുന്തള അവരെ പിന്തുടരാൻ ഭാവിച്ചു. അപ്പോൾ ശാർങ്ഗരവൻ പറഞ്ഞു– 'നീ കുലടയാണെന്നു ദുഷ്യന്തൻ പറയുന്നു. അങ്ങനെയാണെങ്കിൽ നിന്നെക്കൊണ്ടു് അച്ഛനു് എന്താണു കാർയ്യം. തന്റെ പാതിവ്രത്യത്തിൽ നിനക്കുറപ്പുണ്ടെങ്കിൽ ഇവിടെ ദാസിവൃത്തിപോലും നിനക്കുചിതമാണു്. അതുകൊണ്ടു് ഇവിടെ നിന്നുകൊള്ളു' എന്നു്. 'ഇതുകൊണ്ടൊന്നും എന്റെ നിശ്ചയത്തിനു മാററം വരില്ല' എന്നായി ദുഷ്യന്തൻ. 'അങ്ങു് ഇവളെ എങ്ങനെയോ മറന്നുപോയതാണെങ്കിലോ?' എന്നു ചോദിച്ചു ശാർങ്ഗരവൻ.

അവസാനം പുരോഹിതൻ പറഞ്ഞു––'പ്രസവംവരെ ഇവൾ എന്റെ ഗൃഹത്തിൽ താമസിക്കട്ടെ. അവിടുത്തേയ്ക്കു ചക്രവർത്തിയായ പുത്രനുണ്ടാവുമെന്നു ദൈവജ്ഞന്മാർ പറഞ്ഞിട്ടുണ്ടല്ലോ. ഇവൾ പെററുണ്ടാവുന്ന പുത്രനു ചക്രവർത്തി ലക്ഷണം കാണുന്നപക്ഷം, ഇവളെ നമുക്കു് അന്തഃപുരത്തിൽ പ്രവേശിപ്പിക്കാം. ഇല്ലെങ്കിൽ അപ്പോൾ ഇവളെ അച്ഛന്റെ അടുക്കൽ കൊണ്ടുപോയാക്കുകയും ചെയ്യാം' എന്നു്. ദുഷ്യന്തൻ സമ്മതിച്ചു. പുരോഹിതൻ ശകുന്തളയെ കൂട്ടിക്കൊണ്ടുപോയി. ശാർങ്ഗരവാദികളും മടങ്ങി.

ദുഷ്യന്തൻ ശാപശക്തിയാൽ ഓർമ്മവരാതെ ചിന്തയിൽ മുഴുകി ഇരിക്കുന്നു. അപ്പോഴേക്കും പുരോഹിതൻ പാഞ്ഞുവന്നുപറഞ്ഞു––'ശകുന്തള എന്റെ പിന്നാലെ വാവിട്ടുകരഞ്ഞുകൊണ്ടു പുറപ്പെട്ടു. അപ്സരസ്തീർത്ഥത്തിന്റെ അടുത്തെത്തിയപ്പോൾ ആകാശത്തിൽനിന്നു സ്ത്രീരൂപത്തിലുള്ള ഒരു തേജസ്സിറങ്ങിവന്നു ശകുന്തളയെ എടുത്തു മറഞ്ഞുപോവുകയും ചെയ്തു' എന്നു്. എല്ലാവരും അത്ഭുതത്തിൽ മുഴുകി. ദുഷ്യന്തൻ ചിന്തയിലും.

ആറാമങ്കം

പ്രവേശകം— ഒരു നാഗരികൻ രണ്ടു നഗരരക്ഷകന്മാർ ഒരു മുക്കുവൻ ഇങ്ങനെ നാലുപേർ ഉൾക്കൊള്ളുന്ന ഒരു രംഗമാണ് ആറാമങ്കത്തിലെ പ്രവേശകം. ശകുന്തളയെ ഉപേക്ഷിച്ചിട്ടു രണ്ടു കൊല്ലം കഴിഞ്ഞതിനുശേഷം ഒരു മുക്കുവന് ഒരു ലോഹിതമത്സ്യത്തിന്റെ അകത്തുനിന്ന് രത്നം പതിച്ചതും പേർ കൊത്തിയതുമായ ഒരു മോതിരം കിട്ടി. അക്ഷരജ്ഞാനമില്ലാത്തതുകൊണ്ടു മോതിരം ആരുടെയാണെന്നു മുക്കുവനു മനസ്സിലായില്ല. അതു വില്ക്കാൻ നഗരത്തിൽ കൊണ്ടുചെന്നു കാണിച്ചു കൊടുക്കുമ്പോൾ അതിന്മേൽ ദുഷ്യന്തന്റെ പേർ കണ്ടു് അതു കട്ടെടുത്തതാണെന്നു കരുതി നഗരരക്ഷകന്മാർ ആ മുക്കുവനെപ്പിടികൂടി ചോദ്യം ചെയ്തു. അയാൾ ഉള്ള സത്യം പറഞ്ഞു. വാസ്തവമറിയാൻ ആ മുക്കുവനു നഗരരക്ഷന്മാരെ കാവൽനിർത്തി നാഗരികൻ ചെന്നു മോതിരം രാജാവിനെ കാണിച്ചു. അതു കണ്ടതോടുകൂടി ദുർവ്വാസഃശ്ശാപം നീങ്ങുകയാൽ ശകുന്തളയുടെ കാര്യമെല്ലാം ദുഷ്യന്തന് ഓർമ്മ വന്നു. മുക്കുവനു കൊടുക്കാൻ നല്ലൊരു പാരിതോഷികം കൊടുത്തയച്ചു. ദുഷ്യന്തൻ വലിയ പശ്ചാത്താപത്തിലും മുഴുകി.

അങ്കം— ശകുന്തളയെ ആകാശത്തിൽനിന്ന് ഒരു തേജസ്സ് എടുത്തുകൊണ്ടുപോയ കാര്യം അഞ്ചാമങ്കത്തിന്റെ ഒടുവിൽ പറയുകയുണ്ടായല്ലോ. അമ്മയായ മേനകയാണ് ശകുന്തളയെ കൊണ്ടുപോയതു്. ദേവന്മാരുടെ മാതാപിതാക്കളായ അദിതിദേവിയും കാശ്യപമഹർഷിയും പാർക്കുന്ന ഹേമകൂടപർവ്വതത്തിലെ ആശ്രമത്തിലാണ് ശകുന്തളയെ മേനക കൊണ്ടുപോയാക്കിയതു്. ശകുന്തളയുടെ പ്രസവവും മകന്റെ ജാതകർമ്മാദികളുമെല്ലാം കാശ്യപാശ്രമത്തിലാണ് നടന്നതു്. സർവ്വദമനൻ എന്നാണ് ശകുന്തളാപുത്രനു പേരിട്ടതു്. അവിടെവെച്ചു സാനുമതിയെന്ന ഒരു ദേവാംഗന ശകുന്തളയുടെ കൂട്ടുകാരിയായി. ആ സാനുമതിക്ക് അപ്‌സരസ്സുകളുടെ മുറയനുസരിച്ചു ഹസ്തിനാപുരത്തിലെ അപ്‌സരസ്തീർത്ഥത്തിലേക്കു പോകേണ്ടതുണ്ടായിരുന്നു. പോകുമ്പോൾ മേനക, ദുഷ്യന്തന്റെ വർത്തമാനങ്ങൾ അന്വേഷിക്കാനുംകൂടി ഏല്പിച്ചയച്ചിരുന്നു. അതനുസരിച്ചു സാനുമതി തിരസ്കരണിയിൽ മറഞ്ഞുകൊണ്ടു ഹസ്തിനാപുരത്തിലാകെ നടന്നുനോക്കി.

വസന്തകാലമാണ്. വസന്തോത്സവത്തിന്റെ യാതൊരു ലക്ഷണവും എങ്ങും കാണുന്നില്ല. മാവു പൂത്തിട്ടില്ല. കുയിൽ കൂകുന്നില്ല. വൃദ്ധനായ ഒരു അന്തഃപുരഭൃത്യൻ ഉദ്യാനപാലികയോടു പറയുന്നതുകേട്ടു, മുക്കുവനിൽനിന്നു ദുഷ്യന്തനു മോതിരം കിട്ടിയതും ശകുന്തളയെ വിവാഹം ചെയ്തിരുന്ന കാര്യം ഓർമ്മവന്നതും അദ്ദേഹം പശ്ചാത്താപവിവശനായതും തന്മൂലം വസന്തോത്സവം ആരും കൊണ്ടാടരുതെന്നു കല്പന പുറപ്പെടുവിച്ചതും മററുമായ വൃത്താന്തങ്ങൾ.

തുടർന്നു സാനുമതിക്കു ദുഷ്യന്തനെയും കാണുവാനിടയായി. വിശേഷിച്ചു് അലങ്കാരങ്ങളൊന്നുമണിയാതെ ഇടത്തേക്കയ്യിന്മേൽ ഒററവള മാത്രം

ധരിച്ചു്, ചുടുനെടുവീർപ്പേററു ചുണ്ടു കരുവാളിച്ചു്, ചിന്തയാലും ഉറക്കമില്ലായ്മയാലും കണ്ണുകൾ കലങ്ങി വളരെ ഉൽക്കണ്ഠിതനായ നിലയിലാണു് ദുഷ്യന്തൻ കാണപ്പെട്ടതു്. അദ്ദേഹം മാധവ്യനുമായി ശകുന്തളയുടെ കാര്യം തന്നെയാണു് പറഞ്ഞുകൊണ്ടിരിക്കുന്നതു്. സാനുമതി അടുത്തുകൂടി. ശകുന്തളയെ താൻ തിരസ്കരിച്ചതും അവർ മുനിശിഷ്യന്മാരെ പിൻതുടരാൻ ഭാവിച്ചപ്പോൾ ശാർങ്ഗരവൻ 'നില്ലവിടെ' എന്നു ഉച്ചത്തിൽ പറഞ്ഞതും അപ്പോൾ ശകുന്തള കണ്ണീർ നിറഞ്ഞു കലങ്ങിയ ദൃഷ്ടി തന്നിൽ പതിപ്പിച്ചതും മററും പേർത്തും പേർത്തും പറഞ്ഞു വിലപിക്കുകയാണു് ദുഷ്യന്തൻ. ശകുന്തളയുടെ വിരലിൽനിന്നൂരിവീണ അംഗുലീകത്തിനെ പഴിക്കുകയാണു് ആ വിരഹോന്മാദി. സ്വയം എഴുതിയ ശകുന്തളയുടെ ചിത്രം നോക്കിക്കണ്ടും അതിൽ ചിലതു കൂട്ടിച്ചേർക്കാനാലോചിച്ചും സമയം തള്ളിനീക്കുകയാണു് ആ സ്നേഹപരവശൻ. ഇതിനിടയ്ക്കു് പട്ടമഹിഷി വരുന്നുണ്ടെന്നറിഞ്ഞപ്പോൾ ആ ശകുന്തളാചിത്രം കൊണ്ടുപോയി സൂക്ഷിക്കാൻ മാധവ്യനെ ഏല്പിച്ചുവിട്ടു. മാധവ്യൻ ആ ചിത്രവുമായി മാളികമുകളിലേയ്ക്കു കയറി.

അപ്പോഴേക്കും മന്ത്രി ഒരു പുതിയ വർത്തമാനം അറിയിച്ചു. 'ധനമിത്രനെന്ന കപ്പൽക്കച്ചവടക്കാരൻ കപ്പൽ മുങ്ങി മരിച്ചുപോയി. അയാൾക്കു മക്കളില്ല. അയാളുടെ സ്വത്തെല്ലാം രാജാവിനു വന്നുചേരേണ്ടതാണു്' എന്നുള്ളതാണു് ആ വർത്തമാനം. 'ധനമിത്രന്റെ ഏതെങ്കിലും ഭാര്യയ്ക്കു ഗർഭമുണ്ടോ?' എന്നന്വേഷിപ്പിച്ചു ദുഷ്യന്തൻ. ഒരു ഭാര്യയ്ക്കു ഗർഭമുണ്ടെന്നും പുംസവനം കഴിഞ്ഞിട്ടുണ്ടെന്നും മനസ്സിലായപ്പോൾ അതിലുണ്ടാവുന്ന സന്താനത്തിനവകാശപ്പെട്ടതാണു് ധനമിത്രന്റെ സ്വത്തെന്നു മന്ത്രിയെ അറിയിക്കുകയും ചെയ്തു.

ഈ വർത്തമാനം ദുഷ്യന്തനെ കൂടുതൽ ദുഃഖിതനാക്കി. തനിക്കും പുത്രനില്ല. ഗർഭിണിയായ ശകുന്തളയെ താൻ ഉപേക്ഷിക്കയും ചെയ്തു. തന്റെ അഭാവത്തിൽ തന്റെ സമ്പത്തുക്കളും അന്യൻ കയ്യടക്കുമല്ലോ എന്ന കാര്യമോർത്തപ്പോൾ ദുഷ്യന്തൻ മോഹാലസ്യപ്പെട്ടുപോയി.

ഇതെല്ലാം അടുത്തുനിന്നുകണ്ട സാനുമതിക്കു തോന്നി, ശകുന്തള ജീവിച്ചിരിപ്പുണ്ടെന്നും പുത്രനുളവായിട്ടുണ്ടെന്നുമുള്ള വാസ്തവം നേരിട്ടു ചെന്നു പറഞ്ഞാലോ എന്നു്. അപ്പോഴേക്കും, ശകുന്തളയെ ദുഷ്യന്തനെക്കൊണ്ടു സ്വീകരിപ്പിക്കുന്നതിനു വേണ്ടുന്ന ശ്രമം ദേവന്മാർതന്നെ ചെയ്യുന്നുണ്ടെന്ന കാര്യം ഓർമ്മ വരികയാൽ അപ്പോൾ അതറിയിക്കേണ്ടെന്നും വെച്ചു. ദുഷ്യന്തനെ സംബന്ധിച്ചു താൻ നേരിട്ടു കണ്ട കാര്യങ്ങളെല്ലാം ശകുന്തളയെ ചെന്നറിയിക്കാൻ സാനുമതി മടങ്ങുകയും ചെയ്തു.

പെട്ടെന്നു ദുഷ്യന്തൻ ഒരു നിലവിളികേൾക്കുന്നു. മാധവ്യന്റെയാണു്. മാളികമുകളിലേക്കോടിച്ചെന്നു. മാധവ്യനെ കാണുന്നില്ല. അയാളുടെ നിലവിളിയും വാക്കുകളും കേൾക്കുന്നുണ്ടു്. ആരോ മാധവ്യന്റെ കഴുത്തു

പിടിച്ചുഞെരിക്കുകയാണത്രേ. അയാൾ ഇങ്ങോട്ടു കാണുന്നുമുണ്ടു്. ദുഷ്യന്തൻ വില്ലുവരുത്തി ശബ്ദം കേൾക്കുന്ന ദിക്കിലേക്കു് അമ്പയയ്ക്കാനൊരുങ്ങി. പെട്ടെന്നു് ഇന്ദ്രസാരഥിയായ മാതലി മാഢവ്യനെ വിട്ടു ദുഷ്യന്തന്റെ മുന്നിൽ പ്രത്യക്ഷപ്പെട്ടു. മാതലി പറഞ്ഞു—'അസുരന്മാരുമായിട്ടുള്ള യുദ്ധത്തിൽ സഹായിക്കാൻ അങ്ങു് ഈ തേരിൽ സ്വർഗ്ഗത്തിലേക്കു പോരണമെന്നു ദേവേന്ദ്രൻ പറഞ്ഞയച്ചിട്ടു വന്നതാണു് ഞാൻ. ഞാനിവിടെ വന്നപ്പോൾ അങ്ങു് ഏതോ ദുഃഖത്തിൽ മുഴുകിയതായിക്കണ്ടു. ഒന്നു കോപിപ്പിച്ചു് ആ ദുഃഖത്തിൽനിന്നു് അങ്ങയെ കരകയററാൻവേണ്ടി മാത്രം ഞാൻ മാഢവ്യനെ പിടികൂടിയതാണു്.'

രാജ്യപരിപാലനത്തിനു മന്ത്രിയെ ചുമതലപ്പെടുത്തി ദുഷ്യന്തൻ മാതലിയുടെ തേരിൽ കയറി സ്വർഗ്ഗത്തിലേക്കു പുറപ്പെടുകയും ചെയ്തു.

ഏഴാമങ്കം

യുദ്ധത്തിൽ ദേവന്മാർ ജയിച്ചു. ദേവേന്ദ്രനാൽ വേണ്ടുംവിധം സൽക്കരിക്കപ്പെട്ടു ദുഷ്യന്തൻ മടങ്ങി പുറപ്പെട്ടു. ദേവേന്ദ്രന്റെ രഥത്തിൽത്തന്നെയാണു്. മാതലിമാത്രം കൂടെയുണ്ടു്. വഴിക്കു ഹേമകൂടപർവ്വതം കണ്ടപ്പോൾ അവിടെയൊന്നിറങ്ങണമെന്നു തോന്നി. ദേവന്മാരുടെയും അസുരന്മാരുടെയും അച്ഛനായ കാശ്യപൻ അവിടെ പത്നിയായ അദിതിയോടുകൂടി തപസ്സുചെയ്യുന്നുണ്ടെന്നറിഞ്ഞപ്പോൾ അവരെക്കണ്ടു വന്ദിച്ചിട്ടുവേണം മടങ്ങുവാനെന്നു തീർച്ചപ്പെടുത്തി. അവിടെ ഇറങ്ങി.

ഒരു മഹർഷിയോടന്വേഷിച്ചതിൽ അപ്പോൾ ചെന്നുകാണാൻ പററിയ സമയമല്ലെന്നു മനസ്സിലായി. ദുഷ്യന്തനെ ഒരു അശോകമരത്തിന്റെ തണലിൽ ഇരുത്തി മാതലി സൌകര്യമുള്ള സമയം അറിയാൻ പോയി.

ദുഷ്യന്തന്റെ വലത്തുകൈ പെട്ടെന്നു സ്പന്ദിച്ചു. ഒരു ശുഭനിമിത്തം! മുമ്പു് ഇതുപോലൊരു ശുഭനിമിത്തമുണ്ടായ ദിവസമാണു് ശകുന്തളയെക്കണ്ടതും മററും. ഇപ്പോഴും ശകുന്തളയെ ഒന്നു കാണാൻ കഴിഞ്ഞെങ്കിൽ!

തുടർന്നു ഒരു ബാലനെയും രണ്ടു താപസിമാരെയും അല്പം ദൂരത്തായി കണ്ടു. ബാലൻ ഒരു സിംഹകുട്ടിയെ അതിന്റെ അമ്മയുടെ അകിട്ടിൽനിന്നു പിടിച്ചു വലിക്കുകയാണു്. താപസിമാർ അതു തടയുന്നു. ബാലൻ വഴങ്ങുന്നില്ല. സിംഹി കടിക്കുമെന്നു ഭീഷണിപ്പെടുത്തിനോക്കി. ഫലമുണ്ടായില്ല. കളിക്കാനൊരു മൺമയിലിനെ കൊടുക്കാമെന്നു താപസിമാർ പറഞ്ഞു. ബാലൻ അതിനു കൈനീട്ടി. ഒരു താപസി അതു പർണ്ണശാലയിൽനിന്നു എടുത്തുകൊണ്ടുവരാൻ പോയി. ബാലൻ സിംഹകുട്ടിയുടെ പിടി വിടുന്നില്ല.

ദുഷ്യന്തനു് ആ ബാലനെക്കണ്ടപ്പോൾ എന്തെന്നില്ലാത്ത ഒരു ഹൃദയബന്ധം തോന്നി. കളിപ്പാട്ടത്തിനു നീട്ടിയ ഉള്ളങ്കയ്യു കണ്ടപ്പോൾ ചക്രവ

ത്തിലക്ഷണമുണ്ടെന്നു കണ്ടു. ആ കുട്ടന്റെ കുറുമ്പു കണ്ടപ്പോൾ ഒന്നെടുത്തോമനിക്കാൻ തോന്നി. അപ്പോഴേക്കും താപസി ദുഷ്യന്തനെക്കണ്ടു. ബാലന്റെ പിടിയിൽനിന്നു സിംഹക്കുട്ടിയെ വിടുവിക്കാൻ താപസി ദുഷ്യന്തനോടാവശ്യപ്പെട്ടു. ദുഷ്യന്തൻ ചെന്നുവിടുവിച്ചു. ആ താപസിയിൽനിന്നു്, അതു മഹർഷിപുത്രനല്ലെന്നും തന്റെതായ പുരുവംശത്തിൽ പിറന്ന ബാലനാണെന്നും ദുഷ്യന്തനു മനസ്സിലായി. ദേവാംഗനാബന്ധം നിമിത്തം ആ ഉണ്ണിയുടെ ജനനം അവിടെ കാശ്യപാശ്രമത്തിലാണുണ്ടായതെന്നും ആ ഉണ്ണിയുടെ അച്ഛൻ ധർമ്മപത്നിയെ ഉപേക്ഷിച്ച ആളാണെന്നും ആ താപസി വ്യക്തമാക്കി. ശകുന്തളയെന്നാണു് അമ്മയുടെ പേരെന്നും തന്റെ പുത്രൻ തന്നെയാണതെന്നും ക്രമത്തിൽ വെളിപ്പെട്ടു.

ദുഷ്യന്തൻ ആ ബാലനെ 'പുത്ര!' എന്നു വിളിച്ചു. അപ്പോൾ ബാലൻ പറകയാണു് 'എന്റെ അച്ഛൻ ദുഷ്യന്തനാണു്, അങ്ങല്ല' എന്നു്. ഇവിടെ പടിപടിയായുള്ള ദുഷ്യന്തന്റെ ഭാവോന്മീലനം വളരെ ഹൃദ്യമായ വിധത്തിലാണു് ആവിഷ്കരിച്ചിട്ടുള്ളതു്.

താപസിമാർ ചെന്നുപറഞ്ഞു ശകുന്തള വരുന്നു. മുഷിഞ്ഞ വസ്ത്രം, ഒട്ടിയ കവിൾ, ഒട്ടിപ്പിടിച്ച മുടി. ഈ വിധത്തിലുള്ള, കാണുന്നവർക്കു സങ്കടം തോന്നിക്കുന്ന രൂപത്തിൽ വരുന്ന ശകുന്തള പശ്ചാത്താപവിവർണ്ണനായ ദുഷ്യന്തനെ കണ്ടപ്പോൾ ആദ്യം അറിഞ്ഞില്ല. ദുഷ്യന്തൻ ശകുന്തളയെ സമാശ്വസിപ്പിക്കുന്നു. പിന്നീടു, മുക്കുവന്റെ കയ്യിൽനിന്നു മോതിരം കിട്ടിയതും ശകുന്തളയുടെ കാര്യമെല്ലാം ഓർമ്മവന്നതും വിശദീകരിച്ചു. അപ്പോഴേക്കും മാതലി വന്നു. ദുഷ്യന്തൻ പത്നീപുത്രസഹിതനായിച്ചെന്നു കാശ്യപമഹർഷിയെ വന്ദിച്ചു. കാശ്യപൻ ആശീർവ്വദിച്ചതിന്നുശേഷം ദുഷ്യന്താദികളുടെ സംശയമെല്ലാം തീർത്തുകൊടുത്തു.

ദുർവ്വാസാവിന്റെ ശാപമാണു് താൻ ശകുന്തളയെ ഉപേക്ഷിക്കാൻ കാരണമെന്നും മോതിരം കണ്ടതോടെ ആ ശാപം തീർന്നുവെന്നും താൻ അക്കാര്യത്തിൽ നിരപരാധിയാണെന്നും മനസ്സിലായപ്പോൾ ദുഷ്യന്തന്നു സ സമാധാനമായി.

പുത്രൻ സർവ്വദമനൻ ചക്രവർത്തിയായിത്തീരുമെന്നു കാശ്യപൻ ദുഷ്യന്തനെ അറിയിച്ചു. ദുഷ്യന്തൻ ശകുന്തളയെ മുമ്പുപേക്ഷിച്ചതും അതിന്റെ കാരണം ദുർവ്വാസാവിന്റെ ശാപമാണെന്നും കണ്വൻ യോഗദൃഷ്ടികൊണ്ടു കണ്ടറിഞ്ഞിരുന്ന കാര്യം വെളിപ്പെടുത്തി ദുഷ്യന്തനെ ആശ്വസിപ്പിച്ചു. ദുഷ്യന്തൻ സപുത്രയായ ശകുന്തളയെ വീണ്ടും സ്വീകരിച്ച വിവരം കണ്വനെ അറിയിക്കാൻ ആളെഅയച്ചു ശകുന്തളയെ സന്തോഷിപ്പിച്ചു. ഒടുവിൽ പത്നീപുത്രസഹിതനായ ദുഷ്യന്തനെ ദേവേന്ദ്രന്റെ രഥത്തിൽത്തന്നെ രാജധാനിയിലേക്കു പറഞ്ഞയയ്ക്കുകയും ചെയ്തു.

രാമായണവും ശാകുന്തളവും

വിക്രമോർവ്വശീയത്തിന്റെയും മാളവികാഗ്നിമിത്രത്തിന്റെയും ഇതിവൃത്തഗ്രഥനത്തിൽ കാളിദാസനു മാർഗ്ഗദർശി ഭാസനായിരിക്കെ ശാകുന്തളത്തെസ്സംബന്ധിച്ചേടത്തോളം മാർഗ്ഗദർശി ആദികവി വാല്മീകിയാണു്. പ്രതിജ്ഞായൌഗന്ധരായണം മൂന്നാമങ്കത്തിലെ യൌഗന്ധരായണന്റെ ഉന്മാദാഭിനയമാണു് വിക്രമോർവ്വശീയം നാലാമങ്കത്തിൽ പുരൂരവസ്സിനെ ഭ്രാന്തനാക്കി രംഗത്തിലവതരിപ്പിക്കാൻ കാളിദാസനു പ്രചോദനം നൽകിയതു്. സ്വപ്നവാസവദത്തത്തിലെ ഇതിവൃത്തഘടന മാളവികാഗ്നിമിത്രത്തിലെ ഇതിവൃത്തരൂപീകരണത്തിൽ വളരെയേറെ സ്വാധീനശക്തി ചെലുത്തിയിട്ടുള്ളകാര്യം മുമ്പു പ്രവേശകത്തിൽ പ്രകാശിപ്പിച്ചിട്ടുണ്ടു്. അതുപോലെ ശാകുന്തളത്തിലെ ഇതിവൃത്തരൂപീകരണത്തിൽ കാളിദാസനിൽ രാമായണസംസ്കാരം മുൻനിന്നു പ്രവർത്തിച്ചതായിക്കാണുന്നു. രാമൻ പൊന്മാനിനെ പിൻതുടർന്നതുപോലെ ദുഷ്യന്തനും ഒരു മാനിനെപ്പിൻതുടരുന്നു. രാമായണത്തിലെ വിശ്വാമിത്രന്റെ യാഗം രാമൻ രക്ഷിക്കുമ്പോൾ ശാകുന്തളത്തിൽ കണ്വാശ്രമവാസികളുടെ യാഗം ദുഷ്യന്തൻ രക്ഷിക്കുന്നു. യാഗസംരക്ഷണത്തെ തുടർന്നാണു് രാമന്റെ സീതാപാണിഗ്രഹണം നടക്കുന്നതു്. ദുഷ്യന്തന്റെ ശകുന്തളാവിവാഹവും അതുപോലെത്തന്നെ. രാമൻ ഭൂമിയുടെ പുത്രിയെ വിവാഹം ചെയ്തപ്പോൾ ദുഷ്യന്തൻ സ്വർഗ്ഗത്തിന്റെ പുത്രിയെ വിവാഹം ചെയ്തു. ഗർഭിണിയായ സീതയെ രാമൻ പരിത്യജിച്ചപ്പോൾ ഗർഭിണിയായ ശകുന്തളയെ ദുഷ്യന്തനും ഉപേക്ഷിച്ചു. വാല്മീക്യാശ്രമത്തിലാണു് സീതയുടെ പ്രസവവും കുശലവന്മാരുടെ ജാതകർമ്മാദികളും നടക്കുന്നതെങ്കിൽ ശകുന്തളയുടെ പ്രസവവും സർവ്വദമനന്റെ ജാതകർമ്മാദികളും നടക്കുന്നതു കാശ്യപാശ്രമത്തിലാണു്. ഭൂമിയുടെ മകളായ സീതയെ ഒടുവിൽ ഭൂമിദേവി പാതാളത്തിലേക്കു കൊണ്ടുപോകുന്നു. സ്വർഗ്ഗസുന്ദരീപുത്രിയായ ശകുന്തള ദുസ്സഹസങ്കടത്തിൽപ്പെട്ടപ്പോൾ അമ്മയായ മേനക സ്വർഗ്ഗത്തിലേക്കു കൊണ്ടുപോകുന്നു. അംഗുലീയകവൃത്താന്തം രണ്ടിലുമുണ്ടു്. സീതയുടെ കേയൂരകങ്കണാദിഭൂഷണങ്ങൾ സുഗ്രീവനിൽനിന്നു കിട്ടിയപ്പോൾ ശ്രീരാമൻ വിലപിക്കുന്നതുപോലെ ശകുന്തളയുടെ മോതിരം മുക്കുവനിൽനിന്നു കിട്ടിയപ്പോൾ ദുഷ്യന്തനും വിലപിക്കുന്നുണ്ടു്. ഇങ്ങനെ ശരിക്കു് ഒരു താരതമ്യപഠനം നടത്തുകയാണെങ്കിൽ കാളിദാസഗ്രഥിതമായ പുതിയൊരു രാമായണമാണു് ശാകുന്തളമെന്നു കാണാവുന്നതാണു്.

പാത്രപരിചയഃ

പുരുഷാഃ

സൂത്രധാരഃ	— നാടകസ്യ പൂൎവ്വരംഗകൎത്താ
ദുഷ്യന്തഃ	— ഹസ്തിനാപുരസ്യ രാജാ, നായകഃ
ഭദ്രസേനഃ	— സേനാപതിഃ
മാഢവ്യഃ	— വിദൂഷകഃ
സൎവ്വദമനഃ	— ദുഷ്യന്തസ്യ പുത്രഃ (ഭരതഃ)
സോമരാതഃ	— രാജ്ഞോ ധൎമ്മഗുരുഃ
രൈവതകഃ	— ദൌവാരികഃ
കരഭകഃ	— രാജസേവകഃ
വാതായനഃ	— കഞ്ചുകീ.
വൈതാളികൌ	— സ്തുതിപാഠകൌ
വൈഖാനസാഃ, ശാർങ്ഗരവഃ ശാർദ്വതഃ, നാരദഃ, ഗൌതമഃ	— കണ്വശിഷ്യാഃ
സ്യാലഃ	— പ്രധാനരാജപുരുഷഃ.
ധീവരഃ	— മത്സ്യഗ്രാഹീ.
സൂചകഃ, ജാനുകഃ	— രാജപുരുഷൌ
മാതലിഃ	— ഇന്ദ്രസ്യ സാരഥിഃ.
സൂതഃ	— രാജ്ഞഃ സാരഥിഃ
മാരീചഃ	— കാശ്യപഃ, പ്രജാപതിഃ.

സ്ത്രിയഃ

നടീ	— സൂത്രധാരസ്യ പത്നീ.
ശകുന്തളാ	— കണ്വസംവൎദ്ധിതാ പുത്രീ, നായികാ
അനസൂയാ, പ്രിയംവദാ	— ശകുന്തളായാഃ സഖ്യൌ
ഗൌതമീ	— താപസീ
ചതുരികാ, പരഭൃതികാ, മധുകരികാ	— രാജപരിചാരികാഃ
പ്രതീഹാരീ, യവനീ	— പരിചാരികേ.
സാനുമതീ	— അപ്സരാഃ
അദിതിഃ	— കാശ്യപസ്യ പത്നീ.

കഥാപാത്രങ്ങൾ

പുരുഷന്മാർ

സൂത്രധാരൻ — നാടകത്തിന്റെ അവതാരകൻ
ദുഷ്യന്തൻ — ഹസ്തിനാപുരത്തിലെ രാജാവു്, കഥാനായകൻ
ഭദ്രസേനൻ — സേനാനായകൻ
മാഢവ്യൻ — വിദൂഷകൻ
സർവ്വദമനൻ — ദുഷ്യന്തന്റെ പുത്രൻ (ഭരതൻ)
സോമരാതൻ — രാജാവിന്റെ പുരോഹിതൻ
രൈവതകൻ — ദ്വാരപാലകൻ
കരഭകൻ — രാജസേവകൻ
വാതായനൻ — കഞ്ചുകി, രാജഭൃത്യൻ,
വൈതാളികന്മാർ — സ്തുതിപാഠകന്മാർ
വൈഖാനസന്മാർ, ശാർങ്ഗരവൻ, ശാരദ്വതൻ, നാരദൻ, ഗൌതമൻ — കണ്വമഹർഷിയുടെ ശിഷ്യന്മാർ
സ്യാലൻ — പ്രധാനരാജപുരുഷൻ
ധീവരൻ — മീൻപിടുത്തക്കാരൻ (മുക്കുവൻ)
സൂചകൻ, ജാനുകൻ — രണ്ടു രാജപുരുഷന്മാർ
മാതലി — ഇന്ദ്രന്റെ സാരഥി
സൂതൻ — രാജാവിന്റെ സാരഥി
മാരീചൻ — കാശ്യപമഹർഷി, പ്രജാപതി

സ്ത്രീകൾ

നടി — സൂത്രധാരന്റെ പത്നി .
ശകുന്തള — കണ്വന്റെ വളർത്തുപുത്രി, കഥാനായിക
അനസൂയ, പ്രിയംവദ — ശകുന്തളയുടെ രണ്ടു സഖിമാർ
ഗൌതമി — ഒരു വൃദ്ധതാപസി
ചതുരിക, പരഭൃതിക, മധുകരിക — രാജാവിന്റെ പരിചാരികന്മാർ
പ്രതീഹാരി, യവനി — പരിചാരികമാർ
സാനുമതി — ഒരപ്സരഃസ്ത്രീ, മേനകയുടെ പ്രിയസഖി
അദിതി — കാശ്യപപത്നി

അഭിജ്ഞാനശാകുന്തളം

മൂലം

പ്രഥമോഽങ്കഃ

പ്രസ്താവനാ

(നാന്ദ്യന്തേ തതഃ പ്രവിശതി സൂത്രധാരഃ)

സൂത്രധാരഃ—

യാ സൃഷ്ടിഃ സ്രഷ്ടുരാദ്യാ, വഹതി വിധിഹുതം
യാ ഹവി, ര്യാ ച ഹോത്രീ,
യേ ദ്വേ കാലം വിധത്തഃ, ശ്രുതിവിഷയഗുണാ
യാ സ്ഥിതാ വ്യാപ്യ വിശ്വം,
യാമാഹുഃ സർവഭൂതപ്രകൃതിരിതി, യയാ
പ്രാണിനഃ പ്രാണവന്തഃ,
പ്രത്യക്ഷാഭിഃ പ്രപന്നസ്തനുഭിരവതു വ—
സ്താഭിരഷ്ടാഭിരീശഃ. 1

(നേപഥ്യാഭിമുഖമവലോക്യ) ആര്യേ! യദി നേപഥ്യ വിധാനമവസിതം, ഇതസ്താവദാഗമ്യതാം.

(പ്രവിശ്യ)

നടീ— അജ്ജ! ഇഅം മ്ഹി. [ആര്യ! ഇയമസ്മി]

സൂത്രധാരഃ— ആര്യേ! അഭിരൂപഭൂയിഷ്ഠാ പരിഷദിയം. അദ്യ ഖലു കാളിദാസഗ്രഥിതവസ്തുനാ നവേന നാടകേനോപസ്ഥാതവ്യമസ്മാഭിഃ. തൽ പ്രതിപാത്രമാധീയതാം യത്നഃ.

നടീ— സുവിഹിദപ്പഓഅദാഏ അജ്ജസ്സ ണ കിംവി പരിഹാഇസ്സദി. [സുവിഹിതപ്രയോഗതയാര്യസ്യ ന കിമപി പരിഹാസ്യതേ]

സൂത്രധാരഃ— ആര്യേ! കഥയാമി തേ ഭൂതാർത്ഥം.

ആ പരിതോഷാദ്വിദുഷാം ന സാധു മന്യേ പ്രയോഗവിജ്ഞാനം
ബലവദപി ശിക്ഷിതാനാമാത്മന്യപ്രത്യയം ചേതഃ. 2

നടീ— അജ്ജ! ഏവ്വം ഏദം. അണന്തരകരണിജ്ജം ദാവ അജ്ജോ ആണവേദു. [ആര്യ! ഏവമേതൽ. അനന്തരകരണീയം താവദാര്യ ആജ്ഞാപയതു]

സൂത്രധാരഃ— കിമന്യദസ്യാഃ പരിഷദഃ ശ്രുതിപ്രസാദനതഃ? തദമൂമേവ നാതിചിരപ്രവൃത്തമുപഭോഗക്ഷമം ഗ്രീഷ്മസമയമധികൃത്യ ഗീയതാം താവൽ. സമ്പ്രതി ഹി—

സുഭഗസലിലാവഗാഹാഃ പാടലസംസർഗ്ഗസുരഭിവനവാതാഃ
പ്രച്ഛായസുലഭനിദ്രാ ദിവസാഃ പരിണാമരമണീയാഃ. 3

അഭിജ്ഞാനശാകുന്തളം

ഗദ്യവിവൎത്തനം

ഒന്നാമങ്കം

പ്രസ്താവന

(നാന്ദ്യന്തത്തിൽ സൂത്രധാരൻ പ്രവേശിക്കുന്നു)

സൂത്രധാരൻ—

സൃഷ്ടികൎത്താവിൻെറ ആദ്യത്തെ സൃഷ്ടിയേതോ (വെള്ളം), വിധിപോലെ ഹോമിച്ച ഹവിസ്സിനെ വഹിക്കുന്നതേതോ (അഗ്നി), ഹോമത്തെ അനുഷ്ഠിക്കുന്നതേതോ (യജമാനൻ), കാലത്തെ വിധാനം ചെയ്യുന്ന രണ്ടെണ്ണമേതോ (സൂര്യനും ചന്ദ്രനും), കേട്ടറിയാവുന്ന ഗുണവുമായി വിശ്വം നിറഞ്ഞു നില്പതേതോ (ആകാശം), സൎവ്വഭൂതങ്ങളുടേയും പ്രകൃതിയായി പറയപ്പെടുന്നതേതോ (പൃഥിവി), പ്രാണികൾക്കു പ്രാണനായതേതോ (വായു), പ്രത്യക്ഷങ്ങളായ ആ എട്ടു മൂൎത്തികൾ പൂണ്ടരുളുന്ന ഈശൻ (പരമേശ്വരൻ) നിങ്ങളെ രക്ഷിയ്ക്കുമാറാകട്ടെ. 1

(അണിയറയിലേയ്ക്കു നോക്കി) ആര്യേ! അണിയറയിലെ ഒരുക്കം കഴിഞ്ഞെങ്കിൽ ഇങ്ങോട്ടൊന്നു വരൂ.

(പ്രവേശിച്ചിട്ടു്)

നടി— ആര്യ! ഞാനിതാ.

സൂത്രധാരൻ— ആര്യേ! പണ്ഡിതന്മാർനിറഞ്ഞ സദസ്സാണിതു്. കാളിദാസൻ ഇതിവൃത്തകല്പനചെയ്ത പുതിയ നാടകംകൊണ്ടുവേണം ഇവരെ നാം ഉപാസിക്കുവാൻ. അതിനാൽ ഓരോ കഥാപാത്രത്തിലും ശ്രദ്ധയുളവാക്കണം.

നടി— ആര്യൻ നന്നായി അഭ്യസിപ്പിച്ചിട്ടുള്ളതിനാൽ ഒരു വീഴ്ചയും പററില്ല.

സൂത്രധാരൻ— ആര്യേ! ഞാൻ സത്യം പറയാം—

വിദ്വാന്മാർ സന്തോഷിക്കുന്നതുവരെ പ്രയോഗവിജ്ഞാനം ശരിയാണെന്നു ഞാൻ കരുതുന്നില്ല. നല്ലപോലെ പഠിച്ചവൎക്കുപോലും മനസ്സിൽ തന്നെപ്പററി വിശ്വാസം ഉണ്ടാവില്ല. 2

നടി— ആര്യ! ഇതു ശരിയാണു്. ഇനി ചെയ്യാനുള്ളതു് ആര്യൻ ആജ്ഞാപിച്ചാലും.

സൂത്രധാരൻ— ഈ സദസ്സിൻെറ ചെവി കുളൎപ്പിക്കയെല്ലാതെ മററെന്തു ചെയ്യാനാണു്? ആകയാൽ ഈയിടെ തുടങ്ങിയ, ആസ്വാദയോഗ്യമായ ഈ വേനല്ക്കാലത്തെക്കുറിച്ചുതന്നെ പാടൂ. ഇപ്പോൾ—

പകൽ സമയങ്ങളിൽ, നീററിലിറങ്ങുന്നതു രസകരമാണു്; പാതിരിപ്പൂക്കളിൽതട്ടി സുഗന്ധമുള്ള കാട്ടുകാററു വീശുന്നു; തണലത്തു സുഖമായി ഉറക്കം കിട്ടും; അന്തിയാകുമ്പോഴത്തെ സ്ഥിതി രമണീയവുമാണു്. 3

നടീ— തഹ. (ഇതി ഗായതി) [തഥാ]

ഇസിചുംബിആഇ ഭമരേഹിം സുഉമാരകേസരസിഹാഇ
ഓദംസഅന്തി ദഅമാണാ പമദാ സിരീസകുസുമാഇ. 4

[ഈഷച്ചുംബിതാനി ഭ്രമരൈഃ സുകുമാരകേസരശിഖാനി
അവതംസയന്തി ദയമാനാഃ പ്രമദാഃ ശിരീഷകുസുമാനി]

സൂത്രധാരഃ— ആര്യേ! സാധു ഗീതം. അഹോ! രാഗനിവിഷ്ടചിത്തവൃത്തിരാലിഖിത ഇവ സർവതോ രംഗഃ. തദിദാനീം കതമം പ്രയോഗമാശ്രിത്യൈനമാരാധയാമഃ?

നടീ— ണം അജ്ജമിസ്സേഹിം പഢമം എവ്വ ആണത്തം അഹിണ്ണാണസാഉന്ദളം ണാമ അപുവ്വം നാഡഅം പഓഏ അധികരീഅദു ത്തി. [നന്വാര്യ്യമിശ്രൈഃ പ്രഥമമേവാജ്ഞപ്തമഭിജ്ഞാനശാകുന്തളം നാമ അപൂർവ്വം നാടകം പ്രയോഗേ അധിക്രിയതാമിതി]

സൂത്രധാരഃ— ആര്യേ! സമ്യഗനുബോധിതോഽസ്മി. നന്വസ്മിൻ ക്ഷണേ വിസ്മൃതം ഖലു മയാ തൽ. കുതഃ—

തവാസ്മി ഗീതരാഗേണ ഹാരിണാ പ്രസഭം ഹൃതഃ
ഏഷ രാജേവ ദുഷ്യന്തഃ സാരംഗേണാതിരംഹസാ. 5

(ഇതി നിഷ്ക്രാന്തൌ)

ഇതി പ്രസ്താവനാ

(തതഃ പ്രവിശതി മൃഗാനുസാരീ സശരചാപഹസ്തോ രാജാ, രഥേന സൂതശ്ച)

സൂതഃ— (രാജാനം മൃഗം ചാവലോക്യ) ആയുഷ്മൻ!

കൃഷ്ണസാരേ ദദച്ചക്ഷുസ്ത്വയി ചാധിജ്യകാർമ്മുകേ
മൃഗാനുസാരിണം സാക്ഷാൽ പശ്യാമീവ പിനാകിനം. 6

രാജാ— സൂത! ദൂരമമുനാ സാരംഗേണ സമാകൃഷ്ടാ വയം. അയം പുനരിദാനീമപി—

ഗ്രീവാഭംഗാഭിരാമം മുഹുരനുപതതി സ്യന്ദനേ ബദ്ധദൃഷ്ടിഃ
പശ്ചാർദ്ധേന പ്രവിഷ്ടഃ ശരപതനഭയാൽ ഭൂയസാ പൂർവ്വകായം
ദർഭൈരർദ്ധാവലീഢൈഃ ശ്രമവിവൃതമുഖഭ്രംശിഭിഃ കീർണ്ണവർത്മാ
പശ്യോദഗ്രപ്ലുതത്വാദ്വിയതി ബഹുതരം സ്തോകമൂർവ്യാം പ്രയാതി. 7

(സവിസ്മയം) തദേഷ കഥമനുപതത ഏവ മേ പ്രയത്നപ്രേക്ഷണീയഃ സംവൃത്തഃ?

സൂതഃ— ആയുഷ്മൻ! ഉൽഖാതിനീ ഭൂമിരിതി മയാ രശ്മിസംയമനാദ്രഥസ്യ മന്ദീകൃതോ വേഗഃ. തേന മൃഗ ഏഷ വിപ്രകൃഷ്ടാന്തരഃ സംവൃത്തഃ. സമ്പ്രതി സമദേശവർത്തിനസ്തേ ന ദുരാസദോ ഭവിഷ്യതി.

നടി— അപ്രകാരം തന്നെ. (പാടുന്നു)

പറന്നുനടക്കുന്ന വണ്ടുകൾ മെല്ലെ മുകർന്നവയും അല്ലിത്തുമ്പു നനുത്തവയുമായ നെന്മേനിവാകപ്പൂക്കളെ തരുണിമാർ കനിവോടെ ചെവിയിലണിയുന്നു. 4

സൂത്രധാരൻ— ആര്യേ! പാട്ടസ്സലായി. ഹൃദയം രാഗത്തിൽ പതിഞ്ഞുപോയതുകൊണ്ടു രംഗമാകെ ചിത്രത്തിലെഴുതിയപോലായിരിക്കുന്നു. അതിനാലിനി എന്തഭിനയിച്ചിട്ടാണു് നാം ഇവരെ ആരാധിക്കേണ്ടതു്?

നടി— മാന്യന്മാർ ആദ്യംതന്നെ ആജ്ഞാപിച്ചിട്ടുണ്ടല്ലോ, അഭിജ്ഞാനശാകുന്തളം എന്ന പുത്തൻ നാടകമാണു് അഭിനയിക്കേണ്ടതെന്നു്.

സൂത്രധാരൻ— ആര്യേ! എന്നെ ഓർമ്മപ്പെടുത്തിയതു നന്നായി. തല്ക്കാലം ഞാൻ അതു മറന്നുപോയി. എന്തുകൊണ്ടെന്നാൽ—

നിന്റെ മനോഹരമായ ഗീതരാഗം എന്നെ ബലമായി പിടിച്ചെടുത്തുകളഞ്ഞു; അതിവേഗമുള്ള മാൻ ഈ ദുഷ്യന്തരാജാവിനെ എന്നപോലെ. 5

(രണ്ടുപേരും പോയി)

പ്രസ്താവന കഴിഞ്ഞു

(അനന്തരം വില്ലുമമ്പുമേന്തി മാനിനെ പിന്തുടർന്നുകൊണ്ടു തേരിൽ രാജാവും സൂതനും പ്രവേശിക്കുന്നു)

സൂതൻ— (രാജാവിനേയും മാനിനേയും നോക്കിയിട്ടു്) തിരുമേനി!

മാനിനേയും വില്ലുകുലച്ചിരിക്കുന്ന അങ്ങയേയും കാണുമ്പോൾ എനിക്കു മാനിനെ പിന്തുടർന്നുചെന്ന പിനാകിയെ (ശിവനെ) നേരിട്ടുകാണുന്നതുപോലെ തോന്നിപ്പോകുന്നു. 6

രാജാവു്— സൂത! ഈ മാൻ നമ്മെ ദൂരത്തേക്കു കൊണ്ടുപോന്നുകളഞ്ഞു. ഇതു പിന്നെ ഇപ്പോഴും—

അഴകൊഴുകുമാറു കഴുത്തുതിരിച്ചും പിന്നിൽ വരുന്ന തേരിന്മേൽ പേർത്തും പേർത്തും നോട്ടംവെച്ചും അമ്പേറ്റാലോ എന്നു പേടിച്ചു പിന്നുടൽ മുക്കാലും മുന്നുടലിലേക്കു ചുളുക്കിയും പാതി ചവച്ച ദർഭപ്പുല്ലു കിതപ്പിനാൽ തുറന്ന വായിൽനിന്നു വഴിയിൽ ഉതിർന്നു ചിന്നിയും കുതിച്ചുള്ള ചാട്ടത്താൽ അധികം ആകാശത്തിലൂടെയും കുറച്ചുമാത്രം നിലത്തിലൂടെയുമായിട്ടാണു് പോയിക്കൊണ്ടിരിക്കുന്നതു്. നോക്കൂ. 7

(അത്ഭുതത്തോടുകൂടി) എന്തു്, ഇങ്ങനെ പിൻതുടർന്നിട്ടും എനിക്കിതിനെ കാണാൻതന്നെ പ്രയാസമായതെങ്ങനെ?

സൂതൻ— തിരുമേനി! നിരപ്പില്ലാത്ത ഭൂഭാഗമാണെന്നു കണ്ടു ഞാൻ കടിഞ്ഞാൺ വലിച്ചുപിടിച്ചു തേരിന്റെ വേഗം കുറയ്ക്കുകയുണ്ടായി. അങ്ങിനെയാണു് ഈ മാൻ ഇത്ര അകലെയായിത്തീർന്നതു്. ഇപ്പോൾ സമനിരപ്പായ ഭൂമിയിൽ എത്തിയതിനാൽ ഇനിയതിനെ അടുത്തുകിട്ടാൻ പ്രയാസമുണ്ടാവില്ല.

രാജാ— തേന ഹി മുച്യന്താമഭീഷവഃ.

സൂതഃ— യദാജ്ഞാപത്യായുഷ്മാൻ. (രഥവേഗം നിരൂപ്യ) ആയുഷ്മൻ! പശ്യപശ്യ—

മുക്തേഷു രശ്മിഷു നിരായതപൂർവകായാ
നിഷ്കമ്പചാമരശിഖാ നിഭൃതോർദ്ധ്വകർണ്ണാഃ
ആത്മോദ്ധതൈരപി രജോഭിരലംഘനീയാ
ധാവന്ത്യമീ മൃഗജവാക്ഷമയേവ രഥ്യാഃ. 8

രാജാ— സത്യം, അതീത്യ ഹരിതോ ഹരീംശ്ച വർത്തന്തേ വാജിനഃ. തഥാഹി—

യദാലോകേ സൂക്ഷ്മം, വ്രജതി സഹസാ തദ്വിപുലതാം
യദർദ്ധേ വിച്ഛിന്നം, ഭവതി കൃതസന്ധാനമിവ തൽ
പ്രകൃത്യാ യദ്വക്രം, തദപി സമരേഖം നയനയോർ—
ന മേ ദൂരേ കിഞ്ചിൽ ക്ഷണമപി, ന പാർശ്വേ രഥജവാൽ. 9

സൂത! പശ്യൈനം വ്യാപാദ്യമാനം. (ഇതി ശരസന്ധാനം നാടയതി)

(നേപഥ്യേ)

ഭോ ഭോ രാജൻ! ആശ്രമമൃഗോഽയം ന ഹന്തവ്യോ, ന ഹന്തവ്യഃ.

സൂതഃ— (ആകർണ്യാവലോക്യ ച) ആയുഷ്മൻ! അസ്യ ഖലു തേ ബാണപാതവർത്തിനഃ കൃഷ്ണസാരസ്യാന്തരേ തപസ്വിന ഉപസ്ഥിതാഃ.

രാജാ— (സസംഭ്രമം) തേന ഹി പ്രഗൃഹ്യന്താം വാജിനഃ.

സൂതഃ— തഥാ. (ഇതി രഥം സ്ഥാപയതി)

(തതഃ പ്രവിശത്യാത്മനാ തൃതീയോ വൈഖാനസഃ)

വൈഖാനസഃ— (ഹസ്തമുദ്യമ്യ) രാജൻ! ആശ്രമമൃഗോഽയം ന ഹന്തവ്യോ, ന ഹന്തവ്യഃ.

തൽ സാധു കൃതസന്ധാനം പ്രതിസംഹര സായകം
ആർത്തത്രാണായ വഃ ശസ്ത്രം ന പ്രഹർത്തുമനാഗസി. 10

രാജാ— ഏഷ പ്രതിസംഹൃതഃ. (ഇതി യഥോക്തം കരോതി)

വൈഖാനസഃ—

ജന്മ യസ്യ പുരോർവംശേ യുക്തരൂപമിദം തവ
പുത്രമേവംഗുണോപേതം ചക്രവർത്തിനമാപ്നുഹി. 11

ഇതരൗ— (ബാഹൂ ഉദ്യമ്യ) സർവ്വഥാ ചക്രവർത്തിനം പുത്രമാപ്നുഹി

രാജാ— (സപ്രണാമം) പ്രതിഗൃഹീതാശീഃ.

രാജാവു്— എന്നാൽ കടിഞ്ഞാൺ അയച്ചുവിടു.

സൂതൻ— കല്പനപോലെ. (രഥവേഗം നടിച്ചു്) തിരുമേനി! നോക്കു നോക്കു—

കടിഞ്ഞാൺ അയച്ചുവിട്ടതോടെ ഇതാ കുതിരകൾ മുന്നുടൽ ആവുന്നതും നീട്ടി ചെവി കുത്തനെ എടുത്തുപിടിച്ചു ചാമരാഗ്രം ഇളകാതെ തങ്ങളുയൎത്തിയ പൊടികൾപോലും തങ്ങളെ കടന്നുകേറാൻ കഴിയാത്ത മട്ടിൽ മാനിന്റെ വേഗത്തോടു മത്സരിച്ചെന്നപോലെ കുതിച്ചുപായുന്നു. 8

രാജാവു്— ശരിയാണു്. കുതിരകൾ സൂര്യന്റെ പച്ചക്കുതിരകളേയും, ഇന്ദ്രന്റെ മഞ്ഞക്കുതിരകളേയും അതിശയിക്കുന്നു. എന്തെന്നാൽ—

കാണുമ്പോൾ ചെറുതായതു പെട്ടെന്നു വലുതായി മാറുന്നു. ഇടയ്ക്കു മുറിഞ്ഞുകിടക്കുന്നതു തമ്മിൽ ഏച്ചതുപോലെയായിത്തീരുന്നു. സ്വതവേ വളഞ്ഞതെല്ലാം കാഴ്ചയിൽ നേരെയുള്ളതായിത്തോന്നുന്നു. തേരിന്റെ വേഗത്താൽ ക്ഷണനേരംപോലും ഒന്നും എനിക്കു് അകലത്തുമല്ല, അടുത്തുമല്ല. 9

സൂത! കണ്ടോളൂ, ഞാനതിനെ കൊല്ലുന്നതു്. (അമ്പുതൊടുക്കുന്നതായി നടിക്കുന്നു)

(അണിയറയിൽ)

ഹേ ഹേ രാജാവേ! ആശ്രമമൃഗമാണിതു്. കൊല്ലരുതേ, കൊല്ലരുതേ.

സൂതൻ— (കേട്ടിടത്തേക്കു നോക്കിയിട്ടു്) തിരുമേനി! ശരപ്പാടിലുള്ള ഈ മാനിന്റെയും അങ്ങയുടേയും ഇടയ്ക്കു മഹൎഷിമാർ വന്നുചേൎന്നിരിക്കുന്നു.

രാജാവു്— (സംഭ്രമത്തോടെ) എന്നാൽ കുതിരകളെ കടിഞ്ഞാൺ പിടിച്ചു നിൎത്തൂ.

സൂതൻ— കല്പനപോലെ. (തേരു നിൎത്തുന്നു)

(അനന്തരം രണ്ടുപേരോടുകൂടി വൈഖാനസൻ പ്രവേശിക്കുന്നു)

വൈഖാനസൻ— (കയ്യുയൎത്തി) രാജാവേ! ആശ്രമമൃഗമാണിതു്. കൊല്ലരുതേ, കൊല്ലരുതേ.

അതിനാൽ വഴിപോലെ തൊടുത്ത അമ്പു പിൻവലിക്കണേ. നിങ്ങളുടെ ശസ്ത്രം ആൎത്തരക്ഷയ്ക്കുള്ളതാണു്, നിരപരാധിയിൽ പ്രയോഗിപ്പാനുള്ളതല്ല. 10

രാജാവു്— ഇതാ പിൻവലിച്ചു. (പറഞ്ഞതുപോലെ ചെയ്യുന്നു)

വൈഖാനസൻ—

പുരുവിന്റെ വംശത്തിൽ പിറന്ന അങ്ങയ്ക്കു് ഇതു് ഉചിതംതന്നെ. ഇത്തരം ഗുണം തികഞ്ഞ ചക്രവൎത്തിയായ പുത്രൻ അങ്ങയ്ക്കുണ്ടാകട്ടെ. 11

മററു രണ്ടുപേരും— (കൈകളുയൎത്തി) സൎവ്വഥാ ചക്രവൎത്തിയായ പുത്രനുണ്ടാകട്ടെ.

രാജാവു്— (പ്രണാമത്തോടെ) ആശീൎവ്വാദം സ്വീകരിച്ചു.

വൈഖാനസഃ— രാജൻ! സമിദാഹരണായ പ്രസ്ഥിതാ വയം. ഏഷ ഖലു കണ്വസ്യ കുലപതേരനുമാലിനീതീരമാശ്രമോ ദൃശ്യതേ. ന ചേദന്യകാര്യാതിപാതഃ, തൽ പ്രവിശ്യ പ്രതിഗൃഹ്യതാമതിഥിസൽക്കാരഃ. അപി ച—

രമ്യാസ്തപോധനാനാം പ്രതിഹതവിഘ്നാഃ ക്രിയാഃ സമവലോക്യ
ജ്ഞാസ്യസി കിയൽ ഭുജോ മേ രക്ഷതി മൌർവീകിണാങ്ക ഇതി. 12

രാജാ— അപി സന്നിഹിതോഽത്ര കുലപതിഃ?

വൈഖാനസഃ— ഇദാനീമേവ ദുഹിതരം ശകുന്തളാമതിഥിസൽക്കാരായ നിയുജ്യ ദൈവമസ്യാഃ പ്രതികൂലം ശമയിതും സോമതീർത്ഥം ഗതഃ.

രാജാ— ഭവതു, താം ദ്രക്ഷ്യാമി. സാ ഖലു വിദിതഭക്തിം മാം മഹർഷേഃ കരിഷ്യതി.

വൈഖാനസഃ— സാധയാമസ്താവൽ. (ഇതി സശിഷ്യോ നിഷ്ക്രാന്തഃ)

രാജാ— സൂത! ചോദയാശ്വാൻ. പുണ്യാശ്രമദർശനേന താവദാത്മാനം പുനീമഹേ.

സൂതഃ— യദാജ്ഞാപയത്യായുഷ്മാൻ. (ഇതി ഭൂയോഽപി രഥവേഗം നിരൂപയതി)

രാജാ— (സമന്താദവലോക്യ) സൂത! അകഥിതോഽപി ജ്ഞായത ഏവ, യഥായമാശ്രമാഭോഗസ്തപോവനസ്യേതി.

സൂതഃ— കഥമിവ?

രാജാ— കിം ന പശ്യതി ഭവാൻ? ഇഹ ഹി—

നീവാരാഃ ശുകഗർഭകോടരമുഖഭ്രഷ്ടാസ്തരൂണാമധഃ
പ്രസ്നിഗ്ദ്ധാഃ ക്വചിദിംഗുദീഫലഭിദഃ സൂച്യന്ത ഏവോപലാഃ
വിശ്വാസോപഗമാദഭിന്നഗതയഃ ശബ്ദം സഹന്തേ മൃഗാ—
സ്തോയാധാരപഥാശ്ച വല്കലശിഖാനിഷ്യന്ദരേഖാങ്കിതാഃ. 13

സൂതഃ— സർവ്വമുപപന്നം.

രാജാ— (സ്തോകമന്തരം ഗത്വാ) തപോവനനിവാസിനാമുപരോധോ മാ ഭൂൽ. ഏതാവത്യേവ രഥം സ്ഥാപയ. യാവദവതരാമി.

സൂതഃ— ധൃതാഃ പ്രഗ്രഹാഃ. അവതരത്വായുഷ്മാൻ.

രാജാ— (അവതീര്യ) സൂത! വിനീതവേഷേണ പ്രവേഷ്ടവ്യാനി തപോവനാനി നാമ. ഇദം താവൽ ഗൃഹ്യതാം. (ഇതി സൂതഹസ്തേ ധനുശ്ചാഭരണാനി ചോപനീയ) യാവദാശ്രമവാസിനഃ പ്രത്യവേക്ഷ്യാഹമുപാവർത്തേ, താവദാർദ്രപൃഷ്ഠാഃ ക്രിയന്താം വാജിനഃ.

വൈഖാനസൻ— രാജൻ! ഞങ്ങൾ ചമതകൊണ്ടുവരാൻ പുറപ്പെട്ടതാണു്. അതാ! മാലിനീതീരത്തു കുലപതി കണ്വന്റെ ആശ്രമം കാണുന്നു. മറ്റു കാര്യങ്ങൾക്കു മുടക്കം വരാനില്ലെങ്കിൽ അവിടെച്ചെന്നു അതിഥിസല്ക്കാരം സ്വീകരിക്കണം. മാത്രമല്ല—

തപോധനന്മാരുടെ ക്രിയകൾ വിഘ്നമില്ലാതെ ഭംഗിയിൽ നടക്കുന്നതു കണ്ടു ഞാൺതഴമ്പുറ്റ സ്വന്തംകൈ എത്രമാത്രം രക്ഷിക്കുന്നുണ്ടെന്നു് അങ്ങയ്ക്കു മനസ്സിലാകുകയും ചെയ്യാം. 12

രാജാവു്— കുലപതി അവിടെയുണ്ടോ?

വൈഖാനസൻ— ഇപ്പോഴാണു് മകൾ ശകുന്തളയെ അതിഥിസൽക്കാരത്തിനു ചുമതലപ്പെടുത്തി അവളുടെ ഗ്രഹപ്പിഴയ്ക്കു നിവൃത്തി വരുത്താൻ സോമതീർത്ഥത്തിലേക്കു പോയതു്.

രാജാവു്— ആവട്ടെ. അവളെ കാണാം. അവൾ എന്റെ ഭക്തി മഹർഷിയെ അറിയിച്ചുകൊള്ളും.

വൈഖാനസൻ— എന്നാൽ ഞങ്ങൾ പോയിവരട്ടെ. (ശിഷ്യന്മാരോടുകൂടി പോയി)

രാജാവു്— സൂത! കുതിരകളെ തെളിക്കൂ. പുണ്യാശ്രമദർശനംകൊണ്ടു് ആത്മശുദ്ധി വരുത്തിയേക്കാം.

സൂതൻ— കല്പനപോലെ. (വീണ്ടും രഥവേഗം നടിക്കുന്നു)

രാജാവു്— (ചുറ്റും നോക്കിയിട്ടു്) സൂത! പറയാതെതന്നെ അറിയുന്നുണ്ടു്, ഇതു ആശ്രമപ്രദേശമാണെന്നു്.

സൂതൻ— അതെങ്ങിനെ?

രാജാവു്— താൻ കാണുന്നില്ലേ! ഇവിടെ—

മരങ്ങളുടെ ചുവട്ടിൽ തത്തപ്പൊത്തിൻ മുഖത്തുനിന്നു കൊഴിഞ്ഞുവീണ വരിനെന്മണികളുണ്ടു്. ചിലേടത്തു് എണ്ണമെഴുക്കുള്ള കല്ലുകൾ ഓടൽക്കായ കുത്തിച്ചതച്ചതു സൂചിപ്പിക്കുന്നു. ഇണക്കംനിമിത്തം മാനുകൾ മാറിപ്പോകാതെ ശബ്ദം കേട്ടുനിൽക്കുന്നു. ജലാശയങ്ങളിലേയ്ക്കുള്ള വഴികളിൽ നീളെ മരവുരിത്തുമ്പുകളിൽനിന്നു വാർന്നുവീണ വെള്ളത്തിന്റെ വരകളുമുണ്ടു്. 13

സൂതൻ— എല്ലാം ശരിതന്നെ.

രാജാവു— (കുറച്ചുകൂടി ചെന്നിട്ടു്) തപോവനവാസികൾക്കു് ഉപദ്രവമാകരുതല്ലോ. ഇവിടെത്തന്നെ തേർ നിർത്തിയേക്കൂ. ഇറങ്ങിയേക്കാം.

സൂതൻ— കടിഞ്ഞാൺ പിടിച്ചുകഴിഞ്ഞു. തിരുമേനിക്കിറങ്ങാം.

രാജാവു്— (ഇറങ്ങിയിട്ടു്) സൂത! വിനീതവേഷത്തോടുകൂടി പ്രവേശിക്കേണ്ടവയാണല്ലോ തപോവനങ്ങൾ. ഇതു വാങ്ങിവെയ്ക്കൂ. (വില്ലും ആഭരണങ്ങളും സൂതന്റെ കയ്യിൽകൊടുത്തിട്ടു്) സൂത! ഞാൻ ആശ്രമവാസികളെ കണ്ടു മടങ്ങിവരുമ്പോഴേയ്ക്കു കുതിരകളുടെ പുറത്തു വെള്ളമൊഴിക്കൽ കഴിച്ചോളൂ.

സൂതഃ— തഥാ. (ഇതി നിഷ്ക്രാന്തഃ)

രാജാ— (പരിക്രമ്യാവലോക്യ ച) ഇദമാശ്രമദ്വാരം. യാവൽ പ്രവിശാമി.

(പ്രവിശ്യ നിമിത്തം സൂചയൻ)

ശാന്തമിദമാശ്രമപദം, സ്ഫുരതി ച ബാഹുഃ കുതഃ ഫലമിഹാസ്യ?
അഥവാ ഭവിതവ്യാനാം ദ്വാരാണി ഭവന്തി സർവ്വത്ര. 14

(നേപഥ്യേ) ഇദോ ഇദോ സഹീഓ. [ഇത ഇതഃ സഖ്യൌ]

രാജാ— (കർണ്ണം ദത്വാ) അയേ! ദക്ഷിണേന വൃക്ഷവാടികാമാലാപ ഇവ ശ്രൂയതേ. യാവദത്ര ഗച്ഛാമി. (പരിക്രമ്യാവലോക്യ ച) ഏതാസ്തപസ്വികന്യകാഃ സ്വപ്രമാണാനുരൂപൈഃ സേചനഘടൈർബാലപാദപേഭ്യഃ പയോ ദാതുമിത ഏവാഭിവർത്തന്തേ. (നിപുണം നിരൂപ്യ) അഹോ! മധുരമാസാം ദർശനം.

ശുദ്ധാന്തദുർല്ലഭമിദം വപുരാശ്രമവാസിനോ യദി ജനസ്യ
ദൂരീകൃതാഃ ഖലു ഗുണൈരുദ്യാനലതാ വനലതാഭിഃ. 15

യാവദിമാം ഛായാമാശ്രിത്യ പ്രതിപാലയാമി. (ഇതി വിലോകയൻ സ്ഥിതഃ)

(തതഃ പ്രവിശതി യഥോക്തവ്യാപാരാ സഹ സഖീഭ്യാം ശകുന്തളാ)

ശകുന്തളാ— ഇദോ ഇദോ സഹീഓ. [ഇത ഇതഃ സഖ്യൌ]

അനസൂയാ— ഹളാ സഉന്ദളേ! തുവത്തോ വി താദകസ്സവസ്സ അസ്സമരുക്ഖആ പിഅദരാ ത്തി തക്കേമി, ജേണ ണോമാലിആകുസുമപേലവാ തുമം വി ഏദാണം ആലവാലപൂരണേ ണിഉത്താ. [ഹളാ ശകുന്തളേ! ത്വത്തോഽപി താതകാശ്യപസ്യാശ്രമവൃക്ഷകാഃ പ്രിയതരാ ഇതി തർക്കയാമി, യേന നവമാലികാകുസുമപേലവാ ത്വമപ്യേതേഷാമാലവാലപൂരണേ നിയുക്താ]

ശകുന്തളാ— ണ കേഅലം താദണിഓഓ ഏവ്വ. അത്ഥി മേ സോദരസിണേഹോ വി ഏദേസു. (ഇതി വൃക്ഷസേചനം രൂപയതി) [ന കേവലം താതനിയോഗ ഏവ. അസ്തി മേ സോദരസ്നേഹോഽപ്യേതേഷു]

രാജാ— കഥമിയം സാ കണ്വദുഹിതാ? അസാധുദർശീ ഖലു തത്രഭവാൻ കാശ്യപഃ, യ ഇമാമാശ്രമധർമ്മേ നിയുംക്തേ.

ഇദം കിലാവ്യാജമനോഹരം വപു—
സ്തപഃക്ഷമം സാധയിതും യ ഇച്ഛതി
ധ്രുവം സ നീലോൽപലപത്രധാരയാ
സമില്ലതാം ഛേത്തുമൃഷിർവ്യവസ്യതി. 16

ഭവതു! പാദപാന്തർഹിത ഏവ വിസ്രബ്ധം താവദേനാം പശ്യാമി. (ഇതി തഥാ കരോതി)

സൂതൻ— കല്പനപോലെ. (പോയി)

രാജാവ്— (ചുററിനടന്നു നോക്കിയിട്ടു്) ആശ്രമത്തിന്റെ പ്രവേശനദ്വാരമിതാ. അങ്ങോട്ടു പ്രവേശിയ്ക്കുകതന്നെ.

(പ്രവേശിച്ചു് ഒരു നിമിത്തമുണ്ടായതായി സൂചിപ്പിച്ചുകൊണ്ടു്)

ശാന്തമാണ് ഈ ആശ്രമപ്രദേശം. കയ്യു തുടിയ്ക്കുകയും ചെയ്യുന്നു. ഇതിന്നിവിടെ ഫലമുണ്ടാകുന്നതെങ്ങിനെ? അല്ലെങ്കിൽ വരാൻവെച്ചവസ്തു് എവിടെയും പഴുതുകളുണ്ടാകും. 14

(അണിയറയിൽ) സഖിമാർ രണ്ടുപേരും ഇതിലേ ഇതിലേ.

രാജാവ്— (ചെവിയോർത്തു്) ഏ! വൃക്ഷത്തോട്ടത്തിന്റെ തെക്കുവശത്തുനിന്നായി കേൾക്കുന്നതു്, സംഭാഷണമാണെന്നു തോന്നുന്നു. അങ്ങോട്ടു ചെന്നുനോക്കട്ടെ. (ചുററിനടന്നു നോക്കിയിട്ടു്) ഇതാ! തപസ്വികന്യകമാർ അവരവർക്കു പാകത്തിലുള്ള നീർക്കുടങ്ങളുമേന്തി തൈമരങ്ങളെ നനയ്ക്കാൻ ഇങ്ങോട്ടുതന്നെ വരുന്നു. (ഉററുനോക്കിയിട്ടു്) ആശ്ചര്യം! മധുരമാണ് ഇവരുടെ ദർശനം.

ആശ്രമത്തിൽ കഴിഞ്ഞുകൂടുന്നവർക്ക് അരമനയിലും കണ്ടുകിട്ടാത്ത ഇത്തരം ഉടലുണ്ടാവാമെങ്കിൽ കാട്ടുവള്ളികൾ ഗുണങ്ങൾകൊണ്ടു് പൂങ്കാവുവള്ളികളെ അകററിക്കളയും. തീർച്ച. 15

ഈ തണലത്തു കാത്തുനില്ക്കുകതന്നെ. (നോക്കിക്കൊണ്ടു നില്ക്കുന്നു)

(അനന്തരം പറഞ്ഞതിൻവണ്ണം രണ്ടുസഖിമാരോടുകൂടി ശകുന്തള പ്രവേശിക്കുന്നു)

ശകുന്തളാ— സഖിമാരേ! ഇതിലേ ഇതിലേ.

അനസൂയാ— സഖി ശകുന്തളേ! അച്ഛൻ കാശ്യപന്നു നിന്നെക്കാളുമിഷ്ടം ആശ്രമത്തിലെ വൃക്ഷത്തൈകളെയാണെന്നു ഞാനൂഹിക്കുന്നു. കാരണം, പിച്ചകപ്പൂപോലെ കോമളയായ നിന്നെയും ഇവയുടെ തടം നിറയ്ക്കാൻ അദ്ദേഹം നിയോഗിച്ചുവല്ലോ.

ശകുന്തളാ— അച്ഛൻ നിയോഗിച്ചതുകൊണ്ടുമാത്രമല്ല, എനിക്കും ഇവയോടു സഹോദരസ്നേഹമുണ്ടു്. (മരങ്ങളെ നനയ്ക്കുന്നതായി നടിക്കുന്നു)

രാജാവ്— എന്തു്! ഇവളോ ആ കണ്വപുത്രി? ഇവളെ ആശ്രമധർമ്മത്തിൽ നിയോഗിക്കുന്നതു് കാശ്യപമുനിയുടെ നോട്ടപ്പിശകുതന്നെ.

അകൃത്രിമസുന്ദരമായ ഈ ശരീരത്തെ തപസ്സിനുതകുന്നതാക്കുവാൻ ആഗ്രഹിക്കുന്ന ഋഷി കരിങ്കുവളപ്പൂവിതളിന്റെ വക്കുകൊണ്ടു ചമത മുറിക്കാൻ മുതിർന്നേക്കും. 16

ആകട്ടെ, ഈ മരങ്ങളുടെ മറവിൽത്തന്നെനിന്നു് ഇവളെ സ്വൈരമായി നോക്കിക്കാണുകതന്നെ. (അപ്രകാരം ചെയ്യുന്നു)

ശകുന്തളാ— അണസൂഏ! ആഅദപിണദ്ധേണ വക്കലേണ പിഅംവദാഏ ണിഅന്തിദമ്ഹി. സിഢിലേഹി ദാവ ണം. [അനസൂയേ! ആയതപിനദ്ധേന വല്കലേന പ്രിയംവദയാ നിയന്ത്രിതാസ്മി. ശിഥിലയ താവദേതൽ]

അനസൂയാ— തഹ. (ഇതി ശിഥിലയതി) [തഥാ]

പ്രിയംവദാ— (സഹാസം) എത്ഥ പഓഹരവിത്ഥാരഇത്തഅം അത്തണോ ജോവ്വണം ഉവാലഹ. [അത്ര പയോധരവിസ്താരയിതൃ ആത്മനോ യൗവനമുപാലഭസ്വ]

രാജാ— കാമമനനുരൂപമസ്യാ വയസോ വല്കലം, ന പുനരലങ്കാരശ്രിയം ന പുഷ്യതി. കുതഃ—

സരസിജമനുവിദ്ധം ശൈവലേനാപി രമ്യം
മലിനമപി ഹിമാംശോർലക്ഷ്മ ലക്ഷ്മീം തനോതി
ഇയമധികമനോജ്ഞാ വല്കലേനാപി തന്വീ
കിമിവ ഹി മധുരാണാം മണ്ഡനം നാകൃതീനാം? 17

ശകുന്തളാ— (അഗ്രതോഽവലോക്യ) ഏസോ വാദേരിദപല്ലവങ്ഗുലീഹിം തുവരേദി വിഅ മം കേസരരുക്ഖഓ. ജാവ ണം സംഭാവേമി. (ഇതി പരിക്രാമതി) [ഏഷാ വാതേരിതപല്ലവാംഗുലീഭിസ്ത്വരയതീവ മാം കേസരവൃക്ഷകഃ. യാവദേനം സംഭാവയാമി]

പ്രിയംവദാ— ഹളാ സഉന്ദളേ! എത്ഥ എവ്വ ദാവ മുഹുത്തഅം ചിട്ഠ. ജാവ തുഏ ഉവഗദാഏ ലദാസണാഹോ വിഅ അഅം കേസരരുക്ഖഓ പഡിഭാദി. [ഹളാ ശകുന്തളേ! അത്രൈവ താവൻമുഹൂർത്തം തിഷ്ഠ. യാവത്ത്വയോപഗതയാ ലതാസനാഥ ഇവായം കേസരവൃക്ഷകഃ പ്രതിഭാതി]

ശകുന്തളാ— അദോ ക്ഖു സിപിഅംവദാ. [അതഃ ഖല്വസി പ്രിയംവദാ]

രാജാ— പ്രിയമപി തഥ്യമാഹ ശകുന്തളാം പ്രിയംവദാ. അസ്യാഃ ഖലു—

അധരഃ കിസലയരാഗഃ, കോമളവിടപാനുകാരിണൗ ബാഹൂ
കുസുമമിവ ലോഭനീയം യൗവനമംഗേഷു സന്നദ്ധം. 18

അനസൂയാ— ഹളാ സഉന്ദളേ! ഇഅം സഅംവരവഹൂ സഹആരസ്സ തുഏ കിദണാമഹേആ വണജോസിണി ത്തി ണോമാലിആ. ണം വിസുമരിദാസി? [ഹളാ ശകുന്തളേ! ഇയം സ്വയംവരവധൂഃ സഹകാരസ്യ ത്വയാ കൃതനാമധേയാ വനജ്യോത്സ്നേതി നവമാലികാ. ഏനാം വിസ്മൃതവത്യസി?]

ശകുന്തളാ— അനസൂയേ! മരവുരി വലിച്ചുമുറുക്കി പ്രിയംവദ എന്നെ അനങ്ങാൻ വയ്യാതാക്കിയിരിക്കുന്നു. ഇതൊന്നയച്ചുതരൂ.

അനസൂയ— അങ്ങിനെതന്നെ. (അയച്ചുകൊടുക്കുന്നു)

പ്രിയംവദ— (കളിയാക്കിക്കൊണ്ടു്) ഇതിൽ നിന്റെ സ്തനങ്ങളെ വലുതാക്കിത്തീർക്കുന്ന സ്വന്തം യൌവനത്തെയാണു് ശകാരിക്കേണ്ടതു്.

രാജാവു്— ഇവളുടെ പ്രായത്തിനു് ഈ മരവുരി ഒട്ടും യോജിച്ചതല്ലെന്നതു ശരിതന്നെ. എന്നാൽ അലങ്കാരഭംഗി നൽകാതിരിക്കുന്നില്ല. എന്തെന്നാൽ—

പായൽ ചുററിയാലും താമരപ്പൂവു ചേലുള്ളതാണു്. അമ്പിളിക്കു മറു, മലിനമാണെങ്കിലും അഴകു വർധിപ്പിക്കുന്നു. ഈ പെൺകൊടി മരവുരി കൊണ്ടും അത്യധികം സുന്ദരിയായിരിക്കുന്നു. മധുരാകൃതികൾക്കു് എന്തൊന്നാണു് അലങ്കാരമാകാത്തതു്? 17

ശകുന്തള— (മുന്നിലേക്കു നോക്കിയിട്ടു്) ഈ ഇലഞ്ഞിത്തയ്യു കാററത്തിളകുന്ന തളിർവിരലുകൾകൊണ്ടു് എന്നെ മാടിവിളിക്കുന്നു. ഞാൻ അതിനെ മാനിച്ചേക്കാം. (ചുററിനടക്കുന്നു)

പ്രിയംവദ— സഖി ശകുന്തളേ! അവിടെത്തന്നെ കുറച്ചുനേരം നിൽക്കൂ. നീ അടുത്തുനിൽക്കുമ്പോൾ ഇലഞ്ഞിത്തയ്യു് ഒരു വള്ളിയോടു ചേർന്നതുപോലെ തോന്നുന്നു.

ശകുന്തള— ഇതുകൊണ്ടുതന്നെയാണു് നീ പ്രിയംവദയായതു്.

രാജാവു്— പ്രിയംമാണെങ്കിലും സത്യമാണു് ശകുന്തളയോടു പ്രിയംവദ പറഞ്ഞതു്. ഇവളുടെ—

അധരം തളിർത്തുടുപ്പുള്ളതാണു്. കൈ രണ്ടും ഇളംചില്ലുകളെപ്പോലിരിക്കുന്നു. കൊതിതോന്നിക്കുന്ന യൌവനം പൂക്കളെപ്പോലെ ദേഹമാകെ മുററിനിൽക്കുന്നു. 18

അനസൂയ— അല്ലാ ശകുന്തളേ! നീ വനജ്യോത്സന എന്നു പേരിട്ടു തേന്മാവിന്റെ സ്വയംവരവധുവാക്കിനിർത്തിയ നറുമുല്ലയിതാ, ഇതിനെ നീ മറന്നുവോ?

ശകുന്തളാ— തദാ അത്താണം വി വിസുമരിസ്സം. (ലതാമുപേത്യാവലോക്യ ച) ഹളാ! രമണീഏ ക്ഖു കാലേ ഇമസ്സ ലദാപാഅവമിഹുണസ്സ വഇഅരോ സംവുത്തോ. ണവകുസുമജോവ്വണാ വണജോസിണീ, ബദ്ധഫലദാഏ ഉവഭോഅക്ഖമോ സഹആരോ. (ഇതി പശ്യന്തീ തിഷ്ഠതി) [തദാത്മാനമപി വിസ്മരിഷ്യാമി. ഹളാ! രമണീയേ ഖലു കാലേ ഏതസ്യ ലതാപാദപമിഥുനസ്യ വ്യതികരഃ സംവൃത്തഃ. നവകുസുമയൌവ്വനാ വനജ്യോത്സ്നാ, ബദ്ധഫലതയോപഭോഗക്ഷമഃ സഹകാരഃ]

പ്രിയംവദാ— (സസ്മിതം) അണസൂഏ! ജാണാസി, കിംണിമിത്തം സഉന്ദലാ വണജോസിണിം അദിമേത്തം പേക്ഖദി ത്തി? [അനസൂയേ! ജാനാസി, കിംനിമിത്തം ശകുന്തളാ വനജ്യോത്സ്നാമതിമാത്രം പ്രേക്ഷത ഇതി?]

അനസൂയാ— ണ ഖലു വിഭാവേമി. കഹേഹി. [ന ഖലു വിഭാവയാമി. കഥയ]

പ്രിയംവദാ— ജഹ വണജോസിണീ അണുരൂവേണ പാഅവേണ സംഗദാ, അവി ണാമ ഏവ്വം അഹം വി അത്തണോ അണുരൂവം വരം ലഹേഅ ത്തി. [യഥാ വനജ്യോത്സ്നാനുരൂപേണ പാദപേന സംഗതാ, അപി നാമൈവമഹമപ്യാത്മനോഽനുരൂപം വരം ലഭേയേതി]

ശകുന്തളാ— ഏസോ ണൂണം തുഹ അത്തഗദോ മണോരഹോ. (ഇതി കലശമാവർജ്ജയതി) [ഏഷ നൂനം തവാത്മഗതോ മനോരഥഃ]

രാജാ— അപി നാമ കുലപതേരിയമസവർണ്ണക്ഷേത്രസംഭവാ സ്യാൽ? അഥവാ—

അസംശയം ക്ഷത്രപരിഗ്രഹക്ഷമാ
യദാര്യമസ്യാമഭിലാഷി മേ മനഃ
സതാം ഹി സന്ദേഹപദേഷു വസ്തുഷു
പ്രമാണമന്തഃകരണപ്രവൃത്തയഃ. 19

തഥാപി തത്ത്വത ഏനാമുപലപ്സ്യേ.

ശകുന്തളാ— (സസംഭ്രമം) അമ്മോ! സലിലസേഅസംഭമുഗ്ഗദോ ണോമാലിഅം ഉജ്ഝിഅ വഅണം മേ മഹുഅരോ അഹിവട്ടഇ. (ഇതി ഭ്രമരബാധാം രൂപയതി) [അമ്മോ! സലിലസേകസംഭ്രമോൽഗതോ നവമാലികാമുജ്ഝിത്വാ വദനം മേ മധുകരോഽഭിവർത്തതേ]

രാജാ— (സസ്പൃഹം)

ചലാപാംഗം ദൃഷ്ടിഃ സ്പൃശസി ബഹുശോ വേപഥുമതീം
രഹസ്യാഖ്യായീവ സ്വനസി മൃദു കർണ്ണാന്തികചരഃ
കരൗ വ്യാധുന്വത്യാഃ പിബസി രതിസർവ്വസ്വമധരം
വയം തത്ത്വാന്വേഷാന്മധുകര! ഹതാ,സ്ത്വം ഖലു കൃതീ. 20

3762

ശകുന്തള— എന്നാൽ ഞാൻ എന്നെയും മറക്കും. (വള്ളിയുടെ അടുക്കൽ ചെന്നു നോക്കിയിട്ടു്) തോഴി! നല്ലകാലത്താണു് ഈ വള്ളിയും മരവും തമ്മിൽ ചേർന്നതു്. പുതുതായിപ്പൂത്തുനിൽക്കുന്ന വനജ്യോത്സ്ന, കായ പിടിച്ചതുകൊണ്ടു് അനുഭവയോഗ്യമായിരിക്കുന്ന തേന്മാവു്. (നോക്കിനില്ക്കുന്നു)

പ്രിയംവദ— (പുഞ്ചിരിയോടുകൂടി) അനസൂയേ! മനസ്സിലായോ, ശകുന്തള വനജ്യോത്സ്നയെ ഇത്ര ഉററുനോക്കുന്നതെന്താണെന്നു്?

അനസൂയ— എനിക്കു പിടികിട്ടുന്നില്ല, പറയൂ.

പ്രിയംവദ— വനജ്യോത്സ്ന തനിക്കൊത്ത മരത്തോടു ചേർന്നതുപോലെ, താനും തനിക്കൊത്ത ഒരു വരനോടു ചേരുമോ എന്നാണു്.

ശകുന്തള— ഇതു നിൻെറ മോഹമാണു്. (കുടം ചെരിക്കുന്നു)

രാജാവു്— ഇവൾ കുലപതിക്കു വിജാതീയപത്നിയിൽ പിറന്നവളായിരിക്കുമോ? അല്ലെങ്കിൽ—

തീർച്ചയായും ഇവൾ ക്ഷത്രിയനു വേൾക്കാവുന്നവളാണു്. ഉത്തമമായ എൻെറ മനസ്സു് ഇവളിൽ അഭിലാഷംകൊള്ളുന്നുവല്ലോ. വിവേകികൾക്കു സംശയം തോന്നുന്നിടത്തു സ്വന്തം മനസ്സിൻെറ തോന്നലുകൾതന്നെയാണു് പ്രമാണം. 19

എങ്കിലും ഇവളുടെ വാസ്തവസ്ഥിതി മനസ്സിലാക്കണം.

ശകുന്തള— (സംഭ്രമത്തോടുകൂടി) അയ്യോ! വെള്ളമൊഴിച്ചപ്പോൾ പേടിച്ചരണ്ട ഒരു വണ്ടത്താൻ മുല്ലയെവിട്ടു എൻെറ മുഖത്തേക്കടുക്കുന്നു. (ഭ്രമരബാധ നടിക്കുന്നു)

രാജാവു്— (കൊതിയോടുകൂടി)

ഇവൾ കടക്കണ്ണിട്ടുനോക്കിയപ്പോൾ വിറകൊള്ളുമാറു കൂടെക്കൂടെ നീ ഇവളെ തൊട്ടുരുമ്മുന്നു. എന്തോ രഹസ്യം പറയുമ്പോലെ ചെവിക്കടുത്തു ചെന്നു പതുക്കെ മൂളുന്നു. കൈ രണ്ടും കുടഞ്ഞു തട്ടിമാററുമ്പോൾ ഇവളുടെ രതിസർവ്വസ്വമായ അധരം നീ നുകരുന്നു. വാസ്തവസ്ഥിതിയന്വേഷിച്ചു നമുക്കു ചതിപററി. വണ്ടേ! നീ തന്നെ ഭാഗ്യവാൻ. 20

ശകുന്തളാ— ണ ഏസോ ധിട്ഠോ വിരമദി, അണ്ണദോ ഗമിസ്സം. (പദാന്തരേ സ്ഥിത്വാ സദൃഷ്ടിക്ഷേപം) കഹം ഇദോ വി ആഅച്ഛദി? ഹളാ! പരിത്താഅഹ മം ഇമിണാ ദുവ്വിണീദേണ മഹുഅരേണ അഹിഹൂഅമാണം. [ന ഏഷ ധൃഷ്ടോ വിരമതി. അന്യതോ ഗമിഷ്യാമി. കഥമിതോഽപ്യാഗച്ഛതി? ഹളാ! പരിത്രായേഥാം മാമനേന ദുർവ്വിനീതേന മധുകരേണാഭിഭൂയമാനാം]

ഉഭേ— (സസ്മിതം) കാ വഅം പരിത്താദും? ദുസ്സന്ദം എവ്വ അക്കന്ദ. രാഅരക്ഖിദവ്വാഇ തവോവണാഇ ണാമ. [കേ ആവാം പരിത്രാതും? ദുഷ്യന്തമേവാക്രന്ദ. രാജരക്ഷിതവ്യാനി തപോവനാനി നാമ]

രാജാ— അവസരോഽയമാത്മാനം പ്രകാശയിതും. ന ഭേതവ്യം (ഇത്യർദ്ധോക്തേ സ്വഗതം) അഥവാ രാജദാവസ്ത്വഭിജ്ഞാതോ ഭവേൽ. ഭവതു ഏവം താവദഭിധാസ്യേ.

ശകുന്തളാ— (പദാന്തരേ സ്ഥിത്വാ സദൃഷ്ടിക്ഷേപം) കഹം, ഇദോ വി മം അണുസരദി? [കഥം, ഇതോഽപി മാമനുസരതി?]

രാജാ— (സത്വരമുപസൃത്യ) ആഃ!

കഃ പൌരവേ വസുമതീം ശാസതി ശാസിതരി ദുർവ്വിനീതാനാം
അയമാചരത്യവിനയം മുഗ്ദ്ധാസു തപസ്വികന്യാസു? 21

(സർവ്വാ രാജാനം ദൃഷ്ട്വാ കിഞ്ചിദിവ സംഭ്രാന്താഃ)

അനസൂയാ— അജ്ജ! ണ ക്ഖു കിംവി അച്ചാഹിദം. ഇഅം ണോ പിഅസഹീ മഹുഅരേണ ആകുളീകിഅമാണാ കാദരീഭൂദാ. (ഇതി ശകുന്തളാം ദർശയതി) [ആര്യ്യ! ന ഖലു കിമപ്യത്യാഹിതം. ഇയം നൌ പ്രിയസഖീ മധുകരേണാകുലീക്രിയമാണാ കാതരീഭൂതാ]

രാജാ— (ശകുന്തളാഭിമുഖോ ഭൂത്വാ) അപി തപോ വർദ്ധതേ?

(ശകുന്തളാ സാധ്വസാദവചനാ തിഷ്ഠതി)

അനസൂയാ— ദാണിം അദിഹിവിസേസലാഹേണ. ഹളാ സഉന്ദളേ! ഗച്ഛ ഉഡഅം, ഫലമിസ്സം അഗ്ഘം ഉവഹര. ഇദം പാദോദഅം ഭവിസ്സദി. [ഇദാനീമതിഥിവിശേഷലാഭേന. ഹളാ ശകുന്തളേ! ഗച്ഛ ഉടജം. ഫലമിശ്രമർഘ്യമുപഹര. ഇദം പാദോദകം ഭവിഷ്യതി]

രാജാ— ഭവതീനാം സൂനൃതയൈവ ഗിരാ കൃതമാതിഥ്യം.

പ്രിയംവദാ— തേണ ഹി ഇമസ്സിം ദാവ പച്ഛാഅസീഅലാഏ സത്തവണ്ണവേദിആഏ മുഹുത്തഅം ഉവവിസിഅ പരിസ്സമവിണോദം കരേദു അജ്ജോ. [തേന ഹ്യസ്യാം താവൽ പ്രച്ഛായശീതളായാം സപ്തപർണ്ണവേദികായാം മുഹൂർത്തമുപവിശ്യ പരിശ്രമവിനോദം കരോത്വാര്യ്യഃ]

ശകുന്തള— ഈ ദുഷ്ടൻ പിൻമാറുന്നില്ലല്ലോ. മാറി നിൽക്കാം. (മാറിനിന്നു കണ്ണിട്ടുനോക്കി) എന്തു്! ഇങ്ങോട്ടും വരുന്നുവല്ലോ. തോഴിമാരേ! ഈ ദുഷ്ടനായ വണ്ടത്താന്റെ ശല്യത്തിൽനിന്നു നിങ്ങൾ എന്നെ രക്ഷിക്കണേ.

രണ്ടുപേരും— (പുഞ്ചിരിയോടെ) നിന്നെ രക്ഷിക്കാൻ ഞങ്ങളാരാ? ദുഷ്യന്തനെ വിളിച്ചു നിലവിളിച്ചോളൂ. രാജാവാണല്ലോ തപോവനങ്ങളെ രക്ഷിക്കാൻ.

രാജാവു്— നേരിട്ടുചെല്ലാൻ ഇതൊരവസരമാണു്. പേടിക്കേണ്ട. (എന്നു പകുതി പറഞ്ഞു വിചാരം) അല്ലെങ്കിൽ, രാജാവാണെന്നറിഞ്ഞേക്കും. ആവട്ടെ, ഇങ്ങനെ പറയാം.

ശകുന്തള— (മാറിനിന്നു കണ്ണിട്ടുനോക്കി) എന്തു്, ഇങ്ങോട്ടുമെന്നെ പിന്തുടരുന്നുവോ?

രാജാവു്— (വേഗത്തിൽ അടുത്തുചെന്നിട്ടു്) ആഹാ!

എവനിണിതു്! അടക്കമില്ലാത്തവരെ അടക്കിനിർത്തുന്ന പൌരവൻ നാടു വാഴുമ്പോൾ പാവങ്ങളായ തപസ്വികന്യകമാരുടെ നേരെ മര്യാദകേടു കാണിക്കുന്നതു്? 21

(എല്ലാവരും രാജാവിനെക്കണ്ടിട്ടു കുറഞ്ഞൊന്നു പരിഭ്രമിക്കുന്നു)

അനസൂയ— ആര്യ! അത്ര വലിയ ആപത്തൊന്നുമില്ല. ഈ ഞങ്ങളുടെ പ്രിയസഖി വണ്ടിന്റെ ശല്യംകൊണ്ടു പേടിച്ചുപോയതാണു്. (ശകുന്തളയെ കാണിച്ചുകൊടുക്കുന്നു)

രാജാവു്— (ശകുന്തളയുടെനേരെ തിരിഞ്ഞു്) തപസ്സു വർദ്ധിക്കുന്നുണ്ടല്ലോ?

(ശകുന്തള പേടിച്ചു മിണ്ടാതെ നിൽക്കുന്നു)

അനസൂയ— ഇപ്പോൾ ഒരു മാന്യാതിഥിയെ കിട്ടിയതുകൊണ്ടു്. ശകുന്തളേ! ഉടജത്തിൽച്ചെന്നു ഫലങ്ങളും അർഘ്യവും എടുത്തു കൊണ്ടുവരൂ. കാൽ കഴുകാൻ ഇതാവാം.

രാജാവു്— നിങ്ങളുടെ നല്ല വാക്കുതന്നെ ആതിഥ്യം ചെയ്തുകഴിഞ്ഞു.

പ്രിയംവദ— എന്നാൽ ആര്യൻ കുളുർത്ത തണലുള്ള ഈ ഏഴിലംപാലത്തറയിൽ അല്പമിരുന്നു ക്ഷീണം തീർത്തുകൊള്ളൂ.

രാജാ— നനു യൂയമപ്യനേന കർമ്മണാ പരിശ്രാന്താഃ.

അനസൂയാ— ഹലാ സഉന്ദളേ! ഉഇദം ണോ പജ്ജുവാസണം അദിഹീണ. താ ഏഹി. എത്ഥ ഉവവിസമ്ഹ. (ഇതി സർവ്വാ ഉപവിശന്തി) [ഹലാ ശകുന്തളേ! ഉചിതം നഃ പര്യ്യുപാസനമതിഥീനാം. തദേഹി, അത്രോപവിശാമഃ]

ശകുന്തളാ— (ആത്മഗതം) കിം ണു ക്ഖു ഇമം ജണം പേക്ഖിഅ തവോവണവിരോഹിണോ വിആരസ്സ ഗമണീഅമ്ഹി സംവുത്താ. [കിം നു ഖല്വിമം ജനം പ്രേക്ഷ്യ തപോവനവിരോധിനോ വികാരസ്യ ഗമനീയാസ്മി സംവൃത്താ]

രാജാ— (സർവ്വാ വിലോക്യ) അഹോ! സമവയോരൂപരമണീയം സൌഹാർദ്ദം ഭവതീനാം.

പ്രിയംവദാ— (ജനാന്തികം) അണസൂഏ! കോ ണു ക്ഖു ഏസോ ചഉരഗംഭീരാകിദീ മഹുരം പിഅം ആലവന്തോ പഹാവവന്തോ ദക്ഖിണ്ണം വി കരേദി. [അനസൂയേ! കോ നു ഖല്വേഷ ചതുരഗംഭീരാകൃതിർമധുരം പ്രിയമാലപൻ പ്രഭാവവാൻ ദാക്ഷിണ്യമപി കരോതി]

അനസൂയാ— സഹി! മമ വി അത്ഥി കോദൂഹലം. പുച്ഛിസ്സം ദാവ ണം. (പ്രകാശം) അജ്ജസ്സ മഹുരാലാവജണിദോ വീസംഭോ മം മന്താവേദി. കദമോ അജ്ജേണ രാഏസിവംസോ അലങ്കരീഅദി? കദമോ വാ വിരഹപജ്ജുസ്സുഅജണോ കിദോ ദേസോ? കിണ്ണിമിത്തം വാ സുഉമാരദരോ വി തവോവണപരിസ്സമസ്സ അത്താ പദം ഉവണീദോ? [സഖി! മമാപ്യസ്തി കൌതൂഹലം. പൃച്ഛാമി താവദേനം. ആര്യസ്യ മധുരാലാപജനിതോ വിശ്രംഭോ മാം മന്ത്രയതേ. കതമ ആര്യേണ രാജർഷിവംശോഽലംക്രിയതേ? കതമോ വാ വിരഹപര്യ്യുത്സുകജനഃ കൃതോ ദേശഃ? കിംനിമിത്തം വാ സുകുമാരതരോഽപി തപോവനഗമനപരിശ്രമസ്യാത്മാ പദമുപനീതഃ?]

ശകുന്തളാ— (ആത്മഗതം) ഹിഅഅ! മാ ഉത്തമ്മ. ഏസാ തുഏ ചിന്തിദം അണസൂആ മന്തേദി. [ഹൃദയ! മാ ഉത്താമ്യ. ഏഷാ ത്വയാ ചിന്തിതമനസൂയാ മന്ത്രയതേ]

രാജാ— (ആത്മഗതം) കഥമിദാനീമാത്മാനം നിവേദയാമി? കഥം വാത്മാപഹാരം കരോമി? ഭവതു, ഏവം താവദേനാം വക്ഷ്യേ. (പ്രകാശം) ഭവതി! യഃ പൌരവേണ രാജ്ഞാ ധർമ്മാധികാരേ നിയുക്തഃ, സോഽഹമാശ്രമിണാമവിഘ്നക്രിയോപലംഭായ ധർമ്മാരണ്യമിദമായാതഃ.

രാജാവു്— നിങ്ങളും ഈ വേലകൊണ്ടു ക്ഷീണിച്ചിരിക്കുന്നുവല്ലോ.

അനസൂയ— ശകുന്തളേ! അതിഥികളുടെ അടുത്തിരിക്കുന്നതു നമുക്കു് ഉചിതമാണു്. വരൂ, ഇവിടെയിരിക്കാം. (എല്ലാവരും ഇരിക്കുന്നു)

ശകുന്തള— (വിചാരം) എന്താണു് ഇദ്ദേഹത്തെ കണ്ടപ്പോൾ തപോവനത്തിനു ചേരാത്ത ഒരു വികാരം എന്നിൽ കടന്നുകൂടിയിരിക്കുന്നതു്.

രാജാവു്— (എല്ലാവരേയും നോക്കി) ആശ്ചൎയ്യം! തുല്യമായ പ്രായവും സൌന്ദൎയ്യവുംകൊണ്ടു നിങ്ങളുടെ സൌഹാൎദ്ദം രമണീയമായിരിക്കുന്നു.

പ്രിയംവദ— (സ്വകാര്യമായി) അനസൂയേ! ആരാണിതു്! പ്രസരിപ്പുള്ള, ഗംഭീരമായ ആകൃതി. മധുരവും പ്രിയവുമായി സംസാരിയ്ക്കുന്നു. തേജസ്സുമുണ്ടു്. ദാക്ഷിണ്യവും കാണിക്കുന്നു.

അനസൂയ— എനിക്കുമുണ്ടു് കൌതുകം. ഇദ്ദേഹത്തോടു ഞാൻ ചോദിക്കാം. (വെളിവായി) ആൎയ്യന്റെ മധുരാലാപത്താലുളവായ വിശ്വാസം എന്നെക്കൊണ്ടു ചോദിപ്പിക്കുകയാണു്— ഏതു രാജൎഷിവംശത്തെയാണു് ആൎയ്യൻ അലങ്കരിയ്ക്കുന്നതു്? ഏതു ദേശത്തെ ജനങ്ങളെയാണു് വേർപാടിനാൽ ഉൽക്കണ്ഠിതരാക്കിത്തീൎത്തതു്? എന്തിനുവേണ്ടിയാണു് അത്യന്തം സുകുമാരമായ ഈ ശരീരത്തിനു തപോവനഗമനത്താൽ ഇത്രയും പരിശ്രമം ഏല്പിച്ചതു്?

ശകുന്തള— (വിചാരം) ഹൃദയമേ! വെമ്പാതിരിക്കൂ. ഇതാ നീ വിചാരിച്ചതു് അനസൂയ ചോദിയ്ക്കുന്നുണ്ടു്.

രാജാവു്— (വിചാരം) എങ്ങിനെയാണിപ്പോൾ എന്നെ അറിയിയ്ക്കുക? എങ്ങനെയാണു് എന്നെ മറച്ചുവെയ്ക്കുക? ആട്ടെ, ഇവളോടിപ്പോൾ ഇങ്ങനെ പറയാം. (വെളിവായി) പൌരവരാജാവു ധൎമ്മാനുഷ്ഠാനങ്ങൾ നോക്കുവാൻ അധികാരപ്പെടുത്തിയ ആളായ ഞാൻ ഈ ധൎമ്മാരണ്യത്തിൽ ക്രിയകൾക്കു വിഘ്നമൊന്നുമില്ലല്ലോ എന്നറിയുവാൻ വന്നതാണു്.

അനസൂയാ— സണാഹാ ദാണീം ധമ്മആരിണോ. [സനാഥാ ഇദാനീം ധർമ്മചാരിണഃ]

(ശകുന്തളാ ശൃംഗാരലജ്ജാം രൂപയതി)

സഖ്യൌ— (ഉഭയോരാകാരം വിദിത്വാ ജനാന്തികം) ഹലാ സഉന്ദളേ! ജഇ എത്ഥ അജ്ജ താദോ സംണിഹിദോ ഭവേ— [ഹലാ ശകുന്തളേ! യദ്യത്രാദ്യ താതഃ സന്നിഹിതോ ഭവേൽ—]

ശകുന്തളാ— തദോ കിം ഭവേ? [തതഃ കിം ഭവേൽ?]

സഖ്യൌ— ഇമം ജീവിദസവ്വസ്സേണ വി അദിഹിവിസേസം കിദത്ഥം കരിസ്സദി. [ഇമം ജീവിതസർവ്വസ്വേനാപ്യതിഥിവിശേഷം കൃതാർത്ഥം കരിഷ്യതി]

ശകുന്തളാ.— തുമ്ഹേ അവേധ. കിംവി ഹിഅഏ കരിഅ മന്തേധ. ണ വോ വഅണം സുണിസ്സം. [യുവാമപേതം. കിമപി ഹൃദയേ കൃത്വാ മന്ത്രയേഥേ. ന യുവയോർവചനം ശ്രോഷ്യാമി]

രാജാ— വയമപി താവൽ ഭവത്യോഃ സഖീഗതം കിഞ്ചിൽ പൃച്ഛാമഃ.

സഖ്യൌ— അജ്ജ! അണുഗ്ഗഹോ വിഅ ഇഅം അബ്ഭത്ഥണാ. [ആര്യ! അനുഗ്രഹ ഇവേയമഭ്യർത്ഥനാ]

രാജാ— ഭഗവാൻ കാശ്യപഃ ശാശ്വതേ ബ്രഹ്മണി സ്ഥിത ഇതി പ്രകാശം. ഇയം ച വഃ സഖീ തദാത്മജേതി കഥമേതൽ?

അനസൂയാ— സുണാദു അജ്ജോ— അത്ഥി കോ വി കോസിഓ ത്തി ഗോത്തണാമഹേഓ മഹാപ്പഹാവോ രാഏസീ. [ശൃണോത്വാര്യ്യഃ—അസ്തി കോഽപി കൌശിക ഇതി ഗോത്രനാമധേയോ മഹാപ്രഭാവോ രാജർഷിഃ]

രാജാ— അസ്തി, ശ്രൂയതേ.

അനസൂയ— തം ണോ പിഅസഹീഏ പഹവം അവഗച്ഛ. ഉജ്ഝിആഏ സരീരസംവഡ്ഢണാദിഹിം താദകസ്സവോ സേ പിദാ. [തമാവയോഃ പ്രിയസഖ്യാഃ പ്രഭവമവഗച്ഛ. ഉജ്ഝിതായാഃ ശരീരസംവർദ്ധനാദിഭിസ്താതകാശ്യപോഽസ്യാഃ പിതാ]

രാജാ— ഉജ്ഝിതശബ്ദേന ജനിതം മേ കൌതുഹലം. ആ മൂലാച്ഛ്രോതുമിച്ഛാമി.

അനസൂയാ— സുണാദു അജ്ജോ— ഗോദമീതീരേ പുരാ കില തസ്സ രാഏസിണോ ഉഗ്ഗേ തവസി വട്ടമാണസ്സ കിംവി ജാദസങ്കേഹിം ദേവേഹിം മേണആ ണാമ അച്ഛരാ പേസിദാ ണിഅമവിഗ്ഘകാരിണീ. [ശൃണോത്വാര്യ്യഃ— ഗൌതമീതീരേ പുരാ കില തസ്യ രാജർഷേരുഗ്രേ തപസി വർത്തമാനസ്യ കിമപി ജാതശങ്കൈർദ്ദേവൈർമ്മേനകാ നാമാപ്സരാഃ പ്രേഷിതാ നിയമവിഘ്നകാരിണീ]

അനസൂയ— ധൎമ്മചാരികൾ ഇപ്പോൾ സനാഥരായി.

(ശകുന്തള ശൃംഗാരലജ്ജ നടിക്കുന്നു)

സഖിമാർ— (ഇരുവരുടേയും ഭാവമറിഞ്ഞു സ്വകാര്യം) ശകുന്തളേ! ഇവിടെ ഇപ്പോൾ അച്ഛനുണ്ടായിരുന്നുവെങ്കിൽ—

ശകുന്തള— എന്നാൽ എന്താണുണ്ടാവുക?

സഖിമാർ— ഈ വിശിഷ്ടാതിഥിയെ ജീവിതസൎവ്വസ്വംകൊണ്ടും കൃതാൎത്ഥനാക്കും.

ശകുന്തള— നിങ്ങൾ കടന്നുപോകുവിൻ. എന്തോ ഉള്ളിൽവെച്ചു പറയുകയാണു്. നിങ്ങൾ പറയുന്നതു് എനിയ്ക്കു കേൾക്കണ്ട.

രാജാവു്— നിങ്ങളുടെ തോഴിയെപ്പററി നമുക്കും ഒന്നു ചോദിച്ചാൽ കൊള്ളാമെന്നുണ്ടു്.

സഖിമാർ— ആര്യ! അനുഗ്രഹംപോലെയാണു് ഈ അഭ്യൎത്ഥന.

രാജാവു്— ഭഗവാൻ കാശ്യപൻ നിത്യബ്രഹ്മചാരിയാണെന്നു പ്രസിദ്ധമത്രേ, നിങ്ങളുടെ ഈ തോഴി അദ്ദേഹത്തിൻെറ മകളാണെന്നും പറയുന്നു. ഇതെങ്ങനെയാണു്?

അനസൂയ— ആര്യൻ കേട്ടാലും— കൌശികൻ എന്നു ഗോത്രപ്പേരായി മഹാപ്രഭാവനായ ഒരു രാജൎഷിയുണ്ടു്.

രാജാവു്— ഉണ്ടു്, കേട്ടിട്ടുണ്ടു്.

അനസൂയ— അദ്ദേഹത്തിനു പിറന്നവളാണു് ഞങ്ങളുടെ ഈ പ്രിയസഖി. ഉപേക്ഷിച്ചുപോയപ്പോൾ എടുത്തുവളൎത്തിയതുകൊണ്ടാണു് താതനായ കാശ്യപൻ ഇവളുടെ അച്ഛനായതു്.

രാജാവു്— ഉപേക്ഷിച്ചുപോയെന്നു കേട്ടതിലുള്ള കൌതുഹംകൊണ്ടു് ആദ്യംമുതല്ക്കേ കേൾക്കാനാഗ്രഹിക്കുന്നു.

അനസൂയ— ആര്യൻ കേട്ടാലും— പണ്ടു ഗൌതമീതീരത്തിൽ ആ രാജൎഷി കഠിനതപസ്സിലിരിയ്ക്കേ, എന്തോ ശങ്കയുണ്ടായ ദേവന്മാർ മേനക എന്ന അപ്സരസ്സിനെ നിയമവിഘ്നം വരുത്താൻ പറഞ്ഞയച്ചു.

രാജാ— അസ്ത്യേതദന്യസമാധിഭീരുത്വം ദേവാനാം.

അനസൂയാ— തദോ വസന്ദാവദാരസമഏ സേ ഉമ്മാദഇത്തഅം രൂവം പേക്ഖിഅ— (ഇത്യർദ്ധോക്തേ ലജ്ജയാ വിരമതി) [തതോ വസന്താവതാരസമയേ തസ്യാ ഉമ്മാദയിതൃ രൂപം പ്രേക്ഷ്യ—]

രാജാ— പരസ്താൽജ്ഞായത ഏവ. സർവ്വഥാപ്സരഃസംഭവൈഷാ.

അനസൂയാ— അഹഇം [അഥകിം]

രാജാ— ഉപപദ്യതേ.

മാനുഷീഷു കഥം വാ സ്യാദസ്യ രൂപസ്യ സംഭവഃ?
ന പ്രഭാതരളം ജ്യോതിരുദേതി വസുധാതലാൽ. 22

(ശകുന്തളാ ലജ്ജയാധോമുഖീ തിഷ്ഠതി)

രാജാ— (ആത്മഗതം) ഹന്ത! ലബ്ധാവകാശോ മേ മനോരഥഃ. കിന്തു സഖ്യാ പരിഹാസോദാഹൃതാം വരപ്രാർത്ഥനാം ശ്രുത്വാ ധൃതദ്വൈധീഭാവകാതരം മേ മനഃ.

പ്രിയംവദാ— (സസ്മിതം ശകുന്തളാം വിലോക്യ നായകാഭിമുഖീ ഭൂത്വാ) പുണോ വി വത്തുകാമോ വിഅ അജ്ജോ. [പുനരപി വക്തുകാമ ഇവാര്യഃ]

(ശകുന്തളാ സഖീമംഗുല്യാ തർജ്ജയതി)

രാജാ— സമ്യഗുപലക്ഷിതം ഭവത്യാ. അസ്തി നഃ സച്ചരിതശ്രവണലോഭാദന്യദപി പ്രഷ്ടവ്യം.

പ്രിയംവദാ— അലം വിആരിഅ. അണിഅന്തണാണുഓഓ തവസ്സിഅണോ ണാമ. [അലം വിചാര്യ. അനിയന്ത്രണാനുയോഗസ്തപസ്വിജനോ നാമ]

രാജാ— ഇതി സഖീം തേ ജ്ഞാതുമിച്ഛാമി—

വൈഖാനസം കിമനയാ വ്രതമാ പ്രദാനാ—
ദ്വ്യാപാരരോധി മദനസ്യ നിഷേവിതവ്യം?
അത്യന്തമേവ മദിരേക്ഷണവല്ലഭാഭി—
രാഹോ നിവത്സ്യതി സമം ഹരിണാംഗനാഭിഃ? 23

പ്രിയംവദാ— അജ്ജ! ധമ്മാചരണേ വി പരവസോ അഅം ജണോ. ഗുരുണോ ഉണ സേ അണുരൂവവരപ്പദാണേ സങ്കപ്പോ. [ആര്യ! ധർമ്മാചരണേഽപി പരവശോഽയം ജനഃ. ഗുരോഃ പുനരസ്യാ അനുരൂപവരപ്രദാനേ സങ്കല്പഃ]

രാജാ— ദുരവാപേയം ഖലു പ്രാർത്ഥനാ. (ആത്മഗതം)

ഭവ ഹൃദയ! സാഭിലാഷം, സമ്പ്രതി സന്ദേഹനിർണ്ണയോ ജാതഃ
ആശങ്കസേ യദഗ്നിം, തദിദം സ്പർശക്ഷമം രത്നം. 24

ശകുന്തളാ— (സരോഷമിവ) അണസൂഏ! ഗമിസ്സം അഹം. [അനസൂയേ! ഗമിഷ്യാമ്യഹം]

രാജാവ്— വല്ലവരും തപസ്സു തുടങ്ങിയാൽ ദേവന്മാൎക്ക പേടിയാവലായി.

അനസൂയ— എന്നിട്ടു വസന്തത്തിന്റെ വരവിൽ അവളുടെ മത്തുപിടിപ്പിക്കുന്ന സൌന്ദൎയ്യം കണ്ടിട്ട്— (എന്നു പകുതിപറഞ്ഞു ലജ്ജിച്ചു നില്ക്കുന്നു)

രാജാവ്— ബാക്കിയെല്ലാം മനസ്സിലാവുന്നുണ്ട്. ഏതു നിലയിലും അപ്സരസ്സിന്നു പിറന്നവളാണിവൾ.

അനസൂയ— അതേ.

രാജാവ്— ശരിയാണ്.

മനുഷ്യസ്ത്രീകളിൽ ഇങ്ങിനെയൊരു രൂപം ഉണ്ടാകുന്നതെങ്ങിനെ? മിന്നിത്തിളങ്ങുന്ന തേജസ്സു മണ്ണിൽനിന്നുണ്ടാവില്ലല്ലോ. 22

(ശകുന്തള ലജ്ജിച്ചു തല കുനിക്കുന്നു)

രാജാവ്— (ആത്മഗതം) എന്റെ മനോരഥത്തിന്നു പഴുതു കിട്ടി. പക്ഷേ ഇവളുടെ വരപ്രാൎത്ഥനയെപ്പററി സഖി കളിയാക്കി പറഞ്ഞതു കേട്ടിട്ട് എന്റെ മനസ്സു രണ്ടുവിധത്തിലും വരാമെന്നു കരുതി നടുങ്ങുന്നു.

പ്രിയംവദ— (പുഞ്ചിരിയോടെ ശകുന്തളയെനോക്കി നായകന്റെ നേരെ തിരിഞ്ഞ്) ആര്യന് ഇനിയും എന്തോ പറയാനുള്ളതുപോലെയുണ്ടല്ലോ.

(ശകുന്തള സഖിയെ വിരൽകൊണ്ടു താക്കീതുചെയ്യുന്നു)

രാജാവ്— ഭവതിക്കു തോന്നിയതു ശരിയാണ്. സച്ചരിതം കേൾക്കാനുള്ള കൊതിയാൽ മററൊന്നുകൂടി ചോദിക്കാൻ തോന്നുന്നു.

പ്രിയംവദ— സംശയിക്കേണ്ട. തപസ്വിജനത്തോട് ഇന്നതേ ചോദിവൂ എന്നില്ല.

രാജാവ്— ഇത്രയുംകൂടി നിങ്ങളുടെ സഖിയെപ്പററി അറിഞ്ഞാൽ കൊള്ളാം.

കാമവ്യാപാരത്തെ തടയുന്ന വൈഖാനസവ്രതം വേളികഴിച്ചുകൊടുക്കുന്നതുവരെയാണോ ഇവൾ അനുഷ്ഠിക്കേണ്ടതു്, അതോ അഴകുററ നോട്ടത്താൽ അധികം പ്രിയപ്പെട്ട മാൻപേടകളോടൊപ്പം അവസാനംവരെ ഇങ്ങനെ കഴിച്ചുകൂട്ടേണമോ? 23

പ്രിയംവദ— ആര്യ! ധൎമ്മാചരണത്തിലും ഈയുള്ളവർ പരാധീനരാണ്. എന്നാൽ ഇവളെ അനുരൂപനായ വരനു കൊടുക്കണമെന്നാണ് അച്ഛന്റെ സങ്കല്പം.

രാജാവ്— സാധിക്കാൻ പ്രയാസമാണു ഈ ആഗ്രഹം. (വിചാരം)

ഹൃദയമേ! നീ കൊതിച്ചുകൊള്ളുക. ഇപ്പോൾ സംശയത്തിന്നു തീൎപ്പു വന്നു. തീയാണെന്നു നീ ആശങ്കിച്ചതു കൈയിലെടുക്കാവുന്ന രത്നമാണ്. 24

ശകുന്തള— (ശുണ്ഠിയെടുത്തപോലെ) അനസൂയേ! ഞാൻ പോവുകയാണ്.

അനസൂയാ— കിംണിമിത്തം? [കിം നിമിത്തം?]

ശകുന്തളാ— ഇമം അസംബദ്ധപ്പലാവിണിം പിഅംവദം അജ്ജാഏ ഗോദമീഏ ണിവേദഇസ്സം. [ഇമാമസംബദ്ധപ്രലാപനീം പ്രിയംവദാമാൎയ്യായൈ ഗൌതമ്യൈ നിവേദയിഷ്യാമി]

അനസൂയാ— സഹി! ണ ജുത്തം അകിദസക്കാരം അദിഹിവിസേസം വിസജ്ജിഅ അസ്സമവാസിണോ ജണസ്സ സച്ഛന്ദദോ ഗമണം. [സഖി! ന യുക്തമകൃതസല്ക്കാരമതിഥിവിശേഷം വിസൃജ്യാശ്രമവാസിനോ ജനസ്യ സ്വച്ഛന്ദതോ ഗമനം]

(ശകുന്തളാ ന കിംചിദുക്ത്വാ പ്രസ്ഥിതൈവ)

രാജാ— (സ്വഗതം) ആഃ! കഥം, ഗച്ഛതി? (ഗ്രഹീതുമിച്ഛൻ നിനിഗൃഹ്യാത്മാനം) അഹോ! ചേഷ്ടാപ്രതിരൂപികാ കാമിജനമനോവൃത്തിഃ. അഹം ഹി—

അനുയാസ്യൻ മുനിതനയാം സഹസാ വിനയേന വാരിതപ്രസരഃ
സ്ഥാനാദനുച്ചലന്നപി ഗത്വേവ പുനഃ പ്രതിനിവൃത്തഃ. 25

പ്രിയംവദാ— (ശകുന്തളാം നിരുധ്യ) ഹളാ! ണ ദേ ജുത്തം ഗന്തും. [ഹളാ! ന തേ യുക്തം ഗന്തും]

ശകുന്തളാ— (സഭ്രൂഭംഗം) കിംണിമിത്തം? (കിം നിമിത്തം?)

പ്രിയംവദാ— രുക്ഖസേഅണേ ദുവേ ധാരേസി മേ. ഏഹി ദാവ. അത്താണം മോചിഅ തദോ ഗമിസ്സസി. (ഇതി ബലാദേനാം നിവൎത്തയതി) [വൃക്ഷസേചനേ ദ്വേ ധാരയസി മേ. ഏഹി താവൽ. ആത്മാനം മോചയിത്വാ തതോ ഗമിഷ്യസി]

രാജാ— ഭദ്രേ! വൃക്ഷസേചനാദേവ പരിശ്രാന്താമത്രഭവതീം ലക്ഷയേ. തഥാ ഹ്യസ്യാഃ—

സ്രസ്താംസാവതിമാത്രലോഹിതതലൌ
  ബാഹൂ ഘടോൽക്ഷേപണാ—
ദദ്യാപി സ്തനവേപഥും ജനയതി
  ശ്വാസഃ പ്രമാണാധികഃ
ബദ്ധം കൎണ്ണശിരീഷരോധി വദനേ
  ഘൎമ്മാംഭസാം ജാലകം,
ബന്ധേ സ്രംസിനി ചൈകഹസ്തയമിതാഃ
  പര്യാകുലാ മൂൎദ്ധജാഃ. 26

തദഹമേനാമനൃണാം കരോമി. (ഇത്യംഗുലീയം ദാതുമിച്ഛതി)

(ഉഭേ നാമമുദ്രാക്ഷരാണ്യനുവാച്യ പരസ്പരമവലോകയതഃ)

രാജാ— അലമന്യഥാ സംഭാവിതേന. രാജ്ഞഃ പരിഗ്രഹോഽയം.

അനസൂയ— എന്തുകൊണ്ടു്?

ശകുന്തള— ഈ പ്രിയംവദ തോന്നിവാസം പറയുന്നതു ഗൗതമിവലിയമ്മയോടു ചെന്നു പറഞ്ഞുകൊടുക്കട്ടെ.

അനസൂയ— സഖി! വിശിഷ്ടനായ അതിഥിയെ സൽക്കരിക്കാതെ തോന്നിയപോലെ വിട്ടു കടന്നുപോകുന്നതു് ആശ്രമവാസികൾക്കു ചേർന്നതല്ല.

(ശകുന്തള ഒന്നുംമിണ്ടാതെ പോകാൻതന്നെ ഭാവിക്കുന്നു)

രാജാവു്— (വിചാരം) ഏ! എന്തു്, പോവുകയോ? (പിടിച്ചുനിർത്താനാഗ്രഹിച്ചു സ്വയം അടക്കിനിർത്തിയിട്ടു്) അഹോ! കാമികളുടെ മനോവ്യാപാരം വിചാരിച്ചതെല്ലാം ചെയ്തതുപോലെയാണു്. ഞാനിപ്പോൾ—

മുനിപുത്രിയെ പിൻതുടരാൻ ഭാവിച്ചു പെട്ടെന്നു വിനയത്താൽ നീങ്ങാനിടയാവാതെ ഇരുന്നേടത്തുനിന്നു് എഴുന്നേററില്ലെങ്കിലും പോയി തിരിച്ചുവന്നതുപോലെ തോന്നുന്നു. 25

പ്രിയംവദ— (ശകുന്തളയെ തടഞ്ഞുനിർത്തിയിട്ടു്) സഖി! നീ പോകുന്നതു ശരിയല്ല.

ശകുന്തള— (പുരികം ചുളിച്ചു്) എന്തുകൊണ്ടു്?

പ്രിയംവദ— നീ എനിക്കു രണ്ടു വൃക്ഷം നനച്ചു് കടം വീട്ടിത്തരാനുണ്ടു്. ഇങ്ങോട്ടു വരൂ. കടം വീട്ടിയിട്ടു പോവാം. (എന്നു ബലാല്ക്കാരമായി പിന്തിരിക്കുന്നു)

രാജാവു്— ഭദ്രേ! വൃക്ഷം നനച്ചിട്ടുതന്നെ ശ്രീമതി തളർന്നതായിക്കാണുന്നു. ഇതാ ഇവളുടെ—

കൈകൾ കുടമെടുത്തുപൊക്കിയിട്ടു തോൾ കിഴിഞ്ഞും കൈപ്പടം വല്ലാതെ തുടുത്തുമിരിക്കുന്നു. ഇപ്പോഴും നിലച്ചിട്ടില്ലാത്ത കിതപ്പുനിമിത്തം മുലകൾ കുലുങ്ങിക്കൊണ്ടിരിക്കുന്നു. കാതിലെ നെന്മേനിവാകപ്പൂവു് ഒട്ടിപ്പിക്കുമാറു മുഖത്തു വിയർപ്പുതുള്ളികൾ മുററിനില്ക്കുന്നു. കെട്ടഴിഞ്ഞപ്പോൾ ഒററക്കൈകൊണ്ടു തിരുകിയൊതുക്കിയ തലമുടി ചിന്നിച്ചിതറിയുമിരിക്കുന്നു. 26

അതീനാൽ ഞാനിവളുടെ കടംവീട്ടാം. (മോതിരംഊരിക്കൊടുക്കാൻ ഭാവിക്കുന്നു)

(സഖിമാർ മോതിരത്തിന്മേൽ പേരിലെ അക്ഷരങ്ങൾ വായിച്ചു് അന്യോന്യം നോക്കുന്നു)

രാജാവു്— മറിച്ചൊന്നും കരുതേണ്ട. ഇതു രാജാവിന്റെ പാരിതോഷികമാണു്.

പ്രിയംവദാ— തേണ ഹി ണാരിഹദി ഏദം അംഗുലീഅഅം അംഗുലീവിഓഅം. അജ്ജസ്സ വഅണേണ അണിരിണാ ദാണിം ഏസാ. (കിംചിദ്വിഹസ്യ) ഹളാ സഉന്ദളേ! മോഇദാസി അണുഅംപിണാ അജ്ജേണ. അഹവാ മഹാരാഏണ. ഗച്ഛ ദാണിം. [തേന ഹി നാൎഹത്യേതദംഗുലീയകമംഗുലീവിയോഗം. ആര്യസ്യ വചനേനാനൃണേദാനീമേഷാ. ഹളാ ശകുന്തളേ! മോചിതാസ്യനുകമ്പിനാൎയ്യേണ. അഥവാ മഹാരാജേന. ഗച്ഛേദാനീം]

ശകുന്തളാ— (ആത്മഗതം) ജഇ അത്തണോ പഹവിസ്സം. (പ്രകാശം) കാ തുമം വിസജ്ജിദവ്വസ്സ രുന്ധിദവ്വസ്സ വാ? [യദ്യാത്മനഃ പ്രഭവിഷ്യാമി, കാ ത്വം വിസൎജ്ജിതവ്യസ്യ രോദ്ധവ്യസ്യ വാ?]

രാജാ— (ശകുന്തളാം വിലോക്യ ആത്മഗതം) കിം നു ഖലു യഥാ വയമസ്യാമേവമിയമപ്യസ്മാൻ പ്രതി സ്യാൽ? അഥവാ ലബ്ധാവകാശാ മേ പ്രാൎത്ഥനാ.

വാചം ന മിശ്രയതി യദ്യപി മദ്വചോഭിഃ
കൎണ്ണം ദദാത്യഭിമുഖം മയി ഭാഷമാണേ
കാമം ന തിഷ്ഠതി മദാനനസമ്മുഖീനാ
ഭൂയിഷ്ഠമന്യവിഷയാ ന തു ദൃഷ്ടിരസ്യാഃ. 27

(നേപഥ്യേ)

ഭോ ഭോസ്തപസ്വിനഃ! സന്നിഹിതാസ്തപോവനസത്ത്വരക്ഷായൈ ഭവത. പ്രത്യാസന്നഃ കില മൃഗയാവിഹാരീ പാൎത്ഥിവോ ദുഷ്യന്തഃ.

തുരഗഖുരഹതസ്തഥാഹി രേണുർ–
വിടപവിഷക്തജലാൎദ്രവല്കലേഷു
പതതി പരിണതാരുണപ്രകാശഃ
ശലഭസമൂഹ ഇവാശ്രമദ്രുമേഷു. 28

അപി ച—

തീവ്രാഘാതപ്രതിഹതതരുഃ സ്കന്ധലഗ്നൈകദന്തഃ
പാദാകൃഷ്ടവ്രതതിവലയാസംഗസംജാതപാശഃ
മൂൎത്തോ വിഘ്നസ്തപസ ഇവ നോ ഭിന്നസാരംഗയൂഥോ
ധൎമ്മാരണ്യം പ്രവിശതി ഗജഃ സ്യന്ദനാലോകഭീതഃ. 29

(സൎവ്വാഃ കൎണ്ണം ദത്വാ കിഞ്ചിദിവ സംഭ്രാന്താഃ)

രാജാ— (ആത്മഗതം) അഹോ ധിൿ! സൈനികാ അസ്മദന്വേഷിണസ്തപോവനമുപരുന്ധന്തി. ഭവതു, പ്രതിഗമിഷ്യാമസ്താവൽ.

പ്രിയംവദ— എന്നാൽ ഈ മോതിരം ആ വിരലിന്മേൽനിന്നു ഊരിക്കുടാ. അവിടത്തെ വാക്കുകൊണ്ടുതന്നെ ഇവളുടെ കടം വീടി. (തെല്ലൊന്നു ചിരിച്ചു്) സഖി ശകുന്തളേ! അനുകമ്പയുള്ള ഈ ആര്യൻ, അഥവാ മഹാരാജാവു്, നിന്റെ കടം വീട്ടിയിരിയ്ക്കുന്നു. ഇനി പോവാം.

ശകുന്തള— (വിചാരം) എന്നെക്കൊണ്ടു് ആവുമായിരുന്നെങ്കിൽ. (വെളിവായി) നീയാരാ വിട്ടയക്കുന്നവന്റെ, അല്ലെങ്കിൽ തടഞ്ഞുനിർത്തുന്നവന്റെ?

രാജാവു്— (ശകുന്തളയെ നോക്കി വിചാരം) നമുക്കിവളോടെന്നപോലെത്തന്നെ ഇവൾക്കു നമ്മോടുമുണ്ടായിരിക്കുമോ? അഥവാ എന്റെ പ്രാർത്ഥനയ്ക്കു പഴുതു കിട്ടിയിട്ടുണ്ടു്. എന്തെന്നാൽ—

ഇവൾ എന്റെ സംഭാഷണത്തോടിടചേർന്നു് ഒന്നും പറയുന്നില്ലെങ്കിലും ഞാൻ സംസാരിയ്ക്കുമ്പോൾ അതിനുനേരെ ചെവിയോർത്തുകൊണ്ടിരിയ്ക്കുന്നു. എന്റെ മുഖത്തോടുമുഖം നോക്കി ഇരിയ്ക്കുന്നില്ല. ശരിതന്നെ. എന്നാൽ ഇവളുടെ നോട്ടം മിക്കവാറും മറ്റൊന്നിലേക്കുമല്ലതാനും. 27

(അണിയറയിൽ)

ഹേ ഹേ തപസ്വിമാരേ! തപോവനത്തിലെ ജീവികളെ രക്ഷിക്കുവാൻ ഒരുങ്ങിനില്പിൻ. നായാട്ടുനടത്തിക്കൊണ്ടു ദുഷ്യന്തരാജാവു് അടുത്തെത്തിയിരിക്കുന്നുവത്രേ.

അതിനാലത്രേ, കുതിരക്കുളമ്പടിയേറ്റുയർന്നപൊടി അന്തിക്കതിരവന്റെ വെയിലേറ്റു നിറംപൂണ്ടു്, കൊമ്പുകളിൽ ഈറൻമരവുരി തോരാനിട്ട ആശ്രമവൃക്ഷങ്ങളുടെമേൽ പാറ്റകളുടെ സമൂഹംപോലെ വന്നുവീഴുന്നതു്. 28

എന്നു മാത്രമല്ല—

തേരുകണ്ടുപേടിച്ച ഒരാന ആഞ്ഞിടിടിച്ചു മരങ്ങൾ തള്ളിവീഴ്ത്തിയും ഒരു കൊമ്പു തേളോടുചേർന്നുപറ്റിയും കാൽകൊണ്ടു വലിച്ചിഴച്ച വള്ളിപ്പടർപ്പുകളാൽ കെട്ടുപിണഞ്ഞും മാൻകൂട്ടങ്ങളെ ചിന്നിച്ചിതറിച്ചും നമ്മുടെ തപസ്സിനു മൂർത്തിമത്തായ വിഘ്നമെന്നു തോന്നുമാറു തപോവനത്തിലേക്കു കടന്നുവരുന്നു. 29

(സ്ത്രീകളെല്ലാം ചെവിയോർത്തു് ഒട്ടൊന്നു പരിഭ്രമിയ്ക്കുന്നു)

രാജാവു്— (വിചാരം) കഷ്ടമായല്ലോ. നമ്മെ തിരഞ്ഞു പുറപ്പെട്ട സൈനികർ തപോവനത്തിന്നു് ഉപദ്രവമുണ്ടാക്കുന്നു. ആട്ടെ, തിരിച്ചുപോയേയ്ക്കാം.

സഖ്യൌ— അജ്ജ! ഇമിണാ ആരണ്ണഅവുത്തന്തേണ പജ്ജാഉല മ്ഹ. അണുജാണീഹി ണോ ഉഡഅഗമണസ്സ. [ആര്യ! അനേനാരണ്യകവൃത്താന്തേന പൎയ്യാകുലാഃ സ്മഃ. അനുജാനീഹി ന ഉടജഗമനായ]

രാജാ— അസംഭ്രമം ഗച്ഛന്തു ഭവത്യഃ. വയമപ്യാശ്രമപീഡാ യഥാ ന ഭവതി, തഥാ പ്രയതിഷ്യാമഹേ.

(സൎവ്വേ ഉത്തിഷ്ഠന്തി)

സഖ്യൌ— അജ്ജ! അസംഭാവിദസക്കാരം ഭൂഓവി പേക്ഖണണിമിത്തം ലജ്ജേമോ അജ്ജം വിണ്ണവിദും. [ആര്യ! അസംഭാവിതസല്ക്കാരം ഭൂയോഽപി പ്രേക്ഷണനിമിത്തം ലജ്ജാമഹേ ആൎയ്യം വിജ്ഞാപയിതും]

രാജാ— മാ മൈവം. ദൎശനേനൈവ ഭവതീനാം സൽകൃതോഽസ്മി.

(ശകുന്തളാ രാജാനമവലോകയന്തീ സവ്യാജം വിളംബ്യ സഹ സഖീഭ്യാം നിഷ്ക്രാന്താ)

രാജാ— മന്ദൌത്സുക്യോഽസ്മി നഗരഗമനം പ്രതി. യാവദനുയാത്രികാൻ സമേത്യ നാതിദൂരേ തപോവനസ്യ നിവേശയേയം. ന ഖലു ശക്നോമി ശകുന്തളാവ്യാപാരാദാത്മാനം നിവൎത്തയിതും. മമ ഹി—

ഗച്ഛതി പുരഃ ശരീരം ധാവതി പശ്ചാദസംസ്തുതം ചേതഃ
ചീനാംശുകമിവ കേതോഃ പ്രതിവാതം നീയമാനസ്യ. 30

(ഇതി നിഷ്ക്രാന്താഃ സൎവ്വേ)

ഇതി പ്രഥമോഽങ്കഃ

ദ്വിതീയോഽങ്കഃ

(തതഃ പ്രവിശതി വിഷണ്ണോ വിദൂഷകഃ)

വിദൂഷകഃ— [നിഃശ്വസ്യ] ഭോ! ദിഢം. ഏദസ്സ മിഅആസീലസ്സ രണ്ണോ വഅസ്സഭാവേണ ണിവ്വിണ്ണോ മ്ഹി. 'അഅം മിഓ അഅം വരാഹോ അഅം സദ്ദൂലോ' ത്തി മജ്ഝന്ദിണേ വി ഗിമ്ഹവിരളപാഅവച്ഛാആസു വണരാഈസു ആഹിണ്ഡീഅദി. പത്തസംകരകസാആഇം കദുണ്ഹാഇം ഗിരിണഈജലാഇം പീഅന്തി. അണിഅദവേലം സുല്ലമംസഭൂഇട്ഠോ ആഹാരോ അൺഹീഅദി, തുരആണുധാവണകണ്ഡിദസംധിണോ രത്തിമ്മി വി ണികാമം സഇ

സഖിമാർ— ആര്യ! ഈ വനവൃത്താന്തത്താൽ ഞങ്ങൾക്കു പരിഭ്രമം തോന്നുന്നു. പർണ്ണശാലയിലേക്കു പോവാൻ ഞങ്ങളെ അനുവദിക്കൂ.

രാജാവ്— നിങ്ങൾ പരിഭ്രമിക്കാതെ പോയ്ക്കൊള്ളുവിൻ. ആശ്രമത്തിന്ന് ഉപദ്രവം വരാതിരിക്കാൻ നാം ആവുന്നതും യത്നിച്ചുകൊള്ളാം.

(എല്ലാവരും എഴുന്നേല്ക്കുന്നു)

സഖിമാർ— ആര്യ! സല്ക്കാരമൊന്നും ചെയ്യിട്ടില്ലാത്തതിനാൽ ആര്യനെ ഇനിയും കാണണമെന്നറിയിപ്പാൻ ഞങ്ങൾക്കു ലജ്ജതോന്നുന്നു.

രാജാവ്— അല്ല, അങ്ങിനെയല്ല! നിങ്ങളെകണ്ടതുതന്നെ എനിക്കു സൽക്കാരമായിരിക്കുന്നു.

(ശകുന്തള രാജാവിനെ നോക്കി കള്ളനാട്യത്തിൽ താമസിച്ചുകൊണ്ടു സഖിമാരോടൊപ്പം പോകുന്നു)

രാജാവ്— എനിക്കു നഗരത്തിലേക്കു പോകാൻ ഉത്സാഹം കുറവായിരിക്കുന്നു. നമ്മുടെ കൂട്ടക്കാരുടെ അടുക്കൽച്ചെന്നു തപോവനത്തിൽനിന്ന് അകലെയല്ലാതെ താവളമടിപ്പിക്കാം. ശകുന്തളാവിചാരത്തിൽനിന്നു മനസ്സിനെ പിൻവലിക്കാൻ ഞാൻ ആളല്ലാതായിരിക്കുന്നു. എന്റെ—

ശരീരം മുന്നോട്ടു നീങ്ങുന്നു. മനസ്സ് അവശമായി കാററിനെതിരെ കൊണ്ടുപോകുന്ന കൊടിയിലെ ചീനപ്പട്ടെന്നപോലെ പിന്നോട്ടു പായുകയും ചെയ്യുന്നു. 30

(എല്ലാവരും പോകുന്നു)

ഒന്നാമങ്കം കഴിഞ്ഞു

രണ്ടാമങ്കം

(അനന്തരം വിഷണ്ണനായ വിദൂഷകൻ പ്രവേശിക്കുന്നു)

വിദൂഷകൻ— (നെടുവീർപ്പിട്ട്) കഷ്ടം! നായാട്ടുകമ്പക്കാരനായ ഈ തമ്പുരാന്റെ കൂട്ടുകാരനായിട്ട് എനിക്കാകെ മടുത്തു. 'ഇതാ മാൻ, ഇതാ പന്നി, ഇതാ പുലി' എന്നിങ്ങനെ വേനൽകൊണ്ടു മരത്തണൽ വളരെ ചുരുക്കമായ ഈ കാട്ടിൻനിരയിൽ നട്ടുച്ചയ്ക്കുകൂടി തെണ്ടിത്തിരിയുന്നു; ഇലകൾ വീണു ചീഞ്ഞു ചവർത്തുകാഞ്ഞുകിടക്കുന്ന മലഞ്ചോലവെള്ളം കുടിക്കുന്നു. ഇന്നപ്പോൾ എന്നില്ലാതെ ഏറിയ പങ്കും ശൂലത്തിന്മേൽ ചുട്ട മാംസം ശാ

ദവ്വം ണത്ഥി. തദോ മഹന്തേ ഏവ്വ പച്ചൂസേ ദാസീഏ പുത്തേഹിം സഉണിലുദ്ധഏഹിം വണഗ്ഗഹണകോലാഹലേണ പഡിബോധിദോഹ്മി. ഏത്തി ഏണ വി ദാവ പീഡാ ണ ണിക്കമെദി—തദോ ഗണ്ഡസ്സ ഉവരി പിഡഓ സംവുത്തോ. ഹിഓ കിള അഹ്മേസു ഓഹീണേസു തത്തഹോദോ മിആണുസാരേണ അസ്സമപദം പവിട്ഠസ്സ താവസകണ്ണആ സഉന്ദലാ ണാമ മമ ഉദരസ്സ അധണ്ണദാഏ ദംസിദാ. സംപദം ണഅരഗമണസ്സ കഹം വി ണ കരേദി. അജ്ജ വി സേ തം ഏവ്വ ചിന്തഅന്തസ്സ അക്ഖീസു പഭാദം ആസി. കാ ഗദീ. ജാവ ണം കിദാചാരപരികമ്മാണം പേക്ഖാമി. [പരിക്രമ്യാവലോക്യ ച] ഏസോ ബാണാസണഹത്ഥാഹിം ജവണീഹിം വണപുപ്ഫമാലാധാരിണീഹിം പഡിവുദോ ഇദോ ഏവ്വ ആഅച്ഛദി പിഅവഅസ്സോ. ഹോദു. അംഗഭംഗവിഅലോ വിഅ ഭവിഅ ചിട്ഠിസ്സം. ജഇ ഏവ്വം വി ണാമ വിസ്സമം ലഹേഅം. [ഭോഃ! ദുഃഖം ഏതസ്യ മൃഗയാശീലസ്യ രാജ്ഞോ വയസ്യഭാവേന നിർവ്വിണ്ണോഽസ്മി. 'അയം മൃഗോഽയം വരാഹോഽയം ശാർദ്ദൂല' ഇതി മധ്യന്ദിനേഽപി ഗ്രീഷ്മവിരളപാദപച്ഛായാസു വനരാജിഷ്വാഹിണ്ഡ്യതേ. പത്രസങ്കരകഷായാണി കടുഷ്ണാനി ഗിരിനദീജലാനി പീയന്തേ. അനിയതവേലം ശൂല്യമാംസഭൂയിഷ്ഠ ആഹാരോ ഽശ്യതേ. തുരഗാനുധാവനകണ്ഡിതസന്ധേ രാത്രാവപി നികാമം ശയിതവ്യം നാസ്തി. തതോ മഹത്യേവ പ്രത്യൂഷേ ദാസ്യാഃ പുത്രൈഃ ശകുനിലുബ്ധകൈർവനഗ്രഹണകോലാഹലേന പ്രതിബോധിതോഽസ്മി. ഏതാവതാപി താവൽ പീഡാ ന നിഷ്ക്രാമതി—തതോ ഗണ്ഡസ്യോപരി പിടകഃ സംവൃത്തഃ. ഹ്യഃ കിലാസ്മാസ്വവഹീനേഷു തത്രഭവതോ മൃഗാനുസാരേണാശ്രമപദം പ്രവിഷ്ടസ്യ താപസകന്യകാ ശകുന്തളാ നാമ മമോദരസ്യാധന്യതയാ ദർശിതാ. സാമ്പ്രതം നഗരഗമനസ്യ കഥാമപി ന കരോതി, അദ്യാപി തസ്യ താമേവ ചിന്തയതോഽക്ഷ്ണോഃ പ്രഭാതമാസീൽ. കാ ഗതിഃ? യാവത്തം കൃതാചാരപരികർമ്മാണം പശ്യാമി. ഏഷ ബാണാസനഹസ്താഭിര്യവനീഭിർവനപുഷ്പമാലാധാരിണീഭിഃ പരിവൃത ഇത ഏവാഗച്ഛതി പ്രിയവയസ്യഃ. ഭവതു, അംഗഭംഗവികല ഇവ ഭൂത്വാ സ്ഥാസ്യാമി. യദ്യേവമപി നാമ വിശ്രമം ലഭേയ]

(ഇതി ദണ്ഡകാഷ്ഠമവലംബ്യ സ്ഥിതഃ)

(തതഃ പ്രവിശതി യഥാനിർദ്ദിഷ്ടപരിവാരോ രാജാ)

രാജാ— കാമം പ്രിയാ ന സുലഭാ
മനസ്തു തൽഭാവദർശനാശ്വാസി
അകൃതാർത്ഥേഽപി മനസിജേ
രതിമുഭയപ്രാർത്ഥനാ കുരുതേ. 1

പ്പിടുന്നു! കുതിരയുടെ പിന്നാലെ പാഞ്ഞു പാഞ്ഞു സന്ധിബന്ധങ്ങൾ വേർപെട്ടു രാത്രികൂടി കിടക്കപ്പൊറുതിയുമില്ല, എന്നിട്ടോ, നന്നെ രാവിലെ ചെറുമക്കൾ പക്ഷിനായാട്ടുകാർ കാടുവളയുന്ന കോലാഹലംകൊണ്ടു ഉറക്കമുണത്തുകയായി. ഇത്രയുംകൊണ്ടും തീർന്നില്ലാ കഷ്ടപ്പാട്— ഇപ്പോൾ കുനിന്മേൽ കുരുവുമായിരിക്കുന്നു. ഇന്നലെ ഞങ്ങളൊക്കെ അകലത്തായിരിക്കെ അവിടുന്നു ഒരു മാനിനെ പിൻതുടർന്നു ആശ്രമത്തിൽ ചെന്നു കേറി, ശകുന്തള എന്നൊരു താപസകന്യകയെ, എന്റെ വയററിന്റെ ഭാഗ്യക്കേടുകൊണ്ടു കണ്ടെത്താൻ ഇടയായി. ഇപ്പോൾ നഗരത്തിലേക്കു പോകുന്നതിന്റെ കഥതന്നെയില്ല. അവളെത്തന്നെ വിചാരിച്ചു കണ്ണുംമിഴിച്ചിരുന്നാണ് ഇന്നുപോലും അവിടുത്തേക്കു നേരം പുലന്നു്. എന്തുഗതി! നിത്യകമ്മവും ചമയലും കഴിഞ്ഞിരിക്കുന്ന തോഴരെ പോയി കണ്ടേക്കാം. (ചുററിനടന്നു നോക്കിയിട്ടു്) ഇതാ കാട്ടുപൂമാലകൾ അണിഞ്ഞു വില്ലേന്തിയ യവനികൾ ചൂഴ്ന്നുകൊണ്ടു തോഴർ ഇങ്ങോട്ടുതന്നെ വരുന്നു. ആട്ടെ! മേലനങ്ങാൻ വയ്യാത്ത മട്ടിൽ നില്ക്കാം. എന്നാലെങ്കിലും അല്പം വിശ്രമം കിട്ടിയാലോ!

(മുട്ടുംവടിയൂന്നി നില്ക്കുന്നു)

(പറഞ്ഞ പരിവാരങ്ങളോടുകൂടി രാജാവു പ്രവേശിക്കുന്നു)

രാജാവു്— ഓമലാളെ കിട്ടുക എളുപ്പമല്ല, ശരിതന്നെ. എന്നാൽ മനസ്സാകട്ടെ, അവളുടെ ഭാവം കണ്ടതുകൊണ്ടു് ആശ്വാസംകൊള്ളുന്നു. കാമം സഫലമായില്ലെങ്കിലും ഇരുവക്കും ആഗ്രഹമുണ്ടെന്നുവന്നാൽ അതു രതിയുളവാക്കുന്നു.

(സ്മിതം കൃത്വാ) ഏവമാത്മാഭിപ്രായസംഭാവിതേഷ്ടജനചിത്തവൃത്തിഃ പ്രാർത്ഥയിതാ വിഡംബ്യതേ. തഥാഹി—

സ്നിഗ്ദ്ധം വീക്ഷിതമന്യതോഽപി നയനേ
യൽ പ്രേരയന്ത്യാ തയാ
യാതം യച്ച നിതംബയോർഗ്ഗുരുതയാ
മന്ദം വിലാസാദിവ
'മാ ഗാ' ഇത്യുപരുദ്ധയാ യദപി സാ
സാസൂയമുക്താ സഖീ
സർവ്വം തൽ കില മൽപരായണമഹോ!
കാമീ സ്വതാം പശ്യതി. 2

വിദൂഷകഃ— (തഥാസ്ഥിത ഏവ) ഭോ വഅസ്സ! ണ മേ ഹത്ഥപാആ പസരന്തി. താ വാആമേത്തഏണ ജഈകരീയസി. ജേദു ജേദു ഭവം. [ഭോ വയസ്യ! ന മേ ഹസ്തപാദം പ്രസരതി. തദ് വാചാമാത്രേണ ജയീക്രിയസേ. ജയതു ജയതു ഭവാൻ]

രാജാ— കുതോഽയം ഗാത്രോപഘാതഃ?

വിദൂഷകഃ— കുദോ കില! സഅം അച്ഛി ആഉലീകരിഅ അസ്സുകാരണം പുച്ഛേസി. [കുതഃ കില! സ്വയമക്ഷ്യാകുലീകൃത്യാശ്രുകാരണം പൃച്ഛസി]

രാജാ— ന ഖല്വവഗച്ഛാമി.

വിദൂഷകഃ— ഭോ വഅസ്സ! ജം വേദസോ കുജ്ജലീലം വിഡംബേദി, താ കിം അത്തണോ പഹാവേണ, ഉദ ണഈവേഅസ്സ? [ഭോ വയസ്യ! യദ്വേതസഃ കുബ്ജലീലാം വിഡംബയതി, തൽ കിമാത്മനഃ പ്രഭാവേണ, ഉത നദീവേഗസ്യ?]

രാജാ— നദീവേഗസ്തത്ര കാരണം.

വിദൂഷകഃ— മമ വി ഭവം. [മമാപി ഭവാൻ]

രാജാ— കഥമിവ?

വിദൂഷകഃ— ഏവ്വം രാഅകജ്ജാണി ഉജ്ഝിഅ ഏആരിസേ ആഉലപ്പദേസേ വണചരവൃത്തിണാ തുഏ ഹോദവ്യം? ജം സച്ചം, പച്ചഹം സാവദസമുച്ഛാരണേഹിം സംഖോഹിഅസംധിബന്ധാണം ഗത്താണം അണീസോഹ്മി സംവുത്തോ. താ പസാദഇസ്സം. വിസജ്ജേഹി മം ഏക്കാഹം വി ദാവ വിസ്സമിദും. [ഏവം രാജകാര്യാണ്യുജ്ഝിത്വാ ഏതാദൃശേ ആകുലപ്രദേശേ വനചരവൃത്തിനാ ത്വയാ ഭവിതവ്യം? യത്സത്യം, പ്രത്യഹം ശ്വാപദസമുത്സാരണൈഃ സംക്ഷോഭിതസന്ധിബന്ധാനാം ഗാത്രാണാമനീശോഽസ്മി സംവൃത്തഃ. തൽ പ്രസാദയിഷ്യാമി. വിസൃജ്യ മാമേകാഹമപി താവദ്വിശ്രമിതും]

(പുഞ്ചിരിക്കൊണ്ടിട്ടു്) ഇങ്ങനെയാണു് അങ്ങോട്ടാഗ്രഹമുള്ള ആൾ സ്വാഭിപ്രായത്തിനൊത്തവണ്ണം ഇഷ്ടജനത്തിന്റെ ചിത്തവൃത്തിയെ സങ്കല്പിച്ചു വിഡ്ഢിയാകുന്നതു്. എങ്ങനെയെന്നാൽ—

മറെറങ്ങോ കണ്ണയയ്ക്കുമ്പോഴും അവൾ കുളുർക്കെ നോക്കിയതും നിതംബത്തിന്റെ കനംകൊണ്ടു വിലാസത്താൽ എന്നു തോന്നുമാറു അവൾ മെല്ലെ നടന്നുപോയതും, പോകരുതു എന്നു പറഞ്ഞു തടഞ്ഞ സഖിയോടു് അവൾ കയത്തുപറഞ്ഞതും എല്ലാം എന്നെക്കരുതിയാണത്രേ. അമ്പോ! കാമി എല്ലാംതന്നെച്ചൊല്ലിയാണെന്നു കരുതുന്നു. 2

വിദൂഷകൻ— (അതേപടി നിന്നുകൊണ്ടു്) തോഴരേ! എനിക്കു കയ്യും കാലും അനക്കാൻ വയ്യ. അതിനാൽ നാവുകൊണ്ടുമാത്രം ഞാൻ ജയം ആശംസിക്കുന്നു. അങ്ങയ്ക്കു ജയം ഉണ്ടാകട്ടെ.

രാജാവു്— ദേഹത്തിനു് എങ്ങനെ തകരാറു പററി?

വിദൂഷകൻ— എങ്ങനെ പററിയെന്നു്! താൻതന്നെ കണ്ണു കലക്കിയിട്ടു കണ്ണീരിന്റെ കാരണം ചോദിക്കുന്നു.

രാജാവു്— എനിയ്ക്കു മനസ്സിലായില്ലല്ലോ.

വിദൂഷകൻ— തോഴരേ! ആററുവഞ്ചി കൂനൻനൃത്തം ചവിട്ടുന്നതു തൻമിടുക്കുകൊണ്ടോ, നീരൊഴുക്കുകൊണ്ടോ?

രാജാവു്— നീരൊഴുക്കാണു് അതിനു കാരണം.

വിദൂഷകൻ— എന്റേതിന്നു അവിടുന്നും.

രാജാവു്— അതെങ്ങിനെ?

വിദൂഷകൻ— അവിടേയ്ക്കു് ഈ മട്ടിൽ രാജകാര്യങ്ങളെല്ലാം വെടിഞ്ഞു് ഇതുപോലുള്ള കുഴപ്പം നിറഞ്ഞ പ്രദേശത്തു കാട്ടാളത്തൊഴിലുമായി നടക്കണോ? സത്യമായിട്ടും, എനിക്കു നിത്യവും കാട്ടുജന്തുക്കളെ ആട്ടിത്തെളിച്ചു സന്ധിബന്ധങ്ങളൊക്കെ അലുക്കുലുക്കായി മേലനക്കാൻ വയ്യാതായിരിക്കുന്നു. അതിനാൽ തിരുവുള്ളമുണ്ടാകണം. ഒരു ദിവസമെങ്കിലും എനിക്കു വിശ്രമിക്കാൻ വിടതരു.

രാജാ— (സ്വഗതം) അയം ചൈവമാഹ. മമാപി കാശ്യപസുതാമനുസ്മൃത്യ മൃഗയാവിക്ലബം ചേതഃ. കുതഃ—

ന നമയിതുമധിജ്യമസ്മി ശക്തോ
ധനുരിദമാഹിതസായകം മൃഗേഷു
സഹവസതിമുപേത്യ യൈഃ പ്രിയായാഃ
കൃത ഇവ മുഗ്ധവിലോകിതോപദേശഃ. 3

വിദൂഷകഃ— (രാജ്ഞോ മുഖം വിലോക്യ) അത്തഭവം കിം വി ഹിഅഏ കരിഅ മന്തേദി. അരണ്ണേ മഏ രുദിഅം ആസി. [അത്രഭവാൻ കിമപി ഹൃദയേ കൃത്വാ മന്ത്രയതേ. അരണ്യേ മയാ രുദിതമാസീൽ]

രാജാ— (സസ്മിതം) കിമന്യൽ? അനതിക്രമണീയം സുഹൃദ്വാക്യമിതി സ്ഥിതോഽസ്മി.

വിദൂഷകഃ— ചിരം ജീഅ. (ഇതി ഗന്തുമിച്ഛതി) [ചിരം ജീവ]

രാജാ— വയസ്യ! തിഷ്ഠ. സാവശേഷം മേ വചഃ.

വിദൂഷകഃ— ആണവേദു ഭവം. [ആജ്ഞാപയതു ഭവാൻ]

രാജാ— വിശ്രാന്തേന ഭവതാ മമാന്യസ്മിന്നനായാസേ കർമ്മണി സഹായേന ഭവിതവ്യം.

വിദൂഷകഃ— കിം മോദഅഖണ്ഡിആഅം? തേണ ഹി അഅം സുഗഹീദോ ഖണോ [കിം മോദകഖണ്ഡികായാം? തേന ഹ്യയം സുഗൃഹീതഃ ക്ഷണഃ]

രാജാ— യത്ര വക്ഷ്യാമി. കഃ കോഽത്ര ഭോഃ?

(പ്രവിശ്യ)

ദൌവാരികഃ— (പ്രണമ്യ) ആണവേദു ഭട്ടാ. [ആജ്ഞാപയതു ഭർത്താ]

രാജാ— രൈവതക! സേനാപതിസ്താവദാഹൂയതാം.

ദൌവാരികഃ— തഹ. (ഇതി നിഷ്ക്രമ്യ സേനാപതിനാ സഹ പ്രവിശ്യ) ഏസോ അണ്ണാവഅണുക്കണ്ഠോ ഭട്ടാ ഇദോ ദിണ്ണദിട്ഠീ ഏവ്വ ചിട്ഠദി. ഉവസപ്പദു അജ്ജോ. [തഥാ. ഏഷ ആജ്ഞാവചനോൽകണ്ഠോ ഭർത്താ ഇതോ ദത്തദൃഷ്ടിരേവ തിഷ്ഠതി. ഉപസർപ്പത്വാര്യ്യഃ]

സേനാപതിഃ— (രാജാനമവലോക്യ) ദൃഷ്ടദോഷാപി സ്വാമിനി മൃഗയാ കേവലം ഗുണ ഏവ സംവൃത്താ. തഥാ ഹി ദേവഃ—

അനവരതധനുർജ്ജ്യാസ്ഫാലനക്രൂരപൂർവ്വം
രവികിരണസഹിഷ്ണു സ്വേദലേശൈരഭിന്നം
അപചിതമപി ഗാത്രം വ്യായതത്വാദലക്ഷ്യം
ഗിരിചര ഇവ നാഗഃ പ്രാണസാരം ബിഭർത്തി. 4

(ഉപേത്യ) ജയതു ജയതു സ്വാമീ. ഗൃഹീതശ്വാപദമരണ്യം. കിമദ്യാപ്യവസ്ഥീയതേ?

രാജാവ്— (വിചാരം) ഇയാളോ ഇങ്ങനെ പറയുന്നു. എനിക്കും കാശ്യപപുത്രിയെ ഓൎത്തിട്ടു നായാട്ടിൽ മനസ്സിന്നു മടുപ്പുതോന്നുന്നു. എന്തെന്നാൽ—

ഞാണേറ്റി അമ്പുതൊടുത്ത ഈ വില്ലു മാനുകളുടെ നേർക്കു വലിക്കുവാൻ ഞാൻ ആളല്ലാതായിരിക്കുന്നു. കാരണം, അവയാണോ ഒരുമിച്ചു പാൎത്തു ഓമലാൾക്കു സുന്ദരമായ നോട്ടം പരിശീലിപ്പിച്ചതെന്നു തോന്നും. 3

വിദൂഷകൻ— (രാജാവിന്റെ മുഖത്തേക്കു നോക്കിയിട്ടു്) അവിടുന്നു എന്തോ ഉള്ളിൽക്കരുതി പിറുപിറുക്കുന്നു. എന്റേതു വനരോദനമായി.

രാജാവ്— (പുഞ്ചിരിയോടെ) മറ്റെന്താണു്? സുഹൃത്തിന്റെ വാക്കു തട്ടരുതല്ലോ എന്നു കരുതി നിന്നതാണു്.

വിദൂഷകൻ— നീണാൾ വാഴ്ക! (പോകാൻ ഭാവിക്കുന്നു)

രജാവ്— തോഴരേ! നില്ലു. പറഞ്ഞുതീർന്നില്ല.

വിദൂഷകൻ— അവിടുന്നു ആജ്ഞാപിച്ചാലും.

രാജാവ്— താങ്കളുടെ വിശ്രമിക്കൽ കഴിഞ്ഞാൽ പ്രയാസമില്ലാത്ത മറ്റൊരു കാര്യത്തിൽ എനിക്കു സഹായം ചെയ്യണം.

വിദൂഷകൻ— കൊഴുക്കട്ടെക്കഷണത്തിലോ? എന്നാൽ ഈ ക്ഷണം ഞാൻ സ്വീകരിച്ചു.

രാജാവ്— എന്തിലാണെന്നു പറയാം. ആരവിടെ?

(പ്രവേശിച്ചിട്ടു്)

ദ്വാരപാലകൻ— (വന്ദിച്ചു്) തമ്പുരാൻ ആജ്ഞാപിച്ചാലും.

രാജാവ്— രൈവതക! സേനാപതിയെ വിളിയ്ക്കു.

ദ്വാരപാലകൻ— അങ്ങനെത്തന്നെ. (പോയി സേനാപതിയോടുകൂടി പ്രവേശിച്ചു്) ഇതാ തമ്പുരാൻ എന്തോ കല്പിക്കാനായി ഇങ്ങോട്ടുതന്നെ തൃക്കൺപാൎത്തു നിൽക്കുന്നു. ആൎയ്യൻ അടുത്തേക്കു ചെന്നാലും.

സേനാപതി— (രാജാവിനെ നോക്കിയിട്ടു്) നായാട്ടിന്നു ദോഷം കണ്ടിട്ടുണ്ടെങ്കിലും സ്വാമിക്കു് അതു ഗുണമായിത്തീർന്നിരിക്കുന്നു. അതുകൊണ്ടു തന്നെയാണു് മഹാരാജാവു്—

തുടർച്ചയായി ഞാൺ തട്ടിത്തഴമ്പിച്ച മണികണ്ടത്തോടുകൂടിയതും വെയിലേൽക്കാൻ കരുത്തുറ്റതും വിയൎപ്പുപൊടിയാത്തതും മെലിഞ്ഞതാണെങ്കിലും വ്യായാമംകൊണ്ടങ്ങനെ തോന്നാത്തതും ആയ പ്രാണബലമുള്ള ശരീരത്തെ, കാട്ടിൽ നടക്കുന്ന കാട്ടാനയ്ക്കു തുല്യം വവഹിക്കുന്നതു്. 4

(അടുത്തു ചെന്നു്) തമ്പുരാൻ വിജയിച്ചാലും വിജയിച്ചാലും. കാടു വളഞ്ഞുകഴിഞ്ഞു. ഇനിയും അനങ്ങാതിരിക്കുന്നതെന്തു്?

രാജാ— മന്ദോത്സാഹഃ കൃതോഽസ്മി മൃഗയാപവാദിനാ മാഢവ്യേന.

സേനാപതിഃ— (ജനാന്തികം) സഖേ! സ്ഥിരപ്രതിബന്ധോ ഭവ. അഹം താവൽ സ്വാമിനശ്ചിത്തവൃത്തിമനുവർത്തിഷ്യേ. (പ്രകാശം) പ്രലപത്വേഷ വൈധേയഃ. നനു പ്രഭുരേവ നിദർശനം.

മേദശ്ഛേദകൃശോദരം ലഘു ഭവത്യുത്ഥാനയോഗ്യം വപുഃ
സത്ത്വാനാമപി ലക്ഷ്യതേ വികൃതിമച്ചിത്തം ഭയക്രോധയോഃ
ഉൽകർഷഃ സ ച ധന്വിനാം, യദിഷവഃ സിധ്യന്തി ലക്ഷ്യേ ചലേ
മിഥ്യൈവ വ്യസനം വദന്തി മൃഗയാ, മീദൃഗ്വിനോദഃ കുതഃ? 5

വിദൂഷകഃ— അത്തഭവം കഹംവി പകിദിം ആപണ്ണോ. തുവം ദാവ അഡവീദോ അഡവീം ആഹിണ്ഡന്തോ ണരണാസി ആലോലുവസ്സ ജിണ്ണരിച്ഛസ്സ കസ്സ വി മുഹേ പഡിസ്സസി [അത്ര ഭവാൻ കഥമപി പ്രകൃതിമാപന്നഃ. ത്വം താവദടവീതോഽടവീമാഹിണ്ഡമാനോ നരനാസികാലോലുപസ്യ ജീർണ്ണർക്ഷസ്യ കസ്യാപി മുഖേ പതിഷ്യസി]

രാജാ— ഭദ്രസേന! ആശ്രമസന്നികൃഷ്ടേ സ്ഥിതാഃ സ്മഃ. അതസ്തേ വചോ നാഭിനന്ദാമി. അദ്യ താവൽ—

ഗാഹന്താം മഹിഷാ നിപാനസലിലം ശൃംഗൈർമുഹുസ്താഡിതം
ഛായാബദ്ധകദംബകം മൃഗകുലം രോമന്ഥമഭ്യസ്യതു
വിസ്രബ്ധം ക്രിയതാം വരാഹതതിഭിർമുസ്താക്ഷതിഃ പല്വലേ
വിശ്രാമം ലഭതാമിദം ച ശിഥിലജ്യാബന്ധമസ്മദ്ധനുഃ. 6

സേനാപതിഃ— യൽപ്രഭവിഷ്ണവേ രോചതേ.

രാജാ— തേന ഹി, നിവർത്തയ പൂർവ്വഗതാൻ വനഗ്രാഹിണഃ, യഥാ ന മേ സൈനികാസ്തപോവനമുപരുന്ധന്തി, തഥാ നിഷേദ്ധവ്യാഃ. പശ്യ—

ശമപ്രധാനേഷു തപോധനേഷു
ഗൂഢം ഹി ദാഹാത്മകമസ്തി തേജഃ
സ്പർശാനുകൂലാ ഇവ സൂര്യ്യകാന്താ—
സ്തദന്യതേജോഽഭിഭവാദ്വമന്തി. 7

സേനാപതിഃ— യദാജ്ഞാപയതി സ്വാമീ.

വിദൂഷകഃ— ധംസദു ദേ ഉച്ഛാഹവുത്തന്തോ. [ധ്വംസതാം തേ ഉത്സാഹവൃത്താന്തഃ]

(നിഷ്ക്രാന്തഃ സേനാപതിഃ)

രാജാവ്— മാഢവ്യൻ നായാട്ടിനെപ്പററി കുററംപറഞ്ഞു് എൻെറ ഉത്സാഹം കെടുത്തികളഞ്ഞു.

സേനാപതി— (സ്വകാര്യമായി) ചങ്ങാതി! വിടാതെ തടയാൻ നോക്കു. ഞാൻ തമ്പുരാൻെറ തിരുവുള്ളത്തെ അനുസരിക്കാം. (വെളിവായി) ഈ വിഡ്ഢ്യാൻ എന്തോ പുലമ്പട്ടെ. ഇതിൽ മഹാരാജാവുതന്നെ നല്ല തെളിവാണല്ലോ.

മേദസ്സററു വയർ ചുരുങ്ങി ലാഘവംവന്നു ദേഹത്തിനു ആയം കൂട്ടും. ഭയത്തിലും ക്രോധത്തിലും ജന്തുക്കളുടെ മനസ്സു വികാരംകൊള്ളുന്നതു തിരിച്ചറിയാൻ കഴിയും. ഇളകുന്ന ലാക്കിൽ അമ്പേല്പിക്കുന്നതു വില്ലാളികൾക്കൊരു മേന്മയുമാണ്. നായാട്ടു വ്യസനമാണെന്നു പറയുന്നതു വെറുതെ. ഇത്തരം വിനോദം വേറെയെന്താണ്? 5

വിദൂഷകൻ— മഹാരാജാവ് എങ്ങനെയോ സാധാരണമട്ടായിട്ടുണ്ട്. താൻ പോയി കാടായ കാടു മുഴുവൻ തെണ്ടി മനുഷ്യൻെറ മൂക്കിനു കൊതിക്കുന്ന വല്ല മുത്തൻ കരടിയുടേയും വായിൽ ചെന്നു് ചാടിക്കോളൂ.

രാജാവ്— ഭദ്രസേന! നമ്മൾ ആശ്രമത്തിനടുത്താണിപ്പോൾ. അതിനാൽ ഞാൻ തങ്ങളുടെ വാക്കിനെ അഭിനന്ദിക്കുന്നില്ല. ഇന്നിനി—

കാട്ടുപോത്തുകൾ തെരുതെരെ കൊമ്പിട്ടടിച്ചുകൊണ്ടു കുഴിനീരുകളിൽ ഇറങ്ങിക്കിടന്നോട്ടെ, മാൻകൂട്ടം തണലിൽ നിരന്നുകിടന്നു അയവിറക്കി ശീലിച്ചോട്ടെ, പന്നിക്കൂട്ടങ്ങൾ ഇഷ്ടംപോലെ ചേർക്കുഴികളിൽ കിടന്നു മുത്തങ്ങ കുത്തിപ്പറിച്ചോട്ടെ. നമ്മുടെ ഈ വില്ലു ഞാൻ കെട്ടഴിച്ചിട്ടു വിശ്രമംകൊള്ളട്ടെ. 6

സേനാപതി— ഉടയതമ്പുരാൻെറ ഇഷ്ടംപോലെ.

രാജാവ്— എന്നാൽ കാടുവളയാൻ മുൻപെപ്പോയവരെ തിരിച്ചു വിളിച്ചേക്കു. നമ്മുടെ പടയാളികൾനിമിത്തം തപോവനത്തിന്നു് ഉപദ്രവം ഉണ്ടാകാത്തവിധം അവരെ തടയുകയും വേണം. നോക്കു—

ശമശീലന്മാരായ തപോധനന്മാരിൽ ദഹിപ്പിക്കത്തക്ക തേജസ്സു ഗൂഢമായിട്ടിരിപ്പുണ്ട്. തൊട്ടുനോക്കാവുന്ന സൂര്യ്യകാന്തങ്ങളെന്നപോലെ മററു തേജസ്സേററുമുട്ടിയാൽ അതവർ പുറത്തേക്കു പ്രകാശിപ്പിച്ചേക്കും. 7

സേനാപതി— തമ്പുരാൻ അരുളിച്ചെയ്യുംപോലെ.

വിദൂഷകൻ— തൻെറ ഉത്സാഹവൃത്താന്തം തുലയട്ടെ.

(സേനാപതി പോയി)

രാജാ— (പരിജനം വിലോക്യ) അപനയന്തു ഭവന്ത്യോ മൃഗയാവേഷം. രൈവതക! ത്വമപി സ്വം നിയോഗമശൂന്യം കുരു.

പരിജനഃ— ജം ദേവോ ആണവേദി. [യദ്ദേവ ആജ്ഞാപയതി]
(ഇതി നിഷ്ക്രാന്തഃ)

വിദൂഷകഃ— കിദം ഭവദാ ണിമ്മക്ഖിഅം. സമ്പദം എദസ്സിം പാദവച്ഛാആഎ അവിരളലദാവിദാണസണാഹേ സിലാഅലേ ണിസീദദു ഭവം. ജാവ അഹംവി സുഹാസീണോ ഹോമി. [കൃതം ഭവതാ നിർമ്മക്ഷികം. സാംപ്രതമേതസ്യാം പാദപച്ഛായായാം അവിരളലതാവിതാനസനാഥേ ശിലാതലേ നിഷീദതു ഭവാൻ. യാവദഹമപി സുഖാസീനോ ഭവാമി]

രാജാ— ഗച്ഛാഗ്രതഃ

വിദൂഷകഃ— ഏദു ഭവം. [ഏതു ഭവാൻ]

(ഇത്യുഭൗ പരിക്രമ്യോപവിഷ്ടൗ)

രാജാ— മാഢവ്യ! അനവാപ്തചക്ഷുഃഫലോഽസി, യേന ത്വയാ ദർശനീയം ന ദൃഷ്ടം.

വിദൂഷകഃ— ണം ഭവം അഗ്ഗദോ മേ വട്ടദി. [നനു ഭവാനഗ്രതോ മേ വർത്തതേ]

രാജാ— സർവ്വഃ ഖലു കാന്തമാത്മീയം പശ്യതി. അഹം തു താമാശ്രമലലാമഭൂതാം ശകുന്തളാമധികൃത്യ ബ്രവീമി.

വിദൂഷകഃ— (സ്വഗതം) ഹോദു. സേ അവസരം ണ ദാഇസ്സം. (പ്രകാശം) ഭോ വഅസ്സ! കിം തേ താവസകണ്ണആ അബ്ഭത്ഥണീആ ദീസദി? [ഭവതു, അസ്യാവസരം ന ദാസ്യേ. ഭോ വയസ്യ! കിം തേ താപസകന്യകാഭ്യർത്ഥനീയാ ദൃശ്യതേ?]

രാജാ— സഖേ! ന പരിഹാര്യേ വസ്തുനി പൗരവാണാം മനഃ പ്രവർത്തതേ.

സുരയുവതിസംഭവം കില മുനേരപത്യം തദുജ്ഝിതാധിഗതം
അർക്കസ്യോപരി ശിഥിലം ച്യുതമിവ നവമാലികാകുസുമം. 8

വിദൂഷകഃ— (വിഹസ്യ) ജഹ കസ്സ വി പിണ്ഡഖജ്ജൂരേഹിം ഉവ്വേജിദസ്സ തിന്തിണീഎ അഹിലാസോ ഭവേ, തഹ ഇത്ഥിആരഅണപരിഭാവിണോ ഭവദോ ഇഅം അബ്ഭത്ഥണാ. [യഥാ കസ്യാപി പിണ്ഡഖർജ്ജൂരൈരുദ്വേജിതസ്യ തിന്ത്രിണ്യാമഭിലാഷോ ഭവേൽ, തഥാ സ്ത്രീരത്നപരിഭാവിനോ ഭവത ഇയമഭ്യർത്ഥനാ]

രാജാ— ന താവദേനാം പശ്യസി, യേനൈവമവാദീഃ.

വിദൂഷകഃ— തം ക്ഖു രമണിജ്ജം, ജം ഭവദോ വി വിമ്ഹഅം ഉപ്പാദേദി. [തൽ ഖലു രമണീയം, യൽ ഭവതോഽപി വിസ്മയമുൽപാദയതി]

രാജാവ്— (പരിജനങ്ങളെ നോക്കി) നിങ്ങൾ നായാട്ടുവേഷം മാററിക്കൊൾവിൻ. രൈവതക! നീയുംപോയി നിൻെറ പണി നോക്കൂ.

പരിജനം— മഹാരാജാവിൻെറ കല്പനപോലെ. (പോയി)

വിദൂഷകൻ— അവിടുന്നു തേനീച്ചകളെ ആട്ടിയോടിച്ചു. ഇനി അവിടുന്ന് ഈ മരത്തണലത്തു ഇടതൂർന്ന വള്ളിപ്പടർപ്പുകളോടുകൂടിയ ശിലാതലത്തിൽ ചെന്നിരുന്നാലും. എന്നിട്ടുവേണം എനിക്കും അല്പം സ്വസ്ഥമായിരിക്കാൻ.

രാജാവ്— മുമ്പേ നടക്കൂ.

വിദൂഷകൻ— അങ്ങു പോരൂ.

(രണ്ടുപേരും ചുററിനടന്ന് ഇരിക്കുന്നു)

രാജാവ്— മാഢവ്യ! തനിയ്ക്കു കണ്ണിൻെറ ഫലം കിട്ടിയില്ല, താൻ കാണേണ്ടതു കണ്ടില്ല.

വിദൂഷകൻ— അവിടുന്ന് എൻെറ മുമ്പിലുണ്ടല്ലോ.

രാജാവ്— സ്വന്തക്കാരെ എല്ലാവരും ചന്തമുള്ളവരായിക്കാണും. ഞാൻ പറയുന്നതു് ആശ്രമത്തിന്നു തൊടുകുറിയായ ആ ശകുന്തളയെക്കുറിച്ചാണ്.

വിദൂഷകൻ— (വിചാരം) ആവട്ടെ! ഇതിനു ഞാൻ തക്കം കൊടുക്കില്ല. (വെളിവായി) തോഴരേ! ഇപ്പോൾ അങ്ങയ്ക്കു താപസകന്യകയിൽ ആഗ്രഹം തോന്നിത്തുടങ്ങിയോ?

രാജാവ്— തോഴരേ! അരുതാത്ത വസ്തുവിൽ പൌരവന്മാരുടെ മനസ്സു ചെന്നുചേരില്ല.

പിച്ചകപ്പൂവു കൊഴിഞ്ഞുവീണ് എരുക്കിന്മേൽ തങ്ങിനില്ക്കുന്നതുപോലെ ആ മുനിപുത്രി ഒരപ്സരസ്ത്രീയിൽ ജനിച്ച് അവളുപേക്ഷിച്ചിട്ടു കിട്ടിയതാണത്രേ. 8

വിദൂഷകൻ— (പൊട്ടിച്ചിരിച്ച്) ഈത്തപ്പഴം തിന്നു ചെടിച്ചവന്നു പുളിങ്ങ തിന്നാൽക്കൊള്ളാമെന്നു തോന്നാറുണ്ട്. അതുപോലെയാണ് പെണ്മണികളിൽ മടുപ്പുവന്നിരിക്കുന്ന അങ്ങയ്ക്കു് ഇപ്പോഴീ കൊതി.

രാജാവ്— താങ്കൾ അവളെക്കണ്ടില്ലല്ലോ, അതാണിങ്ങനെ പറയുന്നതു്.

വിദൂഷകൻ— അങ്ങയ്ക്കും അത്ഭുതമുണ്ടാക്കുന്നതേതോ അതു രമണീയം തന്നെയാവണം.

രാജാ— വയസ്യ! കിം ബഹുനാ?

ചിത്രേ നിവേശ്യ പരികല്പിതസത്ത്വയോഗാ
രൂപോച്ചയേന മനസാ വിധിനാ കൃതാ നു?
സ്ത്രീരത്നസൃഷ്ടിരപരാ പ്രതിഭാതി സാ മേ
ധാതുർവിഭുത്വമനുചിന്ത്യ വപുശ്ച തസ്യാഃ. 9

വിദൂഷകഃ— ജഇ എവ്വം പച്ചാദേസോ ദാണിം രൂപവദീണാം. [യദ്യേവം പ്രത്യാദേശ ഇദാനീം രൂപവതീനാം]

രാജാ— ഇദം ച മേ മനസി വർത്തതേ—

അനാഘ്രാതം പുഷ്പം, കിസലയമലൂനം കരരുഹൈ—
രനാവിദ്ധം രത്നം, മധു നവമനാസ്വാദിതരസം
അഖണ്ഡം പുണ്യാനാം ഫലമിവ ച തദ്രൂപമനഘം
ന ജാനേ ഭോക്താരം കമിഹ സമുപസ്ഥാസ്യതി വിധിഃ. 10

വിദൂഷകഃ— തേണ ഹി ലഹു പരിത്താഅദു ണം ഭവം. മാ കസ്സ വി തവസ്സിണോ ഇംഗുദീതേല്ലമിസ്സചിക്കണസീസസ്സ ആരണ്ണഅസ്സ ഹത്ഥേ ണിപഡേദു. [തേന ഹി, ലഘു പരിത്രായതാമേനാം ഭവാൻ. മാ കസ്യാപി തപസ്വിന ഇംഗുദീതൈലമിശ്രചിക്കണശീർഷസ്യ ഹസ്തേ നിപതതു]

രാജാ— പരവതീ ഖലു തത്രഭവതീ. ന ച സന്നിഹിതോഽത്ര ഗുരുജനഃ.

വിദൂഷകഃ— അത്തഭവന്തം അന്തരേണ കീദിസോ സേ ദിട്ഠിരാഓ? [അത്രഭവന്തമന്തരേണ കീദൃശസ്തസ്യാ ദൃഷ്ടിരാഗഃ?]

രാജാ— വയസ്യ! നിസർഗ്ഗാദേവാപ്രഗല്ഭസ്തപസ്വികന്യാജനഃ. തഥാപി തു—

അഭിമുഖേ മയി സംഹൃതമീക്ഷിതം ഹസിതമന്യനിമിത്തകൃതോദയം
വിനയവാരിതവൃത്തിരതസ്തയാ ന വിവൃതോ മദനോ ന ച സംവൃതഃ. 11

വിദൂഷകഃ— (വിഹസ്യ) കിണ്ണു ക്ഖു ദിട്ഠമേത്തസ്സ തുഹ അങ്കം സമാരോഹദി? [കിം ന ഖലു ദൃഷ്ടമാത്രസ്യ തവാങ്കം സമാരോഹതി?]

രാജാ— മിഥഃ പ്രസ്ഥാനേ പുനഃ ശാലീനതയാഽപി കാമമാവിഷ്കൃതോ ഭാവസ്തത്രഭവത്യാ. തഥാ ഹി—

ദർഭാങ്കുരേണ ചരണഃ ക്ഷത ഇത്യകാണ്ഡേ
തന്വീ സ്ഥിതാ കതിചിദേവ പദാനി ഗത്വാ
ആസീദ്വിവൃത്തവദനാ ച വിമോചയന്തീ
ശാഖാസു വല്ക്കലമസക്തമപി ദ്രുമാണാം. 12

വിദൂഷകഃ— തേണ ഹി, ഗഹീദപാഹേഓ ഹോഹി. കിദം തുഏ ഉവവണം തവോവണം ത്തി പേക്ഖാമി. [തേന ഹി, ഗൃഹീതപാഥേയോ ഭവ. കൃതം ത്വയോപവനം തപോവനമിതി പശ്യാമി]

രാജാവ്— തോഴരേ! എന്തിനേറെ?

സൃഷ്ടികർത്താവ് അവളെ ചിത്രത്തിലെഴുതിവെച്ച് ഉയിർ ചേർത്തതോ? വടിവുകളൊട്ടാകെ ചേർത്തുവെച്ചു മനസ്സുകൊണ്ടു ചമച്ചതോ? സ്രഷ്ടാവിന്റെ വൈഭവവും അവളുടെ ഉടലും കൂട്ടിച്ചേർത്താലോചിക്കുമ്പോൾ ആ സ്ത്രീരത്നസൃഷ്ടി ഒന്നു വേറെത്തന്നെയാണെന്ന് എനിക്കു തോന്നിപ്പോകുന്നു. 9

വിദൂഷകൻ— അങ്ങിനെയാണെങ്കിൽ ഇപ്പോൾ അവൾ മററു സുന്ദരിമാരെയെല്ലാം പിൻതള്ളുന്നവളാണല്ലോ.

രാജാവ്— ഇതുകൂടി എന്റെ മനസ്സിലുണ്ട്—

അവളുടെ കേടററ ഉടൽ, മുകർന്നുനോക്കിയിട്ടില്ലാത്ത പൂപോലെയും, നുള്ളിയെടുത്തിട്ടില്ലാത്ത തളിർപോലെയും, അണിഞ്ഞിട്ടില്ലാത്ത രത്നംപോലെയും, നുകർന്നുനോക്കിയിട്ടില്ലാത്ത പുതുതേൻപോലെയും, ഉടവൊട്ടും തട്ടാത്ത പുണ്യസഞ്ചയഫലംപോലെയുമുള്ളതാണ്. ഇതനുഭവിപ്പാൻ ആരെയാണ് വിധി അടുത്തെത്തിക്കുക എന്ന് എനിയ്ക്കു യാതൊരു പിടിയുമില്ല. 10

വിദൂഷകൻ— എന്നാൽ ഉടനെ അവിടന്ന് അവളെ രക്ഷപ്പെടുത്തണം. ഓടലെണ്ണ തേച്ച് ഒട്ടിപ്പിടിച്ച തലമുടിയുള്ള വല്ല വനവാസിയായ തപസ്വിയുടെയും കയ്യിൽച്ചെന്നുപെട്ടുകൂടാ.

രാജാവ്— അവൾ അസ്വതന്ത്രയാണല്ലോ. ഗുരുജനം ഇപ്പോഴിവിടെയില്ലതാനും.

വിദൂഷകൻ— അങ്ങയുടെ നേർക്കുള്ള അവളുടെ നോട്ടത്തിലെ ഭാവമെങ്ങനെ?

രാജാവ്— തോഴരേ! സ്വാഭാവികമായി സാമർത്ഥ്യമില്ലാത്തവരാണല്ലോ തപസ്വിപ്പെൺകിടാങ്ങൾ. എന്നാലും—

ഞാൻ നേരെ മുഖത്തേക്കു നോക്കിയപ്പോൾ നോട്ടം തിരിച്ച്, മററു കാരണംകൊണ്ടെന്നമട്ടിൽ ചിരിച്ചു. ഈ മട്ടിൽ വിനയം തടയുകയാൽ അവൾ കാമത്തെ തുറന്നുകാട്ടിയതുമില്ല എന്നാൽ മൂടിവെച്ചതുമില്ല. 11

വിദൂഷകൻ— (പുഞ്ചിരിയിട്ട്) കണ്ടപാടെ അവൾ അങ്ങയുടെ മടിത്തട്ടിൽ കയറിയിരിക്കുമോ?

രാജാവ്— തമ്മിൽ പിരിയുമ്പോഴാകട്ടെ ലജ്ജാവതിയാണെങ്കിലും അവൾ ഭാവം നന്നായി വെളിപ്പെടുത്തുകയുണ്ടായി. എങ്ങിനെയെന്നാൽ—

ഏതാനും അടി നടന്നപ്പോഴേക്കു കാലിൽ ദർഭമുന തറച്ചു എന്ന മട്ടിൽ ഓമലാൾ പെട്ടെന്നു നിന്നു. മരക്കൊമ്പുകളിൽ ഉടക്കിയിട്ടുണ്ടായിരുന്നില്ലെങ്കിലും മരവുരി വിടർത്തുന്ന മട്ടിൽ മുഖം തിരിക്കുകയുമുണ്ടായി. 12

വിദൂഷകൻ— ഇങ്ങനെയാണെങ്കിൽ അങ്ങയ്ക്കിനി പൊതിച്ചോറുമായി പുറപ്പെടാം. അവിടുന്ന തപോവനത്തെ ഉപവനമാക്കിയതായി ഞാൻ കരുതുന്നു.

രാജാ— സഖേ! തപസ്വിഭിഃ കൈശ്ചിൽ പരിജ്ഞാതോഽസ്മി.
ചിന്തയ താവൽ, കേനാപദേശേന സകൃദപ്യാശ്രമേ വസാമഃ.

വിദൂഷകഃ— കോ അവരോ അവദേശോ? ണം തുമം രാആ, ണീവാരച്ഛട്ഠഭാഅം അമ്ഹാണം ഉവഹരന്തു ത്തി. [കോഽപരോഽപദേശഃ? നനു ത്വം രാജാ, നീവാരഷഷ്ഠഭാഗമസ്മാകമുപഹരന്ത്വിതി]

രാജാ— മൂർഖ, അന്യൽഭാഗധേയമേതേഷാം രക്ഷണേ നിപതതി, യദ്രത്നരാശീനപി വിഹായാഭിനന്ദ്യം. പശ്യ—

യദുത്തിഷ്ഠതി വർണ്ണേഭ്യോ നൃപാണാം ക്ഷയി തൽ ഫലം
തപഃഷഡ്ഭാഗമക്ഷയ്യം ദദത്യാരണ്യകാ ഹി നഃ. 13

(നേപഥ്യേ)

ഹന്ത! സിദ്ധാർത്ഥൗ സ്വഃ.

രാജാ— (കർണ്ണം ദത്വാ) അയേ! ധീരപ്രശാന്തഃ സ്വരഃ. തപസ്വിഭിർഭവിതവ്യം.

(പ്രവിശ്യ)

ദൗവാരികഃ— ജേദു ജേദു ഭട്ടാ. ഏദേ ദുവേ ഇസികുമാരആ പഡിഹാരഭൂമിം ഉവട്ഠിദാ. [ജയതു ജയതു ഭർത്താ. ഏതൗ ദ്വൗ ഋഷികുമാരൗ പ്രതിഹാരഭൂമിമുപസ്ഥിതൗ]

രാജാ— തേന ഹ്യവിളംബിതം പ്രവേശയ തൗ.

ദൗവാരികഃ— ഏസോ പവേസേമി. (ഇതി നിഷ്ക്രമ്യ ഋഷികുമാരാഭ്യാം സഹ പ്രവിശ്യ) ഇദോ ഇദോ ഭവന്തോ. [ഏഷ പ്രവേശയാമി. ഇത ഇതോ ഭവന്തൗ]

(ഉഭൗ രാജാനം വിലോകയതഃ)

പ്രഥമഃ— അഹോ! ദീപ്തിമതോഽപി വിശ്വസനീയതാസ്യ വപുഷഃ. അഥവോപപന്നമേതദൃഷിഭ്യോ നാതിഭിന്നേ രാജനി. കുതഃ—

അധ്യാക്രാന്താ വസതിരമുനാപ്യാശ്രമേ സർവ്വഭോഗ്യേ
രക്ഷായോഗാദയമപി തപഃ പ്രത്യഹം സഞ്ചിനോതി
അസ്യാപി ദ്യാം സ്പൃശതി വശിനശ്ചാരണദ്വന്ദ്വഗീതഃ
പുണ്യഃ ശബ്ദോ മുനിരിതി മുഹുഃ കേവലം രാജപൂർവ്വഃ. 14

ദ്വിതീയഃ— ഗൗതമ! അയം സ ബലഭിത്സഖോ ദുഷ്യന്തഃ?

പ്രഥമഃ— അഥ കിം.

ദ്വിതീയഃ— തേന ഹി—

നൈതച്ചിത്രം, യദയമുദധിശ്യാമസീമാം ധരിത്രീ—
മേകഃ കൃത്സ്നാം നഗരപരിഘപ്രാംശുബാഹുർഭുനക്തി
ആശംസന്തേ സമിതിഷു സുരാ ബദ്ധവൈരാ ഹി ദൈത്യൈ—
രസ്യാധിജ്യേ ധനുഷി വിജയം, പൗരുഹൂതേ ച വജ്രേ. 15

രാജാവു്— തോഴരേ! തപസ്വിമാരിൽ ചിലർ എന്നെ മനസ്സിലാക്കിയിരിക്കുന്നു. ഇനി എന്തു സൂത്രം പറഞ്ഞാണു് ഒരിക്കൽക്കൂടി ആശ്രമത്തിൽ ചെന്നു കൂടുക എന്നൊന്നു് ആലോചിക്കൂ.

വിദൂഷകൻ— വേറെ എന്തു സൂത്രമാണു്? അങ്ങു രാജാവാണല്ലോ. വരിനെല്ലിന്റെ ആറിലൊന്നു നമുക്കു കൊണ്ടുവന്നുതരണമെന്നതുതന്നെ.

രാജാവു്— വിഡ്ഢ്യാനേ! ഇവരെ രക്ഷിക്കുന്നതിനു വേറൊരു നികുതി കിട്ടുന്നുണ്ടു്. അതു രത്നക്കൂമ്പാരങ്ങളെപ്പോലും തള്ളിക്കളഞ്ഞു മാനിക്കേണ്ടതാണു്. നോക്കൂ—

രാജാക്കന്മാർക്കു മററു വർണ്ണങ്ങളിൽ (ജാതിക്കാരിൽ) നിന്നു കിട്ടുന്ന ധനമെല്ലാം ചെലവായിപ്പോകും. തപോവനവാസികളാകട്ടെ ചെലവാക്കാനാവാത്ത അവരുടെ തപസ്സിന്റെ ആറിലൊരുഭാഗം നമുക്കു തരുന്നുണ്ടു്. 13

(അണിയറയിൽ)

ഹാവൂ! നമ്മുടെ കാര്യം സാധിച്ചു.

രാജാവു്— (ചെവിയോർത്തു) ഏയ്! ധീരപ്രശാന്തമായ ശബ്ദം, തപസ്വിമാരായിരിക്കണം.

(പ്രവേശിച്ചു്)

ദ്വാരപാലകൻ— തമ്പുരാൻ വിജയിച്ചാലും. ഇതാ! രണ്ടു ഋഷികുമാരന്മാർ പടിക്കൽ വന്നുനിൽക്കുന്നു.

രാജാവു്— എന്നാൽ വൈകിക്കാതെ അവരെ കൂട്ടിക്കൊണ്ടുവരുക.

ദ്വാരപാലകൻ— ഇതാ കൊണ്ടുവരാം. (പോയി രണ്ടു ഋഷികുമാരന്മാരോടുകൂടി പ്രവേശിച്ചു്) ഭവാന്മാർ ഇതിലെ, ഇതിലെ.

(ഇരുവരും രാജാവിനെ നോക്കിക്കാണുന്നു)

ഒന്നാമൻ— അമ്പോ! ജ്വലിക്കുന്നുണ്ടെങ്കിലും ഈ ആകൃതി എന്തൊരിണക്കം തോന്നിക്കുന്നു! അല്ലെങ്കിൽ ഋഷിമാരിൽനിന്നു് ഏറെ വ്യത്യാസമില്ലാത്ത ഈ രാജാവിൽ ഇതു് ഉചിതംതന്നെ. എന്തെന്നാൽ—

ഇദ്ദേഹവും സർവ്വഭോഗ്യമായ (എല്ലാവർക്കും ഉപകാരപ്രദമായ) ആശ്രമത്തിലാണു് വാഴുകൊണ്ടിരിക്കുന്നതു്. പ്രജാപരിപാലനത്താൽ ഇദ്ദേഹവും നാൾതോറും തപസ്സു സമ്പാദിക്കുന്നു. ജിതേന്ദ്രിയനായ ഇദ്ദേഹത്തെ സംബന്ധിച്ചു മുമ്പിലൊരു രാജശബ്ദത്തോടുകൂടിയ ഋഷി എന്ന പുണ്യനാമം ചാരണദമ്പതിമാർ പാടി പലപ്പോഴും സ്വർഗ്ഗത്തിലെത്തുന്നുണ്ടു്. 14

രണ്ടാമൻ— ഗൌതമ! ഇദ്ദേഹമാണോ ഇന്ദ്രസഖനായ ആ ദുഷ്യന്തൻ?

ഒന്നാമൻ— അതെ.

രണ്ടാമൻ— എന്നാൽ—

കോട്ടവാതിൽത്തഴുതൊത്ത കൈകളുള്ള ഇദ്ദേഹം ഒററയ്ക്കു കടലാകുന്ന കറുത്ത അതിരോടുകൂടിയ ഭൂമി മുഴുവനും ഭരിക്കുന്നതു് അത്ഭുതമല്ല. യുദ്ധങ്ങളിൽ അസുരന്മാരോടു വൈരം പുലർത്തുന്ന ദേവന്മാർ ഇദ്ദേഹത്തിന്റെ കലയേററിയ വില്ലിലും ഇന്ദ്രന്റെ വജ്രത്തിലുമാണു് വിജയമാശിക്കാറുള്ളതു്. 15

ഉഭൌ— (ഉപഗമ്യ) വിജയസ്വ രാജൻ!

രാജാ— (ആസനാദുത്ഥായ) അഭിവാദയേ ഭവന്തൌ.

ഉഭൌ— സ്വസ്തി ഭവതേ. (ഇതി ഫലാന്യുപഹരതഃ)

രാജാ— (സപ്രണാമം പരിഗൃഹ്യ) ആജ്ഞാപയിതുമിച്ഛാമി.

ഉഭൌ— വിദിതോ ഭവാനാശ്രമസദാമിഹസ്ഥഃ. തേന ഭവന്തം പ്രാർത്ഥയന്തേ—

രാജാ— കിമാജ്ഞാപയന്തി?

ഉഭൌ— 'തത്രഭവതഃ കണ്വസ്യ മഹർഷേരസാന്നിധ്യാദ്രക്ഷാംസി ന ഇഷ്ടിവിഘ്നമുൽപാദയന്തി. തൽ കതിപയരാത്രം സാരഥിദ്വിതീയേന ഭവതാ സനാഥീക്രിയതാമാശ്രമ' ഇതി.

രാജാ— അനുഗൃഹിതോഽസ്മി.

വിദൂഷകഃ— (അപവാര്യ) ഏസാ ദാണിം അണുഊലാ തേ അബ്ഭത്ഥണാ. [ഏഷേദാനീമനുകൂലാ തേഽഭ്യർത്ഥനാ]

രാജാ— (സ്മിതം കൃത്വാ) രൈവതക! മദ്വചനാദുച്യതാം സാരഥിഃ—'സബാണാസനം രഥമുപസ്ഥാപയ' ഇതി.

ദൌവാരികഃ— ജം ദേവോ ആണവേദി. (ഇതി നിഷ്ക്രാന്തഃ) [യദ്ദേവ ആജ്ഞാപയതി]

ഉഭൌ— (സഹർഷം)

അനുകാരിണി പൂർവ്വേഷാം യുക്തരൂപമിദം ത്വയി
ആപന്നാഭയസത്രേഷു ദീക്ഷിതാഃ ഖലു പൌരവാഃ. 16

രാജാ— (സപ്രണാമം) ഗച്ഛതാം പുരോ ഭവന്തൌ. അഹമപ്യനുപദമാഗത ഏവ.

ഉഭൌ— വിജയസ്വ. (ഇതി നിഷ്ക്രാന്തൌ)

രാജാ— മാഢവ്യ! അപ്യസ്തി ശകുന്തളാദർശനേ കുതുഹലം?

വിദൂഷകഃ— പഢമം സപരിവാഹം ആസി. ദാണിം രക്ഖസവുത്തന്തേണ ബിന്ദു വി ണാവസേസിദോ. [പ്രഥമം സപരിവാഹമാസീൽ. ഇദാനീം രാക്ഷസവൃത്താന്തേന ബിന്ദുരപി നാവശേഷിതഃ]

രാജാ— മാ ഭൈഷീഃ. നനു മത്സമീപേ വർത്തിഷ്യസേ.

വിദൂഷകഃ— ഏസ രക്ഖസാദോ രക്ഖിദോമ്ഹി. [ഏഷ രാക്ഷസാദ്രക്ഷിതോഽസ്മി]

ഇരുവരും— (അടുത്തുചെന്നു്) രാജാവേ! വിജയിച്ചാലും.

രാജാവു്— (ഇരിപ്പിൽനിന്നെഴുന്നേററു്) ഭവാന്മാർ രണ്ടുപേരെയും ഞാൻ അഭിവാദ്യം ചെയ്യുന്നു.

ഇരുവരും— ഭവാനു മംഗളം. (പഴങ്ങൾ കാഴ്ചവെക്കുന്നു)

രാജാവു്— (വണങ്ങി സ്വീകരിച്ചു്) ആജ്ഞയെന്താണെന്നറിയാൻ ഞാനാഗ്രഹിക്കുന്നു.

ഇരുവരും— അങ്ങിവിടെയുള്ളതു ആശ്രമവാസികൾക്കു മനസ്സിലായി. അതുകൊണ്ടങ്ങയോടപേക്ഷിക്കുന്നു—

രാജാവു്— എന്താണാജ്ഞാപിക്കുന്നതു്.

ഇരുവരും— 'കുലപതി കണ്വമഹർഷി ഇവിടെയില്ലാത്തതിനാൽ രാക്ഷസന്മാർ ഞങ്ങളുടെ യജ്ഞത്തിനു മുടക്കം വരുത്തുന്നു. അതിനാൽ അങ്ങു സാരഥിയുമായി വന്നു കുറച്ചുനാൾ ആശ്രമത്തെ കാത്തുരക്ഷിച്ചാൽ കൊള്ളാം' എന്നു്.

രാജാവു്— ഇതു എനിക്കനുഗ്രഹമാണു്.

വിദൂഷകൻ— (സ്വകാര്യം) ഇതിപ്പോൾ അങ്ങയ്ക്കു നല്ല തഞ്ചത്തിലുള്ള അപേക്ഷയായി.

രാജാവു്— (പുഞ്ചിരിയോടെ) രൈവതക! ഞാൻ പറഞ്ഞതായി സാരഥിയോടുചെന്നു പറയൂ— 'വില്ലുമമ്പുമൊരുക്കി തേർ കൊണ്ടുവരുക' എന്നു്.

ദ്വാരപാലകൻ— തമ്പുരാന്റെ ആജ്ഞപോലെ. (പോയി)

ഇരുവരും— (സന്തോഷത്തോടുകൂടി)

പൂർവ്വികരെ അനുകരിക്കുന്ന അങ്ങക്കു് ഇതു യുക്തംതന്നെ. പുരുവംശക്കാർ ആപത്തിൽപ്പെട്ടവരെ രക്ഷിക്കുക എന്ന യജ്ഞത്തിനു ദീക്ഷയെടുത്തവരാണല്ലോ.

16

രാജാവു്— (പ്രണാമത്തോടുകൂടി) നിങ്ങൾക്കു മുമ്പേ നടക്കാം. ഞാനും ഇതാ പിന്നാലെ എത്തുകയായി.

ഇരുവരും— അങ്ങയ്ക്കു വിജയം ഭവിക്കട്ടെ. (പോയി)

രാജാവു്— മാഢവ്യ! എന്താ ശകുന്തളയെ കാണാൻ താൽപര്യം തോന്നുന്നുണ്ടോ?

വിദൂഷകൻ— ആദ്യം പാഞ്ഞൊഴുകിയിരുന്നു. ഇപ്പോൾ രാക്ഷസവൃത്താന്തംകൊണ്ടു് ഒരിററുപോലും ബാക്കിയില്ലാതായി.

രാജാവു്— പേടിക്കേണ്ട. അങ്ങു് എന്റെ അടുത്തല്ലേ ഉണ്ടാവുക?

വിദൂഷകൻ— എന്നാൽ ഞാൻ രാക്ഷസന്മാരിൽനിന്നു രക്ഷപ്പെട്ടു.

(പ്രവിശ്യ)

ദൌവാരികഃ— സജ്ജോ രധോ ഭട്ടിണോ വിജഅപ്പത്ഥാണം അവേക്ഖദി. ഏസ ഉണ ണഅരാദോ ദേവീണം ആണത്തിഹരഓ കരഭഓ ആഅദോ. [സജ്ജോ രഥോ ഭർത്തുർവ്വിജയപ്രസ്ഥാനമപേക്ഷതേ. ഏഷ പുനർനഗരാദ്ദേവീനാമാജ്ഞപ്തിഹരഃ കരഭക ആഗതഃ]

രാജാ— [സാദരം] കിമംബാഭിഃ പ്രേഷിതഃ?

ദൌവാരികഃ— അഹ ഇം. [അഥ കിം]

രാജാ— നനു പ്രവേശ്യതാം.

ദൌവാരികഃ— തഹ. (ഇതി നിഷ്ക്രമ്യ കരഭകേണ സഹ പ്രവിശ്യ) ഏസോ ഭട്ടാ. ഉവസപ്പ. [തഥാ. ഏഷ ഭർത്താ. ഉപസർപ്പ]

കരഭകഃ— ജേദു ഭട്ടാ. ദേവീ ആണവേദി—'ആആമിണി ചഉത്ഥദിഅഹേ പഉത്തപാരണോ മേ ഉപവാസോ ഭവിസ്സദി. തഹിം ദീഹാഉണാ അവസ്സം സംഭാവിദവ്വാ' ത്തി. [ജയതു ഭർത്താ. ദേവ്യാജ്ഞാപയതി—'ആഗാമിനി ചതുർത്ഥദിവസേ പ്രവൃത്തപാരണോ മേ ഉപവാസോ ഭവിഷ്യതി. തത്ര ദീർഘായുഷാഽവശ്യം സംഭാവയിതവ്യാ 'ഇതി]

രാജാ— ഇതസ്തപസ്വികാര്യം, ഇതോ ഗുരുജനാജ്ഞാ. ദ്വയമപ്യനതിക്രമണീയം. കിമത്ര പ്രതിവിധേയം?

വിദൂഷകഃ— തിസങ്കു വിഅ അന്തരാളേ ചിട്ഠ. [ത്രിശങ്കുരിവാന്തരാളേ തിഷ്ഠ]

രാജാ— സത്യമാകുലിഭൂതോഽസ്മി.

കൃത്യയോർഭിന്നദേശത്വാൽ ദ്വൈധീഭവതി മേ മനഃ
പുരഃ പ്രതിഹതം ശൈലേ സ്രോതഃ സ്രോതോവഹോ യഥാ. 17

(വിചിന്ത്യ) സഖേ ത്വമംബയാ പുത്ര ഇതി പ്രതിഗൃഹീതഃ. അതോ ഭവാനിതഃ പ്രതിനിവൃത്യ തപസ്വികാര്യവ്യഗ്രമാനസം മാമാവേദ്യ തത്രഭവതീനാം പുത്രകൃത്യമനുഷ്ഠാതുമർഹതി.

വിദൂഷകഃ— ണ ക്ഖു മം രക്ഖോഭീരുഅം ഗണേസി? [ന ഖലു മാം രാക്ഷോഭീരുകം ഗണയസി?]

രാജാ— (സസ്മിതം) കഥമേതൽ ഭവതി സംഭാവ്യതേ?

വിദൂഷകഃ— ജഹ രാആണുഏണ ഗന്തവ്വം, തഹ ഗച്ഛാമി. [യഥാ രാജാനുജേന ഗന്തവ്യം, തഥാ ഗച്ഛാമി]

രാജാ— നനു തപോവനോപരോധഃ പരിഹരണീയ ഇതി സർവ്വാനാനുയാത്രികാംസ്ത്വയൈവ സഹ പ്രസ്ഥാപയാമി.

വിദൂഷകഃ— (സഗർവ്വം) തേണ ഹി ജുവരാഓ മ്ഹി ദാണിം സംവുത്തോ. [തേന ഹി യുവരാജോഽസ്മീദാനീം സംവൃത്തഃ]

(പ്രവേശിച്ച്)

ദ്വാരപാലകൻ— പള്ളിത്തേരു ഒരുങ്ങി തിരുമനസ്സിലെ എഴുന്നള്ളത്തും കാത്തുനിൽക്കുന്നു. നഗരത്തിൽ നിന്നിതാ കരഭകൻ വലിയ തമ്പുരാട്ടിമാരുടെ കല്പനയുമായി വന്നുചേർന്നിരിക്കുന്നു.

രാജാവ്— (ആദരത്തോടുകൂടി) അമ്മ പറഞ്ഞയച്ചിട്ടോ?

ദ്വാരപാലകൻ— അതെ.

രാജാവ്— പോയി കൂട്ടിക്കൊണ്ടുവരൂ.

ദ്വാരപാലകൻ— അങ്ങനെതന്നെ. (പോയി കരഭകനൊന്നിച്ചു പ്രവേശിച്ച്) ഇതാ തമ്പുരാൻ. അടുത്തേക്കു ചെല്ലാം.

കരഭകൻ— വിജയിച്ചാലും. വലിയ തമ്പുരാട്ടി അരുളിച്ചെയ്യുന്നു—'നാലാംനാൾ എൻെറ ഉപവാസം കാലംകൂടുകയാണ്. അന്നുച്ചയ്ക്കു് ഉണ്ണി തീർച്ചയായും വന്നെത്തണം.' എന്ന്.

രാജാവ്— ഒരു ഭാഗത്തു തപസ്വിമാരുടെ കാര്യം, മറുഭാഗത്തു ഗുരുജനങ്ങളുടെ കല്പന. രണ്ടും തെററിക്കാൻ വയ്യ. ഇതിനെന്താണ് പ്രതിവിധി?

വിദൂഷകൻ— ത്രിശങ്കുവിനെപ്പോലെ നടുക്കു നിന്നേക്കുക.

രാജാവ്— സത്യമായും ഞാൻ കുഴപ്പത്തിൽപ്പെട്ടിരിക്കുന്നു.

രണ്ടു കാര്യമുള്ളതു രണ്ടും രണ്ടിടത്താകയാൽ മുൻപിലുള്ള കുന്നിൽത്തടഞ്ഞ നദീപ്രവാഹമെന്നപോലെ എൻെറ മനസ്സു രണ്ടുഭാഗത്തേക്കും തിരിയുന്നു. 17

(ആലോചിച്ച്) തോഴരേ! അമ്മ താങ്കളെ പുത്രനായെടുത്ത നിലയാണല്ലോ. അതിനാൽ താങ്കൾ ഇവിടെനിന്നു തിരിച്ചുചെന്നു ഞാൻ തപസ്വികാര്യത്തിൽ ഏർപ്പെട്ടിരിക്കയാണെന്ന് അറിയിച്ച് അമ്മയ്ക്കു വേണ്ടുന്ന പുത്രകൃത്യം നിറവേററിക്കൊടുക്കണം.

വിദൂഷകൻ— എനിക്കു രാക്ഷസന്മാരെ പേടിയാണെന്ന് അങ്ങു വിചാരിക്കില്ലല്ലോ.

രാജാവ്— (പുഞ്ചിരിയോടുകൂടി) താങ്കളെപ്പററി എങ്ങിനെയാണ് അതു കരുതുക?

വിദൂഷകൻ— എന്നാൽ രാജാവിൻെറ അനുജനെപ്പോലെ ഞാൻ പോകുന്നതാണ്.

രാജാവ്— തപോവനത്തിനു ഉപദ്രവം തട്ടാകെ കഴിക്കേണ്ടതുള്ളതുകൊണ്ടു കൂടെയുള്ളവരെയെല്ലാം താങ്കളോടൊപ്പം പുറപ്പെടുവിക്കാം.

വിദൂഷകൻ— (വമ്പുനടിച്ച്) എന്നാൽ ഞാനിപ്പോൾ യുവരാജാവായി.

രാജാ— (സ്വഗതം) ചപലോഽയം വടുഃ. കദാചിദസ്മൽപ്രാർത്ഥനാമന്തഃപുരേഭ്യഃ കഥയേൽ. ഭവതു, ഏനമേവം വക്ഷ്യേ. (വിദൂഷകം ഹസ്തേഗൃഹീത്വാ പ്രകാശം) വയസ്യ! ഋഷിഗൗരവാദാശ്രമം ഗച്ഛാമി. ന ഖലു, സത്യമേവ, താപസകന്യകായാം മമാഭിലാഷഃ. പശ്യ—

ക്വ വയം ക്വ പരോക്ഷമന്മഥോ
മൃഗശാബൈഃ സമമേധിതോ ജനഃ
പരിഹാസവിജല്പിതം സഖേ!
പരമാർത്ഥേന ന ഗൃഹ്യതാം വചഃ. 18

വിദൂഷകഃ— അഹ ഇം. [അഥ കിം]

(ഇതി നിഷ്ക്രാന്താഃ സർവ്വേ)

ഇതി ദ്വിതീയോഽങ്കഃ

തൃതീയോഽങ്കഃ

വിഷ്കംഭഃ

(തതഃ പ്രവിശതി കുശാനാദായ യജമാനശിഷ്യഃ)

ശിഷ്യഃ— അഹോ! മഹാനുഭാവഃ പാർത്ഥിവോ ദുഷ്യന്തഃ. പ്രവിഷ്ടമാത്ര ഏവാശ്രമം തത്രഭവതി രാജനി നിരുപദ്രവാണി നഃ കർമ്മാണി പ്രവൃത്താനി.

കാ കഥാ ബാണസംധാനേ, ജ്യാശബ്ദേനൈവ ദൂരതഃ
ഹുങ്കാരേണേവ ധനുഷഃ സ ഹി വിഘ്നാനപോഹതി. 1

യാവദിമാന്വേദിസംസ്തരണാർത്ഥാൻ ദർഭാനൃത്വിഗ്ഭ്യ ഉപനയാമി. (പരിക്രമ്യാവലോക്യ ച ആകാശേ) പ്രിയംവദേ! കസ്യേദമുശീരാനുലേപനം മൃണാളവന്തി ച നളിനീ പത്രാണി നീയന്തേ? (ശ്രുതിമഭിനീയ) കിം ബ്രവീഷി? 'ആതപലംഘനാൽ ബലവദസ്വസ്ഥാ ശകുന്തളാ. തസ്യാഃ ശരീരനിർവാപണായ' ഇതി? തർഹി ത്വരിതം ഗമ്യതാം. സാ ഖലു ഭഗവതഃ കണ്വസ്യ കുലപതേരുച്ഛ്വസിതം. അഹമപി താവദ്വൈതാനികം ശാന്ത്യുദകമസ്യൈ ഗൗതമീഹസ്തേ വിസർജ്ജയിഷ്യാമി. (നിഷ്ക്രാന്തഃ)

ഇതി വിഷ്കംഭഃ

രാജാവ്— (വിചാരം) ഒരു വിടുവായനാണിയാൾ. ഒരു പക്ഷേ എന്റെ ഈ താൽപര്യം അന്തഃപുരത്തിൽചെന്നു പറഞ്ഞേക്കും. ആവട്ടെ, ഇയാളോടിങ്ങനെ പറഞ്ഞുവിടാം. (വിദൂഷകനെ കൈയ്ക്കുപിടിച്ചു വെളിവായി) തോഴരേ! ഋഷി ഗൌരവത്താലാണ് ഞാൻ ആശ്രമത്തിലേക്കു പോകുന്നത്. സത്യമായിട്ടും, ആ താപസപ്പെൺകിടാവിൽ എനിക്കു യാതൊരഭിലാഷവുമില്ല. നോക്കൂ—

നാമെവിടെ? കാമനെ കണ്ടിട്ടുപോലുമില്ലാത്ത, മാൻകുഞ്ഞുകളോടൊപ്പം വളർന്നുവന്ന ആളെവിടെ? തോഴരേ! നേരംപോക്കായി വെടിപറഞ്ഞ വാക്കു പരമാർത്ഥമാണെന്നു ധരിച്ചുപോകരുതേ. 18

വിദൂഷകൻ— ശരി.

(എല്ലാവരും പോയി)

രണ്ടാമങ്കം കഴിഞ്ഞു

മൂന്നാമങ്കം

വിഷ്കംഭം

(അനന്തരം ദർഭപ്പുല്ലേന്തിക്കൊണ്ടു യജമാനശിഷ്യൻ പ്രവേശിക്കുന്നു)

ശിഷ്യൻ— അമ്പോ! ദുഷ്യന്തരാജാവു നല്ല വമ്പൻതന്നെ. അദ്ദേഹം ആശ്രമത്തിൽ കടന്നപ്പോഴേക്കുതന്നെ ഞങ്ങളുടെ കർമ്മങ്ങളെല്ലാം നിർബാധം നടന്നുതുടങ്ങി.

വില്ലിന്റെ ഹുങ്കാരംപോലുള്ള ഞാണൊലികൊണ്ടുതന്നെ അദ്ദേഹം വിഘ്നങ്ങളെ അകലെത്തെറിപ്പിക്കുന്നു. അമ്പു തൊടുത്താലത്തെ കഥയെന്തായിരിക്കും. 1

വേദിയിൽ വിരിക്കുവാനുള്ള ഈ ദർഭപ്പുല്ല് ഋത്വിക്കുകൾക്ക് എത്തിച്ചുകൊടുക്കട്ടെ. (ചുററിനടന്നു നോക്കിയിട്ട് ആകാശത്തിൽ) പ്രിയംവദേ! ആർക്കാണ് ഈ രാമച്ചച്ചാറും തണ്ടോടുകൂടിയ താമരയിലയും കൊണ്ടുപോകുന്നത്? (കേട്ടതായി നടിച്ച്) എന്തേ പറഞ്ഞത്? 'ശകുന്തള വെയിലേററു വളരെ അസ്വസ്ഥയായിരിക്കുന്നു. അവളുടെ ശരീരം തണുപ്പിക്കുവാനാണ്' എന്നോ? എന്നാൽ വേഗത്തിൽ ചെല്ലൂ, അവൾ കുലപതിയായ ഭഗവാൻ കണ്വന്റെ ജീവനാണ്. ഞാനും ചെന്നു യജ്ഞത്തിലെ ശാന്തിതീർത്ഥം ഗൌതമിപക്കൽ കൊടുത്തയയ്ക്കാം. (പോയി)

വിഷ്കംഭം കഴിഞ്ഞു

(തതഃ പ്രവിശതി കാമയമാനാവസ്ഥോ രാജാ)

രാജാ— (സചിന്തം നിഃശ്വസ്യ)

ജാനേ തപസോ വീര്യം, സാ ബാലാ പരവതീതി മേ വിദിതം
അലമസ്മി തതോ ഹൃദയം തഥാപി നേദം നിവർത്തയിതും. 2

(മദനബാധാം നിരൂപ്യ)ഭഗവൻ കുസുമായുധ! ത്വയാ ചന്ദ്രമസാ ച വിശ്വസനീയാഭ്യാമതിസംധീയതേ കാമിജനസാർത്ഥഃ. കുതഃ—

തവ കുസുമശതത്വം ശീതരശ്മിത്വമിന്ദോർ—
ദ്വയമിദമയഥാർത്ഥം ദൃശ്യതേ മദ്വിധേഷു
വിസൃജതി ഹിമഗർഭൈരഗ്നിമിന്ദുർമയൂഖൈ—
സ്ത്വമപി കുസുമബാണാൻ വജ്രസാരീകരോഷി. 3

(സഖേദം പരിക്രമ്യ) ക്വ നു ഖലു സംസ്ഥിതേ കർമ്മണി സദസ്യൈരഭ്യനുജ്ഞാതഃ ക്ലാന്തമാത്മാനം വിനോദയാമി? (നിഃശ്വസ്യ) കിം നു ഖലു മേ പ്രിയാദർശനാദൃതേ ശരണമന്യൽ? യാവദേനാമന്വിഷ്യാമി. (സൂര്യമവലോക്യ) ഇമാമുഗ്രാതപാം വേലാം പ്രായേണ ലതാവലയവത്സു മാലിനീതീരേഷു സസഖീജനാ ശകുന്തളാ ഗമയതി. തത്രൈവ താവൽ ഗച്ഛാമി. (പരിക്രമ്യ സ്പർശസുഖം രൂപയിത്വാ) അഹോ! പ്രവാതസുഭഗോഽയമുദ്ദേശഃ.

ശക്യമരവിന്ദസുരഭിഃ കണവാഹീ മാലിനീതരംഗാണാം.
അഗൈരനംഗതപ്തൈരവിരളമാലിംഗിതും പവനഃ. 4

(പരിക്രമ്യാവലോക്യ ച) അസ്മിൻ വേതസ പരിക്ഷിപ്തേ ലതാമണ്ഡപേ സന്നിഹിതയാ ശകുന്തളയാ ഭവിതവ്യം. തഥാ ഹി—

അഭ്യുന്നതാ പുരസ്താദവഗാഢാ ജഘനഗൌരവാൽ പശ്ചാൽ
ദ്വാരേഽസ്യ പാണ്ഡുസികതേ പദപംക്തിർദൃശ്യതേഽഭിനവാ. 5

യാവദ്വിടപാന്തരേണാവലോകയാമി. [പരിക്രമ്യ തഥാ കൃത്വാ സഹർഷം] അയേ! ലബ്ധം നേത്രനിർവാണം. ഏഷാ മേ മനോരഥപ്രിയതമാ സകുസുമാസ്തരണം ശിലാപട്ടമധിശയാനാ സഖീഭ്യാമന്വാസ്യതേ. ഭവതു. ശ്രോഷ്യാമ്യാസാം വിസ്രംഭകഥിതാനി. (ഇതി വിലോകയൽ സ്ഥിതഃ)

(തതഃ പ്രവിശതി യഥോക്തവ്യാപാരാ സഹ സഖീഭ്യാം ശകുന്തളാ)

സഖ്യൌ— (ഉപവീജ്യ സസ്നേഹം) ഹളാ സഉന്ദളേ! അവിസുഹേദി ദേ ണളീണീപത്തവാദോ? [ഹളാ ശകുന്തളേ! അപിസുഖയതി തേ നളിനീപത്രവാതഃ?]

(അനന്തരം കാമാവസ്ഥയിൽ രാജാവു പ്രവേശിക്കുന്നു)

രാജാവു്— (ചിന്തപൂണ്ടു നെടുവീർപ്പിട്ടു്)

തപസ്സിന്റെ വീര്യം ഞാനറിയുന്നു. ആ തയ്യലാൾ പരാധീനയാണെന്നു എനിക്കറിവുണ്ടു്. എന്നിട്ടും ഈ ഹൃദയത്തെ അവളിൽനിന്നും പിന്തിരിപ്പിക്കുവാൻ ഞാൻ ആളാകുന്നില്ല. 2

(കാമബാധ നടിച്ചു്) പൂവമ്പനായ ഭഗവാനേ! വിശ്വസിനീയന്മാരായ അങ്ങയും ചന്ദ്രനും കാമിജനങ്ങളെ ഒട്ടാകെ ചതിയിൽപ്പെടുത്തുന്നു. എന്തെന്നാൽ—

അങ്ങു പൂവമ്പനും ചന്ദ്രൻ ശീതകിരണനും ആണെന്നു പറയുന്നതു രണ്ടും പരമാർത്ഥമല്ലാത്ത നിലയിലാണു് നമ്മെപ്പോലുള്ളവർക്കു് അനുഭവപ്പെടുന്നതു്. ചന്ദ്രൻ മഞ്ഞിൽപ്പൊതിഞ്ഞ കിരണങ്ങളിലൂടെ തീയാണു് പൊഴിക്കുന്നതു്. അങ്ങാകട്ടെ പൂവമ്പുകളെ വജ്രത്തിന്റെ കരുത്തുള്ളതാക്കിത്തീർക്കുകയും ചെയ്യുന്നു. 3

(ഖേദഭാവത്തിൽ ചുററിനടന്നിട്ടു്) കർമ്മമവസാനിച്ച സദസ്യന്മാർ വിടതന്നു. പക്ഷെ എവിടെച്ചെന്നാണു് തളച്ച് തീർക്കേണ്ടതു്? (നെടുവീർപ്പിട്ടു്) ഓമലാളെ കാണുകയല്ലാതെ മറെറന്താണെനിക്കു ശരണമായിട്ടുള്ളതു്? അവളെ അന്വേഷിക്കുകതന്നെ. (സൂര്യനെ നോക്കി) ഈ പൊരിഞ്ഞവെയിലുള്ള സമയത്തു മാലിനിക്കരയിലെ വള്ളിക്കുടിലുകളിലാണു് ശകുന്തള തോഴിമാരൊന്നിച്ചു മിക്കവാറും കഴിച്ചുകൂട്ടാറുള്ളതു്. അവിടെപ്പോയിനോക്കാം. (നടന്നു സ്പർശസുഖം നടിച്ചു്) ഹാ! ഈ പ്രദേശത്തു എന്തു സുഖമായ കാററു്.

താമരപ്പൂമണം പൂണ്ടു മാലിനിത്തീരത്തിലെ നീർത്തുള്ളികളേന്തി വരുന്ന കാററിനെ കാമത്താൽ ചുട്ടെരിയുന്ന അവയവങ്ങൾകൊണ്ടു മുറുകെപ്പുണരാവുന്നതാണു്. 4

(ചുററിനടന്നു നോക്കിയിട്ടു്) ആററുവഞ്ഞി ചൂഴന്നുനിൽക്കുന്ന ഈ ലതാമണ്ഡപത്തിൽ ഉണ്ടാവണം ശകുന്തള. എന്തെന്നാൽ—

വെണ്മണൽ പരന്ന ഇതിന്റെ പ്രവേശനദ്വാരത്തിൽ മുൻവശത്തു് ഉയർന്നതും പിൻവശത്തു ജഘനക്കനത്താൽ താഴ്ന്നതുമായ കാലടിപ്പാടുകൾ പുത്തനായി പതിഞ്ഞുകാണുന്നുണ്ടു്. 5

ചില്ലപ്പഴുതുകളിലൂടെ നോക്കട്ടെ. (ചുററിനടന്നു അപ്രകാരം ചെയ്തു്, സന്തോഷത്തോടുകൂടി) ഹാവൂ! കണ്ണിനു പരമാനന്ദം കിട്ടി. ഇതാ എന്റെ മനോരഥപ്രിയതമ അരികത്തു സഖിമാരുമായി പാറപ്പുറത്തു പൂവിരിച്ചതിൽ കിടക്കുന്നു. ആവട്ടെ, ഇവരുടെ ഉള്ളുതുറന്ന സംഭാഷണം കേൾക്കാം. (നോക്കിക്കൊണ്ടു നിൽക്കുന്നു)

(അനന്തരം പറഞ്ഞനിലയിൽ ശകുന്തളയും സഖിമാരും പ്രവേശിക്കുന്നു)

സഖിമാർ— (വീശിക്കൊടുത്തുകൊണ്ടു സ്നേഹത്തോടുകൂടി) എടോ ശകുന്തളേ! താമരയിലക്കാററു നിനക്കു സുഖം തരുന്നുണ്ടോ?

ശകുന്തളാ— കിം വീഅഅന്തി മം സഹീഓ? [കിം വീജയതോ മാം സഖ്യൌ?]

(സഖ്യൌ വിഷാദം നാടയിത്വാ പരസ്പരമവലോകയതഃ)

രാജാ— ബലവദസ്വസ്ഥശരീരാ ശകുന്തളാ ദൃശ്യതേ. (സവിതർക്കം) തൽ കിമയമാതപദോഷഃ സ്യാൽ? ഉത യഥാ മേ മനസി വർത്തതേ? (സാഭിലാഷം നിർവർണ്ണ്യ) അഥവാ കൃതം സന്ദേഹേന.

സ്തനന്യസ്തോശീരം പ്രശിഥിലമൃണാളൈകവലയം
പ്രിയായാഃ സാബാധം സദപി കമനീയം വപുരിദം
സമസ്താപഃ കാമം മനസിജനിദാഘപ്രസരയോർ—
ന തു ഗ്രീഷ്മസ്യൈവം സുഭഗമപരാദ്ധം യുവതിഷു. 6

പ്രിയംവദാ— (ജനാന്തികം) അണസൂഏ! തസ്സ രാഏസിണോ പഢമദംസണാദോ ആരഹിഅ പജ്ജുസ്സുഅ വിഅ സഉന്ദളാ. കിം ണ ക്ഖു സേ തണ്ണിമിത്തോ അഅം ആതങ്കോ ഭവേ? [അനസൂയേ! തസ്യ രാജർഷേഃ പ്രഥമദർശനാദാരഭ്യ പര്യുത്സുകേവ ശകുന്തളാ. കിം ന ഖല്വസ്യാസ്തന്നിമിത്തോഽയമാതങ്കോ ഭവേൽ?]

അനസൂയാ— സഹി! മമ വി ഈദിസീ ആസങ്കാ ഹിഅഅസ്സ. ഹോദു. പുച്ഛിസ്സം ദാവ ണം. (പ്രകാശം) സഹി! പുച്ഛിദവ്വാ സി കിംപി. ബലവം ക്ഖു ദേ സന്ദാവോ. [സഖി! മമാപീദൃശ്യാശങ്കാ ഹൃദയസ്യ. ഭവതു. പ്രക്ഷ്യാമി താവദേനാം. സഖി! പ്രഷ്ടവ്യാഽസി കിമപി. ബലവാൻ ഖലു തേ സന്താപഃ]

ശകുന്തളാ— (പൂർവ്വാർദ്ധേന ശയനാദുത്ഥായ) ഹളാ! കിം വത്തുകാമാസി? [ഹളാ! കിം വക്തുകാമാസി?]

അനസൂയാ— ഹളാ സഉന്ദളേ! അണബ്ഭന്തരാ ക്ഖു അമ്ഹേ മദണഗദസ്സ വുത്തന്തസ്സ. കിംദു ജാദിസീ ഇദിഹാസണിബന്ധേസു കാമഅമാണാണം അവത്ഥാ സുണീഅദി, താദിസിം ദേ പേക്ഖാമി. കഹേഹി, കിംണിമിത്തോ അഅം ദേ സംദാവോ? വിആരം ക്ഖു പരമത്ഥദോ അജാണിഅ അണാരംഭോ പഡിആരസ്സ. [ഹളാ ശകുന്തളേ! അനഭ്യന്തരേ ഖല്വാവാം മദനഗതസ്യ വൃത്താന്തസ്യ. കിന്തു യാദൃശീ ഇതിഹാസനിബന്ധേഷു കാമയമാനാനാമവസ്ഥാ ശ്രൂയതേ, താദൃശീം തേ പശ്യാമി. കഥയ, കിംനിമിത്തോയം തേ സംതാപഃ? വികാരം ഖലു പരമാർത്ഥതഃ അജ്ഞാത്വാഽനാരംഭഃ പ്രതീകാരസ്യ]

രാജാ— അനസൂയാമപ്യനുഗതോ മദീയസ്തർക്കഃ. ന ഹി സ്വാഭിപ്രായേണ മേ ദർശനം.

ശകുന്തള— തോഴിമാർ എന്നെ വീശുന്നുണ്ടോ?

(സഖിമാർ വിഷാദഭാവത്തിൽ അന്യോന്യം നോക്കുന്നു)

രാജാവ്— വല്ലാത്ത അസ്വാസ്ഥ്യത്തിലാണ് ശകുന്തളയുടെ ശരീരമെന്നു കാണുന്നു. (സംശയം നടിച്ചുകൊണ്ട്) ഇതു വെയിലിന്റെ ദോഷമാകുമോ? അതോ എന്റെ മനസ്സിൽ തോന്നുന്നതുപോലെയാകുമോ? (അഭിലാഷത്തോടെ ഉററുനോക്കിക്കൊണ്ട്) അല്ലെങ്കിൽ സംശയിക്കാനേ ഇല്ല.

മുലകളിൽ രാമച്ചച്ചാറു പുരട്ടി അഴഞ്ഞുകിടക്കുന്ന താമരവളയവുമായി അഴലാണ്ടതാണെങ്കിലും ഓമലാളുടെ ഈ ശരീരം അഴകൊഴുകുന്നതാണ്. കാമബാധയിലും വെയിൽബാധയിലും എരിപൊരിച്ചൽ ഒരുപോലെയുണ്ടാവും, ശരിതന്നെ. എന്നാൽ വേനൽ, യുവതികൾക്കു ചെയ്യുന്ന ദ്രോഹം ഇങ്ങനെ സൌന്ദര്യം വർദ്ധിപ്പിക്കുന്നതാവില്ല. 6

പ്രിയംവദ— (സ്വകാര്യം) അനസൂയേ! ആ രാജർഷിയെ ആദ്യം കണ്ടതുമുതല്ക്കു ശകുന്തളയ്ക്കു ഒരാധി പിടിപ്പെട്ടതുപോലെയുണ്ട്. ആ വഴിയ്ക്കുള്ളതു തന്നെയായിരിക്കുമോ ഇവൾക്കീ സുഖക്കേട്?

അനസൂയ— തോഴി! എന്റെ മനസ്സിലുമുണ്ട് ഇത്തരത്തിലൊരാശങ്ക. ആട്ടെ, ഞാൻ ചോദിക്കാം ഇവളോട്. (വെളിവായി) സഖി! നിന്നോടൊന്നു ചോദിക്കാനുണ്ട്. നിനക്കു വല്ലാത്ത സന്താപമുണ്ടല്ലോ.

ശകുന്തള— (കിടപ്പിൽനിന്നു പാതി എഴുന്നേററ്) തോഴി! നിനക്കെന്തോ ചോദിക്കാനുള്ളതു്?

അനസൂയ— ശകുന്തളേ! കാമവൃത്താന്തത്തിന്റെ ഉള്ളുകള്ളികളൊന്നും ഞങ്ങൾക്കു രണ്ടുപേർക്കും അറിയില്ല. എങ്കിലും ഇതിഹാസാദിഗ്രന്ഥങ്ങളിൽ കാമപരവശന്മാരുടെ സ്ഥിതി വർണ്ണിച്ചു കേൾക്കുന്നതെപ്രകാരമോ, അതാണ് നിനക്കിപ്പോൾ കാണുന്നതു്. പറയൂ, എന്താണ് നിന്റെ സന്താപത്തിനു കാരണം? രോഗസ്ഥിതി ശരിയ്ക്കറിയാതെ ചികിത്സ തുടങ്ങാൻ പററില്ലല്ലോ.

രാജാവ്— അനസൂയയ്ക്കുമുണ്ടായല്ലോ എന്റെ സംശയം. എനിയ്ക്കുമാത്രം തോന്നിയ അഭിപ്രായമല്ല.

ശകുന്തളാ— (ആത്മഗതം) ബലവം ക്ഖു മേ അഹിണിവേസോ. ദാണിം വി സഹസാ ഏദാണം ണ സക്കണോമി ണിവേദിദും. [ബലവാൻ ഖലു മേഽഭിനിവേശഃ. ഇദാനീമപി സഹസൈതയോർന ശക്നോമി നിവേദയിതും]

പ്രിയംവദാ— സഹി സഉന്ദളേ! സുട്ഠു ഏസാ ഭണാദി. കിം അത്തണോ ആതങ്കം ഉവേക്ഖസി? അണുദിഅഹം ക്ഖു പരിഹീഅസി അംഗേഹിം. കേവലം ലാവണ്ണമഈ ഛാആ തുമം ണ മുഞ്ചദി. [സഖി ശകുന്തളേ! സുഷ്ഠു ഏഷാ ഭണതി. കിമാത്മന ആതങ്കമുപേക്ഷസേ? അനുദിവസം ഖലു പരിഹീയസേഽങ്ഗൈഃ. കേവലം ലാവണ്യമയീ ഛായാ ത്വാം ന മുഞ്ചതി]

രാജാ— അവിതഥമാഹ പ്രിയംവദാ. തഥാ ഹി—

ക്ഷാമക്ഷാമകപോലമാനന,മുരഃ കാഠിന്യമുക്തസ്തനം
മധ്യഃ ക്ലാന്തതരഃ, പ്രകാമവിനതാവംസൌ, ഛവിഃ പാണ്ഡുരാ
ശോച്യാ ച പ്രിയദർശനാ ച മദനക്ലിഷ്ടേയമാലക്ഷ്യതേ
പത്രാണാമിവ ശോഷണേന മരുതാ സ്പൃഷ്ടാ ലതാ മാധവീ. 7

ശകുന്തളാ— സഹി! കസ്സ വാ അണ്ണസ്സ കഹഇസ്സം? കിംദു, ആആസഇത്തിആ ദാണിം വോ ഭവിസ്സം. [സഖി! കസ്യ വാന്യസ്യ കഥയിഷ്യാമി. കിന്തു ആയാസയിത്രീദാനീം വാം ഭവിഷ്യാമി]

ഉഭേ— അദോ ഏവ്വ ക്ഖു ണിബ്ബന്ധോ. സിണിദ്ധജണസംവിഭത്തം ഹി ദുക്ഖം സജ്ഝവേദണം ഹോദി. [അത ഏവ ഖലു നിർബ്ബന്ധഃ. സ്നിഗ്ധജനസംവിഭക്തം ഹി ദുഃഖം സഹ്യവേദനം ഭവതി]

രാജാ—

പൃഷ്ടാ ജനേന സമദുഃഖസുഖേന ബാലാ
നേയം ന വക്ഷ്യതി മനോഗതമാധിഹേതും
ദൃഷ്ടോ വിവൃത്യ ബഹുശോഽപ്യനയാ സതൃഷ്ണ—
മത്രാന്തരേ ശ്രവണകാതരതാം ഗതോഽസ്മി. 8

ശകുന്തളാ— സഹി! ജദോ പഹുദി മമ ദംസണപഹം ആഅദോ സോ തവോവണരക്ഖിദാ രാഏസി, തദോ ആരഹിഅ തഗ്ഗദേണ അഹിലാസേണ ഏതദവത്ഥമ്ഹി സംവുത്താ. [സഖി! യതഃ പ്രഭൃതി മമ ദർശനപഥമാഗതഃ സ തപോവനരക്ഷിതാ രാജർഷിഃ, തത ആരഭ്യ തൽഗതേനാഭിലാഷേണൈതദവസ്ഥാഽസ്മി സംവൃത്താ]

രാജാ— (സഹർഷം) ശ്രുതം ശ്രോതവ്യം.

സ്മര ഏവ താപഹേതുർ,നിർവാപയിതാ സ ഏവ മേ ജാതഃ
ദിവസ ഇവാർധശ്യാമസ്തപാത്യയേ ജീവലോകസ്യ. 9

ശകുന്തള— (വിചാരം) വല്ലാത്തതുതന്നെയാണ് എന്റെ അഭിനിവേശം. എന്നാലും ഇവരോടു പെട്ടെന്നു തുറന്നുപറയുവാൻ ഞാനാളല്ല.

പ്രിയംവദ— സഖി ശകുന്തളേ! ശരിയാണിവൾ പറയുന്നത്. സ്വന്തം കഷ്ടപ്പാട് ഇങ്ങനെ നോക്കാതിരുന്നാലോ? നാൾതോറും നിന്റെ ദേഹം ചടച്ചു വരികയാണ്. ലാവണ്യത്തിന്റെ മിന്നാട്ടം മാത്രമേ നിന്നെ വിട്ടുപോകാതെയുള്ളു.

രാജാവ്— നേരാണ് പ്രിയംവദ പറയുന്നത്. എന്തെന്നാൽ—

മുഖത്തു കവിളുകൾ നന്നെ ഒട്ടിയിരിക്കുന്നു. മാറത്തു മുലകളുടെ കാഠിന്യം കുറഞ്ഞു, അരക്കെട്ട് ഏററവും ചടച്ചു, ചുമലുകൾ രണ്ടും വല്ലാതെ കിഴിഞ്ഞു, നിറമാകെ വിളുത്തു. ഇങ്ങനെ കാമക്ലേശമനുഭവിക്കുന്ന ഇവൾ ഇലകളുണക്കുന്ന കാററു തട്ടിയ മുല്ലവള്ളിപോലെ ശോചനീയയും അതോടൊപ്പം ദർശനീയയുമായിരിക്കുന്നു. 7

ശകുന്തള— വേറെ ആരോടാണ് ഞാൻ പറയുക! പക്ഷേ, നിങ്ങളെക്കൂടി ഞാൻ വിഷമിപ്പിക്കലായിത്തീരും.

ഇരുവരും— അതുകൊണ്ടുതന്നെയാണ് നിർബ്ബന്ധിക്കുന്നത്. ദുഃഖം സ്നേഹമുള്ള കൂട്ടുകാർക്കു പങ്കിട്ടുകൊടുത്താൽ വേദനയ്ക്കു കുറച്ച് ആശ്വാസമുണ്ടാവുമല്ലോ.

രാജാവ്—

സുഖദുഃഖങ്ങളിൽ ഒരുപോലെ പങ്കാളികളായവർ ചോദിച്ചിട്ടുള്ളതിനാൽ ഈ തയ്യലാൾ ഉള്ളിൽ ആധിക്കുള്ള കാരണം പറയാതിരിക്കില്ല. പലവട്ടം ഇവൾ കൊതിയോടുകൂടി എന്നെ തിരിഞ്ഞുനോക്കിയിട്ടുണ്ടെങ്കിലും ഇപ്പോൾ ഞാൻ മറുപടിയെന്താവും കേൾക്കുക എന്നു വിചാരിച്ചു നടുങ്ങിപ്പോകുന്നു. 8

ശകുന്തള— സഖി! എന്നാണോ തപോവനം രക്ഷിക്കുന്ന ആ രാജർഷിയെ കാണാനിടയായത് അന്നുമുതൽ അദ്ദേഹത്തെക്കുറിച്ചുള്ള അഭിലാഷത്താലാണ് ഞാനീ നിലയിലായിത്തീർന്നത്.

രാജാവ്— (സന്തോഷത്തോടുകൂടി) കേൾക്കേണ്ടതു കേട്ടു.

വേനലറുതിയിൽ മഴക്കാർകൊണ്ടു പകുതിയിരുണ്ട ദിവസംപോലെ കാമൻ എനിക്കു സന്താപകാരണമായി, ആ കാമൻതന്നെ എനിക്കു സുഖവും നൽകി. 9

ശകുന്തളാ— തം ജഇ വോ അണുമദം, താ തഹ വട്ടഹ, ജഹ തസ്സ രാഏസിണോ അണുകമ്പണിജ്ജാ ഹോമി. അണ്ണഹാ, അവസ്സം സിഞ്ചധ മേ തിലോദഅം. [തദ്യദി വാമനുമതം, തദാ തഥാ വർത്തേഥാം, യഥാ തസ്യ രാജർഷേരനുകമ്പനീയാ ഭവാമി. അന്യഥാ അവശ്യം സിഞ്ചതം മേ തിലോദകം]

രാജാ— സംശയച്ഛേദി വചനം.

പ്രിയംവദാ— (ജനാന്തികം) അണസൂഏ! ദൂരഗഅമന്മഹാ അക്ഖമാ ഇഅം കാലഹരണസ്സ. ജസ്സിം ബദ്ധഭാവാ ഏസാ, സോ ലലാമഭൂദോ പോരവാണം. താ ജുത്തം സേ അഹിലാസോ അഹിണന്ദിദും. [അനസൂയേ! ദൂരഗതമന്മഥാ അക്ഷമേയം കാലഹരണസ്യ. യസ്മിൻ ബദ്ധഭാവൈഷാ, സ ലലാമഭൂതാഃ പൌരവാണാം. തദ്യുക്തമസ്യാ അഭിലാഷോഽഭിനന്ദിതും]

അനസൂയാ— തഹ, ജഹ ഭണാസി. (പ്രകാശം) സഹി! ദിട്ഠിആ അണുരൂവോ ദേ അഹിണിവേസോ. സാഅരം ഉജ്ഝിഅ കഹിം വാ മഹാണഈ ഓദരഇ. [തഥാ, യഥാ ഭണസി. സഖി! ദിഷ്ട്യാനുരൂപസ്തേഽഭിനിവേശഃ. സാഗരമുജ്ഝിത്വാ കുത്ര വാ മഹാനദ്യവതരതി?]

പ്രിയംവദാ— കോ ദാണിം സഹആരം അന്തരേണ അദിമുത്തലദം പല്ലവിദം ലഹേദി. [ക ഇദാനീം സഹകാരമന്തരേണാതിമുക്തലതാം പല്ലവിതാം ലഭതേ]

രാജാ— കിമത്ര ചിത്രം, യദി വിശാഖേ ശശാങ്കലേഖാമനുവർത്തേതേ.

അനസൂയാ— സഹി! കോ ഉണ ഉവാഓ ഭവേ, ജേണ അവിലംബിഅം ണിഭൃഅം അ സഹീഏ മണോരഹം സംപാദേമ്ഹ. [സഖി! കഃ പുനരുപായോ ഭവേദ്യേനാവിളംബിതം നിഭൃതം ച സഖ്യാ മനോരഥം സമ്പാദയാവഃ]

പ്രിയംവദാ— ണിഹുഅം ത്തി ചിന്തണിജ്ജം ഭവേ. സിഗ്ഘം ത്തി സുഅരം. [നിഭൃതമിതി ചിന്തനീയം ഭവേൽ. ശീഘ്രമിതി സുകരം]

അനസൂയാ— കഹം വിഅ? [കഥമിവ?]

പ്രിയംവദാ— ണം സോ രാഏസീ ഇമസ്സിം സിണിദ്ധദിട്ഠീഏ സൂഇദാഹിലാസോ ഇമാഇം ദിഅഹാഇം പജാഅരകിസോ ലക്ഖീഅദി. [നനു സ രാജർഷിരസ്യാം സ്നിഗ്ധദൃഷ്ട്യാ സൂചിതാഭിലാഷ ഏതാന്ദിവസാൻ പ്രജാഗരകൃശോ ലക്ഷ്യതേ]

ശകുന്തള— അതുകൊണ്ടു നിങ്ങൾക്കു രണ്ടുപേക്കും സമ്മതമാണെങ്കിൽ ചെയ്യേണ്ടതു് ആ രാജർഷിക്കു് എന്റെ പേരിൽ അനുകമ്പയുണ്ടാകുകയാണു്. അല്ലാത്തപക്ഷം തീർച്ചയായും എനിക്കു നിങ്ങൾ ഉദകക്രിയ ചെയ്യണം.

രാജാവു്— സംശയം തീർക്കുന്ന വാക്കു്.

പ്രിയംവദ— (സ്വകാര്യം) അനസൂയേ! കാമം മുഴുത്തിട്ടു് ഇവൾ സമയം തള്ളി നീക്കാൻ വയ്യാത്തനിലയിലെത്തിയിരിക്കുന്നു. ഇവളുടെ മനസ്സു് പൂരുവംശത്തിനു പൂണാരമായ മാന്യദേഹത്തിലാണു് പതിഞ്ഞിട്ടുള്ളതു്. അതിനാൽ ഈ അഭിലാഷത്തെ നമുക്കഭിനന്ദിക്കാം.

അനസൂയ— നീ പറയുന്നതു ശരിയാണു്. (വെളിവായി) സഖി! ഭാഗ്യവശാൽ നിന്റെ അഭിനിവേശം അനുരൂപംതന്നെ. മഹാനദി സമുദ്രത്തിലല്ലാതെ മറ്റെവിടെയാണു് ചെന്നെത്തുക?

പ്രിയംവദ— തേന്മാവൊഴിച്ചു് മറ്റെന്തിനുകിട്ടും തളിർത്ത കുരുക്കുത്തിമുല്ലയേ?

രാജാവു്— വിശാഖകൾ രണ്ടും അമ്പിളിക്കലയെ അനുസരിക്കുന്നതിൽ അത്ഭുതമെന്തുള്ളു?

അനസൂയ— സഖി! ഇനിയെന്താണുപായം, വേഗത്തിലും മറ്റാരുമറിയാതെയും സഖിയുടെ മനോരഥം സാധിപ്പിക്കാൻ?

പ്രിയംവദ— മറ്റാരുമറിയാതെ എന്നതേ ആലോചിക്കാനുള്ളു, വേഗത്തിലെന്നതു് എളുപ്പമാണു്.

അനസൂയ— അതെങ്ങനെ?

പ്രിയംവദ— ആ രാജർഷി, സ്നേഹത്തോടെ ഇവളെ നോക്കിക്കൊണ്ടു് അഭിലാഷം സൂചിപ്പിക്കുന്നതായും ഈയിടയിൽ ഉറക്കമിളച്ചു ചടച്ചിരിക്കുന്നതായും കാണുന്നതിനാൽത്തന്നെ.

രാജാ— സത്യമിത്ഥംഭൂത ഏവാസ്മി. തഥാഹി—

ഇദമശിശിരൈരന്തസ്താപാദ്വിവർണ്ണമണീകൃതം
നിശി നിശി ഭുജന്യസ്താപാംഗപ്രസർപ്പിഭിരശ്രുഭിഃ
അനഭിലുളിതജ്യാഘാതാങ്കം മുഹുർമണിബന്ധനാൽ
കനകവലയം സ്രസ്തം സ്രസ്തം മയാ പ്രതിസാര്യ്യതേ. 10

പ്രിയംവദാ— (വിചിന്ത്യ) ഹളാ! മഅണലേഹോ സേ കരീഅദു. താം ദേവപ്പസാദസ്സാവദേസേണ സുമണോഗോവിദം കരിഅ സേ ഹത്ഥഅം പാവഇസ്സം. [ഹളാ! മദനലേഖോഽസ്യ ക്രിയതാം. തം ദേവപ്രസാദസ്യാപദേശേന സുമനോഗോപിതം കൃത്വാ സ്യാ ഹസ്തം പ്രാപയിഷ്യാമി]

അനസൂയാ— രോഅഇ മേ സുഉമാരോ പഓഓ. കിം വാ ശഉന്ദലാ ഭണാദി. [രോചതേ മേ സുകുമാരഃ പ്രയോഗഃ. കിം വാ ശകുന്തളാ ഭണതി]

ശകുന്തളാ— കോ ണിഓദാ വികപ്പിഅദി. [കോ നിയോഗോ വികല്പ്യതേ]

പ്രിയംവദാ— തേണ ഹി, അത്തണോ ഉവണ്ണാസപുവ്വം ചിന്തേഹി ദാവ കിംപി ലളിഅപദബന്ധണം. [തേന ഹ്യാത്മന ഉപന്യാസപൂർവ്വം ചിന്തയ താവൽ കിമപി ലളിതപദബന്ധനം]

ശകുന്തളാ— ഹളാ! ചിന്തേമി അഹം. അവഹീരണാഭീരുഅം പുണോ വേവഇ മേ ഹിഅഅം. [ഹളാ! ചിന്തയാമ്യഹം. അവധീരണാഭീരുകം പുനർവ്വേപതേ മേ ഹൃദയം]

രാജാ— (സഹർഷം)

അയം സ തേ തിഷ്ഠതി സംഗമോത്സുകോ
വിശങ്കസേ ഭീരു യതോഽവധീരണാം
ലഭേത വാ പ്രാർത്ഥയിതാ ന വാ ശ്രിയം
ശ്രിയാ ദുരാപഃ കഥമീപ്സിതോ ഭവേൽ. 11

സഖ്യൗ— അത്തഗുണാവമാണിണി! കോ ദാണിം സരീരണിവ്വാവയിത്തിഅം സാരദിഅം ജോസിണിം പഡന്തേണ വാരേദി? [ആത്മഗുണാവമാനിനി! ക ഇദാനീം ശരീരനിർവാപയിത്രീം ശാരദീം ജ്യോത്സ്നാം പടാന്തേന വാരയതി?]

ശകുന്തളാ— (സസ്മിതം) ണിഓഇആ ദാണിമ്ഹി. [നിയോജിതേദാനീമസ്മി] (ഇത്യുപവിഷ്ടാ ചിന്തയതി)

രാജാ— സ്ഥാനേ ഖലു വിസ്മൃതനിമേഷേണ ചക്ഷുഷാ പ്രിയാമവലോകയാമി. യതഃ—

ഉന്നമിതൈകഭ്രൂ ലതമാനനമസ്യാഃ പദാനി രചയന്ത്യാഃ
കണ്ടകിതേന പ്രഥയതി മയ്യനുരാഗം കപോലേന. 12

രാജാവ്— ഞാൻ ഇങ്ങിനെയായിരിക്കുന്നു എന്നതു വളരെ ശരിയാണ്. എന്തെന്നാൽ—

രാത്രി കിടക്കുമ്പോഴെല്ലാം ഉള്ളെരിച്ചൽകൊണ്ടു കാഞ്ഞ കണ്ണുനീർ കൈത്തണ്ടുമേൽ വെച്ച കടക്കണ്ണിലൂടെ ഒഴുകിവീണ രത്നങ്ങളുടെ നിറം മങ്ങിയ ഈ പൊൻവള, വിൽഞാൺതഴമ്പിൽപ്പോലും തടയാതെ ഊർന്നുപോരുമ്പോഴെല്ലാം ഞാൻ മണിബന്ധത്തിൽനിന്നു മേലോട്ടു കേററുക ഒരു പതിവായിരിക്കുന്നു. 10

പ്രിയംവദ— (ആലോചിച്ച്) സഖി! അദ്ദേഹത്തിന്നൊരു കാമലേഖം എഴുതിയുണ്ടാക്കട്ടെ. അതു ഞാൻ പൂവിൽ ഒളിപ്പിച്ചു ദേവപ്രസാദമെന്ന ഭാവത്തിൽ ആ രാജർഷിയുടെ കയ്യിലെത്തിക്കാം.

അനസൂയ— സുകുമാരമായ ഈ സൂത്രവിദ്യ എനിയ്ക്കു പിടിച്ചു. ശകുന്തള എന്തു പറയുന്നു?

ശകുന്തള— നിങ്ങൾ നിയോഗിച്ചാൽ എനിക്കെന്തു സംശയം?

പ്രിയംവദ— എന്നാൽ സ്വന്തം സ്ഥിതി വിവരിച്ചുകൊണ്ടു സുന്ദരമായ ഒരു കൊച്ചുപദ്യം ആലോചിച്ചുണ്ടാക്കൂ.

ശകുന്തള— സഖി! ഞാനാലോചിക്കാം. തള്ളിക്കളഞ്ഞാലോ എന്ന പേടികൊണ്ട് എന്റെ ഹൃദയം പിടയ്ക്കുന്നു.

രാജാവ്— (സന്തോഷത്തോടുകൂടി)

ഭീരു! നിന്നെ ആർ തള്ളിക്കളയുമെന്നാണോ നീ പേടിക്കുന്നത്, അയാളിതാ നിന്നോടണയുവാൻ ഉൽക്കണ്ഠയോടുകൂടി നിൽക്കുന്നു. ശ്രീയെ കൊതിക്കുന്നവൻ അതു നേടിയെന്നും വരാം ഇല്ലെന്നും വരാം. ശ്രീ അങ്ങോട്ടു കൊതിക്കുന്ന ഒരുത്തനെ ശ്രീക്കു ലഭിക്കാതെ വരുക എന്നൊന്നുണ്ടാകുമോ? 11

സഖിമാർ— ആത്മഗുണങ്ങളെ അവമാനിക്കുന്നവളേ! മെയ്കുളുർപ്പിക്കുന്ന ശരൽക്കാലനിലാവിനെ ആരെങ്കിലും തുണിത്തുമ്പുകൊണ്ടു മറയ്ക്കുമോ?

ശകുന്തള— (പുഞ്ചിരിയോടുകൂടി) നിങ്ങൾ പറയുന്നതനുസരിക്കാം. (ഇരുന്നു ആലോചിക്കുന്നു)

രാജാവ്— ഞാൻ കണ്ണിമവെട്ടാതെ പ്രിയതമയെ നോക്കിക്കാണുന്നതു യുക്തം തന്നെയാണ്. എന്തുകൊണ്ടെന്നാൽ—

പദങ്ങൾ രചിച്ചുകൊണ്ടിരിക്കുന്ന ഇവളുടെ ഒററപ്പുരികം ഉയർത്തിപ്പിടിച്ച മുഖം, കോൾമയിർക്കൊണ്ട കവിളാൽ എന്നിലുള്ള അനുരാഗത്തെ വിളംബരപ്പെടുത്തുന്നു. 12

ശകുന്തളാ— ഹളാ! ചിന്തിദം മഏ ഗീദവത്ഥു. ണക്ഖു സണ്ണിഹിദാണി ഉണ ലേഹണസാഹണാണി. [ഹളാ! ചിന്തിതം മയാ ഗീതവസ്തു. ന ഖലു സന്നിഹിതാനി പുനർലേഖനസാധനാനി]

പ്രിയംവദാ— ഇമസ്സിം സുഓദരസുഉമാരേ ണളിണീപത്തേ ണഹേഹിം ണിക്ഖിത്തവണ്ണം കരേഹി. [ഏതസ്മിൻ ശുകോദരസുകുമാരേ നളിനീപത്രേ നഖൈർനിക്ഷിപ്തവർണ്ണം കുരു]

ശകുന്തളാ— (യഥോക്തം രൂപയിത്വാ) ഹളാ! സുണഹ ദാണിം, സംഗദത്ഥം ണ വേത്തി. [ഹളാ! ശൃണുതമിദാനീം, സംഗതാർഥം ന വേതി]

ഉഭേ— അവഹിദമ്ഹ. [അവഹിതേ സ്വഃ]

ശകുന്തളാ— (വാചയതി)

തുജ്ഝ ണ ആണേ ഹിഅഅം, മമ ഉണ മഅണോ ദിവാവി രത്തിം വി
ണിഗ്ഘിണ തവഇ ബലീഅം തുഇ വുത്തമണോരഹാഇ അംഗാഇം. 13

[തവ ന ജാനേ ഹൃദയം, മമ പുനർമ്മദനോ ദിവാഽപി രാത്രിമപി
നിർഘൃണ! തപതി ബലീയസ്ത്വയി വൃത്തമനോരഥാന്യംഗാനി]

രാജാ— (സഹസോപസൃത്യ)

തപതി തനുഗാത്രി! മദനസ്ത്വാമനിശം, മാം പുനർദഹത്യേവ
ഗ്ലപയതി യഥാ ശശാങ്കം, ന തഥാഽഹി കുമുദ്വതീം ദിവസഃ. 14

സഖ്യൗ— (സഹർഷം) സാഅദം അവിളംബിണോ മണോരഹസ്സ. [സ്വാഗതമവിളംബിനോ മനോരഥസ്യ]

(ശകുന്തളാഭ്യുത്ഥാതുമിച്ഛതി)

രാജാ— അലമലമായാസേന.

സംദഷ്ടകുസുമശയനാന്യാശുക്ലാന്ത ബിസഭംഗസുരഭീണി
ഗുരുപരിതാപാനി ന തേ ഗാത്രാണ്യുപചാരമർഹന്തി. 15

അനസൂയാ— ഇദോ സിലാതലേക്കദേസം അലങ്കരേദു വഅസ്സോ. [ഇതഃ ശിലാതലൈകദേശമലങ്കരോതു വയസ്യഃ]

(രാജോപവിശതി. ശകുന്തളാ സലജ്ജം തിഷ്ഠതി)

അനസൂയാ— ദുവേണം ണു വോ അണ്ണോണ്ണാണുരാഓ പച്ചക്ഖോ. സഹീസിണേഹോ മം പുണരുത്തവാദിണിം കരേദി. [ദ്വയോർന്നനു യുവയോരന്യോന്യാനുരാഗഃ പ്രത്യക്ഷഃ. സഖീസ്നേഹോ മാം പുനരുക്തവാദിനീം കരോതി]

രാജാ— ഭദ്രേ! നൈതൽ പരിഹാര്യ്യം. വിവക്ഷിതം ഹ്യനുക്തമനുതാപം ജനയതി.

ശകുന്തള— ഗീതത്തിന്റെ ഉള്ളടക്കം ഞാൻ ചിന്തിച്ചുകഴിഞ്ഞു. എന്നാൽ എഴുതാൻ വേണ്ടതൊന്നും ഇവിടെയില്ലല്ലോ.

പ്രിയംവദ— കിളിയുടെ വയറുപോലെ പതുപ്പുള്ള ഈ താമരയിലയിൽ നഖങ്ങളെക്കൊണ്ടെഴുതിക്കോളു.

ശകുന്തള— (പറഞ്ഞതുപോലെ അഭിനയിച്ചിട്ട്) ഇതൊന്നു കേൾക്കുവിൻ. വേണ്ടതുപോലെ ആയിട്ടുണ്ടോ ഇല്ലയോ ആവോ.

ഇരുവരും— ഞങ്ങൾ ശ്രദ്ധിക്കുന്നുണ്ട്.

ശകുന്തള— (വായിക്കുന്നു)

അങ്ങയുടെ ഹൃദയം എനിയ്ക്കറിഞ്ഞുകൂടാ, അങ്ങയുടെമേൽ അഭിലാഷംകൊള്ളുന്ന എന്റെ അവയവങ്ങളെ നിർദ്ദയം കാമദേവൻ പകലും രാവുമാകെ വല്ലാതെ തപിപ്പിക്കുന്നു. 13

രാജാവ്— (പെട്ടെന്നു അടുത്തേക്കു കടന്നുചെന്നിട്ട്)

അല്ലയോ കൃശാംഗി! നിന്നെ കാമൻ തപിപ്പിയ്ക്കുന്നേയുള്ളു. എന്നെയാവട്ടെ രാപ്പകൽ ദഹിപ്പിക്കുകതന്നെ ചെയ്യുന്നു. പകൽവെളിച്ചം അമ്പിളിയെ വാട്ടുന്നിടത്തോളം ആമ്പലിനെ വാട്ടുന്നില്ലല്ലോ. 14

സഖിമാർ— (സന്തോഷത്തോടുകൂടി) വൈകാതെ വന്നുചേർന്ന മനോരഥത്തിന്നു സ്വാഗതം.

(ശകുന്തള എഴുന്നേല്ക്കാൻ ഭാവിക്കുന്നു)

രാജാവ്— വേണ്ട, ആയാസപ്പെടേണ്ട.

കടുത്ത ചുട്ടെരിച്ചുൽമൂലം മെത്തവിരിച്ച പൂക്കൾ ഒട്ടിപ്പിടിച്ചതും ക്ഷണത്തിൽ വാടിയ താമരവളയത്തുണ്ടുകളുടെ മണമാർന്നുള്ളതുമായ നിന്റെ ശരീരത്തിന്നു ഉപചരിക്കാനൊന്നും വയ്യ. 15

അനസൂയ— സ്നേഹിതൻ ഈ പാറപ്പുറത്തൊരിടത്തിരുന്നാലും.

(രാജാവ് ഇരിക്കുന്നു. ശകുന്തള ലജ്ജിച്ചു നില്ക്കുന്നു)

അനസൂയ— നിങ്ങളിരുവരുടേയും പരസ്പരാനുരാഗം പ്രത്യക്ഷമായിക്കഴിഞ്ഞു. സഖിയോടുള്ള സ്നേഹം എന്നെക്കൊണ്ടു വീണ്ടും ചിലതു പറയിക്കുകയാണ്.

രാജാവ്— ഭദ്രേ! അതു വേണ്ടെന്നു വെക്കരുത്. പറയണമെന്നു തോന്നിയതു പറയാതിരുന്നാൽ പശ്ചാത്താപത്തിന്നിടയാകും.

അനസൂയാ— ആവണ്ണസ്സ വിസഅണിവാസിണോ ജണസ്സ അത്തിഹരേണ രണ്ണാ ഹോദവ്വം ത്തി ഏസോ വോ ധമ്മോ [ആപന്നസ്യ വിഷയനിവാസിനോ ജനസ്യാൎത്തിഹരേണ രാജ്ഞാ ഭവിതവ്യമിത്യേഷ യുഷ്മാകം ധൎമ്മഃ]

രാജാ— നാസ്മാൽപരം.

അനസൂയാ— തേണ ഹി ഇഅം ണോ പിഅസഹീ തുമം ഉദ്ദിസിഅ ഇമം അവത്ഥന്തരം ഭഅവദാ മഅണേണ ആരോവിദാ. താ അരുഹസി അബ്ഭുവവത്തീഏ ജീവിതം സേ അവലംബിദും. [തേന ഹീയം നൌ പ്രിയസഖീ ത്വാമുദ്ദിശ്യേദമവസ്ഥാന്തരം ഭഗവതാ മദനേനാരോപിതാ. തദർഹസ്യഭ്യുപപത്യാ ജീവിതമസ്യാ അവലംബിതും]

രാജാ— ഭദ്രേ! സാധാരണോഽയം പ്രണയഃ. സൎവ്വഥാഽനുഗൃഹീതോഽസ്മി.

ശകുന്തളാ— (അനസൂയാമവലോക്യ) ഹളാ! കിം അന്തേഉരവിരഹപജ്ജുസ്സുഅസ്സ രാഏസിണോ ഉവരോഹേണ. [ഹളാ! കിമന്തഃപുരവിരഹപര്യുത്സുകസ്യ രാജർഷേരുപരോധേന]

രാജാ— സുന്ദരി!

ഇദമനന്യപരായണമന്യഥാ
ഹൃദയസന്നിഹിതേ! ഹൃദയം മമ
യദി സമൎത്ഥയസേ മദിരേക്ഷണേ!
മദനബാണഹതോഽസ്മി ഹതഃ പുനഃ. 16

അനസൂയാ— വഅസ്സ! ബഹുവല്ലഹാ രാആണോ സുണീഅന്തി. ജഹ ണോ പിഅസഹീ ബന്ധുഅണസോഅണിജ്ജാ ണ ഹോഇ, തഹ ണിവ്വത്തേഹി. [വയസ്യ! ബഹുവല്ലഭാ രാജാനഃ ശ്രൂയന്തേ. യഥാ നൌ പ്രിയസഖീ ബന്ധുജനശോചനീയാ ന ഭവതി. തഥാ നിർവർത്തയ]

രാജാ— ഭദ്രേ! കിം ബഹുനാ?

പരിഗ്രഹബഹുത്വേഽപി ദ്വേ പ്രതിഷ്ഠേ കുലസ്യ മേ
സമുദ്രരശനാ ചോൎവ്വീ സഖീ ച യുവയോരിയം. 17

ഉഭേ— ണിവ്വുദ ഹ്മ. [നിർവൃതേ സ്വഃ]

പ്രിയംവദാ— (സദൃഷ്ടിക്ഷേപം) അണസൂഏ! ജഹ ഏസോ ഇദോ ദിണ്ണദിട്ഠി ഉസ്സുഓ മിഅപോദഓ മാദരം അണ്ണേസദി. ഏഹി, സംജോഏമ ണം. [അനസൂയേ! യഥൈഷ ഇതോ ദത്തദൃഷ്ടിരുത്സുകോ മൃഗപോതകോ മാതരമന്വിഷ്യതി. ഏഹി, സംയോജയാവ ഏനം] (ഇത്യുഭേ പ്രസ്ഥിതേ)

അനസൂയ— ആപത്തിൽപ്പെട്ട നാട്ടുകാരുടെ സങ്കടം രാജാവു തീർത്തുകൊടുക്കണം എന്നതാണല്ലോ നിങ്ങളുടെ ധർമ്മം.

രാജാവ്— ഇതിലും മീതെ വേറെ ഒന്നില്ല.

അനസൂയ— എന്നാൽ ഞങ്ങളുടെ ഈ പ്രിയസഖി താങ്കളെച്ചൊല്ലി കാമദേവൻമൂലം ഇമ്മാതിരി സ്ഥിതിയിലായിരിക്കുന്നു. അതിനാൽ അനുഗ്രഹബുദ്ധ്യാ ഇവളുടെ ജീവനെ താങ്ങിനിർത്തുവാൻ കനിവുണ്ടാകണം.

രാജാവ്— ഭദ്രേ! ഇരുവർക്കും തുല്യമാണീ പ്രണയം. ഞാൻ സർവ്വഥാ അനുഗൃഹീതനായി.

ശകുന്തള— (അനസൂയയെ നോക്കി) അന്തഃപുരം വിട്ടുപോന്നതോർത്തു ഉൽക്കണ്ഠിതനായിരിക്കുന്ന രാജർഷിയെ തടഞ്ഞുനിർത്തിയിട്ട് എന്തു ഫലം?

രാജാവ്— അല്ലയോ സുന്ദരി!

എന്റെ ഹൃദയത്തിൽ കുടികൊള്ളുന്നവളേ! മററാരിലും താൽപര്യമില്ലാത്ത എന്റെ ഹൃദയത്തെക്കുറിച്ചു മറിച്ചു കരുതുന്നുവെങ്കിൽ, കാമബാണമേററു തകർന്നുകഴിഞ്ഞ ഞാൻ വീണ്ടും തകർന്നതുതന്നെ. 16

അനസൂയ— സ്നേഹിത! രാജാക്കന്മാർക്കു വളരെ ഭാര്യമാരുണ്ടാവുമെന്നാണ് കേൾവി. ഞങ്ങളുടെ ഈ പ്രിയസഖിയെക്കുറിച്ചു വ്യസനിക്കാൻ ഇടയാവാത്തവിധം കാര്യം നിറവേററുമാറാകണം.

രാജാവ്— ഭദ്രേ! എന്തിനേറെ?

പരിഗ്രഹം വളരെയുണ്ടെങ്കിലും എന്റെ വംശത്തിനുള്ള പ്രതിഷ്ഠ രണ്ടാൾ മാത്രമാണ്. സമുദ്രം ചൂഴുന്ന ഊഴിയും നിങ്ങളുടെ ഈ തോഴിയും. 17

ഇരുവരും— ഞങ്ങൾക്ക് ആശ്വാസമായി.

പ്രിയംവദ— (കണ്ണിട്ടു കാണിച്ച്) അനസൂയേ! ഇതാ ഈ മാൻകുഞ്ഞ് ഉഴറിക്കൊണ്ടിങ്ങോട്ടുനോക്കി അതിന്റെ തള്ളയെ തേടുന്നു; വരൂ, ഇവനെ അവിടെ കൊണ്ടാക്കാം. (ഇരുവരും പുറപ്പെടുന്നു)

ശകുന്തളാ— ഹലാ! അസരണ മ്ഹി. അണ്ണദരാ വോ ഗച്ഛദു.
[ഹലാ! അശരണാഽസ്മി. അന്യതരാ യുവയോർഗച്ഛതു]

ഉഭേ— പുഹവീഏ ജോ സരണം, സോ തുഹ സമീവേ വട്ടഇ.
[പൃഥിവ്യാ യഃ ശരണം, സ തവ സമീപേ വർത്തതേ] (ഇതി നിഷ്ക്രാന്തേ)

ശകുന്തളാ— കഹം ഗദാഓ എവ്വ? [കഥം ഗതേ ഏവ?]

രാജാ— അലമാവേഗേന. നന്വയമാരാധയിതാ ജനസ്തവ സമീപേ വർത്തതേ.

കിം ശീതളൈഃ ക്ലമവിനോദിഭിരാർദ്രവാതാൻ
സഞ്ചാരയാമി നളിനീദളതാലവൃന്തൈഃ?
അങ്കേ നിധായ കരഭോരു! യഥാസുഖം തേ
സംവാഹയാമി ചരണാവുത പത്മതാമ്രൌ? 18

ശകുന്തളാ— ണ മാണണീഏസു അത്താണം അവരാഹഇസ്സം.
[ന മാനനീയേഷ്വാത്മാനമപരാധയിഷ്യേ] (ഇത്യുത്ഥായ ഗന്തുമിച്ഛതി)

രാജാ— സുന്ദരി! അനിർവാണോ ദിവസഃ. ഇയം ച തേ ശരീരാവസ്ഥാ.

ഉത്സൃജ്യ കുസുമശയനം നളിനീദളകല്പിതസ്തനാവരണാ
കഥമാതപേ ഗമിഷ്യസി പരിബാധാപേലവൈരംഗൈഃ. 19

(ഇതി ബലാദേനാം നിവർത്തയതി)

ശകുന്തളാ— പോരവ! രക്ഖ വിണഅം. മഅണസന്തത്താവി ണ ക്ഖു അത്തണോ പഹവാമി. [പൌരവ! രക്ഷവിനയം. മദനസംതപ്താപി ന ഖല്വാത്മനഃ പ്രഭവാമി]

രാജാ— ഭീരു! അലം ഗുരുജനഭയേന. ദൃഷ്ട്വാ തേ വിദിതധർമ്മാ തത്രഭവാൻ നാത്ര ദോഷം ഗ്രഹീഷ്യതി കുലപതിഃ. പശ്യ—

ഗാന്ധർവ്വേണ വിവാഹേന ബഹ്വ്യോ രാജർഷികന്യകാഃ
ശ്രൂയന്തേ പരിണീതാശ്ച, പിതൃഭിശ്ചാഭിനന്ദിതാഃ. 20

ശകുന്തളാ— മുഞ്ച ദാവ മം. ഭൂഓ വി സഹീജണം അണുമാണഇസ്സം. [മുഞ്ച താവന്മാം. ഭൂയോഽപി സഖീജനമനുമാനയിഷ്യേ]

രാജാ— ഭവതു മോക്ഷ്യാമി.

ശകുന്തള— തോഴി! എനിക്കാരും തുണയില്ലല്ലോ. നിങ്ങളിലൊരാൾ പോയാൽ മതി.

ഇരുവരും— ഭൂമിക്കാകെ തുണയായ ആൾ നിന്റെയടുത്തുണ്ടല്ലോ. (പോയി)

ശകുന്തള— എന്തു്! രണ്ടാളും പോയോ?

രാജാവു്— ഒട്ടും പരിഭ്രമിക്കേണ്ട. നിന്നെ ആരാധിക്കാൻ സന്നദ്ധനായ ആൾ ഇതാ നിന്റെ അടുത്തുണ്ടു്.

തണുത്തു തളർച്ചപോക്കുന്ന താമരയിലകളാകുന്ന വിശറികൾകൊണ്ടു വീശി നല്ല കുളിർകാററു നടത്തിത്തരേണമോ? അല്ലെങ്കിൽ സുന്ദരി! ചെന്താമരത്തുടുപ്പാർന്ന നിന്റെ കാലുകൾ രണ്ടും മടിയിലെടുത്തുവെച്ചു സുഖമാംവണ്ണം തലോടിത്തരേണമോ? 18

ശകുന്തള— ബഹുമാനിക്കേണ്ടവരിൽ ഞാൻ അപരാധിനിയാവേണ്ട. (എഴുന്നേററു പോകുവാൻ ഭാവിക്കുന്നു)

രാജാവു്— സുന്ദരി! വെയിലാറിയിട്ടില്ല, നിന്റെ ദേഹസ്ഥിതി ഇത്തരത്തിലുമാണു്.

പൂമെത്ത വെടിഞ്ഞു താമരയിലകൾകൊണ്ടു മാറുമറച്ചു വല്ലായ്മ കൊണ്ടു വാടിത്തളർന്ന ശരീരവുമായി വെയിലത്തു നീ എങ്ങിനെ പോകും? 19

(ബലമായി അവളെ പിന്തിരിക്കുന്നു)

ശകുന്തള— പൌരവ! വിനയം രക്ഷിക്കണേ. കാമസന്തപ്തയാണെങ്കിലും ഞാൻ സ്വതന്ത്രയല്ല.

രാജാവു്— ഭീരു! ഗുരുജനത്തെപ്പററി പേടിക്കേണ്ട. ധർമ്മമറിയുന്ന തത്രഭവാൻ കുലപതി ഇതിൽ കററമൊന്നും കണ്ടെത്തില്ല. നോക്കു—

പല രാജർഷികന്യകമാരും ഗാന്ധർവ്വവിധിപ്രകാരം വേളി കഴിക്കപ്പെട്ടതായും പിതാക്കന്മാർ അവരെയെല്ലാം ആഭിനന്ദിച്ചതായും കേട്ടറിയുന്നുണ്ടു്. 20

ശകുന്തള— എന്നെ ഒന്നു വിടു. ഒരിക്കൽക്കൂടി സഖിമാരോടു ചോദിക്കട്ടെ.

രാജാവു്— ആട്ടെ, വിടാം.

ശകുന്തളാ— കദാ? [കദാ?]

രാജാ—

അപരിക്ഷതകോമളസ്യ യാവൽ
കുസുമസ്യേവ നവസ്യ ഷട്പദേന
അധരസ്യ പിപാസതാ മയാ തേ
സദയം സുന്ദരി! ഗൃഹ്യതേ രസോഽസ്യ. 21

(ഇതി മുഖമസ്യാഃ സമുന്നമയിതുമിച്ഛതി. ശകുന്തളാ പരിഹരതി നാട്യേന)

(നേപഥ്യേ)

ചക്കവാഅബഹൂഏ! ആമന്തേഹി സഹഅരം. ഉവട്ഠിആ രഅണീ. [ചക്രവാകവധുകേ! ആമന്ത്രയസ്വ സഹചരം. ഉപസ്ഥിതാ രജനീ]

ശകുന്തളാ— (സസംഭ്രമം) പോരവ! അസംസഅം, മെ സരീരവുത്തന്തോവലംഭസ്സ അജ്ജാഗോദമീ ഇദോ ഏവ്വ ആഅച്ഛദി. താ വിഡവന്തരിദോ ഹോഹി. [പൌരവ! അസംശയം മമ ശരീരവൃത്താന്തോപലംഭായാര്യാ ഗൌതമീത ഏവാഗച്ഛതി. തദ്വിടപാന്തരിതോ ഭവ]

രാജാ— തഥാ. (ഇത്യാത്മാനമാവൃത്യ തിഷ്ഠതി)

(തതഃ പ്രവിശതി പാത്രഹസ്താ ഗൌതമീ സഖ്യൌ ച)

സഖ്യൌ— ഇദോ ഇദോ അജ്ജാ ഗോദമീ. [ഇത ഇത ആര്യാ ഗൌതമീ]

ഗൌതമീ— (ശകുന്തളാമുപേത്യ) ജാദേ! അവി ലഹുസംദാവാഇ ദേ അംഗാഇം? [ജാതേ! അപി ലഘുസന്താപാനി തേഽംഗാനി?]

ശകുന്തളാ— അജ്ജേ! അത്ഥി മേ വിസേസോ [ആര്യേ! അസ്തി മേ വിശേഷഃ]

ഗൌതമീ— ഇമിണാ ദബ്ഭോദഏണ ണിരാബാധം ഏവ്വ ദേ സരീരം ഭവിസ്സദി. (ശിരസി ശകുന്തളാമഭ്യുക്ഷ്യ) വച്ഛേ! പരിണദോ ദിഅഹോ. ഏഹി. ഉഡജം ഏവ്വ ഗച്ഛമ്ഹ. [അനേന ദർഭോദകേന നിരാബാധമേവ തേ ശരീരം ഭവിഷ്യതി. വത്സേ! പരിണതോ ദിവസഃ. ഏഹി. ഉടജമേവ ഗച്ഛാമഃ]

(ഇതി പ്രസ്ഥിതാഃ)

ശകുന്തളാ— (ആത്മഗതം) ഹിഅഅ! പഢമം ഏവ്വ സുഹോവണദേ മണോരഹേ, കാദരഭാവം ണ മുഞ്ചസി. സാണുസഅവിഹഡിഅസ്സ കഹം ദേ സംപദം സന്ദാവോ? (പദാന്തരേ സ്ഥിത്വാ പ്രകാശം) ലദാവലഅ! സംദാവഹാരഅ! ആമന്തേമി തുമം ഭൂഓ വി പരിഭോഅസ്സ. [ഹൃദയ! പ്രഥമമേവ സുഖോപനതേ മനോരഥേ കാതരഭാവം ന മുഞ്ചസി. സാനുശയവിഘടിതസ്യ കഥം തേ സാമ്പ്രതം സന്താപഃ? ലതാവലയ! സന്താപഹാരക! ആമന്ത്രയേ ത്വാം ഭൂയോഽപി പരിഭോഗായ] (ഇതി ദുഃഖേന നിഷ്ക്രാന്താ ശകുന്തളാ സഹേതരാഭിഃ)

ശകുന്തള— എപ്പോഴ്?

രാജാവ്—

സുന്ദരി! പരിക്ക തട്ടാത്ത കോമളമായ പുതുപൂവിന്റെ രസം വണ്ടത്താനെന്നപോലെ, നിന്റെ ഈ അധരത്തിന്റെ രസം കൊതിക്കുന്ന ഞാൻ കനിവോടുകൂടി അതു നുകർന്നുകഴിഞ്ഞാലുടൻ. 21

(അവളുടെ മുഖം ഉയൎത്തുവാൻ ഭാവിക്കുന്നു. ശകുന്തള മുഖം തിരിക്കുന്നതായി നടിക്കുന്നു)

(അണിയറയിൽ)

ചക്രവാകപ്പെണ്ണേ! കൂട്ടുകാരനോടു വിട വാങ്ങിക്കോ. രാത്രിയിതാ എത്തിക്കഴിഞ്ഞു.

ശകുന്തള— (പരിഭ്രമത്തോടുകൂടി) പൌരവ! എന്റെ ദേഹസ്ഥിതി അറിയാൻ ഗൌതമിയമ്മ ഇങ്ങോട്ടു വരുന്നുണ്ടാവണം, തീർച്ച. അതിനാൽ മരപ്പരപ്പിന്റെ പിന്നിലേക്കു മറഞ്ഞുനിന്നോളൂ.

രാജാവ്— അങ്ങിനെയാവാം. (മറഞ്ഞുനില്ക്കുന്നു)

(അനന്തരം കയ്യിലൊരു പാത്രവുമായി ഗൌതമിയും സഖിമാർ രണ്ടുപേരും പ്രവേശിക്കുന്നു)

സഖിമാർ— ഗൌതമിയമ്മ ഇതിലേ, ഇതിലേ.

ഗൌതമി— (ശകുന്തളയുടെ അടുത്തുചെന്നു്) കുഞ്ഞേ! നിന്റെ ദേഹത്തിൽ ചൂടു കുറവുണ്ടോ?

ശകുന്തള— അമ്മേ! എനിയ്ക്കിപ്പോഴ് ഭേദമുണ്ടു്.

ഗൌതമി— ഈ ശാന്തിതീൎത്ഥംകൊണ്ടു നിന്റെ ശരീരത്തിന്റെ ഉപദ്രവമെല്ലാം തീരും. (ശകുന്തളയുടെ ശിരസ്സിൽ തളിച്ചിട്ടു്) കുഞ്ഞേ! പകൽ കഴിയാറായി. വരൂ, നമുക്കു പൎണ്ണശാലയിലേക്കുതന്നെ പോകാം.

(പുറപ്പെടുന്നു)

ശകുന്തള— (വിചാരം) ഹൃദയമേ! കൊതിച്ചതു് എളുപ്പത്തിൽ വന്നു കിട്ടിയപ്പോഴ് നീ പേടിച്ചു പരുങ്ങിനിന്നു. ഇപ്പോഴ് അതു കൈവിട്ടുപോകുന്ന പശ്ചാത്താപംകൊണ്ടെന്തു കാര്യം? (അല്പം നീങ്ങിനിന്നു വെളിവായി) സന്താപം തീർത്ത വള്ളിക്കുടിലേ! വീണ്ടും വന്നു സുഖിക്കാനായി, ഇപ്പോഴ് എനിക്കു വിട തരിക. (ദുഃഖത്തോടുകൂടി മററവരൊന്നിച്ചുപോയി)

രാജാ— (പൂർവ്വസ്ഥാനമുപേത്യ സനിഃശ്വാസം) അഹോ! വിഘ്നവത്യഃ പ്രാർത്ഥിതാർത്ഥസിദ്ധയഃ. മയാ ഹി—

മുഹുരംഗുലിസംവൃതാധരോഷ്ഠം
പ്രതിഷേധാക്ഷരവിക്ലബാഭിരാമം
മുഖമംസവിവർത്തി പക്ഷ്മളാക്ഷ്യാഃ
കഥമപ്യുന്നമിതം, ന ചുംബിതം തു. 22

കാ നു ഖലു സമ്പ്രതി ഗച്ഛാമി? അഥവാ ഇഹൈവ പ്രിയാപരിഭുക്തമുക്തേ ലതാവലയേ മുഹൂർത്തം സ്ഥാസ്യാമി. (സർവ്വതോഽവലോക്യ)

തസ്യാഃ പുഷ്പമയീ ശരീരലുളിതാ ശയ്യാ ശിലായാമിയം
ക്ലാന്തോ മന്മഥലേഖ ഏഷ നളിനീപത്രേ നഖൈരർപ്പിതഃ
ഹസ്താൽ ഭ്രഷ്ടമിദം ബിസാഭരണമിത്യാസജ്ജമാനേക്ഷണോ
നിർഗ്ഗന്തും സഹസാ ന വേതസഗൃഹാച്ഛക്നോമി ശൂന്യാദപി. 23

(ആകാശേ)

രാജൻ!

സായന്തനേ സവനകർമ്മണി സമ്പ്രവൃത്തേ
വേദിം ഹുതാശനവതീം പരിതഃ പ്രയസ്താഃ
ഛായാശ്ചരന്തി ബഹുധാ ഭയമാദധാനാഃ
സന്ധ്യാപയോദകപിശാഃ പിശിതാശനാനാം. 24

രാജാ— അയമയമാഗച്ഛാമി. (ഇതി നിഷ്ക്രാന്തഃ)

ഇതി തൃതീയോഽങ്കഃ

ചതുർത്ഥോഽങ്കഃ

പ്രവേശകഃ

(തതഃ പ്രവിശതഃ കുസുമാവചയം നാടയന്ത്യൌ സഖ്യൌ)

അനസൂയാ— ഹലാ പിഅംവദേ! ജഇ വി ഗന്ധവ്വേണ വിഹിണാ ണിവ്വുത്തകല്ലാണാ സഉന്ദലാ അണുരൂപഭത്തുഗാമിണീ സംവുത്തേത്തി ണിവ്വുദം മേ ഹിഅഅം, തഹ വി ഏത്തിഅം ചിന്തണിജ്ജം. [ഹലാ പ്രിയംവദേ! യദ്യപി ഗാന്ധർവ്വേണ വിധിനാ നിർവൃത്തകല്യാണാ ശകുന്തളാനുരൂപഭർത്തൃഗാമിനീ സംവൃത്തേതി നിർവ്വൃതം മേ ഹൃദയം, തഥാപ്യേതാവച്ചിന്തനീയം]

പ്രിയംവദാ— കഹം വിഅ? [കഥമിവ?]

രാജാവ്— (മുൻസ്ഥാനത്തുവന്നു നെടുവീർപ്പിട്ട്) കഷ്ടം! കൊതിച്ചതു കയ്യിൽ കിട്ടാറാകുമ്പോഴേക്ക് ഉണ്ടാകുന്ന തടസ്സങ്ങൾ! എനിയ്ക്കിപ്പോൾ—

വിരൽകൊണ്ടു ചുണ്ടു പൊത്തിപ്പിടിച്ചും 'അരുതേ അരുതേ' എന്നു ചന്തത്തിൽത്തടഞ്ഞും ചുമലിലേക്കു തിരിച്ച ആ പക്ഷ്മളാക്ഷിയുടെ മുഖം ഞെരുങ്ങിപ്പിടിച്ചു പൊക്കിയിട്ടും ചുംബിക്കാൻ പററിയില്ലല്ലോ. കഷ്ടം! 22

ഇനി ഞാൻ എങ്ങോട്ടു പോകേണ്ടു? അഥവാ ഓമലാൾ പെരുമാറി വിട്ടുപോയ ഈ വള്ളിക്കുടിലിൽത്തന്നെ തെല്ലിട ഇരിക്കാം. (എല്ലായിടത്തേക്കും നോക്കിയിട്ട്)

ഇതാ പാറപ്പുറത്ത് അവളുടെ ശരീരം തട്ടി അങ്ങുമിങ്ങും ചിതറിയ പൂമെത്ത, ഇതാ താമരയിലയിൽ അവൾ നഖംകൊണ്ടെഴുതി വാടിക്കുഴഞ്ഞ കാമലേഖനം, ഇതാ അവളുടെ കയ്യിന്മേൽ നിന്നൂരിവീണ താമരവളയക്കാപ്പ് എന്നിങ്ങനെ ഓരോന്നിലും കണ്ണുകൾ ചെന്നു പററിനില്ക്കയാൽ, ശൂന്യമാണെങ്കിലും ഈ ആററുവഞ്ഞിക്കുടിലിൽനിന്ന് ഉടനെ പുറത്തുകടക്കാൻ ഞാനാളല്ല. 23

(ആകാശത്തിൽ)

രാജാവേ!

വൈകുന്നേരത്തെ യജ്ഞകർമ്മം തുടങ്ങിയതോടെ തീയാളുന്ന വേദിക്കു ചുററുമായി അന്തിക്കാറുകൾപോലെ കരിന്തുടുപ്പാർന്ന രാക്ഷസന്മാരുടെ വലിയ നിഴലുകൾ പേടിപ്പിച്ചുകൊണ്ടു പലപാടു സഞ്ചരിക്കാൻ തുടങ്ങിയിരിക്കുന്നു. 24

രാജാവ്— ഇതാ, ഇതാ ഞാൻ വരുന്നു. (പോയി)

മൂന്നാമങ്കം കഴിഞ്ഞു

നാലാമങ്കം

പ്രവേശകം

(അനന്തരം പൂപറിക്കൽ അഭിനയിച്ചുംകൊണ്ടു രണ്ടു സഖിമാർ പ്രവേശിക്കുന്നു)

അനസൂയ— എടോ, പ്രിയംവദേ! ഗാന്ധർവ്വവിധിപ്രകാരം വേളി കഴിഞ്ഞു ശകുന്തള അനുരൂപനായ ഭർത്താവോടു ചേർന്നതിനാൽ എനിയ്ക്കാശ്വാസമായെങ്കിലും ഇതൊന്നു ചിന്തിക്കേണ്ടതായിട്ടുണ്ട്.

പ്രിയംവദ— എന്താണതു്?

അനസൂയാ— അജ്ജ സോ രാഏസീ ഇട്ഠിം പരിസമാവിഅ ഇസീഹിം വിസജ്ജിദാ അത്തണോ ണഅരം പവിസിഅ അന്തേഉരസമാഗദോ ഇദോഗദം വുത്തന്തം സുമരദി വാ ണ വേത്തി. [അദ്യ സ രാജർഷിരിഷ്ടിം പരിസമാപ്യ ഋഷിഭിർവിസജ്ജിത ആത്മനോ നഗരം പ്രവിശ്യാന്തഃപുരസമാഗത ഇതോഗതം വൃത്താന്തം സ്മരതി വാ ന വേതി]

പ്രിയംവദാ— വീസദ്ധാ ഹോഹി. ണ താദിസാ ആകിദിവിസേസാ ഗുണവിരോഹിണോ ഹോന്തി. താദോ ദാണീം ഇമം വുത്തന്തം സുണിഅ, ണ ജാണേ, കിം പഡിവജ്ജിസ്സദി ത്തി. [വിസ്രബ്ധാ ഭവ. ന താദൃശാ ആകൃതിവിശേഷാ ഗുണവിരോധിനോ ഭവന്തി. താത ഇദാനീമിമം വൃത്താന്തം ശ്രുത്വാ, ന ജാനേ, കിം പ്രതിപൽസ്യത ഇതി]

അനസൂയാ— ജഹ അഹം ദേക്ഖാമി, തഹ തസ്സ അണുമദം ഭവേ. [യഥാഹം പശ്യാമി തഥാ തസ്യാനുമതം ഭവേൽ]

പ്രിയംവദാ— കഹം വിഅ? [കഥമിവ?]

അനസൂയാ— ഗുണവദേ കണ്ണആ പഡിവാദണീജ്ജേത്തി അഅം ദാവ പഢമോ സങ്കപ്പോ. തം ജഇ ദേവ്വം ഏവ്വ സംപാദേദി, ണം അപ്പആസേണ കിദത്ഥോ ഗുരുഅണോ. [ഗുണവതേ കന്യകാ പ്രതിപാദനീയേത്യയം താവൽ പ്രഥമഃ സങ്കല്പഃ. തം യദി ദൈവമേവ സമ്പാദയതി, നന്വപ്രയാസേന കൃതാർത്ഥോ ഗുരുജനഃ]

പ്രിയംവദാ— (പുഷ്പഭാജനം വിലോക്യ) സഹി! അവഇദാഇം ബലികമ്മപജ്ജത്താഇം കുസുമാഇം. [സഖി! അവചിതാനി ബലികർമ്മപര്യാപ്താനി കുസുമാനി]

അനസൂയാ— ണം സഹീഏ സഉന്ദലാഏ സോഹഗ്ഗദേവദാ അച്ചണീആ. (നനു സഖ്യാഃ ശകുന്തളായാഃ സൌഭാഗ്യദേവതാർച്ചനീയാ)

പ്രിയംവദാ— ജുജ്ജദി. (യുജ്യതേ) [ഇതി തദേവ കർമ്മാരഭതേ]

(നേപഥ്യേ)

അയമഹം ഭോഃ!

അനസൂയാ— (കർണ്ണം ദത്വാ) സഹി! അദിഹീണം വിഅ ണിവേദിദം. [സഖി! അതിഥീനാമിവ നിവേദിതം]

പ്രിയംവദാ— ണം ഉഡജസംണിഹിദാ സഉന്ദലാ. (ആത്മഗതം) അജ്ജ ഉണ ഹിഅഏണ അസംണിഹിദാ. [നന്വുടജസന്നിഹിതാ ശകുന്തളാ. അദ്യ പുനർഹൃദയേനാസന്നിഹിതാ]

അനസൂയ— യാഗമവസാനിച്ച് ഋഷിമാർ വിട നൽകി തിരിച്ചുപോയ ആ രാജർഷി ഇന്നു സ്വന്തം നഗരത്തിലെത്തി അന്തഃപുരത്തിൽ ചെന്നുചേർന്നിട്ട് ഇവിടെവെച്ചു നടന്ന വൃത്താന്തം ഓർമ്മിക്കുന്നുണ്ടാവുമോ ഇല്ലയോ എന്ന്.

പ്രിയംവദ— വിശ്വസിച്ചോളൂ. അത്തരത്തിലുള്ള വിശിഷ്ടാകൃതികൾ ഗുണവിരോധികളാവില്ല. അച്ഛൻ ഇനി ഈ വിവരം കേട്ടാൽ എന്തു ചെയ്യുമെന്ന് എനിക്കറിഞ്ഞുകൂടാ.

അനസൂയ— അദ്ദേഹത്തിനു സമ്മതമാകുമെന്നാണ് ഞാൻ വിചാരിക്കുന്നത്.

പ്രിയംവദ— അതെങ്ങനെ?

അനസൂയ— അച്ഛന് ആദ്യമേയുള്ള വിചാരം, ഇവളെ ഗുണംതികഞ്ഞ ഒരാൾക്കു കൊടുക്കണമെന്നാണ്. വിധിതന്നെ അതു സാധിച്ചുകൊടുത്താൽ ഗുരുജനത്തിന്നു ബുദ്ധിമുട്ടുകൂടാതെ കൃതാർത്ഥത കൈവരുമല്ലോ.

പ്രിയംവദ— (പൂക്കൂടയിലേക്കു നോക്കി) സഖി! തേവാരത്തിനു വേണ്ടേടത്തോളം പൂവായിക്കഴിഞ്ഞു.

അനസൂയ— സഖി! ശകുന്തളക്കു സൌഭാഗ്യദേവതയെ അർച്ചിക്കണമല്ലോ.

പ്രിയംവദ— ശരിയാണ്. (അതേ കർമ്മം തുടരുന്നു)

(അണിയറയിൽ)

ഏയ്! ഇതാ ഞാൻ.

അനസൂയ— (ചെവിയോർത്ത്) അതിഥികളുടെ അറിയിപ്പുപോലെയിരിക്കുന്നു.

പ്രിയംവദ— ആശ്രമത്തിൽ ശകുന്തളയുണ്ടല്ലോ. (വിചാരം) പക്ഷെ ഇന്നു മനസ്സുകൊണ്ടവിടെയുണ്ടാവില്ല.

അനസൂയാ— ഹോദു. അലം ഏത്തിഏഹിം കുസുമേഹിം. [ഭവതു, അലമേതാവൽഭിഃ കുസുമൈഃ]

(ഉഭേ പ്രസ്ഥിതേ)

(നേപഥ്യേ)

ആഃ അതിഥിപരിഭാവിനി!

വിചിന്തയന്തീ യമനന്യമാനസാ
തപോധനം വേത്സി ന മാമുപസ്ഥിതം
സ്മരിഷ്യതി ത്വാം ന സ ബോധിതോഽപി സൻ
കഥാം പ്രമത്തഃ പ്രഥമം കൃതാമിവ. 1

പ്രിയംവദാ— ഹദ്ധീ ഹദ്ധീ! അപ്പിഅം ഏവ്വ സംവുത്തം. കസ്സിംപി പൂആരുഹേ അവരദ്ധാ സുണ്ണഹിഅആ സഉന്ദലാ. (പുരോഽവലോക്യ) ണ ഹു ജസ്സിം കസ്സിം പി. ഏസോ ദുവ്വാസോ സുലഹകോപോ മഹേസീ. തഹ സവിഅ വേഅബലുപ്ഫുല്ലാഏ ദുവ്വാരാഏ ഗഈഏ പഡിണിവുത്തോ. കോ അണ്ണോ ഹുദവഹാദോ ദഹിദും പഹവദി? [ഹാ ധിക് ഹാ ധിക്! അപ്രിയമേവ സംവൃത്തം, കസ്മിന്നപി പൂജാർഹേഽപരാദ്ധാ ശൂന്യഹൃദയാ ശകുന്തളാ. ന ഖലു യസ്മിൻകസ്മിന്നപി. ഏഷ ദുർവ്വാസാഃ സുലഭകോപോ മഹർഷിസ്തഥാ ശപ്ത്വാ വേഗബലോൽഫുല്ലയാ ദുർവ്വാരയാ ഗത്യാ പ്രതിനിവൃത്തഃ. കോഽന്യോ ഹുതവഹാദ്ദഗ്ധും പ്രഭവതി?]

അനസൂയാ— ഗച്ഛ, പാദേസു പണമിയ ണിവത്തേഹി ണം. ജാവ അഹം അഗ്ഘോദഅം ഉപകപ്പേമി. [ഗച്ഛ! പാദയോഃ പ്രണമ്യ നിവർത്തയൈനം. യാവദഹമർഘോദകമുപകല്പയാമി]

പ്രിയംവദാ— തഹ. [തഥാ] (ഇതി നിഷ്ക്രാന്താ)

അനസൂയാ— (പദാന്തരേ സ്ഖലിതം നിരൂപ്യ) അമ്മോ! ആവേഅക്ഖലിദാഏ ഗഈഏ പബ്ഭട്ടം മേ അഗ്ഗഹത്ഥാദോ പുപ്ഫഭാഅണം. [അഹോ! ആവേഗസ്ഖലിതയാ ഗത്യാ പ്രഭ്രഷ്ടം മമാഗ്രഹസ്താൽ പുഷ്പഭാജനം] (ഇതി പുഷ്പോച്ചയം രൂപയതി)

(പ്രവിശ്യ)

പ്രിയംവദാ— സഹി! പകിദിവക്കോ സോ കസ്സ അണുണഅം പഡിഗേണ്ഹദി? കിംവി ഉണ സാണുക്കോസോ കിദോ. [സഖീ! പ്രകൃതിവക്രഃ സ കസ്യാനുനയം പ്രതിഗൃഹ്ണാതി? കിമപി പുനഃ സാനുക്രോശഃ കൃതഃ]

അനസൂയാ— (സസ്മിതം) തസ്സിം ബഹു ഏദം പി. കഹേഹി കഹേഹി. [തസ്മിൻ ബഹ്വേതദപി. കഥയ കഥയ]

അനസൂയ— ആട്ടെ! പൂവിപ്പോൾ ഇത്ര മതി.

(ഇരുവരും പുറപ്പെടുന്നു)

(അണിയറയിൽ)

ആഹ! അതിഥികളെ അവഗണിക്കുന്നവളേ!

നീ മറ്റൊന്നും മനസ്സിരുത്താതെ ആരെ ഓർത്തിരുന്നിട്ടാണോ തപോ-
നിധിയായ ഞാൻ വന്നുനിൽക്കുന്നതറിയാഞ്ഞതു്, അയാൾ, തന്റേടം
വിട്ടവൻ ആദ്യം പറഞ്ഞുവെച്ചതിനെ എന്നപോലെ ഓർമ്മിപ്പിച്ചാലും
നിന്നെ ഓർമ്മിക്കാതെ പോകട്ടെ. 1

പ്രിയംവദ— കഷ്ടം കഷ്ടം! അപകടം പറ്റിപ്പോയല്ലോ. പൂജാർഹനായ ആരുടെയോ നേർക്കു് അപരാധം ചെയ്തിരിക്കുന്നു, ശൂന്യഹൃദയയായ ശകുന്തള. (മുന്നിലേക്കു നോക്കി) വല്ലോരുടെയും നേർക്കൊന്നുമല്ല, ഇതാ വലിയ ശുണ്ഠിക്കാരനായ ദുർവ്വാസാവുമഹർഷി ആ ശാപവും കഴിച്ചു് ഉറഞ്ഞു തുള്ളിയുംകൊണ്ടു തടുക്കാനാവാത്തമട്ടിൽ കടന്നുപോകുന്നു. തീയിനല്ലാതെ പൊള്ളിക്കാൻ കഴിയുമോ?

അനസൂയ— ചെല്ലൂ, കാലു പിടിച്ചപേക്ഷിച്ചു കൂട്ടിക്കൊണ്ടുവരൂ. അപ്പോഴേയ്ക്കു ഞാൻ അർഘ്യം തയ്യാറാക്കാം.

പ്രിയംവദ— ശരി. (പോയി)

അനസൂയ— (നടക്കുമ്പോൾ തട്ടിത്തടഞ്ഞതായി നടിച്ചു്) അയ്യോ! പരിഭ്രമിച്ചു കാലിടറി പൂക്കൂട എന്റെ കൈയ്യിൽനിന്നു വീണുപോയല്ലോ. (പൂ പെറുക്കിയെടുക്കുന്നതായി നടിക്കുന്നു)

(പ്രവേശിച്ചു്)

പ്രിയംവദ— സഖി! സ്വതവേതന്നെ വക്രഗതിക്കാരനായ അദ്ദേഹമുണ്ടോ വല്ലവരുടേയും സാന്ത്വനം കേൾക്കുന്നു? പിന്നെ കുറഞ്ഞൊരനുകമ്പയുണ്ടാക്കി.

അനസൂയ— (പുഞ്ചിരിയോടെ) അദ്ദേഹത്തിൽ അതും വളരെ ഉണ്ടല്ലോ. പറയൂ പറയൂ.

പ്രിയംവദാ— ജദാ ണിവത്തിദും ണ ഇച്ഛദി, തദാ വിണ്ണവിദോ മഏ—'ഭഅവം! പഢമം ത്തി പേക്ഖിഅ അവിണ്ണാദതവപ്പഹാവസ്സ ദുഹിദുജണസ്സ ഭവദാ ഏക്കോ അവരാഹോ മരിസിദവ്വോ' ത്തി. [യദാ നിവർത്തിതും നേച്ഛതി, തദാ വിജ്ഞാപിതോ മയാ—'ഭഗവൻ! പ്രഥമം ഇതി പ്രേക്ഷ്യ അവിജ്ഞാതതപഃപ്രഭാവസ്യ ദുഹിതൃജനസ്യ ഭഗവതൈകോഽപരാധോ മർഷയിതവ്യ' ഇതി]

അനസൂയാ— തദോ തദോ? [തതസ്തതഃ?]

പ്രിയംവദാ— തദോ 'ണ മേ വഅണം അണ്ണഹാ ഭവിദും അരിഹദി. കിന്തു അഹിണ്ണാണാഭരണദംസണേണ സാബോ ണിവത്തിസ്സദി'ത്തി മന്തഅന്തോ സഅം അന്തരിഹിദോ. [തതോ 'ന മേ വചനമന്യഥാ ഭവിതുമർഹതി. കിംത്വഭിജ്ഞാനാഭരണദർശനേന ശാപോ നിവർത്തിഷ്യതേ' ഇതി മന്ത്രയൻ സ്വയമന്തർഹിതഃ]

അനസൂയാ— സക്കം ദാണിം അസ്സസിദും. അത്ഥി തേണ രാഏസിണാ സംപത്ഥിദേണ സണാമഹേഅങ്കിഅം അംഗുലീഅഅം സുമരണീഅം ത്തി സഅം പിണദ്ധം. തസ്സിം സാഹീണോബാആ സഉന്ദലാ ഭവിസ്സദി. [ശക്യമിദാനീമാശ്വസിതും. അസ്തി തേന രാജർഷിണാ സംപ്രസ്ഥിതേന സ്വനാമധേയാങ്കിതമംഗുലീയകം സ്മരണീയമിതി സ്വയം പിനദ്ധം. തസ്മിൻ സ്വാധീനോപായാ ശകുന്തളാ ഭവിഷ്യതി]

പ്രിയംവദാ— സഹി! ഏഹി. ദേവകജ്ജം ദാവ ണിവ്വത്തേഹ്മ. [സഖി! ഏഹി. ദേവകാര്യം താവൽ നിർവർത്തയാവഃ]

(ഇതി പരിക്രാമതഃ)

പ്രിയംവദാ— (വിലോക്യ) അണസൂഏ! പേക്ഖ ദാവ. വാമഹത്ഥോവഹിദവഅണാ ആലിഹിദാ വിഅ പിഅസഹീ. ഭത്തുഗദാഏ ചിന്താഏ അത്താണം പി ണ ഏസാ വിഭാവേദി. കിം ഉണ ആഅന്തുഅം? [അനസൂയേ! പശ്യ താവൽ. വാമഹസ്തോപഹിതവദനാലിഖിതേവ പ്രിയസഖീ. ഭർത്തൃഗതയാ ചിന്തയാത്മാനമപി നൈഷാ വിഭാവയതി. കിം പുനരാഗന്തുകം?]

അനസൂയാ— പിഅംവദേ! ദുവേണം ഏവ്വ ണം ണോ മുഹേ ഏസോ വുത്തന്തോ ചിട്ഠദു. രക്ഖിദവ്വാ ക്ഖു പകിദിപേലവാ പിഅസഹീ. [പ്രിയംവദേ! ദ്വയോരേവ നനു നൗ മുഖ ഏഷ വൃത്താന്തസ്തിഷ്ഠതു. രക്ഷിതവ്യാ ഖലു പ്രകൃതിപേലവാ പ്രിയസഖീ]

പ്രിയംവദ— സാന്ത്വനംകൊണ്ടു തിരിച്ചുപോരാൻ കൂട്ടാക്കില്ലെന്നായപ്പോൾ ഞാൻ അറിയിച്ചു— 'തപോവൈഭവമറിയാത്ത ഈ മകളുടെ ഒരു അപരാധത്തെ, ആദ്യത്തേതാണെന്നോർത്തു പൊറുത്തരുളണേ' എന്നു്.

അനസൂയ— എന്നിട്ടോ?

പ്രിയംവദ— അപ്പോൾ 'എന്റെ വാക്കു മറിച്ചാവാൻ പാടില്ല, എന്നാൽ അടയാളമായി ഒരാഭരണം കണ്ടാൽ ശാപം ഒഴിഞ്ഞുകൊള്ളും' എന്നു പിറുപിറുത്തുകൊണ്ടു പോയി മറഞ്ഞു.

അനസൂയ— എന്നാൽ സമാധാനത്തിനു വഴിയുണ്ടു്. ആ രാജർഷി യാത്ര പുറപ്പെട്ടപ്പോൾ ഓർമ്മയ്ക്കാണെന്നും പറഞ്ഞു സ്വന്തം പേരുള്ള മോതിരം താൻതന്നെ ഇടുവിച്ചിട്ടുണ്ടല്ലോ. അതുകൊണ്ടു ശകുന്തളയ്ക്കു ഉപായം കയ്യിൽത്തന്നെയുണ്ടു്.

പ്രിയംവദ— സഖി! വരു, തേവാരം കഴിപ്പിക്കാം.

(രണ്ടുപേരും ചുററിനടക്കുന്നു)

പ്രിയംവദ— (നോക്കിയിട്ടു്) അനസൂയേ! നോക്കു. ഇടത്തെ കൈപ്പടത്തിൽ മുഖവും ചായ്ച്ചു ശകുന്തള ഇതാ ചിത്രത്തിലെഴുതിയപോലെ ഇരിക്കുന്നു. ഭർത്താവിനെപ്പററിയുള്ള ചിന്തയിലാണ്ടിരിക്കുന്ന ഇവൾ ഇവളെത്തന്നെ അറിയുന്നില്ല. പിന്നെയുണ്ടോ അതിഥിയെ?

അനസൂയ— പ്രിയംവദേ! ഈ വൃത്താന്തം നമ്മൾ രണ്ടുപേരുടെമാത്രം വം വായിലിരുന്നാൽ മതി. കോമളപ്രകൃതിയായ പ്രിയസഖിയെ രക്ഷിക്കണമല്ലോ.

പ്രിയംവദാ— കോ ണാമ ഉണ്ഹോദഏണ ണോമാലിഅം സിഞ്ചേദി? [കോ നാമോഷ്ണോദകേന നവമാലികാം സിഞ്ചതി?]

(ഇതി നിഷ്ക്രാന്തേ)

ഇതി പ്രവേശകഃ

(തതഃ പ്രവിശതി സുപ്തോത്ഥിതഃ ശിഷ്യഃ)

ശിഷ്യഃ— വേലോപലക്ഷണാർത്ഥമാദിഷ്ടോഽസ്മി തത്രഭവതാ പ്രവാസാദുപാവൃത്തേന കാശ്യപേന. പ്രകാശം നിർഗ്ഗതസ്താവദവലോകയാമി, കിയദവശിഷ്ടം രജന്യാ ഇതി. (പരിക്രമ്യാവലോക്യ ച) ഹന്ത! പ്രഭാതം. തഥാ ഹി—

യാത്യേകതോഽസ്തശിഖരം പതിരോഷധീനാ—
മാവിഷ്കൃതാരുണപുരഃസര ഏകതോഽർക്കഃ
തേജോദ്വയസ്യ യുഗപദ്വ്യസനോദയാഭ്യാം
ലോകോ നിയമ്യത ഇവാത്മദശാന്തരേഷു. 2

അപി ച—

അന്തർഹിതേ ശശിനി സൈവ കുമുദ്വതീ മേ
ദൃഷ്ടിം ന നന്ദയതി സംസ്മരണീയശോഭാ
ഇഷ്ടപ്രവാസജനിതാന്യബലാജനസ്യ
ദുഃഖാനി നൂനമതിമാത്രസുദുസ്സഹാനി. 3

(പ്രവിശ്യാപടാക്ഷേപേണ)

അനസൂയാ— എവ്വം അ ണാമ, വിസഅപരമ്മുഹസ്സ വി ജണസ്സ ഏദം ണ വിദിഅം. സവ്വഹാ തേണ രണ്ണാ സഉന്ദളാഏ അണജ്ജം ആഅരിദം. [ഏവം ച നാമ, വിഷയപരാങ്മുഖസ്യാപി ജനസ്യൈതന്ന വിദിതം. സർവ്വഥാ തേന രാജ്ഞാ ശകുന്തളായാമനാര്യ്യമാചരിതം]

ശിഷ്യഃ— യാവദുപസ്ഥിതാം ഹോമവേലാം ഗുരവേ നിവേദയാമി. (ഇതി നിഷ്ക്രാന്തഃ)

അനസൂയാ— പഡിബുദ്ധാ വി കിം കരിസ്സം? ണ മേ ഉഇദേസു വി ണിഅകരണിജ്ജേസു ഹത്ഥപാആ പസരന്തി. കാമോ ദാണിം സകാമോ ഹോദു. ജേണ അസച്ചസന്ധേ ജണേ സുദ്ധഹിഅആ സഹീ പദം കാരിദാ. അഹവാ ദുവ്വാസസോ കോവ ഏസോ വിആരേദി. അണ്ണഹാ കഹം സോ രാഏസീ താരിസാണി മന്തിഅ ഏത്തിഅസ്സ കാലസ്സ ലേഹമേത്തം വി ണ വിസജ്ജേദി. താ ഇദോ അഹിണ്ണാണം അംഗുലിഅഅം സേ വിസജ്ജേമ. ദുക്ഖസീലേ തവസ്സിജണേ കോ അബ്ഭത്ഥീഅദു. ണ സഹീഗാമീ ദോസോ ത്തി വ

പ്രിയംവദ— ആരെങ്കിലും കാഞ്ഞവെള്ളംകൊണ്ടു ചെറുപിച്ചിച്ചെടി നനയ്ക്കുമോ?

(ഇരുവരും പോയി)

പ്രവേശകം കഴിഞ്ഞു

(അനന്തരം ഉണർന്നെണീററ ശിഷ്യൻ പ്രവേശിക്കുന്നു)

ശിഷ്യൻ— ദൂരയാത്രകഴിഞ്ഞു തിരിച്ചെത്തിയ ഭഗവാൻ കാശ്യപൻ നേരം നോക്കുവാൻ എന്നെ ഏൽപ്പിച്ചിരിക്കുന്നു. അതിനാൽ പുറത്തുചെന്നു പുലരാൻ ഇനി എത്രയുണ്ടെന്നു നോക്കട്ടെ. (ചുററിനടന്നു നോക്കിയിട്ടു്) ഓഹോ! പ്രഭാതമായി. എന്തെന്നാൽ—

ഒരുവശത്തു് ഓഷധീശൻ അസ്തപർവ്വതകൊടുമുടിയിലേക്കു ചായുന്നു. ഒരു വശത്തു അരുണനെ മുന്നിൽ അകമ്പടി സേവിപ്പിക്കുന്ന സൂര്യൻ തെളിഞ്ഞുദിക്കുന്നു. രണ്ടു തേജസ്സുകൾക്കു് ഒപ്പമുണ്ടാകുന്ന ഈ ആപത്തും അഭ്യുദയവും ലോകർക്കു തങ്ങളുടെ ദശാഭേദങ്ങളിൽ പതർച്ച ഇല്ലാതാക്കിത്തീർക്കുന്നു. 2

മാത്രമല്ല—

ചന്ദ്രൻ മറഞ്ഞുകഴിഞ്ഞപ്പോൾ അതേ ആമ്പൽതന്നെ മുൻശോഭ മങ്ങി കണ്ണിനു കൌതുകമുണ്ടാക്കാത്തതായിത്തീർന്നുവല്ലോ. ഇഷ്ടജനത്തിന്റെ ദൂരശേദവാസംനിമിത്തം അബമാർക്കുണ്ടാകുന്ന ദുഃഖങ്ങൾ അതിമാത്രം ദുസ്സഹങ്ങൾ തന്നെയാണു്. 3

(തിരക്കൂടാതെ പ്രവേശിച്ചു്)

അനസൂയ— ഇങ്ങനെയുമായി. വിഷയവിമുഖരായവർക്കും ഇതു് അറിയാം. ഏതായാലും ആ രാജാവു ശകുന്തളയോടു കാണിച്ചതു മര്യാദകേടാണു്.

ശിഷ്യൻ— ഹോമത്തിനു സമയമായെന്നു ഗുരുവിനെ ചെന്നറിയിക്കട്ടെ. (പോയി)

അനസൂയ— ഉണർന്നുവെങ്കിലും ഞാനെന്തു കാട്ടും? വേണ്ടുന്ന പണിയെടുക്കാൻ എന്റെ കയ്യും കാലും പ്രസരിക്കുന്നില്ല. കാമദേവനു സന്തോഷമാവട്ടെ, ആ കാമനാണല്ലോ ശുദ്ധയായ സഖിയെ ഇങ്ങിനെ നെറികെട്ട ഒരാളിൽ കൊണ്ടുവന്നു ചാടിച്ചതു്. അഥവാ ദുർവ്വാസാവിന്റെ കോപമാണു് ഇതെല്ലാം വരുത്തിവെച്ചതു്. അല്ലെങ്കിൽ ആ രാജർഷി അമ്മാതിരിയെല്ലാം പറഞ്ഞുപോയതിനുശേഷം ഇത്രയും കാലത്തിനകം ഒരെഴുത്തെങ്കിലും അയയ്ക്കാതിരിക്കുമോ? അഭിജ്ഞാനമായ അംഗു

വസിദാ വി ണ പാരേമി പവാസപഡിണിഉത്തസ്സ താദകസ്സവസ്സ ദുസ്സന്തപരിണീദം ആവണ്ണസത്തം സഉന്ദളം ണിവേദിദും. ഇത്ഥം ഗഏ അമ്ഹേഹിം കിം കരണിജ്ജം? [പ്രതിബുദ്ധാപി കിം കരിഷ്യേ? ന മേ ഉചിതേഷ്വപി നിജകാര്യേഷു ഹസ്തപാദം പ്രസരതി. കാമ ഇദാനീം സകാമോ ഭവതു. യേനാസത്യസന്ധേ ജനേ ശുദ്ധഹൃദയാ സഖീ പദം കാരിതാ. അഥവാ ദുർവ്വാസസഃ കോപ ഏഷ വികാരയതി. അന്യഥാ കഥം സ രാജർഷിസ്താദൃശാനി മന്ത്രയിത്വാ ഏതാവതഃ കാലസ്യ ലേഖമാത്രമപി ന വിസൃജതി. തദിതോഽഭിജ്ഞാനമംഗുലീയകം തസ്യ വിസൃജാമഃ. ദുഃഖശീലേ തപസ്വിജനേ കോഽഭ്യർത്ഥ്യതാം. ന സഖീഗാമീ ദോഷ ഇതി വ്യവസിതാപി ന പാരയാമി പ്രവാസപ്രതിനിവൃത്തായ താതകാശ്യപായ ദുഷ്യന്തപരിണീതാമാപന്നസത്ത്വാം ശകുന്തളാം നിവേദയിതും. ഇത്ഥം ഗതേഽസ്മാഭിഃ കിം കരണീയം?]

(പ്രവിശ്യ)

പ്രിയംവദാ— (സഹർഷം) സഹി! തുവര തുവര സഉന്ദളാഏ പത്ഥാണകോദുഅം ണിവ്വത്തിദും. [സഖി! ത്വരസ്വ ത്വരസ്വ ശകുന്തളായാഃ പ്രസ്ഥാനകൌതുകം നിർവർത്തയിതും]

അനസൂയാ— സഹി! കഹം ഏദം? [സഖി! കഥമേതൽ?]

പ്രിയംവദാ— സുണാഹി. ദാണിം സുഹസഇദപുച്ഛിആ സഉന്ദളാസആസം ഗദമ്ഹി. [ശൃണു. ഇദാനീം സുഖശയിതപൃച്ഛികാ ശകുന്തളാസകാശം ഗതാസ്മി]

അനസൂയാ— തദോ തദോ? [തതസ്തതഃ?]

പ്രിയംവദാ— ദാവ ണം ലജ്ജാവണദമുഹിം പരിസ്സജിഅ താദകസ്സവേണ ഏവ്വം അഹിണന്ദിദം— 'ദിട്ഠിആ ധൂമാഉലിദദിട്ഠിണോ വി യജമാണസ്സ പാഅഏ ഏവ്വ ആഹുദി പഡിദാ. വച്ഛേ! സുസിസ്സപരിദിണ്ണാ വിജ്ജാ വിഅ അസോഅണിജ്ജാസി സംവുത്താ. അജ്ജ ഏവ്വ ഇസിരക്ഖിദം തുമം ഭത്തുണോ സആസം വിസജ്ജേമി' ത്തി. [താവദേനാം ലജ്ജാവനതമുഖീം പരിഷ്വജ്യ താതകാശ്യപേനൈവമഭിനന്ദിതം— 'ദിഷ്ട്യാ ധൂമാകുലിതദൃഷ്ടേരപി യജമാനസ്യ പാവക ഏവാഹുതിഃ പതിതാ. വത്സേ! സുശിഷ്യപരിദത്താ വിദ്യേവാശോചനീയാസി സംവൃത്താ, അദ്യൈവ ഋഷിരക്ഷിതാം ത്വാം ഭർത്തുഃ സകാശം വിസർജ്ജയാമി' ഇതി]

അനസൂയാ— അഹ കേണ സൂഇദോ താദകസ്സവസ്സ വുത്തന്തോ? [അഥ കേന സൂചിതസ്താതകാശ്യപായ വൃത്താന്തഃ?]

ലീയകം അദ്ദേഹത്തിന്നയച്ചുകൊടുത്തേക്കാം. കഷ്ടപ്പെട്ടുകഴിയുന്ന താപസന്മാരിൽ ആരോടാണപേക്ഷിക്കേണ്ടതു്? സഖിയുടെ കുററമല്ലെന്നു ഉറപ്പുണ്ടെങ്കിലും ദൂരദേശവാസംകഴിഞ്ഞു തിരിച്ചെത്തിയ താതകാശ്യപനോടു്, ശകുന്തളയെ ദുഷ്യന്തൻ പരിഗ്രഹിച്ചെന്നും ഗർഭമുണ്ടെന്നും അറിയിക്കാൻ ഞാൻ ആളല്ല. ഇങ്ങിനെയെല്ലാമിരിക്കെ ഞാൻ എന്താണു് ചെയ്യേണ്ടതു്?

(പ്രവേശിച്ചു്)

പ്രിയംവദ— (സന്തോഷത്തോടുകൂടി) സഖി! പുറപ്പെടൂ പുറപ്പെടൂ, ശകുന്തളയ്ക്കു യാത്രാമംഗളമൊരുക്കാൻ.

അനസൂയ— തോഴി! ഇതെങ്ങനെ?

പ്രിയംവദ— കേട്ടോളൂ. ഉറക്കം സുഖമായില്ലേ എന്നു ചോദിക്കാൻ ഞാൻ ഇപ്പോൾ ശകുന്തളയുടെ അടുത്തുചെന്നു.

അനസൂയ— എന്നിട്ടു്?

പ്രിയംവദ— അപ്പോൾ നാണിച്ചു തലകുനിച്ചുനിൽക്കുന്ന അവളെ പുണർന്നുകൊണ്ടു താതകാശ്യപൻ ഇങ്ങനെ അഭിനന്ദിക്കുകയായിരുന്നു. 'പുകയാൽ കണ്ണുകാണാതിരുന്നിട്ടും ഹോതാവിന്റെ ആഹുതി ഭാഗ്യത്താൽ അഗ്നിയിൽത്തന്നെ വീണു. കുഞ്ഞേ! നല്ലശിഷ്യനു് ഉപദേശിച്ച വിദ്യയെച്ചൊല്ലി എന്നപോലെ നിന്നെച്ചൊല്ലി എനിക്കിനി വ്യസനിക്കാനില്ല. ഇന്നുതന്നെ, ഞാൻ ഋഷിമാരെക്കൂട്ടി നിന്നെ ഭർത്താവിന്റെ സമീപത്തേയ്ക്കയയ്ക്കാം' എന്നു്.

അനസൂയ— അപ്പോൾ ആരാണീ കഥ താതകാശ്യപനോടു പറഞ്ഞതു്?

പ്രിയംവദാ— അഗ്ഗിസരണം പവിട്ടസ്സ സരീരം വിണാ ഛന്ദോമഈഏ വാണിആഏ. [അഗ്നിശരണം പ്രവിഷ്ടസ്യ ശരീരം വിനാ ഛന്ദോമയ്യാ വാണ്യാ]

അനസൂയാ— (സവിസ്മയം) കഹം വിഅ? [കഥമിവ?]

പ്രിയംവദാ— (സംസ്കൃതമാശ്രിത്യ)

'ദുഷ്യന്തേനാഹിതം തേജോ ദധാനാം ഭൂതയേ ഭുവഃ
അവേഹി തനയാം ബ്രഹ്മന്നഗ്നിഗർഭാം ശമീമിവ.' 4

അനസൂയാ— (പ്രിയംവദാമാശ്ലിഷ്യ) സഹി! പിഅം മേ. കിന്ദു അജ്ജ ഏവ്വ സഉന്ദലാ ണീഅദി ത്തി ഉക്കണ്ഠാസാഹാരണം പരിതോസം അണുഹോമി. [സഖി! പ്രിയം മേ. കിന്ത്വദ്യൈവ ശകുന്തളാ നീയത ഇത്യുൽകണ്ഠാസാധാരണം പരിതോഷമനുഭവാമി]

പ്രിയംവദാ— സഹി! വഅം ദാവ ഉക്കണ്ഠം വിണോദഇസ്സാമോ. സാ തവസ്സിണീ ണിവ്വുദാ ഹോദു. [സഖി! ആവാം താവദുൽകണ്ഠാം വിനോദയിഷ്യാവഃ. സാ തപസ്വിനീ നിർവ്വൃതാ ഭവതു]

അനസൂയാ— തേണ ഹി, ഏദസ്സിം ചൂദസാഹാവലംബിദേണാലിഏരസമുഗ്ഗഏ തണ്ണിമിത്തം ഏവ്വ കാലന്തരക്ഖമാണിക്ഖിത്താ മഏ കേസരമാലിആ. താ ഇമം ഹത്ഥസണ്ണിഹിദം കരേഹി, ജാവ അഹം പി സേ മിഅലോഅണം തിത്ഥമിത്തിഅം ദുവ്വാകിസലആണി ത്തി മംഗളസമാലംഭണാണി വിരഏമി. [തേന ഹ്യേതസ്മിംശ്ചൂതശാഖാവലംബിതേ നാളികേരസമുൽഗക ഏതന്നിമിത്തമേവ കാലാന്തരക്ഷമാ നിക്ഷിപ്താ മയാ കേസരമാലികാ. തദിമാം ഹസ്തസന്നിഹിതാം കുരു. യാവദഹമപി തസ്യൈ മൃഗരോചനാം തീർത്ഥമൃത്തികാം ദൂർവ്വാകിസലയാനീതി മംഗളസമാലംഭനാനി വിരചയാമി]

പ്രിയംവദാ— തഹ കരീഅദു. [തഥാ ക്രിയതാം]

(അനസൂയാ നിഷ്ക്രാന്താ. പ്രിയംവദാ നാട്യേന സുമനോഭാജനം ഗൃഹ്ണാതി)

(നേപഥ്യേ)

'ഗൌതമി! ആദിശ്യന്താം ശാർങ്ഗരവമിശ്രാഃ ശകുന്തളാനയനായ.'

പ്രിയംവദാ— (കർണ്ണം ദത്വാ) അനസൂഏ! തുവര തുവര. ഏദേ ക്ഖു ഹത്ഥിണാഉരഗാമിണോ ഇസീദാ സദ്ദാവീഅന്തി. [അനസൂയേ! ത്വരസ്വ ത്വരസ്വ. ഏതേ ഖലു ഹസ്തിനാപുരഗാമിന ഋഷയഃ ശബ്ദാപയന്തേ]

(പ്രവിശ്യ സമാലംഭനഹസ്താ)

പ്രിയംവദ— അഗ്നിശാലയിൽച്ചെന്നപ്പോൾ ഛന്ദോരൂപത്തിലുള്ള അശരീരിയായ ഒരു വാക്ക്.

അനസൂയ— (അത്ഭുതത്തോടുകൂടി) എന്താണത്?

പ്രിയംവദ— (സംസ്കൃതമാശ്രയിച്ച്)

'ഹേ ബ്രഹ്മൻ! ദുഷ്യന്തൻ ആധാനംചെയ്ത തേജസ്സുൾക്കൊള്ളുന്ന മകൾ, അഗ്നിയുൾക്കൊള്ളുന്ന ശമീലതയെന്നപോലെ ഭൂമിയുടെ ശ്രേയസ്സിന്നായി ഭവിക്കുമെന്നു അങ്ങു മനസ്സിലാക്കിയാലും.' 4

അനസൂയ— (പ്രിയംവദയെ കെട്ടിപ്പിടിച്ച്) സഖി! എനിക്കു സന്തോഷമായി. എന്നാൽ ഇന്നുതന്നെ ശകുന്തളയെ കൊണ്ടുപോകുന്നല്ലോ എന്ന് ഉൽക്കണ്ഠ കലർന്ന സന്തോഷമാണത്.

പ്രിയംവദ— സഖി! നമ്മുടെ ഉൽക്കണ്ഠയൊക്കെ തീർക്കാം. ആ പാവത്തിന്ന് ഒരാശ്വാസമാകട്ടെ.

അനസൂയ— എന്നാൽ, ഈ മാവിൻകൊമ്പത്തു തൂക്കിയ ചിരട്ടച്ചെപ്പിൽ പഴക്കംതട്ടാത്ത ഒരിലഞ്ഞിപ്പൂമാല അവൾക്കുവേണ്ടി ഞാൻ കരുതിവെച്ചിട്ടുണ്ട്. അതെടുത്തു കയ്യിൽവെച്ചോളൂ. അപ്പോഴേക്കും ഞാൻ പോയി അവൾക്കു ഗോരോചനം, തീർത്ഥമണ്ണ്, കറുകനാക്ക് എന്നീ മംഗളാലങ്കാരങ്ങൾ ഒരുക്കാം.

പ്രിയംവദ— അങ്ങിനെ ചെയ്തോളൂ.

(അനസൂയ പോയി. പ്രിയംവദ പൂച്ചെപ്പ് എടുക്കുന്നതായി നടിക്കുന്നു)

(അണിയറയിൽ)

'അല്ലയോ ഗൌതമി! ശാർങ്ഗരവൻ മുതലായവരോടു ശകുന്തളയെ കൂട്ടി പുറപ്പെടുവാൻ പറയൂ.'

പ്രിയംവദ— (ചെവിയോർത്ത്) അനസൂയേ! വേഗമാവട്ടെ വേഗമാവട്ടെ. ഇതാ ഹസ്തിനാപുരത്തേയ്ക്കു പോകാനുള്ള ഋഷിമാരെ വിളിയ്ക്കുന്നു.

(കയ്യിൽ അലങ്കാരവസ്തുക്കളുമായി പ്രവേശിച്ച്)

അനസൂയാ— സഹി! ഏഹി, ഗച്ഛമ്ഹ. [സഖി! ഏഹി, ഗച്ഛാവഃ]

(ഇതി പരിക്രാമതഃ)

പ്രിയംവദാ— (വിലോക്യ) ഏസാ സുജ്ജോദഏ എവ്വ സിഹാമജ്ജിദാ പഡിച്ഛിദണീവാരഹത്ഥാഹിം സോത്ഥിവാഅണികാഹിം താവസീഹിം അഹിണന്ദിഅമാണാ സഉന്ദലാ ചിട്ഠഇ. ഉവസപ്പമ്ഹ ണം. [ഏഷാ സൂര്യ്യോദയ ഏവ ശിഖാമജ്ജിതാ പ്രതീഷ്ടനീവാരഹസ്താഭിഃ സ്വസ്തിവാചനികാഭിസ്താപസീഭിരഭിനന്ദ്യമാനാ ശകുന്തളാ തിഷ്ഠതി. ഉപസപ്പാവ ഏനാം]

(ഇത്യുപസർപ്പതഃ)

(തതഃ പ്രവിശതി യഥോദ്ദിഷ്ടവ്യാപാരാസനസ്ഥാ ശകുന്തളാ)

താപസീനാമന്യതമാ— (ശകുന്തളാം പ്രതി) ജാദേ! ഭത്തുണോ ബഹുമാണസൂഅഅം മഹാദേഈസദ്ദം ലഹേഹി. [ജാതേ! ഭർത്തുർബഹുമാനസൂചകം മഹാദേവീശബ്ദം ലഭസ്വ]

ദ്വിതീയാ— വച്ഛേ! വീരപ്പസവിണീ ഹോഹി. [വത്സേ! വീരപ്രസവിനീ ഭവ]

തൃതീയാ— വച്ഛേ ഭത്തുണോ ബഹുമദാ ഹോഹി. [വത്സേ! ഭർത്തുർ ബഹുമതാ ഭവ]

(ഇത്യാശിഷോ ദത്വാ ഗൌതമീവർജം നിഷ്ക്രാന്താഃ)

സഖ്യൌ— (ഉപസൃത്യ) സഹി! സുഹമജ്ജണം ദേ ഹോദു. [സഖി! സുഖമജ്ജനം തേ ഭവതു]

ശകുന്തളാ— സാഅദം മേ സഹീണം. ഇദോ ണിസീദഹ, [സ്വാഗതം മേ സഖീഭ്യാം. ഇതോ നിഷീദതം]

ഉഭേ— (മംഗളപാത്രാണ്യാദായ ഉപവിശ്യ) ഹളാ! സജ്ജാ ഹോഹി. ജാവ ദേ മംഗളസമാലംഭണം വിരഏമ്ഹ. [ഹളാ! സജ്ജാ ഭവ. യാവത്തേ മംഗളസമാലംഭനം വിരചയാവഃ]

ശകുന്തളാ— ഇദം പി ബഹുമന്തവ്വം, ദുല്ലഹം ദാണിം മേ സഹീമണ്ഡണം ഭവിസ്സദിത്തി. [ഇദമപി ബഹുമന്തവ്യം, ദുർല്ലഭമിദാനീം മേ സഖീമണ്ഡനം ഭവിഷ്യതീതി] (ഇതി ബാഷ്പം വിസൃജതി]

ഒഭേ— സഹി! ഉഇദം ണ ദേ മംഗളകാലേ രോഇദും. [സഖി! ഉചിതം ന തേ മംഗളകാലേ രോദിതും] (ഇത്യശ്രൂണി പ്രമൃജ്യ നാട്യേന പ്രസാധയതഃ)

പ്രിയംവദാ— ആഹരണോഇദം രൂവം അസ്സമസുലഹേഹിം പസാഹണേഹിം വിപ്പആരീഅദി. [ആഭരണോചിതം രൂപമാശ്രമസുലഭൈഃ പ്രസാധനൈർവിപ്രകാര്യ്യതേ]

(പ്രവിശ്യോപായനഹസ്താവൃഷികുമാരകൌ)

അനസൂയ— സഖി! വരൂ നമുക്കു പോവുക!

(ഇരുവരും ചുററിനടക്കുന്നു)

പ്രിയംവദ— (നോക്കിയിട്ട്) ഇതാ ശകുന്തള സൂര്യ്യോദയത്തിൽത്തന്നെ മുങ്ങിക്കുളിച്ച്, വരിയരി കയ്യിലെടുത്തു സ്വസ്തിവാചനം നടത്തുന്ന താപസിമാരുടെ അഭിനന്ദനം ഏററുകൊണ്ടു നിൽക്കുന്നു. നമുക്കും അടുത്തേക്കു ചെല്ലുക.

(ഇരുവരും അടുത്തേക്കു ചെല്ലുന്നു)

(അനന്തരം പറഞ്ഞപ്രകാരം ശകുന്തള പ്രവേശിക്കുന്നു)

ഒരു താപസി— (ശകുന്തളയോട്) മകളേ! ഭർത്താവിന്റെ ബഹുമാനം സൂചിപ്പിക്കുന്ന മഹാദേവീപദം പ്രാപിച്ചാലും.

രണ്ടാമത്തേവൾ— കുഞ്ഞേ! നീ വീരനെ പ്രസവിക്കുമാറാകട്ടെ.

മൂന്നാമത്തേവൾ— കുട്ടീ! ഭർത്താവിനു ബഹുമതയാവുക.

(ആശീർവ്വാദം കഴിഞ്ഞു ഗൌതമി ഒഴികെ മററുള്ളവർ പോയി)

സഖിമാർ— (അടുത്തുചെന്ന്) സഖി! നിനക്കു കുളി സുഖമായിത്തീരട്ടെ.

ശകുന്തള— എന്റെ സഖിമാർക്കു സ്വാഗതം. നിങ്ങൾ രണ്ടുപേരും ഇവിടെ ഇരിക്കുവിൻ.

ഇരുവരും— (മംഗളപാത്രങ്ങൾ എടുത്ത് അടുത്തേക്കിരുന്ന്) സഖി! നേരെയിരിക്കു. ഞങ്ങൾ നിന്നെ മംഗളാലങ്കാരങ്ങളണിയിക്കട്ടെ.

ശകുന്തള— ഇതുകൂടി ബഹുമാനിക്കേണ്ടതുണ്ട്. ഇനി എനിക്കു സഖിമാരുടെ ചമയിക്കൽ ദുർല്ലഭമാകുമല്ലോ. (കണ്ണീർ പൊഴിക്കുന്നു)

ഇരുവരും— സഖി! ഈ മംഗളകാലത്തു നീ കരയുന്നത് ഉചിതമല്ല.
(കണ്ണുനീർ തുടച്ച് അണിയൽ അഭിനയിക്കുന്നു)

പ്രിയംവദ— ആഭരണങ്ങൾ അണിയേണ്ടുന്ന ശരീരത്തെ ആശ്രമത്തിൽ കിട്ടുന്ന സാധനങ്ങളെക്കൊണ്ടു വികൃതമാക്കിത്തീർക്കുകയാണ്.

(രണ്ട് ഋഷികുമാരന്മാർ കയ്യിൽ കാഴ്ചദ്രവ്യങ്ങളുമായി പ്രവേശിച്ച്)

ഉഭൌ— ഇദമലങ്കരണം. അലങ്ക്രിയതാമത്രഭവതീ.

(സർവ്വാ വിലോക്യ വിസ്മിതാഃ)

ഗൌതമീ— വച്ഛ ണാരഅ! കുദോ ഏദം? [വത്സ നാരദ! കുത ഏതൽ?]

പ്രഥമഃ— താതകണ്വപ്രഭാവാൽ.

ഗൌതമീ— കിം മാണസീ സിട്ഠീ? [കിം മാനസീ സൃഷ്ടിഃ?]

ദ്വിതീയഃ— ന ഖലു. ശ്രൂയതാം. തത്രഭവതാ വയമാജ്ഞപ്താഃ— ‘ശകുന്തളാഹേതോർവനസ്പതിഭ്യഃ കുസുമാന്യാഹരത’ ഇതി. തത ഇദാനീം—

ക്ഷൌമം കേനചിദിന്ദുപാണ്ഡു തരുണാ മാംഗല്യമാവിഷ്കൃതം
നിഷ്ഠ്യൂതശ്ചരണോപഭോഗസുലഭോ ലാക്ഷാരസഃ കേനചിൽ
അന്യേഭ്യോ വനദേവതാകരതലൈരാപർവഭാഗോത്ഥിതൈർ—
ദത്താന്യാഭരണാനി തൽകിസലയോൽഭേദപ്രതിദ്വന്ദ്വിഭിഃ. 5

പ്രിയംവദാ— (ശകുന്തളാം വിലോക്യ) ഹളാ! ഇമാഏ അബ്ഭുവവത്തീഏ സൂഇദാ ദേ ഭത്തുണോ ഗേഹേ അണുഹോദവ്വാ രാഅലച്ഛീ ത്തി. [ഹളാ! അനയാഭ്യുപപത്ത്യാ സൂചിതാ തേ ഭർത്തുർഗേഹേഽനുഭവിതവ്യാ രാജലക്ഷ്മീരിതി]

(ശകുന്തളാ വ്രീഡാം രൂപയതി)

പ്രഥമഃ— ഗൌതമ! ഏഹ്യേഹി. അഭിഷേകോത്തീർണായ കണ്വായ വനസ്പതിസേവാം നിവേദയാവഃ.

ദ്വിതീയഃ— തഥാ.

(ഇതി നിഷ്ക്രാന്തൌ)

സഖ്യൌ— അഏ! അണുവജ്ജത്തഭൂസണോ അഅം ജണോ. ചിത്തകമ്മപരിഅഏണ അംഗേസു ദേ ആഹരണവിണിഓഅം കരേമ്ഹ. [അയേ! അനുപയുക്തഭൂഷണോയം ജനഃ. ചിത്രകർമ്മപരിചയേനാംഗേഷു തേ ആഭരണവിനിയോഗം കുർവ്വഃ]

ശകുന്തളാ— ജാണേ വോ ണേഉണം. [ജാനേ വാം നൈപുണ്യം]

(ഉഭേ നാട്യേനാലംകുരുതഃ)

(തതഃ പ്രവിശതി സ്നാനോത്തീർണ്ണഃ കാശ്യപഃ)

കാശ്യപഃ—

യാസ്യത്യദ്യ ശകുന്തളേതി ഹൃദയം സംസ്പൃഷ്ടമുൽക്കണ്ഠയാ
കണ്ഠഃ സ്തംഭിതബാഷ്പവൃത്തികലുഷശ്ചിന്താജഡം ദർശനം
വൈക്ലബ്യം മമ താവദീദൃശമഹോ! സ്നേഹാദരണ്യൌകസഃ
പീഡ്യന്തേ ഗൃഹിണഃ കഥം നു തനയാവിശ്ലേഷദുഃഖൈർനവൈഃ. 6

(ഇതി പരിക്രാമതി)

ഇരുവരും— ഇതാ അലങ്കാരസാധനം. അത്ര ഭവതിയെ അണിയിക്കാം.

(എല്ലാവരും നോക്കി അത്ഭുതപ്പെടുന്നു)

ഗൌതമി— ഉണ്ണി നാരദ! എവിടുന്നാണിതു്?

ഒന്നാമൻ— താതകണ്വന്റെ പ്രഭാവത്താൽ.

ഗൌതമി— മനസ്സുകൊണ്ടു സൃഷ്ടിച്ചതാണോ?

രണ്ടാമൻ— അല്ല. കേട്ടോളൂ. അവിടുന്നു ഞങ്ങളോടാജ്ഞാപിച്ചു— 'ശകുന്തളയ്ക്കുവേണ്ടി വൃക്ഷങ്ങളിൽനിന്നു പൂക്കൾ കൊണ്ടുവരുവിൻ' എന്നു്. എന്നിട്ടിപ്പോൾ—

ഒരു മരം ചന്ദ്രന്റെ വെണ്മയോടുകൂടിയതും മംഗളകാലത്തു ഉടുക്കാനുള്ളതുമായ ഈ വെള്ളപ്പട്ടുപുടവ വെളിപ്പെടുത്തിത്തന്നു, മറ്റൊന്നു കാലടികളിൽ തേക്കാൻ വേണ്ടുവോളം ചെമ്പഞ്ഞിച്ചാറു ചുരത്തിത്തന്നു, വേറെ ചിലവയിൽനിന്നു് അവയുടെ തളിർപ്പൊടിപ്പുകൾ എന്നവണ്ണം ഏപ്പുവരെ വെളിപ്പെട്ട വനദേവതമാരുടെ കൈപ്പടങ്ങൾ ഈ ആഭരണങ്ങളും തന്നു. 5

പ്രിയംവദ— (ശകുന്തളയെ നോക്കി) ഈ അനുഗ്രഹംകൊണ്ടറിയാം, നിനക്കു ഭത്തൃഗൃഹത്തിൽ അനുഭവിക്കാനിരിക്കുന്ന രാജലക്ഷ്മി.

(ശകുന്തള ലജ്ജ ഭാവിക്കുന്നു)

ഒന്നാമൻ— ഗൌതമ! വരൂ വരൂ. കുളികഴിഞ്ഞുകയറിയ കാശ്യപനോടു് ഈ മരങ്ങളുടെ സൽക്കാരം നമുക്കു ചെന്നു പറയാം.

രണ്ടാമൻ— ശരി.

(രണ്ടുപേരും പോയി)

സഖിമാർ— ഈയുള്ളവക്കു് ആഭരണങ്ങൾ ഉപയോഗിച്ചു പരിചയമൊന്നുമില്ല. ചിത്രമെഴുത്തിലെ പരിചയംവെച്ചു നിന്റെ അവയവങ്ങളിൽ ആഭരണങ്ങളണിയിക്കുകയാണു്.

ശകുന്തള— എനിക്കറിയാമല്ലോ നിങ്ങളുടെ നൈപുണ്യം.

(രണ്ടുപേരും ആഭരണം അണിയിക്കുന്നതായി അഭിനയിക്കുന്നു)
(അനന്തരം കുളികഴിഞ്ഞു കയറിയ കാശ്യപൻ പ്രവേശിക്കുന്നു)

കാശ്യപൻ—

ശകുന്തള ഇന്നു പോകുമല്ലോ എന്നുവെച്ചു ഹൃദയം വല്ലാതെ വേവലാതിപ്പെടുന്നു. കണ്ണീരടക്കിനിത്തി കണ്ഠം സ്വച്ഛമല്ലാതിരിക്കുന്നു. ചിന്താനിമിത്തം കാഴ്ച വെറുങ്ങലിച്ചിരിക്കുന്നു. അമ്പോ! കാട്ടിൽക്കഴിഞ്ഞുകൂടുന്ന എനിക്കുപോലും സ്നേഹത്താൽ ഇത്രയൊക്കെ വല്ലായ്മ! അപ്പോൾ പെണ്മക്കൾ ആദ്യമായി പിരിഞ്ഞുപോകുമ്പോഴത്തെ ദുഃഖംകൊണ്ടു ഗൃഹസ്ഥന്മാർ എത്രമാത്രം വേദനപ്പെടുന്നുണ്ടാവണം? 6

(ചുററിനടക്കുന്നു)

സഖ്യൗ— ഹലാ സഉന്ദലേ! അവസിദമണ്ഡണാസി. പരിധേഹി സമ്പദം ഖോമജ്ജുഅലം. [ഹലാ ശകുന്തളേ! അവസിതമണ്ഡനാസി. പരിധത്സ്വ സാംപ്രതം ക്ഷൗമയുഗളം]

(ശകുന്തളോത്ഥായ പരിധത്തേ)

ഗൗതമീ— ജാദേ! ഏസോ ദേ ആണന്ദപരിവാഹിണാ ചക്ഖുണാ പരിസ്സജന്തോ വിഅ ഗുരു ഉവട്ഠിദോ. ആആരം ദാവ പഡിവജ്ജസ്സു. [ജാതേ! ഏഷ തേ ആനന്ദപരിവാഹിണാ ചക്ഷുഷാ പരിഷ്വജമാന ഇവ ഗുരുരുപസ്ഥിതഃ. ആചാരം താവൽ പ്രതിപദ്യസ്വ]

ശകുന്തളാ— (സവ്രീഡം) താദ! വന്ദാമി. [താത! വന്ദേ]

കാശ്യപഃ— വത്സേ!

യയാതേരിവ ശർമ്മിഷ്ഠാ ഭർത്തുർബ്ബഹുമതാ ഭവ
സുതം ത്വമപി സമ്രാജം സേവ പൂരുമവാപ്നുഹി. 7

ഗൗതമീ— ഭഅവം! വരോ ക്ഖു ഏസോ, ണ ആസീസാ. [ഭഗവൻ! വരഃ ഖല്വേഷഃ, നാശീഃ]

കാശ്യപഃ— വത്സേ! ഇതഃ സദ്യോഹുതാനഗ്നീൻ പ്രദക്ഷിണീകുരുഷ്വ.

(സവ്വേ പരിക്രാമന്തി)

കാശ്യപഃ— (ഋക്ഛന്ദസാശാസ്തേ)

അമീ വേദീം പരിതഃ ക്ലൃപ്തധിഷ്ണ്യാഃ
സമിദ്വന്തഃ പ്രാന്തസംസ്തീർണ്ണദർഭാഃ
അപഘ്നന്തോ ദുരിതം ഹവ്യഗന്ധൈർ—
വൈതാനാസ്ത്വാം വഹ്നയഃ പാവയന്തു. 8

പ്രതിഷ്ഠസ്വേദാനീം. (സദൃഷ്ടിക്ഷേപം) ക്വ തേ ശാർങ്ഗരവമിശ്രാഃ?

(പ്രവിശ്യ)

ശിഷ്യഃ— ഭഗവൻ! ഇമേ സ്മഃ.

കാശ്യപഃ— ഭഗിന്യാസ്തേ മാർഗമാദേശയ.

ശാർങ്ഗരവഃ— ഇത ഇതോ ഭവതീ.

(സർവ്വേ പരിക്രാമന്തി)

കാശ്യപഃ— ഭോ ഭോഃ സന്നിഹിതദേവതാസ്തപോവനതരവഃ!

പാതും ന പ്രഥമം വ്യവസ്യതി ജലം യുഷ്മാസ്വപീതേഷു യാ
നാദത്തേ പ്രിയമാണ്ഡനാപി ഭവതാം സ്നേഹേന യാ പല്ലവം
ആദ്യേ വഃ കുസുമപ്രസൂതിസമയേ യസ്യാ ഭവത്യുത്സവഃ
സേയം യാതി ശകുന്തളാ പതിഗൃഹം, സർവൈരനുജ്ഞായതാം. 9

സഖിമാർ— ശകുന്തളേ! അലങ്കാരങ്ങൾ അണിഞ്ഞുകഴിഞ്ഞു. ഇനി ഇണവെൺപട്ടു് ഉടുത്തോളൂ.

(ശകുന്തള എഴുന്നേററു ഉടുക്കുന്നു)

ഗൌതമി— കുഞ്ഞേ! ഇതാ നിൻെറ അച്ഛൻ സന്തോഷം വഴിഞ്ഞൊഴുകുന്ന കണ്ണുകൊണ്ടു് ആശ്ലേഷിക്കുന്നപോലെ അടുത്തുവന്നു നിൽക്കുന്നു. ആചാരമനുസരിച്ചു വന്ദിക്കൂ.

ശകുന്തള— (ലജ്ജയോടെ) അച്ഛാ! ഞാൻ വന്ദിക്കുന്നു.

കാശ്യപൻ— കുഞ്ഞേ!

യയാതിക്കു ശർമ്മിഷ്ഠയെന്നപോലെ ഭർത്താവിനു നീ ബഹുമതയായിത്തീരട്ടെ. അവൾക്കു പൂരുവെന്നപോലെ നിനക്കും ചക്രവർത്തിയായ പുത്രനുളവാകട്ടെ. 7

ഗൌതമി— ഭഗവൻ! വരംതന്നെയാണിതു്, ആശീർവ്വാദമല്ല.

കാശ്യപൻ— കുഞ്ഞേ! ഇവിടെ ഇപ്പോൾത്തന്നെ ഹോമം കഴിഞ്ഞ അഗ്നികളെ പ്രദക്ഷിണം വെക്കൂ.

(എല്ലാവരും ചുററിനടക്കുന്നു)

കാശ്യപൻ— (ഋക്ഛന്ദസ്സിൽ ആശംസിക്കുന്നു)

വേദിക്കുചുററും സ്ഥാനം തിരിച്ചു കൽപിച്ചവയും ചമതയോടും അരികെ വിരിച്ച ദർഭയോടുംകൂടിയവയും ഹവിസ്സിൻെറ ഗന്ധങ്ങളെക്കൊണ്ടു പാപം പോക്കുന്നവയുമായ ഈ യാഗാഗ്നികൾ നിന്നെ പരിപാവനയാക്കുമാറാകട്ടെ. 8

ഇനി നീ പുറപ്പെട്ടോളൂ, (തിരിഞ്ഞുനോക്കീട്ടു്) എവിടെ ശാർങ്ഗരവനും മററും?

(പ്രവേശിച്ചിട്ടു്)

ശിഷ്യൻ— ഭഗവൻ! ഇതാ ഞങ്ങൾ.

കാശ്യപൻ— നിൻെറ സഹോദരിക്കു വഴി കാട്ടിക്കൊടുക്കൂ.

ശാർങ്ഗരവൻ— ഭവതി! ഇതിലേ ഇതിലേ.

(എല്ലാവരും ചുററിനടക്കുന്നു)

കാശ്യപൻ— ഹേ ഹേ ദേവതാസാന്നിദ്ധ്യമുള്ള തപോവനതരുക്കളേ!

നിങ്ങൾ കുടിക്കാതെ ഏതൊരുവൾ ആദ്യം വെള്ളം കുടിക്കാനൊരുങ്ങില്ലയോ, അണിയാൻ കൊതിയുള്ളവളാണെങ്കിലും സ്നേഹംനിമിത്തം ഏതൊരുവൾ നിങ്ങളുടെ തളിർ നുള്ളിയെടുക്കാറില്ലയോ, നിങ്ങളാദ്യമായി പൂവിടുന്ന സമയത്തു ഏതൊരുവൾക്കു് ഉത്സവമുളവാകുന്നുവോ ആ ശകുന്തളയിതാ, ഭർത്തൃഗൃഹത്തിലേക്കു പോകുന്നു. എല്ലാവരും വിട നൽകുവിൻ. 9

(കോകിലരവം സൂചയിത്വാ)

അനുമതഗമനാ ശകുന്തളാ തരുഭിരിയം വനവാസബന്ധുഭിഃ
പരഭൃതവിരുതം കളം യഥാ പ്രതിവചനീകൃതമേഭിരീദൃശം. 10

(ആകാശേ)

രമ്യാന്തരഃ കമലിനീഹരിതൈഃ സരോഭി—
ശ്ഛായാദ്രുമൈർനിയമിതാർക്കമയൂഖതാപഃ
ഭൂയാൽ കുശേശയരജോമൃദുരേണുരസ്യാഃ
ശാന്താനുകൂലപവനശ്ച ശിവശ്ച പന്ഥാഃ. 11

(സർവ്വേ സവിസ്മയമാകർണ്ണയന്തി)

ഗൌതമീ— ജാദേ! ണ്ണാദിജണസിണിദ്ധാഹിം അണുണ്ണാദഗമണാ സി തവോവണദേവദാഹിം. പണമ ഭഅവദീണം. [ജാതേ! ജ്ഞാതിജനസ്നിഗ്ധാഭിരനുജ്ഞാതഗമനാസി തപോവനദേവതാഭിഃ. പ്രണമ ഭഗവതീഭ്യഃ]

ശകുന്തളാ— (സപ്രണാമം പരിക്രമ്യ ജനാന്തികം) ഹളാ പിഅംവദേ! ണം അജ്ജഉത്തദംസണുസ്സുആഏ വി അസ്സമപദം പരിച്ചഅന്തീഏ ദുക്ഖേണ മേ ചലണാ പുരദോ പവട്ടന്തി. [ഹളാ പ്രിയംവദേ! നന്വാര്യപുത്രദർശനോത്സുകായാ അപ്യാശ്രമപദം പരിത്യജന്ത്യാ ദുഃഖേന മേ ചരണൌ പുരതഃ പ്രവർത്തേതേ]

പ്രിയംവദാ— ണ കേവലം തവോവണവിരഹകാദരാ സഹീ ഏവ്വ, തുഏ ഉവട്ഠിദവിഓഅസ്സ തവോവണസ്സ വി ഏസാ സമവത്ഥാ ദീസഇ. പേക്ഖ—

ഉഗ്ഗളിഅദബ്ഭകവളാ മിആ പരിച്ചത്തണച്ചണാ മോരാ
ഓസരിഅപണ്ഡുപത്താ മുഅന്തി അസ്സൂ വിഅ ലദാഓ. 12

[ന കേവലം തപോവനവിരഹകാതരാ സഖ്യേവ, ത്വയോപസ്ഥിതവിയോഗസ്യ തപോവനസ്യാപ്യേഷാ സമവസ്ഥാ ദൃശ്യതേ. പശ്യ—
ഉദ്ഗളിതദർഭകബളാ മൃഗ്യഃ പരിത്യക്തനർത്തനാ മയൂരാഃ
അപസൃതപാണ്ഡുപത്രാ മുഞ്ചന്ത്യശ്രൂണീവ ലതാഃ]

ശകുന്തളാ— (സ്മൃത്വാ) താദ! ലതാബഹിണിഅം വണജോസിണിം ദാവ ആമന്തഇസ്സം. [താത! ലതാഭഗിനീം വനജ്യോത്സ്നാം താവദാമന്ത്രയിഷ്യേ]

കാശ്യപഃ— അവൈമി തേ തസ്യാം സോദര്യാസ്നേഹം, ഇയം താവദ്ദക്ഷിണേന.

ശകുന്തളാ— (ഉപേത്യ ലതാമാലിംഗ്യ) വണജോസിണി! ചൂതസംഗതാ വി മം പച്ചാലിംഗ ഇദോഗദാഹിം സാഹാവാഹാഹിം. അജ്ജപ്പഹുദി ദൂരപരിവത്തിണീ ദേ ക്ഖു ഭവിസ്സം. [വനജോത്സ്നേ! ചൂതസംഗതാപി മാം പ്രത്യാലിംഗ ഇതോഗതാഭിഃ ശാഖാബാഹാഭിഃ. അദ്യപ്രഭൃതി ദൂരപരിവർത്തിനീ തേ ഖലു ഭവിഷ്യാമി]

(കുയിൽ കൂകിയതായി സൂചിപ്പിച്ച്)

വനവാസബന്ധുക്കളായ തരുക്കൾ ശകുന്തളയ്ക്കിതാ വിട നൽകിയിരിക്കുന്നു. ഇത്തരത്തിൽ ഇമ്പമുററ കുയിൽക്കൂകൽകൊണ്ട് ഇവ ഇപ്രകാരം മറുപടി പറഞ്ഞുവല്ലോ. 10

(ആകാശത്തിൽ)

ഇവളുടെ മാർഗ്ഗം, താമരകളെക്കൊണ്ടു പച്ചപിടിച്ച പൊയ്കകളാൽ രമണീയമായും തണൽമരങ്ങളെക്കൊണ്ടു വെയിൽച്ചൂടേൽക്കാത്തതായും അല്ലിത്താർപരാഗംപോലെ നനുത്ത പൊടി പരന്നതായും അനുകൂലമായ കാററുവീശി മംഗളമായും ഭവിക്കുമാറാകട്ടെ. 11

(എല്ലാവരും അത്ഭുതത്തോടെ കേൾക്കുന്നു)

ഗൌതമി— കുഞ്ഞേ! ഉററവരെപ്പോലെ സ്നേഹമുള്ള തപോവനദേവതമാർ നിനക്കു വിട തന്നിരിക്കുന്നു. ഭഗവതിമാരെ നമസ്കരിക്കൂ.

ശകുന്തള— (നമസ്കരിച്ചു ചുററിനടന്നു സ്വകാര്യം) എടോ പ്രിയംവദേ! ആര്യപുത്രനെക്കാണാൻ വെമ്പലുണ്ടെങ്കിലും എന്റെ കാൽ രണ്ടും വല്ലാത്ത പ്രയാസത്തോടുകൂടിയാണ് ഈ ആശ്രമപ്രദേശം വിട്ടു മുന്നോട്ടു നീങ്ങുന്നത്.

പ്രിയംവദ— തപോവനവുമായി വേർപെടുന്നതിൽ സങ്കടപ്പെടുന്നതു സഖി മാത്രമല്ല, സഖിയുമായി വേർപെടുന്നതിൽ തപോവനത്തിനും ഇതേ നില കാണപ്പെടുന്നു.

മാൻപേടകളുടെ വായിൽനിന്നു ചവച്ച ദർഭപ്പുല്ലുകളുടെ ചുരുളുകൾ ഊർന്നുവീഴുന്നു, മയിലുകൾ ആട്ടം നിർത്തി വെറുതെ നിൽക്കുന്നു, കാട്ടുവള്ളികളിൽനിന്നു പഴുത്ത ഇലകൾ കൊഴിയുന്നതു കണ്ടാൽ അവ കണ്ണീർ തൂകുകയാണെന്നു തോന്നിപ്പോകുന്നു. 12

ശകുന്തള— (ഓർമ്മിച്ചതായി നടിച്ച്) അച്ഛാ! ഞാൻ എന്റെ കൊച്ചനിയത്തിയായ വനജ്യോത്സനയോടു വിടവാങ്ങിവരട്ടെ.

കാശ്യപൻ— എനിക്കറിയാം, നിനക്കതിനോടുള്ള സോദരീസ്നേഹം. അതിതാ വലത്തുഭാഗത്ത്.

ശകുന്തള— (വള്ളിയുടെ അടുത്തുചെന്ന്) വനജ്യോത്സ്നേ! നീ തേൻമാവിനുമേൽ പടർന്നിരിക്കയാണെങ്കിലും ഇങ്ങോട്ടു ഞാന്നു ചില്ലക്കൈകൾ കൊണ്ട് എന്നെ കെട്ടിപ്പിടിക്കൂ. ഇന്നുമുതൽക്കു ഞാൻ നിന്നിൽനിന്നു അകലെയായിത്തീരുമല്ലോ.

കാശ്യപഃ—

സങ്കല്പിതം പ്രഥമമേവ മയാ തവാർത്ഥേ
ഭർത്താരമാത്മസദൃശം സുകൃതൈർഗതാ ത്വം
ചൂതേന സംശ്രിതവതീ നവമാലികേയ—
മസ്യാമഹം ത്വയി ച സമ്പ്രതി വീതചിന്തഃ. 13
ഇതഃ പന്ഥാനം പ്രതിപദ്യസ്വ.

ശകുന്തളാ— (സഖ്യൗ പ്രതി) ഹളാ! ഏസാ ദുവേണം വോ ഹത്ഥേ ണിക്ഖേവോ. [ഹളാ! ഏഷാ ദ്വയോർവ്വാം ഹസ്തേ നിക്ഷേപഃ]

സഖ്യൗ— അഅം ജണോ കസ്സ ഹത്ഥേ സമപ്പിദോ? [അയം ജനഃ കസ്യ ഹസ്തേ സമർപ്പിതഃ?] (ഇതി ബാഷ്പം വിസൃജതഃ)

കാശ്യപഃ— അനസൂയേ! അലം രുദിത്വാ. നനു ഭവതീഭ്യാമേവ സ്ഥിരീകർത്തവ്യാ ശകുന്തളാ.

(സർവ്വേ പരിക്രാമന്തി)

ശകുന്തളാ— താദ! ഏസാ ഉഡജപജ്ജന്തചാരിണീ ഗബ്ഭമന്ഥരാ മിഅവഹൂ ജദാ അണഘപ്പസവാ ഹോഇ, തദാ മേ കം പി പിഅണിവേദഇത്തഅം വിസജ്ജഇസ്സഹ. [താത! ഏഷോടജപര്യന്തചാരിണീ ഗർഭമന്ഥരാ മൃഗവധൂര്യദാനഘപ്രസവാ ഭവതി, തദാ മഹ്യം കമപി പ്രിയനിവേദയിതൃകം വിസർജ്ജയിഷ്യഥ]

കാശ്യപഃ— നേദം വിസ്മരിഷ്യാമഃ.

ശകുന്തളാ— (ഗതിഭംഗം രൂപയിത്വാ) കോ ണു ക്ഖു ഏസോ ണിവസണേ മേ സജ്ജഇ. [കോ നു ഖല്വേഷ നിവസനേ മേ സജ്ജതേ] (ഇതി പരാവർത്തതേ)

കാശ്യപഃ— വത്സേ!

യസ്യ ത്വയാ വ്രണവിരോപണമിംഗുദീനാം
തൈലം ന്യഷിച്യത മുഖേ കുശസൂചിവിദ്ധേ
ശ്യാമാകമുഷ്ടിപരിവർധിതകോ ജഹാതി
സോഽയം ന പുത്രകൃതകഃ പദവീം മൃഗസ്തേ. 14

ശകുന്തളാ— വച്ഛ! കിം സഹവാസപരിച്ചാഇണിം മം അണുസരസി? അചിരപ്പസൂദാഏ ജണണീഏ വിണാ വഡ്ഢിദോ ഏവ്വ. ദാണിം പി മഏ വിരഹിദം തുമം താദോ ചിന്തഇസ്സദി. ണിവത്തേഹി ദാവ. [വത്സ! കിം സഹവാസപരിത്യാഗിനീം മാമനുസരസി? അചിരപ്രസൂതയാ ജനന്യാ വിനാ വർധിത ഏവ. ഇദാനീമപി മയാ വിരഹിതം ത്വാം താതശ്ചിന്തയിഷ്യതി. നിവർത്തസ്വ താവൽ] (ഇതി രുദതീ പ്രസ്ഥിതാ)

കാശ്യപൻ—

നിൻെറ കാര്യത്തിൽ ആദ്യമേ ഞാൻ സങ്കല്പിച്ചതിൻവണ്ണം തനിയ്ക്കൊത്ത ഭർത്താവിനെ സ്വകൃതവശാൽ നീ പ്രാപിച്ചു. ഈ ചെറുപിച്ചി തേന്മാവിനോടും കൂട്ടുചേർന്നു. ഇതിനെച്ചൊല്ലിയും നിന്നെച്ചൊല്ലിയും എനിക്കിനി ഒന്നും ചിന്തിക്കാനില്ല. 13

ഇങ്ങോട്ടു വഴിയിലേക്കു പോരൂ.

ശകുന്തള— (സഖിമാരോടായി) ഇവളെ ഞാൻ നിങ്ങളുടെ രണ്ടുപേരുടേയും കയ്യിൽ ഏല്പിക്കുന്നു.

സഖിമാർ— ഈയുള്ളവരെ ആരുടെ കയ്യിലാണേല്പിച്ചതു്? (കണ്ണീർ പൊഴിക്കുന്നു)

കാശ്യപൻ— അനസൂയേ! കരയാതിരിക്കൂ. നിങ്ങൾ രണ്ടുപേരുമാണല്ലോ, ശകുന്തളയെ ധൈര്യപ്പെടുത്തേണ്ടതു്.

(എല്ലാവരും ചുററിനടക്കുന്നു)

ശകുന്തള— അച്ഛാ! ഇതാ ഗർഭംതികഞ്ഞു പർണ്ണശാലയ്ക്കരികെ നടക്കുന്ന മാൻപേട, അവൾ സുഖമായി പെററാൽ അപ്പോൾ ആ സന്തോഷമറിയിക്കാൻ എനിയ്ക്കൊരാളെ അയയ്ക്കണേ.

കാശ്യപൻ— ഇതു ഞാൻ മറക്കില്ല.

ശകുന്തള— (നടത്തത്തിനു തടസ്സം തട്ടിയതായി നടിച്ചു്) ഇതാരാണു് എൻെറ ഉടുപ്പിൽ പിടിച്ചുവലിക്കുന്നതു്? (പിൻതിരിയുന്നു)

കാശ്യപൻ— കുഞ്ഞേ!

വായിൽ ദർഭമുന തറച്ചുണ്ടായ മുറിവുണക്കുവാൻ നീ ഓടലെണ്ണ പുരട്ടിക്കൊടുത്തു ശുശ്രൂഷിച്ചവനും, ചാമച്ചോറുരുളകൊടുത്തു പോററിവളർത്തിയവനും ആയ നിൻെറ വളർത്തുപുത്രൻ മാൻകുഞ്ഞു് ഇതാ നിൻെറ വഴി വിട്ടുപോകാതെ ഒപ്പം കൂടിയിരിക്കുന്നു. 14

ശകുന്തള— കുട്ടാ! സഹവാസം വെടിഞ്ഞുപോകുന്ന എന്നെ നീ പിൻതുടരുന്നുവോ? പ്രസവിച്ചു് അധികം കഴിയുന്നതിനുമുൻപുമുതൽ തള്ളയോടുകൂടാതെ നിന്നെ വളർത്തിയതാണു്. ഇനി ഞാൻ വിട്ടുപോയാലും നിന്നെ അച്ഛൻ നോക്കും. മടങ്ങിപ്പോവൂ. (കരഞ്ഞുകൊണ്ടു പുറപ്പെടുന്നു)

കാശ്യപഃ—

ഉൽപക്ഷ്മണോർനയനയോരുപരുദ്ധവൃത്തിം
ബാഷ്പം കുരു സ്ഥിരതയാ വിഹതാനുബന്ധം
അസ്മിന്നലക്ഷിതനതോന്നതഭൂമിഭാഗേ
മാർഗ്ഗേ പദാനി ഖലു തേ വിഷമീഭവന്തി. 15

ശാർങ്ഗരവഃ— ഭഗവൻ! ഓദകാന്തം സ്നിഗ്ധോ ജനോഽനുഗന്തവ്യ ഇതി ശ്രൂയതേ. തദിദം സരസ്തീരം. അത്ര സന്ദിശ്യ നഃ പ്രതിഗന്തുമർഹസി.

കാശ്യപഃ— തേന ഹീമാം ക്ഷീരവൃക്ഷച്ഛായാം ആശ്രയാമഃ.

(സർവ്വേ പരിക്രമ്യ സ്ഥിതാഃ)

കാശ്യപഃ— (ആത്മഗതം) കിം നു ഖലു തത്രഭവതോ ദുഷ്യന്തസ്യ യുക്തരൂപമസ്മാഭിഃ സന്ദേഷ്ടവ്യം? (ഇതി ചിന്തയതി)

ശകുന്തളാ— (ജനാന്തികം) ഹളാ! പേക്ഖ. ണളിണീപത്തന്തരിദം വി സഹഅരം അദേക്ഖന്തീ ആദുരാ ചക്കവാഈ ആരഡദി. ദുക്കരം അഹം കരേമി ത്തി തക്കേമി. [ഹളാ! പശ്യ. നളിനീപത്രാന്തരിതമപി സഹചരമപശ്യന്ത്യാതുരാ ചക്രവാക്യാരടതി. ദുഷ്കരമഹം കരോമീതി തർക്കയാമി]

അനസൂയാ— സഹി മാ ഏവ്വം മന്തേഹി.

ഏസാ വി പിഏണ വിണാ ഗമേഇ രഅണിം വിസാഅദീഹഅരം
ഗുരുഅം പി വിരഹദുക്ഖം ആസാബന്ധോ സഹാവേദി. 16
[സഖി! മൈവം മന്ത്രയസ്വ.
ഏഷാപി പ്രിയേണ വിനാ ഗമയതി രജനീം വിഷാദദീർഘതരാം
ഗുർവപി വിരഹദുഃഖമാശാബന്ധഃ സാഹയതി]

കാശ്യപഃ— ശാർങ്ഗരവ! ഇതി ത്വയാ മദ്വചനാൽ സ രാജാ ശകുന്തളാം പുരസ്കൃത്യ വക്തവ്യഃ.

ശാർങ്ഗരവഃ— ആജ്ഞാപയതു ഭവാൻ.

കാശ്യപഃ—

അസ്മാൻ സാധു വിചിന്ത്യ സംയമധനാനുച്ചൈഃകുലം ചാത്മന—
സ്ത്വയ്യസ്യാഃ കഥമപ്യബാന്ധവകൃതാം സ്നേഹപ്രവൃത്തിം ച താം
സാമാന്യപ്രതിപത്തിപൂർവ്വകമിയം ദാരേഷു ദൃശ്യാ ത്വയാ
ഭാഗ്യായത്തമതഃ പരം, ന ഖലു തദ്വാച്യം വധൂബന്ധുഭിഃ. 17

ശാർങ്ഗരവഃ— ഗൃഹീതഃ സന്ദേശഃ.

കാശ്യപഃ— വത്സേ! ത്വമിദാനീമൻശാസനീയാസി. വനൌകസോഽപി സന്തോ ലോകജ്ഞാ വയം.

കാശ്യപൻ—

കണ്ണുകൾ നല്ലപോലെ മിഴിച്ചു്, കാഴ്ചയ്ക്കു തടസ്സമുണ്ടാക്കുന്ന കണ്ണീരിന്റെ വരവു്, ധൈര്യംകൊണ്ടു തടഞ്ഞുനിർത്തൂ. വഴിയിലെ ഉയർന്നും താണുമുള്ള ഭാഗങ്ങൾ കാണാഞ്ഞാൽ കാൽവെപ്പുകൾക്കു് ഇടർച്ച പററിയേക്കും. 15

ശാർങ്ഗരവൻ— ഭഗവൻ! വെള്ളം കാണുംവരെ ഉററവരെ അനുഗമിയ്ക്കുക എന്നാണല്ലോ പ്രമാണം. എന്നാൽ ഇതാ പൊയ്കക്കര. ഇവിടെവെച്ചു സന്ദേശം തന്നു തിരിച്ചുപൊയ്ക്കോളൂ.

കാശ്യപൻ— എന്നാൽ നമുക്കു് ഈ പാൽമരത്തണലിൽ നിൽക്കാം.

(എല്ലാവരും നടന്നുചെന്നു നിൽക്കുന്നു)

കാശ്യപൻ— (വിചാരം) എന്തൊന്നാണു് മാന്യനായ ദുഷ്യന്തനു് ഉചിതരൂപമായ ഒരു സന്ദേശം നാം പറഞ്ഞയയ്ക്കേണ്ടതു്? (ആലോചിക്കുന്നു)

ശകുന്തള— (സ്വകാര്യം) സഖി! നോക്കൂ. താമരയിലകൊണ്ടുള്ള മറവേ ഉള്ളുവെങ്കിലും ഇണയെക്കാണാതെ സങ്കടപ്പെട്ടു ചക്രവാകപ്പിട നിലവിളിക്കുന്നു. അപ്പോൾ കടുപ്പംതന്നെയാണു് ഞാൻ ചെയ്യുന്നതു്.

അനസൂയ— സഖി! അങ്ങിനെ പറയാനില്ല.

ഇവളും ഇണയെപ്പിരിഞ്ഞ വിഷാദത്താൽ അധികം നീണ്ടുനിൽക്കുന്ന രാത്രിയെ പോക്കുന്നുണ്ടു്. ആശാബന്ധം കനത്ത വിരഹദുഃഖത്തെയും പൊറുപ്പിക്കും. 16

കാശ്യപൻ— ശാർങ്ഗരവ! ഇതാണു് നീ ശകുന്തളയെ മുമ്പിൽ കൊണ്ടുചെന്നു ഞാൻ പറഞ്ഞതായി ആ രാജാവിനോടു പറയേണ്ടതു്.

ശാർങ്ഗരവൻ— അവിടുന്നു് അരുളിച്ചെയ്താലും.

കാശ്യപൻ—

നാം തപോധനന്മാരാണെന്നും സ്വന്തം കുലം ഉന്നതമാണെന്നും ഇവളുടെ താങ്കളിലുള്ള ആ സ്നേഹപ്രവൃത്തി ബന്ധുക്കളിടപെടാതെ എങ്ങിനെയോ ഉണ്ടായിവന്നതാണെന്നും നന്നായോർത്തു പത്നിമാരോടുള്ള സാമാന്യപ്രതിപത്തി ഇവളിലും താങ്കൾ കാണിക്കണം. പിന്നീടുള്ളതെല്ലാം ഭാഗ്യത്തിന്റെ കയ്യിലാണു്. അതു വധൂബന്ധുക്കൾ പറയേണ്ടതല്ലതന്നെ. 17

ശാർങ്ഗരവൻ— സന്ദേശം മനസ്സിലായി.

കാശ്യപൻ— കുഞ്ഞേ! ഇനി നിന്നോടു് ഒന്നുപദേശിക്കാനുണ്ടു്. കാട്ടിൽ കഴിയുന്നവരാണെങ്കിലും നാട്ടുനടപ്പു നമുക്കറിയാം.

ശാർങ്ഗരവഃ— ന ഖലു ധീമതാം കശ്ചിദവിഷയോ നാമ.

കാശ്യപഃ— സാ ത്വമിതഃ പതികുലം പ്രാപ്യ—

ശുശ്രൂഷസ്വ ഗുരൂൻ കുരു പ്രിയസഖീവൃത്തിം സപത്നീജനേ
പത്യുർവിപ്രകൃതാപി രോഷണതയാ മാ സ്മ പ്രതീപം ഗമഃ
ഭൂയിഷ്ഠം ഭവ ദക്ഷിണാ പരിജനേ ഭാഗ്യേഷ്വനുത്സേകിനീ
യാന്ത്യേവം ഗൃഹിണീപദം യുവതയോ വാമാഃ കുലസ്യാധയഃ. 18

കഥം വാ ഗൌതമീ മന്യതേ?

ഗൌതമീ— ഏത്തിഓ ബഹൂജണസ്സ ഉവദേസോ. ജാദേ! ഏദം ക്ഖു സവ്വം ഓധാരേഹി. [ഏതാവാൻ വധൂജനസ്യോപദേശഃ. ജാതേ! ഏതൽ ഖലു സവ്വമവധാരയ]

കാശ്യപഃ— വത്സേ! പരിഷ്വജസ്വ മാം സഖീജനം ച.

ശകുന്തളാ— താദ! ഇദോ ഏവ്വ കിം പിഅംവദാമിസ്സാഓ സഹീഓ ണിവത്തിസ്സന്തി? [താത! ഇത ഏവ കിം പ്രിയംവദാമിശ്രേ സഖ്യൌ നിവർത്തിഷ്യേതേ?]

കാശ്യപഃ— വത്സേ! ഇമേ അപി പ്രദേയേ. ന യുക്തമനയോസ്തത്ര ഗന്തും. ത്വയാ സഹ ഗൌതമീ യാസ്യതി.

ശകുന്തളാ— (പിതരമാശ്ലിഷ്യ) കഹം ദാണിം താദസ്സ അങ്കാദോ പരിബ്ഭട്ടാ മലഅതഡുമ്മൂലിആ ചന്ദണലദാ വിഅ ദേസന്തരേ ജീവിഅം ധാരഇസ്സം? (രോദിതി) [കഥമിദാനീം താതസ്യാങ്കാൽ പരിഭ്രഷ്ടാ മലയതടോന്മൂലിതാ ചന്ദനലതേവ ദേശാന്തരേ ജീവിതം ധാരയിഷ്യാമി?]

കാശ്യപഃ— വത്സേ! കിമേവം കാതരാസി?

അഭിജനവതോ ഭർത്തുഃ ശ്ലാഘ്യേ സ്ഥിതാ ഗൃഹിണീപദേ
വിഭവഗുരുഭിഃ കൃത്യൈസ്തസ്യ പ്രതിക്ഷണമാകുലാ
തനയമചിരാൽ പ്രാചീവാർക്കം പ്രസൂയ ച പാവനം
മമ വിരഹജാം ന ത്വം വത്സേ! ശുചം ഗണയിഷ്യസി. 19

(ശകുന്തളാ പിതുഃ പാദയോഃ പതതി)

കാശ്യപഃ— യദിച്ഛാമി തേ തദസ്തു.

ശകുന്തളാ— (സഖ്യാവുപേത്യ) ഹളാ! ദുവേ വി മം സമം എവ്വ പരിസ്സജഹ. [ഹളാ! ദ്വേ അപി മാം സമമേവ പരിഷ്വജേഥാം]

സഖ്യൌ— (തഥാ കൃത്വാ) സഹി! ജഇ ണാമ സോ രാആ പച്ചഹിണ്ണാണമന്ഥരോ ഭവേ, തദോ സേ ഇമം അത്തണാമഹേഅങ്കിഅം അംഗുലിഅഅം ദംസേഹി. [സഖി! യദി നാമ സ രാജാ പ്രത്യഭിജ്ഞാനമന്ഥരോ ഭവേൽ, തതസ്തസ്യേദമാത്മനാമധേയാങ്കിതമംഗുലീയകം ദർശയ]

ശാർങ്ഗരവൻ— ബുദ്ധിമാന്മാക്ക് അറിയാത്ത വിഷയമൊന്നുമില്ല തന്നെ.

കാശ്യപൻ— കുഞ്ഞേ! അങ്ങിനെ നീ ഇവിടെനിന്നു ഭർത്തൃഗൃഹത്തിൽ ചെന്നുചേർന്നാൽ—

ഗുരുജനങ്ങളെ ശുശ്രൂഷിയ്ക്കുക, സപത്നിമാരോടു പ്രിയസഖിമാരോടെന്നവിധം പെരുമാറുക, ഇങ്ങോട്ടു കയർത്താലും അരിശംപിടിച്ചു ഭർത്താവിനെതിരായി നടക്കാതിരിക്കുക, പരിജനങ്ങളിൽ ആവോളം ദാക്ഷിണ്യം കാണിക്കുക, ഭാഗ്യങ്ങളിൽ ഗർവ്വുള്ളവളാകാതിരിയ്ക്കുക. ഇങ്ങിനെയാണ് യുവതിമാർ ഗൃഹിണീപദത്തിലെത്തുന്നത്. മറിച്ചുള്ളവർ കുലത്തിന്നുതന്നെ ആധികളാവും. 18

എന്താണ് ഗൌതമിയുടെ അഭിപ്രായം?

ഗൌതമി— ഇത്രയേ പെൺകിടാങ്ങളോടുപദേശിക്കേണ്ടൂ. കുഞ്ഞേ! ഇതൊക്കെ നന്നായി മനസ്സിലാക്കിക്കോളൂ.

കാശ്യപൻ— കുഞ്ഞേ! വരൂ. എന്നെയും സഖിമാരെയും കെട്ടിപ്പുണരൂ.

ശകുന്തള— അച്ഛാ! സഖിമാരായ പ്രിയംവദയും അനസൂയയും ഇവിടെവെച്ചുതന്നെ മടങ്ങുകയായോ?

കാശ്യപൻ— കുഞ്ഞേ! ഇവരെയും കൊടുക്കണമല്ലോ. ഇവരങ്ങോട്ടുപോരുന്നത് ഉചിതമല്ല. നിന്നോടൊപ്പം ഗൌതമി വരും.

ശകുന്തള— (അച്ഛനെപ്പുണർന്നിട്ട്) എങ്ങിനെയാണിനി അച്ഛൻെറ മടിത്തട്ടിൽനിന്നകന്നു ഞാൻ മലയച്ചെരുവിൽനിന്നു പറിച്ചുകൊണ്ടുപോയ ചന്ദനച്ചെടിപോലെ മറുനാട്ടിൽ ജീവിതം നിലനിർത്തുന്നത്? (കരയുന്നു)

കാശ്യപൻ— കുഞ്ഞേ! നീ എന്താണിങ്ങനെ പേടിയ്ക്കുന്നത്?

കുലീനനായ ഭർത്താവിൻെറ ശ്ലാഘ്യമായ ഗൃഹിണീസ്ഥാനത്തിരുന്നു വിഭവഗൌരവംപൂണ്ട അദ്ദേഹത്തിൻെറ കൃത്യങ്ങളാൽ ഓരോ നിമിഷവും പര്യാകുലയാവുകയും കിഴക്കേ ദിക്കു സൂര്യനെയെന്നപോലെ പാവനനായ പുത്രനെ ഏറെത്താമസിയാതെ പ്രസവിക്കുകയും ചെയ്തുകഴിയുമ്പോൾ കുഞ്ഞേ! എന്നോടു വേർപിരിഞ്ഞ ദുഃഖമൊന്നും നീ വകവെയ്ക്കില്ല. 19

(ശകുന്തള അച്ഛൻെറ കാൽക്കൽ വീഴുന്നു)

കാശ്യപൻ— ഞാനിച്ഛിക്കുന്നതു നിനക്കുണ്ടാവട്ടെ!

ശകുന്തള— (സഖിമാരുടെ അടുത്തുചെന്ന്) നിങ്ങൾ രണ്ടുപേരും ഒരുമിച്ച് എന്നെ കെട്ടിപ്പുണരുവിൻ.

സഖിമാർ— (അപ്രകാരം ചെയ്തിട്ട്) സഖി! ആ രാജാവെങ്ങാനും തിരിച്ചറിയാതെ പരുങ്ങാനിടവരുകയാണെങ്കിൽ, അപ്പോൾ അദ്ദേഹത്തിൻെറ പേരുള്ള ഈ മോതിരം കാണിച്ചുകൊടുത്തേക്കൂ.

ശകുന്തളാ— ഇമിണാ സന്ദേഹേണ വോ ആകമ്പിദമ്ഹി. [അനേന സന്ദേഹേന വാമാകമ്പിതാസ്മി]

സഖ്യൌ— മാ ഭാആഹി. സിണേഹോ പാവസങ്കീ. [മാ ഭൈഷീഃ. സ്നേഹഃ പാപശങ്കീ]

ശാർങ്ഗരവഃ— യുഗാന്തരമാരൂഢഃ സവിതാ. ത്വരതാമത്ര ഭവതീ.

ശകുന്തളാ— (ആശ്രമാഭിമുഖീ സ്ഥിത്വാ) താദ! കദാ ണു ഭൂഓ തവോവണം പേക്ഖിസ്സം. [താത! കദാ നു ഭൂയസ്തപോവനം പ്രേക്ഷിഷ്യേ]

കാശ്യപഃ— ശ്രൂയതാം—

ഭൂത്വാ ചിരായ ചതുരന്തമഹീസപത്നീ
ദൌഷ്യന്തിമപ്രതിരഥം തനയം നിവേശ്യ
ഭർത്രാ തദർപ്പിതകുടുംബഭരേണ സാർധം
ശാന്തേ കരിഷ്യസി പദം പുനരാശ്രമേഽസ്മിൻ. 20

ഗൌതമീ— ജാദേ! പരിഹീഅദി ഗമണവേലാ. ണിവത്തേഹി പിദരം. അഹവാ, ചിരേണ വി പുണോ പുണോ ഏസാ ഏവ്വം മന്തഇസ്സദി. ണിവത്തദു ഭവം. [ജാതേ! പരിഹീയതേ ഗമനവേലാ. നിവത്ത്യ പിതരം. അഥവാ, ചിരേണാപി പുനഃ പുനരേഷൈവം മന്ത്രയിഷ്യതേ. നിവർത്തതാം ഭവാൻ]

കാശ്യപഃ— വത്സേ! ഉപരുധ്യതേ മേ തപോനുഷ്ഠാനം.

ശകുന്തളാ— (ഭൂയഃ പിതരമാശ്ലിഷ്യ) തവച്ചരണപീഡിദം താദസരീരം. താ മാ അദിമേത്തം മമ കിദേ ഉക്കണ്ഠിദും. [തപശ്ചരണപീഡിതം താതശരീരം. തന്മാതിമാത്രം മമ കൃതേ ഉൽക്കണ്ഠിതും]

കാശ്യപഃ— (സനിഃശ്വാസം)

ശമമേഷ്യതി മമ ശോകഃ കഥം നു വത്സേ ത്വയാ രചിതപൂർവ്വം
ഉടജദ്വാരവിരൂഢം നീവാരബലിം വിലോകയതഃ. 21

ഗച്ഛ. ശിവാസ്തേ പന്ഥാനഃ സന്തു.

(നിഷ്ക്രാന്താ ശകുന്തളാ സഹയായിനശ്ച)

സഖ്യൌ— (ശകുന്തളാം വിലോക്യ) ഹദ്ധീ ഹദ്ധീ! അന്തരിഹിദാ സഉന്ദലാ വണരാഈഏ. [ഹാ ധിക് ഹാ ധിക്! അന്തർഹിതാ ശകുന്തളാ വനരാജ്യാ]

കാശ്യപഃ— (സനിഃശ്വാസം) അനസൂയേ! ഗതവതീ വാം സഹചാരിണീ. നിഗൃഹ്യ ശോകമനുഗച്ഛതം മാം പ്രസ്ഥിതം.

ശകുന്തള— നിങ്ങളുടെ ഈ സംശയം എന്നെ നടുക്കിക്കളയുന്നു.

സഖിമാർ— പേടിക്കേണ്ട. സ്നേഹം ആപച്ഛങ്കയുണ്ടാക്കും.

ശാർങ്ഗരവൻ— സൂര്യൻ നുകപ്പാടു്. പൊങ്ങിക്കഴിഞ്ഞു. ഭവതി വേഗം പുറപ്പെടൂ.

ശകുന്തള— (ആശ്രമത്തിനുനേരെ തിരിഞ്ഞുനിന്നു്) അച്ഛ! എന്നാണിനി ഞാനീ തപോവനം കാണുക.

കാശ്യപൻ— കേട്ടോളൂ—

ഏറെക്കാലം നാലതിരോളമുള്ള ഭൂമിയുടെ സപത്നിയായിരുന്നു്, ദുഷ്യന്തനിൽനിന്നു ജനിച്ച എതിരില്ലാത്ത പുത്രനെ വാഴിച്ചു്, അവനിൽ കുടുംബഭാരം സമർപ്പിച്ചശേഷം ഭർത്താവിനോടൊപ്പം ശാന്തമായ ഈ ആശ്രമത്തിൽ നിനക്കു വീണ്ടും വന്നുചേരാം. 20

ഗൗതമി— കുഞ്ഞേ! യാത്രാമുഹൂർത്തം കഴിഞ്ഞുപോകുന്നു. അച്ഛനെ തിരിച്ചയക്കൂ. അല്ലെങ്കിൽ ഇവരു ഏറെനേരം ഇങ്ങിനെ പിന്നെയും പിന്നെയും ഓരോന്നു പറഞ്ഞുകൊണ്ടുനിൽക്കും. അങ്ങു മടങ്ങുക.

കാശ്യപൻ— കുഞ്ഞേ! എന്റെ തപോനുഷ്ഠാനത്തിനു വിഘ്നം വരുന്നു.

ശകുന്തള— (വീണ്ടും അച്ഛനെ ആശ്ലേഷിച്ചു്) തപോനുഷ്ഠാനംകൊണ്ടു തളർന്നതാണു് അച്ഛന്റെ ശരീരം. അതിനാൽ എന്നെച്ചൊല്ലി അച്ഛൻ ഏറെ ഉൽക്കണ്ഠപ്പെടരുതു്.

കാശ്യപൻ— (നെടുവീർപ്പിട്ടു്)

കുഞ്ഞേ! നീ ബലിയിട്ട വരിനെല്ലുപർണ്ണശാലയുടെ മുററത്തു മുളച്ചുനിൽക്കുന്നതു കണ്ടുകൊണ്ടിരിക്കെ എന്റെ ശോകം എങ്ങിനെ ശമിക്കാനാണു്? 21

നടന്നോളൂ. നിന്റെ മാർഗ്ഗങ്ങൾ മംഗളങ്ങളായി ഭവിക്കട്ടെ.

(ശകുന്തളയും കൂടെപ്പോകുന്നവരും പോയി)

സഖിമാർ— (ശകുന്തളയെ നോക്കിനിന്നിട്ടു്) ഹാ കഷ്ടം കഷ്ടം! ശകുന്തള കാട്ടിൻനിരയിൽ മറഞ്ഞുകഴിഞ്ഞു.

കാശ്യപൻ— (നെടുവീർപ്പിട്ടു്) അനസൂയേ! നിങ്ങളുടെ കൂട്ടുകാരി പോയ്ക്കഴിഞ്ഞു. ദുഃഖമടക്കി എന്റെകൂടെ പോരുവിൻ.

ഉഭേ— താദ! സഉന്ദളാവിരഹിദം സുണ്ണം വിഅ തവോവണം കഹം പവിസാവോ? [താത! ശകുന്തളാവിരഹിതം ശൂന്യമിവ തപോവനം കഥം പ്രവിശാവഃ?]

കാശ്യപഃ— സ്നേഹപ്രവൃത്തിരേവം ദർശിനീ. (സവിമർശം പരിക്രമ്യ) ഹന്ത ഭോഃ! ശകുന്തളാം പതികുലം വിസൃജ്യ ലബ്ധമിദാനീം സ്വാസ്ഥ്യം. കുതഃ—

അർത്ഥോ ഹി കന്യാ പരകീയ ഏവ
താമദ്യ സംപ്രേഷ്യ പരിഗ്രഹീതുഃ
ജാതോ മമായം വിശദഃ പ്രകാമം
പ്രത്യർപ്പിതന്യാസ ഇവാന്തരാത്മാ. 22

(ഇതി നിഷ്ക്രാന്താഃ സർവ്വേ)

ഇതി ചതുർത്ഥോഽങ്കഃ

പഞ്ചമോഽങ്കഃ

(തതഃ പ്രവിശത്യാസനസ്ഥോ രാജാ വിദൂഷകശ്ച)

വിദൂഷകഃ— (കണ്ണം ദത്ത്വാ) ഭോ വഅസ്സ! സംഗീതസാലന്തരേ അവധാണം ദേഹി. കളവിസുദ്ധാഏ ഗീദീഏ സരസംജോഓ സുണീഅദി. ജാണേ, തത്തഹോദീ ഹംസവദിആ വണ്ണപരിഅഅം കരേദിത്തി. [ഭോ വയസ്യ! സംഗീതശാലാന്തരേഽവധാനം ദേഹി. കളവിശുദ്ധായാ ഗീതേഃ സ്വരസംയോഗഃ ശ്രൂയതേ. ജാനേ, തത്രഭവതീ ഹംസപദികാ വർണ്ണപരിചയം കരോതീതി]

രാജാ— തൂഷ്ണീം ഭവ. യാവദാകണ്ണയാമി.

(ആകാശേ ഗീയതേ)

അഹിണവമഹുലോലുവോ ഭവം
തഹ പരിചുംബിഅ ചൂഅമഞ്ജരിം
കമളവസഇമേത്തണിവ്വുദോ
മഹുഅര! വിമ്ഹരിഓ സി ണം കഹം? 1

[അഭിനവമധുലോലുപോ ഭവാംസ്തഥാ പരിചുംബ്യ ചൂതമഞ്ജരീം
കമലവസതിമാത്രനിർവൃതോ മധുകര! വിസ്മൃതോഽസ്യേനാം കഥം?]

രാജാ— അഹോ! രാഗപരിവാഹിനീ ഗീതിഃ.

വിദൂഷകഃ— കിം ദാവ ഗീദീഏ അവഗഓ അക്ഖരത്ഥോ? [കിം താവൽ ഗീത്യാ അവഗതോഽക്ഷരാർത്ഥഃ?]

ഇരുവരും— അച്ഛരാ! ശകുന്തളയില്ലാത്തതിനാൽ ശൂന്യമായതുപോലെ തോന്നുന്ന ആശ്രമത്തിലേക്കു് എങ്ങിനെയാണു് ഞങ്ങൾ പ്രവേശിക്കുക?

കാശ്യപൻ— സ്നേഹത്തിന്റെ ശക്തി അങ്ങിനെയെല്ലാം തോന്നിക്കും. (ആലോചനയുമായി ചുററിനടന്നു്) ഹാവൂ! ശകുന്തളയെ പതികുലത്തിലേയ്ക്കയച്ചുകഴിഞ്ഞപ്പോൾ എനിയ്ക്കു സ്വാസ്ഥ്യം കൈവന്നു. എന്തെന്നാൽ—

പെൺകുട്ടിയെന്നതു കേവലം അന്യന്റെ സ്വത്താണു്. ഭർത്താവിന്റെ അടുക്കലേക്കു് അവളെ ഇപ്പോൾ അയച്ചുകൊടുത്തതോടെ പണയപ്പാടു തിരിച്ചേല്പിച്ചാലെന്നപോലെ എന്റെ അന്തരാത്മാവിനു നല്ല തെളിവു വന്നിരിക്കുന്നു. 22

(എല്ലാവരും പോയി)

നലാമങ്കം കഴിഞ്ഞു

അഞ്ചാമങ്കം

(അനന്തരം ആസനസ്ഥനായ രാജാവും വിദൂഷകനും പ്രവേശിക്കുന്നു)

വിദൂഷകൻ— (ചെവിയോർത്തു്) ഏയ് തോഴരേ! സംഗീതശാലയിലേക്കു ശ്രദ്ധയെ ഒന്നു തിരിക്കൂ. തെളിഞ്ഞു മധുരമായ ഒരു ഗീതാലാപനം കേൾക്കുന്നു. ശ്രീമതി ഹംസപദിക വർണ്ണാഭ്യാസം നടത്തുകയാണെന്നു തോന്നുന്നു.

രാജാവു്— മിണ്ടാതിരിക്കൂ. ഞാൻ കേൾക്കട്ടെ.

(ആകാശത്തു പാടുന്നു)

വണ്ടത്താനേ! പുതുതേനിൽ കൊതിപൂണ്ട താങ്കൾ മാമ്പൂങ്കുലയെ ആവിധം നുകർന്നു് ഇന്നിപ്പോൾ താമരപ്പൂവിൽത്തന്നെ പടഞ്ഞുകൂടുന്നതിൽ നിർവൃതിപൂണ്ടു് ഈ പൂങ്കുലയെ എങ്ങിനെ മറന്നുകളഞ്ഞു? 1

രാജാവു്— അമ്പോ! രാഗം വഴിഞ്ഞൊഴുകുന്ന പാട്ടു്.

വിദൂഷകൻ— പാട്ടിലെ അക്ഷരാർത്ഥം മനസ്സിലാക്കിയോ?

രാജാ— (സ്മിതം കൃത്വാ) സകൃൽ കൃതപ്രണയോഽയം ജനഃ. തദസ്യാ ദേവീം വസുമതീമന്തരേണ മദുപാലംഭമവഗതോഽസ്മി. സഖേ മാഢവ്യ! മദ്വചനാദുച്യതാം ഹംസപദികാ—'നിപുണമുപാലബ്ധാഃ സ്മ' ഇതി.

വിദൂഷകഃ— ജം ഭവം ആണവേദി. (ഉത്ഥായ) ഭോ വഅസ്സ! ഗഹീദസ്സ താഏ പരകീഏഹിം അത്ഥേഹിം സിഹണ്ഡഏ അച്ഛരാഏ വീദരാഅസ്സ വിഅ ണത്ഥി ദാണിം മേ മോക്ഖോ. [യൽ ഭവാനാജ്ഞാപയതി, ഭോ വയസ്യ! ഗൃഹീതസ്യ തയാ പരകീയൈരത്ഥൈഃ ശിഖണ്ഡകേഽപ്സരസാ വീതരാഗസ്യേവ നാസ്തീദാനീം മേ മോക്ഷഃ]

രാജാ— ഗച്ഛ. നാഗരികവൃത്ത്യാ സംജ്ഞാപയൈനാം.

വിദൂഷകഃ— കാ ഗഈ? [കാ ഗതിഃ?] (ഇതി നിഷ്ക്രാന്തഃ)

രാജാ— (ആത്മഗതം) കിം നു ഖലു ഗീതമേവംവിധാർത്ഥമാകർണ്ണ്യേഷ്ടജനവിരഹാദൃതേഽപി ബലവദുൽകണ്ഠിതോഽസ്മി. അഥവാ—

രമ്യാണി വീക്ഷ്യ മധുരാംശ്ച നിശമ്യ ശബ്ദാൻ
പര്യുത്സുകീഭവതി യൽ സുഖിതോഽപി ജന്തുഃ
തച്ചേതസാ സ്മരതി നൂനമബോധപൂർവം
ഭാവസ്ഥിരാണി ജനനാന്തരസൌഹൃദാനി. 2

(ഇതി പര്യാകുലസ്തിഷ്ഠതി)

(തതഃ പ്രവിശതി കഞ്ചുകീ)

കഞ്ചുകീ— അഹോ നു ഖലു! ഈദൃശീമവസ്ഥാം പ്രതിപന്നോഽസ്മി.

ആചാര ഇത്യവഹിതേന മയാ ഗൃഹീതാ
യാ വേത്രയഷ്ടിരവരോധഗൃഹേഷു രാജ്ഞഃ
കാലേ ഗതേ ബഹുതിഥേ മമ സൈവ ജാതാ
പ്രസ്ഥാനവിക്ലബഗതേരവലംബനാർത്ഥാ. 3

ഭോഃ! കാമം ധർമ്മകാര്യ്യമനതിപാത്യം ദേവസ്യ. തഥാപീദാനീമേവ ധർമ്മാസനാദുത്ഥിതായ പുനരുപരോധകാരി കണ്വശിഷ്യാഗമനമസ്മൈ നോത്സഹേ നിവേദയിതും. അഥവാ അവിശ്രമോഽയം ലോകതന്ത്രാധികാരഃ. കുതഃ—

ഭാനുഃ സകൃദ്യുക്തതുരംഗ ഏവ രാത്രിംദിവം ഗന്ധവഹഃ പ്രയാതി
ശേഷഃ സദൈവാഹിതഭൂമിഭാരഃ ഷഷ്ഠാംശവൃത്തേരപി ധർമ്മ ഏഷഃ. 4

രാജാവ്— (പുഞ്ചിരിയോടുകൂടി) ഈയ്യുള്ളവൻ ഒരിക്കൽ ഇവളോടു പ്രണയം കാണിച്ചിട്ടുണ്ട്. അതിനാൽ വസുമതിയെച്ചൊല്ലി എന്നെ ശകാരിക്കയാണെന്നു ഞാൻ മനസ്സിലാക്കുന്നു. സഖേ മാഢവ്യ! ഞാൻ പറഞ്ഞതായി ഹംസപദികയോടു ചെന്നു പറയൂ— 'എന്നെ ശകാരിച്ചതിൽ നല്ല മിടുക്കു കാണിച്ചു' എന്ന്.

വിദൂഷകൻ— താങ്കളുടെ കല്പനപോലെ. (എഴുന്നേററിട്ട്) അവൾ എന്നെ അന്യൻെറ കാര്യത്തിനുവേണ്ടി കടുമ്മയിൽ പിടികൂടിയാൽ പിന്നെ അപ്സരസ്ത്രീയുടെ പിടിയിലകപ്പെട്ട വിരക്തനെന്നപോലെ **എനിക്കു** മോചനമുണ്ടാവില്ല.

രാജാവ്— ചെല്ലൂ! നാഗരികൻെറ മട്ടിൽ അറിയിക്കൂ.

വിദൂഷകൻ— എന്തു ഗതി? (പോയി)

രാജാവ്— (വിചാരം) ഇതെന്താണ്, ഇത്തരം അർത്ഥമുൾക്കൊള്ളുന്ന പാട്ടു കേട്ടപ്പോൾ എനിക്ക് ഇഷ്ടജനവിരഹമില്ലാതിരുന്നിട്ടും വല്ലാതെ ഉൽക്കണ്ഠ തോന്നുന്നത്? അല്ലെങ്കിൽ—

രമണീയവസ്തുക്കൾ കാണുമ്പോഴും മധുരശബ്ദങ്ങൾ കേൾക്കുമ്പോഴും സുഖവാനാണെങ്കിൽപ്പോലും ദേഹിക്ക് ഉൽക്കണ്ഠയുളവാകുന്നത്, ആത്മാവിലുറച്ചുകിടക്കുന്ന മുജ്ജന്മസ്നേഹബന്ധങ്ങളെ ബോധപൂർവമല്ലാതെ മനസ്സുകൊണ്ട് ഓർത്തിട്ടാവണം. 2

(അസ്വസ്ഥനായിരിക്കുന്നു)

(അനന്തരം കഞ്ചുകി പ്രവേശിക്കുന്നു)

കഞ്ചുകി— കഷ്ടം! ഞാൻ ഇത്തരം അവസ്ഥയിലായിത്തീർന്നു.

ആചാരമെന്ന നിലയിൽ ശ്രദ്ധയോടുകൂടി ഞാൻ തമ്പുരാൻെറ അന്തഃപുരങ്ങളിൽ മറക്കാതെ കയ്യിലെടുത്തുകൊണ്ടിരുന്ന ഈ ചൂരൽവടി തന്നെ കുറെക്കാലം കഴിഞ്ഞപ്പോൾ നടക്കാൻ തുടങ്ങുമ്പോഴെക്കും കാലിടറുന്ന എനിക്ക് ഒരു ഊന്നുവടിയായിത്തീർന്നിരിക്കുന്നു. 3

ശരിയാണ്, തമ്പുരാനു ധർമ്മകാര്യത്തിൽ അമാന്തമൊന്നുംപാടില്ല. എന്നാൽ ഇപ്പോൾത്തന്നെ ധർമ്മാസനത്തിൽനിന്നു എഴുന്നേററുപോയ തിരുമേനിയോടു കാശ്യപശിഷ്യന്മാർ വന്നിട്ടുണ്ടെന്നു വീണ്ടും സ്വൈരം കെടുത്തിക്കൊണ്ട് ഉണർത്തിക്കുവാൻ മനസ്സുവരുന്നില്ല. അഥവാ, വിശ്രമമില്ലാത്തതാണല്ലോ ലോകഭരണാധികാരം. എന്തെന്നാൽ—

സൂര്യൻ ഒരിക്കലേ തേരിൽ കുതിരയെ പൂട്ടിയിട്ടുള്ളൂ. കാററു രാവും പകലും നടന്നുകൊണ്ടേ കഴിയുന്നു. അനന്തൻ എപ്പോഴും ഭൂമിഭാരം പേറിക്കൊണ്ടേ നിൽക്കുന്നു. ആറിലൊന്നുകൊണ്ടു ജീവിക്കുന്നവനും ഇതാണ് ധർമ്മം. 4

യാവന്നിയോഗമനുതിഷ്ഠാമി. (പരിക്രമ്യാവലോക്യ ച) ഏഷ ദേവഃ—

പ്രജാഃ പ്രജാഃ സ്വാ ഇവ തന്ത്രയിത്വാ
നിഷേവതേ ശ്രാന്തമനാ വിവിക്തം
യൂഥാനി സഞ്ചാര്യ്യ രവിപ്രതപ്തഃ
ശീതം ദിവാ സ്ഥാനമിവ ദ്വിപേന്ദ്രഃ. 5

(ഉപഗമ്യ) ജയതു ജയതു ദേവഃ. ഏതേ ഖലു ഹിമഗിരേരുപത്യകാരണ്യവാസിനഃ കാശ്യപസന്ദേശമാദായ സസ്ത്രീകാസ്തപസ്വിനഃ സംപ്രാപ്താഃ. ശ്രുത്വാ ദേവഃ പ്രമാണം.

രാജാ— (സാദരം) കിം കാശ്യപസന്ദേശഹാരിണഃ?

കഞ്ചുകീ— അഥ കിം.

രാജാ— തേനഹി മദ്വചനാദ്വിജ്ഞാപ്യതാമുപാധ്യായഃ സോമരാതഃ— 'അമൂനാശ്രമവാസിനഃ ശ്രൌതേന വിധിനാ സൽകൃത്യ സ്വയമേവ പ്രവേശയിതുമർഹസി' ഇതി. അഹമപ്യേതാം സ്തപസ്വിജനദർശനോചിതേ പ്രദേശേ സ്ഥിതഃ പ്രതിപാലയാമി.

കഞ്ചുകീ— യദാജ്ഞാപയതി ദേവഃ. (ഇതി നിഷ്ക്രാന്തഃ)

രാജാ— (ഉത്ഥായ) വേത്രവതി! അഗ്നിശരണമാർഗമാദേശയ.

പ്രതീഹാരീ— ഇദോ ഇദോ ദേവോ. [ഇത ഇതോ ദേവഃ]

രാജാ— (പരിക്രാമതി. അധികാരഖേദം നിരൂപ്യ) സർവ്വഃ പ്രാർത്ഥിതമർത്ഥമധിഗമ്യ സുഖീ സമ്പദ്യതേ ജന്തുഃ. രാജ്ഞാം തു ചരിതാർത്ഥതാ ദുഃഖോത്തരൈവ.

ഔത്സുക്യമാത്രമവസായയതി പ്രതിഷ്ഠാ
ക്ലിശ്നാതി ലബ്ധപരിപാലനവൃത്തിരേവം
നാതിശ്രമാപനയനായ ന ച ശ്രമായ
രാജ്യം സ്വഹസ്തധൃതദണ്ഡമിവാതപത്രം. 6

(നേപഥ്യേ)

വൈതാളികൌ— വിജയതാം ദേവഃ.

പ്രഥമഃ—

സ്വസുഖനിരഭിലാഷഃ ഖിദ്യസേ ലോകഹേതോഃ
പ്രതിദിനമഥവാ തേ വൃത്തി രേവം വിധൈവ
അനുഭവതി ഹി മൂർദ്ധ്നാ പാദപസ്തീവ്രമുഷ്ണം
ശമയതി പരിതാപം ഛായയാ ചാശ്രിതാനാം. 7

ഞാൻ ചെന്നു കല്പന നടത്തട്ടെ. (ചുററിനടന്നു നോക്കിയിട്ട്) ഇതാ തമ്പുരാൻ—

പ്രജകളെ സ്വന്തം മക്കളെ എന്നപോലെ നിയന്ത്രിച്ചു കൊണ്ടുനടത്തി ക്ഷീണിച്ച മനസ്സുമായി ഏകാന്തത്തിൽ ഇരുന്നരുളുന്നു. പകൽ ആനത്തലവൻ ആനക്കൂട്ടങ്ങളെ മേയാൻ കൊണ്ടുനടന്നിട്ടു വെയിലേററു പൊരിഞ്ഞു കുളിരുള്ളേടത്തു ചെന്നുകൂടുന്നതുപോലെതന്നെ. 5

(അടുത്തുചെന്ന്) തമ്പുരാൻ വിജയിച്ചാലും വിജയിച്ചാലും. ഇതാ ഹിമവൽപർവ്വതത്തിന്റെ താഴ്‌വരയിലെ കാട്ടിൽ പാർക്കുന്ന തപസ്വിമാർ സ്ത്രീകളുമായി കാശ്യപന്റെ സന്ദേശം കൊണ്ടുവന്നിരിക്കുന്നു. ശേഷം കല്പനപോലെ.

രാജാവ്— (ആദരത്തോടുകൂടി) കാശ്യപന്റെ സന്ദേശവും കൊണ്ടാണോ?

കഞ്ചുകി— അതെ.

രാജാവ്— എന്നാൽ ഞാൻ പറഞ്ഞതായി ഉപാധ്യായനായ സോമരാതനോടു ചെന്നു പറയൂ— 'ഈ ആശ്രമവാസികളെ വേദവിധിപ്രകാരം സൽക്കരിച്ചു താൻതന്നെ കൂട്ടിക്കൊണ്ടുവരുമാറാകണം' എന്ന്. ഞാനും പോയി തപസ്വിമാരുടെ ദർശനത്തിന് ഉചിതമായ സ്ഥലത്തു അവരെ കാത്തുനിൽക്കാം.

കഞ്ചുകി— കല്പനപോലെ. (പോയി)

രാജാവ്— (എഴുന്നേററ്) വേത്രവതി! അഗ്നിശാലയിലേക്കു വഴി കാണിക്കൂ.

പ്രതീഹാരി— തമ്പുരാൻ ഇതിലേ ഇതിലേ.

രാജാവ്— (ചുററിനടക്കുന്നു. ചുമതലകൊണ്ടുള്ള തളർച്ച ഭാവിച്ച്) ആശിച്ച കാര്യം നേടിയാൽ എല്ലാ പ്രാണികൾക്കും സുഖമായി. രാജാക്കന്മാർക്കാകട്ടെ കൃതാർത്ഥത വന്നാലും ദുഃഖം ബാക്കിയാവും.

സ്ഥാനം ഉറച്ചുകഴിഞ്ഞാൽ അതു് ഔത്സുക്യത്തെ ശമിപ്പിക്കുമെന്നു മാത്രമേ ഉള്ളൂ. കൈവന്ന പരിപാലനവ്യാപാരം ഇങ്ങിനെ ക്ലേശിപ്പിച്ചുകൊണ്ടേ ഇരിക്കും. രാജ്യം സ്വന്തം കൈകൊണ്ടുപിടിച്ച കുടപോലെ ഏറെ ക്ഷീണം തീർക്കുകയുമില്ല, ക്ഷീണിപ്പിക്കുകയുമില്ല. 6

(അണിയറയിൽ)

രണ്ടുവൈതാളികന്മാർ— മഹാരാജാവു ജയിച്ചാലും.

ഒന്നാമൻ—

അവിടുന്നു സ്വസുഖത്തിൽ അഭിലാഷമില്ലാതെ ലോകത്തിനുവേണ്ടി പാടുപെടുന്നു. അഥവാ അവിടുത്തെ തൊഴിൽ ഇത്തരത്തിലുള്ളതുതന്നെയാണല്ലോ. മരം കോടുംചൂടു തലയിലേററുനിന്ന് ആശ്രിതന്മാരുടെ സന്താപത്തെ തണൽകൊണ്ടു തീർത്തുകൊടുക്കുന്നുണ്ടല്ലോ. 7

ദ്വിതീയഃ—

നിയമയസി വിമാർഗ്ഗപ്രസ്ഥിതാനാത്തദണ്ഡഃ
പ്രശമയസി വിവാദം, കല്പസേ രക്ഷണായ
അതനുഷു വിഭവേഷു ജ്ഞാതയഃ സന്തു നാമ
ത്വയി തു പരിസമാപ്തം ബന്ധുകൃത്യം പ്രജാനാം. 8

രാജാ— ഏതേ ക്ലാന്തമനസഃ പുനർനവീകൃതാഃ സ്മഃ. [ഇതി പരിക്രാമതി]

പ്രതീഹാരീ— ഏസോ അഹിണവസമ്മജ്ജണസസ്സിരീഓ സണ്ണിഹിദഹോമധേണൂ അഗ്ഗിസരണാളിന്ദോ. ആരോഹദു ദേവോ. [ഏഷോഽഭിനവസമ്മാർജനസശ്രീകഃ സന്നിഹിതഹോമധേനുരഗ്നിശരണാളിന്ദഃ. ആരോഹതു ദേവഃ]

രാജാ— (ആരുഹ്യ പരിജനാംസാവലംബീ തിഷ്ഠതി) വേത്രവതി! കിമുദ്ദിശ്യ ഭഗവതാ കാശ്യപേന മത്സകാശമൃഷയഃ പ്രേഷിതാഃ സ്യുഃ?

കിം താവദ്വ്രതിനാമുപോഢതപസാം വിഘ്നൈസ്തപോ ദൂഷിതം
ധർമ്മാരണ്യചരേഷു കേനചിദുത പ്രാണിഷ്വസച്ചേഷ്ടിതം
ആഹോസ്വിൽ പ്രസവോ മമാപചരിതൈർ വിഷ്ടംഭിതോ വീരുധാ—
മിത്യാരൂഢബഹുപ്രതർക്കമപരിച്ഛേദാകുലം മേ മനഃ. 9

പ്രതീഹാരീ— സുചരിദാഹിണന്ദിണോ ഇസീഓ ദേവം സഭാജഇദും ആഅദാ ത്തി തക്കേമി. [സുചരിതാഭിനന്ദിന ഋഷയോ ദേവം സഭാജയിതുമാഗതാ ഇതി തർക്കയാമി]

(തതഃ പ്രവിശന്തി ഗൗതമീസഹിതാഃ ശകുന്തളാം പുരസ്കൃത്യ മുനയഃ. പുരശ്ചൈഷാം കഞ്ചുകീ പുരോഹിതശ്ച)

കഞ്ചുകീ— ഇത ഇതോ ഭവന്തഃ.

ശാർങ്ഗരവഃ— ശാരദ്വത!

മഹാഭാഗഃ കാമം നരപതിരഭിന്നസ്ഥിതിരസൗ
ന കശ്ചിദ്വർണ്ണാനാമപഥമപകൃഷ്ടോഽപി ഭജതേ
തഥാപീദം ശശ്വൽപരിചിതവിവിക്തേന മനസാ
ജനാകീർണ്ണം മന്യേ ഹുതവഹപരീതം ഗൃഹമിവ. 10

ശാരദ്വതഃ— സ്ഥാനേ ഭവാൻ പുരപ്രവേശാദിത്ഥംഭൂതഃ സംവൃത്തഃ. അഹമപി—

അഭ്യക്തമിവ സ്നാതഃ ശുചിരശുചിമിവ പ്രബുദ്ധ ഇവ സുപ്തം
ബദ്ധമിവ സ്വൈരഗതിർജനമിഹ സുഖസംഗിനമവൈമി. 11

ശകുന്തളാ— (നിമിത്തം സൂചയിത്വാ) അമ്മഹേ! കിം മേ വാമേദരം ണഅണം വിപ്ഫുരദി? [അഹോ! കിം മേ വാമേതരന്നയനം വിസ്ഫുരതി?]

രണ്ടാമൻ—

അവിടുന്നു ദണ്ഡമേന്തിക്കൊണ്ടു വഴിതെററിപ്പോകാൻ തുടങ്ങുന്നവരെ തടഞ്ഞുനിർത്തുന്നു, വിവാദം വേണ്ടവിധം ശമിപ്പിക്കുന്നു, രക്ഷസ്സു വേണ്ടതു ചെയ്യുന്നു, സമ്പത്തു ധാരാളമുള്ളപ്പോൾ ഉററവർ, താനേ ഉണ്ടായിക്കൊള്ളും, ആകട്ടെ. എന്നാൽ പ്രജകൾക്കു ഉററവരെക്കൊണ്ടുള്ള ആവശ്യമെല്ലാം അവിടുത്തെക്കൊണ്ടു നിറവേറുന്നുണ്ടു്. 8

രാജാവു്— മനസ്സിടിഞ്ഞു തളർന്നിരുന്ന നാം വീണ്ടും പുതുമയുള്ള നിലയിലായിരിക്കുന്നു. (ചുററിനടക്കുന്നു)

പ്രതീഹാരി— ഇതാ ഇപ്പോൾത്തന്നെ അടിച്ചുതളിച്ചു വെടിപ്പാക്കി ഹോമധേനുവിനെ സമീപത്തു കെട്ടിയിട്ടുള്ള അഗ്നിശാലത്തിണ്ണ. കല്പിച്ചുകയറാം.

രാജാവു്— (കേറി പരിജനത്തിന്റെ ചുമലിൽ കയ്യുംവെച്ചു നിൽക്കുന്നു) വേത്രവതി! എന്തിനുവേണ്ടിയാവാം കാശ്യപൻതിരുവടി, എന്റെ അടുക്കലേക്കു ഋഷിമാരെ അയച്ചിരിക്കുന്നതു്?

വ്രതമെടുത്തു തപസ്സുചെയ്യുന്ന മുനിമാരുടെ തപസ്സു വല്ലവരും മുടക്കി ദുഷിപ്പിച്ചിട്ടുണ്ടാവുമോ? അതോ തപോവനത്തിൽ കഴിയുന്ന ജീവികളുടെനേരെ ആരെങ്കിലും കൊള്ളരുതായ്യവല്ലതും കാണിച്ചിരിക്കുമോ? അതുമല്ലെങ്കിൽ ചെടികളുടെ പൂക്കളും കായ്കളും എന്റെ ദുശ്ചരിതങ്ങൾകൊണ്ടു നിലച്ചുപോയിട്ടുണ്ടാവുമോ? ഇങ്ങനെ പല സംശയങ്ങളും കടന്നുകൂടിയ എന്റെ മനസ്സു് ഒന്നും തീരുമാനിക്കാൻ കഴിയാതെ വിഷമിക്കുകയാണു്. 9

പ്രതിഹാരി— തിരുമേനിയുടെ സുചരിതത്തെ അഭിനന്ദിച്ചു തിരുമേമേനിയെ അനുമോദിക്കാൻ ഋഷിമാർ വന്നതാവാമെന്നാണു് അടിയന്റെ ഊഹം.

(അനന്തരം ശകുന്തളയെ മുമ്പേ നടത്തികൊണ്ടു ഗൌതമിയോടുകൂടി മുനിമാർ പ്രവേശിക്കുന്നു. അവരുടെ മുമ്പെ കഞ്ചുകിയോടുകൂടി പുരോഹിതനും)

കഞ്ചുകി— ഭവാന്മാർ ഇതിലേ ഇതിലേ.

ശാർങ്ങ്ഗരവൻ— ശാരദ്വത!

നിലതെററാത്ത ഈ രാജാവു മഹാനുഭാവൻ തന്നെ. വർണ്ണങ്ങളിൽ താഴ്ന്നവൻപോലും വഴി തെററി നടക്കുന്നില്ല. എങ്കിലും എന്നും ഏകാന്തത്തിലിരുന്നു ശീലിച്ച മനസ്സിനു ജനങ്ങൾ തിങ്ങിപ്പാർക്കുന്ന ഈ സ്ഥലം, ചുററും തീ പിടിച്ച പുരപോലെ തോന്നുകയാണു്. 10

ശാരദ്വതൻ— നഗരത്തിലേക്കു കടന്നപ്പോൾ താങ്കളിങ്ങനെയായതു് യുക്തംതന്നെ. ഞാനും—

കുളികഴിഞ്ഞവൻ എണ്ണ തേച്ചിരിക്കുന്നവനെയും ശുദ്ധിയുള്ളവൻ ശുദ്ധിയില്ലാത്തവനെയും ഉണർന്നവൻ ഉറങ്ങുന്നവനെയും സ്വൈരമായി നടക്കുന്നവൻ ബന്ധനത്തിൽപ്പെട്ടവനെയും കാണുംപോലെയാണു് ഇവിടെയുള്ള സുഖാസക്തരായ ആളുകളെ ഞാൻ കാണുന്നതു്.. 11

ശകുന്തള— (നിമിത്തം സൂചിപ്പിച്ചുകൊണ്ടു്) അയ്യോ! എന്റെ വലത്തെ കണ്ണു് എന്താണു് ഇങ്ങിനെ തുടിക്കുന്നതു്.

ഗൌതമീ— ജാദേ! പഡിഹദം അമംഗലം. സുഹാഇം ദേ ഭത്തുകുലദേവദാഓ വിതരന്ദു. [ജാതേ! പ്രതിഹതമമംഗലം. സുഖാനി തേ ഭർത്തൃകുലദേവതാ വിതരന്തു]

(ഇതി പരിക്രാമന്തി)

പുരോഹിതഃ— (രാജാനം നിർദിശ്യ) ഭോ ഭോസ്തപസ്വിനഃ! അസാവത്രഭവാൻ വൎണ്ണാശ്രമാണാം രക്ഷിതാ പ്രാഗേവ മുക്താസനോ വഃ പ്രതിപാലയതി. പശ്യതൈനം.

ശാർങ്ഗരവഃ— ഭോ മഹാബ്രാഹ്മണ! കാമമേതഭിനന്ദനീയം, തഥാപി വയമത്ര മധ്യസ്ഥാഃ. കുതഃ—

ഭവന്തി നമ്രാസ്തരവഃ ഫലാഗമൈർ—
നവാംബുഭിർദ്ദൂരവിലംബിനോ ഘനാഃ
അനുദ്ധതാഃ സൽപുരുഷാഃ സമൃദ്ധിഭിഃ
സ്വഭാവ ഏവൈഷ പരോപകാരിണാം. 12

പ്രതീഹാരീ— ദേവ! പസണ്ണമുഹവണ്ണാ ദീസന്തി, ജാണാമി, വീസദ്ധകജ്ജാ ഇസീഓ. [ദേവ! പ്രസന്നമുഖവൎണ്ണാ ദൃശ്യന്തേ. ജാനാമി, വിസ്രബ്ധകാര്യാ ഋഷയഃ]

രാജാ— (ശകുന്തളാം ദൃഷ്ട്വാ) അഥാത്രഭവതീ—

കാ സ്വിദവഗുണ്ഠനവതീ നാതിപരിസ്ഫുടശരീരലാവണ്യാ
മധ്യേ തപോധനാനാം കിസലയമിവ പാണ്ഡുപത്രാണാം. 13

പ്രതീഹാരീ— ദേവ! കുതൂഹലഗബ്ഭോപഹിദോ ണ മേ തക്കോ പസരദി. ണം ദംസണീഅ ഉണ സേ ആകിദീ ലക്ഖീഅദി. [ദേവ! കുതൂഹലഗർഭോപഹിതോ ന മേ തർക്കഃ പ്രസരതി. നനു ദർശനീയാ പുനരസ്യാ ആകൃതിർലക്ഷ്യതേ]

രാജാ— ഭവതു അനിർവർണ്ണനീയം പരകളത്രം.

ശകുന്തളാ— (ഹസ്തമുരസി കൃത്വാ ആത്മഗതം) ഹിഅഅ! കിം ഏവ്വം വേവസി? അജ്ജഉത്തസ്സ ഭാവം ഓഹാരിഅ അധീരം ദാവ ഹോഹി. [ഹൃദയ! കിമേവം വേപസേ? ആൎയ്യപുത്രസ്യ ഭാവമവധാൎയ്യാധീരം താവൽ ഭവ]

പുരോഹിതഃ— (പുരോ ഗത്വാ) ഏതേ വിധിവദൎച്ചിതാസ്തപസ്വിനഃ. കശ്ചിദേഷാമുപാധ്യായസന്ദേശഃ. തം ദേവഃ ശ്രോതുമർഹതി.

രാജാ— അവഹിതോഽസ്മി.

ഋഷയഃ— (ഉപസൃത്യ ഹസ്താനുദ്യമ്യ) വിജയസ്വ രാജൻ!

രാജാ— (സപ്രണാമം) സർവ്വാനഭിവാദയേ.

ഋഷയഃ— ഇഷ്ടേന യുജ്യസ്വ.

ഗൌതമി— മകളേ! അമംഗളം നീങ്ങിപ്പോകട്ടെ. നിന്റെ ഭൎത്തൃകുലദേവതമാർ സുഖംതരട്ടെ.

(ചുററിനടക്കുന്നു)

പുരോഹിതൻ— (രാജാവിനെ ചൂണ്ടിക്കാണിച്ചുകൊണ്ട്) ഹേ ഹേ തപസ്വിമാരേ! ഇതാ വൎണ്ണാശ്രമങ്ങളുടെ രക്ഷിതാവായ തിരുമേനി നേരത്തെത്തന്നെ ഇരിപ്പിടത്തിൽനിന്നെഴുന്നേററു നിങ്ങളെ കാത്തുനില്ക്കുന്നു. അദ്ദേഹത്തെ നോക്കുക.

ശാൎങ്ഗരവൻ— ഹേ മഹാബ്രാഹ്മണ! ഇതു വളരെയധികം അഭിനന്ദിക്കേണ്ടതുതന്നെ. പക്ഷേ ഞങ്ങളിതിൽ ഉദാസീനന്മാരാണ്. എന്തെന്നാൽ—

വൃക്ഷങ്ങൾ ഫലം തിങ്ങുമ്പോൾ താഴ്മയുള്ളവയായിത്തീരുന്നു. മേഘങ്ങൾ പുതുവെള്ളമേന്തുമ്പോൾ കൂടുതൽ താഴുന്നു. സൽപുരുഷന്മാർ സമൃദ്ധികളെക്കൊണ്ടു ഗൎവ്വില്ലാത്തവരായിത്തീരുന്നു. പരോപകാരതൽപ്പരന്മാരുടെ സ്വഭാവം തന്നെയാണിതു്. 12

പ്രതീഹാരി— മഹാരാജാവേ! മുഖംതെളിഞ്ഞാണ് കാണുന്നതു്. എന്തോ നല്ല കാൎയ്യമാണ്, ഋഷിമാൎക്കുള്ളതെന്നു ഞാൻ കരുതുന്നു.

രാജാവ്— (ശകുന്തളയെ കണ്ടിട്ട്) അപ്പോൾ, ശ്രീമതി—

മൂടുപടമിട്ടു ശരീരലാവണ്യം ഏറെ വെളിപ്പെടാതെ, പഴുത്ത ഇലകൾക്കിടയിൽ തളിർപോലെ, തപസ്വിമാരുടെ നടുവിൽ ആരായിരിക്കും? 13

പ്രതീഹാരി— മഹാരാജാവേ! കൌതുകത്തോടുകൂടി ചിന്തിച്ചുനോക്കീട്ട് അടിയന്ന് ഒന്നും ഊഹിക്കാൻ പററുന്നില്ല. ഇവളുടെ ആകൃതിയാകട്ടെ, കാണേണ്ടതുതന്നെയാണ്.

രാജാവ്— ആവട്ടെ, പരസ്ത്രീയെ ഉററുനോക്കുന്നതു ശരിയല്ല.

ശകുന്തള— (കൈ നെഞ്ഞത്തുവെച്ചു വിചാരം) ഹൃദയമേ! എന്തിനിങ്ങനെ പിടയുന്നു? ആൎയ്യപുത്രന്റെ ഭാവമറിഞ്ഞിട്ടുമതി, നീ അധീരമാകാൻ.

പുരോഹിതൻ— (മുന്നോട്ടുചെന്നു) ഇതാ വിധിയാംവണ്ണം സൽക്കരിക്കപ്പെട്ട മഹർഷിമാർ. ഇവരുടെ പക്കൽ ഗുരുവിന്റെ ഒരു സന്ദേശമുണ്ട്. അതു മഹാരാജാവു കേൾക്കുമാറാകണം.

രാജാവ്— ഞാൻ ശ്രദ്ധിക്കുന്നുണ്ട്.

ഋഷിമാർ— (അടുത്തുചെന്നു കൈയുയൎത്തി) രാജാവേ! അങ്ങു വിജയിച്ചാലും.

രാജാവ്— (നമസ്ക്കാരപൂൎവ്വം) എല്ലാവരേയും ഞാൻ അഭിവാദ്യം ചെയ്യുന്നു.

ഋഷിമാർ— ഇഷ്ടയോഗമുണ്ടാകട്ടെ.

രാജാ— അപി നിർവിഘ്നതപസോ മുനയഃ?

ഋഷയഃ—

കുതോ ധർമ്മക്രിയാവിഘ്നഃ സതാം രക്ഷിതരി ത്വയി
തമസ്തപതി ഘർമ്മാംശൌ കഥമാവിർഭവിഷ്യതി? 14

രാജാ— അർത്ഥവാൻ ഖലു മേ രാജശബ്ദഃ. അഥ ഭഗവാംല്ലോകാനുഗ്രഹായ കുശലീ കാശ്യപഃ?

ശാർങ്ഗരവഃ— സ്വാധീനകുശലാഃ സിദ്ധിമന്തഃ. സ ഭവന്തമനാമയപ്രശ്നപൂർവ്വകമിദമാഹ—

രാജാ— കിമാജ്ഞാപയതി ഭഗവാൻ?

ശാർങ്ഗരവഃ— 'യന്മിഥഃ സമയാദിമാം മദീയാം ദുഹിതരം ഭവാനുപായംസ്ത, തന്മയാ പ്രീതിമതാ യുവയോരനുജ്ഞാതം. കുതഃ—

ത്വമർഹതാം പ്രാഗ്രസരഃ സ്മൃതോഽസി നഃ
ശകുന്തലാ മൂർത്തിമതീവ സൽക്രിയാ
സമാനയംസ്തുല്യഗുണം വധൂവരം
ചിരസ്യ വാച്യം ന ഗതഃ പ്രജാപതിഃ. 15

തദിദാനീമാപന്നസത്വേയം പ്രതിഗൃഹ്യതാം സഹധർമ്മചരണായ' ഇതി.

ഗൌതമീ—അജ്ജ! കിംപി വത്തുകാമഹ്മി. ണ മേ വഅണാവസരോ അത്ഥി. കഹം ത്തി?

ണാവേക്ഖിഓ ഗുരുഅണോ
ഇമാഏ തുഏ പുച്ഛിദോ ണ ബന്ധുഅണോ
ഏക്കക്കമെ എവ്വ കിദേ
ഭണാമി കിം ഏക്കമേക്കസ്സ? 16

[ആര്യ കിമപി വക്തുകാമാഽസ്മി. ന മേ വചനാവസരോഽസ്തി. കഥമിതി?
നാവേക്ഷിതോ ഗുരുജനോഽനയാ, ത്വയാ പൃഷ്ടോ ന ബന്ധുജനഃ
ഏകക്രമ ഏവ കൃതേ ഭണാമി കിമേകമേകസ്യ?]

ശകുന്തലാ— (ആത്മഗതം) കിം ണു ക്ഖു അജ്ജഉത്തോ ഭണാദി?
[കിം നു ഖല്വാര്യപുത്രോ ഭണതി?]

രാജാ— കിമിദമുപന്യസ്തം?

ശകുന്തലാ— (ആത്മഗതം) പാവഓ ക്ഖു വഅണോവണ്ണാസോ.
[പാവകഃ ഖലു വചനോപന്യാസഃ]

രാജാവ്— മുനിമാരുടെ തപസ്സിന്നു വിഘ്നമൊന്നുമില്ലല്ലോ?

ഋഷിമാർ—

അങ്ങു സജ്ജനങ്ങളുടെ രക്ഷിതാവായിരിക്കുമ്പോഴുണ്ടോ ധർമ്മക്രിയകൾക്കു വിഘ്നം വരുന്നു? സൂര്യൻ കത്തിജ്വലിക്കുമ്പോൾ ഇരുട്ടുണ്ടാവുന്നതെങ്ങനെ? 14

രാജാവ്— എന്റെ രാജാവെന്ന പേരു് അർത്ഥവത്തായി. ഭഗവാൻ കാശ്യപൻ ലോകാനുഗ്രഹത്തിനായി കുശലിയായിരിക്കുന്നുണ്ടല്ലോ?

ശാർങ്ഗരവൻ— തപസ്സിദ്ധിയുള്ളവർക്കു കുശലം സ്വാധീനമാണു്. അവിടുന്നു് അങ്ങയോടു് അനാമയം ചോദിച്ചുകൊണ്ടു് ഇങ്ങിനെ പറഞ്ഞിരിക്കുന്നു—

രാജാവ്— എന്താണു ഭഗവാൻ ആജ്ഞാപിക്കുന്നതു്?

ശാർങ്ഗരവൻ— 'തമ്മിൽ പറഞ്ഞുറപ്പിച്ചു് എന്റെ ഈ മകളെ അങ്ങു വിവാഹം ചെയ്തതു്, ഞാൻ സന്തോഷത്തോടെ സമ്മതിച്ചിരിക്കുന്നു. എന്തെന്നാൽ അങ്ങു പൂജ്യന്മാരിൽവെച്ചു് അഗ്രഗണ്യനാണെന്നു സമ്മതം. ശകുന്തളയോ ഉടലെടുത്ത പൂജയെപ്പോലുള്ളവളാണു്. തുല്യഗുണന്മാരായ വധൂവരന്മാരെ തമ്മിലിണക്കിയ വിധി വളരെക്കാലത്തിനു ശേഷം ചീത്തപ്പേരു് ഒഴിവാക്കിയിരിക്കുന്നു. 15

അതുകൊണ്ടു് ഇപ്പോൾ ഗർഭിണിയായിരിക്കുന്ന ഇവളെ സഹധർമ്മാനുഷ്ഠാനത്തിനായി അങ്ങു കൈക്കൊണ്ടാലും' എന്നു്.

ഗൌതമി— ആര്യ! എനിക്കൊന്നു പറയാനുണ്ടു്. പക്ഷെ എനിക്കു പറയാൻ അവകാശമില്ല. എന്താണെന്നല്ലേ?

ഇവൾ കാരണവന്മാരെ വകവെച്ചില്ല. അങ്ങും ഉററവരോടൊന്നും ചോദിച്ചില്ല. (ഇരുവരും) ഒരേ രീതീയൽ പ്രവർത്തിച്ചിരിയ്ക്കെ ഒരാളോടു ഞാൻ എന്തൊന്നു പറയും? 16

ശകുന്തള— (വിചാരം) എന്താണാവോ ആര്യപുത്രൻ പറയുക?

രാജാവ്— എന്താണിപ്പറഞ്ഞതു്?

ശകുന്തള— (വിചാരം) പറയുന്നവാക്കു തീയാണല്ലോ.

ശാർങ്ഗരവഃ— കഥമിദം നാമ? ഭവന്ത ഏവ സുതരാം ലോകവൃത്താന്തനിഷ്ണാതാഃ.

സതീമപി ജ്ഞാതികുലൈകസംശ്രയാം
ജനോഽന്യഥാ ഭർത്തൃമതീം വിശങ്കതേ
അതഃ സമീപേ പരിണേതുരിഷ്യതേ
പ്രിയാപ്രിയാ വാ പ്രമദാ സ്വബന്ധുഭിഃ. 17

രാജാ— കിം ചാത്രഭവതീ മയാ പരിണീതപൂർവ്വാ?

ശകുന്തളാ— (സവിഷാദം. ആത്മഗതം) ഹിഅഅ! സമ്പദം ദേ ആസങ്കാ. [ഹൃദയ! സാമ്പ്രതം തേ ആശങ്കാ]

ശാർങ്ഗരവഃ—

കിം കൃതകാർയ്യദ്വേഷോ, ധർമ്മംപ്രതി വിമുഖതാ, കൃശാവജ്ഞാ?

രാജാ— കുതോഽയമസൽകല്പനാപ്രശ്നഃ?

ശാർങ്ഗരവഃ—

മൂർഛന്ത്യമീ വികാരാഃ പ്രായേണൈശ്വർയ്യമത്തേഷു. 18

രാജാ— വിശേഷേണാധിക്ഷിപ്തോഽസ്മി.

ഗൌതമീ— ജാദേ! മുഹുത്തഅം മാ ലജ്ജ. അവണഇസ്സം ദാവ ദേ ഓഉണ്ഠണം. തദോ തുമം ഭട്ടാ അഹിജാണിസ്സദി. (ഇതി യഥോക്തം കരോതി) [ജാതേ! മുഹൂർത്തം മാ ലജ്ജസ്വ. അപനേഷ്യാമി താവത്തേഽവഗുണ്ഠനം. തതസ്ത്വാം ഭർത്താഽഭിജ്ഞാസ്യതി]

രാജാ— (ശകുന്തളാം നിർവർണ്ണ്യ ആത്മഗതം)

ഇദമുപനതമേവം രൂപമക്ലിഷ്ടകാന്തി
പ്രഥമപരിഗൃഹീതം സ്യാന്ന വേത്യവ്യവസ്യൻ
ഭ്രമര ഇവ വിഭാതേ കുന്ദമന്തസ്തുഷാരം
ന ച ഖലു പരിഭോക്തും നൈവ ശക്നോമി ഹാതും. 19

(ഇതി വിചാരയൻ സ്ഥിതഃ)

പ്രതീഹാരീ— (സ്വഗതം) അഹോ! 'ധമ്മാവേക്ഖിആ ഭട്ടിണോ. ഈദിസം ണാമ സുഹോവണദം രൂവം ദേക്ഖിഅ കോ അണ്ണോ വിആരേദി? [അഹോ! ധർമ്മാവേക്ഷിതാ ഭർത്തുഃ. ഈദൃശം നാമ സുഖോപനതം രൂപം ദൃഷ്ട്വാ കോഽന്യോ വിചാരയതി?]

ശാർങ്ഗരവഃ— ഭോ രാജൻ! കിമിതി ജോഷമാസ്യതേ?

രാജാ— ഭോസ്തപോധനാഃ! ചിന്തയന്നപി ന ഖലു സ്വീകരണമത്രഭവത്യാഃ സ്മരാമി. തൽകഥമിമാമഭിവ്യക്തസത്ത്വലക്ഷണാം പ്രത്യാത്മാനം ക്ഷേത്രിണമാശങ്കമാനഃ പ്രതിപത്സ്യേ?

ശകുന്തളാ— (സവിഷാദം സ്വഗതം) അജ്ജസ്സ പരിണഏ ഏവ്വ സന്ദേഹോ. കുദോ ദാണിം മേ ദൂരാഹിരോഹിണീ ആസാ? [ആർയ്യസ്യ പരിണയ ഏവ സന്ദേഹഃ. കുത ഇദാനീം മേ ദൂരാധിരോഹിണ്യാശാ?]

ശാർങ്ഗരവൻ— ഇതെന്താണെന്നൊ? നിങ്ങളൊക്കെത്തന്നെയാണല്ലോ വലിയ ലോകവൃത്താന്തനിപുണന്മാർ.

ഭർത്താവുള്ള ഒരുത്തി പതിവ്രതയായാലും പിതൃഗൃഹത്തിൽത്തന്നെ വിടാതെ കൂടിയാൽ ജനങ്ങൾ മറിച്ചു ശങ്കിക്കും. അതുകൊണ്ടു വേട്ടവന്നു ഇഷ്ടമായാലും അല്ലെങ്കിലും പെണ്ണു് അയാളുടെ അടുക്കലാവണമെന്നാണു് അവളുടെ ബന്ധുക്കൾ ആഗ്രഹിക്കുക. 17

രാജാവു്— ശ്രീമതിയെ ഞാൻ വേട്ടിട്ടുമുണ്ടെന്നൊ?

ശകുന്തള— (വിഷാദത്തോടെ വിചാരം) ഹൃദയമേ! നിന്റെ ആശങ്ക സ്ഥാനത്തായി.

ശാർങ്ഗരവൻ—

എന്തു്? ചെയ്തുപോയ കാര്യത്തിൽ വെറുപ്പോ? ധർമ്മത്തിന്റെ നേർക്കുള്ള വൈമുഖ്യമോ? പാവങ്ങളുടെ പേരിലുള്ള നിന്ദയോ?

രാജാവു്— ഇല്ലാത്തതു കല്പിച്ചുണ്ടാക്കി എന്തിനാണിങ്ങനെയൊക്കെ ചോദിക്കുന്നതു്?

ശാർങ്ഗരവൻ— ഈ വികാരമൊക്കെ ഐശ്വര്യമദം പൂണ്ടവരിൽ പ്രായേണ തള്ളിക്കേറാറുണ്ടു്. 18

രാജാവു്— അധിക്ഷേപം വിശേഷമായി.

ഗൌതമി— മകളേ! തെല്ലിട നാണിക്കാതിരിക്കൂ. ഞാൻ നിന്റെ മൂടുപടം നീക്കട്ടെ. അപ്പോൾ ഭർത്താവു നിന്നെ തിരിച്ചറിഞ്ഞോളും. (പറഞ്ഞവിധം ചെയ്യുന്നു)

രാജാവു്— (ശകുന്തളയെ ഉററുനോക്കി വിചാരം)

ഇങ്ങിനെ അടുത്തുവന്നുചേർന്ന ഈ കാന്തി മങ്ങാത്ത രൂപം മുമ്പു കൈക്കൊണ്ടതോ അല്ലയോ എന്നു തീർച്ചപ്പെടുത്താനാവാതെ പ്രഭാതത്തിൽ മഞ്ഞുൾക്കൊണ്ടു മുല്ലപ്പൂവിനെ വണ്ടത്താനെന്നപോലെ ഞാൻ കൊള്ളാനും ആളല്ലാ തള്ളാനും ആളല്ലാ എന്നായല്ലോ. 19

(ആലോചിച്ചുകൊണ്ടു നില്ക്കുന്നു)

പ്രതിഹാരി— (വിചാരം) അമ്പോ! തമ്പുരാനു ധർമ്മത്തിലുള്ള നിഷ്കർഷ! സുഖമായി വന്നുചേർന്ന ഇത്തരം രൂപം കണ്ടാൽ മററാരാണാലോചിക്കുക?

ശാർങ്ഗരവൻ— അല്ലയോ രാജാവേ! എന്താണിങ്ങനെ ഒന്നും മിണ്ടാതിരിക്കുന്നതു്?

രാജാവു്— ഹേ തപോധനന്മാരേ! ആലോചിച്ചുനോക്കിയിട്ടും ഈ മഹതിയെ ഞാൻ സ്വീകരിച്ചതായി ഓർക്കുന്നില്ല. അതിനാൽ ഗർഭലക്ഷണം തെളിഞ്ഞിട്ടുള്ള ഇവളെ, അതിന്റെ ആളു താനല്ലെന്നു ശങ്കിച്ചുകൊണ്ടു് എങ്ങിനെയാണു് ഞാൻ സ്വീകരിക്കുന്നതു്?

ശകുന്തള— (വിഷാദത്തോടെ വിചാരം) ഇദ്ദേഹത്തിന്നു വിവാഹത്തിൽത്തന്നെ സംശയമായിരിക്കുന്നു. എവിടെ കിടക്കുന്നു ഉയർന്നുപൊങ്ങുന്ന എന്റെ ആശ?

ശാർങ്ഗരവഃ— മാ താവൽ—

കൃതാഭിമർശാമനുമന്യമാനഃ
സുതാം ത്വയാ നാമ മുനിർവിമാന്യഃ?
മുഷ്ടം പ്രതിഗ്രാഹയതാ സ്വമർത്ഥം
പാത്രീകൃതോ ദസ്യുരിവാസി യേന. 20

ശാരദ്വതഃ— ശാർങ്ഗരവ! വിരമ ത്വമിദാനീം. ശകുന്തളേ! വക്തവ്യമുക്തമസ്മാഭിഃ. സോഽയമത്രഭവാനേവമാഹ. ദീയതാമസ്യൈ പ്രത്യയപ്രതിവചനം.

ശകുന്തളാ— (സ്വഗതം) ഇമം അവത്ഥന്തരം ഗദേ താരിസേ അണരാഏ കിം വാ സുമരാവിദേണ. അത്താ ദാണിം മേ സോഅണീഓ ത്തി വവസിദം ഏദം, (പ്രകാശം) അജ്ജഉത്ത! (ഇത്യർദ്ധോക്തേ) സംസഇദേ ദാണിം ണ ഏസോ സമുദാആരോ. പോരവ! ജുത്തം ണാമ ദേ തഹ പുരാ അസ്സമപദേ സഹാവുത്താണഹിഅഅം ഇമം ജണം സമഅപുവ്വം പതാരിഅ സമ്പദം ഈദിസേഹിം അക്ഖരേഹിം പച്ചാചക്ഖിദും, [ഇദമവസ്ഥാന്തരം ഗതേ താദൃശേഽനുരാഗേ കിം വാ സ്മാരിതേന? ആത്മേദാനീം മേ ശോചനീയ ഇതി വ്യവസിതമേതൽ. ആര്യ്യപുത്ര! സംശയിത ഇദാനീം നൈഷ സമുദാചാരഃ. പൌരവ! യുക്തം നാമ തേ തഥാ പുരാശ്രമപദേ സ്വഭാവോത്താനഹൃദയമിമം ജനം സമയപൂർവ്വം പ്രതാര്യ്യേദൃശൈരക്ഷരൈഃ പ്രത്യാഖ്യാതും]

രാജാ— (കർണ്ണൌ പിധായ) ശാന്തം പാപം ശാന്തം പാപം!

വ്യപദേശമാവിലയിതും കിമീഹസേ, ജനമിമം ച പാതയിതും
കൂലങ്കഷേവ സിന്ധുഃ പ്രസന്നമംഭസ്തടതരും ച 21

ശകുന്തളാ— ഹോദു. ജഇ പരമത്ഥദോ പരപരിഗ്ഗഹസങ്കിണാ തുഏ ഏവ്വം വത്തും പഉത്തം, താ, അഹിണ്ണാണേണ ഇമിണാ തുഹ ആസങ്കം അവണഇസ്സം. [ഭവതു! യദി പരമാർത്ഥതഃ പരപരിഗ്രഹശങ്കിനാ ത്വയൈവം വക്തും പ്രവൃത്തം, തദഭിജ്ഞാനേനാനേന തവാശങ്കാമപനേഷ്യാമി]

രാജാ— ഉദാരഃ കല്പഃ.

ശകുന്തളാ— (മുദ്രാസ്ഥാനം പരാമൃശ്യ) ഹദ്ധീ ഹദ്ധീ! അംഗുലീ അഅസുണ്ണാ മേ അംഗുലീ. (ഇതി സവിഷാദം ഗൌതമീമവേക്ഷതേ) [ഹാ ധിക് ഹാ ധിക്! അംഗുലീയകശൂന്യാ മേഽംഗുലിഃ]

ഗൌതമീ— ണൂണം ദേ സക്കാവദാരബ്ഭന്തരേ സചീതിത്ഥസലിലം വന്ദമാണാഏ പബ്ഭട്ടം അംഗുലീഅഅം. [നൂനം തേ ശക്രാവതാരാഭ്യന്തരേ ശചീതീർത്ഥസലിലം വന്ദമാനായാഃ പ്രഭ്രഷ്ടമംഗുലീയകം]

ശാർങ്ഗരവൻ— അത്രയ്ക്കു വേണ്ട—

നേരെ കേറി പിടികൂടിയ മകളെ സമ്മതിച്ചുതന്ന മുനിയെ അങ്ങു് അപമാനിയ്ക്കുകയോ? കണ്ടുപിടിച്ച സ്വന്തം സ്വത്തു കട്ട കള്ളനു ദാനം ചെയ്യുന്നതുപോലെയാണു് അവിടുന്നു പെരുമാറിയതു്. 20

ശാരദ്വതൻ— ശാർങ്ഗരവ! താങ്കളിനി മതിയാക്കു. ശകുന്തളേ! ഞങ്ങൾ പറയേണ്ടതു പറഞ്ഞു. ഇദ്ദേഹമാകട്ടെ, ഇങ്ങനെയാണു് പറയുന്നതു്, ഇദ്ദേഹത്തിനു വിശ്വാസം വരുത്തുന്ന മറുപടി പറഞ്ഞുകൊടുക്കു.

ശകുന്തള— (വിചാരം) അത്തരത്തിലുള്ള അനുരാഗം ഈ അവസ്ഥയിലായ സ്ഥിതിക്കു് ഓർമ്മപ്പെടുത്തിയിട്ടു് എന്തുകാര്യം? ഞാൻ കഷ്ടത്തിലായി എന്ന കാര്യം തീർച്ച. (വെളിവായി) ആര്യപുത്ര! (എന്നു പാതിപറഞ്ഞു്) വിവാഹത്തിൽത്തന്നെ സംശയമുള്ള സ്ഥിതിക്കു് ഇതു മര്യാദയല്ല. പൌരവ! സ്വതവേ തുറന്ന ഹൃദയത്തോടുകൂടിയ ഈയുള്ളവളെ അന്നു് ആശ്രമത്തിൽവെച്ചു ശപഥപൂർവ്വം വഞ്ചിച്ചു് ഇപ്പോൾ ഇങ്ങിനെയെല്ലാം തള്ളിപ്പറയുന്നതു് അങ്ങയ്ക്കു ചേർന്നതാണോ?

രാജാവു്— (ചെവിരണ്ടും പൊത്തി) പാപം തീരട്ടെ പാപം തീരട്ടെ.

കുലംകെടുത്താനും ഈയുള്ളവനെ അധഃപതിപ്പിക്കാനും ആഗ്രഹിക്കുകയാണോ നീ? ഇരുകരമുട്ടിനിൽക്കുന്ന പുഴ, തെളിഞ്ഞ വെള്ളം കലക്കാനും കരയ്ക്കുള്ള മരം വീഴ്ത്താനും മുതിരുന്നതുപോലെ. 21

ശകുന്തള— ആവട്ടെ! പരമാർത്ഥത്തിൽ അന്യന്റെ പത്നിയാണെന്നുള്ള ശങ്കകൊണ്ടാണു് അങ്ങു് ഇപ്രകാരം പറയുന്നതെങ്കിൽ ഈ അടയാളം കൊണ്ടു ഞാൻ ശങ്ക തീർക്കാം.

രാജാവു്— വളരെ നല്ലതുതന്നെ.

ശകുന്തള— (മോതിരവിരൽ തപ്പിനോക്കി) അയ്യയ്യോ! മോതിരമില്ലല്ലോ എന്റെ വിരലിൽ. (ഗൌതമിയുടെ മുഖത്തേക്കു നോക്കുന്നു)

ഗൌതമി— നീ ശക്രാവതാരത്തിൽവെച്ചു ശചീതീർത്ഥജലം വന്ദിക്കുമ്പോൾ ഊരിവീണുപോയതാവണം മോതിരം.

രാജാ— (സസ്മിതം) ഇദം തൽ പ്രത്യുൽപന്നമതി സ്ത്രൈണമിതി യദുച്യതേ.

ശകുന്തളാ— ഏത്ഥ ദാവ വിഹിണാ ദംസിദം പഹുത്തണം. അവരം ദേ കഹഇസ്സം. [അത്ര താവദ്വിധിനാ ദർശിതം പ്രഭുത്വം. അപരം തേ കഥയിഷ്യാമി]

രാജാ— ശ്രോതവ്യമിദാനീം സംവൃത്തം.

ശകുന്തളാ— ണം ഏക്കസ്സിം ദിഅഹേ ണോമാലിആമണ്ഡവേ ണളിണീപത്തഭാഅണഗഅം ഉഅഅം തുഹ ഹത്ഥേ സംണിഹിദം ആസി. [നന്വേകസ്മിൻ ദിവസേ നവമാലികാമണ്ഡപേ നളിനീപത്രഭാജനഗതമുദകം തവ ഹസ്തേ സന്നിഹിതമാസീൽ]

രാജാ— ശൃണുമസ്താവൽ.

ശകുന്തളാ— തക്ഖണം സോ മേ പുത്തകിദഓ ദീഹാപംഗോ ണാമ മിഅപോദഓ ഉവട്ഠിഓ. തുഏ— 'അഅം ദാവ പഢമം പിഅഉ' ത്തി അണുഅമ്പിണാ ഉവച്ഛന്ദിദോ ഉഅഏണ. ണ ഉണ ദേ അപരിചആദോ ഹത്ഥബ്ഭാസം ഉവഗദോ. പച്ഛാ തസ്സിം ഏവ്വ മഏ ഗഹിദേ സലിലേ ണേണ കിദോ പണഓ. തദാ തുമം ഇത്ഥം പഹസിദോസി—'സവ്വോ സഗന്ധേസു വിസ്സസിദി. ദുവേവി ഏത്ഥ ആരണ്ണആ' ത്തി. [തൽക്ഷണം സ മേ പുത്രകൃതകോ ദീർഘാപാംഗോ നാമമൃഗപോതക ഉപസ്ഥിതഃ. ത്വയാ—'അയം താവൽ പ്രഥമം പിബതു' ഇത്യനുകമ്പിനോപച്ഛന്ദിത ഉദകേന. ന പുനസ്തേ അപരിചയാദ്ധസ്താഭ്യാശമുപഗതഃ. പശ്ചാത്തസ്മിന്നേവ മയാ ഗൃഹീതേ സലിലേഽനേന കൃതഃ പ്രണയഃ. തദാ ത്വമിത്ഥം പ്രഹസിതോഽസി— 'സർവ്വഃ സഗന്ധേഷു വിശ്വസിതി. ദ്വാവപ്യത്രാരണ്യകൌ' ഇതി]

രാജാ— ഏവമാദിഭിരാത്മകാര്യ്യനിർവർത്തിനീനാമനൃതവാങ്മധുഭിരാകൃഷ്യന്തേ വിഷയിണഃ.

ഗൌതമീ— മഹാഭാഅ! ണ അരുഹസി എവ്വം മന്തിദും. തവോവണസംവഡ്ഢിദോ അണഹിണ്ണോ അഅം ജണോ കഇദവസ്സ. [മഹാഭാഗ! നാർഹസ്യേവം മന്ത്രയിതും. തപോവനസംവർദ്ധിതോഽനഭിജ്ഞോഽയം ജനഃ കൈതവസ്യ]

രാജാ— താപസവൃദ്ധേ!

സ്ത്രീണാമശിക്ഷിതപടുത്വമമാനുഷീഷു
സന്ദൃശ്യതേ, കിമുത യാഃ പ്രതിബോധവത്യഃ
പ്രാഗന്തരിക്ഷഗമനാൽ സ്വമപത്യജാത—
മന്യൈർദ്വിജൈഃ പരഭൃതാഃ ഖലു പോഷയന്തി. 22

രാജാവ്— (പുഞ്ചിരിയോടെ) ഇതാണ് സ്ത്രീകൾക്കു വേണ്ട ബുദ്ധി അപ്പപ്പോൾ തോന്നുമെന്നു പറയുന്നത്.

ശകുന്തള— ഇതു വിധി തന്റെ വൈഭവം കാണിച്ചതാണ്. ഞാൻ അങ്ങയോടു മറ്റൊന്നു പറയാം.

രാജാവ്— കേൾക്കണമെന്നായി ഇപ്പോൾ.

ശകുന്തള— ഒരു ദിവസം നവമാലികാമണ്ഡപത്തിൽ അങ്ങയുടെ കയ്യിൽ താമരയിലക്കുമ്പിളിൽ വെള്ളമുണ്ടായിരുന്നുവല്ലോ.

രാജാവ്— കേൾക്കട്ടെ.

ശകുന്തള— അപ്പോൾ എന്റെ വളർത്തുപുത്രനായ ദീർഘാപാംഗൻ എന്ന ആ മാൻകുട്ടി അടുത്തുവന്നു. അങ്ങാകട്ടെ —'ഇവനാദ്യം കുടിച്ചോട്ടെ' എന്നു പറഞ്ഞ് അനുകമ്പയോടുകൂടി അവനു വെള്ളം കാട്ടിക്കൊടുത്തു. എന്നാൽ പരിചയമില്ലാത്തതുനിമിത്തം അവൻ അങ്ങയുടെ കൈക്കലേയ്ക്കു വന്നില്ല. പിന്നീട് ആ വെള്ളംതന്നെ ഞാൻ വാങ്ങിക്കാണിച്ചപ്പോൾ അവൻ അതിൽ താൽപര്യം കാണിച്ചു. അപ്പോൾ അങ്ങ് ഇങ്ങനെ പരിഹസിക്കുകയുണ്ടായി—'കൂട്ടുകാരിലെ എല്ലാവർക്കും വിശ്വാസമുണ്ടാവുള്ളു. ഇവിടെ രണ്ടുപേരും കാടരാണല്ലോ' എന്ന്.

രാജാവ്— തൻകാര്യം തേടുന്ന പെണ്ണുങ്ങളുടെ പച്ചക്കള്ളമായ ഇതുപോലുള്ള തേനൂറുന്ന വാക്കുകളാൽ വിഷയാസക്തന്മാർ വശീകരിക്കപ്പെടുന്നു.

ഗൌതമി— മഹാഭാഗ! ഇങ്ങനയൊന്നും പറയരുത്. തപോവനത്തിൽ വളർന്നുവന്ന ഈയുള്ളവർക്കു കള്ളത്തരമൊന്നും അറിഞ്ഞുകൂടാ.

രാജാവ്— ഹേ വൃദ്ധതാപസി!

പഠിപ്പിക്കാതെതന്നെയുണ്ടാവുന്ന സ്ത്രീകളുടെ സാമർത്ഥ്യം മനുഷ്യരല്ലാത്തവരിൽപ്പോലും കാണാറുണ്ട്. അപ്പോൾ വിശേഷബുദ്ധിയുള്ളവരുടെ കാര്യം പറയാനുണ്ടോ? കുയിൽപ്പേടകൾ സ്വന്തം കുഞ്ഞുങ്ങളെ പറക്കാറാവുന്നതുവരെ മറ്റു പക്ഷികളെക്കൊണ്ടു പോറ്റിവളർത്തിക്കുന്നുണ്ടല്ലോ. 22

ശകുന്തളാ— (സരോഷം) അണജ്ജ! അത്തണോ ഹിഅആണുമാണേണ പേക്ഖസി. കോ ദാണിം അണ്ണോ ധമ്മകഞ്ചുഅപ്പവേസിണോ തിണച്ഛണ്ണക്കൂവോവമസ്സ തുഹ അണുകിദിം പഡിവദിസ്സദി? [അനാര്യ! ആത്മനോ ഹൃദയാനുമാനേന പ്രേക്ഷസേ. ക ഇദാനീമന്യോ ധർമ്മകഞ്ചുകപ്രവേശിനസ്തൃണച്ഛന്നകൂപോപമസ്യ തവാനുകൃതിം പ്രതിപത്സ്യതേ?]

രാജാ— (ആത്മഗതം) സന്ദിഗ്ധബുദ്ധിം മാം കുർവ്വന്നകൈതവ ഇവാസ്യാഃ കോപോ ലക്ഷ്യതേ. തഥാ ഹ്യനയാ—

മയ്യേവ വിസ്മരണദാരുണചിത്തവൃത്തൗ
വൃത്തം രഹഃപ്രണയമപ്രതിപദ്യമാനേ
ഭേദാൽ ഭ്രുവോഃ കുടിലയോരതിലോഹിതാക്ഷ്യാ
ഭഗ്നം ശരാസനമിവാതിരുഷാ സ്മരസ്യ. 23

(പ്രകാശം) ഭദ്രേ! പ്രഥിതം ദുഷ്യന്തസ്യ ചരിതം. തഥാപീദം ന ലക്ഷയേ.

ശകുന്തളാ— സുട്ഠു ദാവ അത്ത സച്ഛന്ദചാരിണീ കിദമ്ഹി, ജാ അഹം ഇമസ്സ പുരുവംസപച്ചഏണ മുഹമഹുണോ ഹിഅഅട്ഠിഅവിസസ്സ ഹത്ഥബ്ഭാസം ഉവഗദാ. (ഇതി പടാന്തേന മുഖമാവൃത്യ രോദിതി) [സുഷ്ഠു താവദത്ര സ്വച്ഛന്ദചാരിണീ കൃതാസ്മി, യാഹമസ്യ പുരുവംശപ്രത്യയേന മുഖമധോർഹൃദയസ്ഥവിഷസ്യ ഹസ്താഭ്യാശമുപഗതാ]

ശാർങ്ഗരവഃ— ഇത്ഥമാത്മകൃതം പ്രതിഹതം ചാപലം ദഹതി.
അതഃ പരീക്ഷ്യ കർത്തവ്യം വിശേഷാൽ സംഗതം രഹഃ
അജ്ഞാതഹൃദയേഷ്വേവം വൈരീഭവതി സൗഹൃദം. 24

രാജാ— അയി ഭോഃ! കിമത്രഭവതീപ്രത്യയാദേവാസ്മാൻ സംവൃതദോഷാക്ഷരൈഃ ക്ഷിണുഥ?

ശാർങ്ഗരവഃ— (സാസൂയം) ശ്രുതം ഭവദ്ഭിരധരോത്തരം.

ആജന്മനഃ ശാഠ്യമശിക്ഷിതോ യ—
സ്തസ്യാപ്രമാണം വചനം ജനസ്യ
പരാതിസന്ധാനമധീയതേ യൈർ—
വിദ്യേതി, തേ സന്തു കിലാപ്തവാചഃ. 25

രാജാ— ഭോഃ സത്യവാദിൻ! അഭ്യുപഗതം താവദസ്മാഭിരേവം. കിം പുനരിമാമതിസന്ധായ ലഭ്യതേ?

ശാർങ്ഗരവഃ— വിനിപാതഃ.

ശകുന്തള— (ക്രോധത്തോടുകൂടി) അനാര്യ! സ്വന്തം ഹൃദയംവെച്ചാണു് അങ്ങു നോക്കിക്കാണുന്നതു്. ഇങ്ങിനെ ധർമ്മകപ്പായത്തിനുള്ളിൽ കടന്നുകൂടി പുല്ലുമൂടിയ കിണറുപോലെയുള്ള അങ്ങയ്ക്കുതുല്യം പ്രവർത്തിക്കുന്നവൻ വേറെയാരെങ്കിലുമുണ്ടാവുമോ?

രാജാവു്— (വിചാരം) എനിക്കു സംശയമുണ്ടാക്കിത്തീർക്കുന്ന ഇവളുടെ ഈ കോപം കള്ളനാട്യമല്ലെന്നു തോന്നുന്നുവല്ലോ. എന്തെന്നാൽ—

മറവികൊണ്ടു കഠിനചിത്തനായിത്തീർന്ന ഞാൻ രഹസ്യവേഴ്ച സമ്മതിക്കാൻ കൂട്ടാക്കാത്തതിനാൽ മുഴുത്തകോപംകൊണ്ടു് കണ്ണു വല്ലാതെ തുടുത്തു പുരികം രണ്ടും ചുളിച്ചപ്പോൾ ഇവൾ കാമദേവന്റെ വില്ലു മുറിച്ചതുപോലെയായി. 23

(വെളിവായി) ഭദ്രേ! ദുഷ്യന്തന്റെ ചരിത്രം പരക്കെ അറിയാം. ഇമ്മാതിരി ഒന്നു് അതിൽ കാണുന്നില്ല.

ശകുന്തള— എന്നെയിങ്ങനെ ഒരു താന്തോന്നിപ്പെണ്ണാക്കിത്തീർത്തതു് നന്നായി. പുരുവംശത്തിലുള്ള വിശ്വാസം മൂലമാണു് വായിൽ തേനും ഉള്ളിൽ നഞ്ഞുമായുള്ള ഇദ്ദേഹത്തിന്റെ കൈക്കു സമീപം ഞാൻ വന്നുപെട്ടതു്. (വസ്ത്രത്തുമ്പുകൊണ്ടു മുഖംമറച്ചു കരയുന്നു)

ശാർങ്ഗരവൻ— ഇങ്ങിനെയാണു് താൻ ചെയ്ത ചാപല്യം തിരിഞ്ഞടിച്ചു ചുട്ടെരിക്കുന്നതു്.

അതുകൊണ്ടു പരീക്ഷിച്ചേ എന്തും ചെയ്യാവൂ. രഹസ്യവേഴ്ച പ്രത്യേകിച്ചും. ഹൃദയമറിയാത്തവരിലുള്ള സ്നേഹം ഇതുപോലെ വൈരമായി കലാശിക്കും. 24

രാജാവു്— ഹേ! ഈ സ്ത്രീയെമാത്രം വിശ്വസിച്ചു് എനിയ്ക്കു കൊള്ളത്തക്കവണ്ണം ഇങ്ങിനെ കുത്തുവാക്കുകൾ പറയുന്നതെന്താണു്?

ശാർങ്ഗരവൻ— (സഹിക്കാത്തമട്ടിൽ) കേട്ടുവോ നിങ്ങൾ, ഈ കീഴ്മേൽ മറിച്ചൽ?

പിറന്നതുമുതൽ ചതിയെന്ന ഒന്നു പഠിച്ചിട്ടില്ലാത്ത ആൾ പറയുന്ന വാക്കു് അപ്രമാണം! പരവഞ്ചനം ഒരു വിദ്യയായി കരുതി അതു നന്നായി പഠിക്കുന്നവരുടെ വാക്കു് ആപ്തവാക്യവും! 25

രാജാവു്— ഹേ സത്യവാദിൻ! ഞാൻ അതൊക്കെ സമ്മതിച്ചു, ശരി. ഇവളെ ചതിച്ചിട്ടു എനിയ്ക്കെന്തു കിട്ടാനാണു്?

ശാർങ്ഗരവൻ— അധഃപതനം.

രാജാ— വിനിപാതഃ പൌരവൈഃ പ്രാർത്ഥ്യതേ ഇതി ശ്രദ്ധേയമേതൽ.

ശാരദ്വതഃ— ശാർങ്ഗരവ! കിമുത്തരോത്തരേണ? അനുഷ്ഠിതോ ഗുരോഃ സന്ദേശഃ. പ്രതിനിവർത്താമഹേ വയം. (രാജാനം പ്രതി)

തദേഷാ ഭവതഃ കാന്താ ത്യജ വൈനാം ഗൃഹാണ വാ
ഉപപന്നാ ഹി ദാരേഷു പ്രഭുതാ സർവ്വതോമുഖീ. 26

ഗൌതമി! ഗച്ഛാഗ്രതഃ.

(ഇതി പ്രസ്ഥിതാഃ)

ശകുന്തളാ— കഹം? ഇമിണാ കിദവേണ വിപ്പലദ്ധമ്ഹി തുമ്ഹേ മം പരിച്ചഅഹ? (ഇത്യനുപ്രതിഷ്ഠതേ) [കഥം? അനേന കിതവേന വിപ്രലബ്ധാസ്മി? യൂയമപി മാം പരിത്യജഥ?]

ഗൌതമീ— (സ്ഥിത്വാ) വച്ഛ സംഗരവ! അണുഗച്ഛദി ഇഅം ക്ഖു ണോ കരുണപരിദേവിണീ സഉന്ദലാ. പച്ചാദേസപരുസേ ഭത്തുണി കിം വാ മേ പുത്തിആ കരേദു? [വത്സ ശാർങ്ഗരവ! അനുഗച്ഛതീയം ഖലു നഃ കരുണപരിദേവിനീ ശകുന്തളാ. പ്രത്യാദേശപരുഷേ ഭർത്തരി കിം വാ മേ പുത്രികാ കരോതു?]

ശാർങ്ഗരവഃ—(സരോഷം നിവൃത്യ) കിം പുരോഭാഗേ, സ്വാതന്ത്ര്യമവലംബസേ?

(ശകുന്തളാ ഭീതാ വേപതേ)

ശാർങ്ഗരവഃ— ശകുന്തളേ!

യദി യഥാ വദതി ക്ഷിതിപസ്തഥാ
ത്വമസി, കിം പിതുരുൽകുലയാ ത്വയാ
അഥ തു വേത്സി ശുചിവ്രതമാത്മനഃ
പതികുലേ തവ ദാസ്യമപി ക്ഷമം. 27

തൽ തിഷ്ഠ. സാധയാമോ വയം.

രാജാ— ഭോസ്തപസ്വിൻ! കിമത്രഭവതീം വിപ്രലഭസേ?

കുമുദാന്യേവ ശശാങ്കഃ സവിതാ ബോധയതി പങ്കജാന്യേവ
വശിനാം ഹി പരപരിഗ്രഹസംശ്ലേഷപരാംമുഖീ വൃത്തിഃ. 28

ശാർങ്ഗരവഃ— യദാ തു പൂർവവൃത്തമന്യസംഗാദ്വിസ്മൃതോ ഭവാംസ്തദാ കഥമധർമ്മഭീരുതാ?

രാജാ— ഭവന്തമേവാത്ര ഗുരുലാഘവജ്ഞം പൃച്ഛാമി.

മൂഢഃ സ്യാമഹമേഷാ വാ വദേന്മിഥ്യേതി സംശയേ
ദാരത്യാഗീ ഭവാമ്യാഹോ പരസ്ത്രീസ്പർശപാംസുലഃ. 29

പുരോഹിതഃ— (വിചാര്യ) യദി താവദേവം ക്രിയതാം.

രാജാ— അനുശാസ്തു മാം ഭവാൻ.

രാജാവ്— പൌരവന്മാർ അധഃപതനം കൊതിക്കുന്നു എന്നതു ശ്രദ്ധിക്കത്തക്കതുതന്നെ.

ശാരദ്വതൻ— ശാർങ്ഗരവ! മേൽക്കുമേൽ പറഞ്ഞിട്ടെന്തുവേണം? ഗുരുവിന്റെ സന്ദേശം അനുഷ്ഠിച്ചുകഴിഞ്ഞു. നമുക്കിനി തിരിച്ചുപോകാം. (രാജാവിനോടായി)

അതുകൊണ്ട് അങ്ങയുടെ ഭാര്യയിതാ! ഇവളെ താങ്കൾക്കു ഒന്നുകിൽ ത്യജിക്കാം, അല്ലെങ്കിൽ സ്വീകരിക്കാം. ഭാര്യയുടെമേൽ എന്തിനും അധികാരമുണ്ടല്ലോ. 26

ഗൌതമി! മുമ്പിൽ നടക്കു.

(എല്ലാവരും പുറപ്പെടുന്നു)

ശകുന്തള— എന്ത്! ഈ ധൂർത്തൻ എന്നെ ചതിച്ചു. നിങ്ങളും എന്നെ ഉപേക്ഷിക്കുകയാണോ? (പിന്നാലെ പുറപ്പെടുന്നു)

ഗൌതമി— (നിന്നിട്ട്) ഉണ്ണി ശാർങ്ഗരവ! ശകുന്തളയിതാ തേങ്ങിക്കരഞ്ഞുകൊണ്ടു നമ്മുടെ പിന്നാലെ വരുന്നു. ഭർത്താവു തള്ളിക്കളഞ്ഞു കടുപ്പം കാണിക്കുമ്പോൾ എന്റെ മകൾ എന്താണ് ചെയ്യുക?

ശാർങ്ഗരവൻ— (കോപത്തോടെ പിന്തിരിഞ്ഞ്) ദോഷം മാത്രം കരുതി താന്തോന്നിത്തം കാണിക്കുന്നുവോ?

(ശകുന്തള പേടിച്ചുവിറയ്ക്കുന്നു)

ശാർങ്ഗരവൻ— ശകുന്തളേ!

രാജാവു പറയുമ്പോലെയാണ് നീയെങ്കിൽ കുലംപിഴച്ച നിന്നെക്കൊണ്ട് അച്ഛന്ന് എന്തു കാര്യം? അല്ല, സ്വന്തം പരിശുദ്ധിയിൽ നിനക്കുറപ്പുണ്ടെങ്കിലോ, ഭർത്തൃഗൃഹത്തിൽ അടിമവേലയെടുക്കുന്നതും നിനക്കുചിതവുമാണ്. 27

അതിനാൽ നിൽക്കു, ഞങ്ങൾ പോകുന്നു.

രാജാവ്— ഹേ തപസ്വിൻ! നിങ്ങളെന്തിനാണ് ഈ സ്ത്രീയോടു വിരോധം പറയുന്നത്?

അമ്പിളി ആമ്പലുകളെമാത്രമെ ഉണർത്തൂ, കതിരവൻ താമരകളെ മാത്രമേ ഉണർത്തൂ, ജിതേന്ദ്രിയന്മാരുടെ മനോവൃത്തി പരപരിഗ്രഹങ്ങളുമായി ചേരുന്ന കാര്യത്തിൽ വിമുഖമാണ്. 28

ശാർങ്ഗരവൻ— മുമ്പു നടന്നതെല്ലാം അന്യസംസർഗ്ഗത്താൽ അങ്ങു മറന്നുപോയതാണെങ്കിൽ അധർമ്മഭയമെങ്ങനെ?

രാജാവ്— അങ്ങയോടുതന്നെ ഇതിലെ ഗുരുലാഘവം ഞാൻ ചോദിക്കട്ടെ.

ഞാൻ മറന്നുപോയതാണോ അതോ ഇവൾ നുണ പറയുകയാണോ എന്നു സംശയമുള്ളപ്പോൾ ഞാൻ ഭാര്യാപരിത്യാഗിയാവുന്നതോ, അതോ പരസ്ത്രീസ്പർശംകൊണ്ടു പാപിയാകുന്നതോ ഭേദം? 29

പുരോഹിതൻ— (ആലോചിച്ച്) എന്നാലിപ്പോൾ ഇങ്ങിനെ ചെയ്യുക.

രാജാവ്— എനിക്കുവേണ്ടതു പറഞ്ഞുതരു.

പുരോഹിതഃ— അത്രഭവതീ താവദാപ്രസവാദസ്മൽഗൃഹേ തിഷ്ഠതു. കുതഃ ഇദമുച്യതേ ഇതി ചേൽ—ത്വം സാധുഭിരാദിഷ്ടഃ പ്രഥമമേവ, ചക്രവർത്തിനം പുത്രം ജനയിഷ്യസീതി. സ ചേന്മുനിദൌഹിത്രസ്തല്ലക്ഷണോപപന്നോ ഭവിഷ്യതി, അഭിനന്ദ്യ ശുദ്ധാന്തമേനാം പ്രവേശയിഷ്യസി. വിപര്യയേ തു പിതുരസ്യാഃ സമീപനയനമവസ്ഥിതമേവ.

രാജാ— യഥാ ഗുരുഭ്യോ രോചതേ.

പുരോഹിതഃ— വത്സേ! അനുഗച്ഛ മാം.

ശകുന്തളാ— ഭഅവദി വസുഹേ! ദേഹി മേ വിവരം. (ഇതി രുദതീ പ്രസ്ഥിതാ) [ഭഗവതി വസുധേ! ദേഹി മേ വിവരം]

(നിഷ്ക്രാന്താ സഹ പുരോധസാ തപസ്വിഭിശ്ച)

(രാജാ ശാപവ്യവഹിതസ്മൃതിഃ ശകുന്തളാഗതമേവ ചിന്തയതി)

(നേപഥ്യേ)

ആശ്ചര്യം! ആശ്ചര്യം!

രാജാ— (ആകർണ്ണ്യ) കിം നു ഖലു സ്യാൽ?

(പ്രവിശ്യ)

പുരോഹിതഃ— (സവിസ്മയം) ദേവ! അൽഭുതം ഖലു സംവൃത്തം.

രാജാ— കിമിവ?

പുരോഹിതഃ— ദേവ! പരാവൃത്തേഷു കണ്വശിഷ്യേഷു—

സാ നിന്ദന്തീ സ്വാനി ഭാഗ്യാനി ബാലാ
ബാഹൂൽക്ഷേപം ക്രന്ദിതും ച പ്രവൃത്താ.

രാജാ— കിം ച?

പുരോഹിതഃ—

സ്ത്രീസംസ്ഥാനം ചാപ്സരസ്തീർത്ഥമാരാ—
ദാക്ഷിപ്യൈനാം ജ്യോതിരേകം തിരോഭൂൽ. 30

(സർവ്വേ വിസ്മയം രൂപയന്തി)

രാജാ— ഭഗവൻ! പ്രാഗപി സോഽസ്മാദിരർത്ഥഃ പ്രത്യാദിഷ്ട ഏവ. കിം വൃഥാ തർക്കേണാന്വിഷ്യതേ? വിശ്രാമ്യതു ഭവാൻ.

പുരോഹിതഃ— വിജയസ്വ. (ഇതി നിഷ്ക്രാന്തഃ)

രാജാ— വേത്രവതി! പര്യാകുലോഽസ്മി. ശയനഭൂമിമാർഗ്ഗമാദേശയ.

പ്രതീഹാരീ— ഇദോ ഇദോ ദേവോ. [ഇത ഇതോ ദേവഃ] (ഇതി പ്രസ്ഥിതാ)

രാജാ—

കാമം പ്രത്യാദിഷ്ടാം സ്മരാമി ന പരിഗ്രഹം മുനേസ്തനയാം
ബലവത്തു ദൂയമാനം പ്രത്യായയതീവ മേ ഹൃദയം. 31

(ഇതി നിഷ്ക്രാന്താഃ സർവ്വേ)

ഇതി പഞ്ചമോഽങ്കഃ

പുരോഹിതൻ— ഈ മഹതി പ്രസവംവരെ നമ്മുടെ മഠത്തിൽ താമസിക്കട്ടെ. എന്തുകൊണ്ടാണിതു പറയുന്നതെന്നുവെച്ചാൽ, ചക്രവർത്തിയായ പുത്രൻ ജനിക്കുമെന്നു് ആദ്യമേ സജ്ജനങ്ങൾ അങ്ങയെ അനുഗ്രഹിച്ചിട്ടുണ്ടല്ലോ. ഈ മുനിപുത്രിയുടെ പുത്രന്നു ആ ലക്ഷണമൊത്തു കണ്ടാൽ ഇവളെ അഭിനന്ദിച്ചു് അന്തഃപുരത്തിലേക്കു കൊണ്ടുപോരാം. ഇല്ലെങ്കിൽ അച്ഛന്റെ അട്ടുക്കലേക്കു അയക്കൽ അപ്പോഴും ആകാമല്ലോ.

രാജാവു്— ആചാര്യന്റെ ഇഷ്ടംപോലെ.

പുരോഹിതൻ— കുട്ടീ! എന്റെ കൂടെ പോരൂ.

ശകുന്തള— അല്ലയോ ഭൂമീദേവീ! എനിക്കൊരു വഴി തന്നരുളണേ.
(കരഞ്ഞുകൊണ്ടു പുറപ്പെടുന്നു)

(പുരോഹിതനോടും തപസ്വിമാരോടുംകൂടിപ്പോയി)

(രാജാവു് ശാപത്താൽഒന്നും ഓർമ്മവരാതെ ശകുന്തളയെക്കുറിച്ചുതന്നെ വിചാരിച്ചു നില്ക്കുന്നു)

(അണിയറയിൽ)

ആശ്ചര്യ്യം! ആശ്ചര്യ്യം!

രാജാവു്— (കേട്ടിട്ടു്) എന്തായിരിക്കും?

(പ്രവേശിച്ചിട്ടു്)

പുരോഹിതൻ— (വിസ്മയത്തോടുകൂടി) മഹാരാജാവേ! ഒരു അത്ഭുതമുണ്ടായി.

രാജാവു്— എന്താണതു്?

പുരോഹിതൻ— മഹാരാജാവേ! കശ്യപശിഷ്യന്മാർ പിരിഞ്ഞുപോയപ്പോൾ—

ആ കുട്ടി തന്റെ വിധിയെ പഴിച്ചുംകൊണ്ടു കരയാൻ തുടങ്ങുകയും ചെയ്തു.

രാജാവു്— എന്നിട്ടോ?

പുരോഹിതൻ—

അപ്സരതീർത്ഥത്തിനടുത്തുവെച്ചു സ്ത്രീരൂപത്തിലുള്ള ഒരു തേജസ്സു്
ഇവളെ ആഞ്ഞെടുത്തു പെട്ടെന്നു മറയുകയും ചെയ്തു. 30

(എല്ലാവരും വിസ്മയം ഭാവിക്കുന്നു.)

രാജാവു്— ഹേ ഭഗവൻ! നാമക്കാര്യ്യം ആദ്യമേ തള്ളിക്കളഞ്ഞതാണു്. ഇനിയെന്തിനു ഊഹിക്കാൻ മിനക്കെടുന്നു? അങ്ങു വിശ്രമിച്ചോളൂ.

പുരോഹിതൻ— അങ്ങു വിജയിക്കുമാറാകട്ടെ! (പോയി)

രാജാവു്— വേത്രവതീ! ഞാൻ തളർന്നിരിക്കുന്നു. കിടപ്പുമുറിയിലേക്കു വഴികാണിക്കു.

പ്രതീഹാരി— തമ്പുരാൻ ഇതിലേ ഇതിലേ. (പുറപ്പെടുന്നു)

രാജാവു്— ആ തള്ളിക്കളഞ്ഞ മുനിപുത്രിയെ പരിഗ്രഹിച്ചതായി ഞാൻ
ഓർക്കുന്നതേയില്ല. വാസ്തവംതന്നെ. വല്ലാതെ അസ്വസ്ഥമായ എന്റെ
ഹൃദയമാകട്ടെ വിശ്വസിപ്പിക്കുന്നതുപോലെയും തോന്നുന്നു. 31

(എല്ലാവരും പോയി)

അഞ്ചാമങ്കം കഴിഞ്ഞു

ഷഷ്ഠോഽങ്കഃ

(തതഃ പ്രവിശതി നാഗരികഃ സ്യാലഃ പശ്ചാൽബദ്ധം പുരുഷമാദായ രക്ഷിണൌ ച)

രക്ഷിണൌ— (താഡയിത്വാ) അലേ കുംഭീലആ! കഹേഹി, കഹിം തു ഏ ഏസേ മണിബന്ധണുക്കിണ്ണണാമഹേഏ ലാഅകീഏ അംഗുലീഅഏ ശമാശാദിഏ? [അരേ കുംഭീരക! കഥയ, കത്ര ത്വയൈതന്മണിബന്ധനോൽകീർണ്ണനാമധേയം രാജകീയമംഗുലീയകം സമാസാദിതം?]

പുരുഷഃ— (ഭീതിനാടിതകേന) പശീദന്തു ഭാവമിശ്ശേ. ഹഗേ ണ ഈദിശകമ്മകാലീ. [പ്രസീദന്തു ഭാവമിശ്രാഃ. അഹം നേദൃശകർമ്മകാരീ]

പ്രഥമഃ— കിം ശോഹണേ ബഹ്മണേ ത്തി കലിഅ രണ്ണാ പഡിഗ്ഗഹേ ദിണ്ണേ? [കിം ശോഭനോ ബ്രാഹ്മണ ഇതി കൃത്വാ രാജ്ഞാ പ്രതിഗ്രഹോ ദത്തഃ?]

പുരുഷഃ— സുണധ ദാണിം. ഹഗേ. ശക്കാവദാലബ്ഭന്തലവാശീ ധീവലേ. [ശൃണുതേദാനിം. അഹം ശക്രാവതാരാഭ്യന്തരവാസീ ധീവരഃ]

ദ്വിതീയഃ— പാഡച്ചലാ! കിം അമ്ഹേഹിം ജാദി പുച്ഛിദാ? [പാടച്ചര! കിമസ്മാഭിർജാതിഃ പൃഷ്ടാ?]

സ്യാലഃ— സൂഅഅ! കഹേദു ശവ്വം അണുക്കമേണ. മാ ണം അന്തരാ പഡിബന്ധഹ. [സൂചക! കഥയതു സർവ്വമനുക്രമേണ. മൈനമന്തരാ പ്രതിബധ്നിതം]

ഉഭൌ— ജം ആവുത്തേ ആണവേദി. കഹേഹി. [യദാവൃത്ത ആജ്ഞാപയതി. കഥയ]

പുരുഷഃ— അഹകേ ജാലുഗ്ഗാലാദിഹിം മച്ഛബന്ധണോപാഏഹിം കുഡുംബഭലണം കലേമി. [അഹം ജാലോൽഗാലാദിഭിർമത്സ്യബന്ധനോപായൈഃ കുടുംബഭരണം കരോമി]

സ്യാലഃ— (വിഹസ്യ) വിസുദ്ധോ ദാണിം ആജീവോ. [വിശുദ്ധ ഇദാനീമാജീവഃ]

പുരുഷഃ— ഭട്ടാ! മാ ഏവ്വം ഭണ—

ശഹജേ കില ജേ വിണിന്ദിഏ ണ ഹു ദേ കമ്മ വിവജ്ജണീഅഏ
പശുമാലണകമ്മദാലുണേ അണുകമ്പാമിദു ഏവ്വ ശോത്തിഏ. 1

[ഭർത്തഃ! മൈവം ഭണ—
സഹജം കില യദ്വിനിന്ദിതം ന ഖലു തൽക്കർമ്മ വിവർജ്ജനീയം
പശുമാരണകർമ്മദാരുണോഽനുകമ്പാമൃദുരേവ ശ്രോത്രിയഃ]

ആറാമങ്കം

പ്രവേശകം

(അനന്തരം നാഗരികനായ സ്യാലനും കൈകൾ പിന്നോട്ടു പിടിച്ചുകെട്ടിയ ഒരു പുരുഷനേയുംകൊണ്ടു രണ്ടു പോലീസുകാരും പ്രവേശിക്കുന്നു)

പോലീസുകാർ— (അടിച്ചിട്ടു്) എട കള്ള! പറ— നിനക്കെവിടെനിന്നു കിട്ടി, രത്നംപതിച്ചു തമ്പുരാന്റെ പേർ കൊത്തിയ ഈ മോതിരം?

പുരുഷൻ— (പേടിച്ച നാട്യത്തോടുകൂടി) ബഹുമാനപ്പെട്ട തമ്പുരാന്മാർ പ്രസാദിക്കണേ. ഞാൻ അത്തരം പ്രവൃത്തി ചെയ്യുന്നവനല്ല.

ഒന്നാമൻ— ഉത്തമനായ ബ്രാഹ്മണനാണെന്നു കരുതി തമ്പുരാൻ നിനക്കു ദാനം തന്നതാണൊ?

പുരുഷൻ— നിങ്ങൾ കേൾക്കുവിൻ. ഞാൻ ശക്രാവതാരത്തിനടുത്തു താമസിക്കുന്ന ഒരു മുക്കുവനാണു്.

രണ്ടാമൻ— ഞങ്ങൾ ജാതിയാണോ ചോദിച്ചതു്?

സ്യാലൻ— സൂചക! എല്ലാം ക്രമത്തിൽ പറയട്ടെ. ഇവനെ നിങ്ങൾ ഇടയിൽ തടയരുതു്.

ഇരുവരും— അവിടുന്നു കല്പിക്കുന്നതുപോലെ. നീ പറ.

പുരുഷൻ— ഞാൻ വല ചൂണ്ടൽ മുതലായവകൊണ്ടു മത്സ്യം പിടിച്ചിട്ടാണു് കുടുംബഭരണം നടത്തുന്നതു്.

സ്യാലൻ— (ചിരിച്ചിട്ടു്) പരിശുദ്ധമായ ഉപജീവനം.

പുരുഷൻ— ഇങ്ങിനെ പറയരുതു് ഏമാനേ!

ജന്മനാ ഉള്ള തൊഴിൽ മോശമാണെങ്കിലും വേണ്ടെന്നുവെയ്ക്കാൻ പാടില്ലല്ലോ. പശുഹിംസ ചെയ്യുന്നതുകൊണ്ടു ക്രൂരനായിത്തോന്നുന്ന ബ്രാഹ്മണനും അനുകമ്പകൊണ്ടു് അലിവുള്ളവൻതന്നെയാണു്. 1

സ്യാലഃ— തദോ തദോ? [തതസ്തതഃ?]

പുരുഷഃ — ഏക്കശ്ശിം ദിഅശേ ഖണ്ഡശോ ലോഹിഅമച്ഛേ മഎ കപ്പിദേ. തദാ തശ്ശ ഉദലബ്ഭന്തേലേ ഏദം ലദണഭാശ്ശുലം അംഗുലീഅഅം ദേക്ഖിഅ പച്ഛാ അഹകേ ശേ വിക്കആഅ ദംശഅന്തേ ഗഹിദേ ഭാവമിശ്ശേഹിം. മാലേഹ വാ മുഞ്ചേഹ വാ. അഅം ശേ ആഅമവുത്തന്തേ. [ഏകസ്മിൻ ദിവസേ ഖണ്ഡശോ രോഹിതമത്സ്യോ മയാ കല്പിതഃ. തദാ തസ്യോദരാഭ്യന്തര ഇദം രത്നഭാസുരമംഗുലീയകം ദൃഷ്ട്വാ പശ്ചാദഹം തസ്യ വിക്രയാർത്ഥം ദർശയൻ ഗൃഹീതോ ഭാവമിശ്രൈഃ. മാരയത വാ മുഞ്ചത വാ. അയമസ്യാഗമവൃത്താന്തഃ]

സ്യാലഃ— ജാണുഅ! വിസ്സഗന്ധീ ഗോഹാദീ മച്ഛബന്ധോ ഏവ്വ ണിസ്സംസഅം. അംഗുലീഅഅദംസണം ശേ വിമരിസിദവ്വം. രാഅഉലം ഏവ്വ ഗച്ഛാമോ. [ജാനുക! വിസ്രഗന്ധീ ഗോധാദീ മത്സ്യബന്ധ ഏവ നിഃസംശയം. അംഗുലീയകദർശനമസ്യ വിമർശയിതവ്യം. രാജകുലമേവ ഗച്ഛാമഃ]

രക്ഷിണൌ— തഹ. ഗച്ഛ അലേ ഗണ്ഡഭേദഅ! [തഥാ. ഗച്ഛ അരേ ഗണ്ഡഭേദക!]

(സവ്വേ പരിക്രാമന്തി)

സ്യാലഃ— സൂഅഅ! ഇമം ഗോപുരദ്ദുആരേ അപ്പമത്താ പഡിബാലേഹ. ജാവ ഇമം അംഗുലീഅഅം ജഹാഗമണം ഭട്ടിണോ ണിവേദിഅ തദോ സാസണം പഡിച്ഛിഅ ണിക്കമാമി. [സൂചക! ഇമം ഗോപുരദ്വാരേഽപ്രമത്തൌ പ്രതിപാലയതം. യാവദിദമംഗുലീയകം യഥാഗമനം ഭർത്രേ നിവേദ്യ തതഃ ശാസനം പ്രതീക്ഷ്യ നിഷ്ക്രാമാമി]

ഉഭൌ— പവിശദു ആവുത്തേ ശാമിപ്പശാദശ്ശ. [പ്രവിശത്വാവുത്തഃ സ്വാമിപ്രസാദായ]

(ഇതി നിഷ്ക്രാന്തഃ സ്യാലഃ)

പ്രഥമഃ— ജാണുഅ! ചിലാഅദി ക്ഖു ആവുത്തേ. [ജാനുക! ചിരായതേ ഖല്വാവുത്തഃ]

ദ്വിതീയഃ— ണം അവശലോവശപ്പണീആ ലാആണോ. [നന്വവസരോപസർപ്പണീയാ രാജാനഃ]

പ്രഥമഃ — ജാണുഅ! ഫുല്ലന്തി മേ ഹത്ഥാ ഇമശ്ശ വജ്ഝശ്ശുമണഏ പിണദ്ധും (ഇതി പുരുഷം നിർദിശതി) [ജാനുക! പ്രസ്ഫുരതോ മമ ഹസ്താവസ്യ വധ്യസുമനസഃ പിനദ്ധും]

പുരുഷഃ— ണ അലുഹദി ഭാവേ അകാലണമാലണേ ഭവിദും. [നാർഹതി ഭാവാഽകാരണമാരണോ വി

സ്യാലൻ— പിന്നെ പിന്നെ?

പുരുഷൻ— ഒരു ദിവസം ഞാൻ ഒരു ചെമ്മീനിനെ നുറുക്കുകയായിരുന്നു. അപ്പോൾ അതിന്റെ പള്ളക്കകത്തു രത്നംകൊണ്ടു മിന്നിത്തിളങ്ങുന്ന ഈ മോതിരം കണ്ടിട്ട് അതു വില്ക്കാൻ കാണിച്ചുകൊടുക്കുമ്പോഴാണ് ഏമാന്മാർ എന്നെ പിടിച്ചത്. കൊന്നാലും ശരി, വിട്ടാലും ശരി. ഇങ്ങനെയാണിതു കിട്ടിയ കഥ.

സ്യാലൻ— പച്ചനാററമുള്ള ഈ ഉടുമ്പുതീനി മീൻപിടുത്തക്കാരൻതന്നെ, സംശയമില്ല. ഇവന്റെ കയ്യിൽ മോതിരം കണ്ടതിനെപ്പററി ആലോചിക്കാനുണ്ട്. നമുക്കു കൊട്ടാരത്തിലേയ്ക്കു പോവാം.

പോലീസുകാർ— അങ്ങിനെയാവാം. ഏട കള്ള! നടക്ക്.

(എല്ലാവരും ചുററിനടക്കുന്നു)

സ്യാലൻ— സൂചക! ഇവനെ കോട്ടവാതില്ക്കൽ സൂക്ഷിച്ചു കാത്തുനിന്നോളിൻ. ഞാൻ ഈ മോതിരം കിട്ടിയ കഥ തിരുമനസ്സുണർത്തിച്ചു കല്പന വാങ്ങി തിരിച്ചുവരാം.

ഇരുവരും— അങ്ങു പൊയ്ക്കോളൂ, തിരുമനസ്സിനെ പ്രസാദിപ്പിക്കാൻ.

(സ്യാലൻ പോയി)

ഒന്നാമൻ— ജാനുക! ഏമാൻ വരാൻ വൈകുന്നുവല്ലോ.

രണ്ടാമൻ— സമയം നോക്കിവേണമല്ലോ രാജതമ്പുരാക്കന്മാരുടെ അടുക്കൽ ചെല്ലാൻ.

ഒന്നാമൻ— ജാനുക! എന്റെ കയ്യു രണ്ടും തരിക്കുകയാണ്, ഇവന്നു കൊലമാലയിടാൻ. (പുരുഷനെ ചൂണ്ടിക്കാട്ടുന്നു)

പുരുഷൻ— കാരണമില്ലാതെ കൊല്ലുന്നവനാവരുതേ ഏമാൻ.

ദ്വിതീയഃ— (വിലോക്യ) ഏശേ അമ്ഹാണം ശാമീ പത്തഹത്ഥേ ലായശാശണം പഡിച്ഛിഅ ഇദോമുഹേ ദേക്ഖീഅദി. ഗിദ്ധബലീ വാ ഭവിശ്ശദി, ശുണോ മുഹം വാ ദേക്ഖിശ്ശദി. [ഏഷ നൌ സ്വാമീ പത്രഹസ്തോ രാജശാസനം പ്രതീക്ഷ്യേതോമുഖോ ദൃശ്യതേ. ഗൃധ്രബലിർവാ ഭവാഷ്യതി, ശുനോ മുഖം വാ ദ്രക്ഷ്യതി]

(പ്രവിശ്യ)

സ്യാലഃ— സൂഅഅ! മുഞ്ചേദു ഏസോ ജാലോഅജീവീ. ഉവവണ്ണോ ക്ഖു അംഗുലീഅഅസ്സ ആഅമോ. [സൂചക! മുച്യതാമേഷ ജാലോപജീവീ. ഉപപന്നഃ ഖല്വംഗുലീയകസ്യാഗമഃ]

സൂചകഃ— ജഹ ആവുത്തേ ഭണാദി. [യഥാഽവുത്തോ ഭണതി]

ദ്വിതീയഃ— ഏശേ ജമശദണം പവിശിഅ പഡിണിവുത്തേ. (ഇതി പുരുഷം പരിമുക്തബന്ധനം കരോതി) [ഏഷ യമസദനം പ്രവിശ്യ പ്രതിനിവൃത്തഃ]

പുരുഷഃ— (സ്യാലം പ്രണമ്യ) ഭട്ടാ! അഹ കീലിശേ മേ ആജീവേ? [ഭർത്തഃ! അഥ കീദൃശോ മേ ആജീവഃ?]

സ്യാലഃ— ഏസോ ഭട്ടിണാ അംഗുലീഅഅമുല്ലസമ്മിദോ പസാദോ വി ദാവിദോ. (ഇതി പുരുഷായ സ്വം പ്രയച്ഛതി) [ഏഷ ഭർത്രാംഗുലീയകമൂല്യസമ്മിതഃ പ്രസാദോഽപി ദാപിതഃ]

പുരുഷഃ— (സപ്രണാമം പ്രതിഗൃഹ്യ) ഭട്ടാ! അണുഗ്ഗഹീദമ്ഹി. [ഭർത്തഃ! അനുഗൃഹീതോഽസ്മി]

സൂചകഃ— ഏശേ ണാമ അനുഗ്ഗഹേ, ജേ ശൂലാദോ അവദാലിഅ ഹത്ഥിക്കന്ധേ പഡിട്ഠാവിദോ. [ഏഷ നാമാനുഗ്രഹോ, യച്ഛൂലാദവതാര്യ ഹസ്തിസ്കന്ധേ പ്രതിഷ്ഠാപിതഃ]

ജാനുകഃ— ആവുത്ത! പാരിദോശിഅം കഹേദി, തേണ അംഗുലീഅഏണ ഭട്ടിണോ ശമ്മദേണ ഹോദവ്വം. [ആവുത്ത! പാരിതോഷികം കഥയതി, തേനാംഗുലീയകേന ഭർത്തുഃ സമ്മതേന ഭവിതവ്യം]

സ്യാലഃ— ണ തസ്സിം മഹാരുഹം രദണം ഭട്ടിണോ ബഹുമദം ത്തി തക്കേമി. തസ്സ ദംസണേണ ഭട്ടിണോ അഭിമദോ ജണോ സുമരാവിദോ. മുഹുത്തഅം പകിദിഗംഭീരോ വി പജ്ജുസ്സുഅണഅണോ ആസി. [ന തസ്മിൻ മഹാർഹം രത്നം ഭർത്തുർബഹുമതമിതി തർക്കയാമി. തസ്യ ദർശനേന ഭർത്തുരഭിമതോ ജനഃ സ്മാരിതഃ. മുഹൂർത്തം പ്രകൃതിഗംഭീരോഽപി പര്യുത്സുകനയന ആസീൽ]

സൂചകഃ— ശേവിദം ണാമ ആവുത്തേണ. [സേവിതം നാമാവുത്തേന].

രണ്ടാമൻ— (കണ്ടിട്ടു്) ഇതാ നമ്മുടെ ഏമാൻ കയ്യിലൊരു കറിപ്പുമായി തമ്പുരാൻെറ ഉത്തരവും മേടിച്ചുകൊണ്ടു് ഇങ്ങോട്ടു വരുന്നതായി കാണുന്നു. കഴുകനുള്ള ബലിയാവും, അല്ലെങ്കിൽ നായയുടെ വായ കാണും.

(പ്രവേശിച്ചു്)

സ്യാലൻ— സൂചക! വലകൊണ്ടു് ഉപജീവനം കഴിക്കുന്ന ഇവനെ വിട്ടേക്കു മോതിരം കിട്ടിയ കഥ ശരിതന്നെയാണു്.

സൂചകൻ— ഏമാൻ പറയുമ്പോലെ.

രണ്ടാമൻ— ഇവൻ യമപുരിയോളംപോയി മടങ്ങിപ്പോന്നു. (പുരുഷനെ കെട്ടഴിച്ചുവിടുന്നു)

പുരുഷൻ— (സ്യാലനെ നമസ്കരിച്ചിട്ടു്). ഏമാനേ! ഇനിഎൻെറ ഉപജീവനമാർഗ്ഗം എത്തരത്തിലുള്ളതാ?

സ്യാലൻ— ഇതാ തമ്പുരാൻ മോതിരത്തിൻെറ വിലയ്ക്കു തുല്യമായ സമ്മാനവുംകൂടി നിനക്കു കല്പിച്ചുതരുവിച്ചിരിക്കുന്നു. (പുരുഷനു ധനം കൊടുക്കുന്നു)

പുരുഷൻ— (തൊഴുതുകൊണ്ടു വാങ്ങിയിട്ടു്) ഏമാനേ! എനിക്കു് അനുഗ്രഹമായി.

സൂചകൻ— ഇതാണു് അനുഗ്രഹം, കഴുവിൽനിന്നിറക്കിയിട്ടു് ആനപ്പുറത്തു കയററിയിരുത്തി.

ജാനുകൻ— ഏമാനേ! സമ്മാനം സൂചിപ്പിക്കുന്നു, ആ മോതിരം തമ്പുരാനു വളരെ ഇഷ്ടപ്പെട്ടതാവണം.

സ്യാലൻ— അതിലുള്ള് വിലയേറിയ രത്നമല്ല, തമ്പുരാൻ വിലമതിക്കുന്നതെന്നു ഞാനൂഹിക്കുന്നു. അതുകണ്ടപ്പോഠം തമ്പുരാനു് ഇഷ്ടപ്പെട്ട ആരുടേയോ ഓർമ്മയുണ്ടായി. സ്വതവേ നല്ല മനസ്സുറപ്പുണ്ടെങ്കിലും അല്പനേരത്തേക്കു കണ്ണിൽ വെള്ളം നിറഞ്ഞുപോയി.

സൂചകൻ— ഏമാൻ നല്ല സേവചെയ്തു എന്നായല്ലോ.

ജാനുകഃ— ണം ഭണാഹി, ഇമശ്ശ കഏ മച്ഛിഅഭത്തുണോ ത്തി. (ഇതി പുരുഷമസൂയയാ പശ്യതി) [നനു ഭണ, അസ്യകൃതേ മാൽസ്യകഭർത്തുരിതി]

പുരുഷഃ— ഭട്ടാലക! ഇദോ അദ്ധം തുഹ്മാണം ശുമണോമുല്ലം ഹോദു. [ഭട്ടാരക! ഇതോഽർധം യുഷ്മാകം സുമനോമൂല്യം ഭവതു]

ജാനുകഃ— ഏത്തകേ ജുജ്ജഇ. [ഏതാവദ്യുജ്യതേ]

സ്യാലഃ— ധീവര! മഹത്തരോ തുമം പിഅവഅസ്സഓ ദാണിം മേ സംവുത്തോ. കാദമ്മരീസക്ഖിഅം അഹ്മാണം പഢമസോഹിദം ഇച്ഛീഅദി. താ സോണ്ഡിആഅണം എവ്വ ഗച്ഛാമോ. [ധീവര! മഹത്തരസ്ത്വം പ്രിയവയസ്യക ഇദാനീം മേ സംവൃത്തഃ. കാദംബരീസാക്ഷികമസ്മാകം പ്രഥമസൗഹൃദമിഷ്യതേ. തച്ഛൌണ്ഡികാപണമേവ ഗച്ഛാമഃ]

(ഇതി നിഷ്ക്രാന്താഃ സർവ്വേ)

ഇതി പ്രവേശകഃ

(തതഃ പ്രവിശത്യാകാശയാനേന സാനുമതീ നാമാപ്സരാഃ)

സാനുമതീ— ണിവ്വട്ടിദം മഏ പജ്ജാഅണിവ്വത്തണിജ്ജം അച്ഛരാതിത്ഥസണ്ണിജ്ഝം, ജാവ സാഹുജണസ്സ അഭിസേഅകാലോ ത്തി. സമ്പദം ഇമസ്സ രാഏസിണോ ഉദന്തം പച്ചക്ഖീകരിസ്സം. മേണആസംബന്ധേണ സരീരഭൂദാ മേ സഉന്ദലാ. താഏ അ ദുഹിദുണിമിത്തം ആദിട്ഠംപുവ്വഹ്മി. [സമന്താദവലോക്യ] കിം ണു ക്ഖു ഉദുച്ഛവേ വി ണിരുച്ഛവാരംഭം വിഅ രാഅഉലം ദീസഇ? അത്ഥി മേ വിഹവോ പണിധാണേണ സവ്വം പരിണ്ണാദും. കിന്ദു സഹീഏ ആദരോ മഏ മാണഇദവ്വോ. ഹോദു, ഇമാണം എവ്വ ഉജ്ജാണപാലിആണം തിരക്ഖരിണീപഡിച്ഛണ്ണാ പസ്സവത്തിണീ ഭവിഅ ഉവലഹിസ്സം. (ഇതി നാട്യേനാവതീര്യ സ്ഥിതാ) [നിർവർത്തിതം മയാ പര്യായനിർവർത്തനീയമപ്സരസ്തീർത്ഥസാന്നിധ്യം, യാവൽ സാധുജനസ്യാഭിഷേകകാല ഇതി. സാമ്പ്രതമസ്യ രാജർഷേരുദന്തം പ്രത്യക്ഷീകരിഷ്യാമി, മേനകാസംബന്ധേന ശരീരഭൂതാ മേ ശകുന്തളാ. തയാ ച ദുഹിതൃനിമിത്തമാദിഷ്ടപൂർവ്വാഽസ്മി. കിം നു ഖലു ഋതൂത്സവേഽപി നിരുത്സവാരംഭമിവ രാജകുലം ദൃശ്യതേ? അസ്തി മേ വിഭവഃ പ്രണിധാനേന സർവ്വം പരിജ്ഞാതും. കിന്തു സഖ്യാ ആദരോ മയാ മാനയിതവ്യഃ. ഭവതു, അനയോരേവോദ്യാനപാലികയോസ്തിരസ്കരണീപ്രതിച്ഛന്നാ പാർശ്വവർത്തിനീ ഭൂത്വോപലപ്സ്യേ]

(തതഃ പ്രവിശതി ചൂതാങ്കുരമവലോകയന്തീ ചേടീ. അപരാ ച പൃഷ്ഠതസ്തസ്യാഃ)

ജാനുകൻ— ശരിക്കു പറ! ഈ മീൻതീനികളുടെ പ്രമാണിക്കുവേണ്ടി എന്നു്.

(പുരുഷനെ അസൂയയോടെ നോക്കുന്നു)

പുരുഷൻ— ഏമാനേ! ഇതിൽ പാതി സുമനസ്സിന്നുള്ള വിലയായി നിങ്ങൾക്കിരിക്കട്ടെ.

ജാനുകൻ— അത്രയും നല്ലതു്.

സ്യാലൻ— മുക്കുവനേ! താങ്കളിപ്പോൾ എന്റെ വലിയ ഉററ ചങ്ങാതിയായിത്തീർന്നു. നമ്മുടെ ഈ ആദ്യത്തെ ചങ്ങാത്തം കള്ള സാക്ഷിയാക്കി ഉറപ്പിക്കണം. അതിനു കള്ളഷാപ്പിലേക്കുതന്നെ പോവാം.

(എല്ലാവരും പോയി)

പ്രവേശകം കഴിഞ്ഞു

(അനന്തരം ആകാശംവഴിക്കു സാനുമതി എന്ന ദേവാംഗന പ്രവേശിക്കുന്നു)

സാനുമതി— സജ്ജനങ്ങളുടെ സ്നാനകാലമായതുകൊണ്ടു് അപ്സരസ്തീർത്ഥത്തിൽ ഊഴപ്രകാരം നടത്തേണ്ടുന്ന സാന്നിദ്ധ്യം ഞാൻ നടത്തിക്കഴിഞ്ഞു. ഇപ്പോളിനി ഈ രാജർഷിയുടെ വൃത്താന്തം ഞാൻ നേരിട്ടുചെന്നു നോക്കിക്കണ്ടേക്കാം. മേനകാസംബന്ധത്താൽ ശകുന്തള എന്റെ ശരീരം തന്നെയായിരിക്കുന്നു. മകൾക്കുവേണ്ടി അവൾ ഇതെന്നെ ആദ്യമേ പറഞ്ഞേല്പിച്ചിട്ടുണ്ടു്. (ചുററും നോക്കിയിട്ടു്) ഇതെന്താണു്, ഉത്സവകാലമായിട്ടും കൊട്ടാരത്തിൽ ഉത്സവത്തിന്റെ ഒരുക്കമൊന്നും കാണാത്തതു്?. ധ്യാനംകൊണ്ടു് എല്ലാമറിയാൻ എനിക്കു ശക്തിയുണ്ടു്. എങ്കിലും സഖിയുടെ ആദരവിനെ ഞാൻ മാനിക്കണമല്ലോ. ആവട്ടെ, ഉദ്യാനപാലികമാരായ ഈ രണ്ടുപേരുടെ അടുക്കൽ തിരസ്കരണികൊണ്ടു മറഞ്ഞുനിന്നു് എല്ലാം മനസ്സിലാക്കാം. (ഇറങ്ങിനിന്നതായി നടിക്കുന്നു)

(അനന്തരം മാവു പൂത്തതും നോക്കിക്കൊണ്ടു് ഒരു ദാസി പ്രവേശിക്കുന്നു, അവളുടെ പിന്നിലായി മറെറാരുത്തിയും)

പ്രഥമാ—

ആതമ്മഹരിഅപണ്ഡുര! ജീവിദസവ്വം വസന്തമാസസ്സ
ദിട്ഠീഏ ചൂദങ്കുര! ഉദുമംഗല! തുമം ക്ഖു പേക്ഖാമി. 2

[ആതാമ്രഹരിതപാണ്ഡുര! ജീവിതസർവ്വം വസന്തമാസസ്യ
ദിഷ്ട്യാ ചൂതാങ്കുര! ഋതുമംഗള! ത്വാം ഖലു പശ്യാമി]

ദ്വിതീയാ— പരഹുദിഏ! കിം ഏആഇണീ മന്തേസി? [പരഭൃതികേ! കിമേകാകിനീ മന്ത്രയസേ]

പ്രഥമാ— മഹുഅരിഏ! ചൂദകലിഅം ദേക്ഖിഅ ഉമ്മത്തിആ പരഹുദിആ ഹോദി. [മധുകരികേ! ചൂതകാലികാം ദൃഷ്ട്വാോന്മത്താ പരഭൃതികാ ഭവതി]

ദ്വിതീയാ— (സഹർഷം ത്വരയോപഗമ്യ) കഹം ഉവട്ഠിദോ മഹുമാസോ? [കഥമുപസ്ഥിതോ മധുമാസഃ?]

പ്രഥമാ— മഹുഅരിഏ! തവ ദാണിം കാലോ എസോ മദവിബ്ഭമഗീദാണം. [മധുകരികേ! തവേദാനീം കാല ഏഷ മദവിഭ്രമഗീതാനാം]

ദ്വിതീയാ— സഹി! അവലംബേഹി മം, ജാവ അഗ്ഗപാദട്ഠിആ ഭവിഅ ചൂദകലിഅം ഗേണ്ഹിഅ കാമദേവച്ചണം കരേമി. [സഖി! അവലംബസ്വ മാം. യാവദഗ്രപാദസ്ഥിതാ ഭൂത്വാ ചൂതകലികാം ഗൃഹീത്വാ കാമദേവാർച്ചനം കരോമി]

പ്രഥമാ— ജഇ മമ വി ക്ഖു അദ്ധം അച്ചണഫലസ്സ. [യദി മമാപി ഖല്വർധമർച്ചനഫലസ്യ]

ദ്വിതീയാ— അകഹിദേ വി ഏദം സമ്പജ്ജഇ, ജദോ, ഏക്കം എവ്വ ണോ ജീവിദം, ദുധാ ട്ഠിദം സരീരം. (സഖീമവലംബ്യ സ്ഥിതാ ചൂതാങ്കുരം ഗൃഹ്ണാതി) അഏ! അപ്പഡിബുദ്ധോ വി ചൂദപ്പസവോ ഏത്ഥ ബന്ധണ ഭംഗസുരഭീ ഹോദി. (ഇതി കപോതഹസ്തകം കൃത്വാ)

തുംസി മഏ ചൂദങ്കുര! ദിണ്ണോ കാമസ്സ ഗഹിദധണുഅസ്സ
പഹിഅജണജുവഇലക്ഖോ പഞ്ചബ്ഭഹിഓ സരോ ഹോഹി. 3

(ഇതി ചൂതാങ്കുരം പ്രക്ഷിപതി)

[അകഥിതേഽപ്യേതത്സംപദ്യതേ, യത ഏകമേവ നൌ ജീവിതം, ദ്വിധാ സ്ഥിതം ശരീരം. അയേ! അപ്രതിബുദ്ധോഽപി ചൂതപ്രസവോഽത്ര ബന്ധനഭംഗസുരഭിർഭവതി.

ത്വമസി മയാ ചൂതാങ്കുര! ദത്തഃ കാമായ ഗൃഹീതധനുഷേ
പഥികജനയുവതിലക്ഷ്യഃ പഞ്ചാഭ്യധികഃ ശരോ ഭവ]

(പ്രവിശ്യാപടീക്ഷേപേണ കുപിതഃ)

കഞ്ചുകീ— മാ താവൽ. അനാത്മജ്ഞേ! ദേവേന പ്രതിഷിദ്ധേ വസന്തോത്സവേ ത്വമാമ്രകലികാഭംഗം കിമാരഭസേ?

ഒന്നാമത്തേവൾ—

ഇളം ചുവപ്പും, പച്ചയും വെളുപ്പും കലർന്നു ഋതുമംഗളമായുള്ള മാമ്പൂമൊട്ടേ! വസന്തമാസത്തിന്റെ ജീവനായ നിന്നെ എനിക്കു കാണാൻ സാധിച്ചതു ഭാഗ്യംതന്നെ. 2

രണ്ടാമത്തേവൾ— പരഭൃതികേ! നീയെന്താ തന്നത്താൻ നിന്നു മന്ത്രിക്കുന്നതു്?

ഒന്നാമത്തേവൾ— മധുകരികേ! മാവു മൊട്ടിട്ടു കണ്ടാൽ പരഭൃതികയ്ക്കു മത്തുപിടിക്കുമല്ലോ.

രണ്ടാമത്തേവൾ— (സന്തോഷത്തോടെ വേഗത്തിൽ അടുത്തുചെന്നിട്ടു്) എന്തു്, മധുമാസം വന്നുവോ?

ഒന്നാമത്തേവൾ— മധുകരികേ! നിനക്കിപ്പോൾ മത്തുപിടിച്ചു പാട്ടുപാടി രസിച്ചു നടക്കേണ്ട കാലമാണു്.

രണ്ടാമത്തേവൾ— സഖി! എന്നെ ഒന്നു താങ്ങിക്കൊള്ളു, ഞാൻ എത്തിവലിഞ്ഞുനിന്നു മാവിൻപൂ പറിച്ചു കാമദേവനെ പൂജിക്കട്ടെ.

ഒന്നാമത്തേവൾ— അർച്ചനഫലത്തിന്റെ പകുതി എനിക്കും കിട്ടുമെങ്കിൽ—

രണ്ടാമത്തേവൾ— അതു പറയാതെതന്നെ കിട്ടുമല്ലോ. എന്തെന്നാൽ, ഒന്നാണല്ലോ നമ്മുടെ ജീവിതം, ശരീരം രണ്ടാണെങ്കിലും. (സഖിയെ ഊന്നിനിന്നു മാമ്പൂ പറിക്കുന്നു) അയ്യ! വിടരാതെതന്നെ ഞെട്ടി പൊട്ടിച്ചപ്പോഴേയ്ക്കും ഈ മാവിൻമൊട്ടു മണം പരത്തുന്നു. (കുടന്നയാക്കിപ്പിടിച്ചിട്ടു്)

മമ്പൂമൊട്ടേ! നിന്നെ ഞാൻ വില്ലേന്തിയ കാമദേവന്നു സമർപ്പിയ്ക്കുന്നു, വിരഹിജനങ്ങളുടെ യുവതികളുടെ നേർക്കു നീ, അഞ്ചിനു പുറമേയുള്ള അമ്പായി ഭവിക്കുക! 3

(മാമ്പൂവർപ്പിയ്ക്കുന്നു)

(തിരക്കുടാതെ കോപത്തോടെ പ്രവേശിച്ചു്)

കഞ്ചുകി— ഛേ അരുതു്. അറിവില്ലാത്തവളെ, തമ്പുരാൻ വസന്തോത്സവം നിഷേധിച്ചിരിയ്ക്കെ നീ മാവിൻമൊട്ടറുക്കാൻ തുടങ്ങുന്നോ?

ഉഭേ— (ഭീതേ) പസീദദു അജ്ജോ. അഗ്ഗഹീദത്ഥാഓ വഅം.
[പ്രസീദത്വാര്യ്യഃ. അഗൃഹീതാത്ഥേ ആവാം]

കഞ്ചുകീ— ന കില ശ്രുതം യുവാഭ്യാം? യദ്വാസന്തികൈസ്തരുഭിരപി ദേവസ്യ ശാസനം പ്രമാണീകൃതം, തദാശ്രയിഭിഃ പത്രിഭിശ്ച. തഥാ ഹി—

ചൂതാനാം ചിരനിർഗതാപി കലികാ ബധ്നാതി ന സ്വം രജഃ
സന്നദ്ധം യദപി, സ്ഥിതം കുരവകം തൽ കോരകാവസ്ഥയാ
കണ്ഠേഷു സ്ഖലിതം ഗതേഽപി ശിശിരേ പുംസ്കോകിലാനാം രുതം
ശങ്കേ, സംഹരതി സ്മരോഽപി ചകിതസ്തൂണാർധകൃഷ്ടം ശരം. 4

സാനുമതീ— ണത്ഥി സന്ദേഹോ. മഹാപ്പഹാഓ രാഏസീ.
[നാസ്തി സന്ദേഹഃ. മഹാപ്രഭാവോ രാജർഷിഃ]

പ്രഥമാ— അജ്ജ! കതി ദിഅഹാഇം അഹ്മാണം മിത്താവസുണാ രട്ഠിഏണ ഭട്ടിണീപാഅമൂലം പേസിദാണം. ഏത്ഥ അ ണോ പമദവണസ്സ പാലണകമ്മ സമപ്പിദം. താ ആഅന്തുഅദാഏ അസ്സുദപുവ്വോ അഹ്മേഹിം ഏസോ വുത്തന്തോ.
[ആര്യ്യ! കതി ദിവസാന്യാവയോർമിത്രാവസുനാ രാഷ്ട്രീയേണ ഭട്ടിനീപാദമൂലം പ്രേഷിതയോഃ. അത്ര ച നൌ പ്രമദവനസ്യ പാലനകമ്മ സമർപ്പിതം. തദാഗന്തുകതയാശ്രുതപൂവ്വ ആവാഭ്യാമേഷ വൃത്താന്തഃ]

കഞ്ചുകീ— ഭവതു. ന പുനരേവം പ്രവത്തിതവ്യം.

ഉഭേ— അജ്ജ! കോദൂഹലം ണോ. ജഇ ഇമിണാ ജണേണ സോദവ്വം, കഹേദു അജ്ജോ—കിംണിമിത്തം ഭട്ടിണാ വസന്തുസ്സവോ പഡിസിദ്ധോ? [ആര്യ്യ! കൌതൂഹലം നൌ. യദ്യനേന ജനേന ശ്രോതവ്യം— കഥയത്വാര്യ്യഃ, കിം നിമിത്തം ഭർത്രാ വസന്തോത്സവഃ പ്രതിഷിദ്ധഃ?]

സാനുമതീ— ഉസ്സവപ്പിആ ക്ഖു മണുസ്സാ. ഗുരുണാ കാരണേണ ഹോദവ്വം. [ഉത്സവപ്രിയാഃ ഖലു മനുഷ്യാഃ. ഗുരുണാ കാരണേന ഭവിതവ്യം]

കഞ്ചുകീ— ബഹുലീഭൂതമേതൽ കിം ന കഥ്യതേ? കിമത്രഭവത്യോഃ കണ്ണപഥം നായാതം ശകുന്തളാപ്രത്യാദേശകൌലീനം?

ഉഭേ— സുദം രട്ഠിഅമുഹാദോ, ജാവ അംഗുലീഅഅദംസണം.
[ശ്രുതം രാഷ്ട്രീയമുഖാദ്യാവദംഗുലീയകദശ്നം]

കഞ്ചുകീ— തേന ഹ്യല്പം കഥയിതവ്യം. യദൈവ ഖലു സ്വാംഗുലീയകദർശനാദനുസ്മൃതം ദേവേന, സത്യമൂഢപൂവ്വാ മയാ തത്രഭവതീ രഹസി ശകുന്തളാ മോഹാൽ പ്രത്യാദിഷ്ടേതി, തദാ പ്രഭൃത്യേവ പശ്ചാത്താപമുപഗതോ ദേവഃ. തഥാ ഹി—

രണ്ടുപേരും— (ഭയത്തോടെ ആര്യൻ ക്ഷമിയ്ക്കണം. ഞങ്ങൾ ആ സംഗതി അറിഞ്ഞില്ല.

കഞ്ചുകി— നിങ്ങൾ അതു് അറിഞ്ഞില്ലെന്നോ? വസന്തർത്തുവിൽ പൂക്കുന്ന വൃക്ഷങ്ങളും അവയിന്മേൽ കഴിയുന്ന പക്ഷികളുംകൂടി തമ്പുരാന്റെ കല്പന സ്വീകരിച്ചിരിക്കുന്നു. അതുകൊണ്ടുതന്നെയാണല്ലോ—

മാവുകൾ മൊട്ടിട്ടു് ഏറെനാളായിട്ടും പൂമ്പൊടി ഉള്ളിൽ തെളിയുന്നില്ല, ചെങ്കുറുഞ്ഞിയിൽ മൊട്ടുകൾ നിരന്നിട്ടും വിരിയാതെതന്നെ നില്ക്കുന്നു, ശിശിരകാലം അവസാനിച്ചിട്ടും ആൺകുയിലുകളുടെ കൂകൽ തൊണ്ടയിൽക്കിടന്നു പരുങ്ങുന്നു. കാമദേവൻപോലും പേടിച്ചു് ആവനാഴിയിൽനിന്നു പകുതി വലിച്ചെടുത്ത അമ്പിനെ അതിനുള്ളിലേക്കുതന്നെ തിരുകിവെയ്ക്കുന്നുണ്ടെന്നു ഞാൻ കരുതുന്നു. 4

സാനുമതി— യാതൊരു സംശയവുമില്ല. രാജർഷിയുടെ പ്രഭാവം ഗംഭീരംതന്നെ.

ഒന്നാമത്തേവൾ— ആര്യ! രാജസ്യാലനായ മിത്രാവസു ഞങ്ങളെ തമ്പുരാട്ടിയുടെ അടുക്കലേയ്ക്കയച്ചിട്ടു കുറച്ചുദിവസമേ ആയുള്ളു. ഇവിടെ ഈ ഉദ്യാനം കാത്തുരക്ഷിക്കേണ്ടുന്ന ചുമതല ഞങ്ങളെ ഏല്പിക്കുകയും ചെയ്തു. അങ്ങിനെ ഇയ്യിടെ വന്നവരായതുകൊണ്ടു ഞങ്ങളീവർത്തമാനം കേൾക്കുകയുണ്ടായില്ല.

കഞ്ചുകി— ആവട്ടെ! ഇനി ഇങ്ങിനെ പ്രവർത്തിക്കരുതു്.

ഇരുവരും— ആര്യ! ഞങ്ങൾക്കു കൌതുകം തോന്നുന്നു, ഇയ്യുള്ളവർക്കു കേൾക്കാമെങ്കിൽ ആര്യൻ പറയൂ— തമ്പുരാൻ എന്തുകാരണത്താലാണു് വസന്തോത്സവം നിഷേധിച്ചതു്?

സാനുമതി— മനുഷ്യർ തീർച്ചയായും ഉത്സവപ്രിയരാണല്ലോ. ഗൌരവമേറിയ വല്ല കാരണവും ഉണ്ടായിരിയ്ക്കണം.

കഞ്ചുകി— നാട്ടിൽപ്പരന്നുകഴിഞ്ഞ ഈ സംഗതി പറയാതിരുന്നിട്ടെന്തു വേണം? ശകുന്തളയെ ഉപേക്ഷിച്ച കഥ നിങ്ങളുടെ ചെവിയിലെത്തിയിട്ടില്ലേ?

ഇരുവരും— മോതിരം കണ്ടുകിട്ടിയതുവരെയുള്ള വർത്തമാനം രാജസ്യാലൻ പറഞ്ഞു കേട്ടിട്ടുണ്ടു്.

കഞ്ചുകി— എന്നാലിനി കുറച്ചേ പറയാനുള്ളു. മുദ്രമോതിരം കണ്ടതോടെ തമ്പുരാന്നു് ഓർമ്മവന്നു, സത്യമായി ഞാൻ ശകുന്തളയെ ഗൂഢമായി വിവാഹംചെയ്തതാണെന്നും ഓർമ്മ വരായ്കയാൽ ഉപേക്ഷിച്ചതാണെന്നും. അപ്പോൾ തമ്പുരാൻ പശ്ചാത്താപത്തിലായി. അതിന്റെ ഫലമായി—

രമ്യം ദ്വേഷ്ടി, യഥാ പുരാ പ്രകൃതിഭിർന്ന പ്രത്യഹം സേവ്യതേ
ശയ്യാപ്രാന്തവിവർത്തനൈർവിഗമയത്യുന്നിദ്ര ഏവ ക്ഷപാഃ
ദാക്ഷിണ്യേന ദദാതി വാചമുചിതാമന്തഃപുരേഭ്യോ യദാ
ഗോത്രേഷുസ്ഖലിതസ്തദാ ഭവതി ച വ്രീഡാവിലക്ഷശ്ചിരം. 5

സാനുമതീ— പിഅം മേ. [പ്രിയം മേ]

കഞ്ചുകീ— അസ്മാൽ പ്രഭവതോ വൈമനസ്യാദുത്സവഃ പ്രത്യാഖ്യാതഃ.

ഉഭേ— ജുജ്ജഇ. [യുജ്യതേ]

(നേപഥ്യേ)

ഏദു ഏദു ഭവം. [ഏതു ഏതു ഭവാൻ]

കഞ്ചുകീ— (കർണ്ണം ദത്വാ) അയേ! ഇത ഏവാഭിവർത്തതേ ദേവഃ. സ്വകർമ്മാനുഷ്ഠീയതാം.

ഉഭേ— തഹ. (ഇതി നിഷ്ക്രാന്തേ) [തഥാ]

(തതഃ പ്രവിശതി പശ്ചാത്താപസദൃശവേഷോ രാജാ വിദൂഷകഃ പ്രതിഹാരീ ച)

കഞ്ചുകീ— (രാജാനമവലോക്യ) അഹോ! സർവ്വാസ്വവസ്ഥാസു രമണീയത്വമാകൃതിവിശേഷാണാം. ഏവമുത്സുകോഽപി പ്രിയദർശനോ ദേവഃ. തഥാ ഹി—

പ്രത്യാദിഷ്ടവിശേഷമണ്ഡനവിധിർവാമപ്രകോഷ്ഠാർപ്പിതം
ബിഭ്രൽകാഞ്ചനമേകമേവ വലയം ശ്വാസോപരക്താധരഃ
ചിന്താജാഗരണപ്രതാന്തനയനസ്തേജോഗുണാദാത്മനഃ
സംസ്കാരോല്ലിഖിതോ മഹാമണിരിവ ക്ഷീണോഽപി നാലക്ഷ്യതേ. 6

സാനുമതീ— (രാജാനം ദൃഷ്ട്വാ) ഠാണേ ക്ഖു പച്ചാദേസവിമാണിദാ വി ഇമസ്സ കിദേ സഉന്ദലാ കിലമ്മദി ത്തി. [സ്ഥാനേ ഖലു പ്രത്യാദേശവിമാനിതാപ്യസ്യ കൃതേ ശകുന്തളാ ക്ലാമ്യതീതി]

രാജാ— (ധ്യാനമന്ദം പരിക്രമ്യ)

പ്രഥമം സാരംഗാക്ഷ്യാ പ്രിയയാ പ്രതിബോധ്യമാനമപി സുപ്തം
അനുശയദുഃഖായേദം ഹതഹൃദയം സമ്പ്രതി വിബുദ്ധം. 7

സാനുമതീ— ണം ഈദിസാണി തവസ്സിണീഏ ഭാഅഹേആണി. [നന്വീദൃശാനി തപസ്വിന്യാ ഭാഗധേയാനി]

വിദൂഷകഃ— (അപവാര്യ) ലംഘിദാ ഏസോ ഭൂഓ വി സഉന്ദലാവാഹിണാ. ണ ആണേ കഹം ചിഇച്ഛിദവ്വോ ഭവിസ്സദി ത്തി. [ലംഘിത ഏഷ ഭൂയോഽപി ശകുന്തളാവ്യാധിനാ. ന ജാനേ കഥം ചികിത്സിതവ്യോ ഭവിഷ്യതീതി]

നല്ലതൊന്നും ഇഷ്ടമില്ലാതായി. മുൻപത്തെപ്പോലെ മന്ത്രിമാരുടെ സേവനം പതിവായും വേണ്ടെന്നായി. ഉറക്കമില്ലാതെ രാത്രി മുഴുവൻ കിടന്നുരുണ്ടു കഴിച്ചുകൂട്ടുന്നു. ദാക്ഷിണ്യത്താൽ അന്തഃപുരസ്ത്രീകളോടു് ഉചിതമായ വാക്കുപറയുമ്പോൾ പേർ മാറി വിളിച്ചു് ഏറെ നേരം ലജ്ജിച്ചിരിക്കുന്നു. 5

സാനുമതി— എനിക്കു സന്തോഷമായി.

കഞ്ചുകി— ഈ പ്രബലമായ തിരുവുള്ളക്കേടുമൂലമാണു് ഉത്സവം വേണ്ടെന്നുവെച്ചതു്.

ഇരുവരും— അതു ശരി.

(അണിയറയിൽ)

തോഴർ ഇതിലേ ഇതിലേ.

കഞ്ചുകി— (ചെവിയോർത്തിട്ടു്) തമ്പുരാൻ ഇങ്ങോട്ടെഴുന്നള്ളുന്നുണ്ടു്. നിങ്ങൾ നിങ്ങളുടെ പണി നോക്കുവിൻ.

ഇരുവരും— ശരി. (പോകുന്നു)

(അനന്തരം പശ്ചാത്താപത്തിനു ചേർന്ന വേഷത്തിൽ രാജാവും വിദൂഷകനും ദ്വാരപാലികയും പ്രവേശിക്കുന്നു)

കഞ്ചുകി— (രാജാവിനെ നോക്കിയിട്ടു്) അമ്പോ! വിശിഷ്ടാകൃതികൾ ഏതവസ്ഥയിലും രമണീയങ്ങളായിത്തന്നെയിരിക്കും. ഇത്രയൊക്കെ കുണ്ഠിതം ഉണ്ടായിരുന്നിട്ടും തമ്പുരാനെ കാണാൻ എന്തൊരു സുഖമാണു്. എന്തെന്നാൽ—

ഇടത്തെക്കൈത്തണ്ടമേലിട്ട ഒരു സ്വർണ്ണവളമാത്രം താങ്ങി ബാക്കിയുള്ള വിശേഷാഭരണങ്ങളെല്ലാം വേണ്ടെന്നുവെച്ചു്, നിശ്വാസമേറ്റു ചുണ്ടുവിളറി, ചിന്തകൊണ്ടും ഉറക്കമില്ലായ്മകൊണ്ടും കണ്ണുകൾ വാടി, ക്ഷീണിച്ചുപോയിട്ടും സഹജമായ തേജോഗുണംകൊണ്ടു്, ചാണയ്ക്കുവെച്ച മഹാരത്നംപോലെ, ക്ഷീണിച്ചതായി തോന്നുന്നില്ല. - 6

സാനുമതി— (രാജാവിനെ നോക്കിയിട്ടു്) ആട്ടിക്കളഞ്ഞവമാനിച്ചിട്ടും ഇദ്ദേഹത്തെച്ചൊല്ലി ശകുന്തള ക്ലേശിക്കുന്നതു യുക്തം തന്നെ.

രാജാവു്— (മനോവിചാരത്താൽ പതുക്കെ ചുറ്റിനടന്നിട്ടു്)

ഈ ദുഷ്ടഹൃദയം, അന്നു മാൻനേർമിഴിയായ പ്രിയതമ വന്നുണർത്തിയിട്ടും ഉറങ്ങിക്കിടന്നു, ഇപ്പോൾ പശ്ചാത്തപിച്ചു ക്ലേശിക്കുവാൻവേണ്ടി ഉണർന്നിരിക്കുന്നു. 7

സാനുമതി— ഇതൊക്കെ ആ പാവപ്പെട്ടവളുടെ ഭാഗ്യങ്ങളാണു്.

വിദൂഷകൻ— (സ്വകാര്യമായി) ആ ശകുന്തളാവ്യാധി ഇദ്ദേഹത്തെ വീണ്ടും പിടികൂടിയല്ലോ. എങ്ങിനെയാണു് ചികിത്സിക്കേണ്ടതെന്നു എനിക്കറിഞ്ഞുകൂടാ.

കഞ്ചുകീ— (ഉപഗമ്യ) ജയതു ജയതു ദേവഃ. മഹാരാജ! പ്രത്യവേക്ഷിതാഃ പ്രമദവനഭൂമയഃ. യഥാകാമമധ്യാസ്താം വിനോദസ്ഥാനാനി മഹാരാജഃ.

രാജാ— വേത്രവതി! മദ്വചനാദമാത്യമാൎയ്യപിശുനം ബ്രൂഹി—'ചിരപ്രബോധനാന്ന സംഭാവിതമസ്മാഭിരദ്യ ധൎമ്മാസനമധ്യാസിതും. യൽപ്രത്യവേക്ഷിതം പൌരകാൎയ്യമാൎയ്യേണ, തൽ പത്രമാരോപ്യ ദീയതാം' ഇതി.

പ്രതിഹാരീ— ജം ദേവോ ആണവേദി. (ഇതി നിഷ്ക്രാന്താ) [യദ്ദേവ ആജ്ഞാപയതി]

രാജാ— വാതായന! ത്വമപി സ്വം നിയോഗമശൂന്യം കുരു.

കഞ്ചുകീ— യദാജ്ഞാപയതി ദേവഃ. (ഇതി നിഷ്ക്രാന്തഃ)

വിദൂഷകഃ— സമ്പദം സിസിരാതവച്ഛേഅരമണീഏ ഇമസ്സിം പമദവണുദ്ദേസേ അത്താണം രമഇസ്സസി. [സാംപ്രതം ശിശിരാവച്ഛേദരമണീയേഽസ്മിൻ പ്രമദവനോദ്ദേശേ ആത്മാനം രമയിഷ്യസി]

രാജാ— വയസ്യ! യദുച്യതേ രന്ധ്രോപനിപാതിനോ വിനിപാതാ ഇതി, തദവ്യഭിചാരി വചഃ. കുതഃ—

മുനിസുതാപ്രണയസ്മൃതിരോധിനാ
മമ ച മുക്തമിദം തമസാ മനഃ
മനസിജേന സഖേ! പ്രഹരിഷ്യതാ
ധനുഷി ചൂതശരശ്ച നിവേശിതഃ. 8

വിദൂഷകഃ— ചിട്ഠ ദാവ. ഇമിണാ ദണ്ഡകട്ഠേണ കന്ദപ്പബാണം ണാസഇസ്സം. (ഇതി ദണ്ഡകാഷ്ഠമുദ്യമ്യ ചൂതാങ്കുരം പാതയിതുമിച്ഛതി) [തിഷ്ഠ താവൽ. അനേന ദണ്ഡകാഷ്ഠേനകന്ദർപ്പബാണം നാശയിഷ്യാമി]

രാജാ— (സസ്മിതം) ഭവതു. ദൃഷ്ടം ബ്രഹ്മവൎച്ചസം. സഖേ! ക്വോപവിഷ്ടഃ പ്രിയായാഃ കിഞ്ചിദനുകാരിണീഷു ലതാസു ദൃഷ്ടിം വിലോഭയാമി?

വിദൂഷകഃ— ണം ആസണ്ണപരിആരിആ ചദുരിആ ഭവദാ സംദിട്ഠാ— 'മാഹവീമണ്ഡവേ ഇമം വേലം അദിവാഹിസ്സം. തഹിം മേ ചിത്തഫലഅഗദം സഹത്ഥലിഹിദം തത്തഹോദീഏ സഉന്ദലാഏ പഡികിദിം ആണേഹി' ത്തി. [നന്വാസന്നപരിചാരികാ ചതുരികാ ഭവതാ സംദിഷ്ടാ— 'മാധവീമണ്ഡപ ഇമാം വേലാമതിവാഹയിഷ്യേ. തത്ര മേ ചിത്രഫലകഗതാം സ്വഹസ്തലിഖിതാം തത്രഭവത്യാഃ ശകുന്തളായാഃ പ്രതികൃതിമാനയ' ഇതി]

രാജാ— ഈദൃശം ഹൃദയവിനോദസ്ഥാനം. തത്തമേവമാൎഗ്ഗമാദേശയ.

കഞ്ചുകി— (അടുത്തുചെന്നു്) തമ്പുരാനു വിജയം ഉണ്ടാകട്ടെ. മഹാരാജാവേ! പ്രമദവനപ്രദേശമെല്ലാം ഞാൻ പരിശോധിച്ചിരിക്കുന്നു. തമ്പുരിനിഷ്ടമുള്ള ഏതു വിനോദസ്ഥാനത്തും ഇരുന്നരുളാം.

രാജാവ്— വേത്രവതി! ഞാൻ പറഞ്ഞതായി മന്ത്രി ആര്യപിശുനനോടു ചെന്നു പറയൂ— 'അധികം നേരത്തെ ഉണർന്നിരുന്നതുകൊണ്ടു ധർമ്മാസനത്തിൽ വന്നിരുന്നു കാര്യങ്ങൾ അന്വേഷിപ്പാൻ ഇന്നു സാധിക്കുമെന്നു തോന്നുന്നില്ല. അങ്ങു പൌരകാര്യം നോക്കിയതു് എഴുത്തുമുഖേന അറിയിച്ചാൽ മതി' എന്നു്.

ദ്വാരപാലിക— തമ്പുരാന്റെ കല്പനപോലെ. (പോകുന്നു)

രാജാവ്— വാതായന! നീയും പോയി ജോലി നോക്കിക്കോളൂ.

കഞ്ചുകി— തമ്പുരാന്റെ കല്പനപോലെ (പോകുന്നു)

വിദൂഷകൻ— ഇനി ശിശിരകാലത്തിന്റെ ബാധ നീങ്ങി മനോഹരമായിരിക്കുന്ന ഈ പ്രമദവനപ്രദേശത്തിൽ സ്വൈരമായി താങ്കൾക്കു വിഹരിക്കാം.

രാജാവ്— തോഴരേ! പഴുതുനോക്കി ആപത്തുകൾ വന്നുകൂടുന്നു എന്നു പറയാറുണ്ടല്ലോ, അതു പിഴക്കാത്ത വാക്കുതന്നെ. എന്തെന്നാൽ—

മുനിപുത്രിയുമായുണ്ടായ പ്രണയത്തിന്റെ ഓർമ്മ മൂടിയ ഇരുട്ടു് എന്റെ
മനസ്സിൽനിന്നു പോകയും ചെയ്തു, തോഴരേ! പൂവമ്പൻ, എയ്യാൻ
വേണ്ടി കുലച്ച വില്ലിൽ മാംപൂവമ്പു തൊടുക്കുകയും ചെയ്തു. 8

വിദൂഷകൻ— അവിടെ നില്ക്കൂ, ഞാനീ മുട്ടൻവടികൊണ്ടു കാമബാണം നശിപ്പിച്ചേക്കാം. (മുട്ടൻവടിയുയർത്തിയിട്ടു മാങ്കുലകളെ വീഴിക്കാൻ നോക്കുന്നു)

രാജാവ്— (പുഞ്ചിരിയോടെ) ഇരിക്കട്ടെ, ബ്രാഹ്മണതേജസ്സു കണ്ടു. തോഴരേ! എവിടെയിരുന്നാണു് ഞാൻ പ്രിയതമയോടു് അല്പം സാദൃശ്യമുള്ള വള്ളികളെ നോക്കി കണ്ണിനെ രസിപ്പിക്കേണ്ടതു്?

വിദൂഷകൻ— തോഴർ വിശ്വസ്തപരിചാരികയായ ചതുരികയോടു മുമ്പു പറഞ്ഞേല്പിച്ചിട്ടുണ്ടല്ലോ— 'ഞാനിപ്പോൾ മാധവീമണ്ഡപത്തിലിരുന്നാണു് നേരം പോക്കുന്നതു്. അങ്ങോട്ടു്, ചിത്രപ്പലകയിൽ ഞാൻ സ്വന്തംകൈകൊണ്ടെഴുതിയ ശ്രീമതി ശകുന്തളയുടെ പടം കൊണ്ടുവരണം' എന്നു്.

രാജാവ്— ഇതുതന്നെയാണു് വിനോദത്തിനു പറ്റിയ സ്ഥലം. എന്നാലിനി അങ്ങോട്ടു നടക്കൂ.

വിദൂഷകഃ— ഇദോ ഇദോ ഭവം. [ഇത ഇതോ ഭവാൻ]

(ഉഭൌ പരിക്രാമതഃ. സാനുമത്യനുഗച്ഛതി)

വിദൂഷകഃ— ഏസോ മണിസിലാപട്ടഅസണാഹോ മാഹവീമണ്ഡവോ ഉവആരരമണിജ്ജദാഏ ണിസ്സംസഅം സാഅദേണ വിഅ ണോ പഡിച്ഛദി. താ പവിസിഅ ണിസീദദു ഭവം. [ഏഷ മണിശിലാപട്ടകസനാഥോ മാധവീമണ്ഡപ ഉപചാരരമണീയതയാ നിഃസംശയം സ്വാഗതേനേവ നൌ പ്രതീച്ഛതി. തൽപ്രവിശ്യ നിഷീദതു ഭവാൻ]

(ഉഭൌ പ്രവിശ്യോപവിശതഃ)

സാനുമതീ— ലദാസംസ്സിദാ ദേക്ഖിസ്സം ദാവ സഹീഏ പഡികിദിം. തദോ സേ ഭത്തുണോ ബഹുമുഹം അണുരാഅം ണിവേദഇസ്സം. (ഇതി തഥാ കൃത്വാ സ്ഥിതാ) [ലതാസംശ്രിതാ ദ്രക്ഷ്യാമി താവൽ സഖ്യാഃ പ്രതികൃതിം. തതോഽസ്യാ ഭർത്തുർബ്ബഹുമുഖമനുരാഗം നിവേദയിഷ്യാമി]

രാജാ— സഖേ! സർവ്വമിദാനീം സ്മരാമി ശകുന്തളായാഃ പ്രഥമവൃത്താന്തം. കഥിതവാനസ്മി ഭവതേ ച. സ ഭവാൻ പ്രത്യാദേശവേലായാം മത്സമീപഗതോ നാസീൽ. പൂർവ്വമപി ന ത്വയാ കദാചിൽ സങ്കീർത്തിതം തത്രഭവത്യാ നാമ. കച്ചിദഹമിവ വിസ്മൃതവാനസി ത്വം?

വിദൂഷകഃ— ണ വിസുമരാമി. സവ്വം കഹിഅ അവസാണേ ഉണ തുഏ പരിഹാസവിഅപ്പഓ ഏസോ ണ, ഭൂദത്ഥോ ത്തി ആചക്ഖിദം. മഏ വി മിപ്പിണ്ഡബുദ്ധിണാ തഹ ഏവ്വ ഗഹീദം. അഹവാ ഭവിദവ്വദാ ക്ഖു ബലവദീ. [ന വിസ്മരാമി. കിന്തു സർവ്വം കഥയിത്വാ അവസാനേ പുനസ്ത്വയാ പരിഹാസവിജല്പ ഏഷ, ന ഭൂതാർത്ഥഃ ഇത്യാഖ്യാതം. മയാപി മൃൽപിണ്ഡബുദ്ധിനാ തഥൈവ ഗൃഹീതം. അഥവാ ഭവിതവ്യതാ ഖലു ബലവതീ]

സാനുമതി— ഏവ്വം ഏദം. [ഏവമേതൽ]

രാജാ— (ധ്യാത്വാ) സഖേ! ത്രായസ്വ മാം.

വിദൂഷകഃ— ഭോ! കിം ഏദം? അണുവവണ്ണം ക്ഖു ഈദിസം തുഇ. കദാ വി സപ്പുരിസാ സോഅവത്തവ്വാ ണ ഹോന്തി. ണം പവാദേ വി ണിക്കമ്പാ ഗിരഓ. [ഭോഃ! കിമേതൽ? അനുപപന്നം ഖല്വീദൃശം ത്വയി. കദാപി സൽപുരുഷാഃ ശോകവക്തവ്യാ ന ഭവന്തി. നനു പ്രവാതേഽപി നിഷ്കമ്പാ ഗിരയഃ]

രാജാ— വയസ്യ! നിരാകരണവിക്ലവായാഃ പ്രിയായാഃ സമവസ്ഥാമനുസ്മൃത്യ ബലവദശരണോഽസ്മി.

വിദൂഷകൻ— തോഴർ ഇതിലേ ഇതിലേ.

(രണ്ടുപേരും ചുററിനടക്കുന്നു. സാനുമതി പിന്തുടരുന്നു)

വിദൂഷകൻ— ഇതാ, രത്നത്തറയുള്ള മാധവീമണ്ഡപം ഒരുക്കങ്ങളുടെ രമണീയതകൊണ്ടു തീർച്ചയായും നമ്മെ സ്വാഗതം പറഞ്ഞു് ആദരിക്കുന്നന്നതുപോലെ തോന്നുന്നു, അതുകൊണ്ടു താങ്കൾ കടന്നിരിയ്ക്കുക.

(ഇരുവരും കടന്നിരിക്കുന്നു)

സാനുമതി— വള്ളിയോടു ചേർന്നുനിന്നു സഖിയുടെ ചിത്രം ഒന്നു കാണട്ടെ. അതിനുശേഷം ഭർത്താവിൻെറ പലവിധത്തിലുള്ള അനുരാഗം അവളെ അറിയിയ്ക്കാമല്ലോ. (അപ്രകാരം നിൽക്കുന്നു)

രാജാവ്— തോഴരേ! ശകുന്തളയുടെ പ്രഥമവൃത്താന്തമെല്ലാം ഇപ്പോൾ എനിക്കോർമ്മ വരുന്നു. അങ്ങയോടും ഞാൻ പറഞ്ഞിട്ടുണ്ടു്. പക്ഷേ തള്ളിക്കളയുന്ന സമയത്തു് അങ്ങെൻെറ അടുക്കൽ ഇല്ലാതെപോയി. അതിനുമുമ്പിലും താങ്കൾ ഒരു പ്രാവശ്യം പോലും ശ്രീമതിയുടെ പേർ പറയുകയുണ്ടായിട്ടില്ല. എന്നെപ്പോലെ അങ്ങും മറന്നുവോ?

വിദൂഷകൻ— മറന്നതല്ല. എന്നാൽ എല്ലാം പറഞ്ഞിട്ടു് ഒടുവിൽ, 'നേരംപോക്കിനു പറഞ്ഞതാണു്, കാര്യമല്ല' എന്നുംകൂടി പറയുകയുണ്ടായി. മൺതലയനായ ഞാൻ അതു് അതേപടി മനസ്സിലാക്കി. അല്ലെങ്കിൽ വരാനിരിക്കുന്നതു തടുത്തുനിർത്താൻ സാധിക്കുമോ?

സാനുമതി— അതങ്ങിനെതന്നെ.

രാജാവ്— (ചിന്താമഗ്നനായിട്ടു്) തോഴരേ! എന്നെ രക്ഷിയ്ക്കണേ.

വിദൂഷകൻ— അയ്യേ! ഇതെന്താണു്? താങ്കളെപ്പോലെയുള്ളവർക്കു് ഇതൊന്നും ചേർന്നതല്ല, സൽപുരുഷന്മാർക്കൊരിക്കലും ശോച്യാവസ്ഥ വന്നുകൂടാ. കൊടുങ്കാററിലും പർവ്വതങ്ങൾ കുലുങ്ങില്ലല്ലോ.

രാജാവ്— തോഴരേ! നിരാകരണസമയത്തു ദുഃഖിതയായ പ്രിയതമയ്ക്കുണ്ടായ ആ സ്ഥിതിയോർത്തു് എനിയ്ക്കു സഹിക്കാൻ സാധിക്കാത്ത വേദന തോന്നുന്നു.

സാ ഹി—

ഇതഃ പ്രത്യാദേശാൽ സ്വജനമനുഗന്തും വ്യവസിതാ
സ്ഥിതാ തിഷ്ഠേത്യുച്ചൈർവദതി ഗുരുശിഷ്യേ ഗുരുസമേ
പുനർദൃഷ്ടിം ബാഷ്പപ്രസരകലുഷാമർപ്പിതവതീ
മയി ക്രൂരേ യത്തൽ സവിഷമിവ ശല്യം ദഹതി മാം. 9

സാനുമതീ— അമ്മഹേ! ഈദിസീ സകജ്ജപരദാ. ഇമസ്സ സന്ദാവേണ അഹം രമാമി. [അഹോ! ഈദൃശീ സ്വകാര്യപരതാ. അസ്യ സന്താപേനാഹം രമേ]

വിദൂഷകഃ— ഭോ! അത്ഥി മേ തക്കോ, കേണ വി തത്തഹോദീ ആആസചാരിണാ ണീദേത്തി. [ഭോഃ! അസ്തി മേ തർക്കഃ. കേനാപി തത്രഭവതീ ആകാശചാരിണാ നീതേതി]

രാജാ— കഃ പതിദേവതാമന്യഃ പരാമർഷ്ടുമുത്സഹേത? മേനകാ കില സഖ്യാസ്തേ ജന്മപ്രതിഷ്ഠേതി ശ്രുതവാനസ്മി. തത്സഹചാരിണീഭിഃ സഖീ തേ ഹൃതേതി മേ ഹൃദയമാശങ്കതേ.

സാനുമതീ— സമ്മോഹോ ക്ഖു വിമ്ഹഅണീഓ, ണ പഡിബോഹോ. [സമ്മോഹഃ ഖലു വിസ്മയനീയോ, ന പ്രതിബോധഃ]

വിദൂഷകഃ— ജഇ ഏവ്വം, അത്ഥി ക്ഖു സമാഅമോ കാലേണ തത്തഹോദീഏ. [യദ്യേവം, അസ്തി ഖലു സമാഗമഃ കാലേന തത്ര ഭവത്യാഃ]

രാജാ— കഥമിവ?

വിദൂഷകഃ— ണ ക്ഖു മാദാപിദരാ ഭത്തുവിഓഅദുക്ഖിദം ദുഹിദരം ചിരം ദേക്ഖിദും പാരേന്തി. [ന ഖലു മാതാപിതരൌ ഭർത്തൃവിയോഗദുഃഖിതാം ദുഹിതരം ചിരം ദ്രഷ്ടും പാരയതഃ]

രാജാ— വയസ്യ!

സ്വപ്നോ നു, മായാ നു, മതിഭ്രമോ നു
ക്ലിഷ്ടം നു താവൽഫലമേവ പുണ്യം
അസന്നിവൃത്ത്യൈ തദതീതമേതേ
മനോരഥാനാമതടാഃ പ്രപാതാഃ. 10

വിദൂഷകഃ—മാ ഏവ്വം. ണം അംഗുലീഅഅം ഏവ്വ ണിദംസണം, അവസ്സംഭാവീ അചിന്തണിജ്ജോ സമാഅമോ ഹോദി ത്തി. [മൈവം. നന്വംഗുലീയകമേവ നിദർശനമവശ്യംഭാവ്യചിന്തനീയഃ സമാഗമോ ഭവതീതി]

രാജാ— (അംഗുലീയകം വിലോക്യ) അയേ! ഇദം താവദസുലഭസ്ഥാനഭ്രംശി ശോചനീയം.

തവ സുചരിതമംഗുലീയ നൂനം
പ്രതനു മമേവ വിഭാവ്യതേ ഫലേന
അരുണനഖമനോഹരാസു തസ്യാ—
ശ്ച്യുതമസി ലബ്ധപദം യദംഗുലീഷു. 11

അവൾ—

ഇവിടെ നിന്നു പറഞ്ഞയച്ചപ്പോൾ ബന്ധുജനങ്ങളുടെ പിന്നാലെ പുറപ്പെട്ടു, 'നില്ക്കുക' എന്നു ഗുരുതുല്യനായ ഗുരുശിഷ്യൻശാസിച്ചപ്പോൾ അവിടെ നിന്നു. പിന്നെ ക്രൂരനായ എന്നെ കണ്ണീരൊഴുകി കലങ്ങിയ കണ്ണുകൊണ്ടു് ഒന്നു നോക്കി. അതു വിഷം തേച്ച അമ്പുപോലെ എന്നെ നീററുന്നു. 9

സാനുമതി— അമ്പോ! ഇങ്ങിനെയാണു് സ്വാർത്ഥതാൽപര്യം. ഇദ്ദേഹത്തിന്റെ ദുഃഖം കണ്ടു ഞാൻ സന്തോഷിക്കുന്നു.

വിദൂഷകൻ— തോഴരേ! വല്ല ആകാശസഞ്ചാരിയും ശ്രീമതിയെക്കൊണ്ടുപോയിരിക്കുമെന്നു് എനിക്കു തോന്നുന്നു.

രാജാവു്— പതിവ്രതയായ അവളെ തൊടുവാൻ ആരാണു് മുതിരുക? മേനകയാണു് താങ്കളുടെ തോഴിയുടെ മാതാവെന്നു ഞാൻ കേട്ടിട്ടുണ്ടു്. അവളുടെ കൂട്ടുകാരികൾ താങ്കളുടെ തോഴിയെ കൊണ്ടുപോയിരിക്കുമെന്നാണു് ഞാൻ വിചാരിക്കുന്നതു്.

സാനുമതി— മറന്നുപോയതാണത്ഭുതം, ഓർമ്മ വന്നതല്ല.

വിദൂഷകൻ— അങ്ങിനെയാണെങ്കിൽ കാലക്രമത്തിൽ ശ്രീമതിയുടെ സമാഗമത്തിനു് ഇടയുണ്ടു്.

രാജാവു്— എങ്ങിനെ?

വിദൂഷകൻ— ഭർത്തൃവിയോഗത്താൽ ദുഃഖിച്ചിരിക്കുന്ന മകളെ കണ്ടുകൊണ്ടിരിപ്പാൻ അച്ഛനമ്മമാർക്കു് ഏറെക്കാലം സാദ്ധ്യമല്ലല്ലോ.

രാജാവു്— തോഴരേ!

സ്വപ്നമോ? മായയോ? ബുദ്ധിഭ്രമമോ? അത്രമാത്രം ഫലത്തോടുകൂടി എന്റെ പുണ്യം തീർന്നുപോയോ? അതു് ഇനി തിരിച്ചുവരാത്തവണ്ണം പോയ്ക്കഴിഞ്ഞു. ഇതെല്ലാം ആഗ്രഹങ്ങളുടെ കരകവിഞ്ഞ ഒഴുക്കുകളാണു്. 10

വിദൂഷകൻ— അങ്ങനെ കരുതേണ്ട. അവിചാരിതമായി തീർച്ചയായും സമാഗമമുണ്ടാവുമെന്നുള്ളതിലേക്കു് ഈ മോതിരംതന്നെ ഒരു ഉദാഹരണമാണല്ലോ.

രാജാവു്— (മോതിരം നോക്കിയിട്ടു്) കഷ്ടം! കിട്ടാൻ പ്രയാസമുള്ള സ്ഥാനം ലഭിച്ചിട്ടും ഇതു വീണുപോയതോർക്കുമ്പോൾ സങ്കടം തോന്നുന്നു.

മോതിരമേ! നിന്റെ പുണ്യം തീർച്ചയായും എന്റേതുപോലെ അത്യല്പമാണെന്നു ഫലംകൊണ്ടു് ഊഹിക്കേണ്ടിയിരിക്കുന്നു. എന്തുകൊണ്ടെന്നാൽ, തുടുത്ത നഖങ്ങളെകൊണ്ടഴകാർന്ന അവളുടെ വിരലുകളിൽ സ്ഥാനം ലഭിച്ചിട്ടും നീ വീണുപോയല്ലോ. 11

സാനുമതീ— ജഇ അണ്ണഹത്ഥഗദം ഭവേ, സച്ചം എവ്വ സോഅണിജ്ജം ഭവേ. [യദ്യന്യഹസ്തഗതം ഭവേൽ, സത്യമേവ ശോചനീയം ഭവേൽ]

വിദൂഷകഃ— ഭോ! ഇഅം ണാമമുദ്ദാ കേണ ഉഗ്ഘാദേണ തത്തഹോദീഏ ഹത്ഥാബ്ഭാസം പാവിദാ? [ഭോഃ! ഇയം നാമമുദ്രാ കേനോൽഘാതേന തത്രഭവത്യാ ഹസ്താഭ്യാശം പ്രാപിതാ?]

സാനുമതീ.— മമ വി കോദൂഹലേണ അആരിദോ ഏസോ. [മമാപി കൌതൂഹലേനാകാരിത ഏഷഃ]

രാജാ— ശ്രൂയതാം. സ്വനഗരായ പ്രസ്ഥിതം മാം പ്രിയാ സബാഷ്പമാഹ, 'കിയച്ചരേണാര്യ്യപുത്രഃ പ്രതിപത്തിം ദാസ്യതി?' ഇതി.

വിദൂഷകഃ— തദോ തദോ? [തതസ്തതഃ?]

രാജാ— പശ്ചാദിമാം മുദ്രാം തദംഗുലൌ നിവേശയതാ മയാ പ്രത്യഭിഹിതാ—

ഏകൈകമത്ര ദിവസേ ദിവസേ മദീയം
നാമാക്ഷരം ഗണയ, ഗച്ഛതി യാവദന്തം
താവൽ പ്രിയേ! മദവരോധഗൃഹപ്രവേശം
നേതാ ജനസ്ത്വവ സമീപമുപൈഷ്യതീതി. 12

തച്ച ദാരുണാത്മനാ മയാ മോഹന്നാനുഷ്ഠിതം.

സാനുമതീ— രമണീഓ ക്ഖു അവഹീ വിഹിണാ വിസംവാദിദോ. [രമണീയഃ ഖല്വവധിർവിധിനാ വിസംവാദിതഃ]

വിദൂഷകഃ— അധ കഹം ധീവലകപ്പിഅസ്സ ലോഹിഅമച്ഛസ്സ ഉദലബ്ഭന്തലേ ആസി? [അഥ കഥം ധീവരകല്പിതസ്യ രോഹിതമത്സ്യസ്യോദരാഭ്യന്തര ആസീൽ?]

രാജാ— ശചീതീർത്ഥം വന്ദമാനായാഃ കില സഖ്യാസ്തേ ഹസ്താൽ ഗംഗാസ്രോതസി പരിഭ്രഷ്ടം.

വിദൂഷകഃ— ജുജ്ജഇ. [യുജ്യതേ]

സാനുമതീ— അദോ എവ്വ തവസ്സിണീഏ സഉന്ദലാഏ അധമ്മഭീരുണോ ഇമസ്സ രാഏസിണോ പരിണഏ സന്ദേഹോ ആസി. അഹവാ ഈദിസോ അണുരാഓ അഭിണ്ണാണം അവേക്ഖദി? കഹം വിഅ ഏദം? [അത ഏവ തപസ്വിന്യാഃ ശകുന്തളായാ അധർമ്മഭീരോരസ്യ രാജർഷേഃ പരിണയേ സന്ദേഹ ആസിൽ. അഥവാ ഈദൃശോഽനുരാഗോഽഭിജ്ഞാനമപേക്ഷതേ? കഥമിവൈതൽ?]

സാനുമതി— മററാരുടെയെങ്കിലും കയ്യിലാണ് എത്തിയിരുന്നതെങ്കിൽ വാസ്തവത്തിൽ ശോചനീയമായേനേ.

വിദൂഷകൻ— തോഴരേ! ഈ നാമമുദ്രയുള്ള മോതിരം എന്തു് ആമുഖത്തോടു കൂടിയാണ് ശ്രീമതിയുടെ കയ്യിൽ പിടിപ്പിച്ചതു്?

സാനുമതി— എനിക്കുണ്ടായ കൌതുകം ഇയാൾക്കുമുണ്ടായി.

രാജാവ്— കേട്ടോളൂ. സ്വനഗരത്തിലേയ്ക്കു പുറപ്പെട്ട എന്നോടു പ്രിയതമ കരഞ്ഞുകൊണ്ടു ചോദിച്ചു, 'എത്രകാലംകൊണ്ടു് ആര്യപുത്രൻ എനിക്കു മാന്യത വരുത്തിത്തരും എന്നു്''.

വിദൂഷകൻ— എന്നിട്ടു് അപ്പോൾ?

രാജാവ്— അപ്പോൾ ഞാൻ ഈ മോതിരം അവളുടെ വിരലിൽ ഇട്ടുവച്ചുകൊണ്ടു് മറുപടിപറഞ്ഞു—

'ഇതിലുള്ള എന്റെ പേരിലെ അക്ഷരം ഒരോ ദിവസവും ഓരോന്നായി എണ്ണുക, അതവസാനിക്കുന്ന ദിവസം പ്രിയേ! നിന്നെ അന്തഃപുരത്തിലേയ്ക്കു കൊണ്ടുപോരാനുള്ള ആൾ നിന്റെ സമീപത്തെത്തും' എന്നു്. 12

അതു കഠിനഹൃദയനായ ഞാൻ മൂഢതയാൽ ചെയ്യുകയുണ്ടായില്ല.

സാനുമതി— സരസമായ ഓവധിയെയാണു് വിധി തെററിച്ചുകളഞ്ഞതു്.

വിദൂഷകൻ— എന്നിട്ടെങ്ങിനെയാണു് മുക്കുവൻ നുറുക്കിയ ചെമ്മീനിന്റെ വയററിൽപ്പെട്ടതു്?

രാജാവ്— താങ്കളുടെ തോഴി ശചീതീർത്ഥത്തെ വന്ദിക്കുമ്പോൾ കയ്യിൽ നിന്നു ഗംഗാപ്രവാഹത്തിൽ അതു വീണുപോയി.

വിദൂഷകൻ— [illegible] ശരി.

സാനുമതി— അതുകൊണ്ടു തന്നെയാണ പാവപ്പെട്ട ശകുന്തളയെ വിവാഹം ചെയ്ത കാര്യത്തിൽ അധർമ്മഭീരുവായ ഈ രാജർഷിക്ക സംശയം ജനിച്ചതു്. അഥവാ ഇത്തരം അനുരാഗത്തിന് അടയാളത്തിന്റെ ആവശ്യമുണ്ടോ? ഇതെങ്ങനെപററി?

രാജാ— ഉപാലപ്സ്യേ താവദിദമംഗുലീയകം.

വിദൂഷകഃ— (ആത്മഗതം) ഗഹീദോ ണേണ പന്ഥാ ഉമ്മത്തആണം. [ഗൃഹീതോഽനേന പന്ഥാ ഉന്മത്താനാം]

രാജാ—

കഥം ന തം ബന്ധുരകോമളാംഗുലിം
കരം വിഹായാസി നിമഗ്നമംഭസി?

അഥവാ—

അചേതനം നാമ ഗുണം ന ലക്ഷയേ—
ന്മയൈവ കസ്മാദവധീരിതാ പ്രിയാ? 13

വിദൂഷകഃ— (ആത്മഗതം) അഹം ക്ഖു ബുഭുക്ഖാഏ ഖാദയിദവ്വ ത്തി. [അഹം ഖലു ബുഭുക്ഷയാ ഖാദിതവ്യ ഇതി]

രാജാ— പ്രിയേ! അകാരണപരിത്യാഗാനുശയതപ്തഹൃദയസ്താവദനുകമ്പ്യതാമയം ജനഃ പുനർദർശനേന.

(പ്രവിശ്യാപടീക്ഷേപേണ ചിത്രഫലകഹസ്താ)

ചതുരികാ— ഇഅം ചിത്തഗആ ഭട്ടിണീ. (ഇതി ചിത്രഫലകം ദർശയതി) [ഇയം ചിത്രഗതാ ഭട്ടിനീ]

വിദൂഷകഃ— (ചിത്രഫലകമവലോക്യ) സാഹു വഅസ്സ! മഹുരാവത്ഥാണദംസണിജ്ജോ. ഭാവാണുപ്പവേസോ. ഖലദി വിഅ മേ ദിട്ഠീ ണിണ്ണുണ്ണഅപ്പദേസേസു. [സാധു വയസ്യ! മധുരാവസ്ഥാനദർശനീയോ ഭാവാനുപ്രവേശഃ. സ്ഖലതീവ മേ ദൃഷ്ടിർനിമ്നോന്നതപ്രദേശേഷു]

സാനുമതീ— അമ്മോ! എസാ രാഏസിണോ ണിഉണദാ. ജാണേ, സഹീ അഗ്ഗദോ മേ വട്ടദി ത്തി. [അഹോ! ഏഷാ രാജർഷേർനിപുണതാ. ജാനേ, സഖ്യഗ്രതോ മേ വർത്തത ഇതി]

രാജാ—

യദ്യൽ സാധു ന ചിത്രേ സ്യാൽ ക്രിയതേ തത്തദന്യഥാ
തഥാപി തസ്യാ ലാവണ്യം രേഖയാ കിഞ്ചിദന്വിതം. 14

സാനുമതീ— സരിസം ഏദം പച്ഛാദാവഗുരുണോ സിണേഹസ്സ അണവലേവസ്സ അ. [സദൃശമേതൽ പശ്ചാത്താപഗുരോഃ സ്നേഹസ്യാനവലേപസ്യ ച]

വിദൂഷകഃ— ഭോ! ദാണിം തിണ്ണി തത്തഹോദീഓ ദീസന്തി. സവ്വാഓ അ ദംസണീആഓ. കദമാ എത്ഥ തത്തഹോദീ സഉന്ദലാ? [ഭോഃ! ഇദാനീം തിസ്രസ്തത്രഭവത്യോ ദൃശ്യന്തേ. സർവ്വാശ്ച ദർശനീയാഃ. കതമാത്ര തത്രഭവതീ ശകുന്തളാ?]

രാജാവ്— ഞാനീമോതിരത്തെ പഴിയ്ക്കട്ടെ.

വിദൂഷകൻ— (വിചാരം) ഇദ്ദേഹം ഭ്രാന്തന്മാരുടെ വഴിക്കു പുറപ്പെട്ടുകഴിഞ്ഞു.

രാജാവ്—

ചന്തമുള്ളതും മാർദ്ദവമുള്ളതുമായ വിരലുകളോടുകൂടിയ ആ കയ്യിനെ
ഉപേക്ഷിച്ചു നീ എന്തിനു വെള്ളത്തിൽ പതിച്ചു?

അഥവാ—

ജഡവസ്തു ഗുണം നോക്കുകയില്ല. ഞാൻതന്നെ എന്തുകാരണത്താ
ലാണ് പ്രിയതമയെ ഉപേക്ഷിച്ചത്? 13

വിദൂഷകൻ— (വിചാരം) എന്നെ വിശപ്പു കടിച്ചുതിന്നുതുടങ്ങി.

രാജാവ്— പ്രിയേ! കാരണം കൂടാതെ തള്ളിക്കളഞ്ഞിട്ടു പശ്ചാത്താപത്താൽ ഹൃദയം വെന്തുനീറുന്ന എന്റെ പേരിൽ കനിഞ്ഞു വീണ്ടും കാണുവാൻ ഇടവരുത്തണേ.

(തിരശ്ശീലകൂടാതെ ചിത്രപ്പലകയുമായി പ്രവേശിച്ച്)

ചതുരിക— ഇതാ ചിത്രത്തിലെഴുതിയ തമ്പുരാട്ടി (ചിത്രപ്പലക കാണിക്കുന്നു)

വിദൂഷകൻ— (ചിത്രപ്പലക നോക്കിയിട്ട്) തോഴരേ! രസികനായിട്ടുണ്ട്. ചന്തത്തിലുള്ള നിലകൊണ്ട് ഭാവാവേശം കാണേണ്ടതുതന്നെ. പൊങ്ങിയും താണുമുള്ള ഭാഗങ്ങളിൽ എന്റെ കണ്ണ് ഇടറുന്നപോലെ തോന്നുന്നു.

സാനുമതി— അമ്പോ! രാജർഷി സമർത്ഥൻതന്നെ. എന്റെ സഖി മുമ്പിൽ വന്നു നില്ക്കുന്നതുപോലെ തോന്നുന്നു.

രാജാവ്—

ചിത്രത്തിൽ ശരിയാകാത്തതൊക്കെ മാററി മാററി വരയ്ക്കാവുന്നതാണ്,
എന്നിട്ടും അവളുടെ സൌന്ദര്യം വരകളെക്കൊണ്ടു കുറഞ്ഞൊന്ന്
അനുകരിക്കാനേ പററിയുള്ളു. 14

സാനുമതി— പശ്ചാത്താപംകൊണ്ടു കനം കൂടിയ സ്നേഹത്തിനും ഗർവ്വില്ലായ്മയ്ക്കും ഉചിതമായിട്ടുണ്ട് ഇപ്പറഞ്ഞത്.

വിദൂഷകൻ— തോഴരേ! ഇതിൽ മൂന്നു ശ്രീമതിമാരെ കാണുന്നുണ്ട്. എല്ലാവരും കണ്ടാൽ കൊള്ളാവുന്നവരുമാണ്. ഇതിൽ ഏതാണ് ശ്രീമതി ശകുന്തള?

സാനുമതീ— അണഭിണ്ണോ ക്ഖു ഈദിസസ്സ രൂവസ്സ മോഹദിട്ഠീ അഅം ജണോ. [അനഭിജ്ഞഃ ഖല്വീദൃശസ്യ രൂപസ്യ മോഘദൃഷ്ടിരയം ജനഃ]

രാജാ— ത്വം താവൽ കതമാം തർക്കയസി?

വിദൂഷകഃ— തക്കേമി, ജാ ഏസാ സിഢിലകേസബന്ധണവ്വന്തകുസുമേണ കേസന്തേണ ഉബ്ഭിണ്ണസ്സേഅബിന്ദുണാ വഅണേണ വിസേസദോ ഓസരിആഹിം ബാഹാഹിം അവസേഅസിണിദ്ധതരുണപല്ലവസ്സ ചൂഅപാഅവസ്സ പാസേ ഈസിപരിസ്സന്താ വിഅ ആലിഹിദാ, സാ സഉന്ദലാ. ഇദരാഓ സഹീഓ ത്തി. [തർക്കയാമി, യൈഷാ ശിഥിലകേശബന്ധനോദ്വാന്തകുസുമേന കേശാന്തേനോൽഭിന്നസ്വേദബിന്ദുനാ വദനേന വിശേഷതോഽപസൃതാഭ്യാം ബാഹുഭ്യാമവസേകസ്നിഗ്ധതരുണപല്ലവസ്യ ചൂതപാദപസ്യ പാർശ്വ ഈഷൽപരിശ്രാന്തേവാലിഖിതാ, സാ ശകുന്തളാ, ഇതരേ സഖ്യാവിതി]

രാജാ— നിപുണോ ഭവാൻ. അസ്ത്യത്ര മേ ഭാവചിഹ്നം. കുതഃ—

സ്വിന്നാംഗുലിവിനിവേശോ രേഖാപ്രാന്തേഷു ദൃശ്യതേ മലിനഃ
അശ്രു ച കപോലപതിതം ദൃശ്യമിദം വർത്തികോച്ഛ്വാസാൽ. 15

ചതുരികേ! അർദ്ധലിഖിതമേതദ്വിനോദസ്ഥാനം. ഗച്ഛ, വർത്തികാം താവദാനയ.

ചതുരികാ— അജ്ജ മാഢവ്വ! അവലംബ ചിത്തഫലഅം, ജാവ ആഅച്ഛാമി. [ആര്യ മാഢവ്യ! അവലംബസ്വ ചിത്രഫലകം, യാവദാഗച്ഛാമി]

രാജാ— അഹമേവൈതദവലംബേ. (ഇതി യഥോക്തം കരോതി)

(നിഷ്ക്രാന്താ ചതുരികാ)

രാജാ— (നിഃശ്വസ്യ) അഹം ഹി—

സാക്ഷാൽപ്രിയാമുപഗതാമപഹായ പൂർവ്വം
ചിത്രാർപ്പിതാം പുനരിമാം ബഹുമന്യമാനഃ
സ്രോതോവഹാം പഥി നികാമജലാമതീത്യ
ജാതഃ സഖേ! പ്രണയവാൻ മൃഗതൃഷ്ണികായാം. 16

വിദൂഷകഃ— (ആത്മഗതം) സച്ചം ഏദം. ഏസോ അത്തഭവം ണദിം അദിക്കമിഅ മിഅതിണ്ഹിആഅം സങ്കന്തോ. (പ്രകാശം) ഭോ അവരം കിം ഏത്ഥ ലിഹിദവ്വം? [സത്യമിദം. ഏഷോഽത്രഭവാൻ നദീമതിക്രമ്യ മൃഗതൃഷ്ണികാം സങ്ക്രാന്തഃ. ഭോഃ! അപരം കിമത്ര ലിഖിതവ്യം?]

സാനുമതി— ഇത്രമാത്രം സൌന്ദൎയ്യമുള്ള രൂപം കണ്ടു തിരിച്ചറിയാൻ വയ്യാത്ത ഇയ്യാൾക്കു കണ്ണുകൊണ്ടു പ്രയോജനമില്ല.

രാജാവു്— ഏതെന്നാണു് താങ്കൾക്കു തോന്നുന്നതു്?

വിദൂഷകൻ— എനിക്കു തോന്നുന്നതു്—കെട്ടഴിഞ്ഞു പൂവു കൊഴിഞ്ഞുവീഴാറായ തലമുടിയും, വിയർപ്പുതുള്ളികൾ പൊടിഞ്ഞ മുഖവും, നല്ലപോലെ ചുമൽ താഴ്ന്ന കൈകളുമായി നനകൊണ്ടു് ഇളംതളിരുകൾ നിറഞ്ഞ തേന്മാവിന്റെ അരികൽ തെല്ലൊന്നു ക്ഷീണിച്ച മട്ടിൽ എഴുതിയിരിക്കുന്നതു ശകുന്തളയും, മററവർ തോഴിമാരുമാണെന്നാണു്.

രാജാവു്— താങ്കൾ നിപുണനാണു്. ഇതിൽ എന്റെ വികാരത്തിന്റെ ചിഹ്നമുണ്ടു്. എന്തെന്നാൽ—

വരകൾക്കരികിലായി വിയർത്ത വിരൽ തട്ടി മുഷിഞ്ഞിട്ടുള്ളതു കാണാം. ഇതാ, ചായം പരന്നതുകൊണ്ടു കവിളിൽനിന്നു കണ്ണുനീർ വീണിട്ടുള്ളതും കാണാവുന്നതാണു്. 15

ചതുരികേ! പകുതി എഴുതിയ ഈ ചിത്രം എനിക്കു വിനോദത്തിനു പററിയതാണു്. പോയി തൂലിക കൊണ്ടുവരൂ.

ചതുരിക— ആര്യമാഢവ്യ! ചിത്രപ്പലക പിടിക്കൂ, ഞാൻ ഇപ്പോൾ വന്നേക്കാം.

രാജാവു്— ഞാൻതന്നെ പിടിക്കാം. (പറഞ്ഞപോലെ ചെയ്യുന്നു)

(ചതുരിക പോയി)

രാജാവു്— (നെടുവീർപ്പിട്ടു്) ഞാൻ—

മുമ്പു നേരിൽവന്ന പ്രിയതമയെ കൈവെടിഞ്ഞു് ഇപ്പോൾ ചിത്രത്തിലെഴുതിയ ഇവളെ ബഹുമാനിക്കുന്നു. തോഴരേ! ധാരാളം വെള്ളമുള്ള പുഴ കടന്നുവന്നു കാനൽവെള്ളത്തിനുവേണ്ടി കൊതിക്കുകയാണു് ഞാൻ. 16

വിദൂഷകൻ— (വിചാരം) ഇതു ശരിയാണു്. ഇദ്ദേഹം ഇപ്പോൾ പുഴ കടന്നുവന്നു കാനൽവെള്ളം തേടുകയാണു്. (വെളിവായി) തോഴരേ! ഇനിയെന്താണിതിൽ എഴുതാനുള്ളതു്?

സാനുമതീ— അസംസഅം, ജോ ജോ പദേസോ സഹീഏ മേ അണുരൂവോ തം ആലിഹിദുകാമോ ഭവേ. [അസംശയം, യോ യഃ പ്രദേശഃ സഖ്യാ മേ അഭിരൂപസ്തം തമാലിഖിതുകാമോ ഭവേൽ]

രാജാ— ശ്രൂയതാം—

കാര്യ്യാ സൈകതലീനഹംസമിഥുനാ സ്രോതോവഹാ മാലിനീ
പാദാസ്താമഭിതോ നിഷണ്ണഹരിണാ ഗൗരീഗുരോഃ പാവനാഃ
ശാഖാലംബിതവല്ക്കലസ്യ ച തരോർനിർമാതുമിച്ഛാമ്യധഃ
ശൃംഗേ കൃഷ്ണമൃഗസ്യ വാമനയനം കണ്ഡൂയമാനാം മൃഗീം. 17

വിദൂഷകഃ— (ആത്മഗതം) ജഹ അഹം ദേക്ഖാമി, പൂരയിദവ്വം ണേണ ചിത്തഫലഅം, ലംബകുച്ചാണം താവസാണം കദംബേഹിം. [യഥാഽഹം പശ്യാമി, പൂരയിതവ്യമനേന ചിത്രഫലകം, ലംബകൂർച്ചാനാം താപസാനാം കദംബൈഃ]

രാജാ— വയസ്യ! അന്യച്ച. ശകുന്തളായാഃ പ്രസാധനമഭിപ്രേതമത്ര വിസ്മൃതമസ്മാഭിഃ.

വിദൂഷകഃ— കിംവിഅ? [കിമിവ?]

സാനുമതീ— വണവാസസ്സ സോഉമാരസ്സ അ ജം സരിസം ഭവിസ്സദി. [വനവാസസ്യ സൌകുമാര്യ്യസ്യ ച യൽസദൃശം ഭവിഷ്യതി]

രാജാ—

കൃതം ന കർണ്ണാർപ്പിതബന്ധനം സഖേ!
ശിരീഷമാഗണ്ഡവിലംബികേസരം
ന വാ ശരച്ചന്ദ്രമരീചികോമളം
മൃണാളസൂത്രം രചിതം സ്തനാന്തരേ. 18

വിദൂഷകഃ— ഭോ! കിം ണു തത്തഹോദീ രത്തപല്ലവസോഹിണാ അഗ്ഗഹത്ഥേണ മുഹം ഓവാരിഅ ചഇദചഇദാ വിഅ ട്ഠിആ? (സാവധാനം നിരൂപ്യ) ആ ഏസോ ദാസീഏ പുത്തോ കുസുമരസപാഡച്ചരോ തത്തഹോദീഏ വഅണം അഹിലംഘേദി മഹുഅരോ. [ഭോഃ! കിം നു തത്രഭവതീ രക്തപല്ലവശോഭിനാഽഗ്രഹസ്തേന മുഖമപവാര്യ്യ ചകിതചകിതേവ സ്ഥിതാ? ആഃ ഏഷ ദാസ്യാഃ പുത്രഃ കുസുമരസപാടച്ചരസ്തത്രഭവത്യാ വദനമഭിലംഘയതി മധുകരഃ]

രാജാ— നനു വാര്യ്യതാമേഷ ധൃഷ്ടഃ.

വിദൂഷകഃ— ഭവം എവ്വ അവിണീദാണം സാസിദാ ഇമസ്സ വാരണേ പഹവിസ്സദി. [ഭവാനേവാവിനീതാനാം ശാസിതാഽസ്യ വാരണേ പ്രഭവിഷ്യതി]

സാനുമതി— തീർച്ചയായും. എന്റെ പ്രിയസഖിക്കു് അനുരൂപമായ പ്രദേശമേതെല്ലാമോ അതൊക്കെയാവാം എഴുതാനുദ്ദേശിക്കുന്നതു്.

രാജാവു്— കേട്ടോളൂ—

ഇണയരയന്നങ്ങൾ അമർന്നിരിക്കുന്ന മാലിനീനദിയുടെ മണൽത്തിട്ടു് എഴുതണം, അതിനടുത്തായി മാനുകൾ കിടക്കുന്ന ഹിമവാന്റെ പാവനങ്ങളായ അടിവാരങ്ങളെഴുതണം, കൊമ്പുകളിൽ മരവുരി തൂക്കിയിട്ടിട്ടുള്ള ഒരു വൃക്ഷത്തിന്റെ താഴെ ആൺമാനിന്റെ കൊമ്പിന്മേൽ ഇടത്തേക്കണ്ണു വെച്ചുരസുന്ന ഒരു പെൺമാനിനേയും എഴുതിച്ചേർക്കണമെന്നാഗ്രഹമുണ്ടു്. 17

വിദൂഷകൻ— (വിചാരം) എന്റെ അഭിപ്രയത്തിൽ ഇദ്ദേഹം നീണ്ടതാടിയുള്ള മഹർഷിമാരുടെ കൂട്ടങ്ങളെക്കൊണ്ടാണു് ചിത്രപടം നിറക്കേണ്ടതു്.

രാജാവു്— തോഴരേ! മററൊന്നുകൂടി. ശകുന്തളയ്ക്കു് ഉദ്ദേശിച്ചിരുന്ന ഒരലങ്കാരം ഞാനിതിൽ എഴുതാൻ മറന്നുപോയി.

വിദൂഷകൻ— അതെന്താണു്?

സാനുമതി— വനവാസത്തിനും സൌകുമാര്യത്തിനും പററിയ ഒന്നായിരിക്കും.

രാജാവു്— തോഴരേ! ചെവിയിൽ ഞെട്ടിവെച്ചു കവിൾത്തടംവരെ കേസരം ഞാന്നുകിടക്കുന്ന നെന്മേനിവാകപ്പൂവെഴുതിയില്ല, സ്തനമദ്ധ്യത്തിൽ ശരൽക്കാലചന്ദ്രരശ്മിയെപ്പോലെ മൃദുലമായ താമരനൂലും എഴുതിയിട്ടില്ല. 18

വിദൂഷകൻ— തോഴരേ! എന്താണു് ശ്രീമതി ചെന്തളിർപോലെയുള്ള കൈകൊണ്ടു മുഖംപൊത്തി പേടിച്ചഭാവത്തിൽ നില്ക്കുന്നതു്? (സൂക്ഷിച്ചുനോക്കിയിട്ടു്) ഇതാ, പൂന്തേൻ കൊള്ളയടിക്കുന്ന അസത്തു വണ്ടു ശ്രീമതിയുടെ മുഖത്തേയ്ക്കു പറന്നടുക്കുന്നു.

രാജാവു്— ആ ധൃഷ്ടനെ തടുത്തുനിർത്തു.

വിദൂഷകൻ— അവിനയം പ്രവർത്തിക്കുന്നവരെ ശാസിക്കുന്ന താങ്കൾക്കേ ഇവനെ തടുത്തുനിർത്താൻ സാധിക്കൂ.

രാജാ— യുജ്യതേ അയി ഭോഃ! കുസുമലതാപ്രിയാതിഥേ? കിമത്ര പരിപതനഖേദമനുഭവസി?

ഏഷാ കുസുമനിഷണ്ണാ തൃഷിതാപി സതീ ഭവന്തമനുരക്താ
പ്രതിപാലയതി മധുകരീ ന ഖലു മധു വിനാ ത്വയാ പിബതി. 19

സാനുമതീ— അജ്ജ വി അഭിആദം ഏസോ വാരിദോ. [അദ്യാപ്യഭിജാതം ഏഷ വാരിതഃ]

വിദൂഷകഃ— പഡിസിദ്ധാ വി വാമാ ഏസാ ജാദി. [പ്രതിഷിദ്ധാപി വാമൈഷാ ജാതിഃ]

രാജാ— ഏവം ഭോഃ! ന മേ ശാസനേ തിഷ്ഠസി? ശ്രൂയതാം തർഹി സമ്പ്രതി—

അക്ലിഷ്ടബാലതരുപല്ലവലോഭനീയം
പീതം മയാ സദയമേവ രതോത്സവേഷു
ബിംബാധരം സ്പൃശസി ചേൽ ഭ്രമര! പ്രിയായാ—
സ്ത്വാം കാരയാമി കമലോദരബന്ധനസ്ഥം. 20

വിദൂഷകഃ— എവ്വം തിക്ഖണദണ്ഡസ്സ കിം ണ ഭാഇസ്സദി? (പ്രഹസ്യ ആത്മഗതം) ഏസോ ദാവ ഉമ്മത്തോ. അഹം പി ഏദസ്സ സംഗേണ ഈദിസവണ്ണോ വിഅ സംവുത്തോ. (പ്രകാശം) ഭോ! ചിത്തം ക്ഖു ഏദം. [ഏവം തീക്ഷ്ണദണ്ഡാൽ കിം ന ഭേഷ്യതി? ഏഷ താവദുന്മത്തഃ. അഹമപ്യേതസ്യ സംഗേനേദൃശവണ്ണ ഇവ സംവൃത്തഃ. ഭോഃ! ചിത്രം ഖല്വേതൽ]

രാജാ— കഥം ചിത്രം?

സാനുമതീ— അഹം പി ദാണിം അവഗദത്ഥാ. കിം ഉണ ജഹാലിഹിദാണുഭാവീ ഏസോ? [അഹമപീദാനീമവഗതാത്ഥാ. കിം പുനയ്ഥാലിഖിതാനുഭാവ്യേഷഃ?]

രാജാ— വയസ്യ! കിമിദമനുഷ്ഠിതം പൌരോഭാഗ്യം?

ദർശനസുഖമനുഭവതഃ സാക്ഷാദിവ തന്മയേന ഹൃദയേന
സ്മൃതികാരിണാ ത്വയാ മേ പുനരപി ചിത്രീകൃതാ കാന്താ. 21

(ഇതി ബാഷ്പം വിസൃജതി)

സാനുമതീ— പുവ്വാവരവിരോഹീ അപുവ്വോ ഏസോ വിരഹമഗ്ഗോ. [പൂവ്വാപരവിരോധ്യപൂവ്വ ഏഷ വിരഹമാഗ്ഗഃ]

രാജാ— വയസ്യ! കഥമേവമവിശ്രാന്തദുഃഖമനുഭവാമി.

പ്രജാഗരാൽ ഖിലീഭൂതസ്തസ്യാഃ സ്വപ്നേ സമാഗമഃ
ബാഷ്പസ്തു ന ദദാത്യേനാം ദ്രഷ്ടും ചിത്രഗതാമപി. 22

രാജാവ്— യുക്തംതന്നെ. എടോ പൂവള്ളിയുടെ പ്രിയപ്പെട്ട വിരുന്നുകാര! നീ ഇവിടെ പറന്നു വീണു ശ്രമപ്പെടുന്നതെന്തിനാണ്?

ഇതാ, പൂവിലിരുന്നു നിന്റെ അനുരക്തയായ ഈ പെൺവണ്ടു ദാഹ
മുണ്ടായിട്ടും അങ്ങയെ കാത്തിരിയ്ക്കുന്നു. അങ്ങില്ലാത്തതുകൊണ്ട് അ
വൾ തേൻ കുടിക്കുന്നില്ല. 19

സാനുമതി— ഇപ്പോഴും കുലീനതയോടുകൂടിയാണ് അതിനെ വിലക്കിയതു്.

വിദൂഷകൻ— തടുത്താലും കൂട്ടാക്കാത്തതാണീ വർഗ്ഗം.

രാജാവ്— ഓഹോ! ഇത്രയ്ക്കായോ! എന്റെ കല്പനയ്ക്കു വഴങ്ങില്ലെന്നോ? എന്നാൽ ഇപ്പോൾ കേട്ടുകൊള്ളുക.

വാടാത്ത തൈമരത്തളിരിനു തുല്യമായ, കാമലീലോത്സവങ്ങളിൽ
ഞാൻ കനിവോടുകൂടി നുകർന്ന പ്രിയതമയുടെ ബിംബാധരത്തെ നീ
സ്പർശിച്ചുപോയാൽ, വണ്ടത്താനേ! നിന്നെ ഞാൻ താമരപ്പൂവിനു
ള്ളിൽ ബന്ധനത്തിലാക്കും. 20

വിദൂഷകൻ— ഇങ്ങനെ കഠിനമായി ശിക്ഷിച്ചാൽ ഇവൻ പേടിയ്ക്കാതിരിക്കുമോ! (ചിരിച്ചിട്ടു വിചാരം) ഇദ്ദേഹമോ ഭ്രാന്തനായി, ഇദ്ദേഹവുമായിടപെട്ട ഞാനും ഏതാണ്ടാവിധത്തിലായിരിയ്ക്കുന്നു. (വെളിവായി) തോഴരേ! ഇതു ചിത്രമാണ്.

രാജാവ്— എന്തു്, ചിത്രമോ?

സാനുമതി— ഞാനുംകൂടി ഇപ്പോഴാണ് ചിത്രമാണെന്നുള്ള കാര്യമോർത്തതു്. പിന്നെയാണോ എഴുതിയതുപോലെ അനുഭവിച്ചുകൊണ്ടിരിക്കുന്ന ഇദ്ദേഹത്തിനു്?

രാജാവ്— തോഴരേ! എന്തിനാണീ ആവശ്യമില്ലാത്തതു ചെയ്തതു്?

നേരിട്ടു കണ്ടാലത്തെപ്പോലെ തന്മയീഭവിച്ച ഹൃദയവുമായി സുഖമ
നുഭവിച്ചുകൊണ്ടിരുന്ന എനിക്കു് ഓർമ്മയുണ്ടാക്കിയ താങ്കൾ പ്രിയതമ
യെ വീണ്ടും ചിത്രമാക്കിക്കളഞ്ഞു. 21

(കണ്ണുനീർ തൂകുന്നു)

സാനുമതി— ഈ വിരഹത്തിന്റെ രീതി പൂർവാപരവിരോധംകൊണ്ട് അപൂർവ്വമായിരിയ്ക്കുന്നു.

രാജാവ്— തോഴരേ! എങ്ങനെ ഞാൻ ഇപ്രകാരം ഇളവില്ലാത്ത ദുഃഖമനുഭവിക്കേണ്ടൂ?

ഉറക്കമില്ലായ്കയാൽ അവളുടെ സ്വപ്നസമാഗമം ഇല്ലാതായി.
പടത്തിലെഴുതിയ ഇവളെ കാണുവാൻ കണ്ണുനീർ സമ്മതിയ്ക്കുന്നുമില്ല. 22

സാനുമതീ— സവ്വഹാ പമജ്ജിദം തുഏ പച്ചാദേസദുക്ഖം സഉന്ദലാഏ. [സർവ്വഥാ പ്രമാർജ്ജിതം ത്വയാ പ്രത്യാദേശദുഃഖം ശകുന്തളായാഃ]

(പ്രവിശ്യ)

ചതുരികാ— ജേദു ജേദു ഭട്ടാ. വട്ടിആകരണ്ഡഅം ഗേഹ്ണിഅ ഇദോമുഹം പത്ഥിദമ്ഹി. [ജയതു ജയതു ഭർത്താ. വർത്തികാകരണ്ഡകം ഗൃഹീത്വേതോമുഖം പ്രസ്ഥിതാസ്മി]

രാജാ— കിം ച?

ചതുരികാ— സോ മേ ഹത്ഥാദോ അന്തരാ പിംഗളിആദുദീആഏ ദേവീഏ വസുമദിഏ, 'അഹം എവ്വ അജ്ജഉത്തസ്സ ഉവണഇസ്സം' ത്തി സബലക്കാരം ഗഹീദോ. [സ മേ ഹസ്താദന്തരാ പിംഗളികാദ്വിതീയയാ ദേവ്യാ വസുമത്യാ 'അഹമേവാർയ്യപുത്രസ്യോപനേഷ്യാമി' ഇതി സബലാൽക്കാരം ഗൃഹീതഃ]

വിദൂഷകഃ— ദിട്ഠിആ തുമം മുക്കാ. [ദിഷ്ട്യാ ത്വം മുക്താ]

ചതുരികാ— ജാവ ദേവീഏ വിഡവലഗ്ഗം ഉത്തരീഅം പിംഗളിആ മോചേദി താവ മഏ ണിവ്വാഹിദോ അത്താ. [യാവദ്ദേവ്യാ വിടപലഗ്നമുത്തരീയം പിംഗളികാ മോചയതി, താവന്മയാ നിർവാഹിത ആത്മാ]

രാജാ— വയസ്യ! ഉപസ്ഥിതാ ദേവീ, ബഹുമാനഗർവ്വിതാ ച. ഭവാനിമാം പ്രതികൃതിം രക്ഷതു.

വിദൂഷകഃ— അത്താണം ത്തി ഭണാഹി. (ചിത്രഫലകമാദായോത്ഥായ ച) ജഇ ഭവം അന്തേഉരകലഹാദോ മുഞ്ചീഅദി, തദോ മം മേഹപ്പഡിച്ഛന്ദേ പാസാദേ സദ്ദാവേഹി. (ഇതി ദ്രുതപദം നിഷ്ക്രാന്തഃ) [ആത്മാനമിതി ഭണ. യദി ഭവാനന്തഃപുരകലഹാന്മോക്ഷ്യതേ, തദാ മാം മേഘപ്രതിച്ഛന്ദേ പ്രാസാദേ ശബ്ദാപയ]

സാനുമതീ— അണ്ണസങ്കന്തഹിഅഓ വി പഢമസംഭാവണം അവേക്ഖദി, അസിഢിലസോഹദോ ദാണിം ഏസോ. [അന്യസംക്രാന്തഹൃദയോഽപി പ്രഥമസംഭാവനാമപേക്ഷതേ, അശിഥിലസൌഹൃദ ഇദാനീമേഷഃ]

(പ്രവിശ്യ പത്രഹസ്താ)

പ്രതീഹാരീ— ജേദു ജേദു ദേവോ. [ജയതു ജയതു ദേവഃ]

രാജാ— വേത്രവതി! ന ഖല്വന്തരാ ദൃഷ്ടാ ത്വയാ ദേവീ?

പ്രതീഹാരീ— അഹ ഇം. പത്തഹത്ഥം മം ദേക്ഖിഅ പഡിണിഉത്താ. [അഥ കിം. പത്രഹസ്താം മാം ദൃഷ്ട്വാ പ്രതിനിവൃത്താ]

സാനുമതി— എല്ലാവിധത്തിലും, അങ്ങു ശകുന്തളയ്ക്കുള്ള പരിത്യാഗദുഃഖത്തെ നിശ്ശേഷം മാച്ചുകളഞ്ഞു.

(പ്രവേശിച്ചു്)

ചതുരിക— തമ്പുരാൻ ജയിച്ചാലും. അടിയൻ തൂലികയും ചായച്ചെപ്പുമെടുത്തുകൊണ്ടു് ഇങ്ങോട്ടുവരികയായിരുന്നു.

രാജാവു്— അപ്പോൾ?

ചതുരിക— വഴിയൽവെച്ചു പിംഗളികയോടുംകൂടി വന്ന വസുമതിത്തമ്പുരാട്ടി ‘ഞാൻതന്നെ ആര്യപുത്രന്റെ കയ്യിൽ കൊടുത്തുകൊള്ളാം’ എന്നു പറഞ്ഞു പെട്ടി എന്റെ കയ്യിൽനിന്നു തട്ടിപ്പറിച്ചു.

വിദൂഷകൻ— ഭാഗ്യം! നിന്നെ വിട്ടൂലോ!

ചതുരിക— തമ്പുരാട്ടിയുടെ മേൽപ്പുടവ ചെടിയിൽ കൊണ്ടുടക്കിയതു പിംഗളിക വിടുവിക്കുന്ന തരംനോക്കി ഞാൻ സ്ഥലംവിട്ടു.

രാജാവു്— തോഴരേ! ദേവി അടുത്തെത്തിക്കഴിഞ്ഞു. വല്ലാതെ കോപിച്ചു ഗർവ്വോടുകൂടിയാണു് വരുന്നതും. താങ്കൾ ഈ ചിത്രപടം രക്ഷിക്കു.

വിദൂഷകൻ— ‘എന്നെ’ എന്നു പറയൂ. (ചിത്രപ്പലകയെടുത്തെഴുന്നേററു്) അന്തഃപുരകലഹത്തിൽനിന്നു് അങ്ങേയ്ക്കു മോചനംകിട്ടിയാൽ എന്നെ വിളിച്ചുകൊള്ളു; ഞാൻ മേഘപ്രതിച്ഛന്ദമാളികയിലുണ്ടാകും. (എന്നു പറഞ്ഞു കുതിച്ചുപോകുന്നു)

സാനുമതി— മറെറാരാളിൽ ഹൃദയം പതിഞ്ഞിരുന്നിട്ടും ആദ്യത്തേവളെ ബഹുമാനിക്കുന്ന ഇദ്ദേഹത്തിന്റെ സ്നേഹം സ്ഥിരതയുള്ളതുതന്നെ.

(കയ്യിലെഴുത്തുമായി പ്രവേശിച്ചു്)

ദ്വാരപാലിക— തമ്പുരാൻ ജയിച്ചാലും ജയിച്ചാലും.

രാജാവു്— വേത്രവതി! നീ വരുന്നവഴിയ്ക്കു ദേവിയെ കണ്ടില്ലല്ലോ?

ദ്വാരപാലിക— ഉവ്വു്. ഞാൻ കയ്യിൽ എഴുത്തുമായി വരുന്നതുകണ്ടപ്പോൾ മടങ്ങിയെഴുന്നള്ളി.

രാജാ— കാര്യ്യജ്ഞാ കാര്യോപരോധം മേ പരിഹരതി.

പ്രതീഹാരീ— ദേവ! അമച്ചോ വിണ്ണവേദി—'അത്ഥജാദസ്സ ഗണനാബഹുലദാഏ ഏക്കം എവ്വ പോരകജ്ജം പച്ചവേക്ഖിദം, തം ദേവോ പത്താരൂഢം പച്ചക്ഖീകരേദു'ത്തി. [ദേവ! അമാത്യോ വിജ്ഞാപയതി—'അർത്ഥജാതസ്യ ഗണനാബഹുലതയൈകമേവം പൌരകാര്യപ്രത്യവേക്ഷിതം, തദ്ദേവഃ പത്രാരൂഢം പ്രത്യക്ഷീകരോതു' ഇതി]

രാജാ— ഇതഃ പത്രികാം ദർശയ. (പ്രതിഹാര്യ്യുപനയതി)

രാജാ— (അനുവാച്യ) കഥം, സമുദ്രവ്യവഹാരീ സാർത്ഥവാഹോ ധനമിത്രോ നാമ നൌവ്യസനേ വിപന്നഃ? അനപത്യശ്ച കില തപസ്വീ. രാജഗാമീ തസ്യാർത്ഥസഞ്ചയ ഇത്യേതദമാത്യേന ലിഖിതം. (സവിഷാദം) കഷ്ടം ഖല്വനപത്യതാ. വേത്രവതി! ബഹുധനത്വാൽ ബഹുപത്നീകേന തത്രഭവതാ ഭവിതവ്യം. വിചീയതാം, യദി കാചിദാപന്നസത്ത്വാ തസ്യ ഭാര്യ്യാസു സ്യാൽ.

പ്രതീഹാരീ— ദേവ! ദാണിം എവ്വ സാകേദഅസ്സ സേട്ഠിണോ ദുഹിആ ണിവ്വുത്തപുംസവണാ ജാആ ത്തി സുണീഅദി. [ദേവ! ഇദാനീമേവ സാകേതകസ്യ ശ്രേഷ്ഠിനോ ദുഹിത നിർവൃത്തപുംസവനാ ജാതേതി ശ്രൂയതേ]

രാജാ— നനു ഗർഭഃ പിത്ര്യം രിക്ഥമർഹതി. ഗച്ഛ. ഏവമമാത്യം ബ്രൂഹി.

പ്രതീഹാരീ— ജം ദേവോ ആണവേദി. (ഇതി പ്രസ്ഥിതാ) [യദ്ദേവ ആജ്ഞാപയതി]

രാജാ— ഏഹി താവൽ.

പ്രതീഹാരീ— ഇഅമ്ഹി. [ഇയമസ്മി]

രാജാ— കിമനേന, സന്തതിരസ്തി നാസ്തീതി?

യേന യേന വിയുജ്യന്തേ പ്രജാഃ സ്നിഗ്ദ്ധേന ബന്ധുനാ
സ സ പാപാദൃതേ താസാം ദുഷ്യന്ത ഇതി ഘുഷ്യതാം. 23

പ്രതീഹാരീ— എവ്വം ണാമ ഘോസിദവ്വം. (നിഷ്ക്രമ്യ പുനഃ പ്രവിശ്യ) കാലേ പവുട്ഠം വിഅ അഹിണന്ദിദം ദേവസ്സ സാസണം. [ഏവം നാമ ഘോഷയിതവ്യം കാലേ പ്രവൃഷ്ടമിവാഭിനന്ദിതം ദേവസ്യ ശാസനം.

രാജാ— (ദീർഘം നിഃശ്വസ്യ) ഏവം ഭോഃ സന്തതിച്ഛേദനിരവലംബാനാം കുലാനാം മൂലപുരുഷാവസാനേ സമ്പദഃ പരമുപതിഷ്ഠന്തി. മമാപ്യന്തേ പുരുവംശശ്രീയ ഏഷ ഏവ വൃത്താന്തഃ.

രാജാവ്— ദേവി, നല്ല കാര്യവിവരമുള്ള ആളാണ്, എന്റെ കാര്യത്തിനു വിഘ്നമുണ്ടാക്കാതെ കഴിയ്ക്കുന്നു.

ദ്വാരപാലിക— തമ്പുരാനേ! മന്ത്രി അറിയിക്കുന്നു—'പല ഇനങ്ങളിലുള്ള മുതലെടുപ്പുകണക്കുകൾ തിട്ടപ്പെടുത്താനുണ്ടായിരുന്നതുകൊണ്ട് ഇന്നു പൌരകാര്യങ്ങളിൽ ഒന്നുമാത്രമേ പരിശോധിക്കാൻ സാധിച്ചിട്ടുള്ളു. അതു് എഴുതിയറിയിക്കുന്നതു തൃക്കൺപാർത്താലും' എന്ന്.

രാജാവ്— എഴുത്തു് ഇങ്ങോട്ടു കാണിക്കൂ! (ദ്വാരപാലിക കൊടുക്കുന്നു)

രാജാവ്— (വായിച്ചിട്ട്) എന്തു്, സമുദ്രവ്യാപാരികളുടെ തലവനായ ധനമിത്രൻ കപ്പൽമുങ്ങി മരിച്ചുപോയി? അയാൾക്കു മക്കളുമില്ലത്രേ. അയാളുടെ സ്വത്തെല്ലാം പണ്ടാരവകയിൽ ചേർക്കാം എന്നെഴുതിയിരിക്കുന്നു അമാത്യൻ. (വിഷാദത്തോടുകൂടി) സന്തതിയില്ലാത്ത അവസ്ഥ കഷ്ടംതന്നെ. വേത്രവതി! ധനവാൻ ആയിരുന്നതിനാൽ അയാൾക്കനേകം പത്നിമാരുണ്ടായിരിക്കണം. അവരിൽ ആർക്കെങ്കിലും ഗർഭമുണ്ടോ എന്നന്വേഷിക്കട്ടെ.

ദ്വാരപാലിക— തമ്പുരാനേ! ഈയിടെ അയോദ്ധ്യയിലെസ്സേട്ടുവിന്റെ മകൾക്കു പുംസവനം നടന്നതായി കേൾവിയുണ്ട്.

രാജാവ്— എന്നാൽ ഗർഭത്തിലിരിക്കുന്ന കുട്ടി അച്ഛന്റെ സ്വത്തിനവകാശിയാണല്ലോ. ഈ വിവരം മന്ത്രിയോടു പറയൂ.

ദ്വാരപാലിക— തമ്പുരാന്റെ കല്പനപോലെ. (പുറപ്പെടുന്നു)

രാജാവ്— ഇവിടെ വരൂ.

ദ്വാരപാലിക— അടിയനിതാ.

രാജാവ്— സന്തതിയുണ്ടോ ഇല്ലയോ എന്നെന്തിന്?

പ്രജകൾ ഏതേതു് ഉററബന്ധുവിനോടു പിരിയുന്നുവോ, അതാതാൾ പാപത്തിനൊഴികെ ദുഷ്യന്തനാണെന്നു വിളംബരംചെയ്യുക. 23

ദ്വാരപാലിക— അങ്ങിനെതന്നെയാണ് വിളംബരം ചെയ്യേണ്ടതു്. (പോയി വീണ്ടും വന്നിട്ട്) കാലത്തിനു പെയ്യു മഴയെ എന്നപോലെ തമ്പുരാന്റെ കല്പനയെ അഭിനന്ദിച്ചു.

രാജാവ്— (നെടുവീർപ്പിട്ട്) ഹാ! ഇങ്ങനെയാണല്ലോ, സന്തതിയററ് അവകാശിയില്ലാതായ തറവാടുകളിലെ സമ്പത്തുകൾ അന്യനിൽ ചെന്നു ചേരുന്നതു്. എന്റെയവസാനത്തിൽ പുരുവംശ്രീയുടെ ഗതിയും ഇതുതന്നെ.

പ്രതീഹാരീ— പഡിഹദം അമംഗലം. [പ്രതിഹതമമംഗലം]

രാജാ— ധിങ്മാമുപസ്ഥിതശ്രേയോഽവമാനിനം.

സാനുമതീ— അസംസഅം സഹിം എവ്വഹിഅഏ കരിഅ ണിന്ദിദോ ണേണ അത്താ [അസംശയം സഖീമേവ ഹൃദയേ കൃത്വാ നിന്ദിതോഽനേനാത്മാ]

രാജാ—

സംരോപിതേഽപ്യാത്മനി ധൎമ്മപത്നീ
ത്യക്താ മയാ നാമ കുലപ്രതിഷ്ഠാ
കല്പിഷ്യമാണാ മഹതേ ഫലായ
വസുന്ധരാ കാല ഇവോപ്തബീജാ. 24

സാനുമതീ— അപരിച്ഛിണ്ണാ ദാണിം ദേ സന്ദദീ ഭവിസ്സദി. [അപരിച്ഛിന്നേദാനീം തേ സന്തതിൎഭവിഷ്യതി]

ചതുരികാ— (ജനാന്തികം) അഏ! ഇമിണാ സത്ഥവാഹവുത്തന്തേണ ദിഉണുവ്വേഓ ഭട്ടാ. ണം അസ്സാസിദും മേഹപ്പഡിച്ഛന്ദാദോ അജ്ജമാഢവ്വം ഗേഹ്ണിഅ ആഅച്ഛേഹി. [അയേ! അനേന സാൎത്ഥവാഹവൃത്താന്തേന ദ്വിഗുണോദ്വേഗോ ഭൎത്താ. ഏനമാശ്വാസയിതും മേഘപ്രതിച്ഛന്ദാദാൎയ്യമാഢവ്യം ഗൃഹീത്വാഗച്ഛ]

പ്രതീഹാരീ— സുട്ഠു ഭണാസി. (ഇതി നിഷ്ക്രാന്താ) [സുഷ്ഠു ഭണസി]

രാജാ— അഹോ! ദുഷ്യന്തസ്യ സംശയമാരൂഢാഃ പിണ്ഡഭാജഃ. കുതഃ—

അസ്മാൽ പരം ബത യഥാശ്രുതി സംഭൃതാനി
കോ നഃ കുലേ നിവപനാനി കരിഷ്യതീതി
നൂനം പ്രസൂതിവികലേന മയാ പ്രസിക്തം
ധൌതാശ്രുശേഷമുദകം പിതരഃ പിബന്തി. 25

(ഇതി മോഹമുപഗതഃ)

ചതുരികാ— (സസംഭ്രമമവലോക്യ) സമസ്സസദു സമസ്സസദു ഭട്ടാ! [സമാശ്വസിതു സമാശ്വസിതു ഭൎത്താ!]

സാനുമതീ— ഹദ്ധീ ഹദ്ധീ! സദി ക്ഖു ദീവേ വവധാണദോസേണ ഏസോ അന്ധആരദോസം അണുഹോദി. അഹം ദാണിം എവ്വ ണിവ്വുദം കരേമി. അഹവാ സുദം മഏ സഉന്ദളം സമസ്സാസഅന്തീഏ മഹേന്ദജണണീഏ മുഹാദോ—'ജണ്ണഭാഓസ്സുആ ദേവാ എവ്വ തഹ അണുചിട്ഠിസ്സന്തി, ജഹ അഇരേണ ധമ്മപദിണിം ഭട്ടാ അഹിണന്ദിസ്സദി' ത്തി. താ ജുത്തം ഏദം കാലം പഡിപാലിദും. ജാവ ഇമിണാ വുത്ത

ദ്വാരപാലിക— അമംഗളം നീങ്ങട്ടെ.

രാജാവു്— കൈവന്ന ശ്രേയസ്സിനെ അപമാനിച്ച പാപിയാണല്ലോ ഞാൻ.

സാനുമതി— തീർച്ചയായും സഖിയെത്തന്നെ ഊന്നി ഇദ്ദേഹം ആത്മനിന്ദ ചെയ്കയാണു്.

രാജാവു്—

സന്താനമൂലംക്കൊണ്ടു കുലപ്രതിഷ്ഠയ്ക്കുന്നായ ധർമ്മപത്നിയെ ഞാൻ കൈവെടിഞ്ഞുകളഞ്ഞു. വേണ്ടസമയത്തു വിത്തു വിതച്ച വലിയ വിളവു നൽകാനിരുന്ന ഭൂമിയെ എന്നപോലെ. 24

സാനുമതി— അങ്ങയുടെ സന്തതിയ്ക്കു് ഒരിക്കലും വിച്ഛേദം വരികയില്ല.

ചതുരിക— (സ്വകാര്യമായി) ഈ കച്ചവടക്കാരന്റെ സംഗതികൊണ്ടു തമ്പുരാന്റെ പശ്ചാത്താപം ഇരട്ടിച്ചിരിയ്ക്കുന്നു. അവിടത്തേക്കു് ആശ്വാസം കിട്ടുവാൻ മേഘപ്രതിച്ഛന്ദത്തിൽച്ചെന്നു് ആര്യ്യമാഢവ്യനെ കൂട്ടിക്കൊണ്ടുവരൂ.

ദ്വാരപാലിക— അതു ശരിയാണു്. (പോയി)

രാജാവു്— ദുഷ്യന്തന്റെ പിണ്ഡമനുഭവിക്കുന്നവരുടെ സ്ഥിതി സംശയത്തിലായിരിയ്ക്കുന്നു

ഈയാൾക്കുശേഷം നമ്മുടെ വംശത്തിൽ ആരാണു് യഥാവിധി ഒരുക്കക്കൂട്ടി നിവാപക്രിയകൾ നടത്തുക എന്നോർത്തു്, സന്തതിയില്ലാത്ത ഞാൻ ഒഴിച്ചുകൊടുക്കുന്ന ഉദകത്തിൽനിന്നു പിതൃക്കൾ കണ്ണീർ കഴുകി ബാക്കിയുള്ളതേ കുടിയ്ക്കുന്നുണ്ടാവൂ. 25

(മോഹാലസ്യപ്പെടുന്നു)

ചതുരിക— (പരിഭ്രമത്തോടെ താങ്ങിയിട്ടു്) തമ്പുരാനേ! ആശ്വസിയ്ക്കണേ, ആശ്വസിയ്ക്കണേ.

സാനുമതി— കഷ്ടം, കഷ്ടം! ഇദ്ദേഹം വിളക്കിരിക്കെത്തന്നെ മറവുകാരണം ഇരുട്ടനുഭവിയ്ക്കുകയാണു്. ഞാൻ ഇപ്പോൾത്തന്നെ ചെന്നു സമാധാനപ്പെടുത്തിയാലോ. അല്ലെങ്കിൽ, മഹേന്ദ്രമാതാവു ശകുന്തളയെ ആശ്വസിപ്പിയ്ക്കുമ്പോൾ അരുളിച്ചെയ്തതു ഞാൻ കേൾക്കുകയുണ്ടായി— 'യജ്ഞഭാഗത്തിൽ തൽപരമായ ദേവന്മാർതന്നെ നിന്നെ ഭർത്താവു വൈകാതെ

ന്തേണ പിഅസഹിം സമസ്സാസേമി. (ഇതി നിഷ്ക്രാന്താ) [ഹാ ധിക് ഹാ ധിക്! സതി ഖലു ദീപേ വ്യവധാനദോഷേണൈഷോഽന്ധകാരദോഷമനുഭവതി. അഹമിദാനീമേവ നിർവൃതം കരോമി. അഥവാ, ശ്രുതം മയാ ശകുന്തളാം സമാശ്വാസയന്ത്യാ മഹേന്ദ്രജനന്യാ മുഖാൽ—'യജ്ഞഭാഗോത്സുകാ ദേവാ ഏവ തഥാനുഷ്ഠാസ്യന്തി, യഥാചിരേണ ധർമ്മപത്നീം ഭർത്താഭിനന്ദിഷ്യതീതി. തദ്യുക്തമേതം കാലം പ്രതിപാലയിതും. യാവദനേന വൃത്താന്തേന പ്രിയസഖീം സമാശ്വാസയാമി]

(നേപഥ്യേ)

അബ്ബമ്ഹണ്ണം അബ്ബമ്ഹണ്ണം. [അബ്രഹ്മണ്യം അബ്രഹ്മണ്യം]

രാജാ— (പ്രത്യാഗതഃ കർണ്ണം ദത്ത്വാ) അയേ! മാഢവ്യസ്യേവാർത്തസ്വരഃ. കഃ കോഽത്ര ഭോഃ?

(പ്രവിശ്യ)

പ്രതീഹാരീ— (സസംഭ്രമം) പരിത്താഅദു ദേവോ സംസഅഗദം വഅസ്സം. [പരിത്രായതാം ദേവഃ സംശയഗതം വയസ്യം]

രാജാ— കേനാത്തകണ്ഠോ മാണവകഃ?

പ്രതീഹാരീ— അദിട്ഠരൂവേണ കേണ വി സത്തേണ അദിക്കമിഅ മേഹപഡിച്ഛന്ദസ്സ പാസാദസ്സ അഗ്ഗഭൂമിം ആരോവിദോ. [അദൃഷ്ടരൂപേണ കേനാപി സത്വേനാതിക്രമ്യ മേഘപ്രതിച്ഛന്ദസ്യ പ്രാസാദസ്യാഗ്രഭൂമിമാരോപിതഃ]

രാജാ— (ഉത്ഥായ) മാ താവൽ. മമാപി സത്വൈരഭിഭൂയന്തേ ഗൃഹാഃ! അഥവാ—

അഹന്യഹന്യാത്മന ഏവ താവൽ
ജ്ഞാതും പ്രമാദസ്ഖലിതം ന ശക്യം
പ്രജാസു കഃ കേന പഥാ പ്രയാതീ—
ത്യശേഷതോ വേദിതുമസ്തി ശക്തിഃ. 26

(നേപഥ്യേ)

ഭോ വഅസ്സ! അവിഹാ അവിഹാ! [ഭോ വയസ്യ! അവിഹാ അവിഹാ]

രാജാ— (ഗതിഭേദേന പരിക്രാമൻ) സഖേ! ന ഭേതവ്യം ന ഭേതവ്യം.

(നേപഥ്യേ)

(പുനസ്തദേവ പഠിത്വാ) കഹം ണ ഭാഇസ്സം? ഏസ മം കോവി പച്ചവണദസിരോഹരം ഇക്ഖും വിഅ തിണ്ണഭംഗം കരേദി. [കഥം ന ഭേഷ്യാമി? ഏഷ മാം കോഽപി പ്രത്യവനതശിരോധരമിക്ഷുമിവ തീക്ഷ്ണഭംഗം കരോതി]

ധർമ്മപത്നിയാക്കി കൊണ്ടാടുവാൻ വേണ്ടതൊക്കെ ചെയ്തുകൊള്ളും' എന്ന്. അതുകൊണ്ട് അത്രയുംകാലം ക്ഷമിച്ചിരിക്കയാണ് നല്ലത്. ഇപ്പോൾ ഈ വർത്തമാനമെല്ലാം ചെന്നുപറഞ്ഞു പ്രിയസഖിയെ ആശ്വസിപ്പിക്കാം. (പോയി)

(അണിയറയിൽ)

അയ്യോ! അയ്യോ!

രാജാവ്— (ചെവിയോർത്തിട്ട്) മാഢവ്യന്റെ നിലവിളിപോലിരിക്കുന്നു. ആരവിടെ!

(പ്രവേശിച്ചിട്ട്)

ദ്വാരപാലിക— (സംഭ്രമത്തോടുകൂടി) പ്രാണസംശയത്തിലായ തോഴരെ തമ്പുരാൻ രക്ഷിക്കണേ.

രാജാവ്— മാണവകൻ എന്താണ് ദീനസ്വരത്തിൽ നിലവിളിക്കുന്നത്?

ദ്വാരപാലിക— കാണാൻ പാടില്ലാത്ത ഏതോ ഒരു സത്വം തൂക്കിയെടുത്ത് മേഘപ്രതിച്ഛന്ദമാളികയുടെ മുകൾത്തട്ടിൽ കയറ്റിക്കൊണ്ടുപോയിരിക്കുന്നു.

രാജാവ്— (എഴുന്നേറ്റ്) അത്രയ്ക്കായോ? എന്റെ ഗൃഹത്തിലും സത്വബാധയോ! അല്ലെങ്കിൽ—

ഓരോ ദിവസവും അവനവനുതന്നെ പറ്റുന്ന തെറ്റുകുറ്റങ്ങൾ മനസ്സിലാക്കാൻ കഴിവില്ല. ജനങ്ങളിൽ ആരെത്ര വഴിക്ക പോകുന്നുവെന്നു തിരിച്ചറിയുവാനുണ്ടോ പിന്നെ ശക്തിയുണ്ടാകുന്നു. 26

(അണിയറയിൽ)

അയ്യോ തോഴരേ! അയ്യോ!

രാജാവ്— (ബദ്ധപ്പാടോടെ ചുറ്റിനടന്ന്) തോഴരേ! പേടിക്കേണ്ട, പേടിക്കേണ്ട.

(അണിയറയിൽ)

(വീണ്ടും അതുതന്നെ ആവർത്തിച്ച്) എങ്ങിനെ പേടിക്കാതിരിക്കും? ഇതാ ആരോ ഒരാൾ എന്റെ കഴുത്തുപിടിച്ചു പിറകോട്ട വളച്ചു കരിമ്പിൻതണ്ടുപോലെ കടുന്നനെ പൊട്ടിക്കുന്നു.

രാജാ— (സദൃഷ്ടിക്ഷേപം) ധനുസ്സാവൽ.

(പ്രവിശ്യ ശാർങ്ഗഹസ്താ)

യവനീ— ഭട്ടാ! ഏദം ഹത്ഥാവാവസഹിദം സസരം സരാസണം.
[ഭർത്തഃ! ഏതദ്ധസ്താവാപസഹിതം സശരം ശരാസനം]

(രാജാ സശരം ധനുരാദത്തേ)

(നേപഥ്യേ)

ഏഷ ത്വാമഭിനവകണ്ഠശോണിതാർത്ഥീ
ശാർദ്ദൂലഃ പശുമിവ ഹന്മി ചേഷ്ടമാനം
ആർത്താനാം ഭയമപനേത്തുമാത്തധന്വാ
ദുഷ്യന്തസ്തവ ശരണം ഭവത്വിദാനീം. 27

രാജാ— (സരോഷം) കഥം, മാമേവോദ്ദിശതി. തിഷ്ഠ കുണപാശന! ത്വമിദാനീം ന ഭവിഷ്യസി. (ശാർങ്ഗമാരോപ്യ) വേത്രവതി! സോപാനമാർഗ്ഗമാദേശയ.

പ്രതീഹാരീ— ഇദോ ഇദോ ദേവോ. [ഇത ഇതോ ദേവഃ]

(സർവ്വേ സത്വരമുപസർപ്പന്തി]

രാജാ— (സമന്താദവലോക്യ) ശൂന്യം ഖല്വിദം.

(നേപഥ്യേ)

അവിഹാ അവിഹാ! അഹം അത്തഭവന്തം പേക്ഖാമി. തുമം മം ണ പേക്ഖസി. ബിഡാലഗഹീദോ മൂസഓ വിഅ ണിരാസോമ്ഹി ജീവിദേ സംവുത്തോ. [അവിഹാ അവിഹാ! അഹമത്രഭവന്തം പശ്യാമി. ത്വം മാം ന പശ്യസി. ബിഡാലഗൃഹീതോ മൂഷക ഇവ നിരാശോഽസ്മി ജീവിതേ സംവൃത്തഃ]

രാജാ— ഭോസ്തിരസ്കരിണീഗർവ്വിത! മദീയമസ്ത്രം ത്വാം ദ്രക്ഷ്യതി. ഏഷ തമിഷും സന്ദധേ—

യോ ഹനിഷ്യതി വധ്യം ത്വാം രക്ഷ്യം രക്ഷിഷ്യതി ദ്വിജം
ഹംസോ ഹി ക്ഷീരമാദത്തേ തന്മിശ്രാ വർജ്ജയത്യപഃ. 28

(ഇത്യസ്ത്രം സന്ധത്തേ)

(തതഃ പ്രവിശതി വിദൂഷകമുത്സൃജ്യ മാതലിഃ)

മാതലിഃ—

കൃതാഃ ശരവ്യം ഹരിണാ തവാസുരാഃ
ശരാസനം തേഷു വികൃഷ്യതാമിദം
പ്രസാദസൌമ്യാനി സതാം സുഹൃജ്ജനേ
പതന്തി ചക്ഷൂംഷി, ന ദാരുണാഃ ശരാഃ. 29

രാജാ— (അസ്ത്രമുപസഹരൻ) അയേ മാതലിഃ! സ്വാഗതം മഹേന്ദ്രസാരഥയേ.

രാജാവു്— (കണ്ണെറിഞ്ഞു്) വില്ലു്.

യവനി— (വില്ലുമായി പ്രവേശിച്ചു്) ഇതാ വില്ലും അമ്പും കയ്യുറയോടുംകൂടെ.

(രാജാവു് അമ്പും വില്ലും വാങ്ങുന്നു)

(അണിയറയിൽ)

പുതിയ കണ്ഠരക്തത്തിനുവേണ്ടി പുലി പശുവിനെ എന്നപോലെ ഞാനിതാ പുളഞ്ഞു പിടയുന്ന നിന്നെ കൊല്ലുകയായി. ദുഃഖിതരുടെ ഭയം അകററുവാൻ വില്ലെടുത്തിട്ടുള്ള ദുഃഷ്യന്തൻ ഇപ്പോൾ നിന്നെ സംരക്ഷിക്കട്ടെ. 27

രാജാവു്— (കോപത്തോടെ) ഏ, എന്നെത്തന്നെ ചൂണ്ടുന്നുവോ? എടാ ശവംതീനി! നില്ക്കു്. നിന്റെ കഥ ഇപ്പോൾ തീരും. (വില്ലു കുലയേററി) വേത്രവതി! കോണിക്കലേക്കു വഴികാണിക്കൂ.

ദ്വാരപാലിക— മഹാരാജാവ് ഇതിലേ ഇതിലേ.

(എല്ലാവരും വേഗത്തിൽ നടന്നുചെല്ലുന്നു)

രാജാവ്— (നാലുപാടും നോക്കി) ഇവിടെ ആരുമില്ലല്ലോ.

(അണിയറയിൽ)

അയ്യോ അയ്യോ! ഞാൻ താങ്കളെ കാണുന്നുണ്ടു്. പക്ഷെ താങ്കൾ എന്നെ കാണുന്നില്ല. പൂച്ച പിടിച്ച എലിയെപ്പോലെ ഞാൻ ജീവിതത്തിൽ നിരാശനായിക്കഴിഞ്ഞു.

രാജാവു്— തിരസ്കരണീവിദ്യകൊണ്ടു് അഹങ്കരിക്കുന്ന നിന്നെ എന്റെ അമ്പു കണ്ടുപിടിച്ചുകൊള്ളും. ഞാനിതാ അമ്പു തൊടുക്കുകയായി.

അതു കൊല്ലേണ്ടുന്ന നിന്നെ കൊല്ലും. രക്ഷിക്കേണ്ടുന്ന ബ്രാഹ്മണനെ രക്ഷിക്കുകയുംചെയ്യും. അരയന്നം പാൽമാത്രം കുടിക്കുന്നു, അതിൽച്ചേർന്ന വെള്ളം ഒഴിവാക്കുന്നു. 28

(അമ്പു തൊടുക്കുന്നു)

(അനന്തരം വിദൂഷകനെ വിട്ടുകൊണ്ടു മാതലി പ്രവേശിക്കുന്നു)

മാതലി—

ഇന്ദ്രൻ താങ്കളുടെ ശരത്തിന്നു് അസുരന്മാരെയാണു് ലക്ഷ്യമായിക്കരുതിയിട്ടുള്ളതു്. ഈ വില്ലു് അവരുടെ നേരെ വലിക്കുക. സത്തുക്കളുടെ പ്രസാദസൌമ്യങ്ങളായ കണ്ണുകളാണു് സുഹൃജ്ജനത്തിൽ പതിയുക, കൊടിയ ശരങ്ങളല്ല. 29

രാജാവു്— (അസ്ത്രം പിൻവലിച്ചു്) മാതലിയോ! ദേവേന്ദ്രസൂതനു സ്വാഗതം.

വിദൂഷകഃ— അഹം ജേണ ഇട്ഠിപസുമാരം മാരിദോ, സോ ഇമിണാ സാഅദേണ അഹിണന്ദീഅദി. [അഹം യേനേഷ്ടിപശുമാരം മാരിതഃ, സോഽനേന സ്വാഗതേനാഭിനന്ദ്യതേ]

മാതലി— (സസ്മിതം) ആയുഷ്മൻ, ശ്രൂയതാം, യദർത്ഥമസ്മി ഹരിണാ ഭവൽ സകാശം പ്രേഷിതഃ.

രാജാ— അവഹിതോഽസ്മി.

മാതലിഃ— അസ്തി കാലനേമിപ്രസൂതിർദ്ദുർജ്ജയോ നാമ ദാനവഗണഃ.

രാജാ— ശ്രൂതപൂർവ്വം മയാ നാരദാൽ.

മാതലിഃ—

സഖ്യുസ്തേ സ കില ശതക്രതോരജയ്യ
സ്തസ്യ ത്വം രണശിരസി സ്മൃതോ നിഹന്താ
ഉച്ഛേത്തും പ്രഭവതി യന്ന സപ്തസപ്തി
സ്തന്നൈശം തിമിരപാകരോതി ചന്ദ്രഃ. 30

സ ഭവാനാത്തശസ്ത്ര ഏവ ഇദാനീമൈന്ദ്രംരഥമാരുഹ്യ വിജയായ പ്രതിഷ്ഠതാം.

രാജാ— അനുഗൃഹീതോഽഹമനയാ മഘവതഃ സംഭാവനയാ. അഥ മാഢവ്യം പ്രതി ഭവതാ കിമേവം പ്രയുക്തം.

മാതലിഃ— തദപി കഥ്യതേ. കിന്നിമിത്താദപി മനഃസന്താപാദായുഷ്മാൻ മയാ വിക്ലവോ ദൃഷ്ടഃ. പശ്ചാൽകോപയിതുമായുഷ്മന്തം തഥാ കൃതവാനസ്മി. കുതഃ—

ജ്വലതി ചലിതേന്ധനോഽഗ്നിർവിപ്രകൃതഃ
പന്നഗഃ ഫണാം കുരുതേ
പ്രായഃ സ്വം മഹിമാനം
ക്ഷോഭാൽപ്രതിപദ്യതേ ഹി ജനഃ. 31

രാജാ— (ജനാന്തികം) വയസ്യ! അനതിക്രമണീയാ ദിവസ്പതേ രാജ്ഞാ. തദത്ര പരിഗതാർത്ഥം കൃത്വാ മദ്വചനാദമാത്യപിശുനം ബ്രൂഹി—

'ത്വന്മതിഃ കേവലാ താവൽപരിപാലയതു പ്രജാഃ
അധിജ്യമിദമന്യസ്മിൻകർമ്മണി വ്യാപൃതം ധനുഃ.' 32

ഇതി.

വിദൂഷകഃ— ജം ഭവം ആണവേദി. (ഇതി നിഷ്ക്രാന്തഃ) [യൽഭവാനാജ്ഞാപയതി]

മാതലിഃ— ആയുഷ്മാൻ രഥമരോഹതു.

(രാജാ രഥാധിരോഹണം നാടയതി)

(ഇതി നിഷ്ക്രാന്താഃ സർവ്വേ)

ഇതി ഷഷ്ഠോഽങ്കഃ

വിദൂഷകൻ— എന്നെ യാഗപ്പശുവിനെയെന്നപോലെ ഞെക്കിക്കൊന്ന ഈ മനുഷ്യനെ ഇദ്ദേഹം സ്വാഗതം പറഞ്ഞഭിനന്ദിയ്ക്കുന്നു.

മാതലി— (പുഞ്ചിരിയോടെ) ആയുഷ്മൻ! ദേവേന്ദ്രൻ എന്നെ അങ്ങയുടെ അരികിലേയ്ക്കയച്ചതെന്തിനെന്നു കേൾക്കുക.

രാജാവ്— ശ്രദ്ധിക്കുന്നുണ്ട്.

മാതലി— കാലനേമിയുടെ വംശക്കാരായി ദുർജ്ജയന്മാർ എന്നൊരു അസുരവർഗ്ഗമുണ്ട്.

രാജാവ്— മുമ്പു നാരദൻ പറഞ്ഞുകേട്ടിട്ടുണ്ട്.

മാതലി—

ആ വർഗ്ഗത്തെ അങ്ങയുടെ സഖാവായ ദേവേന്ദ്രനു ജയിക്കാൻ കഴിയുന്നില്ല. അവരെ യുദ്ധത്തിൽ കൊല്ലുവാനുള്ളവൻ താങ്കളാണെന്നു കരുതിയിരിക്കുന്നു. സൂര്യനു നശിപ്പിക്കാൻ സാധിക്കാത്ത രാവിരുളിനെ അകററുന്നതു ചന്ദ്രനാണല്ലോ. 30

അതിനാൽ അങ്ങ് ആയുധമെടുത്തു് ഇപ്പോൾതന്നെ ദേവേന്ദ്രന്റെ തേരിൽക്കയറി വിജയത്തിന് പുറപ്പെടണം.

രാജാവ്— ദേവേന്ദ്രന്റെ ഈ ബഹുമതിയാൽ ഞാൻ അനുഗൃഹീതനായി. എന്നാൽ താങ്കൾ മാഢവ്യനോട് ഇങ്ങിനെ പ്രവർത്തിച്ചതെന്തിനാണ്?

മാതലി— അതും പറയാം. അങ്ങു മനോദുഃഖംമൂലം എന്തോ കാരണത്താൽ ധൈര്യം വെടിഞ്ഞിരിക്കുന്നതായി കാണപ്പെട്ടു. അതുകൊണ്ട് അങ്ങയെ ഒന്നു ചൊടിപ്പിക്കാൻ വേണ്ടിയാണ് അതു ചെയ്തതു്. എന്തെന്നാൽ—

വിറകു സ്വല്പം ഇളക്കിക്കൊടുക്കയാണെങ്കിൽ തീ ആളിക്കത്തും. ഉപദ്രവിച്ചാൽ പാമ്പു പടം വിടർത്തും. പ്രായേണ ആളുകൾ ദ്വേഷ്യപ്പെടുമ്പോഴാണ് അവനവന്റെ പെരുമയിലെത്തുക. 31

രാജാവ്— (സ്വകാര്യം) തോഴരേ! സുരലോകാധിപതിയുടെ കല്പന തെററിനടക്കാൻ പാടില്ല. അതിനാൽ ആര്യനായ അമാത്യപിശുനനോടു ചെന്നു വിവരമെല്ലാം ധരിപ്പിച്ചു ഞാൻ പറഞ്ഞതായി പറയൂ—

'തൽക്കാലം താങ്കളുടെ ബുദ്ധി തനിച്ചു പ്രജകളെ രക്ഷിയ്ക്കണം. കലയേററിയ ഈ വില്ലിപ്പോൾ മറെറാരു കാര്യത്തിന്നിറങ്ങിയിരിക്കയാണ്.' എന്ന്. 32

വിദൂഷകൻ— താങ്കളുടെ കല്പനപോലെ. (പോയി)

മാതലി— ആയുഷ്മാൻ തേരിൽ കയറൂ.

(രാജാവു തേരിൽ കയറുന്നതായി നടിക്കുന്നു)

(എല്ലാവരും പോയി)

ആറാമങ്കം കഴിഞ്ഞു

സപ്തമോഽങ്കഃ

(തതഃ പ്രവിശത്യാകാശയാനേന രഥാധിരൂഢോ രാജാ മാതലിശ്ച)

രാജാ— മാതലേ! അനുഷ്ഠിതനിദേശോഽപി മഘവതഃ സൽക്രിയാവിശേഷാദനുപയുക്തമിവാത്മാനം സമൎത്ഥയേ.

മാതലിഃ— (സസ്മിതം) ആയുഷ്മൻ! ഉഭയമപ്യപരിതോഷം.

പ്രഥമോപകൃതം മരുത്വതഃ
പ്രതിപത്ത്യാ ലഘു മന്യതേ ഭവാൻ
ഗണയത്യപദാനവിസ്മിതോ
ഭവതഃ സോഽപി ന സൽക്രിയാഗുണാൻ. 1

രാജാ— മാതലേ! മാ മൈവം. സ ഖലു മനോരഥാനാമപ്യഭൂമിർവിസർജ്ജനാവസരസൽക്കാരഃ. മമ ഹി ദിവൌകസാം സമക്ഷമർധാസനോപവേശിതസ്യ—

അന്തർഗതപ്രാൎത്ഥനമന്തികസ്ഥം
ജയന്തമുദ്വീക്ഷ്യ കൃതസ്മിതേന
ആമൃഷ്ടവക്ഷോഹരിചന്ദനാങ്കാ
മന്ദാരമാലാ ഹരിണാ പിനദ്ധാ. 2

മാതലിഃ— കിമിവ നാമായുഷ്മാനമരേശ്വരാന്നാർഹതി.

പശ്യ—

സുഖപരസ്യ ഹരേരുഭയൈഃ കൃതം
ത്രിദിവമുദ്ധൃതദാനവകണ്ടകം
തവ ശരൈരധുനാ നതപർവഭിഃ
പുരുഷകേസരിണശ്ച പുരാ നഖൈഃ. 3

രാജാ— അത്ര ഖലു ശതക്രതോരേവ മഹിമാ സ്തുത്യഃ.

സിധ്യന്തി കൎമ്മസു മഹത്സ്വപി യന്നിയോജ്യാഃ
സംഭാവനാഗുണമവേഹി തമീശ്വരാണാം
കിം വാഭവിഷ്യദരുണസ്തമസാം വിഭേത്താ
തം ചേൽ സഹസ്രകിരണോ ധുരി നാകരിഷ്യൽ. 4

മാതലിഃ— സദൃശമേതദായുഷ്മതഃ. (സ്തോകമന്തരമതീത്യ) ആയുഷ്മൻ! ഇതഃ പശ്യ നാകപൃഷ്ഠപ്രതിഷ്ഠിതസ്യ സൌഭാഗ്യമാത്മയശസഃ.

വിച്ഛിത്തിശേഷൈഃ സുരസുന്ദരീണാം
വൎണ്ണൈരമീ കല്പലതാംശുകേഷു
വിചിന്ത്യ ഗീതക്ഷമമൎത്ഥബന്ധം
ദിവൌകസസ്ത്വച്ചരിതം ലിഖന്തി. 5

ഏഴാമങ്കം

(അനന്തരം ആകാശമാർഗത്തിലൂടെ രാജാവും മാതലിയും തേരിൽ പ്രവേശിക്കുന്നു)

രാജാവ്— മാതലി! ആജ്ഞ നിറവേററപ്പെട്ടെങ്കിലും ദേവേന്ദ്രന്റെ സൽക്കാരഗുണമോർക്കുമ്പോൾ ഞാൻ ഒന്നും ചെയ്തില്ല എന്നാണ് തോന്നുന്നത്.

മാതലി— (പുഞ്ചിരിയോടെ) രണ്ടാൾക്കും തൃപ്തിവന്നില്ല.

ആദ്യം ചെയ്ത ഉപകാരത്തെ ദേവേന്ദ്രന്റെ ബഹുമതികാരണം അങ്ങു നിസ്സാരമായി കരുതുന്നു. അങ്ങു ചെയ്ത പ്രവൃത്തികൾ കണ്ടു് അത്ഭുതപ്പെട്ട അദ്ദേഹവും താൻചെയ്ത സൽക്കാരം വേണ്ടതുപോലെയായെന്നു കരുതുന്നില്ല. 1

രാജാവ്— മാതലി! അങ്ങനെയല്ല. യാത്രയാക്കുന്ന സമയത്തിലെ ആ സൽക്കാരം സങ്കല്പിക്കാൻപോലും വയ്യാത്തതാണ്. ദേവസദസ്സിൽവെച്ച് എന്നെ അർദ്ധാസനത്തിൽ ഇരുത്തിയിട്ട്—

മനസ്സിൽ അഭ്യർത്ഥനയുമായി സമീപത്തുനില്ക്കുന്ന ജയന്തനെ നോക്കി പുഞ്ചിരിതൂകി ദേവേന്ദ്രൻ തന്റെ മാറിലെ ഹരിചന്ദനം പുരണ്ട മന്ദാരമാല (എന്നെ) അണിയിച്ചു. 2

മാതലി— ആയുഷ്മാൻ ദേവേശ്വരനിൽനിന്ന് എന്തൊന്നാണർഹിക്കാത്തത്? നോക്കു—

സുഖലോലുപനായ ദേവേന്ദ്രനു സ്വർഗ്ഗത്തിൽ ദാനവശല്യം അവസാനിപ്പിച്ചുകൊടുത്തതു രണ്ടെണ്ണമാണ്—ഇപ്പോൾ അങ്ങയുടെ കമ്പുതാണ അമ്പുകളും പണ്ടു നരസിംഹത്തിന്റെ നഖങ്ങളും. 3

രാജാവ്— ഇക്കാര്യത്തിലും ദേവേന്ദ്രന്റെ മഹത്ത്വംതന്നെയാണ് പുകഴ്ത്തപ്പെടേണ്ടത്.

വലിയകർമ്മങ്ങളിൽപോലും ഭൃത്യന്മാർ സിദ്ധി നേടുന്നതിന്റെ കാരണം പ്രഭുക്കൾ നല്കുന്ന ബഹുമതിയുടെ ഗുണമാണ്. അരുണനെ സൂര്യൻ തന്റെ മുന്നിൽ ഇരുത്തിയില്ലായിരുന്നെങ്കിൽ ആ അരുണന് ഇരുട്ടകററാൻ സാധിക്കുമായിരുന്നോ? 4

മാതലി— ഇതു് ആയുഷ്മാനു യോജിച്ചതുതന്നെ. (കുറച്ചു ദൂരം പിന്നിട്ട്) ആയുഷ്മൻ! ഇവിടെ സ്വർഗ്ഗത്തിൽ ഉറച്ച കീർത്തിയുടെ സൌഭാഗ്യം നോക്കു.

ദേവസുന്ദരിമാരണിഞ്ഞു ശേഷിച്ച ചായങ്ങളെക്കൊണ്ടു കല്പലതപ്പട്ടുകളിൽ, പാടാൻ തക്കവിധം അർത്ഥകല്പനചെയ്ത് ഇതാ ദേവന്മാർ അങ്ങയുടെ കഥയെഴുതുന്നു. 5

രാജാ— മാതലേ! അസുരസംപ്രഹാരോത്സുകേന പൂർവ്വേദ്യുർദിവമധിരോഹതാ മയാ ന ലക്ഷിതഃ സ്വർഗ്ഗമാർഗ്ഗഃ. കതമസ്മിൻ മരുതാം പഥി വർത്താമഹേ.

മാതലിഃ—

ത്രിസ്രോതസം വഹതി യോ ഗഗനപ്രതിഷ്ഠാം
ജ്യോതീംഷി വർത്തയതി ച പ്രവിഭക്തരശ്മി
തസ്യ ദ്വിതീയഹരിവിക്രമനിസ്തമസ്കം
വായോരിമം പരിവഹസ്യ വദന്തി മാർഗ്ഗം. 6

രാജാ— മാതലേ! അതഃ ഖലു സബാഹ്യാന്തഃകരണോ മമാന്തരാത്മാ പ്രസീദതി. (രഥാംഗമവലോക്യ) മേഘപദവീമവതീർണ്ണൌ സ്വഃ.

മാതലിഃ— കഥമവഗമ്യതേ?

രാജാ—

അയമരവിവരേഭ്യശ്ചാതകൈർനിഷ്പതദ്ഭിർ
ഹരിഭിര ചിരഭാസാം തേജസാ ചാനുലിപ്തൈഃ
ഗതമുപരിഘനാനാം വാരിഗർഭോദരാണാം
പിശുനയതി രഥസ്തേ ശീകരക്ലിന്നനേമിഃ. 7

മാതലിഃ— ക്ഷണാദായുഷ്മാൻ സ്വാധികാരഭൂമൌ വർത്തിഷ്യതേ.

രാജാ— (അധോഽവലോക്യ) മാതലേ! വേഗാവതരണാദാശ്ചര്യ്യദർശനഃ സംലക്ഷ്യതേ മനുഷ്യലോകഃ. തഥാ ഹി—

ശൈലാനാമവരോഹതീവ ശിഖരാദുന്മജ്ജതാം മേദിനീ
പർണ്ണാഭ്യന്തരലീനതാം വിജഹതി സ്കന്ധോദയാൽ പാദപാഃ
സന്താനൈസ്തനുഭാവനഷ്ടസലിലാ വ്യക്തിം ഭജന്ത്യാപഗാ
കേനാപ്യുൽക്ഷിപതേവ പശ്യ ഭുവനം മൽപാശ്വമാനീയതേ. 8

മാതലിഃ— സാധു ദൃഷ്ടം. (സബഹുമാനമവലോക്യ) അഹോ! ഉദാരരമണീയാ പൃഥിവീ.

രാജാ— മാതലേ! കതമോഽയം പൂർവ്വാപരസമുദ്രാവഗാഢഃ കനകരസനിഷ്യന്ദീ സാന്ധ്യ ഇവ മേഘപരിഘഃ സാനുമാനാലോക്യതേ?

മാതലിഃ— ആയുഷ്മൻ! ഏഷ ഖലു ഹേമക്കൂടോ നാമ കിംപുരുഷപർവ്വതസ്തപഃസംസിദ്ധിക്ഷേത്രം. പശ്യ—

സ്വായംഭുവാന്മരീചേര്യഃ പ്രബഭൂവ പ്രജാപതിഃ
സുരാസുരഗുരുഃ സോഽത്ര സപത്നീകസ്തപസ്യതി. 9

രാജാവ്— മാതലി! ഇന്നലെ കേറിവരുമ്പോൾ അസുരയുദ്ധൌത്സുക്യം നിമിത്തം സ്വർഗ്ഗത്തിലേയ്ക്കുള്ള വഴി നോക്കിക്കാണുകയുണ്ടായില്ല. നാമിപ്പോൾ ഏതു വായുമാർഗ്ഗത്തിലാണ്?

മാതലി—

ആകാശഗംഗയെ ആകാശത്തിൽ താങ്ങി നിർത്തുന്നതും രശ്മികളെ വേർതിരിച്ചു ജ്യോതിസ്സുകളെ പ്രവർത്തിപ്പിക്കുന്നതുമായ പരിവഹവായുവിന്റെ മാർഗ്ഗമാണിത്. വിഷ്ണുവിന്റെ രണ്ടാംകാൽവെപ്പുകൊണ്ടു തമസ്സറ്റതാണ് ഇതെന്നു പറയുന്നു. 6

രാജാവ്— മാതലി! അതുകൊണ്ടാണ് എന്റെ അന്തരാത്മാവു ബാഹ്യകരണങ്ങളോടെ സന്തുഷ്ടമായിത്തീരുന്നത്. (തേർച്ചക്രം നോക്കി) നമ്മൾ മേഘമാർഗ്ഗത്തിൽ എത്തിച്ചേർന്നല്ലോ.

മാതലി— എങ്ങിനെ മനസ്സിലായി?

രാജാവ്—

നീർത്തുള്ളിയാൽ നനഞ്ഞ ഉരുൾച്ചുറ്റോടുകൂടിയ താങ്കളുടെ ഈ രഥം, ആരപ്പഴുതിലൂടെ പറന്നു കടക്കുന്ന ചാതകങ്ങളെക്കൊണ്ടും മിന്നലൊളി പുരണ്ട കുതിരകളെക്കൊണ്ടും നീരുൾക്കൊണ്ട മുകിലുകളുടെ മീതെയാണ് പോകുന്നതെന്നു സൂചിപ്പിക്കുന്നു. 7

മാതലി— ക്ഷണനേരംകൊണ്ട് ആയുഷ്മാൻ സ്വന്തം രാജ്യത്തെത്തും.

രാജാ— (കീഴ്പോട്ടു നോക്കിയിട്ട്) മാതലേ! വേഗത്തിലിറങ്ങുമ്പോൾ മനുഷ്യലോകം ഒരത്ഭുതക്കാഴ്ചയായി കാണപ്പെടുന്നു. എങ്ങനെയെന്നാൽ—

പൊങ്ങിവരുന്ന പർവതങ്ങളുടെ കൊടുമുടിയിൽനിന്നു ഭൂമി ഇറങ്ങും പോലെ തോന്നുന്നു. തടി കാണുമാറാകുന്നതുകൊണ്ടു മരങ്ങൾ ഇലപ്പടർപ്പിൽ ഒളിഞ്ഞിരിക്കുന്ന സ്വഭാവം ഉപേക്ഷിക്കുന്നു. നേർത്തു നേർത്തു വെള്ളംകാണാതിരുന്ന പുഴകൾ തെളിഞ്ഞ നീരൊഴുക്കു പൂണുംപോലെ തോന്നുന്നു. നോക്കൂ, ആരോ മനുഷ്യലോകത്തെ പൊങ്ങിച്ച് എന്റെ അരികിലേയ്ക്കു കൊണ്ടുവരികയാണോ? 8

മാതലി— നല്ല കാഴ്ച. (ബഹുമാനത്തോടെ നോക്കിയിട്ട്) അമ്പോ! ഭൂമിയുടെ അഴക് അതിരമണീയംതന്നെ.

രാജാവ്— മാതലി! കിഴക്കും പടിഞ്ഞാറുമുള്ള സമുദ്രങ്ങളിലേയ്ക്കിറങ്ങി തങ്കച്ചാറൊഴുക്കി സന്ധ്യാസമയത്തെ മേഘച്ചാർത്തുപോലെ ഒരു പർവ്വതം കാണുന്നത് ഏതാണ്?

മാതലി— ആയുഷ്മൻ! ഹേമകൂടമെന്ന കിമ്പുരുഷപർവ്വതമാണിത്. തപസ്വികളുടെ പരമമായ സിദ്ധിസ്ഥാനം. നോക്കൂ —

സ്വയംഭൂപുത്രനായ മരീചിക്കു പിറന്ന സുരന്മാരുടേയും അസുരന്മാരുടേയും പിതാവായ പ്രജാപതി ഇവിടെ പത്നിയോടുകൂടി തപസ്സു ചെയ്യുതുള്ളുന്നു. 9

രാജാ— തേന ഹ്യനതിക്രമണീയാനി ശ്രേയാംസി. പ്രദക്ഷിണീകൃത്യ ഭഗവന്തം ഗന്തുമിച്ഛാമി.

മാതലിഃ— പ്രഥമഃ കല്പഃ.

(നാട്യേനാവതീർണ്ണൌ)

രാജാ— (സവിസ്മയം)

ഉപോഢശബ്ദാ ന രഥാംഗനേമയഃ
പ്രവർത്തമാനം ന ച ദൃശ്യതേ രജഃ
അഭൂതലസ്പർശതയാ നിരുദ്ധത
സ്തവാവതീർണ്ണോഽപി രഥോ ന ലക്ഷ്യതേ. 10

മാതലിഃ— ഏതാവാനേവ ശതക്രതോയുഷ്മതശ്ച വിശേഷഃ.

രാജാ— മാതലേ! കതമസ്മിൻ പ്രദേശേ മാരീചാശ്രമഃ.

മാതലിഃ— (ഹസ്തേന ദർശയൻ)

വല്മീകാർധനിമഗ്നമൂർത്തിരുരസാ സംദഷ്ടസപ്പ്ത്വചാ
കണ്ഠേ ജീർണ്ണലതാപ്രതാനവലയേനാത്യത്ഥസമ്പീഡിതഃ
അംസവ്യാപി ശകുന്തനീഡനിചിതം ബിഭ്രജ്ജടാമണ്ഡലം
യത്ര സ്ഥാണുരിവാചലോ മുനിരസാവഭ്യക്കബിംബം സ്ഥിതഃ. 11

രാജാ— നമോഽസ്മൈ കഷ്ടതപസേ!

മാതലിഃ— (സംയത പ്രഗ്രഹം രഥം കൃത്വാ) മഹാരാജ! ഏതാവദിതിപരിവർദ്ധിതമന്ദാരവൃക്ഷം പ്രജാപതേരാശ്രമം. പ്രവിഷ്ടൌ സ്വഃ.

രാജാ— സ്വർഗ്ഗാദധികതരം നിർവൃതിസ്ഥാനം. അമൃതഹ്രദമിവാവഗാഢോഽസ്മി.

മാതലിഃ— (രഥം സ്ഥാപയിത്വാ) അവതരത്വായുഷ്മാൻ.

രാജാ— (അവതീര്യ) മാതലേ! ഭവാൻ കഥമിദാനീം?

മാതലിഃ— സംയന്ത്രിതോ മയാ രഥഃ. വയമപ്യവതരാമഃ. (തഥാ കൃത്വാ) ഇത ആയുഷ്മാൻ. (പരിക്രമ്യ) ദൃശ്യന്താമത്രഭവതാമൃഷീണാം തപോവനഭൂമയഃ.

രാജാ— നനു വിസ്മയാദവലോകയാമി.

പ്രാണനാമനിലേന വൃത്തിരുചിതാ സൽകല്പവൃക്ഷേ വനേ
തോയേ കാഞ്ചനപത്മരേണുകപിശേ ധർമ്മാഭിഷേകക്രിയാ
ധ്യാനം രത്നശിലാതലേഷു, വിബുധസ്ത്രീസന്നിധൌ സംയമോ
യൽ കാങ്ക്ഷന്തി തപോഭിരത്യ മുനയ, സ്തസ്മിംസ്തപസ്യന്ത്യമീ. 12

രാജാവ്— എങ്കിൽ ശ്രേയസ്സുകളെ അതിർലംഘിക്കാൻ പാടില്ല. ഭഗവാനെ വലത്തുവെച്ചുവേണം പോകുവാൻ.

മാതലി— വളരെ നല്ലതു്.

(ഇറങ്ങുന്നതായി നടിക്കുന്നു)

രാജാ— (വിസ്മയത്തോടെ)

തേർചക്രങ്ങൾക്കു ശബ്ദമില്ല. പൊടി ഉയിരുന്നതും കാണുന്നില്ല. നിറുത്തുമ്പോൾ നിലംതൊടത്തതുകൊണ്ടു താങ്കളുടെ തേരു് ഇറങ്ങിയിട്ടും അങ്ങിനെ തോന്നുന്നില്ല. 10

മാതലി— ദേവേന്ദ്രനും ആയുഷ്മാനും തമ്മിലുള്ളവ്യത്യാസം ഇത്രയേ ഉള്ളു.

രാജാവ്— മാതലി! മാരീചാശ്രമം ഏതു ഭാഗത്താണു്?

മാതലി— (ചൂണ്ടികാണിച്ചു്)

അതാ ഉടൽ പാതി പുററിൽ മൂടിയും മാറത്തു പററിക്കിടക്കുന്ന പാമ്പിൻവള പൂണ്ടും കഴുത്തിൽ മൂത്തുമുരടിച്ച വള്ളിപ്പടപ്പുകളാൽ ഞെക്കിഞെരുക്കപ്പെട്ടും തോളിലേയ്ക്കിറങ്ങി കിളികൾ കൂടുകെട്ടിയ ജടാഭാരം വഹിച്ചും കുററിപോലെ നിശ്ചലമായി ഒരു മുനി സൂര്യബിംബത്തിനു നേരെ നോക്കി നില്ക്കുന്നു, അവിടെ. 11

രാജാവ്— ഈ കഠിനതപസ്സിനു നമസ്കാരം!

മാതലി— (കടിഞ്ഞാൺ പിടിച്ചു്) നാമിതാ അദിതിദേവിയാൽ വളത്തപ്പെട്ട മന്ദാരവൃക്ഷങ്ങളോടുകൂടിയ പ്രജാപതിയുടെ ആശ്രമത്തിൽ എത്തിക്കഴിഞ്ഞു.

രാജാവ്— സ്വർഗ്ഗത്തേക്കാൾ വളരേയേറെ നിർവൃതിയുണ്ടാക്കുന്ന സ്ഥലം. അമൃതക്കയത്തിൽ മുഴുകിയതായി തോന്നുന്നു എനിക്കു്.

മാതലി— (തേർ നിറുത്തിയിട്ടു്) ആയുഷ്മാൻ! ഇറങ്ങിക്കൊള്ളു.

രാജാവ്— (ഇറങ്ങിയിട്ടു്) മാതലി! താങ്കളിനി?

മാതലി— തേർ ഞാൻ ഉറപ്പിച്ചുനിറുത്തിയിട്ടുണ്ടു്. ഞാനും ഇറങ്ങാം. അങ്ങനെ ചെയ്ത ട്ടു്) ഇതിലെ വരാം. (ചുററിനടക്കുന്നു) മഹാന്മാരായ തപസ്വികളുടെ തപോവനപ്രദേശങ്ങൾ നോക്കൂ.

രാജാവ്— എനിക്കു കാണുമ്പോൾ അത്ഭുതം തോന്നുന്നു.

കല്പവൃക്ഷങ്ങളുള്ള കാട്ടിൽ കാററുകൊണ്ടു പ്രാണനെ നീലനിർത്താൻ പരിചയിച്ചിരിക്കുന്നു. ചെന്താമരപൂമ്പൊടികൊണ്ടു കടുംമഞ്ഞനിറംപൂണ്ട ജലത്തിൽ വ്രതസ്നാനം ചെയ്യുന്നു. രത്നശിലാതലങ്ങളിലിരുന്നു ധ്യാനിക്കുന്നു. ദേവസ്ത്രീകളുടെ സമീപത്തുവെച്ചു മനോനിയന്ത്രണം ശീലിക്കുന്നു. മററു മുനിമാർ തപസ്സുചെയ്തു് എത്തുവാൻ ആഗ്രഹിക്കുന്നിടത്തു് ഇവർ തപസ്സു ചെയ്യുകയാണു്. 12

മാതലിഃ— ഉത്സർപ്പിണീ ഖലു മഹതാം പ്രാർത്ഥനാ. (പരിക്രമ്യ ആകാശേ) അയേ വൃദ്ധശാകല്യ! കിമനുതിഷ്ഠതി ഭഗവാൻ മാരീചഃ? (കർണ്ണം ദത്വാ) കിം ബ്രവീഷി?—'ദാക്ഷായണ്യാ പതിവ്രതാധർമ്മമധികൃത്യ പൃഷ്ടസ്തസ്യൈ മഹർഷിപത്നീസഹിതായൈ കഥയതി' ഇതി? അയേ! പ്രതിപാല്യാവസരഃ ഖലു പ്രസ്താവഃ. (രാജാനമവലോക്യ) അസ്മിന്നശോകവൃക്ഷമൂലേ താവദാസ്താമായുഷ്മാൻ, യാവത്ത്വാമിന്ദ്രഗുരവേ നിവേദയിതുമന്തരാന്വേഷീ ഭവാമി.

രാജാ— യഥാ ഭവാൻ മന്യതേ. (ഇതി സ്ഥിതഃ)

മാതലിഃ— ആയുഷ്മൻ! സാധയാമ്യഹം. (ഇതി നിഷ്ക്രാന്തഃ)

രാജാ— (നിമിത്തം സൂചയിത്വാ)

മനോരഥായ നാശംസേ കിം ബാഹോ! സ്പന്ദസേ വൃഥാ
പൂർവ്വാവധീരിതം ശ്രേയോ ദുഃഖം ഹി പരിവർത്തതേ. 13

(നേപഥ്യേ)

മാ ക്ഖു ചാവലം കരേഹി. കഹം ഗദോ ജേവ അത്തണോ പകിദിം? [മാ ഖലു ചാപലം കുരു. കഥം ഗത ഏവാത്മനഃ പ്രകൃതിം?]

രാജാ— (കർണ്ണം ദത്വാ) അഭൂമിരിയമവിനയസ്യ. കോ നു ഖല്വേഷ നിഷിദ്ധ്യതേ? (ശബ്ദാനുസാരേണാവലോക്യ സവിസ്മയം) അയേ! കോ നു ഖല്വയമനുബധ്യമാനസ്താപസീഭ്യാമബാലസത്ത്വോ ബാലഃ?

അർദ്ധപീതസ്തനം മാതുരാമർദ്ദക്ലിഷ്ടകേസരം
പ്രക്രീഡിതും സിംഹശിശും ബലാൽകാരേണ കർഷതി. 14

(തതഃ പ്രവിശതി യഥാനിർദ്ദിഷ്ടകർമ്മാ ബാലസ്താപസീഭ്യാം)

ബാലഃ— ജിംഭ ജിംഭ. ദന്താഇം ദേ ഗണഇസ്സം. [ജൃംഭസ്വ ജൃംഭസ്വ. ദന്താംസ്തേ ഗണയിഷ്യേ]

പ്രഥമാ— അവിണീദ! കിം ണോ അപച്ചണിവ്വിസേസാണി സത്താണി വിപ്പഅരേസി. ഹന്ത! വഡ്ഢഇ ദേ സംരംഭോ. ഠാണേ ക്ഖു, ഇസിജണേണ സവ്വദമണോ ത്തി കിദണാമഹഓ സി. [അവനീത! കിം നോഽപത്യനിർവ്വിശേഷാണി സത്ത്വാനി വിപ്രകരോഷി. ഹന്ത! വർദ്ധതേ തവ സംരംഭഃ. സ്ഥാനേ ഖലു ഋഷിജനേന സർവ്വദമന ഇതി കൃതനാമധേയോഽസി]

രാജാ— കിം നു ഖലു ബാലേഽസ്മിന്നൌരസ ഇവ പുത്രേ സ്നിഹ്യതി മേ മനഃ. നൂനമനപത്യതാ മാം വത്സലയതി.

മാതലി— മഹാന്മാരുടെ ഇച്ഛ മേൽക്കുമേൽ ഉയർന്നുപോകുന്നതാണല്ലോ. (ചുററിനടന്നു് ആകാശത്തിൽ) ഏയ് വൃദ്ധശാകല്യ! ഭഗവാൻ മാരീചൻ എന്താണു് ചെയ്യുന്നതു്? (ചെവിയോർത്തു്) എന്തു പറയുന്നു?—'ദാക്ഷായണി പതിവ്രതാധർമ്മത്തെപ്പററി ചോദിച്ചതിനു മഹർഷിപത്നിമാരോടുകൂടിയ അവരോടു സംസാരിക്കുകയാണു്' എന്നോ? എങ്കിൽ കാത്തുനിൽക്കേണ്ട അവസരമാണു്. (രാജാവിനെ നോക്കി) ആയുഷ്മാൻ കുറച്ചുനേരം ഈ അശോകവൃക്ഷച്ചുവട്ടിൽ ഇരിക്കൂ. അപ്പോഴേക്കും ഞാൻ അങ്ങു വന്നിട്ടുള്ളതു ദേവേന്ദ്രപിതാവിനെ അറിയിക്കാൻ നോക്കാം.

രാജാവു്— താങ്കൾ പറയുംപോലെ. (നിൽക്കുന്നു)

മാതലി— ആയുഷ്മൻ! ഞാൻ പോയിവരട്ടെ. (പോയി)

രാജാവു്— (നിമിത്തസൂചന അഭിനയിച്ചു്)

മനോരഥത്തിൽ എനിക്കു് ആശയില്ല. കയ്യേ! നീ എന്തിനു വെറുതെ
തുടിക്കുന്നു? മുമ്പു തള്ളിക്കളഞ്ഞ ശ്രേയസ്സു തിരിച്ചുവരാൻ പ്രയാസ
മുണ്ടു്. 13

(അണിയറയിൽ)

വികൃതി കാണിക്കരുതു്. അല്ല, സ്വന്തം സ്വഭാവത്തിലേക്കുതന്നെ കടന്നുവോ?

രാജാവു്— (ചെവിയോർത്തിട്ടു്) അവിനയത്തിനുള്ള സ്ഥലമല്ലല്ലോ ഇതു്. ആരെയാണീ വിലക്കുന്നതു്? (ശബ്ദം കേട്ടിടത്തേക്കു നോക്കിയിട്ടു്) ഏയ്! ഏതാണു്, രണ്ടു താപസിമാരോടുകൂടിയ, കുട്ടിത്തത്തിലും കവിഞ്ഞ ശക്തിയുള്ള ഈ ബാലൻ?

തള്ളയുടെ മുല പാതി കുടിച്ചുനിൽക്കുന്ന ഒരു സിംഹക്കുട്ടിയെ സട
യിൽ പിടിച്ചു കളിക്കാൻ വലിച്ചിഴയ്ക്കുന്നു. 14

(അനന്തരം പറഞ്ഞവിധം പ്രവർത്തിക്കുന്ന കുട്ടി താപസിമാരോടുകൂടി പ്രവേശിക്കുന്നു)

ബാലൻ— വാ പൊളിക്കു്, വാ പൊളിക്കു്. ഞാൻ നിന്റെ പല്ലുകൾ എണ്ണിനോക്കട്ടെ.

ഒന്നാമത്തവൾ— വികൃതി! ഞങ്ങളുടെ മക്കളെപ്പോലുള്ള ജീവികളെ കടന്നുപദ്രവിക്കുന്നതു് എന്തിനാണു്. നിന്റെ കുറുമ്പു കുറെയേറുന്നു! വെറുതെയല്ല, ഋഷിമാർ നിനക്കു സർവ്വദമനനെന്നു പേരിട്ടതു്.

രാജാവു്— എന്താണിതു്, ഈ കുട്ടിയുടെനേർക്കു സ്വന്തം പുത്രനോടെന്നപോലെ എന്റെ ഹൃദയത്തിൽ സ്നേഹം തോന്നുന്നതു്? സന്താനമില്ലാത്തതുകൊണ്ടു തോന്നുന്നതായിരിക്കും ഈ വാത്സല്യം.

ദ്വിതീയാ— സവ്വദമണ! ഏസാ ക്ഖു കേസരിണീ തുമം ലംഘേദി, ജഇ സേ പുത്തഅം ണ മുഞ്ചേസി. [സവ്വദമന! ഏഷാ ഖലു കേസരിണീ ത്വാം ലംഘയതി, യദി അസ്യാഃ പുത്രകം ന മുഞ്ചസി]

ബാലഃ— (സസ്മിതം) അമ്മഹേ! ബലിഅം ക്ഖു ഭീദോമ്മി. (ഇത്യധരം ദർശയതി) [അഹോ! ബലീയഃ ഖലു ഭീതോഽസ്മി]

രാജാ—

മഹതസ്തേജസോ ബീജം ബാലോഽയം പ്രതിഭാതി മേ
സ്ഫുലിംഗാവസ്ഥയാ വഹ്നിരേധാപേക്ഷ ഇവ സ്ഥിതഃ. 15

പ്രഥമാ— വച്ഛ! ഏദം ബാലമിഇന്ദഅം മുഞ്ച. അവരം ദേ കീളണഅം ദാഇസ്സം. [വത്സ! ഏനം ബാലമൃഗേന്ദ്രം മുഞ്ച. അപരം തേ ക്രീഡനകം ദാസ്യാമി]

ബാലഃ— കഹിം? ദേഹി ണം. (ഇതി ഹസ്തം പ്രസാരയതി) [കുത്ര? ദേഹ്യേതൽ]

രാജാ— കഥം! ചക്രവർത്തിലക്ഷണമപ്യനേന ധാര്യതേ. തഥാ ഹ്യസ്യ—

പ്രലോഭ്യവസ്തുപ്രണയപ്രസാരിതോ
വിഭാതി ജാലഗ്രഥിതാംഗുലിഃ കരഃ
അലക്ഷ്യപത്രാന്തരമിദ്ധരാഗയാ
നവോഷസാ ഭിന്നമിവൈകപങ്കജം. 16

ദ്വിതീയാ— സുവ്വദേ! ണ സക്കോ ഏസോ വാആമേത്തേണ വിരമയിദും. ഗച്ഛ തുമം. മമകേരഏ ഉഡഏ മക്കണ്ഡേഅസ്സ ഇസികുമാരഅസ്സ വണ്ണചിത്തിദോ മിത്തിആമോരഓ ചിട്ഠദി. തം സേ ഉവഹര. [സുവ്രതേ! ന ശക്യ ഏഷ വാചാമാത്രേണ വിരമയിതും. ഗച്ഛ ത്വം. മദീയേ ഉടജേ മാർക്കണ്ഡേയസ്യർഷികുമാരസ്യ വർണ്ണചിത്രിതോ മൃത്തികാമയൂരസ്തിഷ്ഠതി. തമസ്മാ ഉപഹര]

പ്രഥമാ— തഹ. (ഇതി നിഷ്ക്രാന്താ) [തഥാ]

ബാലഃ— ഇമിണാ എവ്വ ദാവ കീളിസ്സം. (ഇതി താപസീം വിലോക്യ ഹസതി) [അനേനൈവ താവൽ ക്രീഡിഷ്യാമി]

രാജാ— സ്പൃഹയാമി ഖലു ദുർലളിതായാസ്മൈ. (നിഃശ്വസ്യ)

ആലക്ഷ്യദന്തമുകുളാനനിമിത്തഹാസൈ—
രവ്യക്തവർണ്ണരമണീയവചഃപ്രവൃത്തീൻ
അങ്കാശ്രയപ്രണയിനസ്തനയാൻ വഹന്തോ
ധന്യാസ്തദംഗരജസാ മലിനീഭവന്തി. 17

രണ്ടാമത്തവൾ— സർവ്വദമന! ഈ സിംഹി നിന്റെനേക്കു ചാടും, നീ ഇവളുടെ കുഞ്ഞിനെ വിടാഞ്ഞാൽ.

ബാലൻ— (പുഞ്ചിരിച്ചിട്ടു്) ഓഹോ! വല്യ പേടിയാ എനിക്കു്. (കീഴ്ചുണ്ടുപിളർത്തിക്കാട്ടുന്നു)

രാജാവു്— വലിയൊരു തേജസ്സിന്റെ വിത്താണു് ഈ കുട്ടിയെന്നു് എനിക്കു തോന്നുന്നു. വിറകു കാത്തു പൊരിയുടെ നിലയിൽ കിടക്കുന്ന തീയെന്നപോലെ. 15

ഒന്നാമത്തവൾ— ഉണ്ണി! ഈ സിംഹക്കുട്ടിയെ വിടൂ. ഞാൻ നിനക്കു വേറെ കളിപ്പാട്ടം തരാം.

ബാലൻ— എവിടെ? തരൂ. (കൈ മലർത്തിക്കാട്ടുന്നു)

രാജാവു്— എന്തു്! ഇവനു ചക്രവർത്തിലക്ഷണമുണ്ടല്ലോ. എങ്ങനെയെന്നാൽ—

കളിപ്പാട്ടം ചോദിച്ചു നീട്ടിക്കാണിച്ചപ്പോൾ വിരലുകൾ ഇടതൂർന്ന ഇവന്റെ ഉള്ളംകൈ തുടുതുടുപ്പിയന്നു പുതുപുലരിയിൽ ഇതളുകളുടെ ഇടകാണാത്തവിധം വികസിച്ചുനില്ക്കുന്ന ഒററത്താമരപ്പൂപോലെ ശോഭിക്കുന്നു. 16

രണ്ടാമത്തവൾ— സുവ്രതേ! വെറും വാക്കുകൊണ്ടു് ഇവനെ അടക്കാൻ സാദ്ധ്യമല്ല. ചെല്ലു! എന്റെ പർണ്ണശാലയിൽ മാർക്കണ്ഡേയനെന്ന മുനികുമാരന്റെ ചായം പൂശിയ മൺമയിലിരിപ്പുണ്ടു്. അതിവനു കൊണ്ടുവന്നു കൊടുക്കു.

ഒന്നാമത്തവൾ— അങ്ങനെതന്നെ. (പോയി)

ബാലൻ— ഇപ്പൊ ഞാൻ ഇതോണ്ടുതന്നെ കളിക്കട്ടെ. (താപസിയെ നോക്കി ചിരിക്കുന്നു)

രാജാവു്— ഈ കുറുമ്പനെക്കണ്ടിട്ടു് എനിക്കു കൊതിയാവുന്നു. (നെടുവീർപ്പിട്ടു്)

വെറുതെ ചിരിച്ചു കൊച്ചുപല്ലുകൾ കാണിച്ചു് അക്ഷരം തിരിയാതെ എന്തെങ്കിലുമൊക്കെ കൊഞ്ചിപ്പറഞ്ഞു മടിയിൽ കയറിയിരിക്കാൻ വരുമ്പോൾ അവരെ എടുക്കുന്ന ഭാഗ്യവാന്മാർക്കുമാത്രമേ അവരുടെ ശരീരത്തിലെ പൊടിയേററു മാലിന്യമേല്ക്കാൻ പററൂ. 17

താപസീ— ഹോദു. ണ മം അഅം ഗണേദി. (പാർശ്വമവലോകയതി) കോ ഏത്ഥ ഇസികുമാരാണം? (രാജാനമവലോക്യ) ഭദ്ദമുഹ! ഏഹി ദാവ. മോഏഹി ഇമിണാ ദുമ്മോഅഹത്ഥഗ്ഗഹേണ ഡിംഭലീലാഏ ബാഹിഅമാണം ബാലമിഇന്ദഅം. [ഭവതു. ന മാമയം ഗണയതി. കോഽത്ര ഋഷികുമാരാണാം? ഭദ്രമുഖ! ഏഹി താവൽ. മോചയാനേന ദുർമ്മോകഹസ്തഗ്രഹേണ ഡിംഭലീലയാ ബാധ്യമാനം ബാലമൃഗേന്ദ്രം]

രാജാ— (ഉപഗമ്യ സസ്മിതം) അയി ഭോ മഹർഷിപുത്ര!

ഏവമാശ്രമവിരുദ്ധവൃത്തിനാ
സംയമഃ കിമിതി ജന്മതസ്ത്വയാ
സത്ത്വസംശ്രയസുഖോഽപി ദൂഷ്യതേ
കൃഷ്ണസർപ്പശിശുനേവ ചന്ദനഃ. 18

താപസീ— ഭദ്ദമുഖ! ണ ക്ഖു അഅം ഇസികുമാരഓ. [ഭദ്രമുഖ! ന ഖല്വയമൃഷികുമാരഃ]

രാജാ— ആകാരസദൃശം ചേഷ്ടിതമേവാസ്യ കഥയതി. സ്ഥാനപ്രത്യയാത്തു വയമേവംതർക്കിണഃ. (യഥാഭ്യർത്ഥിതമനുതിഷ്ഠൻ ബാലസ്പർശമുപലഭ്യ ആത്മഗതം)

അനേന കസ്യാപി കുലാങ്കുരേണ
സ്പൃഷ്ടസ്യ ഗാത്രേഷു സുഖം മമൈവം
കാം നിർവൃതിം ചേതസി തസ്യ കുര്യാ—
ദ്യസ്യായമംഗാൽ കൃതിനഃ പ്രരൂഢഃ. 19

താപസീ— (ഉഭൌ നിർവർണ്ണ്യ) അച്ഛരിഅം അച്ഛരിഅം! [ആശ്ചര്യം ആശ്ചര്യം!]

രാജാ— ആര്യേ! കിമിവ?

താപസീ— ഇമസ്സ ബാലഅസ്സ ദേ വി സംവാദിണീ ആകിദി ത്തി വിഹ്മാവിദഹ്മി. അപരിഇദസ്സ വി ദേ അപ്പഡിലോമോ സംവുത്തോ ത്തി. [അസ്യ ബാലകസ്യ തേഽപി സംവാദിന്യാകൃതിരിതി വിസ്മാപിതാസ്മി. അപരിചിതസ്യാപി തേഽപ്രതിലോമഃ സംവൃത്ത ഇതി]

രാജാ— (ബാലകമുപലാളയൻ) ന ചേന്മുനികുമാരോഽയമഥ കോഽസ്യ വ്യപദേശഃ?

താപസീ— പുരുവംസോ. [പുരുവംശഃ]

താപസി— ആവട്ടെ. ഇവനെന്നെ അനുസരിക്കുന്നില്ല. (തിരിഞ്ഞുനോക്കുന്നു) ഇവിടെ ഋഷികുമാരന്മാരിലാരാണുള്ളതു്? (രാജാവിനെ കണ്ടിട്ടു്) ശ്രീമൻ! ഒന്നു വരു. ഇവൻ മുറുക്കെപ്പിടിച്ചു കുട്ടിക്കളിയിൽ ഉപദ്രവിക്കുന്ന ഈ സിംഹക്കുട്ടിയെ വിടുവിച്ചുതരു.

രാജാവു്— (അടുത്തുചെന്നു പുഞ്ചിരിച്ചിട്ടു്) ഏയ് മഹർഷിപുത്ര!

ഇത്തരത്തിൽ ജനനംമുതൽക്കേ ആശ്രമത്തിനനുചിതമായി പ്രവത്തിച്ചിട്ടു നീ എന്താണിങ്ങനെ ജീവികൾക്കെല്ലാം ആശ്രയസുഖം നൽകുന്ന ശാന്തസ്വഭാവത്തെ ദൂഷിപ്പിക്കുന്നതു്? കൃഷ്ണസർപ്പക്കുഞ്ഞു ചന്ദനവൃക്ഷത്തെ എന്നപോലെ. 18

താപസി— ശ്രീമൻ! ഇതു് ഋഷികുമാരനല്ല.

രാജാവു്— ആകൃതിക്കൊത്ത പ്രവൃത്തിതന്നെ അതു പറയുന്നുണ്ടു്. സ്ഥലമിതാണല്ലോ എന്നുവെച്ചു് അങ്ങിനെ വിചാരിച്ചു എന്നേ ഉള്ളൂ.

(പറഞ്ഞപ്രകാരംചെയ്യുമ്പോൾ കുട്ടിയുടെ സ്പർശസുഖം അനുഭവിച്ചു വിചാരം)

ഏതോ വംശത്തിന്റെ കുരുന്നായ ഇവന്റെ സ്പർശംകൊണ്ടു് എന്റെ ശരീരത്തിനു ഇത്ര സുഖം. ഏതൊരു ധന്യന്റെ ശരീരത്തിൽനിന്നാണോ ഇവൻ ജനിച്ചതു്, അയാളുടെ മനസ്സിൽ എന്തു നിർവൃതിയുണ്ടാകും? 19

താപസി— (ഇരുവരെയും നോക്കി) അത്ഭുതമത്ഭുതം!

രാജാവു്— ആര്യേ! എന്താണതു്?

താപസി— ഈ കുട്ടിയുടേയും അങ്ങയുടെയും ആകൃതിയ്ക്കുള്ള സാമ്യം കണ്ടപ്പോൾ അത്ഭുതം തോന്നി. പരിചയമില്ലെങ്കിലും അങ്ങയെ അനുസരിക്കാതിരുന്നതുമില്ല.

രാജാവു്— (കുട്ടിയെ ഓമനിച്ചുകൊണ്ടു്) ഇവൻ ഋഷികുമാരനല്ലെങ്കിൽ പിന്നെ ഇവന്റെ വംശം ഏതാണു്?

താപസി— പുരുവംശം.

രാജാ— (ആത്മഗതം) കഥമേകാന്വയോ മമ? അതഃ ഖലു മദനുകാരിണമേനമത്രഭവതീ മന്യതേ. ഭവതു അസ്ത്യേതൽ പൌരവാണാമന്ത്യം കുലവ്രതം.

ഭവനേഷു സുധാസിതേഷു പൂർവ്വം
ക്ഷിതിരക്ഷാർത്ഥമുശന്തി യേ നിവാസം
നിയതൈകപതിവ്രതാനി പശ്ചാ—
ത്തരുമൂലാനി ഗൃഹീഭവന്തി തേഷാം. 20

(പ്രകാശം) ന പുനരാത്മഗത്യാ മാനുഷാണാമേഷ വിഷയഃ.

താപസീ— ജഹ ഭദ്ദമുഹോ ഭണാദി. അച്ഛരാസംബന്ധേണ ഇമസ്സ ജണണീ എത്ഥ ദേവഗുരുണോ തവോവണേ പസൂദാ. [യഥാ ഭദ്രമുഖോ ഭണതി. അപ്സരഃസംബന്ധേനാസ്യ ജനന്യത്ര ദേവഗുരോസ്തപോവനേ പ്രസൂതാ]

രാജാ— (ആത്മഗതം) ഹന്ത! ദ്വിതീയമിദമാശാജനനം. (പ്രകാശം) അഥ സാ തത്രഭവതീ കിമാഖ്യസ്യ രാജർഷേഃ പത്നീ?

താപസീ— കോ തസ്സ ധമ്മദാരപരിച്ചാഇണോ ണാമ സങ്കീത്തിസ്സദി? [കസ്തസ്യ ധർമ്മദാരപരിത്യാഗിനോ നാമ സങ്കീർത്തയിഷ്യതി?]

രാജാ— (സ്വഗതം) ഇയം ഖലു കഥാ മാമേവ ലക്ഷീകരോതി. യദി താവദസ്യ ശിശോർമാതരം നാമതഃ പൃച്ഛാമി? അഥ വാ, ന ന്യായ്യഃ പരദാരവ്യവഹാരഃ.

(പ്രവിശ്യ മൃന്മയൂരഹസ്താ)

താപസീ— സവ്വദമണ! സഉന്ദലാവണ്ണം പേക്ഖ. [സർവ്വദമന! ശകുന്തലാവണ്യം പ്രേക്ഷസ്വ]

ബാലഃ— (സദൃഷ്ടിക്ഷേപം) കഹിം വാ മേ അജ്ജൂ? [കുത്ര വാ മമ മാതാ]

ഉഭേ— ണാമസാരിസ്സേണ വഞ്ചിദോ മാഉവച്ഛലോ. [നാമസാദൃശ്യേന വഞ്ചിതോ മാതൃവത്സലഃ]

ദ്വിതീയാ— വച്ഛ! ഇമസ്സ മിത്തിആമോരഅസ്സ രമ്മത്തണം ദേക്ഖ ത്തി ഭണിദോ സി. [വത്സ! അസ്യ മൃത്തികാമയൂരസ്യ രമ്യത്വം പശ്യേതി ഭണിതോഽസി]

രാജാ— (ആത്മഗതം) കിം വാ ശകുന്തളേത്യസ്യ മാതുരാഖ്യാ? സന്തി പുനർനാമധേയസാദൃശ്യാനി. അപി നാമ മൃഗതൃഷ്ണികേവ നാമമാത്രപ്രസ്താവോ മേ വിഷാദായ കല്പേത?

ബാലഃ— അജ്ജുഏ! രോഅദി മേ എസോ ഭദ്ദമോരഓ. (ഇതി ക്രീഡനകമാദത്തേ) [മാതഃ! രോചതേ മ ഏഷ ഭദ്രമയൂരഃ]

രാജാവ്— (വിചാരം) എന്റെ വംശംതന്നെയോ! അതുകൊണ്ടായിരിക്കണം ഇവന്നു് എന്റെ ഛായയുണ്ടെന്നു് ഇവർക്കു തോന്നിയതു്. ശരി, പൌരവന്മാരുടെ അവസാനത്തെ കുലവ്രതം ഇതാണല്ലോ.

ആദ്യം ഭൂമിപാലനാർത്ഥം വെൺകളിയിട്ട കോവിലകങ്ങളിൽ വാഴ്കകൊണ്ടു അവർക്കു പിന്നീടു് ഒപ്പം ഒരു പതിവ്രതയോടുകൂടിയ മരച്ചുവട്ടുകൾ വീടായിത്തീരുന്നു. 20

(വെളിവായി) ഇതു മനുഷ്യർക്കു തന്നത്താൻ വന്നുചേരാവുന്ന സ്ഥലമല്ലല്ലോ.

താപസി— അങ്ങു പറഞ്ഞതു ശരിയാണു്. ഈ കുട്ടിയുടെ അമ്മ അപ്സരസ്സംബന്ധംമൂലം ഈ ദേവേന്ദ്രപിതാവിന്റെ തപോവനത്തിലാണു് പ്രസവിച്ചതു്.

രാജാവ്— (വിചാരം) ഇതു രണ്ടാമത്തു് ആശയുളവാക്കുന്നു. (വെളിവായി) ഏതു രാജർഷിയുടെ ഭാര്യയാണു് ആ ശ്രീമതി?

താപസി— ധർമ്മപത്നിയെ ഉപേക്ഷിച്ച അയാളുടെ പേരു് ആരാണുച്ചരിക്കുക?

രാജാവ്— (വിചാരം) ഈ കഥ എന്നെത്തന്നെയാണല്ലോ ഉന്നംവെക്കുന്നതു്? ഇവന്റെ അമ്മയുടെ പേർതന്നെ ചോദിച്ചാലോ? അല്ലെങ്കിൽ വേണ്ട, അന്യന്റെ ഭാര്യയെപ്പറ്റിയുള്ള സംസാരം ന്യായമല്ല.

(മണ്മയിലുമായി പ്രവേശിച്ചിട്ടു്)

താപസി— സർവ്വദമന! ഈ ശകുന്തലാവണ്യം നോക്കൂ.

ബാലൻ— (തിരിഞ്ഞു നോക്കി) എന്റെ അമ്മ എവിടെ?

ഇരുവരും— ഈ അമ്മക്കൊതിയൻ ശബ്ദസാദൃശ്യത്തിൽ ഭ്രമിച്ചുപോയി.

രണ്ടാമത്തവൾ— ഉണ്ണി! ഈ മൺമയിലിന്റെ ഭംഗി നോക്കു എന്നാണു് പറഞ്ഞതു്.

രാജാവ്— (വിചാരം) ഇവന്റെ അമ്മയുടെ പേരു ശകുന്തള എന്നായിരിക്കുമോ? പക്ഷേ, പലർക്കും ഒരേ പേരുണ്ടാവാമല്ലോ. ഈ കഥകളെല്ലാം മൃഗതൃഷ്ണപോലെ ദുഃഖിപ്പിയ്ക്കാനാവുമോ?

ബാലൻ— അമ്മേ! എനിക്കു് ഈ നല്ല മയിൽ ഏറ്റവും ഇഷ്ടപ്പെട്ടു. (കളിപ്പാട്ടം വാങ്ങുന്നു)

പ്രഥമാ— (വിലോക്യ സോദ്വേഗം) അമ്മഹേ! രക്ഖാകരണ്ഡഅം സേ മണിബന്ധേ ണ ദീസദി. [അഹോ! രക്ഷാകരണ്ഡകമസ്യ മണിബന്ധേ ന ദൃശ്യതേ]

രാജാ— അലമലമാവേഗേന. നന്വിദമസ്യ സിംഹശാവവിമർദ്ദാൽ പരിഭ്രഷ്ടം. (ഇത്യാദാതുമിച്ഛതി)

ഉഭേ— മാ ക്ഖു. മാ ക്ഖു ഏദം അവലംബിഅ. കഹം ഗഹീദം ണേണ? (ഇതി വിസ്മയാദ്ദുരോനിഹിതഹസ്തേ പരസ്പരമവലോകയതഃ) [മാ ഖലു മാ ഖല്വിദമവലംബ്യ. കഥം ഗൃഹീതമനേന?]

രാജാ— കിമിർത്ഥം പ്രതിഷിദ്ധാഃ സ്മഃ?

പ്രഥമാ— സുണാദു മഹാരാഓ. ഏസാ അവരാജിദാ ണാമ ഓസഹി, ഇമസ്സ ജാതകമ്മസമഏ ഭഅവദാ മാരീഏണ ദിണ്ണാ. ഏദം കില മാദാപിദരോ അപ്പാണം അ വജ്ജിഅ അവരോ ഭൂമിപഡിദം ണ ഗേണ്ഹദി. [ശൃണോതു മഹാരാജഃ. ഏഷാപരാജിതാ നാമൌഷധിരസ്യ ജാതകർമ്മസമയേ ഭഗവതാ മാരീചേന ദത്താ. ഏതാം കില മാതാപിതരാവാത്മാനം ച വർജ്ജയിത്വാഽപരോ ഭൂമിപതിതാം ന ഗൃഹ്ണാതി]

രാജാ— അഥ ഗൃഹ്ണാതി?

താപസീ— തദോ തം സപ്പോ ഭവിഅ ദംസഇ. [തതസ്തം സപ്പോ ഭൂത്വാ ദശതി]

രാജാ— ഭവതീഭ്യാം കദാചിദസ്യാഃ പ്രത്യക്ഷീകൃതാ വിക്രിയാ?

ഉഭേ— അണേഅസോ. [അനേകശഃ]

രാജാ— (സഹർഷം. ആത്മഗതം) കഥമിവ സമ്പൂർണ്ണമപി മേ മനോരഥം നാഭിനന്ദാമി? (ഇതി ബാലം പരിഷ്വജതേ)

ദ്വിതീയാ— സുവ്വദേ! ഏഹി. ഇമം വുത്തന്തം ണിഅമവ്വാവുഡാഏ സഉന്ദലാഏ ണിവേദേമ്ഹ. [സുവ്രതേ! ഏഹി. ഇമം വൃത്താന്തം നിയമവ്യാപൃതായൈ ശകുന്തളായൈ നിവേദയാവഃ]

(ഇതി നിഷ്ക്രാന്തേ)

ബാലഃ— മുഞ്ച മം. ജാവ അജ്ജൂആഏ സആസം ഗമിസ്സം. [മുഞ്ച മാം. യാവന്മാതുഃ സകാശം ഗമിഷ്യാമി]

രാജാ— പുത്രക! മയാ സഹൈവ മാതരമഭിനന്ദിഷ്യസി.

ബാലഃ— മമ ക്ഖു താദോ ദുസ്സന്ദോ, ണ തുമം. [മമ ഖലു താതോ ദുഷ്യന്തഃ, ന ത്വം]

രാജാ— (സസ്മിതം സ്വഗതം) ഏഷ വിവാദ ഏവ പ്രത്യായയതി

(തതഃ പ്രവിശത്യേകവേണീധരാ ശകുന്തളാ)

ശകുന്തളാ— വിആരകാലേ വി പകിദിത്ഥം സവ്വദമണസ്സ ഓസഹിം സുണിഅ ണ മേ ആസാ ആസി അത്തണോ ഭാഅഹേഏസു. അഹവാ, ജഹ സാണുമദീഏ ആചക്ഖിദം, തഹ സംഭാവീഅദി ഏദം. [വികാരകാലേഽപി പ്രകൃതിസ്ഥാം സർവ്വദമനസ്യൌഷധിം ശ്രുത്വാ ന മേ ആശാസീദാത്മനോ ഭാഗധേയേഷു. അഥവാ, യഥാ സാനുമത്യാഖ്യാതം, തഥാ സംഭാവ്യത ഏതൽ]

ഒന്നാമത്തവൾ— (നോക്കി പരിഭ്രമത്തോടെ) അയ്യോ! ഇവന്റെ കയ്യിന്മേൽ രക്ഷായന്ത്രം കാണാനില്ലല്ലോ.

രാജാവ്— ഭയപ്പെടേണ്ട. അതിതാ സിംഹക്കുട്ടിയെ പിടിച്ചുവലിക്കുമ്പോൾ താഴെ വീണുകിടക്കുന്നു. (എടുക്കാൻ ഭാവിയ്ക്കുന്നു)

ഇരുവരും— അരുത്, അതെടുക്കരുത്. അല്ലാ എടുത്തുകഴിഞ്ഞുവോ?

(അത്ഭുതത്താൽ നെഞ്ചത്തു കൈവെച്ച് അന്യോന്യം നോക്കുന്നു)

രാജാവ്— എന്തിനേ നമ്മെ തടഞ്ഞത്?

ഒന്നാമത്തവൾ— മഹാരാജാവു കേട്ടാലും. ഇത്, ഇവന്റെ ജാതകർമ്മം നടത്തുമ്പോൾ ഭഗവാൻ മാരീചൻ കൊടുത്ത 'അപരാജിത' എന്ന ഒരു ഓഷധിയാണ്. ഇതു നിലത്തുവീണാൽ അച്ഛനമ്മമാരോ താനോ ഒഴികെ മററാരും എടുക്കാറില്ല.

രാജാവ്— എടുക്കുകയാണെങ്കിൽ?

ഒന്നാമത്തവൾ— ഉടൻതന്നെ അവനെ അതു പാമ്പായി കൊത്തും.

രാജാവ്— എപ്പോഴെങ്കിലും നിങ്ങൾ ആ മാററം നേരിട്ടു കണ്ടിട്ടുണ്ടോ?

ഇരുവരും— പല പ്രാവശ്യവും.

രാജാവ്— (സന്തോഷത്തോടുകൂടി വിചാരം) ഇനിയും സമ്പൂർണ്ണമായ മനോരഥത്തെ എങ്ങിനെയാണ് ഞാൻ അഭിനന്ദിയ്ക്കാതിരിക്കുക? (കുട്ടിയെ വാരി പുണരുന്നു)

രണ്ടാമത്തവൾ— വത്സ സുവ്രതേ! ഈ വാർത്ത വ്രതത്തിലേർപ്പെട്ടിരിയ്ക്കുന്ന ശകുന്തളയോടു ചെന്നു പറയുക.

(രണ്ടുപേരും പോയി)

ബാലൻ— എന്നെ വിടൂ. ഞാൻ അമ്മയുടെ അടുക്കലേക്കു പോകട്ടെ.

രാജാവ്— മകനേ! നമുക്കു രണ്ടുപേർക്കും ഒപ്പം അമ്മയെ സന്തോഷിപ്പിയ്ക്കാം.

ബാലൻ— എന്റെ അച്ഛൻ ദുഷ്യന്തനാണ്, അങ്ങല്ല.

രാജാവ്— (പുഞ്ചിരിയോടെ വിചാരം) ഈ എതിർവാദംതന്നെ വിശ്വാസമുളവാക്കുന്നു.

(അനന്തരം ഏകവേണി ധരിച്ച ശകുന്തള പ്രവേശിക്കുന്നു)

ശകുന്തള— സർവ്വദമനന്റെ ഓഷധിക്ക്, മാററം വരേണ്ട സമയത്തും മാററമുണ്ടായില്ലെന്നു കേട്ടിട്ടും എനിക്ക് എന്റെ ഭാഗ്യങ്ങളിൽ ആശയുണ്ടായില്ല. അല്ലെങ്കിൽ, സാനുമതി പറഞ്ഞതനുസരിച്ച് അതു സംഭവിക്കാവുന്നതാണ്.

രാജാ— (ശകുന്തളാം വിലോക്യ) അയേ! സേയമത്രഭവതീ ശകുന്തളാ. യൈഷാ—

വസനേ പരിധൂസരേ വസാനാ
നിയമക്ഷാമമുഖീ ധൃതൈകവേണീ
അതിനിഷ്ക്കരുണസ്യ ശുദ്ധശീലാ
മമ ദീർഘം വിരഹവ്രതം വഹന്തീ. 21

ശകുന്തളാ— (പശ്ചാത്താപവിവർണ്ണം രാജാനം ദൃഷ്ട്വാ) ണ ക്ഖു അജ്ജഉത്തോ വിഅ. തദോ കോ ഏസോ ദാണിം കിദരക്ഖാമംഗലം ദാരഅം മേ ഗത്തസംസഗ്ഗേണ ദൂസേദി? [ന ഖല്വാര്യ്യപുത്ര ഇവ. തതഃ ക ഏഷ ഇദാനിം കൃതരക്ഷാമംഗലം ദാരകം മേ ഗാത്രസംസർഗ്ഗേണ ദൂഷയതി?]

ബാലഃ— (മാതരമുപേത്യ) അജ്ജുഏ! ഏസോ കോവി പുരിസോ മം പുത്ത ത്തി ആലിംഗദി. [മാതഃ! ഏഷ കോഽപി പുരുഷോ മാം പുത്ര ഇത്യാലിംഗതി]

രാജാ— പ്രിയേ! ക്രൗര്യ്യമപി മേ ത്വയി പ്രയുക്തമനുകൂലപരിണാമം സംവൃത്തം, യദഹമിദാനീം ത്വയാപ്രത്യഭിജ്ഞാതമാത്മാനം പശ്യാമി.

ശകുന്തളാ — (ആത്മഗതം) ഹിഅഅ! സമസ്സസ സമസ്സസ. പരിച്ചത്തമച്ഛരേണ അണുഅമ്പിഅമ്ഹി ദേവ്വേണ. അജ്ജഉത്തോ ക്ഖു ഏസോ. [ഹൃദയ! സമാശ്വസിഹി സമാശ്വസിഹി. പരിത്യക്തമത്സരേണാനുകമ്പിതാസ്മി ദൈവേന. ആര്യ്യപുത്രഃ ഖല്വേഷഃ]

രാജാ— പ്രിയേ!

സ്മൃതിഭിന്നമോഹതമസോ
ദിഷ്ട്യാ പ്രമുഖേ സ്ഥിതാഽസി മേ സുമുഖി!
ഉപരാഗാന്തേ ശ്ശീനഃ
സമുപഗതാ രോഹിണീ യോഗം. 22

ശകുന്തളാ— ജേദു ജേദു അജ്ജഉത്തോ. (ഇത്യർദ്ധോക്തേ ബാഷ്പകണ്ഠീ വിരമതി) [ജയതു ജയത്വാര്യ്യപുത്രഃ]

രാജാ— സുന്ദരി!

ബാഷ്പേണ പ്രതിഷിദ്ധേഽപി ജയശബ്ദേ ജിതം മയാ
യത്തേ ദൃഷ്ടമസംസ്കാരപാടലോഷ്ഠപുടം മുഖം. 23

ബാലഃ — അജ്ജുഏ! കോ ഏസോ? [മാതഃ! ക ഏഷഃ?]

ശകുന്തളാ— വച്ഛ! ദേ ഭാഅഹേആഇം പുച്ഛേഹി. [വത്സ! തേ ഭാഗധേയാനി പൃച്ഛ]

രാജാവ്— (ശകുന്തളയെ കണ്ടിട്ട്) ആ! ശ്രീമതി ശകുന്തള ഇതാ.

മുഷിഞ്ഞ ഇണപ്പുടവയുടുത്തും വ്രതങ്ങൾ നിമിത്തം കവിളൊട്ടിയും ഏകവേണി ധരിച്ചും പരിശുദ്ധ സ്വഭാവയായി നിർദ്ദയനായ എന്റെ വേർപാടിൽ ദീൎഘകാലമായി വ്രതമനുഷ്ഠിച്ചുകൊണ്ടു കഴിഞ്ഞുകൂടുകയാണിവൾ. 21

ശകുന്തള— (പശ്ചാത്താപത്താൽ നിറംമാറിയ രാജാവിനെ കണ്ടിട്ട്) ആൎയ്യപുത്രനല്ലെന്നു തോന്നുന്നുവല്ലോ. എന്നാൽ ആരാണിതു്, രക്ഷായന്ത്രം കെട്ടിയിട്ടുള്ള എന്റെ കുട്ടിയെ എടുത്തു ശുദ്ധം മാററുന്നതു്?

ബാലൻ— (അമ്മയുടെ അടുത്തുചെന്നു്) അമ്മേ! ഇതാ ഏതോ ഒരാൾ എന്നെ മകനേ എന്നുവിളിച്ചു കെട്ടിപ്പിടിക്കുന്നു.

രാജാവ്— പ്രിയേ! ക്രൌൎയ്യംപോലും ഞാൻ നിന്റെ നേരെ കാണിച്ചതു് അനുകൂലമായിട്ടാണ് പരിണമിച്ചതു്. കാരണം, നീയെന്നെ കണ്ടിട്ട് അറിഞ്ഞില്ലെന്നു ഞാൻ കരുതുന്നു.

ശകുന്തള—(വിചാരം) ഹൃദയമേ! ആശ്വസിക്കൂ, ആശ്വസിക്കൂ. ദൈവം വൈരം വെടിഞ്ഞു് എന്റെ പേരിൽ ദയ കാണിച്ചിരിക്കുന്നു. ആൎയ്യപുത്രൻ തന്നെയാണിതു്.

രാജാവ്— പ്രിയേ!

അജ്ഞാനാന്ധകാരംനീങ്ങി ഓൎമ്മവന്ന എന്റെ മുമ്പിൽ ഭാഗ്യത്താൽ നീ സുമുഖിയായി വന്നുചേർന്നിരിക്കുന്നു. ഗ്രഹണത്തിന്റെ അവസാനത്തിൽ രോഹിണി ചന്ദ്രനോടു ചേർന്നിരിക്കുന്നു. 22

ശകുന്തള— ആൎയ്യപുത്രൻ വിജയിപ്പൂതാക, വിജയിപ്പൂതാക. (എന്നു പകുതി പറഞ്ഞു തൊണ്ടയിടറി നിർത്തുന്നു)

രാജാവ്— സുന്ദരി!

കണ്ണീർ ജയാശംസയെ തടഞ്ഞുവെങ്കിലും ഞാൻജയിച്ചു. നിറം വരുത്താത്തതിനാൽ വിളൎത്ത ചൊടിയാർന്ന നിന്റെ മുഖം കാണാൻ കഴിഞ്ഞുല്ലോ. 23

ബാലൻ— അമ്മേ! ആരാണിതു്?

ശകുന്തള— ഉണ്ണീ! നിന്റെ ഭാഗ്യങ്ങളോടു ചോദിക്കൂ.

രാജാ— (ശകുന്തളായാഃ പാദയോഃ പ്രണിപത്യ)

സുതനു! ഹൃദയാൽ പ്രത്യാദേശവ്യളീകമപൈതു തേ
കിമപി മനസഃ സമ്മോഹോ മേ തദാ ബലവാനഭൂൽ
പ്രബലതമസാമേവംപ്രായാഃ ശുഭേഷു ഹി വൃത്തയഃ
സ്രജമപി ശിരസ്യന്ധഃ ക്ഷിപ്താം ധുനോത്യഹിശങ്കയാ. 24

ശകുന്തളാ— ഉട്ഠേദു അജ്ജഉത്തോ. ണൂണം മേ സുചരിഅപ്പഡിബന്ധഅം പുരാകിദം തേസു ദിഅഹേസു പരിണാമമുഹം ആസി, ജേണ സാണുക്കോസോ വി അജ്ജഉത്തോ മഇ വിരസോ സംവുത്തോ. [ഉത്തിഷ്ഠത്വാര്യ്യപുത്രഃ. നൂനം മേ സുചരിതപ്രതിബന്ധകം പുരാകൃതം തേഷു ദിവസേഷു പരിണാമമുഖമാസീൽ. യേന സാനുക്രോശോഽപ്യാര്യ്യപുത്രോ മയി വിരസഃ സംവൃത്തഃ]

(രാജോത്തിഷ്ഠതി)

ശകുന്തളാ— അഹ കഹം അജ്ജഉത്തേണ സുമരിദോ ദുക്ഖഭാഈ അഅം ജണോ? [അഥ കഥമാര്യ്യപുത്രേണ സ്മൃതോ ദുഃഖഭാഗ്യയം ജനഃ?]

രാജാ— ഉൽധൃതവിഷാദശല്യഃ കഥയിഷ്യാമി.

മോഹാന്മയാ സുതനു! പൂർവ്വമുപേക്ഷിതസ്തേ
യോ ബാഷ്പബിന്ദുരധരം പരിബാധമാനഃ
തം താവദാകുടിലപക്ഷ്മവിലഗ്നമദ്യ
ബാഷ്പം പ്രമൃജ്യ വിഗതാനുശയോ ഭവേയം. 25

(ഇതി യഥോക്തമനുതിഷ്ഠതി)

ശകുന്തളാ—(നാമമുദ്രാം ദൃഷ്ട്വാ) അജ്ജഉത്ത! ഏദം ദേ അംഗുലിഅഅം. [ആര്യ്യപുത്ര! ഏതൽ തേഽംഗുലീയകം]

രാജാ— അസ്മാദംഗുലീയോപലംഭാൽ ഖലു സ്മൃതിരുപലബ്ധാ.

ശകുന്തളാ— വിസമം കിദം ണേണ, ജം തദാ അജ്ജഉത്തസ്സ പച്ചഅകാലേ ദുല്ലഹം ആസി. [വിഷമം കൃതമനേന, യത്തദാര്യ്യപുത്രസ്യ പ്രത്യയകാലേ ദുർലഭമാസീൽ]

രാജാ— തേന ഹി ഋതുസമവായചിഹ്നം പ്രതിപദ്യതാം ലതാ കുസുമം.

ശകുന്തളാ— ണ സേ വിസ്സസാമി. അജ്ജഉത്തോ എവ്വ ണം ധാരേദു. [നാസ്യ വിശ്വസിമി. ആര്യ്യപുത്ര ഏവൈനം ധാരയതു]

(തതഃ പ്രവിശതി മാതലിഃ)

മാതലിഃ — ദിഷ്ട്യാ ധർമ്മപത്നീസമാഗമേന പുത്രമുഖദർശനേന ചായുഷ്മാൻ വർദ്ധതേ.

രാജാ— അഭൂൽ സമ്പാദിതസ്വാദുഫലോ മേ മനോരഥഃ. മാതലേ! ന ഖലു വിദിതോഽയമാഖണ്ഡലേന വൃത്താന്തഃ സ്യാൽ?

രാജാവു്— (ശകുന്തളയുടെ പാദങ്ങളിൽ നമസ്കരിച്ചിട്ടു്)

സുന്ദരി! നിന്റെ ഹൃദയത്തിൽനിന്നു്, ഞാനന്നു തള്ളിക്കളഞ്ഞതിലുള്ള ദുഃഖം തീരെ നീങ്ങട്ടെ. അന്നെന്റെ മനസ്സിനു വല്ലാത്തൊരു ബോധക്കേടുണ്ടായിരുന്നു. ഇരുട്ടു മുഴുത്തവർ നല്ല കാര്യ്യങ്ങളിൽ മിക്കവാറും ഇങ്ങനെയൊക്കെത്തന്നെയാണു് പ്രവർത്തിക്കുക. തലയിൽ മാലയിട്ടാലും കണ്ണില്ലാത്തവൻ അതു പാമ്പെന്നു ശങ്കിച്ചു തട്ടിക്കളയുന്നു. 24

ശകുന്തള— ആര്യ്യപുത്രൻ എഴുന്നേൽക്കൂ. തീർച്ചയായും എന്റെ സുകൃതത്തിന്നെതിരായ പണ്ടത്തെ ഏതോ കർമ്മം അക്കാലത്തു ഫലം കാണിക്കാൻ തുടങ്ങിയിരുന്നിരിക്കണം. അതുകൊണ്ടാണു് ദയാലുവാണെങ്കിലും ആര്യ്യപുത്രൻ എന്റെ നേരെ വൈരസ്യം കാണിച്ചതു്.

(രാജാവെഴുന്നേൽക്കുന്നു)

ശകുന്തള— പിന്നെ എങ്ങനെയാണു് ആര്യ്യപുത്രനു ദുഃഖിതയായ ഈയുള്ളവളെ ഓർമ്മയുണ്ടായതു്?

രാജാവു്— പശ്ചാത്താപശല്യം പറിച്ചുകളഞ്ഞിട്ടു പറയാം.

സുന്ദരി! അന്നു നിന്റെ ചെഞ്ചൊടിയിലൊഴുകിവീണിരുന്ന കണ്ണീരിൽ ഞാൻ അറിവില്ലായ്മയാൽ ഉപേക്ഷ കാണിച്ചു. ഇന്നു തെല്ലു വളഞ്ഞ ഇമകളിൽ തിങ്ങിനിൽക്കുന്ന ആ കണ്ണീർ തുടച്ചു പശ്ചാത്താപം തീർക്കട്ടെ. 25

(എന്നു പറഞ്ഞു കണ്ണീർ തുടയ്ക്കുന്നു)

ശകുന്തള— (പേരുള്ള മോതിരം കണ്ടിട്ടു്) ആര്യ്യപുത്ര! ഇതാ അവിടുത്തെ മോതിരം.

രാജാവു്— ഈ മോതിരം കിട്ടിയപ്പോഴാണു് ഓർമ്മയുണ്ടായതു്.

ശകുന്തള— ഇതാണു് കുഴപ്പമുണ്ടാക്കിത്തീർത്തതു്. അന്നു് ആര്യ്യപുത്രനു വിശ്വാസം വരുത്തേണ്ടുന്ന സമയത്തു് ഇതു കിട്ടിയില്ലല്ലോ.

രാജാവു്— എന്നാൽ വസന്തം വന്നുചേർന്നതിന്റെ ലക്ഷണമായ പുഷ്പം ലതയ്ക്കു കൈവരട്ടെ.

ശകുന്തള— എനിക്കിതിനെ വിശ്വാസമില്ല. ആര്യ്യപുത്രൻതന്നെ ഇതു ധരിച്ചുകൊള്ളൂ.

(അനന്തരം മാതലി പ്രവേശിക്കുന്നു)

മാതലി— ഭാഗ്യം. ആയുഷ്മാനു നല്ലകാലം വന്നിരിക്കുന്നു. ധർമ്മപത്നിയുമായി ചേരുവാനും പുത്രന്റെ മുഖം കാണുവാനുമിടയായല്ലോ.

രാജാവു്— എന്റെ മനോരഥത്തിനു മധുരഫലം ഉളവായിക്കഴിഞ്ഞു. മാതലി! ഈ വർത്തമാനം ദേവേന്ദ്രൻ അറിയാതിരിക്കുമോ?

മാതലിഃ— (സസ്മിതം) കിമീശ്വരാണാം പരോക്ഷം? ഏത്വായുഷ്മാൻ. ഭഗവാൻ മാരീചസ്തേ ദർശനം വിതരതി.

രാജാ— ശകുന്തളേ! അവലംബ്യതാം പുത്രഃ. ത്വാം പുരസ്കൃത്യ ഭഗവന്തം ദ്രഷ്ടുമിച്ഛാമി.

ശകുന്തളാ— ഹിരിആമി അജ്ജഉത്തേണ സഹ ഗുരുസമീപം ഗന്തും. [ജിഹ്രേമ്യാര്യപുത്രേണ സഹ ഗുരുസമീപം ഗന്തും]

രാജാ— അപ്യാചരിതവ്യമഭ്യുദയകാലേഷു? ഏഹ്യേഹി. (സർവ്വേ പരിക്രാമന്തി)

(തതഃ പ്രവിശത്യദിത്യാ സാർദ്ധമാസനസ്ഥോ മാരീചഃ)

മാരീചഃ— (രാജാനമവലോക്യ) ദാക്ഷായണി!

പുത്രസ്യ തേ രണശിരസ്യയമഗ്രയായീ
ദുഷ്യന്ത ഇത്യഭിഹിതോ ഭുവനസ്യ ഭർത്താ
ചാപേന യസ്യ വിനിവർത്തിതകർമ്മ ജാതം
തൽ കോടിമൽ കുലിശമാഭരണം മഘോനഃ 26

അദിതിഃ— സംഭാവണീആണുഭാവാ സേ ആകിദീ. [സംഭാവനീയാനുഭാവാസ്യാകൃതിഃ]

മാതലിഃ— ആയുഷ്മൻ! ഏതൌ പുത്രപ്രീതിപിശുനേന ചക്ഷുഷാ ദിവൌകസാം പിതരാവായുഷ്മന്തമവലോകയതഃ. താവുപസർപ്പ.

രാജാ— മാതലേ! ഏതൌ—

പ്രാഹുർദ്വാദശധാ സ്ഥിതസ്യ മുനയോ യത്തേജസഃ കാരണം
ഭർത്താരം ഭുവനത്രയസ്യ സുഷുവേ യദ്യജ്ഞഭാഗേശ്വരം
യസ്മിന്നാത്മഭുവഃ പരോഽപി പുരുഷശ്ചക്രേ ഭവായാസ്പദം
ദ്വന്ദ്വം ദക്ഷമരീചിസംഭവമിദം തൽ സ്രഷ്ടുരേകാന്തരം. 27

മാതലിഃ— അഥകിം.

രാജാ— (ഉപഗമ്യ) ഉഭാഭ്യാമപി വാസവനിയോജ്യോ ദുഷ്യന്തഃ പ്രണമതി.

മാരീചഃ— വത്സ! ചിരം ജീവ. പൃഥിവീം പാലയ.

അദിതിഃ— വച്ഛ! അപ്പഡിരഹോ ഹോഹി. [വത്സ! അപ്രതിരഥോ ഭവ]

ശകുന്തളാ— ദാരഅസഹിദാ വോ പാദവന്ദണം കരേമി. [ദാരകസഹിതാ വാം പാദവന്ദനം കരോമി]

മാരീചഃ— വത്സേ!

ആഖണ്ഡലസമോ ഭർത്താ ജയന്തപ്രതിമഃ സുതഃ
ആശീരന്യാ ന തേ യോഗ്യാ പൌലോമീസദൃശീ ഭവ. 28

മാതലി— (ചിരിച്ചുകൊണ്ടു്) ഈശ്വരന്മാൎക്കു് എന്തൊന്നാണു് അപ്രത്യക്ഷമായിട്ടുള്ളതു്? ആയുഷ്മാൻ പോരു. ഭഗവാൻ മാരീചൻ, അങ്ങയ്ക്കു കാണാൻ സമയം തന്നിരിക്കുന്നു.

രാജാവ്— ശകുന്തളേ! മകനെ എടുക്കൂ. നിന്നെ മുൻനിറുത്തി ഭഗവാനെ ച്ചെന്നുകാണാമെന്നു ഞാൻ കരുതുന്നു.

ശകുന്തള— നാണം തോന്നുന്നു, ആൎയ്യപുത്രന്റെകൂടെ ഗുരുവിന്റെ അടുക്കലേക്കു ചെല്ലാൻ.

രാജാവ്— അങ്ങനെ ചെയ്യേണ്ടതല്ലേ, അഭ്യുദയകാലങ്ങളിൽ? പോരു പോരു. (എല്ലാവരും ചുററിനടക്കുന്നു)

(അനന്തരം അദിതിയോടുകൂടി പീഠത്തിലിരിക്കുന്ന മാരീചൻ പ്രവേശിക്കുന്നു)

മാരീചൻ— (രാജാവിനെ നോക്കിയിട്ടു്) ദാക്ഷായണി!

നിന്റെ പുത്രനു യുദ്ധത്തിൽ മുന്നിൽ നടക്കുന്ന ദുഷ്യന്തനെന്ന ലോകഭരണകർത്താവാണിതു്. ഇയാളുടെ വില്ലുള്ളതുകൊണ്ടു മുനകളുള്ള വജ്രം ഇന്ദ്രനു ആഭരണമായിത്തീർന്നിരിക്കുന്നു. 26

അദിതി— ആകൃതികൊണ്ടുതന്നെ ഊഹിക്കാം, ഇദ്ദേഹത്തിന്റെ യോഗ്യത.

മാതലി— ആയുഷ്മൻ! ഇതാ പുത്രനെക്കാണുന്ന സന്തോഷത്തോടുകൂടി കണ്ണുകൊണ്ടു ദേവന്മാരുടെ അച്ഛനമ്മമാർ ആയുഷ്മാനെ നോക്കിക്കൊണ്ടിരിക്കുന്നു. അവരുടെ അടുക്കലേക്കു ചെല്ലൂ.

രാജാവ്— മാതലി! ഇവരാണോ—

ആരെയാണോ മുനിമാർ പന്ത്രണ്ടാദിത്യന്മാരുടെയും കാരണമായി പറയുന്നതു്, ആരാണോ ത്രിലോകനാഥനായ ദേവേന്ദ്രനു ജന്മം നൽകിയതു്. ആരിലാണോ ബ്രഹ്മാവിലും മീതെയുള്ള പുരാണപുരുഷൻ ജനിക്കുവാൻ സ്ഥാനം പിടിച്ചതു്, ബ്രഹ്മാവിൽനിന്നു് ഒരു തലമുറ മാത്രം അകന്ന ദക്ഷപ്രജാപതിയുടെയും മരീചിമഹർഷിയുടെയും മക്കളായ ആ ദമ്പതിമാർ? 27

മാതലി— അതേ.

രാജാവ്— (അടുത്തു ചെന്നു്) രണ്ടുപേൎക്കും ഇന്ദ്രഭൃത്യനായ ദുഷ്യന്തൻ നമസ്കരിക്കുന്നു.

മാരീചൻ— ഉണ്ണീ! നീണാൾ ജീവിക്കൂ. ഭൂമി പരിപാലിക്കൂ.

അദിതി— ഉണ്ണീ! നീ എതിരില്ലാത്തവനാകട്ടെ.

ശകുന്തള— പൈതലോടുകൂടെ ഞാൻ നിങ്ങളുടെ പാദങ്ങൾ വന്ദിക്കുന്നു.

മാരീചൻ— മകളേ!

ഇന്ദ്രതുല്യനാണു് നിന്റെ ഭൎത്താവു്. ജയന്തസദൃശനാണു് നിന്റെ പുത്രൻ. മററൊരാശീൎവ്വാദവും നിനക്കു യോജിക്കില്ല. നീ ഇന്ദ്രാണിയെപ്പോലെയായി വരട്ടെ. 28

അദിതിഃ— ജാദേ! ഭത്തുണോ അഭിമദാ ഹോഹി. അവസ്സം ദീഹാഊ വച്ഛരഓ ഉഹഅകുലണന്ദണോ ഹോദു. ഉവവിസഹ. [ജാതേ! ഭത്തുരഭിമതാ ഭവ. അവശ്യം ദീർഘായുർവത്സക ഉഭയകുലനന്ദനോ ഭവതു. ഉപവിശത]

(സവ്വേ പ്രജാപതിമഭിത ഉപവിശന്തി)

മാരീചഃ— (ഏകൈകം നിർദിശൻ)

ദിഷ്ട്യാ ശകുന്തളാ സാധ്വീ സദപത്യമിദം ഭവാൻ
ശ്രദ്ധാ വിത്തം വിധിശ്ചേതി ത്രിതയം തൽ സമാഗതം. 29

രാജാ— ഭഗവൻ! പ്രാഗഭിപ്രേതസിദ്ധിഃ, പശ്ചാദ്ദർശനം. അതോഽപൂവ്വഃ ഖലു വോഽനുഗ്രഹഃ. കുതഃ—

ഉദേതി പൂവ്വം കുസുമം തതഃ ഫലം
ഘനോദയഃ പ്രാക് തദനന്തരം പയഃ
നിമിത്തനൈമിത്തികയോരയം ക്രമ—
സ്തവ പ്രസാദസ്യ പുരസ്തു സമ്പദഃ. 30

മാതലിഃ— ഏവം വിധാതാരഃ പ്രസീദന്തി.

രാജാ— ഭഗവൻ! ഇമാമാജ്ഞാകരീം വോ ഗാന്ധർവ്വേണ വിവാഹവിധിനോപയമ്യ കസ്യചിൽ കാലസ്യ ബന്ധുഭിരാനീതാം സ്മൃതിശൈഥില്യാൽ പ്രത്യാദിശന്നപരാദ്ധോഽസ്മി തത്രഭവതോ യുഷ്മത്സഗോത്രസ്യ കണ്വസ്യ. പശ്ചാദംഗുലീയകദർശനാദ്ദൂഢപൂവ്വാം തദ്ദുഹിതരവഗതോഽഹം. തച്ചിത്രമിവ മേ പ്രതിഭാതി.

യഥാ ഗജോ നേതി സമക്ഷരൂപേ
തസ്മിന്നപക്രാമതി സംശയഃ സ്യാൽ
പദാനി ദൃഷ്ട്വാ തു ഭവേൽ പ്രതിതി—
സ്തഥാവിധോ മേ മനസോ വികാരഃ. 31

മാരീചഃ— അലമാത്മാപരാധശങ്കയാ. സമ്മോഹോഽപി ത്വയ്യനുപപന്നഃ. ശ്രൂയതാം.

രാജാ— അവഹിതോഽസ്മി.

മാരീചഃ— യദൈവാപ്സരസ്തീത്ഥാവതരണാൽ പ്രത്യക്ഷവൈക്ലബ്യാം ശകുന്തളാമാദായ മേനകാ ദാക്ഷായണീമുപഗതാ, തദൈവ ധ്യാനാദവഗതോഽസ്മി—ദുവ്വാസസഃ ശാപാദിയം തപസ്വിനീ സഹധമ്മചാരിണീ ത്വയാ പ്രത്യാദിഷ്ടാ, നാന്യഥേതി. സ ചായമംഗുലീയകദർശനാവസാനഃ.

രാജാ— (സോച്ഛ്വാസം) ഏഷ വചനീയാന്മുക്തോഽസ്മി.

അദിതി— മകളേ! നീ ഭർത്താവിന്നു് ഇഷ്ടപ്പെട്ടവളായി ഭവിക്കട്ടെ. തീർച്ചയായും ദീർഘായുസ്സായ ഉണ്ണി അച്ഛന്റെയും അമ്മയുടെയും വംശങ്ങളെ ആനന്ദിപ്പിക്കട്ടെ. ഇരിക്കുവിൻ.

(എല്ലാവരും പ്രജാപതിയ്ക്കഭിമുഖമായി ഇരിക്കുന്നു)

മാരീചൻ— (ഓരോരുത്തരെ ചൂണ്ടിക്കാണിച്ചുകൊണ്ടു്)

ഭാഗ്യം. പതിവ്രതയായ ശകുന്തള, ഈ നല്ല സന്താനം, അങ്ങു്, ശ്രദ്ധ വിത്തം വിധി ഇതു മൂന്നും ഒന്നിച്ചുചേർന്നിരിക്കുന്നു. 29

രാജാവു്— ഭഗവാനേ! അഭീഷ്ടസിദ്ധി ആദ്യം, ദർശനം പിന്നെ. അതുകൊണ്ടു് അസാധാരണംതന്നെയാണു് അവിടത്തെ അനുഗ്രഹം. കാരണം—

ആദ്യം പൂവുണ്ടാവുന്നു, പിന്നെ കായയുണ്ടാകുന്നു. മുമ്പെ കാറുപൊങ്ങുന്നു, പിന്നീടു മഴ പെയ്യുന്നു. കാരണകാര്യ്യങ്ങളുടെ ക്രമം ഇതാണു്. എന്നാൽ അവിടത്തെ അനുഗ്രഹത്തിനു മുമ്പുതന്നെ അഭ്യുദയങ്ങൾ കൈവരുന്നു. 30

മാതലി— ഇങ്ങനെയാണു് വിധാതാക്കളുടെ അനുഗ്രഹം.

രാജാവു്— ഭഗവാനേ! അവിടത്തെ ഈ ദാസിയെ ഗാന്ധർവ്വവിധിപ്രകാരം വിവാഹം കഴിച്ചു കുറച്ചുകാലം കഴിഞ്ഞതിനുശേഷം ബന്ധുക്കൾ കൂട്ടിക്കൊണ്ടുവന്നപ്പോൾ ഓർമ്മക്കുറവു നിമിത്തം നിരാകരിക്കുകയാൽ അവിടത്തെ ഗോത്രത്തിൽപ്പെട്ട ബഹുമാന്യനായ കണ്വന്റെ നേരെ ഞാൻ അപരാധം ചെയ്തിരിക്കുന്നു. പിന്നെ മോതിരം കണ്ടപ്പോൾ അദ്ദേഹത്തിന്റെ മകളെ മുമ്പു ഞാൻ വിവാഹം ചെയ്തിരുന്നുവെന്ന അറിവുണ്ടായി. അതെനിക്കു അത്ഭുതംപോലെ തോന്നുന്നു.

ആനയെ കണ്ണിനു മുമ്പിൽ കണ്ടപ്പോൾ ആനയല്ലെന്നു തോന്നുകയും കടന്നുപോവാൻ തുടങ്ങുമ്പോൾ സംശയം ജനിക്കുകയും കാലടിപ്പാടുകൾ കണ്ടപ്പോൾ വിശ്വാസം ഉദിക്കുകയും ചെയ്താൽ എങ്ങനെയുണ്ടോ അങ്ങനെയുള്ളതാണു് എന്റെ മനസ്സിന്റെ വികാരം. 31

മാരീചൻ— ഉണ്ണീ! അതു സ്വന്തം കുറ്റംകൊണ്ടാണെന്നു ശങ്കിക്കേണ്ട. അറിവില്ലായ്മയും അങ്ങയ്ക്കു സംഭവിക്കില്ല. കേൾക്കൂ.

രാജാവു്— ഞാൻ ശ്രദ്ധിക്കുന്നുണ്ടു്.

മാരീചൻ— അപ്സരസ്തീർത്ഥത്തിൽ ചെന്നു സങ്കടം നേരിട്ടു കണ്ടു ശകുന്തളയെയുംകൂട്ടി മേനക ദാക്ഷായണിയുടെ അടുക്കൽ വന്ന ഉടനെത്തന്നെ ധ്യാനദൃഷ്ടികൊണ്ടു ഞാൻ മനസ്സിലാക്കി, ദുർവ്വാസസ്സിന്റെ ശാപം നിമിത്തമാണു് സഹധർമ്മചാരിണിയായ ഈ പാവത്തെ അങ്ങു പരത്യജിച്ചതു്, അല്ലാതെ മറ്റൊരു വിധത്തിലുമല്ല, എന്നു്. ആ ശാപം മോതിരം കണ്ടാൽ തീരുന്നതുമാണു്.

രാജാവു്— (നെടുവീർപ്പിട്ടുകൊണ്ടു്) എനിക്കു് അപവാദത്തിൽനിന്നു മോചനം കിട്ടി.

ശകുന്തളാ— (സ്വഗതം) ദിട്ഠിആ അകാരണപച്ചാദേസീ ണ അജ്ജഉത്തോ. ണ ഹു സത്തം അത്താണം സുമരേമി. അഹവാ പത്തോ മഏ സ ഹി സാവോ, വിരഹസുണ്ണഹിഅആഏ ണ വിദിദോ. അദോ സഹീഹിം സന്ദിട്ഠമ്ഹി ഭത്തുണോ അംഗുലീഅഅം ദംസഇദവ്വം ത്തി. [ദിഷ്ട്യാകാരണപ്രത്യാദേശീ നാര്യ്യപുത്രഃ. ന ഖലു ശപ്തമാത്മാനം സ്മരാമി. അഥവാ പ്രാപ്തോ മയാ സ ഹി ശാപോ, വിരഹശൂന്യഹൃദയയാ ന വിദിതഃ. അതഃ സഖീഭ്യാം സന്ദിഷ്ടാഽസ്മി—'ഭർത്തുരംഗുലീയകം ദശ്യിതവ്യം' ഇതി]

മാരീചഃ— വത്സേ! വിദിതാർത്ഥാഽസി. തദിദാനീം സഹധർമ്മചാരിണം പ്രതി ന ത്വയാ മന്യുഃ കാര്യ്യഃ. പശ്യ—

ശാപാദസി പ്രതിഹതാ സ്മൃതിരോധരൂക്ഷേ
ഭർത്തര്യപേതതമസി പ്രഭുതാ തവൈവ
ഛായാ ന മൂർച്ഛതി മലോപഹതപ്രസാദേ
ശുദ്ധേ തു ദർപ്പണതലേ സുലഭാവകാശാ. 32

രാജാ— യഥാഹ ഭഗവാൻ.

മാരീചഃ— വത്സ! കച്ചിദഭിനന്ദിതസ്ത്വയാ വിധിവദസ്മാഭിരനുഷ്ഠിതജാതകർമ്മാ പുത്ര ഏഷ ശാകുന്തളേയഃ.

രാജാ— ഭഗവൻ! അത്ര ഖലു മേ വംശപ്രതിഷ്ഠാ. [ഇതി ബാലം ഹസ്തേന ഗൃഹ്ണാതി]

മാരീചഃ— തഥാ ഭാവിനമേനം ചക്രവർത്തിനമവഗച്ഛതു ഭവാൻ. പശ്യ—

രഥേനാനൽഘാതസ്തിമിതഗതിനാ തീർണ്ണജലധിഃ
പുരാ സപ്തദ്വീപാം ജയതി വസുധാമപ്രതിരഥഃ
ഇഹായം സത്ത്വാനാം പ്രസഭദമനാൽ സർവ്വദമനഃ
പുനര്യാസ്യത്യാഖ്യാം ഭരത ഇതി ലോകസ്യ ഭരണാൽ 33

രാജാ— ഭഗവതാ കൃതസംസ്കാരേ സർവ്വമസ്മിൻവയമാശാസ്മഹേ.

അദിതിഃ— ഭഅവം! ഇമാഏ ദുഹിദുമണോരഹസപത്തീഏ കണ്ണോ വി ദാവ സുദവിത്ഥാരോ കരീഅദു. ദുഹിദുവച്ഛലാ മേണആ ഇഹ എവ്വ ഉപചരന്തീ ചിട്ഠദി. [ഭഗവൻ! അനയാ ദുഹിതൃമനോരഥസമ്പത്ത്യാ കണ്വോഽപി താവച്ഛ്രുതവിസ്താരഃ ക്രിയതാം. ദുഹിതൃവത്സലാ മേനകേഹൈവോപചരന്തീ തിഷ്ഠതി]

ശകുന്തളാ— (ആത്മഗതം) മണാരഹോ ക്ഖു മേ ഭണിദോ ഭഅവദീഏ. [മനോരഥഃ ഖലു മേ ഭണിതോ ഭഗവത്യാ]

ശകുന്തള— (വിചാരം) ഭാഗ്യം. കാരണംകൂടാതെയല്ല ആൎയ്യപുത്രൻ ഉപേക്ഷിച്ചതു്. എന്നാൽ ശപിച്ചതു് എനിക്കോൎമ്മയില്ലല്ലോ. അല്ലെങ്കിൽ, ആ ശാപം എനിക്കു കിട്ടിയിരിക്കും, വിരഹദുഃഖത്താൽ ശൂന്യഹൃദയയായതുകൊണ്ടു് അറിയാത്തതായിരിക്കും. അതുകൊണ്ടാണു് ഭൎത്താവിനു മോതിരം കാണിച്ചുകൊടുക്കണമെന്നു പോരുമ്പോൾ സഖിമാർ പറഞ്ഞതു്.

മാരീചൻ— മകളേ! കാൎയ്യം മനസ്സിലായല്ലോ. അതുകൊണ്ടു് ഇനി സഹധൎമ്മചാരിയുടെ പേരിൽ നീ പരിഭവം വിചാരിക്കരുതു്. നോക്കൂ—

ശാപത്താൽ ഓൎമ്മ കെട്ടു വെറുപ്പാൎന്ന ഭൎത്താവിൽ നിനക്കു പ്രവേശം കിട്ടിയില്ല. ഇരുട്ടു നീങ്ങിയ സ്ഥിതിക്കു നിനക്കുതന്നെയാണു് ഇനി അവിടെ പ്രഭുത്വം. ചളി പുരണ്ടു മങ്ങിയ കണ്ണാടിയിൽ പ്രതിബിംബം പതിയുകയില്ല. തെളിഞ്ഞ കണ്ണാടിയിൽ എളുപ്പത്തിൽ പതിയുകയും ചെയ്യും. 32

രാജാവു്— ഭഗവാൻ പറയുന്നതു ശരിയാണു്.

മാരീചൻ— ഉണ്ണീ! വിധിപ്രകാരം നാം ജാതകൎമ്മം കഴിച്ചിട്ടുള്ള ഈ ശകുന്തളയുടെ പുത്രനെ അങ്ങുന്നഭിനന്ദിച്ചുവോ?

രാജാവു്— ഭഗവാനേ! ഇവൻതന്നെ വേണം, എന്റെ വംശം നിലനിർത്താൻ. (കൈകൊണ്ടു ബാലനെ പിടിക്കുന്നു)

മാരീചൻ— അങ്ങനെ ഭാവിയിൽ ഇവൻ ചക്രവൎത്തിയായിത്തീരുമെന്നു് അങ്ങു മനസ്സിലാക്കിക്കൊള്ളൂ.

കലുങ്ങാതെ ഇളകാതെ കുതിക്കുന്ന തേരിലേറി സമുദ്രങ്ങൾ കടന്നു് ഏഴു ദ്വീപുകളടക്കം ഭൂമി മുഴുവൻ ഇവൻ ജയിക്കും. ഇവിടെ ഇവൻ ജീവികളെയെല്ലാം അടക്കി ഭരിക്കുകയാൽ സൎവ്വദമനൻ എന്ന പേർ നേടി. ഇനി ലോകംഭരിച്ചു ഭരതനെന്ന പേരും സമ്പാദിക്കും. 33

രാജാവു്— ഭഗവാൻ ജാതകൎമ്മാദികൾ ചെയ്തിട്ടുള്ള ഇവനിൽ എല്ലാം നാം ആശിക്കുന്നു.

അദിതി— ഭഗവാനേ! ഈ മകൾക്കു് അഭീഷ്ടമെല്ലാം സാധിച്ച വിവരം കണ്വനേയും വിസ്തരിച്ചറിയിച്ചേക്കൂ. മകളുടെ പേരിലുള്ള വാത്സല്യത്താൽ മേനക ഇവിടെത്തന്നെ ശുശ്രൂഷിച്ചുകൂടിയിട്ടുണ്ടു്.

ശകുന്തള— (വിചാരം) എന്റെ ആഗ്രഹംതന്നെയാണു് ഭഗവതി പറഞ്ഞതു്.

മാരീചഃ— തപഃപ്രഭാവാൽ പ്രത്യക്ഷം സർവ്വമേവ തത്രഭവതഃ.

രാജാ— അതഃ ഖലു മമ നാതിക്രുദ്ധോ മുനിഃ.

മാരീചഃ— തഥാപ്യസൌ പ്രിയമസ്മാഭിഃ പ്രഷ്ടവ്യഃ. കഃ കോഽത്ര ഭോഃ!

(പ്രവിശ്യ)

ശിഷ്യഃ— ഭഗവൻ! അയമസ്മി.

മാരീചഃ— ഗാലവ! ഇദാനീമേവ വിഹായസാ ഗത്വാ മമ വചനാത്തത്രഭവതേ കണ്വായ പ്രിയമാവേദയ— 'യഥാ പുത്രവതീ ശകുന്തളാ തച്ഛാപനിവൃത്തൌ സ്മൃതിമതാ ദുഷ്യന്തേന പ്രതിഗൃഹിതാ' ഇതി.

ശിഷ്യഃ— യദാജ്ഞാപയതി ഭഗവാൻ. (ഇതി നിഷ്ക്രാന്തഃ)

മാരീചഃ— വത്സ! ത്വമപി സ്വാപത്യദാരസഹിതഃ സഖ്യുരാഖണ്ഡലസ്യ രഥമാരുഹ്യ തേ രാജധാനീം പ്രതിഷ്ഠസ്വ.

രാജാ— യദാജ്ഞാപയതി ഭഗവാൻ.

മാരീചഃ— അപി ച—

ഭവതു തവ വിഡൌജാഃ പ്രാജ്യവൃഷ്ടിഃ പ്രജാസു
ത്വമപി വിതതയജ്ഞഃ സ്വർഗ്ഗിണോ ഭാവയാലം
യുഗശതപരിവർത്താനേവമന്യോന്യകൃത്യൈർ—
നയതമുഭയലോകാനുഗ്രഹശ്ലാഘനീയൈഃ. 34

രാജാ— ഭഗവൻ! യഥാശക്തി ശ്രേയസേ യതിഷ്യേ.

മാരീചഃ— വത്സ! കിം തേ ഭൂയഃ പ്രിയമുപകരോമി?

രാജാ— അതഃ പരമപി പ്രിയമസ്തി? യദീഹ ഭഗവാൻ പ്രിയം കർത്തുമിച്ഛതി, തർഹീദമസ്തു—

(ഭരതവാക്യം)

പ്രവർത്തതാം പ്രകൃതിഹിതായ പാർത്ഥിവഃ
സരസ്വതീ ശ്രുതിമഹിതാ മഹീയതാം.
മമാപി ച ക്ഷപയതു നീലലോഹിതഃ
പുനർഭവം പരിഗതശക്തിരാത്മഭൂഃ. 35

(ഇതി നിഷ്ക്രാന്താഃ സർവ്വേ)

ഇതി സപ്തമോഽങ്കഃ

സമാപ്തമിദമഭിജ്ഞാനശാകുന്തളം നാമ നാടകം.

മാരീചൻ— തപശ്ശക്തിയാൽ സകല കാൎയ്യവും അദ്ദേഹത്തിനു പ്രത്യക്ഷമാണു്.

രാജാവു്— അതുകൊണ്ടുതന്നെയാണു് മുനി എന്റെനേരെ വല്ലാതെ കോപിക്കാത്തതു്.

മാരീചൻ— എന്നാലും നാം അയാളോടു് ഒരു സന്തോഷാന്വേഷണം നടത്തിയേക്കാം. ആരവിടെ?

(പ്രവേശിച്ചിട്ടു്)

ശിഷ്യൻ— ഭഗവാനേ! ഞാനാണു്.

മാരീചൻ— ഗാലവ! ഇപ്പോൾത്തന്നെ ആകാശംവഴിക്കു ചെന്നു് എന്റെ വാക്കുകൊണ്ടു മാന്യകണ്വനെ സന്തോഷവൃത്താന്തം അറിയിക്കുക—'ശകുന്തളയെ പുത്രനോടുകൂടെ ശാപം നീങ്ങിയപ്പോൾ ഓൎമ്മവന്ന ദുഷ്യന്തൻ സ്വീകരിച്ചിരിക്കുന്നു' എന്നു്.

ശിഷ്യൻ— ഭഗവാന്റെ കല്പനപോലെ. (പോകുന്നു)

മാരീചൻ— ഉണ്ണീ! അങ്ങും പുത്രപത്നീസഹിതനായി സുഹൃത്തായ ഇന്ദ്രന്റെ തേരിൽ കയറി രാജധാനിയിലേക്കു പുറപ്പെട്ടുകൊള്ളു.

രാജാവു്— ഭഗവാന്റെ കല്പനപോലെ.

മാരീചൻ— മാത്രമല്ല—

ഇന്ദ്രൻ അങ്ങയുടെ പ്രജകൾക്കു വേണ്ടുവോളം മഴ നൽകട്ടെ. അങ്ങും യജ്ഞങ്ങളനുഷ്ഠിച്ചു സ്വൎഗ്ഗവാസികളെ തൃപ്തിപ്പെടുത്തുക. ഇങ്ങനെ രണ്ടു ലോകങ്ങൾക്കും അനുഗ്രമുണ്ടാവുന്നതുകൊണ്ടു ശ്ലാഘ്യങ്ങളായ പരസ്പരോപകാരങ്ങൾ ചെയ്തു നിങ്ങൾ രണ്ടുപേരും വളരെ വളരെക്കാലം കഴിഞ്ഞുകൂടുക. 34

രാജാവു്— ഭഗവാനേ! ആവുന്നതുപോലെ ശ്രേയസ്സിനു യത്നിച്ചുകൊള്ളാം.

മാരീചൻ— ഉണ്ണീ! ഇനി എന്തഭീഷ്ടമാണു് അങ്ങയ്ക്കു ഞാൻ ചെയ്തുതരേണ്ടതു്?

രാജാവു്— ഇതിലും വലിയൊരു അഭീഷ്ടമുണ്ടോ? ഭഗവാൻ ഇനിയും ഇഷ്ടം ചെയ്തുതരാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ ഇതാകട്ടെ—

(ഭരതവാക്യം)

രാജാവു പ്രജകളുടെ ക്ഷേമത്തിനുവേണ്ടി പ്രവൎത്തിക്കട്ടെ. വേദങ്ങളാൽ ആരാധിക്കപ്പെടുന്ന സരസ്വതി പൂജിക്കപ്പെടട്ടെ. മാത്രമല്ല, ശക്തിസഹിതനും സ്വയംഭൂവുമായ നീലകണ്ഠൻ എന്റെ പുനൎജ്ജന്മം ഇല്ലാതാക്കട്ടെ. 35

(എല്ലാവരും പോയി)

ഏഴാമങ്കം കഴിഞ്ഞു

അഭിജ്ഞാനശാകുന്തളം നാടകമവസാനിച്ചു്

കാളിദാസസൂക്തികൾ

വിക്രമോർവ്വശീയം

ഒന്നാമങ്കം

	സൂക്തി	ഭാഗം
1.	വസുധാധരകന്ദരാഭിസർപ്പീ പ്രതിശബ്ദോഽപി ഹരേർഹിനസ്തി നാഗാൻ. 17	118
2.	അനുത്സേകഃ ഖലു വിക്രമാലങ്കാരഃ.	,,
3.	ദുർല്ലഭാഭിലാഷീ മദനഃ.	122

രണ്ടാമങ്കം

	സൂക്തി	ഭാഗം
4.	വിവിക്താദൃതേ നാന്യദുത്സുകസ്യ ശരണമസ്തി.	130
5.	അതിസ്നേഹഃ ഖലു കാര്യദർശീ.	134
6.	അഭിമുഖീഷ്വിവ കാംക്ഷിതസിദ്ധിഷു വ്രജതി നിർവൃതിമേകപദേ മനഃ. 8	,,
7.	നാസ്ത്യഗതിർമ്മനോരഥാനാം.	140
8.	നനു പ്രഥമം മേഘരാജിർദൃശ്യതേ, പശ്ചാദ്വിദ്യുല്ലതാ.	144
9.	തപ്തേന തപ്തമയസാ ഘടനായ യോഗ്യം. 14	146
10.	സർവ്വത്ര പ്രമാദീ വൈധേയഃ.	150
11.	ലോപ്ത്രേണ ഗൃഹീതസ്യ കുംഭീരകസ്യാസ്തി വാ പ്രതിവചനം?	154
12.	സേവ്യോ ജനശ്ച കുപിതഃ കഥം നു ദാസോ നിരപരാധഃ?	156
13.	ന ഖലു ചക്ഷുർദുഃഖിതോഽഭിമുഖേ ദീപശിഖാം സഹതേ.	,,

മൂന്നാമങ്കം

	സൂക്തി	ഭാഗം
14	ഭവിതവ്യതാനുവിധായീനീന്ദ്രിയാണി.	158
15.	സ്ത്രീഷു കഷ്ടോഽധികാരഃ. 1	160
16.	സർവ്വത്രൌദരികസ്യാഭ്യവഹാര്യമേവ വിഷയഃ.	164
17.	അഭിവ്യക്തായാം ചന്ദ്രികായാം കിം ദീപികാപൌനരുക്ത്യേന?	,,
18.	ശക്യം ഖല്വാശാബന്ധേനാത്മാനം ധാരയിതും	166
19.	വിഘ്നിതസമാഗമസുഖോ മനസിശയഃ ശതഗുണീഭവതി. 8	,,
20.	അന്യസങ്ക്രാന്തപ്രേമാണോ നാഗരികാ അധികം ദക്ഷിണാ ഭവന്തി.	174
21.	ന യുക്തം സുഭാഷിതം പ്രത്യാചരിതും.	,,
22.	നോച്ഛ്വസിതി തപനകിരണൈ— ശ്ചന്ദ്രസ്യേവാംശുഭിഃ കുമുദം. 16	180
23.	കിം വാ സ്വർഗ്ഗേ സ്മർത്തവ്യം? ന വാ തത്രാശ്യതേ, ന വാ പീയതേ.	182
24.	അനിർദ്ദേശ്യസുഖഃ സ്വർഗ്ഗഃ. 18	,,
25.	യദേവോപനതം ദുഃഖാൽ സുഖം തദ്രസവത്തരം. 21	184

നാലാമങ്കം

	സൂക്തി		ഭാഗം
26.	ദൂരാരൂഢഃ ഖലു പ്രണയോഽസഹനഃ.		188
27.	സർവ്വഥാ നാസ്തി വിധേരലംഘനീയം നാമ.		,,
28.	പരാവൃത്തഭാഗധേയാ നാം ദുഃഖം ദുഃഖാനുബന്ധി.		192
29.	പ്രഭുതാ രമണേഷു യോഷിതാം ന ഹി ഭാവസ്ഖലിതാന്യപേക്ഷതേ.	26	198
30.	മഹദപി പരദുഃഖം ശീതളം സമ്യഗാഹുഃ.	27	200
31.	സ്വാർത്ഥാൽ സതാം ഗുരുതരാ പ്രണയിക്രിയൈവ.	31	202
32.	വിഭാവിതൈകദേശേന ദേയം യദഭിയുജ്യതേ.	33	,,
33.	അനിർവ്വേദപ്രാപ്യാണി ശ്രേയാംസി.		212
34.	പരിഭവാസ്പദം ദശാവിപര്യ്യയഃ.		,,

അഞ്ചാമങ്കം

35.	അപരാധീ ശാസനീയഃ.		224
36.	കോ ദേവതാരഹസ്യാനി തർക്കയിഷ്യതി?.		228
37.	അഹോ സുഖപ്രത്യർത്ഥിതാ ദൈവസ്യ.		238
38.	ന ഖലു വയസാ ജാത്യൈവായം സ്വകാര്യ്യസഹോ ഭരഃ.	18	240
39.	സൂര്യ്യഃ സമേധയത്യഗ്നിമഗ്നിഃ സൂര്യ്യം ച തേജസാ.	20	242

മാളവികാഗ്നിമിത്രം

ഒന്നാമങ്കം

40.	പുരാണമിത്യവ ന സാധു സർവ്വം ന ചാപി കാവ്യം നവമിത്യവദ്യം.	2	258
41.	മൂഢഃ പരപ്രത്യയനേയബുദ്ധിഃ.	2	,,
42.	നന്വാകൃതിവിശേഷ ആദരഃ പദം കരോതി.		262
43.	നാട്യം ഭിന്നരുചേർജ്ജനസ്യ ബഹുധാപ്യേകം സമാരാധനം.	4	264
44.	പാത്രവിശേഷേ ന്യസ്തം ഗുണാന്തരം വ്രജതി ശില്പമാധാതുഃ.	6	266
45.	അചിരാധിഷ്ഠിതരാജ്യഃ ശത്രുഃ പ്രകൃതിഷ്വരൂഢമൂലത്വാൽ നവസംരോപണശിഥിലസ്തരുരിവ സുകരഃ സമുദ്ധർത്തും.	8	268
46.	അർത്ഥം സപ്രതിബന്ധം പ്രഭുരധിഗന്തും സഹായവാനേവ ദൃശ്യം തമസി ന പശ്യതി ദീപേന വിനാ സചക്ഷുരപി.	9	270
47.	അതിമാത്രഭാസുരത്വം പുഷ്യതി ഭാനോഃ പരിഗ്രഹാദനലഃ അധിഗച്ഛതി മഹിമാനം ചന്ദ്രോപി നിശാപരിഗൃഹീതഃ.	13	274
48.	പത്തനേ സതി ഗ്രാമേ രത്നപരീക്ഷാ.		,,
49.	അനോന്യകലഹപ്രിയയോർമ്മത്തഹസ്തിനോരേകതരസ്മി– ന്നനിർജ്ജിതേ കുത ഉപശമഃ?		276
50.	ശിഷ്ടാ ക്രിയാ കസ്യചിദാത്മസംസ്ഥാ സങ്ക്രാന്തിരന്യസ്യ വിശേഷയുക്താ യസ്യോഭയം സാധു സശിക്ഷകാണാം ധുരി പ്രതിഷ്ഠാപയിതവ്യ ഏവ.	11	,,

സൂക്തി ഭാഗം

51. വിനേതുരദ്രവ്യപരിഗ്രഹോഽപി ബുദ്ധിലാഘവം പ്രകാശയതി. 276

52. ലബ്ധാസ്പദോഽസ്മീതി വിവാദഭീരോ–
സ്തിതിക്ഷമാണസ്യ പരേണ നിന്ദാം
യസ്യാഗമഃ കേവലജീവികായൈ
തം ജ്ഞാനപണ്യം വണിജം വദന്തി. 17 278

53. അപരിനിഷ്ഠിതസ്യോപദേശസ്യാന്യായ്യം പ്രദർശനം. ,,

54. സർവ്വജ്ഞസ്യാപ്യേകാകിനോ നിർണ്ണയാഭ്യുപഗമോ ദോഷായ. ,,

55. പ്രഭവന്ത്യോഽപി ഹി ഭർത്തൃഷു കാരണകോപാഃ കുടുംബിന്യഃ. ,,

56. ന ഖലു സുശിക്ഷിതോഽപി സർവ്വ ഉപദേശദർശനേ നിപുണോ ഭവതി. ,,

57. പ്രഭവത്യാചാര്യ്യഃ ശിഷ്യജനസ്യ. 280

58. പ്രഭവതി പ്രഭുരാത്മനഃ പരിജനസ്യ. ,,

59. പ്രായഃ സമാനവിദ്യാഃ പരസ്പരയശഃപുരോഭാഗാഃ. 20 282

രണ്ടാമങ്കം

60. മന്ദോഽപ്യമന്ദതാമേതി സംസർഗ്ഗേണ വിപശ്ചിതഃ. 7 288

61. പണ്ഡിതപരിതോഷപ്രത്യയാ നനു മൂഢാ ജാതിഃ. 290

മൂന്നാമങ്കം

62. നിസർഗ്ഗനിപുണാഃ സ്ത്രിയഃ. 300

63. അനിമിത്തോൽക്കണ്ഠാമപി ജനയതി മനസോ മലയവാതഃ. 9 306

64. ന ഹി കമലിനീം ദൃഷ്ട്വാ ഗ്രാഹമവേക്ഷതേ മതംഗജഃ. ,,

65. തത്ത്വാവബോധൈകഫലോ ന തർക്കഃ. ,,

66. മദഃ കില സ്ത്രീജനസ്യ വിശേഷമണ്ഡനം. 310

67. അനുരാഗോഽനുരാഗേണ പരീക്ഷിതവ്യഃ. 316

68. സ്ഥാനേ പ്രാണാഃ കാമിനാം ദൂത്യധീനാഃ. 14 318

69. അവിശ്വസനീയാഃ പുരുഷാഃ. 324

70. ന ശോഭതേ പ്രണയിനി ജനേ നിരപേക്ഷതാ. 326

നാലാമങ്കം

71. ഛേദോ ദംശസ്യ ദാഹോ വാ ക്ഷതേർവ്വാ രക്തമോക്ഷണം
ഏതാനി ദഷ്ടമാത്രാണാമായുഷ്യഃ പ്രതിപത്തയഃ. 4 336

72. അവിഷോഽപി കദാചിദ്ദംശോ ഭവേൽ. ,,

73. ന ഹി ബുദ്ധിഗുണേനൈവ സുഹൃദാമർത്ഥദർശനം.
കാര്യ്യസിദ്ധിപഥഃ സൂക്ഷ്മഃ സ്നേഹേനാപ്യുപലഭ്യതേ. 2 342

74. കുതൂഹലവാനപി നിസർഗ്ഗശാലീനഃ സ്ത്രീജനഃ. 344

75. ന ച പ്രിയേഷ്വായതലോചനാനാം
സമഗ്രപാതീനി വിലോചനാനി. 8 ,,

76. കിം നു ഖലു ദർദ്ദുരാ വ്യാഹരന്തീതി ദേവഃ പൃഥിവ്യാം
വർഷിതും സ്മരതി? 356

77. ബന്ധനഭ്രഷ്ടോ ഗൃഹകപോതോ വിഡാലികാലോകേ പതിതഃ. 358

78. കാതരോ ബാലഭാവഃ. 360

അഞ്ചാമങ്കം

സൂക്തി ഭാഗം

79. കഷ്ടഃ ഖലു സന്നിധിവിപ്രയോഗഃ. 372
80. ആഗാമി സുഖം ദുഃഖം വാ ഹൃദയസമവസ്ഥാ കഥയതി. 374
81. ചന്ദനം ഖലു മയാ പാദുകോപയോഗേന ദൂഷിതം. 376
82. അഹോ പരിഭവോപഹാരിണോ വിനിപാതാഃ. 380
83. സർവ്വോപി നവവരോ ലജ്ജാതുരോ ഭവതി. 386
84. പ്രതിപക്ഷേണാപി പതിം സേവന്തേ ഭർത്തൃവത്സലാഃ സാധ്വ്യഃ
അന്യസരിതാമപി ജലം സമുദ്രഗാഃ പ്രാപയന്ത്യുദധിം. 19 388

അഭിജ്‌ഞാനശാകുന്തളം

ഒന്നാമങ്കം

85. ബലവദപി ശിക്ഷിതാനാമാത്മന്യപ്രത്യയം ചേതഃ. 2 408
86. ഭവിതവ്യാനാം ദ്വാരാണി ഭവന്തി സർവ്വത്ര. 14 416
87. കിമിവ ഹി മധുരാണാം മണ്ഡനംനാകൃതീനാം. 17 418
88. സതാം ഹി സന്ദേഹപദേഷു വസ്തുഷു
പ്രമാണമന്തഃകരണപ്രവൃത്തയഃ. 19 420
89. ന പ്രഭാതരളം ജ്യോതിരുദേതി വസുധാതലാൽ. 22 428
90. അനിയന്ത്രണാനുയോഗസ്തപസ്വിജനോ നാമ. ,,

രണ്ടാമങ്കം

91. ഗണ്ഡസ്യോപരി പിടകഃ സംവൃത്തഃ. 436
92. അകൃതാർത്ഥേഽപി മനസിജേ രതിമുഭയപ്രാർത്ഥനാ കുരുതേ. 1 ,,
93. കാമീ സ്വതാം പശ്യതി. 2 438
94. മിഥ്യൈവ വ്യസനം വദന്തി മൃഗയാമീദൃഗ്വിനോദഃ കുതഃ? 5 442
95. ശമപ്രധാനേഷു തപോധനേഷു
ഗൂഢം ഹി ദാഹാത്മകമസ്തി തേജഃ
സ്പർശാനുകൂലാ ഇവ സൂര്യകാന്താ—
സ്തദന്യതേജോഽഭിഭവാദ്വമന്തി. 7 ,,
96. സർവ്വഃ ഖലു കാന്തമാത്മീയം പശ്യതി. 444

മൂന്നാമങ്കം

97. വികാരം ഖലു പരമാർത്ഥതോഽജ്ഞാത്വാനാരംഭഃ പ്രതീകാരസ്യ. 458
98. സ്നിഗ്‌ദ്ധജനസംവിഭക്തം ഹി ദുഃഖം സഹ്യവേദനം ഭവതി. 460
99. സാഗരമുഝിത്വാ കുത്ര വാ മഹാനദ്യവതരതി? 462
100. ക ഇദാനീം സഹകാരമന്തരേണാതിമുക്തലതാം പല്ലവിതാം
ലഭതേ. ,,
101. ലഭേത വാ പ്രാർത്ഥയിതാ ന വാ ശ്രിയം
ശ്രിയാ ദുരാപഃ കഥമീപ്സിതോ ഭവേൽ? 464
102. ക ഇദാനീം ശരീരനിർവ്വാപയിത്രീം ശാരദീം ജ്യോത്സ്നാം
പടാന്തേന വാരയതി? ,,

സൂക്തി ഭാഗം

103. ഗ്ലപയതി യഥാ ശശാങ്കം ന തഥാ ഹി കുമുദ്വതീം ദിവസഃ. 14 466
104. വിവക്ഷിതം ഹ്യനുക്തമനുതാപം ജനയതി. ,,

നാലാമങ്കം

105. കോഽന്യോ ഹുതവഹാദ്ദഗ്ധും പ്രഭവതി? 478
106. കോ നാമോഷ്ണോദകേന നവമാലികാം സിഞ്ചതി? 482
107. ഇഷ്ടപ്രവാസജനിതാന്യബലാജനസ്യ
ദുഃഖാനി നൂനമതിമാത്രസുദുഃസഹാനി. 3 ,,
108. പീഡ്യന്തേ ഗൃഹിണഃ കഥം നു തനയാ—
വിശ്ലേഷദുഃഖൈൎന്നവൈഃ. 6 490
109. ഓദകാന്തം സ്നിഗ്ധോ ജനോഽനുഗന്തവ്യഃ. 498
110. ഗുൎവ്വപി വിരഹദുഃഖമാശാബന്ധഃ സാഹയതി. 16 498
111, ന ഖലു ധീമതാം കശ്ചിദവിഷയോ നാമ. 500
112. സ്നേഹഃ പാപശങ്കീ 502
113. അൎത്ഥോ ഹി കന്യാ പരകീയ ഏവ. 22 504

അഞ്ചാമങ്കം

114. ഭാവസ്ഥിരാണി ജനനാന്തരസൌഹൃദാനി. 2 506
115. അവിശ്രമോഽയം ലോകതന്ത്രാധികാരഃ. ,,
116. സൎവ്വഃ പ്രാൎത്ഥിതമൎത്ഥമധിഗമ്യ സുഖീ സമ്പദ്യതേ ജന്തുഃ. 508
117. അനുഭവതി ഹി മൂർധ്നാ പാദപസ്തീവ്രമുഷ്ണം.
118. ശമയതി പരിതാപം ഛായയാ ചാശ്രിതാനാം ,,
119. ഭവന്തി നമ്രാസ്തരവഃ ഫലാഗമൈ–
ന്നവാംബുഭിർദ്ദൂരവിലംബിനോ ഘനാഃ
അനുദ്ധതാഃ സൽപുരുഷാഃ സമൃദ്ധിഭിഃ
സ്വഭാവ ഏവൈഷ പരോപകാരിണാം. 512
120. തമസ്തപതി ഘൎമ്മാംശൌ കഥമാവിർഭവിഷ്യതി?. 14 514
121. സതീമപി ജ്ഞാതികുലൈകസംശ്രയാം
ജനോഽന്യഥാ ഭൎത്തൃമതീം വിശങ്കതേ. 17 516
122. കിം കൃതകാൎയ്യദ്വേഷോ
ധൎമ്മം പ്രതി വിമുഖതാ കൃശാവജ്ഞാ
മൂൎച്ഛന്ത്യമീ വികാരാഃ
പ്രായേണൈശ്വൎയ്യമത്തേഷു. 18 ,,
123. പ്രത്യുൽപന്നമതി സ്ത്രൈണം. 520
124. സൎവ്വഃ സഗന്ധേഷു വിശ്വസിതി. ,,
125. സ്ത്രീണാമശിക്ഷിതപടുത്വമമാനുഷീഷു
സന്ദൃശ്യതേ, കിമുത യാഃ പ്രതിബോധവത്യഃ. 22 ,,
126. ആത്മകൃതം പ്രതിഹതം ചാപലം ദഹതി. 522
127. ഉപപന്നാ ഹി ദാരേഷു പ്രഭുതാ സൎവ്വതോമുഖീ. 26 524
128. വശിനാം ഹി പരപരിഗ്രഹസംശ്ലേഷപരാങ്മുഖീ വൃത്തിഃ. 28 ,,

ആറാമങ്കം

	സൂക്തി	ഭാഗം
129.	സഹജം കില യദ്വിനിന്ദിതം ന ഖലു തൽ കർമ്മ വിവർജ്ജനീയം. 1	528
130.	അവസരോപസർപ്പണീയാ രാജാനഃ.	530
131.	ഉത്സവപ്രിയാഃ ഖലു മനുഷ്യാഃ.	538
132.	സർവ്വാസ്വവസ്ഥാസു രമണീയത്വമാകൃതിവിശേഷാണാം.	540
133.	രന്ധ്രോപനിപാതിനോ വിനിപാതാഃ.	542
134.	ഭവിതവ്യതാ ഖലു ബലവതീ.	544
135.	കദാപി സൽപുരുഷാഃ ശോകവക്തവ്യാ ന ഭവന്തി.	,,
136.	നനു പ്രവാതേഽപി നിഷ്കമ്പാ ഗിരയഃ	,,
137.	ന ഖലു മാതാപിതരൗ ഭർത്തൃവിയോഗദുഃഖിതാം ദുഹിതരം ചിരാൽ ദ്രഷ്ടും പാരയതഃ.	546
138.	മനോരഥാനാമതടാഃ പ്രപാതാഃ. 10	,,
139.	അവശ്യംഭാവ്യചിന്തനീയഃ സമാഗമോ ഭവതി.	,,
140.	ഹംസോ ഹി ക്ഷീരമാദത്തേ തന്മിശ്രാ വർജ്ജയത്യപഃ 28	566
141.	പ്രായഃ സ്വം മഹിമാനം ക്ഷോഭാൽ പ്രതിപദ്യതേ ഹി ജനഃ. 31	568

ഏഴാമങ്കം

142.	സിദ്ധ്യന്തി കർമ്മസു മഹത്സ്വപി യന്നിയോജ്യാഃ സംഭാവനാഗുണമവേഹി തമീശ്വരാണാം. 4	570
143.	ഉദാരരമണീയാ പൃഥിവീ.	572
144.	ഉത്സർപ്പിണീ ഖലു മഹതാം പ്രാർത്ഥനാ.	576
145.	പൂർവ്വാവധീരിതം ശ്രേയോ ദുഃഖം ഹി പരിവർത്തതേ. 13	,,
146.	അങ്കാശ്രയപ്രണയിനസ്തനയാൻ വഹന്തോ ധന്യാസ്തദംഗരജസാ മലിനീഭവന്തി. 17	578
147.	ന ന്യായ്യഃ പരദാരവ്യവഹാരഃ.	582
148.	സ്രജമപി ശിരസ്യന്ധഃ ക്ഷിപ്താം ധുനോത്യഹിശങ്കയാ: 24	588
149.	ഉദേതി പൂർവ്വം കുസുമം തതഃ ഫലം ഘനോദയഃ പ്രാക് തദനന്തരം പയഃ. 30	592
150.	ഛായാ ന മൂർച്ഛതി മലോപഹതപ്രസാദേ ശുദ്ധേ തു ദർപ്പണതലേ സുലഭാവകാശാ. 32	594

ശ്ലോകാനുക്രമണിക

വിക്രമോർവ്വശീയം

ശ്ലോകാരംഭം	അങ്കം — ശ്ലോകം
അഗ്രേ യാന്തി രഥസ്യ	1– 5
അഗ്രേ സ്ത്രീനഖപാടലം	2- 6
അംഗമനംഗക്ലിഷ്ടം	3–16
അചിരപ്രഭാവിലസിതൈഃ	4–74
അദഃ സുരേന്ദ്രസ്യ	1–19
അദ്യാഹം പുത്രിണാമഗ്ര്യഃ	5–14
അനുപനതമനോരഥസ്യ	3-22
അനിർദ്ദേശ്യസുഖഃ	3–18
അനീശയാ ശരീരസ്യ	2–17
അനേന കല്യാണി	3–13
അനേന നിർഭിന്ന	5– 6
അപരാധീ നാമാഹം	2–19
അപി ദൃഷ്ടവാനസി	4-60
അപി വനാന്തരമല്പ	4–49
അഭിനവകുസുമ	4–56
അമരമുനിരിവാത്രിഃ	5–21
അയം ച ഗഗനാൽ	1–15
അയം തസ്യാ രഥ	3–11
അയമചിരോൽഗതപല്ലവം	4–44
അയമന്തികമായാന്തീം	4–58
അയമേകപദേ തയാ	4–10
അവധൂതപ്രണിപാതാഃ	3- 5
അസൌ മുഖാലംബിത	5– 2
അസ്യാഃ സർഗ്ഗവിധൌ	1-10
ആത്മനോ വധമാഹർത്താ	5– 1
ആ ദർശനാൽ പ്രവിഷ്ടാ	2– 2
ആഭരണസ്യാഭരണം	2– 3
ആഭാതി മണി വിശേഷോ	5- 4
ആയുഷോ യൌവരാജ്യശ്രീഃ	5-23
ആരക്തരാജിഭിരിയം	4–15
ആലോകയതി പയോദാൻ	4–18
ആ ലോകാന്താൽ	2- 1
ആവിർഭൂതേ ശശിനി	1– 9
ആവിലപയോധരാഗ്രം	5– 8
ആശ്വാസിതസ്യ മമ	5–16
ഇദം രുണദ്ധി മാം	4-40
ഇദമസുലഭവസ്തു	2– 5
ഇയം തേ ജനനീ	5-12
ഉൽകീർണ്ണാ ഇവ വാസ	3– 2
ഉദയഗൂഢശശാങ്ക	3– 6
ഉർവ്വശീസംഭവസ്യായം	5- 7
ഉഷ്ണാലുഃ ശിശിരേ	2-21
ഊരുൽഭവാ നരസഖസ്യ	1- 4
ഏക്കക്കമെവഡ്ഢിഅ	4-41
ഏതാഃ സുതനു	1-12
ഏഷാ മനോ മേ	1-20
കഇ പഇം സിക്ഖിഉ	4-34
കരിണീവിരഹേ	4-43
കാര്യാന്തരിതോൽകണ്ഠം	3- 4
കിം സുന്ദരി പ്രരുദിതാ	5-15
കുപിതാ ന തു കോപകാരണം	4-26
കുസുമശയനം ന	3-10
കൃഷ്ണസാരച്ഛവിഃ	4-57
ഗതം ഭയം ഭീരു	1– 6
ഗന്ധുമ്മാഇഅമഹുഅര	4-12
ഗഹണം ഗഇന്ദണാഹോ	4- 5
ഗൂഢാ നൂപുരശബ്ദ	3-15
ഗോരോഅണവണ്ണാ	4-36
ഗോരോചനാനികഷ	5-19
ചിന്താദുമ്മിഅമാണസിആ	4- 4
ജലഹര സംഹര	4-11
തന്വീ മേഘജലാർദ്ര	4-67
തയാ വിയുക്തസ്യ	4-66
തരംഗഭ്രൂഭംഗാ	4-52
തവ പിതരി പുരസ്താൽ	5-22
തിഷ്ഠേൽ കോപവശാൽ	4- 9
തുല്യാനുരാഗപിശുനം	2-12
ത്വൽകാര്യം വാസവഃ	5-20
ത്വദഭിയോഗോത്ഭവേ	4-70
ത്വയി നിബദ്ധരതൌ	4-

ശ്ലോ... അ.-ശ്ലോ.
ത്വാം കാമിനോ മദന 4-25
ദഇആരഹിദാ 4-14
ദാതും വാ പ്രഭവസി 3-14
ദേവ്യാ ദത്ത ഇതി 3-17
ന തഥാ നന്ദയസി 2-13
നദ്യാ ഇവ പ്രവാഹോ 3- 8
നനു വഞ്ചിണ ഏവ 1-17
നവജലധരഃ സന്നദ്ധോऽയം 4- 7
ന സുലഭാ സകലേന്ദുമുഖീ 2- 8
ന ഹി സുലഭവിയോഗാ 5-17
നിതാന്തകഠിനാം രുജം 2-10
നിഷിഞ്ചൻ മാധവീമേതാം 2- 4
നീലകണ്ഠ മമോൽകണ്ഠാ 4-21
പണഇണിബദ്ധാ 4-63
പദ്ഭ്യാം സ്പൃശേൽ 4-16
പരസ്പരവിരോധിന്യോഃ 5-24
പരഹുഅമഹുരപലാവിണി 4-24
പരിജനവനിതാ 3- 3
പര്യുൽസുകാം കഥയസി 2-14
പശ്ചാൽ സരഃ പ്രതി 4-31
പസരിഅഖരഖുര 4-48
പസീഅ പിയഅമ 4-53
പാദാസ്ത ഏവ ശശിനഃ 3-20
പാവിഅസഹഅരി 4-75
പിയഅമവിരഹ 4-28
പിയകരിണീ 4-29
പിയസഹിവിഓഅ 4- 1
പുരാ നാരായണേനേയം 1-16
പുവ്വദിസാപവണാഹഅ 4-54
പ്രണയിഷു വാ 1- 2
പ്രഭാപല്ലവിതേനാസൌ 5- 3
പ്രഭാലേപീ നായം 4-62
പ്രിയമാചരിതം 1-18
പ്രിയവചനകൃതോപി 2-20
ഫലിഹസിളാഅള 4-50
ബംഹിണ പഇം 4-20
ബാഷ്പായതേ നിപതിതാ 5- 9
മഇ ജാണിഅം 4- 8
മത്താനാം കുസുമരസേന 1- 3
മദകളയുവതി 4-46
മധുകര മദിരാക്ഷ്യാഃ 4-42
മന്ദാരകുസുമദാമ്നാം 1- 7
മന്ദാരപുഷ്പൈരധി 4-64
മമ കുസുമിതാസ്വപി 2- 7
മമ്മരരണിഅ 4-35
മയാ നാമ ജിതം 2-15
മഹദപി പരദുഃഖം 4-27
മാമാഹുഃ പൃഥവീഭൃതാം 4-47
മുഞ്ചതി ന താവദസ്യാഃ 1- 8
മുനിനാ ഭരതേന 2-16
മൃദുപവനവിഭിന്നോ 4-22
മേഘശ്യാമാ ദിശോ 4-30
മോരോ പരഹുഅ 4-71
യഃ സുപ്തവാൻ 5-13
യദയം രഥസംക്ഷോഭാൽ 1-13
യദി ഹംസ ഗതാ 4-32
യദി ഹാർദ്ദമിദം 5-10
യദൃച്ഛയാ ത്വം 1-11
യദേവോപനതം 3-21
യാവൽ പുനരിയം 1-14
രക്തകദംബഃ 4-61
ശ്രമഖേദസുപ്തമപി 4-72
രത്നമിതി ന മേ 5- 5
രഥാംഗനാമൻ സന്ത്യക്തോ 4-37
രവിമാവസതേ 3- 7
രേ രേ ഹംസ 4-34
ലഏ പേക്ഖ വിണ്ണ 4-68
വചോഭിരാശാ 3- 9
വാസാർത്ഥം ഹര സംഭൃതം 2-18
വിജ്ജുജ്ഝരകാണണ 4-23
വിദ്യുല്ലേഖാ കനക 4-13
വിവക്ഷുർയദഹം 2- 5
വേദാന്തേഷു യമാഹുരേക 1- 1
ശമയതി ഗജാൻ 5-18
സംഗമനീയോ മണിരിഹ 4-65
സംപത്തവിസുരണഓ 4-19
സമർത്ഥയേ യൽ 4-69
സരസി നളിനീ 4-39
സർവ്വഃ കല്യേ വസസി 3- 1

ശ്ലോ... അ.-ശ്ലോ
സർവ്വക്ഷിതഭൃതാം 4.51
സർവ്വാംഗീണഃ സ്പർശഃ 5-11
സഹഅരിദ്ദക്ഖാലിദ്ധഅം 4.2,3
സാമന്തമൌലിമണി 3.19
സാമിഅസംഭാവിഅ 2.11
സിതാംശുകാ മംഗള 3.12
സുരസുന്ദരി ജഹണ 4.59
ശ്ലോ... അ.-ശ്ലോ.
സൂര്യ്യാചന്ദ്രമസൌ 4.38
സ്ഫുരതാ വിച്ഛുരിതമിദം 4 73
ഹംസ പ്രയച്ഛ 4.33
ഹളം പഇം പുച്ഛിമി 4. 5
ഹിഅആഹിഅപിഅ 4. 6
ഹൃതോഷ്ഠരാഗൈഃ 4.17
ഹൃദയമിഷുഭിഃ 2. 9

മാളവികാഗ്നിമിത്രം

അഗ്രേ വികീർണ്ണകുരവക 5. 4
അംഗൈരന്തർന്നിഹിത 2. 8
അചിരാധിഷ്ഠിത 1. 8
അതിമാത്രഭാസുരത്വം 1.13
അനതിലംബിദുകൂല 5. 7
അനാതുരോൽകണ്ഠിതയോഃ 3.15
അനിമിത്തമിന്ദുവദനേ 1.18
അനുചിതനൂപുരവിരഹം 4. 3
അനേന തനുമദ്ധ്യയാ 3.17
അപരാധിനി മയി 3.22
അപ്യാകരസമുൽപന്നാ 5.18
അർത്ഥം സപ്രതിബന്ധം 1. 9
അലമന്യഥാ ഗൃഹീത്വാ 1.20
അവ്യാജസുന്ദരീം 2.13
അഹം രഥാംഗനാമേവ 5. 9
ആദായ കർണ്ണകിസലയം 3.16
ആമത്താനാം 3. 4
ആർദ്രാലക്തകമസ്യാഃ 3.13
ഇമാം പരീപ്സുർദ്ദുർജ്ജാതേ 5.11
ഇഷ്ടാധിഗമനിമിത്തം 4. 5
ഉചിതഃ പ്രണയോ വരം 3. 3
ഉത്തരേണ കിമാത്മൈവ 4.12
ഉപദേശം വിദുഃ ശുദ്ധം 2- 9
ഉഭാവഭിനയാചാര്യ്യൌ 1.10
ഏകൈശ്വര്യ്യേ സ്ഥിതോപി 1. 1
ഔത്സുക്യഹേതും 3.10
കദാ മുഖം വരതനു 4.16
കാന്താം വിചിന്ത്യ 5. 3
കാർത്സ്ന്യേന നിർവ്വർണ്ണയിതും 4. 8
കിസലയമൃദോർവിലാസിനി 3.18
കുപ്യസി കുവലനയനേ 4.10
കു രുജാ ഹൃദയപ്രമാഥിനീ 3. 2
ചരണാന്തനിവേശിതാം 3.11
ചിത്രഗതായാമസ്യാം 2. 2
ഛേദോ ദംശസ്യ ദാഹോ വാ 4. 4
ജനമിമമനുരക്തം 2. 5
ജീമൂതസ്തനിതവിശങ്കിഭിഃ 1.21
തതഃ പരാൻ പരാജിത്യ 5.15
താമാശ്രിത്യ ശ്രുതിപഥഗതാം 4- 1
തൂണീരപട്ടപരിണദ്ധ 5-10
തൌ പൃഥഗ്വരദാകൂലേ 5.13
ത്വദുപലഭ്യ സമീപഗതാം 3- 6
ത്വം മേ പ്രസാദസുമുഖീ 5.20
ദാക്ഷിണ്യം നാമ 4.14
ദീർഘാക്ഷം ശരദിന്ദുകാന്തി 2. 3
ദുല്ലഹോ പിഓ മേ 2. 4
ദേവാനാമിദമാമനന്തി 1. 4
ദ്വാരേ നിയുക്തപുരുഷാ 1.12
ദ്വിധാ വിഭക്താം 5.14
ധൃതിപുഷ്പമയമപി 3.19
ധൈര്യ്യാവലംബിനമപി 1.22
ന ച ന പരിചിതോ 1-11
നവകിസലയ രാഗേണ 3.12
നഹി ബുദ്ധിഗുണേനൈവ 4. 6
നായം ദേവ്യാ ഭാജനത്വം 5. 8
നാർഹതി കൃതാപരാധോ 4-17
നേപഥ്യഗൃഹഗതായാഃ 2. 1
നൈതാവതാ വീര 5-17
പത്രച്ഛായാസു ഹംസാ 2.12
പഥി നയനയോഃ 4-11

ശ്ലോ... അ.-ശ്ലോ.
പരഭൃതകളവ്യാഹാരേഷു 5- 1
പാത്രവിശേഷേ ന്യസ്തം 1- 6
പുരാണമിത്യേവ ന സാധു 1- 2
പ്രതിപക്ഷേണാപി പതിം 5-19
പ്രേഷ്യഭാവേന നാമേയം 5-12
ബാഷ്പാസാരാ 3-21
ഭർത്ത്രാസി വീരപത്നീനാം 5-16
ഭാഗ്യാസ്തമയമിവാക്ഷ്ണാഃ 2-11
ഭാവജ്ഞാനാനന്തരം 3-14
ഭ്രൂഭംഗഭിന്നതിലകം 4- 9
മംഗളാലങ്കൃതാ ഭാതി 1-14
മധുരസ്വരാ പരഭൃതാ 4- 2
മന്ദോപ്യമന്ദതാമേതി 2- 7
മന്യേ പ്രിയാഹൃതമനാഃ 3-23
മഹാസാരപ്രസവയോഃ 1-15
മാമിയമഭ്യുത്തിഷ്ഠതി 5- 6
മൌർവ്വസചിവം വിമുഞ്ചതി 1- 7
യദ്യൽ പ്രയോഗവിഷയേ 1- 5

ശ്ലോ... അ.-ശ്ലോ.
രക്താശോകരുചാ 3- 5
ലബ്ധാസ്പദോസ്മീതി 1-17
വാമം സന്ധിസ്തിമിത 2- 6
വിപുലം നിതംബബിംബേ 3- 7
വിരചിതപദം വീരപ്രീത്യാ 5- 2
വിവാദേ ദശ്യിഷ്യാമി 1-19
വിസൃജ സുന്ദരി 4-13
വോഢാകുരവകരജസാം 3- 9
ശം ഇതി മയി താവദസ്തു 3-20
ശരകാണ്ഡപാണ്ഡുഗണ്ഡ 3- 8
ശരീരം ക്ഷാമം സ്യാൽ 3- 1
ശിരസാ പ്രഥമഗൃഹീതാം 1- 3
ശിഷ്ടാ ക്രിയാ കസ്യചിൽ 1-16
സർവ്വാന്തഃപുരവനിതാ 2-14
സർവ്വാശോകതരൂണാം 5- 5
സൂര്യോദയേ ഭവതി 4- 7
സ്മയമാനമായതാക്ഷ്യാഃ 2-10
ഹസ്തം കമ്പവതീ 4-15

അഭിജ്ഞാനശാകുന്തളം

അക്ലിഷ്ടബാലതരുപല്ലവ 6-20
അതഃ പരീക്ഷ്യ കർത്തവ്യം 5-24
അധരഃ കിസലയരാഗഃ 1-18
അധ്യാക്രാന്താ വസതിഃ 2-14
അനവരതധനുർജ്യാ 2- 4
അനാഘ്രാതം പുഷ്പം 2-10
അനുകാരിണി പൂർവ്വേഷാം 2-16
അനുമതഗമനാ ശകുന്തളാ 4-10
അനുയാസ്യൻ മുനിതനയാം 1-25
അനേന കസ്യാപി 7-19
അന്തർഗതപ്രാർത്ഥനം 7- 2
അന്തർഹിതേ ശശിനി 4- 3
അപരിക്ഷതകോമളസ്യ 3-21
അഭിജനവതോ ഭർത്തുഃ 4-19
അഭിമുഖേ മയി 2-11
അഭ്യക്തമിവ സ്നാതഃ 5-11
അഭ്യുന്നതാ പുരസ്താൽ 3- 5
അമീ വേദീം പരിതഃ 4- 8
അയം സ തേ തിഷ്ഠതി 3-11
അയമരവിവരേഭ്യശ്ചാതകൈഃ 7- 7
അർത്ഥോ ഹി കന്യാ 4-22
അർധപീതസ്തനം മാതുഃ 7-14
അസംശയം ക്ഷത്രപരിഗ്രഹ 1-19
അസ്മാൽ പരം ബത 6-25
അസ്മാൻ സാധു വിചിന്ത്യ 4-17
അഹന്യഹന്യാത്മന ഏവ 6-26
അഹിണവമഹുലോലുഓ 5- 1
ആഖണ്ഡലസമോ ഭർത്താ 7-28
ആചാര ഇത്യവഹിതേന 5- 3
ആജന്മനഃ ശാഠ്യം 5-25
ആതമ്മഹരിഅപണ്ഡുര 6- 2
ആപരിതോഷാൽ 1- 2
ആലക്ഷ്യദന്തമുകുളാൻ 7-17
ഇതഃ പ്രത്യാദേശാൽ സ്വജന 6- 9
ഇദം കിലാവ്യാജ 1-16
ഇദമനന്യപരായണം 3-16
ഇദമശിശിരൈരന്തഃ 3-10

ശ്ലോ... അ.-ശ്ലോ.

ഇദമുപനതമേവം 5-19
ഇസിചുംബിആഇ 1-4
ഉഗ്ഗളിഅദബ്ഭകവളാ 4-12
ഉത്പക്ഷ്മണോർനയനയോഃ 4-15
ഉത്സൃജ്യ കുസുമശയനം 3-19
ഉദേതി പൂർവ്വം കുസുമം 7-30
ഉന്നമിതൈകഭ്രൂലതം 3-12
ഉപോഢശബ്ദാ ന രഥാംഗ 7-10
ഏകൈകമത്ര ദിവസേ 6-12
ഏവമാശ്രമവിരുദ്ധവൃത്തിനാ 7-18
ഏഷ ത്വാമഭിനവ 6-27
ഏഷാ കുസുമനിഷണ്ണാം 6-19
ഏസാ വി പിഏണ വിണാ 4-16
ഔത്സുക്യമാത്രമവ 5-6
കഃ പൌരവേ വസുമതീം 1-21
കഥം നു തം ബന്ധുര 6-13
കാ കഥാ ബാണസന്ധാനേ 3-1
കാമം പ്രത്യാദിഷ്ടാം 5-31
കാമം പ്രിയാ ന സുലഭാ 2-1
കാര്യാ സൈകതലീനഹംസ 6-17
കാ സ്വിദവഗുണ്ഠനവതീ 5-13
കിം കൃതകാർയ്യദ്വേഷഃ 5-18
കിം താവദ്വ്രതിനാം 5-9
കിം ശീതളൈഃ 3-18
കുതോ ധർമ്മക്രിയാവിഘ്നഃ 5-14
കുമുദാന്യേവ ശശാങ്കഃ 5-28
കൃതം ന കർണ്ണാർപ്പിതബന്ധനം 6-18
കൃതാഃ ശരണ്യം ഹരിണാ 6-29
കൃതാഭിമർശാമനുമന്യമാനഃ 5-20
കൃത്യയോർഭിന്നദേശത്വാൽ 2-17
കൃഷ്ണസാരേ ദദച്ചക്ഷുഃ 1-6
ക്വ വയം ക്വ പരോക്ഷ 2-18
ക്ഷാമക്ഷാമകപോലം 3-7
ക്ഷൌമം കേനചിദിന്ദുപാണ്ഡു 4-5
ഗച്ഛതി പുരഃ ശരീരം 1-30
ഗാന്ധർവ്വേണ വിവാഹേന 3-20
ഗാഹന്താം മഹിഷാഃ 2-6
ഗ്രീവാഭംഗാഭിരാമം 1-7
ചലാപാംഗാം ദൃഷ്ടിം 1-20
ചിത്രേ നിവേശ്യ പരികല്പിത 2-9

ശ്ലോ... അ.-ശ്ലോ.

ചൂതാനാം ചിരനിർഗ്ഗതാപി 6-4
ജന്മ യസ്യ പുരോഃ 1-11
ജാനേ തപസോ വീർയ്യം 3-2
ജ്വലതി ചലിതേന്ധനഃ 6-31
ണാവേക്ഖിദോ ഗുരുഅണോ 5-16
തൽ സാധു കൃതസന്ധാനം 1-10
തദേഷാ ഭവതഃ കാന്താ 5-26
തപതി തനുഗാത്രി മദനഃ 3-14
തവ സുചരിതമംഗുലീയ 6-11
തവാസ്മി ഗീതരാഗേണ 1-5
തസ്യാഃ പുഷ്പമയീ 3-23
തീവ്രാഘാതപ്രതിഹതതരുഃ 1-29
തുജ്ഝ ണ ആണേ 3-13
തും സി മഏ ചൂദങ്കുര 6-3
തുരഗഖുരഹതസ്തഥാ 1-28
ത്രിസ്രോതസം വഹതി യോ 7-6
ത്വന്മതിഃ കേവലാ താവൽ 6-32
ത്വമർഹതാം പ്രാഗ്രസരഃ 5-15
ദർഭാങ്കുരേണ ചരണഃ 2-12
ദർശനസുഖമനുഭവതഃ 6-21
ദിഷ്ട്യാ ശകുന്തളാ സാധ്വീ 7-29
ദുഷ്യന്തേനാഹിതം തേജഃ 4-4
ന നമയിതുമധിജ്യം 2-3
നിയമയസി വിമാർഗ്ഗ 5-8
നീവാരാഃ ശുകഗർഭകോടര 1-13
നൈതച്ചിത്രം യദയം 2-15
പരിഗ്രഹബഹുത്വേഽപി 3-17
പാതും ന പ്രഥമം വ്യവസ്യതി 4-9
പുത്രസ്യ തേ രണശിരസ്യയം 7-26
പൃഷ്ടാ ജനേന സമദുഃഖ 3-8
പ്രജാഃ പ്രജാഃ സ്വാ ഇവ 5-5
പ്രജാഗരാൽ ഖിലീഭൂതഃ 6-22
പ്രത്യാദിഷ്ടവിശേഷമണ്ഡന 6-6
പ്രഥമം സാരംഗാക്ഷ്യാ 6-7
പ്രഥമോപകൃതം മരുത്വതഃ 7-1
പ്രലോഭ്യവസ്തുപ്രണയ 7-16
പ്രവർത്തതാം പ്രകൃതിഹിതായ 7-35
പ്രാണാനാമനിലേന വൃത്തിഃ 7-12
പ്രാഹുർദ്വാദശധാ സ്ഥിതസ്യ 7-27

ശ്ലോ...	അ.-ശ്ലോ.
ബാഷ്പേണ പ്രതിഷിദ്ധേപി	7-23
ഭവതു തവ വിഡൌജാഃ	7-34
ഭവനേഷു രസാധികേഷു	7-20
ഭവന്തി നമ്രാസ്തരവഃ	5.12
ഭവ ഹൃദയ സാഭിലാഷം	1.24
ഭാനുഃ സകൃദ്യുക്തതുരംഗ ഏവ	5. 4
ഭൂത്വാ ചിരായ ചതുരന്ത	4.20
മനോരഥായ നാശംസേ	7-13
മയ്യേവ വിസ്മരണ	5.23
മഹതസ്തേജസോ ബീജം	7.15
മഹാഭാഗഃ കാമം	5.10
മാനുഷീഷു കഥം വാ	1.22
മുക്തേഷു രശ്മിഷു	1. 8
മുനിസുതാപ്രണയസ്മൃതി	6. 8
മുഹുരംഗുലിസംവൃതാധരോഷ്ഠം	3-22
മൂഢഃ സ്യാമഹമേഷാ വാ	5.29
മേദശ്ഛേദകൃശോദരം	2. 5
മോഹാന്മയാ സുതനു പൂർവ്വം	7.25
യഥാ ഗജോ നേതി	7.31
യദാലോകേ സൂക്ഷ്മം	1. 9
യദി യഥാ വദതി	5.27
യദുത്തിഷ്ഠതി വർണ്ണേഭ്യഃ	2-13
യദ്യത്സാധു ന ചിത്രേ	6.14
യയാതേരിവ ശർമ്മിഷ്ഠാ	4. 7
യസ്യ ത്വയാ വ്രണ	4.14
യാത്യേകതോഽസ്ത	4- 2
യാസ്യത്യദ്യ ശകുന്തളേതി	4. 6
യാ സൃഷ്ടിഃ സ്രഷ്ടുരാദ്യാ	1- 1
യേന യേന വിയുജ്യന്തേ	6.23
യോ ഹനിഷ്യതി വധ്യം ത്വാം	6.28
രഥേനാനുൽഘാതസ്തിമിത	7.33
രമ്യം ദ്വേഷ്ടി യഥാ പുരാ	6. 5
രമ്യാണി വീക്ഷ്യ	5- 2
രമ്യാന്തരഃ കമലിനീ	4.11
രമ്യാസ്തപോധനാനാം	1.12
വല്മീകാർധനിമഗ്നമൂർത്തിഃ	7-11
വസനേ പരിധൂസരേ	7.21
വാചം ന മിശ്രയതി	1.27
വിചിന്തയന്തീ യമനന്യ	4. 1
വിച്ഛിത്തിശേഷൈഃ	7. 5
വൈഖാനസം കിമനയാ	1.23
വ്യപദേശമാവിലയിതും	5.21
ശക്യമരവിന്ദസുരഭിഃ	3. 4
ശമപ്രധാനേഷു	2. 7
ശമമേഷ്യതി മമ ശോകഃ	4.21
ശഹജേ കില ജേ	6. 1
ശാന്തമിദമാശ്രമപദം	1.14
ശാപാദസി പ്രതിഹതാ	7.32
ശുദ്ധാന്തദുർല്ലഭമിദം	1.15
ശുശ്രൂഷസ്വ ഗുരൂൻ	4.18
ശൈലാനാമവരോഹതീവ	7. 8
സംരോപിതേപ്യാത്മനി	6.24
സഖ്യുസ്തേ സ കില	6.30
സങ്കല്പിതം പ്രഥമമേവ	4.13
സതീമപി ജ്ഞാതികുലൈക	5.17
സംദഷ്ടകുസുമശയനാനി	3.15
സരസിജമനുവിദ്ധം	1.17
സാക്ഷാൽ പ്രിയാമുപഗതാം	6.16
സാ നിന്ദന്തീ സ്വാനി	5-30
സായന്തനേ സവനകർമ്മണി	3.24
സിദ്ധ്യന്തി കർമ്മസു	7. 4
സുഖപരസ്യ ഹരേരുഭയൈഃ	7. 3
സുതനു ഹൃദയാൽ പ്രത്യാദേശ	7.24
സുഭഗസലിലാവഗാഹാഃ	1. 3
സുരയുവതിസംഭവം	2. 8
സ്തനന്യസ്തോശീരം	3. 6
സ്ത്രീണാമശിക്ഷിതപടുത്വം	5.22
സ്നിഗ്ധം വീക്ഷിതം	2. 2
സ്മര ഏവ താപഹേതുഃ	3. 9
സ്മൃതിഭിന്നമോഹതമസഃ	7-22
സ്രസ്താംസാവതിമാത്ര	1.26
സ്വപ്നോ നു മായാ നു	6.10
സ്വസുഖനിരഭിലാഷഃ	5- 7
സ്വായംഭുവാന്മരീചേർയ്യഃ	7- 9
സ്വിന്നാംഗുലിവിനിവേശഃ	6-15

Presented with compliments
From the Department of Culture
Government of India.

ഡോ· സുധാംശു ചതുർവേദിയുടെ കൃതികൾ

മൂലകൃതികൾ: ഹിന്ദി

അപ്‌നോം കേ ബീച്ച്
യുഗാത്മാ
കല്പനാ
കീച്ച് കേ കമൽ
ആത്മഹത്യാ !.... ?
ദുഃഖ് കീ ധൂപ്: സുഖ് കീ വർഷാ
തീൻ ബാല ഏകാങ്കീ
ജാഗൊ ഫിർ ഏക് ബാർ
ശകുന്തളാ നാടക്–ഏക് അനുശീലൻ
കാളിദാസ് ഔർ ഉൻകാ മേഘദൂത്
കാളിദാസ് ഔർ ഉൻകാ കാവ്യ
സാഹിത്യിക് നിബന്ധ് മഞ്ജൂഷാ

മൂലകൃതികൾ: മലയാളം

കാളിദാസൻ: ഒരു പഠനം
ആദികവി വീണ്ടും ജനിക്കുന്നു
വീരപുത്രൻ
കൊടുങ്കാററിന്റെ അവസാനം
നദി സമുദ്രത്തിലേക്കുതന്നെ
ത്രിലോകസഞ്ചാരിയുടെ ആത്മകഥ
ദേശാഭിമാനത്തിന്റെ പുഞ്ചിരി
വീരസന്തതികൾ
കർമ്മധീരന്റെ കാല്പാടുകൾ
കുമാരവിക്രമം
ഝാൻസിറാണി
കുട്ടിക്കഥകൾ
കുട്ടികളുടെ യേശുദേവൻ
ഇന്ദിരാ ഗാന്ധി
തീരഭൂമി
ജന്മാന്തരം
ചിന്നിച്ചിതറിയ മോഹങ്ങൾ

പ്രസാധിത കൃതികൾ

സംക്ഷിപ്തം ബാലകാണ്ഡം
മേഘദൂതം
മലയാളം മലയാളം നിഘണ്ടു

സംസ്കൃതരത്നാലോകം
ശകുന്തളാനാടക്
കുമാർ ഹൃദയ്കാ ഉച്ഛ്വാസ്

തർജ്ജമകൾ: മലയാളത്തിൽ നിന്നു ഹിന്ദിയിലേയ്ക്കു്

ഹിമഗിരിവിഹാർ
നാലീ സേ
സുധാ
ബാല്യകാലസഖി
പ്രൊഫസർ
പഡോസി
രാമ മൗത് സേ ഖേലാ
അന്ധാ ഗായക്
ഗ്രാമബാലികാ
വേ ഫിർ മിലേ
രാമഭദ്ര് കീ വാപസീ
വേലുത്തമ്പി ദളവ
കന്യകാ
പരീക്ഷാ
പ്രതിധ്വനി
സന്ധ്യാ
രാഷ്ട്രഗീത്
ത്യക്താ കേ ആംസൂ
സീഢീ കേ ഡണ്ഡേ
മലയാളം കേ ശ്രേഷ്ഠ ഏകാങ്കീ
മലയാളം കീ ശ്രേഷ്ഠ കഹാനിയാം
മലയാളം കഹാനിയാം

ഹിന്ദിയിൽനിന്നു് മലയാളത്തിലേയ്ക്കു്

അമൃതവും വിഷവും
മങ്ങിമറഞ്ഞ ജീവിതചിത്രങ്ങൾ
അരദിവസം
ആ ചിത്രം
ഒഴുകുന്ന ജീവിതം

3762

Gurukul Kangri Library
Access on
Class on
Cat. on
Tag etc
Checked 2112
Any Other

ഗ്രന്ഥകാരനെപ്പററി

സംസ്കൃതം, ഹിന്ദി മുതലായ വിവിധഭാഷകളിൽ പ്രാഗൽഭ്യം നേടിയ പല പ്രശസ്ത പണ്ഡിതന്മാക്കും ജന്മം നല്കിയ ഫറുക്കാബാദ് (ഉത്തർപ്രദേശ്) ലെ ഒരു പ്രശസ്ത കുടുംബത്തിൽ 1943 ഫെ. 15-ാംനു ഡോ. സുധാംശു ചതുർവേദി ജനിച്ചു. ഭാരതീയ സാഹിത്യത്തെ അപഗ്രഥിച്ചും താരതമ്യം ചെയ്തും പഠിക്കുവാനുള്ള അഭിരുചി വിദ്യാർത്ഥി ജീവിതകാലം തൊട്ടുതന്നെ അദ്ദേഹത്തിൽ അങ്കുരിച്ചിരുന്നു. ഈ അഭിരുചിതന്നെയാണ് അദ്ദേഹത്തെ കേരളസാഹിത്യത്തോടടുപ്പിച്ചതും. "ഹിന്ദിയിലെയും മലയാളത്തിലെയും പ്രശ്നനാടകങ്ങളെക്കുറിച്ചുള്ള ഒരു താരതമ്യപഠനം" എന്ന അദ്ദേഹത്തിന്റെ പ്രബന്ധത്തിനു 1971ൽ കേരളസർവ്വകലാശാല ഡോക്ടറെയിററ് ബിരുദം നല്കുകയുണ്ടായി.

1965 മുതൽ ഡോ. ചതുർവേദി തൃശ്ശൂരിലെ ശ്രീ കേരളവമ്മ കോളേജിൽ ഹിന്ദി അധ്യാപകനായി സേവനമനുഷ്ഠിച്ചുവരികയാണ്. ഇംഗ്ലീഷ്, ഹിന്ദി, മലയാളം എന്നീ ഭാഷകളിൽ ശ്രദ്ധേയങ്ങളായ ഒട്ടനവധി കൃതികൾ അദ്ദേഹം രചിച്ചിട്ടുണ്ട്. നോവലുകളും, ഏകാങ്കനാടകങ്ങളും, ജീവചരിത്രങ്ങളും, സാഹിത്യനിരൂപണങ്ങളും, ബാലസാഹിത്യകൃതികളും അക്കൂട്ടത്തിൽ ഉൾപ്പെടുന്നു.

ഉത്തർപ്രദേശക്കാരനായ ഈ സാഹിത്യകാരൻ ഒരു ഭാരതീയനും സ്വന്തം പരിശ്രമംകൊണ്ട് ഏതു ഭാരതീയ ഭാഷയും നിഷ്‌പ്രയാസം പഠിക്കുവാൻ സാധിക്കുമെന്നു മലയാളഭാഷാ പഠനംവഴി തെളിയിച്ചിരിക്കുകയാണ്. ഭാരതീയ ഭാഷാ സാഹിത്യങ്ങളുടെ മുതൽക്കൂട്ടു വർദ്ധിപ്പിക്കാനുള്ള അദ്ദേഹത്തിന്റെ പരിശ്രമം ശ്ലാഘനീയംതന്നെ. ആ വഴിയ്ക്കുള്ള അദ്ദേഹത്തിന്റെ സംരംഭത്തിന് പ്രത്യക്ഷോദാഹരണമാണ് ഈ കാളിദാസസർവ്വസ്വം. മലയാളത്തിൽ പ്രകാശിപ്പിയ്ക്കപ്പെട്ട ഏററവും വലിയ കാളിദാസപഠനങ്ങളിൽ ഒന്നാണ് കാളിദാസസർവ്വസ്വം.

കാളിദാസസർവ്വസ്വം

ഡോ: സുധാംശു ചതുർവേദി

“...ഭാരതീയ സംസ്കാരത്തിന്റെയും വിശ്വസാഹിത്യത്തിന്റെയും ഗൌരീശങ്കരശൃംഗമാണ് കാളിദാസകൃതികൾ. അവയിലുള്ള പാണ്ഡിത്യം അതിമഹത്തായ ഒരു സംസ്കാരികസമ്പത്താണ്. അവയെപ്പററി ഒരു സാമാന്യബോധമെങ്കിലും കൈവരുത്താതെ സംസ്കാരസമ്പത്തിനെപ്പററി അഭിമാനിക്കാൻ അർഹതയില്ല. സാഹിത്യലോകത്ത് അത്ര സമുന്നതമാണ് ആ കവീശ്വരന്റെ സ്ഥാനം. അത്ര സർവ്വവിസ്മാപകമാണ് ആ പ്രതിഭാപ്രകർഷം.

നൂററാണ്ടുകളുടെ സമാരാധന സമ്പാദിച്ച കാളിദാസകൃതികൾക്കു മൂലസംസ്കൃതരൂപത്തിലും പരിഭാഷാരൂപത്തിലും പരിഷ്കൃതരാജ്യങ്ങളിൽ എവിടേയും, വിശേഷിച്ചു ഭാരതത്തിൽ എല്ലാടവും വലുതായ പ്രചാരം സിദ്ധിച്ചിട്ടുണ്ട്. കേരളത്തിലെ സ്ഥിതിതന്നെ ഈ വസ്തുതയ്ക്കു നല്ല തെളിവാണ്. കാളിദാസന്റെ എല്ലാ കൃതികളും ഇവിടത്തെ സംസ്കൃതപഠനപാരമ്പര്യത്തിലെ മാർഗ്ഗസ്തംഭങ്ങളാണ്...

...കാളിദാസന്റെ പ്രധാനകൃതികൾ മൂന്നു നാടകങ്ങളും (വിക്രമോർവ്വശീയം, മാളവികാഗ്നിമിത്രം, അഭിജ്ഞാനശാകുന്തളം) നാലു കാവ്യങ്ങളും (ഋതുസംഹാരം, കുമാരസംഭവം, മേഘസന്ദേശം, രഘുവംശം) ആണല്ലോ. ഇവയെ പഠനസൌകര്യത്തിന്നു് ഉതകത്തക്കവണ്ണം സമാഹരിച്ച പ്രവേശകവും പരിഭാഷയും സൂക്തിശ്ലോകാനുക്രമണികകളും ചേർത്തു തയ്യാറാക്കിയിട്ടുള്ളതാണ് ഈ ഗ്രന്ഥം. നാടകങ്ങൾ ഒരു വാല്യമായും കാവ്യങ്ങൾ വേറൊരു വാല്യമായും പ്രസാധനം ചെയ്യുന്നുണ്ട്. മൂലവും മലയാളപരിഭാഷയും അനുബന്ധങ്ങളും ചേർത്തുള്ള ഈ പ്രസാധനം എല്ലാവിധത്തിലും മികച്ച ഒരു സംഭാവനയായിരിക്കും...”

ശ്രീ. ശൂരനാട്ടു കുഞ്ഞൻപിള്ളയുടെ പ്രൌഢമായ അവതാരിക ഈ ഗ്രന്ഥത്തിന്റെ മാററുകൂട്ടുന്നു.

ഈ ഗ്രന്ഥം മലയാളം, ഹിന്ദി, ഇംഗ്ലീഷ് എന്നീ മൂന്നു ഭാഷകളിലും തയ്യാറാക്കിയതു് പ്രഗല്ഭ പണ്ഡിതനായ ഡോക്ടർ സുധാംശു ചതുർവേദിയാണ്.

സുധാ പബ്ലിക്കേഷൻസ്, തൃശ്ശിവപേരൂർ–1

വില: 50-00

LUMIERE